# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2019 ഫെബ്രുവരി 5, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

194/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ …1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...101

**II അടിയന്തരപ്രമേയം**

കരിമണൽ ഖനനം

(അവതരണാനുമതി നിഷേധിച്ചു) ...556

**III ശ്രദ്ധ ക്ഷണിക്കൽ**

(1) കടൽഭിത്തി നിർമ്മാണം–

ശ്രീ. റ്റി. വി. രാജേഷ് ...576

(2) ഓഖി ദുരന്തബാധിതർക്ക് ആനുകൂല്യങ്ങൾ–

ശ്രീ. വി. എസ്. ശിവകുമാർ ...580

**IV സബ്മിഷൻ**

1. കുടിവെള്ള പദ്ധതി–

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...585

2. സിമന്റ് വില വർദ്ധനവ് –

ശ്രീ. എൻ. ഷംസുദ്ദീൻ ...587

3. ചാത്തന്നൂർ താലൂക്ക് രൂപീകരണം–

ശ്രീ. ജി. എസ്. ജയലാൽ ...590

4. തടയണ നിർമ്മാണം–

ശ്രീ. ബി. സത്യൻ ...591

*പേജ്*

5. കുടിവെള്ള ക്ഷാമം—

ശ്രീ. മുരളി പെരുനെല്ലി ...592

6. കിഫ്ബി വഴി നിർമ്മിക്കുന്ന പാലങ്ങൾ—

ശ്രീ. ഹൈബി ഈഡൻ ...593

7. നഷ്ടപരിഹാരം—

ശ്രീ. അബ്ദുൽ ഹമീദ്. പി. ...596

8. മുണ്ടത്തിക്കോട്-തൃശ്ശൂർ മെഡിക്കൽ കോളേജ് റോഡ്—

ശ്രീ. അനിൽ അക്കര ...597

9. മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്—

ശ്രീ. കെ. ദാസൻ ...599

10. ചേലക്കരയിൽ ആർട്സ് ആന്റ് സയൻസ് കോളേജ്—

ശ്രീ. യു. ആർ. പ്രദീപ് ...602

11. വാഴക്കുളം സെക്ഷൻ ഓഫീസ് വിഭജനം—

ശ്രീ. വി. പി. സജീന്ദ്രൻ ... 603

**V ധനകാര്യം**

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച) ...604

**VI നിയമനിർമ്മാണകാര്യം**

2019-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ...623

**VII ക്രമപ്രശ്നം**

ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിന്റെ ലംഘനം—

ശ്രീ. എം. ഉമ്മർ ... 659

**ധനകാര്യം (തുടർച്ച)** ...663

**VIII അറിയിപ്പ്**

ചലച്ചിത്ര പ്രദർശനം ...736

**അനുബന്ധം** ...737

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

*2019 ഫെബ്രുവരി 5, ചൊവ്വ*


| വാല്യം 175] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 7 |
|---|---|---|


നിയമസഭ 2019 ഫെബ്രുവരി മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ചോദ്യം നമ്പർ (*121)

### ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ

1 (*121) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ബി. സത്യൻ:
ശ്രീ. എം. മുകേഷ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധനവിന് പുതിയ പരിപാടികൾ ആവിഷ്കരിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ലോകോത്തര പണ്ഡിതരെ സംസ്ഥാനത്തെ സർവകലാശാലകളിലേയ്ക്ക് ക്ഷണിക്കുന്നതിനുള്ള എറുഡൈറ്റ് സ്കീം, ടെലി ട്രെയിനിംഗിനുള്ള എഡ്യൂസാറ്റ് സ്കീം മുതലായ നൂതന പദ്ധതികൾ എത്രമാത്രം പ്രാവർത്തികമായിട്ടുണ്ട്;

(സി) റൂസയുടെ നടത്തിപ്പിന് കെ.എസ്.എച്ച്.ഇ.സി.-യുടെ പങ്ക് വിശദമാക്കാമോ; എയിഡഡ് കോളേജുകൾക്ക് റൂസ ഫണ്ട് അനുവദിക്കുമ്പോൾ മാനേജ്മെന്റ് വിഹിതം കൂടി സർക്കാർ വഹിക്കുന്നുണ്ടോ;

(ഡി) ചില എയിഡഡ് കോളേജുകൾ അക്കാദമിക താല്പര്യത്തേക്കാൾ സാമുദായിക താല്പര്യം സംരക്ഷിക്കുന്നതിന് പ്രാധാന്യം നൽകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അദ്ധ്യാപക നിയമനത്തിൽ സുതാര്യത ഉറപ്പാക്കാൻ ഏതെങ്കിലും തരത്തിലുള്ള മേൽനോട്ടം സാധ്യമാകുന്നുണ്ടോ;

(ഇ) ഫാത്തിമ മാതാ കോളേജ് വിദ്യാർത്ഥിനിയായിരുന്ന രാഖികൃഷ്ണ ആത്മഹത്യ ചെയ്യാൻ നിർബന്ധിതമായതുപോലെയുള്ള സാഹചര്യം സ്വയംഭരണ കോളേജുകളിൽ നിലനിൽക്കുന്നതിനാൽ ഇവയുടെ പ്രവർത്തനം നിരീക്ഷിക്കാൻ ഏന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്താൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധനവിന് പുതിയ പരിപാടികൾ ആവിഷ്കരിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ പറയുന്നവയാണ് :

1. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഓരോ അക്കാദമിക വർഷവും ബിരുദ, ബിരുദാനന്തര ബിരുദ പഠനങ്ങൾക്കായി യഥാക്രമം 3000, 1200 സ്കോളർഷിപ്പുകൾ നൽകിവരുന്നു.

2. എറുഡൈറ്റ് പദ്ധതി മുഖേന ദേശീയ അന്തർദ്ദേശീയ തലത്തിൽ പ്രശസ്തി ആർജ്ജിച്ച പ്രമുഖ വ്യക്തികളുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരമൊരുക്കുന്നു.

3. ഒരേ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരസ്പരം വിഭവങ്ങളുടെ പങ്കുവയ്ക്കൽ നടത്തി പരമാവധി പ്രയോജനം നേടുന്ന പദ്ധതിയായ ക്ലസ്റ്റർ കോളേജ് പദ്ധതി കൗൺസിൽ നടപ്പിലാക്കിവരുന്നു.

4. പ്രമുഖ പ്രസാധകരായ SAGE-മായി ചേർന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ 'Higher Education for the future' എന്ന ജേർണൽ പ്രസിദ്ധീകരിച്ചു വരുന്നു.

5. വിവിധ മേഖലകളിലെ വിദഗ്ദ്ധരെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധനവിനായി ആവിഷ്കരിക്കുന്ന വിവിധ പരിപാടികളിൽ പങ്കാളികളാക്കുന്നതിനുള്ള അക്കാദമിക വോളന്റിയർ ബാങ്ക് പദ്ധതി നടപ്പിലാക്കിവരുന്നു. മറുപടി ധാരാളം ഉള്ളതുകൊണ്ട് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.*

ശ്രീ. കെ. വി. വിജയദാസ്: സർ, ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ കോപ്പിയടിയും കൂട്ടത്തോൽവിയും പരീക്ഷ നടത്താതിരിക്കലും റിസൾട്ടുകൾ വച്ച് താമസിപ്പിക്കലുമടക്കം ഉന്നത വിദ്യാഭ്യാസ മേഖല തകർച്ചയുടെ വക്കിലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച പുതിയ കാൽവയ്പുകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദീകരിക്കാമോ?

ഡോ. കെ. ടി. ജലീൽ: സർ, സംസ്ഥാനത്ത് ഈ ഗവൺമെന്റ് വന്നതിനുശേഷം 31 സർക്കാർ കോളേജുകൾക്ക് NAAC-ന്റെ അക്രഡിറ്റേഷൻ ലഭ്യമാക്കുവാൻ സാധിച്ചു. നാഷണൽ ലാ യൂണിവേഴ്സിറ്റിക്ക് 12 ബി പദവി വാങ്ങിയെടുക്കുവാനും കഴിഞ്ഞു. റൂസ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആറ് സർവ്വകലാശാലകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ സർവകലാശാലയ്ക്കും 20 കോടി രൂപ വീതം അനുവദിപ്പിച്ചു. റൂസയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി, എം.ജി. സർവ്വകലാശാലകൾക്ക് ഗവേഷണ കേന്ദ്രങ്ങളുടെ വികസനത്തിനായി 50 കോടി രൂപ വീതം അനുവദിക്കുവാനും കഴിഞ്ഞു. കലാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള റൂസ പദ്ധതിയുടെ ഭാഗമായി 31 സർക്കാർ കലാലയങ്ങൾക്കും 106 എയിഡഡ് കോളേജുകൾക്കും (എഞ്ചിനീയറിംഗ് ബി.എഡ്. കോളേജുകൾ ഉൾപ്പെടെ) 2 കോടി രൂപ വീതം ലഭ്യമാക്കി. 6 പുതിയ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഈ സർക്കാർ ആരംഭിച്ചു. പുതിയതായി എയിഡഡ് മേഖലയിൽ 4 ആർട്സ് ആന്റ് സയൻസ് കോളേജുകളും ഐ.എച്ച്.ആർ.ഡി-യുടെ കീഴിൽ 3 അപ്ലൈഡ് സയൻസ് കോളേജുകളും തുടങ്ങി. എം.ജി. സർവ്വകലാശാലയിൽ 38 ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾക്ക് തുടക്കമിട്ടു. 17 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ 9 എണ്ണവും പ്രവർത്തനക്ഷമമാക്കി. 8 എണ്ണം രണ്ടാം ഘട്ടമെന്ന നിലയിൽ അധികം വൈകാതെതന്നെ പ്രവർത്തന ക്ഷമമാക്കും. ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ കേരള സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന് (SAAC) രൂപം നൽകി. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലായി 703 അദ്ധ്യാപക നിയമനങ്ങളും 436

---

*അനുബന്ധമായി ചേർക്കുന്നു

അനദ്ധ്യാപക നിയമനങ്ങളും നടത്തി. സർക്കാർ എഞ്ചിനീയറിംഗ് പോളിടെക്നിക് കോളേജുകളിലേയ്ക്കായി 497 അധ്യാപക തസ്തികകൾ സൃഷ്ടിച്ചു. സർവ്വകലാശാലകളിൽ 1913 അസിസ്റ്റന്റുമാരുടെയും 665 കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെയും നിയമനം നടത്തി. ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് സ്പെഷ്യൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. കൊച്ചി മഹാത്മാഗാന്ധി, കണ്ണൂർ, കോഴിക്കോട് സർവ്വകലാശാലകളുടെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 672 കോടി രൂപയുടെ ഭരണാനുമതി നൽകി.

ശ്രീ. കെ. വി. വിജയദാസ്: സർ, വിദ്യാഭ്യാസ മേഖലയിലെ പി.എച്ച്.ഡി., എം.ഫിൽ. ഉൾപ്പെടെയുള്ള ഗവേഷണ കോഴ്സുകളിൽ പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, എസ്.സി./എസ്.ടി. വിഭാഗങ്ങൾ ഇവയ്ക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ? അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ ആരുടെയും ശ്രദ്ധയിൽപ്പെടാതെ പോയിട്ടുള്ള ഒരു കാര്യമാണത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗ്രാജുവേഷനും പോസ്റ്റ് ഗ്രാജുവേഷനുമെല്ലാം സംവരണം പാലിച്ചാണ് പ്രവേശനം നൽകുന്നത്. എന്നാൽ എം.ഫിൽ., പി.എച്ച്.ഡി. പോലുള്ള ഗവേഷണ കോഴ്സുകൾക്ക് ഇക്കാലമത്രയും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കോ മറ്റ് സംവരണ വിഭാഗങ്ങൾക്കോ പ്രവേശനത്തിന് സംവരണം നൽകപ്പെട്ടിരുന്നില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഗവേഷണ മേഖലയിലെ പ്രവേശനത്തിന് എസ്.സി./എസ്.ടി. ഉൾപ്പെടെയുള്ള സംവരണ വിഭാഗങ്ങൾക്ക് സംവരണാനുകൂല്യം നൽകണമെന്ന് പറഞ്ഞുകൊണ്ട് ഗവൺമെന്റ് പ്രത്യേകമായി ഒരു ഉത്തരവുതന്നെ പുറപ്പെടുവിക്കുകയുണ്ടായി.

ശ്രീ. ബി. സത്യൻ: സർ, ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങളെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുന്നു. വിവിധ സർവ്വകലാശാലകളിലെ വ്യത്യസ്ത കോഴ്സുകൾക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാൻ കഴിയത്തക്ക തരത്തിൽ എല്ലാ സർവ്വകലാശാലകളുടെയും പരീക്ഷ ഒരു നിശ്ചിത സമയത്ത് നടത്തി അതിന്റെ റിസൾട്ടും നിശ്ചിത സമയത്ത് പ്രഖ്യാപിക്കാൻ കഴിയുന്ന നിലയിൽ ഒരു പദ്ധതി തയ്യാറാക്കാൻ കഴിയുമോ?

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സമയബന്ധിതമായി പരീക്ഷ നടത്താനും അതിന്റെ റിസൾട്ട് പബ്ലിഷ് ചെയ്യാനും കഴിയുന്നില്ല എന്നുള്ളതാണ്. വിവിധ സർവ്വകലാശാലകളുടെ പ്രവേശന തീയതികളും പരീക്ഷാ തീയതികളും വ്യത്യസ്തമാണ്. അതുകൊണ്ട് പരീക്ഷയുടെ റിസൾട്ട് വരുന്നതും വ്യത്യസ്ത തീയതികളിലാണ്. ഇത് ഒരുപാട്

പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്നതിന്റെ പശ്ചാത്തലത്തിൽ ഹയർ എഡ്യൂക്കേഷൻ കൗൺസിൽത്തന്നെ എല്ലാ സർവ്വകലാശാലകൾക്കും ഏകീകൃതമായ ഒരു പരീക്ഷ കലണ്ടറും റിസൾട്ട് പബ്ലിഷ് ചെയ്യുന്ന കലണ്ടറും ഉണ്ടാവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ച് ഏപ്രിൽ 30-ന് മുമ്പ് ഡിഗ്രി പരീക്ഷയുടെ ഫലങ്ങളും മേയ് അവസാനത്തോടെ പോസ്റ്റ് ഗ്രാജ്വേഷന്റെ റിസൾട്ടും പബ്ലിഷ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വരുന്ന അധ്യയന വർഷം മുതൽ തീർച്ചയായും ഒരു ഏകീകൃതമായ സ്വഭാവത്തിലേയ്ക്ക് നമ്മുടെ സർവ്വകലാശാലകളെ കൊണ്ടുവരാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

<u>ശ്രീ. എം. മുകേഷ്</u>: സർ, പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യതാ മികവ് വളരെ കുറവാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, നമ്മുടെ നാട്ടിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവർ കുറവില്ല. എന്നാൽ ഒരു ഇന്റർവ്യൂവിന് ഹാജരായാൽ അവർക്ക് വേണ്ടത്ര ശോഭിക്കാൻ കഴിയുന്നില്ല. ഇത് നൈപുണ്യത്തിന്റെ അഭാവവും അവർ പഠിക്കുന്ന തിയറി പ്രാക്ടീസ് ചെയ്യാനുള്ള അവസരങ്ങളുടെ കുറവും കാരണമാണെന്ന് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നിരവധി സംരംഭങ്ങൾ ആരംഭിക്കുന്നതിന് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ തുടങ്ങുന്നതും ASAP-ന്റെ നിരവധി നൈപുണ്യ വികസന പ്രവർത്തനങ്ങൾ, കോളേജ് തലത്തിൽ തന്നെ പ്ലെയിസ്മെന്റിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതിനും ഗവൺമെന്റ് ശ്രമിക്കുന്നത്. അത്തരമൊരു ശ്രമത്തിലൂടെ മാത്രമേ നന്നായി പഠിക്കുന്ന കുട്ടികളാണെങ്കിൽപ്പോലും അവർക്ക് തൊഴിൽ ഉറപ്പുവരുത്താൻ സാധ്യമാകുകയുള്ളൂ.

<u>ശ്രീ. പി. വി. അൻവർ</u>: സർ, സഖാവ് പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ വിദ്യാഭ്യാസ വിപ്ലവം തന്നെ നടക്കുകയാണ്. ഇവിടെ സർക്കാർ സ്കൂളുകളേയും കോളേജുകളേയുമൊക്കെ ലോ പ്രൊഫൈലിൽ കണ്ടിരുന്ന ഒരു സർക്കാർ മുമ്പുണ്ടായിരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കോടാനുകോടി രൂപയാണ് വിദ്യാഭ്യാസ രംഗത്ത് ഇടതുപക്ഷ സർക്കാർ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യം ചോദിക്കു.

ശ്രീ. പി. വി. അൻവർ: സർ, ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ഈ വിദ്യാഭ്യാസ വിപ്ലവം കാണാത്തവരാണ് അപ്പുറത്ത് കണ്ണടച്ചിരിക്കുന്നവർ. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കേരളത്തിലെ സ്കൂളുകളെ എങ്ങനെ നമ്മൾ നവീകരിച്ച് കൊണ്ടുവന്നുവോ ആ രീതിയിൽ സർക്കാർ കോളേജുകളെ നവീകരിക്കുന്നതിനുള്ള ഒരു ശ്രമം നടത്തിയാൽ അത് വിജയിക്കുമെന്നുതന്നെയാണ് മനസ്സിലാകുന്നത്. അതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മുൻകയ്യെടുക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ സംസ്ഥാനത്ത് 66 ഗവൺമെന്റ് കോളേജുകളും 192 ഗവൺമെന്റ് എയിഡഡ് കോളേജുകളുമാണുള്ളത്. ഗവൺമെന്റ് കോളേജുകളും ഗവൺമെന്റ് എയിഡഡ് കോളേജുകളും നമ്മുടെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ തന്നെയാണ്. ഇവ രണ്ടും ഒരേ സമയം സംസ്ഥാനത്ത് അഭിവൃദ്ധി പ്പെടേണ്ടതുണ്ട്. എയിഡഡ് കോളേജുകളെ മാറ്റിനിർത്തിക്കൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് പരിഷ്കരണം വരുത്താൻ കഴിയില്ല. ഗവൺമെന്റ് കോളേജുകളെയും എയിഡഡ് കോളേജുകളെയും ഒരുമിപ്പിച്ച് അഭിവൃദ്ധിയിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായാണ് 102-ഓളം ഗവൺമെന്റ് എയിഡഡ് കോളേജുകൾക്ക് റൂസയുടെ 2 കോടി രൂപ ധനസഹായം ചരിത്രത്തിലാദ്യമായി ലഭ്യമാക്കുവാൻ ഗവൺമെന്റിന് സാധിച്ചത്.

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ത്രിവത്സര എൽ.എൽ.ബി. കോഴ്സിന്റെ ആറാം സെമസ്റ്റർ പരീക്ഷകൾ റെക്കോർഡ് വേഗത്തിൽ നടത്തിയതുമൂലം 90 പ്രവൃത്തി ദിവസങ്ങൾക്ക് പകരം 66 ദിവസങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇതുമൂലം കോഴ്സിന് ബാർ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച് ആശങ്ക നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡോ. കെ. ടി. ജലീൽ: ബന്ധപ്പെട്ടവരുമായി ആലോചിച്ച് ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുകയും വ്യക്തമായിട്ടുള്ള ഇടപെടൽ നടത്തുകയും ചെയ്യും.

ശ്രീ. പി. കെ. ശശി: സർ, എല്ലാ സ്വകാര്യ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മതനിരപേക്ഷാന്തരീക്ഷം നിലനിർത്താൻ സാധിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയണം. ചില സ്വകാര്യ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചില പ്രത്യേക മതവിഭാഗങ്ങൾക്ക് പ്രത്യേകമായ ആരാധന നടത്താനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നത് സ്വാഭാവികമായും ആ സ്ഥാപനത്തിന്റെ മതനിരപേ ക്ഷാന്തരീക്ഷത്തിന് വല്ലാത്ത പ്രയാസമുണ്ടാക്കുകയാണ്. ഈ പ്രശ്നത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഫലപ്രദമായി ഇടപെടുമോ?

ഡോ. കെ. ടി. ജലീൽ: സർ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് പൊതു വിദ്യാലയങ്ങളുടെ നിലനിൽപ്പിന്റെ ആധാരമെന്ന് പറയുന്നത് അവിടെ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മതനിരപേക്ഷ സന്ദേശം നൽകാൻ കഴിയുന്നുവെന്നുള്ളതാണ്. അതിന് വിരുദ്ധമായ നീക്കങ്ങൾ ഒരു ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. ഏതെങ്കിലും സ്ഥാപനങ്ങളിൽ ആരാധനയ്ക്ക് അവസരമൊരുക്കുന്നത് മതനിരപേക്ഷതയ്ക്ക് വിരുദ്ധ മാകുമെന്ന് കരുതാനുമാകില്ല. എല്ലാ മതവിഭാഗത്തിൽപ്പെടുന്നവർക്കും അത്തരത്തിലുള്ള സൗകര്യങ്ങൾ ഉണ്ടാകണം. അങ്ങനെ എല്ലാ മതങ്ങളും സഹവർത്തിത്വത്തിൽ കഴിയുന്ന ഒരു കേന്ദ്രം കൂടിയാകണം നമ്മുടെ പൊതു വിദ്യാലയങ്ങളും പൊതു സ്ഥാപനങ്ങളുമെന്നാണ് സർക്കാർ കരുതുന്നത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, നമ്മുടെയൊക്കെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ടെക്നോപാർക്കിൽ അടുത്തകാലത്ത് 'നിസാൻ ഡിജിറ്റൽ ഹബ്ബ്' തുടങ്ങി യിരുന്നു. അവർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ടീമിലേയ്ക്ക് യുവ എഞ്ചിനീയർമാരെ റിക്രൂട്ട് ചെയ്യാൻ ക്യാമ്പസുകളിൽ പോയപ്പോൾ ക്വാളിറ്റിയുള്ള എഞ്ചിനീയർമാരെ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജടക്കമുള്ള കോളേജുകളിൽനിന്നും ലഭിച്ചില്ലെന്നുള്ള പരാതി കണ്ടിരുന്നു. പ്രധാനപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളിൽ, പ്രത്യേകിച്ച് സർക്കാർ സീറ്റ് കൊടുത്ത കോളേജുകളിൽ ടെക്നോപാർക്കുമായി ബന്ധപ്പെട്ട പുതിയ ആശയങ്ങൾ നേരിട്ടറിയാനുള്ള സംവിധാനമുണ്ടാക്കാൻ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: നമ്മുടെ കോളേജുകളിൽ മികച്ച കുട്ടികളുണ്ട്. പക്ഷേ അവർക്ക് കമ്മ്യൂണിക്കേഷൻ സ്കില്ലുമില്ല കമ്പനികളുടെ ഇന്റർവ്യൂവിനെ അതിജീവി ക്കുവാനുള്ള ശേഷിയും ഇല്ല. ഇത് നൽകുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാനത്ത് ASAP-ന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ളതും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും.

ശ്രീ. ജി. എസ്. ജയലാൽ: സർ, റൂസ പദ്ധതി വലിയ മുന്നേറ്റം നടത്തിയതായി പറഞ്ഞു. പദ്ധതി നടത്തിപ്പിന്റെ 65% കേന്ദ്രവിഹിതവും 35% സംസ്ഥാന വിഹിത വുമായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത്. അതിന്റെ 50% സ്വകാര്യ പങ്കാളിത്തത്തിൽ കണ്ടെത്തണമെന്ന നിർദ്ദേശം ഈ മേഖലയിലെ അക്കാദമിക താല്പര്യങ്ങളെ വാണിജ്യ താല്പര്യത്തിനുതകുന്ന തരത്തിലേയ്ക്ക് മാറ്റാൻ സാധ്യതയുണ്ടോ; അങ്ങനെയൊരു പഠനം നടത്തിയിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: റൂസ ഫണ്ടിന്റെ പെർസന്റേജ് 60:40 ആണ്. അറുപത് ശതമാനം റൂസ നൽകും നാൽപത് ശതമാനം സംസ്ഥാന ഗവൺമെന്റ് നൽകണം. ഇപ്പോൾ 102 കോളേജുകൾക്കാവശ്യമായിട്ടുള്ള 40% വിഹിതം

സംസ്ഥാന ഗവൺമെന്റ് ബന്ധപ്പെട്ട കോളേജുകൾക്ക് നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചു കഴിഞ്ഞു. ഈ ഫണ്ട് നൽകുമ്പോൾ തീർച്ചയായും ബന്ധപ്പെട്ട മാനേജുമെന്റുകൾ സാമൂഹ്യ ഉത്തരവാദിത്വം നിലനിർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. ആ കാര്യം അവരോട് സംസാരിക്കുകയും അവർ അക്കാര്യത്തിൽ സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: സർ, യൂണിവേഴ്സിറ്റികളുടെ മുഖ്യ ഉത്തരവാദിത്വം conduct of examination ആണ്. മാറിമാറിവന്ന ഗവൺമെന്റുകൾ പലതവണ ശ്രമിച്ചിട്ടും പരീക്ഷാ കലണ്ടർ തയ്യാറാക്കാനോ അതനുസരിച്ച് പരീക്ഷ നടത്താനോ റിസൾട്ട് പബ്ലിഷ് ചെയ്യുവാനോ സാധിച്ചിട്ടില്ല. സിൻഡിക്കേറ്റാണ് അന്തിമ തീരുമാനമെടുക്കേണ്ടത്. എല്ലാ യൂണിവേഴ്സിറ്റികളിലെയും സിൻഡിക്കേറ്റംഗങ്ങളെ വൈസ്ചാൻസിലർമാർ ഒന്നിച്ച് വിളിച്ചുകൂട്ടി ഒരു പരീക്ഷാ കലണ്ടർ തയ്യാറാക്കാനും അതനുസരിച്ച് റിസൾട്ട് പബ്ലിഷ് ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽത്തന്നെ സിൻഡിക്കേറ്റുകളുടെയും വൈസ് ചാൻസിലർമാരുടെയും പി.ബി.സി. രജിസ്ട്രാർമാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെയും മീറ്റിംഗുകൾ വിളിച്ചു ചേർത്തിരുന്നു. അടുത്ത അദ്ധ്യയന വർഷം മുതൽ വ്യക്തമായിട്ടുള്ള ഒരു കലണ്ടർ, പ്രവേശനത്തിനും പരീക്ഷ നടത്തിപ്പിനും റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിനും ഉണ്ടാവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ സർവ്വകലാശാലകളിലൊക്കെ നടന്നുവരികയാണ്. വിവിധ സർവ്വകലാശാലകളിലെ പ്രവേശനങ്ങൾ വ്യത്യസ്ത തീയതികളിലാകുന്നതുകൊണ്ടാണ് പരീക്ഷകളും റിസൾട്ടുകളും വ്യത്യസ്ത തീയതികളിൽ വരുന്നത്. ഇത് ഒഴിവാക്കണമെന്ന് കർശനമായി നിർദ്ദേശം നൽകിയിട്ടുണ്ട്. അത് പാലിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാലകൾക്ക് ഗവേഷണ പ്രവർത്തനങ്ങൾക്കും മറ്റ് അക്കാദമിക കാര്യങ്ങൾക്കുമെല്ലാം പണം അനുവദിക്കുകയും അനുവദിപ്പിക്കുകയും ചെയ്യുന്നതിൽ അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ അങ്ങ് ഇവിടെ പരാമർശിക്കാതെ പോയ ചില സർവ്വകലാശാലകളുണ്ട്. സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല തുടങ്ങി ഒട്ടനവധി സർവ്വകലാശാലകളുണ്ട്. ഇത്തരം സർവ്വകലാശാലകൾക്ക് കിഫ്ബിയിൽ നിന്നുപോലും പണം അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അസംബ്ലിയിൽ പറഞ്ഞിട്ടുള്ളതാണ്. അതിനുവേണ്ടിയിട്ടുള്ള ഇൻഫ്രാസ്ട്രക്ചറും അക്കാദമിക് ക്വാളിറ്റിയും ഉയർത്തുന്നതിനാവശ്യമായ സമഗ്രമായ ഒരു പ്രോജക്ട് ഉണ്ടാക്കി സമർപ്പിക്കാൻ സർവ്വകലാശാലകൾക്ക് കഴിഞ്ഞാൽ മാത്രമേ അന്തർദ്ദേശീയ

നിലവാരമുള്ള കലാലയങ്ങൾ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. അക്കാദമിക് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രോജക്ടുകൾ സമർപ്പിക്കുവാൻ കഴിയുന്ന മികച്ച കൺസൾട്ടിംഗ് ഏജൻസിയെ നിയോഗിക്കുകയോ അല്ലെങ്കിൽ നിയോഗിച്ച് എത്രയും വേഗം ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്യുമോ എന്നുള്ളതാണ് അറിയേണ്ടത്?.

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ ചില സർവ്വകലാശാലകൾ സമയബന്ധിതമായിത്തന്നെ ഗവേഷണ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. അതനുസരിച്ചാണ് നാല് സർവ്വകലാശാലകൾക്ക് കിഫ്ബിയുടെ പണം അനുവദിച്ച് കിട്ടിയിരിക്കുന്നത്. മറ്റ് സർവ്വകലാശാലകൾക്കും ഇതേ വഴി അവലംബിക്കാവുന്നതാണ്. നിലവിൽ അവർക്ക് സർക്കാർ നേരത്തെ അപ്രൂവ് ചെയ്തു കൊടുത്തിട്ടുള്ള കൺസൾട്ടിംഗ് ഏജൻസികളുണ്ട്. മറ്റ് ഏജൻസികളെ അത് ഏൽപ്പിക്കണോ വേണ്ടയോയെന്ന് നമുക്ക് ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്. അതിന്റെ സാധ്യതകളും പോരായ്മകളും എന്താണെന്നു കൂടി നോക്കി അക്കാര്യം പരിശോധിക്കാനേ സാധിക്കുകയുള്ളൂ.

ശ്രീ. വി. ടി. ബൽറാം: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികൾ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ബുദ്ധിമുട്ട് ഇക്വലൻസിയുമായി ബന്ധപ്പെട്ടാണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ അതിൽ കുറച്ച് ഇടപെടുന്നുണ്ട്. പലപ്പോഴും സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന ഡിപ്പാർട്ടുമെന്റുകളുടെ കോഴ്സുകൾ പോലും തൊട്ടപ്പുറത്ത് പ്രവർത്തിക്കുന്ന അതേ സർവ്വകലാശാലയുടെ ഡിപ്പാർട്ടുമെന്റ് അംഗീകരിക്കുന്നില്ല. ഏതെങ്കിലുമൊരു ഡിപ്പാർട്ടുമെന്റിന്റെ എച്ച്.ഒ.ഡി.-മാരായിരിക്കും ഇതിന്റെ ബോർഡ് ഓഫ് കൗൺസിലിലും അക്കാദമിക് കൗൺസിലിലുമൊക്കെ വരുന്നത്. അവരാണ് തീരുമാനമെടുക്കുന്നത്. അവർ സ്വാഭാവികമായും അവരുടെ ഡിപ്പാർട്ടുമെന്റിന്റെ പ്രസ്റ്റീജിനെ പ്രൊട്ടക്ട് ചെയ്യുന്നതിനും അവരുടെ കുട്ടികളെ പ്രൊട്ടക്ട് ചെയ്യുന്നതിനും വേണ്ടി വേറെ ആരും ഇതിന് ഇക്വലന്റല്ലെന്നു പറയുന്ന തരത്തിൽ നിഷേധാത്മക സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. ഇപ്പോൾ ആഗോള തലത്തിൽതന്നെ ഇന്റർ ഡിസിപ്ലിനറി ലേണിംഗ് ആണ് പ്രൊമോട്ട് ചെയ്യപ്പെടുന്നത്. അതുകൊണ്ടുതന്നെ ഇതിന് പരമ്പരാഗതമായിട്ടുള്ള രീതിയുണ്ട്. ഇത്ര ശതമാനം സിലബസ് അതേപടി റിപ്പീറ്റ് ചെയ്താൽ മാത്രമേ ഇക്വലൻസി കൊടുക്കാൻ പാടുള്ളൂ എന്നതരത്തിലുള്ള കർശനമായ നിബന്ധനകൾ ഒഴിവാക്കി കുറച്ചുകൂടി ലിബറൽ അപ്രോച്ച് അക്കാര്യത്തിൽ സ്വീകരിച്ച്, ഈ പറഞ്ഞ കുട്ടികൾക്കെല്ലാം പി.എസ്.സി./ സെറ്റ് പരീക്ഷ എഴുതുവാൻ കഴിയുന്ന തരത്തിൽ കുറച്ചുകൂടി ലഘൂകരിക്കാനും ലിബറലൈസ് ചെയ്യുവാനും ഉന്നത വിദ്യാഭ്യാസ കൗൺസിലും ഗവൺമെന്റും ഈ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് ഇടപെടൽ നടത്തുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് വിവിധ സർവ്വകലാശാലകളുടെ, നമ്മുടെ സംസ്ഥാനത്തുള്ള സർവ്വകലാശാലകളുടെ വരെ കോഴ്സുകൾ അംഗീകരിക്കാത്ത സ്ഥിതി നിലവിലുണ്ടായിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഡിഗ്രി കഴിഞ്ഞ ഒരു കുട്ടി കേരള യൂണിവേഴ്സിറ്റിയിൽ പി.ജി.-ക്ക് വരുമ്പോൾ ഇക്വലൻസി സർട്ടിഫിക്കറ്റ് നിർബന്ധമായിരുന്നു. ഇങ്ങനെ വിവിധ സർവ്വകലാശാലകൾ നമ്മുടെതന്നെ കോഴ്സുകൾ അംഗീകരിക്കാത്ത സ്ഥിതി ഇനിമേലിൽ ഉണ്ടാകില്ല. സംസ്ഥാന സർക്കാർ അക്കാര്യത്തിൽ ഇടപെടുകയും കേരളത്തിലെ എല്ലാ സർവ്വകലാശാലകളും പരസ്പരം കോഴ്സുകളും ഡിഗ്രികളും അംഗീകരിക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഇൻഡ്യയിലെ പ്രശസ്തമായിട്ടുള്ള കേന്ദ്ര സർവ്വകലാശാലകൾ, NAAC-ന്റെ എ പ്ലസ് അക്രഡിറ്റേഷൻ കിട്ടിയിട്ടുള്ള സർവ്വകലാശാലകൾ, ഇവരുടെ കോഴ്സുകൾക്ക് ഉപരിപഠനത്തിന് ഇക്വലൻസി സർട്ടിഫിക്കറ്റ് ആവശ്യപ്പെടരുതെന്ന് എല്ലാ സർവ്വകലാശാലകൾക്കും സർക്കാർ നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇനി ഇക്വലൻസി സർട്ടിഫിക്കറ്റിനുവേണ്ടി കേരളത്തിൽ ഒരു വിദ്യാർത്ഥിക്കും അലഞ്ഞുതിരിയേണ്ടതായോ പ്രയാസപ്പെടേണ്ടതായോ വരില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉന്നത വിജയം നേടുന്ന കുട്ടികൾപോലും പല മത്സര പരീക്ഷകളിലും പരാജയപ്പെട്ട് പോകുകയാണ്. അതിന്റെ അടിസ്ഥാനം lack of Communication ആണ്. ഉയർന്ന വിജയം നേടിയ കുട്ടികളെ ഉൾപ്പെടെ മത്സരപരീക്ഷകളിലും മറ്റും പ്രാപ്തരാക്കുവാൻ സാധ്യമായ എന്തെങ്കിലും പദ്ധതി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കയ്യിലുണ്ടോ; കേരളത്തിലെ അദ്ധ്യാപകരെയും കോളേജ് അദ്ധ്യാപകരെയും കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും ഇവർക്ക് കൃത്യമായ ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ നൽകുന്നതിനും സാധ്യമായ പദ്ധതി സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, കോളേജുകളിൽ ചേരുന്ന അധ്യാപകർക്ക് മാത്രമാണ് നമ്മുടെ സംസ്ഥാനത്ത് അധ്യാപന ജോലിക്ക് മുൻപ് ഒരു പരിശീലനവും കിട്ടാത്തത്. ഹൈസ്കൂളിലും ഹയർസെക്കണ്ടറി സ്കൂളിലും B.Ed നിർബന്ധമാണെന്നുള്ളതുകൊണ്ട് അവർ സ്കൂളിൽ പോകുകയും കുട്ടികളെ പഠിപ്പിക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. എന്നാൽ കോളേജുകളിൽ നേരിട്ടുള്ള നിയമനമാണ് നടക്കുന്നത്. അവർക്ക് ഒരു തരത്തിലുള്ള ഇൻ സർവ്വീസ് ട്രെയിനിംഗും ലഭിക്കുന്നില്ല. ഈയൊരു കുറവ് പരിഹരിക്കുന്നതിനു വേണ്ടി ഹയർ എഡ്യുക്കേഷൻ കൗൺസിൽ ഈ വർഷം മുതൽ അദ്ധ്യാപകരുടെ ഓറിയന്റേഷൻ പ്രോഗ്രാമിന് ആരംഭം കുറിച്ചിട്ടുണ്ട്. ഏതാണ്ട് ആയിരത്തോളം അദ്ധ്യാപകർക്കാണ് ഈ വർഷം ആ പദ്ധതിയനുസരിച്ച് ട്രെയിനിംഗ് നൽകാൻ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: 122-ാം നമ്പർ ചോദ്യവുമായി 124-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം കത്ത് നൽകിയിട്ടുണ്ട്. ക്ലബിംഗ് അനുവദിക്കുകയാണ്. രണ്ട് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി നൽകാവുന്നതാണ്.

## സുഗന്ധവ്യഞ്ജനങ്ങളുടെ വിലത്തകർച്ച

2(*122) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരുമുളക്, ഏലം മുതലായവ ആസിയാൻ രാജ്യങ്ങളിൽ നിന്ന് അനിയന്ത്രിതമായി ഇറക്കുമതി ചെയ്യുന്നതും ഗുണനിലവാരം കുറഞ്ഞ ഇവ സംസ്ഥാനത്തുല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉല്പന്നങ്ങളുമായി കൂട്ടിക്കലർത്തി വിൽക്കുന്നതും വിലയിടിവിന് കാരണമായിരിക്കുന്നതിനാൽ സംസ്ഥാനത്തിന്റെ തനത് ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗ് സാധ്യമാകുമോ;

(ബി) കുരുമുളക്, ഏലം, ജാതിക്ക തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ വിലത്തകർച്ച പരിഗണിച്ച് സുഗന്ധവ്യഞ്ജന കർഷകർക്ക് പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകൾക്കായുള്ള പാക്കേജുകൾ പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) വിവിധ ഉല്പന്നങ്ങളുടെ വിപണി ഇടപെടലിനായി നീക്കിവെച്ചിരിക്കുന്ന തുകയുടെ വിനിയോഗം അറിയിക്കാമോ;

(ഡി) നെല്ല്, നാളികേരം, വാഴ, പച്ചക്കറി, പുഷ്പകൃഷി എന്നിവയ്ക്കായുള്ള പ്രത്യേക കാർഷിക മേഖലകൾ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഗുണമേൻമയുള്ള സുഗന്ധവ്യഞ്ജനങ്ങൾ ബ്രാൻഡിംഗ് ചെയ്യുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി വയനാടൻ കാപ്പിപ്പൊടി "മലബാർ" എന്ന ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നവകേരളത്തിന്റെ ഉന്നമനത്തിനായി പ്രഖ്യാപിച്ച 25 ഇന പരിപാടികളിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

വയനാട് പാക്കേജിൽ സംയോജിത കുരുമുളക് വികസനത്തിനായി 1062.45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കൽ, പുനരുജ്ജീവനം, ദ്രുത വാട്ടത്തിനെതിരെയുള്ള കീടനിയന്ത്രണം എന്നീ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. വികേന്ദ്രീകൃത നഴ്സറികളുടെ സ്ഥാപനം, മാതൃ തോട്ടങ്ങളുടെ സംരക്ഷണം, സാങ്കേതിക വിദ്യയുടെ പ്രചരണം, കുരുമുളക് സമിതി പ്രവർത്തനങ്ങളുടെ ഏകോപനം, തദ്ദേശീയ സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള ഡോക്യുമെന്റേഷൻ, മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീമിന്റെ ശാക്തീകരണം, ലഘുലേഖകളും റഫറൻസ് മെറ്റീരിയലുകളും പ്രസിദ്ധീകരിക്കൽ, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകളുടെ പ്രവർത്തനം എന്നിവയ്ക്ക് പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. പദ്ധതി ഘടകങ്ങളുടെ ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 -ൽ ചേർത്തിരിക്കുന്നു.*

ഇടുക്കി പാക്കേജിനായി 402.9 ലക്ഷം രൂപ കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധവ്യഞ്ജന വിളകളുടെ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി ഘടകങ്ങളുടെ വിശദാംശവും ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കാസർഗോഡ് വികസന പാക്കേജിൽ പദ്ധതികൾ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ഫണ്ട് പ്രത്യേകമായി വകയിരുത്തിയിട്ടില്ല.

(സി) ഉത്സവകാലങ്ങളിൽ കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുവാൻ വേണ്ടി കൃഷി വകുപ്പിന്റെ നേരിട്ടുള്ള ആഭിമുഖ്യത്തിൽ 14 ജില്ലകൾക്കായി 810 ലക്ഷം രൂപയും (ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം.3 ആയി ചേർത്തിരിക്കുന്നു*) ഹോർട്ടികോർപ്പിന് 979.5 ലക്ഷം രൂപയും വി.എഫ്.പി.സി.കെ-യ്ക്ക് 120 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷകർക്ക് പച്ചക്കറി വിപണനം ചെയ്യുന്നതിനായി 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകളും 240 ക്ലസ്റ്റർ മാർക്കറ്റുകളും 453 ക്ലസ്റ്ററുകളും 440 ഇക്കോഷോപ്പുകളും പ്രവർത്തിച്ചുവരുന്നു. വിപണി ഇടപെടൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 578.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം. 4 ആയി ചേർത്തിട്ടുണ്ട്.*

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവിലയായ 150 രൂപയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വില വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 298.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സപ്ലൈകോ മുഖാന്തരം 246.96 കോടി രൂപയ്ക്ക് 9,76,13,154 കി.ഗ്രാം നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ 209.05 കോടി രൂപ നൽകിക്കഴിഞ്ഞു.

(ഡി) കോഴിക്കോട് ജില്ലയിൽ നാളികേരം പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കുന്നമ്മൽ, തൂണേരി, പേരാമ്പ്ര ബ്ലോക്കുകളിൽപ്പെട്ട 21 പഞ്ചായത്തുകളിലെ 71,441 ഹെക്ടർ കേരകൃഷി പ്രദേശത്തെ പ്രത്യേക കാർഷിക മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂത്താളി, നരിപ്പറ്റ, വേളം, നാദാപുരം എന്നീ നാല് കാർഷിക കർമ്മസേനകൾക്ക് ട്രാക്ടർ, ടില്ലർ, കാടുവെട്ട് യന്ത്രം, ചെയിൻ സാ (Chain Saw) തുടങ്ങിയ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും യന്ത്രവിതരണം പുരോഗമിക്കുകയും ചെയ്തുവരുന്നുണ്ട്. തൂണേരി ബ്ലോക്കിലെ വാണിമേൽ, വളയം എന്നീ പഞ്ചായത്തുകളിലും കുന്നമ്മൽ ബ്ലോക്കിലെ കാവിലുംപാറ, മരുതോങ്കര, കുറ്റ്യാടി, കായക്കൊടി എന്നീ പഞ്ചായത്തുകളിലും പേരാമ്പ്ര ബ്ലോക്കിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലും തെങ്ങുകളുടെ സംയോജിത കീടരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

2018-19 വർഷം വിവിധ പ്രത്യേക കാർഷിക മേഖലകളിൽ നടപ്പിലാക്കുന്ന ഘടകങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## തെങ്ങു കൃഷി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

3(*124) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകളുടെ പരിപാലനവും തെങ്ങിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണവും ഉറപ്പാക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

(ബി) തെങ്ങ് കൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൃഷിവകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ഉണ്ട്.

നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേരകൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ "കേരഗ്രാമം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു.

കൂടാതെ നാളികേര വികസന ബോർഡ് മുഖേന അനുവദിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ തെങ്ങ് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ, പ്രായാധിക്യവും രോഗ കീടബാധമൂലവും ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തെങ്ങിൻതൈകൾ നടുന്നതിനും ശേഷിക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്ന പദ്ധതികളും തെങ്ങുകളുടെ പരിപാലനത്തിനായി കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നു.

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണം ഉറപ്പാക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. മൂല്യവർദ്ധിത സംരഭങ്ങൾ ആരംഭിക്കുന്നതിനായി എസ്. എഫ്. എ.സി (സ്മോൾ ഫാർമേഴ്സ് അഗ്രോ ബിസിനസ് കൺസോർഷ്യം) മുഖാന്തരം നൽകുന്ന പ്രോജക്ട് അധിഷ്ഠിത ധനസഹായം.

2. കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കേരോൽപ്പന്നങ്ങളുടെ ഉല്പാദനവും വിപണനവും.

3. നീര ഒറ്റ ബ്രാൻഡായി തനതായ ആരോഗ്യ പാനീയം എന്ന നിലയിൽ അന്താരാഷ്ട്ര നിലവാരത്തിൽ പുറത്തിറക്കുന്നതിനായി പേരും, ലോഗോയും നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

4. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർ, വികസന ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സംരംഭകർ, വ്യവസായികൾ, പൊതുജനങ്ങൾ എന്നിവരുടെ ഇടപെടലുകൾ സാദ്ധ്യമാക്കുന്നതിനുമായി 'വൈഗ' എന്ന പേരിൽ പ്രദർശന സെമിനാർ എല്ലാ വർഷവും ഡിസംബർ മാസം സംഘടിപ്പിച്ചു വരുന്നു.

5. സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോ പാർക്ക് രൂപീകരിക്കുന്നതിനും നടപ്പിലാക്കുതിനും special purpose vehicle (SPV) ആയി കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ

നിയമിക്കുകയും ടി പദ്ധതിക്ക് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും, വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിലും നാളികേരത്തിന്റെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള DPR, KAICO കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ 21-11-2018 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 138/2018/കൃഷി പ്രകാരം സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ടി നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ തെങ്ങ് കൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പിന്റെ ഫാമുകളിൽ ഗുണമേന്മയുള്ള വിത്ത് തേങ്ങ പാകി ശാസ്ത്രീയമായി പരിപാലിച്ച് തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കൃഷിഭവനുകൾ വഴിയും ഫാമുകളിൽ നിന്ന് നേരിട്ടും കർഷകർക്ക് ലഭ്യമാക്കി വരുന്നു. കുറിയ ഇനം, നെടിയ ഇനം വിത്ത് തേങ്ങയ്ക്കായി കൃഷി വകുപ്പ് ഫാമുകളിൽ നിന്നും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുത്ത് വിത്ത് തേങ്ങ സംഭരിക്കുന്നു.

കൃഷി വകുപ്പിന്റെ എട്ട് കോക്കനട്ട് നഴ്സറികൾ, ജില്ലാ കൃഷി ഫാമുകൾ, സ്പെഷ്യൽ കൃഷി ഫാമുകൾ എന്നിവയിലാണ് പ്രധാനമായി തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നത്.

കൂടാതെ കോക്കനട്ട് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിലെ തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങൾ മുഖേന ഗുണമേന്മയേറിയ തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുവാനും ഉദ്ദേശിക്കുന്നുണ്ട്.

ഒരു വർഷം ഒരു വാർഡിൽ 75 തെങ്ങിൻ തൈകൾ എന്ന കണക്കിൽ പ്രതിവർഷം ശരാശരി 15 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, സി.പി.സി.ആർ.ഐ., നാളികേര വികസന ബോർഡ്, അംഗീകൃത നഴ്സറികൾ എന്നിവ വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, ഒരു കാർഷിക രാജ്യമായ ഇന്ത്യയിൽ ആസിയാൻ കരാർ നടപ്പിലാക്കുവാൻ പാടില്ലെന്ന് നേരത്തേ പറഞ്ഞിരുന്നു. അതു ചെവിക്കൊള്ളാതെ ഈ കരാർ നടപ്പിലാക്കിയതിന്റെ ഫലമായി വിദേശരാജ്യങ്ങളിൽ നിന്ന് ഒട്ടനവധി കാർഷിക -കാർഷികേതര ഉല്പന്നങ്ങൾ നമ്മുടെ രാജ്യത്ത് ഇറക്കുമതി ചെയ്യുകയും ഇൻഡ്യൻ വിപണി തകർക്കുകയും ചെയ്യുന്ന ഒരു കാഴ്ചയാണ് ഇപ്പോൾ കാണുവാൻ സാധിക്കുന്നത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കാപ്പി, കുരുമുളക്, ഇഞ്ചി തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ മറ്റ് രാജ്യത്ത് നിന്നുള്ള ഉൽപ്പന്നങ്ങൾ കൂട്ടിക്കലർത്തി വിൽക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്. ഇത്തരം ഉൽപ്പന്നങ്ങൾ എക്സ്പോർട്ട് ചെയ്യുന്ന കമ്പനികളുടെ മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണങ്ങളോ, പരിശോധനകളോ ഉണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇത്തരം കമ്പനികളുടെ മേലുള്ള നിയന്ത്രണം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല. എന്നാൽ ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ ആസിയാൻ കരാർ നമ്മുടെ വിളകളെ ഗുരുതരമായി ബാധിക്കുകയാണ്. ആസിയാൻ കാരാറിലർപ്പെട്ടിരിക്കുന്ന രാജ്യങ്ങളുടേത് നമ്മുടെ അതേ കാലാവസ്ഥയാണ്. നമ്മുടെ രാജ്യം ഉൽപ്പാദിപ്പിക്കുന്ന അതേ വിളകൾ കുറഞ്ഞ ചെലവിൽ കൂടുതലായി ഉൽപ്പാദിപ്പിക്കുകയും കുറഞ്ഞ വിലയ്ക്ക് നിയന്ത്രണമില്ലാതെ മാർക്കറ്റിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്നതുകൊണ്ട് നമ്മുടെ ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാതെ പോകുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാന പ്രശ്നം. നമ്മുടെ ഉൽപ്പന്നങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ഹൈലൈറ്റ് ചെയ്തുകൊണ്ട് സ്വന്തമായി ബ്രാൻഡിംഗ് നടത്തുന്നതിന്റെ ഭാഗമായി വയനാടൻ മേഖലയിലെ കോഫി മലബാർ കോഫിയെന്ന പേരിൽ ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. മറ്റു സുഗന്ധവിളകളും ഇതുപോലെ തന്നെ നമ്മുടെ പ്രത്യേകതകൾ ഹൈലൈറ്റ് ചെയ്തുകൊണ്ടുള്ള രീതിയിൽ ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആലപ്പി ടർമറിക് എന്നുപറയുന്നത് നമ്മുടെ മാത്രം പ്രത്യേകതയുള്ള ടർമറിക്കാണ്. നമ്മുടെ സ്വന്തം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ബ്രാൻഡിംഗ് നൽകികൊണ്ട് അന്താരാഷ്ട്ര മാർക്കറ്റിലേക്ക് നമ്മുടെ ഉൽപ്പന്നങ്ങളെ കൂടുതലായി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഒ. ആർ. കേളു: സർ, മായം ചേർക്കൽ പരിശോധിക്കുന്നതിനുവേണ്ടി നിലവിൽ നിയമനിർമ്മാണങ്ങളുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ആരോഗ്യവകുപ്പിന്റെ കീഴിൽ മായം ചേർക്കൽ പരിശോധിക്കുന്നതിനും അതിനെതിരെ നടപടി സ്വീകരിക്കുന്നതിനുമായി ഇപ്പോൾ ശക്തമായ സംവിധാനങ്ങൾ നിലവിലുണ്ട്. നിരവധി വെളിച്ചെണ്ണ കമ്പനികളെ നിരോധിച്ചുകൊണ്ടുള്ള ഉത്തരവിറക്കിയിട്ടുണ്ട്. അതുപോലെ തന്നെ കൃഷി ഡിപ്പാർട്ടുമെന്റും

ആരോഗ്യ വകുപ്പിലെ ഭക്ഷ്യ സുരക്ഷ കമ്മീഷണറുമായി ബന്ധപ്പെട്ടുകൊണ്ട് കാർഷിക വിളകളിലുണ്ടാകുന്ന മായം ചേർക്കൽ തടയുന്നതിനുവേണ്ടിയുള്ള സംയോജിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, കാർഷിക മേഖലയിൽ ശക്തമായ ഇടപെടൽ നടത്തുന്നു, അതിന് എല്ലാവിധ ആശംസകളുമുണ്ട്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ബ്രാൻഡിംഗ് വരുന്നതുകൊണ്ട് തോട്ടം മേഖല ശക്തിപ്പെടുന്നില്ല. തോട്ടം തൊഴിലാളികളുടെ കൂലി വർദ്ധനവിന് കമ്പനികൾ തയ്യാറാകുന്നില്ല. കമ്പനി ഉടമകൾ വിലത്തകർച്ചയിൽനിന്നും കരകയറുന്നതിന്റെ ഭാഗമായി നടത്തിയ ഓക്ഷനിൽനിന്നുപോലും അവരുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വിലകിട്ടുന്നില്ലെന്നുള്ള പരാതി പൊതുവായി ഉണ്ട്. അത് അനുഭവത്തിലും ഉണ്ട്. മൂന്നാറിലെ കെ.ഡി.എച്ച്. കമ്പനി പ്രത്യേകമായി ഗ്രീൻ ടീ ഉൽപ്പാദിപ്പിച്ച് പ്രത്യേക ട്രേഡ് നടത്തിയിട്ടുപോലും അവർക്ക് മുന്നോട്ട് പോകാൻ കഴിയുന്നില്ല. ഈ അവസരത്തിൽ ഓക്ഷനിൽ ഇടപെടുന്നതിനും അവർക്ക് പുറത്തേയ്ക്ക് വിൽപ്പന നടത്തുവാനും വില തകർച്ചയിൽ നിന്ന് രക്ഷപ്പെടുവാനും തോട്ടം ഉടമകളുടെ നിലനിൽപ്പിനും വേണ്ടിയുള്ള പ്രത്യേക പാക്കേജുകളെസംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തോട്ടം മേഖലയുടെ പ്രശ്നങ്ങൾ ലേബർ ഡിപ്പാർട്ട്മെന്റാണ് കൈകാര്യം ചെയ്യുന്നത്. ചെറുകിട തേയില കർഷകരുടെ കാര്യത്തിൽ മാത്രമാണ് സംസ്ഥാന കൃഷി ഡിപ്പാർട്ട്മെന്റിന് ഇടപെടാൻ കഴിയുന്നത്. 50 സെന്റ് മുതൽ രണ്ടേക്കർ വരെ കൃഷിചെയ്യുന്ന തേയില കർഷകരുണ്ട്. 13,000 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്ന കൃഷിക്കാരുടെ കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി രണ്ട് യോഗങ്ങൾ വിളിക്കുകയുണ്ടായി. ചെറുകിട തേയില കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിനുവേണ്ടിയും അവരുടെ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക വിപണി കണ്ടെത്തുന്നതിനുവേണ്ടിയുമുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. വലിയ തോട്ടവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ലേബർ ഡിപ്പാർട്ട്മെന്റും കേന്ദ്രഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടീ ബോർഡുമാണ്. കൃഷി ഡിപ്പാർട്ട്മെന്റിന് ഇക്കാര്യത്തിലിടപെടുന്നതിന് പരിമിതികളുണ്ട്. ചെറുകിട തേയില കർഷകരുടെ പ്രശ്നങ്ങളിൽ ഗവൺമെന്റ് ഇടപെടുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വഴി ഈ മേഖലയുമായി ബന്ധപ്പെട്ട് നിരവധി കത്തുകൾ കേന്ദ്ര ഗവൺമെന്റിന് അയയ്ക്കുന്നുണ്ട്. കത്തുകളയയ്ക്കാത്തതിന്റെ കുറ്റമല്ല, കേന്ദ്ര ഗവൺമെന്റ് ഈ കത്തുകൾക്കൊന്നും ആവശ്യമായ രീതിയിൽ നടപടി സ്വീകരിക്കാറില്ല എന്നുള്ളതാണ് വസ്തുത.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി (ശ്രീ. ബി. ഡി. ദേവസ്സി): സർ, തവളക്കുഴിപ്പാറ ആദിവാസി ഊരിലെ പത്തേക്കർ സ്ഥലത്ത് കൃഷി വകുപ്പിന്റെ സഹകരണത്തോടുകൂടി അതിരപ്പിള്ളി ഗ്രാമപഞ്ചായത്തും ചാലക്കുടി ബ്ലോക്ക് പഞ്ചായത്തുംകൂടിച്ചേർന്ന് രക്തശാലി നെല്ല് കൃഷിചെയ്യുകയുണ്ടായി. അത് വിജയകരവും ആദായകരവുമായിരുന്നു. സംസ്ഥാനത്തെ ആദിവാസി ഊരുകളിലെ നെൽകൃഷിക്കുള്ള ഒരുലക്ഷം രൂപയുടെ അവാർഡ് തവളക്കുഴിപ്പാറ ആദിവാസി ഊരിന് ലഭിക്കുകയുമുണ്ടായി. എന്റെ ചോദ്യം, ആ ആദിവാസി ഊരുകളിൽ സുഗന്ധവ്യഞ്ജനങ്ങളുൾപ്പെടെ കൃഷിചെയ്യാനാവശ്യമായ പ്രോജക്ട് തയ്യാറാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഗിരിജൻ സൊസൈറ്റിയുടെ കീഴിൽ വരുന്ന 200 ഏക്കർ സ്ഥലത്ത് ഏലവും കുരുമുളകും ഉൽപ്പാദിപ്പിച്ചിട്ട് അത് വാങ്ങിക്കാൻ ആളില്ലാത്ത ഒരു അവസ്ഥയാണുള്ളത്. അതുപോലെയുള്ള സ്ഥലങ്ങളിൽ ഗുണമേന്മയുള്ള സുഗന്ധ വ്യഞ്ജനങ്ങളും ഔഷധങ്ങളും ഉൽപ്പാദിപ്പിക്കാനും ആദിവാസികൾക്ക് അവരുടെ ജീവിതത്തിൽ വരുമാനമുണ്ടാക്കു വാനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തവളക്കുഴിപ്പാറ ആദിവാസി മേഖല പൂർണ്ണമായും ജൈവരീതിയിൽ കൃഷിചെയ്യുന്ന പരമ്പരാഗത കർഷകരുടെ ഒരു കേന്ദ്രമാണ്. അവിടെ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ കൂടുതൽ വിപുല പ്പെടുത്തുവാൻ വേണ്ടി ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ആ യോഗ തീരുമാനമനുസരിച്ച് പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ വരുന്ന 200 ഏക്കർ സ്ഥലംകൂടി പ്രയോജനപ്പെടുത്തണം. അവിടെ ആദിവാസി ജനവിഭാഗങ്ങൾക്കു വേണ്ടി മാത്രമു ണ്ടായിരുന്ന സൊസൈറ്റിയുടെ പ്രവർത്തനം പൂർണ്ണമായി നിലച്ചിരിക്കുകയാണ്. ആ സൊസൈറ്റിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് രണ്ട് ഡിപ്പാർട്ടു മെന്റുകളും സംയുക്തമായി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ വരുന്ന 200 ഏക്കർ സ്ഥലംകൂടി പ്രയോജനപ്പെടുത്തുവാനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. അവിടേയ്ക്കു മാത്രമായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചുകൊണ്ട് പ്രത്യേകമായ രീതിയിൽ കാർഷിക പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും ആദിവാസി കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്തിന്റെ ഏറ്റവും ശക്തമായ വരുമാന സ്രോതസ്സുകളിലൊന്നായ സുഗന്ധവ്യഞ്ജനങ്ങളുടെ കാര്യത്തിൽ സർക്കാർ കൈക്കൊള്ളുന്ന നടപടികൾ ശ്രദ്ധേയമാണ്. കുരുമുളക്, ഏലം, ചുക്ക് ഉൾപ്പെടെയുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ വിലത്തകർച്ചമൂലം വിഷമതകളനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തിയും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇത്തരം ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുവാനും പ്രചരിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചും ഇവയുടെ സംഭരണവും വിതരണവും സർക്കാർ കേന്ദ്രീകരിച്ച് നടത്തിയും കർഷകരുടെ പ്രശ്നപരിഹാരത്തോടൊപ്പംതന്നെ ആഭ്യന്തര തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തീർച്ചയായും അത്തരം നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വില തകരുന്ന സന്ദർഭങ്ങളിൽ എല്ലാ ഉൽപ്പന്നങ്ങളും കുത്തക സംഭരണം നടത്തുവാൻ കഴിയുകയില്ല. അടുത്ത കാലത്ത് എറണാകുളം മേഖലയിൽ ഒരു കിലോ പൈനാപ്പിളിന്റെ വില നാല് രൂപയിലേയ്ക്ക് താഴുകയുണ്ടായി. ആ സന്ദർഭത്തിൽ സംസ്ഥാന ഗവൺമെന്റ് 17.50 രൂപ നിരക്കിൽ പൈനാപ്പിൾ സംഭരിച്ച് കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യമായിട്ടാണ് കർഷകരിൽ നിന്ന് പൈനാപ്പിൾ സംഭരിച്ച് അവരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കുന്നത്. അങ്ങനെ ഓരോ മേഖലയിലും ഗുരുതരമായ വിലത്തകർച്ച യുണ്ടാകുമ്പോൾ അവിടെ ഇടപെട്ടുകൊണ്ട് ഗവൺമെന്റ് കർഷകരെ സംരക്ഷിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നാളികേര കൃഷിയ്ക്ക് ശക്തമായ സപ്പോർട്ട് നൽകുന്നതിനും അത് വ്യാപിപ്പിക്കുന്നതിനും വേണ്ടി ബഹുമാനപ്പെട്ട മന്ത്രി ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുന്നുവെന്നുള്ളത് സ്തുത്യർഹമാണ്, അദ്ദേഹത്തെ അഭിനന്ദിക്കുന്നു. പക്ഷേ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 20-21 ഹെക്ടർ സ്ഥലത്തുനിന്നും നാളികേര കർഷകർ പിൻവാങ്ങിയെന്നാണ് 2018-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് വ്യക്തമാക്കുന്നത്. 2016-2017-ൽ 781 ഹെക്ടർ സ്ഥലത്ത് നാളികേരം കൃഷി ചെയ്തിരുന്നുവെങ്കിൽ, 2017-2018-ൽ 760 ഹെക്ടറായി ചുരുങ്ങിയെന്നാണ് നമ്മുടെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ കേരഗ്രാമം പദ്ധതിയടക്കമുള്ള നിരവധി പദ്ധതികൾ ഇതിനെ സപ്പോർട്ട് ചെയ്യുവാൻ വേണ്ടിയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങൾ എന്നാണ് പറഞ്ഞത്, അത് കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; മറ്റെന്തെല്ലാം പദ്ധതികളാണ് ബഹുമാനപ്പെട്ട മന്ത്രി ഇതിനുവേണ്ടി സ്വീകരിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞത് വളരെ വസ്തുതാപരമായിട്ടുള്ള കാര്യമാണ്. ഇത് ഗവൺമെന്റ് നേരത്തെതന്നെ വിലയിരുത്തിയ കാര്യമാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിളകളിലൊന്ന് നാളികേരമാണ്. നാളികേര കൃഷിയുടെ വിസ്തൃതി ഓരോ വർഷം കഴിയുംതോറും കുറഞ്ഞുകൊണ്ടിരിക്കുന്നു; പ്രൊഡക്ടിവിറ്റി കുറയുന്നു. പ്രൊഡക്ഷൻ കുറയുന്നുവെന്ന പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടിയാണ് കോക്കനട്ട് ഡെവലപ്മെന്റ് കൗൺസിൽ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി കേരളത്തിന്റെ ഇപ്പോഴുള്ള വിസ്തൃതി പത്ത് കൊല്ലംകൊണ്ട് 9 ലക്ഷം ഹെക്ടറിലേയ്ക്ക് വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. അതോടൊപ്പംതന്നെ നമ്മുടെ പ്രൊഡക്ടിവിറ്റി

6,990 എന്നത് 8,500-ലേയ്ക്ക് വർദ്ധിപ്പിക്കണം. അങ്ങനെ പ്രൊഡക്ഷനും പ്രൊഡക്ടിവിറ്റിയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു വാർഡിൽ ഗുണമേന്മയുള്ള 75 തെങ്ങിൻ തൈകളെങ്കിലും പുതിയതായി വച്ചുപിടിപ്പിക്കാനും ഉൽപ്പാദനക്ഷമതയില്ലാത്ത തെങ്ങുകൾ മുറിച്ചുമാറ്റുവാനുമുള്ള നടപടി ഈ വർഷം തന്നെ ആരംഭിക്കുകയാണ്. അതിനുവേണ്ടിയുള്ള പദ്ധതി പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 181 കേര ഗ്രാമങ്ങൾ ഇതുവരെ നമ്മൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷവും കേര ഗ്രാമത്തിനുവേണ്ടി ബഡ്ജറ്റിൽ തുക മാറ്റിവച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും ഒരു വർഷം തന്നെ കേരഗ്രാമം കൊണ്ടുവരാൻ കഴിയുകയില്ല. പ്രധാനമായും കേരകൃഷി നടക്കുന്ന ആറ് ജില്ലകളെ കേന്ദ്രീകരിച്ചാണ് ഇപ്പോൾ കേരഗ്രാമം വിപുലപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. മറ്റ് ജില്ലകളിൽക്കൂടി കേരഗ്രാമം വ്യാപിപ്പിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്' എന്നുള്ളത് ഓരോ മലയാളിയുടെയും പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും ഇശലുകളാണ്. നമ്മുടെ സംസ്ഥാനത്ത് നാളികേര കൃഷി രംഗത്തേയ്ക്ക് 'മണ്ഡരി' ഒരു വലിയ ദുരന്തമായി കടന്നുവരികയായിരുന്നു. മണ്ഡരി നിർമ്മാർജ്ജനത്തിനുവേണ്ടി വിവിധ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും ഇപ്പോഴും അത് പൂർണ്ണമായി മാറിയിട്ടില്ല. മുമ്പുണ്ടായിരുന്ന തേങ്ങയുടെ വലിപ്പം ഇന്നില്ല. കിലോയ്ക്ക് 35-36 രൂപ കിട്ടുന്നുണ്ട്. പക്ഷേ, 36 രൂപ കിട്ടാൻ ഒരുകിലോ ആകണമെങ്കിൽ 3 തേങ്ങ വേണം. ഇത് മണ്ഡരിയിൽ നിന്ന് ഇന്നും നമ്മുടെ നാളികേര മേഖല വിമുക്തമായിട്ടില്ല എന്നതിന് തെളിവാണ്. പൂർണ്ണമായും മണ്ഡരി വിമുക്തമാകുന്ന ഒരു സാഹചര്യത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമോ; കേരഗ്രാമം എന്റെ മണ്ഡലത്തിലൊക്കെ നടപ്പാക്കിയ നല്ല പദ്ധതിയാണ്, നല്ല സബ്സിഡിയുമുണ്ട്. പക്ഷേ, ഒരു തെങ്ങിന് 65 രൂപ കർഷകൻ ആദ്യം കൊടുക്കണം. അതിന്റെ പകുതി തുക ആദ്യം കൊടുക്കുകയും ബാക്കി തുക അവസാന ഘട്ടത്തിൽ കൊടുക്കുകയും ചെയ്യുന്ന രീതിയിലേയ്ക്ക് രണ്ട് ഇൻസ്റ്റാൾമെന്റ് ആക്കുവാൻ കഴിയുമോ എന്നകാര്യം കൂടി ചോദിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, രണ്ട് ഇൻസ്റ്റാൾമെന്റ് ആക്കുവാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചതിനുശേഷം പറയാം. ഇവിടെ അങ്ങ് പറഞ്ഞതുപോലെ മണ്ഡരി രോഗബാധയെ സംബന്ധിച്ച വ്യക്തമായിട്ടുള്ള കാരണങ്ങൾ കണ്ടുപിടിക്കപ്പെട്ടത് അടുത്തകാലത്താണ്. മണ്ഡരി രോഗം ബാധിച്ച മേഖലകളിൽ അതിനെ റസിസ്റ്റ് ചെയ്യുന്ന തെങ്ങിൻ തൈകൾ കാണുന്നുണ്ട്. അത്തരം തെങ്ങുകളിൽ നിന്നും വിത്ത് തേങ്ങ സംഭരിച്ചുകൊണ്ട് മണ്ഡരിബാധയെ പ്രതിരോധിക്കാൻ കഴിയുന്ന തരത്തിലുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുക എന്ന നടപടിയിലേയ്ക്കാണ്

ഇപ്പോൾ ഗവൺമെന്റ് പോകുന്നത്. അദ്ദേഹം പറഞ്ഞത് ശരിയല്ല. ഇന്ന് 43 രൂപയാണ് നാളികേരത്തിന്റെ വില. മണ്ഡരിരോഗം ബാധിച്ച സ്ഥലങ്ങളിൽ ജൈവരീതിയിലുള്ള പല മാർഗ്ഗങ്ങളും സ്വീകരിച്ചുവെങ്കിലും അത് പരിപൂർണ്ണമായി തടയുവാൻ കഴിഞ്ഞിട്ടില്ല. കാർഷിക സർവ്വകലാശാല പല പരിഹാരമാർഗ്ഗങ്ങളും പറയുന്നുണ്ടെങ്കിലും ശാശ്വതപരിഹാരം കാണുവാൻ കഴിയാത്ത സാഹചര്യത്തിൽ മണ്ഡരി രോഗബാധയെ പ്രതിരോധിക്കാൻ കഴിയുന്ന തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുവാൻ വേണ്ടിയുള്ള പദ്ധതിയാണ് ഇപ്പോൾ നടപ്പാക്കുന്നത്. അങ്ങനെ വരുമ്പോൾ കേടുവന്ന തെങ്ങിൻ തൈകൾ വെട്ടിമാറ്റി മണ്ഡരി രോഗത്തെ റെസിസ്റ്റ് ചെയ്യുവാൻ കഴിയുന്ന തെങ്ങിൻ തൈകൾ അവിടെ നട്ടുപിടിപ്പിക്കുക എന്ന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, റബ്ബർ കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ പലപ്പോഴും ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഗവൺമെന്റും റബ്ബർ ബോർഡും അതിന്റെ അതിജീവനത്തിനുവേണ്ടി ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്. കേരഗ്രാമം അനുവദിച്ചുകൊണ്ട് അങ്ങ് കേരകർഷകരെ സഹായിക്കുവാനാവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നത് ശ്ലാഘനീയമാണ്. അതിനോടനുബന്ധിച്ച് റബ്ബർ ബോർഡ് നടപ്പിലാക്കുന്നതുപോലെയുള്ള പദ്ധതികൾ, കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കേര കർഷകരെയും തെങ്ങുൽപ്പാദനത്തെയും സഹായിക്കുന്നതിനാവശ്യമായ പദ്ധതികൾ തുടങ്ങിയവ ഗ്രാസ് റൂട്ട് ലെവലിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെയും കൃഷി ഡിപ്പാർട്ട്മെന്റിന്റെയും പദ്ധതികൾ സംയുക്തമായിട്ടാണ് നടപ്പിലാക്കിവരുന്നത്. പക്ഷേ, റബ്ബർ ബോർഡിൽ നിന്നും തികച്ചും വ്യത്യസ്തമായ രീതിയിലാണ് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പ്രവർത്തനം നടത്തുന്നത്. പ്രധാനമായും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഡെവലപ്മെന്റാണ് അവർ വിഭാവന ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കോക്കനട്ട് ഡെവലപ്മെന്റ് കൗൺസിൽ ഗ്രാസ് റൂട്ട് ലെവൽ വരെ വാർഡ് തലത്തിൽ കേരകർഷക സമിതികൾ രൂപീകരിച്ചുകൊണ്ട് 2018 മുതൽ 2028 വരെയുള്ള പത്തുവർഷക്കാലം നിരന്തരമായി പരിചരണവും മറ്റും നൽകി വിവിധ വകുപ്പുകളെയും ഗവേഷണ ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് നാളികേരത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിന് വേണ്ടിയുള്ള സമഗ്രമായ പദ്ധതിയാണ് കോക്കനട്ട് ഡെവലപ്മെന്റ് കൗൺസിൽ തയ്യാറാക്കുന്നത്. അത് ഈ വർഷം ആരംഭിക്കുന്നതോടുകൂടി അങ്ങ് പറഞ്ഞ കാര്യങ്ങൾക്കുള്ള നടപടിയാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, നാളികേര കൃഷിക്കാർ ഇന്ന് അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഉത്പന്നത്തിന്റെ വിലക്കുറവാണ്. റബർ കൃഷിക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ധാരാളമായി ഇവിടെ ചർച്ച ചെയ്യുന്നുണ്ട്. നാളികേര വിലയിടിവ് ഒരു സ്ഥിരം പ്രതിഭാസമാണ്. ഇത് തടയാൻ കൃത്യവും സ്ഥിരവുമായ വില നാളികേരത്തിന് ലഭ്യമാക്കാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പച്ചത്തേങ്ങയുടെ വില 25 രൂപയ്ക്ക് താഴെ വരുമ്പോൾ അത് സംഭരിക്കാനാവശ്യമായ നടപടി ഇപ്പോൾത്തന്നെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കേരഫെഡിന്റെ കീഴിൽ വരുന്ന 900-ത്തോളം സൊസൈറ്റികൾ വഴിയും അതുപോലെ കൃഷി ഡിപ്പാർട്ട്മെന്റിന്റെ അഗ്രിക്കൾച്ചറൽ ഓഫീസ് വഴിയും നാളികേരം സംഭരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. നാളികേരത്തിന് കഴിഞ്ഞ രണ്ട് കൊല്ലമായി കാര്യമായ വിലത്തകർച്ചയുണ്ടായിട്ടില്ല; വില 25 രൂപയിൽ താഴ്ന്നിട്ടില്ല. നാളികേരത്തിന്റെ വിലത്തകർച്ച നിശ്ചയിക്കപ്പെട്ടിരിക്കുന്ന താങ്ങുവിലയെക്കാൾ താഴേയ്ക്ക് വരികയാണെങ്കിൽ ആ ദിവസം മുതൽ പച്ചത്തേങ്ങ സംഭരിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. എം. സ്വരാജ്: സർ, കാലാവസ്ഥയിൽ ഗൗരവതരമായ മാറ്റങ്ങൾ സംഭവിക്കുന്നതായി മാധ്യമങ്ങളെല്ലാം റിപ്പോർട്ട് ചെയ്യുകയും ആ രംഗത്തെ ഗവേഷകർ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നുണ്ട്. അതിന്റെ ഭാഗമായി ഒരു കാലത്ത് നമ്മുടെ നാട്ടിൽ അന്യമായിരുന്ന ചില പ്രത്യേക വിളകൾ, മറ്റ് പല രാജ്യങ്ങളുടെയും കാലാവസ്ഥയ്ക്കനുസരിച്ച് അവിടങ്ങളിൽ കൃഷി ചെയ്തിരുന്നത് ഇപ്പോൾ ഇവിടെയും കൃഷിക്ക് പാകമായതായി കേൾക്കുകയാണ്. ഉദാഹരണത്തിന് ഡ്രാഗൺ ഫ്രൂട്ട് വിയറ്റ്നാമിലാണ് കൃഷിചെയ്യുന്നത്. എന്നാൽ ഇപ്പോൾ നമ്മുടെ നാട്ടിലും കൃഷി ചെയ്യുന്നുണ്ട്. മറ്റ് പല ഭൂഖണ്ഡങ്ങളിലും കൃഷി ചെയ്തിരുന്നതും നമ്മുടെ നാട്ടിൽ ഇല്ലാതിരുന്നതും നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമല്ലാതിരുന്നതുമായ വിളകൾ ഇവിടെയും കൃഷി ചെയ്യാൻ കഴിയുന്ന രൂപത്തിലേയ്ക്ക് കാലാവസ്ഥയിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുന്നു എന്നാണ് പറയുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന ഇത്തരം ഗൗരവതരമായ മാറ്റങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുംവിധം ഇവിടത്തെ ഭൂപ്രകൃതിയിൽ പുതുതായി കൃഷി ചെയ്യാൻ കഴിയുന്ന ഇനങ്ങൾ ഏതൊക്കെയെന്ന് പരിശോധിക്കാനും പഠനം നടത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? ജൈവകൃഷി എന്നത് തെറ്റായ നിലയിൽ ഒരുതരം ഭ്രമമായി മാറുന്നുണ്ട്. അതിനുപകരം ശാസ്ത്രീയമായ കൃഷിയെന്ന സങ്കൽപ്പംകൂടി വച്ചുപുലർത്തി മുന്നോട്ടുപോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശാസ്ത്രീയമായ ജൈവകൃഷി നടപ്പാക്കുകയെന്നതാണ് സർക്കാരിന്റെ നയം. ആ രീതിയിൽത്തന്നെയാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന് അനുസൃതമായി വിളകളിൽ മാറ്റം വരുത്താനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. വിപുലമായ രീതിയിലുള്ള റിസർച്ചുകൾ കാർഷിക സർവ്വകലാശാല നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഡ്രാഗൺ ഫ്രൂട്ട് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ തന്നെ പ്രൊമോട്ട് ചെയ്യുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ നിരവധി ഏക്കർ സ്ഥലത്ത് ഡ്രാഗൺ ഫ്രൂട്ട് കൃഷി ചെയ്ത് വിൽപ്പന നടത്തുന്ന ആൾക്കാരുണ്ട്. മറ്റ് സ്റ്റേറ്റുകളിലുണ്ടായിരുന്ന റമ്പൂട്ടാൻ പത്തനംതിട്ട, എറണാകുളം ജില്ലകളിൽ വ്യാപകമായി കൃഷി ചെയ്യുകയും കയറ്റി അയയ്ക്കുകയും ചെയ്യുന്നുണ്ട്. മാങ്കോസ്റ്റിൻ എന്ന പഴവർഗ്ഗം കേരളത്തിൽ പല സ്ഥലങ്ങളിലും നൂറ് കണക്കിന് ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന രീതിയിലേയ്ക്ക് വന്നിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഗവൺമെന്റ് ഏറ്റവും കൂടുതൽ ശ്രദ്ധചെലുത്തിയിരിക്കുന്നത് മില്ലറ്റ് കൃഷിയിലാണ്. ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്ന സമഗ്രമായ പദ്ധതി ഗവൺമെന്റ് നടപ്പാക്കിയത് വിജയകരമായിരുന്നു. അട്ടപ്പാടി മേഖലയിൽ 1000 ഏക്കർ സ്ഥലത്ത് ചെറുധാന്യകൃഷി വ്യാപിപ്പിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തില്ലാതിരുന്ന ചിയ 700 രൂപയിലധികം വില ലഭിക്കുന്ന ഒരു തരം ചെറുധാന്യമാണ്. 50 ഏക്കർ സ്ഥലത്ത് പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്തത് വിജയകരമായി മാറിയിട്ടുണ്ട്. മില്ലറ്റ് പോലെയുള്ള, പരമ്പരാഗതമായിട്ടുണ്ടായിരുന്ന, നഷ്ടപ്പെട്ടുപോയ കൃഷി തിരിച്ചുകൊണ്ടുവരാൻ ഈ കാലാവസ്ഥാ വ്യതിയാനത്തിന്റെ കാലഘട്ടത്തിൽ കഴിയും. മില്ലറ്റിന്റെ കാര്യത്തിൽ ബഡ്ജറ്റിൽ പ്രത്യേകമായി പണം അനുവദിച്ചിട്ടുണ്ട്. 60 ദിവസം മുതൽ 90 ദിവസത്തിനകം വിളവെടുക്കാൻ കഴിയുന്ന വിളയാണ് മില്ലറ്റ്സ്. ആ കൃഷി കൂടുതൽ വ്യാപിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഉത്പാദന വർദ്ധനവിനുവേണ്ടി ഗവൺമെന്റ് പ്രോത്സാഹനം കൊടുക്കുന്നതും അതിനുള്ള ആഹ്വാനം ഉണ്ടാകുന്നതും കാരണം ഉത്പാദന വർദ്ധനവ് സാധ്യമാകുന്നു. ചില ഉത്പന്നങ്ങളുടെ ഉത്പാദനം വർദ്ധിക്കുമ്പോൾ വില താഴോട്ട് പോകുന്നു. നാളികേരത്തിന്റെ ഉത്പാദനം കുറഞ്ഞു, പക്ഷേ വില കൂടി. കുരുമുളകിന് ഉത്പാദനം കൂടി പക്ഷേ വില കുറഞ്ഞു. ഇങ്ങനെ വരുന്ന കോൺട്രഡിക്ഷൻസ് ഉണ്ട്. ആ കോൺട്രഡിക്ഷൻസ് മാറ്റണമെങ്കിൽ ബെഞ്ച്മാർക്ക് തീരുമാനിച്ച് സപ്പോർട്ട് പ്രൈസ് കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ടിന് വേണ്ടി ബഡ്ജറ്റിൽ ഒരു തുക വകയിരുത്തിയിട്ടുണ്ട്. പരിമിതമാണെങ്കിൽപ്പോലും പ്രിൻസിപ്പിൾ എന്ന നിലയിൽ ഗവൺമെന്റ് അംഗീകരിച്ച ആ തത്വം നമ്മളുടെ മറ്റ് വിളകൾക്കുകൂടി വ്യാപിപ്പിക്കുന്നതിന് ശ്രമിക്കുമോ; ബെഞ്ച്മാർക്ക് തീരുമാനിച്ച് അതിനെക്കാൾ താഴെ പോവുകയാണെങ്കിൽ വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തി കേരളത്തിലെ കർഷകരെ രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇപ്പോൾത്തന്നെ പല വിളകൾക്കും കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിക്കാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തി കൊണ്ടിരിക്കുകയാണ്. നാളികേരത്തിന്റെ കാര്യത്തിൽ കൊപ്രയ്ക്ക് മാത്രമാണ് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ചിരിക്കുന്നത്. മിനിമം സപ്പോർട്ട് പ്രൈസ് പച്ചത്തേങ്ങയ്ക്ക് കൂടി പ്രഖ്യാപിക്കണമെന്ന് പറഞ്ഞിട്ട് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചില്ല. സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞതിന്റെ മുൻപത്തെ ബഡ്ജറ്റിൽ പച്ചത്തേങ്ങയ്ക്ക് 27 രൂപ മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുകയുണ്ടായി. നെല്ലിന് 17.70 രൂപയാണ് കേന്ദ്ര ഗവൺമെന്റിന്റെ താങ്ങുവിലയെങ്കിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന നിലയിൽ 8 രൂപയും കൂടി കൊടുത്ത് 25.30 രൂപാ നിരക്കിൽ സംസ്ഥാന ഗവൺമെന്റ് നെല്ല് സംഭരിച്ചുവരുന്നു. അതുപോലെതന്നെ പൈനാപ്പിളിന്റെ കാര്യം പറയുകയുണ്ടായി. അങ്ങനെ കേന്ദ്ര ഗവൺമെന്റ് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കാത്ത പല വിളകൾക്കും നമ്മളിപ്പോൾ താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്. കുരുമുളകിന്റെ കാര്യത്തിൽ മിനിമം ഇംപോർട്ട് പ്രൈസ് 500 രൂപയാക്കി മാറ്റണമെന്നുപറഞ്ഞ് കേന്ദ്രത്തിന് കത്ത് അയയ്ക്കുകയും കേന്ദ്ര ഗവൺമെന്റ് മിനിമം ഇംപോർട്ട് പ്രൈസ് 500 രൂപയാക്കി പ്രഖ്യാപിക്കുകയും ചെയ്തു. എന്നിട്ടുപോലും കുരുമുളകിന്റെ വില പിടിച്ചു നിർത്താൻ കഴിയാത്ത വിധത്തിലുള്ള ചോർച്ചയുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള പല പ്രശ്നങ്ങളും നമ്മുടെ വില തകർച്ചയുടെ ഭാഗമായിട്ടുണ്ട്. എല്ലാ വിളകൾക്കും മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുക എന്നത് വളരെ പ്രധാനപ്പെട്ട നയപരമായ വിഷയമാണ്. അത് ഗവൺമെന്റ് ചർച്ച ചെയ്തതിനുശേഷം മാത്രമേ അന്തിമമായ മറുപടി പറയാൻ കഴിയുകയുള്ളൂ.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

4( *123) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. നൗഷാദ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടപ്പുവർഷത്തെ പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദവിവരവും അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയെന്നും അറിയിക്കാമോ;

(ബി) സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ള വിവിധ വികസന മിഷനുകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ജില്ലാടിസ്ഥാനത്തിൽ വൻകിട സംയോജിത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി വിഭാവനം ചെയ്യുന്ന ജില്ലാ പദ്ധതി അവലോകനം ചെയ്തിരുന്നോ; വിശദാംശം അറിയിക്കാമോ;

(ഡി) പ്രളയപാഠത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണത്തിൽ നിർദ്ദേശിച്ചിട്ടുള്ള മാറ്റങ്ങളും പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ ഉപജീവനം ഉറപ്പാക്കാനുള്ള പദ്ധതികളും എന്തൊക്കെയെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു : (29-1-2019 വരെ)തദ്ദേശ ഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 65.77% |
| ബ്ലോക്ക് പഞ്ചായത്ത് | 66.32% |
| ജില്ലാ പഞ്ചായത്ത് | 54.86% |
| മുനിസിപ്പാലിറ്റി | 53.13% |
| കോർപ്പറേഷൻ | 43.76% |
| ആകെ | 60.34% |

പൊതു വിഭാഗം, SCSP, TSP-യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ് :

| ജനറൽ | SCSP | TSP |
|---|---|---|
| 66.54% | 55.59% | 52.91% |

പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി ഡിസംബർ 31-നകം സമർപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 1200-ൽ 1181 തദ്ദേശഭരണ സ്ഥാപനങ്ങളും ഡിസംബർ 31-നകം അടുത്ത വർഷത്തെ പദ്ധതി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിച്ചു. അവശേഷിച്ച 19 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ചെറുന്നിയൂർ, വെട്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകളും പാലക്കാട് മുനിസിപ്പാലിറ്റിയും ഒഴികെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ 2019 ജനവരി മാസം വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിച്ചു.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച 4 വികസന മിഷനുകളുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടേത് 29-1-2018-ലെ സ.ഉ (കൈ) നമ്പർ 11/2018/തസ്വഭവ പ്രകാരവും മുനിസിപ്പാലിറ്റികളിലേതും കോർപ്പറേഷനുകളുടേതും 2-2-2018-ലെ സ.ഉ. (കൈ)നമ്പർ 17/2018/തസ്വഭവ നമ്പർ ഉത്തരവുകളിലെ ഖണ്ഡിക 7 പ്രകാരവും നൽകിയിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്. ആയതിൽ 'ലൈഫ് ' ഭവന പദ്ധതി പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകൾ ആർദ്രം മിഷനുമായി സമന്വയിപ്പിച്ചാണ് നടപ്പിലാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ പ്രോജക്ടുകൾ 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 'ഹരിത കേരളം' മിഷന്റെ ഉപമിഷനുകളിലൊന്നായ ശുചിത്വ മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. കൃഷിയും ജലസംരക്ഷണവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നവയാണ്. ആയതിനാൽ ഹരിത കേരളം മിഷന്റെ ലക്ഷ്യം കൈവരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുഖ്യ പങ്കുണ്ട്.

(സി) 14 ജില്ലകളുടെയും ജില്ലാ പദ്ധതികൾ, വിദഗ്ദ്ധരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം പരിശോധിച്ച് അവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച് പുനർ സമർപ്പിച്ച ജില്ലാ പദ്ധതികൾക്ക് സംസ്ഥാന വികസന കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലാ പദ്ധതിയിലെ കീഴ്ത്തട്ട് നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2019-20 വാർഷിക പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

(ഡി) പ്രളയ ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തെ പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ 23-8-2018-ലെ സ.ഉ. (സാധാ) നമ്പർ 2313/2018/ത.സ്വ.ഭ.വ. ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രളയക്കെടുതിയുടെ പ്രത്യേക പശ്ചാത്തലത്തിൽ മൃഗപരിപാലന മേഖലയുമായി ബന്ധപ്പെട്ട് പശുക്കളെ വാങ്ങി നൽകുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകാനും ഇൻഷ്വറൻസ് പരിരക്ഷയുള്ള കന്നുകാലികൾ നശിച്ചുപോയിട്ടുണ്ടെങ്കിൽ അവയുടെ ഇൻഷ്വറൻസ് തുക വാങ്ങി നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങളും വെറ്ററിനറി ഡോക്ടർമാരും പ്രത്യേകം ഇടപെടൽ നടത്തണമെന്നും 17-9-2018-ലെ ഡി.എ. 1/652/2018/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2019-20 വാർഷിക പദ്ധതി രൂപീകരണത്തിലും മഹാപ്രളയം നൽകിയ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പുതിയ കേരളം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കാനും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ 23-10-2018-ലെ സ.ഉ. (സാധാ) നമ്പർ 2710/2018/ത.സ്വ.ഭ.വ. ഉത്തരവായി നൽകിയിട്ടുണ്ട്. പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ ഉപജീവനം ഉറപ്പാക്കുന്നതിനുള്ള വിശദമായ പദ്ധതി സംസ്ഥാന സർക്കാരിന്റെ 2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, സംസ്ഥാനത്ത് അതിഗംഭീരമായ പ്രളയം ബാധിച്ചപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് 50 ശതമാനത്തിൽ കൂടുതൽ ചെലവഴിക്കാൻ വേണ്ട ഇടപെടലുകൾ നടത്തിയ സർക്കാരിനെയും വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകയാണ്. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ അറവ് മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് വലിയ ശല്യമായി മാറിയിട്ടുണ്ട്. ഇത് തടയുന്നതിനായി ഗ്രാമപഞ്ചായത്തുകൾ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാനുള്ള ശ്രമം നടത്തുമ്പോൾ, പദ്ധതി അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ അതിന് ഡെപ്പോസിറ്റ് വർക്കായി പണം നിക്ഷേപിക്കാൻ ആകെ രണ്ട് സ്ഥാപനങ്ങൾ മാത്രമാണുള്ളത്. കെ.എസ്.ഇ.ബി.-യിലും വാട്ടർ അതോറിറ്റിയിലുമാണ് ഡെപ്പോസിറ്റ് സ്വീകരിക്കുന്ന സംവിധാനമുള്ളത്. എന്നാൽ പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക് വിംഗിന് ഇത്തരം സംവിധാനമില്ല. അതിനൊരു സൗകര്യം ഏർപ്പെടുത്തിക്കൊടുക്കാൻ കഴിയുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അറവ് മാലിന്യം തള്ളുന്ന ഗൗരവമായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ചില പഞ്ചായത്തുകളിൽ നിന്നും ഇത്തരത്തിലുള്ള ആവശ്യം വന്നിട്ടുണ്ട്. ഇതിന് അംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ധാരാളം ഗ്രാമപഞ്ചായത്തുകളിൽ ഭൂമി ശാസ്ത്രപരമായി ഏരിയ കൂടുതലുള്ളതുകൊണ്ട് വിഭജിക്കണമെന്ന ആവശ്യമുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ; എന്റെ മണ്ഡലത്തിലും ഇത്തരത്തിലുള്ള വിഷയമുണ്ട്. പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ എടനാട് പ്രദേശത്തിന്റെ ഒരറ്റത്തുനിന്നും ഗ്രാമപഞ്ചായത്തിലേയ്ക്ക് എത്തണമെങ്കിൽ ഏതാണ്ട് 16 കിലോമീറ്റർ, രണ്ട് ബസ് മാറിക്കയറി വരേണ്ട അവസ്ഥയുണ്ട്. അത്തരം കാര്യങ്ങളിൽ സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഗ്രാമപഞ്ചായത്ത്, നഗരസഭ തുടങ്ങിയവ രൂപീകരിക്കുന്നതിനും അതിർത്തി പുനർനിർണ്ണയിക്കുന്നതിനും വേണ്ട ശിപാർശകൾ സമർപ്പിക്കുന്നതിനുവേണ്ടി തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. അതിന്റെ റിപ്പോർട്ട് ജനുവരി മാസത്തിൽ ലഭിച്ചു കഴിഞ്ഞു. ഇക്കാര്യത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാർ പരിശോധിച്ച്, മാനദണ്ഡങ്ങൾക്ക് വിധേയമാണെങ്കിൽ ഇവിടെ സൂചിപ്പിച്ച പഞ്ചായത്തിന്റെ കാര്യവും പരിശോധിക്കുന്നതാണ്.

ശ്രീമതി യു. പ്രതിഭ: സർ, സംസ്ഥാനത്ത് സംയുക്ത പ്രോജക്ട് വിഹിതം ട്രഷറി അക്കൗണ്ടുകൾ വഴിയാണ് പഞ്ചായത്തുകളിൽ നൽകിയിരുന്നത്. അതിനൊരു മാറ്റം വരികയും സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പഞ്ചായത്തിലെ ഗുണ ഭോക്താവിനുതന്നെ ആ പണം ലഭിക്കുന്ന രീതിയിൽ സർക്കാർ ഇടപെടൽ നടത്തു കയുമുണ്ടായി. അത് എളുപ്പവും നല്ല നടപടിയുമായിരുന്നു. ജീവനക്കാർക്ക് അതിൽ വേണ്ടത്ര പരിശീലനം ലഭിക്കാതിരുന്നതുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പുതന്നെ സെപ്റ്റംബർ 30-ാം തീയതിവരെ പഴയരീതി തുടരാനുള്ള അനുവാദം നൽകിയിരുന്നു. ഇപ്പോഴും ജീവനക്കാർക്ക് വേണ്ടത്ര പരിശീലനം ലഭിക്കാത്തതുകൊണ്ട് ലൈഫ് അടക്കമുള്ള സംയുക്ത പ്രോജക്ടുകളിൽ പഞ്ചായത്ത് കൈകടത്തുകയാണ്. മാർച്ച് 31 വരെ ആ സംവിധാനം പഴയതുപോലെ നീട്ടിക്കൊടുക്കാനുള്ള ഇടപെടൽ ഉണ്ടാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ജീവനക്കാർക്ക് പരിശീലനത്തിന്റെ അഭാവം എന്നുപറയുന്നത് വസ്തുതയല്ല. കില മുഖാന്തരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അക്കാര്യം പരിശോ ധിക്കുന്നതാണ്. മാനുവലായി ചെയ്യുന്നതിന് നിലവിൽ പഞ്ചായത്തുകളുടെ ഭാഗത്തുനിന്നും ഒരാവശ്യം ഉണ്ടായിട്ടുണ്ട്. അക്കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിൽ വെള്ളപ്പൊക്കമുണ്ടായ പ്രദേശങ്ങൾ പരിശോധിച്ചാൽ, കൂടുതലും നദീതീരങ്ങളും വയലുകളും തണ്ണീർത്തടങ്ങളുമായിരുന്ന പ്രദേശങ്ങൾ നികത്തി നിർമ്മാണ പ്രവൃത്തികൾ നടത്തിയതിന്റെ ഭാഗമായി മഴയെ

താങ്ങിനിർത്താൻ കഴിയാത്ത സാഹചര്യമുണ്ടാവുകയും ഈ പ്രളയത്തിൽ ആ നിർമ്മാണങ്ങൾ ഉൾപ്പെടെ ഒലിച്ചുപോവുകയും ചെയ്തിട്ടുണ്ട്. അത് സംരക്ഷിക്കുന്നതിന് പരിസ്ഥിതിലോല പ്രദേശങ്ങളെയും തണ്ണീർത്തടങ്ങളെയും ഒഴിവാക്കിക്കൊണ്ടുള്ള നിർമ്മാണ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അതുപോലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതി നിർവ്വഹണത്തിൽ മാത്രമല്ല, എല്ലാ പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമായിട്ടുള്ള കുടുംബശ്രീയുടെ നിലവിലുള്ള സി.ഡി.എസ്. ചെയർപേഴ്സൺമാരുടെയും ഉപസമിതി അംഗങ്ങളുടെയും ഓണറേറിയം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, റീ ബിൽഡ് കേരള പദ്ധതിയിൽ ഇക്കാര്യം സഭ ഗൗരവപൂർവ്വം ചർച്ച ചെയ്തതാണ്. പരിസ്ഥിതിക്ക് ഇണങ്ങുന്ന നിർമ്മാണ രീതികൾ നമ്മുടെ നാട്ടിലുണ്ടാകണം, തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുമ്പോൾ അതിനൊരു വർക്കിംഗ് ഗ്രൂപ്പ് തന്നെ രൂപീകരിച്ച കാര്യം ഞാൻ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. സർക്കാരിന്റെ നിലപാട് പരിസ്ഥിതിക്ക് ഇണങ്ങുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നുള്ളതാണ്. പുഴയോരങ്ങളിലും മറ്റും താമസിക്കുന്ന ആളുകൾക്ക് അവിടെത്തന്നെ വീട് നിർമ്മിച്ച് കൊടുക്കുകയെന്നുള്ള സമീപനം സ്വാഭാവികമായും പ്രായോഗികമല്ല. അതിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തത്. ഇവിടെ രണ്ടാമത് പറഞ്ഞ കാര്യം കുടുംബശ്രീയുമായി ബന്ധപ്പെട്ടാണ്. ആ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല, പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമനുവേണ്ടി (ശ്രീ. രാജു എബ്രഹാം): സർ, പ്രളയബാധിത പ്രദേശങ്ങളിലെ ജീവനോപാധികളുടെ കാര്യത്തിൽ അങ്ങ് വ്യക്തമായ തീരുമാനം പറഞ്ഞു. അതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. വെള്ളം കയറിയ വീടുകളിലെ സ്ഥിതി വളരെ പരിതാപകരമാണ്. ബെഡ്ഡുകളും പ്ലൈവുഡ്ഡിൽ നിർമ്മിച്ച ഫർണിച്ചറുകളും ഇലക്ട്രോണിക് ഉപകരണങ്ങളും പൂർണ്ണമായും നശിക്കുകയും പാത്രങ്ങൾ മുഴുവൻ ഒഴുകിപോവുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ച് മാനദണ്ഡങ്ങളിൽ അല്പം ഇളവ് വരുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികളിൽ ഇത്തരം കാര്യങ്ങളിൽ ഏതെങ്കിലും ചെറിയ കാര്യങ്ങൾ കൂടി ഉൾപ്പെടുത്താൻ കഴിയുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രളയാനന്തരം കുടുംബശ്രീ വഴി റീ സർജന്റ് കേരള എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. അത് അയൽക്കൂട്ടങ്ങൾ വഴി ഒരുലക്ഷം രൂപ വരെ ലോൺ കൊടുക്കുന്ന പദ്ധതിയാണ്. വായ്പ പൂർണ്ണമായും സർക്കാർ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതിയിലൂടെ 1,38,761 ഗുണഭോക്താക്കൾക്ക് 1,161 കോടി രൂപ വായ്പയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതിൽ 16,369 അയൽക്കൂട്ടങ്ങളിലെ 1,25,669 ഗുണഭോക്താക്കൾക്ക് ഇതുവരെ 995 കോടി രൂപ

ഉപജീവനത്തിനും ഗൃഹോപകരണങ്ങളും മറ്റും ശരിയാക്കുന്നതിനും സർക്കാർ പൂർണ്ണമായും പലിശ നൽകിക്കൊണ്ട് വായ്പയായി നൽകിയിട്ടുണ്ട്. ബാക്കിയുള്ള ആളുകളുടെ അപേക്ഷ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ ഇപ്പോൾ പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്; അത്യാവശ്യ കാര്യങ്ങൾ ചെയ്യാനുള്ള അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ വാർഷിക പദ്ധതിയിൽ 20 ശതമാനം വെട്ടിക്കുറവ് നടത്തിയതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാനുകളിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. ഉയർന്ന പദ്ധതിച്ചെലവ് കാണിക്കാൻ വേണ്ടി കൃത്രിമമായി 80-90 ശതമാനമായി പെരുപ്പിച്ച് കാണിക്കുകയാണ് ചെയ്യുന്നത്. പ്രളയ സമയത്തുപോലും പഞ്ചായത്തുകൾക്ക് പെർമിസീവ് സാംഗ്ഷനാണ് കൊടുത്തത്. അല്ലാതെ അവർക്ക് അഡീഷണലായി ഒരു സഹായവും കൊടുത്തില്ല. മാത്രമല്ല, പഞ്ചായത്തുകൾക്ക് ഫണ്ട് ക്യാരി ഓവർ ചെയ്യാമായിരുന്നത് ഇപ്പോഴില്ല. തദ്ദേശഭരണ സ്ഥാപനങ്ങളെ ഞെരുക്കുന്ന, ദുർബ്ബലപ്പെടുത്തുന്ന നീക്കങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. പദ്ധതിവിഹിതം വെട്ടിക്കുറയ്ക്കുന്ന നടപടി അവസാനിപ്പിക്കുമോ; ക്യാരി ഓവർ ചെയ്യാനുള്ള അനുവാദം കൊടുക്കുമോ; അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾക്കനുസരിച്ച് കൂടുതൽ devolution, പഞ്ചായത്തുകൾക്ക് കൂടുതൽ സാമ്പത്തിക അധികാരങ്ങൾ ലഭ്യമാക്കുന്ന നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവൊന്നും വരുത്തിയിട്ടില്ല. വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സംഖ്യയിൽ 20 ശതമാനത്തിന്റെ കുറവ് വരുത്താൻ ഉദ്ദേശിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ സഭയിൽ പറഞ്ഞിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ വരുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽത്തന്നെ കൂടുതൽ വകയിരുത്തലുണ്ടായിട്ടുണ്ട്. അതോടൊപ്പം 250 കോടി രൂപ ഇക്കാര്യത്തിന് പ്രത്യേകം വകയിരുത്തിയതും ഞാൻ ഓർമ്മിക്കുകയാണ്. റീ ബിൽഡ് കേരളയുടെ ഭാഗമായി ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് 1000 കോടി രൂപയുടെ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിന് എ.എസ്. കൊടുക്കുന്നതിനുള്ള അവസാന ഘട്ടത്തിൽ എത്തിനിൽക്കുകയാണ്; ഉടൻതന്നെ നൽകാൻ കഴിയുമെന്നാണ് കരുതുന്നത്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## 1. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മാലിന്യ സംസ്കരണം

5 (*125) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ളെക്സ് ബാനറുകൾ നിയന്ത്രിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇവയുടെ സംസ്കരണം നിർമ്മാതാക്കളുടെ ചുമതലയാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) പ്ലാസ്റ്റിക് മാലിന്യം, ഇ-വേസ്റ്റ് എന്നിവയുടെ സുരക്ഷിത സംസ്കരണത്തിന് രൂപീകരിച്ചിട്ടുള്ള ക്ലീൻ കേരള കമ്പനി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(സി) ജനങ്ങളുടെ നിഷേധാത്മക നിലപാടുകൊണ്ട് പ്ലാസ്റ്റിക് മാലിന്യപ്രശ്നം വിജയകരമായി പരിഹരിക്കാൻ സാധ്യമാകാതെ പോയതിനാൽ ഇക്കാര്യത്തിൽ കർശന നടപടിയെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ;

(ഡി) ജൈവ മാലിന്യങ്ങൾ മാലിന്യ സ്രഷ്ടാവിന്റെ ഉത്തരവാദിത്തത്തിൽ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നുവെന്ന് ഉറപ്പുവരുത്താനായുള്ള ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കാൻ നിർദ്ദേശം നൽകുമോ;

(ഇ) ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതമായ വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. 6-11-2014-ലെ സ.ഉ.(കൈ)195/2014/ത.സ്വ.ഭ.വ. നമ്പർ പ്രകാരം സംസ്ഥാനത്ത് പ്ലാസ്റ്റിക് ഫ്ളക്സ് ബോർഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസ്ഥകൾക്ക് വിധേയമായി ഫ്ളക്സ് ബോർഡുകൾക്കും ബാനറുകൾക്കും പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി. രഹിതവുമായ പോളി എഥിലിൻ നിർമ്മിത വസ്തുക്കളോ അതുപോലുള്ള മറ്റ് വസ്തുക്കളോ ഉപയോഗിക്കുന്നതിന് 27-10-2015-ലെ സ.ഉ.(സാധാ)നമ്പർ 3185/2015/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകുകയും ചീഫ് സെക്രട്ടറിയുടെ

14-2-2018-ലെ നമ്പർ സി.2/274/2017/ഐ&പി.ആർ.ഡി. സർക്കുലർ പ്രകാരം സർക്കാർ പരിപാടികളുടെ പരസ്യത്തിനായി ഫ്ളക്സ് ബോർഡുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

2016-ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടത്തിന്റെ അടിസ്ഥാനത്തിൽ എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി പ്രകാരം ഫ്ളക്സ് പ്രിന്റ് ചെയ്യുന്നവർ തന്നെ റീസൈക്ലിംഗ് ചെയ്യുന്നതിനുള്ള പശ്ചാത്തല സൗകര്യം സൃഷ്ടിക്കുന്നതിനും അവരുടെ ഉത്തരവാദിത്വത്തിൽ കൃത്യമായി ശേഖരിക്കുന്നതിനും ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷന്റെ ഉത്തരവാദിത്വത്തിൽ ഇക്കാര്യം പരിശോധിക്കപ്പെടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്. ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണം, പുനഃചംക്രമണം റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ ഉല്പാദനവും വിപണനവും, റിസോർസ് റിക്കവറി ഫെസിലിറ്റികളുടെ യന്ത്രവൽക്കരണം, റിസോർസ് റിക്കവറി ഫെസിലിറ്റികളുടെ പരിപാലനം, ചില്ല് (ഗ്ലാസ്) മാലിന്യങ്ങളുടെ പുനഃചംക്രമണം, വിപൽക്കരമായ ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം, മറ്റ് അജൈവ മാലിന്യങ്ങളുടെ സംസ്കരണവും പുനരുപയോഗവും എന്നിവയാണ് കമ്പനി ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രധാന പ്രവൃത്തികൾ. സംസ്ഥാനത്തെ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും 1258.813 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തിയിട്ടുണ്ട്. കൂടാതെ 358.297 മെട്രിക് ടൺ ഷ്രെഡഡ് പ്ലാസ്റ്റിക് നാളിതുവരെ ക്ലീൻ കേരള കമ്പനി തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി നൽകിയിട്ടുണ്ട്.

(സി) ജനങ്ങളുടെ നിഷേധാത്മക നിലപാട് കൊണ്ടുമാത്രം പ്ലാസ്റ്റിക് മാലിന്യ പ്രശ്നം വിജയകരമായി പരിഹരിക്കാൻ സാധ്യമാകാത്ത സാഹചര്യം സംസ്ഥാനത്ത് നിലവിലില്ല. പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനു വേണ്ടി പ്ലാസ്റ്റിക് ഷ്രഡിംഗ് & ബെയിലിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ വയ്ക്കാൻ മുൻഗണന നൽകേണ്ടതാണെന്നും എല്ലാ ബ്ലോക്ക് പഞ്ചായത്തടിസ്ഥാനത്തിലും ചുരുങ്ങിയത് ഒരു പ്ലാസ്റ്റിക് ഷ്രഡിംഗ് & ബെയിലിങ് യൂണിറ്റ് സ്ഥാപിക്കേണ്ടതാണെന്നും സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ എല്ലാ

വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനായി "മാലിന്യമുക്ത പരിസരം" (Litter Free Premises) എന്ന പ്രചരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

(ഇ) തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ തുടങ്ങിയ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കെ.എസ്. ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ ഞെളിയംപറമ്പിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്വകാര്യ ഏജൻസിയെ കണ്ടെത്തുന്നതിനായുള്ള ഇ-ടെണ്ടർ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. 2019 ജനവരി 31 ആണ് ടെണ്ടറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. രണ്ടാം ഘട്ടത്തിൽ പാലക്കാട്, കൊല്ലം ജില്ലകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഇ-ടെണ്ടറുകളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ഉടൻ തന്നെ പ്രസിദ്ധപ്പെടുത്തുന്നതാണ്. മറ്റു 3 ജില്ലകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കാർഷിക വിപണി വിപുലീകരിക്കാനുള്ള പ്രവർത്തനങ്ങൾ**

6 (*126) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴങ്ങൾ, വിവിധയിനം പച്ചക്കറികൾ, കിഴങ്ങുകൾ എന്നിവയുടെ വിലയിടിവുമൂലം കൃഷി ലാഭകരമല്ലാതാകുന്നത് പരിഹരിക്കാനായി വിപണി വിപുലീകരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ബി) കാർഷിക വ്യവസായമെന്ന നിലയിൽ മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ എന്തെല്ലാമാണ്; ഇതിനായി രൂപീകരിക്കാനുദ്ദേശിച്ച അഗ്രോപാർക്കുകളുടെ പ്രവർത്തനം സംബന്ധിച്ച വിവരം നൽകാമോ;

(സി) ഗുണമേന്മയുള്ള വിളകളും തൈകളും ലഭ്യമാക്കുന്നതിനും വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകരെ ചേർക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) കേന്ദ്ര, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പഴങ്ങൾ, വിവിധയിനം പച്ചക്കറികൾ, കിഴങ്ങുകൾ എന്നിവയുടെ വിലയിടിവുമൂലം കൃഷി ലാഭകരമല്ലാതാകുന്നത് പരിഹരിക്കുന്നതിനായി വിപണി വിപുലീകരിക്കുന്നതിന് കൃഷിവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളും കർഷകർക്ക് ന്യായവില ഉറപ്പാക്കുവാൻ പ്രവർത്തിച്ചു വരുന്നു. പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ എന്നിവ ന്യായവിലയ്ക്ക്, ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് വിറ്റഴിക്കുന്നതിനുള്ള സംവിധാനം 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, 240 എ ഗ്രേഡ് ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ നടപ്പിലാക്കിവരുന്നുണ്ട്.

കൃഷിവകുപ്പിന്റെ കാർഷിക മൊത്തവ്യാപാര വിപണികളിലൂടെ കർഷകർക്ക് ലേല സംവിധാനത്തിലൂടെ മെച്ചപ്പെട്ട വില പ്രാപ്തമാക്കാൻ കഴിയുന്നുണ്ട്. കർഷക കൂട്ടായ്മകളുടെ കൺവീനർമാർ മുഖേന ഉത്പന്നങ്ങൾ മൊത്ത വ്യാപാര വിപണി കളിൽ എത്തിക്കുന്നതിനാൽ കർഷകർക്ക് ഉത്പന്നത്തിന്റെ കടത്ത് കൂലി ലാഭിക്കുവാൻ കഴിയുന്നുണ്ട്. കൂടാതെ വിപണി ശക്തിപ്പെടുത്താൻ പദ്ധതിയുടെ ഭാഗമായി കേരളത്തിലൊട്ടാകെ 400 ആഴ്ച്ചചന്തകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആഴ്ച്ചചന്തകളുടെ നടത്തിപ്പിൽ കുടുംബശ്രീ സംവിധാനവും ഉൾപ്പെട്ടിട്ടുണ്ട്. ഇത് കൂടാതെ സർക്കാർ ഏജൻസിയായ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാനത്തൊട്ടാകെ 283 സ്വാശ്രയ കർഷക സമിതികൾ രൂപീകരിച്ച് വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നുണ്ട്. ടി വിപണികളിൽ ലേല സംവിധാനത്തിലൂടെയാണ് പഴം-പച്ചക്കറികൾ വിറ്റഴിച്ച് വരുന്നത്. കർഷകർക്ക് ഇപ്രകാരം മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പ് ടി സ്ഥാപനത്തിന്റെ സംഭരണ കേന്ദ്രങ്ങളിലൂടെ കർഷകരിൽ നിന്നും കർഷക കൂട്ടായ്മകളിൽനിന്നും കാർഷിക മൊത്ത വ്യാപാര വിപണികളിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. ഇത് കൂടാതെ ജൈവകാർഷിക മുറകളും നല്ല കാർഷിക പരിപാലന മുറകളും പ്രത്യേകമായിത്തന്നെ വിറ്റഴിക്കുന്നതിനായി 440 ഇക്കോ ഷോപ്പുകളും പ്രവർത്തിച്ച് വരുന്നുണ്ട്.

(ബി) കാർഷിക വ്യവസായമെന്ന നിലവിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേനയാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. 2018-19 സാമ്പത്തിക വർഷം ചെറുതും ഇടത്തരം ശേഷിയിലും പ്രവർത്തിക്കുന്ന അഗ്രോ പ്രോസസിംഗ് യൂണിറ്റുകൾക്കായി 600 ലക്ഷം രൂപയും മൂല്യവർദ്ധനവിനുള്ള സൂക്ഷ്മതല യൂണിറ്റുകൾ (വ്യക്തിഗത/ സ്വാശ്രയസംഘങ്ങൾ)ക്കായി 25 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. കാർഷികോത്പന്നങ്ങളുടെ ഉത്പാദനവും സംസ്കരണവും മൂല്യവർദ്ധനവും ബൃഹത് രൂപത്തിൽ വിഭാവനം ചെയ്യുന്നവയാണ് അഗ്രോപാർക്കുകൾ. അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ/ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദന സ്ഥലങ്ങളിൽ നിന്നും നേരിട്ട് വിദേശങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയെന്ന ലക്ഷ്യമാണ് അഗ്രോപാർക്കുകളുടെ സ്ഥാപനത്തിലൂടെ സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. നാളികേരം, പഴം-പച്ചക്കറി, തേൻ എന്നീ മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ട് 5 അഗ്രോപാർക്കുകൾ രൂപീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ വേങ്ങേരി, കൂത്താളി എന്നിവിടങ്ങളിൽ നാളികേര അഗ്രോപാർക്കും തൃശ്ശൂർ കണ്ണാറ ഫാമിൽ ബനാന പാർക്കും ഇടുക്കിയിലെ പഴത്തോട്ടം എന്ന സ്ഥലത്ത് പച്ചക്കറി അഗ്രോപാർക്കും സ്ഥാപിക്കുന്നതിനായി കെയ്കോയെ (കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ) എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി തെരഞ്ഞെടുത്തിട്ടുണ്ട്. അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (കിഫ്ബി) നിന്നുമാണ് ധനസഹായം സ്വീകരിക്കുന്നത്. ഇതിനായി 2 നാളികേര പാർക്കുകളുടെയും  ബനാന-ഹണി അഗ്രോപാർക്കിന്റേയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ പച്ചക്കറി പാർക്കിന്റേയും പാലക്കാട് ജില്ലയിലെ മാമ്പഴ പാർക്കിന്റേയും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഗുണമേന്മയുള്ള നടീൽവസ്തുക്കൾ (വിത്ത്, തൈകൾ മുതലായവ) ലഭ്യമാക്കുന്നതിനായി കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 13 സ്പെഷ്യൽ ഫാമുകൾ, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള 8 തെങ്ങിൻ തൈ നഴ്സറികൾ, 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ ഉൾപ്പെടെ 63 സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്.

വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകരെ ചേർക്കുന്നതിനായി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും ക്യാമ്പ യിനുകൾ നടത്തിയും മുഴുവൻ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ഡി) 2016-17 വർഷം മുതൽ കേന്ദ്രവിള ഇൻഷ്വറൻസ് 'പ്രധാനമന്ത്രി ഫസൽ ബീമ യോജന' എന്ന പേരിൽ നടപ്പിലാക്കിവരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായി ഉണ്ടാകുന്ന തീപിടിത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾമൂലമോ, രോഗകീടങ്ങളുടെ ആക്രമണംമൂലമോ പ്രഖ്യാപിത വിളകൾക്ക് ഉത്പാദന നഷ്ടം ഉണ്ടായാൽ വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നെല്ലിന്റെ ഇൻഷ്വറൻസ് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ 3 ജില്ലകളിൽ നടപ്പിലാക്കി വരുന്നു. വാഴ, മരച്ചീനി എന്നിവ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

കേന്ദ്രസർക്കാർ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗ കീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥ, സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ ആലപ്പുഴ, പത്തനംതിട്ട ഒഴികെ 12 ജില്ലകൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. 2019 റാബി സീസൺ മുതൽ പദ്ധതി മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്രവർഷവും പ്രളയവും 'add on cover' ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രധാനപ്പെട്ട മുഴുവൻ വിളകളേയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. എല്ലാ വിളകൾക്കും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനഷ്ടത്തിന് ആനുകൂല്യം നൽകിവരുന്നു. നെൽകൃഷിക്ക് സംസ്ഥാനത്ത് എവിടേയും കീട രോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പഞ്ചായത്ത് തലത്തിൽ കൃഷിഭവൻ വഴി നടപ്പിലാക്കി വരുന്നു. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ, പാട്ടത്തിനോ കൃഷി ഇറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്. നെൽകൃഷി വ്യക്തിഗത അടിസ്ഥാനത്തിലോ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വിള ഇൻഷ്വർ ചെയ്യാവുന്നതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്കുശേഷം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ട പരിഹാരത്തിന് അർഹതയുണ്ട്.

ഓരോ വിളകളും ഇൻഷ്വർ ചെയ്യുന്നതിനായി ഒടുക്കേണ്ട പ്രീമിയം തുകയും, കാലാവധിയും, നഷ്ടപരിഹാരത്തുകയും ഉൾപ്പെടുത്തിയിട്ടുള്ളത് 22-3-2017-ലെ സ.ഉ.(എംഎസ്.) 37/2017/കൃഷി 13-12-2017-ലെസ.ഉ.(കൈ)നമ്പർ 1192/2017/ കൃഷി തീയതി എന്നീ ഉത്തരവുകൾ പ്രകാരമാണ്.

## പ്രളയാനന്തരം കർഷകർക്ക് സഹായധനം

7 (*127) ഡോ. എൻ. ജയരാജ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം നാശനഷ്ടങ്ങളുണ്ടായ കർഷകർക്ക് സംസ്ഥാന സർക്കാർ സഹായധനം അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) കാർഷികമേഖലയിലുണ്ടായിട്ടുള്ള തകർച്ചയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് സഹായം ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ ഇത് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. മഹാപ്രളയത്തിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 238376 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 67.92 കോടി രൂപയും സംസ്ഥാന വിഹിതമായി 224610 കർഷകർക്ക് 110.45 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളി, മണ്ണ്, പാറ മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾ പൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും 621.33 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 13,775 കർഷകർക്ക് നഷ്ടപരിഹാരമായി 21.58 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാനമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിലെ 3727 കർഷകർക്കായി 7.04 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 22.80 കോടി രൂപ വിലയുള്ള 5650.85 ടൺ നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകി. 43,100 ഹെക്ടർ പ്രദേശത്ത് 23.27 കോടി രൂപയുടെ കുമ്മായം വിതരണം ചെയ്തു.

(ബി) ഉണ്ട്. പ്രളയ നിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൻ കീഴിൽ

ഹോർട്ടിക്കൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 102.1855 കോടി രൂപയുടെ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന വിഹിതം 60:40 അനുപാതത്തിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും, 56.03 കോടി രൂപ കേന്ദ്രവിഹിതം കേരളത്തിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. എല്ലാ ജില്ലകളിലും പദ്ധതി പ്രവർത്തനങ്ങൾ വിജയകരമായി നടന്നുവരുന്നു.

## തെങ്ങുകളുടെ ഉല്പാദനക്ഷമത വിലയിരുത്തുന്നതിന് സംവിധാനം

8 (*128) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകളുടെ ഉല്പാദനക്ഷമത വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) സർക്കാർ മേഖലയിൽ തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വെളിച്ചെണ്ണ, കള്ള് എന്നിവ കൂടുതൽ ലഭിക്കുന്നത് ഏതിനം തെങ്ങുകളിൽ നിന്നാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സർക്കാരും സർക്കാർ ഏജൻസികളും ഉല്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളുടെ മാതൃവൃക്ഷത്തെ തിരിച്ചറിയുന്നതിന് ജിയോ ടാഗിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് മറ്റു വിളകളോടൊപ്പം തെങ്ങിന്റെ വിസ്തൃതി, ഉൽപ്പാദനം, കൃഷി ചെലവ് തുടങ്ങിവ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ മൾട്ടിസ്റ്റേജ് സ്ട്രാറ്റിഫൈഡ് റാൻഡം സാംബ്ലിംഗ് രീതിയിൽ ശേഖരിക്കുകയും ടി വിവരങ്ങൾ താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ പരിശോധനകൾക്ക് വിധേയമാക്കിയ ശേഷം ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ ക്രോഡീകരിച്ച് കേന്ദ്ര സംസ്ഥാന കൃഷി

വകുപ്പുകൾക്ക് ഓരോ കാർഷിക വർഷം കഴിയുന്ന മുറയ്ക്ക് നൽകിവരികയും ചെയ്യുന്നു. ഉൽപ്പാദനം കണക്കാക്കുന്നതിനായി സോൺതലത്തിൽ മൂന്നു സാമ്പിളുകൾ റാൻഡം സാംപ്ലിംഗ് രീതിയിൽ തെരഞ്ഞെടുക്കുകയും ഓരോ സാമ്പിളിലുമുള്ള വാർഷിക ഉൽപ്പാദനം നേരിട്ട് രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രീതിയിൽ കണക്കാക്കുന്ന ഉൽപ്പാദനം, വിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിൽ ഉൽപ്പാദനക്ഷമത കണക്കാക്കുന്നു. ഇതിനുവേണ്ടി തെങ്ങിന്റെ വിസ്തൃതി കണ്ടുപിടിക്കുന്നതിന് കായ്ഫലമുള്ളത്, ഇല്ലാത്തത് എന്നിവ വേർതിരിച്ച് എസ്റ്റിമേറ്റഡ് വിസ്തൃതി കണക്കാക്കിവരുന്നു.

(ബി) സർക്കാർ മേഖലയിൽ തെങ്ങിൻ തൈകളുടെ ലഭ്യത ഉറപ്പുവരുത്തു ന്നതിനായി കൃഷി വകുപ്പിന്റെ ഫാമുകളിൽ വർഷംതോറും ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ചുവരുന്നു. ഇതിനായി ഗുണമേന്മയുള്ള നെടിയ ഇനം, കുറിയ ഇനം വിത്ത് തേങ്ങ സർക്കാർ ഫാമുകളിൽ നിന്നും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ശേഖരിച്ച് അവ കൃഷി വകുപ്പിന്റെ ഫാമുകളിൽ പാകി ശാസ്ത്രീയമായി പരിപാലിച്ച് തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നു. കൃഷി വകുപ്പിന്റെ കീഴിൽ കോഴിക്കോട് വടകരയിൽ പ്രവർത്തിക്കുന്ന വിത്ത് തേങ്ങ സംഭരണ യൂണിറ്റ് ഗുണമേന്മയുള്ള നെടിയ ഇനം വിത്ത് തേങ്ങയാണ് ശേഖരിക്കുന്നത്. തൃശ്ശൂർ ചാവക്കാട് വിത്ത് തേങ്ങ സംഭരണ യൂണിറ്റിലും കണ്ണൂർ ചാലോട് TXD ഹൈബ്രിഡൈസേഷൻ യൂണിറ്റിലും പ്രവർത്തിക്കുന്ന വിത്ത് തേങ്ങ സംഭരണ കേന്ദ്രങ്ങളിൽ പ്രധാനമായി സങ്കരയിനം വിത്ത് തേങ്ങയാണ് ശേഖരിക്കുന്നത്. കൃഷി വകുപ്പിന്റെ 8 തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങളിലാണ് പ്രധാനമായി തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നത്. കൂടാതെ ജില്ലാ കൃഷിഫാമുകൾ സ്പെഷ്യൽ കൃഷി ഫാമുകൾ എന്നിവയിലും ചെറിയ തോതിൽ തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നുണ്ട്. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന തെങ്ങിൻ തൈകൾ കൃഷി ഭവനുകൾ വഴിയും ഫാമുകളിൽ നിന്നും നേരിട്ടും നടീൽ സീസണിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. 2018 ജൂൺ മാസത്തിൽ കൃഷി വകുപ്പ് ഫാമുകളിൽ ഉല്പാദിപ്പിച്ച 318222 എണ്ണം തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം തെങ്ങിൻ തൈ ഉല്പാദന ത്തിനായി 428000 എണ്ണം വിത്ത് തേങ്ങ ശേഖരിക്കുന്നതിന് ലക്ഷ്യമിടുന്നു. നാളികേര വികസന കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 2019-20-ൽ കൃഷി വകുപ്പ് ഫാമുകളിൽ 6 ലക്ഷം തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി 10 ലക്ഷം വിത്ത് തേങ്ങ സംഭരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ കീഴിലുള്ള കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം മുഖേന 2017-18 വർഷം 70,000 മേൽത്തരം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ പഠനങ്ങളിൽ നിന്നുള്ള കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഇനം | അടങ്ങിയിട്ടുള്ള എണ്ണയുടെ അളവ് | Selection From (നിർദ്ധാരണ ഇനം) |
|---|---|---|---|
| 1 | ചന്ദ്രകല്പ | 72% | ലക്കഡിവ് ഓർഡിനറി നെടിയ ഇനം |
| 2 | കേരകേരളം | 68% | WCT |
| 3 | കല്പതാരു | 68% | ടിപ്പ്ലർ നെടിയ ഇനം |
| 4 | കല്പമിത്ര | 66% | ജാവ നെടിയ ഇനം |
| 5 | കല്പ ധേനു | 65% | ആൻഡമാൻ ജയിന്റ് |
| 6 | കംരൂപ | 65% | ആസാം നെടിയ ഇനം |

| ക്രമ ന മ്പർ | ഇനം | ഒരു മുഴുവൻ വർഷം ചെത്തുമ്പോൾ ഒരു ദിവസം ഒരു തെങ്ങിൽ നിന്നും കിട്ടാവുന്ന നീരയുടെ അളവ് |
|---|---|---|
| 1 | വെസ്റ്റ് കോസ്റ്റ് ടാൾ (WCT) | 960.03 മില്ലി ലിറ്റർ |
| 2 | കേര ശങ്കര സങ്കരയിനം | 880.13 മില്ലി ലിറ്റർ |
| 3 | ലക്കഡിവ് ഓർഡിനറി ടാൾ | 775.74 മില്ലി ലിറ്റർ |
| 4 | ചാവക്കാട് ഓറഞ്ച് ഡ്വാർഫ് (COD) | 104.20 മില്ലി ലിറ്റർ |

(ഡി) കൃഷി വകുപ്പ്, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിന്റെ (KSREC) സഹായത്തോടെ ഒരു പൈലറ്റ് പ്രോഗ്രാമായി 26,306 എണ്ണം മാതൃവൃക്ഷങ്ങളെ ജിയോ ടാഗിംഗ് ചെയ്തിട്ടുണ്ട്.

എങ്കിലും സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളുടെ മുഴുവൻ മാതൃവൃക്ഷത്തെയും തിരിച്ചറിയുന്നതിന് ജിയോ ടാഗിംഗ് സംവിധാനം പ്രാവർത്തികമായിട്ടില്ല. ഇവിടെയും ഉടനെ ജിയോ ടാഗിംഗ് ഏർപ്പെടുത്തുന്നതാണ്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ 3500 കുറിയ ഇനം തെങ്ങിന്റെ മാതൃവൃക്ഷങ്ങളെയും, 1500 നെടിയ ഇനം മാതൃവൃക്ഷങ്ങളെയും ജിയോ ടാഗ് ചെയ്തിട്ടുണ്ട്.

**കാർഷിക മേഖലയുടെ പുനരുജ്ജീവനം**

9 (*129) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഭക്ഷ്യ-നാണ്യ വിളകളുടെ കാര്യക്ഷമമല്ലാത്ത ഉല്പാദനവും വിപണനവുമാണ് കാർഷിക കേരളം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) റബ്ബറിന്റെ വിലയിടിവും വിദേശത്ത് നിന്നുള്ള ഇറക്കുമതിയും കാർഷിക മേഖലയിൽ ഏല്പിച്ച കനത്ത ആഘാതം മറികടക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; അത് കർഷകർക്ക് എത്രമാത്രം ആശ്വാസകരമാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പിലാക്കിവരുന്നു.

പ്രളയാനന്തരം അടിയന്തരമായി അനുവർത്തിക്കേണ്ട കാർഷിക മുറകളെക്കുറിച്ച് കർഷകർക്ക് ബോധവത്കരണം നടത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല കൃഷി വിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിൽ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ക്ലാസുകളും സെമിനാറുകളും പ്രായോഗിക പ്രദർശനങ്ങളും സംഘടിപ്പിച്ചു.

വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കുമുണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ടത എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ 2018-19-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ടി പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

- 5680.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിനായി 22.80 കോടി രൂപ.
- പച്ചക്കറി കൃഷി പുനരുദ്ധാരണം - 77 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്യുന്നതിനായി 770 ലക്ഷം രൂപ, 30 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിനായി 75 ലക്ഷം രൂപ.
- തൃശ്ശൂർ-പൊന്നാനി കോൾ മേഖലയിൽ നടപ്പിലാക്കുന്ന 'ഓപ്പറേഷൻ കോൾ ഡബിൾ' പദ്ധതിക്കായി 1 കോടി രൂപ-ഒരു പൂ നിലങ്ങളിൽ രണ്ടാം വിളയ്ക്ക് നെല്ല്, പച്ചക്കറി, പയർവർഗ്ഗങ്ങൾ തുടങ്ങിയവയുടെ കൃഷി.
- കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിൽ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 1 കോടി രൂപയുടെ അധിക ധനസഹായം.
- ദീർഘകാല സുഗന്ധ വിളകൾ - ജാതി, ഗ്രാമ്പു തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ വാങ്ങുന്നതിന് വിലയുടെ 50 ശതമാനം, പരമാവധി ഒരു തൈയ്ക്ക് 250 രൂപ നിരക്കിൽ ഹെക്ടറിന് 20,000 രൂപ ക്രമത്തിൽ 5000 ഹെക്ടറിന് 13.42 കോടി രൂപ ധനസഹായം.

- കൃഷിയിടങ്ങളിൽ മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായം പോലുള്ള വസ്തുക്കൾ ചേർക്കുന്നതിന് ഹെക്ടറിന് 5,400 രൂപ നിരക്കിൽ 10000 ഹെക്ടറിന് 540 ലക്ഷം രൂപ.
- ജലസേചന ആവശ്യത്തിന് 25000 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് ധനസഹായം പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം 5,000 രൂപയും അധികമായി 2,500 രൂപയും ഉൾപ്പെടെ 7,500 രൂപയുടെ ആനുകൂല്യം നൽകുന്നതിനായി 625 ലക്ഷം രൂപ.
- പാടശേഖരങ്ങൾ, കർഷക ഗ്രൂപ്പുകൾ എന്നിവയുടെ പെട്ടി, പറ, മറ്റ് യന്ത്ര സാമഗ്രികൾ നന്നാക്കുന്നതിനും/പുതുതായി വാങ്ങുന്നതിനുമായി വിലയുടെ 75 ശതമാനം പരമാവധി 25,000 രൂപ വീതം 250 ലക്ഷം രൂപ.
- പുഷ്പ കൃഷി വികസനത്തിന് 50 ലക്ഷം രൂപ.
- മൂല്യവർദ്ധനവ് പദ്ധതിയുടെ ഭാഗമായി എസ്.എഫ്.എ.സി. മുഖേന സ്വയം സഹായ സംഘങ്ങൾക്ക് ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പരിശീലന പരിപാടികൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുന്നതിനും മറ്റിതര ചെലവുകൾക്കുമായി ആകെ 8 കോടി രൂപ.
- വിള സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എലി നശീകരണ ക്യാമ്പയിൻ നടത്തുന്നതിന് 153.75 ലക്ഷം രൂപ.

പ്രളയ നിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച " മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" പദ്ധതിയിൻകീഴിൽ ഹോട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 102 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഇപ്രകാരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോട്ടികൾച്ചർ പദ്ധതിയിൽ "സ്പെഷ്യൽ പാക്കേജ് 2018-19" -ൽ ഉൾപ്പെടുത്തി 41,495 ഹെക്ടറിൽ വാഴ, കൈതച്ചക്ക, ടിഷ്യുകൾച്ചർ വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, സങ്കരയിനം പച്ചക്കറി, കശുമാവ്, കൊക്കോ, സുഗന്ധ തൈല വിളകൾ എന്നിവയുടെ വിള വിസ്തൃതി വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി 56.03 കോടി രൂപ കേന്ദ്രവിഹിതമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 24.93 കോടി രൂപ കേന്ദ്രവിഹിതവും അതിനാനുപാതികമായ 16.62 കോടി രൂപ സംസ്ഥാന

വിഹിതവും ചേർത്ത് ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയിൽ ലഭിച്ചിട്ടുണ്ട്. ഇത് ജില്ലകൾക്ക് പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 2018 ഡിസംബർ 31 വരെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 20.93 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ പ്രധാന നാണ്യവിളകളായ റബ്ബർ, കാപ്പി, തേയില, കുരുമുളക്, കശുവണ്ടി എന്നിവയുടെ വില അന്താരാഷ്ട്ര വിലയേയും അന്താരാഷ്ട്ര ഉൽപ്പാദനത്തിനേയും ആശ്രയിച്ചാണ് നിശ്ചയിക്കപ്പെടുന്നത്. റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. നാണ്യവിളകൾക്ക് അധിക വില ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നെല്ല് സംഭരണം, കൃഷി വകുപ്പ് നടത്തുന്ന മറ്റ് വിപണികൾ എന്നിവയിലൂടെ ഭക്ഷ്യോൽപന്നങ്ങൾക്ക് ന്യായവില ഉറപ്പ് വരുത്തുന്നു.

(ഡി) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങു വിലയും റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയാക്കി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന പദ്ധതിയിൽ ഇപ്പോൾ റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിയ്ക്ക് സബ്സിഡി ലഭിക്കും. 2016-17-ൽ 500 കോടി രൂപയും 2017-18-ൽ 125 കോടി രൂപയും സബ്സിഡിയായി 2018-19-ൽ 300 കോടി രൂപയും കർഷകർക്കുള്ള സബ്സിഡി വിതരണത്തിനായി നൽകിയിട്ടുണ്ട്.

## പിരിച്ചുവിടപ്പെട്ട എം പാനൽ കണ്ടക്ടർമാർ

10 (*130) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) എം പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കണമെന്ന കോടതി വിധി കെ.എസ്.ആർ.ടി.സിയിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റാങ്ക് ഹോൾഡേഴ്സ് നൽകിയ കേസിൽ കെ.എസ്.ആർ.ടി.സി. സത്യവാങ്മൂലം നൽകിയില്ലെന്നും കോടതിയിൽ നല്ല രീതിയിൽ കേസ് വാദിച്ചില്ലെന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പിരിച്ചുവിടപ്പെട്ട എം പാനൽ കണ്ടക്ടർമാരുടെ കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് കോർപ്പറേഷൻ കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിമാസ വരവ് 208 കോടി രൂപയും ശരാശരി ചെലവ് പെൻഷൻ ഉൾപ്പെടെ 296 കോടി രൂപയുമാണ്. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതു പ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുള്ള വായ്പാകടങ്ങൾ അടച്ചു തീർക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമെന്നോണം വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ മിച്ചമായി ലാഭിക്കുവാൻ കഴിഞ്ഞു. കൂടാതെ കെ.എസ്.ആർ.ടി.സി.യെ പുനഃസംഘ

ടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേക്കെത്തിക്കുന്നതിനുമായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ, 24-9-2016-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) 367/2016/Trans പ്രകാരം വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചു വരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിക്കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി ഉണ്ടാക്കിവരുന്നു. പെൻഷൻ നൽകുന്നതിന് സർക്കാർ സഹകരണ മേഖലയുമായി സഹകരിച്ച് ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ മുൻപുണ്ടായിരുന്ന ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആഴ്ചയിൽ മൂന്ന് ദിവസം എന്നതിനു പകരം ആറ് ദിവസവും ജീവനക്കാർ ഡ്യൂട്ടിയ്ക്ക് ഹാജരാകേണ്ടതിനാൽ അവരുടെ ലഭ്യത വർദ്ധിച്ചു.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലവും കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ

എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ എയർപോർട്ടുകളിൽ നിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ലൈ ബസ്സുകൾ എന്ന പേരിൽ പുതിയ എ.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എയർ പോർട്ടുകളിൽ നിന്ന് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര ഈ സർവ്വീസുകൾ പ്രദാനം ചെയ്യുന്നതിനാൽ ടി സർവ്വീസുകളും ജനോപകാരപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക് ബസ്സുകൾ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസുകൾ വിജയകരമായി നടത്തുന്നതിന് ഉപയോഗി ച്ചിരുന്നു. പരിസ്ഥിതി സൗഹാർദ്ദവും ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാ സൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ടി ബസ്സുകൾ ഉപയോഗിച്ചതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ടി ബസ്സുകളുടെ നടത്തിപ്പ് വിജയകരമായതിനാൽ ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ട്.

ഇലക്ട്രിക് ബസ്സുകൾ വെറ്റ്ലീസ് മാതൃകയിൽ ലഭ്യമാക്കി ലാഭകരമായി സർവ്വീസ് നടത്തി വരുന്നു. ഒരു CNG ബസ് ട്രയൽ അടിസ്ഥാനത്തിൽ എറണാകുളം സിറ്റിയിൽ സർവ്വീസ് നടത്തിവരുന്നു.

മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിനും ജോലികൾക്കായി പകൽ ബസ് പിടിച്ചിടുന്നത് ഒഴിവാക്കാനും കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാന ഭാരം കുറച്ച് തദ്വാര ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിവരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും തദ്വാര മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള മേൽ പരിഷ്കരണ നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നൽകി വരുന്നു. കൂടാതെ ടയർ മൈലേജ് വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി പ്രത്യേക വിഭാഗംതന്നെ രൂപീകരിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും സൗകര്യപ്രദമായി യാത്ര ചെയ്യുന്നതിനും അവരെ കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് ആകർഷിക്കുന്നതിനും 30 ദിവസം മുൻകൂറായി സീറ്റുകൾ ബുക്ക് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി Human Resource & Payroll Computerization നടത്തുന്നതിന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതുവഴി വരുമാന ചോർച്ച തടയുന്നതിനും അക്കൗണ്ടിംഗ് സംവിധാനം നേർ ദിശയിലേയ്ക്ക് കൊണ്ടുവരുന്നതിനും സാധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടിയുടെ ഭാഗമായി സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും കൊറിയർ & പാഴ്സൽ സർവ്വീസ്,

ബാങ്ക് എ.റ്റി.എം. കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിലൂടെ പലിശരഹിത നിക്ഷേപ ഇനത്തിലും പ്രതിമാസ വാടക ഇനത്തിലും നല്ലൊരു തുക സമാഹരിക്കുക എന്നതാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന ബസ് സ്റ്റേഷനുകളിൽ ഇന്ത്യൻ കോഫീ ഹൗസ്, ആകർഷകമായ എൽ.ആർ. സ്റ്റാളുകൾ, എ.റ്റി.എം. കൗണ്ടറുകൾ, വിശ്രമ സൗകര്യങ്ങൾ, വൃത്തിയുള്ള ടോയ്‌ലറ്റുകൾ, ഇൻഫർമേഷൻ സംവിധാനങ്ങൾ എന്നിവ പ്രാവർത്തികമാക്കിയിട്ടുള്ളതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനും വാണിജ്യ സമുച്ചയങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന ഹാളുകളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിലൂടെ പ്രതിമാസം നല്ലൊരു തുക സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ കെ.എസ്. ആർ.ടി.സി.യുടെ അധീനതയിൽ നിർമ്മാണം പൂർത്തീകരിച്ചു വരുന്ന തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, നിലമ്പൂർ, ഹരിപ്പാട്, മലപ്പുറം എന്നീ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ, ഓഫീസ് സ്പേയ്സ് എന്നിവയ്ക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ നിരവധി തവണ നടത്തിയിട്ടുള്ളതാണ്. പാലാ യൂണിറ്റിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടന്നുവരുന്നു. ഇവയെല്ലാം തന്നെ പൂർണ്ണമായും സജ്ജമായി കഴിഞ്ഞാൽ ടിക്കറ്റിതര വരുമാനമായി നല്ലൊരു തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതാണ്. ഇതെല്ലാം തന്നെ കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽ നിന്നും ലാഭകരമാക്കുവാൻ ഒരു പരിധി വരെ സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കണ്ടക്ടർ വിഭാഗത്തിൽ ജോലി ചെയ്തു വന്നിരുന്ന എംപാനൽ ജീവനക്കാരെ ഒഴിവാക്കിയതുമൂലം കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടില്ല. പി.എസ്.സി. ലിസ്റ്റിലുള്ള കണ്ടക്ടർമാർക്ക് നിയമനം നടത്തിയിട്ടുള്ളതും ഡ്രൈവർ കം കണ്ടക്ടർ സംവിധാനത്തിൽ കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകി

ജോലിക്കായി നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ മറ്റ് കാറ്റഗറിയിൽ നിന്നും കണ്ടക്ടർ ജോലി ചെയ്യുവാൻ താൽപ്പര്യമുള്ളവരെ കണ്ടക്ടർ ജോലിയിലേയ്ക്ക് നിയോഗിക്കാനും സാധിച്ചിട്ടുണ്ട്.

(സി) റാങ്ക് ഹോൾഡേഴ്സ് നൽകിയ കേസ്സിൽ സത്യവാങ്മൂലം നൽകിയില്ലെന്ന പരാമർശം 6-12-2018-ലെ ഇടക്കാല ഉത്തരവിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ, മേൽപ്പറഞ്ഞ തീയതിക്ക് മുൻപായി കേസ് വന്നിട്ടുള്ളത് 3-12-2018-ലാണ്. ഈ പറഞ്ഞ ദിവസങ്ങളിലെല്ലാം കെ.എസ്.ആർ.ടി.സി.യുടെ സ്റ്റാന്റിംഗ് കൗൺസിലും സീനിയർ കൗൺസിലും ഹാജരായി കോടതിയിൽ വിശദമായി ബോധിപ്പിച്ചിട്ടുള്ളതാണ്. ടി പരാമർശം അപ്പീൽ കേസിലാണ് ഉണ്ടായിട്ടുള്ളത്. ആയതിനുശേഷം കോർപ്പറേഷൻ എല്ലാ വിശദാംശങ്ങളും കോടതിയെ ധരിപ്പിച്ചിട്ടുള്ളതും മേൽപ്പറഞ്ഞ 6-12-2018-ലെ ഇടക്കാല ഉത്തരവിനെതിരെ സാവകാശ ഹർജി ഫയൽ ചെയ്യുകയും ആയത് കോടതി അനുവദിക്കാത്തതുമൂലവുമാണ് ഇത്തരം സാഹചര്യമുണ്ടായത്. ആയതിനാൽ കോർപ്പറേഷന്റെ ഭാഗത്തുനിന്നും കേസ് ശരിയായ രീതിയിൽ തന്നെയാണ് നടത്തിയിട്ടുള്ളത്. മാത്രമല്ല പ്രസ്തുത കേസിൽ 6-12-2018-ലെ ഇടക്കാല ഉത്തരവ് വരുന്നതുവരെ കെ.എസ്.ആർ.ടി.സി.യിലെ ഒരു എംപാനൽ കണ്ടക്ടർമാരും കക്ഷിചേർന്നിട്ടില്ലാത്തതുമാണ്.

(ഡി) കെ.പി.എസ്.സി. അഡ്വൈസ് നമ്പർ KLR V(2) 2240/2010 dtd 31-12-2016 പ്രകാരം അഡ്വൈസ് ലഭിച്ച 4051 ഉദ്യോഗാർത്ഥികളെ റിസർവ് കണ്ടക്ടർ തസ്തികയിൽ നിയോഗിക്കാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം, നിലവിൽ റോളിൽ തുടർന്നിരുന്ന 4071 താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചുവിടുകയും പി.എസ്.സി. ലിസ്റ്റിൽ, വിവിധ കാരണങ്ങളാൽ പി.എസ്.സി. തടഞ്ഞുവച്ചിട്ടുള്ള 110 പേരുടെ നിയമന ശിപാർശ ഒഴികെ 3941 പേർക്ക് നിയമന ഉത്തരവ് തയ്യാറാക്കിയിട്ടുള്ളതും ടി ഉത്തരവിൽ നിന്നും 1478 പേർ 20-12-2018-ൽ കേന്ദ്ര കാര്യാലയത്തിൽ നിന്നും നേരിട്ട് നിയമന ഉത്തരവ് കൈപ്പറ്റിയിട്ടുള്ളതും നിയമന ശിപാർശ കൈപ്പറ്റാത്ത 2463 പേർക്ക് തപാൽ മുഖേന അയക്കുകയും ചെയ്തിട്ടുള്ളതാണ്. ടി ഉദ്യോഗാർത്ഥികൾക്ക് 2-2-2019-നകം ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സാവകാശം അനുവദനീയമാണ്. അന്തിമ കോടതിവിധി വരാനിരിക്കുകയാണ്. ടി നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ എംപാനൽ ജീവനക്കാരുടെ കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

## ഉന്നതവിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി

11 (*131) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്താനായി നിലവിലുള്ള സർവകലാശാലകളെയും കോളേജുകളെയും മെച്ചപ്പെടുത്തി പുതിയ ഉന്നത വിദ്യാപീഠങ്ങളും ഗവേഷണശാലകളും സ്ഥാപിച്ച് കേരളത്തെ അറിവിന്റെ കേന്ദ്രമാക്കുകയെന്ന ലക്ഷ്യപ്രാപ്തിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് നൽകലും അനിയന്ത്രിതമായി വൈകുന്നത് വിദ്യാർത്ഥികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ സർവകലാശാലകളുടെ ദേശീയ റാങ്കിംഗ് ഉയർത്താനാവശ്യമായ അക്കാദമികവും ഭരണപരവുമായ നവീകരണത്തിന് വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചിരുന്നോ; എങ്കിൽ യോഗത്തിലെ പ്രധാന നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കോളേജുകളും സർവ്വകലാശാലകളും മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ചു വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ് ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും പദ്ധതിക്ക് അനുമതി നൽകിക്കഴിഞ്ഞു. കേരള എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്,

മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. സർവ്വകലാശാലകളിലും കോളേജുകളിലും റൂസ പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1*-ആയി ചേർക്കുന്നു.

ശതോത്തരം വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടി കിഫ്ബി മുഖേന 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകളെയും 7 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളെയും 9 ഗവൺമെന്റ് പോളി ടെക്നിക് കോളേജുകളെയും കിഫ്ബി മുഖേന 'മികവിന്റെ കേന്ദ്രങ്ങൾ' ആക്കുന്നതിന് (Centre of Excellence) നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതികളുടെ നടത്തിപ്പിനായി KITE-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്.

(ബി) പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും പൊതുവെ പരീക്ഷാ കലണ്ടറിനനുസൃതമായാണ് നടന്നുവരുന്നത്. അസ്വാഭാവികമായ കാലതാമസം ഉണ്ടാകാറില്ല. വീഴ്ച വരുത്തുന്നവർക്കെതിരെ സർവ്വകലാശാല തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ എടുത്തുകഴിഞ്ഞു. ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ എല്ലാ മേഖലയിലും ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് കരുതുന്നു.

(സി) യോഗം വിളിച്ചിരുന്നു. യോഗത്തിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

12 (*132) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഇവർക്കായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു വരുന്നത്; വിശദമാക്കുമോ;

(സി) ഈ വിഭാഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം ധനസഹായമാണ് കോർപ്പറേഷൻ നൽകിവരുന്നത്;

(ഡി) ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി പ്രസ്തുത കോർപ്പറേഷൻ നൽകിവരുന്ന വിദ്യാഭ്യാസ വായ്പകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നിലവിൽ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ന്യൂനപക്ഷ വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസ പരവുമായ ഉന്നമനത്തിനായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. സി.എ/ഐ.സി.ഡബ്ല്യു.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.

2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി.

3. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.

4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ-റീ ഇംബേഴ്സ്മെന്റ് സ്കീം.

5. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.

8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

9. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.

10. മദ്രസ്സാദ്ധ്യാപകരായ വനിതകൾക്കുള്ള പ്രസവാനുകൂല്യം.

11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.

12. എസ്.എസ്.എൽ.സി./ പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13. നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

14. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ 3 വർഷ ഡിപ്ലോമ കോഴ്സുകൾക്ക് സ്കോളർഷിപ്പ്.

15. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ്.

16. കേന്ദ്ര-സംസ്ഥാന സർവ്വീസുകളിലെ ന്യൂനപക്ഷ പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്താകെ 14 ജില്ലകളിലായി 17 ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും 29 ഉപ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

(ബി&സി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) തൊഴിലധിഷ്ഠിത കോഴ്സുകളുടെ പഠനത്തിനായി

1. ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ കുട്ടികൾക്ക് 3% നിരക്കിൽ വായ്പ അനുവദിക്കുന്നു.
2. ഒരു ലക്ഷം മുതൽ 6 ലക്ഷം വരെ വാർഷിക വരുമാനമുള്ളവരുടെ കുട്ടികൾക്ക്, പെൺകുട്ടിയാണെങ്കിൽ 5% നിരക്കിലും ആൺകുട്ടി യാണെങ്കിൽ 8% നിരക്കിലും വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നു.
3. വിദേശ പഠനത്തിനായി 7% നിരക്കിൽ പാരന്റ് പ്ലസ് സ്കീം പ്രകാരം 10 ലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നു.

(ഇ) കോർപ്പറേഷന് നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ല.

## പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

13 (*133) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ആവശ്യമായിവരുന്ന പച്ചക്കറി തൈകൾ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ന്യായമായ വില നൽകി സംഭരി ക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പച്ചക്കറികളുടെ ഉല്പാദനത്തിനനുസരിച്ച് കർഷകർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫലമായി 3 വർഷം കൊണ്ട് പച്ചക്കറി ഉല്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 12.71 ലക്ഷം മെട്രിക് ടണ്ണിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞു. ഈ കാലയളവിൽ പച്ചക്കറി കൃഷി 46578 ഹെക്ടറിൽ നിന്നും 82000 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞു. പച്ചക്കറി കൃഷി 1 ലക്ഷം ഹെക്ടറിലേയ്ക്ക് വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ടി പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും പച്ചക്കറി വികസന പദ്ധതി വഴി നൽകിവരുന്നു.

കർഷകർ, സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും അംഗങ്ങൾ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാണ്. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, പോളീഹൗസ് നിർമ്മാണം, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശു നില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ.-കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്ത പട്ടണ നിവാസികൾക്കായി ടി പദ്ധതിയിൽ മട്ടുപ്പാവ് കൃഷി എന്ന ഘടകം ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്.

കൂടാതെ താഴെപ്പറയുന്നവയും പദ്ധതി ഘടകങ്ങളാണ് :

1. ഓണത്തിന് ഒരു മുറം പച്ചക്കറി

2. അർബൻ ക്ലസ്റ്റർ പ്രോത്സാഹനവും, മാലിന്യ സംസ്കരണവും

3. ജില്ലാതല ക്ലസ്റ്റർ പ്രോത്സാഹനം

4. മഴമറ

5. സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി

6. സൂക്ഷ്മ ജലസേചനം

7. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം

8. പരമ്പരാഗത വിത്തിനങ്ങളുടെ ഉത്പാദനവും പ്രചരണവും

(എ) പരമ്പരാഗത വിത്തിനങ്ങളുടെ ഉത്പാദനം

(ബി) ഭൗമസൂചിക രജിസ്ട്രേഷൻ

9. പോഷകത്തോട്ടങ്ങളുടെ പ്രോത്സാഹനം

(I) ബഹുവർഷ പച്ചക്കറി തൈകളുടെ വിതരണം

(II) ബഹുവർഷ പച്ചക്കറികളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി

10. അഗ്രോ സർവ്വീസ് സെന്ററുകൾ വഴി പരമ്പരാഗത പച്ചക്കറി ഇനങ്ങൾ മറ്റു തൈകൾ എന്നിവ ഉത്പാദിപ്പിക്കുന്ന പദ്ധതി

11. മിനി പോളീഹൗസ്

12. ഊർജ്ജരഹിത ശീതീകരണ യൂണിറ്റുകൾ (സീറോ എനർജി കൂൾ ചേമ്പർ)

13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം

14. കൃഷിയിടങ്ങളിൽ ബയോകൺട്രോൾ ഏജന്റ് നിർമ്മാണം

15. നഴ്സറി

16. സൂപ്പർ ക്ലസ്റ്റർ

17. ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം

പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനം, പൊതുമേഖലയിൽ പച്ചക്കറി വിത്തുല്പാദനത്തിന് ധനസഹായം എന്നീ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

(ബി) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്കുതല നഴ്സറികൾ, എ ഗ്രേഡ് ക്ലസ്റ്റർ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവിടങ്ങളിൽ പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നഴ്സറികൾ സ്ഥാപിച്ചുവരുന്നു. കൂടാതെ വി.എഫ്.പി.സി.കെ.-യുടെ മോഡൽ ഹൈടെക് പ്ലഗ് സീഡ്ലിംഗ് പ്രൊഡക്ഷൻ യൂണിറ്റ്, നടുക്കര, മൂവാറ്റുപുഴ, ആലത്തൂരുള്ള വിത്ത് സംസ്കരണശാല, എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നിവിടങ്ങളിലെ കൃഷി ബിസിനസ് കേന്ദ്രങ്ങൾ വഴിയും പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

(സി) ഉത്പന്നങ്ങളുടെ വിപണനത്തിനായി പച്ചക്കറി വികസന പദ്ധതി അനുസരിച്ച് കർഷകരുടെ പച്ചക്കറികൾ വിപണനം ചെയ്യുന്നതിനും ന്യായമായ വിലയ്ക്ക് പച്ചക്കറികൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകളും 240 ക്ലസ്റ്റർ മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഓണം, വിഷു എന്നീ ഉത്സവ സീസണുകളിൽ പൊതു വിപണിയിലെ വിലയേക്കാൾ 10 മുതൽ 20 % വരെ കൂട്ടി ഓണസമൃദ്ധി, വിഷുക്കണി മാർക്കറ്റുകളിലേയ്ക്ക് കർഷകരിൽ നിന്നും നേരിട്ടും ഹോർട്ടികോർപ്പ് മുഖേനയും സംഭരിക്കുന്നുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ലഭിക്കുന്ന വിധം വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, 6 കാർഷിക മൊത്തവ്യാപാര വിപണികൾ, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് ആഴ്ച ചന്തകൾ എന്നിവ മുഖേന ഏറ്റെടുക്കുന്നതിനുള്ള സംവിധാനവും ഉണ്ട്.

കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ന്യായമായ വില നൽകി സംഭരിക്കുന്നതിന് സർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പിന് കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളും ഹരിപ്പാട്, ചടയമംഗലം എന്നിവിടങ്ങളിൽ ഉപസംഭരണ കേന്ദ്രങ്ങളും ഉൾപ്പെടെ 15 സംഭരണ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഈ കേന്ദ്രങ്ങൾ വഴി പച്ചക്കറികൾ സംഭരിച്ചുവരുന്നു. കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ., കൃഷി വകുപ്പിന്റെ കീഴിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച വരുന്നത്.

(ഡി) ഇല്ല.

## ലൈഫ് മിഷന്റെ പുരോഗതി

14 (*134) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലൈഫ് പദ്ധതിക്ക് ആവശ്യമായ തുക എവിടെ നിന്നൊക്കെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ; ലൈഫ് പദ്ധതിക്ക് നേരിട്ട സാമ്പത്തിക പ്രതിസന്ധി തരണം ചെയ്തുവോ; വ്യക്തമാക്കാമോ;

(സി) പദ്ധതിക്ക് ഹഡ്കോയിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ലൈഫ് പദ്ധതി അപേക്ഷകരിൽ അർഹരായി കണ്ടെത്തിയ കുടുംബങ്ങളിൽ എല്ലാവരും ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുണ്ടോ;

(ഇ) പദ്ധതി ഉദ്ദേശിച്ച പ്രകാരം മുന്നേറുന്നതിൽ എന്തൊക്കെ തടസ്സങ്ങളാണ് നേരിടുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. ലൈഫ് മിഷന്റെ പുരോഗതി നിശ്ചിത ഇടവേളകളിൽ കൃത്യമായി അവലോകനം ചെയ്തുവരുന്നു. ലൈഫ് മിഷന്റെ വിവിധ ഘട്ടങ്ങളുടെ പ്രവർത്തന പുരോഗതി അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ഭവന നിർമ്മാണത്തിനായി വിവിധ വകുപ്പുകൾക്ക് ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയും ഹഡ്കോയിൽ നിന്ന് ലഭ്യമാകുന്ന 4000 കോടി രൂപ വായ്പയിലൂടെയുമാണ് ലൈഫ് പദ്ധതിക്കാവശ്യമായ തുക കണ്ടെത്തുന്നത്. ഹഡ്കോ വായ്പയുടെ ഒന്നും ഗഡു തുകയും (375 കോടി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുകയും (20%) വിതരണം ചെയ്ത സാഹചര്യത്തിൽ ഇപ്പോൾ സാമ്പത്തിക പ്രയാസം തരണം ചെയ്യാനായിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഹഡ്കോ 4000 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം ഗഡുവായി 375 കോടി രൂപ ഇതിനകം ലഭ്യമായിട്ടുണ്ട്. രണ്ടാം ഗഡു തുകയായ 375 കോടി രൂപ ഫെബ്രുവരി 5-ാം തീയതിക്ക് മുമ്പായി ലഭിക്കുന്നതാണ്.

(ഡി) ഹാജരാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ 100618 ഗുണഭോക്താക്കളെ മാത്രമാണ് നാളിതുവരെ രേഖകളുടെ പരിശോധനയ്ക്ക് ശേഷം അർഹരായി കണ്ടെത്തിയിട്ടുള്ളത്. ബാക്കിയുള്ള 83637 ഗുണഭോക്താക്കൾ (45.4%) വിവിധ കാരണങ്ങളാൽ രേഖകൾ ഹാജരാക്കിയിട്ടില്ല. (കാരണങ്ങൾ അനുബന്ധം 2*)

(ഇ) ലൈഫ് പദ്ധതി അപേക്ഷകരിൽ അർഹരായി കണ്ടെത്തിയ കുടുംബങ്ങളിൽ എല്ലാവരും ആവശ്യമായ രേഖകൾ ഹാജരാക്കാത്തതുകൊണ്ടും CRZ, WETLAND കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാക്കാനുള്ള കാലതാമസം, റേഷൻ കാർഡ്, വസ്തു സംബന്ധമായ കാരണങ്ങൾ തുടങ്ങി അർഹതാ മാനദണ്ഡങ്ങൾക്ക് ഉപരിയായി വരുന്ന നിരവധി പ്രശ്നങ്ങൾ കാരണം പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിട്ടുവെങ്കിലും പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ച

15 (*135) ശ്രീ. എം. സ്വരാജ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ജോയി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിസാൻ കമ്പനി തിരുവനന്തപുരത്ത് ആരംഭിക്കുന്ന ഗ്ലോബൽ ഡിജിറ്റൽ ഹബ്ബിലേക്ക് സാങ്കേതികവിദ്യാവിദഗ്ദ്ധരെ നിയമിക്കാനായി നടത്തിയ തെരഞ്ഞെടുപ്പിൽ വേണ്ടതിന്റെ അഞ്ചിലൊന്ന് പേരെ മാത്രമേ സംസ്ഥാനത്തുനിന്നും ലഭിച്ചുള്ളു എന്നത്, സംസ്ഥാനത്തു നിന്നും എഞ്ചിനീയറിംഗ് പഠിച്ചിറങ്ങുന്ന യുവാക്കൾ വേണ്ടത്ര തൊഴിൽ നൈപുണ്യം നേടുന്നില്ലെന്നതിന്റെ സൂചകമായെടുത്ത് ഈ പ്രശ്നം പരിഹരിക്കുന്നതിന് നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ അറിയിക്കാമോ; സിലബസ് സമഗ്രമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അശാസ്ത്രീയമായും യുക്തിരഹിതമായും യു.ഡി.എഫ്. സർക്കാരുകൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ചത് എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ നിലവാരത്തകർച്ച പരിഹരിക്കാൻ പദ്ധതിയുണ്ടോ;

(സി) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പകുതിയിലധികം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ റാങ്ക് ലിസ്റ്റിനു പുറമെ നിന്നും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ അനുവദിക്കണമെന്ന് മാനേജ്മെന്റുകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) മാനവ വിഭവശേഷിയുടെ ദുർവിനിയോഗത്തിനിടവരുത്തുന്ന ഈ ആവശ്യത്തോടുള്ള നിലപാട് അറിയിക്കാമോ;

(ഇ) സർക്കാർ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും കാലഹരണപ്പെട്ട കോഴ്സുകൾക്ക് പകരം നവീന ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) (i) എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി താൽപ്പര്യം പ്രകടിപ്പിച്ച 66 എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്റർ (Advanced Skill Development Centre-ASDC) ആരംഭിക്കുവാനും ആയതിൽ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ നൈപുണ്യ പരിശീലന കോഴ്സുകൾ നടപ്പിലാക്കുവാനും സർക്കാർ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിലൂടെ (ASAP)പദ്ധതിയിടുന്നു.

(ii) മാത്രമല്ല, പഠന നിലവാരം ഉയർത്തുന്നതിനായി ക്യാമ്പസുകൾക്ക് പുറത്തുനിന്നുള്ള സാങ്കേതിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള അഡ്ജന്റ് ഫാക്കൽറ്റി (Adjunct Faculty) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(iii) പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകിക്കൊണ്ടും തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, വൊക്കേഷണൽ ഡിഗ്രി എന്നീ കോഴ്സുകളിൽ കൂടി തദനുസരണമായ ഡിഗ്രിയോ ഡിപ്ലോമയോ നൽകി പ്രാപ്തരാക്കാൻ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടുണ്ട്.

(iv) എ.ഐ.സി.റ്റി.ഇ.-യുടെ മോഡൽ കരിക്കുലം ഈ വർഷം നടപ്പിലാക്കാനും സിലബസ് കാലോചിതമായി പരിഷ്കരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(v) കൂടാതെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ് (internship) നൽകാനുള്ള പദ്ധതി അസാപ്പും എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും ആവിഷ്കരിച്ചുവരുന്നു.

(ബി) പദ്ധതിയുണ്ട്. അതിന്റെ ഭാഗമായി, ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നടത്തുന്നതിന് AICTE-യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കും നിശ്ചിത യോഗ്യത കരസ്ഥമാക്കിയവർക്കും മാത്രമാണ് പ്രവേശനത്തിന് നിലവിൽ അർഹതയുള്ളത്. മിനിമം മാർക്ക് നേടാനാകാത്ത വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചാൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം നിലവാരത്തകർച്ചയ്ക്ക് കാരണമാകാൻ സാദ്ധ്യതയുള്ളതിനാൽ ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) നടപടിയെടുത്തിട്ടുണ്ട്. നിർമ്മിത ബുദ്ധി മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത കണക്കിലെടുത്ത് പ്രസ്തുത വിഷയത്തിന്റെ അടിസ്ഥാന തത്വങ്ങൾ അനുബന്ധ എഞ്ചിനീയറിംഗ് വിഷയത്തിലെ പാഠ്യപദ്ധതിയിൽ സ്പെഷ്യലൈസേഷൻ ആയി ഉൾപ്പെടുത്തി, പ്രസ്തുത മേഖലയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി, പ്രാവീണ്യമുള്ളവരാക്കി വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾ സാങ്കേതിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു. പ്രോജക്ട്, മിനി പ്രോജക്ട്, സെമിനാർ, വർക്ക്ഷോപ്പ് തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് അവരുടെ നൈപുണ്യം തെളിയിക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നൂതന സാങ്കേതിക വിദ്യയിൽ നൈപുണ്യം നേടിയ വിചക്ഷണന്മാരുമായി സംവദിക്കാനുള്ള അവസരങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാറുണ്ട്. തുടർ പരിശീലനത്തിനായി സർക്കാർതലത്തിലുള്ള സ്റ്റാർട്ടപ്പ്, അസാപ് തുടങ്ങിയ സ്ഥാപനങ്ങളും അവസരങ്ങൾ നൽകുന്നുണ്ട്. ക്യാമ്പസ് സെലക്ഷൻ പോലുള്ള വേദികളിൽ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങളും ലഭിക്കുന്നുണ്ട്. നിർമ്മിത ബുദ്ധി, ത്രീഡി പ്രിന്റിങ്, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിക്കാനുള്ള അടിസ്ഥാന തത്വങ്ങൾ അതത് എഞ്ചിനീയറിംഗ് ശാഖകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായ കോഴ്സുകൾ പരിഷ്കരിച്ച് നവീന ബ്രാഞ്ചുകൾ തുടങ്ങുന്ന കാര്യം അക്കാദമിക് കൗൺസിലിന്റെ പരിഗണനയിലാണ്.

## തുറസ്സായ സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം നിയന്ത്രിക്കാൻ നടപടി

16 (*136) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ പാതയോരങ്ങളിലും ജലസ്രോതസ്സുകളിലും കക്കൂസ് മാലിന്യം കൊണ്ടുവന്ന് നിക്ഷേപിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പൊതുജനാരോഗ്യത്തിന് ഭീഷണി ഉയർത്തുന്നവരെ നേരിടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യ സംഭരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കുമോ; വ്യക്തമാക്കാമോ;

(ഇ) തുറസ്സായ സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്ന ടാങ്കർ ലോറികളെ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഇത്തരത്തിലുള്ള ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നഗരകാര്യം, പോലീസ്, ആരോഗ്യം, ടൗൺ പ്ലാനിംഗ്, പഞ്ചായത്ത് എന്നീ വകുപ്പുകളും മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്ഷ്യ സുരക്ഷാ വിഭാഗം എന്നിവയും പരിസ്ഥിതി സംബന്ധിച്ച നിയമങ്ങളെപ്പറ്റി സംസ്ഥാനതല ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പൊതു ജലാശയത്തിലോ, ജലമാർഗ്ഗത്തിലോ, ചപ്പുചവറുകളോ, മാലിന്യമോ, വിസർജ്ജ്യ വസ്തുക്കളോ, അവശിഷ്ടങ്ങളോ നിക്ഷേപിക്കുകയോ ഒഴുക്കിവിടുകയോ ചെയ്യുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 219 (എസ്), 219 (റ്റി) വകുപ്പുകൾ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 340 (എ) വകുപ്പ് എന്നിവ പ്രകാരം ശിക്ഷാർഹമാണ്. ഇതിന് 10,000 രൂപ മുതൽ 25,000 രൂപ വരെ പിഴയും ആറ് മാസത്തിൽ കുറയാതെ ഒരു വർഷം

വരെയുള്ള തടവു ശിക്ഷയും ലഭിക്കാവുന്നതാണ്. കൂടാതെ മേൽ പ്രസ്താവിച്ച തരത്തിലുള്ള പ്രവൃത്തികൾക്ക് 2018-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ആക്ടിലെ 37 (4), 70 (എ), 72 എന്നീ വകുപ്പുകൾ പ്രകാരം മൂന്ന് വർഷം വരെ തടവുശിക്ഷയോ രണ്ട് ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ്. ഇപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി&ഡി) കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യ സംഭരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ പട്ടിക തയ്യാറാക്കി അവർക്ക് രജിസ്ട്രേഷനും ലൈസൻസും നൽകുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ നിയമവിരുദ്ധമായി കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 (യു), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 340 (ബി) എന്നീ വകുപ്പുകൾ പ്രകാരം പിടിച്ചെടുക്കാവുന്നതും പിടിച്ചെടുക്കുന്ന വാഹനങ്ങൾ കണ്ടുകെട്ടുന്ന സാഹചര്യത്തിൽ ലേലം ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുകയും ചെയ്യാവുന്നതാണ്. ഇതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## നാളികേര വികസന കൗൺസിൽ രൂപീകരണം

17 (*137) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടും സംസ്ഥാനത്ത് നാളികേരോല്പാദനം വർഷം തോറും കുറഞ്ഞ് വരുന്നത് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ നാളികേരോല്പാദനം വർദ്ധിപ്പിക്കുന്നതിന് നാളികേര വികസന കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കീഴിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം ഒരു കുടക്കീഴിലാക്കുവാൻ ഇതിലൂടെ സാദ്ധ്യമാകുമെന്ന് കരുതുന്നുണ്ടോ;

(ഡി) ഈ പദ്ധതിക്ക് ആകെ എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് കൗൺസിൽ രൂപീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) നിലിവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന നാളികേരോല്പാദനവുമായി ബന്ധപ്പെട്ട പദ്ധതികൾ ഇതിലൂടെ സംയോജിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) 21-11-2018-ലെ സ.ഉ.(കൈ) നമ്പർ 138/2018/കൃഷി പ്രകാരം നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. നാളികേര വികസന കൗൺസിലിന്റെ കീഴിൽ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് വരുന്നത്.

1. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക. ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.

2. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉത്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചു പിടിപ്പിക്കുക. 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

3. തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുക.

4. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉത്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉത്പാദന കേന്ദ്രങ്ങളിലെ ഉത്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങാ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പു വരുത്തുക.

5. നെടിയ ഇനങ്ങളുടേയും കുറിയ ഇനങ്ങളുടേയും സങ്കര ഇനങ്ങളുടേയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും സ്ഥായിയായതും വിപണന സാധ്യത ഉള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി/ സമ്പ്രദായം നടപ്പിലാക്കുക.

6. തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കിയും സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ചും പരമാവധി ഉല്പാദനവും ഉൽപ്പാദനക്ഷമതയും കൈവരിച്ച് കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ജീവിത സുരക്ഷയും ഉറപ്പാക്കുക.

7. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി "കേര ഗ്രാമങ്ങൾ" ആരംഭിക്കുക. സാധ്യമായ എല്ലാ കേരഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.

8. കേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുസൃതമായി വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേര സമിതികൾ/ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ശക്തിപ്പെടുത്തുക. കൂടാതെ നിലവിലുള്ള നാളികേര ഉല്പാദക സൊസൈറ്റികളുടേയും കമ്പനികളുടേയും പ്രവർത്തനങ്ങളിലും നാളികേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികളിലും ഏകോപനം സാധ്യമാക്കുക.

9. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി "കേര കർമ്മസേനകൾ" രൂപീകരിക്കുക. കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക.

10. നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക.

11. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

12. നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.

13. ദേശീയ അന്തർദ്ദേശീയ വിപണികളിൽ കേരളത്തിന്റെ നാളികേര ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

14. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും നാളികേര സംഭരണം ന്യായവിലയ്ക്ക് ഉറപ്പാക്കുക. ഉപോൽപ്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ കർഷകരിലേക്കും സംരംഭകരിലേക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാന സ്ഥിരതവും ഉറപ്പുവരുത്തുക.

(സി) ഉണ്ട്.

(ഡി) നാളികേര വികസനത്തിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ നാളികേര വികസന ബോർഡിന്റെയും ജനകീയാസൂത്രണ പദ്ധതി വിഹിതത്തിന്റെയും തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുടെയും എസ്.എഫ്.എ.സി., കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഫണ്ടുകളുടെ ഏകോപനം സാധ്യമാക്കിക്കൊണ്ടാണ് നാളികേര വികസന കൗൺസിൽ പ്രവർത്തിക്കുന്നത്.

(ഇ) ഉണ്ട്. കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക. നാളികേര കൃഷിയ്ക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും കേരഗ്രാമങ്ങൾ ആരംഭിക്കുക, സാധ്യമായ എല്ലാ കേരഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക. കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക, നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക, നാളികേര അഗ്രോ പാർക്കുകൾ തുടങ്ങിയ കേരകൃഷിയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതി കളെല്ലാം നാളികേര വികസന കൗൺസിലിന്റെ കീഴിൽ സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## സ്മാർട്ട് സിറ്റി, അമൃത് പദ്ധതികളുടെ പുരോഗതി

18 (*138) ശ്രീ. കെ. ദാസൻ :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. എൻ. വിജയൻ പിള്ള :

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ സ്ഥലപര-സാമ്പത്തിക ആസൂത്രണ രേഖയായ മാസ്റ്റർപ്ലാൻ രൂപീകരണ പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാസ്റ്റർപ്ലാൻ പൂർത്തിയാക്കി പ്രസിദ്ധീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം, എറണാകുളം നഗരങ്ങളിലെ സ്മാർട്ട് സിറ്റി പദ്ധതിയുടെയും സംസ്ഥാനത്തെ ഒമ്പത് മുനിസിപ്പാലിറ്റി-മുനിസിപ്പൽ കോർപ്പറേഷനുകളുടെ വികസനത്തിനായുള്ള അമൃത് പദ്ധതിയുടെയും പുരോഗതി അറിയിക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; കെട്ടിട നിർമ്മാണ അനുമതി ഓൺലൈൻ ആക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) നഗര-ഗ്രാമാസൂത്രണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്ലാൻ സ്കീമായ 'മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെ തയ്യാറാക്കൽ' പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ നഗരസഭാ പ്രദേശങ്ങൾക്കുമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിവരുന്നു. 93 നഗരസഭാ പ്രദേശങ്ങൾക്കും 18 ഗ്രാമ പഞ്ചായത്തുകൾക്കുമായി 87 മാസ്റ്റർ പ്ലാനുകളിൽ 9 എണ്ണത്തിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. 24 കരട് മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധം 1* ആയി ചേർത്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം, എറണാകുളം നഗരങ്ങളിലെ സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം II* ആയും അമൃത് പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തദ്ദേശ സ്ഥാപനങ്ങളിലെ വിവിധ ഓഫീസുകളിൽ നടത്തുന്ന സ്വജന പക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിലേക്ക് ഓൺലൈനായി 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ പരാതി പരിഹാര സംവിധാനം പ്രവർത്തിച്ചുവരുന്നു. ഇതിനായി പൊതുജനങ്ങൾക്ക് ഓൺലൈനായും മൊബൈൽ ആപ്ലിക്കേഷൻ വഴിയും പരാതികൾ സമർപ്പിക്കാവുന്നതാണ്.

പരാതിപരിഹാര സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. മുൻ നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ പ്രസ്തുത പരാതി പ്പെട്ടികൾ തുറന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. അഴിമതി രഹിത സിവിൽ സർവ്വീസിനെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി എല്ലാ ജില്ലകളിലും ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ജില്ലാ ഓഫീസുകളിലും ബോധവൽക്കരണ ക്ലാസ്സുകൾ സെമിനാറുകൾ തുടങ്ങിവ സംഘടിപ്പിച്ചുവരുന്നു.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ കീഴിൽ പെർഫോമൻസ് ഓഡിറ്റ് വിംഗ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പെർഫോമൻസ് ഓഡിറ്റ് നടത്തിവരുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ നേതൃത്വത്തിലും ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്തിന്റെ നേതൃത്വത്തിലും നഗരസഭകളിൽ Regional Joint Director (Urban Affairs)-ന്റെ നേതൃത്വത്തിലും ജില്ലാ പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ നേതൃത്വത്തിലും പെർഫോമൻസ് ഓഡിറ്റ് നടത്തിവരുന്നുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലും ലോക്കൽ ഫണ്ട് ഓഡിറ്റ് വിംഗും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നു.

Ease of Doing Business-ന്റെ ഭാഗമായി കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ സുതാര്യമായ നടപടിക്രമങ്ങളിലൂടെ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിനും നിർമ്മാണാനുമതി/ഉപയോഗാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനും വേണ്ടി IBPMS (Intelligent Building Plan Management System) എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്.

നഗരസഭകളിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള IBPMS സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ നഗര സഭകളിൽ (കോഴിക്കോട് നഗരസഭ ഒഴികെ) ജീവനക്കാർക്കും ലൈസൻസ്ഡ് എഞ്ചിനീയർ/സൂപ്പർവൈസർമാർക്കുമുള്ള ട്രെയിനിംഗ് പൂർത്തിയായിട്ടുള്ളതാണ്. കൂടാതെ അമൃത് നഗരങ്ങളിൽ IBPMS സോഫ്റ്റ്‌വെയർ മുഖേന കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ തീർപ്പു കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## കീടനാശിനി നിയന്ത്രണം

19 (*139) ശ്രീ. പി. വി. അൻവർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിപണികളിൽ വിറ്റഴിക്കുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തിയ സാഹചര്യത്തിൽ പൊതുജനാരോഗ്യത്തിനും പൊതു ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിയ്ക്കും ഹാനികരമായ കീടനാശിനികളുടെ വില്പനയും ഉപയോഗവും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം കീടനാശിനികളാണ് നിരോധിച്ചിട്ടുള്ളത്; ഏതെല്ലാം കീടനാശിനികൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) കൃഷി ഓഫീസർമാരുടെ ശിപാർശയോടെ അംഗീകൃത ഡിപ്പോകളിൽ നിന്ന് മാത്രമേ കീടനാശിനികൾ വാങ്ങാവൂ എന്ന് കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കീടനാശിനികളുടെ ഉപയോഗക്രമത്തെക്കുറിച്ചും ഇവയുടെ ദോഷഫലങ്ങൾ സംബന്ധിച്ചും കർഷകർക്ക് ബോധവത്ക്കരണം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള കീടനാശിനികൾ ഓൺലൈൻ വഴി സുലഭമായി ലഭിയ്ക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വിപണിയിലെ പച്ചക്കറികളിൽ നടത്തിയ അവശിഷ്ട വിഷാംശ പരിശോധനയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയ സാഹചര്യത്തിൽ കർഷകർ അനധികൃതമായി കീടനാശിനികൾ വാങ്ങുന്നതും കൃഷിയിടങ്ങളിൽ കീടനാശിനികൾ ശിപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നതും പൂർണ്ണമായും നിയന്ത്രിക്കുന്നതിനുവേണ്ടി കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യൂ.22908/17 നമ്പർ സർക്കുലർ പ്രകാരം (അനുബന്ധം-1*)

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കീടനാശിനികളുടെ വിതരണവും, വിൽപ്പനയും, ഉപയോഗവും, നിയന്ത്രിക്കുന്നതിനും ഗുണ നിലവാരം ഉറപ്പാക്കുന്നതിനും കീടനാശിനി കൃത്യ അളവിൽ മാത്രം കർഷകൻ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

(സി) നൽകിയിട്ടുണ്ട്. 28-7-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 128/2015/കൃഷി (അനുബന്ധം III*) പ്രകാരം മഞ്ഞ ലേബലോടുകൂടിയ കീടനാശിനികളായ കാർബോസൾഫാൻ, ക്ലോർപൈറി ഫോസ്, സൈപർമെത്രിൻ, ലാംഡ സൈഹാലോത്രിൻ, നീല ലേബലോടു കൂടിയ അസഫേറ്റ്, കളനാശിനിയായ 2.4 D ഗ്ലൈഫോസേറ്റ് എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യ ഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യു.22908/17 എന്ന സർക്കുലർ (അനുബന്ധം-1*) പ്രകാരം കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനികൾ വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും കർഷകർക്ക് ഇത് സംബന്ധിച്ച ബോധവത്കരണ ക്ലാസുകളും സംഘടിപ്പിക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) പൊതുജനാരോഗ്യത്തിനും പൊതു ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയുന്നതിനുവേണ്ടി, നിയന്ത്രിക്കു "കീടനാശിനി ഉപയോഗം സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തു" എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി 2019 ജനവരി 21 മുതൽ 31 വരെ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്.

കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് കീടനാശിനി കൃത്യ അളവിൽ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ട്. എല്ലാ കൃഷി ഓഫീസർമാരും തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ക്രമമായി സന്ദർശിച്ച് കൃഷിയിടങ്ങളിൽ കീടനാശിനികൾ ശിപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നത് പൂർണ്ണമായും നിയന്ത്രിക്കുന്നതിനാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.

കീടനാശിനി പ്രയോഗത്തിൽ പുലർത്തേണ്ട ജാഗ്രത സംബന്ധിച്ചും കീടനാശിനി വിഷബാധയുണ്ടായാൽ ഏറ്റെടുക്കേണ്ട പ്രാഥമിക ചികിത്സ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകളിൽ വിശദീകരിക്കുന്നുണ്ട്. കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കർഷകർക്കും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൊതുജനങ്ങൾക്കുമുള്ള നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകളും കീടനാശിനി ഡീലർ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും വിതരണം നടത്തിവരുന്നു.

(ഇ) നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള കീടനാശിനികൾ ഓൺലൈൻ വഴി ലഭിക്കുന്നത് തടയാൻ നിലവിൽ നിയമ സംവിധാനങ്ങളൊന്നുമില്ല. കീടനാശിനികളുടെ ഓൺലൈൻ വ്യാപാരം നിയന്ത്രിക്കുന്ന കാര്യം പരിശോധിക്കും.

**അമൃത് പദ്ധതി**

20 (*140) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരവികസനത്തിനായി കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് കരാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും എത്ര കോടി രൂപയുടെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനുണ്ട്;

(ഡി) കേന്ദ്രസഹായം നഷ്ടപ്പെടാതെ കാലാവധിക്കുള്ളിൽ പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) 2357.66 കോടി രൂപയുടെ 1026 പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(ബി) 1463.68 കോടി രൂപയുടെ 864 പ്രവൃത്തികൾക്ക് കരാർ നൽകിയിട്ടുണ്ട്.

(സി) 893.98 കോടി രൂപയുടെ 162 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനുണ്ട്. വിശദാംശങ്ങൾ അനുബന്ധം I* ആയി ചേർക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) അമൃത് പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിനെ ശക്തിപ്പെടുത്തുന്നതിനായി പദ്ധതി നടപ്പിലാക്കുന്ന 6 കോർപ്പറേഷനുകളിലും 3 മുനിസിപ്പാലിറ്റികളിലും എഞ്ചിനീയർമാരെയും ഓവർസിയർമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല സാങ്കേതിക സമിതി (State Level Technical Committee) യും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന തല ഉന്നതാധികാര സമിതി (State Level High Powered Steering Committee)യും പ്രവർത്തിക്കുന്നു. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളെല്ലാംതന്നെ കേന്ദ്രസഹായം നഷ്ടപ്പെടാതെ 2020 ജനുവരി മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2020 മാർച്ച് വരെയാണ് അമൃത് മിഷൻ കാലയളവ്.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം

21 (*141) ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം ലഭിക്കാത്തതിനാൽ പ്രവേശന പരീക്ഷയിൽ മികവ് തെളിയിക്കാനാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് പരിഗണിച്ച് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് മിനിമം മാർക്ക് വേണമെന്ന വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിനുള്ള മിനിമം മാർക്ക് ഒഴിവാക്കിയാൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് കാരണമാകാൻ സാധ്യതയുണ്ടെന്ന് ഡോ. ആർ. വി. ജി. മേനോന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ശിപാർശ ചെയ്യുകയും അത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രവേശന പരീക്ഷയ്ക്ക് മിനിമം മാർക്ക് വേണമെന്ന വ്യവസ്ഥ ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പു വരുത്തുവാനായി ഒരു അക്കാദമിക് വർഷം രണ്ടു തവണ അക്കാദമിക് ഓഡിറ്റ് നടത്തി വരുന്നു. ഭാരതത്തിലെ ഒന്നാംനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ നേതൃത്വം നൽകുന്ന ക്ലസ്റ്റർ കമ്മിറ്റികൾ കോഴ്സുകളുടെ അക്കാദമിക് നിലവാരം ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതത് പഠന മേഖലയിൽ നൂതന സാങ്കേതിക വിദ്യയിൽ നൈപുണ്യം നേടിയ വിചക്ഷണന്മാരുമായി സംവദിക്കാനുള്ള അവസരങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

22 (*142) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ സവിശേഷമായ സാഹചര്യങ്ങൾക്ക് അനുസൃതമായ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അനുവാദം നല്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ;

(ഡി) എം.ജി.എൻ.ആർ.ഇ.ജി.പി.യുടെ കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തതിനാൽ തൊഴിലാളികളുടെ വേതനം കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ ഇത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

1. വിഭാഗം എ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ
2. വിഭാഗം ബി : സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണം (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഒന്നാം പട്ടികയുടെ ഖണ്ഡിക 5-ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)
3. വിഭാഗം സി : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ
4. വിഭാഗം ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

(സി) ഉണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ക്ഷീരവികസനം പ്രോത്സാഹിപ്പിക്കുന്നതിനായി പശുവളർത്തൽ, നെൽകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര-ഗ്രാമവികസന മന്ത്രാലയത്തിന് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്. 2018-19 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുത്തവർക്ക് അവിദഗ്ദ്ധ വേതനയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും കുടിശ്ശികയായി 804 കോടി രൂപ ലഭിക്കുവാനുണ്ട്.

കേന്ദ്ര സർക്കാരിൽ നിന്നും തൊഴിലാളികൾക്ക് അവിദഗ്ദ്ധ വേതനയിനത്തിൽ കുടിശ്ശികയുള്ള തുക ലഭ്യമാക്കാനായി 17-10-2018-ൽ കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ നൽകുകയുണ്ടായി. ഇതിനെത്തുടർന്ന് 508 കോടി രൂപ കേന്ദ്ര സർക്കാർ അവിദഗ്ദ്ധ വേതനയിനത്തിൽ അനുവദിച്ചിരുന്നു. അവശേഷിക്കുന്ന കുടിശ്ശിക തുക ലഭ്യമാക്കുന്നതിനുവേണ്ടി 1-1-2019-ന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കൂടാതെ 10-1-2019-ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ എംപവേർഡ് കമ്മിറ്റിക്ക് മുമ്പാകെയും ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. 22-1-2019-ന് തലസ്ഥാനത്ത് സന്ദർശനം നടത്തിയ കേന്ദ്ര ഗ്രാമവികസന സഹമന്ത്രിയുടേയും 23-1-2019-ന് തലസ്ഥാനത്ത് എത്തിയ പാർലമെന്ററി സമിതി മുമ്പാകെയും പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

23 (*143) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ജെയിംസ് മാത്യൂ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിളകളുടെ ഉല്പാദന വർദ്ധനവിനോടൊപ്പം മൂല്യവർദ്ധനവ് ശക്തിപ്പെടുത്താൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക വിളകളിൽ നിന്നുള്ള കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് സർക്കാർ നടത്തുന്ന 'വൈഗ' അന്താരാഷ്ട്ര മേള എത്രത്തോളം പ്രയോജനപ്രദമാകുന്നുണ്ട് എന്ന് വിശദമാക്കാമോ;

(സി) കാർഷിക മേഖലയിലെ ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയെക്കുറിച്ച് കൃത്യമായ നിരീക്ഷണം നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) കൃഷി വകുപ്പിന്റെ കീഴിൽ വേൾഡ് മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) തെങ്ങ്, നെല്ല്, വാഴപ്പഴം, പച്ചക്കറി, മാങ്ങ, സുഗന്ധവ്യഞ്ജനങ്ങൾ, തേൻ, ചെറുധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയിൽ നിന്നാണ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നത്. മൂല്യവർദ്ധിത ഉൽപ്പന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഏറ്റവും പ്രധാനമായി നാളികേരം, പഴം-പച്ചക്കറി എന്നീ മേഖലകളെ പ്രവർത്തനസജ്ജമാക്കി ആദ്യഘട്ടത്തിൽ 5 അഗ്രോപാർക്കുകൾ (നാളികേര അഗ്രോപാർക്ക് - വേങ്ങേരി, കുത്താളി, കോഴിക്കോട്); ബനാന ഹണിപാർക്ക് (കണ്ണാറ ഫാം തൃശ്ശൂർ); മാംഗോ അഗ്രോ പാർക്ക് (മുതലമട ഫാം, പാലക്കാട്); പച്ചക്കറി അഗ്രോ പാർക്ക് (പഴത്തോട്ടം, ഇടുക്കി) എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ SPV ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ രണ്ട് നാളികേര അഗ്രോപാർക്കുകളുടെയും, ബനാന- ഹണി പാർക്കിന്റെയും സ്ഥാപനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ധന സഹായത്തിനായി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബനാന-ഹണി പാർക്കിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം-ന്റെ നേതൃത്വത്തിൽ സർക്കാർ ധനസഹായത്തോടെ മൂല്യവർദ്ധനവ് ശക്തിപ്പെടുത്താൻ തുടങ്ങിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പഴം സംസ്കരണ യൂണിറ്റ് : കോട്ടയം ജില്ലയിലെ പാറത്തോട് പ്രവർത്തിക്കുന്ന യൂണിറ്റിൽ വാഴപ്പഴം, പൈനാപ്പിൾ എന്നിവ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി "തളിർ" ബ്രാൻഡിൽ വിതരണം തുടങ്ങിയിട്ടുണ്ട്. ബനാന കേക്ക്, പഴവർഗ്ഗങ്ങളുടെ കാൻഡികൾ എന്നിവയും വിപണിയിൽ എത്തിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. ചിപ്സ് യൂണിറ്റ് : എറണാകുളം ജില്ലയിലെ കാഞ്ഞൂർ തിരുവാണിയൂർ സ്വാശ്രയ കർഷക സമിതികളുടെ മേൽനോട്ടത്തിൽ നാടൻ നേന്ത്രക്കായയിൽ നിന്നും ചിപ്സ് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

3. മരച്ചീനി സംസ്കരണ യൂണിറ്റ് : കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി സ്വാശ്രയ കർഷക സമിതിയുടെ കീഴിൽ മരച്ചീനിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ ചിപ്സ്, മിക്ചർ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

4. വെജിറ്റബിൾ യൂണിറ്റ് : കേരളീയ വിഭവങ്ങളായ സാമ്പാർ, അവിയൽ, വിവിധയിനം മെഴുക്കുപുരട്ടി, തോരൻ എന്നിവ പാചകം ചെയ്യുന്നതിന് പച്ചക്കറികൾ കഷണങ്ങളാക്കി "Ready to cook" വെജിറ്റബിൾസ് എന്ന പേരിൽ വിപണിയിലെത്തിക്കുന്നു. തിരുവനന്തപുരം (കോവിൽ നട), തൃശ്ശൂർ (പഴയന്നൂർ), എറണാകുളം (കുറുമശ്ശേരി), കോഴിക്കോട് (വെള്ളന്നൂർ) തുടങ്ങിയ ജില്ലകളിൽ വെജിറ്റബിൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

കേരഫെഡ് 2013 മുതൽ തേങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ, തേങ്ങ ചിരകിയത് (desiccated coconut), തേങ്ങ പൊടി (coconut milk powder) എന്നിവ കരുനാഗപ്പള്ളി ഫാക്ടറിയിലും വെളിച്ചെണ്ണയും ആയുർവേദ മൂലികകൾ അടങ്ങിയ കേരഫെഡ് ബ്രാൻഡായ "കേശാമൃത്" ഓയിൽ നടുവണ്ണൂർ ഫാക്ടറിയിലും ഉൽപ്പാദിപ്പിച്ച് വരുന്നു. തേങ്ങാവെള്ളത്തിൽ നിന്നും ലഘുപാനീയങ്ങൾ, വിനാഗിരി മുതലായ ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള പഠനങ്ങൾ നടത്തിവരുന്നു.

എസ്.എഫ്.എ.സി. മുഖാന്തരം മൂല്യവർദ്ധന എന്ന ലക്ഷ്യം നേടുന്നതിന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് (സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള) യൂണിറ്റുകൾക്ക് കെട്ടിടത്തിനും, യന്ത്രസാമഗ്രികൾക്കും വേണ്ടി ചെലവാക്കുന്ന തുക (5 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ)(പരമാവധി 50%) സഹായമായി ലഭിക്കും.

തൃശ്ശൂരിൽ നടന്ന വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത "വൈഗ - കൃഷി ഉന്നതി മേള 2018"-ൽ സംരംഭകർക്കും വിവിധ സ്ഥാപനങ്ങൾക്കും തങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള അവസരം നൽകിയിരുന്നു.

ഹോർട്ടികോർപ്പ് അധികമായി സംഭരിക്കുന്ന നേന്ത്രക്കായുടെ മൂല്യവർദ്ധനവിനായി നെടുമങ്ങാട് കാർഷിക മൊത്തവ്യാപാര വിപണിയിൽ ഒരു ചിപ്സ് യൂണിറ്റ് ട്രയൽ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ ചിപ്സ് 'അമൃത്' എന്ന ബ്രാന്റിൽ വിപണനം നടത്തുന്നു. കൂടാതെ കർഷകർ ഉല്പാദിപ്പിക്കുന്ന തേൻ സംഭരിച്ച് 'അമൃത് ഹണി' എന്ന പേരിൽ വിപണനം നടത്തുന്നു.

(ബി) വൈഗ കൃഷി ഉന്നതി മേള തേക്കിൻകാട് മൈതാനിയിൽ 2018 ഡിസംബർ 27 മുതൽ 30 വരെ വളരെ വിജയകരമായി സംഘടിപ്പിച്ചു. ദേശീയ-അന്തർദ്ദേശീയ പ്രഗത്ഭരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷിയുടെയും കൃഷി അനുബന്ധ മേഖലകളുടെയും സെമിനാറുകൾ, പ്രദർശനങ്ങൾ, പുതുസംരംഭങ്ങളിൽ വിജയം കൈവരിച്ച പ്രമുഖ വ്യക്തികളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും, വിപണനവും സംബന്ധിച്ച നൂതന അറിവുകൾ പങ്കുവെയ്ക്കൽ, കാർഷിക മേഖലയുടെ സുസ്ഥിരമായ പ്രളയാനന്തര പുനർനിർമ്മാണത്തെക്കുറിച്ചുള്ള ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു.

അന്താരാഷ്ട്ര തലത്തിലുള്ള കാർഷിക സംരംഭങ്ങളെ കർഷകർക്ക് പരിചയപ്പെടുത്തുവാൻ മേളയിൽ സാധിച്ചിട്ടുണ്ട്. പ്രസ്തുത മേളയോടനുബന്ധിച്ച് സംഘടിപ്പിച്ച സെമിനാറിൽ ഗൾഫ് നാടുകളിൽ മാംസ സംസ്കരണ വിപണന സാധ്യതകളെ കുറിച്ച് ശ്രീ. ജമാലും, സസ്യജന്യ പ്രോട്ടീനുകളെക്കുറിച്ച് അമേരിക്കൻ ഐക്യനാടുകളിലെ ESSEN Foodies സ്ഥാപകനായ ഡോ. മാധവൻ അനിരുദ്ധനും " പിൻവലിയുന്ന കാർഷിക മേഖലയിലെ പുനർ നിർമ്മാണത്തെ" കുറിച്ച് വെസ്റ്റേൺ ആസ്ട്രേലിയയിലെ ഡോ. കടമ്പോട് സിദ്ദിഖും വിവരങ്ങൾ പങ്കുവെച്ചു. ഇന്തോനേഷ്യയിലെ ഇന്റർനാഷണൽ കോക്കനട്ട് കമ്മ്യൂണിറ്റിയിലെ അസി.ഡയറക്ടറായ ഡോ. മൃദുല, നാളികേരമൂല്യ വർദ്ധനവിന് ആഗോള തലത്തിലുള്ള പ്രവണതകളും, വെല്ലുവിളികളും സംബന്ധിച്ച് കർഷകർക്ക് വിശദീകരിച്ചു. കൃഷി ഉല്പാദന മേഖലയിൽ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനുവേണ്ടി ഉല്പാദന സീസണിൽ അധിക ഉല്പാദനം നഷ്ടപ്പെടാതിരിക്കാൻ സംഭരണശേഷി വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുവാനും FPO ശക്തിപ്പെടുത്തുവാനും നിർദ്ദേശങ്ങൾ മുന്നോട്ടുവന്നു.

ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുക, മാർക്കറ്റിംഗ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുക, ജൈവ കൃഷിരീതികളിലൂടെ ഉത്പാദന വർദ്ധനവ് സാധ്യമാക്കുക തുടങ്ങിയവയായിരുന്നു കർഷകരുടെ നിർദ്ദേശങ്ങൾ.

കേരളത്തിന്റെ പുനരുജ്ജീവനത്തിന് ഗവേഷണ സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവയുടെ വിവിധ പദ്ധതികളുടെ ശാസ്ത്രീയ ഏകോപനം ആവശ്യമാണെന്നും കർഷകരുടെ പാരമ്പര്യ അറിവുകൾക്കുകൂടി മുൻഗണന നൽകേണ്ടതാണെന്നും കാർഷിക മേഖലയിലെ വിവര ശേഖരണം, വിവിധ ഫണ്ടുകളുടെ സംയോജനം എന്നിവ ആവശ്യമാണെന്നും E market സംവിധാനം കർഷകരുടെ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് സുതാര്യത ഉറപ്പുവരുത്തുവാൻ സഹായിക്കുന്നതാണെന്നും അഭിപ്രായം ഉയർന്നുവന്നു.

വൈഗ കൃഷി ഉന്നതി അന്താരാഷ്ട്ര മേളയിൽ നിന്നും കർഷകർക്കും സംരംഭകർക്കും ഉദ്യോഗസ്ഥ തലത്തിലും സ്വായത്തമായ നൂതന അറിവുകളും കൃഷിയുടെ വിവിധ മേഖലയിലുള്ളവരുടെ അഭിപ്രായ രൂപീകരണവും കാർഷിക വിപണി ശക്തിപ്പെടു ത്തുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കു ന്നതിനും പ്രയോജനകരമാകുമെന്നു പ്രതീക്ഷിക്കുന്നു.

വൈഗയിൽ നിന്നുള്ള പ്രചോദനം ഉൾക്കൊണ്ടു കൊണ്ട് കാർഷിക രംഗത്ത് നിരവധി യുവ സംരംഭകർ കേരളത്തിലെ കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ തുടങ്ങിക്കഴിഞ്ഞു. SFAC-യുടെ നേതൃത്വത്തിൽ 20 ലധികം സംരംഭങ്ങൾ രണ്ടര വർഷത്തിനുള്ളിൽ ആരംഭിച്ചിട്ടുണ്ട്.

(സി) സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, EARAS (Establishment of an Agency for Reporting Agriculture Statistics in Kerala) സ്കീം പ്രകാരം കാർഷിക വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത, കൃഷി ചെലവ് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ (മൾട്ടിസ്റ്റേജ് സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിംഗ് രീതിയിൽ) ശേഖരിക്കുകയും ടി വിവരങ്ങൾ താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ പരിശോധനകൾക്ക് വിധേയമാക്കിയ ശേഷം ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ ക്രോഡീകരിച്ച് കേന്ദ്ര-സംസ്ഥാന കൃഷി വകുപ്പുകൾക്ക് ഓരോ കാർഷിക വർഷം കഴിയുന്ന മുറയ്ക്ക് നൽകി വരുന്നു. ഉല്പാദനം കണക്കാക്കു ന്നതിനായി സോൺ തലത്തിൽ പ്രധാന വിളകളുടെ സാമ്പിളുകൾ റാൻഡം സാംപ്ലിംഗ് രീതിയിൽ തെരഞ്ഞെടുക്കുകയും ഓരോ സാമ്പിളിലുമുള്ള ഉല്പാദനം നേരിട്ട് രേഖപ്പെ ടുത്തുകയും ചെയ്യുന്നു. ഈ രീതിയിൽ കണക്കാക്കുന്ന ഉല്പാദനം, വിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിളകളുടെയും ഉല്പദാന ക്ഷമത കണക്കാക്കുന്നു.

(ഡി) കൃഷി വകുപ്പിന്റെ കീഴിൽ 6 കാർഷിക മൊത്ത വ്യാപാര വിപണികൾ പ്രവർത്തിച്ചു വരുന്നുണ്ട്. യൂറോപ്യൻ എക്കണോമിക് യൂണിയന്റെ സാമ്പത്തിക സഹായത്തോടെ സ്ഥാപിച്ചതിനാൽ ഈ വിപണികൾ ഇ.ഇ.സി./വേൾഡ് മാർക്കറ്റ് എന്നീ പേരുകളിലും അറിയപ്പെട്ടുവരുന്നു. ഈ 6 മാർക്കറ്റുകളെ 3 നഗര വിപണികൾ,

3 ഗ്രാമീണ വിപണികൾ എന്നിങ്ങനെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആനയറ (നഗര വിപണി), നെടുമങ്ങാട് (ഗ്രാമീണ വിപണി), എറണാകുളം ജില്ലയിലെ മരട് (നഗര വിപണി), മൂവാറ്റുപുഴ (ഗ്രാമീണ വിപണി), കോഴിക്കോട് ജില്ലയിലെ വേങ്ങേരി (നഗര വിപണി), വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി (ഗ്രാമീണ വിപണി) എന്നിവയാണ് ഈ വിപണികൾ. മാർക്കറ്റ് സെക്രട്ടറിയാണ് ടി വിപണികളിലെ ഓഫീസ് തലവൻ എന്ന തസ്തികയിൽ അറിയപ്പെടുന്നത്. ജില്ലാ കളക്ടർ ചെയർമാനും സ്ഥലം എം.എൽ.എ. എന്നിവർ ഉൾപ്പെട്ട മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് വിപണിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. വിപണിയിൽ കർഷകരും കച്ചവടക്കാരും അംഗങ്ങളാണ്. കൃഷി ഭവനുകൾ മുഖേന കർഷക കൂട്ടായ്മകൾ രൂപീകരിക്കുകയും, ടി കൂട്ടായ്മകളുടെ കൺവീനർമാരുടെ നേതൃത്വത്തിൽ പഴം-പച്ചക്കറികൾ ലേലത്തിനായി വിപണികളിൽ എത്തിക്കുകയും ചെയ്തുവരുന്നു. ലേലത്തിൽ പങ്കെടുക്കുന്നതിനായി VFPCK, ഹോർട്ടികോർപ്പ്, പൊതുവിപണി എന്നിവിടങ്ങളിലെ പ്രതിദിന വില നിലവാര സൂചികയുടെ അടിസ്ഥാനത്തിൽ ഓരോ ഉല്പന്നങ്ങൾക്കും തറവില നിശ്ചയിക്കുകയും, ലേലം വിളി ടി തുകയിൽ നിന്നും ഉയർന്നതായിരിക്കുവാനും നിഷ്കർഷത പുലർത്തിവരുന്നു. ലേലത്തിൽ പങ്കെടുക്കുന്ന വ്യാപാരികൾ 2% വില മാർക്കറ്റ് സെസ്സ് അടച്ചാണ് ലേലത്തിൽ പങ്കെടുത്ത് വരുന്നത്. കച്ചവടക്കാർ ഉറപ്പിക്കുന്ന വില ഏറ്റവും അടുത്ത ദിവസം തന്നെ കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ് അനുവർത്തിച്ച് വരുന്ന രീതി. സർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പ് ലേലത്തിൽ പങ്കെടുക്കാറുണ്ട്. ഏതെങ്കിലും ഉത്പന്നങ്ങൾ അധികമായി വിപണിയിൽ വരികയോ ലേലം കൊള്ളാതെയോ വരുന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് ഈ ഉത്പന്നങ്ങൾ മുഴുവൻ ഉയർന്ന വിലക്ക് സംഭരിച്ച് വിതരണം ചെയ്തുവരുന്ന രീതിയാണ് പിന്തുടരുന്നത്.

വിപണികളിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതിലൂടെയാണ് മാർക്കറ്റ് ഫണ്ട് കണ്ടെത്തിവരുന്നത്. വിപണികളുടെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കും, അറ്റകുറ്റപ്പണികൾക്കും മാർക്കറ്റ് ഫണ്ടാണ് ഉപയോഗിച്ച് വരുന്നത്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികൾ**

24 (*144) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണ്;

(സി) അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും തരം തിരിച്ച് റീസൈക്ലിംഗിനായി കൈമാറ്റം ചെയ്യുന്നതിനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായം നൽകാനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>):

(എ) പെരിന്തൽമണ്ണ നഗരസഭയിൽ ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവായ ജി.പി.എസ്. റിന്യൂവബിൾസ് പ്രൈ. ലിമിറ്റഡ്, ബാംഗ്ലൂർ എന്ന ഏജൻസിയുടെ "ബയോശക്തി ബയോ ഊർജ്ജ" എന്ന ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ടെക്നോളജി അടിസ്ഥാനമാക്കി ദിവസേന 2 മെട്രിക് ടൺ ജൈവമാലിന്യം സംസ്കരിക്കുന്നതിന് ശേഷിയുള്ളതും ബയോഗ്യാസിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതുമായ ആധുനിക ബയോഗ്യാസ് പ്ലാന്റ്, പ്രസ്തുത സേവന ദാതാവുമായി നഗരസഭ നേരിട്ട് കരാറിലേർപ്പെട്ട് പൈലറ്റ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സുൽത്താൻ ബത്തേരി നഗരസഭയിൽ ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ പൂർണമായ ഉത്തരവാദിത്തത്തിൽ മാലിന്യത്തിൽ നിന്നും വൈദ്യുതിയും ജൈവവളവും ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനുള്ള പദ്ധതി നഗരസഭയും ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഏർപ്പെടുന്ന പി.പി.പി. കരാറിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതിയായി സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളുടെ/നഗരസഭകളുടെ നേതൃത്വത്തിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമീപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകൾ Design, Build, Finance, Operate & Transfer (DBFOT) അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. അതിൻപ്രകാരമുള്ള തുടർ നടപടികൾ നടന്നുവരുന്നു.

കൊച്ചി കോർപ്പറേഷന്റെ നേതൃത്വത്തിൽ ബ്രഹ്മപുരത്ത് കേന്ദ്രീകൃത വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് കൊച്ചി കോർപ്പറേഷനും ജി ജെ എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം പ്രസ്തുത കമ്പനിക്ക് കൈമാറിയിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

മൂന്നാറിൽ, കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡ് വിട്ടു നൽകുന്ന ഭൂമിയിൽ മൂന്നാർ-ദേവികുളം ഗ്രാമപഞ്ചായത്തുകളും കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡും എ. ജി. ഡോട്ടേഴ്സ് വേസ്റ്റ് പ്രോസസിങ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ട് കേന്ദ്രീകൃത വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

ഇത് കൂടാതെ സെപ്റ്റേജ് മാനേജ്മെന്റ് സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രവൽക്കരണം, പൊതു സ്ഥലങ്ങളിൽ സാനിട്ടറി കോംപ്ലക്സ്, ബ്ലോക്ക്/നഗരസഭ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ, ഹരിത കർമ്മസേന വഴിയുള്ള അജൈവ മാലിന്യ ശേഖരണം, ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള മാലിന്യ സംസ്കരണം, പ്ലാന്റുകളുടെ പുനരുദ്ധാരണം തുടങ്ങിയ മാലിന്യ സംസ്കരണ നടപടികളും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടന്നുവരുന്നു.

(ബി) ഉറവിട മാലിന്യ സംസ്കരണത്തിനായി വീടുകളിൽ ഉപഭോക്താക്കളുടെ ആവശ്യാനുസരണം പ്രതിദിനം $0.5m^3$ മുതൽ $1m^3$ വരെ മാലിന്യ സംസ്കരണ ശേഷിയുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്നത്. ഇത്തരത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നത് സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയോ, ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുള്ള സേവനദാതാക്കൾ മുഖേനയോ ആണ്. സ്ഥാപിക്കപ്പെടുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ 6 മാസത്തെ സേവന പരിപാലന ചുമതല ടി ഏജൻസികൾക്കാണ്. ഇത്തരത്തിൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നിലവിൽ സബ്സിഡിയായി പരമാവധി 50% തുക അനുവദിച്ച് വരുന്നുണ്ട്.

വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ശുചിത്വമിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിച്ചു വരുന്നുണ്ട്.

(ഡി) ഉണ്ട്. സംസ്ഥാനത്തെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിനും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് & ബെയിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു മുനിസിപ്പൽ കോർപ്പറേഷനിൽ നാലും ഓരോ മുനിസിപ്പാലിറ്റിയിലും ബ്ലോക്ക് പഞ്ചായത്തിലും ഒന്നു വീതവും എന്ന തരത്തിൽ ആകെ 263 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലും ഒരു ഷ്രെഡ്ഡിംഗ് മെഷീൻ, ഒരു ബെയിലിംഗ് മെഷീൻ എന്നിവയുണ്ടാകും. ഷ്രെഡ്ഡിംഗിന് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വൃത്തിയാക്കുന്നതിനും തരംതിരിക്കുന്നതിനും സഹായകരമായ ഡസ്റ്റ് റിമൂവർ മെഷീനും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ 155 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ക്ലീൻ കേരള കമ്പനി കരാറിൽ ഏർപ്പെടുകയും 120 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെഷിനറികൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 60 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

## ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരണം

25 (*145) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സിക്ക് പകരം ഉന്നതവിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നീക്കം സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ നിരാകരിക്കുന്നതും സർവ്വകലാശാലകളെത്തന്നെ ഇല്ലാതാക്കുന്നതുമാണെന്നത് വസ്തുതയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) അക്കാദമിക് താല്പര്യങ്ങളെ രാഷ്ട്രീയ താല്പര്യങ്ങൾക്ക് സ്വാധീനിക്കുവാൻ കഴിയുംവിധമാണ് കേന്ദ്ര നീക്കമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യു.ജി.സിയിൽ നിക്ഷിപ്തമായിരുന്ന ഫണ്ട് നിർവ്വഹണം ഉന്നത വിദ്യാഭ്യാസ കമ്മീഷൻ നിലവിൽ വരുന്നതോടുകൂടി കേന്ദ്രസർക്കാരിലേക്ക് മാറുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നിലപാട് കേന്ദ്രത്തെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള കേന്ദ്ര പ്രതികരണമെന്താണ് എന്നറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ രൂപീകരണംമൂലം ഈ രംഗത്ത് കേന്ദ്രസർക്കാരിന്റെ കൂടുതൽ നിയന്ത്രണങ്ങളും ഇടപെടലുകളും ഉണ്ടാകും. ആയതിനാൽ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 2018 ആഗസ്റ്റ് 7, 8 തീയതികളിൽ "Dissolution of UGC : Perils and Consequences" എന്ന വിഷയത്തെ അധികരിച്ച് സെമിനാർ നടത്തിയിരുന്നു. യു.ജി.സി.-ക്ക് പകരം ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കുന്നത് ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ സംവിധാനമായിരിക്കുമെന്നതാണ് പ്രസ്തുത സെമിനാറിൽ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശം.

(സി) യു.ജി.സി. ഇല്ലാതാകുന്നതോടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന ഗ്രാന്റ് നൽകുന്ന സമ്പ്രദായം ഇല്ലാതാകും. സ്ഥാപനങ്ങളുടെ ഗ്രേഡിംഗും പ്രകടന സൂചികകളും അടിസ്ഥാനമാക്കി മാനവ വിഭവശേഷി മന്ത്രാലയം ധനസഹായം നൽകുന്നതോടുകൂടി സാമൂഹ്യ നീതിയുടെയും സമത്വത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിട്ടുള്ള കേരളം പോലുള്ള സംസ്ഥാനങ്ങൾ കൂടുതൽ പിന്തള്ളപ്പെടും. ഭാരതം പോലെ വിശാലമായൊരു രാജ്യത്തിന്റെ വൈവിധ്യത്തെ കണക്കിലെടുക്കാതെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നിയന്ത്രിക്കുന്നതിന് ഒരു പൊതു മാനദണ്ഡം നിശ്ചയിക്കുന്നത് ആശാസ്യമായ നടപടിയല്ലെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് 20-7-2018-ലെ HEDN-C3/182/2018-HEDN നമ്പർ കത്ത് മുഖേന കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് ദേശീയ തലത്തിൽ സംവാദം നടത്തുകയും, ഭൂരിപക്ഷാഭിപ്രായപ്രകാരം പൊതു സമ്മതമായ തീരുമാനം സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷൻ രൂപീകരണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷന്റെയും സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരുടെയും യോഗം അടിയന്തരമായി വിളിച്ചു ചേർക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച നിലപാടുകളൊന്നും സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല.

## ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പാഠ്യപദ്ധതി

26 (*146) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദധാരികളുടെയും ബിരുദാനന്തര ബിരുദധാരികളുടെയും ഗവേഷക വിദ്യാർത്ഥികളുടെയും എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായെങ്കിലും തദനുസൃതമായി വൈജ്ഞാനിക രംഗത്തും ഉല്പാദന മേഖലയിലും മികവുണ്ടാക്കാൻ സാധിക്കാതെ പോയതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസരംഗം സമഗ്രമായി പുനഃസംഘടിപ്പിക്കുമോ;

(ബി) സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; 'റൂസ' പ്രകാരമുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

(സി) ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പാഠ്യപദ്ധതി വൈജ്ഞാനിക വികാസത്തിനനുസൃതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സർവകലാശാലകളിലും കോളേജുകളിലും ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്ന അധ്യാപക തസ്തികകളിൽ നിയമനം നടത്താൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) സാമൂഹ്യ പ്രതിബദ്ധതയുള്ള പുതുതലമുറയെ വാർത്തെടുക്കേണ്ട അധ്യാപകർ പ്രളയാനന്തര പുനർ നിർമ്മാണത്തിൽ എത്രമാത്രം സാമൂഹ്യ പ്രതിബദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 10 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27 സർക്കാർ കോളേജുകൾക്ക് 257,85,23,490 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിലെ സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2018-19 സാമ്പത്തിക വർഷം വിവിധ പ്ലാൻ സ്കീമുകളിലായി 5075 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

റൂസ-1 പദ്ധതി പ്രകാരം കേരളത്തിലെ 6 യൂണിവേഴ്സിറ്റികൾക്ക് ഘടകം 3-ൽ ഉൾപ്പെടുത്തി (Component 3) 20 കോടി രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായും 21 ഗവൺമെന്റ് കോളേജുകൾക്ക് 2 കോടി രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി ഘടകം 7-ൽ ഉൾപ്പെടുത്തിയും (Component 7) സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. മാതൃകാ കോളേജ് പദ്ധതിയിൽ (Component 5) ഉൾപ്പെടുത്തി മൂന്നാർ ഗവൺമെന്റ് കോളേജിന് 4 കോടി രൂപയും, ഫാക്കൽറ്റി ഇംപ്രൂവ്മെന്റിന് ഘടകം 11-ൽ ഉൾപ്പെടുത്തി (Component 11) 1 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. റൂസ-2 പ്രകാരം 99 കോളേജുകൾക്ക് ഘടകം 9-ൽ ഉൾപ്പെടുത്തി (Component 9) 2 കോടി രൂപ വീതം ധനസഹായം ലഭിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഉയർന്ന NAAC ഗ്രേഡുള്ള സ്വയംഭരണ കോളേജുകൾക്ക് 5 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്കും റൂസ 2 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

റൂസ പദ്ധതി പ്രകാരം നിലവിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു

- യൂണിവേഴ്സിറ്റികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം - നിലവിൽ 6 യൂണിവേഴ്സിറ്റികൾക്ക് 20 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതി.

- കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം-നിലവിൽ 2 കോടി രൂപ വീതം 20 ഗവൺമെന്റ് കോളേജുകൾക്ക് ലഭിക്കുന്ന പദ്ധതി, റൂസ 2-ാം ഘട്ടവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ അർഹരായ മുഴുവൻ ഗവൺമെന്റ് & എയ്ഡഡ് കോളേജുകളെയും പദ്ധതിയിൽ അംഗമാക്കുന്നതിനും തുക അതത് കോളേജുകൾക്ക് നൽകാനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

- കേരള സർവ്വകലാശാലയിലെ യു.ജി.സി.-അക്കാദമിക് സ്റ്റാഫ് കോളേജിന് അദ്ധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപ ലഭിക്കുന്ന പദ്ധതി.

- സർവ്വകലാശാലകൾ/കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർദ്ദേശീയ-ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം.

- മാതൃകാ കോളേജ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ ഗവൺമെന്റ് കോളേജിന് 4 കോടി രൂപ ലഭിക്കുന്ന പദ്ധതി.

- സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി - നിലവിൽ 18 ഗവൺമെന്റ് കോളേജുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 40 ഗവൺമെന്റ് കോളേജുകളിൽ ഇ-ജേർണലും ലാപ്ടോപ്പും നൽകി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.

- 33 ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. നിലവിൽ 27 കോളേജുകളിലെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 40 ഗവൺമെന്റ് കോളേജുകളിൽ ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേക ലാപ്ടോപ്പും, സോഫ്റ്റ്‌വെയറും നൽകുന്ന പദ്ധതി.

- ശാസ്ത്രയാൻ പദ്ധതി 2018 -സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷണനേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതി. പദ്ധതിയുടെ 1-ാം ഘട്ടത്തിൽ സംസ്ഥാനത്തെ 42 സ്ഥാപനങ്ങളെ പങ്കാളികളാക്കി.

- റൂസ 2-ാം ഘട്ടവുമായി ബന്ധപ്പെട്ട് സർവ്വകലാശാലകളിലെ ഗവേഷണ നിലവാരം ഉയർത്തുന്ന പദ്ധതിയുടെ (Component 10) ഭാഗമായി സംസ്ഥാനത്തെ 2 സർവ്വകലാശാലകൾക്ക്, മഹാത്മാഗാന്ധി സർവ്വകലാ ശാലയ്ക്കും കുസാറ്റിനും 50 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതി.

(സി) ഉണ്ട്.

(ഡി) സർക്കാർ കോളേജുകളിലെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സർവ്വകലാശാലകളിലെ അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ യു.ജി.സി.യുടെ നിർദ്ദേശപ്രകാരം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. റിസർവേഷനുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലുള്ളതാണ് കാരണം. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിലെ നിലവിലുള്ള ഒഴിവുകളിലേയ്ക്കുള്ള നിയമന വിജ്ഞാപനത്തെ ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ കേസ് നിലനൽക്കുന്നതിനാൽ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ഇ) സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകരും വിദ്യാർത്ഥികളും ദുരിതാശ്വാസ ക്യാമ്പുകളിലെയും കളക്ഷൻ ക്യാമ്പു കളിലെയും പ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. അദ്ധ്യാപകർ സാലറി ചലഞ്ചിലും പ്രളയാനന്തര പുനർനിർമ്മാണത്തിലും പങ്കെടുത്തിട്ടുണ്ട്. ക്യാമ്പുകൾക്ക് ശേഷം നടന്ന ശുചീകരണ പ്രവർത്തനങ്ങളിലും സർവ്വകലാശാല അദ്ധ്യാപകർ സജീവ പങ്കാളികളായിരുന്നു. 66 ആർട്സ് & സയൻസ് കോളേജുകളും 4 മ്യൂസിക് കോളേജുകളും ട്രെയിനിംഗ് കോളേജുകളും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. തൃശ്ശൂർ, ചാലക്കുടി, തൃപ്പൂണിത്തുറ, കോട്ടയം, മലപ്പുറം എന്നീ ഗവൺമെന്റ് കോളേജുകൾ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ടി കോളേജുകളിലേയും സമീപ പ്രദേശങ്ങളിലേയും കോളേജുകളിലെ അദ്ധ്യാപകർ, പി.ടി.എ.യുടെയും പ്രിൻസിപ്പാളിന്റെയും നേതൃത്വത്തിൽ മികവുറ്റ പ്രവർത്തനം നടത്തിയിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സംസ്കൃത കോളേജ്, പെരിങ്ങോം ഗവൺമെന്റ് കോളേജ്, തിരുവ നന്തപുരം വനിത കോളേജ് എന്നീ സ്ഥാപനങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കുള്ള കളക്ഷൻ സെന്ററായി പ്രവർത്തിക്കുകയും ഈ കോളേജുകളിലെയും സമീപ കോളേജുകളിലെയും അദ്ധ്യാപകരും വിദ്യാർത്ഥികളും മറ്റ് ജീവനക്കാരും ഭക്ഷണ പദാർത്ഥങ്ങളും വസ്ത്രങ്ങളും പ്രത്യേകം പ്രത്യേകം പാക്കറ്റുകളിലാക്കുകയും ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ച് കൊടുക്കുകയും ക്യാമ്പ് അവസാനിക്കുന്നത് വരെ സജീവമായി സന്നദ്ധ പ്രവർത്തനം നടത്തുകയും ചെയ്തിട്ടുണ്ട്.

## ജൈവ കൃഷി വ്യാപകമാക്കുന്നതിന് നടപടി

27 (*147) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷിയും വിഷാംശം കുറഞ്ഞ കീടനാശിനി പ്രയോഗവും വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) തിരുവല്ലയിൽ നെൽപ്പാടങ്ങളിൽ കീടനാശിനി തളിക്കുന്നതിനിടയിൽ രണ്ട് കർഷകർ മരിക്കുവാനിടയായ സംഭവം നെൽപ്പാടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികളുടെ മാരകാവസ്ഥ വെളിപ്പെടുത്തുന്നതാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കൃഷിഭൂമിയിലെ അമിതമായ രാസവള പ്രയോഗവും വിഷപ്രയോഗവും ഭൂമിയെ ദോഷകരമായി ബാധിക്കുകയും മനുഷ്യരെ മാരക രോഗങ്ങൾക്ക് അടിമകളാക്കുകയും ചെയ്യുന്നുവെന്ന റിപ്പോർട്ട് സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. ജൈവകൃഷി വ്യാപകമാക്കുന്നതിനായി ജൈവവളങ്ങളും ജൈവ കീടനാശിനികളും കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ ഉല്പാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട്. വെർമി കമ്പോസ്റ്റ്, ചകിരിച്ചോറ് കമ്പോസ്റ്റ്, മിത്ര കുമിളകൾ, ട്രൈക്കോഡർമ, സ്യൂഡോമോണാസ്, ട്രൈക്കോകാർഡുകൾ, ബ്യൂവേറിയ, മെറ്റാറൈസിയം, വെർട്ടിസീലിയം, അസോസ്പൈറില്ലം, ഫിറമോൺ കെണികൾ, അസോള തുടങ്ങിയവ ഉല്പാദിപ്പിച്ച് സർവ്വകലാശാല കേന്ദ്രങ്ങളിൽ നിന്നും വില്പന നടത്തിവരുന്നു.

കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ ജൈവ കൃഷിരീതിയെക്കുറിച്ച് പ്രതിപാദിക്കുന്ന "ജൈവവിള പരിപാലന പുസ്തക" ത്തിൽ ജൈവവള പ്രയോഗ ങ്ങളെക്കുറിച്ചും കീടരോഗങ്ങൾക്കെതിരായി പ്രയോഗിക്കേണ്ട ജൈവകീട കുമിൾ നാശിനികളെക്കുറിച്ചും വിശദമായി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കീടനാശിനികളെ വിഷ വീര്യത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചുള്ള (മഞ്ഞ,

നീല, പച്ച) വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ ജൈവ കൃഷിക്കായി ശിപാർശകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾക്ക് സർവ്വകലാശാല പ്രാമുഖ്യം നൽകുന്നുണ്ട്.

വെള്ളായണിയിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ കൃഷിയിടങ്ങളിൽ നിന്നും കമ്പോളങ്ങളിൽ നിന്നും ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ടുകൾ സമർപ്പിക്കുന്നുണ്ട്. ഇതിനെ അടിസ്ഥാനമാക്കി പരിശോധനാ ഫലങ്ങൾ കൃത്യമായ ഇടവേളകളിൽ പത്രവാർത്തകളിൽ കൂടി പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പത്രവാർത്തകൾ ഉപഭോക്താക്കളിൽ ജൈവകൃഷിക്ക് സഹായകമായ രീതിയിൽ അവബോധം സൃഷ്ടിക്കാൻ പ്രേരണ നൽകുന്നുണ്ട്.

പ്രധാന വിളയിനങ്ങളുടെ നിർദ്ധാരണത്തിൽ ജൈവകൃഷിയോട് പ്രതികരിക്കുന്ന ഇനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർവ്വകലാശാല ഊന്നൽ നൽകിവരുന്നുണ്ട്. ഇതിനൊരു ഉദാഹരണമാണ് മികച്ച വിളവ് നൽകുന്ന 'ജൈവ' എന്ന ഒരു നെല്ലിനം കാർഷിക സർവ്വകലാശാല പുറത്തിറക്കിയിട്ടുള്ളത്.

കൂടാതെ, പ്രധാന വിളകളുടെ ജൈവകൃഷിയിലുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളും കാർഷിക സെമിനാറുകളും സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗം വഴിയും മറ്റു കേന്ദ്രങ്ങൾവഴിയും സംഘടിപ്പിച്ചു നടത്തുന്നുണ്ട്.

ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം (2018-19) നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കൃഷി ഭൂമിയിലെ അമിതമായ രാസവള പ്രയോഗവും വിഷപ്രയോഗവും ഭൂമിയെ ദോഷകരമായി ബാധിക്കുകയും മനുഷ്യരെ മാരകരോഗങ്ങൾക്ക് അടിമകളാക്കുകയും ചെയ്യുന്നുവെന്ന റിപ്പോർട്ട് സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ട്. നിരോധിക്കപ്പെട്ട കീടനാശിനികൾ വിൽക്കുന്നതിനും ഇവയുടെ വിൽപ്പന തടയുന്നതിനും കീടനാശിനിയുടെ ഗുണനിലവാരം യഥാസമയം പരിശോധിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൃഷി ഓഫീസർമാരുടെ കുറിപ്പടിയില്ലാതെ കീടനാശിനികൾ വിൽക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. " കീടനാശിനി ഉപയോഗം നിയന്ത്രിക്കു - സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തു" എന്ന സന്ദേശം കർഷകരിലേയ്ക്കും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി കൃഷി വകുപ്പിന്റെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചുവരുന്നു. എല്ലാ ഡിപ്പോകളിലും കീടനാശിനി ഉപയോഗരീതിയും പ്രയോഗക്രമവും വ്യക്തമാക്കുന്ന ബോർഡുകൾ ജനുവരി 31-ന് മുൻപ് പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് കീടനാശിനി തളിക്കുന്ന ജോലിയിൽ ഏർപ്പെടുന്ന കർഷക തൊഴിലാളികളെ മുഴുവൻ രജിസ്റ്റർ ചെയ്യുന്നതിനും അവർക്ക് എല്ലാ വർഷവും കീടനാശിനി പ്രയോഗരീതികൾ സംബന്ധിച്ച് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നു. വിശാലമായ പാടശേഖരങ്ങളിൽ സൂക്ഷ്മ മൂലകങ്ങൾ, വളം, കീടനാശിനി മുതലായവ ഡ്രോൺ ഉപയോഗിച്ചുകൊണ്ട് പ്രയോഗിക്കുന്ന പൈലറ്റ് പ്രോജക്ട് കോട്ടയം ജില്ലയിലെ പാടശേഖരങ്ങളിൽ പരീക്ഷണ അടിസ്ഥാനത്തിൽ ആരംഭിച്ചത് വിജയം കണ്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതിനും കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുവാനും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുവാനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുകവഴി കഴിഞ്ഞിട്ടുണ്ട്. പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ ഭാഗമായ പെസ്റ്റ് സ്കൗട്ടുകൾ കൃഷിയിടം സന്ദർശിച്ച് കീടരോഗബാധ സംബന്ധിച്ച മുന്നറിയിപ്പുകളും നിയന്ത്രണ മാർഗ്ഗങ്ങളും കർഷകർക്ക് നൽകുന്നു. ഇന്റർനെറ്റ് ആസ്പദമാക്കിയുള്ള Crop Pest Surveillance System എന്ന സേവനം ഇതുവഴി കർഷകർക്ക് ലഭിക്കുന്നു. കൂടാതെ കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധ വിവരങ്ങൾ അടങ്ങിയ ചെറു ലൈബ്രറികളും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വള പ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും ക്ലിനിക്കുകൾ വഴി ലഭ്യമാക്കുന്നു. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പെസ്റ്റ് ബുള്ളറ്റിനും ഇതുവഴി ലഭ്യമാക്കുന്നു. തന്മൂലം ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധ അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു.

ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ വിപുലമായ തോതിൽ നടപ്പിലാക്കുന്നതിനും ബയോകൺട്രോൾ ഏജന്റിന്റെ ഉത്പാദനവും വിതരണവും വർദ്ധിപ്പിക്കുന്നതിനും സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

വിളകളുടെ ജൈവ ശാസ്ത്രീയ പരിപാലന മുറകൾ പ്രതിപാദിക്കുന്ന "പാക്കേജ് ഓഫ് പ്രാക്ടീസസ്" (ജൈവ വിളപരിപാലനം) എന്ന പേരിൽ ഒരു പുസ്തകം കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. ഓരോ വിളയ്ക്കും അനുയോജ്യമായ വളപ്രയോഗം, മറ്റ് പരിചരണ മുറകൾ, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ കൃത്യമായി പ്രതിപാദിക്കുന്ന ഈ പുസ്തകം ശാസ്ത്രീയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്തിട്ടുള്ളതാണ്.

## കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

28 (*148) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭ നഷ്ടമില്ലാതെ പൊതുസേവനം നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിന് സർക്കാർ സഹായത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) കോടതി ഉത്തരവുകൾ കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളെയും പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനത്തെയും പ്രതികൂലമായി ബാധിച്ചത് മറികടക്കാനായിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) ഫ്ലീറ്റ് യൂട്ടിലൈസേഷൻ, പ്രതിദിന വരുമാനം, മൈലേജ് തുടങ്ങിയ കാര്യങ്ങൾ മെച്ചപ്പെടുത്തി ഉൽപ്പാദനക്ഷമത സംബന്ധിച്ച നിശ്ചിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് തൊഴിലാളികളുടെ സഹകരണം നേടാൻ സാധിച്ചിട്ടുണ്ടോ;

(ഇ) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; സർക്കാരിന്റെ ഇലക്ട്രിക് വാഹന നയത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ലാഭ നഷ്ടമില്ലാതെ പൊതുസേവനം നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ

പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2% പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുള്ള വായ്പാകടങ്ങൾ അടച്ചുതീർത്തു കഴിഞ്ഞു. ഇതിനെ തുടർന്ന് വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായിരുന്ന ശ്രീ. സുശീൽ ഖന്നയെ സർക്കാർ 24-9-2016-ലെ ഉത്തരവ് നമ്പർ G.O.(Rt) 367/2016/Trans പ്രകാരം കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചു വരുന്നു. സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി ഉണ്ടാക്കിവരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് സർക്കാർ ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ മുൻപുണ്ടായിരുന്ന ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ

കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എയർപോർട്ടുകളിൽ നിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ളൈ ബസുകൾ എന്ന പേരിൽ പുതിയ എ.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എയർപോർട്ടുകളിൽ നിന്ന് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര ഈ സർവ്വീസുകൾ പ്രദാനം ചെയ്യുന്നതിനാൽ ടി സർവ്വീസുകളും ജനോപകാരപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക് ബസ്സുകൾ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസുകൾ വിജയകരമായി നടത്തുന്നതിന് ഉപയോഗിച്ചിരുന്നു. പരിസ്ഥിതി സൗഹാർദ്ദവും ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ടി ബസ്സുകൾ ഉപയോഗിച്ചതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ടി ബസ്സുകളുടെ നടത്തിപ്പ് വിജയകരമായതിനാൽ ദീർഘദൂര സർവ്വീസുകൾക്ക്

ഉപയോഗിക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ട്. പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി.എസ്. സംവിധാനത്തിൽ ജി.പി.എസ്.-ൽ നിന്നും ലഭ്യമാകുന്ന ഡേറ്റ ഉപയോഗിച്ച് പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ടി സംവിധാനം പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ ഓരോ സ്റ്റേഷനിലും ബസ് എത്തിച്ചേരുന്ന സമയം ലഭ്യമാക്കുവാൻ സാധിക്കും. കെ.എസ്.ആർ.ടി.സി.-ൽ പരിഷ്കരിച്ച ഓൺലൈൻ റിസർവേഷൻ സംവിധാനം 2018-ൽ M/s. Abhibus മുഖേന നടപ്പിലാക്കിയിരുന്നു. ഇപ്പോൾ 317 സർവ്വീസുകളിൽ (സൂപ്പർക്ലാസ് സർവ്വീസുകൾ ഉൾപ്പെടെ) ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.യു.ആർ.ടി.സി.യുടെ 156 സർവ്വീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഉപയോഗിച്ച് വരുന്ന ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകളുടെ കാലാവധി തീരുന്നതിനാൽ പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന ഇ.ടി.എം.-കൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാന ചോർച്ച കുറയ്ക്കുന്നതിനും സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനും ഇത് ഉപകാരപ്രദമായിരിക്കും. ആർ.എഫ്.ഐ.ഡി. സാങ്കേതിക വിദ്യ ഉൾക്കൊള്ളിച്ചുകൊണ്ട് കൺസെഷൻ ടിക്കറ്റുകൾ, വിവിധതരം പാസുകൾ എന്നിവ ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്. ആർ.ടി.സി.യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം. കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ പലിശരഹിത നിക്ഷേപ ഇനത്തിലും പ്രതിമാസ വാടക ഇനത്തിലും നല്ലൊരു തുക സമാഹരിക്കുക എന്നതാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. കെ.എസ്.ആർ.ടി.സി.യുടെ പ്രധാന ബസ് സ്റ്റേഷനുകളിൽ ഇന്ത്യൻ കോഫീ ഹൗസ്, ആകർഷകമായ എൽ.ആർ. സ്റ്റാളുകൾ, എ.റ്റി.എം. കൗണ്ടറുകൾ, വിശ്രമ സൗകര്യങ്ങൾ, വൃത്തിയുള്ള ടോയ്‌ലറ്റുകൾ, ഇൻഫർമേഷൻ സംവിധാനങ്ങൾ എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ട്. കെ.എസ്. ആർ.ടി.സി.യുടെ അധീനതയിലുള്ള ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവറുകൾ

സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനും വാണിജ്യ സമുച്ചയങ്ങളിലെ ഒഴിഞ്ഞു കിടക്കുന്ന ഹാളുകളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിലൂടെ പ്രതിമാസം നല്ലൊരു തുക സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മാണം പൂർത്തീകരിച്ചു വരുന്ന തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, നിലമ്പൂർ, ഹരിപ്പാട്, മലപ്പുറം എന്നീ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ, ഓഫീസ് സ്പേയ്സ് എന്നിവയ്ക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ നിരവധി തവണ നടത്തിയിട്ടുള്ളതാണ്. പാലാ യൂണിറ്റിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടന്നുവരുന്നു. ഇവയെല്ലാംതന്നെ പൂർണ്ണമായും സജ്ജമായി കഴിഞ്ഞാൽ ടിക്കറ്റിതര വരുമാനമായി നല്ലൊരു തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതാണ്. ഇതെല്ലാംതന്നെ കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽ നിന്നും ലാഭകരമാക്കുവാൻ ഒരു പരിധിവരെ സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു. പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശയിന്മേൽ മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle-ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിന്റെ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും തദ്വാര മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനം/ ടയർ ലൂബ്രിക്കന്റ്സ് എന്നിവയുടെ ചെലവ് ചുരുക്കുന്നതിനായി മൂന്ന് മേഖലകളായി തിരിച്ച് അസിസ്റ്റന്റ് വർക്സ് മാനേജർമാരെ നിയോഗിച്ച് പ്രവർത്തനം നടത്തി വരുന്നു. തന്മൂലം കോർപ്പറേഷന് 2018-ൽ, 2016-നെ അപേക്ഷിച്ച് 15.45 കോടി രൂപയുടെ ഡീസലിന്റെ ഉപഭോഗം കുറയ്ക്കുന്നതിനു സാധിച്ചു.

(ബി) കോടതി ഉത്തരവുകൾ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളെയും പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനത്തെയും പ്രത്യക്ഷമായോ പരോക്ഷമായോ പ്രതികൂലമായി ബാധിച്ചിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു. ഇത്തരത്തിൽ നിയമനം നടത്തിയതിൽ ഒരു ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ), ഒരു ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ഒരു ചാർട്ടേഡ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നിവർ സേവനം അനുഷ്ഠിക്കുന്നു. അടിയന്തര സാഹചര്യം കണക്കിലെടുത്ത് രണ്ട് പേരെ കൂടി ചാർട്ടേഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിൽ കോർപ്പറേഷൻ നേരിട്ട് നിയമിച്ചിട്ടുണ്ട്.

ഷെഡ്യൂൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി റൂട്ട് റാഷണലൈസേഷനിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള Centre of Excellence in Urban Transport (CoEUT), CEPT യൂണിവേഴ്സിറ്റിയിലെ റിസർച്ച് അസിസ്റ്റന്റ് ശ്രീ. ഡെന്നീസ് ജോസിനെ കൺസൾട്ടന്റായി കോർപ്പറേഷനിൽ നിയമിച്ചിട്ടുണ്ട്.

(ഡി) ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആയതിലേക്ക് മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിച്ച് വാഹനങ്ങൾ യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ആയതുമൂലം ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മെയിന്റനൻസിനായി പകൽ സമയം ബസ്സുകൾ പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകളെങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. ടയർ, കെ.എം.പി.എൽ., ലൂബ്രിക്കന്റ്സ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് മേഖലകളായി തിരിച്ച് അസിസ്റ്റന്റ് വർക്സ് മാനേജർമാരെ നിയോഗിച്ച് തുടർ നടപടികൾ സ്വീകരിച്ച വരുന്നു. അതിന്റെ ഫലമായി 2016 ജൂൺ മാസത്തിൽ ഓഫ് റോഡ് നിരക്ക് 12.06% ആയിരുന്നത് ക്രമാനുഗതമായി 2017 ജൂണിൽ 9.94%-ഉം 2018 ഡിസംബറിൽ 9%-ഉം ആയി കുറഞ്ഞിട്ടുണ്ട്. ഇത് 5% ആക്കുന്നതിനാണ് പരിഷ്കരണ നടപടികളിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. 2016-ൽ കെ.എസ്.ആർ.ടി.സി.യുടെ KMPL 4.16 ആയിരുന്നത് ഡ്രൈവർ ട്രെയിനിംഗ് നൽകിയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ മെച്ചപ്പെടുത്തിയും 2018-ൽ 4.21 ആയി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് കോർപ്പറേഷനിലെ തൊഴിലാളി സംഘടന പ്രതിനിധികളുമായി വിവിധ ഘട്ടങ്ങളിലായി ഗതാഗത വകുപ്പ് മന്ത്രിതലത്തിലും കോർപ്പറേഷൻ മാനേജ്മെന്റ് തലത്തിലും ചർച്ചായോഗങ്ങൾ ചേരുകയും പ്രസ്തുത ലക്ഷ്യങ്ങളുമായി

ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി യോഗങ്ങളിലെ തീരുമാനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തൊഴിലാളികളുടെ സഹകരണത്തോടുകൂടി പ്രസ്തുത നിർദ്ദേശങ്ങൾ കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ നടപ്പിലാക്കിയതിലൂടെ വരുമാന വർദ്ധനവ് നേടുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധി പ്പിക്കുന്നതിനും തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

(ഇ) നിലവിൽ സ്റ്റേജ് ക്യാരേജ് ബസ്സുകളുടെ കാലാവധി 20 വർഷമായി പുനഃക്രമീകരിച്ചതിനാലും അറ്റകുറ്റപ്പണികൾക്കായി ഗ്യാരേജുകളിലുള്ള ബസ്സുകൾ സർവ്വീസിന് യോഗ്യമാക്കിയും ജീവനക്കാരുടെ കുറവ് പരിഹരിച്ചും ഓടിക്കാൻ കഴിയുന്ന എല്ലാ ബസ്സുകളും സർവ്വീസിന് അയയ്ക്കാൻ കഴിയുന്ന സാഹചര്യം സംജാതമാക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി ഫണ്ട് ലഭ്യമാക്കി പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനുമാണ് കെ.എസ്.ആർ.ടി.സി. പദ്ധതിയിട്ടിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസുകൾ വാങ്ങാൻ തീരുമാ നിച്ചിട്ടില്ല. എന്നാൽ 9 മീറ്റർ ഇലക്ട്രിക് ബസ്സുകൾ 10 എണ്ണം സർക്കാർ അനുമതി നൽകിയ പ്രകാരം വെറ്റ് ലീസ് വ്യവസ്ഥയിൽ ഇ-ടെണ്ടർ ക്ഷണിച്ച് ലഭ്യമാക്കി യിട്ടുണ്ട്. ഇവ ശബരിമല സ്പെഷ്യൽ സർവ്വീസുമായി ബന്ധപ്പെട്ട് പമ്പ, നിലയ്ക്കൽ ചെയിൻ സർവ്വീസിന് ലാഭകരമായി ഉപയോഗിച്ചു. തുടർന്ന് തിരുവനന്തപുരം-എറണാകുളം റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിവരുന്നു. ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ അടിസ്ഥാനത്തിൽ ഡീസൽ ബസുകൾ വാങ്ങുന്നതിന് വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച് ഇലക്ട്രിക് ബസുകൾ വാങ്ങാൻ അനുവദിക്കണമെന്നും ഇതിനാവശ്യമായ തുക നൽകണമെന്നും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## റബ്ബർ വിലസ്ഥിരതാ ഫണ്ട്

29 (*149) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ കൃഷി ഉപേക്ഷിച്ച് മറ്റ് വിളകൾ കൃഷി ചെയ്യാൻ താത്പര്യമുള്ള കർഷകർക്ക് ഏതെങ്കിലും വിധത്തിലുള്ള സഹായങ്ങൾ നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) റബർ വിലസ്ഥിരതാ ഫണ്ട് നൂറ്റമ്പത് രൂപയിൽ നിന്ന് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കൃഷി വകുപ്പ് വിവിധ വിളകൾ കൃഷിചെയ്യുന്നതിന് സംസ്ഥാനാവിഷ്കൃത/ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്. നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകൾ, സുഗന്ധവ്യഞ്ജന വിളകൾ തുടങ്ങിയവയ്ക്കും സംയോജിതകൃഷിക്കും ധനസഹായം നൽകിവരുന്നു. ഈ ആനുകൂല്യം എല്ലാ ചെറുകിട നാമമാത്ര കർഷകർക്കും നൽകുന്നതാണ്. ഇതുകൂടാതെ റബ്ബർ കൃഷിയുടെ ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 15000 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. റബ്ബർ കൃഷി ഉപേക്ഷിച്ച് മറ്റ് കൃഷികൾ ചെയ്യുന്ന കർഷകർക്കും മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. റബ്ബർ കൃഷി ഉപേക്ഷിച്ച് മറ്റ് വിളകൾ കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർക്ക് പ്രത്യേക സഹായങ്ങൾ നൽകുവാൻ തീരുമാനം എടുത്തിട്ടില്ല.

(ബി) റബ്ബർ വിലസ്ഥിരതാ ഫണ്ട് പദ്ധതിയിൽ താങ്ങ് വിലയായി കണക്കാവുന്ന കിലോയ്ക്ക് 150 രൂപ എന്നത് അപര്യാപ്തമായതുകൊണ്ട് ആയത് കിലോയ്ക്ക് 200 രൂപ എങ്കിലും വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് റബ്ബറിനുള്ള താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വൈഗ കാർഷിക സമുന്നതി മേള

30 (*150) ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈഗ 2018 കാർഷിക സമുന്നതി മേള വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേളയുടെ മുഖ്യ ആകർഷണങ്ങൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കുമോ;

(ബി) അന്താരാഷ്ട്ര തലത്തിലെ കാർഷിക സംരംഭങ്ങളെ കർഷകർക്ക് പരിചയപ്പെടുത്തുന്നതിന് മേളയിൽ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഉല്പന്നങ്ങളുടെ സംഭരണം, കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കൽ, കാർഷിക മേഖലയിലെ യന്ത്രവൽക്കരണം തുടങ്ങിയവയിൽ കാര്യക്ഷമമായ നിർദ്ദേശങ്ങൾ മുന്നോട്ടു വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേരളത്തിന്റെ കാർഷിക ഉണർവിനും വികസനത്തിനും സഹായകരമായി മേളയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) വൈഗ-കൃഷി ഉന്നതി മേള തേക്കിൻകാട് മൈതാനിയിൽ 2018 ഡിസംബർ 27 മുതൽ 30 വരെ വളരെ വിജയകരമായി സംഘടിപ്പിച്ചു. ദേശീയ-അന്തർദേശീയ പ്രഗത്ഭരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷിയുടെയും കൃഷി അനുബന്ധ മേഖലകളുടെയും സെമിനാറുകൾ, പ്രദർശനങ്ങൾ, പുതുസംരംഭങ്ങളിൽ വിജയം കൈവരിച്ച പ്രമുഖ വ്യക്തികളുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും സംബന്ധിച്ച നൂതന അറിവുകൾ പങ്കുവയ്ക്കൽ, കാർഷിക മേഖലയുടെ സുസ്ഥിരമായ പ്രളയാനന്തര പുനർനിർമ്മാണത്തെക്കുറിച്ചുള്ള ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു.

(ബി) ഉണ്ട്. അന്താരാഷ്ട്ര തലത്തിലുള്ള കാർഷിക സംരംഭങ്ങളെ കർഷകർക്ക് പരിചയപ്പെടുത്തുവാൻ മേളയിൽ സാധിച്ചിട്ടുണ്ട്. പ്രസ്തുത മേളയോടനുബന്ധിച്ച് സംഘടിപ്പിച്ച സെമിനാറുകളിൽ ഗൾഫ് നാടുകളിൽ മാംസ സംസ്കരണ വിപണന സാധ്യതകളെക്കുറിച്ച് ശ്രീ. ജമാലും, സസ്യജന്യ പ്രോട്ടീനുകളെക്കുറിച്ച് അമേരിക്കൻ ഐക്യനാടുകളിലെ ESSEN Foodies സ്ഥാപകനായ ഡോ. മാധവൻ അനിരുദ്ധനും, " പിൻവലിയുന്ന കാർഷിക മേഖലയിലെ പുനർനിർമ്മാണം" സംബന്ധിച്ച് വെസ്റ്റേൺ ആസ്ട്രേലിയയിലെ ഡോ. കടമ്പോട് സിദ്ദിഖും വിവരങ്ങൾ പങ്കുവെച്ചു. ഇന്തോനേഷ്യയിലെ ഇന്റർനാഷണൽ കോക്കനട്ട് കമ്മ്യൂണിറ്റിയിലെ അസിസ്റ്റന്റ് ഡയറക്ടറായ ഡോ. മൃദുല നാളികേര മൂല്യവർദ്ധനവിന് ആഗോളതലത്തിലുള്ള പ്രവണതകളും വെല്ലുവിളികളും സംബന്ധിച്ച് കർഷകർക്ക് വിശദീകരിച്ചു കൊടുത്തു.

(സി) കൃഷി ഉല്പാദന മേഖലയിൽ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനുവേണ്ടി ഉല്പാദന സീസണിൽ അധിക ഉല്പാദനം നഷ്ടപ്പെടാതിരിക്കാൻ സംഭരണശേഷി വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുവാനും FPO ശക്തിപ്പെടുത്തുവാനും നിർദ്ദേശങ്ങൾ മുന്നോട്ടുവന്നു. ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുക, മാർക്കറ്റിംഗ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുക, ജൈവ കൃഷി രീതികളിലൂടെ ഉത്പാദന വർദ്ധനവ് സാധ്യമാക്കുക തുടങ്ങിയവയായിരുന്നു കർഷകരുടെ നിർദ്ദേശങ്ങൾ.

(ഡി) കേരളത്തിന്റെ പുനരുജ്ജീവനത്തിന് ഗവേഷണ സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവയിലെ വിവിധ പദ്ധതികളുടെ ശാസ്ത്രീയ ഏകോപനം ആവശ്യമാണെന്നും കർഷകരുടെ പാരമ്പര്യ അറിവുകൾക്കുകൂടി മുൻഗണന നൽകേണ്ടതാണെന്നും കാർഷിക മേഖലയിലെ വിവര ശേഖരണം, വിവിധ ഫണ്ടുകളുടെ സംയോജനം എന്നിവ ആവശ്യമാണെന്നും മാർക്കറ്റ് സ്റ്റഡിയും E market സംവിധാനവും കർഷകരുടെ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് സുതാര്യത ഉറപ്പുവരുത്തുവാൻ സഹായിക്കുന്നതാണെന്നും അഭിപ്രായം ഉയർന്നുവന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മാരകവിഷമുള്ള കീടനാശിനികളുടെ വിപണനം തടയാൻ നടപടി

1 (1473) ഡോ. എം. കെ. മുനീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരക വിഷമുള്ള കീടനാശിനികൾ ഉപയോഗിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) കീടനാശിനികൾ അമിതമായ അളവിൽ ഉപയോഗിക്കുന്നത് മനുഷ്യ നാഡീവ്യൂഹത്തെ സാരമായി ബാധിച്ചേക്കുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവല്ലയിൽ നെല്ലിന് കീടനാശിനി തളിച്ച രണ്ടു തൊഴിലാളികൾ മരിക്കാനിടയായ സംഭവത്തിൽ കൃഷി വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) അനധികൃത കീടനാശിനി വിൽപ്പന നടത്തുന്നവരെ കണ്ടെത്തി, മാരക വിഷമുള്ള കീടനാശിനികളുടെ വിപണനം തടയുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നിരോധിച്ച മാരക കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ/ കൃഷി ശാസ്ത്ര ബിരുദധാരികളായ കൃഷി ഓഫീസർമാർ എല്ലാ മാസവും അതത് പ്രദേശത്ത് ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ചുവരുന്നു. നിരോധിത കീടനാശിനികളുടെ വിപണനം തടയുന്നതിന് പ്രാദേശിക / ജില്ലാ/ സംസ്ഥാന തലത്തിൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു. നിരോധിത കീടനാശിനികൾ ഒഴിവാക്കിയാണ് ഉല്പാദന വിപണന ലൈസൻസ് നൽകുന്നത്. നിരോധിത കീടനാശിനികൾ വിറ്റഴിക്കപ്പെടുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ടി ഡിപ്പോകൾക്കെതിരെ കർശന നടപടികളും സ്വീകരിക്കുന്നുണ്ട്.

## ടിഷ്യൂ കൾച്ചർ വാഴത്തൈകൾ

2(1474) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൃഷി ഓഫീസുകൾ വഴി ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓരോ തൈയ്ക്കും എത്ര രൂപയാണ് കർഷകരിൽ നിന്നും ഈടാക്കുന്നത്; വിശദാംശം നൽകുമോ;

(സി) സൗജന്യ നിരക്കിൽ നൽകേണ്ട തൈകൾക്ക് വിവിധ കൃഷി ഓഫീസുകളിൽ 1 രൂപ, 5 രൂപ, എന്നിങ്ങനെ വില ഈടാക്കുന്നതായ സംഭവങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിനും കർഷകരിൽ നിന്നും ഈടാക്കിയ തുക തിരികെ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജില്ലതിരിച്ചുള്ള ടിഷ്യൂകൾച്ചർ വാഴത്തൈകളുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, ജനകീയാസൂത്രണം എന്നീ പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട് |
| 2 | കൊല്ലം | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കുന്ന ഏരിയ എക്സ്പാൻഷൻ ടിഷ്യൂകൾച്ചർ ബനാന സ്കീം എന്ന പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നു. |
| 3 | പത്തനംതിട്ട | ജില്ലയിൽ പന്തളം ഫാം വഴി ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം നടത്തുന്നു. 2018-19 കാലഘട്ടത്തിൽ 31615 ടിഷ്യൂകൾച്ചർ വാഴത്തൈകൾ തയ്യാറാക്കി വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. |

| (1) | (2) | (3) |
|---|---|---|
| 4 | ആലപ്പുഴ | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. |
| 5 | കോട്ടയം | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം സബ്സിഡി നിരക്കിൽ ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തുവരുന്നു. |
| 6 | ഇടുക്കി | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന എം.ഐ.ഡി.എച്ച്. പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴ വിസ്തൃതി വ്യാപനത്തിനായി ഒരു ഹെക്ടറിന് 37,500 രൂപ സബ്സിഡി ഇനത്തിൽ കർഷകർക്ക് നൽകുന്നുണ്ട്. ഈ തൈകൾ യഥാക്രമം സർക്കാർ ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങുന്നത്. കർഷകർക്ക് തൈകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നു. |
| 7 | എറണാകുളം | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ എം.ഐ.ഡി.എച്ച്. പദ്ധതിയിൽ ഏരിയ എക്സ്പാൻഷൻ ടിഷ്യൂകൾച്ചർ ബനാന സ്കീം എന്ന ഘടകത്തിൽ ആർ.ആർ.എസ്., വൈറ്റില, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾ വഴി ടിഷ്യൂകൾച്ചർ വാഴത്തൈകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| 8 | തൃശ്ശൂർ | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. |
| 9 | പാലക്കാട് | ജനകീയാസൂത്രണ പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ സൗജന്യമായും സബ്സിഡി നിരക്കിലും വിതരണം ചെയ്തുവരുന്നു. |

| (1) | (2) | (3) |
|---|---|---|
| 10 | കോഴിക്കോട് | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. |
| 11 | മലപ്പുറം | ജനകീയാസൂത്രണം വഴിയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി വഴിയും കർഷകർക്ക് ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. |
| 12 | വയനാട് | കേരള സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം 65 ഹെക്ടർ സ്ഥലത്തേക്ക് ടിഷ്യുകൾച്ചർ വാഴത്തൈകൾ വി.എഫ്.പി.സി.കെ.-യിൽനിന്നും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 13 | കണ്ണൂർ | 2018-19 ആന്വൽ ആക്ഷൻ പ്ലാൻ പ്രകാരം സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, സ്പെഷ്യൽ പാക്കേജ് പദ്ധതിയിലൂടെ ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |
| 14 | കാസർഗോഡ് | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരവും ജനകീയാസൂത്രണ പദ്ധതി പ്രകാരവും കൃഷി ഭവനുകൾ വഴി ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. |

കൂടാതെ വി.എഫ്.പി.സി.കെ.-യുടെ പാലക്കാട് ജില്ലയിലുള്ള ആലത്തൂർ വിത്ത് സംസ്കരണ ശാലയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ടിഷ്യുകൾച്ചർ ലാബിൽനിന്നും കൃഷിഭവനുകൾക്ക് ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം നടത്തുന്നുണ്ട്.

(ബി) ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ (ബി.എം.എഫ്.സി.) കഴക്കൂട്ടം മുഖേന ടിഷ്യൂകൾച്ചർ ദൃഢീകരിച്ച വാഴത്തൈകൾ ഒന്നിന് 15 രൂപയും ദൃഢീകരിക്കാത്ത വാഴത്തൈ ഒന്നിന് 10 രൂപയും എന്ന സർക്കാർ നിരക്കിലും വി.എഫ്.പി.സി.കെ.-യിൽനിന്നും ടിഷ്യുകൾച്ചർ വാഴത്തൈകൾ ഗ്രാൻഡ് നൈൻ ഇനം 18 രൂപയും നേന്ത്രൻ 20 രൂപയും എന്ന നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(സി) ജനകീയാസൂത്രണ പദ്ധതികളിൽ സബ്സിഡി വിഹിതത്തിൽ നിന്നും അധികമായി വരുന്ന തുക കർഷകരിൽനിന്നും ഈടാക്കുന്നതാണ്. ഒരു തൈയ്യുടെ വില 20 രൂപയാണെങ്കിൽ അതിൽ സബ്സിഡി തുകയായ 15 രൂപ കിഴിച്ച് ബാക്കി വരുന്ന 5 രൂപ കർഷകരിൽനിന്നും ഈടാക്കുന്നുണ്ട്. എന്നാൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കുന്ന എം.ഐ.ഡി.എച്ച്. പദ്ധതി പ്രകാരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ സർക്കാർ ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽനിന്നും വാങ്ങി കർഷകർക്ക് സൗജന്യനിരക്കിൽ ലഭ്യമാക്കുന്നു.

(ഡി) നിയമാനുസൃതമായ നിരക്ക് മാത്രമേ കർഷകരിൽനിന്നും ഈടാക്കുന്നുള്ളൂ. പദ്ധതി വിഹിതം കഴിഞ്ഞുള്ള തുക മാത്രമേ കർഷകരിൽനിന്നും ഗുണഭോക്തൃ വിഹിതമായി സ്വീകരിക്കുന്നുള്ളൂ.

**കർഷകരെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിന് നടപടി**

3(1475) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷിക മേഖല വലിയ തകർച്ചയെ നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ മേഖലയിൽ പ്രളയക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വരുമാന സാദ്ധ്യത പാടെ തകർന്ന കർഷകരുടെ വായ്പയ്ക്ക് ഏർപ്പെടുത്തിയ മൊറോട്ടോറിയം ഒരു ആശ്വാസ നടപടിയാണെന്ന് കരുതുന്നുണ്ടോ;

(സി) കർഷകരുടെ മുഴുവൻ കാർഷിക കടങ്ങളും എഴുതി തള്ളിയും പുനഃസൃഷ്ടിക്കായി പലിശ രഹിത വായ്പ ലഭ്യമാക്കിയും കർഷകരെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1 | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2 | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ) | 326.25 |
| 3 | കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

(ബി) കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വിവിധ തരം വായ്പകളുടെ ജപ്തി നടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചത് ആശ്വാസം നൽകുന്ന നടപടിയാണ്.

(സി) സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രത്യേക യോഗംകൂടി കാർഷിക വായ്പകൾക്ക് മോറട്ടോറിയം, വായ്പകളുടെ പുനഃക്രമീകരണം, അധിക വായ്പ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ വാണിജ്യ/ഷെഡ്യൂൾഡ് ബാങ്കുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകളിലെ കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കാർഷിക കടങ്ങൾ ഉൾപ്പെടെയുള്ള മറ്റ് കടങ്ങൾ വിവിധ ഇളവുകളോടെ തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം 2019 പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി 2018 ഡിസംബർ 1 മുതൽ 2019 ഫെബ്രുവരി 28 വരെയാണ്. കർഷകർ ഉൾപ്പെടെയുള്ള പ്രളയബാധിതർക്ക് കുടുംബശ്രീ അയൽക്കൂട്ട സംവിധാനംവഴി ഒരു ലക്ഷം രൂപ വരെയുള്ള പലിശ രഹിത വായ്പ സഹകരണ ബാങ്കുകൾവഴി നൽകിവരുന്നതായി സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നെൽകൃഷിക്ക് വായ്പ എടുത്തശേഷം കാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കുന്ന പലിശരഹിത വായ്പ പദ്ധതി സംസ്ഥാന സഹകരണ വകുപ്പിലൂടെ നടപ്പിലാക്കിവരുന്നു.

## പെരിന്തൽമണ്ണയിൽ വാട്ടർഷെഡ് നിർമ്മാണം

4(1476) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മുതലപ്പാടം, പുല്ലരിക്കോട്, കാഞ്ഞിരത്തടം, തെയ്യോട്ട് ചിറ പ്രദേശത്തെ കർഷകർക്ക് കാലവർഷ സമയത്ത് വളരെയധികം കൃഷിനാശം ഉണ്ടാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിയ്ക്കുന്നതിന് പുല്ലരിക്കോട് പ്രദേശത്ത് വാട്ടർഷെഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലത്തെ സ്ഥിതി അറിയിക്കാമോ;

(സി) ഈ പ്രദേശത്ത് അടിയന്തരമായി വാട്ടർഷെഡ് നിർമ്മിച്ച് കർഷകർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പുല്ലരിക്കോട് പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ഫീൽഡ്തല പരിശോധനയും സാധ്യതാ പഠനവും നടന്നുവരുന്നു.

## കാർഷികവൃത്തിയെക്കുറിച്ച് ശാസ്ത്രീയ അറിവുകൾ നൽകാൻ നടപടി

5 (1477) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യവിളകളിൽ അശാസ്ത്രീയ കീടനാശിനി പ്രയോഗവും, രാസവളപ്രയോഗങ്ങളും നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കീടനാശിനികളും,രാസവളങ്ങളും ശാസ്ത്രീയമായി ഉപയോഗിക്കാൻ കൃഷിവകുപ്പ് കർഷകർക്ക് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ, ഏതെല്ലാം രീതിയിൽ നൽകുന്നു എന്ന് വ്യക്തമാക്കാമോ;

(സി) കൃഷിവകുപ്പ് കർഷകരിലേക്ക് എന്ന പ്രായോഗിക പ്രവർത്തനം കൃഷിവകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് ലഭ്യമാകുന്നില്ല എന്ന കർഷകരുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) കർഷകർക്ക് കാർഷികവൃത്തിയെ സംബന്ധിച്ച് ശാസ്ത്രീയ അറിവുകൾ നൽകുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷിഭവനുകൾ മുഖേന വിവിധ പരിശീലന പരിപാടികൾ, കൃഷിയിട സന്ദർശനങ്ങൾ, ലഘുലേഖകൾ, ബുള്ളറ്റിനുകൾ, സമൂഹമാധ്യമങ്ങൾ തുടങ്ങിയവയിലൂടെ കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കാൻ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- കൃഷി ഓഫീസർമാരുടെ ശിപാർശയോടെ അംഗീകൃത ഡിപ്പോകളിൽനിന്നും കീടനാശിനി വാങ്ങാൻ കർഷകർ ശ്രദ്ധിക്കുക.
- ക്യാഷ് ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുക.
- അംഗീകൃത ഡിപ്പോകളിലൂടെയല്ലാതെ കമ്പനികളോ, വിതരണക്കാരോ, ഇടനിലക്കാരോ നേരിട്ട് കീടനാശിനികൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൃഷി ഓഫീസറെ ഉടനടി വിവരം അറിയിക്കുക.
- കാലാവധി കഴിഞ്ഞ കീടനാശിനികൾ വാങ്ങരുത്.
- കീടനാശിനി ബോട്ടിലുകൾ/പാക്കറ്റുകളിലെ നിർദ്ദേശങ്ങളും ലഘുലേഖകളും വായിച്ച് ഉള്ളടക്കം മനസ്സിലാക്കുക; സംശയമുണ്ടെങ്കിൽ കൃഷി ഓഫീസറുടെയോ, കൃഷി ഉദ്യോഗസ്ഥരുടേയോ സഹായം തേടുക.
- ലേബലിലോ ലഘുലേഖയിലോ പരാമർശിക്കാത്ത പ്രയോഗ രീതികൾ അനുവർത്തിക്കരുത്.
- വ്യാജ ഉത്പന്നങ്ങൾ വാങ്ങുന്നില്ലെന്ന് ഉറപ്പുവരുത്തുക.
- വ്യാജ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ കൃഷി ഭവനിലും പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കുക.
- ഗുണമേന്മയുള്ള, വിശ്വാസ്യതയുള്ള ഉത്പന്നങ്ങൾ, ലേബൽ/ ലഘുലേഖയിലെ നിർദ്ദേശപ്രകാരം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ അധികാരികളോട് സഹകരിക്കുക.
- ഉപയോഗശേഷം ബാക്കി വന്ന കീടനാശിനി ഉത്പന്നങ്ങൾ സൂക്ഷിച്ചുവയ്ക്കാനും ഉപയോഗം കഴിഞ്ഞവ സുരക്ഷിതമായി ഉപേക്ഷിക്കാനും ശ്രദ്ധിക്കുക.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കർഷകർക്ക് കാർഷികവൃത്തിയെയും കീടനാശിനികളുടെയും രാസവള ങ്ങളുടെയും പ്രയോഗവും സംബന്ധിച്ച് ശാസ്ത്രീയ അറിവുകൾ പ്രചരിപ്പിക്കുന്നതിന് കൃഷി ഭവനുകൾ മുഖേന പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചർച്ചാ ക്ലാസുകളും സെമിനാറുകളും സംഘടി പ്പിക്കുന്നു. ഇവയുടെ ശാസ്ത്രീയ ഉപയോഗം ദൃശ്യ-ശ്രാവ്യ പത്രമാധ്യമങ്ങളിലൂടെ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന പ്രചരിപ്പിക്കുന്നു.

## ഹരിത കേരളം പദ്ധതി

6(1478) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ഇനി എന്തൊക്കെ പദ്ധതി കളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായ സുജലം സുഫലം പദ്ധതിയിലൂടെ 160 ഹെക്ടർ സ്ഥലത്ത് കാസർഗോഡ് ജില്ലയിൽ തരിശ്നില നെൽകൃഷി ചെയ്യുകയും പച്ചക്കറി വികസന പദ്ധതിയിൽ സ്കൂൾ കുട്ടികൾക്ക് 182119 പച്ചക്കറി വിത്ത് പാക്കറ്റുകളും/കശുമാവ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 82813 കശുമാവിൻ തൈകളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനം, ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കൽ, ജൈവ കൃഷി രീതിക്ക് പ്രാമുഖ്യം നൽകൽ തുടങ്ങിയ പദ്ധതികളാണ് ഹരിത കേരള മിഷന്റെ കൃഷി ഉപമിഷനായ സുജലം സുഫലം വഴി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. വരുന്ന വർഷം ജില്ലയിലെ ഓരോ ബ്ലോക്കിലും ചുരുങ്ങിയത് ഒരു ഗ്രാമ പഞ്ചായത്തെങ്കിലും തരിശ് രഹിതമാക്കുക, ഓരോ കൃഷിഭവന്റെയും സേവന പരിധിയിൽ ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും എല്ലാ വീടുകളിലും ഒരു പച്ചക്കറി യെങ്കിലും കൃഷി ചെയ്യുക എന്നീ ക്യാമ്പയിനുകൾ ജനപങ്കാളിത്തത്തോടെ സംഘടി പ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതു കൂടാതെ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ലഭ്യമായ സ്വകാര്യ ഭൂമികൾ, പുറമ്പോക്കുകൾ, സർക്കാർ ഭൂമി (മറ്റു കൃഷിക്ക് അനു യോജ്യമല്ലാത്ത) എന്നിവിടങ്ങളിൽ ചെറുവനങ്ങൾ വച്ചുപിടിപ്പിക്കുക, സുസ്ഥിര വികസന മാതൃകകളായ ഹരിതഭവനങ്ങൾ ഉണ്ടാക്കുക എന്നിവയും നടപ്പിലാ ക്കുവാൻ ലക്ഷ്യമിടുന്നു.

## തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

7(1479) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിഭവനുകളെ ഉപയോഗപ്പെടുത്തി നിലവിൽ എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്.) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി "തേനീച്ച് വളർത്തലിലൂടെ പരാഗണ പിന്തുണ" എന്ന ഘടകം നടപ്പിലാക്കിവരുന്നുണ്ട്. തേനീച്ചപ്പെട്ടികളുടെയും, കോളനികളുടെയും, ഉപകരണങ്ങളുടെയും വിതരണം, തേനീച്ച ബ്രീഡർമാർ വഴി തേനീച്ച കോളനികളുടെ ഉത്പാദനം എന്നിവ പ്രസ്തുത ഘടകം വഴി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തേനീച്ച വളർത്തൽ പ്രവർത്തനങ്ങളുടെ സ്റ്റേറ്റ് ഡസിഗ്നേറ്റഡ് ഏജൻസിയായ (എസ്.ഡി.എ.) ഹോർട്ടികോർപ്പ് മുഖാന്തരമാണ് പ്രസ്തുത പദ്ധതി ഘടകം നടപ്പിലാക്കിവരുന്നത്. പ്രസ്തുത ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിശീലന പരിപാടികൾക്കുള്ള കർഷകരുടെ ലിസ്റ്റ് കൃഷിഭവനുകളിൽ നിന്നാണ് നൽകുന്നത്. ഇങ്ങനെ ശിപാർശ ചെയ്യുന്ന കർഷക ഗ്രൂപ്പുകൾക്കാണ് പരിശീലനം നൽകിവരുന്നത്.

## കാർഷിക യന്ത്രങ്ങളുടെ പരിരക്ഷയും സംരക്ഷണവും ഉറപ്പാക്കുവാൻ പദ്ധതി

8(1480) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക യന്ത്രങ്ങളുടെ പരിരക്ഷയും സംരക്ഷണവും ഉറപ്പാക്കുവാൻ സർക്കാർ സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കർഷകർക്ക് പ്രസ്തുത യന്ത്രങ്ങളുടെ സേവനം യഥാസമയം ലഭ്യമാക്കുവാൻ മൊബൈൽ ആപ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് നേരിടുന്ന കാലതാമസം കർഷകരെ ബുദ്ധിമുട്ടിക്കുന്നുവെന്നതിനാൽ ഇതിനായി കൃഷിവകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കാർഷിക യന്ത്രങ്ങളുടെ പരിരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് വേണ്ടി "കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ'' രൂപീകരിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ മിഷൻ ഡയറക്ടർ ആയിരുന്ന "കാർഷിക യന്ത്രവൽക്കരണ മിഷൻ'' സർവകലാശാലയുടെ മണ്ണുത്തിയിലുള്ള കാർഷിക ഗവേഷണ കേന്ദ്രത്തിലാണ് പ്രവർത്തിച്ചുവരുന്നത്. മിഷന്റെ കീഴിലുള്ള ഒരു പ്രോജക്ട് നിലവിൽ സർവകലാശാല നടത്തിവരുന്നു.

മിഷന്റെ ഭാഗമായി കേരളത്തിൽ ഉടനീളമുള്ള കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മസേനകളുടെയും അധീനതയിലുള്ള മുഴുവൻ കാർഷിക യന്ത്രങ്ങളുടെയും കണക്കെടുപ്പ് പൂർത്തീകരിച്ചു. ഇവയിൽ കേടുപാടുകൾ ഉള്ളവ, അറ്റകുറ്റപ്പണികൾ വേണ്ടുന്ന യന്ത്രങ്ങൾ എന്നിവയുടെ സ്ഥിതി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് "കാർഷിക യന്ത്ര പരിരക്ഷണ കർമ്മ പരിപാടി'' ആരംഭിക്കുന്നുണ്ട്. ജില്ലകൾ തോറും 'ചലിക്കുന്ന കാർഷിക യന്ത്ര അറ്റകുറ്റപ്പണി സംവിധാനം' സജ്ജീകരിച്ച് പ്രവർത്തനം ആരംഭിക്കുകയാണ്. ഈ സംവിധാനത്തിൽ ഒരു കൃഷി എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു വാഹനം, വിദഗ്ധരായ ആറ് മെക്കാനിക്കുകൾ ഉൾപ്പെടുന്ന സഞ്ചരിക്കുന്ന ഒരു യൂണിറ്റായി പ്രവർത്തിച്ച് കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നു.

കാർഷിക സേവന കേന്ദ്രം, കാർഷിക കർമ്മ സേന എന്നിവ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ, പാടശേഖര സമിതികൾ എന്നിവയുടെ കീഴിലുള്ള കാർഷിക യന്ത്രങ്ങളുടെയും കണക്കെടുപ്പ് നടത്തുകയാണ്. സ്ഥിതി വിവരങ്ങൾ ശേഖരിച്ച് ഇവയുടെ കീഴിലുള്ള കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളും ഈ ചലിക്കുന്ന സംവിധാനത്തിലൂടെ നടത്തുന്നതാണ്. ഇതിനു പുറമെ, സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ഐ.സി.എ.ആർ-ന്റെയും സഹായത്തോടെ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററിൽ നിന്നുള്ള ചെറുകിട യന്ത്രങ്ങൾ കർഷകർക്ക് നാമമാത്രമായ വാടകയ്ക്ക് നല്കി വരുന്നു. പ്രസ്തുത യന്ത്രങ്ങളുടെ പരിരക്ഷയും സംരക്ഷണവും വീഴ്ച കൂടാതെ നടത്തുന്നു.

(ബി) കാർഷിക യന്ത്രങ്ങളുടെ സേവനം ലഭ്യമാക്കുവാൻ CHC AGRI MACHINERY എന്ന മൊബൈൽ ആപ്പ് സംവിധാനം National Informatics Centre വികസിപ്പിച്ചിട്ടുണ്ട്. ടി മൊബൈൽ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ ആഭിമുഖ്യത്തിൽ എല്ലാ കാർഷിക പ്രവർത്തന സേവനങ്ങളും ഒരു 'മൊബൈൽ ആപ്പ്'-ലൂടെ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ലക്ഷ്യമിടുന്നു. കർഷകർക്ക് തൊട്ടടുത്തുള്ള കാർഷിക സേവന കേന്ദ്രം, കാർഷിക കർമ്മസേന, കസ്റ്റം ഹയറിംഗ് യൂണിറ്റ്, മറ്റ് ഇതര സ്വകാര്യ വ്യക്തി സംവിധാനങ്ങൾ, സ്വകാര്യ സേവന സംവിധാനങ്ങൾ എന്നിവയിലൂടെ കാർഷിക സേവന പ്രവർത്തനങ്ങൾ ലഭ്യമാക്കുന്ന തരത്തിലാണ് ഇതിന്റെ പ്രവർത്തനം ആവിഷ്ക്കരിക്കുന്നത്. ഇതിനു വേണ്ടുന്ന ഒരുക്കങ്ങൾ നടന്നുവരുന്നു.

(സി) ജില്ലകൾതോറും "കാർഷിക യന്ത്ര കിരൺ" എന്ന പേരിൽ ചലിക്കുന്ന ഒരു കാർഷിക യന്ത്ര അറ്റകുറ്റപ്പണി യൂണിറ്റ് ഉടൻ പ്രവർത്തനം തുടങ്ങുന്നതാണ്. ഒരു കൃഷി എഞ്ചിനീയറുടെ നേതൃത്വത്തിൽ ആറ് പേരടങ്ങുന്ന വിദഗ്ദ്ധ മെക്കാനിക് സംഘം എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടി (ടൂൾസ്, സ്പെയർ പാർട്സ് ഉൾപ്പെടെ) എപ്പോഴും സജ്ജമായിരിക്കും. യന്ത്രങ്ങളുടെ തകരാർ സംബന്ധിച്ച് അറിയിപ്പ് കിട്ടുന്ന മുറയ്ക്ക് ആ സ്ഥലത്ത് ചെന്ന് തകരാർ നന്നാക്കി കൊടുക്കുന്ന രീതിയിലായിരിക്കും ഈ സംവിധാനം. സ്ഥലത്ത് വെച്ച് അറ്റകുറ്റപ്പണികൾ ചെയ്യാൻ പറ്റാത്തതാണെങ്കിൽ ഉടനെ യന്ത്രം വർക്ക്ഷോപ്പിൽ കൊണ്ടുവന്ന് അറ്റകുറ്റപ്പണികൾ ചെയ്യുന്നതായിരിക്കും. ഈ യൂണിറ്റിന്റെ അടിസ്ഥാന കേന്ദ്രം ജില്ലയിലെ കസ്റ്റം ഹയറിംഗ് സെന്റർ ആയിരിക്കും. ഇവിടെ കാർഷിക യന്ത്രങ്ങളുടെ ഒരു കാൽപ്പനിക സ്റ്റോർ (വെർച്വൽ സ്റ്റോർ) ഒരുക്കുന്നതാണ്. കൂടാതെ ചലിക്കുന്ന അറ്റകുറ്റപ്പണി യൂണിറ്റിലൂടെ ITC/ ITI/ B.Tech ബിരുദധാരികൾക്ക് പ്രവൃത്തിപരിചയ പരിശീലനം നൽകുന്നതിനുള്ള ഒരു സംവിധാനം ഒരുക്കുന്നതാണ്. ചലിക്കുന്ന യൂണിറ്റ് ഈ മാസം പ്രവർത്തനമാരംഭിക്കും.

**രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പദ്ധതി**

9(1481) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പദ്ധതി പ്രകാരം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ആർ.കെ.വി.വൈ. പ്രകാരം നടപ്പിലാക്കി യിട്ടുള്ള പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതി പ്രകാരം 297.337 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഹോർട്ടി ക്കൾച്ചർ മിഷൻ-കേരള മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 50 ഹെക്ടറിൽ വാഴയുടെ വിളവിസ്തൃതി വ്യാപനത്തിനായി 13.125 ലക്ഷം രൂപയും 9 ഹെക്ടർ സ്ഥലത്ത് കശുമാവിന്റെ വിളവിസ്തൃതി വ്യാപന ത്തിനായി 1.08 ലക്ഷം രൂപയും ഒരു കൂൺ ഉത്പാദന യൂണിറ്റ് സ്ഥാപിക്കു ന്നതിനായി 0.1125 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ സ്പെഷ്യൽ ഗോവർദ്ധിനി 2017-2018 പദ്ധതി പ്രകാരം 40 കന്നുകുട്ടികൾക്കായി 6,43,800 രൂപയും 50 കന്നുകുട്ടികളുടെ പരിപാലനത്തിനായി 6,80,399 രൂപയും അനുവദിച്ചിട്ടുണ്ട്.

**ഹരിത കേരളം പദ്ധതി**

10(1482) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഹരിത കേരളം സുജസം സുഫലം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | ഭൗതിക നേട്ടങ്ങൾ |
|---|---|---|
| (1) | (2) | (3) |
| 1 | തരിശുനില നെൽകൃഷി | 118 ഹെക്ടർ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) |
|---|---|---|
| 2 | തരിശുനില പച്ചക്കറി കൃഷി | 3.7 ഹെക്ടർ |
| 3 | ഗ്രോബാഗ് വിതരണം | 160 എണ്ണം |
| 4 | പച്ചക്കറിത്തൈ  വിതരണം | 198120 എണ്ണം |
| 5 | പച്ചക്കറികൃഷി കൂലി ചെലവ് | 27 ഹെക്ടർ |
| 6 | കമ്പോസ്റ്റ് പിറ്റ് | 3 എണ്ണം |
| 7 | നെൽകൃഷി ഉഴവ് കൂലി | 1915 ഹെക്ടർ |
| 8 | പച്ചക്കറി വിത്ത് വിതരണം | 22861 കിറ്റുകൾ |
| 9 | കേരഗ്രാമം പദ്ധതി | 250 ഹെക്ടർ |
| 10 | PKVY (പരമ്പരാഗത കൃഷി വികാസ് യോജന) | 20 ഹെക്ടർ |
| 11 | തെങ്ങിന് ജൈവവള വിതരണം | 12500 തെങ്ങുകൾ |
| 12 | ഔഷധ സസ്യ വിതരണം | 570 എണ്ണം |
| 13 | വൃക്ഷത്തൈ വിതരണം | 35400 എണ്ണം |
| 14 | ചാണകം പൊടിച്ചുനൽകുന്ന യന്ത്രം (എരിമയൂർ) | 3 യൂണിറ്റ് |

ഇവ കൂടാതെ ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി പഞ്ചായത്തുകളിൽ 'നിറ' പദ്ധതി നടപ്പിലാക്കിവരുന്നു.

**പുനർജ്ജനി പദ്ധതിക്കായി ചെലവഴിച്ച തുക**

11(1483) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് നടപ്പാക്കിവരുന്ന 'പുനർജ്ജനി' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ആകെ എത്ര തൈകൾ വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമെന്ന് വിശദമാക്കാമോ;

(ഡി) പുനർജ്ജനി പദ്ധതിക്ക് വേണ്ടി ആകെ എത്ര തുക നീക്കിവെച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി 'പുനർജ്ജനി' എന്ന പേരിൽ വിവിധ പ്രവർത്തനങ്ങളാണ് കൃഷിവകുപ്പ് നടത്തിവരുന്നത്. പ്രളയാനന്തരം അടിയന്തരമായി അനുവർത്തിക്കേണ്ട കാർഷിക മുറകളെക്കുറിച്ച് കർഷകർക്ക് ബോധവത്കരണം നടത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിൽ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ക്ലാസ്സുകളും സെമിനാറുകളും പ്രായോഗിക പ്രദർശനങ്ങളും സംഘടിപ്പിച്ചു.

മണ്ണും ചെളിയും അടിഞ്ഞുകൂടിയ പാടശേഖരങ്ങൾ വൃത്തിയാക്കി മണ്ണ് നീക്കംചെയ്ത് കൃഷിയോഗ്യമാക്കി. തോടുകൾ വൃത്തിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചു. പ്രളയാനന്തരം മണ്ണിലുണ്ടായ മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് മണ്ണ് പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച് അതനുസരിച്ച് മണ്ണിലുപയോഗിക്കേണ്ട കുമ്മായ വസ്തുക്കളുടെയും വളങ്ങളുടെയും വിവരം കർഷകർക്ക് നൽകി. കീടരോഗ നിയന്ത്രണത്തിനാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും അവ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതിനുമുള്ള ചെലവ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെ നൽകി. കൃഷിഭവൻ തലത്തിൽ എലിനശീകരണ ക്യാമ്പയിനുകൾ നടപ്പിലാക്കി. നെൽവിത്ത്, പച്ചക്കറി വിത്തുകൾ, കുരുമുളക് തൈ, വാഴക്കന്ന്, ദീർഘകാല സുഗന്ധവ്യഞ്ജന വിളകൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്യുക, അഗ്രോസർവ്വീസ് സെന്റർ കാർഷിക കർമ്മ സേനാംഗങ്ങളും തൊഴിലുറപ്പ് അംഗങ്ങളും ചേർന്ന് പ്രളയത്തിൽ തകർന്ന കൃഷിയിടങ്ങൾ വീണ്ടും കൃഷിയോഗ്യമാക്കി. കേടുപാട് സംഭവിച്ച യന്ത്രോപകരണങ്ങളും പമ്പ്സെറ്റുകളും റിപ്പയർ ചെയ്തു.

മഹാപ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്കും കൃഷിഭൂമി നഷ്ടമായവർക്കും അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ്

നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടു കൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്കായി 22.19 കോടി രൂപയുടെയും 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകിയിട്ടുണ്ട്.

2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ നിയമത്തിൽ നിയമാനുസൃതമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതാണെന്ന വ്യവസ്ഥയോടെ കൃഷിയിറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി തൻകൊല്ലത്തെ (തൻ സീസൺ) കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിന് നൽകിവരുന്ന അതേ നിരക്കുതന്നെ (പുഞ്ചകൃഷിക്ക് ഏക്കറിന് 1,800 രൂപയും വിരിപ്പ് കൃഷിക്ക് ഏക്കറിന് 1,900 രൂപയും) പാടശേഖര സമിതി/ കർഷകർ സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് 4-9-2018-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) 111/2018/അഗ്രി പ്രകാരം ഉത്തരവായിട്ടുണ്ട്.

കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്തു. ആയതിനാൽ കിലോമീറ്ററിന് 60,000 രൂപ നിരക്കിൽ പാടശേഖര സമിതികൾക്ക് ധനസഹായം നൽകിവരുന്നു. കൂടാതെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കംചെയ്ത് കൃഷിയോഗ്യമാക്കുന്നതിന് ഹെക്ടറിന് 12,200 രൂപയുടെ ആനുകൂല്യം നൽകുന്നു.

കുട്ടനാട്ടിൽ പുഞ്ചകൃഷിക്ക് ആവശ്യമായ നെൽവിത്ത് ഹെക്ടറിന് 125 കി.ഗ്രാം/ ഹെക്ടർ നിരക്കിൽ സൗജന്യമായി വിതരണം ചെയ്തു. പ്രളയത്തെ തുടർന്ന് തകർന്ന മടകളുടെ പുനർനിർമ്മാണം സംബന്ധിച്ച തുടർ പ്രവർത്തനങ്ങളെ ഇ-ടെണ്ടർ/ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കി പാടശേഖര സമിതി വഴി നടപ്പിലാക്കുന്നതിനും ബണ്ട് ബലപ്പെടുത്തുന്നതിനും/ ഉയർത്തുന്നതിനും ഉപയോഗിക്കുന്ന മണ്ണിന്റെ അളവ് 1000 ക്യൂ. മീറ്ററിനുള്ളിൽ വരുന്ന സാഹചര്യത്തിൽ ലെവൽ മെഷർമെന്റില്ലാതെ ടേപ്പ് മെഷർമെന്റ് മുഖേന വാല്യുവേഷൻ നൽകുന്നതിനും പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) വിതരണം ചെയ്ത തൈകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | തൈകളുടെ ഇനം | എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | പച്ചക്കറി വിത്ത് പാക്കറ്റ് | 10 ലക്ഷം |
| | | പച്ചക്കറി തൈകൾ | 3 ലക്ഷം |
| 2 | കൊല്ലം | പച്ചക്കറി തൈകൾ | 3 ലക്ഷം |
| 3 | ആലപ്പുഴ | പച്ചക്കറി വിത്ത് പാക്കറ്റ് | 6 ലക്ഷം (വിതരണം നടന്നു വരുന്നു.) |
| | | പച്ചക്കറി തൈകൾ | 5 ലക്ഷം (വിതരണം നടന്നു വരുന്നു.) |
| 4 | പത്തനംതിട്ട | നടീൽ വസ്തുക്കൾ | 1 ലക്ഷം |
| 5 | കോട്ടയം | പച്ചക്കറി തൈകൾ | 16 ലക്ഷം |
| | | ടിഷ്യുകൾച്ചർ വാഴതൈകൾ | 85000 |
| | | മാവിൻതൈകൾ | 400 |
| | | വേരുപിടിപ്പിച്ച കുരുമുളക് തൈകൾ | 66000 |
| 6 | ഇടുക്കി | ജാതി ഗ്രാഫ്റ്റ് | 1100 |
| | | പ്ലാവ് ഗ്രാഫ്റ്റ് | 1000 |
| | | ടിഷ്യുകൾച്ചർ വാഴതൈകൾ | 2000 |
| | | സങ്കരയിനം പച്ചക്കറി തൈകൾ | 14000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | എറണാകുളം | പച്ചക്കറി തൈകൾ | 2.13 ലക്ഷം |
| 8 | തൃശ്ശൂർ | പച്ചക്കറി തൈകൾ | 7.5 ലക്ഷം |
| 9 | മലപ്പുറം | പച്ചക്കറി തൈകൾ | 8 ലക്ഷം |
| 10 | പാലക്കാട് | പച്ചക്കറി തൈകൾ | 8.3 ലക്ഷം |
| 11 | കോഴിക്കോട് | പച്ചക്കറി തൈകൾ | 4 ലക്ഷം |
| 12 | കണ്ണൂർ | പച്ചക്കറി തൈകൾ | 5.5 ലക്ഷം |
| 13 | വയനാട് | പച്ചക്കറി തൈകൾ | 12 ലക്ഷം |
| | | വാഴ വിത്ത് | 8.75 ലക്ഷം |
| | | പ്ലാവ് തൈകൾ | 750 |
| | | മാവിൻ തൈകൾ | 1200 |
| | | കൊക്കോ തൈകൾ | 37500 |
| 14 | കാസർഗോഡ് | പച്ചക്കറി വിത്ത് പാക്കറ്റ് | 0.506 ലക്ഷം |
| | | പച്ചക്കറി തൈകൾ | 0.894 ലക്ഷം |

(സി) ജനപ്രതിനിധികൾ, കാർഷിക വികസന സമിതി അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, വിവിധ കർഷക സമിതി അംഗങ്ങൾ എന്നിവരിലൂടെയും പത്രദൃശ്യ മാധ്യമങ്ങളിലൂടെയും അറിയിപ്പ് നൽകി അപേക്ഷ സ്വീകരിച്ച് പ്രളയബാധിത പ്രദേശങ്ങളിലെ കർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നു.

(ഡി) മഹാപ്രളയത്തിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപേക്ഷ നൽകിയ 2,38,376 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 67.92 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാന വിഹിതമായി 224610 കർഷകർക്ക് 110.45 കോടി

രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 621.33 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 13775 കർഷകർക്ക് നഷ്ടപരിഹാരമായി 21.58 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങളിന്മേൽ 22.19 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങളിന്മേൽ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം നൽകി. 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകിയിട്ടുണ്ട്. ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

## വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പദ്ധതി

12(1484) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷി പദ്ധതി പ്രകാരം വിദ്യാലയങ്ങളിൽ കൃഷി പ്രോത്സാഹനത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിലേക്ക് വിദ്യാലയങ്ങളെ തെരഞ്ഞെടുത്തത് ആരാണ്; മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുന്ന വിദ്യാലയങ്ങൾക്ക് ഏതെല്ലാം രീതിയിലുള്ള സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ കൊണ്ടോട്ടി ബ്ലോക്കിൽ നിന്ന് തെരഞ്ഞെടുത്ത വിദ്യാലയങ്ങൾ ഏതെല്ലാമാണ്; ഇവിടെ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാം; വിവരങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾവഴിയുള്ള പച്ചക്കറി കൃഷി എന്ന മുഖ്യ ഘടകത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്നുണ്ട്.

വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നൂതന

കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1,000 രൂപ പ്രവർത്തന ചെലവായും നൽകിവരുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ് സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിലും ധനസഹായം നൽകുന്നു. സ്കൂൾ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ കൃഷിചെയ്യുന്നതിന് 10 രൂപ വിലവരുന്ന 42 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

(ബി) വിദ്യാലയങ്ങളെ പച്ചക്കറി കൃഷിക്ക് തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ / കൃഷി ഓഫീസർമാരാണ്. തെരഞ്ഞെടുക്കുന്ന വിദ്യാലയങ്ങളിൽ കൃഷിക്ക് അനുയോജ്യമായ, കുറഞ്ഞത് പത്ത് സെന്റ് സ്ഥലമെങ്കിലും ആവശ്യമാണ്. സ്ഥലപരിമിതിയുള്ള വിദ്യാലയങ്ങളിൽ ഗ്രോബാഗുകളിൽ കൃഷി ചെയ്തുവരുന്നു.

(സി) പദ്ധതിയിൽ ഉൾപ്പെടുന്ന വിദ്യാലയത്തിന് പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന് നാലായിരം രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവൃത്തികൾക്കുമായി ആയിരം രൂപ പ്രവർത്തന ചെലവായും നൽകുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. പച്ചക്കറി കൃഷിക്ക് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ് സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുന്നതിന് പതിനായിരം രൂപ നിരക്കിലും ധനസഹായം നൽകുന്നു.

(ഡി) പദ്ധതി നടപ്പിലാക്കിയ കൊണ്ടോട്ടി ബ്ലോക്കിലെ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | മേൽവിലാസം |
|---|---|---|
| (1) | (2) | (3) |
| 1 | ദേവദാർ യു.പി.എസ്. | മുസ്ലിയാരങ്ങാടി, നെടിയിരിപ്പ് |
| 2 | ജി.യു.പി.എസ്. | ചിറയിൽ, നെടിയിരിപ്പ് |
| 3 | കരുണാഭവൻ സ്കൂൾ | വാഴക്കാട്, കൊണ്ടോട്ടി |

| (1) | (2) | (3) |
|---|---|---|
| 4 | ജി.എം.എൽ.പി.എസ്. | മപ്രം, വാഴക്കാട് |
| 5 | പി.എം.എസ്.എ.എൽ.പി.എസ്. | മുതുപ്പറമ്പ്, മുതുവല്ലൂർ |
| 6 | എ.എം.എൽ.പി.എസ്. | കൊളത്തൂർ, കൊണ്ടോട്ടി |
| 7 | എ.എം.യു.പി.എസ്. | കുമ്മിണിപ്പറമ്പ്, പള്ളിക്കൽ |
| 8 | എൻ.എൻ.എം.എച്ച്.എസ്.എസ്. | ചേലേമ്പ്ര, കൊണ്ടോട്ടി |
| 9 | ജി.എച്ച്.എസ്.എസ്. | കൊട്ടപ്പുറം, കൊണ്ടോട്ടി |
| 10 | ജി.എൽ.പി.എസ്. | കാരാട്, വാഴയൂർ |
| 11 | ഇയ്യതിങ്ങൽ എ.എം.എൽ.പി.എസ്. | പുഞ്ചപ്പാടം, വാഴയൂർ |

പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു :

- കൃഷിക്കാവശ്യമായ ഗ്രോബാഗുകളും അതിലേയ്ക്കുള്ള തൈകളും നൽകി.
- സ്കൂളുകളിലെ ഹരിതസേന ക്ലബ്ബിലെ വിദ്യാർത്ഥികൾക്ക് പരിശീലന പരിപാടികളും നടത്തി.
- ഓരോ ഘട്ടത്തിലും ഫീൽഡ് സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി.
- സ്കൂൾ കുട്ടികൾക്ക് തങ്ങളുടെ വീട്ടിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനായി സൗജന്യമായി പച്ചക്കറി വിത്തുകൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു.
- ജൈവകീടനാശിനി പ്രയോഗിക്കുന്നതിനായി സ്പ്രേയറുകൾ നൽകി.
- കൃഷി ആവശ്യത്തിനുള്ള സാങ്കേതിക സഹായം നൽകി.
- സ്കൂൾ പരിസരത്ത് കൃഷി ചെയ്യുന്നതിന് സബ്സിഡിയും നൽകുന്നുണ്ട്.
- മിംസ് കോളേജ് ഓഫ് നഴ്സിംഗ് പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി നടപ്പിലാക്കി.
- കൊണ്ടോട്ടി ബ്ലോക്ക് പരിധിയിൽ വരുന്ന എൽ.പി., യു.പി., ഹൈസ്കൂൾ, എയ്ഡഡ്, അൺഎയ്ഡഡ് തുടങ്ങിയ 120 വിദ്യാലയങ്ങളിൽ ഹരിത കേരളം പദ്ധതി പ്രകാരം 53350 സീഡ് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

## ജൈവ വൈപ്പിൻ പദ്ധതി

13(1485) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈപ്പിൻ മണ്ഡലത്തിൽ ജൈവ വൈപ്പിൻ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ മണ്ഡലത്തിൽ ജൈവ വൈപ്പിൻ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് NCESS-ന്റെ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് ലഭ്യമായതിന്മേൽ KCZMA-യുടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേക്കായി NCESS മുഖാന്തരം CRZ സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ ഇവ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചെങ്കിലും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പവർ പോയിന്റ് പ്രസന്റേഷൻ നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4-4-2018-ൽ കൃഷി വകുപ്പുമന്ത്രിയുടെ ചേമ്പറിൽ കൂടിയ മീറ്റിംഗിനെ തുടർന്ന് 4-5-2018-ൽ വൈപ്പിൻ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ജില്ലാകളക്ടറുടെ ചേംബറിൽ ഒരു യോഗം ചേർന്നിരുന്നു. ടി മീറ്റിംഗിൽ ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായി വീരം പുഴയുടെ ആഴം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന ഡ്രെഡ്ജിംഗ് മെറ്റിരിയൽ താല്കാലികമായി സൂക്ഷിക്കാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ (CPT) സ്ഥലം സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്മേൽ തുടർ നടപടികൾക്കായി CPT ചെയർമാന് കത്ത് നൽകിയെങ്കിലും ആദ്യം അനുവാദം ലഭിച്ചില്ല. എന്നാൽ ഇക്കാര്യം പുനഃപരിശോധിക്കണമെന്ന് കെ.എൽ.ഡി.സി. അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് കെ.എൽ.ഡി.സി.-യുടെ കത്ത് ഇപ്പോൾ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. 11-12-2018-ൽ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ. ശ്രീ. എസ്. ശർമ്മയുടെ സാന്നിദ്ധ്യത്തിൽ നടന്ന ആലോചനായോഗത്തിൽ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശിച്ചു.

താല്കാലികമായി മണ്ണ് ശേഖരിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മണ്ണ് മാറ്റുന്നതുൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി KCZMA-യുടെ പവർ പോയിന്റ് പ്രസന്റേഷൻ ഉടനടി നടത്തുന്നതാണ്. KCZMA-യുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കാൻ കഴിയും.

## ജൈവ പച്ചക്കറി ബ്രാന്റിൽ വിൽക്കുന്ന പച്ചക്കറികൾ

14(1486) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ പച്ചക്കറി എന്ന ബ്രാന്റിൽ വിൽക്കുന്ന പച്ചക്കറികൾ ജൈവം തന്നെയെന്ന് ഉറപ്പാക്കുന്നതിനുള്ള സർക്കാർ സംവിധാനം എന്താണ്;

(ബി) ഇപ്രകാരം വിൽക്കുന്ന പച്ചക്കറികളിൽ പലതിലും കീടനാശിനിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയതായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) കൃഷി വകുപ്പിന്റെ ഇക്കോ ഷോപ്പുകളിൽക്കൂടി വിൽക്കുന്ന പച്ചക്കറികൾ കീടനാശിനി വിമുക്തമാണെന്ന് ഉറപ്പ് വരുത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിന്റെ അനുബന്ധമായി ദേശീയ ഭക്ഷ്യസുരക്ഷാ അതോറിറ്റി 29-12-2017-ൽ പുറപ്പെടുവിച്ചിട്ടുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ CPB/03/Standards/FSSAI/2016 പ്രകാരമുള്ള ഫുഡ് സേഫ്റ്റി & സ്റ്റാന്റേർഡ്സ് (ഓർഗാനിക് ഫുഡ്സ്) റഗുലേഷൻസ് 2017 പാലിക്കുന്ന ഭക്ഷ്യ വസ്തുക്കൾ മാത്രമേ ജൈവം എന്ന നിർവ്വചനത്തിൽ വരികയുള്ളൂ. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ പച്ചക്കറികളിലെ കീടനാശിനികളുടെ അളവ് കണ്ടെത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) കൃഷി വകുപ്പിന്റെ നേരിട്ടുള്ള ഇക്കോഷോപ്പുകൾ വഴി വിൽക്കുന്ന പച്ചക്കറികളിൽ കീടനാശിനി അവശിഷ്ടാംശം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് ദേശീയ ഭക്ഷ്യ സുരക്ഷാ അതോറിറ്റി 29-12-2017-ൽ ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുവെങ്കിലും ആയത് പ്രാബല്യത്തിൽ വന്നത് 1-7-2018-ൽ മാത്രമാണ്. ഈ റഗുലേഷൻ പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് ജൈവ ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന കേന്ദ്രങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിക്കുകയും തുടർ പരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പരിശോധനാ ഫലം ലഭ്യമാകുന്ന മുറയ്ക്ക് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നിഷ്കർഷിക്കുന്ന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ കർഷകരെ ബോധവൽക്കരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ ഇക്കോഷോപ്പുകളിൽക്കൂടി വിൽക്കുന്ന പച്ചക്കറികൾ കീടനാശിനി വിമുക്തമാണെന്ന് ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പച്ചക്കറി ഗുണനിലവാര പരിശോധന ലബോറട്ടറി

15(1487) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി സാമ്പിൾ എടുത്ത് ലബോറട്ടറിയിൽ പരിശോധിക്കാൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാരെ ജില്ലാതലത്തിൽ നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതേക്കുറിച്ച് ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പടന്ന കാർഷിക കോളേജിൽ പ്രസ്തുത പരിശോധനയ്ക്കായി തയ്യാറാക്കിയ ലബോറട്ടറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കാമോ;

(ഡി) ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമുള്ള കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ പച്ചക്കറി സാമ്പിൾ ശേഖരിക്കാനായി ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇതേക്കുറിച്ച് ആലോചനയുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഇ) ജൈവവളത്തിന്റെ ഗുണനിലവാരം പരിശോധിക്കാനായി ഗുണനിലവാര പരിശോധന ലബോറട്ടറികൾ സ്ഥാപിച്ച് ജൈവപച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകാൻ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) നിലവിൽ നിശ്ചയിച്ചിട്ടില്ല.

(സി) പ്രവർത്തിക്കുന്നുണ്ട്.

(ഡി) നിലവിൽ ചുമതലപ്പെടുത്തിയിട്ടില്ല.

(ഇ) രാസവള ഗുണനിയന്ത്രണ പരിശോധനശാലകളിലും മണ്ണ് പരിശോധനശാലകളിലും ജൈവവളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്. നിലവിലുള്ള സംവിധാനം വിപുലീകരിക്കുന്നതാണ്.

## കീടനാശിനി ഉപയോഗംമൂലമുള്ള വിഷാംശം പരിശോധിക്കാൻ സംവിധാനം

16(1488) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തുന്ന പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനി ഉപയോഗംമൂലമുള്ള വിഷാംശം കണ്ടെത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് വകുപ്പിനുകീഴിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ:

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള പഴം, പച്ചക്കറി എന്നിവ സംസ്ഥാനത്ത് എത്തുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനി ഉപയോഗം മൂലമുള്ള വിഷാംശം കണ്ടെത്താൻ പ്രത്യേകിച്ച് സംവിധാനമില്ല. എന്നാൽ സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് ടു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ 'കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ' കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾവഴി ഇത്തരം അന്യസംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം പഴം, പച്ചക്കറി സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയ്ക്കായി പുതുതായി രണ്ട് ലബോറട്ടറികൾ, ഒന്ന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലും മറ്റൊന്ന് പടന്നക്കാട് കാർഷിക കോളേജിലും സ്ഥാപിച്ച് പരിശോധനയ്ക്ക് ആക്കം കൂട്ടി. ഇത് ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുകയും തൻനിമിത്തം ഇത്തരം അന്യസംസ്ഥാന പഴം-പച്ചക്കറികൾക്ക് ആവശ്യക്കാർ കുറയുകയും ചെയ്തിട്ടുണ്ട്. പരിശോധനാഫലങ്ങൾ സർക്കാർ വെബ്പോർട്ടലിലും കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുകവഴി ജനങ്ങളെ ഈ വിഷയത്തിൽ കൂടുതൽ ബോധവൽക്കരിച്ച് അത്തരം ഉല്പന്നങ്ങൾ നിയന്ത്രിക്കാൻ കഴിയുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാനാതിർത്തികളിലും മറ്റും ഇത്തരം വിഷലിപ്ത പഴം-പച്ചക്കറികളെക്കുറിച്ച് മുന്നറിയിപ്പുനൽകുന്ന ലഘുലേഖകളും പരസ്യങ്ങളും നൽകിയും ഇവയുടെ വരവ് നിയന്ത്രിക്കുന്നുണ്ട്.

## കുറഞ്ഞ ചെലവിൽ കൊയ്ത്ത് യന്ത്രങ്ങൾ

17(1489) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാട്ടിൽ പുഞ്ചകൃഷി വിളവെടുപ്പ് ആരംഭിക്കാനിരിക്കെ ആവശ്യമായ കൊയ്ത്ത് യന്ത്രങ്ങൾ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. കുട്ടനാട് പ്രദേശത്ത് കൃഷി വകുപ്പിന്റെകീഴിൽ ഇരുപത് കോയ്ത്ത് മെതിയെന്ത്രങ്ങളും കെയ്കോയുടെ കൈവശം ഇരുപത്തിരണ്ട് കൊയ്ത്ത് മെതി യന്ത്രങ്ങളും പ്രവർത്തനക്ഷമമായി ഉണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ, കാർഷിക എഞ്ചിനീയറിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ചേർന്ന സമിതിയാണ് കൊയ്ത്ത് യന്ത്രങ്ങൾ കർഷകർക്കായി ലഭ്യമാക്കുന്നത്. നെല്ല് ഗവേഷണ കേന്ദ്രം മങ്കൊമ്പിന്റെ കീഴിലുള്ള കാർഷിക എഞ്ചിനീയറിംഗ് യൂണിറ്റിലെ കൊയ്ത്ത് യന്ത്രം കർഷകർക്ക് കൊയ്യുനവേണ്ടി വാടകയ്ക്ക് നൽകിവരുന്നുണ്ട്.

കൊയ്ത്തിനാവശ്യമായ ബാക്കി യന്ത്രങ്ങൾ പ്രൈവറ്റ് ഏജൻസികൾ വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 18-1-2019-ന് ആലപ്പുഴ ജില്ലയിൽ നടന്ന പുഞ്ചക്കൊയ്ത്ത് മുന്നൊരുക്ക മീറ്റിംഗിൽ ഈ വർഷത്തെ യന്ത്ര വാടക നിരക്ക് യഥാക്രമം കായൽ നിലങ്ങളിൽ 1950 രൂപയായും കര പ്രദേശങ്ങളിൽ 1890 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും പാടശേഖര സമിതികൾ മുഖേന കൊയ്ത്ത് യന്ത്രങ്ങൾ നേരത്തേതന്നെ ബുക്ക് ചെയ്യുന്നുണ്ട്.

## വയനാട് ജില്ലയിൽ നെല്ല് സംഭരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

18(1490) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം വയനാട് ജില്ലയിൽ എത്ര ഹെക്ടറിലാണ് നെൽകൃഷി ചെയ്യുന്നത്; വെളിപ്പെടുത്താമോ;

(ബി) കർഷകർ ഉൽപാദിപ്പിച്ച നെല്ല് സംഭരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(സി) ഉണ്ടെങ്കിൽ നാളിതുവരെ എത്ര നെല്ല് കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ വർഷം വയനാട് ജില്ലയിൽ 7266 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കിവരുന്നു.

(ബി) കർഷകർ ഉൽപ്പാദിപ്പിച്ച നെല്ല് സംഭരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

(സി) ഇതുവരെ 4780 ടൺ നെല്ല് സപ്ലൈകോ കർഷകരിൽനിന്നും സംഭരിച്ചിട്ടുണ്ട്.

**ഓണാട്ടുകര പ്രദേശത്ത് കൃഷിരഹിതമായി കിടക്കുന്ന വയലുകൾ**

19(1491) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണാട്ടുകര പ്രദേശത്ത് വയലുകൾ പലതും കൃഷിരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ഹെക്ടർ സ്ഥലത്താണ് നിലവിൽ കൃഷിയിറക്കുന്നതെന്നും കൃഷിരഹിതമായി കിടക്കുന്ന വയലുകൾ എത്രയെന്നും കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കൃഷിരഹിതമായി കിടക്കുന്ന വയലുകളിൽ നെല്ല്, എള്ള് കൃഷികൾ വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓണാട്ടുകര പ്രദേശത്ത് ആലപ്പുഴ ജില്ലയിൽപ്പെടുന്നതും കൃഷിരഹിതമായി കിടന്നിരുന്നതുമായ 318 ഹെക്ടർ വയലുകളിൽ കൃഷിയിറക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിൽപ്പെടുന്നതും കൃഷിരഹിതമായി കിടന്നിരുന്നതുമായ 1216 ഹെക്ടർ സ്ഥലം കൃഷിചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 646 ഹെക്ടർ സ്ഥലവും കൊല്ലം ജില്ലയിൽ 132 ഹെക്ടർ സ്ഥലവും തരിശായി കിടക്കുന്നുണ്ട്. അവയും കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാന പദ്ധതിപ്രകാരം നടപ്പുവർഷം 250 ഹെക്ടർ സ്ഥലത്ത് എള്ള് കൃഷി നടപ്പിലാക്കി. കൃഷിരഹിതമായി കിടക്കുന്ന വയലുകളിൽ കൃഷിയിറക്കുന്നതിന് ഓണാട്ടുകര വികസന ഏജൻസി മുൻകൈയ്യെടുത്ത് മാവേലിക്കര - തെക്കേക്കര, ചെന്നിത്തല, ചെട്ടികുളങ്ങര, കായംകുളം മുനിസിപ്പാലിറ്റി, വള്ളിക്കുന്നം, പാലമേൽ, പള്ളിപ്പാട് തുടങ്ങിയ കൃഷിഭവൻ പ്രദേശങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു.

## നെല്ലുവില കർഷകർക്ക് ലഭ്യമാക്കൽ

20(1492) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെല്ലുവില കർഷകർക്ക് വേഗം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി സപ്ലൈകോ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പതിനഞ്ച് ബാങ്കുകളുമായി പി.ആർ.എസ്. ലോൺ പദ്ധതി ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംഭരിച്ച നെല്ലിന്റെ വില പി.ആർ.എസ്. ലോൺ ആയി നെല്ല് സംഭരിച്ച് ഒരാഴ്ചയ്ക്കകം കർഷകർക്ക് ലഭിക്കുന്നു. ഈ ലോണിന്റെ തിരിച്ചടവ് പൂർണ്ണമായും നിർവ്വഹിക്കുന്നത് സപ്ലൈകോ ആണ്.

## നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി

21(1493) ശ്രീ. രാജു എബ്രഹാം :
ശ്രീ. സജി ചെറിയാൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോൽസാഹിപ്പിക്കാനായി ഈ സർക്കാർ നടത്തിവന്ന പ്രവർത്തനങ്ങളെ പ്രളയം പിന്നോട്ടടിച്ചതു പരിഹരിക്കാൻ ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ്; കുട്ടനാടൻ പാടശേഖരങ്ങളിലെ കൃഷി പുനരാരംഭിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) കൃഷി സാദ്ധ്യമായ വയലുകൾ തരിശിടുന്നത് അവസാനിപ്പിക്കാനായി നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ; കേന്ദ്ര സർക്കാർ നെൽകൃഷിക്ക് സബ്സിഡി നൽകിവന്നത് നിർത്തലാക്കിയിട്ടുണ്ടോ; സംസ്ഥാന സർക്കാർ ഇതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) നെല്ലുസംഭരണം കാര്യക്ഷമമായി നടത്തുന്നതിനും സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൃഷിവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ഡി) നെൽകൃഷിക്കായി പ്രത്യേക കാർഷിക മേഖലകൾ പ്രഖ്യാപിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കുട്ടനാട്ടിലെ താഴ്ന്ന പ്രദേശങ്ങളായ കൈനകരി, നെടുമുടി, ചമ്പക്കുളം, പുളിങ്കുന്ന് പ്രദേശങ്ങൾ പ്രളയത്തെ തുടർന്ന് പൂർണ്ണമായും വെള്ളത്തിനടിയിലായിരുന്നു. പ്രസ്തുത പഞ്ചായത്തുകളിലെ 204 മോട്ടോറുകൾ റിപ്പയർ ചെയ്യുന്നതിന് 31 ലക്ഷം രൂപ ചെലവഴിച്ചു. യു.എസ്. കമ്പനി, യു.കെ. എന്നിവിടങ്ങളിൽനിന്നും സ്പോൺസർഷിപ്പിലൂടെ ലഭിച്ച പമ്പ്സെറ്റുകൾ ഉപയോഗിച്ച് ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ വെള്ളം വറ്റിച്ചു. കൂടാതെ ആലപ്പുഴ ജില്ലാ കളക്ടറുടെ ദുരിതാശ്വാസ ഫണ്ടുപയോഗിച്ച് ഇരുപത്തേഴ് പമ്പുസെറ്റുകൾ വാങ്ങി കുട്ടിനാടിന്റെ വിവിധ പ്രദേശങ്ങളിൽ വെള്ളം വറ്റിച്ചു. വാട്ടർ അതോറിറ്റിയും രണ്ട് സബ്മേഴ്സിബിൾ പമ്പ്സെറ്റുകൾ ഉപയോഗിച്ച് മടവീണ പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ചു. പ്രളയംമൂലം വെള്ളത്തിനടിയിലായ എ.സി. റോഡിലെ വെള്ളം വറ്റിക്കാൻ 80 എച്ച്.പി.-യുടെ രണ്ട് മോട്ടോറുകൾ ഉപയോഗിച്ചു.

കുട്ടനാട്ടിൽ മടവീഴ്ചയുണ്ടായ ബണ്ടുകൾ നന്നാക്കുന്നതിന് 1.4276 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ഈ തുക ഇരുപത് ശതമാനം അഡ്വാൻസ് ആയി 147 പാടശേഖരങ്ങൾക്ക് നൽകിയിരുന്നു. ബാക്കി തുക എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം നൽകിവരുന്നു. ഇതിനായി 3.5 കോടി രൂപ എസ്.ഡി. ആർ.എഫ്. ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2018 ജൂൺ മാസത്തിൽ മടവീണ പതിനാല് പാടശേഖരങ്ങൾക്ക് 23.11 ലക്ഷം രൂപ മട ധനസഹായമായി നൽകി. കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്യുന്നതിന് കിലോമീറ്ററിന് 60,000 രൂപ നിരക്കിൽ പാടശേഖരസമിതൾക്ക് ധനസഹായം നൽകിവരുന്നു.

പ്രളയത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കംചെയ്ത് കൃഷി യോഗ്യമാക്കുന്നതിന് ഹെക്ടറിന് 12,200 രൂപ പ്രകാരം ധനസഹായം നൽകിവരുന്നു. ഇതിനായി 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അപ്പർ കുട്ടനാട്ടിൽ പ്രളയത്തെ തുടർന്നുണ്ടായ മടവീഴ്ച, പുറം ബണ്ട് ഒലിച്ചു പോകൽ, മോട്ടോർ, പമ്പ്സെറ്റ് എന്നിവയ്ക്ക് സംഭവിച്ച കേടുപാടുകൾ എന്നിവ ഉടൻതന്നെ പരിഹരിക്കുകയും കൃഷി ഇറക്കുവാൻ അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ വകയിൽ കോട്ടയം ജില്ലയിൽ 189.65 ലക്ഷം രൂപ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചു.

കുട്ടനാട്ടിലെ എല്ലാ നെൽകർഷകർക്കും സൗജന്യമായി വിത്ത് നൽകി. സൗജന്യമായി 3612.885 ടൺ നെൽവിത്തും സൗജന്യ നിരക്കിൽ കുമ്മായവും വിതരണം ചെയ്തു. പുഞ്ചകൃഷിക്ക് കുട്ടനാട്ടിലെ എല്ലാ നെൽകർഷകർക്കും ഹെക്ടറിന്

125 കിലോഗ്രാം നെൽവിത്ത് സൗജന്യമായി നൽകി. ഇപ്രകാരം പ്രളയത്തിന് ശേഷം കുട്ടനാട്ടിൽ 49000 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കിയിട്ടുണ്ട്. ഇതിൽ 14000 ഹെക്ടർ പുതിയതായി കൃഷി ഇറക്കിയതാണ്. മഹാപ്രളയത്തെത്തുടർന്ന് വൻതോതിൽ ഫലഭൂയിഷ്ഠമായ എക്കൽ വന്നടിഞ്ഞതിനെത്തുടർന്ന് കാര്യമായ വളപ്രയോഗമോ മറ്റോ കൂടാതെതന്നെ വളരെ മികച്ച വിളവ് ലഭിക്കുന്നുവെന്നാണ് കർഷകർ സാക്ഷ്യപ്പെടുത്തുന്നത്. പതിനഞ്ച് ലക്ഷത്തിനുമേലുള്ള നിർമ്മാണ പ്രവൃത്തികൾ ഇ-ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കി. വിളവെടുപ്പിനുമുമ്പ് പ്രളയത്തിൽ നെൽകൃഷി നശിച്ച പാടശേഖരങ്ങൾക്കും പമ്പിംഗ് സബ്സിഡി നൽകി. കൂടാതെ തുടർച്ചയായി രണ്ടുതവണ കൃഷി ചെയ്തില്ലെന്ന കാരണത്താൽ പമ്പിംഗ് സബ്സിഡി നിഷേധിക്കാൻ പാടില്ലെന്നും നിർദ്ദേശം നൽകി. 4-9-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 111/2018/അഗ്രി പ്രകാരം തൻകൊല്ലത്തെ കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം സംസ്ഥാന സർക്കാർ ആനുകൂല്യം നൽകിവരുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നു. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ്.

നെൽകൃഷി വികസനത്തിന് കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന സബ്സിഡി നിറുത്തലാക്കിയിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" (Productivity Improvement of Rice in Kerala) പ്രകാരം ഹെക്ടറിന് 4,500 രൂപയുടെ ആനുകൂല്യം സംസ്ഥാനത്തെ നെൽക്കർഷകർക്ക് നൽകുന്നു. ഈ ആനുകൂല്യം നടപ്പ് സാമ്പത്തിക വർഷം ഒരു ലക്ഷം ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്ക് അനുവദിച്ചിട്ടുണ്ട്.

(സി) സപ്ലൈകോ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ വില സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പതിനഞ്ച് ബാങ്കുകളുമായി പി.ആർ.എസ്. ലോൺ പദ്ധതി ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംഭരിച്ച നെല്ലിന്റെ വില പി.ആർ.എസ്. ലോൺ ആയി നെല്ല് സംഭരിച്ച് ഒരു ആഴ്ചയ്ക്കകം കർഷകർക്ക് ലഭിക്കുന്നു. ഈ ലോണിന്റെ തിരിച്ചടവ് പൂർണ്ണമായും നിർവ്വഹിക്കുന്നത് സപ്ലൈകോ ആണ്.

(ഡി) സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുവാനുമാണ് പ്രത്യേക കാർഷിക മേഖല പദ്ധതിപ്രകാരം ലക്ഷ്യമിട്ടിട്ടുള്ളത്. നെൽകൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കൈപ്പാട് എന്നിവയാണ്.

നെൽകൃഷിക്കായി പ്രഖ്യാപിച്ച പ്രത്യേക ഏഴ് കാർഷിക മേഖലകളിൽ ആറ് മേഖലകൾക്ക് ചുവടെപ്പറയും പ്രകാരം അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ മേഖലയിലും വിഭാവന ചെയ്യുന്ന പ്രവർത്തനങ്ങളും അവയ്ക്കായി വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു :

1. കുട്ടനാട് മേഖലയിൽ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് 101 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

2. കോൾ മേഖലയ്ക്ക് പെട്ടിയും പറയും മാറ്റി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 299.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ കോൾ മേഖലയിലെ പെട്ടിയും പറയും മാറ്റി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനായി 1,63,16,000 രൂപയുടെ പർച്ചേസ് സാങ്ഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രോപ്പോസൽ പരിശോധിച്ചുവരുന്നു. മലപ്പുറം കോൾ മേഖലയിൽ പമ്പുസെറ്റ്, മോട്ടോർ, വിന്നോവർ എന്നിവ വാങ്ങുന്നതിലേയ്ക്ക് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

3. പൊക്കാളി മേഖലയ്ക്ക് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 44.31 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എറണാകുളം പൊക്കാളി മേഖലയിൽ രണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാലെണ്ണം നടന്നു വരുന്നു. മറ്റ് നാല് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ കൈക്കൊണ്ടു. തൃശ്ശൂർ പൊക്കാളി മേഖലയിലെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

4. പാലക്കാട് മേഖലയ്ക്ക് ജൈവകൃഷി, ജൈവ ബിരിയാണി അരിയുടെ ബ്രാന്റിംഗ്, കാർഷിക കർമ്മസേന ശക്തിപ്പെടുത്തൽ, അഗ്രോ സർവ്വീസ് സെന്ററിന് യന്ത്രോപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 60.82 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. വയനാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പരമ്പരാഗതമായി കൃഷി ചെയ്യുന്ന തനത് വിത്തിനങ്ങളുടെ സംരക്ഷണവും വർദ്ധനവും എന്നിവയ്ക്കായി 115 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വയനാട് മേഖലയിൽ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പുരോഗമിക്കുന്നു.

6. കൈപ്പാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 32.9 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**നെൽകൃഷിയിലെ വർദ്ധനവ്**

22(1494) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയുടെ വിസ്തൃതി എത്ര ഹെക്ടർ ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മുൻവർഷത്തേക്കാൾ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കൈപ്പാട് കൃഷി, കര നെൽകൃഷി, കോൾ നിലകൃഷി എന്നിവ എത്ര വിസ്തൃതിയിലാണ് ചെയ്തുവരുന്നതെന്ന വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18 വർഷാന്ത്യത്തോടെ അത് 220449 ഹെക്ടർ ആയി വർദ്ധിച്ചു.

(ബി) 2015-16 സാമ്പത്തിക വർഷം നിലവിലുണ്ടായിരുന്ന നെൽകൃഷി വിസ്തൃതിയേക്കാൾ 11.97 ശതമാനത്തിന്റെ വർദ്ധനവാണ് 2017-18 വർഷത്തിൽ ഉണ്ടായിട്ടുള്ളത്.

(സി) കോഴിക്കോട് ജില്ലയിൽ 3 ഹെക്ടറും കണ്ണൂർ ജില്ലയിൽ 192.73 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 5 ഹെക്ടറും ചേർന്ന് 200.73 ഹെക്ടർ സ്ഥലത്താണ് കൈപ്പാട് കൃഷി ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 2071.04 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 1749.5 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 12000 ഹെക്ടറും കോൾ കൃഷി ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 'ഓപ്പറേഷൻ കോൾ ഡബിൾ' എന്ന പേരിൽ 2975 ഹെക്ടർ കോൾ നിലത്ത് രണ്ടാം കൃഷി ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടനാട്ടിലെ നിലങ്ങളിലെ അമ്ലവർദ്ധനവ്**

23(1495) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാട്ടിലെ നിലങ്ങളിൽ അമ്ലത വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അവസ്ഥയിൽ നെൽച്ചെടികൾക്കുണ്ടാകുന്ന രോഗങ്ങളിൽനിന്നും അവയെ മുക്തമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷി നാശം നേരിട്ടുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിള പരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ 14-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 930/2018/കൃഷി പ്രകാരം നിയമിച്ചിരുന്നു. ഇപ്രകാരം കുട്ടനാട് മേഖല സന്ദർശിച്ച് കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ കുട്ടനാട് മേഖലയിൽ പഠനസമയത്ത് കിട്ടിയ മണ്ണ് പരിശോധനാ ഫലം അനുസരിച്ച് അമ്ലതയും ലവണാംശവും നെൽകൃഷിക്ക് യോജിച്ച അളവിലാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പുഞ്ചകൃഷി ചെയ്യുന്നതിനായി വെള്ളം വാർത്തുകളഞ്ഞ് നിലമൊരുക്കുമ്പോൾ മണ്ണിൽ വായു സഞ്ചാരം മെച്ചപ്പെടുത്തുന്നതിന്റെയും മൂലകങ്ങൾ തമ്മിൽ പ്രതിപ്രവർത്തനം നടക്കുന്നതിന്റെയും ഫലമായി പഠനസമയത്ത് കാണുന്ന അളവിൽനിന്നും മൂലകങ്ങളുടെ ലഭ്യതയിൽ കാര്യമായ വ്യത്യാസം സംഭവിക്കാൻ സാധ്യതയേറെയാണ്. മണ്ണിന്റെ അമ്ലരസം വർദ്ധിക്കുംതോറും ചെടികൾക്കാവശ്യമായ മൂലകങ്ങൾ വലിച്ചെടുക്കാനാവാതെ വരുന്നു. അതുകൊണ്ട് വിതയ്ക്കുന്നതിനുമുമ്പായി ഓരോ പാടശേഖരത്തിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി അമ്ലത കൂടിയ പാടങ്ങളിൽ ക്ഷാരഗുണം വർദ്ധിപ്പിക്കുന്നതിനായി കുമ്മായ വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ട്.

## നെൽകൃഷിയുടെ പുരോഗതിക്കും വ്യാപനത്തിനുമായി പദ്ധതികൾ

24(1496) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിയുടെ പുരോഗതിക്കും വ്യാപനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നെൽകർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമത്തിനായി കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വ്യക്തമാക്കാമോ;

(സി) ജൈവ കീടനാശിനികളുടെയും ജൈവ വളങ്ങളുടെയും നിർമ്മാണവും ഉപയോഗവും സംബന്ധിച്ച് നെൽകർഷകർക്ക് മതിയായ അറിവ് നൽകുന്നതിന് നിലവിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നെല്ലുല്പാദന രംഗത്ത് രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം സംബന്ധിച്ച് കൃഷി വകുപ്പിന്റെ നിലപാട് എന്താണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയാണ് സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തീർണ്ണത്തിലും ഉല്പാദനത്തിലും വർദ്ധനവുണ്ടാക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുള്ളത്. ഇതിനുപുറമെ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, RAD NMSA, പ്രാധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ.കെ.വി.വൈ. എന്നീ പദ്ധതികളും സംസ്ഥാനത്തെ നെൽകൃഷിയുടെ അഭിവൃദ്ധിക്കായി നടപ്പാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(എ) സംസ്ഥാനാവിഷ്കൃത പദ്ധതി - നെൽകൃഷി വികസനപദ്ധതി

ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ പറയും പ്രകാരമാണ് :

സുസ്ഥിര നെൽകൃഷി

2018-19 സാമ്പത്തിക വർഷം സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 5,500 രൂപ സബ്സിഡി നിരക്കിൽ 6,000 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പുസാമ്പത്തിക വർഷം 1.98 ലക്ഷം ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പത്ത് നെൽകൃഷി വികസന ഏജൻസികൾക്കായി നൂറ്റിയമ്പത് ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

(ഓണാട്ടുകര വികസന ഏജൻസി, തുറവൂർ കരിനില വികസന ഏജൻസി, പുറക്കാട് നെൽകൃഷി വികസന ഏജൻസി, കുട്ടനാട് നെൽകൃഷി വികസന ഏജൻസി, തൃശ്ശൂർ-പൊന്നാനി കോൾ വികസന ഏജൻസി, കൈപ്പാട് നെൽകൃഷി വികസന ഏജൻസി, പാലക്കാട് നെൽകൃഷി വികസന ഏജൻസി, വയനാട് നെൽകൃഷി വികസന ഏജൻസി, പൊക്കാളി നെൽകൃഷി വികസന ഏജൻസി, വൈക്കം കരിനില വികസന ഏജൻസി)

## സവിശേഷ നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം

സവിശേഷ നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 800 ഹെക്ടറിന് (ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ) എൺപത് ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

## പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കുന്നു.

## കരനെൽകൃഷി വികസനം

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2683.82 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 13600 രൂപ സബ്സിഡി നൽകുന്നതിനും കരനെൽകൃഷി പാടശേഖര സമിതി രജിസ്ട്രേഷനുമായി ആകെ 375 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## തരിശുനില കൃഷി

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കിക്കൊണ്ട് വരുന്നതിനുവേണ്ടി തരിശുനില നെൽകൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിന് ഒന്നാം വർഷത്തെ കൃഷിക്ക് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം

4,500 രൂപയും നൽകുന്നു. ഈ ഇനത്തിൽ 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2878 ഹെക്ടർ തരിശുനിലത്തിൽ പുതുതായി നെൽകൃഷി പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കൽ

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ 1600 ഹെക്ടറിന് ധനസഹായം നൽകുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 160 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പദ്ധതിയധിഷ്ഠിത ധനസഹായം

നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം

2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസ സ്ഥാപനങ്ങളും, നെൽകൃഷിയും തൊഴിലും, നെൽകൃഷിയും യുവജനവും, നെൽകൃഷിയിലെ നൂതന വിദ്യകൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും വിനോദ സഞ്ചാരവും, നെൽകൃഷിയും കായിക മേഖലയും, നെൽകൃഷിയും ആയുർവ്വേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയാണ് ഈ ഘടകത്തിന്റെ പ്രധാന ലക്ഷ്യം. ആയതിലേക്ക് നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതുകൂടാതെ നെൽകൃഷി അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കൈപ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിച്ച് അതിൽപ്പെടുത്തി

പ്രാദേശികാടിസ്ഥാനത്തിൽ നെൽകൃഷിയുടെ അഭിവൃദ്ധിക്കായുള്ള അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കും പ്രത്യേക ഇടപെടലുകൾക്കും ഭരണാനുമതി നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നോൺ പ്ലാൻ (NP) പദ്ധതികളും നടപ്പിലാക്കിവരുന്നു.

നെൽകൃഷിക്ക് ഉല്പാദന ബോണസ് (നോൺ പ്ലാൻ)

നെൽ കർഷകർക്ക് ഉല്പാദന ബോണസ്സായി ഹെക്ടറിന് 1,000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 1364.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു. ഈ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 3500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി

ഇത് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്നു. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, സസ്യ സംരക്ഷണം, കാർഷിക യന്ത്രവൽക്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്.

2. RAD-NMSA

തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50% സബ്സിഡി (പരമാവധി 10,000 രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുമുള്ള പരിപോഷണ വസ്തുക്കളുടെ പ്രയോഗത്തിനും മണ്ണ്, ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.

3. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന

നെൽകൃഷിക്ക് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണവും ആവശ്യാധിഷ്ഠിതമായ ഉപയോഗത്തിനും ഊന്നൽ നൽകുന്നു.

4. ആർ.കെ.വി.വൈ

ആർ.കെ.വി.വൈ പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകത്തിനായി നടപ്പ് സാമ്പത്തിക വർഷം 4500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള നെൽവിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മ മൂലക വളങ്ങളുടെയും ഉപയോഗത്തിനും സംയോജിത കീട നിയന്ത്രണത്തിനും കാർഷിക യന്ത്രവൽക്കരണത്തിനും ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിന് 4,500 രൂപ ധനസഹായം നൽകുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ കർഷക പെൻഷൻ പദ്ധതി പ്രകാരം അറുപത് വയസ്സ് പൂർത്തിയായ കർഷകർക്ക് 1,100 രൂപ പ്രതിമാസ പെൻഷൻ അനുവദിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ കർഷക തൊഴിലാളി പെൻഷൻ നൽകിവരുന്നു. കർഷക തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും നൽകിവരുന്നു. കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമകാര്യ പ്രവർത്തനങ്ങൾക്കായി കേരള കർഷക ക്ഷേമനിധി രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനുള്ള ബില്ല് കേരള നിയമസഭയിൽ അവതരിപ്പിച്ചു.

(സി) ജൈവ കീടരോഗ നിയന്ത്രണ ഉപാധികളുടെ ഉപയോഗത്തിലൂടെ വിഷാംശമില്ലാത്ത ഭക്ഷ്യവിളകൾ ഉത്പാദിപ്പിക്കുന്നത് സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ,

ബോധവത്കരണ ക്ലാസ്സുകൾ എന്നിവ നടപ്പിലാക്കിവരുന്നു. വിള ആരോഗ്യ പരിപാലന പദ്ധതിയിൻകീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം മറ്റ് ജൈവ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നു. കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേന ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ ഉപയോഗിക്കുന്നതിനുള്ള പ്രോത്സാഹനവും സഹായവും കർഷകർക്ക് നൽകുന്നുണ്ട്. ഇവ കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങളും വിവിധ പദ്ധതികളിലൂടെ നൽകുന്നുണ്ട്. കുട്ടനാട് മേഖലയിൽ ജൈവരീതിയിലുള്ള കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ കൃഷിവകുപ്പിന്റെ കീഴിൽ മങ്കൊമ്പിൽ പ്രവർത്തിക്കുന്ന കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് നൽകുന്നുണ്ട്.

(ഡി) കേരള സംസ്ഥാന ജൈവകാർഷികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാസകീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗം ഘട്ടംഘട്ടമായി കുറച്ചു കൊണ്ടുവന്ന് ജൈവകീടനാശിനികളുടെയും ജൈവനിയന്ത്രണോപാധികളുടെയും ഉപയോഗം വ്യാപകമാക്കുക എന്നതാണ് കൃഷിവകുപ്പിന്റെ നിലപാട്.

കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ മുഖേന ജൈവകീടനാശിനികൾ ഉത്പാദിപ്പിച്ച് കർഷകരുടെ ആവശ്യത്തിനായി നൽകി വരുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോകൺട്രോൾ ലാബ് മുഖേന കീടരോഗ നിയന്ത്രണത്തിനാവശ്യമായ ഉപാധികളായ ട്രൈക്കോഡർമ, സ്യൂഡോമോണസ്, വെർട്ടിസീലിയം, ബ്യൂവേറിയ തുടങ്ങിയവയും പരാദ പ്രാണികളടങ്ങിയ ട്രൈക്കോകാർഡുകളും ഉത്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നു. വിവിധ ജില്ലകളിലെ ഒമ്പത് പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾവഴി ജൈവകീടനാശിനി നിയന്ത്രണ ഉപാധികൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ഇതിനുപുറമെ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾവഴി പരാദ പ്രാണികളെയും ഫിറമോൺ കെണികളും തയ്യാറാക്കി കർഷകർക്ക് നൽകിവരുന്നു. മങ്കൊമ്പിൽ പ്രവർത്തിക്കുന്ന KCPM ജൈവ നിയന്ത്രണോപാധികൾക്ക് പുറമെ വിവിധ ജൈവകീടനാശിനികളും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ജൈവ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജൈവ നിയന്ത്രണോപാധികളുടെ ഉത്പാദനം വർദ്ധിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന്റെയും ഭാഗമായി സംസ്ഥാന ബയോകൺട്രോൾ ലാബിന്റെയും KCPM-ന്റെയും പ്രവർത്തനം വിപുലീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നെൽകൃഷിയിലുണ്ടായ പുരോഗതി

25(1497) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്; പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ വർഷം കൈപ്പാട് മേഖല ഉൾപ്പെടെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കൂടുതലായി കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18 വർഷാന്ത്യത്തോടെ അത് 220449 ഹെക്ടർ ആയി വർദ്ധിച്ചു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 23579 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്യുവാൻ സാധിച്ചു.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി 143.23 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നുണ്ട്.

(സി) ഉണ്ട്. കല്ല്യാശ്ശേരി മണ്ഡലത്തിൽ മുൻവർഷത്തേക്കാൾ 81 ഹെക്ടർ സ്ഥലത്ത് കൂടുതലായി ഈ വർഷം നെൽകൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്.

## നെല്ലുല്പാദനത്തിലെ വർദ്ധനവ്

26(1498) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷിയുടെ വിസ്തൃതി വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്നറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലുൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം സംസ്ഥാനത്ത് 549275 ടൺ അരി ഉല്പാദിപ്പിച്ചിരുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾപ്രകാരം 2017-18 വർഷാന്ത്യത്തോടെ അത് 617260 ടൺ ആയി വർദ്ധിച്ചു. ഉല്പാദനക്ഷമതയുടെ കാര്യത്തിലും വർദ്ധനവാണുണ്ടായത്. 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് 627200 ടൺ അരി ഉൽപാദിപ്പിക്കുമെന്ന് കണക്കാക്കുന്നു.

(ബി) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18 വർഷാന്ത്യത്തോടെ അത് 220449 ഹെക്ടർ ആയി വർദ്ധിച്ചു. 2018-19-ൽ നെൽ കൃഷിയുടെ വിസ്തൃതി 224000 ഹെക്ടർ ആയി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയാണ് സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തീർണ്ണത്തിലും ഉല്പാദനത്തിലും വർദ്ധനവുണ്ടാക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുള്ളത്. ഇതിനുപുറമെ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, RAD-NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, ആർ.കെ.വി.വൈ. എന്നീ പദ്ധതികളും സംസ്ഥാനത്ത് നെൽകൃഷിയുടെ അഭിവൃദ്ധിക്കായി നടപ്പാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. <u>നെൽകൃഷി വികസന പദ്ധതി</u> (സംസ്ഥാനാവിഷ്കൃതം)

   നെൽകൃഷി വികസന പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

   (a) <u>സുസ്ഥിര നെൽകൃഷി വികസനം</u>

   2018-19 സാമ്പത്തിക വർഷം ഈ പദ്ധതി ഘടകപ്രകാരം ഹെക്ടറൊന്നിന് 5,500 രൂപ ഉൽപാദനോപാധികളുടെ ചെലവിനായി ധനസഹായമായി നൽകുന്നു. ഈ ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം ആകെ 6,000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

   മുൻ വർഷങ്ങളിൽ ഉൽപ്പാദനോപാധികളുടെ ചെലവിനായി ഹെക്ടറൊന്നിന് 1,500 രൂപയായിരുന്നു സബ്സിഡി നൽകിയിരുന്നത്.

   (b) <u>നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം</u>.

   നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി പത്ത് നെൽകൃഷി വികസന ഏജൻസികൾക്കായി നൂറ്റിയമ്പത് ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

(c) <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം</u>

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപയും സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

(d) <u>പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിന് ധനസഹായം</u>

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

(e) <u>കരനെൽകൃഷി വികസനം</u>

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2683 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) ആകെ 375 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(f) <u>തരിശുനില കൃഷി</u>

ദീർഘകാലമായി തരിശ് കിടന്നിരുന്ന മുഴവൻ നെൽപ്പാടങ്ങളെയും നെൽകൃഷിയിലേക്ക് മടക്കിക്കൊണ്ടു വരുന്നതിനുവേണ്ടി തരിശുനില നെൽകൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും നൽകുന്നു. ഈ ഇനത്തിൽ 1200 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

(g) <u>ഒരുപ്പൂ കൃഷിയിൽനിന്നും ഇരുപ്പൂ കൃഷിയിലേക്ക്</u>

ഒരുപ്പൂ കൃഷിസ്ഥലങ്ങളിൽ ഇരുപ്പൂ കൃഷി ഇറക്കുന്നതിനായി ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ 1600 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്.

(h) <u>നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് പദ്ധതിയധിഷ്ഠിത ധനസഹായം</u>

നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(i) <u>നെൽകൃഷി മേഖലയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം</u>

2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്കുപുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവ്വേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയാണ് പ്രധാന ലക്ഷ്യം. ആയതിലേക്ക് നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

II. <u>പ്രത്യേക കാർഷിക മേഖല</u>

നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കൈപ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിച്ച് അതിൽപ്പെടുത്തി നെൽകർഷകർക്ക് ഉപയുക്തമാംവിധം പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നതാണ്.

ഇതുകൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കിവരുന്നു.

III. <u>നെൽകൃഷിക്ക് ഉല്പാദന ബോണസ് (നോൺ പ്ലാൻ)</u>

നെൽ കർഷകർക്ക് ഉല്പാദന ബോണസ്സായി ഹെക്ടറിന് 1,000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

IV. <u>കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)</u>

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു.

V. കേന്ദ്രാവിഷ്കൃത പദ്ധതികൾ

കേന്ദ്ര സർക്കാർ നെൽകൃഷിയുടെ വികസനത്തിനായി ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

a. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി

പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷിക യന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുക.

b. RAD-NMSA

തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാന മാക്കിയുള്ള കൃഷി സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50% സബ്സിഡി (പരമാവധി 10,000 രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും മണ്ണിലെ അമ്ലത പരിഹരി ക്കുന്നതിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.

c. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന പ്രകാരം നെൽകൃഷിക്ക് ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്ത നങ്ങൾ നടപ്പാക്കുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ആവശ്യാധിഷ്ഠിതമായ ഉപയോഗത്തിനും ഊന്നൽ നൽകുന്നു.

d. ആർ.കെ.വി.വൈ

പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകത്തിനായി നടപ്പ് സാമ്പത്തിക വർഷം 4,500 ലക്ഷം രൂപയുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിൽ ഈയിനത്തിൽ കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിച്ചിരുന്നില്ല. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പാക്കുന്ന പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കുന്നു. അത്യുല്പാദനശേഷിയുള്ള നെൽവിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലക വളങ്ങളുടെയും ഉപയോഗത്തിനും സംയോജിത

കീട നിയന്ത്രണത്തിനും കാർഷിക യന്ത്രവൽക്കരണത്തിനും ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിന് 4,500 രൂപ ധനസഹായം നൽകും.

(സി) കേന്ദ്രസർക്കാർ നെല്ലിന്റെ അടിസ്ഥാന താങ്ങുവില 15 രൂപ 50 പൈസയിൽനിന്നും 17 രൂപ 50 പൈസയായി ഉയർത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസ് 7 രൂപ 80 പൈസ ഉൾപ്പെടെ 2018-19 സീസൺ മുതൽ കിലോഗ്രാമിന് 25 രൂപ 30 പൈസയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 13-8-2018-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 410/18/ ഭ.പൊ.വി.വ. പ്രകാരമാണ് പുതുക്കിയ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

## മാമം നാളികേര കോംപ്ലക്സ് പ്രവർത്തനം

27(1499) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് പ്രവർത്തനം പുനരാരംഭിക്കലും നവീകരണവും ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുള്ള വിർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റിന്റെ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രയൽ റൺ നടത്തി തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയത് അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മാമം നാളികേര കോംപ്ലക്സിൽ 30 MT പ്രതിദിനശേഷിയുള്ള വെളിച്ചെണ്ണ മില്ല് സ്ഥാപിക്കുന്നതിന് ഇ-ടെണ്ടർ നടപടികളും ആരംഭിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിൽ കേരഗ്രാമം പദ്ധതി

28(1500) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 വർഷം പാലക്കാട് ജില്ലയിൽ 8 കേരഗ്രാമങ്ങളാണ് അനുവദിച്ചിരിക്കുന്നത്. ആയവ രൂപീകരിച്ചിരിക്കുന്ന പഞ്ചായത്തുകളുടെ പട്ടിക ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | കേരഗ്രാമ പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകളുടെ പേരും വിസ്തീർണ്ണവും |
|---|---|
| 1 | പൊറ്റശ്ശേരി (250 ha) |
| 2 | കാരാകുറിശ്ശി (250 ha) |
| 3 | ആലത്തൂർ (160), എരിമയൂർ (90 ha) |
| 4 | മുതലമട (250 ha) |
| 5 | അനങ്ങനടി (250 ha) |
| 6 | കൊപ്പം (250 ha) |
| 7 | പുതുപ്പരിയാരം (100 ha), പുതുശ്ശേരി (150 ha) |
| 8 | അലനല്ലൂർ (250 ha) |

(ബി) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതും നിഷ്കർഷിച്ചിരിക്കുന്ന സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കുന്നതുമാണ്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ ലഭിക്കുന്നു. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

| | |
|---|---|
| (a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ | 35 രൂപ / തെങ്ങ് |
| (b) തൊണ്ട് കുഴിച്ചിടൽ | 50 രൂപ / തെങ്ങ് |
| (c) കുമ്മായം | 9 രൂപ / തെങ്ങ് |
| (d) രാസവളം | 20 രൂപ / തെങ്ങ് |
| (e) മഗ്നീഷ്യം സൾഫേറ്റ് | 3.75 രൂപ/തെങ്ങ് |
| (f) ജൈവവളം | 25 രൂപ / തെങ്ങ് |
| (g) സസ്യ സംരക്ഷണം | 10 രൂപ / തെങ്ങ് |
| (h) ജീവാണു വളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് | 75 രൂപ / തെങ്ങ് |
| (I) രോഗം ബാധിച്ചതും ഉല്പാദന ശേഷി നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് | 1000 രൂപ / തെങ്ങ് |
| (j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് | 60 രൂപ / തെങ്ങ് |
| (k) ഇടവിള കൃഷി | 6000 രൂപ ഹെക്ടറിന് |

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ പരമാവധി അഞ്ച് ലക്ഷം രൂപ.
3. ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ.
4. എട്ട് ജൈവവള ഉല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം.
5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായ ഒരു ലക്ഷം രൂപ, മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റിന് രണ്ട് ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവിനായി 15,000 രൂപ

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

**കേരഗ്രാമം പദ്ധതി**

29(1501) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കേര കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വെങ്കിടങ്ങ് പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതും നിഷ്കർഷിച്ചിരിക്കുന്ന സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കുന്നതുമാണ്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ ലഭിക്കുന്നതാണ്. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു :

| | |
|---|---|
| (a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ | 35 രൂപ തെങ്ങ് |
| (b) തൊണ്ട് കുഴിച്ചിടൽ | 50 രൂപ തെങ്ങ് |
| (c) കുമ്മായം | 9 രൂപ തെങ്ങ് |
| (d) രാസവളം | 20 രൂപ തെങ്ങ് |

| | |
|---|---|
| (e) മഗ്നീഷ്യം സൾഫേറ്റ് | 3.75 രൂപ തെങ്ങ് |
| (f) ജൈവവളം | 25 രൂപ തെങ്ങ് |
| (g) സസ്യ സംരക്ഷണം | 10 രൂപ തെങ്ങ് |
| (h) ജീവാണു വളങ്ങൾ, ജൈവീകനിയന്ത്രണോ-പാധികൾ പ്രയോഗിക്കുന്നതിന് | 75 രൂപ തെങ്ങ് |
| (i)രോഗം ബാധിച്ചതും ഉല്പാദനശേഷി നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് | 1000 രൂപ തെങ്ങ് |
| (j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് | 60 രൂപ തെങ്ങ് |
| (k) ഇടവിള കൃഷി | 6000 രൂപഹെക്ടറിന് |

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ പരമാവധി അഞ്ച് ലക്ഷം രൂപ.
3. ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ
4. എട്ട് ജൈവവള ഉല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം.
5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായ ഒരു ലക്ഷം രൂപ, മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റിന് രണ്ട് ലക്ഷം രൂപ.
6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവിനായി 15,000 രൂപ
7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

(ബി)വെങ്കിടങ്ങ് പഞ്ചായത്തിൽ 250 ഹെക്ടർ കേരകൃഷിയുള്ള പദ്ധതി പ്രദേശത്തെ തെരഞ്ഞെടുത്ത കർഷകരുടെ കൃഷിയിടങ്ങളിൽ സംയോജിത വിള പരിപാലന മുറയുടെ ഭാഗമായി തെങ്ങുകളുടെ തടം തുറപ്പിക്കുകയുണ്ടായി. തുടർന്ന്

തെങ്ങിന് ജൈവവളം, വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തെങ്ങിൻ തോപ്പുകളിൽ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചേന, ചേമ്പ്, മഞ്ഞൾ തുടങ്ങിയ നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയുണ്ടായി. സ്കീം പ്രകാരമുള്ള മറ്റ് പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

30(1502) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തെങ്ങുകൃഷി ചെയ്യുന്ന കർഷകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. നാളികേര കൃഷിയുടെ വികസനത്തിനും പ്രോത്സാഹനത്തിനും പരിപാലനത്തിനുമായി ചുവടെ ചേർത്തിരിക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളും നാളികേര വികസന ബോർഡ് മുഖേന അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് ആസൂത്രണംചെയ്ത് നടപ്പിലാക്കുന്നു.

കൃഷിവകുപ്പ് പദ്ധതികൾ

1. കേരഗ്രാമം പദ്ധതി
2. അത്യുല്പാദനശേഷിയുള്ള കുറിയ/ഇടത്തരം/സങ്കര ഇനങ്ങളുടെ മാതൃക പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ
3. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി ചേർന്ന് അത്യുല്പാദന ശേഷിയുള്ള തെങ്ങിൻതൈകളുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും കീടരോഗ നിയന്ത്രണം ഫലപ്രദമായി നിയന്ത്രണ വിധേയമാക്കുന്നതിനുമുള്ള പ്രോജക്ട്.
4. ക്യാമ്പെയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ നിയന്ത്രണ പരിപാടി
5. മേൽത്തരം കുറിയ ഇനം തെങ്ങിൻതൈ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിന് കേരസമൃദ്ധി പദ്ധതി

6. കോഴിക്കോട് കേന്ദ്രീകരിച്ച് തെങ്ങിന് പ്രത്യേക കാർഷിക മേഖല.
7. വിള ഇൻഷ്വറൻസ് പദ്ധതി.
8. നാളികേര അഗ്രോപാർക്കുകൾ.
9. തൊഴിൽ ദൗർലഭ്യം പരിഹരിക്കുന്നതിനായി അഗ്രോ സർവ്വീസ് സെന്ററുകളും കാർഷിക കർമ്മ സേനകളും രൂപീകരിച്ചു.
10. തെങ്ങ് അധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി SFAC മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത ധനസഹായം

<u>നാളികേര വികസന ബോർഡ് പദ്ധതികൾ</u>

1. തെങ്ങിന്റെ മാതൃക പ്രദർശന പ്ലോട്ടുകൾ സ്ഥാപിക്കുന്ന പദ്ധതി (LODP)
2. തെങ്ങിന്റെ പുനർനടീലിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പദ്ധതി

(ബി) I. കേരഗ്രാമം പദ്ധതിക്കായുള്ള ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ ലഭിക്കുന്നു. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു :

| | |
|---|---|
| (a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടൽ | 35 രൂപ തെങ്ങ് |
| (b) തൊണ്ട് കുഴിച്ചിടൽ | 50 രൂപ തെങ്ങ് |
| (c) കുമ്മായം | 9 രൂപ തെങ്ങ് |
| (d) രാസവളം | 20 രൂപ തെങ്ങ് |
| (e) മഗ്നീഷ്യം സൾഫേറ്റ് | 3.75 രൂപ തെങ്ങ് |
| (f) ജൈവവളം | 25 രൂപ തെങ്ങ് |
| (g) സസ്യ സംരക്ഷണം | 10 രൂപ തെങ്ങ് |
| (h) ജീവാണു വളങ്ങൾ, ജൈവീകനിയന്ത്രണോ-പാധികൾ പ്രയോഗിക്കുന്നതിന് | 75 രൂപ തെങ്ങ് |

| | |
|---|---|
| (i) രോഗം ബാധിച്ചതും ഉല്പാദന ശേഷി നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് | 1,000 രൂപ തെങ്ങ് |
| (j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് | 60 രൂപ തെങ്ങ് |
| (k) ഇടവിള കൃഷി | 6,000 രൂപ ഹെക്ടറിന് |

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ പരമാവധി അഞ്ച് ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ വിതരണം

4. എട്ട് ജൈവവള ഉല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായ ഒരു ലക്ഷം രൂപ, മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റിന് രണ്ട് ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവിനായി 15,000 രൂപ

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

(II) 50 സെന്റിൽ 35 അത്യുല്പാദന ശേഷിയുള്ള തെങ്ങിൻതൈ നട്ട് കണിക ജലസേചനം സ്ഥാപിച്ച് ഒരുക്കുന്ന മാതൃകാ പ്രദർശന തോട്ടത്തിന് പമ്പ് സെറ്റോടുകൂടി "പ്രൈമറി പ്ലോട്ടിന്" 47,080 രൂപയും പമ്പ്സെറ്റില്ലാത്ത "അഡീഷണൽ പ്ലോട്ടിന്" 38,830 രൂപയും സബ്സിഡി നൽകുന്നു.

(III) നാളികേര വികസന ബോർഡ് മുഖേന അനുവദിച്ച് നൽകിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ തെങ്ങ് പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിന് ഹെക്ടറൊന്നിന് 17,500 രൂപ വീതം രണ്ട് വർഷവും പ്രായാധിക്യവും രോഗകീടബാധയുംമൂലം ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന്

ഒരു തെങ്ങിന് 1,000 രൂപ വച്ച് ഒരു ഹെക്ടറിന് പരമാവധി 32,000 രൂപയും പകരെ ഗുണമേന്മയുള്ള തൈകൾ നടുന്നതിന് 50% നിരക്കിൽ ഒരു തൈക്ക് 40 രൂപയും തെങ്ങിൻ തോട്ടങ്ങളിൽ നിലനിൽക്കുന്ന തെങ്ങുകളുടെ ശാസ്ത്രീയ പുനരുജ്ജീവന പരിപാലന മുറകൾക്കായി 25% നിരക്കിൽ പരമാവധി ഒരു ഹെക്ടറിന് ഓരോ വർഷം 8,750 രൂപ വച്ച് രണ്ട് കൊല്ലത്തേക്ക് ആനുകൂല്യം ലഭിക്കുന്നതാണ്.

(IV) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ള കായ്ഫലമുള്ള തെങ്ങ് നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരമായി 2,000 രൂപയും കായ്ഫലമില്ലാത്തവയ്ക്ക് 400 രൂപയും മൂന്ന് വർഷം വരെ പ്രായമായ തൈ തെങ്ങുകൾക്ക് 200 രൂപയും നഷ്ടപരിഹാര ആനുകൂല്യം ലഭിക്കുന്നതാണ്.

**കേരഫെഡിന്റെ പ്രവർത്തനം**

31(1503) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷമുള്ള കേരഫെഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭൂരിഭാഗം വെളിച്ചെണ്ണകളും മായം കലർന്നതാണെന്ന റിപ്പോർട്ടുകൾ പുറത്തുവരുമ്പോൾ വിശ്വാസയോഗ്യമായ കേര വെളിച്ചെണ്ണയുടെ പ്രചാരണത്തിനും വില്പന വർദ്ധനവിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) നാളികേര കർഷകരിൽ നിന്നും കൃഷി ഭവനുകൾ വഴി നാളികേരം സംഭരിക്കുന്നത് കർഷകർക്ക് പ്രയോജനകരമാകുമോ; കൃഷി ഭവനുകൾ വഴി സംഭരിച്ച നാളികേരത്തിന്റെ കുടിശ്ശിക എല്ലാം കൊടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മൂല്യവർദ്ധനവും ഉല്പന്ന വൈവിധ്യവൽക്കരണവും ലക്ഷ്യമാക്കി കേരഫെഡ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരഫെഡിന്റെ പ്രവർത്തനത്തിൽ എല്ലാ മേഖലകളിലും പുരോഗതി ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പച്ചത്തേങ്ങ സംഭരണത്തിന്റെ ഭാഗമായി കർഷകർക്ക് നൽകാനുണ്ടാ

യിരുന്ന കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുവാൻ സാധിച്ചു. കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ നിലവിലുണ്ടായിരുന്ന സഞ്ചിത നഷ്ടം വളരെ കുറയ്ക്കുവാനും കഴിഞ്ഞു. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കേര ഉല്പന്നങ്ങളുടെ വിപണനത്തിൽ വൻ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ പ്രതീക്ഷിക്കുന്ന വില്പന ലാഭം പത്ത് കോടി രൂപയാണ്. ആർ.കെ.വി.വൈ. പദ്ധതിയിൽ നിന്നുള്ള ധനസഹായം മുഖേന കേരഫെഡിന്റെ നടുവണ്ണൂരിലെയും കരുനാഗപ്പള്ളിയിലെയും ഫാക്ടറികളുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) കേര വെളിച്ചെണ്ണയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിതരണക്കാർ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പുതിയ വിതരണക്കാരെ നിയമിച്ചു കൊണ്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും കേരയുടെ വിപണനം ശക്തമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രയോജനകരമാണ്. കുടിശ്ശിക മുഴുവനും ഇതിനോടകം കൊടുത്തു തീർത്തിട്ടുണ്ട്. കൃഷിഭവനുകൾ വഴിയുള്ള സംഭരണത്തിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർവ്വീസ് സഹകരണ സംഘങ്ങൾവഴി നാളികേരം സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കേരഫെഡ് ഇതിനോടകം കേരജം കേശാമൃത് ഹെർബൽ ഹെയർ ഓയിൽ, കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര മിൽക്ക് പൗഡർ എന്നീ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## റബ്ബർ വിലസ്ഥിരതാ പദ്ധതി

32(1504) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ വിലസ്ഥിരതാ പദ്ധതിയുടെ നാലാം ഘട്ടം ആരംഭിച്ചിട്ടുണ്ടോ; ഈ സർക്കാർ നിലവിൽ വന്നശേഷം പ്രൊഡക്ഷൻ ഇൻസെന്റീവായി എന്ത് തുക കർഷകർക്ക് വിതരണം ചെയ്തു;

(ബി) 2018-19-ൽ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിന് വകയിരുത്തിയ 500 കോടി രൂപയിൽ ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് പറയാമോ?

## ഉത്തരം

(എ) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നാലാം ഘട്ടം 2018 ജൂലൈയിൽ തുടങ്ങി 2019 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 824.61 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി 2018-19 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 500 കോടി രൂപയിൽ ഇതുവരെ 298.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## തുറമുഖങ്ങൾ വഴിയുള്ള റബ്ബർ ഇറക്കുമതി

33(1505) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വാൻസ് ഓതറൈസേഷൻ സ്കീം പ്രകാരം തുറമുഖങ്ങൾ വഴിയുള്ള റബ്ബർ ഇറക്കുമതി മാനദണ്ഡങ്ങളിൽ ഇളവ് നൽകിയ കേന്ദ്ര നടപടി സംസ്ഥാനത്തെ റബ്ബർ കർഷകരെയും സമ്പദ് വ്യവസ്ഥയേയും എപ്രകാരം ബാധിക്കുമെന്ന് കൃഷി വകുപ്പ് കണക്കാക്കിയിട്ടുണ്ടോ;

(ബി) കടത്ത് കൂലി കുറയുമെന്നതിനാൽ വൻകിട ടയർ കമ്പനികൾ കേരളത്തിൽ നിന്നും റബ്ബർ സംഭരിക്കുന്നതിന് പകരം തുറമുഖം വഴിയുള്ള റബ്ബറിനെ കൂടുതൽ ആശ്രയിക്കുന്ന സാഹചര്യമുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിലിടപെട്ട് സംസ്ഥാനത്തെ റബ്ബർ കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഇറക്കുമതിയുടെ ഭൂരിഭാഗവും ചുങ്കം നൽകിയുള്ള ഇറക്കുമതിയാണ്. ഇറക്കുമതിയുടെ 25 മുതൽ 30% വരെയാണ് അഡ്വാൻസ് ഓതറൈസേഷൻ പ്രകാരം സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നത്. എല്ലാ തരത്തിലുള്ള ഇറക്കുമതിയും കർഷകനെ ദോഷകരമായി ബാധിക്കുന്നുണ്ട്.

(ബി) ഇറക്കുമതിക്ക് തുറമുഖ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് ഒരു പരിധിവരെ ആഭ്യന്തര റബ്ബറിനെ ആശ്രയിക്കുവാൻ വ്യവസായികളെ പ്രേരിപ്പിക്കുന്നുണ്ട്.

(സി) സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്നും റബ്ബറിന് സേഫ് ഗാർഡ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ആയതിന് സമ്മർദ്ദം ചെലുത്തുകയും ചെയ്തുവരുന്നു.

**കർഷക ആത്മഹത്യ**

34(1506) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക ആത്മഹത്യ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ; വ്യക്തമാക്കാമോ;

(ബി) കടക്കെണിമൂലം കർഷകർ ആത്മഹത്യ ചെയ്യുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത നടപടികൾ കർഷകരുടെ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് പര്യാപ്തമായിരുന്നുവോ;

(ഡി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിനെ സഹായിക്കാൻ എന്തൊക്കെ ആശ്വാസ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. പ്രളയ ബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ ഓവർ ഡ്യൂ ആയിട്ടില്ലെങ്കിൽ പുനഃക്രമീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിൽനിന്നും 25.30 രൂപ നിരക്കിൽ നെല്ല് സംഭരിച്ചുവരുന്നു. പച്ചക്കറി കൃഷിക്കാരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ.

എന്നീ ഏജൻസികൾ വഴി കർഷകരിൽനിന്നും പച്ചക്കറികൾ നേരിട്ട് സംഭരിക്കുകയും ആറ് കാർഷിക മൊത്ത വ്യാപാര വിപണികളും കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുകയും നാളികേര കർഷകരെ വില യിടിവിൽനിന്നും രക്ഷിക്കുന്നതിനായി കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിച്ചു വരികയും ചെയ്യുന്നു.

60 വയസ്സ് പൂർത്തിയായ ചെറുകിട-നാമമാത്ര കർഷകർക്ക് പദ്ധതി നിബന്ധനകൾ അനുസരിച്ച് പ്രതിമാസം 1,100 രൂപ നിരക്കിൽ കർഷക പെൻഷൻ നൽകിവരുന്നു. പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ആനുകൂല്യവും ഇൻഷ്വറൻസ് പരിരക്ഷയും നൽകി. കർഷകർക്ക് കാർഷിക വായ്പകൾ സുഗമമായി ലഭിക്കുന്നതിന് കിസാൻ ക്രഡിറ്റ് കാർഡ് നൽകിവരുന്നു. ഒരു തവണ വായ്പയെടുക്കുന്ന കർഷകർക്ക് കൃത്യമായി തിരിച്ചടയ്ക്കുകയാണെങ്കിൽ മറ്റു രേഖകളൊന്നും ഹാജരാക്കാതെതന്നെ വീണ്ടും വായ്പ എടുക്കാവുന്നതാണ്.

കേന്ദ്രസർക്കാരിന്റെ ഇന്ററസ്റ്റ് സബ്‍വെൻഷൻ പദ്ധതിയിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പയിന്മേൽ മൂന്ന് ശതമാനം ഇളവ് നൽകുകവഴി കാർഷിക വായ്പകളിന്മേൽ മൊത്തം നാല് ശതമാനം പലിശ മാത്രം ഈടാക്കുന്നു. ജസ്റ്റിസ് ശശിധരൻ നമ്പ്യാർ ചെയർമാനായി പുതിയ കടാശ്വാസ കമ്മീഷൻ രൂപീകരിക്കുകയും അപേക്ഷ നൽകുന്നതിന് സമയം 2019 ഫെബ്രുവരി 28 വരെ അനുവദിക്കുകയും ചെയ്തു.

(സി) ആണ്.

(ഡി) കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ ടി വിഷയം പരിഗണിച്ചിട്ടില്ല.

## കർഷകർ നേരിടുന്ന പ്രതിസന്ധി

35(1507) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളകളുടെ വിലയിടിഞ്ഞതും കൃഷിചെലവ് ക്രമാതീതമായി വർദ്ധിച്ചതും സംസ്ഥാനത്തെ കർഷകരെ കടുത്ത പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കർഷകർക്ക് സബ്സിഡിക്ക് പകരം പണം കൈമാറുവാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നതായി സംസ്ഥാന സർക്കാരിന് അറിവുണ്ടോ;

(ഡി) വളമുൾപ്പെടെയുള്ളവയുടെ എല്ലാ സബ്സിഡി ആനുകൂല്യങ്ങളും പണമായി നൽകുന്നത് സംസ്ഥാനത്തെ കർഷകർക്ക് ഗുണകരമായിരിക്കും എന്ന് വിലയിരുത്തുന്നുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ &ബി) സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിന് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കൽ, കൃഷി വ്യാപനം, ജൈവകൃഷി, കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം, യന്ത്രവത്കരണം, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ്, കർഷക ക്ഷേമം എന്നിവ ലക്ഷ്യംവച്ച് വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ ഓരോ വിളയ്ക്കും അനുയോജ്യമായ പ്രത്യേക കാർഷിക മേഖലകൾ കണ്ടെത്തി വിത്തുമുതൽ വിപണിവരെയുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കി പ്രസ്തുത വിള ശാസ്ത്രീയമായി കൃഷിചെയ്ത് പരമാവധി ഉല്പാദനം കൈവരിക്കുവാനും മെച്ചപ്പെട്ട വിപണന സംവിധാനം നടപ്പിലാക്കി കർഷകർക്ക് പരമാവധി വില നേടിക്കൊടുക്കുവാനും ലക്ഷ്യമിടുന്നു. കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്നതിനും ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ താങ്ങുവില പദ്ധതിപ്രകാരം കിലോയ്ക്ക് 23.50 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നു.

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയാക്കി രജിസ്റ്റർചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന പദ്ധതിയിൽ ഇപ്പോൾ റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക്

സബ്സിഡി ലഭിക്കും. 2016-17-ൽ 500 കോടി രൂപയും 2017-18-ൽ 125 കോടി രൂപയും 2018-19-ൽ 300 കോടി രൂപയും കർഷകർക്കുള്ള സബ്സിഡി വിതരണത്തിനായി നൽകിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ആറ് കാർഷിക മൊത്ത വ്യാപാര വിപണികളും കർഷകർക്ക് ന്യായവില ഉറപ്പാക്കുവാൻ പ്രവർത്തിച്ചു വരുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ ന്യായവിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് വിറ്റഴിക്കുന്നതിനുള്ള സംവിധാനം 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, 240 എ ഗ്രേഡ് ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. വിപണി ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി കേരളത്തിലൊട്ടാകെ 400 ആഴ്ചച്ചന്തകൾ പ്രവർത്തിച്ചുവരുന്നു. സർക്കാർ ഏജൻസിയായ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാനത്തൊട്ടാകെ 283 സ്വാശ്രയ കർഷക സമിതികൾ രൂപീകരിച്ച് വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്നു. ഹോർട്ടികോർപ്പ് ടി സ്ഥാപനത്തിന്റെ സംഭരണ കേന്ദ്രത്തിലൂടെ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകരിൽനിന്നും, കർഷക കൂട്ടായ്മകളിൽനിന്നും, കാർഷിക മൊത്തവ്യാപാര വിപണികളിൽനിന്നും കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. ജൈവകാർഷിക മുറകളും നല്ല കാർഷിക പരിപാലന മുറകളും അവലംബിച്ച് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രത്യേകമായിത്തന്നെ വിറ്റഴിക്കുന്നതിനായി 440 എക്കോഷോപ്പുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കർഷകർക്ക് ഇപ്രകാരം മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്.

(സി) വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വളമുൾപ്പെടെയുള്ള എല്ലാ ഉത്പാദനോപാധികളും സാങ്കേതിക വിഭാഗം ജീവനക്കാരുള്ള കൃഷിഭവൻ മുഖേനയും കൃഷിഭവന്റെ മേൽനോട്ടത്തിലും വിതരണം നടത്തുന്നതാണ് സബ്സിഡി ആനുകൂല്യങ്ങൾ പണമായി നൽകുന്നതിനേക്കാൾ ഫലപ്രദമെന്ന് വിലയിരുത്തുന്നു.

## പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുദ്ധാരണം

36(1508) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിൽ ലോകബാങ്ക് സഹായത്തോടെ നടത്തുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിൽ കൃഷിക്ക് മുൻതൂക്കംനൽകിയുള്ള വികസന പ്രവർത്തനങ്ങളാണോ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) കുട്ടനാട് പാക്കേജിന്റെ ഒന്നാം ഘട്ടത്തിൽ കാർഷികമേഖലയിൽ സംഭവിച്ച പാളിച്ചകൾ പരിശോധിച്ച് അത് ആവർത്തിക്കാതിരിക്കുവാൻ പ്രത്യേക ജാഗ്രത പുലർത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. പ്രളയാനന്തരം അടിയന്തരമായി അനുവർത്തിക്കേണ്ട കാർഷിക മുറകളെക്കുറിച്ച് കർഷകർക്ക് ബോധവത്കരണം നടത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല കൃഷി വിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിൽ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ക്ലാസ്സുകളും സെമിനാറുകളും പ്രായോഗിക പ്രശ്നങ്ങളും സംഘടിപ്പിച്ചു.

വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/ കുമ്മായം പോലുള്ള ഉല്പാദനോപാദികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്കായി 2018-19-ലെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൻകീഴിൽ ഹോർട്ടിക്കൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം

ലഭിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്'-ൽ കാർഷിക മേഖലയുടെ പുനർനിർമ്മാണവും ഉൾപ്പെടുന്നു. 'വിഷൻ ന്യൂ കേരള'-യ്ക്കായി സെക്ടറൽ പ്ലാനുകൾ തയ്യാറാക്കുന്നതിന് പ്രളയാനന്തരം കേരളം നേരിടുന്ന പ്രശ്നങ്ങൾ, ഉദ്ദേശിക്കുന്ന പരിഹാരങ്ങൾ, ഹ്രസ്വകാല ദീർഘകാല അടിസ്ഥാനത്തിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്നിവ തയ്യാറാക്കി വിവിധ ഘടകങ്ങളായി തിരിച്ച് പല ഘട്ടങ്ങളിലായി ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തി പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(സി & ഡി) കുട്ടനാടൻ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കാർഷികോത്പാദന കമ്മീഷണർ കൺവീനറായ കോർ കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രത്യേക പദ്ധതിയുടെ കരട് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കുന്നതിനായി അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കാലവർഷംമൂലം നഷ്ടം നേരിട്ട കർഷക സംഘങ്ങൾക്ക് സഹായം**

37(1509) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശു നിലത്തിൽ നെൽകൃഷിയിറക്കിയ കർഷക കൂട്ടായ്മകൾക്ക് ഈയിടെയുണ്ടായ കനത്ത കാലവർഷംമൂലം നഷ്ടം നേരിട്ടത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാരുടെ നഷ്ടം നികത്തുന്നതിന് നിലവിലെ മാനദണ്ഡങ്ങളിലെ സാങ്കേതികത്വങ്ങൾ ഒഴിവാക്കി സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടോ;

(സി) ഭീമമായ നഷ്ടം നേരിട്ട കർഷക സംഘങ്ങൾ അടുത്ത തവണത്തെ കൃഷിയിറക്കുന്നതിന് വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കർഷകകൂട്ടായ്മകളുടെ നഷ്ടം ഏറ്റെടുത്ത് നികത്തി നൽകുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിക്കുമോ?

## ഉത്തരം

(എ & ബി) ഉണ്ട്. തരിശുനിലത്തിൽ കൃഷിയിറക്കിയതിൽ നഷ്ടം നേരിട്ടത് തിട്ടപ്പെടുത്തുകയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിന് അർഹമായ തുക നിലവിലെ മാനദണ്ഡപ്രകാരം നൽകിയിട്ടുണ്ട്.

(സി) കൃഷി നഷ്ടപ്പെട്ട എല്ലായിടത്തും കൃഷിയിറക്കിയിട്ടുണ്ട്. അടുത്ത തവണ കൃഷിയിറക്കുന്നതിനുള്ള തയ്യാറെടുപ്പ് നടത്തിക്കഴിഞ്ഞു.

(ഡി) പ്രളയംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷിനാശം സംഭവിച്ച പ്രദേശങ്ങളുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തി നഷ്ടപരിഹാരത്തിനുള്ള ധനസഹായം ഹെക്ടറൊന്നിന് 13,500 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, മണ്ണ്, പാറ മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് ഹെക്ടറൊന്നിന് 12,200 രൂപ നിരക്കിലും പമ്പ് സെറ്റ് റിപ്പയറിംഗിനും SDRF വിഹിതത്തിൽനിന്നും ധനസഹായം നൽകുന്നുണ്ട്. കൃഷിനാശം സംഭവിച്ച സ്ഥലത്തിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തി വിത്തിന്റെ അളവ് കണക്കാക്കി പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 5680.85 ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം അടുത്ത സീസണിലേയ്ക്കുള്ള വിത്തും സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് കരുതൽ ശേഖരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പ്രളയം മൂലമുണ്ടായ കൃഷിനാശം

38(1510) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയത്തിൽ ആറന്മുള മണ്ഡലത്തിൽ കൃഷിനാശംമൂലം എത്ര കർഷകർ പ്രളയബാധിതരായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) എത്രത്തോളം കൃഷി പ്രളയത്തിൽ നശിച്ചു എന്നതിന്റെ കണക്കുകൾ ലഭ്യമാണോ; വെളിപ്പെടുത്താമോ;

(സി) എത്ര കർഷകർക്ക് ഇതിനോടകം നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞു എന്നും ഏതൊക്കെ രീതിയിലാണ് കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രളയാനന്തരം നിക്ഷേപിക്കപ്പെട്ടിരിക്കുന്ന മണ്ണിന്റെ ഘടനയും മറ്റ് അനുബന്ധ വിഷയങ്ങളും പഠനവിധേയമാക്കിയിട്ടുണ്ടോ;

(ഇ) വ്യത്യസ്തമായ എന്തെങ്കിലും ഘടകങ്ങൾ മണ്ണിൽ കണ്ടെത്തിയിട്ടുണ്ടോ; നിക്ഷേപിക്കപ്പെട്ട മണ്ണ് കൃഷിക്ക് അനുയോജ്യം തന്നെ എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ഉത്തരം

(എ) ആറന്മുള മണ്ഡലത്തിൽ 2218 കർഷകർ പ്രളയബാധിതരായിട്ടുണ്ട്.

(ബി) 3213 ഹെക്ടർ സ്ഥലത്തുള്ള കൃഷി പ്രളയത്തിൽ നശിച്ചു.

(സി) ഇതുവരെ 1148 കർഷകർക്ക് നഷ്ടപരിഹാരം സംസ്ഥാന വിഹിതമായും കേന്ദ്ര വിഹിതമായും നൽകുകയുണ്ടായി.

(ഡി) ഉണ്ട്. സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിളപരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ നിയമിച്ചിരുന്നു. ഇതിൻപ്രകാരം കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ടീം ലീഡർ ആയിട്ടുള്ള ആറ് ടീമുകൾ രൂപീകരിച്ച് തൃശ്ശൂർ, പാലക്കാട്/ മലപ്പുറം, കോഴിക്കോട്/വയനാട്, എറണാകുളം, ആലപ്പുഴ/കോട്ടയം, ഇടുക്കി എന്നീ ജില്ലകൾ സന്ദർശിച്ച് പ്രളയാനന്തരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മണ്ണിനും പരിസ്ഥിതിക്കും സംഭവിച്ച മാറ്റത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തി വിള പരിപാലനം, വിള സംരക്ഷണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കൽ ഉൾപ്പെടെയുള്ളവ സംബന്ധിച്ച് ശിപാർശകൾ നൽകാൻ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഓരോ ജില്ലയിലും രൂപീകരിച്ച സംഘങ്ങൾ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയ Post Flood Farm Sector Management Protocol പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

(ഇ) പ്രളയാനന്തരം സമതല പ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും നെൽപ്പാടങ്ങളിലും വലിയ തോതിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുഴയോട് ചേർന്നുകിടക്കുന്ന തീരങ്ങളിലെ പാടങ്ങളിൽ ഉൾപ്പെടെ വലിയ തോതിൽ മണലും അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ എക്കൽ പോഷകമൂലകങ്ങളാൽ സമ്പുഷ്ടമാണെങ്കിലും പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ട്. ഘനലോഹങ്ങളുടെയോ കീടനാശിനി അവശിഷ്ടങ്ങളുടെയോ സാന്നിദ്ധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടില്ല. എക്കലിന്റെ അമ്ലത്വം നിർവ്വീര്യാവസ്ഥയിലും അഭികാമ്യമായ നിലയിലുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്കൽ ഒരടിയോളം ഘനത്തിൽ മാത്രമേ അടിഞ്ഞുകൂടിയിട്ടുള്ളൂവെങ്കിൽ നന്നായി ഇളക്കി മണ്ണിനോട് ചേർത്തുകൊടുക്കുന്നത് മണ്ണിന്റെ ഉത്പാദനക്ഷമത കൂട്ടും. കൂടുതൽ ഘനത്തിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്യേണ്ടതാണ്.

## കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം

39(1511) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്തിടെ ഉണ്ടായ വെള്ളപ്പൊക്കത്തിൽ എത്ര ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചു; എത്ര തുകയുടെ നഷ്ടം ഇതുമൂലമുണ്ടായി; ഏതെല്ലാം മേഖലയിലെ കർഷകരെ ഇതു ബാധിച്ചു; വിശദാംശം ലഭ്യമാക്കുമോ ;

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നാളിതുവരെ എന്തെല്ലാം സഹായങ്ങൾ നൽകി; ഇതിനായി എത്ര തുക ചെലവഴിച്ചു ; എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ; വിശദമാക്കാമോ ;

(സി) വെള്ളപ്പൊക്കംമൂലം കൃഷി നാശം സംഭവിച്ച കർഷകർ, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നെടുത്ത കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് അടുത്തിടെ ഉണ്ടായ വെള്ളപ്പൊക്കത്തിൽ 236649.5 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചതിൽ 18545.25 കോടി രൂപയുടെ നഷ്ടം ഉണ്ടായി. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,38,376 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 67.92 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാന വിഹിതമായി 224610 കർഷകർക്ക് 110.45 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളി, മണ്ണ്, പാറ മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും 621.33 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 13775 കർഷകർക്ക് നഷ്ടപരിഹാരമായി 21.58 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമയോജന പ്രകാരം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിലെ 3727 കർഷകർക്കായി 7.04 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രളയബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ സഹകരണ ബാങ്കുകളിൽനിന്നുള്ള കാർഷിക വായ്പകൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കാർഷികാവശ്യത്തിനായി എടുത്ത വിവിധ തരം വായ്പകളിന്മേൽ ജപ്തി നടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

## പ്രളയത്തെ തുടർന്ന് കാർഷികമേഖലയിലുണ്ടായ നാശനഷ്ടങ്ങൾ

40(1512) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്ന് കാർഷികമേഖലയിലുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) നഷ്ടമുണ്ടായ കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ &ബി) ഉണ്ട്. 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2 | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ) | 326.25 |

| (1) | (2) | (3) |
|---|---|---|
| 3 | കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

(സി&ഡി) മഹാപ്രളയത്തിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,38,376 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 67.92 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാന വിഹിതമായി 224610 കർഷകർക്ക് 110.45 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, മണ്ണ്, പാറ മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും 621.33 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 13775 കർഷകർക്ക് നഷ്ടപരിഹാരമായി 21.58 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമയോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിലെ 3727 കർഷകർക്കായി 7.04 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കൃഷിനാശം**

41(1513) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ ചെങ്കൽ, കാരോട്, കുളത്തൂർ, തിരുപുറം, നെയ്യാറ്റിൻകര നഗരസഭ എന്നീ പ്രദേശങ്ങളിൽ ഓരോ സ്ഥലത്തും എത്ര കർഷകർക്കാണ് കൃഷിനാശം സംഭവിച്ചത് എന്ന് വിശദമാക്കാമോ; കൃഷിനാശത്തിന് നൽകേണ്ട ധനസഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; 2019 മാർച്ചിനുമുൻപ് ധനസഹായം നൽകാൻ കഴിയുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| കൃഷിഭവൻ | കർഷകരുടെ എണ്ണം | നൽകേണ്ട തുക |
|---|---|---|
| ചെങ്കൽ | 1280 | 18449991 |
| കാരോട് | 222 | 820587 |
| കുളത്തൂർ | 69 | 2193095 |
| തിരുപുറം | 67 | 1226316 |
| നെയ്യാറ്റിൻകര നഗരസഭ | 781 | 9815067 |

(ബി) ഇതിനകം എസ്.ഡി.ആർ.എഫ്. വിഹിതമായി 91.43 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 1361.45 ലക്ഷം രൂപയും നൽകിക്കഴിഞ്ഞു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ 112.12 ലക്ഷം രൂപയും കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടുതലായി സംസ്ഥാന വിഹിതത്തിൽ 600 ലക്ഷം രൂപയും വിള ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ 239 ലക്ഷം രൂപയും ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പെരിന്തൽമണ്ണയിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള ധനസഹായം

42(1514) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച എല്ലാ കർഷകർക്കും നാളിതുവരെയായിട്ടും മുഴുവൻ ധനസഹായവും വിതരണം ചെയ്തിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇനി എത്ര കർഷകർക്ക്, ആകെ എത്ര രൂപയുടെ ധനസഹായമാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളതെന്ന് അറിയിക്കുമോ; ആയത് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഉത്പാദനക്കുറവ് സംഭവിച്ചതും നാശനഷ്ടമുണ്ടായതുമായ കാർഷിക വിളകൾ മാറ്റി കൃഷിയിറക്കുന്നതിന് പുതിയ വിത്തിനങ്ങളും തൈകളും വിതരണം ചെയ്തിട്ടുണ്ടോ; എല്ലാ കർഷകർക്കും വീണ്ടും കൃഷിയിറക്കുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച 2049 കർഷകർക്കായി എസ്.ഡി.ആർ.എഫ്.-ഫണ്ടിൽനിന്നും 55.24 ലക്ഷം രൂപയും 1323 കർഷകർക്ക് സംസ്ഥാന വിഹിതമായി 2.0317 കോടി രൂപയും വിള ഇൻഷ്വറൻസ് ഇനത്തിൽ 29 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ബി) 400 കർഷകർക്ക് 85,30,171 രൂപ കൂടി വിതരണം ചെയ്യാനുണ്ട്. ഫണ്ട് ലഭ്യമാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പച്ചക്കറി വികസന പദ്ധതി പ്രകാരം 46000 തൈകൾ വിതരണം ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ 300 ഹെക്ടർ വാഴകൃഷി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചതിൽ 60 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പുലാമന്തോൾ പഞ്ചായത്തിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുതിയ വിള ഇറക്കുന്നതിനായി നെൽവിത്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

## കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച

43(1515) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളുടെ വിലതകർച്ച നേരിടുന്ന കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നിലവിൽ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റബറിന്റെ വിലതകർച്ച സ്ഥിരമായി തുടരുന്നതിനാൽ റബ്ബർ കർഷകർക്ക് ആശ്വാസമായി പദ്ധതികൾ എന്തെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്ന കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കുന്നതിന് കൃഷിവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ

തിരുവനന്തപുരം, വയനാട്, കോഴിക്കോട് ജില്ലകളിലായി ആറ് കാർഷിക മൊത്തവ്യാപാര വിപണികൾ പ്രവർത്തിച്ചുവരുന്നു. ടി വിപണികളിൽ ലേല സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ ന്യായവിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് വിറ്റഴിക്കുന്നതിനുള്ള സംവിധാനം മുപ്പത്തിനാല് ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, 240 എ ഗ്രേഡ് ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ നടപ്പിലാക്കിവരുന്നു. വിപണി ശക്തിപ്പെടുത്താൻ പദ്ധതിയുടെ ഭാഗമായി കേരളത്തിലൊട്ടാകെ 400 ആഴ്ച ചന്തകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആഴ്ച ചന്തകളുടെ നടത്തിപ്പിൽ കുടുംബശ്രീ സംവിധാനം ഉൾപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ സർക്കാർ ഏജൻസിയായ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാനത്തൊട്ടാകെ 283 സ്വാശ്രയ കർഷക സമിതികൾ രൂപീകരിച്ച് വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു. ടി വിപണികളിൽ ലേല സംവിധാനത്തിലൂടെയാണ് പഴം, പച്ചക്കറികൾ വിറ്റഴിച്ചുവരുന്നത്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പ് സംഭരണ കേന്ദ്രങ്ങളിലൂടെ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകരിൽനിന്നും കർഷക കൂട്ടായ്മകളിൽനിന്നും കാർഷിക മൊത്തവ്യാപാര വിപണികളിൽനിന്നും കാർഷികോല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. നെല്ലിന് താങ്ങുവില നൽകി സംഭരിച്ചുവരുന്നു.

(ബി) റബ്ബറിന്റെ വിലത്തകർച്ചമൂലം പ്രതിസന്ധിയിലായ റബ്ബർ കർഷകർക്ക് ആശ്വാസമായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി 2015 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. റബ്ബർ ഉല്പാദക സംഘങ്ങളുടെ സഹായത്തോടെയാണ് റബ്ബർ കർഷകരെ തെരഞ്ഞെടുക്കുന്നത്. കർഷകരുടെ രജിസ്ട്രേഷൻ ഓൺലൈനായി ചെയ്തുവരുന്നതും ഇപ്രകാരം രജിസ്റ്റർചെയ്ത കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഇൻസെന്റീവ് തുക ആനുകൂല്യമായി നൽകിവരുന്നതുമാണ്. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിലാണ് നൽകി വരുന്നത്. റബ്ബർ/റബ്ബർ പാൽ/ ഇവ രണ്ടും സബ്സിഡിയ്ക്കായി പരിഗണിച്ചുവരുന്നു. ഒരു വർഷം പരമാവധി 1800 കിലോ ഗ്രാമിനാണ് ആനുകൂല്യം നൽകുന്നത്. അഞ്ച് ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക് സബ്സിഡി നൽകിവരുന്നു. കിലോയ്ക്ക് 150 രൂപയാണ് ഇപ്പോൾ താങ്ങുവിലയായി കണക്കാക്കുന്നത്. കർഷകരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ഇൻസെന്റീവ് തുക, ഇൻസെന്റീവിന് അർഹമായ വിറ്റ തൂക്കം, അർഹമായി അവശേഷിക്കുന്ന തൂക്കം എന്നിവ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. ആയി കർഷകന് നൽകിവരുന്നുണ്ട്.

റബ്ബർ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചുകൊണ്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കൃഷിഡയറക്ടർ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽനിന്നും സബ്സിഡി വിതരണത്തിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതത് അക്കൗണ്ടുകളിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തിവരികയും ചെയ്തുവരുന്നു.

**പൈനാപ്പിൾ കർഷകരുടെ പ്രതിസന്ധി**

44(1516) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൈനാപ്പിളിനുണ്ടായിട്ടുള്ള വലിയ വിലയിടിവ് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാർഷിക മേഖലയായ കോതമംഗലത്തടക്കം ഒരേക്കർ സ്ഥലത്തിന് എൺപതിനായിരത്തിൽ അധികം രൂപ പാട്ടം കൊടുത്ത് പൈനാപ്പിൾ കൃഷി നടത്തുന്ന കർഷകർക്ക് പൈനാപ്പിളിന് കിലോയ്ക്ക് 10 രൂപയിൽ താഴെ മാത്രമേ ലഭിക്കുന്നുള്ളൂ എന്ന പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;

(സി) പൈനാപ്പിൾ കർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി പൈനാപ്പിളിന് താങ്ങുവില നിശ്ചയിച്ച് ഹോർട്ടികോർപ്പടക്കമുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി പൈനാപ്പിൾ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാപാര മേഖലയിൽ വിലക്കുറവുണ്ടെന്നുള്ള വസ്തുത നിലവിലുണ്ട്. എറണാകുളം ജില്ലയിൽ ഏകദേശം 5100 ഹെക്ടർ സ്ഥലത്തുള്ള പൈനാപ്പിൾ കൃഷിയിൽനിന്നും 43350 ടൺ പൈനാപ്പിൾ സംഭരിക്കുന്നുണ്ട്. എന്നാൽ ഉല്പാദിപ്പിക്കുന്ന പൈനാപ്പിൾ പൂർണ്ണമായി വിൽക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ശരാശരി 7 രൂപ മുതൽ 13 രൂപവരെയുള്ള താരതമ്യേന കുറഞ്ഞ വിലയാണ് വിപണിയിൽ ലഭിക്കുന്നത്. ഇത് നിമിത്തം ബാങ്ക് വായ്പ എടുത്ത് കൃഷി നടത്തുന്ന കർഷകർക്ക് അവരുടെ വായ്പ തുക യഥാസമയം തിരിച്ചടയ്ക്കുന്നതിനും പാട്ട കൃഷി നടത്തുന്ന കർഷകർക്ക് പാട്ടത്തുക നൽകാൻ ബുദ്ധിമുട്ട് നേരിടുന്നതായും പൈനാപ്പിൾ കൃഷിയെ മാത്രം ആശ്രയിച്ച ജീവിക്കുന്ന കർഷകർക്ക് വിലയിടിവ് വലിയ പ്രതിസന്ധി ഉണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോതമംഗലം പ്രദേശത്ത് ബ്ലോക്ക് തലത്തിൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ മുഖാന്തരം പൈനാപ്പിൾ സംഭരിക്കുന്നുണ്ട്. മറ്റ് പ്രദേശങ്ങളിലും സംഭരണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഹോർട്ടികോർപ്പ് മുഖാന്തരം വാഴക്കുളത്തും പരിസരപ്രദേശങ്ങളിൽ നിന്നും പൈനാപ്പിൾ സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പൈനാപ്പിളിന്റെ വിലയിടിവിനെ തുടർന്ന് താങ്ങുവില നിശ്ചയിച്ച് വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡിൽ മൂന്ന് ടൺവീതം ഓരോ കർഷകരിൽ നിന്നും ശേഖരിച്ച് ഹോർട്ടികോർപ്പ് മുഖാന്തരം പൈനാപ്പിൾ വിപണനം ചെയ്തുവരുന്നു. A ഗ്രേഡ് പൈനാപ്പിളിന് കിലോയ്ക്ക് 17 രൂപ നൽകിയാണ് ഹോർട്ടികോർപ്പ് പൈനാപ്പിൾ സംഭിരിച്ചുവരുന്നത്. ഇതിനകം 125 ടൺ പൈനാപ്പിൾ സംഭരിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പ് മുഖേന പൈനാപ്പിൾ സംഭരണം ഇപ്പോഴും തുടരുന്നുണ്ട്.

## നാണ്യവിളകളുടെ വിലയിടിവ്

45(1517) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസിയാൻ കരാർ അടക്കമുള്ള അന്തർദ്ദേശീയ കരാറുകളുടെ ഭാഗമായി നാണ്യവിളകൾക്ക് പ്രത്യേകിച്ച് കുരുമുളക്, കാപ്പി എന്നിവയുടെ വിലയിൽ ഇടിവ് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നാണ്യവിളകൾക്കുണ്ടായ വിലയിടിവ് പരിഹരിച്ച് കർഷകർക്ക് ആശ്വാസം നൽകാൻ എന്തെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(സി) ഇനി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാണ്യവിളകൾക്കുണ്ടായ വിലയിടിവ് പരിഹരിക്കുവാൻ വയനാട് പാക്കേജ്, ഇടുക്കി പാക്കേജ്, കാസർഗോഡ് വികസന പാക്കേജ് എന്നിവ നടപ്പിലാക്കിവരുന്നു. വയനാട് പാക്കേജിൽ സംയോജിത കുരുമുളക് വികസനത്തിനായി 1062.45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കൽ, പുനരുജ്ജീവനം, ദ്രുതവാട്ടത്തിനെതിരെയുള്ള കീടനിയന്ത്രണം എന്നീ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു.

വികേന്ദ്രീകൃത നഴ്സറികളുടെ സ്ഥാപനം, മാതൃ തോട്ടങ്ങളുടെ സംരക്ഷണം, സാങ്കേതിക വിദ്യയുടെ പ്രചരണം, കുരുമുളക് സമിതി പ്രവർത്തനങ്ങളുടെ ഏകോപനം, തദ്ദേശീയ സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള ഡോക്യുമെന്റേഷൻ, മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീമിന്റെ ശാക്തീകരണം, ലഘുലേഖകളും റഫറൻസ് മെറ്റീരിയലുകളും പ്രസിദ്ധീകരിക്കൽ, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകളുടെ പ്രവർത്തനം എന്നിവയ്ക്ക് പദ്ധതി പ്രകാരം ധനസഹായം നടത്തിവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇടുക്കി പാക്കേജിനായി 402.9 ലക്ഷം രൂപ കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധവ്യഞ്ജന വിളകളുടെ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവിലയായ 150 രൂപയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വിലവ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 298.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കാപ്പി കർഷകരുടെ വരുമാന വർദ്ധനവിനായി വയനാടൻ കാപ്പി "മലബാർ കാപ്പി" എന്ന ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## നെല്ലായാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ വികസനം

46(1418) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ വികസനത്തിനായി ഈ സർക്കാർ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം 25.44645 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം 80.15 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം 28.225 ലക്ഷം രൂപയും അനുവദിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തരിശുനിലം കാർഷിക യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടി

47(1519) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശുനിലം കാർഷികയോഗ്യമാക്കുന്നതിന്റെ ഭാഗമായി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-ന് ശേഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) തഴവ തൊടിയൂർ വട്ടക്കായലിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഈ പ്രദേശത്ത് നെൽകൃഷി കൂടുതൽ പാടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിന്റെ പരിധിയിൽവരുന്ന കൃഷി ഭവനുകൾ വഴി സമഗ്ര നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിലെ തരിശുനില കൃഷിയിൽ ഉൾപ്പെടുത്തി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി ആകെ 126 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിച്ചു. ഇതിനു പുറമെ 2017-18-ലെ സമഗ്ര നെൽകൃഷി വികസന പദ്ധതിയിലെ 'ബ്ലോക്ക് ലെവൽ കൺവേർജൻസ്' എന്ന പദ്ധതിയധിഷ്ഠിത ഘടകത്തിൽപ്പെടുത്തി തഴവ പഞ്ചായത്തിലെ തരിശു കിടന്ന 130 ഹെക്ടർ വട്ടക്കായൽ (പുഞ്ച) കൃഷിയോഗ്യമാക്കി. 2018-19 സാമ്പത്തിക വർഷം തൊടിയൂർ കൃഷിഭവൻ പരിധിയിൽ തരിശായി കിടന്ന 40 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തഴവ തൊടിയൂർ വട്ടക്കായൽ പ്രദേശത്ത് പ്രളയത്തെത്തുടർന്ന് ചെളി അടിഞ്ഞുകൂടിയിട്ടില്ല. ആയതിനാൽ പുഞ്ച കൃഷിയുടെ വിതയ്ക്ക് മുന്നോടിയായി ചെളി നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളുടെ ആവശ്യകതയുണ്ടായിട്ടില്ല. തഴവ വട്ടക്കായലിലുൾപ്പെട്ട 130 ഹെക്ടർ പ്രദേശത്ത് 2018 ഡിസംബർ മാസം പുഞ്ച കൃഷി ആരംഭിച്ചിട്ടുണ്ട്.

(സി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൂടുതൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി അതിലേക്കായി വിവിധ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മണ്ഡലത്തിലെ തീരദേശ മേഖലയിൽനിന്നും ഉപ്പുവെള്ളം കയറുന്നതുനിമിത്തം നെല്പാടങ്ങൾ കൃഷിയോഗ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയത് പരിഹരിക്കുന്നതിനായി മൈനർ ഇറിഗേഷൻ

വകുപ്പിന്റെ സഹകരണത്തോടുകൂടി ടി.എസ്. കനാലിൽനിന്നും ഉപ്പുവെള്ളം പാടശേഖരങ്ങളിലേക്ക് കയറാതിരിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഓച്ചിറ, ക്ലാപ്പന, കുലശേഖരപുരം പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. കൂടാതെ വട്ടക്കായൽ മാല്യമേൽ പുഞ്ച മാതൃകയിൽ കൂടുതൽ തരിശുനിലങ്ങൾ വിദഗ്ദ്ധരായ കർഷകരെ ഉപയോഗിച്ച് ഓണാട്ടുകര വികസന ഏജൻസി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

### തരിശ് ഭൂമിയിൽ കൃഷിക്ക് അനുയോജ്യമായ ഭൂമി

48(1520) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തശേഷം സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ എത്ര അളവ് തരിശ് ഭൂമി കൃഷിയിറക്കണമെന്ന് കാണിച്ച് അതിന്റെ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അതിൽ എത്ര അളവ് ഭൂമിയിൽ നോട്ടീസ് കൈപ്പറ്റിയ ഭൂ ഉടമകൾ കൃഷിക്ക് തുടക്കം കുറിച്ചുവെന്ന് അറിയിക്കാമോ;

(സി) നോട്ടീസ് കൈപ്പറ്റി 15 ദിവസം കഴിഞ്ഞിട്ടും ആയതിന് മറുപടി നല്കിയിട്ടില്ലാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഇനിയും ആകെ എത്ര അളവ് ഭൂമി കൃഷിയ്ക്ക് യോജിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്;

(ഇ) നോട്ടീസ് നൽകാത്ത എത്ര അളവ് ഭൂമി ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ; പ്രസ്തുത ഭൂമിയിലെവിടെയെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനമോ പാടശേഖര സമിതികളോ കൃഷിയിറക്കിയിട്ടുണ്ടോ; വിശദവിവരം നല്കാമോ?

<u>ഉത്തരം</u>

(എ-സി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ 2018 ഡിസംബർ 15-ാം തീയതിയാണ് വിജ്ഞാപനം ചെയ്യപ്പെട്ടത്. അതിൻപ്രകാരം ആദ്യപടിയായി തരിശ് ഭൂമി ഉടമസ്ഥരെക്കൊണ്ടോ ഉടമസ്ഥരുടെ സമ്മതത്തോടുകൂടിയോ കൃഷിചെയ്യുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) ജില്ലകളിൽനിന്നും ശേഖരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 36057.814 ഹെക്ടർ തരിശുനിലം കൃഷിക്ക് യോജിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) നോട്ടീസ് നല്കാത്ത എത്ര അളവ് ഭൂമിയുണ്ടെന്നുള്ള കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

## തരിശു ഭൂമി കൃഷിയോഗ്യമാക്കാൻ നടപടി

49(1521) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷി ചെയ്യാതെ കിടക്കുന്ന തരിശു ഭൂമി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശു ഭൂമി കൃഷിയോഗ്യമാക്കാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ തരിശുഭൂമിയിലാണ് പുതുതായി കൃഷി ആരംഭിച്ചിട്ടുള്ളതെന്നും, ഏതൊക്കെ പഞ്ചായത്തുകളെയാണ് തരിശുരഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2016-17-ലെ പ്രസിദ്ധീകരിച്ച കണക്കു പ്രകാരം സംസ്ഥാനത്തെ ആകെ തരിശുഭൂമിയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | തരിശുഭൂമിയുടെ വിസ്തൃതി (ഹെക്ടർ) | | |
|---|---|---|---|
| | തന്നാണ്ടിലെ തരിശുഭൂമി | ദീർഘകാലമായി തരിശുകിടക്കുന്ന ഭൂമി | ആകെ തരിശു ഭൂമി |
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 2884 | 703 | 3587 |

| (1) | (2) | (3) | (4) |
|---|---|---|---|
| കൊല്ലം | 3393 | 1909 | 5302 |
| പത്തനംതിട്ട | 3783 | 2693 | 6476 |
| ആലപ്പുഴ | 3406 | 1900 | 5306 |
| കോട്ടയം | 5019 | 2865 | 7884 |
| ഇടുക്കി | 1481 | 1157 | 2638 |
| എറണാകുളം | 8899 | 8031 | 16930 |
| തൃശ്ശൂർ | 9813 | 6031 | 15844 |
| പാലക്കാട് | 13889 | 16155 | 30044 |
| മലപ്പുറം | 8084 | 5572 | 13656 |
| കോഴിക്കോട് | 1938 | 955 | 2893 |
| വയനാട് | 2915 | 1195 | 4110 |
| കണ്ണൂർ | 4069 | 3915 | 7984 |
| കാസർഗോഡ് | 2435 | 2449 | 4884 |

(ബി) തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകിവരുന്നു. ഒന്നാം വർഷം ഹെക്ടറിനു 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായമായി നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാനും വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ്. നടപ്പുസാമ്പത്തികവർഷം നാളുകളായി തരിശുകിടക്കുന്ന 2878 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയിറക്കുവാൻ ഉദ്ദേശിക്കുന്നു. 1057.5 ഹെക്ടർ തരിശുനിലം 2018 ഡിസംബർ വരെ കൃഷി ചെയ്തുകഴിഞ്ഞു. ഈ വർഷം തരിശുനിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനായി 12 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. തരിശുഭൂമിയിൽ പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ കൃഷിചെയ്യുന്നതിന് ഹെക്ടറൊന്നിന് 30,000 രൂപയുടെ ആനുകൂല്യം നൽകിവരുന്നു. നെൽകൃഷിക്ക് നൽകുന്നതുപോലെ ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകന് 25,000 രൂപയുമാണ് ധനസഹായം. ഈ വർഷം തരിശുഭൂമിയിലെ പച്ചക്കറി കൃഷിക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 ഡിസംബർ മാസം വരെ 12101.9967 ഹെക്ടർ തരിശുഭൂമിയിലാണ് പുതുതായി കൃഷി ആരംഭിച്ചിട്ടുള്ളത്. 10028.57 ഹെക്ടർ സ്ഥലത്ത് തരിശുനിലങ്ങളിൽ നെൽകൃഷിയും 2073.4267 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറികൃഷിയും നടപ്പിലാക്കുവാൻ സാധിച്ചു.

2016-17 സാമ്പത്തിക വർഷം 2782.3857 ഹെക്ടറും 2017-18 സാമ്പത്തിക വർഷം 5485.69 ഹെക്ടറും തരിശുനിലങ്ങൾ നെൽകൃഷിയിലേക്ക് കൊണ്ടുവന്നു. 2018-19 സാമ്പത്തിക വർഷം ഡിസംബർ മാസംവരെ 1760.5 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പ്രാവർത്തികമാക്കി. മൂന്നാംവിള കാലത്ത് കൂടുതൽ തരിശുവിസ്തൃതി നെൽകൃഷിയിലേക്ക് കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം 696.6 ഹെക്ടറും 2017-18 സാമ്പത്തിക വർഷം 997.79 ഹെക്ടറും തരിശുഭൂമി പച്ചക്കറികൃഷിയിലേക്ക് കൊണ്ടുവന്നു. 2018-19 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള കണക്കുപ്രകാരം 379.0367 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷിചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ തഴക്കര, മണ്ണഞ്ചേരി പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ തരിശുഭൂമിയിലെ കൃഷി

50(1522) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് തരിശു ഭൂമിയിൽ കൃഷി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ 2016-17 സാമ്പത്തിക വർഷം 45 ഹെക്ടറും 2017-18-ൽ 150.58 ഹെക്ടറും 2018-19-ൽ 153.4 ഹെക്ടറും തരിശുഭൂമിയിൽ കൃഷി ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ബ്ലോക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കൃഷിക്കുപയുക്തമാക്കിയ തരിശുഭൂമിയുടെ വിസ്തൃതി (ഹെക്ടറിൽ)

| ബ്ലോക്ക് | 2016-17 | 2017-18 | 2018-19 | ആകെ |
|---|---|---|---|---|
| ആറ്റിങ്ങൽ | 5.5 | 10 | 47 | 62.50 |
| ആര്യങ്കോട് | 4 | 8 | 4 | 16.00 |
| പള്ളിച്ചൽ | 3.5 | 26.05 | 8 | 37.55 |
| പാറശ്ശാല | 2.5 | 8 | 13.54 | 24.04 |
| പുളിമാത്ത് | 3.5 | 17.9 | 27.77 | 49.17 |
| കഴക്കൂട്ടം | 4 | 14.74 | 12.51 | 31.25 |
| കാട്ടാക്കട | 6 | 10.5 | 5.46 | 21.96 |
| നെടുമങ്ങാട് | 5 | 22 | 10.28 | 37.28 |
| നെയ്യാറ്റിൻകര | 4 | 8.75 | 3.17 | 15.92 |
| വർക്കല | 3 | 15.70 | 15.17 | 33.87 |
| വാമനപുരം | 4 | 8.94 | 6.5 | 19.44 |

**തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടി**

51(1523) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരിശായി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

കൃഷിയോഗ്യമായ തരിശു ഭൂമി പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അടിസ്ഥാനത്തിൽ തരിശു ഭൂമി സർവ്വേ നടത്തി ഇതിനകം map ചെയ്തിട്ടുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായ കർമ്മപദ്ധതി തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെയും കർഷക കുടുംബങ്ങളുടെയും സഹകരണത്തോടെ നിലവിലുള്ള വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെയാണ് തരിശുനില കൃഷി നടപ്പിലാക്കി വരുന്നത്. തരിശു ഭൂമിയിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിനുവേണ്ടി നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നു :

തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിനു 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ് ധനസഹായം. നടപ്പു സാമ്പത്തിക വർഷം ഇതിനായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തരിശുഭൂമിയിൽ പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ കൃഷിചെയ്യുന്നതിന് ഹെക്ടറൊന്നിന് 30,000 രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽകൃഷിക്ക് നൽകുന്നതുപോലെ ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകന് 25,000 രൂപയുമാണ് നൽകുന്നത്. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്ന് സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാദ്ധ്യസ്ഥരാണ്. നടപ്പുസാമ്പത്തിക വർഷം തരിശുഭൂമിയിലെ പച്ചക്കറി കൃഷിക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നഗര പ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തം ഭൂമിയിലോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകിവരുന്നു. ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പുവരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും യന്ത്രവൽക്കരണത്തിനും സംസ്കരണത്തിനും ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നു. ആയതിലേക്കായി നടപ്പ് സാമ്പത്തികവർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## തരിശിട്ടിരിക്കുന്ന ഭൂമിയും നികത്തപ്പെടുന്ന തണ്ണീർത്തടങ്ങളും

52(1524) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമി നോട്ടീസ് നൽകി സർക്കാർ ഏറ്റെടുക്കുന്നതിനായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ടു വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിൽ കൃഷിവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനകം എത്ര ഹെക്ടർ സ്ഥലം ഇപ്രകാരം ഏറ്റെടുത്ത് കൃഷി പുനരാരംഭിക്കുവാൻ സാധിച്ചുവെന്ന് അറിയിക്കുമോ;

(സി) പൊതു ആവശ്യത്തിന് നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ വ്യവസ്ഥ ചെയ്ത് പ്രസ്തുത നിയമത്തിൽ 2018-ൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ, പൊതു ആവശ്യത്തിനായി എത്ര ഹെക്ടർ നിലം നികത്തുന്നതിന് ഇതിനകം അനുമതി നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പൊതു ആവശ്യത്തിന് നികത്താം എന്നതിന്റെ അടിസ്ഥാനത്തിൽ ട്രസ്റ്റുകളോ മറ്റ് സ്ഥാപനങ്ങളോ ഭൂമി നികത്തുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമി നികത്തുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നും അതിന്മേലുള്ള തീരുമാനം എന്താണെന്നും അറിയിക്കുമോ;

(ഇ) ഈ ഭേദഗതി നിയമംമൂലം നിലവിലുള്ള നെൽവയലുകളും തണ്ണീർത്തടങ്ങളും വ്യാപകമായി നികത്തപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ 2018 ഡിസംബർ 15-ാം തീയതിയാണ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത്. ടി ചട്ടങ്ങൾ പ്രകാരം ആദ്യപടിയായി തരിശിട്ടിരിക്കുന്ന ഭൂമിയിൽ ഉടമസ്ഥരെ കൊണ്ടുതന്നെ കൃഷിയിറക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം ഏറ്റെടുത്തിട്ടില്ല.

(സി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിനായി 15.14 ഹെക്ടർ സ്ഥലം നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ടെക്നോപാർക്ക് - മൂന്നാം ഘട്ട വികസനം | - | 861.2 ആർ |
| ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്രോജക്ട് - കൊച്ചി | - | 551.8 ആർ |
| ഗെയിൽ എസ്. വി. സ്റ്റേഷൻ, ഉണ്ണിക്കുളം, കോഴിക്കോട് | - | 60.69 ആർ. |
| ഗെയിൽ എസ്. വി. സ്റ്റേഷൻ, പുത്തൂർ, കോഴിക്കോട് | - | 20.2 ആർ. |
| ഗെയിൽ എസ്. വി. സ്റ്റേഷൻ, കോഡൂർ, മലപ്പുറം | - | 20.23 ആർ. |

(ഡി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ Pancer Developers, LLP Golden Touch Jewels World LLP (Malabar Group) തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ വില്ലേജിൽ 4.26 ഹെക്ടർ നിലം പരിവർത്തനപ്പെടുത്തി Pvt.IT Integrated Company സ്ഥാപിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ കല്ലൂർ വടക്കുമുറി വില്ലേജിൽ 0.2819 ഹെക്ടർ നിലം കൊച്ചി-സേലം എൽ.പി.ജി. പൈപ്പ് ലൈൻ പദ്ധതിക്ക് സെക്ഷനലൈസിംഗ് വാൽവ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കൊച്ചി-സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

Pvt. IT Integrated Company സ്ഥാപിക്കുന്നതിന് മലബാർ ഗ്രൂപ്പിന്റെ അപേക്ഷ നിരസിച്ചു. കൊച്ചി-സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ അപേക്ഷയിന്മേൽ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൃഷി വകുപ്പ് ഊർജ്ജസ്വലമായി നടപ്പിലാക്കിവരികയാണ്. 2020-21 വർഷത്തോടെ നെൽകൃഷി വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിക്കുന്നതിനാണ് കൃഷിവകുപ്പ് ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നത്. പരമാവധി തരിശുനിലങ്ങൾ പഞ്ചായത്തുതലത്തിൽ കണ്ടെത്തി കൃഷി പുനരാരംഭിക്കാനും ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ നിലങ്ങളായും ഇരുപ്പൂ നിലങ്ങൾ മൂന്നുപൂ നിലങ്ങളായും മാറ്റാനും കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് ഘട്ടംഘട്ടമായി ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗപ്പെടുത്തി കെ.എസ്.ആർ.ഇ.സി.-യുടെ സഹകരണത്തോടെ കുറ്റമറ്റതാക്കാനുള്ള പദ്ധതിയും 2016-17 വർഷം മുതൽ കൃഷിവകുപ്പ് സ്വീകരിച്ചുവരികയാണ്.

**വിള ഇൻഷ്വറൻസ് പദ്ധതി**

53(1525) <u>ശ്രീ.സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിള ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിനും പച്ചക്കറികൾക്കും സുഗന്ധവിളകൾക്കുമുള്ള ഇൻഷ്വറൻസ് തുക വൻതോതിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഏതെല്ലാം വിളകളെയാണ് പ്രസ്തുത പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളത്; വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തെ മുഴവൻ കർഷകരെയും വിള ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകർ അംഗമാകുന്നതിന് പദ്ധതി സംബന്ധിച്ച വിശദാംശം ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും ക്യാമ്പയിനുകൾ നടത്തിയും മുഴവൻ കർഷകരിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാലോചിതമായി വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി നിലവിലെ വില നിലവാര സൂചികയുടെ അടിസ്ഥാനത്തിൽ വിവിധ വിളകൾക്ക് കർഷകരുടെ യഥാർത്ഥ നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരത്തുക നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിനും പച്ചക്കറികൾക്കും സുഗന്ധവിളകൾക്കുമുള്ള വർദ്ധിപ്പിച്ച ഇൻഷ്വറൻസ് തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വിള | ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്ന തുക |
|---|---|---|
| 1 | കുരുമുളക് | 200/കൊടി |
| 2 | ഏലം | 60000/ha |
| 3 | ഇഞ്ചി | 80000/ha |
| 4 | മഞ്ഞൾ | 60000/ha |
| 5 | പച്ചക്കറി | |
| | പന്തൽ ഉള്ളത് | 40000/ha |
| | പന്തൽ ഇല്ലാത്തത് | 25000/ha |
| 6 | ജാതി | 3000/മരം |
| 7 | ഗ്രാമ്പു | 1000 /മരം |
| 8 | നെല്ല് | 15000 (upto 45 days) (35000/ha > 45 days) |

(സി) ക്കുവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ, മാവ്.

(ഡി) വിള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദാംശം ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വഴിയും ക്യാമ്പയിനുകൾ നടത്തിയും മുഴുവൻ കർഷകരിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എല്ലാ കൃഷികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനുള്ള നടപടി**

54(1526) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കൃഷികൾക്കാണ് നിലവിൽ ഇൻഷുറൻസ് പരിരക്ഷ ഉള്ളത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിനുള്ളിൽ ചെയ്യുന്ന എല്ലാ കൃഷികൾക്കും കാർഷിക വിള ഇൻഷുറൻസിന്റെ പരിരക്ഷ ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, ക്കുവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ, മാവ് എന്നീ വിളകളെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പപ്പായ, കോലിഞ്ചി എന്നീ വിളകളും റമ്പൂട്ടാൻ, പേര, സപ്പോട്ട, പാഷൻഫ്രൂട്ട് മുതലായ ചെറു ഫലവിളകളും, ചേമ്പ്, കാച്ചിൽ, ക്കൂർക്ക തുടങ്ങിയ കിഴങ്ങുവർഗ്ഗ വിളകളും തേനീച്ചകൃഷി എന്നിവയേയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

55(1527) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാർഷികവിളകൾ ഇൻഷ്വർ ചെയ്ത കർഷകരിൽ ഓഖി ചുഴലിക്കാറ്റ്, പ്രളയം എന്നിവമൂലം കൃഷി നാശം സംഭവിച്ച എത്ര പേർക്ക് എത്ര രൂപ വീതം വിള ഇൻഷ്വറൻസ് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് 7479 കർഷകർക്കായി 17.144 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം

56(1528) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം, നഷ്ടപരിഹാരം എന്നിവയുടെ തോത് 2017-ലെ ഉത്തരവനുസരിച്ച് പുതുക്കിയിട്ടുണ്ടോ;

(ബി) പ്രളയത്തിൽ നെൽകൃഷി നശിച്ച വലിയൊരു വിഭാഗം കർഷകർക്ക് ഇതനുസരിച്ചുള്ള നഷ്ടപരിഹാരം ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 50 ശതമാനത്തിലധികം വരുന്ന നെൽകൃഷിനാശം പൂർണ്ണ നാശമായി കണക്കാക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി & സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം, നഷ്ടപരിഹാരം എന്നിവയുടെ തോത് പുതുക്കി നിശ്ചയിച്ചപ്പോൾ 50 ശതമാനത്തിലധികം നാശ നഷ്ടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമെന്ന നിബന്ധന ഉൾപ്പെടുത്താ ത്തതിനാൽ ഇക്കഴിഞ്ഞ പ്രളയത്തിൽ നെൽകൃഷിക്ക് നാശനഷ്ടം നേരിട്ട കർഷകർക്കും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നഷ്ടപരിഹാരം ലഭിക്കുന്നതിന് തടസ്സം നേരിടുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ പ്രസ്തുത വ്യവസ്ഥ 1-4-2018 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി ഉൾപ്പെടുത്തി 12-12-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1198/18/കൃഷി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്ന നഷ്ടപരിഹാരം

57(1529) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ അൻപത് ശതമാനത്തിന് മുകളിലെ നെൽകൃഷിനാശത്തെ പൂർണ്ണ നാശമായി കണക്കാക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം, നഷ്ടപരിഹാരം എന്നിവയുടെ തോത് പുതുക്കി നിശ്ചയിച്ചപ്പോൾ 50 ശതമാനത്തിലധികം നാശനഷ്ടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമെന്ന നിബന്ധന ഉൾപ്പെടുത്താത്തതിനാൽ ഇക്കഴിഞ്ഞ പ്രളയത്തിൽ നെൽകൃഷിക്ക് നാശനഷ്ടം നേരിട്ട കർഷകർക്കും നഷ്ടപരിഹാരം ലഭിക്കുന്നതിന് തടസ്സം നേരിടുന്നു എന്ന വിഷയം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ പ്രസ്തുത വ്യവസ്ഥ 1-4-2018 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## മാരക കീടനാശിനി പ്രയോഗം നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടി

58(1530) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിത കീടനാശിനികളായ എൻഡോസൾഫാൻ, ഫ്യൂറിഡാൻ തുടങ്ങിയ മാരക കീടനാശിനികൾ വ്യാപകമായി കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിരോധിത കീടനാശിനികൾ സംസ്ഥാനത്തിന് പുറത്ത് നിന്നും നിർലോഭം കൊണ്ടുവന്നിട്ടും അത് കണ്ടുപിടിച്ച് നടപടി സ്വീകരിക്കുവാൻ അധികൃതർക്ക് കഴിയാത്തത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ;

(സി) 2022-നുള്ളിൽ സംസ്ഥാനത്തെ ജൈവ സംസ്ഥാനമാക്കുന്നതിനുള്ള എന്തൊക്കെ തയ്യാറെടുപ്പുകളാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിരോധിത കീടനാശിനി വില്ക്കുന്ന സ്ഥാപനങ്ങൾക്കും അമിത കീടനാശിനി പ്രയോഗം നടത്തുന്നവർക്കുമെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പെട്ട ഇടങ്ങളിൽ നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളത്തിലെ വില്പനശാലകളിൽ നിരോധിത കീടനാശിനികൾ വിൽക്കുന്നില്ല.

(ബി) നിരോധിത കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുവാൻ ഇൻസെക്ടിസൈഡ് ആക്ട്, 1968 പ്രകാരമുള്ള ശക്തമായ നടപടികളാണ് കൃഷിവകുപ്പ് കൈക്കൊണ്ടുവരുന്നത്.

കീടനാശിനി ഡിപ്പോകളിൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരുടെ രണ്ടാഴ്ച യിലൊരിക്കലുള്ള നിർബന്ധിത പരിശോധന, ജില്ലാതല വിജിലൻസ് കമ്മിറ്റിയുടെയും റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിന്റെയും സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡിന്റെയും പരിശോധന തുടങ്ങിയ കർശന നടപടികൾ വഴി അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയുള്ള നിരോധിത കീടനാശിനികളുടെ വില്പന ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കും കർഷക സമിതികൾക്കും കീടനാശിനി കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നത് തടയുന്നതിനും നിരോധിത കീടനാശിനികളുടെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാനും സഹായക മായിട്ടുണ്ട്.

എന്നാൽ അയൽ സംസ്ഥാനങ്ങളിൽനിന്നും അനധികൃതമായി കീടനാശിനികൾ കർഷകർക്ക് നേരിട്ട് എത്തിക്കുന്നത് പൂർണ്ണമായി തടയുവാൻ സാധിച്ചിട്ടില്ല. ഇതിനായി അതിർത്തി ജില്ലകളിൽ പ്രത്യേക ജാഗ്രത പുലർത്തുവാൻ ജില്ലാ വിജിലൻസ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ, ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ പോലീസ്, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി സ്ക്വാഡ് ചെക്ക് പോസ്റ്റുകളിലും മറ്റും പരിശോധന നടത്തിവരുന്നു. നിരോധിത കീടനാശിനികളുടെ അനധികൃത വില്പന തടയുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷിഭവൻ തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

വില്പനയ്ക്കും വിതരണത്തിനുമായി നിരോധിത കീടനാശിനികൾ കടത്തിക്കൊണ്ടു വരികയോ സ്റ്റോക്കുചെയ്യുകയോ ചെയ്യുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനൊപ്പം നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്ന പക്ഷം കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുമെന്ന് കാട്ടി കർഷകർക്ക് നോട്ടീസ് നല്കുന്നതിനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്.

ചട്ടപ്രകാരമുള്ള നടപടികൾക്കൊപ്പം നിരോധിത കീടനാശിനികൾക്കെതിരെ പൊതു അവബോധം വളർത്തിയെടുക്കുവാനായി ദൃശ്യ-ശ്രവ്യ പത്ര മാധ്യമങ്ങളിലൂടെ തുടർച്ചയായി പ്രചാര പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ ഉപയോഗം ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കുന്നതിന് മേൽനടപടികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ജൈവ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 2010 വർഷത്തിൽ ജൈവ കാർഷികനയം പ്രഖ്യാപിക്കുകയുണ്ടായി. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള ജൈവ കാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ജൈവ കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മണ്ണ്, ജല സംരക്ഷണ ഉപാധികൾ ഉറപ്പുവരുത്തുകവഴി പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിര കൃഷിക്കുമായി മിശ്രിത കൃഷിരീതി പ്രോത്സാഹിപ്പിക്കുകയുണ്ടായി. അങ്ങനെ കാർഷിക മേഖലയിലെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് പരിപാടികൾ നടപ്പിലാക്കിവരുന്നു.

നിലവിൽ ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് പഴം, പച്ചക്കറി കൃഷി 25195 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കാർഷിക പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കർഷകർക്ക് ഹെക്ടറിന് 3,000 രൂപയുടെ ധനസഹായം നൽകുന്നു. ഈ വർഷം 6275 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിൽ ജൈവ നെൽകൃഷി നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PKVY-ലും 619 ക്ലസ്റ്ററുകൾ 12380 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ഈ സാമ്പത്തിക വർഷം (2018-19) പുതുതായി 110 ക്ലസ്റ്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജൈവ ഗ്രാമങ്ങൾ രൂപീകരിച്ച് പ്രവർത്തനം വിപുലപ്പെടുത്തുന്നു.

കൃഷിക്കാർക്ക് ഗുണനിലവാരമുള്ള ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുകയും ജൈവകൃഷിക്കാവശ്യമായ സാഹചര്യങ്ങളും സാമഗ്രികളും ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. കൂടാതെ PKVY പദ്ധതിയിൽ 5473 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. PKVY പദ്ധതിയിൽ പഞ്ചഗവ്യം, ജീവാമൃതം മറ്റ് ജൈവകീടനാശിനികൾ, ജൈവ വളങ്ങൾ, എന്നിവ കൃഷിയിടത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള ധനസഹായവും സാമഗ്രികളും കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൽ ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി വ്യത്യസ്തമായ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുക, ജൈവകർഷകർക്ക് സഹായകമായ രീതിയിൽ ലളിതമായ ജൈവ സർട്ടിഫിക്കേഷനു രൂപം നൽകുക എന്നിവ വഴി ജൈവകൃഷിക്ക് പ്രോത്സാഹനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിൽ ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനും കർഷകർക്ക് ജൈവ ഉല്പാദന ഉപാധികൾ ലഭ്യമാക്കുന്നതിനുമായി 214 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. ഈ വർഷം പുതുതായി 33 ഇക്കോഷോപ്പുകൾ കൂടി സ്ഥാപിക്കുന്നതാണ്. കൂടാതെ ക്ലസ്റ്ററുകളുടെ ഉല്പന്നങ്ങൾ നഗരക പ്രദേശങ്ങളിൽ വിപണനം നടത്തുന്നതിന് ഡയറക്ട് മാർക്കറ്റിംഗ് സംവിധാനത്തിനായി 30 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലളിതമായ രീതിയിലുള്ള GAP സർട്ടിഫിക്കേഷൻ രീതിയിലൂടെ 7500-ഓളം സർട്ടിഫിക്കറ്റുകൾ കഴിഞ്ഞ വർഷങ്ങളിൽ കർഷകർക്ക് നൽകുകയുണ്ടായി. കൂടാതെ GAP മാനദണ്ഡങ്ങൾ പിന്തുടരുന്ന GAP സെന്ററുകളിൽനിന്നുള്ള സുരക്ഷിതമായ ഉല്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പാക്കിംഗ് ലേബലിംഗ് എന്നിവ നടത്തി വിൽക്കുന്നു. ഉല്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കി വില്പന നടത്തുന്നു. വില്പനയ്ക്ക് മുമ്പായി ഉൽപ്പന്നങ്ങൾ ക്ലീനിംഗ്, ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി 'കേരള ഓർഗാനിക് ബ്രാന്റിൽ ലേബൽ ചെയ്ത് വിപണനം നടത്തുന്നു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ ബോധവൽക്കരിക്കുന്നതിനും കർഷകർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി ബ്ലോക്ക് തലത്തിൽ ഫാം സ്കൂളുകൾ പ്രവർത്തിക്കുന്നു.

(ഡി) നിരോധിത കീടനാശിനി വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം നിയമനടപടികൾ സ്വീകരിക്കും. കീടനാശിനികൾ കൃത്യമായ അളവിൽ കൃഷി ഓഫീസറുടെ ശിപാർശയോടെ വാങ്ങി ഉപയോഗിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. നിരോധിത കീടനാശിനികൾ വിൽപ്പന നടത്തുന്ന ഷോപ്പുകൾ അടച്ചുപൂട്ടി ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## കൃഷി ആവശ്യങ്ങൾക്ക് കീടനാശിനി പ്രയോഗം

59 (1531) ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ആവശ്യങ്ങൾക്ക് കീടനാശിനികൾ ഉപയോഗിക്കുന്നതിന് വകുപ്പുതലത്തിലുള്ള മേൽനോട്ട സംവിധാനങ്ങൾ വിശദീകരിക്കാമോ;

(ബി) അമിത അളവിൽ കീടനാശിനി പ്രയോഗിച്ചുമൂലം മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത സംഭവങ്ങളിൽ കൃഷി വകുപ്പ് സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ/കൃഷി ശാസ്ത്ര ബിരുദധാരികളായ കൃഷി ഓഫീസർമാർ എല്ലാ മാസവും അതത് പ്രദേശത്ത് ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ചുവരുന്നു. പരിശോധനയ്ക്കെടുത്ത സാമ്പിളുകൾ നിഷ്കർഷിച്ച ഗുണനിലവാര മാനദണ്ഡപ്രകാരമല്ലെന്ന് കണ്ടെത്തിയാൽ ഉൽപ്പാദകർക്കെതിരെയും വിതരണ ക്കാർക്കെതിരെയും നിയമനടപടികൾ സ്വീകരിക്കാൻ ഇൻസെക്ടിസൈഡ്സ് ആക്ട് 1968 പ്രകാരം വ്യവസ്ഥയുണ്ട്.

(ബി&സി) ഉണ്ട്. പത്തനംതിട്ട ജില്ലയിൽ പെരിങ്ങരയിൽ നെല്ലിൽ കീടനാശിനി തളിച്ച് കർഷക തൊഴിലാളി മരിച്ച സംഭവത്തിൽ അനധികൃത കീടനാശിനി വിൽപ്പനയ്ക്കും ദുരുപയോഗത്തിനുമെതിരെ കൃഷി വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു. പ്രസ്തുത കീടനാശിനി ലഭ്യമാക്കിയ പത്തനംതിട്ട ജില്ലയിലെ കീടനാശിനി ഡിപ്പോ ഡിസ്ട്രിക്ട് ലൈസൻസിംഗ് ഓഫീസറായ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ പരിശോധിക്കുകയും നിയന്ത്രിത കീടനാശിനി കൃഷി ഓഫീസറുടെ കുറിപ്പടിയില്ലാതെ വിൽപ്പന നടത്തിയെന്ന് തെളിഞ്ഞ സാഹചര്യത്തിൽ തിരുവല്ല മുനിസിപ്പൽ ഏരിയയിൽ പ്രവർത്തിക്കുന്ന ജെ.ജെ. ഏജൻസി എന്ന ഡിപ്പോ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്ന തുവരെ അടച്ചുപൂട്ടുകയും ചെയ്തു. പ്രസ്തുത ഡിപ്പോയിൽ നിന്നും പിടിച്ചെടുത്ത നിയന്ത്രിത കീടനാശിനിയായ 'വിരാട്'-ന്റെ സാമ്പിൾ പരിശോധനയ്ക്ക് തിരുവനന്തപുരം സംസ്ഥാന പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലാബിൽ അയച്ചുകൊടുക്കുകയും പ്രസ്തുത സാമ്പിൾ ഗുണനിലവാരമുള്ളതാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന

ത്തൊട്ടാകെ അനധികൃതമായി കീടനാശിനി വിൽപ്പന നടത്തുന്നുണ്ടോയെന്ന് പരിശോധിച്ച് 24 മണിക്കൂറിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം 19 ഡിപ്പോകളിൽ വിരാട് സ്റ്റോക്ക് ഉള്ളതിന്റെ വിൽപ്പന നിർത്തിവച്ചിട്ടുണ്ട്.

കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും കീടനാശിനി കൃത്യയളവിൽ കർഷകർ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന തിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ കൃഷിവകുപ്പ് മന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം ജനുവരി 3-ന് കൃഷിവകുപ്പ് പുറത്തിറക്കിയിരുന്നു. ഒപ്പം 'കീടനാശിനി ഉപയോഗം നിയന്ത്രിക്കു, സുരക്ഷിത ഭരണം ഉറപ്പുവരുത്തു' എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്ന ബോധവൽക്കരണ ക്യാമ്പയിൻ ജനുവരി 21 മുതൽ 31 വരെ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡിപ്പോകളിലും കീടനാശിനി ഉപയോഗരീതിയും പ്രയോഗക്രമവും വ്യക്തമാക്കുന്ന ബോർഡുകൾ ജനുവരി 31-നു മുമ്പ് പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കർഷകർക്കും പൊതുജനങ്ങൾക്കും കീടനാശിനി ഡീലർമാർക്കും കീടനാശിനി ഉപയോഗം സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങളടങ്ങിയ ലഘുലേഖകളും കൃഷി വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗനിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവുകൾ നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുന്നതിനും പെരിങ്ങര കൃഷിഭവനിൽ നടപ്പുവർഷം ഒരു വിള ആരോഗ്യ ക്ലിനിക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## നിരോധിത കീടനാശിനികളുടെ വിൽപ്പന

60 (1532) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ വില്പനയും ഉപയോഗവും സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരോധിത കീടനാശിനികളുടെ വിൽപ്പനയും ഉപയോഗവും പൂർണ്ണമായും ഒഴിവാക്കാൻ ഇൻസെക്ടിസൈഡ്സ് ആക്ട് 1968 പ്രകാരമുള്ള ശക്തമായ നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കൈക്കൊണ്ടുവരുന്നത്.

കീടനാശിനി ഡിപ്പോകളിൽ ഇൻസെക്ടിസൈഡ്സ് ഇൻസ്പെക്ടർമാരുടെ രണ്ടാഴ്ചയിലൊരിക്കലുള്ള നിർബന്ധിത പരിശോധന, ജില്ലാതല വിജിലൻസ് കമ്മിറ്റിയുടെയും റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിന്റെയും സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡിന്റെയും പരിശോധന തുടങ്ങിയ കർശന നടപടികൾ വഴി അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയുള്ള നിരോധിത കീടനാശിനികളുടെ വിൽപ്പന ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കും കർഷക സമിതികൾക്കും കീടനാശിനി കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നത് തടയുന്നതിനും നിരോധിത കീടനാശിനികളുടെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാനും സഹായകമായിട്ടുണ്ട്.

എന്നാൽ അയൽ സംസ്ഥാനങ്ങളിൽനിന്നും അനധികൃതമായി കീടനാശിനികൾ കർഷകർക്ക് നേരിട്ടെത്തിക്കുന്നത് പൂർണ്ണമായി തടയുവാൻ സാധിച്ചിട്ടില്ല. ഇതിനായി അതിർത്തി ജില്ലകളിൽ പ്രത്യേക ജാഗ്രത പുലർത്തുവാൻ ജില്ലാ വിജിലൻസ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ പോലീസ്, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി സ്ക്വാഡ്, ചെക്ക് പോസ്റ്റുകളിലും മറ്റും പരിശോധന നടത്തിവരുന്നു. നിരോധിത കീടനാശിനികളുടെ അനധികൃത വിൽപ്പന തടയുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷിഭവൻ തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. വിൽപ്പനയ്ക്കും വിതരണത്തിനുമായി നിരോധിത കീടനാശിനികൾ കടത്തിക്കൊണ്ടുവരികയോ സ്റ്റോക്ക ചെയ്യുകയോ ചെയ്യുന്നവർക്കെതിരെ ഇൻസെക്ടിസൈഡ്സ് ആക്ട് 1968 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനോടൊപ്പം നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്നപക്ഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുമെന്ന് കാട്ടി കർഷകർക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്.

ചട്ടപ്രകാരമുള്ള നടപടികൾക്കൊപ്പം നിരോധിത കീടനാശിനികൾക്ക് എതിരെ പൊതു അവബോധം വളർത്തിയെടുക്കുവാനായി ദൃശ്യ-ശ്രാവ്യ പത്ര മാധ്യമങ്ങളുടെ തുടർച്ചയായി പ്രചാര പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ ഉപയോഗം ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കുന്നതിന് മേൽ നടപടികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

**നിരോധിത കീടനാശിനികളുടെ ഉപയോഗം**

61 (1533) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയിടങ്ങളിലും തോപ്പുകളിലും നിരോധിത കീടനാശിനി ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരോധിത കീടനാശിനികൾ കൃഷിക്ക് ഉപയോഗിക്കുന്നത് കണ്ടെത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിൽ അവലംബിക്കുന്നത്; വിശദമാക്കാമോ;

(സി) നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്നത് ക്രിമിനൽ കുറ്റമാക്കുന്നതിന് നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ്സ് ഇൻസ്പെക്ടർമാർ/കൃഷിശാസ്ത്ര ബിരുദധാരികളായ കൃഷി ഓഫീസർമാർ എല്ലാ മാസവും അതത് പ്രദേശത്ത് ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ചുവരുന്നു. പരിശോധനയ്ക്കെടുത്ത സാമ്പിളുകൾ നിഷ്കർഷിച്ച ഗുണനിലവാര മാനദണ്ഡപ്രകാരമല്ലെന്ന് കണ്ടെത്തിയാൽ ഉൽപ്പാദകർക്കെതിരെയും വിതരണക്കാർക്കെതിരെയും നിയമനടപടികൾ സ്വീകരിക്കുവാൻ ഇൻസെക്ടിസൈഡ്സ് ആക്ട് 1968 പ്രകാരം വ്യവസ്ഥയുണ്ട്.

(സി) നിരോധിക്കപ്പെട്ട കീടനാശിനികൾ കർഷകർ ഉപയോഗിച്ചാൽ ശിക്ഷിക്കാൻ നിലവിൽ നിയമ സംവിധാനങ്ങളൊന്നുമില്ല. നിയമന നിർമ്മാണം സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

**കീടനാശിനി പ്രയോഗം**

62 (1534) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽപ്പാടങ്ങളിൽ യാതൊരുവിധ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെ വ്യാപകമായി കീടനാശിനി പ്രയോഗം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കീടനാശിനി ഉത്പാദകർ, വിതരണക്കാർ, വിൽപ്പനക്കാർ എന്നിവർ കൃഷിവകുപ്പിൽ നിന്നും പ്രത്യേക ലൈസൻസ് എടുക്കേണ്ടതുണ്ടോ;

(സി) നിരോധിക്കപ്പെട്ട കീടനാശിനികൾ കർഷകർ ഉപയോഗിച്ചാൽ അവർക്ക് നൽകുന്ന ശിക്ഷകൾ എന്തൊക്കെയെന്നറിയിക്കുമോ;

(ഡി) ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിന്റെയും പരിശോധനകൾ നടത്തുന്നതിന്റെയും അതിൻപ്രകാരം നടപടികൾ സ്വീകരിക്കുന്ന തിന്റെയും ഉത്തരവാദിത്തം കൃഷിവകുപ്പിൽ നിക്ഷിപ്തമാണോ; എങ്കിൽ അപ്പർ കുട്ടനാട്ടിലെ പെരിങ്ങര ഇരുകരപാടത്ത് കീടനാശിനി തളിക്കുന്നതിനിടെ രണ്ടുപേർ മരിക്കാനിടയായ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിവരിക്കാമോ;

(എഫ്) നിരോധിത കീടനാശിനി ഉപയോഗം ക്രിമിനൽ കുറ്റമാക്കുന്നതിന് നിയമനിർമ്മാണം നടത്തുമോയെന്നറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൃഷി വകുപ്പ് ഇറക്കിയ 24-10-2016-ലെ സർക്കുലർ പ്രകാരം നിരോധിക്കപ്പെട്ട കീടനാശിനികൾ കർഷകർ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട കർഷകർക്ക് മേലിൽ അത്തരം കീടനാശിനികൾ പ്രയോഗിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകാനും തുടർന്നും അത്തരം കീടനാശിനികൾ പ്രയോഗിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകാനും തുടർന്നും അത്തരം കീടനാശിനികൾ ഉപയോഗിക്കുന്നത് ആവർത്തിക്കുന്നപക്ഷം വൈദ്യുതി സൗജന്യം ഉൾപ്പെടെ കൃഷി വകുപ്പിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങളും നഷ്ടമാകുമെന്ന് കാണിച്ച് കർശന താക്കീതോടെ രണ്ടാമതും നോട്ടീസ് നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പിന്നീടും നിരോധിത കീടനാശിനികളുടെ ഉപയോഗം തുടർന്നാൽ അത്തരം കർഷകരെ കൃഷി വകുപ്പിന്റെ നിലവിലുള്ള പദ്ധതികളിൽ നിന്നും അയോഗ്യരാക്കുകയും ഈ കർഷകർക്ക് മറ്റ് സർക്കാർ വകുപ്പുകൾ നൽകുന്ന സൗജന്യങ്ങൾ കൂടി നിർത്തലാക്കുന്നതിനുള്ള ശിപാർശ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അനന്തര നടപടികൾക്കായി കൃഷി ഡയറക്ടർക്ക് അയച്ചുനൽകുകയും ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി&ഇ) നിക്ഷിപ്തമാണ്. പത്തനംതിട്ട പെരിങ്ങരയിൽ നെല്ലിൽ കീടനാശിനി തളിച്ച് കർഷക തൊഴിലാളി മരിച്ച സംഭവത്തിൽ അനധികൃത കീടനാശിനി വിൽപ്പനയ്ക്കും ദുരുപയോഗത്തിനുമെതിരെ കൃഷി വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു. പ്രസ്തുത കീടനാശിനി ലഭ്യമാക്കിയ പത്തനംതിട്ട ജില്ലയിലെ കീടനാശിനി ഡിപ്പോ ഡിസ്ട്രിക്ട് ലൈസൻസിംഗ് ഓഫീസറായ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ പരിശോധിക്കുകയും നിയന്ത്രിത കീടനാശിനി കൃഷി ഓഫീസറുടെ കുറിപ്പടിയില്ലാതെ വിൽപ്പന നടത്തിയെന്ന് തെളിഞ്ഞ സാഹചര്യത്തിൽ തിരുവല്ല മുനിസിപ്പൽ ഏരിയയിൽ പ്രവർത്തിക്കുന്ന ജെ.ജെ. ഏജൻസി എന്ന ഡിപ്പോ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ അടച്ചുപൂട്ടുകയും ചെയ്തു. പ്രസ്തുത ഡിപ്പോയിൽനിന്നും പിടിച്ചെടുത്ത നിയന്ത്രിത കീടനാശിനിയായ 'വിരാട്'-ന്റെ സാമ്പിൾ പരിശോധനയ്ക്ക് തിരുവനന്തപുരം സംസ്ഥാന പെസ്റ്റിസൈഡ്സ് ടെസ്റ്റിംഗ് ലാബിൽ അയച്ചുകൊടുക്കുകയും പ്രസ്തുത സാമ്പിൾ ഗുണനിലവാരമുള്ളതാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ അനധികൃതമായി കീടനാശിനി വിൽപ്പന നടത്തുന്നുണ്ടോയെന്ന് പരിശോധിച്ച് 24 മണിക്കൂറിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം 19 ഡിപ്പോകളിൽ 'വിരാട്' സ്റ്റോക്കുള്ളതിന്റെ വിൽപ്പന നിർത്തിവച്ചിട്ടുണ്ട്.

കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും കീടനാശിനി കൃത്യയളവിൽ കർഷകർ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കുലർ ജനുവരി 3-ന് മുമ്പ് കൃഷി വകുപ്പ് പുറത്തിറക്കിയിരുന്നു. ഒപ്പം 'കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ, സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തൂ' എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്ന ബോധവൽക്കരണ ക്യാമ്പയിൻ ജനുവരി 21 മുതൽ 31 വരെ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡിപ്പോകളിലും കീടനാശിനി ഉപയോഗരീതിയും പ്രയോഗക്രമവും വ്യക്തമാക്കുന്ന ബോർഡുകൾ ജനുവരി 31-നുമുമ്പ് പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കർഷകർക്കും പൊതുജനങ്ങൾക്കും കീടനാശിനി ഡീലർമാർക്കും കീടനാശിനി ഉപയോഗം സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങളടങ്ങിയ ലഘുലേഖകളും കൃഷി വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവുകൾ നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുന്നതിനും പെരിങ്ങര കൃഷി ഭവനിൽ ഈ വർഷം ഒരു വിള ആരോഗ്യ ക്ലിനിക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) നിരോധിത കീടനാശിനി ഉപയോഗം ക്രിമിനൽ കുറ്റമാക്കുന്നതിനുള്ള നിയമനിർമ്മാണം നിലവിൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ക്രമാതീതമായ കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി

63 (1535) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീടനാശിനി, കുമിൾനാശിനി, കളനാശിനി എന്നിവ ക്രമാതീതമായ അളവിൽ കൃഷിക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം മനുഷ്യനും വളർത്തു മൃഗങ്ങൾക്കും പരിസ്ഥിതിക്കുമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കീടനാശിനികളുടെ വർദ്ധിച്ച തോതിലുള്ള ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 'സേഫ് ടു ഈറ്റ്' എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽനിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പരിശോധനാ ഫലം പരസ്യപ്പെടുത്തുന്നതുവഴി ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കും. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനോടകം 32 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കീടനാശിനികളുടെ ഉപയോഗം കുറഞ്ഞതുവഴി സുഗന്ധവ്യഞ്ജനങ്ങളിലും പച്ചക്കറികളിലുമുള്ള അവശിഷ്ട കീടനാശിനി അളവിൽ 8 ശതമാനം വരെ കുറവ് വന്നിട്ടുള്ളതായി പരിശോധനാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്.

(ബി) ബോധവൽക്കരണത്തിലൂടെയും നല്ല കൃഷി മുറകൾ പ്രോത്സാഹപ്പിക്കുന്നതിലൂടെയും ഘട്ടം ഘട്ടമായി രാസകീടനാശിനികളുടെ ഉപയോഗം കുറച്ച് സുരക്ഷിത ഭക്ഷ്യോൽപ്പാദനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്നത്. അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യോൽപ്പന്നങ്ങളുടെ ഉൽപ്പാദനം സംബന്ധിച്ചും ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശിൽപ്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൻകീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന

സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവനിയന്ത്രണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദ കൃഷി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ജൈവകീടരോഗ നിയന്ത്രണോപാധികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ട്രൈക്കോഡർമ, വി.എ.എം. മുതലായവ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിന് സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കുന്നു.

2016-17 മുതൽ സംസ്ഥാനത്ത് ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് കാമ്പയിൻ നടപ്പിലാക്കിവരുന്നു. കാമ്പയിനിന്റെ ഭാഗമായി ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ്സ് ഇൻപെക്ടർമാർ എല്ലാ മാസവും നിർബന്ധമായും അതത് പ്രദേശത്തെ ഡിപ്പോകളിൽ പരിശോധിക്കുന്നു. ഇതിനുപുറമേ സംസ്ഥാന/ജില്ലാ/മേഖലാ തലങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. മാത്രമല്ല സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള മാരക കീടനാശിനികൾ അയൽ സംസ്ഥാനങ്ങളിൽനിന്നും എത്തുന്നത് തടയുവാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മൾട്ടി ഡിസിപ്ലിനറി സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്.

കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് ലക്ഷ്യമിട്ട് നിയന്ത്രിത വിഭാഗത്തിൽപ്പെടുന്ന കീടനാശിനികളുടെ വിൽപ്പനയ്ക്ക് കൃഷി ഓഫീസറുടെ ശിപാർശ കുറിപ്പ് നിർബന്ധമാക്കിയിട്ടുണ്ട്. നിയന്ത്രിത കീടനാശിനി ഉപഭോക്താക്കളുടെ പേരുവിവരം ഡിപ്പോകളിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിനും സ്റ്റോക്ക് വിലവിവരങ്ങൾ പരസ്യമായി പ്രദർശിപ്പിക്കുന്നതിനും എല്ലാ കർഷകർക്കും നിർബന്ധമായും ക്യാഷ് ബിൽ നൽകുന്നതിനും ഡിപ്പോകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിതരണവും വിൽപ്പനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗീകൃത ഡീലർമാർക്കായി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും 2017-18 മുതൽ നടത്തിവരുന്നു.

ഗാർഹിക കീടനാശിനികൾ ഉപഭോഗവസ്തുക്കൾക്കൊപ്പം സൂക്ഷിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക കീടനാശിനി വിതരണക്കാർ കൃഷിവകുപ്പിൽ നിന്നും കീടനാശിനി വിൽപ്പന വിതരണത്തിനുള്ള ലൈസൻസ് വാങ്ങേണ്ടതും വിൽപ്പനക്കാർ ലൈസൻസിന്റെ പകർപ്പ് കടയിൽ സൂക്ഷിക്കേണ്ടതുമാണ്.

കർഷകർക്കും കർഷക സമിതികൾക്കും കീടനാശിനി നിർമ്മാണ കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനികൾ വിതരണം ചെയ്യുന്നതും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ അനുമതിയില്ലാതെ കർഷകരുമായി ചേർന്ന് കീടനാശിനി പരീക്ഷണങ്ങളും ഡെമോൺസ്ട്രേഷനുകളും നടത്തുന്നതും നിരോധിച്ചിട്ടുണ്ട്.

ഡിപ്പോകളിൽ കീടനാശിനികൾ വലിയ പാക്കറ്റുകളിലും ബോട്ടിലുകളിലും സ്റ്റോക്ക് ചെയ്യുന്നതും വിൽപ്പന നടത്തുന്നതും നിരീക്ഷണവിധേയമാക്കിയിട്ടുണ്ട്. അംഗീകൃത വിൽപ്പനശാലകളിലൂടെയല്ലാതെ ഹാർഡ് വെയർ/പ്ലൈവുഡ് ഷോപ്പുകളിലൂടെ ലൈസൻസില്ലാതെയുള്ള കീടനാശിനി വിൽപ്പന തടയുന്നതിനും നടപടികളെടുത്തു വരുന്നു.

## കീടനാശിനി പ്രയോഗം മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

64 (1536) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടനാശിനിയുടെ അമിത ഉപയോഗത്തിലൂടെ സമീപകാലത്ത് ഉണ്ടായ അപകടങ്ങൾ ഒഴിവാക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ച നിയമ-ജാഗ്രതാ നടപടികൾ വിവരിക്കാമോ;

(ബി) കാർഷിക മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ചെങ്ങന്നൂർ നിയമസഭാ മണ്ഡലത്തിലെ കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) പൊതുജനാരോഗ്യത്തിനും പൊതു ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയുന്നതിനുവേണ്ടി 'കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ, സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തൂ' എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി 2019 ജനുവരി 21 മുതൽ 31 വരെ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകൾതോറും നടത്തിയിട്ടുണ്ട്.

കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിനും കീടനാശിനി കൃത്യയളവിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ കൃഷി ഓഫീസർമാരും തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ക്രമമായി സന്ദർശിച്ച് കൃഷിയിടങ്ങളിൽ കീടനാശിനികൾ ശിപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നത് പൂർണ്ണമായും നിയന്ത്രിക്കുന്നതിനാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്. കീടനാശിനി പ്രയോഗത്തിൽ പുലർത്തേണ്ട ജാഗ്രത സംബന്ധിച്ചും കീടനാശിനി വിഷബാധയുണ്ടായാൽ ഏറ്റെടുക്കേണ്ട പ്രാഥമിക ചികിത്സ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകളിൽ വിശദീകരിക്കുന്നുണ്ട്. കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിനും സുരക്ഷിതഭക്ഷണം ഉറപ്പുവരുത്തുന്നതിനും കർഷകർക്കും

പൊതുജനങ്ങൾക്കുമുള്ള നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകൾ, കീടനാശിനി ഡീലർ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും വിതരണം നടത്തിവരുന്നു.

(ബി) ചെങ്ങന്നൂർ നിയമസഭാ മണ്ഡലത്തിലെ കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതികൾ | തുക (ലക്ഷം രൂപ) |
|---|---|---|
| (1) | (2) | (3) |
| 1 | കാർഷിക വിജ്ഞാന വ്യാപനം | 16.3775 |
| 2 | അഗ്രോ സർവ്വീസ് സെന്റർ (സേവനം ലഭ്യമാക്കൽ) | 4.938 |
| 3 | മാർക്കറ്റുകളുടെ വികസനം | 1.44 |
| 4 | സമഗ്ര നെൽകൃഷി വികസനം | 24.371 |
| 5 | മണ്ണ് പരിപോഷണം | 12.0075 |
| 6 | പച്ചക്കറി കൃഷി വികസനം | 65.02954 |
| 7 | കാർഷിക വിളകളുടെ പരിപാലനം | 6.508 |
| 8 | കേര കൃഷി വികസനം (കേര ഗ്രാമം) | 52.2115 |
| 9 | പ്രകൃതിക്ഷോഭം കീടരോഗബാധ അടിയന്തര പ്രവർത്തനം | 72.82901 |
| 10 | ജൈവകൃഷി വ്യാപനം | 8.12 |
| 11 | വിള ഇൻഷ്വറൻസ് | 13.96075 |

| (1) | (2) | (3) |
|---|---|---|
| 12 | പ്രാദേശികാധിഷ്ഠിത വിളകൾ | 2 |
| 13 | ചെളി നീക്കൽ | 14 |
| 14 | ദേശീയ ബയോഗ്യാസ് വികസന പദ്ധതി | 1.169 |
| 15 | പയറുവർഗ്ഗങ്ങളുടെ വികസനം | 2 |
| 16 | യന്ത്രവൽക്കരണം | 4.96742 |
| 17 | കാർഷിക സൗജന്യ വൈദ്യുതി | 2.5 |
| 18 | കർഷക പെൻഷൻ | 380.194 |
| 19 | പ്രകൃതിക്ഷോഭ ദുരിതാശ്വാസം (വെള്ളപ്പൊക്കം) | 84.66724 |
| | ആകെ | 769.29046 |

**അശാസ്ത്രീയമായ കീടനാശിനി പ്രയോഗം**

65 (1537) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ അശാസ്ത്രീയമായ കീടനാശിനി പ്രയോഗം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അശാസ്ത്രീയ കീടനാശിനി പ്രയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് കർഷകർക്ക് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബോധവൽക്കരണത്തിലൂടെയും നല്ല കൃഷിമുറകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ഘട്ടം ഘട്ടമായി രാസകീടനാശിനികളുടെ ഉപയോഗം കുറച്ച് സുരക്ഷിത ഭക്ഷ്യോൽപ്പാദനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്നത്. അമിതകീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യോൽപ്പന്നങ്ങളുടെ ഉൽപ്പാദനം സംബന്ധിച്ചും ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശിൽപ്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൻകീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവനിയന്ത്രണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദ കൃഷി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ജൈവകീടരോഗ നിയന്ത്രണോപാധികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ട്രൈക്കോഡർമ, വി.എ.എം. മുതലായവ കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിന് വിവിധ പദ്ധതികളിലൂടെ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നു.

2016-17 മുതൽ സംസ്ഥാനത്ത് ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് ക്യാമ്പയിൻ നടപ്പിലാക്കിവരുന്നു. ക്യാമ്പയിനിന്റെ ഭാഗമായി ഫെർട്ടിലൈസർ, ഇൻസെക്ടിസൈഡ്സ് ഇൻപെക്ടർമാർ എല്ലാ മാസവും അതാത് പ്രദേശത്തെ ഡിപ്പോകളിൽ നിർബന്ധമായും പരിശോധിക്കുന്നു. ഇതിനുപുറമേ സംസ്ഥാന/ജില്ലാ/മേഖലാ തലങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. മാത്രമല്ല സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള മാരക കീടനാശിനികൾ അയൽസംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത് തടയുവാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മൾട്ടി ഡിസിപ്ലിനറി സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്.

കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് ലക്ഷ്യമിട്ട് നിയന്ത്രിത വിഭാഗത്തിൽപ്പെടുന്ന കീടനാശിനികളുടെ വിൽപ്പനയ്ക്ക് കൃഷി ഓഫീസറുടെ ശിപാർശ കുറിപ്പ് നിർബന്ധമാക്കിയിട്ടുണ്ട്. നിയന്ത്രിത കീടനാശിനി ഉപഭോക്താക്കളുടെ പേരുവിവരം സംബന്ധിച്ച് ഡിപ്പോകളിൽ പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനും സ്റ്റോക്ക് വില വിവരങ്ങൾ പരസ്യമായി പ്രദർശിപ്പിക്കുന്നതിനും എല്ലാ കർഷകർക്കും നിർബന്ധമായും ക്യാഷ് ബിൽ നൽകുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2017-18 മുതൽ വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിതരണവും വിൽപ്പനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗീകൃത ഡീലർമാർക്കായി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തിവരുന്നു.

ഗാർഹിക കീടനാശിനികൾ ഉപഭോഗ വസ്തുക്കൾക്കൊപ്പം സൂക്ഷിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക കീടനാശിനി വിതരണക്കാർ കൃഷി വകുപ്പിൽ നിന്നും കീടനാശിനി വിൽപ്പന വിതരണത്തിനുള്ള ലൈസൻസ് വാങ്ങേണ്ടതും വിൽപ്പനക്കാർ ലൈസൻസിന്റെ പകർപ്പ് കടയിൽ സൂക്ഷിക്കേണ്ടതുമാണ്.

കർഷകർക്കും കർഷക സമിതികൾക്കും കീടനാശിനി നിർമ്മാണ കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനികൾ വിതരണം ചെയ്യുന്നതും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ അനുമതിയില്ലാതെ കർഷകരുമായി ചേർന്ന് കീടനാശിനി പരീക്ഷണങ്ങളും ഡെമോൺസ്ട്രേഷനുകളും നടത്തുന്നതും നിരോധിച്ചിട്ടുണ്ട്. ഡിപ്പോകളിൽ കീടനാശിനികൾ വലിയ പാക്കറ്റുകളിലും ബോട്ടിലുകളിലും സ്റ്റോക്ക് ചെയ്യുന്നതും വിൽപ്പന നടത്തുന്നതും നിരീക്ഷണ വിധേയമാക്കിയിട്ടുണ്ട്. അംഗീകൃത വിൽപ്പന ശാലകളിലൂടെയല്ലാതെ ഹാർഡ് വെയർ/പ്ലൈവുഡ് ഷോപ്പുകളിലൂടെ ലൈസൻസില്ലാതെയുള്ള കീടനാശിനി വിൽപ്പന തടയുന്നതിനും നടപടികളെടുത്തുവരുന്നു.

(സി) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വിപണിയിലെ പച്ചക്കറികളിൽ നടത്തിയ അവശിഷ്ട വിഷാംശ പരിശോധനയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയ സാഹചര്യത്തിൽ കർഷകർ അനധികൃതമായി കീടനാശിനികൾ വാങ്ങുന്നതും കൃഷിയിടങ്ങളിൽ കീടനാശിനികൾ ശിപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നതും പൂർണ്ണമായും നിയന്ത്രിക്കുന്നതിനുവേണ്ടി കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യൂ. 22908/17 നമ്പർ സർക്കുലർ പ്രകാരം കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കീടനാശിനി കൃത്യയളവിൽ കർഷകൻ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കാൻ നടപടി

66 (1538) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണികളിൽ ലഭിക്കുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ അമിതമായ സാന്നിദ്ധ്യം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) കീടനാശിനികകളുടെ അമിത ഉപയോഗം ഒഴിവാക്കാൻ കർഷകർ നേരിട്ട് കീടനാശിനികൾ വാങ്ങുന്നതും ഉപയോഗിക്കുന്നതും നിയന്ത്രിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഓരോ കീടനാശിനിയുടെയും ഉപയോഗം സംബന്ധിച്ച വിശദാംശം വിൽപ്പന നടത്തുന്ന കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം നൽകുമോ;

(ഡി) കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) വിപണികളിൽ ലഭിക്കുന്ന പച്ചക്കറികളിൽ നിന്നെടുത്ത സാമ്പിളുകളിൽ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ നടത്തിയ പരിശോധനയിൽ ചില ഉൽപ്പന്നങ്ങളിൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല നടത്തിയിട്ടുള്ള അവക്ഷിപ്ത പരിശോധന റിപ്പോർട്ട് പ്രകാരം കേരളത്തിൽനിന്നും സംഭരിച്ച് വിപണനം ചെയ്യുന്ന 90 ശതമാനത്തിലധികം പച്ചക്കറികൾ സുരക്ഷിതമാണ്. ഇതുസംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല-കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലങ്ങൾ കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും കേരള സർക്കാർ വെബ് പോർട്ടലിലും www.kerala.gov.in ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ ഇൻസെക്ടിസൈഡ്സ് ആക്ട് 1968 പ്രകാരം ശക്തമായ നടപടികളാണ് കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നത്. കീടനാശിനി ഡിപ്പോകളിൽ ഇൻസെക്ടിസൈഡ്സ് ഇൻസ്പെക്ടർമാർ, ജില്ലാതല സ്ക്വാഡ്, റീജിയണൽ സ്പെഷ്യൽ സ്ക്വാഡ്, സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡ് തുടങ്ങിയവർ പരിശോധന നടത്തി നിരോധിത കീടനാശിനികളുടെ വിൽപ്പന നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

28-7-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 128/2015/കൃഷി പ്രകാരം മഞ്ഞ ലേബലോടുകൂടിയ കീടനാശിനികളായ കാർബോസൾഫാൻ, ക്ലോർഫൈറിഫോസ്, സൈപർമെത്രിൻ, ലാംഡ സൈഹാലോത്രിൻ, കളനാശിനികളായ 2.4 ഡി, നീല ലേബലോടുകൂടിയ അസഫേറ്റ്, കളനാശിനിയായ ഗ്ലൈഫോസേറ്റ് എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യൂ. 22908/17 എന്ന സർക്കുലർ പ്രകാരം കീടനാശിനികൾ കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും കർഷകർക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വിപണിയിലെ പച്ചക്കറികളിൽ നടത്തിയ അവശിഷ്ട വിഷാംശ പരിശോധനയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയ സാഹചര്യത്തിൽ കർഷകർ അനധികൃതമായി കീടനാശിനികൾ വാങ്ങുന്നതും കൃഷിയിടങ്ങളിൽ കീടനാശിനികൾ ശിപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നതും പൂർണ്ണമായും നിയന്ത്രിക്കുന്നതിനുവേണ്ടി കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യൂ. 22908/17 നമ്പർ സർക്കുലർ പ്രകാരം കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കീടനാശിനി കൃത്യയളവിൽ കർഷകർ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ G.O.(MS) No. 116/2011/Agri, dated 7-5-2011, G.O. (MS) No. 128/2015/Agri, dated 28-7-2015 എന്നിവ പ്രകാരം 17 കള/കീടനാശിനികൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഗസ്റ്റ് വിജ്ഞാപനം SO 3951(E), തീയതി 8-8-2018 പ്രകാരം 10 കീടനാശിനികൾ കൂടി 2018 ഓഗസ്റ്റ് 8 മുതൽ നിരോധിച്ചിട്ടുണ്ട്. 31-12-2020 മുതൽ 5 കീടനാശിനികൾ കൂടി ഗസറ്റ് വിജ്ഞാപനപ്രകാരം നിരോധിച്ചിട്ടുണ്ട്. നിലവിൽ ഇവയുടെ രജിസ്ട്രേഷൻ, ഉൽപ്പാദനം, ഇറക്കുമതി എന്നിവ നിരോധിച്ചിട്ടുണ്ട്. 28-7-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 128/2015/കൃഷി തീയതി പ്രകാരം മഞ്ഞ ലേബലോടുകൂടിയ കീടനാശിനികളായ കാർബോസൾഫാൻ, ക്ലോർഫൈറിഫോസ്, സൈപർമെത്രിൻ, ലാംഡ സൈഹാലോത്രിൻ, കളനാശിനികളായ 2.4 ഡി, നീല ലേബലോടുകൂടിയ അസഫേറ്റ്, കളനാശിനിയായ ഗ്ലൈഫോസേറ്റ് എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യൂ. 22908/17 നമ്പർ സർക്കുലർ പ്രകാരം കീടനാശിനികൾ കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും കർഷകർക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പൊതുജനാരോഗ്യത്തിനും പൊതു ആവാസവ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയുന്നതിനുവേണ്ടി "കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ, സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തൂ" എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി 2019 ജനുവരി 21 മുതൽ 31 വരെ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്.

കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് കീടനാശിനി കൃത്യയളവിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ട്. എല്ലാ കൃഷി ഓഫീസർമാരും തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ക്രമമായി സന്ദർശിച്ച് കൃഷിയിടങ്ങളിൽ കീടനാശിനികൾ ശിപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നത് പൂർണ്ണമായും നിയന്ത്രിക്കുന്നതിനാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.

കീടനാശിനി പ്രയോഗത്തിൽ പുലർത്തേണ്ട ജാഗ്രത സംബന്ധിച്ചും കീടനാശിനി വിഷബാധയുണ്ടായാൽ ഏറ്റെടുക്കേണ്ട പ്രാഥമിക ചികിത്സ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകളിൽ വിശദീകരിക്കുന്നുണ്ട്. കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കർഷകർക്കും പൊതുജനങ്ങൾക്കുമുള്ള നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകളും കീടനാശിനി ഡീലർ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകളും വിതരണം നടത്തിവരുന്നു.

കൃഷി ഡയറക്ടറുടെ ടി.ക്യു. (1) 41553/2016 തീയതി 24-10-2016-ലെ സർക്കുലർ പ്രകാരം നിരോധിക്കപ്പെട്ട കീടനാശിനികൾ കർഷകർ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം ബന്ധപ്പെട്ട കർഷകർക്ക് മേലിൽ അത്തരം കീടനാശിനികൾ പ്രയോഗിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകാനും തുടർന്നും അത്തരം കീടനാശിനികൾ ഉപയോഗിക്കുന്നത് ആവർത്തിക്കുന്ന പക്ഷം വൈദ്യുതി സൗജന്യം ഉൾപ്പെടെ കൃഷി വകുപ്പിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങളും നഷ്ടമാകുമെന്ന് കാണിച്ച് കർശന താക്കീതോടെ രണ്ടാമതും നോട്ടീസ് നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പിന്നീടും നിരോധിത കീടനാശിനികളുടെ ഉപയോഗം തുടർന്നാൽ അത്തരം കൃഷിക്കാരെ കൃഷി വകുപ്പിന്റെ നിലവിലുള്ള പദ്ധതികളിൽ നിന്നും അയോഗ്യരാക്കുകയും ഈ കർഷകർക്ക് മറ്റ് സർക്കാർ വകുപ്പുകൾ നൽകുന്ന സൗജന്യങ്ങൾകൂടി നിർത്തലാക്കുന്നതിനുള്ള ശിപാർശ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അനന്തര നടപടികൾക്കായി കൃഷി ഡയറക്ടർക്ക് അയച്ചുനൽകുകയും ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ

67 (1539) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീടനാശിനികളുടെ അമിതോപയോഗവും അനാവശ്യോപയോഗവും നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) നിരോധിക്കപ്പെട്ട കീടനാശിനികൾ പല രൂപത്തിലും പല പേരുകളിലും വ്യാപകമായി ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സർക്കാർ മേഖലയിലുള്ള കൃഷിയിടങ്ങളിലും മറ്റു കൃഷിയിടങ്ങളിലും കീടനാശിനി തളിക്കുന്ന തൊഴിലാളികൾ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്നുള്ളത് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; ഇത് ലംഘിക്കുന്നവർക്ക് തക്കതായ ശിക്ഷ നൽകി കീടനാശിനി, കുമിൾനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും, കൃത്യതയും, സൂക്ഷ്മതയും ഉറപ്പു വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വിപണിയിലെ പച്ചക്കറികളിൽ നടത്തിയ അവശിഷ്ട വിഷാംശ പരിശോധനയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയ സാഹചര്യത്തിൽ ഈ സർക്കാർ അധികാരം ഏറ്റെടുത്തയുടൻതന്നെ കർഷകർ അനധികൃതമായി കീടനാശിനികൾ വാങ്ങുന്നതും കൃഷിയിടങ്ങളിൽ കീടനാശിനികൾ ശിപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നതും പൂർണ്ണമായും നിയന്ത്രിക്കുന്നതിനുവേണ്ടി കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യൂ. 22908/17 നമ്പർ സർക്കുലർ പ്രകാരം കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കീടനാശിനി കൃത്യയളവിൽ കർഷകർ ഉപയോഗിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യൂ. 22908/17 നമ്പർ സർക്കുലർ പ്രകാരം കീടനാശിനികൾ കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും കർഷകർക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പൊതുജനാരോഗ്യത്തിനും പൊതു ആവാസവ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയുന്ന തിനുവേണ്ടി "കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ, സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തൂ" എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി 2019 ജനുവരി 21 മുതൽ 31 വരെ കാമ്പയിൻ നടത്തിയിട്ടുണ്ട്.

(സി) കൃഷി ഡയറക്ടറുടെ 29-1-2019-ലെ ടി.ക്യൂ. (1) 2001/2019 പ്രകാരം ഓരോ കൃഷി ഭവൻ പരിധിയിൽ വരുന്ന രാസവളം/കീടനാശിനി പ്രയോഗത്തി ലേർപ്പെടുന്ന എല്ലാ കർഷകത്തൊഴിലാളികളുടെയും പേര് രജിസ്റ്റർ ചെയ്തിരിക്കണമെന്നും ഇപ്രകാരം രജിസ്റ്റർ ചെയ്ത കർഷകത്തൊഴിലാളികൾക്ക് ഏകദിന ബോധവൽക്കരണ

പരിപാടിയും ആരോഗ്യവകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പും ഫെബ്രുവരി 25 നകം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകത്തൊഴിലാളികൾക്കുപകരം വിശാലമായ പാടശേഖരങ്ങളിൽ സൂക്ഷ്മ മൂലകങ്ങൾ, വളം, കീടനാശിനി മുതലായവ ഡ്രോൺ ഉപയോഗിച്ച് പ്രയോഗിക്കുന്ന പൈലറ്റ് പ്രോജക്ട് കോട്ടയം ജില്ലയിലെ പാടശേഖരങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചത് വിജയം കണ്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ഈ സംവിധാനം പ്രയോജന പ്പെടുത്തുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

**കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം**

68 (1540) ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം മൂലമുണ്ടായിട്ടുള്ള ഗുരുതരമായ സാഹചര്യം കൃഷി വകുപ്പ് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ലഭിക്കുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ സാന്നിദ്ധ്യം ഉയർന്ന നിലയിൽ കണ്ടെത്തിയിട്ടുണ്ടോ;

(സി) കൃഷി ഓഫീസർമാരുടെ നിർദ്ദേശപ്രകാരമല്ലാതെ കർഷകർ നേരിട്ട് കീടനാശിനികൾ വാങ്ങുന്നതും ഉപയോഗിക്കുന്നതും നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) കീടനാശിനികളുടെ അമിത ഉപയോഗംമൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെ കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നൽകുന്നതിനും അതിലൂടെ അതിന്റെ ഉപയോഗം കുറയ്ക്കുന്നതിനും നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്. കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വിപണിയിലെ പച്ചക്കറികളിൽ നടത്തിയ അവശിഷ്ട വിഷാംശ പരിശോധനയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയ സാഹചര്യത്തിൽ കർഷകർ അനധികൃതമായി കീടനാശിനികൾ വാങ്ങുന്നതും കൃഷിയിടങ്ങളിൽ കീടനാശിനികൾ ശിപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നതും പൂർണ്ണമായും നിയന്ത്രിക്കുന്നതിനുവേണ്ടി കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യു. 22908/17 നമ്പർ സർക്കുലർ പ്രകാരം കീടനാശിനികളുടെ

വിതരണവും വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കീടനാശിനി കൃത്യയളവിൽ കർഷകർ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ G.O.(MS) No. 116/2011/Agri, dated 7-5-2011, G.O. (MS) No. 128/2015/Agri, dated 28-7-2015 എന്നിവ പ്രകാരം 17 കള/ കീടനാശിനികൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനം SO 3951(E), തീയതി 8-8-2018 പ്രകാരം 10 കീടനാശിനികൾ കൂടി 2018 ആഗസ്റ്റ് 8 മുതൽ നിരോധിച്ചിട്ടുണ്ട്. 31-12-2020 മുതൽ 5 കീടനാശിനികൾ കൂടി ടി ഗസറ്റ് വിജ്ഞാപനപ്രകാരം നിരോധിച്ചിട്ടുണ്ട്. നിലവിൽ ഇവയുടെ രജിസ്ട്രേഷൻ, ഉൽപ്പാദനം, ഇറക്കുമതി എന്നിവ നിരോധിച്ചിട്ടുണ്ട്.

28-7-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 128/2015/കൃഷി പ്രകാരം മഞ്ഞ ലേബലോടുകൂടിയ കീടനാശിനികളായ കാർബോസൾഫാൻ, ക്ലോർപൈറിഫോസ്, സൈപർമെത്രിൻ, ലാംഡ സൈഹാലോത്രിൻ, കളനാശിനി കളായ 2.4 ഡി, നീല ലേബലോടുകൂടിയ അസഫേറ്റ്, കളനാശിനിയായ ഗ്ലൈഫോസേറ്റ് എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യു. 22908/17 നമ്പർ സർക്കുലർ പ്രകാരം കീടനാശിനികൾ കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും കർഷകർക്ക് ഇതുസംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പൊതുജനാരോഗ്യത്തിനും പൊതു ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയുന്നതിനുവേണ്ടി 'കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ, സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തൂ' എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി 2019 ജനുവരി 21 മുതൽ 31 വരെ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് കീടനാശിനി കൃത്യയളവിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ട്. എല്ലാ കൃഷി ഓഫീസർമാരും തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ക്രമമായി സന്ദർശിച്ച് കൃഷിയിടങ്ങളിൽ കീടനാശിനികൾ ശിപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നത് പൂർണ്ണമായും നിയന്ത്രിക്കുന്നതിനാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.

കീടനാശിനി പ്രയോഗത്തിൽ പുലർത്തേണ്ട ജാഗ്രത സംബന്ധിച്ചും കീടനാശിനി വിഷബാധയുണ്ടായാൽ ഏറ്റെടുക്കേണ്ട പ്രാഥമിക ചികിത്സ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസുകളിൽ വിശദീകരിക്കുന്നുണ്ട്. കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കർഷകർക്കും പൊതുജനങ്ങൾക്കുമുള്ള നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകളും കീടനാശിനി ഡീലർ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകളും വിതരണം നടത്തിവരുന്നു.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

28-7-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 128/2015/കൃഷി തീയതി പ്രകാരം മഞ്ഞ ലേബലോടുകൂടിയ കീടനാശിനികളായ കാർബോസൾഫാൻ, ക്ലോർഫൈറിഫോസ്, സൈപർമെത്രിൻ, ലാംഡ സൈഹാലോത്രിൻ, കളനാശിനികളായ 2.4 ഡി, നീല ലേബലോടുകൂടിയ അസഫേറ്റ്, കളനാശിനിയായ ഗ്ലൈഫോസേറ്റ് എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കൃഷി ഡയറക്ടറുടെ 3-1-2019-ലെ ടി.ക്യു. 22908/17 നമ്പർ സർക്കുലർ പ്രകാരം കീടനാശിനികൾ കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും കർഷകർക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) നടപടി കൈക്കൊണ്ടിട്ടുണ്ട്. കൃഷി ഭവനുകൾ മുഖേന വിവിധ പരിശീലന പരിപാടികൾ, കൃഷയിട സന്ദർശനങ്ങൾ, ലഘുലേഖകൾ, ബുള്ളറ്റിനുകൾ, സമൂഹ മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കാൻ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- കൃഷി ഓഫീസർമാരുടെ ശിപാർശയോടെ അംഗീകൃത ഡിപ്പോകളിൽ നിന്നും കീടനാശിനി വാങ്ങാൻ കർഷകർ ശ്രദ്ധിക്കുക.
- ക്യാഷ് ബിൽ നിർബന്ധമായും ചോദിച്ചുവാങ്ങണം.
- അംഗീകൃത ഡിപ്പോകളിലൂടെയല്ലാതെ കമ്പനികളോ വിതരണക്കാരോ ഇടനിലക്കാരോ നേരിട്ട് കീടനാശിനികൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൃഷി ഓഫീസറെ ഉടനടി വിവരമറിയിക്കുക.
- കാലാവധി കഴിഞ്ഞ കീടനാശിനികൾ വാങ്ങരുത്.

- കീടനാശിനി ബോട്ടിലുകൾ/പാക്കറ്റുകളിലെ നിർദ്ദേശങ്ങളും ലഘുലേഖകളും വായിച്ച് ഉള്ളടക്കം മനസ്സിലാക്കുക. സംശയമുണ്ടെങ്കിൽ കൃഷി ഓഫീസ റുടെയോ കൃഷി ഉദ്യോഗസ്ഥരുടെയോ സഹായം തേടുക.
- ലേബലിലോ ലഘുലേഖയിലോ പരമാർശിക്കാത്ത പ്രയോഗ രീതികൾ അനുവർത്തിക്കരുത്.
- വ്യാജ ഉൽപ്പന്നങ്ങൾ വാങ്ങുന്നില്ലെന്ന് ഉറപ്പുവരുത്തുക.
- വ്യാജ ഉൽപ്പന്നങ്ങൾ നിങ്ങളുടെ അറിവിൽ വിറ്റഴിക്കുന്നുണ്ടെന്ന് ശ്രദ്ധ യിൽപ്പെട്ടാൽ കൃഷിഭവനിലും പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കുക.
- ഗുണമേന്മയുള്ള, വിശ്വാസ്യതയുള്ള ഉൽപ്പന്നങ്ങൾ ലേബൽ/ ലഘുലേഖയിലെ നിർദ്ദേശപ്രകാരം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ അധികാരി കളോട് സഹകരിക്കുക.
- ഉപയോഗശേഷം ബാക്കി വരുന്ന കീടനാശിനി ഉൽപ്പന്നങ്ങൾ സൂക്ഷിച്ച് വയ്ക്കാനും ഉപയോഗം കഴിഞ്ഞവ സുരക്ഷിതമായി ഉപേക്ഷിക്കാനും ശ്രദ്ധിക്കുക.

**കീടനാശിനികളുടെയും കളനാശിനികളുടെയും ഗുണനിലവാരം**

69 (1541) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ ഉപയോഗിക്കുന്ന കീടനാശിനികളുടെയും കളനാശിനികളുടെയും ഗുണനിലവാരം പരിശോധിച്ചിട്ടാണോ കർഷകർക്ക് ഇത് കടകൾ വഴി ലഭ്യമാക്കുന്നത്;

(ബി) മാരകമായ അളവിൽ കീടനാശിനികൾ തളിക്കുന്നതുമൂലം മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും ദോഷം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാർഷികമേഖലയുമായി ബന്ധപ്പെട്ടുള്ള കീടനാശിനികൾ വിൽക്കുന്ന കടകളിൽ ഇതിന്റെ ഗുണനിലവാരം പരിശോധിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കൃഷി-ആരോഗ്യ വകുപ്പുകൾ സംയുക്തമായി ഇക്കാര്യം പരിശോധിക്കുകയും പ്രസ്തുത സമിതിയുടെ അനുമതിയോടുകൂടി മാത്രം വളം-കീടനാശിനി പ്രയോഗങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുമോ;

(ഡി) മനുഷ്യജീവനും ആരോഗ്യത്തിനും ദോഷകരമായേക്കാവുന്ന കള-കീടനാശിനികളെ ഒഴിവാക്കുന്നതിനും ദോഷം കുറഞ്ഞ കള-കീടനാശിനികൾ കൃഷി വകുപ്പ് വഴി വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന കീടനാശിനികളും കളനാശിനികളും ഗുണനിലവാരം പരിശോധിച്ച് വിറ്റഴിക്കുന്നതിനുള്ള പ്രായോഗിക സംവിധാനം നിലവിലില്ല. എന്നാൽ ഇവയുടെ ഉൽപ്പാദനം, വിതരണം, വിൽപ്പന എന്നിവയിലേർപ്പെടുന്നതിന് കൃഷി വകുപ്പ് ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ്സ് ഇൻപെക്ടർമാർ/കൃഷി ശാസ്ത്ര ബിരുദധാരികളായ കൃഷി ഓഫീസർമാർ എല്ലാ മാസവും അതത് പ്രദേശത്ത് ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ച് വരുന്നു. പരിശോധനയ്ക്കെടുത്ത സാമ്പിളുകൾ ലാബുകളിലേയ്ക്ക് അയയ്ക്കുകയും നിഷ്കർഷിച്ച ഗുണനിലവാര മാനദണ്ഡപ്രകാരമല്ലെന്ന് കണ്ടെത്തിയാൽ ഉൽപ്പാദകർക്കെതിരെയും വിതരണക്കാർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കാൻ ഇൻസെക്ടിസൈഡ്സ് ആക്ട് 1968 പ്രകാരം വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. കീടനാശിനികളുടെ ഗുണനിലവാര പരിശോധയ്ക്ക് തിരുവനന്തപുരം പാറോട്ടുകാണത്ത് കീടനാശിനി പരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ട്. പ്രതിവർഷം 2500 സാമ്പിളുകളാണ് ലാബിന്റെ പരിശോധനാ ശേഷി. ഓരോ വർഷവും ശേഖരിക്കേണ്ട സാമ്പിളുകളുടെ എണ്ണം എല്ലാ ജില്ലകൾക്കും കൃഷി ഡയറക്ടർ നിശ്ചയിച്ച് നൽകുകയും അതത് ജില്ലകളിൽ പ്രവർത്തിക്കുന്ന ഇൻസെക്ടിസൈഡ്സ് ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിച്ച് ലാബിലയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. സാമ്പിളുകൾക്ക് ഗുണനിലവാരമില്ലെന്ന് തെളിഞ്ഞാൽ കീടനാശിനി/ കളനാശിനി/ ഡീലർ/ ഉൽപ്പാദകർ എന്നിവർക്കെതിരെ ഇൻസെക്ടിസൈഡ്സ് ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നു.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവ കീടനാശിനികളുടെ ഉൽപ്പാദനവും വിതരണവും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ തൃശ്ശൂർ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിന്റെ ഉൽപ്പാദന ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. 2000-ൽ കേവലം 3 ഉൽപ്പന്നങ്ങളുമായി പ്രവർത്തനമാരംഭിച്ച സ്ഥാപനം ഇന്ന് 11 ഇനം ജൈവ കീട നിയന്ത്രണ ഉൽപ്പന്നങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ

മുഖേന കീട നിയന്ത്രണത്തിലുള്ള പരാദങ്ങളും വിതരണം ചെയ്യുന്നു. കൃഷി ഭവനുകളുമായി അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേനയും ജൈവ കീട നിയന്ത്രണോപാധികൾ വിതരണം ചെയ്തുവരുന്നു.

## രാസവള വില നിയന്ത്രണം

70 (1542) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രാസവള വില കുത്തനെ ഉയരുന്നതും കാർഷികോൽപ്പന്നങ്ങളുടെ വില കുത്തനെ താഴുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആറുമാസം മുൻപ് 630 രൂപ വിലയുണ്ടായിരുന്ന ഒരു ചാക്ക് പൊട്ടാഷ് വളത്തിന്റെ ഇപ്പോഴത്തെ വില 950 രൂപയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൂടാതെ ഈ കാലയളവിൽ തന്നെ കർഷകർ ഏറെ ഉപയോഗിക്കുന്ന യൂറിയ, ഫാക്ടംഫോസ്, മിക്സ്ചർ എന്നറിയപ്പെടുന്ന മിശ്രിത വളം എന്നിവയുടെ വിലയിലുണ്ടായ കുതിച്ചുകയറ്റം പരിശോധിക്കുകയുണ്ടായോ;

(ഡി) എങ്കിൽ രാസവള വില നിയന്ത്രിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) രാസവളങ്ങളിൽ പൊട്ടാഷിന്റെ വില 41.8 ശതമാനം വർദ്ധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി അസംസ്കൃത വസ്തുക്കളുടെ വിലയിലുണ്ടായ വർദ്ധനയും ഡോളറിന്റെ വിനിമയനിരക്കിലുള്ള വ്യത്യാസവുമാണ് വില വർദ്ധനവിനുണ്ടായ കാരണങ്ങൾ.

(ബി) ഉണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്. യൂറിയയ്ക്ക് വില വർവദ്ധനവുണ്ടായിട്ടില്ല. മറ്റ് നേർ വളങ്ങളുടെയും മിക്സ്ച്ചറുകളുടെയും വില വർദ്ധനവ് 20.3 ശതമാനത്തിൽ താഴെയാണ്.

(ഡി) രാസവളങ്ങളിൽ യൂറിയയുടെ വില മാത്രമാണ് കേന്ദ്ര സർക്കാർ നിയന്ത്രിക്കുന്നത്. മറ്റ് വളങ്ങളുടെ വില അതത് കമ്പനികൾക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ വില, ഡോളറിന്റെ വിനിമയ നിരക്ക്, കയറ്റിറക്ക് കൂലി, ചരക്കുകൂലി എന്നിവയുടെ അടിസ്ഥാനത്തിലാണ് വളങ്ങളുടെ വില നിശ്ചയിക്കുന്നത്. എം.ആർ.പി.-യെക്കാൾ കൂടുതൽ വില ഈടാക്കുന്ന കടക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കു

ന്നതിനുള്ള നിർദ്ദേശം എല്ലാ കൃഷി ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. നെല്ലിന്റെയും റബ്ബറിന്റെയും വിലയിടിവ് തടയുന്നതിന് നെല്ല് സംഭരണവും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി വരുന്നുണ്ട്.

ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളും കർഷകർക്ക് ന്യായവില ഉറപ്പാക്കുവാൻ പ്രവർത്തിച്ചുവരുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ ന്യായവിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് വിറ്റഴിക്കുന്നതിനുള്ള സംവിധാനം 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, 240 എ ഗ്രേഡ് ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. വിപണി ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി കേരളത്തിലൊട്ടാകെ 400 ആഴ്ച്ചചന്തകൾ പ്രവർത്തിച്ച് വരുന്നുണ്ട്. സർക്കാർ ഏജൻസിയായ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാനത്തൊട്ടാകെ 283 സ്വാശ്രയ കർഷക സമിതികൾ രൂപീകരിച്ച് വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്നുണ്ട്. ഹോർട്ടികോർപ്പ് ടി സ്ഥാപനത്തിന്റെ സംഭരണ കേന്ദ്രത്തിലൂടെ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകരിൽനിന്നും കർഷക കൂട്ടായ്മകളിൽ നിന്നും കാർഷിക മൊത്ത വ്യാപാര വിപണികളിൽ നിന്നും കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. ജൈവ കാർഷിക മുറകളും നല്ല കാർഷിക പരിപാലന മുറകളും അവലംബിച്ച് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ പ്രത്യേകമായിത്തന്നെ വിറ്റഴിക്കുന്നതിനായി 440 എക്കോഷോപ്പുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കർഷകർക്ക് ഇപ്രകാരം മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്.

**കർഷക കടാശ്വാസ കമ്മീഷൻ**

71 (1543) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷൻ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം നൽകിയിട്ടുള്ളത്; വിശദ വിവരം നൽകുമോ ;

(ബി) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനമേഖല വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ 31-10-2011 വരെയും വയനാട് ജില്ലയിൽ 31-3-2014 വരെയും വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള കർഷകർക്ക് കടാശ്വാസത്തിനായി അപേക്ഷ

സമർപ്പിക്കുന്നതിനുള്ള സമയപരിധി 2019 ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7/2016 മുതൽ 23-1-2019 വരെ ആകെ 66907 അപേക്ഷകൾ സിറ്റിംഗ് നടത്തി പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്. അതിൽ അർഹരായ 11354 കർഷകർക്ക് 27,90,79,886 രൂപ കടാശ്വാസമായി ശിപാർശ ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 7480 കർഷകർക്ക് 20,00,00,000 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 7949 കർഷകർക്ക് 19,76,64,765 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ജസ്റ്റിസ് (റിട്ട.) ശ്രീ. ശശിധരൻ നമ്പ്യാർ ചെയർമാനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ നിയമം അനുശാസിക്കുന്നപ്രകാരം സാധ്യമായ ഇടപെടലുകൾ കമ്മീഷൻ നടത്തി വരുന്നതിനാൽ പ്രവർത്തന മേഖല വിപുലീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## വയനാട് ജില്ലയിലെ കാർഷിക വായ്പ

72 (1544) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയ പുനർനിർമ്മിതിയുടെ ഭാഗമായി വയനാട് ജില്ലയിലെ കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നത് പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ജില്ലയിലെ ബാങ്കുകൾ, പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ട കർഷകരുടെ കടങ്ങൾ ഇളവുചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ടോ;

(സി) മുൻവർഷത്തെ അപേക്ഷിച്ച് പ്രളയാനന്തര കാർഷിക വായ്പ അനുവദിക്കുന്നതിന്റെ തോത് കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) സ്വീകരിച്ചിട്ടുണ്ട്. പ്രളയദുരന്ത ബാധിതർക്ക് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച് ഉജ്ജീവന വായ്പാ പദ്ധതി നടപ്പിലാക്കുന്നതോടെ (വയനാട് ജില്ലയിലെ പ്രളയ ബാധിതരായ കർഷകർ ഉൾപ്പെടെ) കർഷകർക്ക് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽനിന്നുമെടുക്കുന്ന വായ്പകൾക്ക് സർക്കാർ ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഉജ്ജീവന വായ്പാ പദ്ധതിയിലൂടെ താഴെപ്പറയും പ്രകാരം ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1. ദുരന്ത ബാധിതർക്ക് അവർ ജീവനോപാധി പുനരാരംഭിക്കുന്നതിനായി എടുക്കുന്ന ടേം ലോണിന്റെ മാർജിൻ മണിയായി 2 ലക്ഷം രൂപയോ വായ്പയുടെ 25 ശതമാനമോ ഏതാണോ കുറവ് ആ തുക സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

2. ദുരന്ത ബാധിതരിൽ ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം (വർക്കിംഗ് ക്യാപ്പിറ്റൽ) മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യമനുസരിച്ച് എടുക്കുന്ന വായ്പ തുകയിൽ 10 ലക്ഷം രൂപ വരേയ്ക്കും മാർജിൻ മണിക്കുപകരം ഒരു വർഷത്തേയ്ക്ക് 9 ശതമാനം നിരക്കിൽ താങ്ങ് പലിശ (interest subvention) സർക്കാർ ബാങ്കുകൾ നൽകുന്നതാണ്. ഉജ്ജീവന വായ്പാ പദ്ധതി അനുവദിച്ച സർക്കാർ ഉത്തരവിനുമുമ്പായി 2018-ലെ പ്രളയ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള ദുരന്ത ബാധിതർക്കും അവരെടുത്ത വായ്പയിൽ 10 ലക്ഷം രൂപ വരേയ്ക്കും ഒരു വർഷത്തേയ്ക്ക് 9 ശതമാനം നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

3. ദുരന്ത പ്രതികരണനിധിയിൽ നിന്നും മാനദണ്ഡപ്രകാരം 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതിന് സഹായം ലഭിച്ച കിസാൻ കാർഡുള്ള കൃഷി വായ്പ (ക്രോപ്പ് ലോൺ) കൃത്യമായി തിരിച്ചടയ്ക്കുന്ന കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്കും പദ്ധതി വഴി 4 ശതമാനം താങ്ങ് പലിശ ഒരു വർഷത്തേയ്ക്ക് ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഉജ്ജീവന വായ്പാ പദ്ധതി അനുവദിച്ച സർക്കാർ ഉത്തരവിനുമുമ്പായി 2018-ലെ പ്രളയ നഷ്ടത്തിന് കൃഷി വായ്പ (ക്രോപ്പ് ലോൺ) എടുത്തിട്ടുള്ള കിസാൻ ക്രെഡിറ്റ് കാർഡുടമകൾക്കും ഈ സഹായം ലഭ്യമാണ്.

2018 ആഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക വായ്പകൾക്ക് മോറട്ടോറിയം കൂടാതെ വായ്പകളുടെ പുനഃക്രമീകരണം, അധിക വായ്പ എന്നിവയും ഈ നടപടികളുടെ ഭാഗമാണെന്ന് എസ്.എൽ.ബി.സി. കൺവീനർ അറിയിച്ചിട്ടുണ്ട്.

പ്രളയ പുനർനിർമ്മിതിയുടെ ഭാഗമായി വയനാട് ജില്ലയിലെ കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നത് പ്രോത്സാഹിപ്പിക്കാൻ സഹകരണ വകുപ്പ് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിലും സഹകരണ മേഖലയിലെ കാർഷിക കടങ്ങൾ ഉൾപ്പെടെയുള്ള കടങ്ങൾ വിവിധ ഇളവുകളോടെ തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് നവകേരളീയം കുടിശ്ശിക നിവാരണം 2019 പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇല്ല. ഉജ്ജീവന വായ്പാ പദ്ധതി നടപ്പിൽ വരുന്നതോടെ കാർഷിക വായ്പാ തോത് വർദ്ധിക്കാനാണ് സാദ്ധ്യത.

**കാർഷിക കടാശ്വാസം**

73 (1545) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാർഷിക കടാശ്വാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ജസ്റ്റിസ് (റിട്ട.) ശ്രീ. ശശിധരൻ നമ്പ്യാർ ചെയർമാനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുന:സംഘടിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ 31-10-2011 വരെയും വയനാട് ജില്ലയിൽ 31-3-2014 വരെയും വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള കർഷകർക്ക് കടാശ്വാസത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2019 ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7/2016 മുതൽ 23-1-2019 വരെ ആകെ 66907 അപേക്ഷകൾ സിറ്റിംഗ് നടത്തി പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 7480 കർഷകർക്ക് 20,00,00,000 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 7949 കർഷകർക്ക് 19,76,64,765 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

## കാർഷിക കടങ്ങൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം

74 (1546) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടങ്ങൾക്ക് പ്രഖ്യാപിച്ച മൊറോട്ടോറിയം പ്രളയത്തിൽ കനത്ത നാശം നേരിട്ട കർഷകർക്ക് ആശ്വാസകരമല്ലായെന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രളയത്തിന് ശേഷം കടബാധ്യത കാരണം കർഷകർ ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) പുതുനഗരം കരിപ്പോട് പ്രദീപ് എന്ന കർഷകൻ ജപ്തി നടപടികളുടെ ഭാഗമായുള്ള മാനസിക പ്രയാസം കൊണ്ട് ആത്മഹത്യ ചെയ്ത കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കർഷകന്റെ ആശ്രിതർക്ക് എന്ത് സഹായമാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കാർഷിക കടം എഴുതി തള്ളുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയാന്തര ദുരിതമനുഭവിക്കുന്ന കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധതരം വായ്പകളുടെ ജപ്തി നടപടികൾക്ക് 12-10-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 367/2018/റവ. ഉത്തരവുപ്രകാരം ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചത് ആശ്വാസ നടപടിയായി കരുതുന്നു.

(ബി) പ്രളയത്തിനുശേഷം കടബാദ്ധ്യത കാരണം കർഷക ആത്മഹത്യ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) പുതുനഗരം കരിപ്പോട് പ്രദീപിന്റെ ആത്മഹത്യ ജപ്തി നടപടികളുടെ ഭാഗമായുള്ള മാനസിക പ്രയാസം കൊണ്ടാണെന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല. ടിയാന്റെ പേരിൽ കൃഷി ഭൂമി ഇല്ലായെന്ന് പുതുനഗരം കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ഡി) ജസ്റ്റിസ് (റിട്ട.) ശ്രീ. ശശിധരൻ നമ്പ്യാർ ചെയർമാനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ 31-10-2011 വരെയും വയനാട് ജില്ലയിൽ 31-3-2014 വരെയും വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക യായിട്ടുള്ള കർഷകർക്ക് കടാശ്വാസത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2019 ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

## കർഷകർക്ക് ജപ്തി നോട്ടീസ്

75 (1547) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തെ തുടർന്ന് കാർഷിക കടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ കർഷകർക്ക് ബാങ്കുകൾ ഇപ്പോഴും ജപ്തി നോട്ടീസ് അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ചുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതികൾ ലഭിച്ചിട്ടുണ്ട്. ആയവ അനുഭാവപൂർവ്വം പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി എസ്.എൽ.ബി.സി. കൺവീനർക്കും ബന്ധപ്പെട്ട ബാങ്ക് അധികൃതർക്കും അയച്ചുകൊടുത്തിട്ടുണ്ട്. തികച്ചും നിയമാനുസൃതമായ റിക്കവറി നടപടികൾ മാത്രമേ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ അവലംബിക്കുന്നുള്ളൂവെന്നും പ്രളയത്തിനുമുമ്പ് നിഷ്ക്രിയ ആസ്തിയായി മാറിയ അക്കൗണ്ടുകളിൽ തുടർന്നുവരുന്ന റിക്കവറി നടപടികൾ നിർത്തിവച്ചിട്ടില്ലെന്നും എസ്.എൽ.ബി.സി. കൺവീനർ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസറോട് ഉടൻ തന്നെ ബാങ്കുകളുമായി ബന്ധപ്പെട്ട് വിഷയം ചർച്ച ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്വർണ്ണപ്പണയത്തിന്മേൽ കാർഷിക വായ്പ

76 (1548) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണപ്പണയത്തിന്മേൽ കാർഷിക വായ്പയെടുക്കുന്നവരിൽ ഭൂരിപക്ഷം പേരും കർഷകരല്ലെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ;

(ബി) സ്വർണ്ണപ്പണയത്തിന്മേൽ കാർഷികവായ്പ എടുത്തവരുടെ പട്ടിക കൃഷിവകുപ്പ് കൃഷിഭവന്റെ അടിസ്ഥാനത്തിൽ ശേഖരിച്ചിട്ടുണ്ടോ;

(സി) കാർഷിക വായ്പ യഥാർത്ഥ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പിന്റെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആകെ നൽകുന്ന കാർഷിക വായ്പകളിൽ 16 ശതമാനം മാത്രമാണ് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വിതരണം ചെയ്തിട്ടുള്ളത്. പൊതുമേഖലാ ബാങ്കുകൾ, അനർഹർക്ക് കാർഷിക വായ്പ നൽകുന്നത് അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് കൃഷി വകുപ്പുമന്ത്രി റിസർവ് ബാങ്ക് ഗവർണർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) ശേഖരിച്ചിട്ടില്ല.

(സി) കാർഷിക വായ്പ യഥാർത്ഥ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ച് 8-10-2018-ൽ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്ക് പ്രതിതിധികളുമായി ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിരുന്നു. സ്വർണ്ണപ്പണയത്തിന്മേൽ കാർഷിക വായ്പ നൽകുമ്പോൾ റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം പാലിക്കാൻ എസ്.എൽ.ബി.സി. കൺവീനർ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ നിന്നും സ്വർണ്ണപ്പണയത്തിന്മേൽ വായ്പ നൽകുന്നത് വായ്പാക്കാരിൽ നിന്നും കൃഷി സ്ഥലത്തിന്റെ നികുതി രസീത് വാങ്ങിയതിനുശേഷമാണ്.

## കാർഡമം രജിസ്ട്രേഷൻ പുനരാരംഭിക്കുന്നതിന് നടപടി

77 (T*1549) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലം കർഷകർക്ക് സ്പൈസസ് ബോർഡിൽ നിന്നും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും കൃഷിക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഏലം നിയമപരമായി വിൽക്കുന്നതിനും നിർബ്ബന്ധമായും ആവശ്യമുള്ള കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ തടസ്സങ്ങൾ നീക്കി കാർഡമം രജിസ്ട്രേഷൻ പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 24-4-2015-ലെ GO(MS)72/2015/എ.ഡി. ഉത്തരവുപ്രകാരം കാർഡമം രജിസ്ട്രേഷൻ കാലാവധി എട്ടുവർഷമായി നിജപ്പെടുത്തിയിരുന്നു. എന്നാൽ 1986-ലെ സ്പൈസസ് ബോർഡ് ആക്ട് എട്ടാം വകുപ്പിലെ രണ്ടാം ഉപവകുപ്പുപ്രകാരം കാർഡമം രജിസ്ട്രേഷൻ അധികൃതർ റദ്ദാക്കുന്നതുവരെ നിലനിൽക്കുന്നതാണെന്ന്

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും 1994-ലെ കേരള കാർഡമം എസ്റ്റേറ്റ് ഓണേഴ്സ് രജിസ്ട്രേഷൻ റൂൾസിൽ ഏലം രജിസ്ട്രേഷനുള്ള കാലാവധി നിശ്ചയിച്ചിട്ടില്ലാത്ത തിനാലും 19-7-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 96/2018/കൃഷി നമ്പർ ഉത്തരവുപ്രകാരം കാലാവധി 8 വർഷമായി നിജപ്പെടുത്തിയിരുന്ന 24-4-2015-ലെ GO(MS)72/2015/എ.ഡി. നമ്പർ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്.

എന്നാൽ കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സമയപരിധിയും ഫീസ്ഘടനയും പുനർനിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറത്തിറക്കിയ 29-2-2016-ലെ GO(MS)35/2016/കൃഷി നമ്പർ ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില ആശയക്കുഴപ്പങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിനും കാർഡമം രജിസ്ട്രേഷനുള്ള കാലാപരിധി 31-3-2017 വരെ ദീർഘിപ്പിച്ച് നൽകിയത് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്ന വിഷയത്തിൽ കൂടുതൽ ചർച്ചകൾ നടത്തുന്നതിനുമായി റവന്യൂ വകുപ്പുമന്ത്രിയുടെയും എം.എൽ.എ.യുടെയും സാന്നിധ്യത്തിൽ സ്പൈസസ് ബോർഡ്, കർഷക സംഘടനാ പ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പുകളുടെ ഉന്നതതല ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ യോഗം വിളിച്ചുചേർത്ത് പ്രശ്നപരിഹാരത്തിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ

78 (1550) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള ഇക്കോഷോപ്പുകളുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ സംരംഭം വഴി നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ ആകെ 427 ഇക്കോ ഷോപ്പുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഇക്കോഷോപ്പുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 35 |
| 2 | കൊല്ലം | 32 |
| 3 | പത്തനംതിട്ട | 22 |
| 4 | ആലപ്പുഴ | 32 |
| 5 | കോട്ടയം | 32 |
| 6 | ഇടുക്കി | 34 |
| 7 | എറണാകുളം | 31 |
| 8 | തൃശ്ശൂർ | 38 |
| 9 | പാലക്കാട് | 39 |
| 10 | മലപ്പുറം | 43 |
| 11 | കോഴിക്കോട് | 20 |
| 12 | വയനാട് | 11 |
| 13 | കണ്ണൂർ | 36 |
| 14 | കാസർഗോഡ് | 22 |
| | ആകെ | 427 |

(ബി) ജൈവ ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ അധിക വില നൽകി ഇക്കോഷോപ്പുകളിൽ സംഭരിച്ച് ഉപഭോക്താക്കൾക്കായി വിപണനം നടത്തുന്നു. കർഷകർക്കാവശ്യമായ ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ, മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയുടെ വിപണനവും നടത്തുന്നു. വിവിധ കാർഷികോ

പകരണങ്ങൾ ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കിവരുന്നു. അധികമായി ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ കർഷകർക്ക് ന്യായമായ വില നൽകി കർഷകരിൽനിന്ന് സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി ഇക്കോഷോപ്പിലൂടെ വിതരണം ചെയ്യുന്നു. കൂടാതെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾക്ക് 20 ശതമാനം അധിക വില നൽകി കർഷകരിൽനിന്ന് സംഭരിക്കുകയും ഉപഭോക്താക്കളിലെത്തിക്കുകയും ചെയ്യുന്ന സംവിധാനവും നിലവിലുണ്ട്. കൂടാതെ GAP മാനദണ്ഡങ്ങൾ പിന്തുടരുന്ന GAP സെന്ററുകളിൽ നിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പായ്ക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി വിൽക്കുന്നു.

**ഒരു നെല്ല് ഒരു മീൻ പദ്ധതി**

79 (1551) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈപ്പിൻ മണ്ഡലത്തിൽ നായരമ്പലം പഞ്ചായത്തിൽ 'ഒരു നെല്ല് ഒരു മീൻ 'എന്ന പദ്ധതിക്ക് വേണ്ടി കെ.എൽ.ഡി.സി. വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഫിഷറീസ് വകുപ്പിന്റെ നിർദ്ദേശാനുസൃതം ഒരു നെല്ലും ഒരു മീനും പദ്ധതിയിൽ ഉൾപ്പെടുത്തി നായരമ്പലം പഞ്ചായത്തിലെ പടിഞ്ഞാറെ പാടശേഖരത്തിന്റെ എസ്റ്റിമേറ്റ് കെ.എൽ.ഡി.സി. വഴി തയ്യാറാക്കി വരുന്നു.

**പാടശേഖര വികസന പദ്ധതി**

80 (1552) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ നിലവിൽ ഏതൊക്കെ പാടശേഖര വികസന പദ്ധതികളാണ് കെ.എൽ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ബി) രാമമംഗലം പാമ്പൂരിച്ചാൽ പാടശേഖര വികസനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിലുൾപ്പെടുത്തി കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ പിറവം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു :

1. തോട്ടറപുഞ്ച-ഇടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ കൈപ്പട്ടൂർ പാടശേഖരത്തിന്റെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ-നബാർഡ് ആർ.ഐ.ഡി.എഫ്.-XX

2. തോട്ടറപുഞ്ച-ഇടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ നടയ്ക്കകം പാടശേഖരത്തിന്റെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ-നബാർഡ് ആർ.ഐ.ഡി.എഫ്.-XX

3. തോട്ടറപുഞ്ച-ഇടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ അയ്യംകുന്നം പാടശേഖരത്തിന്റെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ-നബാർഡ് ആർ.ഐ.ഡി.എഫ്.-XX

4. എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം പഞ്ചായത്തിലെ ചന്തത്തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ-നബാർഡ് ആർ.ഐ.ഡി.എഫ്.-XXII

(ബി) പാമ്പൂരിച്ചാൽ പാടശേഖര വികസനത്തിനായി 9.35 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ്. XXIII സ്കീമിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത ട്രാഞ്ചെയിൽ കൃഷി വകുപ്പിലെ പദ്ധതികൾക്കൊന്നും നബാർഡിൽനിന്നും അംഗീകാരം ലഭിച്ചില്ല. മേൽപാടശേഖര വികസനത്തിനായി നിവേദനം ലഭിക്കുന്ന പക്ഷം ആർ.ഐ.ഡി.എഫ്.-XXV-ൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

**കൃഷി ഭവനുകളിലെ തസ്തികകൾ**

81 (1553) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി, എളവള്ളി കൃഷി ഭവനുകളിൽ നിലവിലുള്ള അംഗീകൃത തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ കൃഷി ഭവനുകളിൽ ഏതെല്ലാം തസ്തികകൾ ജീവനക്കാരില്ലാതെ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ജീവനക്കാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഇല്ലെങ്കിൽ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി, എളവള്ളി കൃഷി ഭവനകളിൽ നിലവിലുള്ള അംഗീകൃത തസ്തികകൾ ചുവടെ ചേർക്കുന്നു :

| തസ്തിക | കൃഷി ഭവൻ വാടാനപ്പള്ളി | കൃഷി ഭവൻ എളവള്ളി |
|---|---|---|
| കൃഷി ഓഫീസർ | 1 | 1 |
| കൃഷി അസിസ്റ്റന്റ് | 3 | 3 |
| കാഷ്വൽ സ്വീപ്പർ | 1 | 1 |
| ആകെ | 5 | 5 |

(ബി) കൃഷി ഭവനിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| തസ്തിക | കൃഷി ഭവൻ, വാടാനപ്പള്ളി | കൃഷി ഭവൻ എളവള്ളി |
|---|---|---|
| കൃഷി ഓഫീസർ | - | - |
| കൃഷി അസിസ്റ്റന്റ് | 1 | 2 |
| ആകെ | 1 | 2 |

(സി&ഡി) ഉണ്ട്. കൃഷി അസിസ്റ്റന്റ് തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തിനാൽ ഉറന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കൃഷി അസിസ്റ്റന്റുമാരിൽ നിന്നും കൃഷി ഓഫീസർക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ കോടതി ഇടപെടൽമൂലം കുറച്ച് കാലതാമസം നേരിടുമെന്നതിനാൽ പരമാവധി ഒഴിവുകളിലേയ്ക്ക് പി.എസ്.സി. വഴിയുള്ള കൃഷി ഓഫീസർ നിയമനം നട<u>ത്തു</u>ന്നതിന് ശ്രമം നടത്തി വരുന്നു.

## നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസനം

82 (1554) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇരുന്നൂറ് ഏക്കറിലധികം വ്യാപിച്ച് കിടക്കുന്ന നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിൽ 12 സ്ഥിരം തൊഴിലാളികളും 296 ക്യാഷ്വൽ തൊഴിലാളികളുമാണ് പണിയെടുക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ കൃഷിഫാമുകളുടെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിച്ചപ്പോൾ നേര്യമംഗലം കൃഷി ഫാമിൽ ആയത് വർദ്ധിപ്പിക്കാതിരുന്നതുമൂലം നിലവിലെ സ്റ്റാഫ് സ്ട്രെങ്ത് 111 ആയി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 12 സ്ഥിരം തൊഴിലാളികളും 296 ക്യാഷ്വൽ തൊഴിലാളികളും അടക്കം 300-ൽ അധികം പേർ പണിയെടുക്കുന്ന നേര്യമംഗലം ജില്ല കൃഷി തോട്ടത്തിന്റെ സ്റ്റാഫ് സ്ട്രെങ്ത് നിലവിലുള്ള 111- ൽ നിന്നും വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) നിലവിലെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിച്ച് ഇവിടെ വർഷങ്ങളായി ജോലി നോക്കുന്ന ക്യാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടു<u>ത്തു</u>വാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിദേശ ഫലവൃക്ഷത്തോട്ടങ്ങൾ മാതൃവൃക്ഷത്തോട്ടങ്ങൾ, തെങ്ങ് വികസന പദ്ധതി, പുതുക്കിയ മാതൃവൃക്ഷത്തോട്ടം, ഔഷധസസ്യ മ്യൂസിയം, ഐ.എഫ്.എസ്. (ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം), എസ്.എച്ച്.എം. പച്ചക്കറികൃഷി, എൻ.എം.എസ്.എ.- ഹൈടെക് നഴ്സറി (സ്മാഫ്), 3 ലക്ഷം കുരുമുളക് തൈകളുടെ ഉൽപ്പാദനം (എസ്.എച്ച്.എം.) എന്നീ പദ്ധതികൾ കോതമംഗലം മണ്ഡലത്തിലെ നേത്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിലല്ല തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിക്കുന്നത്. ഇതിനായി സർക്കാർ ഉത്തരവനുസരിച്ചുള്ള ഒരു ഫോർമുല നിലവിലുണ്ട്. ഇതനുസരിച്ചാണ് കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിച്ചിട്ടുള്ളത്.

(ഡി&ഇ) ഫാമിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ആനുപാതികമായി തൊഴിലാളികളുടെ എണ്ണവും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കോന്നി ബൈപ്പാസിന് തണ്ണീർത്തടം നികത്താൻ അനുമതി

83 (1555) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ബൈപ്പാസ് നിർമ്മാണത്തിന് തണ്ണീർത്തടം നികത്തുന്നതിനുള്ള അനുമതിക്കായി പ്രാദേശിക നിരീക്ഷണ സമിതി (കൃഷി ഓഫീസർ, വള്ളിക്കോട്/ പ്രമാടം/കോന്നി) മുൻമ്പാകെ പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷ സമർപ്പിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) ആയതിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ;

(സി) പ്രസ്തുത അപേക്ഷയിൻമേൽ നടപടികൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ അടിയന്തരമായി നടപടികൾ പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) കോന്നി ബൈപ്പാസ് നിർമ്മാണത്തിനായി നിലം നികത്തുന്നതിന് വള്ളിക്കോട്, പ്രമാടം, കോന്നി ഗ്രാമപഞ്ചായത്തുകളിലെ പ്രാദേശികതല നിരീക്ഷണ സമിതികൾ മുമ്പാകെ യഥാക്രമം 23-6-2018, 22-6-2018, 31-5-2018 എന്നീ തീയതികളിലായി പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വള്ളിക്കോട് കൃഷിഭവനിൽ നൽകിയ അപേക്ഷയിൽ നികത്തേണ്ട തോട്/നിലം എന്നിവയുടെ ബ്ലോക്ക് നമ്പർ ഉൾപ്പെടുത്തി നൽകണമെന്ന് കൃഷി ഭവനിൽ നിന്നും രേഖാമൂലം പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

പ്രമാടം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ പ്രാദേശികതല നിരീക്ഷണ സമിതി സ്ഥല പരിശോധന നടത്തി 7-1-2019-ൽ യോഗം ചേരുകയും പത്തനംതിട്ട പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (റോഡ്സ്) കാര്യാലയത്തിൽ 25-1-2019-ന് റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്. കോന്നി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ പ്രാദേശിക തല നിരീക്ഷണ സമിതി 4-1-2019-ാം തീയതി സ്ഥല പരിശോധന നടത്തുകയും ചെയ്തു.

(സി&ഡി) പ്രമാടം ഗ്രാമപഞ്ചായത്തിലെ പ്രാദേശികതല നിരീക്ഷണ സമിതി 25-1-2019-ൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ അപാകത കണ്ടെത്തിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈക്കം മണ്ഡലത്തിൽ കൃഷിവകുപ്പ് തയ്യാറാക്കിയ പദ്ധതികൾ

84 (1556) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് വൈക്കം നിയോജക മണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കാൻ തയ്യാറാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇവയ്ക്കുള്ള ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; എത്ര തുക ലഭിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ഡി) വൈക്കം നിയോജക മണ്ഡലത്തിലുൾപ്പെട്ട പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി 2015 മുതൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് സ്കീമിലുൾപ്പെടുത്തിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയും ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) അനുബന്ധം എ ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം സി ആയി ചേർത്തിരിക്കുന്നു.*

(ഡി) വൈക്കം നിയോജക മണ്ഡലത്തിലുൾപ്പെട്ട പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി 2015 മുതൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീമിലുൾപ്പെടുത്തിയ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ

85 (1557) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് കൃഷിഭവനുകൾക്ക് കീഴിൽ ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ കർഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ കുളത്തൂർ, കരവാരം, നേമം, ആനാട്, കരകുളം, മാണിക്കൽ, ചെറുന്നിയൂർ, ചിറയിൻകീഴ്, മുദാക്കൽ, കഴക്കൂട്ടം, ഉള്ളൂർ, കാട്ടാക്കട, പെരുങ്കടവിള, അതിയന്നൂർ എന്നീ കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗ ബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രധാന ഉദ്ദേശലക്ഷ്യം.

2017-18 വരെ 152 ബ്ലോക്കുകളിലായി 202 കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ കൊല്ലം, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ ജില്ലാതല റഫറൽ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. കൃത്യമായ ഇടവേളകിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ കീടരോഗ ബാധയുടെ തോത് ശാസ്ത്രീയമായി ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ കീടരോഗബാധ സംബന്ധിച്ച മുന്നറിയിപ്പുകളും നിയന്ത്രണത്തിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങളും കർഷകർക്ക് നൽകുന്നു. ഇന്റർനെറ്റ് ആസ്പദമാക്കിയുള്ള Crop Pest Surveillance System (CPSS) എന്ന സേവനം കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോ ഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങളടങ്ങിയ ചെറു ലൈബ്രറികളും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും നൽകുന്നുണ്ട്. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ് ബുള്ളറ്റിനും രണ്ടാഴ്ചയിലൊരിക്കൽ നൽകുന്നു. ഇതുവഴി ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധ അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നുണ്ട്.

## ഓണാട്ടുകര വികസന പദ്ധതി

86 (1558) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓണാട്ടുകര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും, എത്ര രൂപ ഇതിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓണാട്ടുകര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. 1066.67 ഹെക്ടർ സ്ഥലത്ത് 160 ലക്ഷം രൂപ ചെലവഴിച്ച് കിഴങ്ങുവർഗ്ഗ ഇടവിള കൃഷി നടപ്പിലാക്കി. ആലപ്പുഴ ജില്ലയിൽ 821.368 ഹെക്ടറും കൊല്ലം ജില്ലയിൽ 236.042 ഹെക്ടറും പത്തനംതിട്ട ജില്ലയിൽ 9.26 ഹെക്ടറും സ്ഥലത്താണ് ഇപ്രകാരം കിഴങ്ങുവർഗ്ഗ കൃഷി ചെയ്യുന്നത്.

2. എള്ളു കൃഷി വികസനം 450 ഹെക്ടർ സ്ഥലത്ത് നടപ്പാക്കി. ആലപ്പുഴ ജില്ലയിലെ 250 ഹെക്ടർ സ്ഥലത്തും കൊല്ലം ജില്ലയിൽ 200 ഹെക്ടർ സ്ഥലത്തും എള്ളു കൃഷി ചെയ്തു.

3. പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കായി നെൽകൃഷി വികസന ഏജൻസി പദ്ധതിയിൽ 32.50 ലക്ഷം രൂപ അനുവദിച്ചു.

4. പ്രത്യേക കാർഷിക മേഖല പദ്ധതി പ്രകാരം ഓണാട്ടുകര പ്രദേശത്തെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി 15 ലക്ഷം രൂപയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നുവെങ്കിലും പ്രളയാനന്തരമുണ്ടായ നടപ്പുസാമ്പത്തിക വർഷത്തെ പ്ലാൻകട്ട് കാരണം പ്രസ്തുത തുക അനുവദിക്കാൻ സാധിച്ചില്ല.

## നിലമ്പൂർ മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

87 (1559) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിന് കീഴിൽ നിലമ്പൂർ മണ്ഡലത്തിലേക്ക് ഭരണാനുമതി നൽകിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും എത്രയെന്ന് സാമ്പത്തിക വർഷം കണക്കാക്കി വ്യക്തമാക്കാമോ;

(ബി) ഇനി നിലമ്പൂർ മണ്ഡലത്തിൽചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികളും അവയ്ക്കായി നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്ന തുകയും എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പോത്ത് കല്ല്, പൂക്കോട്ടുംപാടം, പാടിക്കുന്ന്, ചുങ്കത്തറ-മണിമൂളി പഞ്ചായത്തുകളിലെ ട്രൈബൽ വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ കിണർ ചാർജ്ജിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം 4.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 2.39855 ലക്ഷം രൂപ ചെലവഴിച്ച് പ്രവർത്ത നങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലമ്പൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നിലമ്പൂർ നിയോജക മണ്ഡലത്തിലെ പോത്തുകാല്ല് പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശ സംരക്ഷണത്തിന് 207 ലക്ഷം രൂപ അടങ്കലിൽ 'പാതാർ നീർത്തട പദ്ധതി' തയ്യാറാക്കി നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 24 ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പദ്ധതിക്ക് ധനകാര്യ വകുപ്പിൽ നിന്ന് അംഗീകാരം ലഭിച്ചില്ല.

**മാവേലിക്കര മണ്ഡലത്തിലെ കൃഷിവകുപ്പ് പ്രവൃത്തികൾ**

88 (1560) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ കൃഷിവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കുമോ;

(സി) തഴക്കരയിൽ സ്ഥിതി ചെയ്യുന്ന ജില്ലാ കൃഷിത്തോട്ടത്തിൽ 2016-17 മുതൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ബി) 2016-17, 2017-18 വർഷത്തിലെ പദ്ധതികൾ പൂർത്തീകരിച്ചു. 2018-19 വർഷത്തെ പദ്ധതികളുടെ നടത്തിപ്പ് പുരോഗമിക്കുന്നു.

(സി) അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഡബിൾകോൾ പദ്ധതി**

89 (1561) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡബിൾകോൾ പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ എത്ര ഏക്കർ സ്ഥലത്താണ് ഇരുപ്പൂകൃഷി നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇരുപ്പൂകർഷകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഡബിൾകോൾ പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ 3863 ഏക്കർ സ്ഥലത്താണ് ഇരുപ്പൂകൃഷി നടത്താൻ തീരുമാനിച്ചിരിക്കുന്നത്.

(ബി) നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം ചുവടെ പറയും പ്രകാരം ഹെക്ടറിന് 11000 രൂപ ലഭിക്കുന്നതാണ്.

- സുസ്ഥിര നെൽകൃഷി വികസനം:ഹെക്ടറിന് 1000 രൂപ
- ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന്: ഹെക്ടറിന് 10000 രൂപ

സോയിൽ ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം കുമ്മായ വസ്തുക്കളുടെ പ്രയോഗത്തിന് സബ്സിഡിയായി ഹെക്ടറിന് 5400 രൂപ ആനുകൂല്യം നൽകുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 'Productivity Improvement of Rice in Kerala' എന്ന ഘടകം പ്രകാരം ഹെക്ടറൊന്നിന് 4500 രൂപയുടെ ആനുകൂല്യം നൽകിവരുന്നു. ഇതിനുപുറമേ വിത്തിനും കൂലിച്ചെലവിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള സബ്സിഡിയും ലഭിക്കുന്നതാണ്.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ലിങ്ക് റോഡ് നിർമ്മാണം**

90 (1562) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ-കുളങ്ങര ലിങ്ക് റോഡ് നിർമ്മാണത്തിനുള്ള അനുമതിയ്ക്കായുള്ള ഫയൽ എൻസിഎ 2/211/2018/കൃഷി എന്നതിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

വെന്നിയൂർ-കുളങ്ങര ലിങ്ക് റോഡ് നിർമ്മാണത്തിന് നിലം പരിവർത്തനപ്പെടുത്തുന്നതിന് സമർപ്പിച്ച അപേക്ഷ 10-1-2017-ലെ സ.ഉ. (സാധാ) 21/2017/കൃഷി നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട്. ടി അപേക്ഷ പുന:പരിശോധിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസറോട് സ്ഥല പരിശോധനാ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. കൃഷി ഓഫീസർ സമർപ്പിച്ച സ്ഥല പരിശോധനാ റിപ്പോർട്ട് കേരള നെൽവയൽ തണ്ണീർത്തട ഭേദഗതി നിയമപ്രകാരം പരിശോധിച്ചുവരുന്നു.

## മോര്യാകാപ്പ് പാടശേഖരം കൃഷി യോഗ്യമാക്കുവാൻ നടപടി

91 (1563) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂർ, തിരൂരങ്ങാടി താലൂക്കുകളിലായി വ്യാപിച്ച് കിടക്കുന്ന മോര്യാകാപ്പ് പാടശേഖരം കൃഷി യോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1300 ഏക്കറിലധികം വരുന്ന പ്രസ്തുത പാടശേഖരം കൃഷി യോഗ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഒരുകാലത്ത് ഏറെ പ്രസിദ്ധമായിരുന്ന മോര്യാകപ്പ് പാടശേഖരം കൃഷി യോഗ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതിനായി മൈനർ ഇറിഗേഷൻ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) മോര്യാകാപ്പ് പാടശേഖരം കൃഷി യോഗ്യമാക്കുന്നതിന് കെ.എൽ.ഡി.സി.-യോട് ഫീൽഡ് സർവ്വേ അടിയന്തരമായി പൂർത്തീകരിച്ച് DPR (Detailed Project Report) തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കെ.എൽ.ഡി.സി. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**പാലാഴിത്തോട് പാർശ്വഭിത്തി നിർമ്മാണം**

92 (1564) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജക മണ്ഡലത്തിൽ ചൊക്ലി ഗ്രാമപഞ്ചായത്തിലെ പാലാഴി ത്തോടിന്റെ പാർശ്വഭിത്തി നിർമ്മാണം സംബന്ധിച്ച പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചാത്തിലെ പാലാഴി ത്തോടിന്റെ പാർശ്വഭിത്തി നിർമ്മാണം ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി 1100.64 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 24 സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി കെ.എൽ.ഡി.സി. മുഖേന സർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും സെക്ടറൽ അലോക്കേഷൻ പരിമിതിമൂലം മേൽ പദ്ധതിക്ക് ധനകാര്യ വകുപ്പിൽനിന്നും അംഗീകാരം ലഭിച്ചില്ല. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

**പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

93 (1565) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുകുളങ്ങൾ ചെളി നീക്കം ചെയ്ത് ആഴം കൂട്ടി സംരക്ഷിക്കുന്നതിനുള്ള പദ്ധതിയിൽ പാലക്കാട് ജില്ലയിൽ ഈ സർക്കാർ വന്നശേഷം സോയിൽ സർവ്വേയും, സോയിൽ കൺസർവേഷൻ വകുപ്പും നടത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം;

(ബി) എത്ര കുളങ്ങൾ ഇതുപ്രകാരം നവീകരിച്ചു; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പാലക്കാട് ജില്ലയിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ 46 കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

94 (1566) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോയിൽ സർവേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനു പി.എസ്.സി.-യ്ക്ക് അറിയിപ്പ് നല്കിയിരുന്നോ; എങ്കിൽ എന്നാണ് അറിയിച്ചതെന്നും, അറിയിക്കുന്ന സമയത്ത് ആ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നുവെന്നും അറിയിക്കാമോ;

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ ജില്ലാടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ തസ്തികയിൽ എംപ്ലോയ്മെന്റ് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിലുള്ള 4 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ നിലവിൽ വന്ന മുറയ്ക്ക് യഥാക്രമം 24-10-2014, 3-6-2016, 30-8-2017, 28-10-2018 എന്നീ തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഇതുസംബന്ധിച്ച അറിയിപ്പ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ സംസ്ഥാന തലത്തിൽ 4 ഒഴിവുകൾ നിലവിലുണ്ട്.

(സി) ഈ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ട്. 21-4-2018-ൽ ഇന്റർവ്യൂ നടത്തി നിയമനം നൽകിയ 3 പേരിൽ ഒരാൾ 179 ദിവസം പൂർത്തിയാക്കി വിടുതൽ ചെയ്തു. 2 പേർ മറ്റ് ജോലി ലഭിച്ചപ്പോൾ 179 ദിവസം പൂർത്തിയാക്കാതെ വിടുതൽ ചെയ്തു. രണ്ടാമത് 7-12-2018-ൽ ഇന്റർവ്യൂ നടത്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയ രണ്ടുപേരിൽ ഒരാൾ കട്ടപ്പന, മണ്ണ് സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ജോലി ചെയ്തുവരുന്നു. മറ്റൊരു ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടില്ല.

## പാറശ്ശാല നിയോജക മണ്ഡലത്തെ തരിശുഭൂമി വിമുക്ത മണ്ഡലമാക്കാൻ നടപടി

95 (1567) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി എത്ര വീതം തരിശുഭൂമി ഉണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കാർഷിക കർമ്മ പദ്ധതിയായ 'തളിരിന്റെ' പ്രവർത്തനത്തിലൂടെ എത്ര സ്ഥലം ഭൂമി തരിശു വിമുക്തമാക്കാൻ കഴിഞ്ഞു എന്നുള്ള വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പാറശ്ശാല നിയോജക മണ്ഡലത്തെ സമ്പൂർണ്ണ തരിശുഭൂമി വിമുക്ത മണ്ഡലമായി പ്രഖ്യാപിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാൻ ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പാറശ്ശാല നിയോജക മണ്ഡലത്തിൽപ്പെടുന്ന 9 ഗ്രാമപഞ്ചായത്തുകളിലെ തരിശുഭൂമിയുടെ അളവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

പാറശ്ശാല ഗ്രാമപഞ്ചായത്തിൽ 14 ഹെക്ടർ (ഇതിൽ കൃഷിയോഗ്യമായത് 13 ഹെക്ടർ, കൃഷിയോഗ്യമല്ലാത്ത പാറക്കെട്ട് 1 ഹെക്ടർ), ആര്യൻകോട് പഞ്ചായത്തിൽ 4.5 ഹെക്ടർ, വെള്ളറട 4 ഹെക്ടർ, ഒറ്റശേഖരമംഗലം 4 ഹെക്ടർ, കള്ളിക്കാട് 5 ഹെക്ടർ, പെരുങ്കടവിള 5 ഹെക്ടർ, കൊല്ലയിൽ 18 ഹെക്ടർ, അമ്പൂരി 3 ഹെക്ടർ, കുന്നത്തുകാൽ 4.2 ഹെക്ടറും തരിശുഭൂമിയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) പാറശ്ശാല ഗ്രാമപഞ്ചായത്തിൽ തളിരിന്റെ പ്രവർത്തനത്തിലൂടെ 11 ഹെക്ടർ ഭൂമിയും ആര്യൻകോട് പഞ്ചായത്തിൽ 4.5 ഹെക്ടർ, വെള്ളറട 4 ഹെക്ടർ, ഒറ്റശേഖരമംഗലം 4 ഹെക്ടർ, കള്ളിക്കാട് 2 ഹെക്ടർ, പെരുങ്കടവിള 5 ഹെക്ടർ, കൊല്ലയിൽ 18 ഹെക്ടർ, അമ്പൂരി 3 ഹെക്ടർ, കുന്നത്തുകാൽ 3 ഹെക്ടർ എന്നിങ്ങനെ തരിശു വിമുക്തമാക്കാൻ സാധിച്ചു.

(സി) പാറശ്ശാല ഗ്രാമപഞ്ചായത്തിൽ ബാക്കിയുള്ള കൃഷിയോഗ്യമായ 2 ഹെക്ടർ (1.5 ഹെക്ടർ പുരയിടവും 0.5 ഹെക്ടർ നിലവും) ഉടമസ്ഥർ വിട്ടുനൽകാത്തതിനാൽ കൃഷി ചെയ്യാൻ സാധിച്ചില്ല. അതുകൂടി കൃഷി ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു. പെരുങ്കടവിള, കൊല്ലയിൽ, ആര്യൻകോട് എന്നീ പഞ്ചായത്തുകൾ

തരിശുരഹിത പ്രഖ്യാപനം നടത്തിക്കഴിഞ്ഞു. വെള്ളറട, ഒറ്റശേഖരമംഗലം, കള്ളിക്കാട്, അമ്പൂരി, കുന്നത്തുകാൽ എന്നീ പഞ്ചായത്തുകളിൽ 95 ശതമാനത്തിലധികം കൃഷി ചെയ്തുകഴിഞ്ഞു. ഈ പഞ്ചായത്തുകളും പ്രഖ്യാപനത്തിന് തയ്യാറായി വരുന്നു.

## കാർഷിക സർവ്വകലാശാലയിലെ ഗവേഷണ പദ്ധതികൾ

96 (1568) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാല ഏതൊക്കെ രീതിയിൽ മെച്ചപ്പെട്ട കാർഷിക ഉല്പന്നങ്ങളും സേവനങ്ങളും നല്കുന്നുവെന്നും കർഷക ജീവിതം ആയാസ രഹിതമാക്കുന്നതിന് സഹായിക്കുന്നുവെന്നും അറിയിക്കാമോ;

(ബി) കാർഷിക സർവ്വകലാശാലയിൽ നടക്കുന്ന പ്രധാനപ്പെട്ട ഗവേഷണ പദ്ധതികൾ ഏതൊക്കെയെന്നും അവ ഏതൊക്കെ മേഖലകളിലാണെന്നും വ്യക്തമാക്കുമോ;

(സി) നെല്ല് ഉൾപ്പെടെയുള്ള വിളകളിലെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും പരമ്പരാഗത ഇനങ്ങളുടെ വിത്തുകൾ കർഷകരിൽ എത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) കാർഷിക വിളകളുടെ രോഗനിയന്ത്രണത്തിന് എന്തൊക്കെ സംഭാവന കളാണ് കാർഷിക സർവ്വകലാശാല നല്കിയതെന്ന് വ്യക്തമാക്കുമോ;

(ഇ) കാർഷിക സർവ്വകലാശാലയുടെ ഗവേഷണ നേട്ടങ്ങൾ ജനങ്ങളിലേക്കും കർഷകരിലേക്കും എത്തിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമത കൂട്ടുന്നതിന് പ്രധാന വിളകളിൽ ഏകദേശം 331 അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ വികസിപ്പിച്ചെടുത്ത് അവയുടെ ഗുണനിലവാരമുള്ള വിത്തുകളും തൈകളും കർഷകർക്ക് ലഭിക്കത്തക്ക രീതിയിലുള്ള പ്രവർത്തനം നടത്തിവരുന്നു. പഴം, പച്ചക്കറിയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, വിവിധ ആവശ്യങ്ങൾക്കുള്ള ചെറുകിട യന്ത്രങ്ങൾ, കീടരോഗ നിയന്ത്രണത്തിനുള്ള ജൈവോൽപ്പന്നങ്ങൾ, നെല്ല്, വാഴ, പച്ചക്കറികൾ എന്നിവയ്ക്കുവേണ്ടി ദ്വിതീയ സൂക്ഷ്മ മൂലക മിശ്രിതങ്ങൾ, മാലിന്യ സംസ്കരണത്തിനുള്ള ജൈവ രീതികൾ

തുടങ്ങിയ 68 വിവിധ സാങ്കേതിക വിദ്യകൾ കൃഷിക്കാർക്ക് ലഭ്യമാക്കുന്ന രീതിയിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാർഷിക വിളകൾക്കാവശ്യമായ ഉൽപ്പാദനോപാധികളായ മിത്ര കുമിളുകൾ, സൂക്ഷ്മാണു വളങ്ങൾ, കെണികൾ, മണ്ണിര കമ്പോസ്റ്റ്, ചകിരിചോർ കമ്പോസ്റ്റ് തുടങ്ങിയ മറ്റ് ജൈവ ഉപാധികൾ, കൂൺ വിത്ത്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ തുടങ്ങിയവ കാർഷിക സർവ്വകലാശാലയുടെ വിവിധ വിൽപ്പന കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഹൈടെക് കൃഷിക്കാവശ്യമായ (കൃത്യതാ കൃഷി, സംരക്ഷിത കൃഷി, പച്ചക്കറികളിലെ ഒട്ടുതൈകൾ, പ്രൊട്രെ തൈകൾ മുതലായവ) നിർദ്ദേശങ്ങളും ശിപാർശകളും സർവ്വകലാശാല ഉരുത്തിരിച്ചെടുത്തിട്ടുണ്ട്.

ആറ്റിക് മണ്ണുത്തി, സെൻട്രൽ നഴ്സറി, വെള്ളാനിക്കര തുടങ്ങിയ കേന്ദ്രങ്ങൾ കൂടാതെ കേരളത്തിലെ മുഴുവൻ സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങളും വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രങ്ങളും ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്നതിൽ കർഷക സൗഹൃദ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. കർഷകർക്കായി കമ്മ്യൂണിക്കേഷൻ സെന്റർ, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങൾ വിവിധ ട്രെയിനിംഗുകൾ വിജയകരമായി നടത്തിവരുന്നു. മൊബൈൽ ആപ്പ്, വെബ് പോർട്ടൽ സംവിധാനം എന്നിവ പ്രർത്തനക്ഷമമാകുന്നതോടുകൂടി കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലേക്കെത്തുന്നതിന് സഹായകമാവും. കൂടാതെ കാർഷിക സർവ്വകലാശാല പ്രസിദ്ധീകരണങ്ങളും കർഷകർക്ക് സഹായകരമാണ്.

(ബി) 1. കുട്ടനാട് കോൾ മേഖലയിലെ നെൽകൃഷിയിൽ ഉൽപ്പാദനക്ഷമത കൂട്ടാനുള്ള ഇടപെടലുകൾ, പൊക്കാളി കൃഷിക്കാവശ്യമായ വിളയിനങ്ങൾ ഉരുത്തിരിച്ചെടുക്കൽ.

2. ഭൗതിക സ്വത്തവകാശ സംരക്ഷണം.

3. ഹൈടെക് കൃഷി രീതി വിവിധ വിളകളിൽ

4. യന്ത്രവൽക്കരണം

5. സുഗന്ധവ്യഞ്ജനങ്ങൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, തെങ്ങ് എന്നിവയിലുള്ള ഗവേഷണം.

6. വിവിധ വിളകളിലെ സംസ്കരണവും മൂല്യവർദ്ധനവും

7. പ്രധാന വിളകളിലെ സങ്കരയിനങ്ങൾ വികസിപ്പിച്ചെടുക്കൽ ജൈവകൃഷി, സുരക്ഷിത ഭക്ഷ്യോൽപ്പാദനം മേൽത്തരം ഇനങ്ങളുടെ വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെഉൽപ്പാദനം

8. മണ്ണ് സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ
9. വിളകളിലെ അവശിഷ്ട വിഷാംശം കണ്ടുപിടിക്കാനുള്ള പദ്ധതികൾ
10. വിവിധ വിളകളിലെ കീട രോഗ പ്രതിരോധ മാർഗ്ഗങ്ങൾ
11. മാലിന്യ സംസ്കരണം.

(സി) വിവിധ വിളകളിലെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചുപോരുന്നുണ്ട്. പച്ചക്കറി, സുഗന്ധവിളകൾ, നെല്ല്, കൊക്കോ, കുടമ്പുളി മുതലായവയുടെയും മറ്റ് വിളകളുടെയും ജനിതക സമ്പത്ത് പ്രധാനമായും സർവ്വകലാശാലയിലാണുള്ളത് (വിവിധ കേന്ദ്രങ്ങളിൽ). പട്ടാമ്പി പ്രാദേശിക കേന്ദ്രത്തിൽ നെല്ലിന്റെ നാടൻ/പരമ്പരാഗത ഇനങ്ങളുടെ നല്ല ഒരു ജനിതക ശേഖരം സംരക്ഷിച്ച് സൂക്ഷിക്കുന്ന 'വിത്ത് ബാങ്ക്' പദ്ധതിക്ക് കേരള കാർഷിക സർവ്വകലാശാല നേതൃത്വം കൊടുക്കുന്നുണ്ട്. ഇതിൽ തിരഞ്ഞെടുത്ത ചില ഇനങ്ങളുടെ വിത്തുകൾ (പറമ്പുവട്ടൻ, തവളക്കണ്ണൻ, തെക്കൻ ചീര, ചെങ്കായ്മ, കട്ടമോടൻ, കറുത്തമോടൻ, ചുവന്നമോടൻ, ചെന്നെല്ല്, കല്ലടി ആര്യൻ) വൻ തോതിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. 291 ഓളം നെല്ലിനങ്ങളുടെ ജനിതക ശേഖരണം ഇപ്പോൾ സർവ്വകലാശാലയുടെ കേന്ദ്രങ്ങളിൽ നിലനിർത്തിവരുന്നുണ്ട്.

(ഡി) വിവിധ വിളകളിലെ വിവിധ രോഗങ്ങളുടെ നിയന്ത്രണത്തിന് ശിപാർശ ചെയ്തിട്ടുള്ള കുമിൾനാശിനികളും അവയുടെ ഉപയോഗ രീതിയും കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ പാക്കേജ് ഓഫ് പ്രാക്ടീസസ് (വിളപരിപാലനം) എന്ന പുസ്തകത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ജൈവീക നിയന്ത്രണ മാർഗ്ഗങ്ങളും ജൈവ പരിപാലന പുസ്തകത്തിലും സർവ്വകലാശാലയുടെ മറ്റ് പ്രസിദ്ധീ കരണങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ പരിശീലന പരിപാടികളിലൂടെ ഈ ശിപാർശകൾ കൃഷിക്കാരിൽ എത്തിക്കാനുള്ള ശ്രമങ്ങൾ സർവ്വകലാശാല നടത്തി വരുന്നുണ്ട്. രോഗപ്രതിരോധത്തിന് ആവശ്യമായ ഗുണമേന്മയുള്ള മിത്രസൂക്ഷ്മാണുക്കളുടെ വിതരണവും സർവ്വകലാശാലയുടെ വിവിധ ലാബുകളിലും വിൽപ്പന കേന്ദ്രങ്ങളിലും നടന്നുവരുന്നു. രോഗപ്രതിരോധ ശക്തിയുള്ള വിവിധയിനങ്ങൾ പ്രധാന വിളകളിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഉദാഹരണത്തിന് വഴുതനവർഗ്ഗ വിളകളിൽ ബാക്ടീരിയൽ വാട്ട രോഗത്തിനെ ചെറുക്കാൻ കഴിവുള്ള ഹരിത, നീലിമ, ഉജ്ജ്വല, അനഘ എന്നിവ.

(ഇ) കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തി നുകീഴിൽ 7 ജില്ലകളിൽ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കേന്ദ്രങ്ങൾ വഴി കേരള കാർഷിക സർവ്വകലാശാലയിൽ ഉരുത്തിരിച്ചെടുത്ത

സാങ്കേതിക വിദ്യകളുടെയും അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളുടെയും മുൻനിര പ്രദർശനങ്ങളും കൃഷിയിട പരീക്ഷണങ്ങളും നടത്തി കർഷകരിൽ അവബോധം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. വിവിധ ഗവേഷണങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞെടുത്ത നേട്ടങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് സെമിനാറുകളും ശിൽപ്പശാലകളും പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. വിവിധ പ്രസിദ്ധീകരണങ്ങൾ, റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിൽ കൂടിയുള്ള പ്രഭാഷണങ്ങൾ, അഭിമുഖങ്ങൾ, മുഖാമുഖങ്ങൾ എന്നിവയും കർഷകരിൽ അവബോധം സൃഷ്ടിക്കാനിടയാക്കുന്നു. ശാസ്ത്രീയ കൃഷി മുറകളും വിള സംരക്ഷണവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'പാക്കേജ് ഓഫ് പ്രാക്ടീസസ്' എന്ന പുസ്തകം കർഷകർക്കുവേണ്ടി സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്.

വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അഗ്രികൾച്ചറൽ ടെക്നോളജി, ഇൻഫർമേഷൻ സെന്റർ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിലൂടെയാണ് പ്രധാനമായും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നത്. ജില്ലാതല കാർഷിക വികസന ഏജൻസിയായ ആത്മ, കൃഷിവകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഓഫീസുകൾ എന്നിവയുടെ സഹകരണത്തോടെ പ്രത്യേക പരിശീലന പരിപാടികളും നടത്തുന്നു. കാർഷിക സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന കൽപ്പധേനു എന്ന ത്രൈമാസിക ഉന്നത നിലവാരമുള്ള കൃഷിശാസ്ത്ര പ്രസിദ്ധീകരണമാണ്. എല്ലാമാസവും കർഷകരുടെ പ്രശ്നങ്ങൾക്ക് നേരിട്ട് മറുപടിയും കൺസൾട്ടൻസിയും കൊടുക്കുന്ന കർഷക ശാസ്ത്രജ്ഞ മുഖാമുഖം, സംരംഭകർക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ, കൃഷി ശാസ്ത്ര സമീക്ഷ എന്ന പ്രതിമാസ ശാസ്ത്രാന്വേഷണ പരിപാടി എന്നിവയും നടത്തിവരുന്നു. ദൂരദർശൻ, റേഡിയോ എന്നീ മാധ്യമങ്ങളിൽ സ്ഥിരം പരിപാടികളും വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്. യൂണിവേഴ്സിറ്റി വെബ്സൈറ്റ്, ഉൽപ്പന്നങ്ങളും സേവനങ്ങളും വിവരിക്കുന്ന വെബ്പോർട്ടൽ, യൂണിവേഴ്സിറ്റി വെബ്സൈറ്റ്, മൊബൈൽ ആപ്പ്, കമ്മ്യൂണിക്കേഷൻ സെന്ററിലെ സ്ഥിരം പ്രദർശനവേദി, വീഡിയോ ഡോക്കുമെന്ററികൾ, സി.ഡി.കൾ, സാമൂഹിക മാധ്യമങ്ങളിലെ പ്രത്യേക പേജുകൾ എന്നിവ കാർഷിക സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. കൃഷിക്കാർക്ക് ഉപയോഗിക്കാവുന്ന ഇ-ലേണിംഗ് കോഴ്സുകളും സർവ്വകലാശാല നടത്തുന്നുണ്ട്. കൃഷി വകുപ്പ്, മറ്റ് വികസന ഏജൻസികൾ എന്നിവയിലെ ഉദ്യോഗസ്ഥർക്കുള്ള വിപുലമായ പരിശീലന പരിപാടികൾ, വളം, കീടനാശിനി വ്യാപാരികൾക്കുള്ള ഡിപ്ലോമ കോഴ്സ്, കർഷക ഉൽപ്പാദന കമ്പനികൾക്കുള്ള സാങ്കേതിക സഹായം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം എന്നിവയും കാർഷിക സർവ്വകലാശാല നൽകിവരുന്നു.

## കോന്നിയിൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം

97 (1569) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ കൃഷി വകുപ്പിന്റെ കൈവശമുള്ള സ്ഥലം പാട്ടത്തിന് എടുത്ത് കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(ബി) കോന്നി തഹസിൽദാർ നടപടികൾ പൂർത്തീകരിച്ച് ജില്ലാകളക്ടർക്ക് നൽകിയ ഫയലിൽ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫയൽ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ഗോഡൗൺ നിർമ്മാണം ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഭൂമി കൈമാറ്റ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഗോഡൗൺ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി&സി) കോന്നി താലൂക്കിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിന് ഐരവൺ വില്ലേജിൽ നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജിന് സമീപത്ത് കണ്ടെത്തിയിട്ടുള്ള ബ്ലോക്ക് നമ്പർ 35-ൽ റീസർവ്വേ 120/2-ൽപ്പെട്ട പുറമ്പോക്ക് സ്ഥലത്തുനിന്നും 0.6102 ഹെക്ടർ സ്ഥലം ടി ആവശ്യത്തിന് അനുയോജ്യമാണെന്ന് കോന്നി തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പാട്ടം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ജില്ലാകളക്ടറുടെ അനുമതിക്ക് വിധേയമായി ലാന്റ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ലാന്റ് റവന്യൂ കമ്മീഷണർ വഴി പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ലൈഫ് പദ്ധതി

98 (1570) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനരഹിതരെയും ഭൂരഹിത ഭവനരഹിതരെയും ലക്ഷ്യമിട്ട് നടപ്പിലാക്കിയ ലൈഫ് പദ്ധതിയിലൂടെ എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്; ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ എത്ര ഭവനരഹിതരായ കുടുംബ ങ്ങൾക്കും എത്ര ഭൂരഹിതഭവന രഹിതരായ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കി എന്നും ഇതിനായി ചെലവായ തുക എത്ര എന്നും വിശദമാക്കാമോ;

(സി) അവശേഷിക്കുന്നവർക്ക് ലൈഫ് പദ്ധതിയിലൂടെ എപ്പോൾ വീട് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിൽ ഭൂമിയുള്ള ഭവനരഹിതരായും ഭൂരഹിത ഭവനരഹിതരായും 521671 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവന രഹിതർ-1,84,255 പേരും (ഇതിൽ അർഹത തെളിയിച്ച ഗുണഭോക്താക്കൾ-100618) ഭൂരഹിത ഭവന രഹിതർ-3,37,416 പേരുമാണ്.

(ബി) അർഹരായി കണ്ടെത്തിയ ഭൂമിയുള്ള ഭവന രഹിതരായ 100618 ഗുണഭോക്താക്കളിൽ 79,384 പേർ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി എഗ്രിമെന്റ് വയ്ക്കുകയും 66,514 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 3060 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. ഇതിലേയ്ക്കായി 742.20 കോടി രൂപ ധനസഹായമായി (തദ്ദേശസ്വയംഭരണ വിഹിതവും ഹഡ്കോ ലോൺ തുകയും) നൽകിയിട്ടുണ്ട്. ഭൂരഹിതഭവനഹിതർക്ക് വീട് ലഭ്യമാക്കുന്നത് ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയാണ്.

(സി) ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ അർഹരായി കണ്ടെത്തിയവരിൽ എഗ്രിമെന്റ് വയ്ക്കുന്ന എല്ലാവർക്കും അടുത്ത സാമ്പത്തിക വർഷത്തോടെ വീട് ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**വാർഡ് പുനഃക്രമീകരണ നടപടികൾ**

99 (1571) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വാർഡ് പുനഃക്രമീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വാർഡ് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികളും ഫയൽ സംബന്ധിച്ച വിവരങ്ങളും അറിയിക്കാമോ;

(ഇ) സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വാർഡ് പുനഃക്രമീകരണ നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി) പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി 28-3-2018-ലെ സ.ഉ.(സാധാ) നമ്പർ 877/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വാർഡ് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടില്ല.

(ഡി) പുതിയ ഗ്രാപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടത്തിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി 28-3-2018-ലെ സ.ഉ.(സാധാ) നമ്പർ 877/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ കാലാവധി 31-1-2019 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**കെട്ടിട നിർമ്മാണത്തിനായി ഓൺലൈൻ അപേക്ഷ**

100 (1572) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാനായി സംസ്ഥാനത്ത് നിയോഗിക്കപ്പെട്ട സർക്കാർ ഏജൻസികൾ/സ്വകാര്യ ഏജൻസികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ബി) സർക്കാർ ഏജൻസികൾ നിലവിലുള്ളപ്പോൾ മറ്റു സ്വകാര്യ ഏജൻസികളെ ഉൾപ്പെടുത്താനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സർക്കാർ വികസിപ്പിച്ച 'സങ്കേതം' സോഫ്റ്റ്‌വെയർ നിലവിലുള്ളപ്പോൾ ആയത് വിപുലീകരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് പകരം സ്വകാര്യ സോഫ്റ്റ്‌വെയറുകളെ ആശ്രയിക്കുന്നതിനാൽ വീട് പ്ലാനിന് ചെലവേറുന്ന സാഹചര്യമുണ്ടാകുന്നത് ഒഴിവാക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാനായി ഏതെങ്കിലുമൊരു പ്രത്യേക ഏജൻസിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കാൻ സർക്കാർ-സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് ഉപയോഗിക്കുന്ന 'സങ്കേതം' സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് സർക്കാർ ഏജൻസിയായ IKM ആണ്. കോഴിക്കോടും കൊച്ചിയും ഒഴികെയുള്ള നഗരസഭകളിൽ കെട്ടിട നിർമ്മാണ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് ഉപയോഗിക്കുന്ന IBPMS (Intelligent Building Plan Management System) വികസിപ്പിച്ചത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന ഇ-ടെണ്ടറിംഗിലൂടെ തെരഞ്ഞെടുത്ത സ്വകാര്യ ഏജൻസിയായ M/s Dev Information Technology Pvt. Ltd ആണ്. കോഴിക്കോട് നഗരസഭയിൽ കെട്ടിടനിർമ്മാണ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഉപയോഗിക്കുന്ന സുവേഗ സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് ബാംഗ്ലൂർ ആസ്ഥാനമായുള്ള ഇ-ഗവേണൻസ് ഫൗണ്ടേഷനാണ്. കൊച്ചി കോർപ്പറേഷനിൽ കെട്ടിടനിർമ്മാണ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഉപയോഗിക്കുന്ന bpams, സി-മാസ് എന്നീ സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് യഥാക്രമം M/s Softech Pvt. Ltd., Tata Consultancy Service Pvt. Ltd. എന്നീ സ്ഥാപനങ്ങളാണ്.

(ബി) സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സുതാര്യമായ ഇ-ടെണ്ടറിംഗ് നടപടികളിലൂടെയും SeMT (State e-governance Mission Team), KSITM എന്നീ സ്ഥാപനങ്ങളുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് നഗരസഭകളിൽ ഓൺലൈൻ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് ഉപയോഗിക്കുന്നതിനായി ഒരു ഇന്റലിജന്റ് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് M/s Dev Information Technology Pvt. Ltd എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുള്ളത്.

(സി) സങ്കേതം സോഫ്റ്റ്‌വെയർ ഒരു ഇന്റലിജന്റ് സോഫ്റ്റ്‌വെയർ അല്ല. കെട്ടിട നിർമ്മാണ അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ ചട്ടപ്രകാരമുള്ളതാണോയെന്ന് പരിശോധിക്കാനുള്ള ശേഷി സങ്കേതം സോഫ്റ്റ്‌വെയറിനില്ല. ഇത് ഇത്തരത്തിൽ വികസിപ്പിക്കുന്നതിന് സാങ്കേതികമായി സാധിക്കുകയില്ല. കൂടാതെ IBPMS ഉപയോഗിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് കെട്ടിടനിർമ്മാണ അപേക്ഷ സമർപ്പിക്കുന്നതിനായി ചെലവേറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തെരുവിൽ കഴിയുന്ന കുടുംബങ്ങൾ

101 (1573) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തെരുവിൽ കഴിയുന്ന കുടുംബങ്ങൾ ഉണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് കണക്കുകൾ ലഭ്യമാണോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2017-ൽ കുടുംബശ്രീ നടത്തിയ സർവ്വേയിൽ നഗരപ്രദേശങ്ങളിൽ തെരുവിൽ കഴിയുന്നതായി കണ്ടെത്തിയ 3195 പേരിൽ 296 പേർ കുടുംബങ്ങളായാണ് കഴിയുന്നത്. ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ച് ഇത്തരം കണക്ക് ലഭ്യമല്ല.

## പഞ്ചായത്ത് ദിനാഘോഷ പരിപാടികൾ

102 (1574) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയാനന്തര കേരള പുനർനിർമ്മാണത്തിന് വേണ്ടിവരുന്ന വമ്പിച്ച സാമ്പത്തിക ചെലവ് കണക്കിലെടുത്ത് ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷ പരിപാടികളിൽ എന്തെല്ലാം സാമ്പത്തിക നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) വരുന്ന പഞ്ചായത്ത് ദിനാഘോഷ പരിപാടികളുടെ ചെലവ് എപ്രകാരമാണ് വഹിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിയന്ത്രിതമായ ചെലവഴിക്കലേ പഞ്ചായത്ത് ദിനാഘോഷങ്ങൾക്ക് ഉണ്ടാവുകയുള്ളൂ.

(ബി) 21-1-2019-ലെ സ.ഉ.(സാധാ) നമ്പർ 112/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2019 വർഷത്തെ സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടികളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തുകളുടെ തനത്/ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നും തുക ചെലവഴിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പഞ്ചായത്ത് വകുപ്പിലെ സ്പെഷ്യൽ റൂൾ പരിഷ്കരണം

103 (1575) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിൽ 1994-ന് ശേഷം സ്പെഷ്യൽ റൂൾ പരിഷ്കരണം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) നിലവിലുള്ള സ്പെഷ്യൽ റൂളിലെ ചില പോരായ്മകൾ കാരണം കണ്ടിജന്റ് വിഭാഗത്തിൽപ്പെട്ട ക്ലാസ് 4 ജീവനക്കാരുടെ പ്രൊമോഷൻ നടക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളിൽ SRO No.192/98, കേരള ഗസറ്റ് (അസാധാരണം) നമ്പർ 352 തീയതി 24-2-1998 ആയി ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു വർഷം ഉണ്ടാകുന്ന ഒഴിവിലെ 10 ശതമാനം വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കർക്ക് 'By Promotion'-ലൂടെ ഉദ്യോഗ കയറ്റം നൽകിയിരുന്നു. പ്രസ്തുത ഉദ്യോഗക്കയറ്റം വകുപ്പിലെ ഫുൾടൈം സ്വീപ്പർമാർക്കും നൽകിയിരുന്നു. എന്നാൽ അതിനെതിരെ ഫയൽ ചെയ്ത കേസ്സിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 1-11-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 158/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനുള്ള ജില്ലാതല സംയോജിത സീനിയോറിറ്റി ലിസ്റ്റിൽനിന്ന് ഒഴിവാക്കി കൊണ്ടും ഇതിനകം തസ്തിക മാറ്റ നിയമനം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ റദ്ദുചെയ്തുകൊണ്ടും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ ഫുൾടൈം സ്വീപ്പർമാർക്ക് ക്ലറിക്കൽ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നടത്തുന്നില്ല.

## ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം

104 (1576) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ പെർമിറ്റ് സമയബന്ധിതവും സത്യസന്ധവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായുള്ള ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജുമെന്റ് സിസ്റ്റം ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇത് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയർ സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കണ്ണൂർ, ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ, വർക്കല എന്നീ നഗരസഭകളിലാണ് പൂർണ്ണതോതിൽ നടപ്പിലാക്കിവരുന്നത്.

(ബി) ഒരു പുതിയ സോഫ്റ്റ്‌വെയർ എന്ന നിലയിൽ ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയർ കൈകാര്യം ചെയ്യുന്നവരുടെ പരിചയക്കുറവൊഴിച്ചാൽ ഇത് കാര്യക്ഷമമായിത്തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. പരിചയക്കുറവ് പരിഹരിക്കുന്നതിനായി കൃത്യമായ ഡെമോൺസ്ട്രേഷൻ ക്ലാസ്സുകളും പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പെൻഷൻ**

105 (1577) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് നിലവിൽ നൽകിവരുന്ന അലവൻസുകളും ഓണറേറിയവും യാത്രാബത്തയും സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ;

(ബി) ഇവർക്ക് പെൻഷൻ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് 10-8-2016-ലെ സ.ഉ. (അച്ചടി) നമ്പർ 30/2016/ത.സ്വ.ഭ.വ. ഉത്തരവിൽ പറഞ്ഞിരിക്കുന്ന പ്രകാരമാണ് ഇപ്പോൾ ഓണറേറിയം അനുവദിച്ചുവരുന്നത്. (ഉത്തരവ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*) 30-1-2018-ലെ സ.ഉ. (അച്ചടി) നമ്പർ 09/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള ഹാജർബത്ത അനുവദിച്ചുവരുന്നു. (ഉത്തരവ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*) 1995-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരവും 1995-ലെ കേരള മുനിസിപ്പാലിറ്റി (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും മുനിസി ബത്തകളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവുമാണ് നിലവിൽ യാത്രാബത്ത അനുവദിച്ചുവരുന്നത്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പഞ്ചായത്തുകൾക്ക് പദ്ധതി ഫണ്ടിൽ നിന്നല്ലാതെ ചെലവഴിക്കാവുന്ന തുക

106 (1578) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഒരു ഡോക്ടറെയും സ്റ്റാഫിനെയും നിയമിച്ച് വേതനം നൽകേണ്ടതിന്റെ ഉത്തരവാദിത്വം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചത് വരുമാനം കുറഞ്ഞ പഞ്ചായത്തുകൾക്ക്അധിക ബാധ്യത വരുത്തുന്നതാണെന്ന കാര്യം പഞ്ചായത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർഷിക തനത് ഫണ്ടിൽ നിന്നല്ലാതെ മറ്റ് ഫണ്ടുകൾ വഴി ഇത്തരത്തിലുള്ള ചെലവുകൾ വഹിക്കുന്നതിന് സാധിക്കുമോ; ഇക്കാര്യം പരിശോധിക്കുമോ;

(സി) മറ്റേതെങ്കിലും പദ്ധതി ഫണ്ട് വഴി ചെറിയ പഞ്ചായത്തുകൾക്ക് കൂടി പ്രസ്തുത ചെലവ് വഹിക്കാനുതകുന്ന തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സാധിക്കുന്നതാണ്.

## വയോജനങ്ങൾക്കായുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ

107 (1579) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വയോജനങ്ങൾക്കായുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ടോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇത്തരം കേന്ദ്രങ്ങൾ വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പഞ്ചായത്തിന്റെയും നഗരസഭയുടെയും കീഴിലുള്ളതും നിലവിൽ പ്രവർത്തിച്ചുവരുന്നതുമായ വയോജനങ്ങൾക്കായുള്ള പകൽ പരിപാലന കേന്ദ്രങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | നഗരസഭ | പഞ്ചായത്ത് |
|---|---|---|
| ഇടുക്കി | - | 16 |
| കാസർഗോഡ് | 3 | 16 |
| കണ്ണൂർ | 16 | 64 |
| വയനാട് | 3 | 27 |
| കോഴിക്കോട് | 5 | 19 |
| മലപ്പുറം | 7 | 16 |
| എറണാകുളം | 5 | 21 |
| തൃശ്ശൂർ | 10 | 37 |
| പാലക്കാട് | 1 | 20 |
| കൊല്ലം | 2 | 17 |
| കോട്ടയം | 1 | 17 |
| ആലപ്പുഴ | 1 | 17 |
| തിരുവനന്തപുരം | 2 | 22 |
| പത്തനംതിട്ട | - | 5 |
| ആകെ | 56 | 314 |

(ബി) സ്വീകരിക്കുന്നതാണ്.

## ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്റർ

108 (1580) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത്, തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത്, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്, പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് എന്നിവയിലെ റോഡുകളുടെയും പാലങ്ങളുടെയും ഫുട്പാത്തുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) എം.എൽ.എ. ഫണ്ടിൽ നിന്നുള്ള ആസ്തി/പ്രാദേശിക വികസന പദ്ധതി കൾക്കായി എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഗ്രാമപഞ്ചായത്തു കളിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്നും അതിന്മേൽ മറ്റു ഫണ്ടുകൾ വകയി രുത്തിയിട്ടില്ലെന്നുമുള്ള സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ അനുവദിച്ച് നൽകുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സാക്ഷ്യപത്രത്തിന് വേണ്ടി ബി.ഡി.ഒ. കത്ത് നൽകിയാൽ ഭരണസമിതിയോഗത്തിനുവേണ്ടി കാത്തിരിക്കുന്ന അവസ്ഥ നിലവിലുണ്ടോ; ഇത്തരം കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട്. ചേലമ്പ്ര, മൂന്നിയൂർ, പള്ളിക്കൽ, തേഞ്ഞിപ്പാലം, വള്ളിക്കുന്ന് എന്നീ ഗ്രാമപഞ്ചായ ത്തുകളിലെ ആസ്തി രജിസ്റ്ററുകൾ പൂർണ്ണമായും കാലികമാക്കിയിട്ടില്ല. ആയത് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത സാക്ഷ്യപത്രത്തിനുവേണ്ടി ബി.ഡി.ഒ. കത്ത് നൽകിയാൽ ഭരണസമിതി യോഗത്തിനുവേണ്ടി കാത്തിരിക്കുന്ന അവസ്ഥ നിലവിലില്ല. ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

## ത്രിതല പഞ്ചായത്ത് വിഹിതമായി അനുവദിച്ച തുക

109 (1581) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് വിഹിതമായി പ്ലാൻ-നോൺ പ്ലാൻ ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ട്; നാളിതുവരെ എത്ര ശതമാനമാണ് ഓരോ തലത്തിലും ചെലവ് വന്നിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഹിതമായി ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചെലവ് ശതമാനവും പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് ഓരോ വർഷവും പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ ത്രിതല പഞ്ചായത്ത് വിഹിതമായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതി ചെലവിന്റെ ശതമാനവും പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഗ്രാമ/ജില്ല പഞ്ചായത്ത് വിഹിതമായി പ്ലാൻ-നോൺ പ്ലാൻ ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക; ചെലവഴിച്ച തുക; ചെലവ് ശതമാനം എന്നിവ ചുവടെ ചേർക്കുന്നു : (തുക ലക്ഷത്തിൽ)

| തദ്ദേശ സ്ഥാപനേതരം | പ്ലാൻ | | |
|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 336054.20 | 276051.4 | 82.15 |
| ജില്ലാ പഞ്ചായത്ത് | 80768.48 | 56317.83 | 69.73 |
| തദ്ദേശ സ്ഥാപനേതരം | നോൺ പ്ലാൻ | | |
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 122936.9 | 94833.94 | 77.14 |
| ജില്ലാ പഞ്ചായത്ത് | 26275.79 | 22785.2 | 86.7 |

2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ പ്ലാൻ ഇനത്തിൽ 792.50 കോടി രൂപ അനുവദിച്ചതിൽ 708.64 കോടി രൂപ ചെലവഴിക്കുകയും നോൺ പ്ലാൻ ഇനത്തിൽ 70.58 കോടി രൂപ അനുവദിച്ചതിൽ 61.40 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്ലാൻ ഇനത്തിൽ 89.42 ശതമാനവും നോൺ പ്ലാൻ ഇനത്തിൽ 87 ശതമാനവുമാണ് ചെലവ് വന്നിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* (അനുബന്ധം 1, 2).

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഹിതമായി ഓരോ വർഷവും ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചെലവ് ശതമാനവും ചുവടെ ചേർക്കുന്നു : (തുക ലക്ഷത്തിൽ)

2016-17

| തദ്ദേശ സ്ഥാപനേതരം | പ്ലാൻ | | |
|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 297720.80 | 204751.22 | 62.69 |
| ജില്ലാ പഞ്ചായത്ത് | 65858.66 | 45060.94 | 52.00 |
| തദ്ദേശ സ്ഥാപനേതരം | നോൺ പ്ലാൻ | | |
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 99728.58 | 78425.7 | 78.63 |
| ജില്ലാ പഞ്ചായത്ത് | 23434.35 | 19841.75 | 84.66 |

2017-18

| തദ്ദേശ സ്ഥാപനേതരം | പ്ലാൻ | | |
|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 336054.20 | 276051.4 | 82.15 |
| ജില്ലാ പഞ്ചായത്ത് | 80768.48 | 56317.83 | 69.73 |
| തദ്ദേശ സ്ഥാപനേതരം | നോൺ പ്ലാൻ | | |
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 122936.9 | 94833.94 | 77.14 |
| ജില്ലാ പഞ്ചായത്ത് | 26275.79 | 22785.2 | 86.7 |

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രസ്തുത വിഹിതമായി ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചെലവ് ശതമാനവും ചുവടെ ചേർക്കുന്നു.

പ്ലാൻ ഇനത്തിൽ (രൂപ ലക്ഷത്തിൽ)

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| 2016-17 | 65858.66 | 45845.44 | 69.61 |
| 2017-18 | 79250.03 | 70863.54 | 89.42 |
| 2018-19 (31-1-2019 വരെയുള്ളത്) | 89346.50 | 59803.14 | 66.93 |

നോൺ പ്ലാൻ ഇനത്തിൽ (രൂപ ലക്ഷത്തിൽ)

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| 2016-17 | 6959.51 | 4759.71 | 68.39 |
| 2017-18 | 7057.60 | 6139.89 | 87 |
| 2018-19 (31-01-2019 വരെയുള്ളത്) | 7573.09 | 4372.07 | 57.73 |

(സി) മുൻസർക്കാരിന്റെ കാലത്ത് ഓരോ വർഷവും പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഗ്രാമ/ജില്ലാ പഞ്ചായത്ത് വിഹിതമായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതി ചെലവിന്റെ ശതമാനവും ചുവടെ ചേർക്കുന്നു : (തുക ലക്ഷത്തിൽ)

2011-12

| തദ്ദേശ സ്ഥാപനേതരം | പ്ലാൻ | | |
|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 181444.21 | 141001.59 | 77.71 |
| ജില്ലാ പഞ്ചായത്ത് | 58723.35 | 43002.79 | 73.23 |
| തദ്ദേശ സ്ഥാപനേതരം | നോൺ പ്ലാൻ | | |
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 41220.81 | 32002.58 | 77.63 |
| ജില്ലാ പഞ്ചായത്ത് | 10956.97 | 7743.83 | 70.67 |

2012-13

| തദ്ദേശ സ്ഥാപനേതരം | പ്ലാൻ | | |
|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 217669.19 | 159121.75 | 73.10 |
| ജില്ലാ പഞ്ചായത്ത് | 49305.69 | 31743.25 | 64.38 |
| തദ്ദേശ സ്ഥാപനേതരം | നോൺ പ്ലാൻ | | |
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 66086.28 | 39497.68 | 59.76 |
| ജില്ലാ പഞ്ചായത്ത് | 15995.19 | 11499.03 | 71.89 |

2013-14

| തദ്ദേശ സ്ഥാപനേതരം | പ്ലാൻ | | |
|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 276537.81 | 224659.74 | 81.24 |
| ജില്ലാ പഞ്ചായത്ത് | 70452.82 | 46558.89 | 66.09 |
| തദ്ദേശ സ്ഥാപനേതരം | നോൺ പ്ലാൻ | | |
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 63967.06 | 47506.17 | 74.26 |
| ജില്ലാ പഞ്ചായത്ത് | 21281.94 | 17119.73 | 80.44 |

2014-15

| തദ്ദേശ സ്ഥാപനേതരം | പ്ലാൻ | | |
|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 318384.47 | 218504.66 | 68.63 |
| ജില്ലാ പഞ്ചായത്ത് | 85636.93 | 57410.69 | 67.04 |
| തദ്ദേശ സ്ഥാപനേതരം | നോൺ പ്ലാൻ | | |
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 102705.42 | 56464.58 | 54.97 |
| ജില്ലാ പഞ്ചായത്ത് | 25573.79 | 20363.01 | 79.62 |

2015-16

| തദ്ദേശ സ്ഥാപനേതരം | പ്ലാൻ | | |
|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 300031.17 | 238619.57 | 79.53 |
| ജില്ലാ പഞ്ചായത്ത് | 90649.26 | 59351.81 | 65.47 |
| തദ്ദേശ സ്ഥാപനേതരം | നോൺ പ്ലാൻ | | |
| | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 84496.74 | 65141.86 | 77.09 |
| ജില്ലാ പഞ്ചായത്ത് | 26851.77 | 21025.11 | 78.3 |

മുൻസർക്കാരിന്റെ കാലത്ത് ഓരോ വർഷവും പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതി ചെലവിന്റെ ശതമാനവും ചുവടെ ചേർക്കുന്നു :

പ്ലാൻ ഇനത്തിൽ (രൂപ ലക്ഷത്തിൽ)

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| 2013-14 | 60877.66 | 55133.72 | 90.56 |
| 2014-15 | 67765.30 | 56714.96 | 83.69 |
| 2015-16 | 73260.30 | 62470.16 | 85.27 |

നോൺ പ്ലാൻ ഇനത്തിൽ (രൂപ ലക്ഷത്തിൽ)

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| 2013-14 | 4893.8 | 6050.70 | 123.6 |
| 2014-15 | 5366.10 | 5146.90 | 95.91 |
| 2015-16 | 6203.30 | 5381.10 | 86.75 |

## ജെന്റർ റിസോഴ്സ് സെന്റർ

110 (1582) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിക്കുന്നതിന്റെ ഘടനയെ സംബന്ധിച്ചും ആയതിന്റെ തുടർ പ്രവർത്തന ലക്ഷ്യങ്ങളെ സംബന്ധിച്ചും വിശദമാക്കാമോ;

(ബി) കാട്ടാക്കട മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ടെന്നും ഇതിനായി വാർഷിക പദ്ധതിയിൽ ഏതെല്ലാം പഞ്ചായത്തുകൾ തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഔദ്യോഗിക അനൗദ്യോഗിക അംഗങ്ങൾ ഉൾപ്പടെ 15 അംഗങ്ങളടങ്ങിയ കമ്മിറ്റി, സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുക, വനിതാ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശവും വൈദഗദ്ധ്യവും പിന്തുണയും നൽകുക, കൗമാരപ്രായക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് നൽകുക എന്നിവയാണ് ജെന്റർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ.

(ബി) 1. കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ട്. മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ എന്നീ ഗ്രാമപഞ്ചായത്തുകൾ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. കാട്ടാക്കട ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ 2,00,000 രൂപയും മലയിൻകീഴ് ഗ്രാമപഞ്ചായത്ത് 1,50,000 രൂപയും മാറനല്ലൂർ ഗ്രാമപഞ്ചായത്ത് 1,44,000 രൂപയും വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് 50,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

## വർക്കല മണ്ഡലത്തിൽ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ

111 (1583) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതി വർക്കല മണ്ഡലത്തിന്റെ പരിധിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണ സമിതി വർക്കല മണ്ഡലത്തിന്റെ പരിധിയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ലിസ്റ്റിലുള്ള മുഴുവൻ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

112 (1584) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് പറയാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരങ്ങൾ യഥാക്രമം അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

113 (1585) ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി യു. പ്രതിഭ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ചെലവ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി ചെലവ് നിലവിലെ കണക്ക് പ്രകാരം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 2019-2020 സാമ്പത്തിക വർഷത്തെ പദ്ധതികൾ ജില്ലാ സമിതികളുടെ അനുമതിയ്ക്ക് സത്വരമായി സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

### ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനായി ജില്ലാതല അവലോകന യോഗങ്ങൾ 2018 നവംബർ, ഡിസംബർ, 2019 ജനുവരി മാസങ്ങളിലായി വിളിച്ചുചേർക്കുകയും ആയതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതിയുടെ നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിലുള്ള അവലോകന യോഗങ്ങളും നടന്നുവരുന്നുണ്ട്. നഗരസഭകളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിന് ജില്ലാ തലത്തിലും കോർപ്പറേഷനുകളിലും പ്രത്യേകം യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണറുടെ നേതൃത്വത്തിൽ മേഖലാതല, ജില്ല, ബ്ലോക്കുതല അവലോകന യോഗങ്ങളും വകുപ്പുതല അവലോകനവും നടത്തിവരുന്നുണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക വിധത്തിൽ മാർച്ച് 31-നുമുമ്പ് തന്നെ പദ്ധതി അംഗീകാരം നേടുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഏപ്രിൽ ഒന്നിനുതന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് ഇത് സഹായിക്കും. പദ്ധതി പുരോഗതിയും നിർവ്വഹണ ത്തിലുണ്ടാകുന്ന പ്രശ്നങ്ങളും അവലോകനം ചെയ്യുന്നതിനുമായി എല്ലാ ജില്ലകളിലും റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിച്ച് അവലോകനം ചെയ്തുവരുന്നുണ്ട്. എല്ലാ നഗരസഭകൾക്കും വാർഷിക പദ്ധതി ചെലവ് കാര്യക്ഷമമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്.

2018-19-ലെ പദ്ധതി ആസൂത്രണം, അംഗീകാരം നേടൽ എന്നിവയ്ക്ക് സമയക്രമം നിശ്ചയിച്ച് നൽകുകയും ആയതിലേയ്ക്കായി സ.ഉ.(കൈ) നമ്പർ 11/2018/ ത.സ്വ.ഭ.വ. തീയതി 29-1-2018 പ്രകാരം കലണ്ടർ നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു. ഓരോ മാസവും ബ്ലോക്ക് പഞ്ചായത്തുകൾ കൈവരിക്കേണ്ട പദ്ധതി ചെലവ് കലണ്ടർ വകുപ്പുതലത്തിൽ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം സ.ഉ.(കൈ) നമ്പർ 22/2018/ത.സ്വ.ഭ.വ. തീയതി 14-2-2018 സബ്സിഡി ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ എന്നിവ പ്രകാരമുള്ള നിർദ്ദേ ശങ്ങളും വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി തീരുമാനങ്ങൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) <u>ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ</u>

28-1-2019-ലെ കണക്കനുസരിച്ച് 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി ചെലവ് ശതമാനം 60.34 ആണ്. കഴിഞ്ഞ വർഷം 31-1-2018 തീയതിയിലെ ചെലവ് ശതമാനം 37.05 ആയിരുന്നു. ആയതനുസരിച്ച് പദ്ധതി ചെലവ് 23 ശതമാനത്തിലധികം വർദ്ധിച്ചിട്ടുണ്ട്.

<u>കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ</u>

2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി ചെലവ് കോർപ്പ റേഷനുകൾക്ക് 43.83 ശതമാനവും മുനിസിപ്പാലിറ്റികൾക്ക് 53.29 ശതമാനവുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കോർപ്പറേഷനുകൾക്ക് 36.96 ശതമാനവും മുനിസിപ്പാലിറ്റികൾക്ക് 49.40 ശതമാനവുമാ യിരുന്നു ഈ സമയത്ത് ഉണ്ടായിരുന്നത്.

ബ്ലോക്ക് പഞ്ചായത്തുകൾ

ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19-ൽ (31-1-2019 വരെ) 33 ശതമാനം വർദ്ധനവ് പദ്ധതി ചെലവിൽ കൈവരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തെ പദ്ധതികൾ ഡിസംബർ 31-നകം ജില്ലാ ആസൂത്രണ സമിതികളുടെ അനുമതിക്ക് സമർപ്പിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നു. ചരിത്രത്തിലാദ്യമായി 1200-ൽ 1189 തദ്ദേശ സ്ഥാപനങ്ങളും ഡിസംബർ 31-നുമുമ്പ് തന്നെ തങ്ങളുടെ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികളുടെ അനുമതിക്ക് സമർപ്പിച്ചു. 28-1-2019-ലെ കണക്കനുസരിച്ച് 1200-ൽ 1198 തദ്ദേശസ്ഥാപനങ്ങളും തങ്ങളുടെ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികളുടെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. ഏകദേശം എല്ലാ നഗരസഭകളിലും പദ്ധതി രൂപീകരിച്ച് ഡിസംബർ മാസത്തോടെ ഡി.പി.സി. അംഗീകാരം നേടിയിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതി**

114 (1586) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് ഭവന പദ്ധതികളിൽ ഉൾപ്പെടുത്തി ഈ സർക്കാർ നിലമ്പൂർ മണ്ഡലത്തിൽ എത്ര വീടുകൾ അനുവദിച്ചുവെന്ന് പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റി തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചു; ഇതിനായി ഇതുവരെ വിതരണം ചെയ്ത തുകയിൽ സർക്കാർ വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

| Local Body | Total Eligible Beneficiary | Total agreement executed beneficiary |
|---|---|---|
| (1) | (2) | (3) |
| Nilambur Municipality | 564 | 238 |
| Amarambalamty GP | 174 | 135 |

| (1) | (2) | (3) |
|---|---|---|
| Chungathara GP | 167 | 153 |
| Edakkara GP | 185 | 176 |
| Karulai GP | 74 | 72 |
| Moothadem GP | 139 | 138 |
| Pothukkal GP | 139 | 137 |
| Vazhikkadavu GP | 304 | 216 |
| Total | 1746 | 1265 |

(ബി)

| Local Body | Completed houses | LSGD Utilized so far (in lakhs) | HUDCO Loan (in lakhs) |
|---|---|---|---|
| Nilambur Municipality | 41 | 360 | 0 |
| Amarambalam | 0 | 68.11 | 88.31 |
| Chungathara | 7 | 70.22 | 76.65 |
| Edakkara | 0 | 51.8 | 121.6 |
| Karulai | 0 | 26.89 | 68.83 |
| Moothadem | 3 | 57.86 | 86.7 |
| Pothukkal | 0 | 39.73 | 133.05 |
| Vazhikkadavu | 1 | 80.89 | 151.47 |
| Total | 52 | 755.5 | 726.61 |

## വാമനപുരം നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി

115 (1587) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ പൂർത്തിയാക്കിയ വീടുകൾ എത്രയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൂർത്തിയാക്കിയ വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 9 ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് മിഷന്റെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന വീടുകളുടെ പൂർത്തീകരണം എന്ന വിഭാഗത്തിൽ 286 വീടുകളുടെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി)

| തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | ലൈഫ് ഒന്നാം ഘട്ടം പൂർത്തീകിച്ച വീടുകളുടെ എണ്ണം | ലൈഫ് രണ്ടാം ഘട്ടം പൂർത്തീകിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ആനാട് | 18 | 0 |
| പനവൂർ | 33 | 0 |
| കല്ലറ | 10 | 0 |
| നെല്ലനാട് | 16 | 0 |
| പുല്ലമ്പാറ | 17 | 0 |
| വാമനപുരം | 14 | 0 |
| പാങ്ങോട് | 34 | 0 |
| നന്ദിയോട് | 35 | 0 |
| പെരിങ്ങമല | 109 | 0 |
| ആകെ | 286 | 0 |

## ലൈഫ് പദ്ധതി

116 (1588) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിക്ക് വേണ്ടി 2018-19 സാമ്പത്തിക വർഷം എന്ത് തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര തുക 2018 ഡിസംബർ 31 വരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് ഭവന പദ്ധതിക്കുവേണ്ടി 2018-19 സാമ്പത്തിക വർഷം നാളിതുവരെ ലഭ്യമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | തുക (കോടി) |
|---|---|
| ലൈഫ് മിഷൻ (അടിമാലി ഭവന സമുച്ചയം) | 26.37 |
| സ്റ്റേറ്റ് ഷെയർ (എസ്.സി. വകുപ്പ്) | 61.30 |
| തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം- (പ്ലാൻ ഫണ്ടിന്റെ 20%) | 680 |
| ഹഡ്കോ ലോൺ തുക (ആദ്യ ഗഡു) | 375 |
| ആകെ | 1142.67 |

(ബി) 31-3-2018 വരെ 742.20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (ഹഡ്കോ ലോൺ ഒന്നാം ഗഡു തുക-375 കോടി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം-367.20 കോടി).

## കൊല്ലം ജില്ലയിൽ ലൈഫ് പദ്ധതി

117 (1589) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ എത്ര വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചുവെന്നും ആയതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉടമസ്ഥർക്ക് താക്കോൽ കൈമാറിയിട്ടുണ്ടെന്നും അടുത്ത ഘട്ടത്തിൽ എത്ര വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നും ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

കൊല്ലം ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയിലെ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായ 9485 ഗുണഭോക്താക്കളെയാണ് അർഹരായി കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 7669 പേർ ഭവന നിർമ്മാണത്തിനായി കരാർ വച്ച് നിർമ്മാണം ആരംഭിക്കുകയും 303 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. (പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*)

ലൈഫ് മിഷന്റെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ ഭവന നിർമ്മാണത്തിന് 38879 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിലേയ്ക്കായി പുനലൂർ മുനിസിപ്പാലിറ്റിയിൽ വാളക്കോട് എന്ന സ്ഥലത്ത് ജില്ലയിലെ ആദ്യ ഭവന സമുച്ചയ ത്തിനുള്ള പൈലറ്റ് പ്രോജക്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സുനാമി പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മിച്ചതും എന്നാൽ ഗുണഭോക്താക്കൾ ഏറ്റെടുക്കാത്തതുമൂലം ഒഴിഞ്ഞുകിടക്കുന്നതുമായ 324 ഫ്ലാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തി ലൈഫ് മിഷൻ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് (മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകി) വിതരണം ചെയ്യുന്ന കാര്യവും പരിഗണനയിലാണ്.

## ലൈഫ് മിഷൻ

118 (1590) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി നടന്ന സർവ്വേ പ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിൽ ആകെ എത്ര ഭവന രഹിതരാണുള്ളതെന്ന് അറിയിക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഭവന രഹിതരായ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി ധനസഹായം വിതരണം ചെയ്യാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂമിയുള്ള ഭവനരഹിതരുടെ എണ്ണം-1076

<u>തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം</u>

മുളവുകാട്-81, എളങ്കുന്നപുഴ-236, കുഴിപ്പിള്ളി-105, ഞാറയ്ക്കൽ-75, നായരമ്പലം-116, എടവനക്കാട്- 122, കടമക്കുടി-24, പള്ളിപ്പുറം-317

ഭൂരഹിത ഭവനരഹിതരുടെ എണ്ണം-1935

<u>തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം</u>

മുളവുകാട്-243, എളങ്കുന്നപുഴ-609, കുഴിപ്പിള്ളി-66, ഞാറയ്ക്കൽ-195, നായരമ്പലം-124, എടവനക്കാട്- 318, കടമക്കുടി-75, പള്ളിപ്പുറം-305

(ബി) ഉണ്ട്. വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ 1076 ഗുണഭോക്താക്കളിൽ 412 ഗുണഭോക്താക്കൾക്ക് ആദ്യഗഡുവും 335 ഗുണഭോക്താക്കൾക്ക് രണ്ടാംഗഡുവും 121 ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡുവും 24 ഗുണഭോക്താക്കൾക്ക് നാലാം ഗഡുവും വിതരണം ചെയ്തു.

(സി) ത്രിതല പഞ്ചായത്തുകളുടെ വിഹിതവും ഹഡ്കോയിൽ നിന്നും ലഭിച്ച ഒന്നാം ഗഡു വായ്പ തുകയും കൂടി ആകെ 8.18 കോടി രൂപ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഹഡ്കോ വായ്പയുടെ രണ്ടാംഗഡു തുക ഫെബ്രുവരി 5-നകം വിതരണം ചെയ്യുന്നതാണ്. ബാക്കിയുള്ള ഗഡുക്കളും ഇപ്രകാരം സമയബന്ധിതമായി നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**മങ്കട നിയോജക മണ്ഡലത്തിൽ ലൈഫ് മിഷൻ**

119 (1591) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരളത്തിൽ നിലവിൽ വീടില്ലാത്ത എത്രപേരുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ ഭവനരഹിതരായ എല്ലാവർക്കും ഈ പദ്ധതി പ്രകാരം വീട് നൽകുമോ;

(സി) മങ്കട നിയോജക മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടമായി 2001 മുതൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന 54098 വീടുകളിൽ 49846 വീടുകൾ (92.14%) നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ 100618 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും ഇതിൽ 79384 ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കുകയും 3060 വീടുകൾ നാളിതുവരെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ, പട്ടികജാതി എന്നീ വിഭാഗങ്ങൾക്ക് 4 ലക്ഷം രൂപയും പട്ടിക വർഗ്ഗ സങ്കേതങ്ങളിലുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 6 ലക്ഷം രൂപയുമാണ് ധനസഹായമായി നൽകുന്നത്. ഈ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും സംസ്ഥാന സർക്കാർ വിഹിതത്തിൽനിന്നും ഹഡ്കോയിൽനിന്നുമുള്ള ലോൺ മുഖേനയുമാണ് കണ്ടെത്തുന്നത്. മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ വിഭാഗത്തിലുള്ള 337416 ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിലേയ്ക്ക് 14 ജില്ലകളിലും ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഓരോ ഭവന സമുച്ചയം പൈലറ്റായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിക്ക് വേണ്ടി കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിൽ ഭൂമിയുള്ള ഭവനരഹിതരായി 184255 കുടുംബങ്ങളും ഭൂരഹിത ഭവനരഹിതരായി 337416 കുടുംബങ്ങളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ലൈഫ് മിഷൻ മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തുന്ന എല്ലാ ഗുണഭോക്താക്കൾക്കും വീട് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) വിശദവിവരം ചുവടെ ചേർക്കുന്നു :

| തദ്ദേശ സ്വയംഭരണ സ്ഥാപനം | അർഹരായ ഗുണഭോക്താക്കളുടെ എണ്ണം | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| അങ്ങാടിപ്പുറം | 98 | 42 | 16 |
| കൂട്ടിലങ്ങാടി | 50 | 22 | 5 |
| കുറുവ | 102 | 25 | 0 |
| മക്കരപ്പറമ്പ് | 18 | 13 | 2 |
| മങ്കട | 35 | 18 | 11 |
| മൂർക്കനാട് | 45 | 22 | 0 |
| പുഴക്കാട്ടിരി | 38 | 22 | 2 |
| ആകെ | 386 | 164 | 36 |

**ലൈഫ് മിഷൻ പദ്ധതി**

120 (1592) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ ഇതിനകം അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇനി എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ആകെ 1833 ഗുണഭോക്താക്കൾ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1248 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ 16 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 341 പേർ ഒന്നാം സ്റ്റേജിലും 537 പേർ രണ്ടാം സ്റ്റേജിലും 242 പേർ മൂന്നാം സ്റ്റേജിലും 112 പേർ നാലാം സ്റ്റേജിലുമായി ഭവന നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## ലൈഫ് മിഷൻ പദ്ധതിയിൽ നിർമ്മിച്ച വീടുകൾ

121 (1593) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി നാളിതുവരെ പണി പൂർത്തിയാകാതെ കിടന്ന വീടുകൾ പൂർത്തിയാക്കുന്ന സ്കീം പ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചു; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പുതിയതായി എത്ര വീടുകൾ ഇതിനകം നിർമ്മിച്ച് നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയിലെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന വിഭാഗത്തിൽ 2001 മുതൽ വിവിധ പദ്ധതി കളിലായി നൽകിയ വീടുകളിൽ പൂർത്തീകരിക്കാൻ ബാക്കിയുണ്ടായിരുന്ന 54098 വീടുകളിൽ നാളിതുവരെ 49846 വീടുകൾ (92.14%) പൂർത്തീകരിക്കുകയുണ്ടായി. ജില്ല തിരിച്ച് വിശദാംശം ചുവടെ ചേർക്കുന്നു :

| ജില്ല | പൂർത്തീകരിക്കുവാനുണ്ടായിരുന്ന വീടുകളുടെ എണ്ണം | പൂർത്തിയായ വീടുകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 6151 | 5938 | 96.50 |
| കൊല്ലം | 3761 | 3555 | 94.5 |
| പത്തനംതിട്ട | 1187 | 1154 | 97.2 |
| ആലപ്പുഴ | 2696 | 2628 | 90.05 |
| കോട്ടയം | 1109 | 1064 | 95.9 |
| ഇടുക്കി | 3199 | 2962 | 92.6 |

| (1) | (2) | (3) | (4) |
|---|---|---|---|
| എറണാകുളം | 1068 | 1052 | 98.5 |
| തൃശ്ശൂർ | 2873 | 2719 | 94.6 |
| പാലക്കാട് | 8153 | 7208 | 88.4 |
| മലപ്പുറം | 2814 | 2633 | 93.6 |
| കോഴിക്കോട് | 6601 | 6134 | 92.9 |
| വയനാട് | 8878 | 7518 | 84.7 |
| കണ്ണൂർ | 2682 | 2517 | 93.8 |
| കാസർഗോഡ് | 2926 | 2764 | 94.5 |
| ആകെ | 54098 | 49846 | 92.14 |

(ബി) ലൈഫ് ഭവന പദ്ധതി പ്രകാരം പുതിയതായി (ഭൂമിയുള്ള ഭവനരഹിതരുടെ) 3060 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ച് വിശദാംശം ചുവടെ ചേർക്കുന്നു :

| ജില്ല | പൂർത്തിയായ വീടുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 92 |
| കൊല്ലം | 303 |
| പത്തനംതിട്ട | 24 |
| ആലപ്പുഴ | 175 |

| (1) | (2) |
|---|---|
| കോട്ടയം | 247 |
| ഇടുക്കി | 96 |
| എറണാകുളം | 802 |
| തൃശ്ശൂർ | 297 |
| പാലക്കാട് | 157 |
| മലപ്പുറം | 86 |
| കോഴിക്കോട് | 24 |
| വയനാട് | 61 |
| കണ്ണൂർ | 379 |
| കാസർഗോഡ് | 317 |
| ആകെ | 3060 |

**ലൈഫ് പദ്ധതി**

122 (1594) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ വിവിധ പഞ്ചായത്ത്-മുനിസിപ്പാലിറ്റികളിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ലൈഫ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിവരം പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ലൈഫ് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി ലൈഫ് ഭവന പദ്ധതിയിൽ 1142 ഗുണഭോക്താക്കളെയാണ് പുതിയ ഭവനങ്ങൾക്ക് അർഹരായി കണ്ടെത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു :

| നമ്പർ | ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | ഭൂമിയുള്ള ഭവന രഹിതരായ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തഴക്കര | 144 |
| 2 | മാവേലിക്കര/തെക്കേക്കര | 124 |
| 3 | നൂറനാട് | 106 |
| 4 | വള്ളികുന്നം | 119 |
| 5 | മാവേലിക്കര താമരക്കുളം | 218 |
| 6 | പാലമേൽ | 321 |
| 7 | ചുനക്കര | 89 |
| 8 | മാവേലിക്കര മുനിസിപ്പാലിറ്റി (PMAY-LIFE) | 21 |
| | ആകെ | 1142 |

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു :

| ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി | ഭൂമിയുള്ള ഭവന രഹിതരുടെ എണ്ണം | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| തഴക്കര | 144 | 53 | 8 |

| (1) | (2) | (3) | (4) |
|---|---|---|---|
| മാവേലിക്കര തെക്കേക്കര | 124 | 39 | 7 |
| നൂറനാട് | 106 | 68 | 0 |
| വള്ളികുന്നം | 119 | 92 | 0 |
| മാവേലിക്കര താമരക്കുളം | 218 | 55 | 7 |
| പാലമേൽ | 321 | 148 | 6 |
| ചുനക്കര | 89 | 30 | 5 |
| മാവേലിക്കര മുനിസിപ്പാലിറ്റി (PMAY-LIFE) | 21 | 6 | 2 |
| ആകെ | 1142 | 491 | 35 |

(സി) ലൈഫ് ഭവനപദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നും 367. 20 കോടി രൂപയും ഹഡ്കോ മുഖേനയുള്ള ലോണിന്റെ ഒന്നാംഗഡു തുകയായ 375 കോടി രൂപയും ഉൾപ്പെടെ 742.20 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുകഴിഞ്ഞു. ഹഡ്കോ ലോണിന്റെ രണ്ടാംഗഡു വിഹിതമായ 375 കോടി രൂപ ഫെബ്രുവരി 5-ാം തീയതിയോടുകൂടി വിതരണം ചെയ്യുന്നതാണ്. ബാക്കിയുള്ള തുകയും ഇപ്രകാരം കൃത്യമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതോടുകൂടി വീടുകളുടെ നിർമ്മാണം കാലതാമസം കൂടാതെ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ലൈഫ് മിഷൻ പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ വീടുകൾ

123 (1595) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയനുസരിച്ച് ആനുകൂല്യത്തിന് അർഹരായ എത്ര ഗുണഭോക്താക്കളെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) എത്ര ഗുണഭോക്താക്കൾക്ക് ഈ വർഷം ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ലൈഫ് പദ്ധതിയനുസരിച്ച് എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരിക്കൽ എന്ന വിഭാഗത്തിൽ 54098 ഗുണഭോക്താക്കളും രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി 100618 ഗുണഭോക്താക്കളും മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും നൽകുന്നതിനുവേണ്ടി കണ്ടെത്തിയ 337416 ഗുണഭോക്താക്കളും ഉൾപ്പെടെ സംസ്ഥാനത്ത് 492132 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) ഭൂമിയുള്ള ഭവനരഹിതരായ 66514 ഗുണഭോക്താക്കൾക്ക് ഈ വർഷം ഭവനനിർമ്മാണത്തിനായി ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) വിശദമായ വിവരം ചുവടെ ചേർക്കുന്നു :

ഒന്നാംഘട്ടം പൂർത്തീകരിക്കാനുണ്ടായിരുന്ന വീടുകളുടെ പൂർത്തീകരണ വിവരം

| ജില്ല | പൂർത്തിയായ വീടുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 5938 |
| കൊല്ലം | 3555 |

| (1) | (2) |
|---|---|
| പത്തനംതിട്ട | 1154 |
| ആലപ്പുഴ | 2628 |
| കോട്ടയം | 1064 |
| ഇടുക്കി | 2962 |
| എറണാകുളം | 1052 |
| തൃശ്ശൂർ | 2719 |
| പാലക്കാട് | 7208 |
| മലപ്പുറം | 2633 |
| കോഴിക്കോട് | 6134 |
| വയനാട് | 7518 |
| കണ്ണൂർ | 2517 |
| കാസർഗോഡ് | 2764 |
| ആകെ | 49846 |

രണ്ടാംഘട്ടം- ഭൂമിയുള്ള ഭവനരഹിതരുടെ പൂർത്തിയായ വീടുകളുടെ വിവരം (പുതിയ വീടുകൾ)

| ജില്ല | പൂർത്തിയായ വീടുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 92 |
| കൊല്ലം | 303 |

| (1) | (2) |
|---|---|
| പത്തനംതിട്ട | 24 |
| ആലപ്പുഴ | 175 |
| കോട്ടയം | 247 |
| ഇടുക്കി | 96 |
| എറണാകുളം | 802 |
| തൃശ്ശൂർ | 297 |
| പാലക്കാട് | 157 |
| മലപ്പുറം | 86 |
| കോഴിക്കോട് | 24 |
| വയനാട് | 61 |
| കണ്ണൂർ | 379 |
| കാസർഗോഡ് | 317 |
| ആകെ | 3060 |

**റേഷൻ കാർഡ് ഇല്ലാത്തവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി**

124 (1596) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് റേഷൻ കാർഡ് ഇല്ലെന്ന കാരണത്താൽ പദ്ധതി ആനുകൂല്യം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കാർഡ് ലഭിച്ചതിനുശേഷം ഇവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ റേഷൻ കാർഡില്ലാത്ത എത്ര പേരെ ഇപ്രകാരം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) റേഷൻ കാർഡില്ല എന്ന പേരിൽ ആരെയും ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടി വരാറില്ല. കാരണം ലിസ്റ്റിൽ ഉൾപ്പെട്ടവർ ഏതെങ്കിലും റേഷൻ കാർഡിൽ ഉൾപ്പെട്ടവരാണ്. എന്നാൽ കുടുംബ റേഷൻ കാർഡിൽ ഉൾപ്പെടുകയും പ്രത്യേക റേഷൻ കാർഡില്ലാതെ വീടിനായി അപേക്ഷിച്ച് ലിസ്റ്റിൽ കടന്ന് കൂടിയവരെ മാറ്റിനിർത്തിയിട്ടുണ്ട്. ഒരു റേഷൻ കാർഡിന് ഒരു വീട് എന്നതായിരുന്നു പദ്ധതിയുടെ മാനദണ്ഡം.

(ബി) നിലവിൽ ലിസ്റ്റിൽ ഉള്ള അർഹരായവർക്ക് വീട് ലഭ്യമാക്കിയ ശേഷം പരിഗണിക്കുന്നതാണ്.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം-124

## ഭൂരഹിത ഭവനരഹിതർക്കുള്ള ഫ്ലാറ്റ് സമുച്ചയം

125 (1597) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഭൂരഹിത ഭവനരഹിതർക്കുള്ള ഫ്ലാറ്റ് സമുച്ചയത്തിന് ഭൂമി കണ്ടെത്തുവാൻ 2017-ൽ സർക്കാർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായോ;

(ബി) എങ്കിൽ രണ്ടു വർഷം പിന്നിട്ടിട്ടും ഭൂമി കണ്ടെത്താൻ കാര്യമായ ശ്രമങ്ങൾ ഉണ്ടായിട്ടില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പദ്ധതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമോ; വ്യക്തമാക്കാമോ;

(സി) പദ്ധതിയിൽ ഇതിനകം പൂർത്തീകരിച്ച വീടുകളുടെയും നിർമ്മാണത്തിലിരിക്കുന്ന വീടുകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂരഹിത ഭവന രഹിതർക്കുള്ള ഫ്ലാറ്റ് സമുച്ചയത്തിന് ഭൂമി കണ്ടെത്തുവാനായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു.

(ബി) ഇല്ല. ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയാണ് ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താളെ പുനരധിവസിപ്പിക്കുന്നത്. ഇത് 2019-20 സാമ്പത്തിക വർഷത്തിലാണ് പ്രാവർത്തികമാകുന്നത്. ഇതിന്റെ ഭാഗമായി 14 ജില്ലകളിലും പൈലറ്റായി ഓരോ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ടി ഭവന സമുച്ചയച്ചയങ്ങളുടെ നിർമ്മാണത്തിന്റെ പ്രരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടുതൽ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള ഭൂമിയും കണ്ടെത്തിയിട്ടുണ്ട്.

(സി) 14 ജില്ലകളിലെയും പൈലറ്റ് ഭവന സമുച്ചയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കണ്ണൂർ ജില്ലയിലെ ലൈഫ് പദ്ധതി

126 (1598) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ലൈഫ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഇതുവരെ എത്ര പേർക്ക് വീടുകൾ ലഭ്യമായിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ മുന്നോടിയായി 2017-ൽ കുടുംബശ്രീ മുഖേന സർവ്വേ നടത്തി ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നു. ടി ഗുണഭോക്താക്കളിൽ നിന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഗ്രാമസഭയിലൂടെ അനർഹരെ ഒഴിവാക്കിയും അർഹരെ ഉൾപ്പെടുത്തിയും അന്തിമ ലിസ്റ്റ് തയ്യാറാക്കുകയും തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള പരിശോധനകൾക്ക് ശേഷം അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ളതുമാണ്. ഇത്തരത്തിലാണ് ഭൂമിയുള്ള ഭവനരഹിതരേയും ഭൂരഹിത ഭവനരഹിതരേയും കണ്ടെത്തയിട്ടുള്ളത്. സ്ഥാപനങ്ങളിൽ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കുകയും 3060 വീടുകൾ നാളിതുവരെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ, പട്ടികജാതി എന്നീ വിഭാഗങ്ങൾക്ക് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 6 ലക്ഷം രൂപയുമാണ് ധനസഹായമായി നൽകുന്നത്. ഈ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിഹിതം/സംസ്ഥാന സർക്കാർ വിഹിതം/ഹഡ്കോയിൽ നിന്നുള്ള ലോൺ എന്നിവ മുഖേനയാണ് കണ്ടെത്തുന്നത്. മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ വിഭാഗത്തിലുള്ള 337416 ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിലേയ്ക്ക് 14 ജില്ലകളിലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഓരോ ഭവന സമുച്ചയം പൈലറ്റായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നാലാംഘട്ടമായ വാസയോഗ്യമല്ലാത്ത ഗുണഭോക്താക്കളുടെ വീടുകൾ വാസയോഗ്യ മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. തുടർന്ന് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരിക്കൽ, ഭൂമിയുള്ള ഭവന രഹിതർക്ക് വീട് നൽകൽ, ഭൂരഹിത ഭവനരഹിതർക്ക് വീട് നൽകുന്നതിനായി ഭവന സമുച്ചയ നിർമ്മാണം, വാസയോഗ്യമല്ലാത്ത ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ എന്നിങ്ങനെ 4 ഘട്ടങ്ങളായി തിരിച്ച് മുൻഗണനാക്രമത്തിൽ ലൈഫ് ഭവന പദ്ധതി നടപ്പിലാക്കു ന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടമായ, പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന വീടുകളുടെ പൂർത്തീകരണം എന്ന വിഭാഗത്തിൽ 2001 മുതൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന 54098 വീടുകളിൽ 49846 വീടുകൾ (92.14%) നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ 100618 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും ഇതിൽ 79384 ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്.

(ബി) കണ്ണൂർ ജില്ലയിൽ ലൈഫ് പദ്ധതിയിൽ നാളിതുവരെ വീടുകൾ ലഭ്യമായ ഗുണഭോക്താക്കളുടെ മണ്ഡലം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## തിരുവനന്തപുരം നഗരത്തിൽ ലൈഫ് പദ്ധതി

127 (1599) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ഭൂമിയുള്ള ഭവനരഹിതരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്;

(ബി) ഇതിനായുള്ള ഫണ്ട് ഏത് ഏജൻസിയിൽ നിന്നും എത്ര ശതമാനം പലിശയ്ക്ക് ലഭ്യമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയിൽ ഭൂമിയുള്ള ഭവനരഹിതർക്ക് പി.എം.എ.വൈ. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നുണ്ട്. ആയത് പ്രകാരം ലൈഫ് പദ്ധതിയിൽ കുടുംബശ്രീ നടത്തിയ സർവ്വേ പ്രകാരം 1273 പേരാണ് ഭൂമിയുള്ള ഭവനരഹിതരായി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 356 പേർക്കാണ് പി.എം.എ.വൈ. ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി ആനുകൂല്യം നൽകിവരുന്നത്.

(ബി) പി.എം.എ.വൈ. ലൈഫ് പദ്ധതിയിലുള്ള വീടുകൾക്ക് 4 ലക്ഷം രൂപയാണ് കേരളത്തിൽ ധനസഹായമായി നൽകുന്നത്. ഇതിൽ 1.5 ലക്ഷം രൂപ കേന്ദ്ര വിഹിതവും 50,000 രൂപ സംസ്ഥാന വിഹിതവും (matching grant) 2,00,000 രൂപ തദ്ദേശ സ്വയംഭരണ വിഹിതവുമാണ്. തദ്ദേശ സ്വയംഭരണ വിഹിതം ലഭ്യമല്ലാത്തതോ തികയാത്തതോ ആയ സ്ഥാപനങ്ങൾക്ക് 9.85 ശതമാനം പലിശ നിരക്കിൽ ഹഡ്കോയിൽ നിന്നും ലോൺ ലഭ്യമാക്കിയാണ് ധനസഹായം നൽകുന്നത്.

## എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കാൻ നടപടികൾ

128 (1600) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭവനരഹിതരായ എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-ൽ കുടുംബശ്രീ മുഖേന ലൈഫ് മിഷൻ പദ്ധതി മാനദണ്ഡപ്രകാരം സർവ്വേ നടത്തിയതിൽ കണ്ടെത്തിയ ഭവനരഹിതരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 34723 | 55888 |

| (1) | (2) | (3) |
|---|---|---|
| കൊല്ലം | 22437 | 39931 |
| പത്തനംതിട്ട | 6111 | 7616 |
| ആലപ്പുഴ | 19348 | 19365 |
| കോട്ടയം | 9572 | 16685 |
| ഇടുക്കി | 24862 | 21385 |
| എറണാകുളം | 23620 | 37739 |
| തൃശ്ശൂർ | 20317 | 35413 |
| പാലക്കാട് | 28952 | 32330 |
| മലപ്പുറം | 20570 | 25425 |
| കോഴിക്കോട് | 12543 | 17465 |
| വയനാട് | 10820 | 7655 |
| കണ്ണൂർ | 7031 | 8420 |
| കാസർഗോഡ് | 19651 | 12099 |
| ആകെ | 260557 | 337416 |

ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 184255 ഗുണഭോക്താക്കളെയാണ് ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയത്.

(ബി) ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ മുന്നോടിയായി 2017-ൽ കുടുംബശ്രീ മുഖേന സർവ്വേ നടത്തി ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുകയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഗ്രാമസഭയിലൂടെ അനർഹരെ ഒഴിവാക്കിയും അർഹരെ ഉൾപ്പെടുത്തിയും അന്തിമ ലിസ്റ്റ് തയ്യാറാക്കുകയും

തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള പരിശോധനയ്ക്ക് ശേഷം അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ളതുമാണ്. ഇത്തരത്തിലാണ് ഭൂമിയുള്ള ഭവനരഹിതരെയും ഭൂരഹിത ഭവനരഹിതരെയും കണ്ടെത്തിയിട്ടുള്ളത്. തുടർന്ന് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരിക്കൽ, ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകൽ, ഭൂരഹിത ഭവനരഹിതർക്ക് വീട് നൽകുന്നതിനായി ഭവന സമുച്ചയ നിർമ്മാണം, വാസയോഗ്യമല്ലാത്ത ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ എന്നിങ്ങനെ 4 ഘട്ടങ്ങളിലായി മുൻഗണനാക്രമത്തിൽ ലൈഫ് ഭവന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

## റാന്നി നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ

129 (1601) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-ലെ പ്രളയത്തിൽ വീട് പൂർണ്ണമായി തകർന്നവർക്ക് പകരം വീട് നിർമ്മിക്കുന്നതിന് എന്ത് സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്; വീടിന് ഭാഗികമായി നാശനഷ്ടം സംഭവിച്ചവർക്ക് എത്ര തുകയാണ് പരമാവധി അനുവദിക്കുന്നത്; ഇതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രളയബാധിതർക്ക് വീട് നൽകുന്നതും ലൈഫ് മിഷൻ പദ്ധതിയും തമ്മിൽ ബന്ധപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അനുവദിക്കുന്ന വീടുകളുടെ എണ്ണം എത്രയെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട വീടും സ്ഥലവും ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി എന്ന് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ലൈഫ് മിഷനിൽ ഉൾപ്പെട്ട വീട് നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി എന്ന് നടപ്പാക്കാനാവുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 21-6-2018 തീയതിയിലെ സ.ഉ.(കൈ)നമ്പർ 07/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം ദുരന്തത്തിൽ പൂർണ്ണമായും തകർന്ന (fully of severely damaged) ഒരു വീടിന് അനുവദിക്കുന്ന പരമാവധി തുക 4,00,000 (നാല് ലക്ഷം) രൂപയാണ്. ഇതിൽ 95,100 രൂപ (നിരപ്പായ സ്ഥലം) അല്ലെങ്കിൽ 1,01,900 രൂപ (മലയോര മേഖല) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരവും ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമാണ് നൽകുന്നത്.

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 19 പ്രകാരം എല്ലാവർക്കും ഒരേ മാനദണ്ഡപ്രകാരം ദുരിതാശ്വാസം അനുവദിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ 26-10-2018-ലെ സ.ഉ.(കൈ) നമ്പർ 24/2018/ഡി.എം.ഡി. ഉത്തരവ് പ്രകാരം ചുവടെ പറയുന്ന മിനിമം റിലീഫ് കോഡ് അംഗീകരിക്കുകയും Technically competent ആയ തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസിയർ/എഞ്ചിനീയർ പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ട ശതമാനം കണക്കാക്കുമ്പോൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചുവടെ ചേർക്കുന്ന വിധത്തിൽ ധനസഹായം അനുവദിക്കേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് :

മിനിമം റിലീഫ് കോഡ്

| നഷ്ടം ശതമാന കണക്കിൽ | മലയോര പ്രദേശങ്ങൾ | സമതല പ്രദേശങ്ങൾ | | തകർച്ച നേരിട്ട വീടുകൾക്ക് മുഖ്യമന്ത്രിയുടെ ദുരുതാശ്വാസ നിധിയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയും ചേർത്ത് നൽകുവാൻ ശിപാർശ ചെയ്യുന്ന തുക | |
|---|---|---|---|---|---|
| 0-14 | 0 | 0 | 0 | 0 | 0 |
| കുറഞ്ഞത് 15% | 5,200 | 4,800 | 5,200 | 4,800 | 10,000 |
| 16-29 | 30,500 | 29,500 | 28,500 | 31,500 | 60,000 |
| 30-59 | 51,000 | 74,000 | 47,500 | 77,500 | 1,25,000 |
| 60-74 | 76,500 | 1,73,500 | 71,000 | 1,79,000 | 2,50,000 |
| 75-100 | 1,01,900 | 2,98,100 | 95,100 | 3,04,900 | 4,00,000 |

(ബി) ഇല്ല.

(സി)

| ഗ്രാമപഞ്ചായത്തിന്റെ പേര് | വീടുകളുടെ എണ്ണം | | | |
|---|---|---|---|---|
| | ജനറൽ | എസ്.സി. | എസ്.ടി. | ആകെ |
| അയിരൂർ | 26 | 1 | 0 | 27 |
| ചെറുകോൽ | 9 | 2 | 0 | 11 |
| എഴുമറ്റൂർ | 13 | 1 | 0 | 14 |
| കൊറ്റനാട് | 18 | 1 | 0 | 19 |
| കോട്ടാങ്ങൽ | 38 | 0 | 0 | 38 |
| നാറാണംമൂഴി | 65 | 3 | 8 | 76 |
| റാന്നി | 12 | 1 | 0 | 13 |
| റാന്നി അങ്ങാടി | 23 | 0 | 0 | 23 |
| റാന്നി പഴവങ്ങാടി | 38 | 1 | 0 | 39 |
| റാന്നി പെരുനാട് | 33 | 4 | 6 | 43 |
| വടശ്ശേരിക്കര | 28 | 4 | 0 | 32 |
| വെച്ചൂച്ചിറ | 80 | 5 | 0 | 85 |
| ആകെ | 383 | 23 | 14 | 420 |

(ഡി) ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് വീടും സ്ഥലവും നൽകുന്നത് ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാംഘട്ടത്തിലാണ്. ആയതിന് 2019-20 സാമ്പത്തിക വർഷത്തിലാണ് തുടക്കം കുറിക്കുന്നത്.

(ഇ) പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ ആരംഭിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ആകെ പൂർത്തീകരിക്കുവാനായിരുന്ന 54098 വീടുകളിൽ 49846 വീടുകൾ (92.14%) നാളിതുവരെ പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള 4205 വീടുകൾ 2019 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട വീടുകളുടെ പുനഃനിർമ്മാണത്തിന് എൻ.ഒ.സി.

130 (1602) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതും എന്നാൽ ഇക്കഴിഞ്ഞ പ്രളയത്തിൽ പൂർണ്ണമായി തകർന്നതുമായ വീടുകൾ ഉൾപ്പെടുന്ന ഭൂമി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടെന്ന കാരണത്താൽ പ്രസ്തുത വീടുകൾ പുനഃനിർമ്മിക്കുന്നതിന് എൻ.ഒ.സി. അനുവദിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാതല അധികൃത സമിതിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും ഇക്കാര്യത്തിൽ എൻ.ഒ.സി. നൽകുന്നതിനുള്ള സാങ്കേതിക-നിയമ തടസ്സങ്ങൾ ഒഴിവാക്കുന്നതിനും സമയബന്ധിതമായി പ്രളയത്തിൽ തകർന്ന വീടുകൾ പുനഃനിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ആർ.ഡി.ഒ.യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## പാർപ്പിട നിർമ്മാണം

131 (1603) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുകയും എന്നാൽ വീട് പണി പൂർത്തിയാക്കാൻ കഴിയാത്തതുമായ എത്ര വീടുകളാണ് നിലവിലെ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇത്തരം വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇത്തരത്തിലുള്ള എത്ര വീടുകൾക്കാണ് ഇപ്പോൾ ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും ഇവയിൽ എത്ര വീടുകൾ പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) 2017-ൽ കുടുംബശ്രീ മുഖേന ലൈഫ് മിഷൻ പദ്ധതി മാനദണ്ഡപ്രകാരം നടത്തിയ സർവ്വേയിൽ 2001 മുതൽ വിവിധ പദ്ധതികളിലായി സാമ്പത്തിക സഹായം ലഭിച്ചെങ്കിലും വീട്ടുപണി പൂർത്തീകരിക്കുവാൻ കഴിയാതിരുന്ന 63692 വീടുകൾ ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) 2001 മുതൽ വിവിധ പദ്ധതികളിലായി പൂർത്തീകരിക്കുവാനുണ്ടായിരുന്ന 63692 വീടുകളുടെ പൂർത്തീകരണം ലൈഫ് ഭവന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തുകയും ഇവയുടെയെല്ലാം പൂർത്തീകരണത്തിനുള്ള യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഏകീകരിക്കുകയും ചെയ്തു. ഇപ്രകാരം യൂണിറ്റ് കോസ്റ്റ് ഏകീകരിച്ചതുമൂലം 4 ലക്ഷം രൂപയുടെ ആനുപാതിക വർദ്ധനവ് എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമായി. ഇത് മുടങ്ങിക്കിടന്ന വീടുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും 49846 വീടുകൾ പൂർത്തീകരിക്കുന്നതിനും സഹായകരമായി.

(സി) വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ ആകെയുണ്ടായിരുന്ന 63692 വീടുകളിൽ വിവിധ കാരണങ്ങളാൽ ലിസ്റ്റിൽ നിന്നും ഒഴിവായ 9584 ഗുണഭോക്താക്കൾ (ഉടമസ്ഥൻ സ്ഥലത്ത് ഇല്ലാത്തത്, ഗുണഭോക്താവിന് മാരക രോഗം ബാധിച്ചത്, അസുഖം ബാധിച്ച് ആശുപത്രിയിലുള്ളവർ, കുടുംബ പ്രശ്നങ്ങൾ ഉള്ളവർ, തീർത്തും താല്പര്യമില്ലാത്തവർ, വസ്തു സംബന്ധിച്ച തർക്കങ്ങൾ ഉള്ളവർ തുടങ്ങിയവർ) ഒഴികെ 54098 ഗുണഭോക്താക്കളിൽ 49846 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം (92.14%) നാളിതുവരെ പൂർത്തീകരിച്ചുകഴിഞ്ഞു. വീട്ടുപണി പൂർത്തീകരിക്കുവാനുണ്ടായിരുന്ന 54098 ഗുണഭോക്താക്കൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വർദ്ധിപ്പിച്ച നിരക്ക് പ്രകാരമുള്ള ധനസഹായം നൽകിയിട്ടുണ്ട്.

**പ്രധാനമന്ത്രി ആവാസ് യോജന**

132 (1604) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി പ്രകാരം എത്ര പേർക്കാണ് വീട് വച്ച് നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് കേന്ദ്ര ഫണ്ടായി ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.എ.വൈ.(ജി) പദ്ധതിപ്രകാരം 14402 പേർക്ക് വീട് വച്ച് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു :

| ക്രമ നമ്പർ | ജില്ല | പൂർത്തിയായ വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2626 |
| 2 | കൊല്ലം | 1235 |
| 3 | പത്തനംതിട്ട | 613 |
| 4 | ആലപ്പുഴ | 622 |
| 5 | കോട്ടയം | 548 |
| 6 | ഇടുക്കി | 603 |
| 7 | എറണാകുളം | 643 |
| 8 | തൃശ്ശൂർ | 1213 |
| 9 | പാലക്കാട് | 1591 |
| 10 | മലപ്പുറം | 1924 |
| 11 | കോഴിക്കോട് | 961 |
| 12 | വയനാട് | 691 |
| 13 | കണ്ണൂർ | 638 |
| 14 | കാസർഗോഡ് | 494 |
| | ആകെ | 14402 |

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ പി.എം.എ.വൈ.(ജി) പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

## പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം നൽകിയ വീടുകൾ

133 (1605) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.എ.വൈ. ഗ്രാമീൺ പദ്ധതി പ്രകാരം ഈ സർക്കാർ എത്ര പേർക്കാണ് വീട് വച്ച് നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് സംസ്ഥാന സർക്കാരിന് കേന്ദ്ര ഫണ്ടായി ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പി.എം.എ.വൈ.(ജി) പദ്ധതിപ്രകാരം ഈ സർക്കാർ 14402 പേർക്ക് വീട് വച്ച് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു :

| ക്രമ നമ്പർ | ജില്ല | പൂർത്തിയായ വീടുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 2626 |
| 2 | കൊല്ലം | 1235 |
| 3 | പത്തനംതിട്ട | 613 |
| 4 | ആലപ്പുഴ | 622 |
| 5 | കോട്ടയം | 548 |
| 6 | ഇടുക്കി | 603 |
| 7 | എറണാകുളം | 643 |
| 8 | തൃശ്ശൂർ | 1213 |
| 9 | പാലക്കാട് | 1591 |

| (1) | (2) | (3) |
|---|---|---|
| 10 | മലപ്പുറം | 1924 |
| 11 | കോഴിക്കോട് | 961 |
| 12 | വയനാട് | 691 |
| 13 | കണ്ണൂർ | 638 |
| 14 | കാസർഗോഡ് | 494 |
| | ആകെ | 14402 |

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ പി.എം.എ.വൈ.(ജി) പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

## ഗ്രാമ, നഗര മേഖലകളിൽ സാധാരണക്കാരുടെ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ

134 (1606) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം പാസ്സാക്കിയതിന് ശേഷം ഗ്രാമ, നഗര മേഖലകളിൽ സാധാരണക്കാരുടെ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പ്രസ്തുത മേഖലകളിൽ നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിക്കും കെട്ടിടനിർമ്മാണ ചട്ടളവ് പരിധിക്കും കൂടുതലുള്ളവ ഫീസടച്ച് ക്രമപ്പെടുത്താമെന്ന സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ക്രമവത്കരിക്കാനായി എവിടെയാണ് ഫീസ് ഒടുക്കേണ്ടതെന്നും ഒടുക്കേണ്ട ഫീസിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വകുപ്പ് 2 (xvii എ) പ്രകാരമുള്ള 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി' പരിവർത്തനം ചെയ്യുന്നതിനായി ടി നിയമമനുസരിച്ച് തയ്യാറാക്കിയ ചട്ടങ്ങളിൽ ചട്ടം 12(1) പ്രകാരം, 20.2 ആറിൽ കുറവ് വിസ്തീർണ്ണമുള്ള ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ടി ചട്ടപ്രകാരമുള്ള ഫാറം 6-ലും 20.23 ആറോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ള ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ഫാറം 7-ലും ബന്ധപ്പെട്ട ആർ.ഡി.ഒ.യ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരിഗണിക്കുന്നപക്ഷം ടി ചട്ടപ്രകാരമുള്ള ചുവടെ ചേർക്കുന്ന പട്ടികയനുസരിച്ചുള്ള ഫീസടച്ച് ഭൂമി ക്രമവത്കരിക്കാവുന്നതാണ്.

| ക്രമ നമ്പർ | വിസ്തീർണ്ണം | ഫീസായി അടക്കേണ്ട ഭൂമിയുടെ ന്യായവിലയുടെ ശതമാനം | | |
|---|---|---|---|---|
| | | പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
| 1 | 20.23 വരെ | 10 | 20 | 40 |
| 2 | 20.23 മുതൽ 40.47 വരെ | 20 | 30 | 40 |
| 3 | 40.47-ന് മുകളിൽ | 30 | 40 | 50 |

ടി പട്ടികയിലെ കുറിപ്പ് ഒന്നിൽ പരാമർശിച്ചിട്ടുള്ള പ്രകാരം സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 30.00 ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര ഭൂമിക്കും 100 രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്.

ടി ചട്ടത്തിലെ കുറിപ്പ് (2) പ്രകാരം 4.04 ആർ ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വരെ വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ 2.02 ആർ ഭൂമിയിൽ, 40 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ യാതൊരു ഫീസും നൽകേണ്ടതില്ല.

(സി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 12(3), 12(9) പ്രകാരമുള്ള ഫീസുകൾ, '0029-00-800-88-Receipts collected under rule 12(9) of the Kerala Conservation of Paddy Land and Wetland (Amendment Act 2018)' എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

## അനധികൃത ഫ്ലക്സ് ബോർഡുകൾ

135 (1607) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ഫ്ലക്സ് ബോർഡുകൾ നീക്കുന്നത് സംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ കോർപ്പറേഷനുകൾ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ബോർഡുകൾ സ്ഥാപിച്ചവരിൽ നിന്നും കോർപ്പറേഷനുകൾ പിഴ ഈടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈയിനത്തിൽ എന്ത് തുക ലഭിച്ചുവെന്നറിയിക്കാമോ;

(സി) അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്നതിനും അത് സംസ്കരിക്കുന്നതിനും എന്ത് തുക ചെലവഴിച്ചു;

(ഡി) ഇപ്രകാരം നീക്കം ചെയ്ത ഫ്ലക്സ് മാലിന്യങ്ങൾ സംസ്കരിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ വിവിധ ഏജൻസികളും സംഘടനകളും രാഷ്ട്രീയ പാർട്ടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ സ്ഥാപിച്ച പരസ്യ ബോർഡുകൾ, ബാനറുകൾ, ഹോർഡിംഗ്സുകൾ, കൊടികൾ എന്നിവ നീക്കം ചെയ്യുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃതമായി സ്ഥാപിച്ച ബോർഡുകൾ നഗരസഭകൾ നീക്കം ചെയ്ത് പിഴ ഈടാക്കിവരുന്നു.

(ബി) ഈടാക്കിയിട്ടുണ്ട്.

| നഗരസഭ | ആകെ ഈടാക്കിയ പിഴ |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 6,49,119 |
| കൊല്ലം | 56,500 |
| കൊച്ചി | 90,000 |

| (1) | (2) |
|---|---|
| കോഴിക്കോട് | 24,189 |
| തൃശ്ശൂർ | 59,200 |
| കണ്ണൂർ | 43,440 |
| ആകെ | 9,22,448 രൂപ |

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

## തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ ചേംബർ പൊളിക്കൽ

136 (1608) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ ഓഫീസും ചേംബറും എലിശല്യമുണ്ടെന്ന് പറഞ്ഞ് അന്യായമായി പൊളിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേയറുടെ ചേംബർ പൊളിച്ച വകയിൽ എത്ര രൂപയുടെ നഷ്ടമുണ്ടായെന്നാണ് കണക്കാക്കുന്നത്;

(സി) പ്രസ്തുത ചേംബർ നവീകരിക്കുന്നതിന് എത്ര രൂപ ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ;

(ഡി) നവീകരിച്ച പുതിയ ചേംബറിലേക്ക് മേയർ എന്നാണ് ഓഫീസ് പ്രവർത്തനം മാറ്റുക എന്ന് അറിയിക്കാമോ;

(ഇ) മേയറുടെ ചേംബറിലെ എലി ശല്യം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ ചേംബറിന്റെ അറ്റകുറ്റപ്പണികൾക്കായി നിശ്ചിതഭാഗങ്ങൾ പൊളിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചേംബറിന്റെ നവീകരണ പ്രവൃത്തികൾക്ക് വരുന്ന ചെലവ് നഷ്ടമായി കണക്കാക്കുവാനാകില്ല.

(സി) 3,06,000 രൂപ

(ഡി) 25-1-2019 മുതൽ നവീകരിച്ച ചേംബറിൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഇ) നിലവിലുള്ള False Ceiling പൊളിച്ചുമാറ്റി, Ceiling-ന്റെ ഉയരംകൂട്ടി പുതിയത് നിർമ്മിച്ചു. പ്ലൈവുഡ് ഉപയോഗിച്ച് വാൾ പാനലിംഗ് നടത്തി. ചേംബറിനകത്ത് അലുമിനിയം ഡോർസ് ആന്റ് വിന്റോസ് സ്ഥാപിച്ച് അടച്ചുറപ്പുള്ളതാക്കി.

**കോർപ്പറേഷനുകളുടെ പദ്ധതി നിർവ്വഹണം**

137(1609) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകൾ എത്ര ശതമാനം തുക ഡിസംബർ 31 വരെ ചെലവഴിച്ചു;

(ബി) 2018-19 പദ്ധതി വിഹിതമായി തിരുവനന്തപുരം കോർപ്പറേഷന് എന്ത് തുകയാണ് അനുവദിച്ചത്;

(സി) തിരുവനന്തപുരം കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കാര്യക്ഷമതയില്ലായ്മ കാരണം തിരുവനന്തപുരം കോർപ്പറേഷൻ പദ്ധതി നടത്തിപ്പിൽ വളരെ പിന്നിലായി എന്നത് വസ്തുതയാണോ; എങ്കിൽ പ്രസ്തുത കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത നോട്ടീസിന് അവരിൽ നിന്നും ലഭിച്ച വിശദീകരണം എന്താണ്; വിശദാംശം നൽകാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാനത്തെ കോർപ്പറേഷനുകൾ ചെലവഴിച്ചത്;

| | | |
|---|---|---|
| തിരുവനന്തപുരം | - | 37.34 |
| കൊല്ലം | - | 38.72 |
| കൊച്ചി | - | 45.36 |
| തൃശ്ശൂർ | - | 35.24 |
| കോഴിക്കോട് | - | 45.36 |
| കണ്ണൂർ | - | 41.47 |

(ബി) തിരുവനന്തപുരം നഗരസഭ ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷം 328.28 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആകെ 1997 പദ്ധതികളാണുള്ളത്. അതിന്റെ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി മരാമത്ത് പ്രവൃത്തികൾ നടന്നുവരികയാണ്. എന്നിരുന്നാലും നാളിതുവരെ നിർവ്വണത്തിന്റെ 25 ശതമാനം താഴെ ചെലവഴിച്ചിട്ടുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കാരണംകാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(ഡി) പ്രവൃത്തികൾക്കുള്ള മെറ്റീരിയൽസ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതും ടെണ്ടർ ചെയ്തപ്പോൾ എല്ലാ വർക്കുകൾക്കും ടെണ്ടർ ലഭിക്കാത്തതിനാൽ റീ-ടെണ്ടർ, ഓഫർ എന്നിവ ക്ഷണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതിനാലുമാണ് യഥാസമയം പണികൾ പൂർത്തിയാക്കാൻ സാധിക്കാത്തതെന്ന വിശദീകരണമാണ് ലഭിച്ചിട്ടുള്ളത്.

## തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി

138 (1610) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ സെക്രട്ടറി പി.എസ്സ്.ഷിബു, അസി.എക്സിക്യൂട്ടീവ് എൻജിനീയർ രാജേന്ദ്രൻ എന്നിവർ സർവ്വീസിൽ പ്രവേശിച്ച ശേഷം അവർക്കെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുവരെ എന്തെങ്കിലും വകുപ്പുതല അന്വേഷണം ഇവർക്കെതിരെ നടത്തിയിട്ടുണ്ടോ എന്നും വകുപ്പുതല നടപടികൾക്ക് വിധേയരായിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) പി.എസ്സ് ഷിബുവിന് 29-11-2018-ലെ ഇ 2 18948/18 നമ്പർ കത്ത് പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ; ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇല്ലെങ്കിൽ മറുപടി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. തൃക്കാക്കര നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. പി.എസ്. ഷിബുവിനെതിരെ ശ്രീമതി മഞ്ജു സുധീരൻ സർക്കാരിൽ സമർപ്പിച്ച പരാതി റിപ്പോർട്ടിനായി നഗരകാര്യ ഡയറക്ടർക്ക് അയച്ചിട്ടുണ്ട്.

കൂടാതെ തൃക്കാക്കര നഗരസഭാ ചെയർപെഴ്സൺ ശ്രീമതി എം.റ്റി. ഓമനയും ശ്രീ. പി. എസ്. ഷിബുവിനെതിരെ പരാതി നൽകിയിരുന്നു. രണ്ട് പരാതികളും റിപ്പോർട്ടിനായി നഗരകാര്യ ഡയറക്ടർ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർക്ക് അയച്ചുകൊടുത്തതായി അറിയിച്ചിട്ടുണ്ട്. ശ്രീ. ഷിബു പി.എസ്.-നെതിരെ വകുപ്പുതല നടപടിയോ ശിക്ഷണ നടപടിയോ നിലവില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജേന്ദ്രനെതിരെ സ്വീകരിച്ച വകുപ്പുതല നടപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കീഴ്മാട് ഗ്രാമപഞ്ചായത്തിലെ റോഡ് പണിയിലെ അപാകതയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എ്ക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജേന്ദ്രനെതിരെ വി.സി. 28/16/ ഇ.കെ.എം. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ക്ലാസിക് അപ്പാർട്ട്മെന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പരാതിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജേന്ദ്രനെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ റസിഡൻഷ്യൽ അപ്പാർട്ട്മെന്റിന് ചട്ടങ്ങൾ ലംഘിച്ച് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. രാജേന്ദ്രനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും 2 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിൽ ജോലിയിലിരിക്കെ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട പരാതിയിന്മേൽ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത് എലഗന്റ് ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി ആരംഭിച്ചിരുന്നെങ്കിലും പിന്നീട് അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കി ഉത്തരവായിട്ടുണ്ട്.

(സി) ശ്രീ. ഷിബു പി. എസ്. കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്.

## മഹാ പ്രളയത്തിൽ റാന്നി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഉണ്ടായിട്ടുള്ള നാശനഷ്ടം

139 (1611) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മഹാ പ്രളയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ വസ്തുവകകളുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; എത്ര രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്;

(ബി) റാന്നി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഉണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത നഷ്ടം നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) നഷ്ടമായി കണക്കാക്കിയ തുക പൂർണമായും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ വസ്തുവകകൾ, കെട്ടിടം, വാഹനം, ഉപകരണങ്ങൾ, വിട്ടുകിട്ടിയ സ്ഥാപനങ്ങൾ എന്നിവയ്ക്കായി 3,82,67,700 രൂപയും ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ തകർന്ന ഇനത്തിൽ 5,28,85,000 രൂപയും ഉൾപ്പടെ ആകെ 9,11,52,700 രൂപയുടെ നാശനഷ്ടമുണ്ടായി. 29-5-2018 മുതൽ 31-7-2018 വരെയുള്ള കാലയളവിൽ കോർപ്പറേഷനുകളിൽ 7,85,42,160 രൂപയുടെയും മുനിസിപ്പാലിറ്റികളിൽ 12,64,38,440 രൂപയുടെയും നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്. 1-8-2018 മുതർ 25-8-2018 വരെയുള്ള കാലയളവിൽ കോർപ്പറേഷനുകളിൽ 3,76,15,140 രൂപയുടെയും മുനിസിപ്പാലിറ്റികളിൽ 16,96,45,740 രൂപയുടെയും നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.

(ബി) നാശനഷ്ടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ഗ്രാമപഞ്ചായത്ത് | |
|---|---|
| അയിരൂർ | 9 കോടി 25 ലക്ഷം രൂപ |
| ചെറുകോൽ | 85,83,000 രൂപ |
| കോട്ടാങ്ങൽ | 1 കോടി 25 ലക്ഷം രൂപ |
| നാറാണംമൂഴി | 2 കോടി 32 ലക്ഷം രൂപ |
| റാന്നി | 32 കോടി രൂപ |
| റാന്നി അങ്ങാടി | 5 കോടി 90 ലക്ഷം രൂപ |
| റാന്നി പഴവങ്ങാടി | 55 കോടി രൂപ |

| | |
|---|---|
| റാന്നി പെരുനാട് | 17 കോടി രൂപ |
| വടശ്ശേരിക്കര | 38 കോടി രൂപ |
| വെച്ചൂച്ചിറ | 25 ലക്ഷം രൂപ |

| ബ്ലോക്ക് പഞ്ചായത്തുകൾ | |
|---|---|
| പുളിക്കീഴ് ബ്ലോക്ക് ഓഫീസ് | 11,65,000 രൂപ |
| പന്തളം ബ്ലോക്ക് ഓഫീസ് | 8,50,000 രൂപ |
| റാന്നി ബ്ലോക്ക് ഓഫീസ് | 30,00,000 രൂപ |

(സി) അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

(ഡി) നഷ്ടമായി കണക്കാക്കിയ തുക ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

## കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അനധികൃത കെട്ടിട നിർമ്മാണം

140 (1612) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്വന്തം വാർഡിൽ നിർമ്മിച്ച അദ്ദേഹത്തിന്റെ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി അപരനാമത്തിൽ ബഹു. ഹൈക്കോടതിയിൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിനെതിരെ കേസ്സ് ഫയൽ ചെയ്ത് പദവി ദുരുപയോഗിച്ച് ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടമുണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം നിയമവിരുദ്ധമായാണ് നിർമ്മിച്ചതെന്ന് രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്ന സമയത്ത് കെട്ടിടത്തോട് ചേർന്നുള്ള റോഡുകൾ ഏതെല്ലാം തരത്തിലുള്ളതാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കെട്ടിടത്തോട് ചേർന്നുള്ള സംസ്ഥാന പാതയല്ലാത്ത റോഡ് സ്വകാര്യ വ്യക്തികളിൽ നിന്നും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് പഞ്ചായത്ത് റോഡാക്കി മാറ്റുമ്പോൾ പാലിക്കേണ്ടതായ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, അസസ്സ്മെന്റ് രജിസ്റ്ററിൽ ഈ റോഡ് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടം സംബന്ധിച്ച കേസ്സ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുമ്പോൾ നാല് നില പൂർത്തിയായ വിവരം ബഹു. ഹൈക്കോടതിയിൽ നിന്നും മറച്ചുവച്ച ഗ്രാമപഞ്ചായത്തിന്റെയും സർക്കാരിന്റെയും അഭിഭാഷകർക്കെതിരെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെയും നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത അനധികൃത കെട്ടിടം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ്സ് നിലനിൽക്കുമ്പോൾ ഈ കെട്ടിടം ബഹു. വ്യവസായ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ഉദ്ഘാടനം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

## മുക്കൂട്ടുതറ പഞ്ചായത്ത് രൂപീകരണം

141 (1613) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി പഞ്ചായത്ത് വിഭജിച്ച് മുക്കൂട്ടുതറ പഞ്ചായത്ത് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എരുമേലി ടൗൺഷിപ്പിന് മുൻ ബജറ്റുകളിൽ തുക അനുവദിച്ചെങ്കിലും തുടർ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-ലെ പഞ്ചായത്ത് ഇലക്ഷനോടനുബന്ധിച്ച് എരുമേലി ഗ്രാമ പഞ്ചായത്ത് വിഭജിച്ച് എരുമേലി, മുക്കൂട്ടുതറ എന്നീ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ ഹൈക്കോടതിയുടെ

10-7-2015 തീയതിലെ വിധിന്യായ പ്രകാരം (WP(C) 15524/15 തുടങ്ങിയ കേസ്സുകൾ) പഞ്ചായത്ത് വിഭജന നടപടികൾ നിർത്തിവച്ചിട്ടുള്ളതാണ്. അതിനുശേഷം എരുമേലി ഗ്രാമപഞ്ചായത്ത് വിഭജിച്ച് മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനായി പ്രൊപ്പോസലുകൾ ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) എരുമേലി ടൗൺഷിപ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണന യിലില്ല.

**വനിതാമതിലിൽ പങ്കെടുക്കാത്ത കുടുംബശ്രീ പ്രവർത്തകർ**

142 (1614) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ മതിലിൽ പങ്കെടുക്കുന്നതിനായി കുടുംബശ്രീ പ്രവർത്തകർക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; ആയതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയെന്നും അവർ എന്തു നിർദ്ദേശമാണ് കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയതെന്നും അറിയിക്കാമോ;

(ബി) വനിതാ മതിലിൽ പങ്കെടുക്കാത്ത പ്രവർത്തകരുള്ള കുടുംബശ്രീ യൂണിറ്റിന് ഭാവിയിൽ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുമെന്ന് അറിയിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം അറിയിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി വകുപ്പിന്റെ 7-12-2018-ലെ സ.ഉ.(കൈ) നമ്പർ 31/2018/ സാനീവ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരിപാടിയിൽ കുടുംബശ്രീ അംഗങ്ങളുടെ പങ്കാളിത്തം അഭ്യർത്ഥിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്ക് കുടുംബശ്രീയിൽ നിന്ന് നിർദ്ദേശം നൽകിയിരുന്നു.

(ബി) ഇല്ല; ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രളയത്തിൽ ഗൃഹോപകരണങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് വായ്പാപദ്ധതി

143 (1615) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരന്തത്തിൽ ഗൃഹോപകരണങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് ആശ്വാസമേകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇവർക്ക് സർക്കാർ നല്കുമെന്ന് പ്രഖ്യാപിച്ച പലിശരഹിത വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ചെറുകിട-ഇടത്തരം കച്ചവടക്കാർക്ക് പ്രളയംമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിന്/ ആശ്വാസമേകുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത വായ്പാപദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) നാളിതുവരെയായി ഈ ഇനത്തിൽ എത്ര ആളുകൾക്ക് വായ്പ വിതരണം നടത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) പ്രളയ ദുരന്തത്തിൽ ഗൃഹോപകരണങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കായി കുടുംബശ്രീ വഴി റിസർജന്റ് കേരള ലോൺ സ്കീം എന്ന പലിശരഹിത വായ്പാപദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രളയബാധിതർക്ക് ഗൃഹോപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയും കുടുംബശ്രീ നടപ്പിലാക്കി. നിലവിൽ 15 കമ്പനികളിൽ നിന്നായി മൂന്നൂറിലധികം ഉല്പന്നങ്ങൾ പ്രളയബാധിതരായ കുടുംബശ്രീ അംഗങ്ങൾക്ക് ഡിസ്കൗണ്ട് നിരക്കിൽ ലഭ്യമാക്കിവരുന്നു.

(ബി) റിസർജന്റ് കേരള ലോൺ സ്കീം എന്ന പലിശരഹിത പദ്ധതി വഴി സർക്കാരിന്റെ ഒറ്റത്തവണ ധനസഹായം ലഭ്യമായ പ്രളയബാധിതരായ കുടുംബശ്രീ അംഗങ്ങൾക്ക് ഒരുലക്ഷം രൂപവരെ പലിശരഹിത വായ്പ ലഭ്യമാക്കിവരുന്നു. 2019 ജനുവരി 30 വരെ 930.21 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) കുടുംബശ്രീ വഴിയാണ് റിസർജന്റ് കേരള ലോൺ സ്കീം നടപ്പിലാക്കുന്നത്.

(ഇ) 2019 ജനവരി 30 വരെ 23347 അയൽക്കൂട്ടങ്ങൾ വഴി 139761 പ്രളയ ബാധിതർ 1,106 കോടി രൂപയുടെ വായ്പയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്. ഇതിൽനിന്നും നാളിതുവരെ 15,872 അയൽക്കൂട്ടങ്ങളിലെ 1,18,409 ഗുണഭോക്താക്കൾക്ക് 930.21 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്.

## കുടുംബശ്രീയുടെ വൈവിദ്ധ്യവൽക്കരണവും ഉല്പന്നങ്ങളുടെ വിപണനവും

144 (1616) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ വൈവിദ്ധ്യവൽക്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബശ്രീയുടെ വിപണന ശൃംഖലകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ ഉല്പന്നങ്ങൾ സപ്ലൈകോ, ഹോർട്ടികോർപ്പ് തുടങ്ങിയവയിലൂടെ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം കുടുംബശ്രീ ഉല്പന്നങ്ങളാണ് സപ്ലൈകോ വഴി വിപണനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കീഴിലുള്ള പെട്രോൾ പമ്പുകളിൽ കുടുംബശ്രീ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കുടുംബശ്രീയുടെ വൈവിദ്ധ്യവൽക്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നൂതന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കുടുംബശ്രീ ഉല്പന്നങ്ങൾ സപ്ലൈകോ, ഹോർട്ടികോർപ് തുടങ്ങിയവയിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തേൻ, ബ്രഹ്മി ഉല്പന്നങ്ങൾ, അച്ചാറുകൾ, കറിപ്പൊടികൾ, സ്ക്വാഷ്, സ്നാക്സ് (ചിപ്സ്, ഉപ്പേരി തുടങ്ങിയവ) വിവിധതരത്തിലുള്ള ചമ്മന്തിപ്പൊടികൾ, ബാഗുകൾ കരകൗശല വസ്തുക്കൾ, മസാലപ്പൊടികൾ, ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ, ഹെർബൽ ഷാംബൂ, സോപ്പ്, ഫെയ്സ്പാക്ക്, അടുക്കള ഉപകരണങ്ങൾ, ടോയ്ലെറ്റ് ക്ലീനിംഗ് മെറ്റീരിയൽസ്, നാപ്കിനുകൾ, ആഭരണങ്ങൾ, ചോക്ലേറ്റുകൾ എന്നിവയാണ് സപ്ലൈകോ മുഖേന വിപണനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

(ഡി) ഐ.ഒ.സി.-യുടെ കീഴിലുള്ള തെരഞ്ഞെടുത്ത പെട്രോൾ പമ്പുകളിൽ കുടുംബശ്രീക്ക് മാർക്കറ്റിംഗ് കിയോസ്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ, തൃശ്ശൂർ ജില്ലയിലെ പൊങ്ങം എന്നിവിടങ്ങളിലാണ് കിയോസ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

## ക്ഷേമ പെൻഷനുകൾക്ക് പ്രായപരിധി

145 (1617) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വികലാംഗ പെൻഷൻ, വിധവ പെൻഷൻ എന്നിവ നൽകുന്നതിന് പ്രായപരിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

സംസ്ഥാനത്ത് വികാലംഗ പെൻഷൻ, വിധവാ പെൻഷൻ എന്നിവ നൽകുന്നതിന് സംസ്ഥാന സർക്കാർ പ്രായപരിധി ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് താഴെപ്പറയും പ്രകാരമുള്ള പ്രായപരിധി ഏർപ്പെടുത്തിയിട്ടുണ്ട്.

- വിധവാ പെൻഷൻ - 40 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് കേന്ദ്ര വിഹിതം 300 രൂപ.
- 80 വയസ് കഴിഞ്ഞവർക്ക് കേന്ദ്ര വിഹിതം പ്രതിമാസം 500 രൂപ.
- വികലാംഗ പെൻഷൻ- 18 വയസ് കഴിഞ്ഞ 80 ശതമാനത്തിലേറെ വൈകല്യമുള്ള വ്യക്തികൾക്കാണ് അർഹതയുള്ളത്.
- ഇവരിൽ 80 വയസ്സിന് താഴെയുള്ളവർക്ക് കേന്ദ്ര വിഹിതം പ്രതിമാസം 300 രൂപ.
- 80 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് കേന്ദ്ര വിഹിതം പ്രതിമാസം 500 രൂപ.

## വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം

146 (T*1618) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര പേർക്ക് ക്ഷേമപെൻഷൻ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1025992 പേർക്ക് പുതിയതായി ക്ഷേമ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | - | 2255190 |
| 2. | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | - | 388821 |
| 3. | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - | 1299239 |
| 4. | കർഷക തൊഴിലാളി പെൻഷൻ | - | 476913 |
| 5. | 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | - | 81474 |
| | ആകെ | - | 4501637 |

## സാമൂഹിക ക്ഷേമപെൻഷന് അർഹതയുള്ളവർ

147(T*1619) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സാമൂഹിക ക്ഷേമപെൻഷന് അർഹതയുള്ളവർ എത്ര പേരാണ്; അറിയിക്കാമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി സാമൂഹിക ക്ഷേമപെൻഷൻ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) അർഹതയില്ലാത്തവർ സാമൂഹികക്ഷേമ പെൻഷൻ വാങ്ങുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നിലവിലെ സർക്കാർ വന്നതിനുശേഷം എത്ര പേരെ പ്രസ്തുത ലിസ്ററിൽ നിന്നും ഒഴിവാക്കി; ഇപ്രകാരം ഒഴിവാക്കിയവരിൽ എത്രപേർക്ക് പുനഃപരിശോധനയുടെ അടിസ്ഥാനത്തിൽ വീണ്ടും പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ ക്ഷേമപെൻഷന് അർഹതയുള്ളവർ 4501637 പേരാണ്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 1025992 പേർക്ക് പുതിയതായി ക്ഷേമ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(സി) വാഹന രജിസ്ട്രേഷൻ വിവരങ്ങളുടെയും മരണ രജിസ്ട്രേഷൻ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അനർഹരായി കണ്ടെത്തിയ 66637 പേരുടെ പെൻഷൻ താൽക്കാലികമായി തടഞ്ഞിരുന്നു. പ്രസ്തുത വിവരങ്ങളിൽ തെറ്റുകൾ സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയതിൽ ആയത് പരിശോധിച്ച് പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് എല്ലാ പ്രാദേശിക സർക്കാരുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം 51195 പേരുടെ പെൻഷൻ പുനഃസ്ഥാപിച്ചിട്ടുണ്ട്.

**പീരുമേട് നിയോജകമണ്ഡലത്തിൽ**
**സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവർ**

148 (T*1620) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പീരുമേട് നിയോജകമണ്ഡലത്തിൽ വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ഉത്തരം

(എ) ഉണ്ട്. 6-11-2017-ലെ സ.ഉ.(എംഎസ്.)നമ്പർ483/2017/ധന. പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. അപേക്ഷകൻ സർവ്വീസ് പെൻഷണർ ആയിരിക്കരുത്.
2. ആദായ നികുതിദായകൻ ആയിരിക്കരുത്.
3. 2 ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായോ കുടുംബത്തിനോ ഉണ്ടായിരിക്കരുത് (പട്ടികവർഗ്ഗക്കാർക്ക് ബാധകമല്ല).
4. കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

പുതിയ അപേക്ഷകർക്ക് 6-7-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 241/2018/ ധന. പ്രകാരം നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പുറമെ താഴെപ്പറയുന്ന നിബന്ധനകൾ കൂടി ബാധകമാണ്.

(i) 1200 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവർ അർഹരല്ല.

(ii) 1000 സി.സി.യിൽ കൂടുതൽ എൻജിൻ ശേഷിയുള്ള ടാക്സിയല്ലാത്ത വാഹനങ്ങൾ സ്വന്തമായുള്ളവർ അർഹരല്ല.

(iii) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുകയും ചെയ്യുന്നവർ അർഹരല്ല.

iv. പുതിയ അപേക്ഷകർക്ക് ഒരു പെൻഷന് മാത്രമേ (ക്ഷേമനിധി ബോർഡ്/സാമൂഹ്യ സുരക്ഷാ പെൻഷൻ) അർഹത ഉണ്ടാകുകയുള്ളൂ. എന്നാൽ വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി മറ്റൊരു പെൻഷൻ കൂടി 600 രൂപ നിരക്കിൽ ലഭിക്കുന്നതാണ്.

(ബി) പീരുമേട് നിയോജകമണ്ഡലത്തിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം ഇനംതിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | കർഷക തൊഴിലാളി പെൻഷൻ | - 953 |
| 2. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | - 18855 |
| 3. | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | - 2173 |
| 4. | 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | - 148 |
| 5. | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - 8194 |
| | ആകെ | 30323 |

## സാമൂഹ്യ സുരക്ഷാ പെൻഷൻ

149 (T*1621) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിനായി വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിൽ അപേക്ഷകന്റെ ആകെ വാർഷിക വരുമാനം രേഖപ്പെടുത്തുന്നതിന് പകരം അപേക്ഷകന്റെ കുടുംബത്തിന്റെ ആകെ വാർഷിക വരുമാനം രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങളിൽ മൊത്തം വരുമാനം കണക്കാക്കി വാർഷിക വരുമാനം നിശ്ചയിക്കുന്നത് നിമിത്തം ദരിദ്രകുടുംബങ്ങളിലുള്ള വൃദ്ധർക്ക് വാർദ്ധക്യകാല പെൻഷന് അർഹതയില്ലാതാകുന്നതായ സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് സാമൂഹ്യക്ഷേമ പെൻഷന് അപേക്ഷകന്റെ മാത്രം വരുമാനം കണക്കാക്കി വരുമാന സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിൻപ്രകാരം അപേക്ഷകന്റെ ആകെ കുടുംബ വാർഷിക വരുമാനമാണ് വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിഗണനയിലില്ല.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## സാമൂഹ്യസുരക്ഷാ പെൻഷന് നൽകിയ തുക

150 (T*1622) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നുണ്ടെന്നും ഈ ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആകെ എത്ര തുകയാണ് സാമൂഹ്യസുരക്ഷാ പെൻഷനായി നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4502059 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നുണ്ട്. ഈ ഇനത്തിൽ 14359.93 കോടി രൂപ നാളിതുവരെ പെൻഷൻ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷനായി ആകെ 9311.22 കോടി രൂപയാണ് വിതരണം ചെയ്തിട്ടുള്ളത്.

| | | | |
|---|---|---|---|
| 1. | കർഷക തൊഴിലാളി പെൻഷൻ | - | 1700.45 കോടി രൂപ |
| 2. | വാർദ്ധക്യകാല പെൻഷൻ | - | 2370.75 കോടി രൂപ |
| 3. | വികലാംഗ പെൻഷൻ | - | 1275.51 കോടി രൂപ |
| 4. | 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | - | 253.25 കോടി രൂപ |
| 5. | വിധവാ പെൻഷൻ | - | 3711.26 കോടി രൂപ |

## വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിലെ കാലതാമസം

151 (1623) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയിൽ വാർദ്ധക്യകാല പെൻഷന് അപേക്ഷിച്ച എത്ര പേർക്ക് പെൻഷൻ ലഭിക്കേണ്ടതായിട്ടുണ്ട്; നഗരസഭ ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിക്കപ്പെടുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് പെൻഷൻ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 6500 പേർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. ഡിവിഷൻ തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ബി) 6-7-2018-ലെ സ.ഉ.(എംഎസ്) നമ്പർ 241/2018/ധന. നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ മാനദണ്ഡങ്ങൾ പരിഷ്കരിച്ചുകൊണ്ടും പുതിയ അപേക്ഷകൾക്ക് ഡാറ്റാ എൻട്രി അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ പുതുക്കിയ മാനദണ്ഡങ്ങൾകൂടി ഉൾപ്പെടുത്തി പ്രസ്തുത അപേക്ഷകളിന്മേൽ പുനരന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി പെൻഷന് അർഹതയുള്ളവരുടെ ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സ്വാഭാവികമായ കാലതാമസമാണ് ഇക്കാര്യത്തിൽ നേരിടുന്നത്.

(സി) പെൻഷൻ അർഹത സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം വാർഡ്സഭ, ക്ഷേമകാര്യ കമ്മിറ്റി, നഗരസഭ കൗൺസിൽ എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമായ അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്തു വരുന്നു. ഡാറ്റാ എൻട്രി പൂർത്തീകരിച്ച് പെൻഷൻ ഐ.ഡി. നമ്പർ ലഭിച്ചതിനു ശേഷം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖാന്തരം പെൻഷൻ അയയ്ക്കുന്ന മുറയ്ക്ക് അപേക്ഷകർക്ക് പെൻഷൻ ലഭിക്കുന്നതാണ്.

**തെരുവ് നായ ആക്രമണത്തിന് നഷ്ടപരിഹാരം**

152 (1624) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി ശിപാർശ ചെയ്ത നഷ്ടപരിഹാരത്തുക സമയബന്ധിതമായി നൽകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് സിരിജഗൻ കമ്മിറ്റി എത്ര ശിപാർശകൾ നൽകിയെന്നും അതിൽ എത്ര പേർക്ക് ഇതിനകം നഷ്ടപരിഹാരം നൽകിയെന്നും വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരം നൽകിയവർക്ക് ഒൻപത് ശതമാനം പലിശസഹിതമാണോ നഷ്ടപരിഹാര തുക നൽകിയിട്ടുള്ളത്; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ഡി) തെരുവ് നായ്ക്കളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം കൊടുത്തില്ലായെങ്കിൽ ഉത്തരവാദിത്തപ്പെട്ടവർ ശിക്ഷ നേരിടേണ്ടിവരുമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് (റിട്ട.)സിരിജഗൻ കമ്മിറ്റി, തെരുവുനായ ആക്രമത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം ശിപാർശ ചെയ്തുകൊണ്ട് സമർപ്പിച്ച 1 മുതൽ 17 വരെയുള്ള റിപ്പോർട്ടുകളിൽ ശിപാർശ ചെയ്തിരുന്ന 349 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) അതെ.

(ഡി) നഷ്ടപരിഹാരത്തുക സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**തെരുവ് നായ്ക്കളുടെ നിയന്ത്രണം**

153 (T*1625) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളെ നിയന്ത്രിക്കുവാൻ ദീർഘകാല അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിലെ പദ്ധതികൾ തെരുവ് നായ പ്രശ്നം പരിഹരിക്കുവാൻ പര്യാപ്തമാണോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് ജില്ലാ പഞ്ചായത്തുകൾ, മൃഗസംരക്ഷണ വകുപ്പ്, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ നേതൃത്വത്തിൽ കുടുംബശ്രീ, മറ്റ് സ്വകാര്യ മൃഗസംരക്ഷണ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവുനായപ്രശ്നം പരിഹരിക്കുവാൻ ഒരു പരിധിവരെ ഈ പദ്ധതിയിലൂടെ സാധിക്കുമെന്നാണ് കരുതുന്നത്.

## തലസ്ഥാനത്ത് തെരുവ് നായ്ക്കളുടെ വന്ധ്യംകരണം

154 (1626) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ആക്രമണം വർദ്ധിക്കുമ്പോഴും നഗരസഭയുടെ എ.ബി.സി. പ്രോഗ്രാം മെല്ലെപ്പോക്കിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തലസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് നിലവിൽ എ.ബി.സി. പ്രോഗ്രാം അനുസരിച്ചുള്ള വന്ധ്യംകരണം നടക്കുന്നത്;

(സി) തലസ്ഥാനത്ത് എത്ര തെരുവ് നായ്ക്കൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്; അവയിൽ എത്രയെണ്ണത്തെ 2018 വരെ വന്ധ്യംകരിക്കുവാൻ സാധിച്ചിട്ടുണ്ട്;

(ഡി) നഗരസഭ ഇതിനായി ആവിഷ്കരിച്ച പദ്ധതി ലക്ഷ്യം കാണാതെ പരാജയപ്പെട്ട സാഹചര്യത്തിൽ ഇക്കാര്യത്തിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 2017 ഡിസംബർ മുതൽ പേട്ടയിൽ പ്രവർത്തിച്ചിരുന്ന ഓപ്പറേഷൻ തീയറ്ററിന്റെ പ്രവർത്തനം നിലച്ചതുമൂലം ശസ്ത്രക്രിയ നടപടികൾ പേട്ടയിൽനിന്നും തിരുവല്ലത്തേയ്ക്ക് മാറ്റേണ്ടി വന്നതിനാൽ ചെറിയ കാലയളവിൽ എ.ബി.സി. പ്രോഗ്രാമിന്റെ നടത്തിപ്പിൽ ഭാഗികമായി തടസ്സമുണ്ടായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 600-ഓളം നായ്ക്കളെ വന്ധ്യംകരണം ചെയ്തിട്ടുണ്ട്.

(ബി) പേട്ട, തിരുവല്ലം ആശുപത്രികളിലാണ് നിലവിൽ എ.ബി.സി. പ്രോഗ്രാം അനുസരിച്ചുള്ള വന്ധ്യംകരണം നടക്കുന്നത്.

(സി) 2016-17 സർവ്വെ പ്രകാരം തലസ്ഥാനത്ത് 9500 നായ്ക്കളിൽ ഉദ്ദേശം 4500 നായ്ക്കളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

(ഡി) പേട്ട മൃഗാശുപത്രിയോട് ചേർന്ന സർജറി തീയറ്റർ പൊളിച്ചുമാറ്റിയത് കാരണം വന്ധ്യംകരണ പ്രക്രിയ ഭാഗികമായി തടസ്സപ്പെട്ടിരുന്നു. പിന്നീട് സർജറി യൂണിറ്റ് തിരുവല്ലം മൃഗാശുപത്രിയിലേയ്ക്ക് മാറ്റുകയും അവിടെ വിജയകരമായി

പ്രവർത്തിച്ച് വരികയുമാണ്. അതോടൊപ്പം പേട്ടയിൽ പുതിയ ഓപ്പറേഷൻ തീയറ്ററിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി തിരുവല്ലത്തെ പോലെ തന്നെ അവിടെയും നല്ല രീതിയിൽ സർജറി ചെയ്യുതുടങ്ങാൻ സാധിക്കും. മറ്റ് മൃഗാശുപത്രികളിലും സർജറി ചെയ്യുവാനുള്ള ക്രമീകരണങ്ങൾ നടത്തിവരികയാണ്.

## ബ്രഹ്മപുരം അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റ്

155 (1627) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണത്തിനുള്ള കരാർ ഒപ്പിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും നിർമാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്ലാന്റ് നിർമ്മിക്കുന്നതിന് സാങ്കേതിക തടസം നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്ലാന്റ് നിർമ്മാണത്തിന് പരിസ്ഥിതി അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി ബ്രഹ്മപുരം അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണ കമ്പനിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ബ്രഹ്മപുരത്ത് അത്യാധുനിക ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിന് വേണ്ട എൻവയോൺമെന്റൽ ക്ലിയറൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഒഴികെ, മറ്റെല്ലാ അനുമതികളും ലഭ്യമായിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നും നിലവിലില്ല.

(ബി) പാരിസ്ഥിതികാനുമതി ലഭിച്ചിട്ടില്ല.

(സി) കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി നിർമ്മാണ കമ്പനിക്ക് (M/s ജി.ജെ.ഇക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ്) കൊച്ചി കോർപ്പറേഷൻ 20 ഏക്കർ ഭൂമി കൈമാറി നൽകിയിട്ടുണ്ട്. ഈ ഭൂയിൽ നിന്നും ജലസംരക്ഷണവുമായി ബന്ധപ്പെട്ട് മാറ്റിവയ്ക്കേണ്ട 1.3 ഏക്കർ ഭൂമിക്കും വെള്ളത്തിന്റെ സ്വഭാവിക ഒഴുക്കിന് തടസ്സം വരാതിരിക്കുന്നതിനായി മാറ്റിവയ്ക്കേണ്ട 2.36 ഏക്കർ ഭൂമിക്കും പകരമായി 3.44 ഏക്കർ ഭൂമി കൂടി പ്രസ്തുത കമ്പനിക്ക് കൈമാറുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## റീസൈക്കിൾ സൗകര്യമില്ലാത്ത മാലിന്യങ്ങൾ

156 (1628) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്ലാസ്റ്റിക്കും കുപ്പിയും ഗ്ലാസ് കഷണങ്ങളും റീസൈക്കിൾ ചെയ്യുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; കുപ്പിയും ഗ്ലാസ് കഷണങ്ങളും റീസൈക്ലിംഗ് സൗകര്യം ഇല്ലാത്തതുമൂലം ശേഖരിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റോഡരികിലും ഒഴിഞ്ഞ സ്ഥലങ്ങളിലും ഉപേക്ഷിക്കുന്ന കുപ്പിയും ഗ്ലാസ് കഷണങ്ങളും വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നതിനാൽ ആയത് ശേഖരിക്കുവാനും റീസൈക്കിൾ ചെയ്യുവാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിലേയ്ക്കായി മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഉറവിട മാലിന്യ സംസ്കരണ പദ്ധതി സംസ്ഥാനത്തെ നഗരസഭകളിലുടനീളം നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും ശുചിത്വ മിഷനിൽനിന്നും വിതരണം ചെയ്തുവരുന്നു. നഗര പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ തിരുവനന്തപുര, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കൊച്ചി കോർപ്പറേഷന്റെ നേതൃത്വത്തിൽ ബ്രഹ്മപുരത്തും സുൽത്താൻബത്തേരി നഗരസഭയിലും ആധുനിക ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുവാൻ രൂപീകരിച്ചിട്ടുള്ള സംഘടനാ സംവിധാനമാണ് ഹരിത കർമ്മസേന. ഹരിത കർമ്മസേനയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള അജൈവ

മാലിന്യ ശേഖരണം. ഇതുപ്രകാരം വീടുകളിൽ നിന്നും കടലാസും പ്ലാസ്റ്റിക് മാലിന്യവും മാസത്തിലൊരിക്കലും പൊട്ടുന്ന ഗ്ലാസ്സുകൾ മൂന്ന് മാസത്തിലൊരിക്കലും ഹരിത കർമ്മസേന ശേഖരിക്കുന്നതാണ്. ഇപ്രകാരം ശേഖരിക്കപ്പെടുന്ന ഗ്ലാസ് (ചില്ല്) മാലിന്യവും ബിയർ കുപ്പികൾ ഉൾപ്പെടെയുള്ള ഗ്ലാസ് നിർമ്മിത കുപ്പികളും മറ്റും ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും ബിയർ കമ്പനിക്കും സംസ്കരണ ശാലകൾക്കും കൈമാറുന്നതിനും ക്ലീൻ കേരള കമ്പനി ഏജൻസിയുമായി കരാർ വച്ചിട്ടുണ്ട്. ഇതുപ്രകാരം പ്രസ്തുത മാലിന്യങ്ങളുടെ ശേഖരണം ആരംഭിച്ചിട്ടുണ്ട്.

(സി) ഗ്ലാസ് മാലിന്യം റീസൈക്കിൾ ചെയ്യുന്നതിനുള്ള സൗകര്യം സംസ്ഥാനത്ത് ലഭ്യമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്ന ഗ്ലാസ് മാലിന്യം, ബിയർ കുപ്പികൾ എന്നിവ പുനഃചംക്രമണത്തിനും പുനരുപയോഗത്തിനുമായി ഏജൻസികൾക്ക് കൈമാറുകയാണ് ചെയ്തുവരുന്നത്.

## പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനരുപയോഗം

157 (1629) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാസ്റ്റിക് മാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിച്ച് ഷ്രെഡിംഗ് യൂണിറ്റിലെത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) കൊല്ലം ജില്ലയിൽ എവിടെയെല്ലാമാണ് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ഡി) പ്ലാസ്റ്റിക് മാലിന്യങ്ങൾ ഏതെല്ലാം തരത്തിലുള്ള പുനരുപയോഗങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നുവെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ & ബി) യൂസർഫീയുടെ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ഹരിത കർമ്മസേന പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ വീടുകളിൽനിന്നും ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയിൽ (MCF) എത്തിക്കുകയും അവിടെനിന്നും ഒരു പ്രാരംഭ തരംതിരിക്കൽ നടത്തി ബ്ലോക്ക്/നഗരസഭാ തലത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ (RRF) എത്തിച്ച് വീണ്ടും തരംതിരിക്കുന്നു.

ഇപ്രകാരം തരംതിരിക്കുന്നവയിൽനിന്നും നിലവാരം കുറഞ്ഞതും പുനഃചംക്രമണ യോഗ്യമല്ലാത്തതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമരാമത്ത് വകുപ്പിന്റെയും റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നു. പുനഃചംക്രമണ സാദ്ധ്യതയുള്ള പ്ലാസ്റ്റിക്കുകൾ റീസൈക്ലിംഗ് കേന്ദ്രങ്ങൾക്ക് കൈമാറുന്നു. സംസ്ഥാനത്ത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 60 ആർ.ആർ.എഫ്.-കൾ പ്രവർത്തിക്കുന്നു.

(സി) കൊല്ലം ജില്ലയിൽ പനയം, പെരിനാട്, കടയ്ക്കൽ, ചവറ, അഞ്ചൽ, നീണ്ടകര, കല്ലുവാതുക്കൽ, കരീപ്ര, നെടുവത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലും കൊട്ടാരക്കര, അഞ്ചൽ ബ്ലോക്ക് പഞ്ചായത്തുകളിലും പുനലൂർ, കരുനാഗപ്പള്ളി, കൊട്ടാരക്കര, പരവൂർ മുനിസിപ്പാലിറ്റികളിലും കൊല്ലം കോർപ്പറേഷനിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നീണ്ടകര ഹാർബറിൽ ശുചിത്വ മിഷന്റെ സഹായത്തോടുകൂടി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

(ഡി) 1. റോഡ് നിർമ്മാണ പ്രവൃത്തികളിൽ

2. പ്ലാസ്റ്റിക് ഉല്പനങ്ങളുടെ വ്യവസായ കേന്ദ്രങ്ങളിൽ

3. പ്ലാസ്റ്റിക് പുനഃചംക്രമണ വ്യവസായങ്ങൾക്ക്.

## തിരുവനന്തപുരം നഗരസഭയുടെ മാലിന്യ നിർമ്മാർജ്ജന സംവിധാനം

158 (1630) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യം ഉല്പാദിപ്പിക്കുന്നവർ തന്നെ മാലിന്യസംസ്കരണത്തിന് സംവിധാനം ഉണ്ടാക്കണമെന്ന നയത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) നഗരസഭ മാലിന്യ പരിപാലന സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) നഗരസഭയുടെ മാലിന്യ നിർമാർജ്ജന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് ഈ സർവ്വേ എപ്രകാരം സഹായകമാണെന്ന് വിശദീകരിക്കുമോ;

(ഡി) മാലിന്യ പരിപാലന സർവ്വേയിൽ നഗരത്തിലെ ഫ്ളാറ്റുകളും കല്യാണ മണ്ഡപങ്ങളും വാണിജ്യ കേന്ദ്രങ്ങളും ഉൾപ്പെട്ടിരുന്നോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉറവിട മാലിന്യ പരിപാലനത്തിനായി നഗരസഭാ പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ ബയോ-കമ്പോസ്റ്റർ കിച്ചൻബിന്നുകൾ സ്ഥാപിച്ചുനൽകുന്നു. പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി അനുവദിക്കുന്നു. അതിന്റെ പരിപാലനത്തിനായി അംഗീകൃത സേവന ദാതാക്കളെ ചുമതലപ്പെടുത്തി യിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങൾ സ്വന്തം നിലയിൽ ഉറവിട മാലിന്യ പരിപാലന സംവിധാനം ഒരുക്കണമെന്നത് ലൈസൻസ് വ്യവസ്ഥ ആക്കിയിട്ടുണ്ട്.

(ബി) നഗരത്തിലെ രണ്ട് വാർഡുകളിൽ മൊബൈൽ ആപ്പിന്റെ സഹായത്തോടെ സർവ്വെ ആരംഭിച്ചിട്ടുണ്ട്. സർവ്വെ പൂർത്തിയായിട്ടില്ല.

(സി) സർവ്വേ പൂർത്തിയായിട്ടില്ല.

(ഡി) ഉൾപ്പെട്ടിട്ടുണ്ട്.

## മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ

159 (1631) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി വിഹിതത്തിൽ എത്ര ശതമാനമാണ് മാലിന്യ സംസ്കരണ ത്തിനായി ഈ സർക്കാർ കാലയളവിൽ അനുവദിച്ചിട്ടുള്ളത്;

(ബി) എത്ര പഞ്ചായത്തുകൾ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ/ മാർഗ്ഗങ്ങൾ അവലംബിക്കുന്നുവെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിന്റെ 10 ശതമാനം തുക മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മൂന്നാർ, ദേവികുളം ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ടി ഗ്രാമ പഞ്ചായത്തുകളും കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡും എ.ജി. ഡോട്ടേഴ്സ് വേസ്റ്റ് പ്രോസസ്സിംഗ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ട് കേന്ദ്രീകൃ വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷൻ/നഗരസഭകളെയും

സമീപത്തുള്ള ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ Design, Build, Finance, Operate & Transfer (DBFOT) വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായ ശുചിത്വ മിഷന്റെ സഹകരണത്തോടെയും ഹരിതകേരളം മിഷന്റെ ഭാഗമായും എല്ലാ ഗ്രാമപഞ്ചായത്തുകളും താഴെപ്പറയുന്ന ശാസ്ത്രീയ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട് :

- ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി  ബയോഗ്യാസ് പ്ലാന്റുകൾ, കിച്ചൻ ബിന്നുകൾ, വിവിധതരം കമ്പോസ്റ്റ് രീതികൾ എന്നിവ സ്ഥാപിക്കൽ.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കൽ.
- ഇ-മാലിന്യം ഉൾപ്പെടെയുള്ള അജൈവ മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ.

2018-19 സാമ്പത്തിക വർഷത്തിൽ 112 ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി സമർപ്പിച്ച പ്രോജക്റ്റിൽ 58 ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വമിഷൻ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.

## ഗ്രീൻ പ്രോട്ടോകോൾ

160 (1632) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ പ്രോട്ടോകോൾ എന്നാൽ എന്താണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) സെക്രട്ടേറിയറ്റിനുള്ളിലെ വിവിധ ഭാഗങ്ങളിലായി ആരംഭിച്ചിരിക്കുന്ന ചായ/കാപ്പി സ്റ്റാളുകളിൽ ഡിസ്പോസിബിൾ ഗ്ലാസ് തുടങ്ങിയവ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മാലിന്യ ഉല്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിനുവേണ്ടി ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ, ഗ്ലാസ്സുകൾ എന്നിവ ഉപയോഗിക്കുന്നതിന് പ്രചാരം കൊടുക്കുകയും ശേഷം ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽത്തന്നെ കമ്പോസ്റ്റിംഗിലൂടെ വളമാക്കി മാറ്റുകയും ചെയ്യുക, പരിസ്ഥിതി സൗഹൃദപരമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വം. മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് കുറയ്ക്കുന്നതിനും അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതും കത്തിക്കുന്നതുംമൂലമുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ സാധിക്കും. വലിയതോതിൽ ജനപങ്കാളിത്ത മുണ്ടാകുന്ന ഉത്സവങ്ങളിലും ആഘോഷങ്ങളിലും മേളകളിലും വിവാഹങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് വൻ തോതിലുള്ള മാലിന്യ ഉല്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ചായ/കാപ്പി സ്റ്റാളുകളിൽ ഡിസ്പോസിബിൾ ഗ്ലാസ് തുടങ്ങിയവ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാലിന്യ സംസ്കരണത്തിനായുള്ള പദ്ധതികൾ

161 (1633) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വ മിഷൻ മുഖേന മാലിന്യ സംസ്കരണത്തിനായി നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക അനുവദിക്കുന്നുണ്ടെന്നും ശുചിത്വമിഷൻ എത്ര തുക ചെലവഴിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശുചിത്വമിഷൻ മുഖേന മാലിന്യ സംസ്കരണത്തിനായി നിലവിലുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.

<u>പ്ലാൻ പദ്ധതികൾ</u>

(i) ശുചിത്വ കേരളം (റൂറൽ)

(ii) ശുചിത്വ കേരളം (അർബൻ)

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

(i) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമം)

(ii) സ്വച്ഛ് ഭാരത് മിഷൻ (നഗരം)

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി 31-12-2018 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതും ശുചിത്വമിഷന്റെ ഈ സാമ്പത്തിക വർഷത്തിൽ മാലിന്യ സംസ്കരണത്തിനായി ചെലവഴിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുക ചുവടെ ചേർക്കുന്നു :

തുക ലക്ഷത്തിൽ

| പദ്ധതികൾ | അനുവദിച്ച തുക | പ്രതീക്ഷിത ചെലവ് തുക |
|---|---|---|
| ശുചിത്വ കേരളം (റൂറൽ) | 1753.58 | 796.42 |
| ശുചിത്വ കേരളം (അർബൻ) | 461.71 | 1138.29 |
| സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമം) | 8446 | 2078 |
| സ്വച്ഛ് ഭാരത് മിഷൻ (നഗരം) | 4069.31 | 2750 |

## കരിപ്പുഴ കനാൽ

162 (1634) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പട്ടണത്തിലെ കരിപ്പുഴ കനാൽ മാലിന്യങ്ങൾ നിറഞ്ഞ് ആരോഗ്യ ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാലിന്യങ്ങൾനീക്കി കനാലിലെ നീരൊഴുക്ക് സുഗമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായംകുളം നഗരസഭയുടെ സമീപ പഞ്ചായത്തിൽ കൂടി ഒഴുകിയാണ് കരിപ്പുഴ തോട് നഗരസഭാ പരിധിയിൽ എത്തിച്ചേരുന്നത്. കൂടുതൽ മാലിന്യം കരിപ്പുഴ തോട്ടിലേയ്ക്ക് നിക്ഷേപിച്ച് നീരൊഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നഗരസഭാപരിധിയിൽ തോടിന് സമീപം താമസിക്കുന്നവർ പ്രസ്തുത തോട്ടിലേയ്ക്ക് മാലിന്യം നിക്ഷേപിക്കാതിരിക്കാൻ പിച്ചിംഗ് കെട്ടിയിട്ടുണ്ട്.
2. നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.
3. രാത്രികാലങ്ങളിൽ ദൂരസ്ഥലത്ത് നിന്നും മാലിന്യം കൊണ്ടിടുന്നത് തടയുന്നതിനായി നഗരസഭയുടെ രാത്രികാല സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു.

## പ്ലാസ്റ്റിക് ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

163 (1635) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉല്പന്നങ്ങൾമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) പ്ലാസ്റ്റിക് പൊതുനിരത്തിൽ കത്തിക്കുന്നത് തടഞ്ഞിട്ടുണ്ടെങ്കിലും അവ നിർബാധം കത്തിക്കുന്നതുമൂലം ഉണ്ടായിട്ടുള്ള മലിനീകരണം അർബുദത്തിന് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) അടിയന്തരമായി നിരോധിക്കേണ്ട പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ പട്ടിക തയ്യാറാക്കുവാൻ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തൊക്കെ കാര്യങ്ങൾ പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് സമിതിയോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലാസ്റ്റിക് കത്തിക്കുന്നതുമൂലമുണ്ടാകുന്ന പുക ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ട പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനായി 12-12-2018-ലെ G.O.(Rt) No.134/2018/Envt പ്രകാരം ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, എൻവയോൺമെന്റൽ എഞ്ചിനീയർ, ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റ് & ക്ലൈമറ്റ് ചെയ്ഞ്ച്, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സ്, CIPET പ്രതിനിധി, Kerala Plastic Manufacturers Association (KPMA) പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) കമ്മിറ്റിയുടെ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു :

1. പ്ലാസ്റ്റിക്കിൽ പൊതിഞ്ഞതോ, പ്ലാസ്റ്റിക് പൂശിയതോ ഉൾപ്പെടെ പൊതുജനങ്ങൾ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങൾ (വ്യവസായിക ആവശ്യങ്ങൾ ഒഴികെ പൊതുജനങ്ങൾ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ) അവയുടെ കനം പരിഗണിക്കാതെ തന്നെ നിരോധന പരിധിയിൽ കൊണ്ടുവരുന്നതിനായി പ്ലാസ്റ്റിക്കിന്റെ അംശം പൂശിയതോ അല്ലാത്തതോ, പ്ലാസ്റ്റിക്കിന്റെ ശതമാനം അതിന്റെ ദോഷകരണമായ ഫലങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പട്ടികയിൽ ചേർക്കേണ്ടതാണ്.

2. ദീർഘകാല പ്ലാസ്റ്റിക് നിയന്ത്രണം നിയമപരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കേണ്ടതാണ്.

3. പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക്കിന് പകരം ഉപയോഗിക്കാവുന്ന ഉല്പന്നങ്ങൾ നിർദ്ദേശിക്കേണ്ടതാണ്.

4. വിദഗ്ദ്ധ സമിതി, 15-2-2019-ന് മുമ്പായി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## ഫ്ലക്സ് ബോർഡുകൾ തിരികെ നൽകി തുക ഈടാക്കണമെന്ന ഉത്തരവ്

164 (1636) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരത്തുകളിൽ ഫ്ലക്സ് ബോർഡുകൾ വയ്ക്കുന്നവർക്ക് അത് തിരികെ നല്കി തുക ഈടാക്കണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി)വനിതാ മതിലിന്റെ ബോധവൽക്കരണത്തിനായി സംസ്ഥാനത്തുടനീളം ആയിരക്കണക്കിന് ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫ്ളക്സ് ബോർഡുകൾ സർക്കാർ പുറത്തിറക്കിയ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിരുന്നോ; എങ്കിൽ ഇക്കാര്യം സംബന്ധിച്ച് കോടതി എന്തെങ്കിലും വിമർശനം ഉന്നയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അനധികൃതമായും അപകടകരമായും സ്ഥാപിച്ചിരുന്ന ഫ്ലക്സ് ബോർഡുകൾ ഉൾപ്പെടെയുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനും ഇത്തരത്തിൽ അനധികൃതമായി ബോർഡുകൾ സ്ഥാപിച്ചവർക്കെതിരെ പിഴ ചുമത്തുന്നതിനും ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച സർക്കുലറും ഉത്തരവുകളും പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതിശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഇതുസംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ പുറത്തിറക്കിയ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി രാഷ്ട്രീയ പാർട്ടികളും മറ്റും അനധികൃതമായി ബോർഡുകൾ/ബാനറുകൾ/കൊടികൾ തുടങ്ങിയവ സ്ഥാപിക്കുന്നതായി കോടതി പരാമർശിച്ചിട്ടുണ്ട്.

## ഫ്ലക്സ് നിരോധനം

165 (1637) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗിക്കാൻ കഴിയാത്ത പോളിവിനൈൽ ക്ലോറൈഡ് (പി.വി.സി.) ഫ്ലെക്സ് നിരോധനം തത്വത്തിൽ അംഗീകരിച്ചതിനുശേഷം കഴിഞ്ഞ എട്ട് മാസകാലയളവിൽ ഈ വിഷയത്തിൽ തദ്ദേശസ്വയഭരണ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(ബി) ഫ്ലെക്സ് ഉപയോഗത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ കണ്ടെത്തലുകളും പ്രധാന ശിപാർശകളും എന്തൊക്കെയായിരുന്നു; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കേരളത്തിൽ പ്രതിവർഷം ഉണ്ടാകുന്ന ഫ്ലെക്സ് മാലിന്യം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; 2017-നെ അപേക്ഷിച്ച് 2018-ൽ ഫ്ലെക്സ് മാലിന്യങ്ങൾ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-5-2018-ൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഒരു യോഗം വിളിച്ച് ചേർക്കുകയും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നതും റീസൈക്കിൾ ചെയ്യാൻ കഴിയാത്തതുമായ പി.വി.സി. ഫ്ലക്സിന് പകരം പരിസ്ഥിതി സൗഹൃദമായ റീസൈക്കിൾ ചെയ്യാൻ പറ്റുന്ന പോളി എഥിലീൻ (പോളിത്തീൻ) പോലുള്ള പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് നടപ്പിലാക്കാൻ തീരുമാനിച്ചു. എന്നാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ചെയ്ത, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് (ഭേദഗതി) ചട്ടം 2018 അനുസരിച്ച്, പുനഃചംക്രമണം ചെയ്യാൻ കഴിയുന്നതും ഊർജ്ജം വീണ്ടെടുക്കാൻ സാധിക്കുന്നതും മറ്റ് രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്നതുമായ മൾട്ടിലെയർ പ്ലാസ്റ്റിക്കുകൾ (എം.എൽ.പി.) നിരോധിക്കാൻ സാധിക്കുന്നതല്ല. മേൽ ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ പി.വി.സി. ഫ്ലെക്സ് നിരോധിച്ചാൽ അതിന് നിയമ സാധുത ഉണ്ടാകുമോയെന്ന് പരിശോധിക്കേണ്ടതുണ്ടായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിയമ വകുപ്പിൽ അയച്ച് പരിശോധിക്കുകയും നിയമ വകുപ്പ് നിരോധനത്തിന് അനുകൂലമായ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഹൈക്കോടതി റിട്ട് പെറ്റീഷൻ നമ്പർ 15929/18 മേൽ 11-5-2018-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഹർജിക്കാരായ സൈൻ പ്രിന്റിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻ ഭാരവാഹികളെ നേരിൽ കേട്ടശേഷം ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ സർക്കാരിനും നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ബി) കമ്മിറ്റിയുടെ ശിപാർശകൾ ചുവടെ ചേർക്കുന്നു :

1. തെരഞ്ഞെടുപ്പ് അടക്കമുള്ള യാതൊരുവിധ പരസ്യ പ്രചാരണങ്ങൾക്കും പി.വി.സി. ഫ്ലെക്സ് ഉപയോഗിക്കുവാനോ പ്രിന്റ് ചെയ്യുവാനോ പാടില്ല. സർക്കാർ പരിപാടികളുടെയും സ്വകാര്യ മതപരമായ ചടങ്ങുകളുടെയും പ്രചാരണത്തിനും പി.വി.സി. ഫ്ലെക്സ് ബോർഡ്, ബാനർ എന്നിവ ഉപയോഗിക്കുവാൻ പാടില്ല.

2. ഫ്ലെക്സിന് പകരമായി ഗവൺമെന്റ് അംഗീകൃത പ്രകൃതി സൗഹൃദ റീസൈക്കിൾ ചെയ്യാവുന്ന പോളീ എഥിലീനോ കോട്ടൺ തുണിയോ മാത്രമേ പരസ്യ പ്രചാരണങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ. പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള ക്ലോത്ത് ഉപയോഗിക്കാൻ പാടില്ല.

3. ഇത്തരം മെറ്റീരിയലിൽ പ്രിന്റ് ചെയ്യുമ്പോൾ 'റീസൈക്ലബിൾ, പി.വി.സി ഫ്രീ' എന്ന ലോഗോയും ഉപയോഗം അവസാനിക്കുന്ന തീയതിയും (Expiry Date) പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും (പ്രിന്റിംഗ് നമ്പരും) നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

4. തീയതി വച്ചുള്ള പ്രോഗ്രാം ബാനറുകൾക്ക് പ്രോഗ്രാം അവസാനിക്കുന്ന തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടെയും മറ്റും പരസ്യങ്ങൾക്ക് പരമാവധി 90 ദിവസം പിന്നിട്ടുള്ള തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും നിശ്ചയിക്കേണ്ടതാണ്.

5. മേൽപ്പറഞ്ഞ ബാനറുകൾ പ്രിന്റ് ചെയ്യുമ്പോൾ പ്രിന്റിംഗ് നമ്പർ പതിക്കുകയും ഈ നമ്പർ പ്രകാരം പ്രിന്റ് ചെയ്യുന്ന ഉപഭോക്താവിന്റെ മുഴുവൻ വിവരവും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

6. ഇങ്ങനെ പ്രദർശിപ്പിക്കുന്ന ബോർഡുകൾ, ബാനറുകൾ ഉപയോഗം അവസാനിക്കുന്ന തീയതിക്കുശേഷം പരമാവധി 3 ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർതന്നെ പ്രിന്റ് ചെയ്ത സ്ഥാപനങ്ങളിലേയ്ക്ക് തിരിച്ചേൽപ്പിക്കേണ്ടതാണ്.

7. ഉപയോഗം അവസാനിക്കുന്ന തീയതി കഴിഞ്ഞ് 3 ദിവസത്തിനു ശേഷവും സ്ഥാപിച്ചവർതന്നെ എടുത്തുമാറ്റാത്ത പക്ഷം സ്ക്വയർ ഫീറ്റിന് നിശ്ചിത നിരക്കിൽ സ്ഥാപിച്ചവരിൽനിന്നും അതാത് മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ/ഗ്രാമപഞ്ചായത്തിന് ഫൈൻ ഈടാക്കാവുന്നതാണ്.

8. മേൽപ്പറഞ്ഞ മെറ്റീരിയലിൽ പ്രിന്റ് ചെയ്തുകൊടുക്കുന്ന സ്ഥാപനങ്ങൾ ഉപയോഗശേഷം തിരിച്ചെത്തിക്കുന്ന ബാനറുകൾ നിർബന്ധമായും ഉപഭോക്താവിൽ നിന്നും തിരിച്ചെടുക്കേണ്ടതാണ്.

9. മേൽപ്പറഞ്ഞ മെറ്റീരിയലിൽ പ്രിന്റ് ചെയ്യുമ്പോൾ പ്രിന്റിംഗ് തുകയ്ക്ക് പുറമേ സ്ക്വയർഫീറ്റിന് 1 രൂപ നിരക്കിൽ അഡ്വാൻസായി ഉപഭോക്താവിൽ നിന്ന് ഈടാക്കുകയും ഉപയോഗശേഷം അവ തിരിച്ചേൽപ്പിക്കുമ്പോൾ ആ തുക ഉപഭോക്താവിന് തിരിച്ച് നൽകുന്നതാണ്.

10. ഉപയോഗശേഷം ഉപഭോക്താവിൽ നിന്നും തിരിച്ചെടുത്ത ബാനറുകൾ, പ്രിന്റിംഗ് സ്ഥാപനങ്ങൾ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നവർക്ക് തിരികെ ഏൽപ്പിക്കേണ്ടതാണ്. ഈ അറിയിപ്പിന് ശേഷം

ഫ്ലെക്സിൽ പ്രിന്റ് ചെയ്യുകയോ മുനിസിപ്പാലിറ്റി പരിധിയിൽ ഫ്ലെക്സ് ബാനർ/ബോർഡ് സ്ഥാപിക്കുകയോ ചെയ്യുന്നപക്ഷം പ്രിന്റ് ചെയ്തവരിൽ നിന്നും അവ സ്ഥാപിച്ചവരിൽ നിന്നും സ്ക്വയർ ഫീറ്റിന് 20 രൂപ നിരക്കിൽ ഫൈൻ ഈടാക്കാവുന്നതാണ്.

കമ്മിറ്റി ശിപാർശയുടെ വെളിച്ചത്തിൽ ഫ്ലെക്സ് നിരോധനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

## ഹരിതചട്ടം പാലിക്കുവാനുള്ള നിർദ്ദേശം

166 (1638) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വഴി ഭക്ഷണം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഹരിതചട്ടം പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ആഹാരം വിതരണം ചെയ്യുന്നതിന് ആരോഗ്യപരവും പരിസ്ഥിതി സൗഹാർദ്ദപരവുമായ പാത്രങ്ങളും സാധനങ്ങളും ഉപയോഗിക്കുവാൻ നൽകിയ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം എന്താണ്;

(സി) പ്ലാസ്റ്റിക് ബാഗുകൾ ഒഴിവാക്കി തുണി സഞ്ചിയിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുണി ബാഗുകൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം തിരുവനന്തപുരം നഗരസഭ ആരംഭിച്ചിട്ടുണ്ടോ;

(ഡി) പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും പ്ലാസ്റ്റിക് ബദൽ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള പ്രചരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; അത് വിജയപ്രദമാണോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഇല്ല. ഇതുമായി ബന്ധപ്പെട്ട ചർച്ച ഓൺലൈൻ ഭക്ഷണ വിതരണ കമ്പനികളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്നു.

(ബി) ഇതിനായി ഒരു പൊതു സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളും പരിശോധനകളും വഴി ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തുവരുന്നു.

(സി) തുണി ബാഗുകൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി തിരുവനന്തപുരം കോർപ്പറേഷന്റെ പരിഗണനയിലുണ്ട്.

(ഡി) ഉണ്ട്. പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും പ്ലാസ്റ്റിക് ബദൽ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള പ്രചരണ പരിപാടികൾ വിജയപ്രദമാണ്. ഇത്തരം പ്രചരണ പരിപാടികളുടെ ഫലമായി ഉത്സവങ്ങൾ, ആഘോഷങ്ങൾ, വിവിധ മതാനുഷ്ഠാന ചടങ്ങുകൾ, സ്പോർട്സ് ഇവന്റുകൾ തുടങ്ങിയവ ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് പ്രകൃതി സൗഹാർദ്ദപരമായി നടത്തിവരുന്നു. വിവിധ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിലും ചില സ്വകാര്യ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

## ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം

167 (1639) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഡാറ്റാ ബാങ്ക് എന്ന് പ്രസിദ്ധീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സംബന്ധിച്ച് കൃഷി ഓഫീസിൽ നിന്നുമുള്ള ലിസ്റ്റ് ഗ്രാമപഞ്ചായത്തിന് എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഭരണപരവും സാങ്കേതികവുമായ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് ഡേറ്റാ ബാങ്ക് ബി3/850/12 തീയതി 25-2-2012 പ്രകാരമുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ഡാറ്റാ ബാങ്കിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ സ.ഉ.(സാധാ)നമ്പർ 4592/2017/റവന്യൂ തീയതി 31-10-2017 ഉത്തരവ് പ്രകാരം പരിഹരിച്ച് കരട് ഡാറ്റാ ബാങ്ക് 31/1/2019-ന് കൃഷി ഓഫീസർ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുകയും ആയത് ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ

168 (1640) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമപ്രകാരം അനുമതി നൽകിയ സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്ന കാലഘട്ടത്തിൽ പ്രസ്തുത ഭൂമി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ടാൽ വീടിന്റെ വിസ്തീർണ്ണം 120 ചതുരശ്രമീറ്റർ എന്ന പരിധിയിൽ നിന്നും വർദ്ധിപ്പിക്കുവാൻ നിയമം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ പരിധി കൂട്ടിയാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റും വീട്ടുനമ്പറും കിട്ടാനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വകുപ്പ് 2,4 (i) ഉപവകുപ്പ് പ്രകാരം "ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ പ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതും റവന്യൂ ഡിവിഷണൽ ഓഫീസർ അപ്രകാരമുള്ള അപേക്ഷകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മൂന്ന് മാസത്തിനുള്ളിൽ തീർപ്പാക്കേണ്ടതും അപ്രകാരമുള്ള തീരുമാനത്തിൽ പ്രസ്തുത ഡാറ്റാ ബാങ്കിൽ നെൽവയലായോ, തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ഭൂമി അപ്രകാരമുള്ള ഭൂമിയല്ല എന്ന് റവന്യൂ ഡിവിഷണൽ ഓഫീസർ കാണുന്നപക്ഷം ആയത് ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്തതായി കരുതപ്പെടുന്നതുമാണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം 4 ഡി പ്രകാരമുള്ള ഫാറം 5-ൽ ആർ.ഡി.ഒ.യ്ക്ക് അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ട ശേഷം പ്രസ്തുത ഭൂമി ക്രമപ്പെടുത്തുന്നതിന് ഫാറം6/ഫാറം7-ൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

(ബി) വീടിന്റെ വിസ്തീർണ്ണം 120 ച.മീറ്ററിൽ കൂടുന്ന കേസ്സുകളിൽ പരിവർത്തനപ്പെടുത്തേണ്ടുന്ന ഭൂമിക്ക് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫാറത്തിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതും അപേക്ഷ പരിഗണിക്കാത്തപക്ഷം ടി ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫീസടച്ച് ടി ഭൂമി പരിവർത്തനം ചെയ്യേണ്ടതുമാണ്. ശേഷം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി പ്രകാരം കെട്ടിട വിസ്തൃതി 120 ച. മീറ്റർ പരിധിയിൽ നിന്നും വർദ്ധിപ്പിക്കാവുന്നതുമാണ്.

(സി) നിലവിൽ കേരള മുനിസിപ്പൽ/പഞ്ചായത്ത് നിർമ്മാണ ചട്ടങ്ങൾ പ്രകാരം കംപ്ലീഷൻ സർട്ടിഫിക്കറ്റും വീട്ടുനമ്പറും കിട്ടാനുള്ള വ്യവസ്ഥകൾ തന്നെയാണ് ഇത്തരത്തിൽ പരിധി വർദ്ധിപ്പിക്കുന്ന കെട്ടിടങ്ങൾക്കും ബാധകമായിട്ടുള്ളത്.

## തദ്ദേശ സ്വയംഭരണ വകുപ്പ് നിർവ്വഹിക്കേണ്ട സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

169 (1641) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് നിർവ്വഹിക്കേണ്ട കെട്ടിടനിർമ്മാണ പ്രവൃത്തികൾക്കാവശ്യമുള്ള സോയിൽ ടെസ്റ്റ്, ഡിസൈനിംഗ് എന്നിവ ചെയ്യുന്നതിന് നിലവിൽ പ്രസ്തുത വകുപ്പിന് കീഴിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത സംവിധാനങ്ങൾ ഇല്ലാത്തപക്ഷം ഇവ എപ്രകാരമാണ് നിർവ്വഹിക്കപ്പെടുന്നത്; വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസത്തിന്റെ വാർഷിക പദ്ധതി 2018-19 പ്രകാരം സർക്കാർ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അതിൽ പ്രസ്തുത വകുപ്പ് പ്രവൃത്തികൾ തുടങ്ങിയവ ഏതൊക്കെയെന്നും അറിയിക്കാമോ ;

(സി) പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് മുന്നോടിയായി സ്കൂളുകൾ സ്വന്തം ചെലവിൽ സോയിൽ ടെസ്റ്റ്, ഡിസൈനിംഗ് എന്നിവ ചെയ്യണമെന്ന് നിർദ്ദേശിച്ചതിനാൽ ഭൂരിപക്ഷം സ്കൂളുകളിലും നിർവ്വഹണ ഏജൻസിയായ തദ്ദേശ സ്വയംഭരണ വകുപ്പിനെ മാറ്റി ഉത്തരവിറക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും പ്രസ്തുത വകുപ്പിനെക്കൊണ്ട് തന്നെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനും എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കാവശ്യമുള്ള സോയിൽ ടെസ്റ്റ്, ഡിസൈനിംഗ് എന്നിവ നടത്തുന്നതിന് നിലവിൽ ഈ വകുപ്പിൽ സംവിധാനമില്ല. അതിനാൽ സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, ഹൗസിംഗ് ബോർഡ് മുതലായ സ്ഥാപനങ്ങൾക്ക് പണം നൽകിയാണ് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ സ്വീകരിക്കാവുന്ന പരിഹാര നടപടികൾ സംബന്ധിച്ച് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

170 (1642) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ കഴിഞ്ഞ കാലവർഷക്കെടുതിയിൽ തകർന്ന ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് കോഴിക്കോട് കോർപ്പറേഷൻ മുഖേന പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ കോഴിക്കോട് കോർപ്പറേഷൻ ഏറ്റെടുത്ത ഇത്തരം പ്രവൃത്തികൾ ഏതെല്ലാമെന്നും അവയിൽ പൂർത്തീകരിക്കാത്തവ ഏതെല്ലാമെന്നും ആയതിന്റെ കാരണങ്ങളും വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ 'കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ' എന്ന പ്രത്യേക വേർതിരിവിൽ കോഴിക്കോട് കോർപ്പറേഷൻ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല. കോർപ്പറേഷന്റെ വാർഷിക പദ്ധതിയുടെ ഭാഗമായാണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തൊഴിലുറപ്പ് പദ്ധതി

171 (1643) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും മുമ്പും എംപവേർഡ് കമ്മിറ്റി അംഗീകരിച്ച ലേബർ ബഡ്ജറ്റിന് ആനുപാതികമായി സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ ശതമാനം ചുവടെ ചേർക്കുന്നു :

| വർഷം | അംഗീകരിച്ച ലേബർ ബഡ്ജറ്റ് (തൊഴിൽദിനങ്ങൾ) | അംഗീകരിച്ച ലേബർ ബഡ്ജറ്റിന് ആനുപാതികായി സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | അംഗീകരിച്ച ലേബർ ബഡ്ജറ്റിന് ആനുപാതികായി കൈവരിച്ച നേട്ടം (ശതമാനത്തിൽ) |
|---|---|---|---|
| | (ലക്ഷത്തിൽ) | | |
| 2014-15 | 761.4 | 588.72 | 77.32 |
| 2015-16 | 713 | 741.74 | 104.03 |
| 2016-17 | 603.11 | 684.62 | 113.52 |
| 2017-18 | 450 | 619.59 | 137.69 |
| 2018-19 (30-1-2019 വരെ) | 700 | 708.93 | 101.14 |

(ബി) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ 34.9 ലക്ഷം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കുടുംബങ്ങളിൽ ഉൾപ്പെടുന്ന 54.13 ലക്ഷം വ്യക്തികൾ പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടുണ്ട്. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 165708 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമ പദ്ധതി

172 (1644) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രതിവർഷം നൽകുന്ന സംസ്ഥാനം കേരളമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കേരളത്തിന് അനുഗുണമല്ലാത്ത മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് സമഗ്രമായി ക്ഷേമപദ്ധതി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) അല്ല.

(ബി) ഉണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ക്ഷീരവികസനം പ്രോത്സഹിപ്പിക്കുന്നതിനായി പശുവളർത്തൽ, നെൽകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര-ഗ്രാമവികസന മന്ത്രാലയത്തിന് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും അനുമതി ലഭിച്ചില്ല.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടേയും കീഴിലുള്ള തൊഴിലാകളുടെ ക്ഷേമാനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനുള്ള ക്ഷേമ പദ്ധതി നടപ്പാക്കാൻ ആവശ്യമായ നിയമനിർമ്മാണ പ്രവൃത്തികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## വനിതാമതിലിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം

173 (1645) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത മതിലിൽ പങ്കെടുക്കുന്നതിനായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വനിത മതിലിൽ പങ്കെടുക്കാത്ത പക്ഷം തൊഴിലാളികൾക്ക് ജോലി നിഷേധിക്കുമെന്ന് അറിയിച്ചിട്ടുള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ ഏതൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) വനിത മതിലിൽ പങ്കെടുത്തില്ല എന്ന കാരണത്താൽ ആലപ്പുഴയിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തൊഴിലുറപ്പ് ജോലിക്ക് ഹാജരായ തൊഴിലാളികളെ പാർട്ടി പ്രവർത്തകർ ഇടപെട്ട് തിരിച്ചയച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന് കാരണക്കാരായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വനിതാമതിലുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിൽനിന്നും പൊതുവായ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ പകർപ്പ് തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ എല്ലാ ജില്ലാതല ഉദ്യോഗസ്ഥർക്കും അയച്ചുകൊടുത്ത് ഇക്കാര്യം തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിരുന്നു.

(ബി) ലഭിച്ചിട്ടില്ല.

(സി & ഡി) തൃക്കുന്നപ്പുഴയിൽ ജോലിക്ക് ഹാജരായ തൊഴിലാളികളെ ചില വ്യക്തികൾ ഇടപെട്ട് തിരിച്ചയച്ച ഒരു സംഭവം ഉണ്ടായിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, MGNREGS മിഷൻ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ ബന്ധപ്പെട്ട മേറ്റിനെ പഞ്ചായത്ത് കമ്മിറ്റി താക്കീത് ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം നഗരസഭയിലെ കെട്ടിട നിർമ്മാണ പെർമിറ്റ്

174 (1646) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്ന തിനുള്ള നടപടികളിൽ എന്തെങ്കിലും പരിഷ്കാരം വരുത്തിയിട്ടുണ്ടോ;

(ബി) കെട്ടിടത്തിന്റെ ബേസ് മെന്റ് പണി പൂർത്തിയായശേഷം നഗര സഭയിൽ രേഖാമൂലമുള്ള അനുമതിക്കായി അപേക്ഷിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പരിഷ്കാരങ്ങൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ഡി) എങ്കിൽ കേരള മുൻസിപ്പൽ ബിൽഡിംഗ്സ് റൂളിന് വിരുദ്ധമായ കാര്യം നടപ്പിലാക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. IBPMS (Intelligent Building Plan Management System) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഇപ്പോൾ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നത്.

(ബി) ഇല്ല.

(സി) വസ്തുതാപരമല്ല.

(ഡി) ബാധകമല്ല.

**കായൽ തീരത്തെ ബഹുനില കെട്ടിടങ്ങൾ**

175 (1647) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ സ്ഥലങ്ങളിലുള്ള കടലിനും കായലിനും സമീപപ്രദേശങ്ങളിൽ ഉൾപ്പെടുന്നതും ടൂറിസത്തിന് വളരെ അനുയോജ്യമായതുമായ സ്ഥലങ്ങളിൽ ടൂറിസം വികസനത്തിനായി പുതിയ സംരംഭങ്ങൾ തുടങ്ങാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ബിൽഡിംഗ് പെർമിറ്റ് നൽകിവരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിലെ പുതിയ സി.ആർ.സെഡ്. (കോസ്റ്റൽ റഗുലേഷൻ സോൺ) ഉത്തരവ് പ്രകാരം ആക്കുളം കായൽ തീരത്ത് നടപ്പാതയോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങളിൽ കായൽ തീരത്ത് നിന്ന് എത്ര മീറ്റർ ദൂരം വിട്ട് ബഹുനില കെട്ടിടങ്ങൾ ആയ ഹോട്ടൽ, കൺവെൻഷൻ സെന്റർ, ഷോപ്പിംഗ്മാൾ, ആശുപത്രി, ഫ്ലാറ്റുകൾ മുതലായവ നിർമ്മിക്കാം; ഓരോന്നിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പുതിയതായി വന്ന സി.ആർ.സെഡ്. ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; പ്രസ്തുത പ്രദേശം നിലവിൽ ഏത് സോണിൽ ഉൾപ്പെടുന്നതാണ്; മാപ്പ് ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരം-ചാക്ക-കഴക്കൂട്ടം എൻ.എച്ച്. ബൈപ്പാസിന് കിഴക്കും ഒരുവാതിൽ കോട്ടയിൽ നിന്നും വരുന്ന റോഡിന് പടിഞ്ഞാറുമായി സർവ്വേ നമ്പർ 1873/2, 1874/2-1, 1873/1, 1874/1-1-ൽപ്പെട്ടതും റ്റിപിനമ്പർ-37698-ൽ കടകംപള്ളി വില്ലേജിൽ ഉൾപ്പെട്ട കായലിനടുത്തുള്ള നടപ്പാതയോട് ചേർന്നുള്ളതും ബി.ടി.ആർ.-ൽ പുരയിടമായുള്ള 3 ഏക്കർ സ്ഥലത്ത് ടൂറിസം വികസനത്തിന്റെ ഭാഗമായി ബഹുനില കെട്ടിടങ്ങൾ (ഹോട്ടൽ, ഫ്ലാറ്റ്, ആശുപത്രി) നിർമ്മിക്കുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ; നിലവിൽ എത്ര നിലവരെ ഇവിടെ പണിയാം; വിശദമായി വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; കേന്ദ്രസർക്കാർ അടുത്തനാൾ പുറപ്പെടുവിച്ച പുതിയ സി.ആർ.സെഡ്. ഉത്തരവ് പ്രകാരം പ്രസ്തുത പ്രദേശത്തിന് ഇളവ് ലഭിക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്തെ കായലിലെ വെള്ളത്തിന് ഉപ്പ് രസം ഇല്ലെങ്കിൽ സി.ആർ.സെഡ്. നിയമം ബാധകമാകുമോ; ഉപ്പ് രസം ഇല്ലാത്ത കായലിനോട് ചേർന്നുള്ള സ്ഥലത്ത് കായൽ കരയിൽ നിന്നും എത്ര ദൂരം മാറ്റി കെട്ടിടങ്ങൾ നിർമ്മിക്കാം; പൂർണ്ണമായി വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിന്റെ ഉത്തരവ് ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത മേഖല നോ ഡെവലപ്മെന്റ് സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇങ്ങനെയെങ്കിൽ ഈ നല്ല സ്ഥലത്ത് വികസനം വരുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011, കേരള തീരദേശ പരിപാലന നിയമം, അംഗീകൃത മാസ്റ്റർ പ്ലാൻ എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി തിരുവനന്തപുരം ജില്ലയിൽ വിവിധ സ്ഥലങ്ങളിലുള്ള കടലിനും കായലിനും സമീപ പ്രദേശങ്ങളിൽ ടൂറിസം വികസനത്തിനുൾപ്പെടെ ബിൽഡിംഗ് പെർമിറ്റ് നൽകിവരുന്നു.

(ബി) നിലവിലെ (1996-ലെ) അംഗീകൃത തീരദേശ പരിപാലന പ്ലാൻ പ്രകാരം ആക്കുളം കായൽ തീരത്ത് നടപ്പാതയോട് ചേർന്ന് കിടക്കുന്ന സ്ഥലം CRZ III-ൽ ഉൾപ്പെടുന്നു. എന്നാൽ 2011-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപന പ്രകാരം തയ്യാറാക്കിയ കരട് തീരദേശ പരിപാലന പ്ലാനിൽ ടി പ്രദേശം CRZ II-ലേയ്ക്ക് മാറ്റിയിട്ടുണ്ട്. പ്രസ്തുത പ്ലാനിന് നാളിതുവരെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകാരം ലഭ്യമാക്കിയിട്ടില്ല. 18-1-2019-ലെ G.S.R.37(E) പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപന പ്രകാരം CRZ II-ൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിലവിലുള്ള അംഗീകൃത പാതകളിൽ നിന്നോ അംഗീകൃത നിർമ്മിതികളിൽ നിന്നോ കരയുടെ ഭാഗത്തേയ്ക്ക് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള തറ വിസ്തൃതി സൂചിക അഥവാ തറ വിസ്തൃതി അനുപാതത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ ബഹുനില കെട്ടിടങ്ങളായ ഹോട്ടൽ, കൺവെൻഷൻ സെന്റർ, ഷോപ്പിംഗ് മാൾ, ആശുപത്രി, ഫ്ലാറ്റുകൾ തുടങ്ങിയവയുടെ നിർമ്മാണം അനുവദിക്കുകയുള്ളൂ. പകർപ്പ് അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു. പ്രസ്തുത പ്രദേശം നിലവിൽ CRZ III-ൽ ഉൾപ്പെടുന്നു. മാപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നിലവിൽ അംഗീകൃത തീരദേശ പരിപാലന പ്ലാൻ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തിയിട്ടുള്ളതല്ല. എങ്കിലും ടി സർവ്വേ നമ്പരുകൾ ഉൾപ്പെടുന്ന പ്രദേശം നിലവിൽ CRZ III-ൽ ഉൾപ്പെടുന്നു. CRZ III-ൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കായലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്റർ ദൂരം അല്ലെങ്കിൽ കായലിന്റെ വീതി ഏതാണോ കുറവ് ആ പ്രദേശം വികസന നിഷിദ്ധ മേഖലയിൽപ്പെടുന്നു. ടി സ്ഥലത്ത് ടൂറിസം വികസനത്തിന്റെ ഭാഗമായുള്ള ബഹുനില കെട്ടിടം പണിയുവാൻ സാധിക്കുകയില്ല. 2011-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപന പ്രകാരം തയ്യാറാക്കിയ കരട് തീരദേശ പരിപാലന പ്ലാനിൽ ടി പ്രദേശം CRZ II-ലേയ്ക്ക് മാറ്റിയിട്ടുണ്ട്. പ്രസ്തുത പ്ലാനിന് നാളിതുവരെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകാരം ലഭ്യമാക്കിയിട്ടില്ല. 18-1-2019-ലെ G.S.R.37(E) പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപന പ്രകാരം CRZ II-ൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിലവിലുള്ള അംഗീകൃത പാതകളിൽ നിന്നോ അംഗീകൃത നിർമ്മിതികളിൽ നിന്നോ കരയുടെ ഭാഗത്തേയ്ക്ക് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള തറ വിസ്തൃതി സൂചിക അഥവാ തറ വിസ്തൃതി അനുപാതത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ ബഹുനില കെട്ടിടങ്ങളായ ഹോട്ടൽ, കൺവെൻഷൻ സെന്റർ, ഷോപ്പിംഗ് മാൾ, ആശുപത്രി, ഫ്ലാറ്റുകൾ തുടങ്ങിയവയുടെ നിർമ്മാണം അനുവദിക്കുകയുള്ളൂ.

(ഡി) വേലിയേറ്റ സ്വാധീനത്തിൽപ്പെടുന്ന ജലാശയങ്ങളിൽ എത്രദൂരം വരെ വികസന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് നിശ്ചയിച്ചിരിക്കുന്നത് എത്രദൂരം വരെ വേലിയേറ്റ സ്വാധീനം പ്രകടമാകുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഒരു വർഷത്തിൽ ഏറ്റവും വരണ്ട കാലങ്ങളിൽ ലവണ സാന്ദ്രത 5 പിപിറ്റി (ആയിരത്തിൽ ഒരംശം) സ്വാധീനം അനുഭവപ്പെടുന്ന ജലാശയങ്ങളെയാണ് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നത്. ഒരു വർഷത്തിൽ ഏറ്റവും വരണ്ട കാലങ്ങളിൽ ലവണ സാന്ദ്രത 5 പിപിറ്റിയിൽ കുറവ് അനുഭവപ്പെടുന്ന ജലാശയങ്ങൾ തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. പകർപ്പ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു. *

(ഇ) 1873/2, 1874/2-1, 1873/1, 1874/1-1 എന്നീ സർവ്വേ നമ്പരുകൾ ഉൾപ്പെടുന്ന പ്രദേശം നിലവിൽ CRZ III-ൽ ഉൾപ്പെടുന്നു. CRZ III-ൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കായലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്റർ ദൂരം അല്ലെങ്കിൽ കായലിന്റെ വീതി ഏതാണോ കുറവ് ആ പ്രദേശം വികസന നിഷിദ്ധ മേഖലയിൽപ്പെടുന്നു. ടി സ്ഥലത്ത് ടൂറിസം വികസനത്തിന്റെ ഭാഗമായുള്ള ബഹുനില കെട്ടിടം പണിയുവാൻ സാധിക്കുകയില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പഴക്കം ചെന്നതും ഫിറ്റ്നെസ്സ് ഉള്ളതുമായ സ്കൂൾ കെട്ടിടങ്ങൾ

176 (1648) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സ്കൂൾ കെട്ടിടങ്ങൾ പണിയുവാൻ പഴക്കം ചെന്നതും ഫിറ്റ്നെസ്സ് ഉള്ളതുമായ കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയാൽ മാത്രമേ കഴിയുകയുള്ളൂ എന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് എൽ.എസ്.ജി.ഡി. (ഡി ബി 2) സെക്ഷനിൽ നിലവിലുള്ള ഫയലിന്റെ അവസ്ഥ അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് (എം 1) സെക്ഷനിൽ നിന്നും എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ എൽ.എസ്.ജി.ഡി. വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സ.ഉ.(കൈ)നമ്പർ 32/18/തസ്വഭവ തീയതി 9-3-2019, ജി.ഒ. (ആർറ്റി.) നമ്പർ 111/2018, തീയതി 18-4-2018 എന്നിവ പ്രകാരം പൊതുസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കാലപ്പഴക്കം ചെന്ന ഉപയോഗശൂന്യമായ കെട്ടിടങ്ങളും വിപുലമായ നിർമ്മാണ പ്രവർത്തനങ്ങൾവഴി കൂടുതൽ സൗകര്യങ്ങൾ സ്കൂളിൽ യജ്ഞമാക്കുന്നതിന് കഴിഞ്ഞ 15 വർഷത്തിനുള്ളിൽ നിർമ്മിച്ച ഉപയോഗയോഗ്യമായ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകുന്നതിലേയ്ക്കായി ജില്ലാതലത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ, വിദ്യാഭ്യാസ വകുപ്പുകളിലെ എ.ഇ.ഒ./ഡി.ഇ.ഒ. എന്നിവർ അടങ്ങിയ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും എല്ലാ തദ്ദേശ സ്വയംഭരണ ഉദ്യോഗസ്ഥർക്കും മേൽ സ്കൂൾ കെട്ടിടങ്ങൾ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി പൊളിച്ചുമാറ്റാൻ അടിയന്തര നിർദ്ദേശം 1-6-2018-ൽ നൽകിയിട്ടുണ്ട്. ആയത് പ്രകാരം പൊളിച്ചുമാറ്റുന്നതിന്റെ തുടർ നടപടികൾ നടപ്പിലാക്കിവരുന്നു.

(ബി) ഫിറ്റ്നെസ് സർട്ടിഫിക്കറ്റുള്ള കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നത് സംബന്ധിച്ച് 3-1-2019-ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും സ്ഥലപരിമിതിയുള്ള സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനം

അനിവാര്യമായി വരുമ്പോൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായോ മറ്റേതെങ്കിലും ഏജൻസികൾ മുഖേനയോ ലഭിക്കുന്ന ഫണ്ടുപയോഗിച്ച് സ്കൂൾ കെട്ടിടം നിർമ്മിക്കേണ്ടി വരുമ്പോൾ കെട്ടിടത്തിന്റെ പഴക്കം പരിഗണിക്കാതെ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കേണ്ടതാണെന്നും കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകുന്നതിന് 9-3-2018-ലെ സ.ഉ.(കൈ)നമ്പർ 32/18/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ തന്നെ ബാധമാക്കാവുന്നതാണെന്നും സ്കൂൾ കെട്ടിടങ്ങൾക്കുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ വിശദമായ ലിസ്റ്റ് തയ്യാറാക്കേണ്ടതാണെന്നും (ഗ്രൗണ്ട് ഫ്ലോർ +2) ആവശ്യത്തിന് ടോയ്‌ലെറ്റുകൾ, കുടിവെള്ളം, മാലിന്യ സംസ്കരണം, സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ഡി.ബി2/1/2019/തസ്വഭവ നമ്പർ ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനത്തിനായി പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്ന ഫണ്ടുപയോഗിച്ചോ പൊതുവിദ്യാഭ്യാസ വകുപ്പ് ഫണ്ടുപയോഗിച്ചോ എം.എൽ.എ., എം.പി. ഫണ്ടുപയോഗിച്ചോ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടിവരുമ്പോൾ നിലവിൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റുള്ള സ്കൂൾ കെട്ടിടങ്ങൾ പൊളിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച M1/274/2018/G.Ed ഫയൽ ഈ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഈ വിഷയം ഡി.ബി 2/15/19 തസ്വഭവ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

## കെട്ടിട നിർമ്മാണ പെർമിറ്റിന് സോഫ്റ്റ്‌വെയർ

177 (1649) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ പെർമിറ്റിന് അനുമതി നൽകുന്നതിന് ഏതെങ്കിലും സ്വകാര്യ കമ്പനിയുടെ സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയുടേതാണെന്നും അതിന് എന്ത് തുക നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) ഇതേ ആവശ്യത്തിനായി ഇൻഫർമേഷൻ കേരള മിഷൻ, സാകേതം എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത സോഫ്റ്റ്‌വെയറിന് എന്തെങ്കിലും ന്യൂനത ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ സ്ഥാപനം വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറിന് പകരം ലക്ഷക്കണക്കിന് രൂപ മുടക്കി ബഹുരാഷ്ട്ര കുത്തകകളുടെ സോഫ്റ്റ്‌വെയർ വാങ്ങി ഉപയോഗിക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിട നിർമ്മാണ പെർമിറ്റും ഒക്കുപ്പൻസി സർട്ടിഫിക്കറ്റും ഓൺലൈനായി നൽകുന്നതിനായി ഉപയോഗിക്കുന്ന IBPMS (Intelligent Building Plan Management System) എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന ഇ-ടെണ്ടറിംഗിലൂടെ തെരഞ്ഞെടുത്ത M/s Dev Information Technology Pvt. Ltd. എന്ന സ്ഥാപനമാണ്. 3,25,01,635 (മൂന്ന് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി ആയിരത്തി അറുനൂറ്റി മുപ്പത്തിയഞ്ച്) രൂപയാണ് ഇതിനായി നൽകിയത്.

(ബി) ഇല്ല. എന്നാൽ കെട്ടിട നിർമ്മാണ അനുമതി അപേക്ഷകൾ മോണിട്ടർ ചെയ്യുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ സാകേതം എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(സി) ഉണ്ട്. സാകേതം ഒരു Intelligent സോഫ്റ്റ്‌വെയർ അല്ല. ഇതിലൂടെ സമർപ്പിക്കുന്ന അപേക്ഷകൾ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള കഴിവ് ഈ സോഫ്റ്റ്‌വെയറിനില്ല.

(ഡി) സുതാര്യമായ ഇ-ടെണ്ടറിംഗ് നടപടികളിലൂടെയും SeMT (State e-governance Mission Team) KSITM എന്നീ സ്ഥാപനങ്ങളുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് M/s Dev Information Technology Pvt. Ltd. എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. അതിനാൽ ഈ കമ്പനി വികസിപ്പിച്ച സോഫ്റ്റ്‌വെയർ ഉപേക്ഷിക്കാൻ സർക്കാർ ആലോചിക്കുന്നില്ല.

**അനധികൃത കെട്ടിട നിർമ്മാണം**

178 (1650) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ വരുന്ന വിഴിഞ്ഞം, ഫോർട്ട്, നേമം, വട്ടിയൂർക്കാവ്, തിരുവല്ലം സോണുകളിൽ നടത്തുന്ന അനധികൃത കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥ കൊണ്ടാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ സോണുകളിലെ എത്ര അനധികൃത നിർമ്മാണങ്ങൾക്കെതിരെ 2018-ൽ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അനാസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിഴിഞ്ഞം-149, തിരുവല്ലം-41, നേമം-15, വട്ടിയൂർക്കാവ്-24, ഫോർട്ട്-36

(ഡി) അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ ഉദ്യോഗസ്ഥർ സ്വീകരിക്കുന്നുണ്ട്.

**അനധികൃത കെട്ടിടങ്ങൾ ക്രമപ്പെടുത്തുവാനുള്ള സമയപരിധി**

179 (1651) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത കെട്ടിടങ്ങൾ പിഴയടച്ച് ക്രമപ്പെടുത്തുവാനുള്ള സമയപരിധി നീട്ടി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം ക്രമപ്പെടുത്തിയ കെട്ടിടങ്ങൾ പിഴയടച്ചത് വഴി സർക്കാരിലേക്ക് ഇതുവരെ ലഭിച്ച തുകയെത്രയെന്ന് അറിയിക്കാമോ;

(സി) പിഴയടച്ച് ക്രമപ്പെടുത്തുന്നതിനുള്ള സമയപരിധി എത്ര പ്രാവശ്യം നീട്ടി നൽകിയെന്നും ഇതിന് ആധാരമായ സാഹചര്യമെന്തെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് പഞ്ചായത്തുകളിലും നഗരസഭകളിലും അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി യഥാക്രമം 30-11-2018-ലെ സ.ഉ.(അ) നമ്പർ 88/2018/തസ്വഭവ., സ.ഉ.(അ)നമ്പർ 89/2018/തസ്വഭവ ഉത്തരവുകൾ പ്രകാരം 31-3-2019 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് പ്രദേശങ്ങളിലുള്ള കെട്ടിടങ്ങളുടെ ക്രമവത്കരണത്തിലൂടെ 92,87,145 രൂപയും നഗരസഭാ പ്രദേശങ്ങളിലെ കെട്ടിടങ്ങളുടെ ക്രമവത്കരണംമൂലം 2,82,93,177 രൂപയും ലഭ്യമായിട്ടുണ്ട്.

(സി) രണ്ടുപ്രാവശ്യം നീട്ടിനൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ അപേക്ഷകളും നിവേദനങ്ങളും പരിഗണിച്ചാണ് നീട്ടിനൽകിയിട്ടുള്ളത്.

## ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

180 (1652) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, ഭരണാനുമതി നല്കുന്നതിനായി പരിഗണനയി ലിരിക്കുന്ന പ്രവൃത്തികൾ, ടെണ്ടർ ചെയ്യേണ്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) 2018-19 വർഷത്തെ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ എസ്റ്റിമേറ്റ് എടുക്കാത്ത പ്രവൃത്തികളുടെ വിശദാംശം നൽകാമോ; ആയതിനുള്ള കാരണം വിശദമാക്കാമോ?

### ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലം എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 2016-17, 2017-18, 2018-19 വർഷങ്ങളിലെ ഭരണാനുമതി നൽകുന്നതിനായി പരിഗണനയിലിരിക്കുന്ന പ്രവൃത്തികൾ, ടെണ്ടർ ചെയ്യേണ്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 2018-19 വർഷത്തെ നിർദ്ദേശിക്കപ്പെട്ട 18 പ്രവൃത്തികളിൽ 7 പ്രവൃത്തികൾ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി അയച്ചിട്ടുണ്ട്. 8 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ടി പ്രവൃത്തികളിൽ 3 പ്രവൃത്തികൾക്ക് KLU അനുമതി ആവശ്യമായതിനാൽ ആയത് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് എടുക്കാത്ത പ്രവൃത്തികളുടെ വിശദമായ പട്ടിക അനുബന്ധം 2 ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**തിരുവനന്തപുരത്തെ ബസ് കാത്തിരിപ്പുകേന്ദ്രങ്ങൾ**

181 (1653) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ 16 പ്രദേശങ്ങളിൽ ആസ്തി വികസന സ്കീമിൽ നിന്നും തുക ചെലവഴിച്ച് പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പുകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 27-2-2016-ൽ ഭരണാനുമതി നൽകി തിരുവനന്തപുരം നഗരസഭയുടെ അനുമതിക്ക് സമർപ്പിച്ചിരിക്കുന്നതിന്മേൽ നഗരസഭ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) മറ്റ് പല ഭാഗങ്ങളിലും ബസ്സ് കാത്തിരിപ്പുകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ഭരണാനുമതി പുറപ്പെടുവിച്ച് രണ്ടുവർഷം പിന്നിട്ടിട്ടും പല തവണ കത്തുകൾ നൽകിയിട്ടും മേൽ വിഷയത്തിൽ നഗരസഭ അനുമതി നൽകാത്തതെന്തെന്ന് വ്യക്തമാക്കാമോ;

(സി) നഗരസഭ ഇക്കാര്യത്തിൽ ഇനിയെങ്കിലും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ആസ്തി വികസന സ്കീമിൽ നിന്നും തുക ചെലവഴിച്ച് പരിസ്ഥിതി സൗഹാർദ്ദ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് കളക്ടറേറ്റിൽ നിന്നും അനുമതി ലഭ്യമായശേഷം തിരുവനന്തപുരം കോർപ്പറേഷനിൽ ലഭിക്കുന്ന മുറയ്ക്ക് കോർപ്പറേഷൻ കൗൺസിൽ തീരുമാനപ്രകാരം അനുമതി നൽകിവരുന്നു. ഈ ആസ്തികളുടെ സംരക്ഷണവും പരിപാലനവും കോർപ്പറേഷൻ വഹിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കോർപ്പറേഷന് ലഭ്യമായ അപേക്ഷകളിലെല്ലാം ഇപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

**ശുചീകരണ തൊഴിലാളികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം**

182 (1654) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്നതിനിടയിൽ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപവീതം നഷ്ടപരിഹാരം നൽകണമെന്ന സുപ്രീം കോടതി വിധി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ എത്ര പേർക്ക് പ്രസ്തുത നഷ്ടപരിഹാരം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്ന് പ്രസ്തുത നഷ്ടപരിഹാരം നൽകിയിട്ടില്ല. റവന്യൂ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ നിന്നാണ് നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി**

183 (1655) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ എറണാകുളം ജില്ലയിലെ ചേരാനല്ലൂർ പഞ്ചായത്തിൽ വാസയോഗ്യമല്ലാതായ വീടുകൾ ഒന്നും തന്നെയില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെറ്റായി വിവരം നൽകിയതിന് സർക്കാർ സെക്രട്ടറിക്ക് എതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ മാറ്റി നിർത്തി അന്വേഷിക്കണം എന്ന പരാതിയിന്മേൽ കളക്ടറുടെ നേതൃത്വത്തിൽ ഉള്ള ഏഴ് അംഗ അപ്പീൽ പാനൽ അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(സി) പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 2018 നവംബർ മാസം എം.എൽ.എ. നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ പ്രളയത്തിൽ വാസയോഗ്യമല്ലാതായ വീടുകളൊന്നും തന്നെയില്ലെന്ന് റിപ്പോർട്ട് ചെയ്ത സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ. സമർപ്പിച്ച പരാതിയിൽ 31-1-2019-ൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പരാതിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഇക്കാര്യത്തിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി കാണുന്നപക്ഷം ഉചിതമായ ശിപാർശ ലഭ്യമാക്കുന്നതിനും 14-12-2018-ലെ 241/ഇപിബി2/2018/തസ്വഭ. നമ്പർ അനൗദ്യോഗികക്കുറിപ്പ് പ്രകാരം റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് കൂടി ലഭ്യമാക്കി, പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## തദ്ദേശ സ്വയംഭരണ എകീകൃത പൊതുസർവ്വീസ്

184 (1656) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സർവ്വീസിന്റെ ഭാഗമായി ഏകീകൃത പൊതു സർവ്വീസ് രൂപീകരണം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ പഞ്ചായത്ത് വകുപ്പിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) 2019 ഡിസംബർ മാസം വരെ പഞ്ചായത്ത് വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

### ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേയ്ക്കായി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് സ.ഉ.(കൈ) നമ്പർ 198/2016/തസ്വഭവ തീയതി, 27-12-2016 പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് ചട്ടങ്ങൾ അന്തിമമാക്കുന്നതിനായി സർക്കാരിലേയ്ക്കായി 4-8-2018-ന് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി 2018 നവംബർ 8, 9 തീയതികളിൽ കരട് ചട്ടങ്ങളിന്മേൽ ചർച്ച നടത്തുകയുമുണ്ടായി. സർവ്വീസ് സംഘടനകൾ ഉന്നയിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിശദമായി പരിശോധിച്ച് കരട് ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) പഞ്ചായത്ത് വകുപ്പിലെ നിലവിലുള്ള ഒഴിവ് വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തിക | നിലവിലുള്ള ഒഴിവ് വിവരം |
|---|---|---|
| (1) | (2) | (3) |
| 1 | ഡെപ്യൂട്ടി ഡയറക്ടർ | 6 |

| (1) | (2) | (3) |
|---|---|---|
| 2 | സീനിയർ സൂപ്രണ്ട് | 2 |
| 3 | സെക്രട്ടറി | 22 |
| 4 | അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട് | 1 |
| 5 | ഹെഡ് ക്ലാർക്ക് | 12 |
| 6 | അക്കൗണ്ടന്റ് | 3 |
| 7 | സീനിയർ ക്ലാർക്ക് | 43 |
| 8 | ക്ലാർക്ക് | 97 |
| 9 | ഡ്രൈവർ | 15 |
| 10 | ഓഫീസ് അറ്റൻഡന്റ് | 30 |

(സി)

| ക്രമ നമ്പർ | തസ്തിക | 2019-ൽ വിരമിക്കുന്നവരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ജോയിന്റ് ഡയറക്ടർ | 3 |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 4 |
| 3 | സീനിയർ സൂപ്രണ്ട് | 6 |
| 4 | സെക്രട്ടറി | 132 |
| 5 | ജൂനിയർ സൂപ്രണ്ട് | 14 |

| (1) | (2) | (3) |
|---|---|---|
| 6 | അസിസ്റ്റന്റ് സെക്രട്ടറി | 50 |
| 7 | ഹെഡ് ക്ലാർക്ക് | 21 |
| 8 | അക്കൗണ്ടന്റ് | 14 |
| 9 | സിനിയർ ക്ലാർക്ക് | 55 |
| 10 | ക്ലാർക്ക് | 30 |
| 11 | ടൈപ്പിസ്റ്റ് | 5 |
| 12 | ഡ്രൈവർ | 5 |
| 13 | ഓഫീസ് അറ്റൻഡന്റ് | 17 |
| 14 | ലൈബ്രേറിയൻ | 2 |
| 15 | ജൂനിയർ ബിൽ കളക്ടർ | 2 |
| 16 | ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 17 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |

**കോർപ്പറേഷനുകളിൽ ലീഗൽ അസിസ്റ്റന്റ് തസ്തിക**

185 (1657) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകാര്യ സെക്രട്ടറി ഇ.യു2/112/2018 നമ്പർ ഫയലിൽ കോർപ്പറേഷനുകളിലും ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റികളിലും 34 ലീഗൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിന് നൽകിയ പ്രൊപ്പോസലിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പ്-ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോർപ്പറേഷനുകളിലും ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റികളിലും 34 ലീഗൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിനായി നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെ വിശദ പരിശോധനയിൽ സർക്കാർ ചില അധിക വിവരങ്ങൾ സമർപ്പിക്കുവാൻ 29-12-2018-ലെ ഇ.യു.2/112/2018-നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കോർപ്പറേഷനുകളിലും ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റികളിലും ലീഗൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസലിൽ അന്തിമ തീരുമാനം ആയിട്ടില്ല.

## കേരള മുൻസിപ്പൽ കോമൺ സർവ്വീസിലെ റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് തസ്തികകളിലെ ഒഴിവുകൾ

186 (1658) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ 2019 മെയ് 31 വരെ റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് എന്നീ തസ്തികകളിൽ എത്ര ഒഴിവുണ്ടാകുമെന്ന് വ്യക്തമാക്കാമോ; ഇവ ഏതെല്ലാം മുൻസിപ്പാലിറ്റി, കോർപ്പറേഷനുകളിലാണെന്ന് തരംതിരിച്ച് അറിയിക്കാമോ;

(ബി) 2019 ജനുവരി 31 വരെ പ്രസ്തുത തസ്തികകളിലെ ഒഴിവുകളിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്റ്റേഷനുകളിൽ എത്ര പേർക്ക് പോസ്റ്റിംഗ് നൽകി എന്ന് പേര് സഹിതം വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ ഉണ്ടായിട്ടും പ്രമോഷൻ നടത്താതെ മുൻസിപ്പൽ കോമൺ സർവ്വീസിൽ നിയമനം തടഞ്ഞുവയ്ക്കുന്നതും അർഹതപ്പെട്ട വ്യക്തികളുടെ പ്രമോഷൻ വൈകിപ്പിക്കുന്ന എന്നതും സംബന്ധിച്ച ജീവനക്കാരുടെ പരാതികൾക്ക് വകുപ്പുതല പരിഹാരം കണ്ടെത്തുമോ;

(ഡി) കൃത്യമായ ഗ്രഡേഷൻ ലിസ്റ്റ് മുൻസിപ്പൽ ഡയറക്ടറേറ്റിൽ നിലവിലുണ്ടോ; ആയത് കാലാനുസൃതമായി പരിഷ്ക്കരിക്കുന്നുണ്ടോ; എങ്കിൽ ആയത് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? .

ഉത്തരം

(എ) കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ 2019 മേയ് 31 വരെ റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് എന്നീ തസ്തികകളിൽ 13 ഒഴിവുകൾ വീതം ഉണ്ടാകുന്നതാണ്. ചുവടെ ചേർക്കുന്ന നഗരസഭകളിലാണ് ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുള്ളത്.

<u>സൂപ്രണ്ട്</u>

| | | |
|---|---|---|
| കൊച്ചി | - | 1 |
| തിരുവനന്തപുരം | - | 2 |
| ചാലക്കുടി | - | 1 |
| കൊല്ലം | - | 1 |
| വടകര | - | 1 |
| കോഴിക്കോട് | - | 1 |
| കണ്ണൂർ | | -1 |
| നെയ്യാറ്റിൻകര | - | 1 |
| കൊയിലാണ്ടി | - | 1 |
| സൗത്ത് പറവൂർ | - | 1 |
| പാലക്കാട് | - | 1 |
| കോഴിക്കോട് | - | 1 |

<u>ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ</u>

| | | |
|---|---|---|
| സുൽത്താൻബത്തേരി | - | 1 |
| ഷൊർണ്ണൂർ | - | 1 |
| തിരുവനന്തപുരം | - | 3 |
| ആലപ്പുഴ | - | 1 |
| കോഴിക്കോട് | - | 1 |
| കൊച്ചി | - | 2 |
| തൃശ്ശൂർ | - | 1 |
| പുനലൂർ | - | 1 |
| ആറ്റിങ്ങൽ | - | 1 |
| പാല | - | 1 |

(ബി) 2019 ജനുവരി മാസത്തിൽ റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് തസ്തികകളിൽ ഉദ്യോഗക്കയറ്റം വഴി നിയമനം നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

സൂപ്രണ്ട് തസ്തിക

സിന്ധു.സി.ഒ., കൊല്ലം- കാഞ്ഞങ്ങാട് നഗരസഭ (ഉദ്യോഗക്കയറ്റം)

ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ തസ്തിക

1. സരസ്വതി പി.വി.

   അങ്കമാലി-കോതമംഗലം

2. ലൈല ബീവി എസ്.

   അടൂർ- പത്തനംതിട്ട

3. ഷാനികുമാർ എം.പി.

   കോഴിക്കോട്-പുനലൂർ

2019 ജനുവരി 31-ന് ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ തസ്തികകളിൽ വിരമിക്കൽ വരുന്നില്ല.

(സി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സൂപ്രണ്ട് തസ്തികയിൽ താൽക്കാലിക ഗ്രഡേഷൻ ലിസ്റ്റാണ് നിലവിലുള്ളത്. ആയത് അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്രഡേഷൻ ലിസ്റ്റുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

187 (1659) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമ പഞ്ചായത്തുകളിലുമാണ് ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) തിരൂരങ്ങാടി, കൊണ്ടോട്ടി എന്നിവിടങ്ങളിലെ ബ്ലോക്ക് പഞ്ചായത്ത് പരിധികളിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് എന്നറിയിക്കാമോ;

(സി) തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിൽ ബി.ഡി.ഒ തസ്തിക നിലവിൽ ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മൂന്നിയൂർ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവ് നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ഒഴിവുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി)

| ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് | തസ്തിക | ഒഴിവ് |
|---|---|---|---|
| തിരൂരങ്ങാടി | വള്ളിക്കുന്ന് | ക്ലാർക്ക് | 1 |
| | | ഓഫീസ് അറ്റൻഡന്റ് | 1 |
| | നന്നമ്പ്ര | വി.ഇ.ഒ. | 1 |
| | മൂന്നിയൂർ | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| കൊണ്ടോട്ടി | പുളിക്കൽ | സീനിയർ ക്ലാർക്ക് | 1 |
| | മുതുവല്ലൂർ | വി.ഇ.ഒ. | 1 |
| | പള്ളിക്കൽ | ക്ലാർക്ക് | 1 |
| | | മൂന്നാം ഗ്രേഡ് ഓവർസീയർ | 1 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ നിയമിച്ചുകൊണ്ട് ഗ്രാമ വികസന കമ്മീഷണർ 19-1-2019-ൽ ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. നിയമനത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പഞ്ചായത്ത് ഓഫീസുകളിലെ ഒഴിവുള്ള തസ്തികകൾ

188 (1660) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് എന്നീ ഓഫീസുകളിൽ നിലവിലുള്ള അംഗീകൃത തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഈ ഓഫീസുകളിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ ഒഴിവുകൾ നികത്താൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ അംഗീകൃത തസ്തികകൾ:

| | |
|---|---|
| ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ | 1 |
| ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ | 1 |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1 |
| എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) | 1 |
| എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) | 1 |
| എക്സ്റ്റൻഷൻ ഓഫീസർ (പി&എം) | 1 |
| ഹെഡ് ക്ലാർക്ക് | 1 |
| ഹെഡ് അക്കൗണ്ടന്റ് | 1 |

| | |
|---|---|
| ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 3 |
| പുനർവിന്യാസ ക്ലാർക്ക് | 1 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| ടൈപ്പിസ്റ്റ് | 1 |
| പാർട്ട്ടൈം സ്വീപ്പർ | 2 |
| ഡ്രൈവർ | 1 |

<u>മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗത്തിന്റെ അംഗീകൃത തസ്തികകൾ:</u>

| | |
|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| ഒന്നാംതരം ഓവർസീയർ | 1 |
| രണ്ടാംതരം ഓവർസീയർ | 1 |
| ക്ലാർക്ക് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |

കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ അംഗീകൃത തസ്തികകൾ:

| | |
|---|---|
| സെക്രട്ടറി | 1 |
| അസിസ്റ്റന്റ് സെക്രട്ടറി | 1 |
| ഹെഡ് ക്ലാർക്ക് | 1 |

| | |
|---|---|
| അക്കൗണ്ടന്റ് | 1 |
| സീനിയർ ക്ലാർക്ക് | 3 |
| ക്ലാർക്ക് | 4 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| പാർട്ട്ടൈം സ്വീപ്പർ | 1 |

<u>കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗത്തിന്റെ അംഗീകൃത തസ്തികകൾ:</u>

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| ഒന്നാംതരം ഓവർസീയർ | 1 |
| രണ്ടാംതരം ഓവർസീയർ | 1 |
| മൂന്നാംതരം ഓവർസീയർ | 1 |

(ബി) മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. ചൂണ്ടൽ/ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ 2 തസ്തികകളിൽ ഒരു ഒഴിവ് നിലവിലുണ്ട്. (രണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയായിരുന്നു നിലനിന്നിരുന്നത്. 31-1-2019-ലെ സ.ഉ (കൈ)12/19/തസ്വഭവ ഉത്തരവ് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഒരു അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.)

(സി) ഒഴിവുവിവരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിയമനം സ്ഥാനക്കയറ്റം/പി.എസ്.സി. നിയമനം മുഖേന നടത്തുന്നതാണ്.

**നഗരസഭകളിൽ ജീവനക്കാരുടെ അഭാവം**

189 (1661) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി രൂപീകരിച്ച നഗരസഭകളിൽ പലതിലും സെക്രട്ടറി അടക്കമുള്ള ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ജീവനക്കാരെ ഫലപ്രദമായി നിയമിച്ചുവരുന്നു. പുതിയതായി മുനിസിപ്പൽ സെക്രട്ടറിമാരായി പി.എസ്.സി. അഡ്വൈസ് ചെയ്ത 6 ഉദ്യോഗാർത്ഥികൾക്ക് ഒരു മാസത്തെ പ്രീ-സർവ്വീസ് ട്രെയിനിംഗ് നടന്നുവരികയാണ്. ട്രെയിനിംഗ് പൂർത്തിയാക്കിയതിനുശേഷം ഒഴിവുള്ള മുനിസിപ്പാലിറ്റികളിൽ ഇവരെ നിയമിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. മുനിസിപ്പൽ കോമൺ സർവ്വീസിലെ ഒഴിവുള്ള മറ്റ് തസ്തികകളിൽ പി.എസ്.സി. വഴിയോ ഉദ്യോഗക്കയറ്റം വഴിയോ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനം**

190 (1662) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിരവധി തസ്തികകളിൽ ജീവനക്കാരില്ലാത്തതുമൂലം പൊതുജനങ്ങൾക്ക്ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥാനക്കയറ്റം/ പി.എസ്.സി. നിയമനം എന്നിവ മുഖേന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനം

191 (1663) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റി, തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്, കരിമ്പുഴ ഗ്രാമപഞ്ചായത്ത്,കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത്, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്, ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിംഗ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ അനുവദിക്കപ്പെട്ട തസ്തിക, ഒഴിഞ്ഞുകിടക്കുന്ന തസ്തിക, എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു എന്നിവ വിശദാംശം ഉൾപ്പെടെ ലഭ്യമാക്കാമോ?

ഉത്തരം

പഞ്ചായത്ത് വകുപ്പ്

| ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിക്കപ്പെട്ട തസ്തിക | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | ഹെഡ് ക്ലാർക്ക് | അക്കൗണ്ടന്റ് | സീനിയർ ക്ലാർക്ക് | ക്ലാർക്ക് | ഓഫീസ് അറ്റൻഡന്റ് | പി.ടി.എൽ | പി.ടി.എസ്. |
| തച്ചനാട്ടുകര | 1 | 1 | 1 | 1 | 3 | 2 | 1 | | 1 |
| കരിമ്പുഴ | 1 | 1 | 1 | 1 | 3 | 3 | 1 | 1 | 1 |
| കടമ്പഴിപ്പുറം | 1 | 1 | 1 | 1 | 2 | 3 | 1 | 1 | |
| ശ്രീകൃഷ്ണപുരം | 1 | 1 | 1 | 1 | 2 | 3 | 1 | 1 | 2 |
| പൂക്കോട്ടുകാവ് | 1 | 1 | 1 | 1 | 3 | 4 | 1 | | |
| അമ്പലപ്പാറ | 1 | 1 | 1 | 1 | 4 | 3 | 1 | 1 | 1 |
| ലക്കിടിപേരൂർ | 1 | 1 | 1 | 1 | 3 | 4 | 1 | | 1 |

കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കിന്റെ ഒരൊഴിവ് 22-11-2018 മുതലും കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ ക്ലാർക്കിന്റെ ഒരൊഴിവ് 31-7-2018 മുതലും തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ ക്ലാർക്കിന്റെ ഒരൊഴിവ് 25-7-2018 മുതലും നിലവിലുണ്ട്.

നഗരകാര്യവകുപ്പ്

| മുനിസിപ്പാലിറ്റിയുടെ പേര് | അനുവദിക്കപ്പെട്ട തസ്തിക | |
|---|---|---|
| | എൽ.ഡി.ക്ലാർക്ക്/ ബിൽ കളക്ടർ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II |
| ഒറ്റപ്പാലം | 8 | 4 |

എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ ഒരൊഴിവ് 9-8-2017 മുതൽ നിലവിലുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ 11-1-2017, 6-2-2017, 7-10-2017 എന്നീ തീയതി മുതൽ മൂന്ന് ഒഴിവുകൾ നിലവിലുണ്ട്.

ഗ്രാമവികസന വകുപ്പ്

| തസ്തിക | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | |
|---|---|---|
| | ശ്രീകൃഷ്ണപുരം | ഒറ്റപ്പാലം |
| (1) | (2) | (3) |
| ബി.ഡി.ഒ. | 1 | 1 |
| ബ്ലോക്ക് പ്രോഗ്രാം ഓഫീസർ | 1 | 1 |
| ഹെഡ് ക്ലാർക്ക് | 1 | 1 |
| ഹെഡ് അക്കൗണ്ടന്റ് | 1 | 1 |

| (1) | (2) | (3) |
|---|---|---|
| ക്ലാർക്ക് | 3 | 3 |
| ഡിപ്ലോയിഡ് ക്ലാർക്ക് | 1 | 1 |
| ടൈപ്പിസ്റ്റ് | 1 | 1 |
| ഡ്രൈവർ | 1 | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 | 2 |
| ജോ.ബി.ഡി.ഒ. (ഇ.ജി.എസ്) | 1 | 1 |
| എക്സ്റ്റൻഷൻ ഓഫീസർ (WW) | 1 | 1 |
| ജി.ഇ.ഒ. | 1 | 1 |
| ഇ.ഒ. (എച്ച്) | 1 | 1 |
| ഇ.ഒ. (P&M) | 1 | 1 |
| വി.ഇ.ഒ. | 11 | 15 |
| പി.ടി.എസ്. | 1 | 1 |

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ തസ്തികയിൽ ഒരൊഴിവ് 12-7-2018 മുതലും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ തസ്തികയിൽ ഒരൊഴിവ് 13-7-2018 മുതലും നിലവിലുണ്ട്. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിൽ 13-11-2018 മുതൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഒരൊഴിവ് നിലവിലുണ്ട്.

എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗ്

| കാര്യാലയത്തിന്റെ പേര് | അനുവദിക്കപ്പെട്ട തസ്തിക | | | | | |
|---|---|---|---|---|---|---|
| | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ | ഒന്നാംതരം ഓവർസീയർ | രണ്ടാംതരം ഓവർസീയർ | മൂന്നാംതരം ഓവർസീയർ | ക്ലർക്ക് |
| ഒറ്റപ്പാലം മുനിസിപ്പാലിറ്റി | | 1 | 1 | 1 | 3 | |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 1 | 1 | 1 | 1 | | 1 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 1 | 1 | 1 | 1 | | 1 |
| തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് | | 1 | | 1 | 1 | |
| കരിമ്പുഴ ഗ്രാമപഞ്ചായത്ത് | | 1 | | 1 | 1 | |
| കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | | 1 | | 1 | 1 | |
| ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | | 1 | 1 | 1 | 1 (ശ്രീകൃഷ്ണപുരം/ പൂക്കോട്ടുകാവ്) | 1 (ശ്രീകഷ്ണപുരം/ പൂക്കോട്ടുകാവ്) |
| പൂക്കോട്ട് ഗ്രാമപഞ്ചായത്ത് | | 1 | | 1 | | |
| അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | | 1 | 1 | | 1 | |
| ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | | 1 | | 1 | 1 | |

ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ മൂന്നാംതരം ഓവർസീയർ തസ്തികയിൽ ഒരൊഴിവ് 6 മാസമായും ഒരൊഴിവ് 1 വർഷമായും നിലവിലുണ്ട്. കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ മൂന്നാംതരം ഓവർസീയർ തസ്തികയിൽ ഒരൊഴിവ് 3-7-2018 മുതൽ നിലവിലുണ്ട്.

കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ മൂന്നാംതരം ഓവർസീയർ തസ്തികയിൽ ഒരൊഴിവ് 31-10-2018 മുതൽ നിലവിലുണ്ട്. അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഒരൊഴിവ് 1-1-2019 മുതലും ഒന്നാംതരം ഓവർസീയർ തസ്തികയിൽ ഒരൊഴിവ് രണ്ട് മാസമായും നിലവിലുണ്ട്. 31-1-2019-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നിലവിൽ വന്നിട്ടുണ്ട്. അതിൻപ്രകാരം കടമ്പഴിപ്പുറം, പൂക്കോട്ടുകാവ്, ലക്കിടിപേരൂർ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓരോ ഒഴിവുകൾ 1-2-2019 മുതൽ നിലവിലുണ്ട്.

## സോണിംഗ് ഉത്തരവ്

192 (1664) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഈഞ്ചയ്ക്കൽ- ചാക്ക ബൈപാസ് റോഡിൽ അനന്തപുരി ആശുപത്രിയ്ക്ക് സമീപം പുതിയ എസ്.പി.ഫോർട്ട് ആശുപത്രിയുടെ ബഹുനില കെട്ടിടം പണിനടക്കുന്ന സ്ഥലത്തിനോട്ടും പെട്രോൾ പമ്പിനോട്ടും ചേർന്ന്കിടക്കുന്ന പേട്ട വില്ലേജ് സർവ്വേനമ്പർ 1431, 1562, 1432-ൽപ്പെടുന്ന സ്ഥലത്ത് എത്ര നില കെട്ടിടം പണിയാൻ കോർപ്പറേഷന് അനുമതി നൽകാനാകും; വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത പ്രദേശം ഏത് സോണിംഗിൽ പെടുന്നതാണ്; സോണിംഗ് ഉത്തരവും മാപ്പും ലഭ്യമാക്കാമോ; ഈ പ്രദേശം പുതിയ സോണിംഗ് ആക്കാൻ എന്തെങ്കിലും പുതിയ നടപടിയുണ്ടോ;

(സി) ഇപ്പോൾ ഈ പ്രദേശത്ത് പണി നടക്കുന്ന പുതിയ എസ്.പി.ഫോർട്ട് ആശുപത്രിയ്ക്ക് എത്ര നില പണിയുവാനാണ് പെർമിറ്റ് നൽകിയിരിക്കുന്നത്; പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം എത്ര;

(ഡി) പ്രസ്തുത സ്ഥലം ബി.ടി.ആർ. പ്രകാരം നിലമാണോ പുരയിടമാണോ എന്ന് അറിയിക്കാമോ; ഏത് സർവ്വേ നമ്പരിൽ പെടുന്ന സ്ഥലമാണ്; പെർമിറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ പ്രദേശം ഏത് സോണിംഗിൽ പെടുന്നതാണ് ;

(ഇ) തിരുവനന്തപുരം ബൈപാസിന് ചേർന്ന് കിടക്കുന്ന പല നല്ല സ്ഥലങ്ങളും റവന്യൂ രേഖകളിലും മറ്റും ഗ്രീൻസ്ട്രിപ്പ് എന്നും ബി.ടി.ആർ.-ൽ നിലമെന്നും മറ്റും രേഖപ്പെടുത്തികിടക്കുന്നതിനാൽ പ്രസ്തുത ബൈപ്പാസിലെ പല നല്ല സ്ഥലങ്ങളിലും വികസനം ഇല്ലാതെ വരുന്നത് മനസ്സിലാക്കി വികസനത്തിന് ആവശ്യമായ സോണിംഗ് നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോർപ്പറേഷൻ, ഒരു കെട്ടിടത്തിന് അനുമതി നൽകുന്നത് പ്രധാനമായും കെട്ടിട നിർമ്മാണച്ചട്ടം ബാധകമായ ടൗൺ പ്ലാനിംഗ് സ്കീം അടിസ്ഥാനമാക്കിയാണ്. കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999 പ്രകാരം, ഒരു പ്ലോട്ടിൽ നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി ഉയരം, കെട്ടിടത്തിന്റെ ഉപയോഗം, പ്ലോട്ടിന്റെ വിസ്തൃതി, കെട്ടിടത്തിന്റെ മൊത്തം തറ വിസ്തീർണ്ണം എന്നിവ അടിസ്ഥാനമാക്കിയുള്ള FAR (Floor Area Ratio)-ന്റെ അടിസ്ഥാനത്തിലും പുരയിടത്തിന് സമീപത്ത് കൂടെയുള്ള റോഡിന്റെ വീതിയുടെയും കെട്ടിടത്തിന് റോഡിന് അഭിമുഖമായി നൽകുന്ന സെറ്റ് ബാക്കിന്റെ അടിസ്ഥാനത്തിലും എയർപോർട്ട് അതോറിറ്റി, പ്രതിരോധ വകുപ്പ് മുതലായവയുടെ നിയന്ത്രണത്തിന് വിധേയമായുമാണ്. കൂടാതെ ടൗൺ പ്ലാനിംഗ് സ്കീം നിലവിലുള്ള സ്ഥലമാണെങ്കിൽ, സ്കീമിൽ ഉയരം നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ നിയന്ത്രണവും പാലിക്കേണ്ടതാണ്.

(ബി) തിരുവനന്തപുരം പേട്ട വില്ലേജ് സർവ്വേ നമ്പർ 1431, 1562, 1432-ൽപ്പെടുന്ന സ്ഥലം residential use zone-ൽ ഉൾപ്പെടുന്നു. അംഗീകൃത തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ മാപ്പ് അനുബന്ധം-1* ആയും സോണിംഗ് ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2* ആയും ഇതോടൊപ്പം ചേർത്തിരിക്കുന്നു. കേന്ദ്രപദ്ധതിയായ 'അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ' എന്ന പദ്ധതിയിൽ തിരുവനന്തപുരം നഗര പ്രദേശത്തിനായി ഒരു പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി പുരോഗമിക്കുകയാണ്. പുതിയ മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ ഇതുപ്രകാരമുള്ള സോണിംഗ് നിയന്ത്രണങ്ങളായിരിക്കും ഈ പ്രദേശത്ത് ബാധകം.

(സി) എസ്.പി. ഫോർട്ട് ആശുപത്രിക്ക് 8 നിലയും അതിനുമുകളിലായി പാർക്കിംഗ് നിലയും പണിയുവാൻ പെർമിറ്റ് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥല വിസ്തീർണ്ണം 290.280 സെന്റ് ആകുന്നു.

(ഡി) പ്രസ്തുത സ്ഥലം തണ്ടപ്പേര് കണക്ക് പ്രകാരം പുരയിടമാണ്. സർവ്വേ നമ്പർ 1545, 1545/1-1, 1503/1, 1498/1, 1545/1-2, 1548/1, 1548/1-1, 1548, 1501/2, 1502, 1503/3-1, 1498, 1550/1-1, 1550/1-2, 1551/3-1, 1551/3-2, 1551/3-3, 1550/2, 1542/A-1, 1542, 1542/B, 1544/2, 1543/2, 1544/3, 1544, 1547/2-3, 1547/2-2-2, 1499/1-2-ൽപ്പെടുന്ന സ്ഥലമാണ്; പെർമിറ്റിന്റെ പകർപ്പ് അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.* ഈ പ്രദേശം റസിഡൻഷ്യൽ സോണിൽ ഉൾപ്പെടുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ഭൂമിയുടെ നിലവിലെ വികസന പ്രവണതകളും വികസന സാധ്യതകളും മറ്റു ഘടകങ്ങളോടൊപ്പം വിശകലനം ചെയ്ത് നഗരതലത്തിൽ ആവിഷ്കരിക്കുന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദിഷ്ട ഭൂവിനിയോഗം നിർണ്ണയിക്കപ്പെടുന്നത്. ആയതിനാൽ 'അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ' എന്ന കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കി വരുന്ന പുതിയ തിരുവനന്തപുരം മാസ്റ്റർ പ്ലാനിൽ ഈ കാര്യങ്ങൾ പരിഗണിക്കുന്നതാണ്.

### ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യ നിർമ്മാർജ്ജനം

193 (1665) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ തമ്പാനൂർ, പഴവങ്ങാടി ഭാഗങ്ങളിൽ ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം നിറഞ്ഞ് ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പകർച്ചവ്യാധി ഭീഷണി നേരിടുന്ന സ്ഥലവാസികളുടെ പ്രയാസം കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം നഗരത്തിലൂടെ കടന്നുപോകുന്ന ആമയിഴഞ്ചാൻ തോടിന്റെ നിയന്ത്രണം ഇറിഗേഷൻ വകുപ്പിനാണ്. പാളയം വാർഡിലെ ലെനിൻ നഗർ വാട്ടർ വർക്സിന് സമീപത്തുനിന്ന് ആരംഭിക്കുന്ന ഈ തോട്ടിലേയ്ക്ക് കൂടുതൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി ബേക്കറി ജംഗ്ഷൻ വരെ പൂർണ്ണമായും ഫെൻസിംഗ് ചെയ്തിട്ടുണ്ട്. രാജാജി നഗർ കോളനി നിവാസികൾ ആമയിഴഞ്ചാൻ തോട്ടിലേക്ക് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കോളനിയിൽ തുമ്പൂർമൂഴി എയ്റോബിൻ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം നഗരസഭ പദ്ധതി തയ്യാറാക്കി ഡി.പി.സി.-യുടെ അംഗീകാരം ലഭ്യമാക്കിയെങ്കിലും കോളനി നിവാസികളുടെ ഒരു വിഭാഗത്തിന്റെ എതിർപ്പ് കാരണം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ദുരന്തനിവാരണ വകുപ്പ് ചില നവീകരണ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും ആയത് പൂർത്തിയാക്കിയിട്ടില്ല. കെ.എസ്.യു.ഡി.പി. മുഖേന നൽകിയ കരാർ പ്രകാരം ആമയിഴഞ്ചാൻ തോട്ടിലെ കുറച്ച് മാലിന്യം നീക്കം ചെയ്തെങ്കിലും നീക്കം ചെയ്യുന്ന മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് സൗകര്യമില്ലാത്ത കാരണത്താൽ പണി പകുതി വഴിയിൽ നിർത്തിവച്ചിരിക്കുകയാണ്. ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിലേക്കായി തിരുവനന്തപുരം നഗരസഭ ഒരു പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതും 50,00,000 രൂപ (അൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുള്ളതുമാണ്.

## തിരുവനന്തപുരം നഗരസഭയിലെ സമ്പൂർണ്ണ ശുചിത്വ വാർഡുകൾ

194 (1666) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഉപയോഗിച്ച് തിരുവനന്തപുരം നഗരസഭയിലെ 100 വാർഡുകളെയും ഘട്ടം ഘട്ടമായി സമ്പൂർണ്ണ ശുചിത്വ വാർഡുകളായി പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) മുൻ കൗൺസിലിന്റെ കാലത്ത് തിരുവനന്തപുരം നഗരസഭയിലെ പകുതിയോളം വാർഡുകളെ സമ്പൂർണ്ണ ശുചിത്വവാർഡുകളായി പ്രഖ്യാപിച്ചിരുന്നോ;

(സി) എങ്കിൽ 100 വാർഡുകളെ ഇപ്പോൾ സമ്പൂർണ്ണ ശുചിത്വ വാർഡുകളായി പ്രഖ്യാപിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ നഗരസഭ കൗൺസിലിന്റെ കാലത്ത് നിർണ്ണയിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് വിധേയമായി 51 വാർഡുകൾ ശുചിത്വ വാർഡുകളായി പ്രഖ്യാപിച്ചിരുന്നു.

(സി) സമ്പൂർണ്ണ ശുചിത്വ വാർഡുകളുടെ മാനദണ്ഡം പുനഃനിശ്ചയിച്ചുകൊണ്ട് നഗരസഭയിലെ 100 വാർഡുകളും സമ്പൂർണ്ണ ശുചിത്വ വാർഡുകളാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## തിരുവനന്തപുരം കോർപ്പറേഷന്റെ പരസ്യനികുതി

195 (1667) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ പരസ്യനികുതി പിരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ഇതിനായി ഏതെങ്കിലും സ്വകാര്യ ഏജൻസിയെ കോർപ്പറേഷൻ നിയോഗിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്വകാര്യ കമ്പനി, കോർപ്പറേഷൻ നിശ്ചയിച്ച നിരക്ക് മാത്രമേ പരസ്യബോർഡുകൾ സ്ഥാപിക്കുന്നവരിൽ നിന്നും ഈടാക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുവാൻ സംവിധാനമുണ്ടോ;

(സി) പരസ്യ നികുതി നൽകുന്നതിൽ നിന്നും ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗത്തെ; വിശദാംശം നൽകുമോ;

(ഡി) പരസ്യ നികുതിയിനത്തിൽ 2018-ൽ തിരുവനന്തപുരം കോർപ്പറേഷന് എന്ത് തുകയാണ് ലഭിച്ചത്?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം നഗരസഭ പരസ്യ നികുതി ഈടാക്കുന്നില്ല. എന്നാൽ തിരുവനന്തപുരം നഗരസഭാ പരിധിക്കുള്ളിൽ സ്ഥാപിക്കുന്ന താൽക്കാലിക പരസ്യങ്ങളുടെ അനുമതി ഫീസ് മാത്രമാണ് ഈടാക്കുന്നത്. ടി അനുമതി ഫീസ് പിരിക്കുന്നതിന് 2018-19 കാലയളവിലേക്ക് Racks Media Concept എന്ന സ്വകാര്യ ഏജൻസിയെ 2018-19 കൗൺസിൽ തീരുമാനം 3 (എ) 6 പ്രകാരം ചുമതലയേൽപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരസ്യ നികുതി ഈടാക്കുന്നില്ല. പരസ്യ ബോർഡ് സ്ഥാപിക്കുന്നതിന്റെ അനുമതി ഫീ ഈടാക്കുന്നതിൽ നിന്നും ആരെയും ഒഴിവാക്കിയിട്ടില്ല.

(ഡി) പരസ്യ നികുതിയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ പരസ്യ ബോർഡുകളുടെ അനുമതി ഫീസിനത്തിൽ 1,30,39,410 രൂപ ലഭിച്ചിട്ടുണ്ട്.

## കൊച്ചി നഗരസഭയുടെ കോക്കേഴ്സ് തിയേറ്റർ കെട്ടിടം

196 (1668) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നഗരസഭ ഏറ്റെടുത്ത ഫോർട്ട് കൊച്ചിയിലെ കോക്കേഴ്സ് തീയറ്ററിന്റെ കെട്ടിടത്തിൽ. 2017-2018-ലെ ബജറ്റ് പ്രൊപ്പോസൽ പ്രകാരം കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് പുതിയ തിയേറ്റർ ഉൾപ്പെടുന്ന കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

കൊച്ചി നഗരസഭ 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നിയമ നടപടികൾ, കോടതി വ്യവഹാരങ്ങൾ എന്നിവ തീർപ്പാക്കാത്തതിനാൽ മേൽ ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

## ഭവനശ്രീ പദ്ധതി

197 (1669) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനശ്രീ പദ്ധതി പ്രകാരം കോട്ടയ്ക്കൽ നഗരസഭയിലെ 160 കുടുംബങ്ങൾക്ക് വീട് നൽകിയതിൽ 10 പേർ എഗ്രിമെന്റ് വെയ്ക്കാതെ വീട് നിർമ്മാണം പൂർത്തിയാക്കിയ വിഷയം, നഗരസഭ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് കോ-ഓർഡിനേഷൻ

കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും നഗരകാര്യ വകുപ്പ് ഡയറക്ടറെ അന്വേഷണത്തിന് ചുമതലപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16-10-2018-ലെ 4(25) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ നഗരകാര്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഫയൽകോപ്പി ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കോട്ടയ്ക്കൽ നഗരസഭയിൽ ഭവനശ്രീ പദ്ധതിപ്രകാരം 160 കുടുംബങ്ങൾക്ക് വീട് നൽകിയതിൽ 10 പേർ എഗ്രിമെന്റ് വയ്ക്കാതെ വീട് നിർമ്മാണം പൂർത്തിയാക്കിയ വിഷയത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യ വകുപ്പിൽനിന്നും 1-2-2019-ലെ ഡിസി4/2315/19 നമ്പർ കത്ത് പ്രകാരം കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 16-2-2019-ലെ സി/480/2019 നമ്പർ കത്ത് പ്രകാരം മേഖലാ ജോയിന്റ് ഡയറക്ടർ അന്വേഷണ റിപ്പോർട്ട് നഗരകാര്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും ടി അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് 16-2-2019-ന് ഡിസി4/22315/2019 നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ച് ഭവനശ്രീ പദ്ധതിപ്രകാരം എഗ്രിമെന്റ് വയ്ക്കാതെ വീട്ട് നമ്പർ കരസ്ഥമാക്കിയ 10 പേർക്ക് ധനസഹായം നൽകുന്നതിന് അനുമതി സ.ഉ.(സാധാ)നമ്പർ 574/2019/ത.സ്വ.ഭ.വ തീയതി 8-3-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയത്തിൽ നഗരകാര്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികളടങ്ങിയ ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തീരുമാനമെടുത്ത് വിവരം സർക്കാരിൽ അറിയിക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മാനന്തവാടി നഗരസഭ സെക്രട്ടറിയെ നിയമിക്കാൻ നടപടി

198 (1670) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നഗരസഭാ സെക്രട്ടറി തസ്തികയിൽ വളരെക്കാലമായി ആളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സഗരസഭയ്ക്ക് സെക്രട്ടറിയെ നിയമിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. സെക്രട്ടറിമാരായി നിയമനം നടത്തുന്നതിന് പി.എസ്.സി. അഡ്വൈസ് ലഭിച്ച ആറുപേരുടെ പരിശീലനം നടന്നുകൊണ്ടിരിക്കുകയാണ്. പരിശീലനം പൂർത്തിയാക്കിയശേഷം അവരെ നഗരസഭകളിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മാനന്തവാടി നഗരസഭാ സെക്രട്ടറിയുടെ അധിക ചുമതല മറ്റൊരു ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ട്.

## തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ ചട്ടവിരുദ്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ

199 (1671) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ പരിധിയിൽ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം നിലവിൽ വന്നതെന്നാണെന്ന് വിശദമാക്കാമോ;

(ബി) തൃക്കാക്കര മുനിസിപ്പാലിറ്റി, കൊച്ചി കോർപ്പറേഷൻ എന്നിവയുടെ പരിധിയിൽ ചട്ടവിരുദ്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളോ സ്ഥാപനങ്ങളോ വീടുകളോ ഉണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ചട്ടവിരുദ്ധ നിർമ്മാണങ്ങൾക്ക് അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ കെട്ടിട നിർമ്മാണ ചട്ടം നിലവിൽ വന്നത് 6-11-2006 മുതലാണ്.

(ബി) ഉണ്ട്. തൃക്കാക്കര, കൊച്ചി മുനിസിപ്പാലിറ്റികളിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ 15-2-2018 തീയതിയിലെ ജി.ഒ. (പി) നമ്പർ 11/2018/ തസ്വഭവ, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999 എന്നിവ പ്രകാരം റഗുലറൈസ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾക്ക് അനുമതി നൽകിയെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

**സൻസദ് ആദർശ് ഗ്രാമയോജന**

200 (1672) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ നന്നമ്പ്ര പഞ്ചായത്തിലുള്ള എ.എം.എൽ.പി. സ്കൂൾ കുണ്ടൂറിന് സൻസദ് ആദർശ് ഗ്രാമയോജന പ്രകാരം ഐ.ഒ.സി. നിർമ്മിക്കുന്ന കെട്ടിടത്തിന് സൂപ്പർ ഡിവിഷൻ ചാർജ് ഒഴിവാക്കുന്നതിന് ചീഫ് എഞ്ചിനീയർ ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ശിപാർശയിന്മേലുള്ള സർക്കാർ ഉത്തരവ് ലഭ്യമാകാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഫയലിന്മേലുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

**മട്ടാഞ്ചേരി മരക്കടവിലെ അറവുശാല**

201 (1673) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-2-2007 മുതൽ അടച്ചിട്ടിരിക്കുന്ന മട്ടാഞ്ചേരി മരക്കടവിലെ അറവുശാല പുതുക്കി പണിയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് അറവുശാല എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) ഇതിന്റെ ഡി പി ആർ, ഡയറക്ട് പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; ആരെയാണ് ഈ പ്രവൃത്തികൾ ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി ബഹുവർഷ പദ്ധതിയായി (എസ്.1121/19) മട്ടാഞ്ചേരി മരക്കടവ് അറവുശാല നിർമ്മിക്കുന്നതിനായി വികസന ഫണ്ടിൽ 2,00,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതുപ്രകാരം അറവുശാല നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2018-19, 2019-20 ബഹുവർഷ പദ്ധതിയായിട്ടാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതുപ്രകാരം 2020 മാർച്ചിനകം പദ്ധതി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

(സി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് സെന്റർ ഫോർ ഫാമിംഗ് & ഫുഡ് പ്രോസസിംഗ് കണ്ണൂർ എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

**മൂർക്കനാട് ഗ്രാമപഞ്ചായത്തിലെ മിൽമ സംസ്കരണശാല**

202 (1674) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമ സംസ്കരണശാല ആരംഭിക്കുന്നതിന് വിട്ടുനൽകേണ്ട ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്ക് ഭൂമി വിട്ടു നൽകുന്നതിന്റെ നിയമ സാധുത സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമ സംസ്കരണശാല ആരംഭിക്കുന്നതിന് വിട്ടുനൽകേണ്ട ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്മേൽ നിയമോപദേശത്തിനായി നടപടി സ്വീകരിച്ചിരിക്കുകയാണ്. ആയത് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്.

## ബാലുശ്ശേരിയിൽ ഫയർ &റെസ്ക്യൂ സ്റ്റേഷൻ

203 (1675) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് ഗ്രാമപഞ്ചായത്ത് എത്ര സെന്റ് ഭൂമിയാണ് ഫയർ & റസ്ക്യൂ വകുപ്പിന് വിട്ടു നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി വിട്ട് നൽകാനുള്ള ഫയലിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് ഗ്രാമപഞ്ചായത്ത് നിലവിൽ ഭൂമി വിട്ടു നൽകിയിട്ടില്ല. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ 12-3-2018-ലെ 9 (13) നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ പുഴ പുറമ്പോക്കിൽപ്പെട്ട 50 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് സൗജന്യമായി വിട്ടുനൽകുന്നതിന് അനുമതി നൽകുന്നതിന് സർക്കാരനോട് അപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ പകർപ്പ് ഫയർ ആന്റ് റെസ്ക്യൂ കോഴിക്കോട് ഡിവിഷണൽ ഓഫീസർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

## ഗ്രാമപഞ്ചായത്തുകളുടെ വിഭജനം

204 (1676) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവും സംബന്ധിച്ച് 27-11-2014-ൽ സ.ഉ. (സാധാ) നമ്പർ 3113/2014/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയി ക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കു ന്നതിനായി 28-3-2018 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 877/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. റിപ്പോർട്ടിലെ പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരി ക്കുന്നതിന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള മാനദണ്ഡങ്ങളുടെ വിശദമായ പരിശോധ നയ്ക്കുശേഷം മാത്രമേ പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

## ഡയാലിസിസ് സെന്റർ അടച്ചുപൂട്ടേണ്ട സാഹചര്യം

205 (1677) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി താലൂക്ക് പരിധിയിലെ നഗരസഭകളിൽ നിന്നും പഞ്ചായ ത്തുകളിൽ നിന്നും തനത് ഫണ്ട് വകയിരുത്തുന്നതുമായി ബന്ധപ്പെട്ട പെർമിസീവ് സാങ്ഷൻ അപേക്ഷയിന്മേലുള്ള എഫ് എം 2/325/2018/എൽഎസ്ജിഡി ഫയലിൽ തീരുമാനമെടുക്കുന്നതിനുണ്ടായ കാലതാമസംമൂലം, തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിരവധി രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് സഹായകരമായിരുന്ന ഡയാലിസിസ് സെന്റർ അടച്ചുപൂട്ടേണ്ടി വന്ന സാഹചര്യം ഗൗരവമായി കാണുമോ;

(ബി) അതീവ പ്രാധാന്യം മനസ്സിലാക്കി പ്രസ്തുത ഫയലിൽ അടിയന്തരമായി ഉത്തരവ് നല്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തിരൂരങ്ങാടി താലൂക്കാശുപത്രി ഡയാലിസിസ് സെന്റർ മുഖേന താലൂക്ക് പരിധിയിലെ വൃക്കരോഗികൾക്ക് സൗജന്യ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നതിന് തിരൂരങ്ങാടി താലൂക്ക് പരിധിയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 10 ലക്ഷം രൂപ വരെയും ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും 2018-19 വർഷത്തിൽ ടി സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി തിരൂരങ്ങാടി താലൂക്കാശുപത്രി ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റിക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 30-1-2019-ലെ സ.ഉ. (സാധാ) നമ്പർ 197/2019/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റി

206 (1678) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഡവലപ്പ്മെന്റ് അതോറിറ്റി (കാഡ) നിലവിൽ വന്ന വർഷവും പ്രവർത്തനം അവസാനിപ്പിച്ച വർഷവും അറിയിക്കാമോ;

(ബി) കാസർഗോഡ് ഡവലപ്പ്മെന്റ് അതോറിറ്റിയുടെ ലക്ഷ്യവും ഉദ്ദേശ്യവും എന്തായിരുന്നുവെന്നും അവ നിറവേറ്റാൻ കഴിഞ്ഞിരുന്നോ എന്നും വ്യക്തമാക്കാമോ;

(സി) കാസർഗോഡിന്റെ വികസനത്തിനുവേണ്ടി 'കാഡ' നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ഡി) 'കാഡ' പിരിച്ചുവിടാനുണ്ടായ സാഹചര്യവും കാരണവും എന്തായിരുന്നുവെന്നും ആയത് ഇനി പുനഃസ്ഥാപിക്കാൻ ആലോചനയുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഇ) 'കാഡ' വായ്പകൾ നൽകിയിരുന്നോ എന്നും എത്ര വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എത്ര രൂപയുടെ വായ്പകളാണ് നൽകിയതെന്നും ഇത് എന്ത് മാനദണ്ഡപ്രകാരമാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(എഫ്) വായ്പകൾ തിരിച്ചടക്കാത്ത എത്ര പേരുണ്ടെന്നും ഗ്യാരണ്ടിയായി നൽകിയ പ്രമാണങ്ങൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നും അവ തിരിച്ച് നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റി (കാഡ) 1992-ൽ നിലവിൽ വന്നു. 1999-ൽ പിരിച്ചുവിട്ടു.

(ബി) കാസർഗോഡ് നഗരത്തിന്റെയും പരിസര പഞ്ചായത്തുകളുടെയും സമഗ്ര വികസനം എന്നതായിരുന്നു കാസർഗോഡ് വികസന അതോറിറ്റിയുടെ ഉദ്ദേശം. പ്രാദേശിക ഭരണ സംവിധാനത്തെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനുതകുന്ന വികസന പ്രവർത്തനങ്ങളാണ് വികസന അതോറിറ്റികൾ നടപ്പിലാക്കിയിട്ടുള്ളത്.

(സി) കാസർഗോഡ് നഗരസഭാ പ്രദേശത്തും സമീപ പഞ്ചായത്തുകളിലും സമൂഹത്തിന്റെ താഴെക്കിടയിലുള്ള സാധാരണ ജനങ്ങളുടെ സാമൂഹ്യ പുരോഗതി ലക്ഷ്യംവച്ച് ഭവന നിർമ്മാണ വായ്പകൾ, ഭവന നിർമ്മാണ പ്ലോട്ടുകൾ നൽകൽ എന്നിവയാണ് കാഡ നടത്തിയിട്ടുള്ള പ്രധാന വികസന പ്രവർത്തനങ്ങൾ.

(ഡി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 20-12-1999-ലെ സ.ഉ. (കൈ) നമ്പർ 251/99/തസ്വഭവ പ്രകാരം 'കാഡ' പിരിച്ചു വിട്ടത്. ഇത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഭവന നിർമ്മാണ ഇനത്തിൽ ഹയർ ഇൻകം ഗ്രൂപ്പ് (HIG) മിഡിൽ ഇൻകം ഗ്രൂപ്പ് (MIG), ലോവർ ഇൻകം ഗ്രൂപ്പ് (LIG), ഇക്കണോമിക്കലി വീക്കർ സെക്ഷൻ (EWS) എന്നീ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ഇനത്തിൽ കുറഞ്ഞ പലിശയിൽ നഗരസഭാ പ്രദേശത്തുള്ള 28 പേർക്ക് വായ്പ അനുവദിച്ചിരുന്നു.

(എഫ്) വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് 11 പേരാണ്. പ്രമാണങ്ങൾ കാസർഗോഡ് നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ട്. EWS, LIG എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് കാസർഗോഡ്, കണ്ണൂർ, പാലക്കാട്, ആലപ്പുഴ, കോട്ടയം എന്നീ ഡെവലപ്മെന്റ് അതോറിറ്റികൾ മുഖാന്തിരം അനുവദിച്ച വായ്പ ഇനത്തിൽ ഹഡ്കോയ്ക്ക് നൽകാനുള്ള ആകെ തുകയായ 49.46 ലക്ഷം രൂപ (ഒറ്റത്തവണ തീർപ്പാക്കൽ മുഖാന്തരം) KURDFC നൽകിയതിനാൽ പണയാധാരങ്ങൾ തിരികെ നൽകാൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നൽകാൻ പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. എം.ഡി എന്നിവർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ**

207 (1679) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി, തിരുവനന്തപുരം എന്നീ കോർപ്പറേഷനുകളിൽ കെട്ടിടനിർമ്മാണ പെർമിറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഈ സോഫ്റ്റ് വെയർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സോഫ്റ്റ് വെയറിന്റെ പ്രവർത്തന അപാകത കാരണം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) ഇതിന്റെ ന്യൂനതകൾ പരിഹരിച്ച് പൂർണ്ണ സജ്ജമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൊച്ചി നഗരസഭയിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിന് സി-മാസ് എന്ന സോഫ്റ്റ്വെയറാണ് ഉപയോഗിക്കുന്നത്. ടി അപേക്ഷകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ബിൽഡിംഗ് പ്ലാൻ സമർപ്പിക്കുന്നത് bpams എന്ന സോഫ്റ്റ്വെയറാണ് ഉപയോഗിക്കുന്നത്. തിരുവനന്തപുരം നഗരസഭയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിന് IBPMS (Intelligent Building Plan Management System) എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചു വരുന്നു.

(ബി) ഉണ്ട്. കൊച്ചി നഗരസഭയിൽ ഓൺലൈൻ പെർമിറ്റ്/കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്ന പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. തിരുവനന്തപുരം നഗരസഭയിൽ പുതിയ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിലെ പരിചയക്കുറവ് മൂലം ചെറിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്.

(സി&ഡി) തിരുവനന്തപുരം നഗരസഭയിൽ IBPMS കൈകാര്യം ചെയ്യുന്നതിലെ പരിചയക്കുറവുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ഡെമോൺസ്ട്രേഷൻ ക്ലാസ്സുകളും ട്രെയിനിംഗും നൽകുന്നുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളുടെ സംയോജനം

208 (1680) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളുടെ സംയോജനം കൊണ്ട് എന്തെല്ലാം നേട്ടമാണ് സർക്കാരിനും പൊതുജനങ്ങൾക്കും ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് നിലിവിൽ തയ്യാറാക്കിയ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ജീവനക്കാരുടെ സീനിയോറിറ്റി, ട്രാൻസ്ഫർ, പ്രൊമോഷൻ എന്നീ കാര്യങ്ങളിൽ വ്യാപകമായ ആശങ്ക ഉള്ളത് ജീവനക്കാരിൽ അതൃപ്തി ഉളവാക്കിയിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വകുപ്പുതല ഏകോപനവും പദ്ധതി സംയോജനവും നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കുവാൻ പൊതു സർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഒരു ഭരണനിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്.

(ബി) 2008-ലും 2016-ലും നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗങ്ങളുടെയും 26-2-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 61/2011/ എൽ.എസ്.ജി.ഡി. ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം എന്നീ സർവ്വീസുകൾ ഏകോകിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് സ്പെഷ്യൽ റൂളുകൾ തയ്യാറാക്കാൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമലപ്പെടുത്തിയിരുന്നു. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ നടത്തിയ പഠന വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളുകൾ സർക്കാർ പരിശോധിച്ചുവരുന്നു. www.principaldirectorate.lsgkerala.gov.in എന്ന വെബ്സൈറ്റിൽ പ്രസ്തുത കരട് സ്പെഷ്യൽ റൂൾ ലഭ്യമാണ്.

(സി) സീനിയോറിറ്റി, ട്രാൻസ്ഫർ, പ്രൊമോഷൻ എന്നീ കാര്യങ്ങളിൽ ജീവനക്കാർക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി സർക്കാർ 2018 നവംബർ 8, 9 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകൾ ഉന്നയിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിശദമായി പരിശോധിച്ച് കരട് ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാടകയ്ക്കെടുക്കുന്ന വാഹനങ്ങൾ**

209 (1681) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓഫീസ് ആവശ്യത്തിനായി വാഹനം വാടകക്ക് എടുക്കുന്നതിന് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇപ്പോഴത്തെ വർദ്ധിച്ച ഇന്ധനവില, ഡ്രൈവർ വേതനം എന്നിവ കണക്കിലെടുത്ത് പരിഷ്ക്കരിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വന്തമായി വാഹനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തര ഔദ്യോഗികാവശ്യങ്ങൾക്കായി ഒരു വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് 50,000 രൂപയിൽ അധികരിക്കാത്ത തുക തനതു ഫണ്ടിൽ നിന്നും പ്രതിവർഷം ചെലവഴിക്കുന്നതിന് 8-1-2007-ലെ സ.ഉ. (സാധാ) നമ്പർ 82/2007/ തസ്വഭവ നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നത് സർക്കാരിന്റെ 3-9-2012-ലെ സ.ഉ. (സാധാ) നമ്പർ 2493/2012/തസ്വഭവ ഉത്തരവ് പ്രകാരം പ്രതിവർഷം വാടക ഇനത്തിൽ ചെലവഴിക്കാവുന്ന തുക 75,000 (എഴുപത്തി അയ്യായിരം) രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്വന്തമായി വാഹനമില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അത്യാവശ്യഘട്ടങ്ങളിൽ ഓഫീസ് ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് ഉപയോഗിക്കുന്നതിന് 16-11-2016-ലെ സ.ഉ. (സാധാ) നമ്പർ 3108/16/തസ്വഭവ. പ്രകാരം അനുമതി നൽകിയിട്ടുമുണ്ട്. ടി ഉത്തരവിൽ വാഹനം വാടകയ്ക്കെടുക്കുന്നത് ഏറ്റവും കുറഞ്ഞ കി.മീറ്റർ ചാർജിൽ മാസവാടക നിരക്കിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെ ആയിരിക്കണമെന്ന് നിഷ്കർച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## പട്ടയം അനുവദിക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ നടപടികൾ

210 (1682) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി പഞ്ചായത്തുൾപ്പെടെ വിവിധ പഞ്ചായത്തുകളിലെ മേച്ചിൽപ്പുറം, എടവഴി തുടങ്ങിയ പുറമ്പോക്കുകളിലെ സ്ഥിര താമസക്കാരായ അപേക്ഷകർക്ക് പട്ടയം ലഭിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്തുകൾ തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(സി) കൊരട്ടി ഗ്രാമ പഞ്ചായത്തിലെ എടവഴി പുറമ്പോക്ക് ഭൂമിയ്ക്ക് (ചാലക്കുടി താലൂക്ക്, മുരിങ്ങൂർ തെക്കുംമുറി വില്ലേജ്, സർവ്വേ നമ്പർ 218/3) പട്ടയം ലഭിയ്ക്കുന്നതിനായുള്ള ശ്രീ. ഓലിയാപ്പുറം ജോസിന്റെ അപേക്ഷയിൽ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ചാലക്കുടി നിയമസഭാമണ്ഡലത്തിൽപ്പെട്ട കൊരട്ടി, കാടുകുറ്റി, മേലൂർ പഞ്ചായത്തുകളിലെ പുറമ്പോക്ക് ഭൂമിയിലെ സ്ഥിര താമസക്കാരായ അപേക്ഷകർക്ക് പട്ടയം ലഭിക്കുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് ഡയറക്ടർ മുഖാന്തരം ലഭ്യമായിട്ടുള്ള അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നു. ഈ വിഷയത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറിൽ നിന്നും അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും അധിക വിവരം ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) കൊരട്ടി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ അപേക്ഷ ഭൂമി സർക്കാരിലേക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ആയതിലേക്കായി കരട് വിജ്ഞാപനവും ഭൂമിയുടെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ചും ലഭ്യമാക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ഉചിതമാർഗ്ഗേന സർക്കാരിൽ ലഭ്യമാക്കുന്നതിനായി ടി റിപ്പോർട്ട് 15-1-2019-ൽ പഞ്ചായത്ത് സെക്രട്ടറി, തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

## വൻകിട മാളുകളും മറ്റും ഈടാക്കുന്ന പാർക്കിംഗ് ഫീസ്

211 (1683) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൻകിട മാളുകളും വാണിജ്യ സ്ഥാപനങ്ങളും കെട്ടിട നിർമ്മാണ ചട്ട പ്രകാരം നിർമ്മിച്ചിട്ടുള്ള പാർക്കിംഗ് സ്ഥലങ്ങളിൽ വാഹനങ്ങളിൽ നിന്നും പാർക്കിംഗിന് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരം നൽകാമോ;

(ബി) ഇപ്രകാരം പാർക്കിംഗ് ഫീസ് ഈടാക്കുന്നത് നിയമപ്രകാരം അനുമതി നേടിയിട്ടാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) നിയമാനുസൃതമായിട്ടല്ല ഇത്തരത്തിൽ പാർക്കിംഗ് ഫീസ് പിരിക്കുന്നതെങ്കിൽ ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഗ്രാമവികസന വകുപ്പിലെ തസ്തികകളും യോഗ്യതയും

212 ('T'*1684) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ എൻട്രി കേഡറിൽ ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള ഏതെല്ലാം തസ്തികകളുണ്ടെന്നും ഇവയിൽ ഗസറ്റഡ് തസ്തികകൾ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(ബി) ബിരുദാനന്തര ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള ഏതെല്ലാം തസ്തികകൾ വകുപ്പിലുണ്ടെന്നും ഇവയിൽ ഗസറ്റഡ്/നോൺ ഗസറ്റഡ് തസ്തികകൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(സി) ബിരുദം യോഗ്യതയായുള്ള തസ്തിക ഗസറ്റഡും ബിരുദാനന്തര ബിരുദം യോഗ്യതയായുള്ള തസ്തിക നോൺ ഗസറ്റഡുമായി ഉൾപ്പെടുത്തി ചട്ടങ്ങൾ രൂപീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഈ അവ്യക്തത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഗസറ്റഡ്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

നോൺ ഗസറ്റഡ്

1. ലക്ചറർ ഗ്രേഡ്-II (Agriculture)
2. ലക്ചറർ ഗ്രേഡ്-II (Home Science)

(ബി) ഗസറ്റഡ്

1. ലക്ചറർ ഗ്രേഡ്- I (Rural Economics)
2. ലക്ചറർ ഗ്രേഡ്- I (Social Educations)
3. ലക്ചറർ ഗ്രേഡ്-I (Extension Education)

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

നോൺ ഗസറ്റഡ്

1. ലക്ചറർ ഗ്രേഡ്-II (Rural Economics)
2. ലക്ചറർ ഗ്രേഡ്-II (Social Education)
3. ലക്ചറർ ഗ്രേഡ്-II (Extension Education)

(സി) ബിരുദം യോഗ്യതയായുള്ള തസ്തിക ഗസറ്റഡും ബിരുദാനന്തര ബിരുദം യോഗ്യതയായുള്ള തസ്തിക നോൺ ഗസറ്റഡുമായി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

213 (1685) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം പ്രതിവർഷം 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ കൂലി ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളത്; കുടിശ്ശിക വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കുമാത്രം പ്രതിവർഷം 200 തൊഴിൽദിനങ്ങൾ നൽകുന്നുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി നോക്കിവരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള തൊഴിൽ ദിനങ്ങൾക്കുപരിയായി 100 ദിവസം അധികം തൊഴിൽ നൽകുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ 'കേരള ട്രൈബൽ പ്ലസ്' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. അധിക തൊഴിൽ ദിനങ്ങൾക്കുള്ള വേതനം സംസ്ഥാന ബജറ്റിൽ വകയിരുത്തി തൊഴിലുറപ്പ് മിഷൻ വഴി തൊഴിലാളികൾക്ക് ലഭ്യമാക്കി വരുന്നു. സംസ്ഥാനത്ത് സമീപകാലത്തുണ്ടായ അതിരൂക്ഷമായ പ്രളയവും അത് മുഖേനയുണ്ടായിട്ടുള്ള നാശനഷ്ടങ്ങളും കണക്കിലെടുത്ത് പ്രളയബാധിത പ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി പൂർണ്ണമായും പ്രളയബാധിതമായ 7 ജില്ലകളിൽ കേന്ദ്രസർക്കാർ തൊഴിൽദിനങ്ങൾ 150 ദിവസമാക്കി ഉയർത്തിയിട്ടുണ്ട്.

(സി) 2018-19 സാമ്പത്തിക വർഷം പദ്ധതിയിൽ തൊഴിലെടുത്ത തൊഴിലാളികൾക്ക് അവിദഗ്ധ വേതനയിനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ടിയിരുന്നതിൽ 804 കോടി രൂപ 28-1-2019 വരെ കുടിശ്ശികയുണ്ട്. അവിദഗ്ദ്ധ വേതനയിനത്തിലെ നിലവിലുണ്ടായിരുന്ന കുടിശ്ശിക തുക കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കുവാനായി 17-10-2018-ൽ പ്രൊപ്പോസൽ നൽകിയിരുന്നു. അതിനെത്തുടർന്ന് 508 കോടി രൂപ കേന്ദ്രസർക്കാർ 28-11-2018-ലും 5-12-2018-ലുമായി അനുവദിക്കുകയുണ്ടായി. തുടർന്നും 1-1-2019-ന് തിട്ടപ്പെടുത്തിയ അവശേഷിക്കുന്ന കുടിശ്ശിക തുകയായ 532 കോടി രൂപ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ 1-1-2019-ന് നൽകിയിട്ടുണ്ട്. 10-1-2019-ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം എംപവേർഡ് കമ്മിറ്റിക്ക് മുമ്പാകെ അന്നുവരെയുള്ള കുടിശ്ശിക തുകയായ 593 കോടി രൂപ അനുവദിക്കണമെന്നും ആവശ്യം ഉന്നയിച്ചിട്ടുണ്ട്. കൂടാതെ 22-1-2019-ന് തലസ്ഥാനത്ത് സന്ദർശനം നടത്തിയ കേന്ദ്ര സഹമന്ത്രിയുടെയും 23-1-2019-ന് തലസ്ഥാനത്തെത്തിയ പാർലമെന്ററി സമിതിയുടെയും മുമ്പാകെ പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും നിരന്തരമായി ഇക്കാര്യത്തിൽ ഇടപെടൽ നടത്തിവരുന്നുണ്ട്.

**ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾ**

214 (1686) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നത് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാഡമിക മികവ് ഉയർത്തുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Resource Initiative of Collegiate Education) മുഖേന Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസുകൾ, Scholar Support Programme, പഠിതാവിനൊപ്പം (Walk with Scholar), FLAIR (Fostering Linkages for Academic Innovation and Research), വിവര സാങ്കേതിക വിദ്യയുടെ

സഹായത്തോടുകൂടി നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി. രംഗത്തെ നിലവാരം പ്രയോജനപ്പെടുത്തി വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി പദ്ധതി, വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമായി ബിരുദ-ബിരുദാനന്തര ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ, ആസ്പെയർ സ്കോളർഷിപ്പ്, സാമൂഹ്യശാസ്ത്ര വിഷയങ്ങളിലും, സാഹിത്യത്തിലും സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വികലാംഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്, അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ്, ഉന്നത വിദ്യാഭ്യാസ സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആന്റ് റിസർച്ച് തിരുവനന്തപുരം, റെക്കറിംഗ് ഗ്രാന്റ്സ് ഇൻ എയ്ഡ്, പോസ്റ്റ് മെട്രിക്, പോസ്റ്റ് ഇന്റർമീഡിയേറ്റും ബിരുദാനന്തര പഠനങ്ങൾക്കുള്ള ദേശീയ സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികളും കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ, വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ എന്നിവയും നടത്തിവരുന്നുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, നിർമ്മാണ സാമഗ്രികളുടെ പരിശോധനാ കേന്ദ്രങ്ങൾ ഇവ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. ദേശീയ അന്തർദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി വിവിധ സ്ഥാപനങ്ങളിൽ ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ടപ് മിഷനുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. സാമൂഹ്യ വികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ 'പുനർജ്ജനി' പദ്ധതി നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പ് വരുത്താൻ എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവ വിഭവശേഷി സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്ഫോർമേഷൻ റിസർച്ച് സെന്റർ, പ്രോഡക്ട്

ഡിസൈൻ ആന്റ് ഡെവലപ്മെന്റ് സെന്റർ, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റിയൂസബിൾ ബിൽഡിംഗ് സിസ്റ്റം, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ ഇവ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പ്രധാന ഗവേഷണ സംരംഭങ്ങളാണ്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദേശീയ അംഗീകാരം നേടുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, സ്റ്റുഡന്റ്സ് സാറ്റലൈറ്റ് രൂപകൽപ്പന ചെയ്ത് വിക്ഷേപിക്കാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ Robotics & Artificial Intelligence Nodal Centre, കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ Centre of Excellence in System, Energy & Environment ഇവ സ്ഥാപിച്ച് പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള അപ്ലൈഡ് സയൻസ് കോളേജുകളിൽ കലഞ്ഞൂർ, മാവേലിക്കര, കുണ്ടറ എന്നിവിടങ്ങളിൽ ബി.കോം, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.സി.എ., എം.കോം ഫിനാൻസ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ പുതിയ കോഴ്സുകൾ തുടങ്ങിയിട്ടുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കരുനാഗപ്പള്ളിയുടെ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എന്നീ ബ്രാഞ്ചുകൾക്ക് 2018-ൽ എൻ.ബി.എ.-യുടെ അക്രഡിറ്റേഷൻ ലഭിച്ചു. ഏഷ്യയിലെ ഏറ്റവും നല്ല ഐ.ഇ.ഇ.ഇ. സ്റ്റുഡന്റ് ചാപ്റ്റർ ആയി കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിനെ തെരഞ്ഞെടുത്തു.

സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പഠിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും കേരള സർവ്വകലാശാല മുൻ പി.വി.സി. ഡോ. പ്രഭാഷിനെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ബിരുദാനന്തര ബിരുദതല വിദ്യാഭ്യാസത്തിന്റെ പുനഃസംഘടന സാധ്യമാക്കാൻ ബാംഗ്ലൂർ ഐ.ഐ.എസ്.-ലെ പ്രൊഫസറായ ഡോ. ഇ.ഡി. ജെമ്മിസ് അദ്ധ്യക്ഷനായ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സർവ്വകലാശാല പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുവെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാഡമിക കലണ്ടർ രൂപീകരിക്കുന്നതിനും സർവ്വകലാശാലകളിലെ പ്രൊ.വൈസ് ചാൻസലർമാരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എറുഡൈറ്റ് പദ്ധതി അഥവാ Scholar in Residence Scheme, കൗൺസിൽ ജേർണൽ, അക്കാഡമിക വോളന്റിയർ ബാങ്ക്, ഓൾ കേരള

ഹയർ എഡ്യൂക്കേഷൻ സർവ്വേ, ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം, ബ്രെയിൻ ഗെയിൻ സമീപനം, സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലും സ്വയംഭരണ മേഖലയിലും സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്ന കോളേജുകളെയും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അസസ്സ് ചെയ്ത് അക്രെഡിറ്റേഷൻ നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ രൂപീകരിച്ചു.

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ്

215 (1687) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്ഥാപനങ്ങളിൽ റാഗിങ്ങിനെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന യു.ജി.സി. നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് നിരോധിച്ചു കൊണ്ടുള്ള 2009-ലെ ചട്ടത്തിലെ സംസ്ഥാനങ്ങൾക്ക് ബാധകമായ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഇവയെല്ലാം സംസ്ഥാനത്തെ കോളേജുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്ഥാപനങ്ങളിൽ 2018-ൽ റാഗിങ്ങിനെ തുടർന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) കോളേജുകളിലെ റാഗിംഗ് തടയുന്നതിന്റെ ഭാഗമായി AICTE/ UGC തുടങ്ങിയ കേന്ദ്ര ഏജൻസികൾ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കോളേജുകളിൽ റാഗിംഗ് വിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തനം നടത്തിയും ടി കമ്മിറ്റികൾ റാഗിംഗിനെതിരെ കർശന നടപടികൾ സ്വീകരിച്ചും വരുന്നു. മലയാള സർവ്വകലാശാലപോലുള്ള സ്ഥാപനങ്ങൾ പ്രവേശന സമത്തുതന്നെ വിദ്യാർത്ഥികളിൽനിന്നും റാഗിംഗ് നടത്തുകയില്ലെന്നും അതിനെതിരെ പ്രവർത്തിക്കുമെന്നുമുള്ള സത്യപ്രസ്താവന എഴുതി വാങ്ങുന്നുണ്ട്. കൂടാതെ കോളേജുകളിൽ ആന്റി റാഗിംഗ് സ്ക്വാഡും ആന്റ് റാഗിംഗ് കമ്മിറ്റിയും ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് നിരോധിച്ചുകൊണ്ടുള്ള 2009-ലെ യു.ജി.സി. ചട്ടത്തിലെ നമ്പർ 5 മുതൽ 9

വരെയുള്ള വ്യവസ്ഥകളാണ് സംസ്ഥാനങ്ങൾക്കും സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാധകമായിട്ടുള്ളത്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. പ്രസ്തുത ചട്ടങ്ങളിലെ നിർദ്ദേശങ്ങളും കാലാകാലങ്ങളിൽ UGC/ AICTE മുതലായവ മുന്നോട്ടുവയ്ക്കുന്ന റാഗിംഗ് സംബന്ധിച്ച നിർദ്ദേശങ്ങളും അടിയന്തരമായി പാലിക്കുവാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. റാഗിംഗുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം

216(1688) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് പത്ത് ശതമാനം സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിനായി സീറ്റുകളുടെ ലഭ്യതയും മറ്റ് വിശദാംശങ്ങളും നൽകുവാൻ കേന്ദ്ര മാനവശേഷി മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ അൺ എയ്ഡഡ് സ്ഥാപനങ്ങളിലും പ്രസ്തുത സംവരണം ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ അത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ കോളേജുകളിലെ ഓരോ ഡിഗ്രി., പി.ജി., കോഴ്സിലും 10 ശതമാനവും സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളിലെ ഓരോ കോഴ്സിനും 7.5 ശതമാനവും സീറ്റുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങൾക്ക് 2008-09 അദ്ധ്യയന വർഷം മുതൽതന്നെ പ്രത്യേകമായി സംവരണം ഏർപ്പെടുത്തിക്കൊണ്ട് സ.ഉ.(കൈ)നമ്പർ 109/2008/ഉ.വി.വ തീയതി 4-9-2008 പ്രകാരം) സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി-സി ) 10% സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം പരിശോധനയ്ക്കും തുടർ നടപടികൾക്കുമായി പൊതുഭരണ (ഏകോപനം) വകുപ്പിന് കൈമാറ്റം ചെയ്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉന്നത വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ

217(1689) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം വിദ്യാഭ്യാസ രംഗത്ത് മുന്നിലാണെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം പോകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്വൽ റിയാലിറ്റി എന്നിവയുടെ കാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം പോകാതിരിക്കുന്നതിനും ഗുണപരമായ നേട്ടങ്ങൾ കൈവരിക്കുന്നതിനുമായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. യൂണിവേഴ്സിറ്റിതല പഠന-ബോധന പ്രക്രിയയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ ഔട്ട് കം ബേസ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകുന്ന സമീപനമാണ് കൗൺസിൽ സ്വീകരിച്ചിരിക്കുന്നത്. ഇതിനനുസൃതമായി കരിക്കുലവും സിലബസ്സും പരിഷ്കരിക്കാൻ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കായി പരിശീലന പരിപാടികളും ശില്പശാലകളും അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

(ബി&സി) ആധുനിക കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി പരമ്പരാഗത പഠന വകുപ്പുകൾക്ക് പുറമേ നാനോ സയൻസ് ആന്റ് ടെക്നോളജി, എനർജി മെറ്റീരിയൽസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക് എന്നീ പഠന വകുപ്പുകൾ സർവ്വകലാശാലകളിൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ

218(1690) ശ്രീ. വി. കെ .ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടുകൂടി ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരം ഉയർത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തിലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ 186-ാം ഖണ്ഡികയുടെ അടിസ്ഥാനത്തിലും തുടർന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി സ.ഉ. (കൈ)നമ്പർ 285/17/ഉ.വി.വ തീയതി 13-11-2017 പ്രകാരം 48 സർക്കാർ കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും കേരളവർമ്മ കോളേജുകളുൾപ്പെടെ അഞ്ച് പൈതൃക കോളേജുകളുടെ വികസനത്തിനായി 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 9 സർക്കാർ പോളി ടെക്നിക്കുകളുടെ വികസനത്തിനായി 50 കോടി രൂപയും പുതുതായി ആരംഭിച്ച 12 ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും പുതുതായി ആരംഭിച്ച കോളേജുകൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 81 കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന ത്തിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് പ്രസ്തുത പദ്ധതിയുടെ SPV ആയ KITE മുഖാന്തരം KITCO Ltd. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കിഫ്ബി പദ്ധതി പ്രകാരം അടിസ്ഥാന വികസനത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന 48 ആർട്സ് ആന്റ് സയൻസ് കോളേജുകൾ, 7 എഞ്ചിനീയറിംഗ് കോളേജുകൾ, 9 പോളിടെക്നിക്കുകൾ, 2 പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 36 ആർട്സ് ആന്റ് സയൻസ് കോളേജുകൾ, 6 എഞ്ചിനീയറിംഗ് കോളേജുകൾ ഒരു പുതിയ ആർട്സ് ആന്റ് സയൻസ് കോളേജ് എന്നിവയ്ക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള, മഹാത്മാഗാന്ധി, ശ്രീശങ്കര, നുവാൽസ് തുടങ്ങിയ സർവ്വകലാശാലകളിൽ Inter Disciplinary Research നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിനായി അനുവദിച്ച പ്ലാൻ പദ്ധതികളിൽ പുതിയ പദ്ധതി ഇനത്തിൽ "Promotion of Inter disciplinary Research Exposure in Colleges” എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയുടെ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്റർ തുടങ്ങുവാൻ സർവ്വകലാശാല ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## കോളേജുകളിലെ പഠന നിലവാരത്തകർച്ച

219(1691) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെ പഠന നിലവാര തകർച്ചയും റിസൾട്ട് കുറയുന്നതും യഥാസമയം പരീക്ഷകൾ നടത്തുന്നതിലും റിസൾട്ട് പ്രഖ്യാപിക്കുന്നതിലുമുള്ള കാലതാമസവും സംബന്ധിച്ച പരാതികൾ എന്തെല്ലാമെന്നും അവ പരിഹരിക്കാനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) എഞ്ചിനീയറിംഗ് ഉൾപ്പെടെ പല കോഴ്സുകൾക്കും കുട്ടികളില്ലാതെ കോളേജുകൾ പൂട്ടേണ്ട സാഹചര്യം ഉണ്ടാകുന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ സാഹചര്യം ഒഴിവാക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഉന്നതവിദ്യാഭ്യാസ മേഖലകളിലെ പരീക്ഷകൾക്ക് മുൻകൂട്ടി ടൈംടേബിൾ പ്രസിദ്ധീകരിക്കുവാനും നിശ്ചിത സമയത്തുതന്നെ പരീക്ഷാ നടത്തിപ്പിനും റിസൾട്ട് പ്രഖ്യാപനത്തിനും വേണ്ട ഒരു ഏകീകൃത പരീക്ഷാ സമ്പ്രദായം നടപ്പിലാക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ കോളേജുകൾ ഒന്നുംതന്നെ കുട്ടികളില്ലാതെ പൂട്ടേണ്ട സാഹചര്യം നിലവിലില്ല. സ്വകാര്യ സ്ഥാപനങ്ങൾ കുട്ടികളുടെ കുറവ് കാരണം പൂട്ടേണ്ടി വരുന്ന സാഹചര്യം സംബന്ധിച്ച് സർക്കാർ വിശദമായ പഠനം നടത്തിയിട്ടില്ല.

(ഡി) സർവ്വകലാശാലകളിലെ അക്കാദമിക പരീക്ഷാ കലണ്ടറുകളുടെ അവലോകനത്തിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുള്ള പ്രോ-വൈസ് ചാൻസിലർമാരുടെ കമ്മിറ്റി വിവിധ സർവ്വകലാശാല-കോളേജുകളിലെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും നിരന്തരമായി വിലയിരുത്തിവരുന്നു. വിദ്യാർത്ഥി പ്രവേശനം ഏകജാലക സമ്പ്രദായത്തിലൂടെ കാര്യക്ഷമവും സമയബന്ധിതവുമായി പൂർത്തീകരിക്കാൻ 2018-19 സാമ്പത്തിക വർഷം സർവ്വകലാശാലകൾക്ക് കഴിഞ്ഞു. ജൂൺ മാസം അവസാനം തന്നെ മൂന്ന് അലോട്ട്മെന്റുകൾക്കുശേഷം അഫിലിയേറ്റഡ് കോളേജുകളിൽ ഒന്നാം സെമസ്റ്റർ ക്ലാസ്സുകൾ ആരംഭിച്ചു.

ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകൾ നവംബർ ഡിസംബർ മാസങ്ങളിൽ പൂർത്തിയാക്കി. അഞ്ചാം സെമസ്റ്റർ ഫല പ്രഖ്യാപനം നടത്തിക്കഴിഞ്ഞു. ഡിസംബറിൽത്തന്നെ മൂന്നാം സെമസ്റ്റർ ഫലപ്രഖ്യാപനം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചാണ് സർവ്വകലാശാലകൾ ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. ഇതിനായി കോളേജുകൾക്ക് നവംബർ മാസത്തിൽ 10 ദിവസം അവധി നൽകുകയുണ്ടായി. സർവ്വകലാശാലകൾ പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും ആധുനികവൽക്കരണത്തിന്റെയും കമ്പ്യൂട്ടറൈസേഷന്റെയും പാതയിലാണ്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളും സി.ബി.സി.എസ്.എസ്.(CBCSS) പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധി

220(1692) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല റിസർച്ച് ഓറിയന്റഡ് ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആരംഭിച്ച അഞ്ചു വർഷ എം.എസ്.സി. ഇന്റഗ്രേറ്റഡ് കോഴ്സ് മാതൃകയിൽ സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികളിൽ എം.എസ്.സി. ഇന്റഗ്രേറ്റഡ് കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സർവ്വകലാശാലകളിലെ പഠന വകുപ്പുകളിലെ കോഴ്സുകൾ ഗവേഷണത്തിന് ഊന്നൽ നൽകുന്ന വിധത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി&ഡി) നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനം

221(1693) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യംവെച്ച് ഈ സർക്കാർ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Resource Initiative of Collegiate Education) മുഖേന Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസുകൾ, Scholar Support Programme, പഠിതാവിനൊപ്പം (Walk with Scholar), FLAIR (Fostering Linkages for Academic Innovation and Research), വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി. രംഗത്തെ നിലവാരം പ്രയോജനപ്പെടുത്തി വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള

കണക്ടിവിറ്റി പദ്ധതി, വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനുമായി ബിരുദ-ബിരുദാനന്തര ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ, ആസ്പെയർ സ്കോളർഷിപ്പ്, സാമൂഹ്യശാസ്ത്ര വിഷയങ്ങളിലും, സാഹിത്യത്തിലും സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വികലാംഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്, അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ്, ഉന്നത വിദ്യാഭ്യാസ സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആന്റ് റിസർച്ച് തിരുവനന്തപുരം, റെക്കറിംഗ് ഗ്രാന്റ്സ് ഇൻ എയ്ഡ്, പോസ്റ്റ് മെട്രിക്, പോസ്റ്റ് ഇന്റർമീഡിയേറ്റും ബിരുദാനന്തര പഠനങ്ങൾക്കുള്ള ദേശീയ സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികളും കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ, വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ എന്നിവയും നടത്തിവരുന്നുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, നിർമ്മാണ സാമഗ്രികളുടെ പരിശോധനാ കേന്ദ്രങ്ങൾ ഇവ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നുണ്ട്. ദേശീയ അന്തർദ്ദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ടപ് മിഷനുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. സാമൂഹ്യ വികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ 'പുനർജ്ജനി' പദ്ധതി നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പുവരുത്താൻ എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവ വിഭവശേഷി സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രോഡക്ട് ഡിസൈൻ ആന്റ് ഡെവലപ്മെന്റ് സെന്റർ, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബു ടെക്നോളജി, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റി-യൂസബിൾ ബിൽഡിംഗ് സിസ്റ്റം, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡെവലപ്മെന്റ്

സെന്റർ ഇവ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പ്രധാന ഗവേഷണ സംരംഭങ്ങളാണ്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ അംഗീകാരം നേടുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, സ്റ്റുഡന്റ്സ് സാറ്റലൈറ്റ് രൂപകൽപ്പന ചെയ്ത് വിക്ഷേപിക്കാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ Robotics & Artificial Intelligence Nodal Centre, കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ Centre of Excellence in System Energy & Environment ഇവ സ്ഥാപിച്ച് പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള അപ്ലൈഡ് സയൻസ് കോളേജുകളിൽ കലഞ്ഞൂർ, മാവേലിക്കര, കുണ്ടറ എന്നിവിടങ്ങളിൽ ബി.കോം, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.സി.എ., എം.കോം ഫിനാൻസ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ പുതിയ കോഴ്സുകൾ തുടങ്ങിയിട്ടുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കരുനാഗപ്പള്ളിയുടെ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എന്നീ ബ്രാഞ്ചുകൾക്ക് 2018-ൽ എൻ.ബി.എ.-യുടെ അംഗീകാരം ലഭിച്ചു. ഏഷ്യയിലെ ഏറ്റവും നല്ല ഐ.ഇ.ഇ.ഇ സ്റ്റുഡന്റ് ചാപ്റ്റർ ആയി കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിനെ തെരഞ്ഞെടുത്തു.

സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പഠിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും കേരള സർവ്വകലാശാല മുൻ പി.വി.സി. ഡോ. പ്രഭാഷിനെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ബിരുദാനന്തര-ബിരുദതല വിദ്യാഭ്യാസത്തിന്റെ പുനഃസംഘടന സാധ്യമാക്കാൻ ബാംഗ്ലൂർ ഐ.ഐ.എസ്.-ലെ പ്രൊഫസറായ ഡോ. ഇ.ഡി. ജെമ്മിസ് അദ്ധ്യക്ഷനായ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സർവ്വകലാശാല പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുവെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാദമിക കലണ്ടർ രൂപീകരിക്കുന്നതിനും സർവ്വകലാശാലകളിലെ പ്രൊ.വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എറുഡൈറ്റ് പദ്ധതി അഥവാ Scholar in Residence Scheme, കൗൺസിൽ ജേർണൽ, അക്കാദമിക വോളന്റിയർ ബാങ്ക്, ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ, ബിരുദാനന്തര- ബിരുദ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം, ബ്രെയിൻ ഗെയിൻ സമീപനം, സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലും സ്വയംഭരണ മേഖലയിലും സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്ന കോളേജുകളെയും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അസസ്സ് ചെയ്ത് അക്രഡിറ്റേഷൻ നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ രൂപീകരിച്ചു.

**കോളേജുകൾക്ക് നാക് ഗ്രേഡിംഗ്**

222(1694) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (നാക്) പുതിയ ഗ്രേഡിംഗ് സംസ്ഥാനത്തെ കോളേജുകൾക്ക് തിരിച്ചടിയായിട്ടുണ്ടോ;

(ബി) കോളേജുകൾക്ക് കേന്ദ്ര സർക്കാരിന്റെ വിവിധ ഫണ്ടുകൾ ലഭിക്കുന്നതിന് നാക്-ന്റെ ഉയർന്ന ഗ്രേഡിംഗ് നിബന്ധന മാനദണ്ഡം ആക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കോളേജുകൾ നാക് ഗ്രേഡിംഗിൽ പുറകോട്ട് പോയത് കേന്ദ്രസർക്കാരിന്റെ വിവിധ ഫണ്ടുകൾ ലഭിക്കുന്നതിന് പ്രതിബന്ധമായ സാഹചര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ പഴയ മാർഗ്ഗരേഖ പ്രകാരം SSR (Self Study Report) ഡീറ്റെയിൽസ് മാനുവലായാണ് കോളേജുകൾ സമർപ്പിച്ചിരുന്നത്. പുതിയ മാർഗ്ഗരേഖ പ്രകാരം നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട 70 ശതമാനം SSR (Self Study Report) ഡീറ്റെയിൽസ് ബന്ധപ്പെട്ട ഓൺലൈൻ പോർട്ടൽ മുഖാന്തരം അപ് ലോഡ് ചെയ്യുന്നതിനും 30 ശതമാനം നാക് പിയർ ടീം വിസിറ്റിനുമായാണ് രൂപപ്പെടുത്തിയിരിക്കുന്നത്. SSR (Self Study Report) ഡീറ്റെയിൽസും മറ്റും ഓൺലൈൻ പോർട്ടൽ മുഖാന്തരം നടക്കുന്നതുകൊണ്ട് കൂടുതൽ സുതാര്യവും മെച്ചപ്പെട്ടതുമായിട്ടുണ്ട്.

(ബി) കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നതിനായി റൂസ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നാക് അക്രെഡിറ്റേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. റൂസയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന്റെ പ്രധാന മാനദണ്ഡം സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള NAAC/NBA ഗ്രേഡാണ്. NAAC ഗ്രേഡുള്ള മുഴുവൻ സർവ്വകലാശാലകളും ഉയർന്ന NACC ഗ്രേഡ് നേടിയ ഗവൺമെന്റ് കോളേജുകൾക്കും performing പദവി നേടിയിട്ടുള്ള അക്കാദമിക് സ്റ്റാഫ് കോളേജിനുമാണ് റൂസ 1-ന്റെ ഭാഗമായി ഫണ്ട് ലഭിച്ചിട്ടുള്ളത്.

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 75 സർക്കാർ കോളേജുകളിൽ നിലവിൽ 38 കോളേജുകൾക്ക് നാക് അംഗീകാരം ഉണ്ട്. ബാക്കിയുള്ള 28 എണ്ണം പുതിയ കോളേജുകളാണ്. പുതിയ കോളേജുകൾക്ക് നാക് അക്രെഡിറ്റേഷൻ

സ്റ്റാറ്റസിലേക്ക് പോകുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ അടക്കമുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ബാക്കിയുള്ള 9 കോളേജുകളിൽ നാക് അക്രെഡിറ്റേഷൻ ഡ്യൂ ആയവയാണ്. ആയത് നാക് അക്രഡിറ്റേഷൻ പുതുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കോളേജുകൾക്ക് നാക് അക്രെഡിറ്റേഷന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന് (SLQAC) സർക്കാർ രൂപം കൊടുത്തിട്ടുണ്ട്.

## സർവ്വകലാശാലകളിലും കോളേജുകളിലും പത്ത് ശതമാനം സാമ്പത്തിക സംവരണം

223(1695) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യായന വർഷം മുതൽ രാജ്യത്തെ കോളേജുകളിലും, സർവ്വകലാശാലകളിലും പത്ത് ശതമാനം സാമ്പത്തിക സംവരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതു വിഭാഗത്തിലെ സീറ്റുകൾ കുറയാതിരിക്കുവാൻ ആകെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള കേന്ദ്രതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഭരണഘടനാ ഭേദഗതി നിലവിൽ വന്നതോടെ എയ്ഡഡ് കോളേജുകളിൽ കൂടുതൽ സീറ്റ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ബാച്ച് അധികമായി അനുവദിക്കുന്നതിനാണോ നിലവിലുള്ള ബാച്ചുകളിൽ സീറ്റ് കൂട്ടി നൽകുന്നതിനാണോ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) അടുത്ത അദ്ധ്യയന വർഷത്തിന് മുമ്പ് ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പത്ത് ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം പരിശോധനയ്ക്കും തുടർ നടപടികൾക്കുമായി പൊതുഭരണം (ഏകോപനം) വകുപ്പിന് കൈമാറിയിട്ടുണ്ട്.

## പട്ടികജാതിക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും മക്കൾക്കുള്ള ഫീസ് ആനുകൂല്യം

224(1696) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

50% മെറിറ്റ്സീറ്റിൽ യൂണിവേഴ്സിറ്റി അലോട്ട്മെന്റിലൂടെ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരുടെയും മത്സ്യ ത്തൊഴിലാളികളുടെയും മക്കൾക്ക് ഫീസ് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് യൂണിവേഴ്സിറ്റി പ്രവേശന പരീക്ഷ, മറ്റ് സർക്കാർ അംഗീകൃത ഏജൻസികൾവഴി അലോട്ട്മെന്റ് ലഭിച്ച എസ്.സി./എസ്.റ്റി/ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം 2-7-2009-ലെ സ.ഉ (പി) നമ്പർ 50/2009/പജപവവിവ പ്രകാരം അനുവദിക്കുന്നുണ്ട്.

മത്സ്യബന്ധന തുറമുഖ വകുപ്പ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാ സാനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടു വിച്ചിട്ടുണ്ട്. പട്ടികജാതി വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾക്ക് വിധേയമായി അതേ നിരക്കിലാണ് ഫിഷറീസ് വകുപ്പ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ വിദ്യാഭ്യാസാനു കൂല്യങ്ങൾ അനുവദിക്കുന്നത്.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് റൂസ വഹിക്കുന്ന പങ്ക്

225(1697) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരം ഉയർത്തുന്നതിൽ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) വഹിക്കുന്ന പങ്കിനെക്കുറിച്ച് വിലയിരു ത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റൂസ ഫണ്ടിംഗിനുള്ള മുൻ ഉപാധികൾ എന്തൊക്കെയാണെന്നും അവയെല്ലാം കൃത്യമായി സംസ്ഥാനത്ത് നടപ്പാക്കിയോയെന്നും വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്തെ വാണിജ്യതാല്പര്യങ്ങൾക്ക് മുൻഗണന നല്കുന്ന ഈ പദ്ധതി അക്കാദമിക താല്പര്യങ്ങൾ സംരക്ഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ചോയിസ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം വിഭാവനം ചെയ്യപ്പെട്ട രീതിയിൽ പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയെന്ന ലക്ഷ്യത്തോടെയാണ് രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (RUSA) ആരംഭിച്ചിട്ടുള്ളത്. റൂസ-1 പദ്ധതിവഴി കേരളത്തിൽ ഇതുവരെ 21 ഗവൺമെന്റ് കോളേജുകൾക്കും 6 സർവ്വകലാശാലകൾക്കും ഒരു അക്കാഡമിക് സ്റ്റാഫ് കോളേജിനും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. റൂസ 2 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എയ്ഡഡ്/ സർക്കാർ ഉൾപ്പെടെ 99 കോളേജുകൾ, 5 സ്വയംഭരണ കോളേജുകൾ, അക്കാഡമിക് സ്റ്റാഫ് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

റൂസയിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് വയനാട് ജില്ലയിലെ പെരിയയിൽ ഒരു മോഡൽ ഡിഗ്രി കോളേജ് സ്ഥാപിക്കുന്നതിലേക്കായി ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിലുള്ള 10 ഏക്കർ സ്ഥലം ലഭിച്ചിട്ടുണ്ട്. കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. റൂസ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) റൂസയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന്റെ പ്രധാന മാനദണ്ഡം സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള NAAC/NBA ഗ്രേഡാണ്. NAAC ഗ്രേഡുള്ള മുഴുവൻ സർവ്വകലാശാലകളും ഉയർന്ന NACC ഗ്രേഡ് നേടിയ ഗവൺമെന്റ് കോളേജുകൾക്കും Performing പദവി നേടിയിട്ടുള്ള അക്കാദമിക് സ്റ്റാഫ് കോളേജിനുമാണ് റൂസ 1-ന്റെ ഭാഗമായി ഫണ്ട് ലഭിച്ചിട്ടുള്ളത്.

റൂസ 2-ന്റെ ഭാഗമായി തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള 4 പ്രധാന ഘടകങ്ങളിൽ, ഘടകം 8-ന് (Component 8: Enhancing Quality and Excellence in select Autonomous Colleges) ഫണ്ട് ലഭിക്കണമെങ്കിൽ 3.51-ന് മുകളിൽ കാലാവധി തീരാത്ത NAAC ഗ്രേഡും സ്വയംഭരണ പദവിയുമാണ് പ്രധാന മാനദണ്ഡം. ഘടകം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

9-ൽ (Component 9: Infrastructure Grants to Colleges) ഫണ്ട് ലഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡം 2.5-നും 3.5-നും ഇടയ്ക്കുള്ള കാലാവധി തീരാത്ത NAAC ഗ്രേഡാണ്. ഘടകം 10 പ്രകാരം (Component 10: Research, Innovation and Quality Improvement) സർവ്വകലാശാലകൾക്ക് ഗവേഷണ രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഉയർന്ന NAAC ഗ്രേഡാണ് പ്രധാന മാനദണ്ഡമായി പ്രഖ്യാപിച്ചിട്ടുള്ളത്. സാമൂഹിക-ശാസ്ത്ര ഗവേഷണ രംഗത്ത് സർവ്വകലാശാല കൈവരിച്ചിട്ടുള്ള നേട്ടങ്ങളും പ്രസ്തുത ഘടകത്തിൽ ഉൾപ്പെടുത്തി ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡമാണ്.

(സി) ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശ്യത്തിലാണ് റൂസ പ്രവർത്തിക്കുന്നത്. അക്കാദമിക താൽപ്പര്യങ്ങൾ മാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന റൂസയിൽ വാണിജ്യ താൽപ്പര്യങ്ങൾക്ക് യാതൊരുവിധ പരിഗണനയും നൽകുന്നില്ല.

(ഡി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശയുടെ അടിസ്ഥാനത്തിൽ 2009-10 അക്കാദമിക് വർഷം മുതൽ സംസ്ഥാനത്ത് ബിരുദ തലത്തിൽ സി.ബി.സി.എസ്.എസ്. (Choice Based Credit Semester System) സമ്പ്രദായം നടപ്പിലാക്കിയിരുന്നു. അക്കാദമിക ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഈ മാറ്റം കാരണമായിട്ടുണ്ടെന്നാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്.

## രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സഹായം ലഭിക്കുന്ന കോളേജുകൾ

226(1698) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതി പ്രകാരമുള്ള സഹായത്തിനായി സംസ്ഥാനത്തെ എത്ര കോളേജുകളെ ഈ വർഷം തെരഞ്ഞെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ സ്വാശ്രയ കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോളേജുകളെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കോളേജുകളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ ശിപാർശ നൽകിയിരുന്നോ;

(ഡി) എയ്ഡഡ് കോളേജുകൾക്ക് റൂസ പദ്ധതിയിൻ കീഴിൽ അനുവദിക്കുന്ന തുകയിൽ സംസ്ഥാന സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) രണ്ടാംഘട്ട പദ്ധതി പ്രകാരമുള്ള സഹായത്തിനായി സംസ്ഥാനത്തെ താഴെപ്പറയുന്ന എണ്ണം കോളേജുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

5 സ്വയംഭരണ കോളേജുകൾ

106 എയ്ഡഡ് കോളേജുകൾ

10 ഗവൺമെന്റ് കോളേജുകൾ.

(ബി &സി) ഇല്ല.

(ഡി) റൂസ രണ്ടാംഘട്ട പദ്ധതിയുടെ കീഴിൽ അനുവദിക്കുന്ന ഫണ്ട് വിഹിതം സംസ്ഥാന സർക്കാരും എയ്ഡഡ് കോളേജുകളും തുല്യമായി വഹിക്കാമെന്ന് സർക്കാർ അനുമതി നൽകിയിരുന്നുവെങ്കിലും പദ്ധതി നടത്തിപ്പിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന സർക്കാർ മുഴുവൻ തുകയും വഹിക്കാമെന്നുള്ള തീരുമാനമാണ് നിലവിൽ കൈക്കൊണ്ടിട്ടുള്ളത്.

## കേരളത്തിലെ സർക്കാർ കോളേജുകൾ

227(1699) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സർക്കാർ കോളേജുകൾ (ആർട്സ് ആന്റ് സയൻസും പ്രൊഫഷണലും) ഉണ്ടെന്ന് പേരുസഹിതം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണവും അദ്ധ്യാപകരുടെ എണ്ണവും കോളേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയാണെന്ന് കോളേജ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ കോളേജുകൾ ഓരോന്നും സ്ഥാപിച്ച വർഷം ഏതാണെന്ന് വ്യക്തമാക്കാമോ;

(ഇ) പുതിയ കോഴ്സുകൾ അനുവദിക്കാനുദ്ദേശിക്കുന്ന കോളേജുകൾ ഏതൊക്കെയാണെന്നും ഏതെല്ലാം കോഴ്സുകളാണ് അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ 66 സർക്കാർ ആർട്സ് & സയൻസ് കോളേജുകളും 4 സർക്കാർ ട്രെയിനിംഗ് കോളേജുകളും 4 സർക്കാർ സംഗീത കോളേജുകളും ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജും 4 സർക്കാർ ലോ കോളേജുകളും 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും 45 പോളിടെക്നിക് കോളേജുകളുണ്ട്. കോളേജുകളുടെ പേരും ജില്ലയും തിരിച്ച് അനുബന്ധ-I ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണവും അദ്ധ്യാപകരുടെ എണ്ണവും അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

(സി) കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.*

(ഡി) കോളേജുകളിൽ ഓരോന്നും സ്ഥാപിച്ച വർഷം അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു.*

(ഇ) പുതിയ കോഴ്സുകൾ അനുവദിക്കാനുദ്ദേശിക്കുന്ന കോളേജുകളും കോഴ്സുകളും അനുബന്ധം-V ആയി ചേർത്തിരിക്കുന്നു.*

**ബിരുദധാരികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ പദ്ധതി**

228(1700) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിരുദ പഠനത്തോടൊപ്പം പ്രത്യേക തൊഴിൽ നൈപുണ്യം ആർജ്ജിക്കാത്തതിനാൽ ബിരുദധാരികൾക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യത വളരെ പരിമിതമായിരിക്കുന്നുവെന്ന പ്രശ്നം പരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ബിരുദ കോഴ്സുകളിലെ കുട്ടികളുടെ നൈപുണ്യം വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം എത്രമാത്രം ഫലവത്താകുന്നുണ്ടെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; 2017-18 ൽ ഈ പദ്ധതിക്കായി നീക്കിവെച്ച 430 കോടിയോളം രൂപ ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പോളിടെക്നിക് കോളേജുകളുടെ നിലവാരം ഉയർത്തി, പഠിച്ചിറങ്ങുന്നവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) അക്കാദമിക പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന കോളേജ് വിദ്യാർത്ഥികൾക്ക് അഡീഷണൽ സ്കിൻ അക്വിസിഷൻ പ്രോഗ്രാം (അസാപ്) മുഖേന നൈപുണ്യ പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരത്തിൽ 119 ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ആധുനിക തൊഴിൽ മേഖലകളായ നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ് തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ യു.ജി.സി.-യുടെ സഹകരണത്തോടെ കമ്മ്യൂണിറ്റി കോളേജുകൾ സ്ഥാപിച്ച് തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബോംബെ IIT-യുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ കമ്പ്യൂട്ടർ മേഖല പരിശീലനങ്ങൾക്കായി ട്യൂട്ടോറിയൽ പ്രോഗ്രാമുകൾ നടത്തി വരുന്നു. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ കോളേജുകളിലും എയ്ഡഡ് കോളേജുകളിലും സ്റ്റേറ്റ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ വകുപ്പുമായി സഹകരിച്ച് വിവിധ തൊഴിൽ പരിശീലന പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സാമ്പത്തിക സഹകരണത്തോടെ നടത്തപ്പെടുന്ന അസാപ് പദ്ധതിയിലെ പഠിതാക്കളുടെ തൊഴിൽ നൈപുണ്യ മികവ് കണക്കാക്കുന്നതിനായി 2016, 2017, 2018 വർഷങ്ങളിൽ Employability Survey നടത്തുകയുണ്ടായി. അതിൻപ്രകാരം അസാപ് പരിശീലനം ലഭിച്ച പഠിതാക്കളുടെ തൊഴിൽ നൈപുണ്യ നിലവാരം പരിശീലനം ലഭിക്കാത്തവരെക്കാൾ മികച്ചതാണെന്നും ആയത് ADB മാനദണ്ഡങ്ങൾ നിർവ്വചിക്കും പ്രകാരം സ്വീകാര്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഈ പദ്ധതിക്കായി നീക്കിവച്ച തുക ഉപയോഗിച്ച് നൈപുണ്യ പരിശീലനത്തിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

തനതു വർഷം 36000-ൽപ്പരം ഹയർ സെക്കണ്ടറി/കോളേജ് വിദ്യാർത്ഥികൾക്കുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇൻഫർമേഷൻ ടെക്നോളജി എന്നിവ ഉൾപ്പെടുന്ന ഫൗണ്ടേഷൻ പരിശീലനവും 34000-ത്തോളം വിദ്യാർത്ഥികൾക്ക് വിവിധ തൊഴിൽ നൈപുണ്യ കോഴ്സുകളിലെ പരിശീലനവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ

ഭാഗങ്ങളിലായി ദേശീയ-അന്തർദേശീയ നിലവാരവും തൊഴിൽ സാധ്യതയുമുള്ള നൈപുണ്യ കോഴ്സുകളിലെ പരിശീലനത്തിനായി കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ നിർമ്മാണത്തിന്റെ അന്ത്യഘട്ടത്തിലാണ്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് നൈപുണ്യ പരിശീല നത്തിനായി കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് നൈപുണ്യ പരിശീലനത്തിനായി നിലവിലുള്ള ക്ലാസ് മുറികളും കമ്പ്യൂട്ടർ ലാബുകളും മെച്ചപ്പെടുത്തി 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (SDC) നിർമ്മിക്കുകയും അനുബന്ധ ഉപകരണങ്ങളും ഇന്റർനെറ്റ് സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 6000-ൽപ്പരം വിദ്യാർത്ഥികൾക്ക് വേനൽക്കാല നൈപുണ്യ പരിശീലനവും 700-ൽപ്പരം നൈപുണ്യ പരിശീലനവും പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. നൈപുണ്യ പരിശീലനം സംബന്ധിച്ചുള്ള ഉപദേശക സമിതികളായ 14 ബിസിനസ്സ് അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ഇത്തരം വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ 2017-18 വർഷം ആകെ 111,53,08,130 രൂപ (നൂറ്റിപ്പതിനൊന്നു കോടി അമ്പത്തിമൂന്ന് ലക്ഷത്തി എണ്ണായിരത്തി ഒരുന്നൂറ്റി മുപ്പത് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(സി) പോളിടെക്നിക് കോളേജുകളുടെ നിലവാരം ഉയർത്തി പഠിച്ചിറങ്ങുന്നവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഫിനിഷിംഗ് സ്കൂൾ പദ്ധതിയുടെ ഭാഗമായി സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനവും സോഫ്റ്റ് സ്കിൽ, കമ്മ്യൂണിക്കേഷൻ സ്കിൽ എന്നിവ വർദ്ധിപ്പിക്കുന്ന തിനായി ട്രെയിനിംഗുകളും നൽകിവരുന്നു. വിദ്യാർത്ഥികൾക്ക് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് കരിക്കുലത്തിന്റെ ഭാഗമായി മെക്കാനിക്കൽ, ടൂൾ & ഡൈ എന്നീ ട്രേഡുകൾക്ക് ഇൻപ്ലാന്റ് ട്രെയിനിംഗ്, പുതിയ സാങ്കേതിക വിദ്യകളുമായി പരിചയപ്പെടുന്നതിനും അറിയുന്നതിനുമുള്ള സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവയും നടത്താറുണ്ട്.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്ന തിനായി പ്രത്യേകം സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടും കൂടി ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

വ്യാവസായിക മേഖലയുടെ പ്രവർത്തനരീതി പരിചയപ്പെടുത്തുന്നതിനായി പോളിടെക്നിക്കുകളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഉൽപ്പാദന പരിശീലന കേന്ദ്രം വിദ്യാർത്ഥികൾക്ക് ഒരു ചെറിയ വരുമാനം ലഭിക്കുന്നതിനുള്ള സാഹചര്യവും ഉണ്ടാക്കുന്നു.

## കോളേജുകളിലെ മലയാളം അദ്ധ്യാപക തസ്തികകൾ

229(1701) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ മലയാളത്തിന് ഇരുപത്തിയഞ്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒഴിവുണ്ടായിരുന്നിട്ടും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയിന്മേൽ എട്ട് തസ്തിക മാത്രം സൃഷ്ടിക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ; ബാക്കിയുള്ള തസ്തികകൾ അടിയന്തരമായി സൃഷ്ടിച്ച് അതിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തെ കോളേജുകളിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയിന്മേൽ 28-7-2018-ലെ സ.ഉ.(കൈ)182/2018/ ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം മലയാളത്തിന് ഒരു തസ്തികയും 16-1-2019-ലെ സ.ഉ. (കൈ) 4/2019/ ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം മലയാളത്തിന് 8 തസ്തികകളും അനുവദിച്ചിട്ടുണ്ട്. മതിയായ ജോലിഭാരവും സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്താണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. ബാക്കിയുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ നിയമനങ്ങൾ

230(1702) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ അനുവദിച്ച പുതിയ കോഴ്സുകൾ ഏതൊക്കെ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളത്തിലെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അധ്യാപക/ അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1. സാന്തോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജ്, പാറശ്ശാല- കെമിസ്ട്രി, ഇംഗ്ലീഷ്, ബി.കോം

2. ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ-എം.എ. സംസ്കൃതം, എം.എസ്.സി. സുവോളജി

(ബി) അദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

1. എം.ജി. കോളേജ്, ഇരിട്ടി- കൊമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ്-6

2. മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് - ബി.എം.എം.സി.-2

3. ടി.കെ.എം. കോളേജ്, കൊല്ലം - ബയോ കെമിസ്ട്രി-1

4. സെന്റ് തോമസ് കോളേജ്, റാന്നി- ഇംഗ്ലീഷ്-1

5. സാന്തോം മലങ്കര ആർട്സ് ആന്റ് കോളേജ്, പാറശ്ശാല- പ്രിൻസിപ്പാൾ-1, കെമിസ്ട്രി-1, ഇംഗ്ലീഷ്-1

അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

### കോളേജ് അദ്ധ്യാപകരുടെ ഒഴിവുകൾ

231(1703) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിഷയം തിരിച്ച് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോളേജ് അധ്യാപകരുടെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിഷയം തിരിച്ച് അറിയിക്കാമോ;

(സി) കോളേജ് അധ്യാപക തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എന്നറിയിക്കാമോ; ഇവയുടെ കാലാവധി എന്നു വരെയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാണോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള 290 അദ്ധ്യാപക ഒഴിവുകളിൽ 287 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിഷയം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 210 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിഷയം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിലുണ്ട്. തസ്തികകൾ, കാലാവധി എന്നീ വിശദാംശങ്ങൾ ഉൾപ്പെടുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ലൈബ്രേറിയന്മാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ്

232(1704) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെയും സർക്കാർ കോളേജുകളിലെയും ലൈബ്രേറിയന്മാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്തത് മൂലം ലൈബ്രേറിയന്മാരുടെ എൻട്രി കേഡറിൽ നിയമനം തടസ്സപ്പെടുകയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറി സേവനത്തെ അത് ദോഷകരമായി ബാധിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ലൈബ്രേറിയൻ തസ്തിക ഉൾപ്പെടെയുള്ള സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾ പി.എസ്.സി.-ക്ക് വിട്ടതിനോടനുബന്ധിച്ചുള്ള കരട് ചട്ടം തയ്യാറാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾ ഏകീകരിച്ചുകൊണ്ട് പി.എസ്.സി. നിയമനം സാധ്യമാക്കാൻ സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതികൾ വരുത്തുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു എട്ടംഗ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കാർ കോളേജുകളിലെ ലൈബ്രേറിയൻമാരുടെ നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് (സ്റ്റേറ്റ് സർവ്വീസ്), സ്പെഷ്യൽ റൂൾസ് (സബോർഡിനേറ്റ് സർവ്വീസ്) എന്നിവ നിലവിലുണ്ട്. യു.ജി.സി. സ്പെഷ്യൽ റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഇ.കെ. നായനാർ മെമ്മോറിയൽ സർക്കാർ കോളേജ്**

233(1705) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എളേരിത്തട്ട് ഇ. കെ. നായനാർ മെമ്മോറിയൽ സർക്കാർ കോളേജിൽ കണ്ണൂർ യൂണിവേഴ്സിറ്റി അധികൃതരുടെ ശിപാർശ ഉണ്ടായിട്ടും പുതിയ കോഴ്സുകൾ അനുവദിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ശിപാർശ ചെയ്ത പ്രസ്തുത കോഴ്സുകൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കോഴ്സുകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തഴവ ഗവൺമെന്റ് കോളേജിലെ ബിരുദകോഴ്സുകൾ**

234(1706) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴവ ഗവണ്മെന്റ് കോളേജിൽ ഏതെല്ലാം വിഷയങ്ങളിൽ ബിരുദകോഴ്സ് അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ; ഇവിടെ എത്ര സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കോളേജിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; ഇതിനുവേണ്ടി സ്ഥലം വിട്ടു നൽകുന്നതിന് എത്ര ഭൂവുടമകൾ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) എത്രയും വേഗം സ്ഥലം ഏറ്റെടുത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഉത്തരം

(എ) തഴവ ഗവൺമെന്റ് കോളേജിൽ ബി.കോം ഫിനാൻസ്, ബി.എ. മലയാളം, ബി.എ. ഇംഗ്ലീഷ്, ബി.എ. സോഷ്യോളജി എന്നീ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. പ്രിൻസിപ്പാൾ തസ്തികയും കോമേഴ്സ്, മലയാളം, ഇംഗ്ലീഷ് വിഷയങ്ങളിൽ ഓരോ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക വീതവും സൃഷ്ടിക്കുകയും ടി തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി&സി) കരുനാഗപ്പള്ളി തഴവ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 32 ഓളം വ്യക്തികളുടെ സ്ഥലം ഉൾപ്പെട്ട 4 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. കോളേജ് പ്രവർത്തിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുന്നതിനായി പ്രസ്തുത പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

## മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ അനദ്ധ്യാപക തസ്തികകൾ

235(1707) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2015-16 മുതൽ അദ്ധ്യയനം ആരംഭിച്ചിട്ടും നാനൂറിലധികം വിദ്യാർത്ഥിനികൾ പഠിക്കുന്ന ഈ കോളേജിൽ ഒരൊറ്റ അനദ്ധ്യാപക തസ്തിക പോലും സൃഷ്ടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോളേജിൽ ഓഫീസ് സൂപ്രണ്ട്, ലൈബ്രേറിയൻ ഉൾപ്പെടെ ആവശ്യമായ അനദ്ധ്യാപക തസ്തികകൾ എത്രയും വേഗം സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## മാനന്തവാടി ഗവൺമെന്റ് കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ

236(1708) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കോഴ്സുകൾ തുടങ്ങുവാനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും മാനന്തവാടി ഗവ. കോളേജിനുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മാനന്തവാടി ഗവ. കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ &ബി) ഉണ്ട്. പുതിയ ബിരുദ കോഴ്സുകൾക്കുള്ള പ്രൊപ്പോസലുകൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**നിലമ്പൂർ ഗവൺമെന്റ് കോളേജ്**

237(1709) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് കോളേജിന് ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച തസ്തികകൾ ഏതൊക്കെയാണ്;വിശദമാക്കാമോ;

(ബി) നിലമ്പൂർ ഗവൺമെന്റ് കോളേജിൽ കോഴ്സുകൾ അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ച സ്പെഷ്യൽ ഓഫീസറുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) നിലമ്പൂർ ഗവൺമെന്റ് കോളേജിന് അമരമ്പലം ഗ്രാമപഞ്ചായത്തിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണുള്ളത് എന്ന് വ്യക്തമാക്കാമോ; ഫയൽ നടപടി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ ഗവൺമെന്റ് കോളേജിൽ ഈ സർക്കാരിന്റെ കാലത്ത് 8 അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൊമേഴ്സ്-1, ജ്യോഗ്രഫി-1, ഇംഗ്ലീഷ്-1, മലയാളം-1, അറബിക്-1, ഹിന്ദി-1, സ്റ്റാറ്റിസ്റ്റിക്സ്-1, ജേർണലിസം-1.

(ബി) നിലമ്പൂർ ഗവൺമെന്റ് കോളേജിൽ 2017-18 അദ്ധ്യയന വർഷമാണ് കോഴ്സുകൾ അനുവദിച്ചത്.

(സി) സ്പെഷ്യൽ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന മങ്കട ഗവൺമെന്റ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ. സലാഹുദ്ദീൻ സി.റ്റി. ആണ് കോഴ്സുകൾക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) നിലമ്പൂർ ഗവൺമെന്റ് കോളേജിന് അമരമ്പലം ഗ്രാമപഞ്ചായത്തിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത 5 ഏക്കർ ഭൂമി വിട്ടുനൽകാൻ സന്നദ്ധതയുള്ളവരുടെ സമ്മതപത്രം സ്പെഷ്യൽ ഓഫീസർ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി കോളേജിന് അനുയോജ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും കോഴിക്കോട്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കും ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് സ്കെച്ച്, സർവ്വേ നമ്പർ, നിലവിലെ തരം, വില്ലേജ് ഓഫീസറുടെ മഹസ്സർ, BTR പകർപ്പ് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാൻ സ്പെഷ്യൽ ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നിലമ്പൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പി.2/48301/2018/കോ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു.

**കുളത്തൂർ സർക്കാർ കോളേജിന് ഭൂമി**

238(1710) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ സർക്കാർ കോളേജിന് കുളത്തൂർ ഹൈസ്കൂളിന്റെ ഭൂമി കൈമാറുന്നതിന് എന്തൊക്കെ നടപടികൾ ആണ് പൂർത്തീകരിക്കാൻ ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 2019 മാർച്ചിന് മുൻപ് ഭൂമികൈമാറ്റ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കുളത്തൂർ സർക്കാർ കോളേജിനായി കുളത്തൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ ഭൂമി കൈമാറുന്നതിനായുള്ള ഭൂമി കൈമാറ്റ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി ടെക്നിക്കൽ ഹൈസ്കൂളിന് പോക്കുവരവ് ചെയ്ത് നൽകണമെന്ന ബാലാവകാശ കമ്മീഷൻ ഉത്തരവിട്ടിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു വരികയാണ്.

## കുട്ടമ്പുഴയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്

239(1711) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പതിനാറിലധികം വരുന്ന ആദിവാസി കോളനികൾ ഉൾപ്പെടുന്ന പിന്നോക്ക പ്രദേശമായ കുട്ടമ്പുഴ പഞ്ചായത്തിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രദേശത്തിന്റെ പിന്നാക്കാവസ്ഥ കണക്കിലെടുത്ത് കുട്ടമ്പുഴയിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ കോളേജ് ആരംഭിക്കുന്നതിനായി 3 സ്ഥലങ്ങൾ നിർദ്ദേശിച്ചിരുന്നു. അതിൽ അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യത സംബന്ധിച്ച് പരിശോധിച്ച് വരുന്നു.

## പൂക്കോട്ടുകാവിൽ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കാൻ നടപടി

240(1712) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൂക്കോട്ടുകാവിൽ ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണമെന്ന പ്രപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) നിലവിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ ആർട്സ്&സയൻസ് കോളേജ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## അറബിക് കോളേജുകളിൽ റെഗുലർ കോഴ്സുകൾ

241(1713) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് അറബിക് കോളേജുകളിൽ റഗുലർ കോഴ്സുകൾ തുടങ്ങാനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റെഗുലർ കോഴ്സുകൾക്ക് യൂണിവേഴ്സിറ്റികളുടെ അംഗീകാരം ലഭ്യമാക്കി പരീക്ഷ നടത്തുന്നുണ്ടോ;

(സി) റെഗുലർ കോഴ്സിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്തതുമൂലമുണ്ടായ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ശമ്പളം നൽകുന്നതിന് എന്ത് തടസമാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏത് സാഹചര്യത്തിലാണ് എയ്ഡഡ് കോളേജുകളിൽ റെഗുലർ കോഴ്സുകൾ അനുവദിച്ചതെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി &ഡി) ഇല്ല

## ആലപ്പുഴ സെന്റ് ജോസഫ് കോളേജിലെ അദ്ധ്യാപികയുടെ നിയമനം

242(1714) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സെന്റ് ജോസഫ് കോളേജിലെ കെമിസ്ട്രി അദ്ധ്യാപികയായ ശ്രീമതി നിഷയുടെ നിയമനം 7-6-2018-ലെ ACF/III/1/48740/16 ഉത്തരവ് പ്രകാരം സാധൂകരിച്ചെങ്കിലും 3-11-2015 മുതലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നാളിതുവരെയും നൽകാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എറണാകുളം ജില്ലയിലെ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന 02/8784 എന്ന ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത അദ്ധ്യാപികയുടെ ആനുകൂല്യങ്ങൾ എന്നത്തേക്ക് നൽകാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ആലപ്പുഴ സെന്റ് ജോസഫ് കോളേജിലെ കെമിസ്ട്രി വിഭാഗം അദ്ധ്യാപിക ശ്രീമതി നിഷയുടെ നിയമനാംഗീകാരം നൽകുന്ന വിഷയം സർക്കാരിൽ ലഭ്യമായിട്ടില്ല. എന്നാൽ ഈ വിഷയം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ പരിശോധിച്ചിട്ടുള്ളതാണ്. സർക്കാർ അനുവദിച്ച് നൽകാത്ത 15-ാം തസ്തികയിലാണ് 15-7-2014-ൽ ശ്രീമതി നിഷയെ നിയമിച്ചത്. സർക്കാർ സൃഷ്ടിച്ച തസ്തികയിൽ 31-12-2014-ൽ ഒഴിവ് വന്നതിനാൽ 1-1-2015 പ്രാബല്യത്തിൽ ടിയാരിയുടെ നിയമനം ക്രമപ്പെടുത്തി 11/2018 മുതലുള്ള ശമ്പളം നൽകാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 15-11-2018 തീയതിയിലെ ഡി4/13089/2018 കത്ത് പ്രകാരം എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) 15-7-2017-ൽ നൽകിയ നിയമനം കേരള സർവ്വകലാശാല 1-1-2015 പ്രാബല്യത്തിൽ പുനഃക്രമീകരിച്ച് നൽകുന്ന മുറയ്ക്ക് 1-1-2015 മുതലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കോന്നി സിവിൽ സർവ്വീസ് അക്കാഡമി കെട്ടിടം**

243(1715) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിൽ സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ ഭൂമി പാട്ടത്തിന് ലഭിക്കുന്നതിലേക്ക് കോന്നി താലൂക്കിൽ നൽകിയ അപേക്ഷയുടെ നിലവിലെ അവസ്ഥ അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ വേഗത്തിലാക്കി പ്രസ്തുത ഫയലിൽ അടിയന്തരമായി നടപടികൾ പൂർത്തീകരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് വേണ്ട ശ്രദ്ധ ചെലുത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോന്നിയിൽ സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് കോന്നി മെഡിക്കൽ കോളേജിന് സമീപത്തായി ബ്ലോക്ക് നമ്പർ 35-ൽ റീസർവ്വെ 120/1,3,4-ൽപ്പെട്ട പുറമ്പോക്ക് സ്ഥലത്തുനിന്നും 0.1619 ഹെക്ടർ സ്ഥലം പാട്ടത്തിന് അനുവദിക്കുന്നതിലേക്ക് കോന്നി തഹസിൽദാർക്ക് നൽകിയ അപേക്ഷയും അനുബന്ധ റെക്കോർഡുകളും കോന്നി തഹസിൽദാരുടെ 17-1-2019-ലെ ബി3/7065/18 നമ്പർ കത്ത് പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാട്ടം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) പാട്ടത്തിന് സ്ഥലം അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് സിവിൽ സർവ്വീസ് അക്കാദമിക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സബ് സെന്ററിന്റെ കെട്ടിടം

244(1716) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സബ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് സി.സി.ഇ.കെ. ഡയറക്ടർ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനോട് കരാറിൽ ഏർപ്പെടുന്നതിന് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ കരാർ നടപ്പിലാക്കുന്നതിന് സി.സി.ഇ.കെ. ഡയറക്ടർ നടത്തിയ തുടർ നടപടികൾ എന്തെല്ലാമാണെന്ന് തീയതികൾ സഹിതം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 10-4-2017, 19-7-2017, 29-10-2018 തീയതികളിലെ കത്തുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* 2-6-2014- സ.ഉ (എംഎസ്.) 228/2014 റവന്യൂ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി, കോഴിക്കോട് സബ് സെന്ററിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനായി ഇരുത്തിയാട് അഴകൊടി ദേവി ക്ഷേത്രത്തിന് സമീപമുള്ള അടഞ്ഞുകിടക്കുന്ന PWD ജില്ലാ ഗോഡൗൺ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പരിസരത്ത് ടി. എസ് 5-23-1139/2, 54 സെന്റ് സ്ഥലം അനുവദിച്ചു. എന്നാൽ ഭൂമിയുടെ മുൻ ഉടമസ്ഥരായ പൊതുമരാമത്ത് വകുപ്പ് പ്രസ്തുത ഭൂമിയിലുള്ള നിർമ്മിതികളും അനുബന്ധ ഉപകരണങ്ങളും നീക്കം ചെയ്ത് വസ്തു കൈമാറ്റം ചെയ്യുന്നതിന് കാലതാമസമുണ്ടായി. 5-9-2018-ലെ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത സ്ഥലം നടപടികൾ പൂർത്തിയാക്കി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയ്ക്ക് കൈമാറി. എന്നാൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി, കോഴിക്കോട് സബ് സെന്ററിന് പാട്ടത്തിന് നൽകിയ ഭൂമി അഴകൊടി ദേവി ക്ഷേത്രത്തിന് വിട്ടുനൽകണമെന്നാവശ്യവുമായി ബന്ധപ്പെട്ട് ശ്രീ. ലോഹിതാക്ഷൻ എന്നിവർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ 3-9-2018-ലെ വിധി പ്രകാരം ഇപ്പോൾ കോഴിക്കോട് ജില്ലാ കളക്ടറുടെ പരിഗണനയിലാണ്. മേൽ സാഹചര്യത്തിൽ സി.സി.ഇ.കെ. ഡയറക്ടറും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പും തമ്മിൽ കരാറിൽ ഏർപ്പെടുവാൻ സാധ്യമായിട്ടില്ല.

## പൂഞ്ഞാർ മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

245(1717) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എൻജിനീയറിംഗ് കോളേജിൽ വിദ്യാർത്ഥികൾ വളരെയധികം കുറഞ്ഞ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ ആവശ്യമായ എന്തെങ്കിലും നടപടി ഉന്നതവിദ്യാഭ്യാസവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പൂഞ്ഞാർ മണ്ഡലത്തിൽ പുതിയതായി ഗവൺമെന്റ് മേഖലയിൽ ആർട്സ് ആന്റ് സയൻസ് കോളേജോ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സ്ഥാപിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. വിദ്യാർത്ഥികളുടെ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിക്കേണ്ട വകുപ്പുതല നടപടിക്രമങ്ങൾ സംബന്ധിച്ച് 22-1-2019-ൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ വിളിച്ചുചേർത്ത സ്ഥാപന മേധാവികളുടെ യോഗം ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) ഇല്ല.

## രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്

246(1718) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് ആവശ്യമായ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി എം.എൽ.എ. നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിന്മേൽ ഉന്നത വിദ്യഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് ആവശ്യമായ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ശിപാർശ ചെയ്തിരിക്കുന്ന സ്ഥലം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ളതായതിനാൽ പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

## വിളപ്പിൽശാലയിൽ ശാസ്ത്രസാങ്കേതിക സർവ്വകലാശാല ആസ്ഥാനം

247(1719) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിന്റെയും പുനരധിവാസ പ്രവർത്തനങ്ങളുടെയും തുടർനടപടികൾക്കായി ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം നിർമ്മിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ 42.13.66 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് സ.ഉ.(സാധാ) നമ്പർ 2297/2018/ഉ.വി.വ തീയതി 24-12-2018 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി LARR Act അനുസരിച്ച് requisition form ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിന് എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാറെ ചുമതലപ്പെടുത്തിയിരുന്നു. രജിസ്ട്രാർ 16-1-2019-ലെ 35/2014/KTU നമ്പർ കത്ത് പ്രകാരം സ്കെച്ച് ഉൾപ്പെടെ requisition form ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

## വർക്കല എഞ്ചിനീയറിംഗ് കോളേജിൽ തീവ്രവാദ സ്വഭാവമുള്ള മുദ്രാവാക്യങ്ങളും ചുവരെഴുത്തുകളും

248(1720) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥികൾ തീവ്രവാദ സ്വഭാവമുള്ള മുദ്രാവാക്യം വിളിയ്ക്കുകയും ചുവരെഴുത്തുകൾ നടത്തുകയും ചെയ്തതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്യന്തം ഗുരുതരമായ ഈ വിഷയത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ബന്ധപ്പെട്ടവരോട് സർവ്വകാലാശാലതലത്തിൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

## വയനാട്ടിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

249(1721) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് എഞ്ചിനീയറിംഗ് കോളേജിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 ബിരുദ കോഴ്സുകളും 2 ബിരുദാനന്തര കോഴ്സുകളുമുള്ള വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ടുമെന്റ് NBA അക്രെഡിറ്റേഷൻ കരസ്ഥമാക്കി. മറ്റ് ബ്രാഞ്ചുകളിൽ ഇതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അധ്യാപകർക്കാവശ്യമായ ഹ്രസ്വകാല പരിശീലന പരിപാടികളും ആധുനിക സാങ്കേതിക വിദ്യകളിൽ പരിചയം ലഭ്യമാക്കാനായി സെമിനാറുകളും കോളേജിൽ സംഘടിപ്പിച്ചുവരുന്നു. വിസിറ്റിംഗ് ഫാക്കൽറ്റി സ്കീമിലുൾപ്പെടുത്തി സാങ്കേതിക വിദഗ്ധരുടെ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനായി 'ഉന്നത് ഭാരത് അഭിയാൻ' നാഷണൽ സർവ്വീസ് സ്കീം പ്രവർത്തനങ്ങൾ സാമൂഹ്യ പ്രവർത്തനത്തിന് പ്രാമുഖ്യം നല്കി നടത്തുന്നുണ്ട്.

ഈ കാലയളവിൽ പ്ലേസ്മെന്റ് സെല്ലിന്റെയും വർക്ക്ഷോപ്പ് കെട്ടിടത്തിന്റെയും പണി പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ലാബുകളുടെയും വർക്ക്ഷോപ്പുകളുടെയും ആധുനികവൽക്കരണവും പൂർത്തിയായിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോളേജിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി പ്ലാൻ റവന്യൂ ശീർഷകങ്ങളിൽ നാളിതുവരെ 536.58 ലക്ഷം രൂപയും ക്യാപ്പിറ്റൽ ശീർഷകങ്ങളിൽ 269 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിന് ഹോസ്റ്റൽ

250(1722) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൽ.ബി.എസ്.എഞ്ചിനിയറിംഗ് കോളേജിന് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പ്രവൃത്തി ചെയ്യാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പ്രവൃത്തി തുടങ്ങുന്നതിന് നാളിതുവരെയായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഹോസ്റ്റൽ നിർമ്മാണത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തി ചെയ്യാൻ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) പ്ലാനും ഡിസൈനും എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ട്. എൽ.ബി.എസ്. സെന്ററിന്റെ ബിൽഡിംഗ് കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് നടപടികൾ തുടർന്നുവരുന്നു.

## ചെങ്ങന്നൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് നാഷണൽ അക്രെഡിറ്റേഷൻ സർട്ടിഫിക്കറ്റ്

251(1723) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് നാഷണൽ അക്രെഡിറ്റേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ ഐ.എച്ച്.ആർ. ഡി. സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിലുള്ള കാരണങ്ങൾ അറിയിക്കുമോ;

(സി) കോളേജിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്തിട്ടുള്ളത് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ എൻ.ബി.എ.-യുടെ പുതുക്കിയ മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗ്യതയുള്ള കോഴ്സുകൾക്ക് എൻ.ബി.എ. അക്രെഡിറ്റേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ കോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നാഷണൽ അക്രെഡിറ്റേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എൻ.ബി.എ.-യുടെ പുതുക്കിയ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഭൗതിക സൗകര്യങ്ങൾ കോളേജിൽ ഒരുക്കുന്നതിനുള്ള കാലതാമസമാണ് കാരണം.

(സി) കോളേജിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല.

## എഞ്ചിനീയറിംഗ് പരീക്ഷകളുടെ സമഗ്ര പരിഷ്കരണം

252(1724) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് കോളേജുകളിലെ പരീക്ഷ നടത്തിപ്പിനും മൂല്യനിർണ്ണയത്തിനും സമഗ്ര പരിഷ്കരണം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് എ.ഐ.സി.റ്റി.ഇ. എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗനിർദ്ദേശപ്രകാരമുള്ള സിലബസ്സ് പരിഷ്കരണത്തിന് തുടക്കമായിട്ടുണ്ടോ;

(സി) എഞ്ചിനീയറിംഗ് പരീക്ഷ ജയിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ മാർക്ക് വീണ്ടും കുറയ്ക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കാമോ;

(ഡി) നാക് അക്രഡിറ്റേഷന് സമാനമായി സംസ്ഥാനത്ത് സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എഞ്ചിനീയറിംഗ് അദ്ധ്യാപകരുടെ നിയമനത്തിനുള്ള യോഗ്യതയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതവും കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

## ഉത്തരം

(എ&ബി) ആലോചിക്കുന്നുണ്ട്. പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കാനും മൂല്യനിർണ്ണയത്തിൽ വീഴ്ചവരുത്തുന്ന അധ്യാപകർക്ക് ഏർപ്പെ

ടുത്തിയിരുന്ന പിഴ 5000 രൂപയിൽ നിന്നും 25000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം ആലോചനയിലാണ്. വീണ്ടും വീഴ്ച വരുത്തിയാൽ അവർക്കെതിരെ കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരീക്ഷാ നടത്തിപ്പിനും മൂല്യ നിർണ്ണയത്തിനും എ.ഐ.സി.ടി.ഇ. ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവി ച്ചിട്ടുണ്ട്. എ.ഐ.സി.ടി.ഇ. പുറത്തിറക്കിയ എഞ്ചിനീയറിംഗ് കോഴ്സുകളുടെ മാതൃക സിലബസ്സിന്റെ അടിസ്ഥാനത്തിൽ അടുത്ത അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് കോളേജുകളിലെ സിലബസ് പരിഷ്കരിക്കുന്നതാണ്.

(സി) നിലവിലുള്ള കരിക്കുലം അനുസരിച്ച് എഞ്ചിനീയറിംഗ് പരീക്ഷ ജയിക്കുന്നതിന് കുറഞ്ഞത് 45% മാർക്ക് വേണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഇത് ഇതര സംസ്ഥാ നങ്ങളിലെ വിവിധ സർവ്വകലാശാലകളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാ ണെന്നുള്ള പരാതികൾ ഉയർന്നു വന്നിട്ടുള്ള സാഹചര്യത്തിൽ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല അക്കാദമിക് കൗൺസിലും മറ്റു ഭരണ സമിതികളും പ്രസ്തുത വിഷയം സജീവമായി പരിശോധിച്ചുവരികയാണ്.

(ഡി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ഇ) അതാത് വിഷയങ്ങളിൽ എം.ടെക് ബിരുദമുള്ളവരെയാണ് എഞ്ചിനീയറിംഗ് അദ്ധ്യാപകരായി നിയമിക്കുന്നത്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:20 ആക്കാൻ തീരുമാനിച്ചിട്ടുണ്ട്.

### എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികൾ

253(1725) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികളെ കുറിച്ച് പഠിക്കുവാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2018 അദ്ധ്യയന വർഷം എത്ര സീറ്റിൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ടെന്നും നിലവിൽ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും അറിയിക്കുമോ;

(സി) സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും ബി.ടെക്-ന് ക്ലാസ്സെടുക്കുവാൻ യോഗ്യരായ അദ്ധ്യാപകർ ഇല്ലാത്തതിനാൽ അവിടത്തെ പഠന നിലവാരം മോശമാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ സർക്കാർ നിർദ്ദേശപ്രകാരം ഡോ. ആർ. വി. ജി. മേനോന്റെ അദ്ധ്യക്ഷതയിൽ ഒരു 3 അംഗ കമ്മിറ്റിയെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിരുന്നു. ഈ സമിതിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2018 അദ്ധ്യയന വർഷത്തെ സീറ്റ് നില സംബന്ധിച്ച് കേരള സാങ്കേതിക സർവ്വകലാശാലയിൽനിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇതു സംബന്ധിച്ച് പ്രത്യേകിച്ച് പഠനമൊന്നും നടത്തിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിംഗ് അധ്യാപകരായി എം.ടെക് യോഗ്യതയുള്ളവരെയും പ്രിൻസിപ്പലായി പി.എച്ച്.ഡി. യോഗ്യതയുള്ളവരെയും മാത്രമേ നിയമിക്കാവൂ എന്ന് തീരുമാനിച്ചിട്ടുണ്ട്.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

254(1726) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും പഠനം പൂർത്തിയായവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും സാങ്കേതിക സർവ്വകലാശാല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ബി-ടെക് ബിരുദത്തോടൊപ്പം മൈനർ ഡിഗ്രി കൂടി എടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അമേരിക്കയിലെ മാസ്സച്ചുസെറ്റ്സ് ഇൻസിസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഫാബ് ലാബ് പദ്ധതി നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോളേജുകളിൽ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് കോളേജുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(ഇ) പ്രശസ്ത കമ്പനികളുമായി ചേർന്ന് എഞ്ചിനിയറിംഗ് കോളേജുകളിൽ തൊഴിൽ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ ഫലമായി കൂടുതൽ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിന് അവസരം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആവിഷ്കരിച്ചിട്ടുണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചത് മുതൽ അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടുകൂടി താൽപ്പര്യം പ്രകടിപ്പിച്ച 66 എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്റർ (Advanced Skill Development Centre- ASDC) ആരംഭിക്കുവാനും ആയതിൽ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ് ഉൾപ്പെടെയുള്ള നൈപുണ്യ പരിശീലന കോഴ്സുകൾ നടപ്പിലാക്കുവാനും സർക്കാർ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിലൂടെ (ASAP) പദ്ധതിയിടുന്നു.

മാത്രമല്ല, പഠന നിലവാരം ഉയർത്തുന്നതിനായി ക്യാമ്പസുകൾക്ക് പുറത്തു നിന്നുള്ള സാങ്കേതിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള അഡ്ജന്റ് ഫാക്കൽറ്റി (Adjunct Faculty)നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകിക്കൊണ്ടും തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, വൊക്കേഷണൽ ഡിഗ്രി എന്നീ കോഴ്സുകളിൽകൂടി തദനുസരണമായ ഡിഗ്രിയോ ഡിപ്ലോമയോ നൽകി പ്രാപ്തരാക്കാൻ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ് (internship) നൽകാനുള്ള പദ്ധതി അസാപ്പും എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും ആവിഷ്കരിച്ചുവരുന്നു. ക്യാമ്പസ് സെലക്ഷൻ പോലുള്ള വേദികളിൽ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. എ.ഐ.സി.റ്റി.ഇ.യുടെ മോഡൽ കരിക്കുലം ഈ വർഷം നടപ്പിലാക്കാനും സിലബസ് കാലോചിതമായി പരിഷ്കരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത് സർവ്വകലാശാലയുടെ സജീവ പരിഗണനയിലാണ്.

(സി&ഡി) നടപ്പിലാക്കിയിട്ടുണ്ട്. 20 കോളേജുകളിൽ യു.എസ്.എ. ആസ്ഥാനമായുള്ള ഫാബ് ലാബ് ഫൗണ്ടേഷന്റെ ഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഇ&എഫ്) ആവിഷ്കരിച്ചിട്ടുണ്ട്. പൂനെയിലെ മെഴ്സിഡസ് ബെൻസ് എന്ന സ്വകാര്യ സ്ഥാപനവുമായി സഹകരിച്ച് ഓട്ടോമോട്ടീവ് മെക്കാനിക്സിൽ ഒരു വർഷത്തെ ആധുനിക ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനായി ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജും മെഴ്സിഡസ് ബെൻസുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. നാളിതുവരെ നൂറ് ശതമാനം പ്ലേസ്മെന്റോടുകൂടി വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിവരുന്നു.

ജർമ്മൻ കമ്പനിയായ Bosch Rexroth-മായി ചേർന്ന് സംസ്ഥാനതലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കുവാനും മേഖലാ ജില്ലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. റോബോട്ടിക്സ് & ഓട്ടോമേഷൻ പി.ജി. പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഓട്ടോമേഷൻ ടെക്നോളജിയിൽ പി.ജി. പദ്ധതികൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. സമീപമുള്ള എഞ്ചിനീയറിംഗ് കോളേജിലെയും പോളിടെക്നിക് കോളേജുകളിലെയും ഫാക്കൽറ്റികൾക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. ഹ്രസ്വകാല പരിശീലനം നിലവിൽ നടപ്പാക്കിയിട്ടുണ്ട്.

## ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ

255(1727) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര ഡ്രാഫ്റ്റ്സ്മാൻ (സി.എ.ഡി.) തസ്തികകളാണ് നിലവിലുള്ളത്;

(ബി) എൻജിനിയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും എത്ര പുതിയ ഡ്രാഫ്റ്റ്സ്മാൻ (സി.എ.ഡി.) തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഫയലുകളുടെ സ്ഥിതി ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുമോ?

ഉത്തരം

(എ) 3 തസ്തികകൾ.

(ബി-ഡി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 3-1-2019 തീയതിയിലെ എൽ 1/41493/16/ഡിടിഇ പ്രകാരം സമർപ്പിച്ച തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ഡ്രാഫ്റ്റ്സ്മാൻ (സി.എ.ഡി.)-ന്റെ ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ എൽ 3/8235/2013/ഉ.വി.വ. എന്ന ഫയലിൽ ധനകാര്യ വകുപ്പിൽ പരിശോധിച്ച് വരികയാണ്.

(ഇ) തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് വിശേഷാൽ ചട്ടങ്ങൾക്കനുസൃതമായി നിയമനം നടത്താൻ സാധിക്കുന്നതാണ്.

**നടുവിൽ ഗവണ്മെന്റ് പോളിടെക്നിക്**

256(1728) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നടുവിൽ ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രവർത്തനം 2019-20 അദ്ധ്യയന വർഷം മുതൽ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് ഇനിയും പൂർത്തിയാകാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള ഭൂമിയിൽനിന്നും 5 ഏക്കർ ഭൂമി നിർദ്ദിഷ്ട നടുവിൽ പോളിടെക്നിക് കോളേജിന് കൈമാറുന്നതിനുള്ള നടപടികൾക്കായി കണ്ണൂർ ജില്ലാ കളക്ടർ 15-7-2018-ലെ 66544/15 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇതുവരെ ഭൂമി കൈമാറ്റം സാധ്യമായിട്ടില്ല. വിവിധ ലാബുകളിലേക്കും വർക്ക്ഷോപ്പുകളിലേക്കും ആവശ്യമായ മെഷിനറികൾ വാങ്ങാൻവേണ്ടി 25,48,420 രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയുമാണ്. 25 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിരുന്നുവെങ്കിലും സ്പാർക്ക്, ബിംസ് എന്നിവയിൽ ചേർക്കാത്തതുകൊണ്ട് ഇ-ടെണ്ടർ നടത്തുവാൻ സാധിച്ചിട്ടില്ല. 35,14,800 രൂപയ്ക്കുള്ള ഫർണിച്ചറുകൾ വാങ്ങി നടുവിൽ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന്റെ ഉത്തരവാദിത്വത്തിൽ പോളിടെക്നിക് കോളേജിൽ സൂക്ഷിച്ചിട്ടുണ്ട്. ഡി.ഡി.ഒ. കോഡും ട്രഷറി

ബിൽ ബുക്കും ലഭിച്ചിട്ടുണ്ട്. spark, bims എന്നിവയിൽ ചേർക്കപ്പെടുന്ന മുറയ്ക്ക് സാമ്പത്തിക ഇടപാടുകൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. 2019-20 വർഷത്തെ AICTE അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 12-2-2019-നുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. AICTE വിദഗ്ദ്ധരുടെ സന്ദർശനത്തിനുശേഷം അനുകൂലമായ അറിയിപ്പ് ലഭിച്ചാൽ മാത്രമേ 2019-20 അധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിക്കുവാനുള്ള അന്തിമ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

### മാവേലിക്കര മണ്ഡലത്തിൽ പോളിടെക്നിക്

257(1729) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോളിടെക്നിക് കോളേജുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പുതുതായി പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശമൊന്നും നിലവിലില്ല.

### കുറ്റിപ്പുറം ഗവൺമെന്റ് പോളിടെക്നിക് കോളേജ്

258(1730) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് അവിടെ പോളിടെക്നിക്ക് കോളേജ് കൂടി ആരംഭിക്കണമെന്ന നിവേദനത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് പഠിക്കുവാൻ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച 2977921/2018, 2977913/2018, 2977791/2018, 2977211/2018, 2981243/2018 എന്നീ നമ്പർ നിവേദനങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കണമെന്ന നിവേദനം (2977921/2018 എന്ന നമ്പർ പ്രകാരം) ലഭിച്ചതിനെത്തുടർന്ന് ഈ വിഷയം സംബന്ധിച്ച സാധ്യതാ പഠനം നടത്തുന്നതിലേയ്ക്കായി പെരിന്തൽമണ്ണ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും അദ്ദേഹം സ്ഥലം സന്ദർശിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കി സർവ്വെ മാപ്പ് സഹിതം 21-1-2019 തീയതിയിലെ എച്ച്/4616/18 നമ്പർ കത്ത് പ്രകാരം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ഉടൻതന്നെ സർക്കാരിന് സമർപ്പിക്കുന്നതാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച 2977211/2018, 2977791/2018 എന്നീ നമ്പർ പ്രകാരമുള്ള നിവേദനങ്ങളിൽ കുറ്റിപ്പുറം ടെക്നിക്കൽ സ്കൂളിന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും കുറ്റിപ്പുറം VHSE-ക്ക് സ്ഥലം അനുവദിക്കണമെന്നതാണ് ആവശ്യം. അതിലേക്കായി ടെക്നിക്കൽ സ്കൂളിന്റെ ഭാവി വികസനത്തിന് തടസ്സമില്ലാത്തവിധം സ്കൂളിന്റെ പടിഞ്ഞാറുഭാഗത്ത് നിളയോരം പാർക്കിനോടുചേർന്ന് 50 സെന്റ് സ്ഥലം വിട്ടു നൽകുന്നതിനായുള്ള നടപടികൾ നടന്നുവരികയാണ്.

2977913/2018, 2981243/2018 എന്നീ നമ്പറുകൾ പ്രകാരമുള്ള അപേക്ഷയിൽ കുറ്റിപ്പുറം ടെക്നിക്കൽ സ്കൂളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ഓഡിറ്റോറിയവും ഗ്രൗണ്ടും നിർമ്മിക്കുന്നതിനും അനുകൂല പരിഗണന ആവശ്യപ്പെട്ടിരുന്നു. ടി പ്രവൃത്തിക്ക് നിലവിൽ പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ല. സ്ഥാപനത്തിൽ നിന്നോ PWD-ൽ നിന്നും നേരിട്ടോ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുവെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഫയലുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഐ.എച്ച്.ആർ.ഡി.യിലെ താൽക്കാലിക ജീവനക്കാരുടെ പ്രശ്നങ്ങൾ

259(1731) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യിൽ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്ന താൽക്കാലിക ജിവനക്കാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പത്ത് വർഷം പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്താനുള്ള ഹൈക്കോടതിയുടെ പൊതുനിർദ്ദേശം എന്തുകൊണ്ടാണ് പാലിക്കാത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) State of Karnataka Vs Uma Devi-Appeal (Civil)-3595-3612 of 1999 കേസിലെ 10-4-2016-ലെ സുപ്രീംകോടതിയുടെ വിധിപ്രകാരം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ചില നിയന്ത്രണങ്ങളുണ്ട്. അതിനാൽ, ഇക്കാര്യത്തിൽ കൂടുതൽ പരിശോധന ആവശ്യമാണ്.

**ഓപ്പൺ യൂണിവേഴ്സിറ്റികൾ**

260(1732) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതു സംബന്ധിച്ച ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശ എന്താണെന്ന് അറിയിക്കുമോ;

(സി) സമാന്തര വിദ്യാഭ്യാസ കോഴ്സുകൾ ആകെ ഓപ്പൺ യൂണിവേഴ്സിറ്റികളിലേയ്ക്ക് മാറ്റുമ്പോൾ നിലവിലുള്ള അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും കേരള സർവ്വകലാശാല മുൻ പി.വി.സി. ഡോ. ജെ. പ്രഭാഷിനെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 1986 മുതലുള്ള ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പശ്ചാത്തലത്തിലാണ് കേരളത്തിന് സ്വന്തമായൊരു ഓപ്പൺ സർവ്വകലാശാല എന്ന ആശയം ചർച്ച ചെയ്യപ്പെട്ടത്. വിദ്യാഭ്യാസത്തെ കൂടുതൽ ജനാധിപത്യവത്കരിക്കുക, ആജീവനാന്ത പ്രക്രിയയായി പ്രോത്സാഹിപ്പിക്കുക എന്നീ നയങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കപ്പെട്ടത്. മുൻ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ശ്രീ. എം. പി. മേനോൻ 1983-ൽ തയ്യാറാക്കിയ റിപ്പോർട്ട് മുതൽ 2010-ലെ പ്രൊഫ. റാം തക്‌വാല റിപ്പോർട്ട് വരെയുള്ള വിവിധ പഠനങ്ങളും റിപ്പോർട്ടുകളും ഈ ആവശ്യത്തിനെ

പിൻതാങ്ങുന്നവയായിരുന്നു. 2018 ഫെബ്രുവരി 21-ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഇറക്കിയ ഒരു സർക്കുലർ പ്രകാരം കേരളത്തിലെ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ തുടർന്ന് നടത്തുന്നതിന് തടസ്സം നേരിടുന്നതും ഓപ്പൺ യൂണിവേഴ്സിറ്റി എന്ന ആശയം യാഥാർത്ഥ്യമാക്കേണ്ടത് അനിവാര്യമാക്കിത്തീർത്തിരിക്കുന്നു. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ചട്ടങ്ങളും നിയമങ്ങളും അക്കാദമിക് അഡ്മിനിസ്ട്രേറ്റീവ് ഘടനയും കേരളത്തിനുതകുന്ന രീതിയിൽ സ്വീകരിച്ചുകൊണ്ടാവണം കേരള ഓപ്പൺ യൂണിവേഴ്സിറ്റി പ്രവർത്തിക്കേണ്ടത്.

KOU-ന്റെ ആസ്ഥാനം തിരുവനന്തപുരമോ സർക്കാർ തീരുമാനിക്കുന്ന മറ്റേതെങ്കിലും സ്ഥലമോ ആവാമെന്ന് കമ്മിറ്റി ശിപാർശ ചെയ്തു. തുടക്കത്തിൽ തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, എന്നിവിടങ്ങളിൽ പ്രാദേശിക കേന്ദ്രങ്ങളും ഓരോ പ്രാദേശിക കേന്ദ്രത്തിനും കീഴിൽ പഠന കേന്ദ്രങ്ങളും എന്നതാണ് റിപ്പോർട്ടിലെ നിർദ്ദേശം. കേരള ഓപ്പൺ യൂണിവേഴ്സിറ്റി യാഥാർത്ഥ്യമാവുന്നതോടെ നിലവിൽ സർവ്വകലാശാലകൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ സംവിധാനത്തിന് ഉണ്ടാകാവുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലകളിൽ നിലവിലുള്ള വിദൂര വിദ്യാഭ്യാസ സൗകര്യങ്ങൾ ഉപയോഗിച്ച് നിർദ്ദിഷ്ട ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രാദേശിക കേന്ദ്രങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിലൂടെ പുതിയ സർവ്വകലാശാലയുടെ സ്ഥാപനത്തിനായി വരുന്ന ചെലവ് ഒരളവുവരെ കുറക്കാനാവും.

നിലവിലുള്ള സ്റ്റാഫ് സംവിധാനം ഓപ്ഷനിലൂടെയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ നിർദ്ദിഷ്ട സർവ്വകലാശാലയ്ക്ക് പ്രയോജനപ്പെടുത്താമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. വിദൂര വിദ്യാഭ്യാസം സർവ്വകലാശാലകളിൽ നിന്ന് ഘട്ടം ഘട്ടമായി മാത്രമേ മാറ്റുവാൻ പാടുള്ളൂവെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു. നിലവിൽ സർവ്വകലാശാലകൾക്ക് ഈ രംഗത്തുള്ള സൗകര്യങ്ങൾ പുതിയ സർവ്വകലാശാലയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. അഫിലിയേറ്റിംഗ് സർവ്വകലാശാലകളുടെ വാർഷിക ഫണ്ട് വിതരണം വർദ്ധിപ്പിക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

## സർവ്വകലാശാല പരീക്ഷകളുടെ നടത്തിപ്പ്

261(1733) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ യഥാസമയം പരീക്ഷകൾ നടത്താതിരിക്കുന്നതും ആയതിന്റെ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസവും പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് വൈസ് ചാൻസലർ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ, വൈസ് ചാൻസലർമാരുടെ യോഗം സർക്കാർ വിളിച്ചു ചേർത്തതിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടത്;

(സി) ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം സർവ്വകലാശാലകൾ കലണ്ടർ പ്രസിദ്ധീകരിച്ച് പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിച്ച് നടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കാമോ; ബാക്കിയുള്ള സർവ്വകലാശാലകൾ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) കേരള സർവ്വകലാശാലയിൽ പരീക്ഷാ ഫീസ് അടച്ചിട്ടുപോലും പരീക്ഷാ തീയതി പ്രഖ്യാപിക്കാത്ത എത്ര പരീക്ഷകൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ; ഇവ എന്നേക്ക് നടത്തും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി ഏകീകൃത അക്കാദമിക് - പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രോവൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഒരു പ്രത്യേക കമ്മിറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സർവ്വകലാശാല-കോളേജ് തലത്തിലെ അക്കാദമിക്-പരീക്ഷാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും സമയബന്ധിതമായി പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) ഇല്ല; പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും സമയബന്ധിതമാക്കണം. ബിരുദ പരീക്ഷാഫലം എല്ലാ വർഷവും ഏപ്രിൽ 30-നകവും ബിരുദാനന്തര പരീക്ഷാഫലം മേയ് 31-നകവും പ്രസിദ്ധീകരിക്കണം. സെമസ്റ്ററിൽ ഇടവിട്ടുള്ള പരീക്ഷകൾ കോളേജിനെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കണം. പരീക്ഷാ നടത്തിപ്പിൽ സർവ്വകലാശാലകൾ ആധുനികവൽക്കരണം നടപ്പിലാക്കണം. ഓൺലൈൻ ചോദ്യപേപ്പർ, ഓൺലൈൻ പരീക്ഷകൾ എന്നിവ സുരക്ഷിതത്വം ഉറപ്പാക്കി നടപ്പിലാക്കണം തുടങ്ങിയ തീരുമാനങ്ങൾ വൈസ് ചാൻസലർമാരുടെ യോഗത്തിൽ കൈക്കൊണ്ടിട്ടുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകൾ പരീക്ഷാ കലണ്ടർ പ്രകാരം പരീക്ഷകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബി.ടെക്, യു.ജി.(സി.ബി.സി.എസ്/സി.ആർ) ഡിഗ്രി കോഴ്സുകളുടെ സപ്ലിമെന്ററി (2013 അഡ്മിഷന് മുൻപുള്ളവ) പരീക്ഷകളുടെ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഇവയുടെ പരീക്ഷകൾ 2019, ഫെബ്രുവരി/മാർച്ച് മാസങ്ങളിലായി നടത്തുന്നതാണ്.

## സർവ്വകലാശാലകൾക്ക് പ്രോഗ്രസ്സ് കാർഡ് സംവിധാനം

262(1734) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷാ നടത്തിപ്പിലും ഫല പ്രഖ്യാപനത്തിലും ഉണ്ടാകുന്ന കാലതാമസം വിദ്യാർത്ഥികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പരീക്ഷാഫീസ്, സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, പരാതി പരിഹാരം തുടങ്ങിയവ ഓൺലൈൻ ആയി നടത്തണമെന്ന നിർദ്ദേശം സർവ്വകലാശാലകൾ പാലിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഏതൊക്കെ സർവ്വകലാശാലകളാണ് പിന്നിൽ നിൽക്കുന്നതെന്നും അതിന്റെ കാരണങ്ങളും വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാലകൾക്ക് പ്രോഗ്രസ്സ് കാർഡ് സംവിധാനം നടപ്പിൽ വരുത്തുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്; സർവ്വകലാശാല പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുവെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാദമിക് കലണ്ടർ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നേതൃത്വം നൽകിവരുന്നു. ഇതിനായി, സർവ്വകലാശാല കളിലെ പ്രോ. വൈസ്ചാൻസലർമാരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രവേശനം, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നീ കാര്യങ്ങളിലൊക്കെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമായ പൊതു കലണ്ടർ രൂപീകരിക്കുകയാണ് ഉദ്ദേശ്യം. ഇത്തരത്തിലുള്ള ഇടപെടലുകളുടെ ഭാഗമായി പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം, പ്രവേശനം തുടങ്ങിയ കാര്യങ്ങളിൽ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും നടത്തിയതിന്റെ ഫലമായി വ്യക്തമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വിലയിരുത്തപ്പെടുന്നു.

(ബി&സി) പരീക്ഷാഫീസ്, സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, പരാതി, പരിഹാരം തുടങ്ങിയവ ഓൺലൈൻ ആയി നടത്തണമെന്ന നിർദ്ദേശം സർവ്വകലാശാലകൾ പാലിച്ചിട്ടുണ്ട്. കൂടുതൽ സേവനങ്ങൾ ഓൺലൈൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) പരിശോധിക്കുന്നതാണ്.

**ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനുള്ള പദ്ധതി**

263(1735) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിക്കപ്പെട്ടിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും വിവിധ സർവ്വകലാശാലകൾ തമ്മിലുള്ള അക്കാദമിക് ബന്ധം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്എന്നറിയിക്കാമോ;

(സി) സർവ്വകലാശാല പരീക്ഷകളുടെ നടത്തിപ്പ് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുറ്റമറ്റതാക്കുന്നതിനും പരീക്ഷാ കലണ്ടർ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതിനും ഫലപ്രഖ്യാപനത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോളേജുകളും സർവ്വകലാശാലകളും മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എറുഡൈറ്റ് പദ്ധതി, അക്കാദമിക വോളന്റിയർ ബാങ്ക്, ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ, ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം, ബ്രെയിൻ ഗെയിൻ സമീപനം, സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ, ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ട്സിനും ഊന്നൽ നൽകിയുള്ള കരിക്കുലം പരിഷ്കരണ പദ്ധതികൾ തുടങ്ങിയവ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തു

ന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്രതലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും പദ്ധതിക്ക് അനുമതി നൽകിക്കഴിഞ്ഞു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സർവ്വകലാശാലകളിലും കോളേജുകളിലും റൂസ പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടി കിഫ്ബി മുഖേന 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകളെയും 7 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളെയും 9 ഗവൺമെന്റ് പോളിടെക്നിക് കോളേജുകളെയും കിഫ്ബി മുഖേന 'മികവിന്റെ കേന്ദ്രങ്ങൾ' ആക്കുന്നതിന് (Centre of Excellence) നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതികളുടെ നടത്തിപ്പിനായി KITE-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്.

(സി) വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു.

**കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ**

264(1736) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ കൃത്യമായി സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് ഉത്തരവുകൾ പുറത്തിറങ്ങാത്തതാണ് 2008-ൽ നിയമിതരായ അസിസ്റ്റന്റുമാരുടെ പ്രമോഷനും ശമ്പള നിർണ്ണയവും സംബന്ധിച്ച വിഷയങ്ങൾ അനന്തമായി നീണ്ടു പോകുന്നതിനിടയാക്കിയത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരള സർവ്വകലാശാലയിൽ സീനിയോറിറ്റിയും പ്രൊമോഷനും നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പി.എസ്.സി മുഖേന നിയമിത രായവരുടെയും അതിനു മുൻപേ നിയമിതരായവരുടെയും പ്രൊമോഷൻ സംബന്ധിച്ച ചട്ടങ്ങൾ വ്യത്യസ്തമാണോ; അവ വ്യക്തമാക്കാമോ;

(സി) കേരള സർവ്വകലാശാലയിൽ നിലനിൽക്കുന്ന പ്രമോഷൻ സംബന്ധിച്ച അനോമലികൾ, സർവ്വകലാശാലാ ഭരണവിഭാഗം കെ.എസ്&എസ്.ആർ 37(A) പ്രകാരം തിരുത്തി ഉത്തരവിറക്കാത്തതു മൂലമാണെന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) തെറ്റായി പ്രമോഷൻ നൽകിയതിലൂടെ സർവ്വകലാശാലയ്ക്കുണ്ടായ സാമ്പത്തിക ബാധ്യതകൾ ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന നിർദ്ദേശം നൽകാമോ;

(ഇ) ഈ വിഷയത്തിൽ സർക്കാർ നേരിട്ട് അന്വേഷണം നടത്താമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) ഇല്ല; സീനിയോറിറ്റിയും സ്ഥാനക്കയറ്റവും മോണിറ്ററി ബെനിഫിറ്റ്സ് വിതരണവും സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നടന്നു വരികയാണ്. ആയതിനാൽ ടി വിഷയം കേരള ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമാണ്. (ബി) കേരള സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവയുടെ വ്യവസ്ഥകൾ അനുസരിച്ച് K.S.S.R., K.S.R., Government Servants Conduct Rule എന്നിവ കേരള സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പ്രത്യേകം പ്രതിപാദിച്ചിട്ടില്ലാത്ത എല്ലാ സേവന വ്യവസ്ഥകൾക്കും ബാധകമാണെന്ന് അദ്ധ്യായം 4 സ്റ്റാറ്റ്യൂട്ട് 2-ൽ വ്യക്തമാക്കിയിട്ടുണ്ട്. പി.എസ്.സി. വഴി നിയമിതരായവർക്കും അതിന് മുൻപ് നിയമിതരായവർക്കും മേൽ സൂചിപ്പിച്ച ചട്ടങ്ങളാണ് ബാധകമാകുന്നത്.

(ഇ) പരിശോധിക്കുന്നതാണ്.

**ബിന്ദുവിന്റെ സർവ്വീസ് വിവരങ്ങൾ**

265(1737) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ കഴിഞ്ഞ മകരവിളക്ക് കാലത്ത് 2-1-2019-ന് രാവിലെ സന്നിധാനത്ത് എത്തിയതായി പറയുന്ന ബിന്ദു കണ്ണൂർ സർവ്വകലാശാല പാലയാട് ക്യാമ്പസിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ കരാർ വ്യവസ്ഥയിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലി നോക്കിയിരുന്നോ; എങ്കിൽ എന്നുമുതൽ എന്നുവരെ എന്ന് വ്യക്തമാക്കുമോ;

(ബി) നിയമാനുസൃതം ഇവർക്ക് ഏത് ലീവ് എത്ര ദിവസം വരെ എടുക്കാം; ശബരിമല ദർശനത്തിന്എത്തിയ സമയത്ത് ഇവർ ലീവിന് അപേക്ഷ നൽകി യിരുന്നോ;എന്ന് മുതൽ എന്നുവരെ ആണ് ലീവ് അപേക്ഷ നൽകിയത്; ലീവ് ശിപാർശ ചെയ്ത മേലുദ്യോഗസ്ഥന്റെ പേരും മേൽവിലാസവും ലഭ്യമാക്കുമോ; ലീവ് അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ബിന്ദുവിനെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് തീയതി മുതൽ; സ്ഥിരപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ സർവ്വകലാശാല പാലയാട് ക്യാമ്പസിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, നിയമവകുപ്പിൽ ശ്രീമതി ബിന്ദു എ., കരാർ വ്യവസ്ഥയിലുള്ള അസിസ്റ്റന്റ് പ്രൊഫസർ ആണ്. 2018 ഏപ്രിൽ 4 മുതൽ ഇപ്പോഴും തുടരുന്നു.

(ബി) നിയമാനുസൃതം കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്ക് ഒരു വർഷത്തിൽ 12 കാഷ്വൽ ലീവും 30 ശൂന്യവേതന അവധിയും എടുക്കാം. ശ്രീമതി ബിന്ദു എ., 2018 ഡിസംബർ 31 മുതൽ 2019 ജനുവരി 4 വരെ ലീവിന് അപേക്ഷിക്കുകയും പ്രസ്തുത ലീവ് 2019 ജനുവരി 15 വരെ നീട്ടികിട്ടാനുള്ള അപേക്ഷയും വകുപ്പുമേധാവിക്ക് സമർപ്പിച്ചിട്ടുണ്ട്. ലീവ് അനുവദിക്കുന്ന മേലുദ്യോഗ സ്ഥയുടെ പേര് - കവിത ബാലകൃഷ്ണൻ, മേൽവിലാസം-വകുപ്പുമേധാവി, നിയമവകുപ്പ്, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, പാലയാട്, കണ്ണൂർ യൂണിവേഴ്സിറ്റി, തലശ്ശേരി ക്യാമ്പസ്. ലീവ് അപേക്ഷയുടെ ഇ-മെയിൽ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രീമതി ബിന്ദുവിനെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടില്ല.

## കോഴിക്കോട് സർവ്വകലാശാല ഐ.ഇ.ടി. കരാർ അധ്യാപകന്റെ ശമ്പളം

266(1738) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 സെപ്റ്റംബർ 29 മുതൽ 2017 മേയ് 22 വരെ കോഴിക്കോട് സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജി (ഐ.ഇ.ടി.) യിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകനായി ജോലി ചെയ്തിരുന്ന നിയാസ് തയ്യിലിന് 12-1-2017 മുതൽ 6-2-2017 വരെയും 1-3-2017 മുതൽ 22-5-2017 വരെയും ഉള്ള കാലയളവിലെ ശമ്പളം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ശമ്പളം നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) നിയാസ് തയ്യിലിന് ശമ്പളം നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 12-1-2017 മുതൽ 6-2-2017 വരെ ശമ്പളം നൽകിയിട്ടുണ്ട്. 1-3-2017 മുതൽ 22-5-2017 വരെയുള്ള കാലയളവിലെ ശമ്പളം നൽകിയിട്ടില്ല.

(ബി) കരാർ ജീവനക്കാർ യൂണിവേഴ്സിറ്റിയുമായി നടത്തിയിട്ടുള്ള കരാർ പ്രകാരം ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവർ ആ കാലയളവിലെ വേതനത്തിന് അർഹരല്ല.

(സി) ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ SLP(C) No.22619/2017 പ്രകാരം ബഹു മാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്. സുപ്രീംകോടതി വിധി ക്കനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിൽ ഫുട്ബോൾ ഗവേഷണ പരിശീലന കേന്ദ്രം

267(1739) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിൽ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സഹകരണത്തോട് കൂടി ഒരു ലോകോത്തര ഫുട്ബാൾ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുവാൻ 21-7-2018 ലെ സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനിച്ചിരുന്നുവോ;

(ബി) ഫുട്ബാൾ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് പുതിയ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ലക്ഷ്മിഭായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റിയും ഉന്നതവിദ്യാഭ്യാസ വകുപ്പും എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) പുതിയ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 13-4-2018 തീയതിയിൽ യൂണിവേഴ്സിറ്റി ക്യാമ്പസിൽ സായ് അധികൃതരുമായി നടത്തിയ യോഗത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഫുട്ബോൾ പഠന-ഗവേഷണ-പരിശീലന കേന്ദ്രം സ്ഥാപിക്കുവാനുള്ള ഒരു പുതിയ പ്രൊപ്പോസലും ധാരണാപത്രവും കേരള സർക്കാർ മുഖാന്തരം സായ് സമർപ്പിക്കണമെന്ന് തീരുമാനിച്ചു. എന്നാൽ പുതിയ പ്രൊപ്പോസലും ധാരണാ പത്രവും സായ്-യിൽ നിന്ന് ഇതുവരെ ലഭിച്ചിട്ടില്ല.

## കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിലെ താല്ക്കാലിക ജീവനക്കാർ

268(1740) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ നിലവിൽ എത്ര താല്ക്കാലിക ജീവനക്കാരുണ്ട്; ഏതൊക്കെ തസ്തികകളിൽ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം എക്സിക്യൂട്ടീവ് ബോർഡ് യോഗം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് ചേർന്ന യോഗത്തിലാണ് പ്രസ്തുത നിർദ്ദേശം പരിഗണിച്ചത്;

(സി) ഇതു സംബന്ധിച്ച് ബോർഡിന്റെ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 20-4-2018-ൽ കൂടിയ കേരള കലാമണ്ഡലം എക്സിക്യൂട്ടീവ് ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിലെ ജീവനക്കാരെ സംബന്ധിച്ച കരട് സ്പെഷ്യൽ റൂൾസിൽ (Bye-laws) പത്ത് വർഷമോ അതിലധികമോ ആയി കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ മതിയായ യോഗ്യതയുള്ളവരാണെങ്കിൽ അവരെ സർവ്വകലാശാല പാറ്റേണിലുള്ള തസ്തികകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് നിയമിക്കേണ്ടതാണെന്ന് കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല ശിപാർശ ചെയ്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർവ്വകലാശാലകളിലെ പി.എസ്.സി. നിയമനം

269(1741) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്ന തസ്തികകൾ ഏതൊക്കെയാണെന്നും ഓരോ തസ്തികയിലും ഇതുവരെ എത്ര പേർക്ക് വീതം നിയമനം നൽകിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - II എന്നീ തസ്തികകളിലേയ്ക്കാണ് കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളിൽ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിൽ 1240 പേർക്കും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ 300 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

## സർവ്വകലാശാലകളിലെ നിയമനം

270(1742) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി. മുഖേനയാക്കിയത് സംബന്ധിച്ച എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സർവ്വകലാശാല നിയമനങ്ങളിലെ ഏകീകൃത സ്വഭാവത്തെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാത്തത് നിയമനങ്ങളുടെ വേഗത തടസ്സപ്പെടുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം നിലവിലെ റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവസര നഷ്ടം ഉണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം പരിഹരിക്കാൻ നടപടി കൈക്കൊള്ളുമോ എന്നറിയിക്കാമോ;

(സി) ഏതെങ്കിലും സർവ്വകലാശാലകളിൽ പ്രതീക്ഷിത ഒഴിവുകളിലോ സൂപ്പർ ന്യൂമററി തസ്തികകളിലോ നിയമനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവ്വകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്- II തസ്തികകളിലെ നിയമനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല.

## സർവ്വകലാശാലകളിലെ ഉപദേഷ്ടാവ് നിയമനം

271(1743) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും സർവ്വകലാശാലകളിൽ വൈസ് ചാൻസലർക്ക് ഉപദേഷ്ടാവിനെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് സർവ്വകലാശാലയിലാണ് ഇത്തരം തീരുമാനമെടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി. മുഖാന്തരം നടത്താൻ തീരുമാനിച്ചതിനുശേഷം പുതിയ തസ്തികകൾ സൃഷ്ടിച്ച് ഇത്തരത്തിൽ നിയമനം നടത്താൻ തീരുമാനിക്കുന്നത് ചട്ടപ്രകാരമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ നിലവിലില്ലാത്ത തസ്തികകൾ സൃഷ്ടിച്ചും പി.എസ്.സി. മുഖാന്തരമല്ലാതെയും നടത്തുന്ന ഇത്തരം നിയമനങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) കേരള സർവ്വകലാശാല വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവർക്ക് സർവ്വീസ്, നിയമം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ഉപദേശം നൽകുന്നതിലേക്കായി ബന്ധപ്പെട്ട മേഖലകളിൽ പ്രാഗത്ഭ്യമുള്ള ഒരു വ്യക്തിയുടെ സേവനം ഓണററി വ്യവസ്ഥയിൽ തേടണമെന്ന വൈസ് ചാൻസലറുടെ നിർദ്ദേശം കേരള സർവ്വകലാശാല സിൻഡിക്കേറ്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പുതിയ തസ്തിക സൃഷ്ടിച്ച് ആളെ നിയമിക്കാൻ ഉദ്ദേശിക്കുന്നില്ല.

## അന്തർസർവ്വകലാശാല സ്ഥലം മാറ്റം

272(1744) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പി.എസ്.സി. മുഖാന്തരം നിയമിതരായ ജീവനക്കാർക്ക് അന്തർസർവ്വകലാശാല സ്ഥലം മാറ്റം അനുവദിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് 13-7-2017-ൽ നൽകിയ കത്ത് അനുസരിച്ച് അവരുടെ സീനിയോറിറ്റി സംബന്ധിച്ച സ്പഷ്ടീകരണം അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(ബി) പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ചവരും അന്തർ സർവ്വകലാശാല സ്ഥലം മാറ്റം വഴി നിയമിതരായവരും തമ്മിലുള്ള സീനിയോറിറ്റി എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പി.എസ്.സി. നിയമനത്തിന് മുൻപ് നിയമനം ലഭിക്കുകയും പിന്നീട് അന്തർസർവ്വകലാശാലാ സ്ഥലം മാറ്റം മുഖേന നിയമിതരാവുകയും ചെയ്തവരുടെ സീനിയോറിറ്റി എങ്ങനെ നിശ്ചയിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ചവരും കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ പി.എസ്.സി. നിയമനത്തിനുമുൻപ് നിയമനം ലഭിച്ചവരും അന്തർ സർവ്വകലാശാല സ്ഥലം മാറ്റത്തിന് വിധേയരാകുന്ന പക്ഷം നിയമനം ലഭിക്കുന്ന സർവ്വകലാശാലകളിൽ അവർ ജൂനിയർ ആയിരിക്കും.

## ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തന പുരോഗതി

273(1745) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഫെബ്രുവരിയിൽ സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ച ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് വേണ്ടി സർക്കാർ സ്ഥലം വാങ്ങുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടോ; നടപടിക്രമങ്ങൾ അറിയിക്കുമോ;

(സി) ഈ യൂണിവേഴ്സിറ്റി പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## സംസ്കൃത സർവ്വകലാശാല പ്രാദേശിക കേന്ദ്രത്തിന്റെ വികസനം

274(1746) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിനായി കൊയിലാണ്ടിയിൽ വാങ്ങിയ പതിമൂന്ന് ഏക്കർ സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള വികസന പദ്ധതികൾ നടപ്പാക്കാൻ സർവ്വകലാശാല/സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രാദേശിക കേന്ദ്രം വികസിപ്പിക്കുന്നതിനായി റൂസ ഫണ്ട് ലഭ്യമാക്കാൻ വേണ്ടി ഏതെങ്കിലും പ്രൊജക്ട് സർക്കാർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്കൃത സർവ്വകലാശാലയുടെ അധീനതയിൽ കൊയിലാണ്ടിയിൽ റൂസയുടെ ധനസഹായത്തോടെ ഇന്ത്യൻ ഡിസിപ്ലിനിൽ ഒരു പ്രൊഫഷണൽ കോളേജ് ആരംഭിക്കുന്നതിന് സർവ്വകലാശാല തയ്യാറാക്കി സമർപ്പിച്ച 26 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

## കീം പരീക്ഷയ്ക്ക് ഗൾഫിൽ പരീക്ഷാകേന്ദ്രം

275(1747) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീം പരീക്ഷ നടത്തിപ്പിന് കേരളത്തിന് പുറത്ത് ഏതെല്ലാം കേന്ദ്രങ്ങൾ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) ഗൾഫിൽ പരീക്ഷ കേന്ദ്രം എന്നു മുതലാണ് ആരംഭിച്ചത്; ഏതെല്ലാം ഗൾഫ് രാജ്യങ്ങളിൽ പരീക്ഷ കേന്ദ്രം ഉണ്ട്;

(സി) ഗൾഫ് പരീക്ഷ കേന്ദ്രങ്ങളിൽ 2018 വർഷത്തിൽ പരീക്ഷ നടത്തിപ്പിന് പോയ സെക്രട്ടേറിയറ്റിലെയും എൻട്രൻസ് കമ്മീഷണറേറ്റിലെയും ഉദ്യോഗസ്ഥരെ എയർപോർട്ടിൽ തടഞ്ഞുവച്ച് അറസ്റ്റ് ചെയ്തതായുള്ള വാർത്ത പരിശോധിച്ചിട്ടുണ്ടോ;

(ഡി) അറസ്റ്റ് ചെയ്ത ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് വിശദീകരണം ചോദിച്ചിട്ടുണ്ടോ; ആരെല്ലാം വിശദീകരണം നൽകി എന്നറിയിക്കാമോ;

(ഇ) പരീക്ഷ നടത്തിപ്പിന് പോയ ഉദ്യോഗസ്ഥർ ഇപ്പോഴും ആ ചുമതലയിലാണോ; വ്യക്തമാക്കുമോ; സെക്രട്ടേറിയറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥർ പരീക്ഷ നടത്തിപ്പിന് പോയിട്ടുണ്ട്; അവർ ഇപ്പോഴും അതേ തസ്തികയിലാണോ ജോലി നോക്കുന്നത്;

(എഫ്) ഇത് സംബന്ധിച്ച് ഇന്ത്യൻ എംബസിയിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ ഏതെങ്കിലും കത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കീം പരീക്ഷാ നടത്തിപ്പിന് കേരളത്തിന് പുറത്ത് മുംബൈ, ഡൽഹി, ദുബായ് (യു.എ.ഇ) എന്നിവിടങ്ങളിൽ കേന്ദ്രങ്ങളുണ്ട്.

(ബി) 2004 മുതലാണ് ഗൾഫിൽ പരീക്ഷാകേന്ദ്രം ആരംഭിച്ചത്. യു.എ.ഇ.-ൽ ദുബായ്-ലാണ് കേന്ദ്രം.

(സി) ഉണ്ട്.

(ഡി) അറസ്റ്റ് ചെയ്യപ്പെട്ട ശ്രീ. സുധീർ എം.എസ്-ന്റെ പക്കൽനിന്നും വകുപ്പ് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല. എങ്കിലും ശ്രീ. സുധീർ എം.എസ്. ഇക്കാര്യത്തിൽ സർക്കാരിലേയ്ക്ക് സ്വമേധയാ വിശദീകരണം സമർപ്പിച്ചിട്ടുണ്ട്. 2018 ദുബായ് കീം നടത്തിപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ജയശ്രീ ഐ.എ.എസ്. പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഇ) അല്ല. സെക്രട്ടേറിയറ്റിൽനിന്നും ഇതിനായി നിയോഗിക്കപ്പെട്ടിരുന്ന ശ്രീ. എ. ജയിംസ് രാജ് , ശ്രീ. എം. ജി. രഞ്ജിത് കുമാർ എന്നിവർ ഇപ്പോൾ ഈ വകുപ്പിൽ ജോലി നോക്കുന്നില്ല. ശ്രീ. സുധീറിന്റെ ഡെപ്യൂട്ടേഷൻ റദ്ദാക്കി മാതൃ വകുപ്പിലേയ്ക്ക് വിട്ടിട്ടുണ്ട്. കൂടാതെ പരീക്ഷാ നടത്തിപ്പിനു പോയ ശ്രീമതി എസ്. സംഗീതയുടെയും ഡെപ്യൂട്ടേഷൻ റദ്ദാക്കി മാതൃ വകുപ്പിലേയ്ക്ക് വിടുതൽ ചെയ്തു.

(എഫ്) ലഭിച്ചിട്ടുണ്ട്. 2018 ദുബായ് കീം പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇന്ത്യൻ കൗൺസുലേറ്റിന്റെ കത്ത് ലഭിച്ചിട്ടുണ്ട്.

## എൻ.സി.സി. ഡയറക്ടറേറ്റിലെ ഗേൾ കേഡറ്റ് അഡ്മിനിസ്ട്രേഷൻ തസ്തിക

276(1748) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എൻ.സി.സി.ഡയറക്ടറേറ്റിൽ ഗേൾ കേഡറ്റ് അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നവരെ 2017-ൽ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേരെയാണ് ഇങ്ങനെ പിരിച്ചുവിട്ടത്;

(ബി) ഈ തസ്തികയിൽ നിയമിക്കപ്പെടാൻ അവിവാഹിതരായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(സി) ഈ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി 2016-ൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും 2017 ആഗസ്റ്റിന് ശേഷം നിയമിതരായവർ എത്ര; ഇവരുടെ വിവരം ലഭ്യമാക്കാമോ;

(ഡി) 2017 ആഗസ്റ്റിൽ ഈ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ; ഇത് പ്രകാരം ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ തസ്തികയിലേയ്ക്കുള്ള നിയമനം പി.എസ്.സി. മുഖേനയാണോ നടത്തുന്നത്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) താത്ക്കാലിക നിയമനം നേടിയ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് മാനദണ്ഡ പ്രകാരമാണ് ഇവരെ സ്ഥിരപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 5 പേരെ പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ആരും നിയമിതരായിട്ടില്ല.

(ഡി) അപേക്ഷ ക്ഷണിച്ചിരുന്നു. 37 പേരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. അതിൽനിന്നും അഞ്ചുപേർക്ക് ഒക്ടോബർ 2017-ൽ ഒരുവർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നൽകുകയുണ്ടായി.

(ഇ) അല്ല. ഈ തസ്തികയിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് സ്ഥിരമായിട്ടുള്ള നിയമനം നടത്തുന്നത്. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള സായുധ സേനാംഗങ്ങളാണ് എൻ.സി.സി. കേഡറ്റുകളെ പരിശീലിപ്പിക്കുന്നത്. ദേശീയ തലത്തിൽ കേഡറ്റുകളായ പെൺകുട്ടികളുടെ എണ്ണം 33 ശതമാനമായി ഉയർത്തിയതിന്റെ ഭാഗമായി സംസ്ഥാനത്തെ കേഡറ്റുകളുടെ എണ്ണം 41 ശതമാനമായി വർദ്ധിച്ചു. ഈ സാഹചര്യത്തിലും പെൺകുട്ടികളുടെ സുരക്ഷയ്ക്കും അകമ്പടിയ്ക്കും പരിശീലനത്തിനുമായി കേന്ദ്രത്തിൽനിന്നും ഗേൾസ് കേഡറ്റ് ഇൻസ്ട്രക്ടർമാരുടെ നിയമനങ്ങളിൽ താമസമുണ്ടായ സാഹചര്യത്തിലും താത്കാലികമായി ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ 5 ഗേൾസ് കേഡറ്റ് അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കുന്നതിന് 23-9-15-ലെ ജി.ഒ.(ആർ.ടി.) 2510/2015/ഉവിവ, 4-7-2017-ലെ സ.ഉ.(ആർ.ടി.)1264/2017/ഉവിവ. എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(എഫ്) ഇല്ല.

**അമരവിളയിൽ അസാപ് സ്കിൽ പാർക്ക്**

277(1749) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര അമരവിളയിൽ അസാപ് സ്കിൽ പാർക്കിന് ശിലാസ്ഥാപനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ;

(സി) അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) നെയ്യാറ്റിൻകര അമരവിള സ്കിൽ പാർക്ക് സ്ഥാപിക്കുവാൻ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഭൂമി അസാപ്പിന് കൈമാറുകയുണ്ടായെങ്കിലും പ്രസ്തുത ഭൂമിയിൽ നിലനിൽക്കുന്ന ടൈൽ ഫാക്ടറി പൊളിച്ചു നീക്കുവാൻ മൂന്ന് തവണ ടെണ്ടർ ക്ഷണിച്ചുവെങ്കിലും അസസ്മെന്റ് വാല്യുവിനെക്കാൾ വളരെ കുറഞ്ഞ തുക ക്വാട്ട് (quote) ചെയ്യപ്പെട്ടതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കുവാൻ സാധിച്ചിട്ടില്ല.

മേൽപ്പറഞ്ഞ ഭൂമിയിൽ ഒരു റവന്യൂ റിക്കവറി കേസ് നിലനിൽക്കുന്നതായി പിന്നീട് അറിയാൻ കഴിഞ്ഞതും നിർമ്മാണം തുടങ്ങുന്നതിന് നിയമപരമായി തടസ്സമായി. കൂടാതെ അമരവിള സ്കിൽ പാർക്കിന്റെ നടത്തിപ്പിനായി യോഗ്യരായ ഓപ്പറേറ്റിംഗ് പാർട്ണർ ആരുംതന്നെ മുന്നോട്ടു വരികയുണ്ടായില്ല. ഈ സാഹചര്യത്തിൽ ഇപ്പോൾ പ്രസ്തുത പദ്ധതി നിർത്തിവയ്ക്കുവാനും കോൺട്രാക്ടറുടെ ബാധ്യതകൾ തീർപ്പാക്കുവാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## വഖഫ് ബോർഡിന് ഗ്രാന്റ് അനുവദിക്കാൻ നടപടി

278(1750) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ ഗ്രാന്റ് അനുവദിക്കാത്തതുമൂലം വഖഫ് ബോർഡ് നടപ്പിലാക്കി വരുന്ന പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം എന്നിവ മുടങ്ങിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോർഡിന് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ എന്ത് തുക അനുവദിക്കണമെന്നാണ് സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത് എന്നറിയിക്കാമോ;

(സി) ബജറ്റിൽ അനുവദിച്ച തുകയോടൊപ്പം പ്രത്യേക ഗ്രാന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബോർഡിന് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 7,18,87,000 രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ ഒരു കോടി മുപ്പത് ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## മുസ്ലീം വ്യക്തി നിയമം

279(1751) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം വ്യക്തി നിയമത്തിന്റെ(ശരിയത്ത്) ചട്ടം രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത വിജ്ഞാപനം പ്രകാരം ശരിയത്ത് നിയമത്തിന്റെ ആനുകൂല്യം വേണ്ടവർ തഹസിൽദാർ മുമ്പാകെ താൻ മുസ്ലീമാണെന്ന തെളിയിക്കുന്ന രേഖകൾ സഹിതം സത്യവാങ്മൂലം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) സത്യാവാങ്മൂലം നൽകണമെന്ന വ്യവസ്ഥ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഭേദഗതി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 21-12-2018 തീയതിയിലെ 3224-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ സർക്കാർ ഉത്തരവ് G.O.(P)No.13/2018/നിയമം (S.R.O.920/2018) ആയി മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ് 2018 വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) 1937-ലെ ദി മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ ആക്റ്റിലെ (1937-ലെ 26-ാം നമ്പർ കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ കക്ഷികൾ മുസ്ലീങ്ങൾ ആണെങ്കിൽ അവർക്ക് 'ശരിയത്ത് അഥവാ മുസ്ലീം വ്യക്തി നിയമമാണ് ബാധകമാകേണ്ടതെന്ന് വ്യക്തമാക്കുന്നു. അതായത്, ശരിയത്ത് നിയമത്തിന് അതിപ്രഭാവം നൽകി ഏകീകൃതമായ തരത്തിൽ എല്ലാ വിഭാഗങ്ങൾക്കുമിടയിൽ ശരിയത്ത് നിയമം ബാധകമാക്കുന്ന വ്യവസ്ഥയാണ് 2-ാം വകുപ്പിലുള്ളത്. ആയതിനാൽ 2-ാം വകുപ്പിന്റെ ആവശ്യത്തിന് ശരിയത്ത് നിയമം ബാധകമാകുന്നതിന് മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ ഒരു ഡിക്ലറേഷന്റെ ആവശ്യമില്ല. എന്നാൽ, ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം Adoption, Will and Legacies എന്നീ വിഷയങ്ങളിൽ ശരിയത്ത് നിയമത്തിന് വിരുദ്ധമായ Customary Law ബാധകമായിട്ടുള്ള ഒരു മുസ്ലീമിനെ സംബന്ധിച്ചിടത്തോളം തനിക്ക് അപ്രകാരമുള്ള Customary Law-യ്ക്കു പകരം ശരിയത്തിന്റെ ആനുകൂല്യം ലഭിക്കണമെന്ന് ആഗ്രഹമുള്ളപക്ഷം 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഒരു നിർണ്ണയിക്കപ്പെട്ട അധികാരി മുൻപാകെ അയാൾ തെളിയിക്കുന്നപക്ഷം പ്രസ്തുത അധികാരിയിൽ നിന്ന് ഒരു ഡിക്ലറേഷൻ നേടാവുന്നതാണെന്നും 3-ാം വകുപ്പിൽ വ്യക്തമാക്കുന്നു. 3-ാം വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിനുള്ള അധികാരിയായി തഹസിൽദാരേയും ഡിക്ലറേഷൻ നിരസിക്കുന്ന സംഗതിയിൽ അപ്പീൽ അധികാരിയായി അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിനേയും നിർണ്ണയിച്ചുകൊണ്ടും ഡിക്ലറേഷന്റെ ഫാറവും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കുമായി ടി ആക്റ്റിന്റെ 4-ാം വകുപ്പിൽ നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

ടി ചട്ടങ്ങളിലെ ചട്ടം 3-ന് അനുബന്ധമായ ഫാറം I പ്രകാരം 3-ാം വകുപ്പിന്റെ ആനുകൂല്യം ലഭിക്കേണ്ട ഒരാൾ മുസ്ലീം ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടില്ല.

## സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ നിയമനം

280(1752) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിലെ നിയമനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്നാണ് അപേക്ഷ ക്ഷണിച്ചത്; എന്തു യോഗ്യതയാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്; എത്ര പേർ അപേക്ഷ നല്കി; നൽകിയവരുടെ അപേക്ഷ, നിയമനം നൽകപ്പെട്ട ആളിന്റെ അപേക്ഷ, യോഗ്യത രേഖകൾ ഇവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിന് മുൻപ് നിശ്ചയിച്ച യോഗ്യത എന്തായിരുന്നു; പിന്നീട് യോഗ്യതയിൽ മാറ്റം വരുത്തുന്നതിനുണ്ടായ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ പകർപ്പടക്കം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഡെപ്യൂട്ടേഷൻ നിയമനങ്ങൾ നൽകുന്നതിനുള്ള കെ.എസ്.എസ്.ആർ. ചട്ടം 9 ബി പ്രകാരമുള്ള പൊതു വ്യവസ്ഥകൾ എന്തെല്ലാമാണ്; എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ ഈ നിയമനത്തിൽ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സൗത്ത് ഇൻഡ്യൻ ബാങ്കിനെ സംസ്ഥാന സർക്കാർ സ്റ്റാറ്റ്യൂട്ടറി ബോഡി ആയി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മേൽപ്പറഞ്ഞ നിയമനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത നിയമനത്തിന് മുമ്പ് വിജിലൻസ് ക്ലിയറൻസ് വാങ്ങിയിരുന്നോ;

(എഫ്) ധനകാര്യ വകുപ്പ് പ്രസ്തുത ഫയൽ കണ്ടിരുന്നോ; എങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു; വെളിപ്പെടുത്തുമോ;

(ജി) ജനറൽ മാനേജർ തസ്തികയിൽ നിയമിക്കപ്പെട്ട ആളിന് നൽകിയിരുന്ന ആനുകൂല്യങ്ങൾ, സൗത്ത് ഇൻഡ്യൻ ബാങ്കിൽ ലഭിച്ചിരുന്ന വേതനം എന്നിവ എത്ര ആയിരുന്നു; പുതുതായി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകണമെന്നാണ് നിയമിക്കപ്പെട്ട ആൾ ആവശ്യപ്പെട്ടിരുന്നത്; ആവശ്യമുന്നയിച്ച് നൽകിയ കത്തിന്റെ പകർപ്പ് നൽകുമോ; പുതുതായി ആവശ്യപ്പെട്ട ആനുകൂല്യങ്ങൾക്ക വേണ്ടി മൊത്തം എത്ര തുക ചിലവ് വരുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിലെ നിയമനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അപേക്ഷ ക്ഷണിച്ചത് 25-8-2016 തീയതിയിലാണ്. അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന യോഗ്യത -Graduate with MBA, Preferably Specialisation in Marketing and Finance or HR/CS/CA/ICWA/ B.Tech with PGDBA with 3 years Experience. (G.O(Rt)No. 5369/2016/GAD Dated 18-8-2016); 7 പേർ അപേക്ഷ നൽകി. അപേക്ഷ നൽകിയവരുടെയും നിയമനം നൽകിയ ആളിന്റെ അപേക്ഷയുടെയും യോഗ്യതാ രേഖകളുടെയും പകർപ്പ് അനുബന്ധം (1)* ആയി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിന് മുമ്പ് നിശ്ചയിച്ചിരുന്ന യോഗ്യത: Graduate with MBA, Preferably Specialization in Marketing and Finance or CS/CA/ICWA/B.Tech with PGDBA with 3 years Experience എന്നായിരുന്നു. മികച്ച ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് വേണ്ടിയാണ് യോഗ്യതയിൽ മാറ്റംവരുത്തിയത്. പ്രസ്തുത ഫയലിന്റെ പകർപ്പ് അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.*

(സി) കെ.എസ്. & എസ്.ആർ ചട്ടം 9B ഇപ്രകാരമാണ്. " Notwithstanding anything contained in these Rules or in the Special Rules, the Government, may, in public interest and for reasons to be recorded in writing, depute or transfer officers from one service to another or from one Department to another within the same service or sent to or take in officers from other Governments or Statutory Bodies subject to such conditions as the Government may in each case impose: Provided that in the case of transfers in the interest of security of State, the reasons need not be recorded if Government are satisfied that it is not expedient to disclose the reasons for such transfer:

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

Provided further that the Commission shall be consulted in respect of such deputations and transfers whenever such consultation has not been specifically excluded by the provisions of the Kerala Public Service Commission (Consultation) Regulations, 1957." മുൻകാലങ്ങളിൽ ഇത്തരത്തിൽ സർക്കാർ മേഖലയിൽ നിയമനം നടത്തിയിട്ടുള്ളത് കണക്കിലെടുത്താണ് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുള്ളത്.

(ഡി) നിയമനം സംബന്ധിച്ച ഫയൽ അനുബന്ധം (3)* ആയി ചേർത്തിട്ടുണ്ട്.

(ഇ) നിയമനത്തിന് മുമ്പ് വിജിലൻസ് ക്ലിയറൻസ് വാങ്ങിയിട്ടില്ല. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി കരാർ കാലാവധി കഴിഞ്ഞ് സേവനം വിട്ടു പോകുകയും കമ്പനി സെക്രട്ടറി ജനറൽ മാനേജർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേഷൻ ഫിനാൻസ്, പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് 16-7-2018-ന് ചേർന്ന 46-ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തര സാഹചര്യം ഉടലെടുക്കുകയും നിയമനം നടത്തുകയുമാണുണ്ടായത്. നിയമനത്തിനു ശേഷം വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കാനാണ് ഉദ്ദേശിച്ചത്.

(എഫ്) കണ്ടിരുന്നു; ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു.

" Administrative Department is requested to furnish the following details:

1. Copy of the G.O. by which the post of General Manager was created in the Corporation.
2. Scale of pay and particulars of basic pay and allowances drawn by Sri. Adeep K.T from the Bank.
3. Scale of pay of the deputation post."

(ജി) സൗത്ത് ഇന്ത്യൻ ബാങ്കിൽനിന്നും ലഭിച്ച ശമ്പള വിവരമനുസരിച്ച് ശമ്പളമായി കാണിച്ചിട്ടുള്ളത് 86241.48 രൂപയാണ്. പ്രത്യേക അലവൻസുകളൊന്നും നൽകിയിട്ടില്ല. പുതുതായി ആവശ്യപ്പെട്ട ആനുകൂല്യങ്ങളുടെ വിവരങ്ങളടങ്ങിയ കത്ത് അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്.* ഈ കത്തിൽ ആവശ്യപ്പെട്ട ആനുകൂല്യങ്ങൾ ബോർഡ് നിരസിക്കുകയാണുണ്ടായത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ദിവസവേതന, കരാർ ജീവനക്കാർ

281(1753) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിലേയും അതിനു കീഴിൽ വരുന്ന സ്ഥാപനങ്ങളിലേയും ദിവസവേതന, കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ന്യൂനപക്ഷ ഡയറക്ടറേറ്റിൽ നിന്നും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഫയൽ നമ്പർ സഹിതമുള്ള വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇങ്ങനെ സ്ഥിരപ്പെടുത്തുന്നതിന് ധന, നിയമ വകുപ്പുകളുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

282(1754) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ 14 ജില്ലകളിലായി 17 പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 29 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

## ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ

283(1755) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ യുവജനങ്ങൾക്കായി എല്ലാ ജില്ലകളിലും ഓരോ മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ആരംഭിക്കുന്ന പരിശീലനകേന്ദ്രം ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നതും ജില്ലയുടെ ഏതാണ്ട് മദ്ധ്യഭാഗത്ത് വരുന്നതുമായ പള്ളിക്കര പഞ്ചായത്തിൽ അനുവദിക്കണമെന്ന സ്ഥലം എം.എൽ.എ.-യുടെ അപേക്ഷയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2018-19 ബഡ്ജറ്റ് സ്പീച്ചിൽ സംസ്ഥാനത്ത് 14 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ ഏഴ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നു.

(ബി) പള്ളിക്കര പഞ്ചായത്തിൽ പരിശീലന കേന്ദ്രം അനുവദിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ അപേക്ഷയിലെ ആവശ്യം പരിശോധിച്ചു വരികയാണ്.

## മുസ്ലീം ജമാ അത്തിൽ നിന്നും വിവരശേഖരണം

284(1756) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുസ്ലീം ജമാഅത്തിൽ നിന്നും വിവരശേഖരണം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പല ജമാഅത്തുകളിൽ നിന്നും കോർപ്പറേഷൻ വിവരശേഖരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ ആവശ്യകത വിശദീകരിക്കുമോ;

(ഡി) ഇത്തരത്തിൽ വിവരശേഖരണം നടത്തുന്നത് എന്തിനു വേണ്ടിയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുസ്ലീം ജമാഅത്തുകളിൽ നിന്നും വിവരശേഖരണം നടത്തിയിട്ടില്ല. അങ്ങനെ നടക്കുന്നതായി കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജർ

285(*T 1757) ഡോ. എം. കെ. മുനീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിലേക്കുള്ള നിയമനത്തിനുള്ള യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് അറിയിക്കാമോ;

(സി) യോഗ്യതയിൽ മാറ്റം വരുത്തിയ ശേഷം ആരെയാണ് ഈ തസ്തികയിൽ നിയമിച്ചതെന്നും ഏത് വ്യവസ്ഥയിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത 2016 ആഗസ്റ്റ് 1-ന് മുമ്പ് "Graduate with MBA Preferably specialization in Marketing and Finance or CS/CA/ICWA with 3 Years experience" ആയിരുന്നു; 2016-ൽ തസ്തികയുടെ യോഗ്യത "Graduate with MBA preferably specialization in Marketing and Finance or HR/CS/CA/ICWA/B.Tech with PGDBA with 3 years experience" എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) ഇല്ല. യോഗ്യത നിശ്ചയിച്ചത് ക്യാബിനറ്റ് തീരുമാനപ്രകാരം ആയിരുന്നില്ല. അതിനാൽ യോഗ്യത ഭേദഗതിക്ക് ക്യാബിനറ്റ് തീരുമാനം ആവശ്യമുണ്ടായിരുന്നില്ല.

(സി) ശ്രീ. അദീബ് കെ.ടി.യെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ നിയമനം

286(1758) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ബാങ്കിൽ ജോലി നോക്കിയിരുന്ന കെ.റ്റി. അദീബിനെ, സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജരായി നിയമിക്കുവാനുണ്ടായ പ്രത്യേക സാഹചര്യം എന്തായിരുന്നു;

(ബി) പ്രസ്തുത നിയമനം നൽകുന്നതിന് മുമ്പ് അപേക്ഷകരെ അഭിമുഖത്തിന് ക്ഷണിച്ചിരുന്നുവോ; എങ്കിൽ ജനറൽ മാനേജരായി നിയമനം ലഭിച്ച കെ.റ്റി. അദീബ് അഭിമുഖത്തിന് ഹാജരായിരുന്നോ;

(സി) അഭിമുഖത്തിന് പോലും ഹാജരാകാത്ത ഉദ്യോഗസ്ഥനെ നിയമിക്കുവാനുണ്ടായ പ്രത്യേക സാഹചര്യവും അദ്ദേഹത്തിന് ഈ മേഖലയിലുള്ള പരിചയവും എന്തായിരുന്നു; വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയമനത്തിന് മുമ്പ് പത്രപരസ്യം നൽകിയിരുന്നുവോ; എങ്കിൽ ഏതൊക്കെ പത്രങ്ങളിൽ, ഏതൊക്കെ ദിവസമെന്ന് വ്യക്തമാക്കുമോ;

(ഇ) 26-10-2016-ൽ നടന്ന ഇന്റർവ്യൂവിൽ പങ്കെടുത്തവർ ആരൊക്കെയായിരുന്നു; അവരുടെ ഓരോരുത്തരുടെയും യോഗ്യത എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി, കരാർ കാലാവധി കഴിഞ്ഞ് സേവനം വിട്ടുപോകുകയും കമ്പനി സെക്രട്ടറി, ജനറൽ മാനേജർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേഷൻ, ഫിനാൻസ്, പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തര സാഹചര്യം ഉടലെടുക്കുകയും 16-7-2018-ന് ചേർന്ന 46-ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുകയുമാണുണ്ടായത്.

(ബി) 25-8-2016-ലെ പത്രവാർത്ത പ്രകാരം അപേക്ഷിച്ചവരെ അഭിമുഖത്തിന് ക്ഷണിച്ചിരുന്നു; അദീബ് കെ.ടി. അഭിമുഖത്തിന് ഹാജരായിരുന്നില്ല.

(സി) ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് 16-7-2018-ന് ചേർന്ന 46-ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തര സാഹചര്യം ഉടലെടുക്കുകയും നിയമനം നടത്തുകയുമാണുണ്ടായത്. ശ്രീ. കെ. ടി. അദീബിന് ഗവണ്മെന്റ് ഉത്തരവ് G.O(Rt)No. 5369/2016/GAD dated 18/08/2016-ൽ പറയുന്ന യോഗ്യതകൾ ഉള്ളതായും പ്രോജക്ട്, ഫിനാൻസ്, മൈക്രോ ഫിനാൻസ് എന്നീ മേഖലകളിൽ പരിചയമുള്ളതായും ബോധ്യപ്പെട്ടിരുന്നു.

(ഡി) പത്രവാർത്ത നൽകിയിരുന്നു. 27-8-2016-ലെ ചന്ദ്രികാ ദിനപ്പത്രം 4-9-2016-ലെ ദേശാഭിമാനി ദിനപ്പത്രം 27-8-2016-ലെ മാധ്യമ ദിനപ്പത്രം കൂടാതെ കോർപ്പറേഷന്റെ വെബ്സൈറ്റിലും പരസ്യം ചെയ്തിരുന്നു.

(ഇ) 26-10-2016-ൽ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് ഇന്റർവ്യൂവിന് എത്തിയവരുടെ പേരും യോഗ്യതയും താഴെപ്പറയും പ്രകാരമാണ് :

| പേര് | യോഗ്യത |
|---|---|
| മോഹനൻ | ബി.എ., എം.ബി.എ. |
| റിജാസ് ഹാരിത് | ബി.കോം., എം.ബി.എ., ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ |
| സജാദ് മുഹമ്മദ് | ബി.കോം., എം.ബി.എ. |

**ന്യൂനപക്ഷ ക്ഷേമത്തിനായി പദ്ധതികൾ**

287(1759) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ന്യൂനപക്ഷ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഇവയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിൽ തുടർന്നു വന്നിരുന്ന പദ്ധതികൾക്കുപുറമേ താഴെപ്പറയുന്ന പുതിയ പദ്ധതികൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്.

1. എസ്.എസ്.എൽ.സി, പ്ലസ് ടു, വി.എച്ച്.എസ്.സി (10,000 രൂപ) ബിരുദ/ബിരുദാനന്തര ബിരുദ തലങ്ങളിൽ (15,000 രൂപ) ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.

2. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി. 50,000 രൂപയാണ് ധന സഹായം. മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുൻഗണന നൽകുന്നതാണ്.

3. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം.

4. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.

5. നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 15,000 രൂപ നൽകുന്നു.

6. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6,000 രൂപ വീതം നൽകുന്നു.

7. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് പദ്ധതി.

## ന്യൂനപക്ഷ വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

288(1760) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഈ വർഷം നാളിതുവരെ സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപേക്ഷകൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി മുഖേന എത്ര വീടുകൾ നിർമ്മിച്ചുവെന്നും പുനരുദ്ധാരണം നടത്തിയെന്നും വ്യക്തമാക്കുമോ; ഇതിനായി എന്ത് തുക വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) മലപ്പുറം ജില്ലയിൽ നിലവിൽ എത്ര അപേക്ഷകൾ തീർപ്പു കൽപ്പിക്കാനുണ്ടെന്നും ധനസഹായം എന്നത്തേക്ക് പരിപൂർണ്ണമായും വിതരണം ചെയ്യാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ലൈഫ് മിഷനുമായി ചേർന്ന് ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 3038 വീടുകളും 1000 പുനരുദ്ധാരണ വീടുകളുമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 1100 പുതിയ വീടുകൾ പൂർത്തീകരിച്ചു. 520 വീടുകൾ പൂർത്തീകരണ ഘട്ടത്തിലും ബാക്കി വീടുകൾ വിവിധ നിർമ്മാണ ഘട്ടങ്ങളിലുമാണ്. ഭവന പുനരുദ്ധാരണ പദ്ധതിയിൽ 450 വീടുകൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള വീടുകളുടെ വർക്കുകൾ പുരോഗമിച്ച് വരികയുമാണ്. പദ്ധതിക്കായി 81 കോടി രൂപ അതത് ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിലെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**നിലമ്പൂർ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പദ്ധതികൾ**

289(1761) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ മണ്ഡലത്തിൽ ന്യൂനപക്ഷ വകുപ്പുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പദ്ധതികളും അവയുടെ തുകയും എത്രയെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഭവന പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതി എന്നിവ ജില്ലാ അടിസ്ഥാനത്തിലും മറ്റു പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലുമാണ് നടപ്പിലാക്കുന്നത്. ആയതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമല്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ന്യൂനപക്ഷക്ഷേമ വകുപ്പ് അനുവദിച്ച കുടിവെള്ള പദ്ധതികൾ

290(1762) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് മുൻപ് അനുവദിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ റദ്ദ് ചെയ്യുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇപ്രകാരം ഏതെല്ലാം പദ്ധതികളാണ് റദ്ദ് ചെയ്തതെന്ന് അറിയിക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ എളാങ്കുഴി കുടിവെള്ള പദ്ധതി ടെൻഡർ നടപടി ആരംഭിച്ചതിനുശേഷം റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ധാരാളം ആളുകൾ ആശ്രയിക്കുന്ന എളാങ്കുഴി കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പുനരാരംഭിക്കാൻ ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ-സി) ന്യൂനപക്ഷക്ഷേമ വകുപ്പ് മുൻപ് അനുവദിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ ഫണ്ട് അനുവദിച്ചിട്ടും ഇതുവരെ വിവിധ കാരണങ്ങളാൽ പണി ആരംഭിക്കാത്ത പദ്ധതികൾ റദ്ദ് ചെയ്യുന്നതിനും പ്രസ്തുത തുക വകുപ്പിന്റെ പദ്ധതിയിൽ ഫണ്ട് ലഭിക്കാത്തതും പണി പൂർത്തീകരിച്ചിട്ടുള്ളതുമായ വർക്കുകൾക്ക് കൈമാറുന്നതിലേയ്ക്കായുമുള്ള വിഷയം പരിഗണനയിലാണ്.

(ഡി) എളാങ്കുഴി കുടിവെള്ള പദ്ധതിക്ക് 15 ലക്ഷം രൂപ സ.ഉ.(സാധാ)നമ്പർ 86/2016/പൊ.ഭ.വ. തീയതി 8-1-2016-ന് ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും പ്രസ്തുത പ്രദേശത്തേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിന് ചീക്കോട് കുടിവെള്ള പദ്ധതി 2018-ൽ പൂർത്തീകരിച്ച ശേഷം പൈപ്പ് ലൈൻ നീട്ടുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഈ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും കരാറുകാർ പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദാക്കുകയും ചെയ്യുകയുണ്ടായി. പിന്നീട് ടെണ്ടറുകളൊന്നും ക്ഷണിച്ചിട്ടില്ല.

(ഇ) എളാങ്കുഴി കുടിവെള്ള പദ്ധതിയുടെ ആവശ്യകത അറിയിച്ചുകൊണ്ട് ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ കത്ത് പരിശോധിച്ചു വരികയാണ്.

**ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

291(1763) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ സർക്കാരിന്റെ കാലത്ത് നിലമ്പൂർ മണ്ഡലത്തിൽ, ന്യൂനപക്ഷ വിധവകൾക്കുള്ള ഭവന പദ്ധതിയിൽ എത്ര വീടുകൾ അനുവദിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഭവന പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതി എന്നിവ ജില്ലാ അടിസ്ഥാനത്തിലും മറ്റു പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലുമാണ് നടപ്പിലാക്കുന്നത്. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമല്ല.

**സി.എൻ.ജി.എൽ.എൻ.ജി. വിതരണ കേന്ദ്രങ്ങൾ**

292(1764) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. കെ. എം. ഷാജി :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരീക്ഷ മലിനീകരണവും ഇന്ധനച്ചെലവും കുറയ്ക്കുന്നതിനായി സംസ്ഥാനത്ത് സി.എൻ.ജി, എൽ.എൻ.ജി. വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഗതാഗത വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം നഗരങ്ങളിലാണ് ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വാഹന എൻജിനുകൾ സി.എൻ.ജി.-യിലേക്ക് മാറ്റുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

## വാഹന രജിസ്ട്രേഷൻ സേവന മേഖലയിലെ ചൂഷണം തടയുവാൻ നടപടി

293(1765) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന രജിസ്ട്രേഷൻ സേവന മേഖലയിൽ ഏജന്റുമാരുടെ ചൂഷണം വ്യാപകമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ചൂഷണം അവസാനിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വാഹന രജിസ്ട്രേഷൻ സേവനങ്ങളും ലൈസൻസ് നടപടികളും ലളിതവും സുതാര്യവുമാക്കുവാൻ ലക്ഷ്യമിട്ട് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം തയ്യാറാക്കിയ വാഹൻസാരഥി എന്നീ സോഫ്റ്റ് വെയറുകൾ സംസ്ഥാന മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാഹന രജിസ്ട്രേഷൻ മേഖലയിൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള ഡീലർമാർ മാത്രമാണ് പ്രവർത്തിക്കുന്നത്.

(ബി) ഫീസ്, ടാക്സ്, ക്യാമറ വഴിയുള്ള കേസുകളിലെ പിഴ തുക എന്നിവ ഓൺലൈൻ ആയി അടയ്ക്കാനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. വാഹൻ, സാരഥി സോഫ്റ്റ് വെയറുകൾ നടപ്പിലാക്കുന്നതോടെ ഇത്തരം പരാതികൾ ഒഴിവാക്കാൻ സാധിക്കും. വാഹന രജിസ്ട്രേഷൻ സംബന്ധിച്ച താൽക്കാലിക രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ ആയി നടത്തപ്പെടുന്നു. ഇതിൽ ഇടനിലക്കാരുടെ പ്രവർത്തനങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

(സി) വാഹനും സാരഥിയും നടപ്പിലാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാനായി പ്രത്യേക സംഘങ്ങളെ രൂപീകരിക്കുകയും ചെയ്തു. സാരഥി പരീക്ഷണ അടിസ്ഥാനത്തിൽ 3 ഓഫീസുകളിൽ നടത്തിവന്നത് എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. നിലവിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നത് സാരഥിയിലൂടെ മാത്രമാണ്. സാരഥിയുടെ ബാക്കി സേവനങ്ങളും വാഹനും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് തെറ്റുകൾ കണ്ടുപിടിച്ച് എൻ.ഐ.സി.-യെ അറിയിച്ച് മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്.

## എൽ.എൻ.ജി. ബസ്സുകൾ

294(1766) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പിമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എൽ.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ്സുകൾ വാങ്ങുന്നതിന് പെട്രോനെറ്റ് എൽ.എൻ.ജി. സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; വിശദമാക്കമോ;

(സി) ഇത്തരം ബസ്സുകൾ വാങ്ങുന്നതിന് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) പുതിയ ബസ്സുകൾ വാങ്ങുന്നതിന് പകരം നിലവിലുള്ള ബസ്സുകൾ എൽ.എൻ.ജി. സംവിധാനത്തിലേക്ക് മാറ്റുവാൻ സാധിക്കുമോ എന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) എൽ.എൻ.ജി. ലഭ്യത ഉറപ്പ് വരുത്തുന്ന മുറയ്ക്ക് 100 എൽ.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 100 എൽ.എൻ.ജി. ബസ്സുകൾ വാങ്ങുമ്പോൾ ഡീസൽ ബസ്സിന്റെയും എൽ.എൻ.ജി ബസ്സിന്റെയും വിലയിലുള്ള വ്യത്യാസംമൂലമുണ്ടാകുന്ന അധിക ബാധ്യത ഏറ്റെടുക്കാമെന്ന് M/s. പെട്രോനെറ്റ് എൽ.എൻ.ജി കത്ത് മുഖേന വാഗ്ദാനം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്തിമ കരാർ ഒന്നും ഒപ്പുവച്ചിട്ടില്ല.

(സി) 100 എൽ.എൻ.ജി. ബസ്സുകൾ വാങ്ങുമ്പോൾ ഡീസൽ ബസ്സിന്റെയും എൽ.എൻ.ജി. ബസ്സിന്റെയും വില വ്യത്യാസംമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയായ 11.5 കോടി രൂപ നൽകുന്നതിന് പെട്രോനെറ്റ് എൽ.എൻ.ജി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 100 ബസ്സുകൾ വാങ്ങുന്നതിന് മേൽ തുക കിഴിച്ച് ആവശ്യമായ തുകയായ 30 കോടി രൂപ സർക്കാർ സഹായമായും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ചിട്ടില്ല.

## സാരഥി ഡ്രൈവിംഗ് ലൈസൻസ്

295(1767) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ് സാരഥി വഴി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ നൽകിവരുന്ന ഡ്രൈവിംഗ് ലൈസൻസുകൾ സാരഥിയിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന വ്യത്യാസങ്ങൾ, സുരക്ഷാ ഫീച്ചറുകൾ ഇവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം ആർ.റ്റി. ഓഫീസുകൾക്ക് കീഴിലാണ് സാരഥി ഡ്രൈവിംഗ് ലൈസൻസ് നൽകിവരുന്നതെന്ന് അറിയിക്കുമോ;

(ഡി) സാരഥി പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ലെങ്കിൽ സംസ്ഥാനത്ത് നൽകിവരുന്ന ഡ്രൈവിംഗ് ലൈസൻസുകൾ അതീവ സുരക്ഷ നൽകുന്ന സാങ്കേതിക മികവുള്ള കാർഡ് രൂപത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഡ്രൈവിംഗ് ലൈസൻസിനുള്ള പുതിയ അപേക്ഷകൾ സ്വീകരിക്കുന്നത് സാരഥി വഴിയാണ്.

(ബി) സാരഥി വഴി നൽകുന്ന ലൈസൻസുകൾക്ക് അധികമായി സുരക്ഷാ ഫീച്ചറുകളില്ല. സാരഥി സോഫ്റ്റ് വെയറിലൂടെ അംഗീകരിക്കുന്ന ലൈസൻസുകൾ പ്രിന്റ് എടുക്കുന്ന പേപ്പർ/കാർഡിലാണ് സുരക്ഷാ സംവിധാനങ്ങളുള്ളത്.

(സി) സാരഥി പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നാഷണൽ സെക്ടർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആലപ്പുഴ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന പ്ലാസ്റ്റിക് കാർഡിൽ ലൈസൻസ് അച്ചടിച്ച് നൽകിയിരുന്നു.

(ഡി) സാരഥി വകുപ്പിന്റെ എല്ലാ ഓഫീസിലും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പ്ലാസ്റ്റിക് കാർഡിൽ നൽകുവാനുള്ള നടപടി കോടതി വ്യവഹാരത്തിൽപ്പെട്ട് തടസ്സപ്പെട്ടിരിക്കുകയാണ്. ആയത് മാറുന്ന മുറയ്ക്ക് മാത്രമേ മികവുള്ള പ്ലാസ്റ്റിക് കാർഡിൽ ലൈസൻസ് നൽകുവാൻ സാധിക്കുകയുള്ളൂ.

## സ്കൂൾ വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണറും ജി.പി.എസും

296(1768) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ / സ്വകാര്യ സ്കൂൾ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണറുകൾക്ക്പുറമേ ജി.പി..എസ്.-ഉം ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ സ്കൂൾ കുട്ടികളെ നിറച്ച് പോകുന്ന സ്വകാര്യ ടെമ്പോ / ട്രക്കർ വാനുകളിൽ ഇവ ഘടിപ്പിച്ച് മാത്രമേ യാത്ര അനുവദിക്കാവൂ എന്ന നിബന്ധന കർശനമായി നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം 1-1-2019 മുതൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന എല്ലാ പബ്ലിക് സർവ്വീസ് വാഹനങ്ങളിലും ജി.പി.എസ്. നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രാരംഭമായി എല്ലാ സ്കൂൾ വാഹനങ്ങളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള നിർദ്ദേശം ഗതാഗത കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. ഇതുവരെ 467 സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ചിട്ടുണ്ട്.

## ഫ്ലാഷ് ലൈറ്റിന്റെ ദുരുപയോഗം

297(1769) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വാഹനങ്ങളിലും പോലീസ് വാഹനങ്ങളിലും ഘടിപ്പിച്ചിട്ടുള്ള ഫ്ലാഷ് ലൈറ്റിന്റെ ദുരുപയോഗം 29-4-2017-ലെ സുപ്രീം കോടതി ഉത്തരവ് പ്രകാരം പരിമിതപ്പെടുത്തിയിട്ടുള്ളത് പരിഗണിച്ച് പിങ്ക് പോലീസിന്റേതുൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ഇത്തരത്തിലുള്ള ലൈറ്റുകളുടെ ഉപയോഗത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

### ഉത്തരം

ബീക്കൺ ലൈറ്റുകളുടെ ഉപയോഗം ആംബുലൻസ്, പോലീസ്, ഫയർഫോഴ്സ്, ആർമി മുതലായ അവശ്യ സർവ്വീസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 1-5-2017-ലെ എസ്.ഒ. 1374(ഇ) നമ്പർ വിജ്ഞാപന

പ്രകാരം ക്രമസമാധാന പാലനത്തിനുള്ള പോലീസ് വാഹനങ്ങൾക്ക് ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. ഇതുപ്രകാരം പിങ്ക് പോലീസിന്റേത് ഉൾപ്പെടെയുള്ള വാഹനങ്ങൾ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമ്പോൾ അവയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന് അനുമതിയുണ്ട്.

### ട്രാഫിക് നിയമ ലംഘനങ്ങൾ

298(1770) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ വാഹനങ്ങളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ എത്ര വാഹനങ്ങൾ ഈ സർക്കാർ കാലയളവിനുള്ളിൽ പിടിച്ചെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെടെയുള്ള വാഹന അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയെന്നാണ് ഗതാഗതവകുപ്പ് കണക്കാക്കിയിട്ടുള്ളത്; വെളിപ്പെടുത്തുമോ;

(ഡി) അമിതവേഗം കാരണം 2018-ൽ ക്യാമറ മുഖേന പിടിക്കപ്പെട്ട വാഹനങ്ങളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ;

(ഇ) ഇതിൽ എത്ര ഉടമകളിൽ നിന്നും പിഴ ഈടാക്കി; എത്ര തുക; അറിയിക്കാമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ അമിതവേഗം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പിടിക്കപ്പെട്ട എത്രപേരുടെ ലൈസൻസ് റദ്ദാക്കി; ഇവരിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ എത്ര പേരുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ജി) ഇത്തരത്തിലുള്ള ട്രാഫിക് നിയമ ലംഘനങ്ങൾ തടയുവാനും അപകടങ്ങൾ ഒഴിവാക്കുവാനുമായി പുതിയ എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 12335961

(ബി) 7082

(സി) 10643

(ഡി) 454567

(ഇ) 1,56,975 തുക -6,39,51,600 രൂപ

(എഫ്) 47,367 പേരുടെ ലൈസൻസ് റദ്ദാക്കി. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ -191

(ജി) ഇത്തരത്തിലുള്ള നിയമ ലംഘനങ്ങൾ തടയുന്നതിനായി എൻഫോഴ്സ്മെന്റ് കർശനമാക്കിവരുന്നു. പുതിയതായി സേഫ് കേരള പദ്ധതിയിൽ രൂപീകരിച്ച 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും 11 ഇന്റർസെപ്റ്റർ വാഹനങ്ങളും ഇക്കാര്യത്തിൽ കർശന ശ്രദ്ധ പുലർത്തിവരുന്നു.

**മോട്ടോർ വാഹന ഭേദഗതി ബിൽ**

299(1771) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ മോട്ടോർ വാഹന ഭേദഗതി ബിൽ റോഡ് ഗതാഗത രംഗത്ത് സംസ്ഥാനങ്ങൾക്ക് ഉണ്ടായിരുന്ന അധികാരം വൻതോതിൽ വെട്ടിക്കുറയ്ക്കുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉൾപ്പെടെയുള്ളവർക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് നിർബന്ധമാക്കിയുള്ള പ്രസ്തുത വ്യവസ്ഥ പൊതു ഗതാഗത സംവിധാനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭേദഗതി നിയമം സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികളെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പുതുതായി പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള വാഹന നിയമം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് പഠിച്ചിട്ടുണ്ട്. പ്രധാനമായും ബാധിക്കുന്നവ ചുവടെ ചേർക്കുന്നു :

(1) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 9(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 5 (iii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിന് ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നതിന് കേന്ദ്ര സർക്കാരിനുള്ള അധികാരം എടുത്ത് കളഞ്ഞിട്ടുണ്ട്.

റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട അടയാളങ്ങളും നിയന്ത്രണങ്ങളും മനസ്സിലാക്കുവാൻ കുറഞ്ഞൊരു വിദ്യാഭ്യാസ യോഗ്യതയെങ്കിലും ആവശ്യമായതിനാൽ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നതിനുള്ള അധികാരം നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 14(2)(ബി) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 9(ii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം നോൺ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി നിർണ്ണയിക്കുന്നത് ലൈസൻസ് ഹോൾഡറുടെ വയസ്സിന്റെ അടിസ്ഥാനത്തിലായിരിക്കും.

ഈ സമ്പ്രദായം വളരെ സങ്കീർണ്ണമായതിനാലും വളരെയധികം ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നതിനാലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആയതിനാൽ നിലവിലുള്ള സ്ഥിതി തന്നെ തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) നിലവിലെ മോട്ടോർ വാഹന നിയമം അനുസരിച്ച് കാലാവധി കഴിഞ്ഞ ലൈസൻസ് കാലാവധി തീർന്ന തീയതി മുതൽ 5 വർഷ ത്തിനുള്ളിൽ പുതുക്കി എടുക്കാമായിരുന്നു. എന്നാൽ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 15(4) ഭേദഗതി ചെയ്യുന്ന തിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 10(iii)(ബി) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം 5 വർഷ കാലാവധി 6 മാസമായി കുറച്ചിരിക്കുകയാണ്.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ് കേരളത്തിന്റെ സ്ഥിതി. നമ്മുടെ സംസ്ഥാനത്ത് വലിയൊരു വിഭാഗം ജനം അന്യരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരാണ്. രണ്ടോ, മൂന്നോ വർഷത്തിലൊരിക്കലായിരിക്കും അവർ മാതൃ രാജ്യത്തേയ്ക്ക് വരിക. ഇത്തരം സന്ദർഭങ്ങളിൽ തങ്ങളുടെ ലൈസൻസ് പുതുക്കി യെടുക്കുക എന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരിക്കും. ആയതിനാൽ 6 മാസം എന്നുള്ളത് മാറ്റി ഏറ്റവും കുറഞ്ഞത് 2 വർഷമെങ്കിലും നൽകണമെന്ന് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

(4) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 44(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 18 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം പുതുതായി രജിസ്റ്റർ ചെയ്യുന്നതിനായി വാഹനം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതില്ല.

വാഹന പരിശോധന ഇല്ലാത്തതിനാൽ സാങ്കേതികമായും സുരക്ഷാപരമായും നിലവാരമില്ലാത്ത വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് ആത്യന്തികമായി വാഹന ഉടമയ്ക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. വാഹന പരിശോധനയുടെ അഭാവം ഫോം 21-ൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ ചേസ്സിസ് നമ്പർ/എഞ്ചിൻ നമ്പർ ഉള്ള വാഹനങ്ങളുടെ രജിസ്ട്രേഷനിലേക്ക് വഴി തെളിയിക്കുന്നതിനുള്ള സാധ്യത കൂടുതലാണ്. വാഹനം അപകടത്തിൽപ്പെടുകയാണെങ്കിൽ ചേസ്സിസ് നമ്പർ/എഞ്ചിൻ നമ്പർ വ്യത്യസ്ത മായതിനാൽ വാഹന ഉടമയ്ക്ക് നഷ്ടപരിഹാരം കിട്ടുന്നതിനുള്ള സാധ്യത ഇല്ലാതാവും. ആയതിനാൽ വാഹനം രജിസ്റ്റർ ചെയ്യുമ്പോഴുള്ള വാഹന പരിശോധന നിലനിർ ത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(5) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 22(i) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം 1-10-2018 മുതൽ വാഹനം ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ ടെസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ അത്തരം വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല.

ഇത് അപ്രായോഗികമായതിനാൽ കൂടുതൽ സമയം അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(6) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 22(iii)(ബി) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിന് നിർദ്ദിഷ്ട അതോറിറ്റിക്ക് വാഹന ഉടമ തെരഞ്ഞെടുത്തിട്ടുള്ള ഓതറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ നിന്നുമുള്ള കൺഫർമേഷൻ ആവശ്യമാണ്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദാക്കുന്ന അതോറിറ്റി, മറ്റൊരു ടെസ്റ്റിംഗ് സെന്ററിന്റെ അനുമതിക്ക് കാത്തുനിൽക്കുകയാണെങ്കിൽ കബളിപ്പിക്കപ്പെടുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. കൂടാതെ, ഫിറ്റ്നസ് റദ്ദാക്കുന്ന അതോറിറ്റി ഒരു വാഹനത്തിന്റെ കാര്യക്ഷമത വിലയിരുത്തുവാൻ പ്രാപ്തനമാണ്. ആയതിനാൽ ഒരു കൺഫർമേഷൻ അതോറിറ്റിക്ക് പകരം വാഹന ഉടമയുടെ പരാതിക്ക് പരിഹാരം കാണുന്നതിനായി ഒരു അപ്പലേറ്റ് അതോറിറ്റിയെ നിയമിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(7) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 164(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 49 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം വാഹനാപകടത്തിൽ മാരകമായി പരിക്കേറ്റ ഒരു വ്യക്തിക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ നഷ്ടപരിഹാരത്തുക 5 ലക്ഷം രൂപയും വാഹനാപകടത്തിൽ മരണപ്പെട്ട ഒരു വ്യക്തിക്ക് വേണ്ടി നൽകേണ്ട ഏറ്റവും കുറഞ്ഞ നഷ്ടപരിഹാരത്തുക 10 ലക്ഷം രൂപയുമാണ്.

എന്നാൽ നിർദ്ദിഷ്ട വകുപ്പ് 164(3), ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ലഭിക്കുന്ന തുകയ്ക്ക് പുറമേ ലഭിക്കുന്ന തുകയിൽ കുറവ് വരുത്താവുന്നതാണെന്ന് വിഭാവന ചെയ്യുന്നു. ഇത് ഇൻഷ്വറൻസ് തുകയ്ക്ക് പുറമേ ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങളെ ബാധിക്കുന്നതാണ്. മാത്രമല്ല അപകടത്തിൽപ്പെട്ട വ്യക്തിയുടെ അവകാശങ്ങളെയും ഇത് ഹനിക്കും.

(8) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 215 എ (1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 89 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം കേന്ദ്ര സർക്കാരിലും സംസ്ഥാന സർക്കാരിലും നിർദ്ദിഷ്ട നിയമപ്രകാരം നിക്ഷിപ്തമായിരിക്കുന്ന ഏത് അധികാരവും സർക്കാർ നിശ്ചയിക്കുന്ന ഏതൊരു വ്യക്തിയെയോ വ്യക്തി സമൂഹത്തെയോ ഏല്പിക്കാവുന്നതാണ്.

ഇത് റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പുവരുത്തുന്നതിനെ സാരമായി ബാധിക്കും. ആയതിനാൽ നിർദ്ദിഷ്ട ഭേദഗതിയിൽ നിന്നും മോട്ടോർ വാഹന നിയമത്തിലെ അധ്യായങ്ങൾ V, VI, VII, XIII, XIV എന്നിവയെ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. 2007 മുതൽ പുതുതായി നിരത്തിലിറക്കുന്ന ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ എടുത്തിട്ടുള്ളതാണ്. നിലവിൽ 6134 ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷയുള്ളതാണ്. ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത 285 ബസ്സുകളുണ്ട്. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉൾപ്പെടെയുള്ളവർക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് നിർബന്ധമാക്കിയിട്ടുള്ള വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇൻഷ്വറൻസ് പരിരക്ഷ എടുക്കുന്നതിലൂടെ അധിക സാമ്പത്തിക ബാദ്ധ്യത വരുമെങ്കിലും മോട്ടോർ വാഹന അപകടങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ നല്കുന്നതിനുള്ള ബാദ്ധ്യതയിൽനിന്ന് ഒഴിവാകുവാൻ കഴിയും. ഈ സാഹചര്യത്തിൽ ടി വ്യവസ്ഥ കെ.എസ്.ആർ.ടി.സി.-യെ ഒരുതലത്തിലും ദോഷകരമായി ബാധിക്കുന്നതല്ല.

(സി) ഇതുസംബന്ധിച്ച് ഗതാഗത വകുപ്പ് പഠനം നടത്തിയിട്ടില്ല.

## വാഹന നികുതി കുടിശ്ശിക

300(1772) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യമായ പരിശോധനയും തുടർനടപടികളും ഇല്ലാത്തതിനാൽ രജിസ്ട്രേഷൻ പുതുക്കാത്ത വാഹനങ്ങളുടെ നികുതി കുടിശ്ശികയിലും പിഴ ഇനത്തിലുമടക്കം മോട്ടോർ വാഹനവകുപ്പിന് കോടിക്കണക്കിന് രൂപ പിരിഞ്ഞു കിട്ടാനുണ്ടോ; വ്യക്തമാക്കുമോ;

(ബി) 25 വർഷം വരെ പഴക്കമുള്ള കേസ്സുകളിലെ കുടിശ്ശിക മാത്രമായി 2000 കോടിയിൽപരം രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുമ്പോഴും നിയമപ്രകാരം പിരിഞ്ഞു കിട്ടേണ്ട തുക പിരിച്ചെടുക്കാത്ത സാഹചര്യമുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഇല്ല. മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ കൃത്യമായ പരിശോധനകൾ നടത്തുന്നതുമൂലം രജിസ്ട്രേഷൻ പുതുക്കാത്ത വാഹനങ്ങൾ നിരത്തിൽ ഉപയോഗിക്കുന്നത് വളരെ കുറവാണ്. രജിസ്ട്രേഷൻ കാലാവധി അവസാനിക്കാറായതും ഉപയോഗ ശൂന്യമായതുമായ വാഹനങ്ങൾ പൊളിച്ചുമാറ്റുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ സമർപ്പിക്കുന്നുണ്ട്.

(ബി) റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 25 വർഷം വരെ പഴക്കമുള്ള കേസ്സുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതിലൂടെ കുടിശ്ശിക തുക വളരെയധികം പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിലൂടെ പൊളിച്ചു മാറ്റപ്പെട്ടതും ഉപയോഗ ശൂന്യമായതും ആയി നികുതി കുടിശ്ശിക വരുത്തിയ വാഹനയുടമകളിൽനിന്ന് കുടിശ്ശിക തുക വസൂലാക്കുവാൻ കഴിഞ്ഞു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

## ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

301(1773) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങൾ മുഖേനയുണ്ടാകുന്ന മലിനീകരണം കുറയ്ക്കുന്നതിനായി ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്. സുസ്ഥിര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സമഗ്രമായ ഒരു ഇ.വി. പോളിസി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു കരട് പോളിസി സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾ കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളാണ് സർക്കാർ പരിശോധിക്കുന്നത്. ഇതിനായി വിദേശ കമ്പനികൾ ഉൾപ്പെടെയുള്ളവരുമായി പ്രാരംഭ ചർച്ചകൾ നടത്തിവരുന്നു. സംസ്ഥാനത്തെ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് ഇലക്ട്രിക് വാഹനങ്ങൾ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളും പരിഗണിക്കുന്നുണ്ട്. ഇലക്ട്രിക് വാഹന നിർമ്മാണത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾക്കാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായുള്ള ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള ഉത്തരവാദിത്തം കെ.എസ്.ഇ.ബി.-യെ ഏൽപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ഇപ്രകാരം ഇലക്ട്രിക് വാഹന മേഖലയിൽ സാങ്കേതിക രംഗത്ത് സംസ്ഥാനത്തിന് ഒരു കുതിച്ചു ചാട്ടം ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പുതിയ സാഹചര്യം പ്രസ്തുത കമ്പനികൾക്ക് സാമ്പത്തികമായും നേട്ടമുണ്ടാക്കാൻ പര്യാപ്തമാണ്. അടിക്കടിയുണ്ടാകുന്ന ഇന്ധന വില വർദ്ധനവിന്റെ സാഹചര്യത്തിൽ ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഭാവിയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിരത ഉറപ്പുവരുത്തുന്നതിനും സഹായിക്കും. കൂടാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.-ക്കും സ്വകാര്യ ബസുടമകൾക്കും ഇ-ബസുകളുടെ ഉപയോഗം സാമ്പത്തിക നേട്ടം കൈവരിക്കുന്നതിന് സഹായിക്കും.

(ബി) പൊതു ഗതാഗത സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഒരു പരിധിവരെ പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവരുടെ കൂട്ടായ പരിശ്രമം വഴി മാത്രമേ സാധിക്കുകയുള്ളൂ. ഇതിനായി മാധ്യമങ്ങളിലൂടെയും മറ്റും ബോധവൽക്കരണം നടത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരിശ്രമിക്കുന്നുണ്ട്.

## വയനാട്ടിലെ രാത്രിയാത്ര നിരോധനം

302(1774) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ തുടരുന്ന രാത്രിയാത്രാ നിരോധനം നീക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ വിഷയം പരിഹരിക്കുന്നതിന് കർണാടക സർക്കാരുമായി മന്ത്രിതല ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മേൽപ്പാല നിർമ്മാണത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നിഷേധിച്ച സാഹചര്യത്തിൽ സർക്കാർ ഇക്കാര്യത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) എലവേറ്റഡ് റോഡ് നിർമ്മിക്കുന്നതിനുള്ള കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 50% ചെലവ് സംസ്ഥാനം വഹിക്കാൻ തയ്യാറാണെന്ന് സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുമുണ്ട്.

(ബി&സി) ഈ വിഷയം നിലവിൽ സുപ്രീംകോടതിയുടെ പരിഗണനയിലായതിനാൽ അന്തിമ വിധി വന്നതിനുശേഷമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## വാഹനങ്ങളിലെ ലൈറ്റുകളുടെയും സ്പീക്കറുകളുടെയും നിയന്ത്രണം

303(1775) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്വകാര്യ വാഹനങ്ങളിൽ രാത്രികാലങ്ങളിൽ അതിതീക്ഷ്ണമായപ്രകാശം ചൊരിയുന്ന ഹാലജൻ പോലുള്ള ബൾബുകൾ പ്രകാശിപ്പിക്കുന്നതുമൂലം എതിർദിശയിൽ നിന്നും വരുന്ന ഡ്രൈവർമാർക്ക് പ്രയാസം ഉണ്ടാകുന്നതും അപകടങ്ങൾ വർദ്ധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോട്ടോർ വാഹന നിയമപ്രകാരം ഇത്തരം ലൈറ്റുകൾ ഉപയോഗിക്കുന്നത് അനുവദനീയമാണോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഹെഡ്‌ലൈറ്റുകൾ ഉപയോഗിച്ചതിന്റെ പേരിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എത്ര വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചു; ഓരോ ആർ.ടി.ഒ. തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ ടൂറിസ്റ്റ് ബസുകളിലും മറ്റും ഡി.ജെ സൗകര്യത്തോടു കൂടിയ സ്പീക്കറുകളും മറ്റുശബ്ദസംവിധാനങ്ങളും ഉപയോഗിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഇ) രാത്രികാലങ്ങളിൽ ഹെഡ് ലൈറ്റുകൾ ഡിം ചെയ്യാത്തതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിയമവിരുദ്ധമായ ശബ്ദ-വെളിച്ച സംവിധാനങ്ങൾമൂലം അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത് മറ്റ് റോഡ് ഉപയോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുകയും മറ്റു ഡ്രൈവർമാരുടെ ശ്രദ്ധ തിരിയാൻ കാരണമാവുകയും ചെയ്യുന്നുണ്ട്.

(ബി) അല്ല. നിലവിലുള്ള നിയമപ്രകാരം 24 വോൾട്ടുള്ള ഹാലജൻ ബൾബുകൾ 70/75 വാട്ട്സിൽ കൂടരുത്. 12 വോൾട്ട്സുള്ള ഹാലജൻ ബൾബുകൾ 60/65 വാട്ട്സിൽ കൂടാൻ പാടില്ല.

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം | - | 291 |
| | കൊല്ലം | - | 132 |
| | പത്തനംതിട്ട | - | 89 |
| | ആലപ്പുഴ | - | 285 |
| | കോട്ടയം | - | 478 |
| | ഇടുക്കി | - | 90 |
| | എറണാകുളം | - | 167 |
| | തൃശ്ശൂർ | - | 412 |
| | പാലക്കാട് | - | 617 |

| | | |
|---|---|---|
| മലപ്പുറം | - | 370 |
| കോഴിക്കോട് | - | 566 |
| വയനാട് | - | 18 |

(ഡി) ഇത്തരം ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടിയെടുക്കണമെന്ന് മോട്ടോർ വാഹന വകുപ്പിൻ കീഴിലുള്ള എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന പരിശോധന വേളയിൽ കണ്ടെത്തിയാൽ പിഴ ഈടാക്കുകയും ലൈറ്റുകളും സ്പീക്കറുകളും മാറ്റി സ്ഥാപിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

(ഇ) പ്രത്യേക രാത്രികാല പരിശോധന നടത്താറുണ്ട്.

**സംസ്ഥാനത്തെ വാഹനവർദ്ധനവും ഗതാഗതക്കുരുക്കും**

304(1776) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്ത് എത്ര വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; വാഹനങ്ങളുടെ തരം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിന് വാഹന ഇറക്കുമതിയിലും രജിസ്ട്രേഷനിലും നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

| | | |
|---|---|---|
| (എ) | സ്റ്റേജ് ക്യാര്യേജ് ബസ്സ് | 452 |
| | ടൂ വീലർ | 722470 |
| | മോട്ടോർ കാർ | 229402 |
| | മോട്ടോർ കാബ് | 11542 |
| | ഓട്ടോറിക്ഷ | 24781 |
| | ട്രാക്ടർ/ട്രൈലർ | 683 |
| | ഗുഡ്സ് വെഹിക്കിൾ | 29437 |
| | കോൺട്രാക്ട് ക്യാര്യേജ് ബസ് | 4122 |

| | |
|---|---|
| ടിപ്പർ | 4205 |
| മറ്റുള്ളത് | 5200 |
| ആകെ | 1032294 |

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**എം.സി. റോഡിലെ വാഹനാപകടങ്ങൾ**

305(1777) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെയിൻ സെൻട്രൽ റോഡിൽ വാഹന അപകടങ്ങളുടെ നിരക്കും തൻമൂലമുണ്ടാകുന്ന മരണങ്ങളുടെ എണ്ണവും വർദ്ധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ റോഡിൽ തൈക്കാട് -ചെങ്ങന്നൂർ ഭാഗം സുരക്ഷിത ഇടനാഴി ആയി നവീകരിച്ചിട്ടും വാഹന അപകടങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭാഗത്ത് വാഹന അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മെയിൻ സെൻട്രൽ റോഡിലെ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള ഭാഗം സുരക്ഷിത ഇടനാഴിയായി കെ.എസ്.റ്റി.പി. നവീകരണ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. ഈ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതോടെ അപകടങ്ങൾ കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഉണ്ട്. ഈ ഇടനാഴിയിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി നാറ്റ്പാക് മുഖേന ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും അവരുടെ നിർദ്ദേശങ്ങൾ കെ.എസ്.റ്റി.പി. നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. എൻഫോഴ്സ്മെന്റ് കൺസൾട്ടന്റ്സിന്റെ സേവനവും ഈ കോറിഡോറിൽ ലഭ്യമാക്കിയിട്ടുണ്ട്.

## റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ

306(1778) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

പോലീസ് വകുപ്പിന് നൽകിയ തുക

1. കരമന-കളിയിക്കാവിള റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 8-9-2018-ൽ 63,81,145 രൂപ.

2. പള്ളിപ്പുറം സി.ആർ.പി.എഫിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 23-9-2016-ൽ 12,11,680 രൂപ.

3. പോത്തൻകോട്-വെമ്പായം - പഴകുറ്റി-നെടുമങ്ങാട് റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 1-3-2017-ൽ 42,77,321 രൂപ.

4. പൂജപ്പുര ജംഗ്ഷനിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനും ബയോടെക്നോളജി ജംഗ്ഷനിൽ വാണിംഗ് ബ്ലിങ്കറുകൾ സ്ഥാപിക്കുന്നതിനും 13-4-2017-ൽ 13,92,087 രൂപ

പൊതുമരാമത്ത് വകുപ്പിന് നൽകിയ തുക

1. കരമന – പ്രാവച്ചമ്പലം റോഡ് അപകടവിമുക്തമാക്കുന്നതിന് വേണ്ടി 1-3-2017-ൽ 25,00,000 രൂപ.

ആരോഗ്യവകുപ്പിന് നൽകിയ തുക

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ സ്ഥാപിക്കുന്നതിന് വേണ്ടി 29-08-2017-ൽ 38,88,051 രൂപ.

(ബി) മാനദണ്ഡങ്ങൾ

1. പദ്ധതികൾ താഴെ ചേർത്തിരിക്കുന്ന വിഭാഗത്തിൽപ്പെട്ടവ ആയിരിക്കണം :

 (എ) റോഡ് സുരക്ഷ

 (ബി) ബോധവൽക്കരണം

 (സി) റോഡ് സുരക്ഷാ ഉപകരണങ്ങൾ

 (ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനങ്ങൾ

 (ഇ) ട്രോമാകെയർ.

2. റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധന.

3. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അംഗീകാരം.

## റോഡ് സുരക്ഷാ അതോറിറ്റിക്ക് റോഡ് സെസ്സ് ഇനത്തിൽ നൽകേണ്ട തുക

307(1779) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-ലെ റോഡ് സുരക്ഷാ അതോറിറ്റി നിയമപ്രകാരം വാഹനങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് ഈടാക്കുന്ന റോഡ് സെസ്സിന്റെ മുഴുവൻ തുകയും വാഹന ഉടമകളിൽ നിന്നും ഈടാക്കുന്ന പിഴയുടെ പകുതിയും അതോറിറ്റിക്ക് കൈമാറണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം 2016-17, 2017-18, 2018-19 വർഷങ്ങളിൽ എത്ര തുകയാണ് റോഡ് സുരക്ഷാ അതോറിറ്റിക്ക് കൈമാറിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തുക പൂർണ്ണമായും കൈമാറിയിട്ടില്ലെങ്കിൽ അത് അടിയന്തരമായി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 11 (2)എ പ്രകാരം സർക്കാർ, വാഹന ഉടമകളിൽ നിന്നും പിരിച്ചെടുക്കുന്ന സെസ്സ് ആദ്യം സംസ്ഥാന സഞ്ചിത നിധിയിൽ ക്രെഡിറ്റ് ചെയ്യേണ്ടതും അതിന് ശേഷം തുക പിരിച്ചെടുക്കുന്നതിനും ഈടാക്കുന്നതിനും സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ചെലവ് കുറവ് ചെയ്ത ശേഷം,

ശേഷിച്ച തുക ധനവിനിയോഗത്തിലൂടെ റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് ഉൾക്കൊള്ളി ക്കേണ്ടതുമാണ്. ടി ആക്ടിലെ വകുപ്പ് 11 (3) അനുസരിച്ച് 1988-ലെ മോട്ടോർ വാഹന വകുപ്പ് ആക്ടിലെ 200 വകുപ്പിൻ കീഴിൽ മുൻ വർഷ രാജിയാക്കൽ ഫീസിന്റെ 50%-നു തുല്യമായ തുക ഓരോ വർഷവും റോഡ് സുരക്ഷാ ഫണ്ടിൽ നൽകേണ്ടതാണ്.

(ബി&സി) 2016-17, 2017-18 എന്നീ വർഷങ്ങളിൽ റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് തുക കൈമാറിയിട്ടില്ല. 2017-18-ൽ മുൻവർഷങ്ങളിലെ നീക്കിയിരിപ്പിൽ നിന്നും സർക്കാർ തിരിച്ചെടുത്ത 22.39 കോടി രൂപ ഉൾപ്പെടെ 70.25 കോടി രൂപ 2018-19-ൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

308(1780) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2018-ൽ വാഹനാപകടത്തിൽപ്പെട്ട മരണമടഞ്ഞവ രെത്രയെന്നുള്ള കണക്ക് ലഭ്യമാണോ;എങ്കിൽ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) 2018-ൽ വാഹനാപകടങ്ങളിൽ 4296 മരണങ്ങൾ നടന്നിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ

1. സേഫ് കേരള

   കേരളത്തിലെ റോഡുകളെ അപകടവിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗ മിച്ചുവരുന്നു.

2. ശബരിമല സേഫ് സോൺ

   ഉത്സവ കാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശബരിമല സേഫ് സോൺ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത് - മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

4. മാതൃകാ സുരക്ഷാ വീഥി

ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാ വീഥി ചലഞ്ച് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ മറ്റ് പാതകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

5. ബോധവത്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം എഫ്.എം. റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധനം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

6. റോഡ് സുരക്ഷാ വാരാചാരണം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവത്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണത്തിന് ഫെബ്രുവരി 4 മുതൽ 10 വരെ സംസ്ഥാനത്തൊട്ടാകെ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

കൂടാതെ, റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് ദ്വിതല പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, ഡ്രൈവർമാർ, ഡ്രൈവിംഗ് പരിശീലനം നടത്തുന്നവർ എന്നിവർക്കുള്ള ബോധവൽക്കരണത്തോടൊപ്പം ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പാക്കുകയും ചെയ്യുന്നു.

എല്ലാ വർഷാരംഭത്തിലും നടത്തുന്ന റോഡ് സുരക്ഷാവാരാചരണത്തിൽ റോഡ് സുരക്ഷയുടെ പ്രാധാന്യത്തിലേക്ക് പൊതുജനശ്രദ്ധ ആകർഷിക്കുന്നതിന് വിവിധ പരിപാടികൾ നടത്തിവരുന്നു. Decade of Action Plan-ന്റെ ഭാഗമായി വർഷം മുഴുവൻ നീളുന്ന പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. ഇതുകൂടാതെ ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനായി എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. കൂടാതെ സേഫ് കേരള പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-മാരുടെ നേതൃത്വത്തിൽ മുഴുവൻ സമയ ചെക്കിംഗ് നടത്തുന്നതിനാവശ്യമായ എൻഫോഴ്സ്മെന്റ് ഓഫീസുകളുടെ പ്രവർത്തനം 2019 ഏപ്രിൽ മാസം മുതൽ നടപ്പിൽ വരുത്തുന്നതാണ്.

## സ്കൂൾ ബസ്സുകളിൽ ജി.പി.എസ്.

309(1781) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ ബസ്സുകളിൽ ഐ.ആർ.എൻ.എസ്.എസ്. സ്ഥാപിക്കണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് നിർദ്ദേശം നൽകിയിരുന്നോ;

(ബി) ഇതിന് പകരം അമേരിക്കൻ ഉപഗ്രഹ നിയന്ത്രണത്തിലുള്ള ജി.പി.എസ്. വാഹനങ്ങളിൽ സ്ഥാപിക്കണമെന്ന നിർദ്ദേശം നൽകിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 125 (H) പ്രകാരം മോട്ടോർ വാഹന നിയമത്തിലെ 2(35) വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള പബ്ലിക് സർവ്വീസ് വാഹനങ്ങൾക്ക് Vehicle Location Tracking Device-ഉം Emergency Panic Button-നും പുതിയ വാഹനങ്ങളിൽ 1-1-2019 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. പ്രസ്തുത സംവിധാനം AIS-140:2016 മാനദണ്ഡപ്രകാരമുള്ളതായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) AIS-140:2016 മാനദണ്ഡപ്രകാരമുള്ള ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്.

## ട്രാഫിക് നിയമ ലംഘനങ്ങൾ മൂലമുണ്ടാകുന്ന റോഡപകടങ്ങൾ

310(1782) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. പി. കെ. ശശി :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രാഫിക് നിയമ ലംഘനങ്ങൾ വർദ്ധിച്ച് വരുന്നതുമൂലമുണ്ടാകുന്ന റോഡപകടങ്ങൾ പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ട്രാഫിക് നിയമ ലംഘനങ്ങൾ തടയുന്നതിനായി തേഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എന്തെങ്കിലും ബോധവൽക്കരണ പരിപാടികൾ നടത്താനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ട്രാഫിക് നിയമ ലംഘനങ്ങൾ ചൂണ്ടിക്കാണിക്കുന്നവരുടെ വിവരങ്ങൾ രഹസ്യമായി വയ്ക്കുന്നതിനും, അവരെ പ്രോത്സാഹിപ്പിക്കുന്നതിനും, നിയമലംഘനം ബോധ്യപ്പെട്ടാൽ ശിക്ഷയുറപ്പാക്കുന്നതിനും പ്രസ്തുത പ്രോജക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ട്രാഫിക് നിയമലംഘനങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അപകടങ്ങൾക്ക് കാരണമായ അമിത വേഗത, ഹെൽമറ്റ് ധരിക്കാതിരിക്കുക, സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, തെറ്റായ സൈഡിൽക്കൂടി ഓവർടേക്ക് ചെയ്യുക, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക, മത്സരയോട്ടം നടത്തുക തുടങ്ങി എല്ലാ ട്രാഫിക് നിയമലംഘനങ്ങളും തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം അപകടകരമായ പ്രവണതകളിൽനിന്നും പൊതുജനങ്ങളെ പിൻതിരിപ്പിക്കുന്നതിനായി ലൈസൻസ് സസ്പെന്റ് ചെയ്യുക, പിഴ ഈടാക്കുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് വകുപ്പിന്റെ കീഴിലുള്ള എസ്.സി.ആർ.ബി.യാണ് (SCRB) അപകടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നത്. അപകടങ്ങളിലേയ്ക്ക് നയിക്കുന്ന കാരണങ്ങൾ പ്രത്യേകമായി തന്നെ അവർ രേഖപ്പെടുത്താറുമുണ്ട്. പോലീസ് വകുപ്പിന്റെ RAPID System-ലെ Provisional data പ്രകാരം 2018-ൽ അമിത വേഗത കാരണം 27720 അപകടങ്ങളും 2761 മരണങ്ങളും സംഭവിച്ചിട്ടുണ്ട്. ട്രാഫിക് സിഗ്നൽ ലൈറ്റ് ലംഘിച്ചതുമൂലം 102 അപകടങ്ങളും 7 മരണവും തെറ്റായ ദിശയിലൂടെയുള്ള ഡ്രൈവിംഗ് കാരണം

1355 അപകടങ്ങളും 115 മരണവും മദ്യപിച്ച് വണ്ടിയോടിച്ചത് കാരണം 152 അപകടങ്ങളും 25 മരണവും മൊബൈൽ ഫോൺ ഉപയോഗംമൂലം 31 അപകടങ്ങളും 5 മരണവും സംഭവിച്ചതായി പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഹെൽമെറ്റില്ലാതെ ഇരുചക്രവാഹനം ഓടിക്കുന്നവരും Seat belt ധരിക്കാത്തവരും മരണമടഞ്ഞിട്ടുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹെൽമെറ്റ് റൂൾ ശക്തമാക്കാനും ട്രാഫിക് നിയമലംഘനം തടയുന്നതിനായുള്ള നിരീക്ഷണങ്ങളും പരിശോധനകളും കർശനമായി നടത്തുവാനും പോലീസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകാറുണ്ട്. റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി ഫെബ്രുവരി 4 മുതൽ 10 വരെ വാഹന പരിശോധനയും മറ്റും കർശനമാക്കി നിയമം ശക്തമായി നടപ്പിലാക്കുവാനും അവബോധ പരിപാടികൾ സംഘടിപ്പിക്കുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും 31-1-2019-ൽ വീഡിയോ കോൺഫറൻസ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) സർക്കാർ തലത്തിൽ തേഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. എന്നാൽ പൊതുജന പങ്കാളിത്തത്തോടെ പ്രാദേശികമായി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ ഇത്തരം ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്.

## ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം

311(1783) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനാപകടനിരക്ക് ദേശീയ ശരാശരിയെക്കാൾ ഉയർന്നു നിൽക്കുന്നത് പരിഹരിക്കാൻ ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) റോഡു സുരക്ഷയ്ക്കായി മോട്ടോർ വാഹന വകുപ്പിനെ ശാക്തീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; അപകടത്തിൽപ്പെടുന്നവരിലേറെയും ഇരുചക്രവാഹന യാത്രികരാണെന്നതിനാൽ ഇവയുൾപ്പടെയുള്ള വാഹനങ്ങളുടെ അമിതവേഗം കർശനമായി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണ്; റോഡു സുരക്ഷ അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിന് ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(സി) മരണകാരണമായ അപകടങ്ങളിൽ ഉദ്ദേശം നാലിലൊന്നും സൃഷ്ടിച്ചത് കെ.എസ്.ആർ.ടി.സി.-യുൾപ്പെടെയുള്ള ബസ്സുകളായതിനാൽ ഇത്തരം വാഹനങ്ങളിലെ ഡ്രൈവർമാർക്ക് പ്രത്യേക പരിശീലന പരിപാടി നിർബന്ധിതമാക്കാൻ നടപടി സ്വീകരിക്കുമോ; ബസ്സുകളിലെ സ്പീഡ് ഗവേർണർ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(ഡി) പട്ടണങ്ങളിലെയും നഗരങ്ങളിലെയും വാഹനാപകടങ്ങൾക്ക് പ്രധാന കാരണങ്ങൾ അശാസ്ത്രീയ പാർക്കിംഗും തൽഫലമായുണ്ടാകുന്ന ഗതാഗത കുരുക്കും ആയതിനാൽ പാർക്കിംഗ് നയം രൂപീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകാൻ സാധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. IDTES പദ്ധതി പ്രകാരം പ്രധാന റോഡുകളിലും അപകട സാദ്ധ്യത കൂടിയ ഇടങ്ങളിലും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിക്കുവാനും അതുവഴി ഗതാഗത നിയമലംഘനങ്ങൾ അപ്പപ്പോൾത്തന്നെ കണ്ടെത്തുവാനും സാധിക്കും. നിരീക്ഷണ ക്യാമറകളുടെയെല്ലാം കേന്ദ്രീകൃത മോണിറ്ററിംഗ് സെന്ററിൽ നിന്ന് ടി നിയമ ലംഘനങ്ങൾക്കെതിരെയുള്ള നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. നിയമലംഘകർക്ക് ഡിജിറ്റലായോ അല്ലാതെയോ ഫൈൻ തുക ഒടുക്കുന്നതിനുള്ള സൗകര്യം ലഭ്യമായിരിക്കും. 180 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി PPP മോഡലിൽ നടപ്പിൽ വരുത്തുന്നതിന് സ.ഉ.(എംഎസ്.)നമ്പർ 155/2018/ആഭ്യ. തീയതി 5-10-2018 ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ KPET/78/2018/PHQ dtd.31-12-2018 ആയി ടെണ്ടർ നടപടികൾ നടന്നുവരുന്നു. 24 മണിക്കൂറും നിരീക്ഷണ സംവിധാനങ്ങൾ ഉറപ്പു വരുത്തുന്നതിനും ട്രാഫിക് നിയമ ലംഘനങ്ങൾ തടയുന്നതിനുമുള്ള സേഫ് കേരള പദ്ധതിക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

(ബി) റോഡ് സുരക്ഷയെ മുൻനിർത്തി ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്തി ശിക്ഷിക്കുന്നതുവഴി നിയമ ലംഘനങ്ങൾ കുറയ്ക്കുന്നതിനായി ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കു പുറമേ സേഫ് കേരള പദ്ധതിയുടെ ഭാഗമായി 51 പുതിയ സ്ക്വാഡുകൾകൂടി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമിതവേഗത കണ്ടെത്തുന്നതിനായി ആകെ 240 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന് പതിനൊന്ന് ഇന്റർസെപ്റ്റർ യൂണിറ്റുകൾ നിലവിൽ നിരത്തുകളിൽ പ്രവർത്തിച്ചു

വരുന്നു. ഇവയെല്ലാം ഇരുചക്ര വാഹനങ്ങളുടെ അമിത വേഗത കുറയ്ക്കുന്നതിന് സഹായിക്കുന്നു. ഇത് കൂടാതെ പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, ഡ്രൈവർമാർ മുതലായവർക്ക് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ റോഡ് സുരക്ഷാ ക്ലാസ്സുകളും പരിശീലനവും നൽകിവരുന്നു. ഇതു മുൻനിർത്തി പതിവു പോലെ ഈ വർഷവും ഫെബ്രുവരി 4 മുതൽ 10 വരെ റോഡു സുരക്ഷാവാരം ആചരിക്കുന്നു.

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

(സി) മരണ കാരണമായ അപകടങ്ങളിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഡ്രൈവർമാർക്ക് അപകടരഹിത ഡ്രൈവിംഗ് സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകിയതിന് ശേഷമേ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കാറുള്ളൂ. കോർപ്പറേഷന്റെ എല്ലാ വാഹനങ്ങളിലും വേഗമാനകം (Speed Governor) ഘടിപ്പിച്ചിട്ടുണ്ട്. ആയത് പ്രവർത്തന ക്ഷമമാണോയെന്ന് പരിശോധിക്കാറുമുണ്ട്. കൂടാതെ, ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശീലന ക്ലാസ്സുകൾ വിവിധ സ്ഥലങ്ങളിലായി മോട്ടോർ വാഹന വകുപ്പ് നൽകാറുമുണ്ട്.

(ഡി) പ്രത്യേക പാർക്കിംഗ് നയം രൂപീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ദേശീയപാതയിൽ വാഹനങ്ങളുടെ വേഗത

312(1784) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിത വേഗത്തിൽ വാഹനം ഓടിച്ചതായി ക്യാമറ കണ്ടെത്തിയിട്ടും പിഴ അടയ്ക്കാത്തവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2017-18-ൽ അമിതവേഗത്തിന് അഞ്ചു തവണയിലേറെ പിടിക്കപ്പെട്ടിട്ടും പിഴ അടക്കാത്തവരുടെ എണ്ണം 26,322 ആണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പിഴ അടയ്ക്കാത്തവർക്കെതിരെ ഭാവിയിൽ എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുമോ;

(ഡി) ദേശീയപാതയിൽ വാഹനങ്ങളുടെ വേഗതയുടെ പരിധി ഉയർത്തി കഴിഞ്ഞവർഷം കേന്ദ്രസർക്കാർ ഇറക്കിയ ഉത്തരവ് സംസ്ഥാനത്ത് നടപ്പാക്കുമോ;

(ഇ) ആയത് നടപ്പാക്കുന്നതിലെ ബുദ്ധിമുട്ടുകൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വകുപ്പ് അയയ്ക്കുന്ന നോട്ടീസുകളുടെ എണ്ണത്തിന് ആനുപാതികമായി പിഴയടയ്ക്കാത്ത ആളുകളുടെ എണ്ണത്തിലും വർദ്ധനവ് വന്നുകൊണ്ടിരിക്കുന്നു.

(ബി) ക്യാമറ സംവിധാനം ആരംഭിച്ചതുമുതൽ 2017-2018 വരെയുള്ള എണ്ണമാണിത്.

(സി) വാഹന ഉടമകൾ ഏതെങ്കിലും സേവനങ്ങൾക്കായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ എത്തുമ്പോൾ പിഴ ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി&ഇ) പ്രസ്തുത ഉത്തരവ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കോളേജുതലത്തിൽ ഡ്രൈവിംഗ് ബോധവത്കരണ ക്ലാസ്സ്

313(1785) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിത വേഗതയിലുള്ള ഡ്രൈവിംഗ് തടയുന്നതിനും നിയന്ത്രിക്കുന്നതിനും കോളേജ് തലത്തിൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോളേജ് തലത്തിൽ ഉൾപ്പെടെ റോഡ് സുരക്ഷയെക്കുറിച്ചും ട്രാഫിക് നിയമങ്ങളെക്കുറിച്ചും മോട്ടോർ വാഹന ഉദ്യോഗസ്ഥർ ക്ലാസ്സുകൾ എടുക്കാറുണ്ട്.

(ബി) നിലവിലുള്ള 34 സ്ക്വാഡുകളെ കൂടാതെ 51 പുതിയ സ്ക്വാഡുകൾ കൂടി രൂപീകരിച്ചിട്ടുണ്ട്.

## സ്റ്റേജ് ക്യാരേജുകളായ ബസ്സുകളുടെ കാലാവധി വർദ്ധിപ്പിക്കാൻ നടപടി

314(1786) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകളായ റൂട്ട് പെർമിറ്റുള്ള സർവ്വീസ് ബസ്സുകളുടെ കാലാവധി 15 വർഷത്തിൽ നിന്നും 20 വർഷമായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഫാസ്റ്റ്/ ഓർഡിനറി ബസ്സുകളുടെ കാലാവധി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്തരത്തിൽ സ്റ്റേജ് ക്യാരേജുബസ്സുകളുടെ കാലാവധി ഉയർത്തുമ്പോൾ അവ കർശനമായി പരിശോധിച്ച് ബസ്സുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഓർഡിനറിയായി സർവ്വീസ് നടത്തുന്ന സ്റ്റേജ് ക്യാരേജുകളുടെ കാലാവധി 15 വർഷത്തിൽനിന്ന് 20 വർഷമാക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

(സി) സ്റ്റേജ് ക്യാരേജുകളുടെ കാര്യക്ഷമത കൃത്യമായും പരിശോധിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് സമയത്തും തുടർ പരിശോധന വേളകളിലും ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതാണ്. പെർമിറ്റ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികളും സ്വീകരിക്കുന്നതാണ്.

## കൺസഷൻ വിതരണത്തിൽ വരുത്തിയിരിക്കുന്ന പരിഷ്കാരങ്ങൾ

315(1787) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ കൺസഷൻ വിതരണത്തിൽ കെ.എസ്.ആർ.ടി.സി. വരുത്തിയിരിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; കൺസഷൻ കാർഡ് കേടായാൽ ഫൈൻ അടയ്ക്കണമെന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കൺസഷൻ കാർഡ് കേടായതായി കണക്കാക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; പൂർണ്ണമായും കേടാകാത്ത കാർഡിന്എപ്രകാരമാണ് ഫൈൻ ഈടാക്കുന്നത്; മൂന്നുമാസത്തേക്ക് നൽകിയിരിക്കുന്ന കാർഡിന്റെ ക്വാളിറ്റിയിൽ എന്തെല്ലാം മാറ്റം വരുത്തിയിട്ടുണ്ട്;

(സി) ഫൈൻ ഈടാക്കുന്നതിന്റെ വിശദാംശങ്ങൾ കൺസഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് രേഖപ്പെടുത്താതെയും വിദ്യാർത്ഥികളെ മുൻകൂട്ടി അറിയിക്കാതെയും എപ്രകാരം ഫൈൻ ഈടാക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) തിരക്കേറിയ ബസ്സിൽ കുട്ടികൾക്ക് ഒരുമാസം പോലും കാർഡ് കേടു കൂടാതെ സൂക്ഷിക്കാൻ കഴിയാത്ത സ്ഥിതിക്ക് മൂന്നുമാസത്തേക്കുള്ള കാർഡിനും ഫൈൻ ഈടാക്കുന്നത് അനീതിയാണെന്ന് കരുതുന്നുണ്ടോ; ആയത് പിൻവലിക്കുന്നതിനും പകരം കാർഡ് നഷ്ടപ്പെട്ടുപോയാൽ മാത്രം ഫൈൻ ഈടാക്കുന്ന രീതി തുടരുവാനും കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകുമോ;

(ഇ) കൺസഷൻ കാർഡ് കേടായതിന്റെയും നഷ്ടപ്പെട്ടുപോയതിന്റെയും അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി-യുടെ പേരൂർക്കട ഡിപ്പോ 2018-2019 അദ്ധ്യയനവർഷം എത്ര രൂപ ഫൈൻ ഈടാക്കി ; മാസാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;ഈ ഡിപ്പോയിൽ ഫൈൻ ഈടാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; കൗണ്ടർ സ്റ്റാഫ് വിദ്യാർത്ഥികളോടും രക്ഷകർത്താക്കളോടും അപമര്യാദയായി പെരുമാറുന്നുവെന്ന പരാതി പരിഹരിക്കുമോ; ആയത് പരിഹരിക്കുന്നതിന് റൊട്ടേഷൻ സമ്പ്രദായം ഏർപ്പെടുത്തുമോയെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സൗജന്യ യാത്രയ്ക്ക് ഒരു വർഷം ഒറ്റത്തവണ 100 രൂപ പ്രോസസിംഗ് ചാർജ് ഓരോ വിദ്യാർത്ഥിയിൽ നിന്നും ഈടാക്കുന്നുണ്ട്. കൺസഷൻ നഷ്ടപ്പെടുകയോ, ഉപയോഗശൂന്യമാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ ടി വിദ്യാർത്ഥിയിൽ നിന്നും 500 രൂപ പിഴ ഈടാക്കുന്നുണ്ട്.

(ബി) കീറിയതോ തീരെ മുഷിഞ്ഞതോ, കോളങ്ങൾ ഇല്ലാത്തതോ, ചിതൽ അരിച്ചതോ, മഷി പുരണ്ടതോ, തീപിടിച്ചതോ ആയ കൺസഷൻ കാർഡുകൾ കേടായതായി കണക്കാക്കപ്പെടുന്നു. വിതരണം ചെയ്തുവരുന്ന കാർഡുകളുടെ ക്വാളിറ്റി സംബന്ധിച്ച് ആക്ഷേപങ്ങളോ പരാതികളോ ഇതുവരെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ നിലവിലുള്ള കൺസഷൻ കാർഡുകൾക്ക് മതിയായ ഗുണനിലവാരമുണ്ടെന്ന് കരുതുന്നു. ആയതിനാൽ തന്നെ ഗുണനിലവാരം കൂട്ടുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ഉണ്ട്. കെ.എസ്.ആർ.ടി.സി. വിതരണം ചെയ്യുന്ന കൺസഷൻ ടിക്കറ്റിൽ ഇത് സംബന്ധിച്ച് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി. സി-യുടെ എല്ലാ ഡിപ്പോകളിലും കൺസഷൻ കൗണ്ടറിലെ നോട്ടീസ് ബോർഡിലും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ വ്യക്തമായി പ്രദർശിപ്പിച്ചിട്ടുണ്ട്.

(ഡി) തിരക്കേറിയ ബസ്സിൽ യാത്ര ചെയ്യുന്ന കുട്ടികൾ പാഠപുസ്തകങ്ങൾ സൂക്ഷിക്കുന്നതുപോലെ അവരുടെ സൗജന്യ യാത്രയ്ക്ക് അനുവദിച്ചിട്ടുള്ള കൺസഷൻ കാർഡുകളും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. കെ.എസ്. ആർ.ടി.സി.യിൽ നിന്നും വിതരണം ചെയ്യുന്ന കൺസഷൻ കാർഡുകളിൽ 98 ശതമാനവും യാതൊരു കേടുപാടും കൂടാതെയാണ് പുതുക്കാൻ ഹാജരാക്കുന്നത്. ആയതിനാൽ നിലവിലെ പിഴ ഈടാക്കുന്ന രീതിയിൽ മാറ്റം വരുത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(ഇ) കൺസഷൻ കാർഡ് കേടായതിന്റെയും നഷ്ടപ്പെട്ടുപോയതിന്റെയും അടിസ്ഥാനത്തിൽ പേരൂർക്കട ഡിപ്പോയിൽ 2018-19 അദ്ധ്യയന വർഷം 3500 രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

2018 ജൂലൈ മാസത്തിൽ 1,000 രൂപയും

2018 ഒക്ടോബർ മാസത്തിൽ 1,000 രൂപയും

2018 ഡിസംബർ മാസത്തിൽ 5,00 രൂപയും

2019 ജനുവരി മാസത്തിൽ 1,000 രൂപയുമാണ് ഈടാക്കിയിട്ടുള്ളത്.

ചീഫ് ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കുന്നതിന് യൂണിറ്റ് ഓഫീസിന് അധികാരം നൽകിയിട്ടുണ്ട്. കൗണ്ടർ സ്റ്റാഫ് വിദ്യാർത്ഥികളോടും രക്ഷകർത്താക്കളോടും അപമര്യാദയായി പെരുമാറുന്നുവെന്ന പരാതി ലഭിച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത

316(1788) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതമൂലം കോർപ്പ റേഷന്റെ നഷ്ടം പ്രതിദിനം വർദ്ധിച്ചുവരുന്നു എന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) ബസ്സുകൾക്കാവശ്യമായ സ്പെയർപാർട്സുകളും മറ്റും യഥാസമയം ലഭ്യമാക്കാത്തതിനാൽ ഒട്ടനവധി ബസ്സുകൾ നിരത്തിലിറക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇത്തരം ആക്ഷേപം അടുത്ത കാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആവശ്യാനുസരണം സ്പെയർ പാർട്ട്സ്, ടയർ, എഞ്ചിൻ, ഗിയർ ബോക്സ്, ക്ലച്ച് തുടങ്ങിയ എല്ലാ അവശ്യ യൂണിറ്റുകളുടെയും ഫ്ലോട്ട് ഡിപ്പോയിൽ ലഭ്യമാക്കി മുൻ നിശ്ചയിച്ച സമയത്ത് യഥാവിധി ഇളക്കി മാറ്റിവയ്ക്കുന്നത് വഴി ഓഫ് റോഡ് നിരക്ക് 5%-ത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.യുടെ കടം**

317(1789) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ കടം എത്രയാണ്;

(ബി) എത്രകോടി രൂപയാണ് പലിശയിനത്തിൽ കെ.എസ്.ആർ.ടി.സി. നൽകിവരുന്നത്; വിശദവിവരം നൽകുമോ;

(സി) കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും എത്ര കോടി രൂപയുടെ കടമാണ് കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ളത്; ഇതിന്റെ പലിശ എത്രയാണ്;

(ഡി) ഇതിനേക്കാൾ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുന്ന ഏജൻസികളെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കടം ചുവടെ ചേർക്കുന്നു :

| | തുക (കോടി രൂപയിൽ) |
|---|---|
| കൺസോർഷ്യം ലോൺ | 3100.00 |
| സർക്കാർ വായ്പ | 2532.52 |
| ഓയിൽ കമ്പനികൾക്ക് നൽകുവാനുള്ളത് | 230.00 |
| സ്പെയർ പാർട്സ് ആൻഡ് സ്റ്റോഴ്സ് ഇനത്തിൽ നൽകുവാനുള്ളത് | 46.12 |
| ജീവനക്കാർക്ക് നൽകുവാനുള്ള കുടിശ്ശികയും എൻ.ഡി.ആർ തുടങ്ങിയവ | 88.92 |
| എൻ.പി.എസ് | 127.00 |
| ആകെ | 6124.56 |

(ബി)ബാങ്കുകളുടെ കൺസോർഷ്യം മുഖേന എടുത്തിട്ടുള്ള വായ്പയ്ക്ക് ശരാശരി 280 കോടി രൂപ പലിശയിനത്തിൽ പ്രതിവർഷം നൽകിവരുന്നു.

(സി) കൺസോർഷ്യത്തിന്റെ ഭാഗമായി കെ.ടി.ഡി.എഫ്.സി.യുടെ വായ്പാ വിഹിതം 950 കോടി രൂപയാണ്. ഫണ്ട് സമാഹരിക്കുന്നതിന് കെ.ടി.ഡി.എഫ്.സി. നൽകുന്ന പലിശയും കൺസോർഷ്യം വായ്പയുടെ പലിശയും തമ്മിലുള്ള വ്യത്യാസം സർക്കാർ വഹിക്കുന്നതാണെന്ന നിബന്ധനയുടെ കൂടെ അടിസ്ഥാനത്തിലാണ് കെ.ടി.ഡി.എഫ്.സി ബാങ്കുകളുടെ കൺസോർഷ്യത്തിൽ പങ്കുചേർന്നത്. കൺസോർഷ്യം വായ്പയുടെ പലിശ 9.20 ശതമാനവും കെ.ടി.ഡി.എഫ്.സി അനുവദിച്ച വായ്പയുടെ പലിശ 11.82 ശതമാനവുമാണ്. കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്തിരുന്ന വിവിധ പലിശ നിരക്കിലുള്ള മറ്റുള്ള വായ്പകൾ സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസമുള്ളതായി കണ്ടതിനാൽ അവ അനുരഞ്ജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അനുരഞ്ജനം പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ വായ്പാ തുകയുടെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ.

(ഡി) 9.20 ശതമാനത്തേക്കാളും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ അംഗീകൃത ഏജൻസികളൊന്നും തയ്യാറല്ലായിരുന്നു.

## കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ്

318(1790) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നടത്തുന്ന കൊറിയർ സർവ്വീസിന്റെ നിലവിലെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കാമോ;

(ബി) കൊറിയർ സർവ്വീസ് നടത്തിയതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഈ സർക്കാരിന്റെകാലത്ത് ലഭിച്ച വരുമാനത്തിന്റെ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി ബസ്സുകളിൽ കൊറിയർ/പാർസൽ സർവീസ് നടത്തുന്നതിന് വേണ്ടി 6-8-2018-ൽ ടെണ്ടർ നടപടി സ്വീകരിക്കുകയും അതിൽ ഏറ്റവും ഉയർന്ന തുകയായ 13,15,000 രൂപ വാഗ്ദാനം ചെയ്ത Ad On Wheels എന്ന കമ്പനിക്ക് ടെണ്ടർ ഉറപ്പിച്ച് നൽകുകയും ടി കമ്പനി പ്രതിവർഷ ലൈസൻസ് തുകയുടെ 50% ഒടുക്കി 5-10-2018 മുതൽ 4-10-2019 വരെ ഒരു വർഷ കാലയളവിലേയ്ക്ക് കരാറിൽ ഏർപ്പെട്ടിരിക്കുകയുമാണ്.

(ബി) കൊറിയർ/പാർസൽ സർവീസ് നടത്തുന്നതിലൂടെ പ്രതിവർഷ ലൈസൻസ് ഫീ ഇനത്തിൽ ജി.എസ്.ടി. ഉൾപ്പെടെ 1,89,46,474 രൂപ ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ വരുമാനമായി ലഭിച്ചു.

## കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ

319(1791) ശ്രീ. കെ. ദാസൻ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) യാത്രക്കാർ കൂടുതലായി ഉള്ളതും സ്വകാര്യ ബസ്സുകൾ കൂടുതൽ സർവ്വീസ് നടത്തുന്നതുമായ ഗ്രാമീണ മേഖലകളിൽ കെ.എസ്.ആർ.ടി.സി.-യുടെ പുതിയ സർവ്വീസുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് മേഖലാ അടിസ്ഥാനത്തിൽ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൊഫഷണലിസം കൊണ്ടുവരുന്ന തിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു. കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുനഃക്രമീകരണത്തിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള ശ്രീ. ഡെന്നിസ് ജോസിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് റൂട്ടുകൾ പുനഃക്രമീകരിച്ചുവരുന്നു. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടു ത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നതുവരെ എല്ലാത്തരം നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതികൾക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോ മീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച്

ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ മുൻപുണ്ടായിരുന്ന ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ 'മിന്നൽ' എന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ ഒരു മണിക്കൂർ ഇടവേളകളിൽ പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എയർപോർട്ടുകളിൽ നിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ലൈ ബസ്സുകൾ എന്ന പേരിൽ പുതിയ എ.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എയർപോർട്ടുകളിൽ നിന്ന് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര ഈ സർവ്വീസുകൾ പ്രദാനം ചെയ്യുന്നതിനാൽ ടി സർവ്വീസുകളും ജനോപകാരപ്രദമാണ്. കെ.എസ്.ആർ.ടി.സി.യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക്

ബസ്സുകൾ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസുകൾ വിജയകരമായി നടത്തുന്നതിന് ഉപയോഗിച്ചിരുന്നു. പരിസ്ഥിതി സൗഹാർദ്ദവും ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാ സൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ടി ബസ്സുകൾ ഉപയോഗിച്ചതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ടി ബസ്സുകളുടെ നടത്തിപ്പ് വിജയകരമായതിനാൽ ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞ കാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതു മേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2% പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുള്ള വായ്പാ കടങ്ങൾ അടച്ചുതീർത്തു കഴിഞ്ഞു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ. ടി.സി.-യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്ക് എത്തിക്കു ന്നതിനുമായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)367/2016/Trans. തീയതി 24-9-2016 പ്രകാരം വിശദ പഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിക്കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി ഉണ്ടാക്കിവരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് സർക്കാർ ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തി നനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle-ചെയ്യുന്നത് ഒഴിവാക്കിയുവഴി മനുഷ്യ വിഭവശേഷിയുടെ വിനിയോഗം കൂടുതൽ ഫലപ്രദമാക്കിയിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച്

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും തദ്വാര മനുഷ്യപ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരിക യുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനം/ടയർ ലൂബ്രിക്കന്റ്സ് എന്നിവയുടെ ചെലവ് ചുരുക്കുന്നതിനായി മൂന്ന് മേഖലകളായി തിരിച്ച് അസിസ്റ്റന്റ് വർക്സ് മാനേജർമാരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിൽ ഉപയോഗിച്ചുവരുന്ന ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകളുടെ കാലാവധി തീരുന്ന തിനാൽ പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന ഇ.ടി.എമ്മുകൾ (GPRS, ബസിൽ നിന്നു തന്നെ റീചാർജ് ചെയ്യാൻ സാധിക്കുന്ന RFID കാർഡ്) വാങ്ങുന്ന തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകളിൽ Automatic Fare Collection (AFC) സംവിധാനം നടപ്പിലാക്കുവാൻ സാധിക്കും. ആർ.എഫ്.ഐ.ഡി. സാങ്കേതിക വിദ്യ ഉൾക്കൊള്ളിച്ചുകൊണ്ട് കൺസെഷൻ ടിക്കറ്റുകൾ, വിവിധതരം പാസുകൾ എന്നിവ ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടു കൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 558 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനത്തിൽ ടിക്കറ്റ് ബുക്കിംഗ് പരാജയപ്പെടുന്നത് ഒഴിവാക്കാനും റീഫണ്ടുകൾ വേഗത്തിലാ ക്കുവാനും സാധിക്കും. കൂടാതെ ബാങ്കുമായി ബന്ധപ്പെട്ടുള്ള പണരഹിത ഇടപാട് അനായാസമാക്കുന്നതിന് കൂടുതൽ Point of Sale (POS) മെഷീനുകൾ റിസർവേഷൻ കൗണ്ടറുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടിയുടെ ഭാഗമായി സർവീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം., കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക

വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ പലിശരഹിത നിക്ഷേപ ഇനത്തിലും പ്രതിമാസ വാടകയിനത്തിലും നല്ലൊരു തുക സമാഹരിക്കുകയെന്നതാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന ബസ് സ്റ്റേഷനുകളിൽ ഇന്ത്യൻ കോഫീ ഹൗസ്, ആകർഷകമായ എൽ.ആർ. സ്റ്റാളുകൾ, എ.റ്റി.എം. കൗണ്ടറുകൾ, വിശ്രമ സൗകര്യങ്ങൾ, വൃത്തിയുള്ള ടോയ്‌ലറ്റുകൾ, ഇൻഫർമേഷൻ സംവിധാനങ്ങൾ എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനും വാണിജ്യ സമുച്ചയങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന ഹാളുകളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിലൂടെ പ്രതിമാസം നല്ലൊരു തുക സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്ന തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, നിലമ്പൂർ, ഹരിപ്പാട്, മലപ്പുറം എന്നീ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ, ഓഫീസ് സ്പേയ്സ് എന്നിവയ്ക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ നിരവധി തവണ നടത്തിയിട്ടുള്ളതാണ്. പാലാ യൂണിറ്റിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടന്നുവരുന്നു. ഇവയെല്ലാംതന്നെ പൂർണ്ണമായും സജ്ജമായി കഴിഞ്ഞാൽ ടിക്കറ്റിതര വരുമാനമായി നല്ലൊരു തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതാണ്. ഇതെല്ലാം തന്നെ കെ.എസ്.ആർ. ടി.സി.-യെ നഷ്ടത്തിൽ നിന്നും ലാഭകരമാക്കുവാൻ ഒരു പരിധിവരെ സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു. സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി Human Resource-ഉം Payroll-ഉം കമ്പ്യൂട്ടർവത്കരിക്കുന്നതിന് M/s. Keltron-മായി 5-12-2018-ന് കരാർ ഒപ്പിട്ടിട്ടുണ്ട്. പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതുവഴി വരുമാന ചോർച്ച തടയുന്നതിനും അക്കൗണ്ടിംഗ് സംവിധാനം നേർ ദിശയിലേയ്ക്ക് കൊണ്ടുവരുന്നതിനും സാധിക്കുന്നതാണ്.

(സി) സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി കൂടുതൽ മേഖലകളിലേയ്ക്കും റൂട്ടുകളിലേയ്ക്കും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനായി അതത് മേഖലകളിൽ നിന്ന് ലഭിക്കുന്ന സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പുതിയ റൂട്ടുകൾ, പുതിയ മേഖലകളിലേയ്ക്ക് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ചും മേഖലാ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് തുടർ നടപടികൾ സ്വീകരിക്കുന്നത്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ നടപടി**

320(1792) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ എന്തെല്ലാം മാറ്റങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(സി) കെ.എസ്.ആർ.ടി.സി. ലാഭകരമല്ലാതായതിന്റെ നിലവിലെ സാഹചര്യങ്ങൾ എന്തൊക്കെയാണ്; ഇവ പരിഹരിക്കുന്നതിന് സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ് / കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു. കെ.എസ്.ആർ.ടി.സി.-യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാഹനപുക മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി സി.എൻ.ജി./എൽ.എൻ.ജി. ബസ്സുകൾ പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ വെറ്റ് ലീസ് അടിസ്ഥാനത്തിൽ ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും

ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ മുൻപുണ്ടായിരുന്ന ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൽ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ 'മിന്നൽ' എന്ന പേരിൽ സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കുള്ള പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൃത്യനിഷ്ഠ പുലർത്തു ന്നതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എയർപോർട്ടുകളിൽ നിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ലൈ ബസുകൾ എന്ന പേരിൽ പുതിയ എ.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എയർപോർട്ടുകളിൽ

നിന്ന് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര ഈ സർവ്വീസുകൾ പ്രദാനം ചെയ്യുന്നതിനാൽ ടി സർവ്വീസുകളും ജനോപകാരപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക് ബസ്സുകൾ ശബരിമല മഹോൽസവത്തോട് അനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസുകൾ വിജയകരമായി നടത്തുന്നതിന് ഉപയോഗിച്ചിരുന്നു. പരിസ്ഥിതി സൗഹാർദ്ദവും ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ടി ബസ്സുകൾ ഉപയോഗിച്ചതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ടി ബസ്സുകളുടെ നടത്തിപ്പ് വിജയകരമായതിനാൽ ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിക്കുന്നതിന് കെ.എസ്.ആർ.ടി.സി തീരുമാനിച്ചിട്ടുണ്ട്.

താരതമ്യേന പ്രവർത്തന ചെലവ് കുറഞ്ഞതും പരിസ്ഥിതി മലിനീകരണം കുറവുള്ളതുമായ ഇലക്ട്രിക്/സി.എൻ.ജി./എൽ.എൻ.ജി. ബസ്സുകൾ വ്യാപകമാക്കുന്നതിന് 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് മാതൃകയിൽ സർവ്വീസ് നടത്തിവരുന്നു. കൂടാതെ ഒരു CNG ബസും സർവ്വീസ് നടത്തിവരുന്നു. ബസ്സുകളുടെ അറ്റകുറ്റപ്പണികളിൽ ഭൂരിഭാഗവും രാത്രികാലങ്ങളിൽ ചെയ്യുന്നതിനായി മെക്കാനിക്കൽ ജീവനക്കാരെ നിയോഗിച്ച് യോഗ്യമായ വാഹനങ്ങളുടെ ലഭ്യതയിൽ വർദ്ധനവ് വരുത്തി. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധി പ്പിക്കുന്നതിന് കഴിയുന്നത്ര ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി മൂന്ന് മേഖലകളിലായി അസിസ്റ്റന്റ് വർക്സ് മാനേജർ(FTL)-ന്റെ നേതൃത്വത്തിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനും ടയറിന്റെ അയുസ് വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കെ.എസ്.ആർ.ടി.സി.യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി Human Resource-ഉം, Payroll-ഉം കമ്പ്യൂട്ടർവത്കരിക്കുന്നതിന് M/s. Keltron-മായി 5-12-2018-ന് കരാർ ഒപ്പിട്ടിട്ടുണ്ട്. പുതിയ സംവിധാനങ്ങൾ ഏർപ്പെ ടുത്തുന്നതുവഴി വരുമാന ചോർച്ച തടയുന്നതിനും അക്കൗണ്ടിംഗ് സംവിധാനം നേർദിശയിലേയ്ക്ക് കൊണ്ടുവരുന്നതിനും സാധിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂറായി ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തി യിട്ടുണ്ട്. ടി സംവിധാനം ഉപയോഗിച്ച് യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 558 സർവ്വീസുകളിൽ

ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനത്തിൽ ടിക്കറ്റ് ബുക്കിംഗ് പരാജയപ്പെടുന്നത് ഒഴിവാക്കാനും റീഫണ്ടുകൾ വേഗത്തിലാക്കുവാനും സാധിക്കും. കൂടാതെ ബാങ്കുമായി ബന്ധപ്പെട്ടുള്ള പണമിടപാട് അനായാസമാക്കു ന്നതിന് കൂടുതൽ Point of Sale (POS) മെഷീനുകൾ റിസർവേഷൻ കൗണ്ടറുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിംഗ് സംവിധാനം ലളിത മാക്കുന്നതിനും പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും നിലവിൽ ഉപയോഗിച്ചുവരുന്ന ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകളുടെ കാലാവധി തീരുന്ന തിനാൽ പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന (GPRS, ബസിൽ നിന്നുതന്നെ റീചാർജ് ചെയ്യാൻ സാധിക്കുന്ന) RFID കാർഡ് ഉപയോഗിച്ച് ടിക്കറ്റ് എടുക്കുന്ന തിനുള്ള സംവിധാനത്തോടുകൂടിയ ഇലക്ട്രോണിക് ടിക്കിംഗ് മെഷീനുകൾ (ETM) വാങ്ങുന്നതിനാണ് നിലവിൽ ടെണ്ടർ വിളിച്ചിരിക്കുന്നത്. പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ ഉപയോഗിച്ച് Automatic Fare Collection (AFC) സംവിധാനം നടപ്പിലാക്കുവാൻ സാധിക്കും.

(ബി) പൊതുജനങ്ങൾക്കും യാത്രക്കാർക്കും സൗകര്യപ്രദമായി യാത്ര ചെയ്യുന്നതിനും അവരെ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് ആകർഷിക്കുന്നതിനും 30 ദിവസം മുൻകൂറായി സീറ്റുകൾ ബുക്ക് ചെയ്യാനുള്ള സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനത്തിൽ ടിക്കറ്റ് ബുക്കിംഗ് പരാജയപ്പെടുന്നത് ഒഴിവാക്കാനും റീഫണ്ടുകൾ വേഗത്തിലാക്കുവാനും സാധിക്കും. കൂടാതെ ബാങ്കുമായി ബന്ധപ്പെട്ടുള്ള പണമിടപാടുകൾ അനായാസമാക്കുന്നതിന് കൂടുതൽ Point of Sale (POS) മെഷീനുകൾ റിസർവേഷൻ കൗണ്ടറുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങു ന്നതുവഴി (GPRS, ബസിൽ നിന്നുതന്നെ റീചാർജ് ചെയ്യാൻ സാധിക്കുന്ന RFID കാർഡ്) Automatic Fare Collection (AFC) സംവിധാനം നടപ്പിലാക്കുവാൻ സാധിക്കും. വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റുകൾ ആർ.എഫ്.ഐ.ഡി കാർഡ് ആകുമ്പോൾ പ്രസ്തുത കാർഡുകൾ റീഡ് & റൈറ്റ് ചെയ്യുന്നതിനുള്ള സംവിധാനവും പ്രീ-പെയ്ഡ് ആർ.എഫ്.ഐ.ഡി. കാർഡുകളും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. ടി പദ്ധതി നടപ്പാക്കുന്നതുവഴി വരുമാന ചോർച്ച കുറയ്ക്കുന്നതിനും സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനും സാധിക്കും.

(സി) പൊതുജനങ്ങൾക്ക് യാത്രാസൗകര്യം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമായതിനാൽത്തന്നെ പലപ്പോഴും ഒറ്റപ്പെട്ട മേഖലയിലേയ്ക്കും ആദിവാസി മേഖല, മലയോര പ്രദേശങ്ങൾ, മറ്റ് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങൾ എന്നിവിടങ്ങളിലേയ്ക്കും മറ്റ് സ്വകാര്യ ബസ് സർവ്വീസുകളെ അപേക്ഷിച്ച് യാത്രക്കാർ കുറവുള്ള സമയങ്ങളിലും രാത്രികാലങ്ങളിലും ജനപ്രതി

നിധികളുടെയും മറ്റ് വിഭാഗം ജനങ്ങളുടെയും ആവശ്യപ്രകാരവും അവശ്യ സർവ്വീസുകൾ നടത്തിവരികയാണ്. പല ഓർഡിനറി സർവ്വീസുകളും നടത്തുമ്പോൾ പ്രവർത്തന ചെലവ് പോലും കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. കാലാകാലങ്ങളിലായി കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന ചെലവ് കൂടുന്നതിനും ആത്യന്തികമായി നഷ്ടം വരുത്തുന്നതിനും ഇത് കാരണമായി തീർന്നിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം സമയബന്ധിതമായി സ്പെയർ പാർട്സുകൾ ലഭ്യമാക്കാൻ കഴിയാതെ വരുക, ഡീസൽ, ടയർ, സ്പെയർ പാർട്സ് തുടങ്ങിയവയുടെ വില വർദ്ധനമൂലം പ്രവർത്തന ചെലവിലുള്ള വർദ്ധനവ്, സ്റ്റാഫ് പ്രൊഡക്ടിവിറ്റിയിലെ കുറവ്, ആധുനിക സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവയാണ് ലാഭകരമല്ലാത്തതിന്റെ ചില കാരണങ്ങൾ.

മുൻ വർഷങ്ങളിൽ ശമ്പളവും പെൻഷനും നൽകുന്നതിനായി എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവും കെ.എസ്.ആർ.ടി.സി.-ക്ക് കടുത്ത സാമ്പത്തിക ബാധ്യത ഉണ്ടാക്കിയിട്ടുണ്ട്. നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരികയാണ്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുണ്ടായിരുന്ന വായ്പകൾ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പുനഃസംഘടിപ്പിച്ചതു വഴി പ്രതിമാസ വായ്പാ തിരിച്ചടവിനത്തിൽ 60 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുള്ള നടപടികൾ

321(1793) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാനുള്ള നടപടികളുടെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകൾ പൂർണ്ണമായും അംഗീകരിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.-യെ കടത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ ഒരു ബസ്സിന് 7.2 ജീവനക്കാർ എന്ന നിലവിലുള്ള അനുപാതം ദേശീയ ശരാശരിയിലേക്ക് കൊണ്ടുവരുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കെ.എസ്.ആർ.ടി.സി.-യെ മൂന്ന് മേഖലകളായി വിഭജിച്ചതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് പരമാവധി ഒരു ദിവസം എന്ന നിബന്ധന പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രൊഫ. സുശീൽ ഖന്ന അന്തിമ റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ല. ഇടക്കാല റിപ്പോർട്ട് മാത്രമാണ് നിലവിൽ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ചർച്ചകളും പരീക്ഷണങ്ങളുമാണ് നിലവിൽ പുരോഗമിക്കുന്നത്.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയായ 5.5 എന്നതിനേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആയതിന്റെ ഭാഗമായി ജീവനക്കാരുടെ വിന്യാസം ക്രമപ്പെടുത്തുന്നതുവരെ പുതിയ നിയമനങ്ങൾ, സ്ഥാനകയറ്റം എന്നിവ താൽക്കാലികമായി നിറുത്തിവച്ചു. ഓഫീസർമാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും ജോലി സമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. അവധിയിലായിരുന്ന ജീവനക്കാരെ കോർപ്പറേഷന്റെ സേവനങ്ങളിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജീവനക്കാർ Idle ചെയ്യുന്നത് ഒഴിവാക്കുന്നതിനും ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്. പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ഉപയോഗിച്ച് പഠനം നടത്തിയതിൻ പ്രകാരമുള്ളവർക്ക് നോംസ് നടപ്പിലാക്കി വരുന്നു. ഇപ്രകാരം ടയർ വിഭാഗത്തിലെ ജോലി പരിഷ്കരിച്ചതിലൂടെയും ടയർ മൈലേജ് വർദ്ധിപ്പിച്ചതിലൂടെയും ജീവനക്കാരുടെ ജോലി ഭാരം കുറച്ച് എണ്ണം ക്രമപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിൽ ഭരണം/സർവ്വീസ് ഓപ്പറേഷൻ/ബസ് മെയിന്റനൻസ് മുതലായവയിൽ മുൻകാലങ്ങളിൽ കഴിഞ്ഞിരുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധ ചെലുത്താൻ മേഖലാവൽക്കരണത്തിന് ശേഷം സാധിച്ചിട്ടുണ്ട്. ഓരോ സോണിന്റെയും സർവ്വീസ് ഓപ്പറേഷൻസ് വ്യത്യസ്തമാണ്. എക്സിക്യൂട്ടീവ് ഡയറക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ പരിചയ സമ്പത്ത് ഉപയോഗിച്ചുകൊണ്ട് മുൻ കാലങ്ങളിൽ നഷ്ടം വരുത്തിയിരുന്ന ഷെഡ്യൂളുകൾ കണ്ടെത്തി ആയത് ലാഭകരമായി ഓപ്പറേറ്റ് ചെയ്യിക്കുന്നതിന് സാധിച്ചു. വരുമാന സ്രോതസ്സ് മനസ്സിലാക്കി സർവ്വീസ് ഓപ്പറേറ്റ് ചെയ്ത് യാത്രക്കാർക്ക് കൂടുതൽ സേവനം നൽകുന്നതിനും കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മേഖലാവൽക്കരണംകൊണ്ട് സാധിച്ചു. മേഖലകൾക്കുള്ളിൽ തീർക്കാൻ കഴിയുന്നതായ തീരുമാനങ്ങൾ/പ്രശ്നങ്ങൾ മുതലായവ ചീഫ് ഓഫീസ് ഉത്തരവിനായി കാത്തുനിൽക്കുന്നതിനു പകരം സമയബന്ധിതമായി സോണുകൾക്കുള്ളിൽ തന്നെ തീർപ്പ് കൽപ്പിക്കാൻ സാധിച്ചു. മേൽ പരാമർശിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ യാത്രക്കാർക്കും പൊതുജനങ്ങൾക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകാൻ കഴിയുമെന്നും ഇതിലൂടെ കോർപ്പറേഷന് കൂടുതൽ വരുമാനം കണ്ടെത്താനാകുമെന്നും പ്രതീക്ഷിക്കുന്നു.

(ഡി) സി.എഫ് റിപ്പെയർ, അഗ്രിഗേറ്റ് റീപ്ലെയ്സ്മെന്റ് എന്നിവ ഒഴികെയുള്ള എല്ലാവിധ ദൈനംദിന അറ്റകുറ്റപ്പണികളും പരമാവധി ഒരു പ്രവർത്തി ദിവസത്തിനുള്ളിൽ തന്നെ പൂർത്തീകരിച്ച് നൽകിവരുന്നുണ്ട്. സാമ്പത്തിക പരിധീനതമൂലം സ്പെയർ പാർട്ട്സ്, പ്ലോട്ട് യൂണിറ്റുകൾ എന്നിവയുടെ ക്ഷാമം പരിഹരിക്കാൻ കഴിയാത്തതിനാൽ എഞ്ചിൻ, ഗിയർ ബോക്സ്, റിയർ ആക്സിൽ തുടങ്ങിയവയുടെ തകരാർമൂലം ഡോക്ക് ചെയ്യപ്പെടുന്ന വാഹനങ്ങൾ ഗതാഗത യോഗ്യമാക്കുന്നതിന് കൂടുതൽ താമസം നേരിടുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന ഡീസൽ**

322(1794) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷന് നൽകുന്ന നിരക്കിനെക്കാൾ കൂടിയ നിരക്കിലാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ നൽകുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം പ്രതിവർഷം എത്ര കോടി രൂപയുടെ അധിക ചെലവാണ് കെ.എസ്.ആർ.ടി.സി.ക്കുണ്ടാകുന്നതെന്ന് വിശദമാക്കുമോ;

(സി) ഡീസൽ നിരക്ക് കുറയ്ക്കണമെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനോട് കെ.എസ്.ആർ.ടി.സി. രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പ്രതികരണം എന്താണ്എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏതാണ്ട് 28 കോടി രൂപയുടെ വാർഷിക അധിക ചെലവ് ഉണ്ടാകുന്നുണ്ട്.

(സി) ഉണ്ട്. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പ്രതിനിധികളുമായി കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നൽകുന്ന ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ നടത്തുകയും ഓയിൽ കമ്പനിക്ക് നൽകാനുള്ള കുടിശ്ശികയുമായി ബന്ധിപ്പിച്ച് കർണ്ണാടക കോർപ്പറേഷന് നൽകുന്നതിന് തുല്യമായ ഡിസ്കൗണ്ട് നൽകാമെന്ന് കമ്പനി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധന ടാക്സിൽ ഇളവ്

323(1795) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന് ആഭ്യന്തര വിമാന സർവ്വീസുകൾക്ക് ഏവിയേഷൻ ഫ്യൂവൽ ഇന്ധന ടാക്സ് ഒരു ശതമാനമായി കുറച്ച് നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ;

(ബി) വൻ നഷ്ടത്തിലോടുന്ന പൊതുഗതാഗത സർവ്വീസ് ആയ കെ.എസ്. ആർ.ടി.സി.-യ്ക്കും ഇന്ധന ടാക്സ് ഇളവ് നേടി എടുക്കുന്നതിന് എന്തെങ്കിലും നീക്കങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(സി) ഇന്ധന ടാക്സ് ഇളവ് സംസ്ഥാന സർക്കാർ നൽകണമെന്നുണ്ടായിരുന്നെങ്കിൽ അത് ഏറ്റവും ആദ്യം ലഭ്യമാക്കേണ്ടത് കെ.എസ്.ആർ.ടി.സി.-യ്ക്കാണെന്ന വസ്തുത ശ്രദ്ധയിൽകൊണ്ടുവന്ന് അത് നേടിയെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 3-11-2018-ലെ സ.ഉ.(അച്ചടി)നമ്പർ. 177/2018/ നികുതി പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന എല്ലാ ആഭ്യന്തര വിമാന സർവ്വീസുകൾക്കും ആവശ്യമായ ഏവിയേഷൻ ഫ്യൂവലിന് പത്ത് വർഷത്തേയ്ക്ക് ഒരു ശതമാനമായി ഇന്ധന നികുതി കുറച്ചിട്ടുണ്ട്.

(ബി&സി) 5 ശതമാനമോ അതിൽ കുറവോ നികുതി നിരക്കിൽ ഡീസൽ ലഭ്യമാക്കിത്തരണമെന്ന് സർക്കാരിനോട് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിരുന്നു. കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഹൈ സ്പീഡ് ഡീസലിനുള്ള നികുതി (സംസ്ഥാന വിഹിതം GST) ഇളവ് ചെയ്യുന്നതിനുള്ള നിർദ്ദേശം 2019-20 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നെങ്കിലും ഈ നിർദ്ദേശം അംഗീകരിച്ച് 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ നാശനഷ്ടം

324(1796) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നവംബർ മാസം മുതൽ വിവിധ സമരങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും ബസ് സ്റ്റേഷനുകൾക്കും നേരെയുള്ള ആക്രമങ്ങളിൽ എത്ര രൂപയുടെ നാശനഷ്ടമാണ് കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായ നാശനഷ്ടം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ സമരങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും ബസ് സ്റ്റേഷനുകൾക്കും നേരെയുള്ള ആക്രമണങ്ങളോടനുബന്ധിച്ച് കോർപ്പറേഷന്റെ 102 ബസ്സുകൾക്ക് നേരെ ആക്രമണം ഉണ്ടാകുകയും കോർപ്പറേഷന് 3,35,00,000 രൂപയുടെ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കേടുപാടുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ടി തുക ഈടാക്കുന്നത് സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫ് & ഡയറക്ടർ ജനറൽ ഓഫ് പോലീസിന് 10-1-2019-ൽ LA1/34544/18/WP(C) നമ്പർ പ്രകാരം കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിട്ടുണ്ട്.

## അക്രമ സംഭവങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് സംഭവിച്ച നഷ്ടം

325(1797) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല യുവതി പ്രവേശം സംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ടുണ്ടായ അക്രമ സംഭവങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് സംഭവിച്ച നഷ്ടം കണക്കാക്കി യിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ബി) നഷ്ടം ഈടാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിവിധ സമരങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും ബസ് സ്റ്റേഷനുകൾക്കും നേരെയുള്ള ആക്രമണങ്ങളോടനുബന്ധിച്ച് കോർപ്പറേഷന്റെ 102 ബസ്സുകൾക്ക് നേരെ ആക്രമണം ഉണ്ടാകുകയും കോർപ്പറേഷന് 3,35,00,000 രൂപയുടെ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

(ബി) ടി തുക ഈടാക്കുന്നത് സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫ് & ഡയറക്ടർ ജനറൽ ഓഫ് പോലീസിന് 10-1-2019-ൽ LA1/34544/18/WP(C) നമ്പർ പ്രകാരം കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹർത്താൽ, പണിമുടക്ക് എന്നിവമൂലം കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ നഷ്ടം

326(1798) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തുടർച്ചയായി നടന്ന ഹർത്താൽ, പണിമുടക്ക് എന്നിവമൂലം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായി എന്നതിന്റെ വിശദവിവരം നൽകാമോ?

ഉത്തരം

വിവിധ സമരങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും ബസ് സ്റ്റേഷനുകൾക്കും നേരെയുള്ള ആക്രമണങ്ങളോടനുബന്ധിച്ച് കോർപ്പറേഷന്റെ 102 ബസ്സുകൾക്കുനേരെ ആക്രമണം ഉണ്ടാകുകയും കോർപ്പറേഷന് 3,35,00,000 രൂപയുടെ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ടി തുക ഈടാക്കുന്നത് സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫ് & ഡയറക്ടർ ജനറൽ ഓഫ് പോലീസിന് 10-1-2019-ൽ LA1/34544/18/WP(C) നമ്പർ പ്രകാരം കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിട്ടുണ്ട്.

## ഹർത്താലിൽ തകർക്കപ്പെട്ട കെ.എസ്.ആർ.ടി.സി. ബസ്സുകൾ

327(1799) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 3 ലെ ഹർത്താലിനോടനുബന്ധിച്ച് ജനുവരി 2, 3 തീയതികളിലായി എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ തകർക്കപ്പെട്ടു; അതിലൂടെ എത്ര തുകയുടെ നാശനഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര കെ.എസ്.ആർ.ടി.സി ജീവനക്കാർക്കും യാത്രക്കാർക്കുമെതിരെ ആക്രമണമുണ്ടായി; എത്രപേർക്ക് പരുക്കുപറ്റി; ഇവർക്ക് എന്തു സഹായം ലഭ്യമാക്കി; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ യാത്രാക്ലേശം പരിഗണിച്ച് തകർന്ന ബസ്സുകൾ നിരത്തിലിറക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ സമരങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും ബസ് സ്റ്റേഷനുകൾക്കും നേരെയുള്ള ആക്രമണങ്ങളോടനുബന്ധിച്ച് കോർപ്പറേഷന്റെ 102 ബസ്സുകൾക്ക് നേരെ ആക്രമണം ഉണ്ടാകുകയും കോർപ്പറേഷന് 3,35,00,000

രൂപയുടെ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ടി തുക ഈടാക്കുന്നത് സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫ് & ഡയറക്ടർ ജനറൽ ഓഫ് പോലീസിന് 10-1-2019-ൽ LA1/34544/18/WP(C) നമ്പർ പ്രകാരം കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിട്ടുണ്ട്.

(ബി) വിവിധ അനിഷ്ട സംഭവങ്ങളിലായി 14 ജീവനക്കാർക്കും ഒരു യാത്രക്കാരിക്കും പരിക്ക് പറ്റിയിട്ടുണ്ട്. പരിക്കേറ്റ ആളുകൾക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കിയിട്ടുണ്ട്.

(സി) തകർന്ന ബസ്സുകളെല്ലാം കഴിവതും പണി പൂർത്തീകരിച്ച് നിരത്തിലിറക്കിയിട്ടുണ്ട്.

## വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിന് പ്രോസസ്സിംഗ് ചാർജ്ജ്

328(1800) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി ഭരണസമിതി 18-7-2017-ൽ അജണ്ട ഇനം 67/393/2017 ആയി തീരുമാനിച്ച 100 രൂപയുടെ പ്രോസസ്സിംഗ് ചാർജ്ജ്, വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തുക വിദ്യാർത്ഥികളിൽ നിന്ന് പ്രോസസ്സിംഗ് ഫീയായി ഈടാക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് എന്നാണ് സർക്കാർ അനുമതി നൽകിയത്; അനുമതി നൽകിയ രേഖയുടെ പകർപ്പ് നൽകുമോ;

(സി) മുൻ സർക്കാർ പ്ലസ് 2 തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ യാത്രാ സൗജന്യം അനുവദിച്ചതിൽ നിലവിലെ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ;

(ഡി) തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ 1-1-2018 മുതൽ 30-6-2018 വരെ കൺസഷൻ നൽകിയ ഇനത്തിൽ നൂറിലധികം രൂപ വീതം എത്ര അപേക്ഷകളിൽ നിന്ന് ഈടാക്കിയിട്ടുണ്ട്; വ്യക്തമായ കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രോസ്സസിംഗ് ചാർജ് ഒടുക്കാത്ത വിദ്യാർത്ഥികളിൽ നിന്നും ഭീമമായ തുക പിഴയായി ഈടാക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടില്ലെന്നിരിക്കേ, എന്ത് സാഹചര്യത്തിലാണ് ടി തുകയിൽ കെ.എസ്.ആർ.ടി.സി. സ്വമേധയാ ആനുപാതിക വർദ്ധനവ് വരുത്തിയത്; വിശദമാക്കുമോ;

(എഫ്) അനുമതി ഇല്ലാതെ വിദ്യാർത്ഥികളിൽ നിന്ന് ഇത്തരം പിഴ ഈടാക്കിയ നടപടി ന്യായീകരിക്കാവുന്നതാണോ; അല്ലെങ്കിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രത്യേകം അനുമതി നൽകിയിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രോസസിംഗ് ഫീസ് ഈടാക്കുവാൻ ആരംഭിച്ചത്. ആയതിന് സർക്കാരിൽ നിന്നും പ്രത്യേകം അനുമതി നൽകിയിട്ടില്ല.

(സി) മാറ്റം വരുത്തിയിട്ടില്ല.

(ഡി) തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ 1-1-2018 മുതൽ 30-6-2018 വരെയുള്ള കാലയളവിൽ കൺസഷൻ നൽകിയ ഇനത്തിൽ 34 അപേക്ഷകളിൽ നിന്നും നൂറിലധികം രൂപ ഈടാക്കിയിട്ടുണ്ട്.

(ഇ) പ്രോസസിംഗ് ചാർജ് ഒടുക്കാത്ത വിദ്യാർത്ഥികളിൽ നിന്നും പിഴ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.

കൺസഷൻ കാർഡ് നഷ്ടപ്പെടുക, ഉപയോഗ്യശൂന്യമാകുക എന്നീ സാഹചര്യങ്ങളിൽ മാത്രമാണ് വിദ്യാർത്ഥികളിൽ നിന്ന് 500 രൂപ പിഴയായി ഈടാക്കുന്നത്.

(എഫ്) ഇതുസംബന്ധിച്ച് പരാതികൾ ഒന്നും കെ.എസ്.ആർ.ടി.സി.-യിൽ ലഭ്യമായിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യിലെ പി.എസ്.സി. നിയമനം**

329(1801) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സിയിൽ എത്ര പേർക്ക് പി.എസ്.സി വഴി നിയമനം നൽകി;

(ബി) ഈ സർക്കാർ വന്നശേഷം 2018 ഡിസംബർ 15 വരെ കെ.എസ്. ആർ.ടി.സി.-യിൽ പി.എസ്.സി. വഴി എത്ര പേർക്ക് നിയമനം നൽകി;

(സി) മുൻ സർക്കാരിന്റെ കാലത്ത് എം പാനൽ ജീവനക്കാരെ കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര എം പാനൽ ജീവനക്കാർക്ക് സ്ഥിരനിയമനം നൽകി; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യിൽ 18464 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ വന്നശേഷം 2018 ഡിസംബർ 15 വരെ കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. വഴി 1096 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് താൽക്കാലിക ജീവനക്കാരെ കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം 14 താൽക്കാലിക ജീവനക്കാർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്. GO.(MS)No.78/2011/Trans dtd. 22-12-11& GO.(MS) No.77/2011/Trans dtd. 22-12-2011 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക് തസ്തികയിൽപ്പെട്ട താൽക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തി നിയമനം നൽകിയത്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രശ്നങ്ങൾ

330(1802) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർടി.സി. ജീവനക്കാർ 2019 ജനവരി 16 അർദ്ധരാത്രി മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന അനിശ്ചിതകാല പണിമുടക്ക് ഉപേക്ഷിച്ചത് മന്ത്രി തലത്തിൽ നടന്ന ചർച്ചയിൽ നൽകിയ ഉറപ്പുകളുടെ അടിസ്ഥാനത്തിലായിരുന്നോ; എങ്കിൽ അവർ ഉന്നയിച്ച എന്തൊക്കെ കാര്യങ്ങളിലാണ് ഉറപ്പ് നൽകിയതെന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ആർടി.സി. ജീവനക്കാരുടെ നിലവിലുള്ള ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത്; പ്രസ്തുത കരാർ പുതുക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) അനിശ്ചിതകാല സമരങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കൂടുതൽ പരിതാപകരമാക്കുമെന്നതിനാൽ ചർച്ചയിലൂടെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ളവർക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർ 2019 ജനുവരി 16 അർദ്ധരാത്രി മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന അനിശ്ചിതകാല പണിമുടക്കുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ തൊഴിലാളി സംഘടനകൾ പണിമുടക്ക് പിൻവലിക്കണമെന്ന് ഗതാഗത വകുപ്പുമന്ത്രി അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത ചർച്ചയിൽ ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത് :

1. കെ.എസ്.ആർ.ടി.സി. യിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം സംബന്ധിച്ച് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ശിപാർശകൾ 21-1-2019 മുതൽ നടപ്പിലാക്കുന്നതിന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കേണ്ടതാണ്.

2. കെ.എസ്.ആർ.ടി.സി.-യിലെ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. തലത്തിൽ 29-1-2019 തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തേണ്ടതാണ്.

3. കെ.എസ്.ആർ.ടി.സി.-യിലെ സേവന വേതന കരാർ സംബന്ധിച്ചുള്ള ചർച്ച 2019 ജനുവരി 30-ന് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.

4. പുതിയ സേവന വേതന കരാർ നിലവിൽ വരുന്നതുവരെ പഴയ കരാറിന് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

5. പിരിച്ചുവിടപ്പെട്ട താൽക്കാലിക ജീവനക്കാരെ കോടതി വിധിക്ക് വിധേയമായി സർവ്വീസിൽ തിരിച്ചെടുക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ നിലവിലുള്ള ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി 29-2-2016-നാണ് അവസാനിച്ചത്. പ്രസ്തുത കരാർ പുതുക്കുന്നതിലേയ്ക്കായി കോർപ്പറേഷനിലെ അംഗീകൃത, രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുമായി മാനേജ്മെന്റ് തലത്തിൽ ചർച്ചായോഗങ്ങൾ ചേർന്നിട്ടുണ്ട്.

(സി) അനിശ്ചിതകാല സമരങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കൂടുതൽ പരിതാപകരമാക്കുമെന്നതിനാൽ കെ.എസ്.ആർ.ടി. സി.-യിൽ എന്തെങ്കിലും പാളിച്ചകൾ ഉണ്ടെങ്കിൽ അത് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. പരിശോധിക്കേണ്ടതും പരിഹാരം കാണേണ്ടതു മാണെന്ന് 16-1-2019 തീയതിയിൽ ചേർന്ന ചർച്ചാ യോഗത്തിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്നവർ**

331(1803) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി ഉദ്യോഗത്തിൽ പ്രവേശിക്കുന്നവർ മൂന്ന് വർഷം നിർബന്ധമായും ജോലിയിൽ തുടരണമെന്ന് ഉത്തരവോ സർക്കുലറോ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ നിയമസാധുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് പിൻവലിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി ഉദ്യോഗത്തിൽ പ്രവേശി ക്കുന്നവർ മൂന്ന് വർഷം നിർബന്ധമായും ജോലിയിൽ തുടരണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികകളിൽ പുതുതായി ഉദ്യോഗത്തിൽ പ്രവേശിക്കുന്നവർ അഞ്ച് (5) വർഷക്കാലത്തേയ്ക്കും അസിസ്റ്റന്റ് ഡിപ്പോ എൻജിനീയർ തസ്തികയിൽ പുതുതായി നിയമിതരാകുന്ന ഉദ്യോഗസ്ഥർ പത്ത് (10) വർഷക്കാലത്തേയ്ക്കും ബോണ്ട് വയ്ക്കേ ണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ ബോണ്ട് വയ്ക്കുന്നതിന് 9-2-2016-ലെ GO. (MS)No. 14/2016/Tran നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതാണ്.

**കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ**

332(1804) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഏതൊക്കെ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ നിർണ്ണയിക്കുന്നതിന് പ്രത്യേക സമിതിയെ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി. അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർക്കാർ, കൊൽക്കത്ത ഐ.ഐ.എം-ലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുകയും പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലായതിനാൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിക്കൊപ്പമെത്തിക്കാൻ ശ്രമിച്ചു വരികയാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും എണ്ണം ദേശീയ ശരാശരിയേക്കാൾ അധികമാണ്. ആയതിനാൽ തസ്തികകൾ ഒന്നും ഒഴിഞ്ഞു കിടക്കുന്നില്ല. പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

(സി) കോർപ്പറേഷന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സർക്കാർ പഠനത്തിനായി നിയമിച്ച പ്രൊഫ. സുശീൽ ഖന്നയുടെ പഠനം പുരോഗമിക്കുകയാണ്. കെ.എസ്.ആർ. ടി.സി.-യിലെ ഒഴിവുകൾ നിർണ്ണയിക്കുന്നതും ടി പഠനത്തിന്റെ ഭാഗമാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ മറ്റ് സമിതി രൂപീകരിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി.-യിലെ കണ്ടക്ടർ നിയമനം**

333(1805) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ നിയമത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; എത്ര പേരെയാണ് പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്;വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമന ശിപാർശ നൽകി; അതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചു; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം എത്രപേർക്ക് നിയമന ശിപാർശ നൽകി; എന്നാണ് പ്രസ്തുത ശിപാർശ നൽകിയത്; അതിൽ എത്ര പേർക്ക് 2018 നവംബർ 30 വരെ നിയമനം നൽകി; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ആർക്കും നിയമനം നൽകിയില്ലെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 467/2010 പ്രകാരമുള്ള ലിസ്റ്റ് നിലവിൽ വന്നത് 09-05-2013-നാണ്. പ്രസ്തുത റാങ്ക് പട്ടികയിൽ 53900 (main & supplementary) ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി.

(ബി) മുൻ സർക്കാരിന്റെ കാലത്ത് കെ.പി.എസ്.സി.-യുടെ നമ്പർKLRV(2) 2240/10 dtd 5-9-2013 നിയമന ശിപാർശ പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ 9300 പേർക്ക് നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. അതിൽ 5270 പേർ ജോലിയിൽ പ്രവേശിച്ചു.

(സി&ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം കെ.പി.എസ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് 4352 പേരുടെ (301+4051) പേരുടെ നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. കെ.പി.എസ്.സി. അഡ്വൈസ് നമ്പർ KLRV(2) 2240/10 dtd 1-9-2016 പ്രകാരം 2018 നവംബർ 30 വരെ 301 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

334(1806) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ വളരെയധികം കാലതാമസം ഉണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിരമിക്കൽ ആനുകൂല്യം മുൻഗണനാക്രമം തെറ്റിച്ച് രാഷ്ട്രീയ സ്വാധീനമുള്ളവർക്ക് നൽകുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) വിരമിച്ച ജീവനക്കാർക്ക് നൽകേണ്ട എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് നിലവിൽ കുടിശ്ശികയുള്ളത് എന്നറിയിക്കാമോ;

(ഡി) ഇത് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2018 നവംബർ, ഡിസംബർ മാസങ്ങളിൽ ഊർജ്ജിത പെൻഷൻ തീർപ്പാക്കൽ യജ്ഞം നടത്തി നിലവിലുണ്ടായിരുന്ന പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും വിതരണം ചെയ്തുകഴിഞ്ഞു. എന്നാൽ വിജിലൻസ് കേസ്, ക്രിമിനൽ കേസ് തുടങ്ങിയ അച്ചടക്ക നടപടികളിൽപ്പെട്ട ചിലരുടെ പെൻഷൻ കാര്യത്തിൽ തീർപ്പായിട്ടില്ല.

(ബി) മുൻഗണനാക്രമം തെറ്റിച്ച് ആനുകൂല്യം നല്കിയിട്ടില്ല.

(സി&ഡി) പെൻഷൻ തീർപ്പാക്കൽ യജ്ഞവുമായി ബന്ധപ്പെട്ട ബില്ലുകൾ സമയബന്ധിതമായി നൽകിവരുന്നു.

## കെ.എസ്.ആർ.ടി.സി.യിൽ നിന്നും ദീർഘകാല അവധി എടുത്ത ജീവനക്കാർ

335(1807) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽനിന്ന് ദീർഘകാല അവധി എടുത്തശേഷം ജോലിക്ക് തിരിച്ചെത്താത്ത ജീവനക്കാരെ ഈ സർക്കാർ നിലവിൽ വന്ന ശേഷം പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അവധിയെടുത്ത് രാജ്യത്തിനകത്തും വിദേശത്തും ജോലി ചെയ്യുന്നതിന് പരമാവധി എത്ര വർഷത്തെ അവധിയാണ് നിലവിൽ അനുവദിക്കുന്നത്;

(സി) ഇപ്രകാരം അവധിയെടുത്തവരെ തിരിച്ചുവിളിക്കാൻ തീരുമാനിച്ചതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) തിരികെ ജോലിക്ക് കയറണമെന്ന നിർദ്ദേശത്തെത്തുടർന്ന് എത്രപേർ തിരികെ ജോലിയിൽ പ്രവേശിച്ചുവെന്നും അവർ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ ദീർഘകാല അവധിക്ക് ശേഷം ജോലിക്ക് തിരിച്ചെത്താത്ത 172 ജീവനക്കാരെ ഈ സർക്കാർ നിലവിൽ വന്നശേഷം പിരിച്ചുവിട്ടിട്ടുണ്ട്. ഡ്രൈവർ-69, കണ്ടക്ടർ-63

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർ അവധിയെടുത്ത് രാജ്യത്തിനകത്തും വിദേശത്തും ജോലി ചെയ്യുന്നതിന് പരമാവധി 5 വർഷമാണ് അനുവദിക്കുന്നത്. എന്നാൽ കണ്ടക്ടർ തസ്തികയിലെ ജീവനക്കാരുടെ അഭാവം നിമിത്തം ആയതിന് നിലവിൽ അനുമതി നൽകുന്നില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ അഭാവം നിമിത്തം സർവ്വീസ് മുടങ്ങുന്നതിനാൽ സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായാണ് ഇപ്രകാരം അവധി എടുത്തുവരെ തിരിച്ച് വിളിക്കാൻ തീരുമാനിച്ചത്.

(ഡി) കെ.എസ്.ആർ.ടി.സി.യിൽ ദീർഘകാല അവധി എടുത്തശേഷം തിരികെ ജോലിക്ക് കയറണമെന്ന നിർദ്ദേശത്തെത്തുടർന്ന് ജോലിയിൽ പ്രവേശിച്ച 186 പേരുണ്ട്.

| | | |
|---|---|---|
| അസിസ്റ്റന്റ് ഡിപ്പോ എൻജിനീയർ | - | 2 |
| പമ്പ് ഓപ്പറേറ്റർ | - | 1 |
| കണ്ടക്ടർ | - | 74 |
| ഡ്രൈവർ | - | 75 |
| മെക്കാനിക് | - | 30 |
| മിനിസ്റ്റീരിയൽ | - | 3 |
| ഇൻസ്പെക്ടർ | - | 1 |

## കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ സൗജന്യ യാത്രാപാസ്സ്

336(1808) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ നിന്നും പെൻഷൻ പറ്റുന്ന ജീവനക്കാർക്ക് നൽകുന്ന സൗജന്യ യാത്രാപാസ്സിൽ ജീവിതപങ്കാളിയുടെ ഫോട്ടോ കൂടി പതിച്ച് നൽകാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പെൻഷൻകാർക്ക് പെൻഷൻ വാങ്ങാനാണ് നിലവിലെ ഈ പാസ്സ് നൽകുന്നതെങ്കിലും വാർദ്ധക്യ സമയത്ത് സുരക്ഷിതാർത്ഥം ജീവിതപങ്കാളിക്ക് കൂടി സൗജന്യ യാത്രാ സൗകര്യം ലഭിക്കുന്നവിധം പാസ് പരിഷ്കരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. നിലവിലുള്ള നിയമവ്യവസ്ഥ അനുസരിച്ച് അനുവദനീയമല്ല.

(ബി) ഇല്ല. നിലവിൽ കെ.എസ്.ആർ.ടി.സി. വൻ സാമ്പത്തിക പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ആയതിനാൽ ടി ബാധ്യത കൂടി കെ.എസ്.ആർ.ടി.സി.-ക്ക് ഏറ്റെടുക്കുവാൻ നിർവ്വാഹമില്ല. എന്നിരുന്നാലും പെൻഷണർക്കും ജീവിത പങ്കാളിക്കും വർഷത്തിലൊരിക്കൽ സംസ്ഥാനത്തിനകത്ത് ദൂരപരിധിയില്ലാതെ യാത്രചെയ്യുന്നതിന് ഫാമിലി പാസ് അനുവദിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. മുഖേനയുള്ള കണ്ടക്ടർ നിയമനം

337(1809) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി ഉത്തരവിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. മുഖേന എത്ര പുതിയ കണ്ടക്ടർമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വനിതകളുടെയും പുരുഷൻമാരുടെയും കണക്കുകൾ പ്രത്യേകം ലഭ്യമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. മുഖേന 3941 പേർക്ക് കണ്ടക്ടർ തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) വനിതകൾ-1509 പുരുഷന്മാർ-2432

## കെ.എസ്.ആർ.ടി.സി.യിൽ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ നിയമനം

338(1810) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ എന്നീ തസ്തികകളിൽ ഇതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതുവരെയായി നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; വെളിപ്പെടുത്താമോ;

(സി) എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് ഡ്രൈവർ തസ്തികയിലേയ്ക്ക് 4922 ഉദ്യോഗാർത്ഥികൾക്കും റിസർവ് കണ്ടക്ടർ തസ്തികയിലേയ്ക്ക് 13563 ഉദ്യോഗാർത്ഥികൾക്കും പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിൽ റിസർവ് കണ്ടക്ടർ തസ്തികയിലെ 110 ഉദ്യോഗാർത്ഥികളുടെ നിയമനം വിവിധ കാരണങ്ങളാൽ പി.എസ്.സി. തടയുകയുണ്ടായി.

(ബി) 5-9-2013 മുതൽ 31-12-2016 വരെ കണ്ടക്ടർ തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയ 13,453 പേർക്കും കെ.എസ്.ആർ. ടി.സി. നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. പി.എസ്.സി. നിയമന ശിപാർശ നൽകിയ എന്നാൽ പി.എസ്.സി. തന്നെ വിവിധ കാരണങ്ങളാൽ കണ്ടക്ടർ തസ്തികയിൽ നിയമനം തടഞ്ഞു വച്ചിരിക്കുന്ന 110 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല. ഡ്രൈവർ തസ്തികയിൽ 26-2-2013 മുതൽ 8-8-2017 തീയതി വരെ പി.എസ്.സി. 4,922 പേരെ വിവിധ തീയതികളിൽ അഡ്വൈസ് ചെയ്യുകയും അതിൻ പ്രകാരം സമയബന്ധിതമായി മേൽപ്പടി നിയമന ശിപാർശ ലഭിച്ചവർക്ക് കെ.എസ്.ആർ.ടി.സി. നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കണ്ടക്ടർ, ഡ്രൈവർ തസ്തികയിലെ ഒഴിവ് നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

## ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കെ.എസ്. ആർ.ടി.സി. ജീവനക്കാർ

339(1811) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ കടുത്ത ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ലൈൻ ഡ്യൂട്ടിക്കാരായവർക്കും അല്ലാത്തവർക്കും അവരുടെ പ്രതിമാസ ഡ്യൂട്ടിയുടെ എണ്ണം സാധാരണ ജീവനക്കാരുടെ ഒപ്പമെത്താത്ത കാര്യം സ്വാഭാവികമായതിനാൽ അക്കാരണം കൊണ്ട് അവർക്ക് യഥാസമയം ശമ്പളം നൽകാതെ സാമ്പത്തിക പരാധീനത പറഞ്ഞ് നീട്ടിക്കൊണ്ട് പോകുന്നത് സാമാന്യനീതിക്ക് നിരക്കുന്നതാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം ജീവനക്കാർക്ക് ജോലി ചെയ്യുന്ന ശമ്പളം സപ്ലിമെന്ററിയായി മാത്രം എഴുതുന്നതുകൊണ്ട് അവരുടെ പ്രതിമാസ ജീവിത വരുമാനം യഥാസമയം നല്കാതിരിക്കുന്നത് നിയമ വിധേയമാണോ ; വ്യക്തമാക്കുമോ;

(സി) ഇത്തരക്കാർ എണ്ണത്തിൽ കുറവാണെന്നതിനാൽ ഇവരെ പ്രത്യേക വിഭാഗമായി കണ്ട് അകറ്റി നിർത്താതെ ഇവരുടെ പ്രതിമാസ ശമ്പളം മാനുഷിക പരിഗണന നൽകി സത്വരം വിതരണം ചെയ്യാൻ സർക്കാർ പ്രത്യേക നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ യൂണിറ്റുകളിൽനിന്നും 2017 നവംബർ മാസംവരെ തയ്യാറാക്കി നൽകിയിരുന്ന ജീവനക്കാരുടെ സപ്ലിമെന്ററി ശമ്പളം വിതരണം ചെയ്തിട്ടുണ്ട്. 2017 ഡിസംബർ മുതലുള്ള സപ്ലിമെന്ററി ശമ്പളം കൊടുത്തു തീർക്കുവാനുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക പരാധീനതമൂലം മാത്രമാണ് കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിയാത്തത്.

(ബി) കോർപ്പറേഷന്റെ സാമ്പത്തിക പരാധീനതമൂലം മാത്രമാണ് ഈ തുകകൾ കുടിശ്ശിക ആയത്.

(സി) 2017 നവംബർ വരെ തുക തീർത്തും നൽകിയിട്ടുണ്ട്. എല്ലാ വിഭാഗം ജീവനക്കാരുടെയും സപ്ലിമെന്ററി ശമ്പളം ഒരുമിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. 2017 ഡിസംബർ മുതലുള്ള കുടിശ്ശികകൾ കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പരാധീനതമൂലമാണ് നൽകാത്തത്. സാമ്പത്തിക നില മെച്ചമാകുന്ന മുറയ്ക്ക് ടി കുടിശ്ശിക പൂർണ്ണമായും നൽകുന്നതാണ്.

**എംപാനൽ കണ്ടക്ടർമാർ**

340(1812) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ടക്ടർ തസ്തികയിൽ പി.എസ്.സി. വഴി നിയമിച്ചവരിൽ എത്ര പേർ ഇതിനകം ജോലിയിൽ പ്രവേശിച്ചു എന്നും ഇതിൽ എത്ര വനിതകളുണ്ട് എന്നും വെളിപ്പെടുത്താമോ;

(ബി) നിയമന ഉത്തരവ് നൽകിയവർക്ക് ജോലിയിൽ പ്രവേശിക്കുവാൻ എന്നുവരെയാണ് സമയം അനുവദിച്ചിട്ടുള്ളത്;

(സി) ശേഷിക്കുന്ന ഒഴിവുകൾ എപ്രകാരമാണ് നികത്തുവാൻ ഉദ്ദേശിക്കുന്നത്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒഴിവുകൾ നികത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) പിരിച്ചുവിട്ട എംപാനൽ കണ്ടക്ടർമാരിൽ പ്രായപരിധി കഴിഞ്ഞവർക്ക് നിയമനത്തിൽ എന്തെങ്കിലും മുൻഗണന നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിയ്ക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ടക്ടർ തസ്തികയിൽ പി.എസ്.സി. വഴി നിയമിച്ചവരിൽ 1421 പേർ ഇതിനകം ജോലിയിൽ പ്രവേശിച്ചു. ഇതിൽ 612 വനിതകളുണ്ട്.

(ബി) 2-2-2019 വരെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സാവകാശം അനുവദനീയമാണ്.

(സി) നിലവിൽ, പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യിലെ കണ്ടക്ടർ തസ്തികയിലെ ഒഴിവുകൾ നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒഴിവുകൾ നികത്തുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ കണ്ടക്ടർമാരെ പിരിച്ചു വിട്ടിട്ടുള്ളത്. ആയതിനാൽ കോടതിവിധിക്ക് വിധേയമായി മാത്രമേ ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## ഡ്യൂട്ടിക്കിടെ അപകടത്തിൽപ്പെടുന്ന ജീവനക്കാർക്കുള്ള സംരക്ഷണം

341(1813) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്യൂട്ടിക്കിടെ അപകടത്തിലോ അത്യാഹിതത്തിലോപ്പെടുന്ന ജീവനക്കാർക്ക് എന്തെല്ലാം സംരക്ഷണങ്ങളാണ് മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ള സംരക്ഷണങ്ങൾ യൂണിറ്റ് അധികാരികൾ പാലിക്കാറുണ്ടോ; ഇത് പരിശോധിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് അനുവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അപകടമോ അത്യാഹിതമോ സംഭവിച്ചാൽ ജീവനക്കാരനെ ഉപേക്ഷിച്ച ശേഷം ജോലി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകാറുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത്തരത്തിൽ നിർദ്ദേശം നൽകുന്ന അധികാരികളുടെ പേരിൽ നടപടി കൈക്കൊള്ളുമോ;

(ഡി) 17-12-18-ൽ ആറ്റിങ്ങൽ ഡിപ്പോയിലെ എസ്.ഷിജു എന്ന ഡ്രൈവർ ഡ്യൂട്ടിയ്ക്കിടെ കുഴഞ്ഞുവീണപ്പോൾ ഈ ജീവനക്കാരനെ രക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി യൂണിറ്റിൽ നിന്നും കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി ആരെല്ലാം കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) 14 ആകസ്മിക അവധി ഉണ്ടായിരുന്നിട്ടും സുഖമില്ലാതിരുന്ന ആളിനെ ലീവ് നൽകാതെ നിർബ്ബന്ധിച്ച് ഡ്യൂട്ടിയ്ക്ക് അയച്ചതാണ് മരണത്തിന് കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്ക് എതിരെ നടപടി കൈക്കൊള്ളുമോ;

(എഫ്) പ്രസ്തുത ദിവസത്തെ ജോലി പൂർത്തികരിയ്ക്കാത്തതിനാൽ മരണം സംഭവിച്ച ആളിന് മണിക്കൂർ കണക്കാക്കി വേജസ് നൽകിയാൽ മതിയെന്ന് നിർദ്ദേശം നൽകിയത് ആരാണ്; എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്തത്; മരണപ്പെട്ട ഡ്രൈവറുടെ വേജസ് കൈപ്പറ്റിയ കൂടെ ജോലി ചെയ്ത കണ്ടക്ടറെ വീട്ടിൽ നിന്ന് തിരികെ വരുത്തി വേ ബിൽ വെട്ടിത്തിരുത്തി വേജസ് തിരികെ അടപ്പിച്ചിട്ട് പ്രസ്തുത ഡ്രൈവർക്ക് മുഴനീള ഡ്യൂട്ടി നൽകാൻ തീരുമാനിച്ചത് ആരാണെന്നും എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്തതെന്നും വിശദീകരിക്കുമോ;

(ജി) ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ ഒരു അന്വേഷണത്തിന് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ കൃത്യനിർവ്വഹണത്തിനിടയിൽ അപകടങ്ങളെ തുടർന്ന് അവശതയുണ്ടാകുന്നവർക്ക് അവശതയ്ക്കുള്ള പ്രത്യേക അവധി അനുവദിച്ചു വരുന്നു. ഡ്യൂട്ടിക്കിടെ അപകടത്തിലോ, അത്യാഹിതത്തിലോപെടുന്ന ജീവനക്കാർക്ക് തൊട്ടടുത്തുള്ള ആശുപത്രിയിൽ ജീവൻ രക്ഷാർത്ഥമുള്ള അടിയന്തര ചികിത്സ തേടുന്നതിനും അപകടവുമായി ബന്ധപ്പെട്ട് പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കാനും അടിയന്തര ഘട്ടത്തിൽ മരുന്നു വാങ്ങുന്നതിനുമുള്ള തുക കളക്ഷനിൽ നിന്നും ചെലവാക്കാവുന്നതിനുമുള്ള നിർദ്ദേശം ജീവനക്കാർക്ക് മാനേജ്മെന്റ് നൽകിയിട്ടുണ്ട്. അപകടം സംഭവിച്ച വിവരം ഉടൻതന്നെ തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിലും അടുത്തുള്ള ഡിപ്പോയിലും കെ.എസ്.ആർ.ടി.സി. കൺട്രോൾ റൂമിലും കൂടാതെ

അപകടം സംഭവിച്ചവരുടെ ബന്ധുക്കളെയും അറിയിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ അപകടം സംഭവിച്ച ജീവനക്കാരന് ഡ്യൂട്ടിയിൽ തുടരാൻ കഴിയാത്ത പക്ഷം അടുത്തുള്ള ഡിപ്പോയിൽ വിവരം അറിയിച്ച് അവിടെ നിന്നും വരുന്ന കോർപ്പറേഷൻ ഉദ്യോഗസ്ഥൻവശം ഡ്യൂട്ടി ചുമതല കൈമാറാവുന്നതുമാണ്.

ഡ്യൂട്ടിക്കിടയിൽ ഉണ്ടാകുന്ന അപകടത്തെത്തുടർന്ന് ജീവൻ രക്ഷാർത്ഥം തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിലെ (Non-Notified Hospital ആയാൽ പോലും) അടിയന്തര ചികിത്സയ്ക്ക് സഹായവും മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റും അനുവദിക്കുന്നുണ്ട്. അപകടത്തിൽപ്പെടുന്ന ജീവനക്കാർക്ക് സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പരിരക്ഷയും കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള സെസ് ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാക്കുന്നുണ്ട്. അപകടത്തെത്തുടർന്ന് സർക്കാർ ആശുപത്രികളിലോ അംഗീകാരമുള്ള മറ്റ് ആശുപത്രികളിലോ ഒരു മാസക്കാലമോ കൂടുതലോ കിടത്തി ചികിത്സയിലായിരുന്ന ജീവനക്കാരന് ഒരു വർഷത്തേയ്ക്ക് ഹോം ഡിസ്ട്രിക്ട്/ഹോം സർക്കിളിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതും ഡ്യൂട്ടിയിൽ പുനഃപ്രവേശിച്ചതിനുശേഷം ഒരു വർഷക്കാലം സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കുന്നതുമാണ്.

(ബി) മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ള സംരക്ഷണങ്ങൾ യൂണിറ്റ് അധികാരികൾ പാലിക്കാറുണ്ട്. ഡ്യൂട്ടിക്കിടയിൽ അപകടമോ അത്യാഹിതമോ സംഭവിക്കുന്ന ജീവനക്കാർക്ക് മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ള സംരക്ഷണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം യൂണിറ്റധികാരികൾക്ക് കോർപ്പറേഷൻ നൽകിയിട്ടുണ്ട്. ആയത് പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിലേയ്ക്കായി ഇത്തരത്തിൽ അപകടമോ അത്യാഹിതമോ ഉണ്ടാകുന്നപക്ഷം ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് അപകടം സംഭവിച്ച മേഖലയിലെ ബന്ധപ്പെട്ട യൂണിറ്റിലെ ഇൻസ്പെക്ടറിൽ നിന്നും ജീവനക്കാരൻ സേവനം അനുഷ്ഠിക്കുന്ന യൂണിറ്റിലെ ഇൻസ്പെക്ടറിൽ നിന്നും യൂണിറ്റധികാരി മുഖേന ലഭ്യമാക്കുന്നുണ്ട്.

(സി) അപകടമോ അത്യാഹിതമോ സംഭവിച്ചാൽ ജീവനക്കാരനെ ഉപേക്ഷിച്ചശേഷം ജോലി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകാറില്ല.

(ഡി) ശ്രീ. ഷിജു. എസ്, ഡ്രൈവർ 17-12-2018-ൽ ഡ്യൂട്ടിക്കിടയിൽ സുഖമില്ലാതായി എന്ന വിവരം യൂണിറ്റിൽ വിളിച്ചറിയിച്ചതിനെത്തുടർന്ന് അടിയന്തരമായി വൈദ്യ സഹായം ലഭ്യമാക്കുന്നതിനായി ഡ്യൂട്ടി കണ്ടക്ടറെ ചുമതലപ്പെടുത്തുകയും ആയതനുസരിച്ച് സർവ്വീസ് നിർത്തിവച്ച് തൊട്ടടുത്തുള്ള വർക്കല മിഷൻ ഹോസ്പിറ്റലിൽ എത്തിക്കുകയും മേൽപ്പടി ഡ്രൈവർ തന്നെ തന്റെ ബന്ധുക്കളെ വിളിച്ചു വരുത്തുകയും ആശുപത്രിയിൽ തുടർ ചികിത്സയ്ക്കായി സമ്മതപത്രം ബന്ധുക്കൾ എഴുതി നൽകുകയും ചെയ്തിട്ടുണ്ട്. ഡ്യൂട്ടി കണ്ടക്ടർ അറിയിച്ചതിനെത്തുടർന്ന് യൂണിറ്റ് ഓഫീസർമാരും

ഇൻസ്പെക്ടർമാരും ആശുപത്രിയിലേക്ക് തിരിക്കുകയും വഴിമദ്ധ്യേ ടിയാൻ ചികിത്സയിലിരിക്കെ മരണപ്പെട്ടതായി അറിയിക്കുകയും ചെയ്തു. ടിയാനെ രക്ഷപ്പെടുത്തുന്നതിനായി യൂണിറ്റിൽ നിന്നും സാധ്യമായ എല്ലാ സഹായവും ചെയ്തിട്ടുണ്ട്.

(ഇ) ഇതുസംബന്ധിച്ചുള്ള അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(എഫ്) യൂണിറ്റ് തലത്തിൽ അന്വേഷണം നടന്നുവരുന്നു. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ജി) അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**എംപാനൽ ജീവനക്കാർക്ക് പ്രത്യേക പാക്കേജ്**

342(1814) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും ഇപ്പോൾ പിരിച്ചുവിട്ട എംപ്ലോയ്മെന്റ് എം പാനൽ ജീവനക്കാരുടെ കുടുംബത്തിന്റെ ഭാവിയ്ക്കായി സർക്കാർ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ പ്രത്യേക പാക്കേജിലൂടെ തിരിച്ചെടുക്കുവാനോ മറ്റേതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ ജോലി നൽകുവാനോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോടതിവിധിക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

**എംപാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ട നടപടി**

343(1815) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിയമിക്കണമെന്ന ഹൈക്കോടതി ഉത്തരവ് കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) എത്ര എം പാനൽ കണ്ടക്ടർമാരെയാണ് ഇപ്രകാരം പിരിച്ചുവിട്ടത്; ഇതിൽ എത്ര വർഷം വരെ സർവ്വീസുള്ളവർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഇത്രയധികം കണ്ടക്ടർമാരെ ഒന്നിച്ച് ഒഴിവാക്കിയപ്പോൾ വടക്കൻ ജില്ലകളിൽ ഉൾപ്പെടെ സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) പിരിച്ചുവിട്ട കണ്ടക്ടർമാർ നടത്തുന്ന സെക്രട്ടറിയേറ്റിന് മുന്നിലെ സമരം ഒത്തുതീർപ്പാക്കുന്നതിന് എന്തുനടപടി സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രത്യക്ഷത്തിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി. 4071 താൽക്കാലിക കണ്ടക്ടർമാരെയാണ് ഇപ്രകാരം പിരിച്ചുവിട്ടത്. ഇതിൽ 13 വർഷം വരെ താൽക്കാലിക സേവനം ഉള്ളവർ ഉണ്ടായിരുന്നു.

(സി) ഇത്രയധികം കണ്ടക്ടർമാരെ ഒന്നിച്ച് ഒഴിവാക്കിയപ്പോൾ വടക്കൻ ജില്ലകളിൽ ഉൾപ്പെടെ ചില യൂണിറ്റുകളിൽ സർവ്വീസ് മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും അതിവേഗം നിയമനം നടത്തിയിട്ടുള്ളതും ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനത്തിൽ കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകി ജോലിക്കായി നിയോഗിച്ചിട്ടുള്ളതുമാണ്.

(ഡി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് താൽക്കാലിക കണ്ടക്ടർമാരെ കെ.എസ്.ആർ.ടി.സി. പിരിച്ചുവിട്ടത്. ആയതിനാൽ ഇക്കാര്യത്തിൽ കോടതി വിധിക്കു വിധേയമായി മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**എംപാനൽ കണ്ടക്ടർമാർ**

344(1816) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ എത്ര എംപാനൽ കണ്ടക്ടർമാർ ജോലി ചെയ്തുവരുന്നുണ്ടെന്ന് ഡിപ്പോകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ദിവസവേതനം എത്രയാണെന്നും സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയതിനെ തുടർന്ന് മാസം എത്ര ദിവസമാണ് ജോലി ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) എത്ര വർഷമായി ജോലി ചെയ്തുവരുന്നവരാണ് കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ കണ്ടക്ടർമാരെന്നും ഇവരെ പിരിച്ചുവിടാൻ കോടതി വിധി ഉണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ വിധി മറി കടന്ന്, എംപാനൽ കണ്ടക്ടർമാരെയും അവരുടെ കുടുംബങ്ങളെയും രക്ഷിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലിക കണ്ടക്ടർമാർ ജോലി ചെയ്യുന്നില്ല.

(ബി) താൽക്കാലിക കണ്ടക്ടർമാർക്ക് ദിവസവേതനം 480 രൂപയാണ് നൽകിയിരുന്നത്. സ്ഥിരം ജീവനക്കാരായ കണ്ടക്ടർമാർ ജോലിക്ക് ഹാജരാകാത്ത ദിവസങ്ങളിൽ മാത്രമാണ് എംപാനൽ കണ്ടക്ടറെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. ആകയാൽ പ്രസ്തുത ജീവനക്കാർക്ക് ഒരു മാസം നിശ്ചിത എണ്ണം ഡ്യൂട്ടികൾ ഉറപ്പ് നൽകാൻ കഴിയില്ല.

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ എംപാനലായി ജോലി ചെയ്തു വന്നിരുന്ന കണ്ടക്ടർമാരിൽ 13 വർഷംവരെ താൽക്കാലിക സേവനമുള്ളവരുണ്ട്. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പി.എസ്.സി. കണ്ടക്ടർ റാങ്ക് ലിസ്റ്റിലെ റാങ്ക് ഹോൾഡേഴ്സ് നൽകിയ W.A.No.2248/2018, 2273/2018, 2382/2018 എന്നീ കേസ്സുകളിൽ 6-12-2018 തീയതിയിൽ പുറപ്പെടുവിച്ച പൊതു ഇടക്കാല ഉത്തരവിൽ എംപാനൽ ജീവനക്കാരായ കണ്ടക്ടർമാരെ പിരിച്ചുവിട്ട് തൽസ്ഥാനത്ത് പി.എസ്.സി. നിയമനം നടത്തുവാൻ നിർദ്ദേശിച്ചു.

(ഡി) കോടതിവിധിക്ക് വിധേയമായി മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## കെ.എസ്.ആർ.ടി.സി.-യിലെ ആശ്രിത നിയമനങ്ങൾ

345(1817) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമനങ്ങൾ നിരോധിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമനം നൽകി എന്ന് അറിയിക്കുമോ;

(സി) ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ അവസാനമായി ആശ്രിതനിയമനം നൽകിയത് എന്നാണെന്ന് അറിയിക്കുമോ; ഇതിന്റെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 135 പേർക്ക് കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമനം നൽകിയിട്ടുണ്ട്.

(സി) ആശ്രിത നിയമനം ലഭിക്കുന്നതിന് 118 അപേക്ഷകൾ നിലവിലുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ അവസാനമായി 25-10-2017 തീയതിയിലാണ് ആശ്രിത നിയമനം നൽകിയത്. 36 പേർക്ക് വിവിധ തസ്തികകളിലായി നിയമനം നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ ജീവനക്കാർ

346(1818) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് പിരിച്ചുവിട്ട എംപാനൽ ജീവനക്കാരുടെ കാര്യത്തിൽ നിയമം അനുശാസിക്കുന്ന തരത്തിൽ എന്തെങ്കിലും ആശ്വാസ നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

കോടതിവിധിക്ക് വിധേയമായി മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ കണ്ടക്ടർമാർ

347(1819) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ താൽക്കാലിക ജീവനക്കാരെ സംരക്ഷിക്കുന്ന നിലപാടാണ് തങ്ങൾ സ്വീകരിച്ചതെന്നും അതിനായി സാധ്യമായതെല്ലാം ചെയ്തിട്ടുണ്ടെന്നുള്ള സി.എം.ഡി.-യുടെ വാക്കുകൾക്ക് ആധാരമാക്കിയ കാര്യങ്ങൾ എന്തെല്ലാം; എന്തെല്ലാം നടപടികളാണ് മുൻ സർക്കാരുകളിൽ നിന്നും വ്യത്യസ്തമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താൽക്കാലിക ജീവനക്കാരുടെ കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.യിലെ നാലായിരത്തോളം വരുന്ന എം പാനൽ കണ്ടക്ടർമാരുടെ ഹൈക്കോടതി വിധിയുമായി ബന്ധപ്പെട്ട കേസ്സിൽ ബോധപൂർവ്വം ഇവരെ പിരിച്ചുവിടുന്നതിന് എതിർകക്ഷികളെ കെ.എസ്.ആർ.ടി.സി. സഹായിച്ചെന്ന റിപ്പോർട്ടുകൾ പൂർണ്ണമായും തള്ളിക്കളയാവുന്നതല്ലെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) പുറത്തുപോയ നാലായിരത്തോളം എംപാനൽ കണ്ടക്ടർമാരെ സഹായിക്കുന്ന എന്തെങ്കിലും നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സഹായമാണ് നൽകിയതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി. സി.-യിലെ താൽക്കാലിക ജീവനക്കാരുടെ പ്രതിദിന വേതനം രണ്ടു ഘട്ടങ്ങളിലായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. താൽക്കാലിക കണ്ടക്ടർമാർക്ക് ദിവസ വേതനം 430 രൂപയിൽ നിന്നും 480 രൂപയായും താൽക്കാലിക ഡ്രൈവർമാർക്ക് 450 രൂപയിൽ നിന്ന് 500 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ താൽക്കാലിക വിഭാഗം ജീവനക്കാർ ഉൾപ്പെടുന്ന കോർപ്പറേഷന്റെ എല്ലാ മേഖലയിലെയും ജീവനക്കാരുടെ ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയും വിശ്രമം ഇല്ലാതെയും തുടർച്ചയായി രാത്രികാലങ്ങളിലും ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കിക്കൊണ്ട് ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും സിംഗിൽ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ കേസിൽ എതിർകക്ഷികളെ കെ.എസ്.ആർ.ടി.സി. സഹായിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോടതിവിധിക്കുവിധേയമായി മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ട നടപടി

348(1820) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.പാനൽ കണ്ടക്ടർമാരെ പിരിച്ച് വിട്ടതുമൂലം കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസുകൾ മുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സർവ്വീസുകളെന്ന് അറിയിക്കുമോ;

(ബി) ഇതുമൂലം കെ.എസ്.ആർ.ടി.സി.-യ്ക്കുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിൽ ഉണ്ടായ വീഴ്ചമൂലമാണോ നാലായിരത്തിലധികം എം.പാനൽ കണ്ടക്ടർമാരെ ഒരുമിച്ച് പിരിച്ച് വിടേണ്ട സാഹചര്യമുണ്ടായതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എംപാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടതുമൂലം കെ.എസ്.ആർ.ടി.സി.-യിൽ പ്രതിദിനം ശരാശരി 750 സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

(ബി) സർവ്വീസുകൾ മുടങ്ങിയെങ്കിലും കോർപ്പറേഷന് വരുമാന നഷ്ടം ഉണ്ടായിട്ടില്ല.

(സി) അടിയന്തര ഘട്ടങ്ങളിലും സ്പെഷ്യൽ സർവ്വീസ് നടത്തിപ്പിന്റെ ഭാഗമായും സ്ഥിരം കണ്ടക്ടർമാർ അവധി എടുക്കുന്ന സാഹചര്യത്തിലും ഷെഡ്യൂളുകൾ മുടങ്ങാതിരിക്കാനും ഷെഡ്യൂളുകളുടെ സുഗമമായ നടത്തിപ്പിനും വേണ്ടിയാണ് താൽക്കാലിക കണ്ടക്ടർമാരെ കെ.എസ്.ആർ.ടി.സി.-യിൽ നിലനിർത്തിയിരുന്നത്. കെ.എസ്.ആർ.ടി.സി.-യിലെ റിസർവ് കണ്ടക്ടർ തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന ആന്റണി സ്റ്റെജോ എന്ന ഉദ്യോഗാർത്ഥി ഹൈക്കോടതി മുൻപാകെ 2018-ലെ 636-ാം നമ്പരായി നിയമനം കിട്ടുന്നതിനുവേണ്ടി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിൽ 5000-ത്തോളം കാഷ്വൽ കണ്ടക്ടർമാർ ജോലി ചെയ്യുന്ന വിവരം ഉന്നയിക്കുകയും ചെയ്തു. ആയതിനെതിരെ കോർപ്പറേഷൻ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയും പ്രസ്തുത കേസ് തള്ളി ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവിനെതിരെ പരാതിക്കാരൻ അപ്പീൽ കോടതിയെ സമീപിക്കുകയും (ഡിവിഷൻ ബഞ്ച്) ഡിവിഷൻ ബഞ്ച് 3-12-2018-ന് കെ.എസ്.ആർ.ടി.സി.-യിൽ ജോലി ചെയ്യുന്ന എംപാനൽകാരുടെ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തി 6-12-2018-ലേക്ക് സത്യവാങ്മൂലം സമർപ്പിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ കെ.എസ്.ആർ.ടി.സി. മേൽപ്പറഞ്ഞ വിശദാംശങ്ങൾ കോടതിയെ ധരിപ്പിക്കുകയും കൗണ്ടർ ഫയൽ ചെയ്യാൻ സാവകാശം ആവശ്യപ്പെടുകയും ചെയ്തെങ്കിലും ആയതിന് അനുവദിക്കാതെ 6-12-2018-ൽ തന്നെ കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ഒരാഴ്ചയ്ക്കുള്ളിൽ താൽക്കാലികക്കാരെ പിരിച്ചുവിടാനും പി.എസ്.സി.ക്കാരെ നിയമിക്കാനും ഉത്തരവിടുകയുമായിരുന്നു. മാത്രമല്ല, മേൽപ്പടി ഉത്തരവിന്റെ ലംഘനം ഉണ്ടാവുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി.-യിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കോർട്ടലക്ഷ്യം ഉൾപ്പെടെയുള്ള നടപടി അഭിമുഖീകരിക്കേണ്ടിവരുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കോർപ്പറേഷൻ ടി ഉത്തരവിനെതിരെ സാവകാശ ഹർജി ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളി മേൽപ്പറഞ്ഞ പരിധിക്കുള്ളിൽ നടപ്പാക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിൽ ഉണ്ടായ വീഴ്ചമൂലമല്ല എംപാനൽ കണ്ടക്ടർമാരെ ഒരുമിച്ച് പിരിച്ചുവിടേണ്ട സാഹചര്യമുണ്ടായത്.

## കെ.എസ്.ആർ.ടി.സി.-യിലെ ആശ്രിത നിയമനം

349(1821) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമനം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ എങ്ങനെയുള്ളവർക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് മരണപ്പെട്ട ആളിന്റെ ആശ്രിതർ എന്തെല്ലാം നടപടികൾ കൈക്കൊള്ളേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അപേക്ഷ ലഭ്യമായാൽ എത്ര നാളുകൾക്കകം ജോലി നൽകുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ ആശ്രിത നിയമനം നൽകുന്നില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) നിലവിൽ ആശ്രിത നിയമനം നൽകുന്നില്ലെങ്കിൽ ആയത് പുനഃപരിശോധിച്ച് നിയമനം നൽകുന്നതിന് ഉത്തരവ് നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരം ജീവനക്കാരായി സേവനമനുഷ്ഠിക്കവെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കാണ് ആശ്രിത നിയമന പദ്ധതിയുടെ ആനുകൂല്യം നൽകുന്നത്.

(സി) അപേക്ഷയും അനുബന്ധ രേഖകളും ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർ മുഖാന്തരം ഹാജരാക്കുന്ന മുറയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) ആശ്രിത നിയമനത്തിനുള്ള അപേക്ഷ ലഭ്യമായാൽ ആശ്രിത നിയമനത്തിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി.-യിൽ പൂർത്തിയാക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ഇ&എഫ്) നിലവിൽ ആശ്രിത നിയമനത്തിനുള്ള നടപടികൾ കെ.എസ്. ആർ.ടി.സി.-യിൽ പൂർത്തിയാകാത്തതിനാലാണ് ആശ്രിത നിയമനം നൽകാത്തത്.

## കെ.എസ്.ആർ.ടി.സി.-യിലെ തസ്തിക പുനർനിർണ്ണയം

350(1822) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ഡോ. എം. കെ. മുനീർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ വിവിധ തസ്തികകൾ പുനർനിർണ്ണയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) എന്നത്തേയ്ക്ക് റിപ്പോർട്ട് നൽകാനാണ് പ്രസ്തുത സമിതിയോട് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) കോർപ്പറേഷന്റെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിയമിച്ച പ്രൊഫ. സുശീൽ ഖന്നയുടെ പഠനം പുരോഗമിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിലെ തസ്തികകൾ പുനർനിർണ്ണയിക്കുന്നതും ടി പഠനത്തിന്റെ ഭാഗമാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കാൻ കഴിയുകയുള്ളൂ. റിപ്പോർട്ട് അടിയന്തരമായും നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ വീക്കിലി ഓഫ്

351(1823) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ മിനിസ്റ്റീരിയൽ സ്റ്റാഫുകൾക്ക് ആഴ്ചയിൽ എത്ര ദിവസം ഫിസിക്കൽ ജോലി ചെയ്താലാണ് വീക്കിലി ഓഫ് അനുവദിക്കുന്നത്; ഞായർ മുതൽ ശനിവരെയുള്ള ആഴ്ചയിൽ, പി.എച്ച്./ആർ.എച്ച്./സി.എൽ. തുടങ്ങിയ അവധികളൊന്നും ഇല്ലെങ്കിലും ഒരു ദിവസം മാത്രം ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ സ്റ്റാഫിന് ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചയും ശമ്പളത്തോടെ അവധി നൽകാറുണ്ടോ;

(ബി) എങ്കിൽ ഏണിംഗ് സ്റ്റാഫുകളായവർക്ക് ആഴ്ചയിൽ എത്ര ദിവസം ജോലി ചെയ്താലാണ് ആ ആഴ്ചത്തെ വീക്കിലി ഓഫ് അനുവദിച്ച് നൽകുന്നത് എന്നറിയിക്കുമോ;

(സി) ഒരു സ്ഥാപനത്തിലെ ജീവനക്കാരിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് ആഴ്ചയിൽ ഒരു ദിവസം മാത്രം ഡ്യൂട്ടി ചെയ്താലും ആ ആഴ്ചയിലെ വീക്കിലി ഓഫ് അനുവദിക്കുകയും ഏണിംഗ് സ്റ്റാഫിന് ആഴ്ചയിൽ നാല് ഡ്യൂട്ടി ചെയ്താൽ മാത്രം ആ ആഴ്ചയിലെ വീക്കിലി ഓഫ് അനുവദിക്കുകയും ചെയ്യുന്ന എന്ന നീതിരഹിതമായ രീതിയിൽ മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികളിലൂടെ സാധ്യമാകുമെന്നറിയിക്കുമോ;

(ഡി) ഇക്കാര്യത്തിൽ നീതി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ ഷിഫ്റ്റ് ഡ്യൂട്ടിയിൽ ഏർപ്പെട്ടുന്നവർക്ക് (ടിക്കറ്റ് ആന്റ് ക്യാഷ് വിഭാഗം) ആഴ്ചയിൽ 4 ഡ്യൂട്ടി ചെയ്താൽ ഒരു ദിവസം വീക്കിലി ഓഫ് അനുവദിച്ചുവരുന്നു. ഇതിൽ ആഴ്ചയിൽ ഒരു ഫിസിക്കൽ ഡ്യൂട്ടിയെങ്കിലും ചെയ്തിരിക്കേണ്ടതാണ്. മറ്റുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ പൂർണ്ണമായും ആഫീസ് ജോലികളിൽ ഏർപ്പെട്ടുവരുന്ന നിലയ്ക്ക് ഇതര സർക്കാർ-അർദ്ധസർക്കാർ ഓഫീസ് ജീവനക്കാരെപ്പോലെ തന്നെ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും ശമ്പളത്തോടുകൂടിയ അവധി അനുവദിക്കാറുണ്ട്.

(ബി) മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഷിഫ്റ്റ് ഡ്യൂട്ടി ജീവനക്കാരെ കൂടാതെ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്കും ആഴ്ചയിൽ ഒരു ഫിസിക്കൽ ഡ്യൂട്ടി ഉൾപ്പെടെ 4 ഡ്യൂട്ടി ചെയ്താൽ വീക്കിലി ഓഫ് അനുവദിക്കുന്നതാണ്.

(സി&ഡി) കെ.എസ്.ആർ.ടി.സി. പോലുള്ള സ്ഥാപനത്തിൽ വ്യത്യസ്ത തൊഴിൽ സ്വഭാവത്തോടുകൂടിയ ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്. ആയതുകൊണ്ടു തന്നെ വ്യത്യസ്ത തൊഴിൽ നിയമങ്ങളും ബാധകമായിട്ടുള്ളതാണ്. ഇതിൽ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരവും മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് ഫാക്ടറീസ് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായുമാണ് വീക്കിലി ഓഫ് ക്രമീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ. പ്രകാരം ഞായറാഴ്ച, രണ്ടാം ശനി എന്നിവ അവധി ദിവസങ്ങൾ എന്ന നിലയിൽ ആഫീസ് പ്രവർത്തിക്കാത്തതിനാൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധി അനുവദിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യിൽ എംപാനലുകാരെ പിരിച്ചുവിട്ട നടപടി

352(1824) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട് വർഷങ്ങളായി ജോലി ചെയ്തിരുന്ന എം പാനലുകാരെ കോടതി ഉത്തരവിനെത്തുടർന്ന് കൂട്ടത്തോടെ പിരിച്ചുവിട്ട നടപടി വിലയിരുത്തിയിട്ടുണ്ടോ; ആയതിലേക്ക് നയിച്ച സാഹചര്യങ്ങൾ വിശദമാക്കുമോ;

(ബി) ഹൈക്കോടതി ഉത്തരവുപ്രകാരം 3861 എം പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടതിനെത്തുടർന്ന് ബസ് സർവ്വീസുകൾ റദ്ദുചെയ്തതുമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പി.എസ്.സി. നിയമനം കാലാകാലങ്ങളിൽ നടത്താത്തതാണ് ഈ പ്രതിസന്ധിയ്ക്ക് കാരണമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നൽകുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) റിസർവ് കണ്ടക്ടർ തസ്തികയിലെ പി.എസ്.സി. മുഖേനയുള്ള നിയമനവുമായി ബന്ധപ്പെട്ട് WP(C)No.636/18 dtd.15-10-2018-ലെ കോടതി വിധിയിന്മേൽ ശ്രീ. ആന്റണി സ്റ്റെജോ ജെ. ഫയൽ ചെയ്ത WA No.2248/18 dtd. 6-12-2018 പ്രകാരമുള്ള ഒരു ഇടക്കാല ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ചിരുന്നു. ടി ഇടക്കാല ഉത്തരവിൽ 120 ഡ്യൂട്ടി വീതമുള്ള 10 വർഷ സർവ്വീസ് പൂർത്തിയാക്കിയ GO.(MS) No.105/13/Tran dtd. 21-11-2013-ലെ സ്ഥിരപ്പെടുത്തൽ മാനദണ്ഡങ്ങൾ പാലിച്ച് സ്ഥിരപ്പെടുത്തിയ താൽക്കാലിക കണ്ടക്ടർമാർ ഒഴികെയുള്ള താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചുവിടാനും ടി ഒഴിവിലേക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ച 4051 ഉദ്യോഗാർത്ഥികളെ റിസർവ് കണ്ടക്ടർ തസ്തികയിൽ നിയോഗിക്കാനും നിർദ്ദേശിച്ചിരുന്നു. അപ്രകാരമാണ് നിലവിൽ ജോലിയിൽ തുടർന്നിരുന്ന താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചുവിട്ടത്.

(ബി) പി.എസ്.സി. ലിസ്റ്റിൽ നിന്നും അതിവേഗം നിയമനം നടത്തിയിട്ടുള്ളതും ഡ്രൈവർ കം കണ്ടക്ടർ സംവിധാനത്തിൽ കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകി ജോലിക്കായി നിയോഗിച്ചിട്ടുള്ളതുമാണ്. പി.എസ്.സി. വഴി നിയമനം നൽകിയ ഉദ്യോഗാർത്ഥികൾക്ക് 2-2-2019 തീയതിക്കകം ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സാവകാശം അനുവദനീയമാണ്.

(സി) കരുതുന്നില്ല. റിസർവ് കണ്ടക്ടർ തസ്തികയിലെ പി.എസ്.സി. മുഖേനയുള്ള നിയമനം കാലാകാലങ്ങളിൽ നടത്തി വരുന്നുണ്ട്. കോടതി ഉത്തരവിന്റെ അടിസ്ഥാന ത്തിലാണ് നിലവിൽ ജോലിയിൽ തുടർന്നിരുന്ന താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചുവിട്ടത്.

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നൽകുന്നതിലേയ്ക്കായി കോർപ്പറേഷൻ ജീവനക്കാരുടെ ഡ്യൂട്ടി സമയത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയുണ്ടായി. തുടർച്ചയായി 8 മണിക്കൂറും അതിൽ അധികവും തുടർച്ചയായി രാത്രി കാലങ്ങളിലും ഡ്യൂട്ടി ചെയ്യേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിലേയ്ക്കായി ഡ്യൂട്ടിയിൽ സമയ ക്രമീകരണം വരുത്തുക, സിംഗിൾഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുക, ജീവനക്കാർക്ക് ആവശ്യമായ വിശ്രമ സമയങ്ങൾ നിശ്ചയിച്ച് നൽകുക, ആവശ്യമായ സർവ്വീസുകളിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നടപ്പിലാക്കുക, ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിപ്പിക്കുക, വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കുക, ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങി നൽകുക എന്നിവ ചെയ്യുന്നതിലൂടെ ജീവനക്കാർക്ക് മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്ന തിലേയ്ക്കായി ആയത് സംബന്ധിച്ച് തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചായോഗങ്ങൾ നടത്തുകയും നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പിരിച്ചുവിട്ട എംപാനൽ കണ്ടക്ടർമാർ

353(1825) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. എത്ര എം പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടെന്ന് വ്യക്തമാക്കാമോ;

(ബി) എം പാനൽ കണ്ടക്ടർമാരെ പിരിച്ചു വിട്ടതിനുശേഷം കെ.പി.എസ്.സി. ശിപാർശ ചെയ്ത എത്ര പേർക്ക് കണ്ടക്ടർ തസ്തികയിൽ നിയമന ഉത്തരവ് നല്കിയിട്ടുണ്ട്; ഇവരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ പാനലിൽ ഉണ്ടായിരുന്ന 4071 കണ്ടക്ടർമാരെ പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) എംപാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടതിനുശേഷം കെ.പി.എസ്.സി. ശിപാർശ ചെയ്ത 3941 പേർക്ക് കണ്ടക്ടർ തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇവരിൽ 1421 പേർ ജോലിയിൽ പ്രവേശിച്ചു.

**എംപാനൽ കണ്ടക്ടർമാരുടെ പുനർനിയമനം**

354(1826) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ദീർഘകാലം സേവനമനുഷ്ഠിച്ച 3800-ൽപരം എം പാനൽ കണ്ടക്ടർമാരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമാനുസൃതം ഇന്റർവ്യൂ നടത്തി നിയമിക്കപ്പെട്ടവർ എത്രയാണ്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മുമ്പ് നിയമിച്ചിട്ടുള്ള ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ എന്ന് വ്യക്തമാക്കുമോ ;

(സി) പിരിച്ചുവിടപ്പെട്ട എംപാനൽ കണ്ടക്ടർമാരും കുടുംബാംഗങ്ങളും നടത്തിവരുന്ന പ്രതിഷേധസമരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പിരിച്ചുവിടപ്പെട്ടവർക്ക് പുനർനിയമനത്തിന് ഉതകുന്ന എന്തെങ്കിലും ഒരു പദ്ധതി സർക്കാരിന്റെ മുമ്പാകെ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമാനുസൃതം ഇന്റർവ്യൂ നടത്തി നിയമിക്കപ്പെട്ട 3716 പേരുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മുമ്പ് നിയമിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 978 പേർ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കോടതിവിധിക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## കെ.എസ്.ആർ.ടി.സി.-യുടെ ശബരിമല അധിക സർവ്വീസ്

355(1827) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി എത്ര അധിക സർവ്വീസുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിച്ച വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം നൽകുമോ?

### ഉത്തരം

(എ) ശബരിമല 2018-19 മണ്ഡലകാല മകരവിളക്ക് മഹോൽസവത്തോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി. വിപുലമായ ഒരുക്കങ്ങളാണ് നടത്തിയത്. എ.സി./ലോ ഫ്ലോർ, ഇലക്ട്രിക് ബസ്, നോൺ എ.സി. ബസ്സുകൾ ഉൾപ്പെടെ 160 ബസ്സുകൾ ഉപയോഗിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുകയും 70 ബസ്സുകൾ പമ്പയിൽ നിന്നും കേരളത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനായും ഉപയോഗിച്ചിട്ടുണ്ട്. മകരവിളക്ക് മഹോൽസവുമായി ബന്ധപ്പെട്ട് ടി ദിവസങ്ങളിൽ 800 ബസ്സുകൾ അധികമായും സർവ്വീസ് നടത്തുന്നതിന് ഉപയോഗിച്ചിട്ടുണ്ട്.

(ബി) ശബരിമല മഹോൽസവുമായി ബന്ധപ്പെട്ട് അധിക സർവ്വീസ് നടത്തിയതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് 45.2 കോടി രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണി

356(1828) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അറ്റകുറ്റപ്പണികൾക്കായി വിവിധ ഇടങ്ങളിലിട്ടിരിക്കുന്ന 813 കെ.എസ്. ആർ.ടി.സി. ബസ്സുകളിൽ നിരത്തിലോടിക്കാനാകുന്ന രീതിയിൽ എത്രയെണ്ണത്തിന്റെ പണി തീർന്നിട്ടുണ്ട്; ഇവ എന്നുമുതൽ ഓടിത്തുടങ്ങുമെന്നറിയിക്കുമോ;

(ബി) 813 ബസ്സുകളും നന്നാക്കാതെയിട്ട് ആരുടെയും ശ്രദ്ധയിൽപ്പെടാതെ ആവുമ്പോൾ ലേലം ചെയ്യുന്നതിന് എന്തെങ്കിലും നീക്കമുണ്ടോ; ഉണ്ടെങ്കിൽ അത് പരസ്യപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ചുരുങ്ങിയ ചിലവിൽ നന്നാക്കാവുന്ന ബസ്സുകൾ പോലും ദീർഘകാലം ഓടിക്കാതെയിരുന്നാൽ അവ നശിച്ച് പോകുകയോ, ബസ്സുകൾ അപ്രത്യക്ഷമാകുകയോ ചെയ്യുന്ന സാഹചര്യം ഉള്ളതിനാൽ അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 29-1-19-ൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ 693 എണ്ണമാണ് അറ്റകുറ്റപ്പണികൾക്കായി ഡോക്ക് ചെയ്തിരിക്കുന്നത്. ബാക്കി 5707 ബസ്സുകൾ സർവ്വീസിന് യോഗ്യമാണ്. ഡോക്കിലുള്ള 693 ബസ്സുകൾ അറ്റകുറ്റപ്പണികൾ തീർത്ത് സർവ്വീസിന് യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് ആവശ്യമുള്ള ടയർ, സ്പെയർ പാർട്ട്സുകൾ ലഭ്യമാകുന്നതിന് സാമ്പത്തിക പരാധീനത ഒഴിവാകുന്ന മുറയ്ക്ക് സർവ്വീസിന് യോഗ്യമാക്കി നൽകുന്നതാണ്. അറ്റകുറ്റപ്പണികൾ തീർന്ന് സർവ്വീസിന് ലഭ്യമാകുന്ന മുറയ്ക്ക് സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ റൂട്ടുകളിൽ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന വിധത്തിൽ സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

(ബി) ഇത്തരത്തിൽ ലേലം ചെയ്യുന്നതിന് യാതൊരു നീക്കവുമില്ല.

(സി) അങ്ങനെയൊരു സാഹചര്യം നിലവിലില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ മിന്നൽ സർവ്വീസുകൾ**

357(1829) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ മിന്നൽ സർവ്വീസുകൾ നടത്തിവരുന്നത്; വ്യക്തമാക്കുമോ;

(ബി) ഇതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) തലസ്ഥാനത്തുനിന്ന് എല്ലാ ജില്ലാ ആസ്ഥാനങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് പ്രസ്തുത സർവ്വീസ് നടത്തുന്നുണ്ടോ;

(ഡി) മലപ്പുറം ജില്ലാ ആസ്ഥാനത്തേക്ക് മിന്നൽ സർവ്വീസ് നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം-മലപ്പുറം റൂട്ടിൽ പുതിയ മിന്നൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയ തരം സൂപ്പർ ഡീലക്സ് സർവ്വീസുകൾ (ആകെ 11 എണ്ണം) വിവിധ ഡിപ്പോകളിൽ നിന്നും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര, കൊല്ലം, കട്ടപ്പന,

മൂന്നാർ, പാലാ, കോട്ടയം, തൊടുപുഴ, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നീ പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് മിന്നൽ സർവ്വീസുകൾ നടത്തിവരുന്നത്.

(ബി) വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

| ക്രമ നമ്പർ | സർവ്വീസ് | പ്രതിദിന ശരാശരി വരുമാനം |
|---|---|---|
| 1 | സുൽത്താൻ ബത്തേരി - തിരുവനന്തപുരം | 35000 |
| 2 | കാസർഗോഡ്- കോട്ടയം | 30000 |
| 3 | പാലക്കാട്-തിരുവനന്തപുരം | 30000 |
| 4 | മാനന്തവാടി- തിരുവനന്തപുരം | 40000 |
| 5 | കണ്ണൂർ- തിരുവനന്തപുരം | 37000 |
| 6 | പാലാ- കാസർഗോഡ് | 28124 |
| 7 | മൂന്നാർ-തിരുവനന്തപുരം | 28000 |
| 8 | കട്ടപ്പന- തിരുവനന്തപുരം | 21958 |
| 9 | തിരുവനന്തപുരം- കാസർഗോഡ് | 31180 |
| 10 | തിരുവനന്തപുരം- പാലക്കാട് | 21848 |
| 11 | തിരുവനന്തപുരം- കോഴിക്കോട് | 25969 |

(സി) ഇല്ല.

(ഡി) മേഖലാ അടിസ്ഥാനത്തിലുള്ള സാദ്ധ്യതാ പഠന റിപ്പോർട്ടിൻ പ്രകാരം മാത്രമേ പുതിയ മിന്നൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

## കെ.എസ്.ആർ.ടി.സി.-യിൽ വൈദ്യുതി ബസ്സുകൾ

358(1830) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വൈദ്യുതി ബസ്സുകൾ വാടകയ്ക്കെടുത്ത് ഓടിയ്ക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി ലാഭകരമാണോ; എങ്കിൽ ഇതിനകം എന്ത് ലാഭം നേടി; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എത്ര വർഷത്തേയ്ക്കാണ് പ്രസ്തുത ബസ്സുകൾ വാടകയ്ക്ക് എടുത്തിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ദീർഘദൂര സർവ്വീസുകൾക്ക് പ്രസ്തുത ബസ്സുകൾ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ നേരിട്ട് വൈദ്യുതി ബസ്സുകൾ വാങ്ങി ഏല്പിക്കണമെന്ന നിർദ്ദേശം കെ.എസ്.ആർ.ടി.സി മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. പ്രസ്തുത ബസ്സുകൾ ശബരിമലയിൽ പമ്പ-നിലയ്ക്കൽ ചെയിൻ സർവ്വീസിന് ഉപയോഗിക്കുകയും ഏതാണ്ട് 5768 രൂപ പ്രതി കിലോമീറ്ററിന് ലാഭം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പത്ത് വർഷത്തേയ്ക്കാണ് പ്രസ്തുത ബസ്സുകൾ വാടകയ്ക്ക് എടുത്തിട്ടുള്ളത്.

(സി) ഉണ്ട്. തിരുവനന്തപുരം-എറണാകുളം റൂട്ടിൽ എ.സി. ബസ്സുകളുടെ നിരക്കിൽ ഓടിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) പരിസ്ഥിതി സൗഹാർദ്ദ ഇലക്ട്രിക് ബസ്സുകൾ ഓടിക്കുന്നതിന് ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുകയോ വെറ്റ് ലീസ് മാതൃകയിൽ ഓപ്പറേറ്റ് ചെയ്യുന്നതിന് സഹായിക്കുകയോ വേണമെന്ന് കെ.എസ്.ആർ.ടി.സി. അറിയിച്ചിരുന്നു. എന്നാൽ ഇവ ഒരെണ്ണത്തിന് ഏകദേശം രണ്ട് കോടി രൂപ വില വരുമെന്നതിനാൽ വാങ്ങാൻ നിർവ്വാഹമില്ലെന്നും വെറ്റ് ലീസ് വ്യവസ്ഥയിൽ ഓടിക്കുന്നതാണ് അഭികാമ്യമെന്നും കെ.എസ്.ആർ.ടി.സി. അറിയിച്ചതിൻപ്രകാരം മൂന്നാർ നീലകുറിഞ്ഞി ഫെസ്റ്റിവലിന്റെ ഭാഗമായി 10 ഇലക്ട്രിക് ബസ് (9 മീറ്റർ) വെറ്റ് ലീസ് വ്യവസ്ഥയിൽ ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് അനുമതി നൽകുകയുണ്ടായി.

## കെ.എസ്.ആർ.ടി.സി.യിൽ മിന്നൽ പണിമുടക്ക്

359(1831) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ മിന്നൽ പണിമുടക്ക് നടത്തുന്നത് കേരള ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ;

(ബി) ഈ വിധി നിലനിൽക്കുമ്പോൾ 2018 ഒക്ടോബർ 16-ന് കെ.എസ്.ആർ.ടി.സി. ജീവനക്കാർ യാത്രക്കാരെ പെരുവഴിയിലാക്കി മിന്നൽ പണിമുടക്ക് നടത്തുകയുണ്ടായോ; എങ്കിൽ പ്രസ്തുത പണിമുടക്കിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) ഈ മിന്നൽ പണിമുടക്കുമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പണിമുടക്കിന് ആഹ്വാനം നൽകിയവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ആർ.ടി.സി.യുടെ എം.ഡി. സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 16-10-2018-ൽ മിന്നൽ പണിമുടക്ക് നടത്തുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യിലെ ടിക്കറ്റ് റിസർവേഷൻ കൗണ്ടറുകളുടെ നടത്തിപ്പ് കുടുംബശ്രീ മിഷന് കരാർ വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിൽ പ്രതിഷേധിച്ചാണ് പ്രസ്തുത മിന്നൽ പണിമുടക്ക് ഉണ്ടായത്.

(സി) 1,50,81,627 കോടി രൂപ.

(ഡി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ 16-10-2018-ൽ മിന്നൽ പണിമുടക്ക് നടത്തിയതുമായി ബന്ധപ്പെട്ട് Centre for Consumer Education എന്ന സ്ഥാപനം ഫയൽ ചെയ്ത 34544/18 എന്ന റിട്ട് പെറ്റീഷനിൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ അന്നേദിവസം ഉണ്ടായ നഷ്ടം പണിമുടക്കുമായി ബന്ധപ്പെട്ടവരിൽ നിന്നും നോട്ടീസ് നല്കി ഈടാക്കാൻ ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മിന്നൽ പണിമുടക്കിൽ കോർപ്പറേഷനുണ്ടായ 1,50,81,627 കോടി രൂപയുടെ നഷ്ടം ടി മിന്നൽ പണിമുടക്കിൽ പങ്കെടുത്ത 277 ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന് കെ.എസ്.ആർ.ടി.സി. വ്യക്തിഗത നോട്ടീസ് നൽകിയിട്ടുണ്ട്.

## ലോ ഫ്ലോർ ബസുകളിൽ വീൽചെയർ ലോക്കിംഗ് സൗകര്യം

360(1832) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോ ഫ്ളോർ ബസുകളിൽ വീൽചെയർ യാത്രികർക്ക് വീൽചെയർ ലോക്കിംഗ് സൗകര്യം ഉണ്ടായിരുന്ന സ്ഥലത്ത് സീറ്റുകൾ സ്ഥാപിച്ചതുമൂലം ഭിന്നശേഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച് ആൾ കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷൻ സമർപ്പിച്ച നിവേദനത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വരുമാന വർദ്ധനവിനും സമഗ്ര പുനരുദ്ധാരണത്തിന്റെയും ഭാഗമായി കൂടുതൽ യാത്രക്കാരെ ബസ്സുകളിൽ ഉൾക്കൊള്ളിക്കുന്നതിനായി സീറ്റുകൾ ക്രമീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതുമൂലം വീൽചെയറിൽ യാത്ര ചെയ്ത് വന്നിരുന്ന യാത്രക്കാർക്ക് ബുദ്ധിമുട്ടുകളുണ്ടായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭ്യമായ പരാതികളിൻമേൽ അന്വേഷണം നടത്തി കോർപ്പറേഷനും, യാത്രക്കാർക്കും ഗുണകരമാകുന്ന രീതിയിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇലക്ട്രിക് ബസ്സുകൾ

361(1833) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര ഇലക്ട്രിക് ബസുകളാണ് ഉപയോഗിക്കുന്നത്;

(ബി) ബസ്സൊന്നിന് എത്ര രൂപ ലാഭമുണ്ടാക്കാൻ കഴിയുന്നു എന്ന് അറിയിക്കുമോ;

(സി) കൂടുതൽ ഇലക്ട്രിക് ബസ്സുകൾ നിരത്തിലിറക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ദീർഘദൂര സർവ്വീസുകൾക്കും ഇലക്ട്രിക് ബസ്സുകൾ ഉപയോഗപ്പെടുത്തുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 10 എണ്ണം.

(ബി) ഇലക്ട്രിക് ബസ്സുകൾ പമ്പ-നിലയ്ക്കൽ ചെയിൻ സർവ്വീസിന് ഉപയോഗിക്കുകയും ബസ് ഒന്നിന് 57.68 രൂപ പ്രതി കിലോമീറ്ററിന് ലാഭം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സർക്കാരിന്റെ ഇലക്ട്രിക് വെഹിക്കിൾ പോളിസി അനുസരിച്ച് 2020-ഓടെ കൂടുതൽ ഇലക്ട്രിക് ബസ്സുകൾ നിരത്തിലിറക്കുവാൻ വിഭാവനം ചെയ്യുന്നുണ്ട്.

(ഡി) തിരുവനന്തപുരം-എറണാകുളം റൂട്ടിൽ എ.സി. ബസ്സുകളുടെ നിരക്കിൽ ഓടിക്കാൻ ഉദ്ദേശിക്കുന്നു.

## നിലയ്ക്കൽ-പമ്പ ബസ് സർവ്വീസ്

362(1834) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾക്ക് ശബരിമല മണ്ഡല-മകര വിളക്ക് കാലത്ത് നിലയ്ക്കലിൽ നിന്നും പമ്പയിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ നടപടി കെ.എസ്.ആർ.ടി.സി.-യുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

(സി) തമിഴ്നാടിന് നൽകിയ ആനുകൂല്യം ആവശ്യപ്പെട്ട് കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷൻ കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്ത് തീരുമാനം കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന്റെയും പമ്പയിൽ പ്രളയകാല കെടുതികൾ നിലനിന്നിരുന്നതിനാലും 2018-19 ശബരിമല മണ്ഡലപൂജ മകരവിളക്ക് കാലത്ത് സ്വകാര്യ വാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളും നിലയ്ക്കൽവരെ മാത്രം അനുവദിക്കുന്നതിനും നിലയ്ക്കൽ മുതൽ പമ്പവരെ സർവ്വീസ് നടത്തുന്നതിനുള്ള അനുമതി കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി. തമിഴ്നാട്ടിലെ എസ്.ഇ.റ്റി.സി. കോർപ്പറേഷനുമായി ശബരിമല പ്രത്യേക സർവ്വീസിനായി 24-10-2018-ന് റൂട്ടുകൾ സംബന്ധിച്ച് താൽക്കാലിക കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ടി കരാർ പ്രകാരം തമിഴ്നാട്ടിലെ വിവിധ

ഭാഗങ്ങളിൽ നിന്നും നിലയ്ക്കൽ വരെ സർവ്വീസ് നടത്തുന്നതിനാണ് അനുമതി നൽകിയിരുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി. പമ്പയിൽ നിന്നും ദീർഘദൂര സർവ്വീസുകൾ നടത്തുന്നുവെന്നും ആയതിനാൽ തമിഴ്നാട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗിനെയും പമ്പവരെ സർവ്വീസ് നടത്താൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് എക്സ്പ്രസ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കേരള ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നു. ടി കേസിൽ സർക്കാർ ഉചിതമായ തീരുമാനമെടുക്കുന്നതിന് കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പമ്പയിൽ നിന്ന് നേരിട്ട് സർവ്വീസ് നടത്തുന്നതിന് എസ്.ഇ.റ്റി.സി.-ക്ക് 8-1-2019-ലെ ജി.ഒ.(ആർ.ടി.)9/2019/ട്രാൻ പ്രകാരം അനുമതി നൽകിയിട്ടുള്ളത്.

(ബി) ഇല്ല.

(സി) കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കത്ത് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സർവ്വീസുകളെയും കെ.എസ്.ആർ.ടി.സി. വരുമാനത്തെയും ബാധിക്കുമെന്നതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

## പിറവം ഡിപ്പോയിൽ നിന്നും മുടങ്ങിയ സർവ്വീസുകൾ

363(1835) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പിറവം ഡിപ്പോയിൽ നിന്നും കൂത്താട്ടുകുളം സബ് ഡിപ്പോയിൽ നിന്നും എത്ര എം പാനൽ ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട് എന്നും ഇപ്രകാരം പിരിച്ചു വിട്ടതുമൂലം എത്ര ഷെഡ്യൂളുകൾ /സർവ്വീസുകൾ മുടങ്ങിയിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) സർവ്വീസുകൾ മുടങ്ങിയതുമൂലം കഴിഞ്ഞ ഒരു മാസത്തെ പ്രതിദിന നഷ്ടം എത്രയാണെന്ന് അറിയിക്കുമോ;

(സി) എം പാനൽ ജീവനക്കാരുടെ കുറവിനെത്തുടർന്ന് മുടങ്ങിയ സർവ്വീസുകൾ/ ഷെഡ്യൂളുകൾ വീണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. പിറവം ഡിപ്പോയിൽ നിന്നും 47 എംപാനൽ ജീവനക്കാരെയും കൂത്താട്ടുകുളം ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും 25 എംപാനൽ ജീവനക്കാരെയും പിരിച്ചുവിട്ടിട്ടുണ്ട്. ഇപ്രകാരം പിരിച്ച് വിട്ടതുമൂലം പിറവം ഡിപ്പോയിൽ നിന്നും 30 സർവ്വീസുകളും (സിംഗിൾ ഡ്യൂട്ടി) കൂത്താട്ടുകുളം സബ് ഡിപ്പോയിൽ നിന്നും 15 സർവ്വീസുകളും മുടങ്ങിയിട്ടുണ്ട്.

(ബി) എംപാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടതു മുതൽ പുതിയ പി.എസ്.സി. കണ്ടക്ടർമാർ ജോലിയിൽ പ്രവേശിച്ചതിനും ഇടയ്ക്കുള്ള കാലയളവിൽ പ്രതിദിന വരുമാനത്തിൽ പിറവം ഡിപ്പോയിൽ ശരാശരി 70,000 രൂപയുടേയും കൂത്താട്ടുകുളം ഡിപ്പോയിൽ ശരാശരി 30,000 രൂപയുടെയും കുറവുണ്ടായിട്ടുണ്ട്.

(സി) ഉണ്ട്. പി.എസ്.സി. ലിസ്റ്റിൽ നിന്നും അതിവേഗം നിയമനം നടത്തിയിട്ടുള്ളതും ഡ്രൈവർ കം കണ്ടക്ടർ സംവിധാനത്തിൽ കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകി ജോലിക്കായി നിയോഗിച്ചിട്ടുള്ളതുമാണ്.

## റാന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ പ്രളയാനന്തര സ്ഥിതി

364(1836) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ മുങ്ങിയ റാന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ഇതേവരെ പൂർണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെക്കാനിക്കൽ വിഭാഗത്തിൽ ഉണ്ടായിരുന്ന വെൽഡിംഗ് മെഷീൻ അടക്കമുള്ളവ തിരികെ നൽകാത്തതിനാൽ നിസാര അറ്റകുറ്റപ്പണികൾക്കുപോലും പത്തനംതിട്ടയിലേക്ക് പോകേണ്ടിവരുന്നതുമൂലം ധനനഷ്ടവും സമയനഷ്ടവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെൽഡിംഗ് മെഷീൻ അടക്കം മെക്കാനിക്കൽ വിഭാഗത്തിനുണ്ടായിരുന്ന മുഴുവൻ ഉപകരണങ്ങളും അറ്റകുറ്റപ്പണി നടത്തി തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കണ്ടക്ടർമാരുടെ കുറവുമൂലം പലദിവസങ്ങളിലും ഷെഡ്യൂളുകൾ നടത്താനാവാത്ത സ്ഥിതി വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പത്തനംതിട്ട ഡിപ്പോയിൽ സ്റ്റാൻഡ്ബൈ ആയി കണ്ടക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ ഉള്ളപ്പോഴാണ് റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ ജീവനക്കാരില്ലാതെ സർവ്വീസ് മുടങ്ങുന്നതെന്ന സാഹചര്യത്തിൽ റാന്നിയിലേക്ക് കൂടുതൽ പേരെ വിട്ടുനൽകി സർവ്വീസുകൾ മുടങ്ങാതിരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) റാന്നി ഓപ്പറേറ്റിംഗ് സെന്ററിന് ആവശ്യപ്പെട്ടിരിക്കുന്ന പുതിയ സർവ്വീസുകളും അവയ്ക്കുള്ള ബസ്സുകളും ജീവനക്കാരേയും നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി ഓപ്പറേറ്റിംഗ് സെന്ററിലെ സർവ്വീസ് ഓപ്പറേഷൻ പൂർണ്ണ നിലയിൽ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.

(ബി) വെൽഡിംഗ് മെഷീൻ ഉൾപ്പെടെ എല്ലാ മെഷീനുകളും തിരികെ നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട ഡിപ്പോയിൽ നിന്നും 4 കണ്ടക്ടർമാരെ റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നൽകിയിട്ടുണ്ട്. പത്തനംതിട്ട ഡിപ്പോയിലെ സർവ്വീസ് മുടങ്ങുമെന്നുള്ളതിനാൽ കൂടുതൽ കണ്ടക്ടർമാരെ റാന്നി യൂണിറ്റിലേക്ക് വിട്ടു നൽകാൻ സാധിക്കുകയില്ല.

(ഡി) കൂടുതൽ മേഖലകളിലേയ്ക്കും ദേശസാൽകൃത റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ റൂട്ടുകളിൽ വിശദമായ സാദ്ധ്യതാ പഠനം നടത്തി യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരവും കോർപ്പറേഷന് സാമ്പത്തികമായി ഗുണകരമാകുന്നതുമായ രീതിയിൽ മാത്രമേ പുതിയ സർവ്വീസുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. ബസ് സർവ്വീസ് ആരംഭിക്കുന്നെങ്കിൽ അതിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.

## വൈക്കം കെ.എസ്.ആർ.ടി.സി.ഡിപ്പോ

365(1837) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ. എ.ഡി.എഫ്. ഉപയോഗിച്ച് നിർമ്മിക്കുവാൻ നിർദ്ദേശിക്കപ്പെട്ട ടൂ വീലർ പാർക്കിംഗ് ഷെഡ്, ഗ്യാരേജ് ലിഫ്റ്റ് എന്നീ പദ്ധതികളുടെ പൂർത്തീകരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ആലപ്പുഴ, ചേർത്തല, വൈക്കം എന്നീ ഡിപ്പോകളിൽ നിന്നും വൈക്കം വഴി വൈറ്റിലയ്ക്ക് ചെയിൻ സർവ്വീസുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് വൈക്കം ഡിപ്പോയ്ക്ക് എത്ര പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ പദ്ധതി എം.എൽ.എ. ഫണ്ടുപയോഗിച്ച് ചെയ്യുന്നതിനായി ആദ്യം സമർപ്പിച്ച 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നിർമ്മിതി കേന്ദ്രവുമായി 16-10-2018-ൽ MoU ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭേദഗതി വരുത്തിയ

എസ്റ്റിമേറ്റ്, പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നിർമ്മിതി കേന്ദ്രം കെ.എസ്.ആർ.ടി.സി.-ക്ക് സമർപ്പിച്ചിരുന്നു. ഇതിന്മേൽ കെ.എസ്.ആർ.ടി.സി. തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിലും കോർപ്പറേഷന് സാമ്പത്തിക ലഭ്യത ഉറപ്പ് വരുത്തുന്ന രീതിയിലും ആലപ്പുഴ, ചേർത്തല, വൈക്കം വഴി വൈറ്റില യിലേക്കും പുതിയ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധി ക്കുന്നതാണ്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി 3 കെ.എസ്.ആർ.ടി.സി. ബസ്സുകളും ഒരു ജൻറം ബസ്സും അനുവദിച്ചിട്ടുണ്ട്.

## തൊടുപുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

366(1838) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാ ക്കാനാണ് ഉദ്ദേശിക്കുന്നത്;വിശദമാക്കുമോ ;

(ബി) നിശ്ചിത സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) എം.എൽ.എ. ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തി 90% പൂർത്തികരിച്ചു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ എർത്ത് വർക്ക് പൂർത്തീകരിച്ചു. ഫയർ ഫൈറ്റിംഗ് 80 ശതമാനത്തോളവും ഇലക്ട്രിഫിക്കേഷൻ 50 ശതമാനത്തോളവും പൂർത്തീകരിച്ചു കഴിഞ്ഞു. ഓഫീസിന്റെ പ്രവർത്തനം സജ്ജമാക്കാൻ വേണ്ടി വരുന്ന പണികൾക്ക് 50 ലക്ഷം രൂപ അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. വാഗ്ദാനം നൽകിയെങ്കിലും ജില്ലാ കളക്ടർ ആയത് നിരസിച്ചു.

(ബി) മേൽ പിരിവിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളെല്ലാം പൂർത്തീകരിച്ച് ബിൽഡിംഗ് പെർമിറ്റ് കിട്ടുന്ന മുറയ്ക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയും.

## കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

367(1839) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകദേശം 60 വർഷത്തോളം പഴക്കമുള്ള കായംകുളം കെ.എസ്.ആർ. ടി.സി. ബസ് സ്റ്റേഷന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ് സ്റ്റേഷന് പുതിയ ടെർമിനൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ബസ് ടെർമിനൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കെ.എസ്.ആർ. ടി.സി. നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ KIIFB മുഖാന്തരം പുതിയ ബസ് ടെർമിനൽ നിർമ്മിക്കുന്നതിന് M/s. INKEL ഒരു ഡിസൈൻ തയ്യാറാക്കി കെ.എസ്.ആർ.ടി.സി.-യിൽ അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത ഡിസൈൻ കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യകതയ്ക്ക് ഉതകുന്ന രീതിയിൽ പരിഷ്കരിച്ച് നൽകാൻ കെ.എസ്.ആർ.ടി.സി. M/s. INKEL-നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കോതമംഗലം ഡിപ്പോയിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

368(1840) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഡിപ്പോയിൽ നിന്നും നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബസ്സുകൾ ഡിപ്പോയിലേക്ക് പുതിയതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹൈറേഞ്ചിന്റെ കവാടവും ഏറെ തീർത്ഥാടകരുള്ളതുമായ കോതമംഗലത്തു നിന്ന് വേളാങ്കണ്ണിയിലേക്കും പളനിയിലേക്കും പുതിയ ബസ്സ് റൂട്ട് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ കഴിയുമെന്നിരിക്കെ തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാറിൽ പ്രസ്തുത റൂട്ടുകൾ ഉൾപ്പെടുത്തി കോതമംഗലത്ത് നിന്നും വേളാങ്കണ്ണി, പളനി എന്നിവിടങ്ങളിലേക്ക് ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ഡ്യൂട്ടി പരിഷ്കരണവുമായി ബന്ധപ്പെട്ട് കോതമംഗലത്തെ ആദിവാസി മേഖലയിലേക്കും ഗ്രാമീണ മേഖലകളിലേക്കുമുള്ള പല സർവ്വീസുകളും നിർത്തി വച്ചിരിക്കുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യെ മാത്രം ആശ്രയിക്കുന്ന കോതമംഗലത്തെ ആദിവാസി മേഖലയടക്കം വിവിധ ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഗ്രാമീണ ആദിവാസി മേഖലകളിൽ നിർത്തിവച്ചിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഗ്രാമീണ മേഖലയിലേക്ക് 1000 പുതിയ ബസ്സുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരത്തിൽ പുതിയ ബസ്സുകൾ വാങ്ങുമ്പോൾ കോതമംഗലം ഡിപ്പോയിലേക്ക് കൂടുതൽ ബസ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം ഡിപ്പോയിൽ 29-1-2019-ലെ കണക്കുപ്രകാരം 47 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അന്തർസംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. തമിഴ്നാട്ടിലെയും കർണ്ണാടകയിലെയും വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നത്. കോതമംഗലത്ത്നിന്നും വേളാങ്കണ്ണിയിലേക്കും പളനിയിലേക്കും പുതുതായി സർവ്വീസ് ആരംഭിക്കുന്നതിന് നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പുതുതായി പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുവാൻ ഇപ്പോൾ കഴിയുകയില്ല.

(സി) തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ രൂപീകരിക്കുന്നതിനായി 2018 ഫെബ്രുവരി 27-ാം തീയതി ഇരു സംസ്ഥാനങ്ങളിലെയും ഗതാഗത മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ റൂട്ടുകൾ സംബന്ധിച്ച ധാരണയിൽ എത്തിച്ചേർന്നിട്ടുള്ളതും പ്രാഥമിക കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. ടി കരാർ അന്തിമ വിജ്ഞാപനമാകുന്നതോടുകൂടി തമിഴ്നാട്ടിലെ പളനി, വേളാങ്കണ്ണി ഉൾപ്പെടെയുള്ള ഭാഗങ്ങളിലേയ്ക്ക് കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഗ്രാമീണ മേഖലയിലേക്കും ആദിവാസി മേഖലയിലേയ്ക്കുമുള്ള സർവ്വീസുകൾ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ ട്രിപ്പുകളോ/ സർവ്വീസുകളോ പുനഃക്രമീകരിച്ച് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പദ്ധതി നിലവിലില്ല.

## കോതമംഗലം ഡിപ്പോയിലെ മുടങ്ങിയ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

369(1841) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ എം പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടശേഷം കണ്ടക്ടർമാരുടെ അപര്യാപ്തതമൂലം നിരവധി സർവ്വീസുകൾ മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; ഇവരെ തിരിച്ചെടുക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോതമംഗലം ഡിപ്പോയിൽ നിന്നും എത്ര എം പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഡിപ്പോയിൽ നിന്നും എം പാനൽ കണ്ടക്ടർമാരെ പിരിച്ചു വിട്ടതിനാൽ ആദിവാസി ഗ്രാമീണ മേഖലയിലടക്കം വിവിധ ബസ് സർവ്വീസുകൾ റദ്ദുചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ മുടങ്ങിയ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം നൽകിയ കണ്ടക്ടർമാർക്ക് 2-2-19 വരെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സാവകാശം അനുവദനീയമാണ്. അതിന് ശേഷം മാത്രമേ കണ്ടക്ടർമാരുടെ അപര്യാപ്തത തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ബി) കോതമംഗലം ഡിപ്പോയിൽ നിന്നും 55 എംപാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടിട്ടുണ്ട്.

(സി) പ്രസ്തുത ഡിപ്പോയിൽ നിന്നും എംപാനൽ കണ്ടക്ടർമാരെ പിരിച്ചു വിട്ടതിനാൽ ആദിവാസി ഗ്രാമീണ മേഖലയിലടക്കം ബസ് സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പൊതുജനങ്ങൾക്കും, കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ കൂടുതൽ ട്രിപ്പുകളും/സർവ്വീസുകളും പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിനോടകം നൽകിയിട്ടുണ്ട്.

## കായംകുളം ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ

370(1842) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കായംകുളം ഡിപ്പോയിൽ നിന്നും എത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ബസ്സുകളാണ് ഈ ഡിപ്പോയിൽ ഉള്ളതെന്നും ഓരോന്നിന്റെയും 2018 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ സർവ്വീസുകളുടെ എണ്ണം എത്രയെന്നും കളക്ഷൻ എത്രയെന്നും മാസം തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. കായംകുളം ഡിപ്പോയിൽ നിന്നും നിലവിൽ പ്രതിദിനം ശരാശരി 55 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

സൂപ്പർഫാസ്റ്റ് - 3

ഫാസ്റ്റ് പാസഞ്ചർ - 18

ഓർഡിനറി - 34

(ബി) കായംകുളം ഡിപ്പോയിൽ നിലവിൽ 76 ബസ്സുകൾ (ആർ.ടി.സി.-72, ജൻറം-4) ആണുള്ളത്.

| മാസം | ആകെ സർവ്വീസുകളുടെ എണ്ണം | വരുമാനം (രൂപയിൽ) |
|---|---|---|
| 09/2018 | 2283 | 2,30,25,303 |
| 10/2018 | 2343 | 2,42,13,682 |
| 11/2018 | 2226 | 2,55,42,802 |
| 12/2018 | 2190 | 2,56,15,885 |

## പാറശ്ശാല നിയോജകമണ്ഡലത്തിലെ ബസ് സർവ്വീസുകൾ

371(1843) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് കണ്ടക്ടർമാർ ഇല്ലാത്തതു കാരണം വിവിധ ഡിപ്പോകളിൽ നിന്നും പാറശ്ശാല നിയോജകമണ്ഡലവുമായി ബന്ധിപ്പിക്കുന്ന വളരെ കാലപ്പഴക്കമുള്ള ബസ് സർവ്വീസുകൾ പോലും മുടങ്ങുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) നെയ്യാറ്റിൻകര, വെള്ളറട, പാറശ്ശാല, കാട്ടാക്കട എന്നീ ഡിപ്പോകളിൽ നിന്നും പാറശ്ശാല നിയോജകമണ്ഡലവുമായി ബന്ധിപ്പിക്കുന്ന എത്ര ബസ് സർവ്വീസുകൾ നിർത്തലാക്കി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മേൽപ്പറഞ്ഞ ഡിപ്പോകളിൽ എത്ര വീതം കണ്ടക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആവശ്യത്തിന് കണ്ടക്ടർമാർ ഇല്ലാത്തത് കാരണം സർവ്വീസുകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പി.എസ്.സി. മുഖാന്തരം നിയമിച്ച കണ്ടക്ടർമാർക്ക് ജോലിയിൽ പ്രവേശിക്കാൻ 2-2-2019 വരെ സമയം അനുവദനീയമാണ്. ആയതിനു ശേഷം മാത്രമേ ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) കാട്ടാക്കട, വെള്ളറട എന്നീ ഡിപ്പോകളിൽ നിന്നും പാറശ്ശാല നിയോജക മണ്ഡലവുമായി ബന്ധിപ്പിക്കുന്ന ഓരോ സർവ്വീസുകൾ വീതം നിർത്തലാക്കിയിട്ടുണ്ട്. നെയ്യാറ്റിൻകര, പാറശ്ശാല എന്നീ ഡിപ്പോകളിൽ നിന്നും പ്രസ്തുത സർവ്വീസുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല.

| | | |
|---|---|---|
| (സി) നെയ്യാറ്റിൻകര | - | 66 |
| വെള്ളറട | - | 48 |
| പാറശ്ശാല | - | 59 |
| കാട്ടാക്കട | - | 60 |

## ചേർത്തല ഡിപ്പോയിൽ നിന്നും സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ

372(1844) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ചേർത്തല-അർത്തുങ്കൽ-വേളാങ്കണ്ണി, ചേർത്തല-മൈസൂർ സൂപ്പർ ഫാസ്റ്റ് ബസ് സർവ്വീസുകൾക്ക് അനുകൂല ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചിട്ടും നാളിതുവരെയായി സർവ്വീസ് ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസുകൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്. ആർ.ടി.സി. തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തിവന്നിരുന്നത്. അർത്തുങ്കലിൽ നിന്ന് വേളാങ്കണ്ണിയിലേയ്ക്കുള്ള റൂട്ട് തമിഴ്നാടുമായുള്ള അന്തർസംസ്ഥാന പ്രാഥമിക കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കരാർ അന്തിമ വിജ്ഞാപനം വരുന്ന മുറയ്ക്ക് മാത്രമേ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ ചേർത്തലയിൽ നിന്ന് മൈസൂരിലേക്കുള്ള സർവ്വീസ് റൂട്ട് നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആരംഭിക്കുവാൻ കഴിയുകയില്ല.

## പട്ടാമ്പി മണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

373(1845) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി മണ്ഡലത്തിലൂടെ കടന്നു പോയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർത്തലാക്കിയത്; വിശദവിവരം അറിയിക്കാമോ ;

(ബി) ഈ സർവീസുകൾ നിർത്തലാക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ; നിർത്തലാക്കിയ സർവീസുകൾ പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടാമ്പി മണ്ഡലത്തിലൂടെ കടന്നുപോയിരുന്ന 5 കെ.എസ്.ആർ.ടി.സി. സർവ്വീസുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർത്തലാക്കിയത്. 06.30 കാടാമ്പുഴ, 05.30 കുറ്റിപ്പുറം, 12.45 ഗുരുവായൂർ, വടക്കാഞ്ചേരിയിൽ നിന്നുള്ള 05.30 ഒറ്റപ്പാലം, മലപ്പുറത്ത് നിന്നുള്ള 05.20 പാലക്കാട് എന്നിവയാണ് നിർത്തലാക്കിയ സർവ്വീസുകൾ.

(ബി) വരുമാനം കുറവായതിനെത്തുടർന്നാണ് ടി സർവ്വീസുകൾ നിർത്തലാക്കിയത്. കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് ഷെഡ്യൂൾ പുനഃക്രമീകരണം നടത്തി സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

**കോലഞ്ചേരി പുത്തൻകുരിശ് മേഖലയിലെ യാത്രാക്ലേശം**

374(1846) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ-എറണാകുളം, കറുകപ്പിള്ളി-പെരുമ്പാവൂർ റൂട്ടിലോടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കുറവുമൂലം കോലഞ്ചേരി പുത്തൻകുരിശ് മേഖലയിലുള്ള ജനങ്ങൾക്ക് രൂക്ഷമായ യാത്രാ ക്ലേശം അനുഭവപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റൂട്ടിൽ കഴിഞ്ഞ രണ്ടു മാസത്തിനിടെ എത്ര സർവ്വീസ് വെട്ടിച്ചുരുക്കിയിട്ടുണ്ട് എന്ന് റൂട്ടിന്റെ വിശദാംശം സഹിതം വ്യക്തമാക്കാമോ;

(സി) യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മൂവാറ്റുപുഴ-എറണാകുളം റൂട്ടിൽ നിലവിൽ ഓപ്പറേറ്റ് ചെയ്തുകൊണ്ടിരുന്ന സർവ്വീസുകൾ ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് താൽക്കാലിക കണ്ടക്ടർമാരെ പുറത്ത് നിറുത്തിയശേഷം ശരാശരി എട്ടോളം സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടിവന്നിരുന്നുവെങ്കിലും പി.എസ്.സി. മുഖേന റിസർവ് കണ്ടക്ടർമാർ വന്നതിനുശേഷം പ്രസ്തുത റൂട്ടിൽ നിലവിൽ എല്ലാ സർവ്വീസുകളും കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പെരുമ്പാവൂർ ഡിപ്പോയിൽ നിന്നും ചോറ്റാനിക്കര, കാഞ്ഞിരമറ്റം രണ്ട് സർവ്വീസ് ഉണ്ടായിരുന്നതിൽ കണ്ടക്ടർമാരുടെ കുറവുമൂലം ഒരു സർവ്വീസ് മുടങ്ങിയിരുന്നു. ഇപ്പോൾ മുടക്കം കൂടാതെ രണ്ട് സർവ്വീസുകൾ അയയ്ക്കുന്നുണ്ട്.

(സി) കൂടുതൽ ബസ്സുകളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പൊതു ജനങ്ങൾക്കും കോർപ്പറേഷനും ഗുണകരമാകുന്ന വിധത്തിൽ പ്രസ്തുത റൂട്ടിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ

375(1847) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ കാലതാമസം ഒഴിവാക്കി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിക്കര ഡിപ്പോയിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി മുനിസിപ്പാലിറ്റിയിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കുന്നതിന് 1-6-2016-ൽ കെ.എസ്.ആർ.ടി.സി. അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പെർമിറ്റ് അനുവദിച്ചു നൽകിയിരുന്നില്ല. പ്രവൃത്തി അടിയന്തരമായി ചെയ്യേണ്ടതായതിനാൽ 21-6-2016-ൽ തന്നെ കരാറുകാരൻ പ്രവൃത്തി ചെയ്തു തുടങ്ങിയെങ്കിലും മുൻസിപ്പാലിറ്റിയിൽ നിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെത്തുടർന്ന് 1-7-2016 മുതൽ നിർമ്മാണ പ്രവർത്തനം തുടരാൻ സാധിച്ചില്ല. പിന്നീട് പലതവണ ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കുന്നതിന് മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിക്കുകയും അവർ ആവശ്യപ്പെട്ട പ്രകാരം റിവൈസ്ഡ് ഡ്രോയിംഗ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തുവെങ്കിലും നാളിതുവരെ പെർമിറ്റ് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് 22-1-2019-ൽ കെ.എസ്. ആർ.ടി.സി. കത്ത് സമർപ്പിച്ചിട്ടുണ്ട്.

(സി) ബിൽഡിംഗ് പെർമിറ്റ് ലഭ്യമായാൽ മാത്രമേ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് നിർവ്വാഹമുള്ളൂ. അതിനാൽ പെർമിറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മണ്ണാർമല പ്രദേശത്ത് പൊതുയാത്ര സംവിധാനം**

376(1848) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മണ്ണാർമല പ്രദേശത്ത് ആവശ്യത്തിന് പൊതുയാത്ര സംവിധാനമില്ലാത്തത് പ്രദേശവാസികൾക്ക് വളരെയധികം യാത്രാക്ലേശം സൃഷ്ടിക്കുന്നുണ്ടെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളും രോഗികളും ഉൾപ്പെടെയുള്ള ജനങ്ങൾ അനുഭവിക്കേണ്ടി വരുന്ന ഈ യാത്രാക്ലേശം പരിഹരിയ്ക്കുന്നതിന് മാനത്ത് മംഗലം- മണ്ണാർമല- പള്ളിപ്പടി വഴി കാര്യവട്ടത്തുകൂടി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ)പെരിന്തൽമണ്ണയിലെ മണ്ണാർമല പ്രദേശത്ത് പൊതു യാത്രാസംവിധാനം കുറവാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി റൂട്ടിലൂടെ പുതുതായി സർവ്വീസ് ആരംഭിക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമാകുകയില്ല എന്നതിനാലും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്ന് പോകുന്നതിനാലും പ്രസ്തുത നിർദ്ദേശം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിവുകൾ**

377(1849) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ എത്ര ഡ്രൈവർമാരും കണ്ടക്ടർമാരും ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയിലെ നിലവിലുള്ള സർവീസുകൾ നടത്തുന്നതിന് ഇപ്പോൾ കഴിയുന്നുണ്ടോ; ജീവനക്കാരുടെ എണ്ണം പര്യാപ്തമാണോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ നിയമിക്കപ്പെട്ടവരിൽ എത്ര പേർ അവധിയിൽ പ്രവേശിച്ചിട്ടുണ്ട്; നിലവിൽ എത്ര ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ഒഴിവുകളുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 168 ഡ്രൈവർമാരും 165 കണ്ടക്ടർമാരും ജോലി ചെയ്യുന്നു.

(ബി) കഴിയുന്നുണ്ട്. ജീവനക്കാരുടെ എണ്ണം പര്യാപ്തമാണ്.

(സി) പ്രസ്തുത ഡിപ്പോയിൽ 11 കണ്ടക്ടർമാരും 5 ഡ്രൈവർമാരും അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. നിലവിൽ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഒഴിവുകളില്ല.

**മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

378(1850) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(ബി) നിർമ്മാണം പൂർത്തിയാക്കി ഡിപ്പോ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള കാലതാമസം എന്താണെന്നും എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്നും അറിയിക്കാമോ?

ഉത്തരം

(എ) സിവിൽ പണികൾ 80% പൂർത്തീകരിച്ചു കഴിഞ്ഞു. ബിൽ പേമെന്റ് നൽകാത്തത് കാരണം സിവിൽ കോൺട്രാക്ടർ പണി നിർത്തിവച്ചിരിക്കുകയാണ്. ഫയർ ടാങ്കിന്റെ നിർമ്മാണം സിവിൽ കോൺട്രാക്ടർ ചെയ്തു കഴിഞ്ഞാലുടൻതന്നെ ഫയർ ഫൈറ്റിംഗ് വർക്ക് തുടങ്ങി കമ്മീഷൻ ചെയ്യാൻ സാധിക്കും. ഇലക്ട്രിഫിക്കേഷൻ വർക്കിന്റെ ഇ-ടെൻഡർ നടപടി പൂർത്തീകരിച്ച് കഴിഞ്ഞു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സിവിൽ ജോലികൾ പൂർത്തീകരിച്ച് അതിന്റെ മെക്കാനിക്കൽ വർക്ക് ടെൻഡർ ചെയ്തു പ്രവൃത്തി ഉടനെ ആരംഭിക്കും. ബസ് സ്റ്റേഷൻ യാർഡിന്റെ പണികൾ 75 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള ഗ്യാരേജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മേൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ.

## തിരുവല്ലയിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോപ്ലക്സ്

379(1851) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിൽ പുതുതായി നിർമ്മിച്ച കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാക്കുവാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നേരത്തേ സമർപ്പിച്ച് അംഗീകാരം വാങ്ങിയ പ്ലാനിൽ കെട്ടിട നിർമ്മാണ സമയത്ത് വ്യതിയാനം വരുത്തിയിരുന്നോ;

(സി) ആരുടെ നിർദ്ദേശ പ്രകാരമാണ് അപ്രകാരം വ്യതിയാനം വരുത്തിയത്; വ്യക്തമാക്കുമോ;

(ഡി) കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) കോംപ്ലക്സ് എന്നത്തേക്ക് പ്രവർത്തനസജ്ജമാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) തിരുവല്ല ബസ് സ്റ്റേഷനിലെ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം BOT വ്യവസ്ഥയിൽ കെ.ടി.ഡി.എഫ്.സി. യാണ് നിർവ്വഹിച്ചിരിക്കുന്നത്. 6-6-2015-ൽ ഉദ്ഘാടനം ചെയ്ത തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിൽ നിന്നും ബസ് ഓപ്പറേഷൻ പൂർണ്ണതോതിൽ നടത്തിവരുന്നു. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഫൈനൽ ഫയർ എൻ.ഒ.സി. ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ കെട്ടിട നമ്പർ തിരുവല്ല മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. അഗ്നി ശമന രക്ഷാവകുപ്പിന്റെ വിവിധ പരിശോധനാ ഘട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരം 97,00,000 രൂപയുടെ ഫയർ പ്രൊട്ടക്ഷൻ ജോലികൾ ചെയ്തു തീർക്കുവാൻ വേണ്ടിവന്ന സമയം കൂടി കാലതാമസത്തിന് ഇടയാക്കി. 17-12-2018 തീയതിയിൽ അഗ്നിശമന രക്ഷാ വകുപ്പിൽനിന്നും ഫൈനൽ ഫയർ എൻ.ഒ.സി. ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പറിനുവേണ്ടിയുള്ള നടപടികൾ പൂർത്തിയാക്കി തിരുവല്ല മുൻസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുള്ളതാകുന്നു. ഈ കാരണത്താൽ കോംപ്ലക്സിലെ വാണിജ്യ സ്ഥലങ്ങൾ വാടകയ്ക്ക് നല്കുവാൻ സാധിച്ചിട്ടില്ല. തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സിൽ നിലവിൽ സ്പെയിസ് നമ്പർ G2, G3, G5, G16,

G20 എന്നീ അഞ്ച് വാടകക്കാർ മാത്രമേ കരാർ ഒപ്പിട്ട് പ്രവർത്തനം തുടങ്ങിയിട്ടുള്ളൂ. മറ്റ് സ്പെയിസുകൾ ഒന്നുംതന്നെ വാടകയ്ക്ക് നൽകിയിട്ടില്ല. വാടകയ്ക്ക് നൽകിയിട്ടുള്ള സ്പെയിസുകൾക്കും ഒഴിഞ്ഞു കിടക്കുന്ന മറ്റ് സ്പെയിസുകൾക്കും ചേർത്ത് 2,78,19,912 രൂപ Unauthorised Occupation എന്നതിൽപ്പെടുത്തി തിരുവല്ല മുൻസിപ്പാലിറ്റിയിൽ കെട്ടിട നികുതി ഒടുക്കുവാൻ ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുന്നു. ഈ സാഹചര്യത്തിൽ കെട്ടിട നമ്പർ ലഭിച്ചതിന് ശേഷമേ ഒഴിഞ്ഞു കിടക്കുന്ന സ്പെയിസുകൾ ഇ-ടെണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഈ കാരണങ്ങളാൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ സാധിച്ചിട്ടില്ല.

(ബി) വരുത്തിയിട്ടുണ്ട്.

(സി) സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ വനം വന്യജീവി, സ്പോർട്സ് & സിനിമാ വകുപ്പുമന്ത്രി അഭ്യർത്ഥിച്ചതിൻ പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ നിർമ്മാണത്തിലിരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ സിനിമാ ശാലകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ട് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കും കെ.റ്റി.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർക്കും സർക്കാർ കത്ത് നൽകിയിരുന്നു. തുടർന്നാണ് കെ.റ്റി.ഡി.എഫ്.സി. പ്ലാനിൽ മാറ്റം വരുത്തിയിട്ടുള്ളത്.

(ഡി) തിരുവല്ല മുനിസിപ്പാലിറ്റി നിർദ്ദേശിച്ചതനുസരിച്ച് ഫൈനൽ ഫയർ എൻ.ഒ.സി., കംപ്ലീഷൻ സർട്ടിഫിക്കറ്റ്, കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൺസന്റ്, പൂർത്തീകരിച്ച കെട്ടിടത്തിന്റെ പ്ലാൻ എന്നിവ തിരുവല്ല മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) തിരുവല്ല മുനിസിപ്പാലിറ്റിയിൽ നിന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ്, ബിൽഡിംഗ് നമ്പർ എന്നിവയും കെ.എസ്.ഇ.ബി.-യിൽ നിന്നും സ്ഥിര വൈദ്യുതി കണക്ഷനും ലഭിച്ചു കഴിഞ്ഞാൽ പൂർണ്ണ തോതിൽ തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സ് പ്രവർത്തന സജ്ജമാകുന്നതാണ്.

## ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണ പ്രവർത്തനങ്ങൾ

380(1852) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) നവീകരണപ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ)കരാറുകാരൻ പ്രവൃത്തി ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതുമൂലമാണ് നവീകരണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടാകുന്നത്.

(ബി) രണ്ട് മാസത്തിനകം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ശാസ്താംകോട്ട സബ് ഡിപ്പോ**

381(1853) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട സബ് ഡിപ്പോ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ശാസ്താംകോട്ട സബ് ഡിപ്പോക്കു പകരം ഓപ്പറേറ്റിങ്ങ് സെന്റർ അനുവദിക്കാം എന്ന ഉറപ്പിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) സ്ഥലം എം.എൽ.എ. 1.5 കോടി രൂപ ഡിപ്പോയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) അടിയന്തരമായി ഓപ്പറേറ്റിങ്ങ് സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ഇ) ഇതുസംബന്ധിച്ച് ഗവണ്മെന്റ് തലത്തിൽ കോർപറേഷൻ അധികാരികളുൾപ്പെടെ ഒരു അടിയന്തര മീറ്റിംഗ് കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശാസ്താംകോട്ടയിൽ 10-6-2006-ൽ പ്രവർത്തനം ആരംഭിച്ച ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിലവിലുണ്ട്. എന്നാൽ ഒരു സബ് ഡിപ്പോ സ്ഥാപിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവയെല്ലാം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ നഗരസഭയോ ഒരുക്കിത്തന്നാലും തുടർ പ്രവർത്തന ചെലവുകൾക്ക് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപയെങ്കിലും വേണ്ടി വരുമെന്നാണ് കെ.എസ്.ആർ.ടി.സി. കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു വിധത്തിലുമുള്ള ബാദ്ധ്യതയും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ശാസ്താംകോട്ടയിൽ പുതിയ സബ് ഡിപ്പോ/ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സി) ഉണ്ട്. ശാസ്താംകോട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയ്ക്ക് Construction of 3 bay Garage, providing Fencing and Development of Yard by metalling and concreting എന്ന പ്രവൃത്തിയും 50 ലക്ഷം രൂപയ്ക്ക് Construction of Bus Station building and retiring room എന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി&ഇ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതിന് കഴിയില്ലായെന്നതിനാൽ ഓപ്പറേറ്റിംഗ് സെന്റർ നിർമ്മിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോ

382(1854) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഇപ്പോൾ പ്രവർത്തനക്ഷമമായ എത്ര ബസുകളുണ്ടെന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) 2018 ജനുവരി ഒന്നിനുശേഷം എത്ര ഷെഡ്യൂളുകൾ വെട്ടിക്കുറച്ചുവെന്ന് വ്യക്തമാക്കുമോ; ഇതിൽ ഫാസ്റ്റ് പാസഞ്ചർ റൂട്ടുകൾ എത്രയെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത കാലഘട്ടത്തിൽ ഇവിടുത്തെ ശരാശരി പ്രതിദിന കളക്ഷൻ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) നിർത്തലാക്കിയ ബൈറൂട്ട് സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി ഡിപ്പോയിൽ 85 ബസ്സുകളാണ് നിലവിലുള്ളത്. 29-1-2019-ലെ കണക്കുപ്രകാരം 75 ബസ്സുകൾ പ്രവർത്തനക്ഷമമാണ്. നിലവിൽ 84 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) 2018 ജനുവരി ഒന്നിന് ശേഷം ഷെഡ്യൂളുകൾ ഒന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല.

(സി) 2018 ജനുവരി ഒന്നിന് ശേഷം ശരാശരി പ്രതിദിന വരുമാനം 7 ലക്ഷം രൂപയാണ്.

(ഡി) സ്ഥിരമായി ബൈ റൂട്ടിലുള്ള സർവ്വീസുകൾ ഒന്നും തന്നെ കെ.എസ്. ആർ.ടി.സി. റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ചില ദിവസങ്ങളിൽ സാങ്കേതിക കാരണങ്ങളാൽ ചില ട്രിപ്പുകൾ റദ്ദ് ചെയ്തിട്ടുണ്ട്. ആയവ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമായ വിധത്തിൽ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി ട്രാൻസ്പോർട്ട് ഡിപ്പോ ഗ്യാരേജിന്റെ ശോചനീയാവസ്ഥ

383(1855) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ട്രാൻസ്പോർട്ട് ഡിപ്പോയുടെ ഗ്യാരേജിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗ്യാരേജിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) ബസ് പാർക്ക് ചെയ്യുന്ന ഭാഗങ്ങൾ പൂർണ്ണമായും ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) ഇവിടെ നിന്നും ഓയിൽ കലർന്ന ജലം റോഡിലേക്ക് ഒഴുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മലിനജലം സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പരിമിതിമൂലം പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ഫണ്ട് ലഭ്യമല്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ചെയ്യുന്നതാണ്.

(സി) ഉണ്ട്. 2019-2020 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 16.27 ലക്ഷം രൂപയ്ക്ക് 7 to 10 KLD Effluent Treatment Plant നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ.എസ്.ആർ.ടി.സി. പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിരുന്നു. ഫണ്ട് കിട്ടുന്ന മുറയ്ക്ക് പണി ചെയ്യുന്നതാണ്.

## തിരുവനന്തപുരത്തെ വിദ്യാർത്ഥികൾക്ക് സിറ്റി ഫാസ്റ്റുകളിൽ കൺസഷൻ

384(1856) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ വിവിധ ഡിപ്പോകളിൽ നിന്നും പുറപ്പെടുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകളിൽ ഓർഡിനറി നിരക്കീടാക്കുന്ന എത്ര ബസ്സുകൾ ഷെഡ്യൂൾ നടത്തുന്നുണ്ട്; ഓരോ ഡിപ്പോയിൽ നിന്നുമുള്ള പ്രസ്തുത ബസുകളുടെ കണക്ക് നൽകുമോ;

(ബി) തലസ്ഥാനത്ത് സർവീസ് നടത്തുന്ന ഓർഡിനറി ബസ്സുകളുടെ എണ്ണം വളരെ കുറവായതിനാലും സർവ്വീസ് നടത്തുന്നവയിൽ 90%ത്തോളം ഓർഡിനറി അല്ലാത്ത സർവ്വീസുകളായതിനാലും ഓരോ റൂട്ടിലും യാത്ര ചെയ്യുന്നതിന് മണിക്കൂറുകളോളം കാത്ത് നിൽക്കേണ്ട സാഹചര്യവും സാധുവിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടും കണക്കിലെടുത്ത് ഓർഡിനറി സർവ്വീസുകൾക്ക് പുറമേ നഗരത്തിലോടുന്ന സിറ്റി ഫാസ്റ്റുകളിലും വിദ്യാർത്ഥികൾക്ക്കൺസഷൻ ഉപയോഗിച്ച് യാത്ര ചെയ്യാൻ അവസരമൊരുക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ തലസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ നിന്നും ഓർഡിനറി നിരക്ക് ഈടാക്കുന്ന 745 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

| | | |
|---|---|---|
| കണിയാപുരം | - | 46 |
| വെള്ളനാട് | - | 28 |
| പാപ്പനംകോട് | - | 35 |
| വികാസ്ഭവൻ | - | 30 |
| പൂവാർ | - | 45 |
| കാട്ടാക്കട | - | 60 |
| വെഞ്ഞാറമൂട് | - | 28 |
| തിരുവനന്തപുരം സിറ്റി | - | 17 |
| വിഴിഞ്ഞം | - | 47 |
| നെടുമങ്ങാട് | - | 39 |
| വെള്ളറട | - | 34 |
| പാറശ്ശാല | - | 53 |
| പേരൂർക്കട | - | 20 |
| നെയ്യാറ്റിൻകര | - | 81 |
| പാലോട് | - | 21 |
| ആറ്റിങ്ങൽ | - | 60 |
| ആര്യനാട് | - | 27 |
| വിതുര | - | 35 |
| കിളിമാനൂർ | - | 39 |

(ബി) നിലവിലുള്ള നിയമങ്ങളും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും പ്രകാരമാണ് കെ.എസ്.ആർ.ടി.സി. ടിക്കറ്റ് നിരക്കും വിദ്യാർത്ഥി കൺസഷൻ ടിക്കറ്റും സംബന്ധിച്ച നിരക്കുകളും തീരുമാനിച്ചിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ഓർഡിനറി സർവ്വീസുകളിലും വിദ്യാർത്ഥി കൺസഷൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. സൂപ്പർക്ലാസ് ശ്രേണിയിലുള്ള ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളുടെ നിരക്കിലാണ് സിറ്റി ഫാസ്റ്റ് സർവ്വീസുകളുടെ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഓർഡിനറി സർവ്വീസുകൾ ഒഴികെയുള്ള മറ്റ് ഉയർന്ന ക്ലാസ് സർവ്വീസുകളിൽ വിദ്യാർത്ഥി കൺസഷൻ സൗകര്യം ഏർപ്പെടുത്തുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് വളരെയധികം സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നും ഇത് മറ്റ് മേഖലകളിൽ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാൻ സാദ്ധ്യതയുണ്ടെന്നും കരുതുന്നു. ആയതിനാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന നിലവിലെ സാഹചര്യത്തിൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## ചെങ്ങന്നൂർ പട്ടണത്തിലെ ഗതാഗത നിയന്ത്രണം

385(1857) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുങ്ങിയ റോഡുകളും പാർശ്വവശങ്ങളിലെ അനധികൃത പാർക്കിംഗും കാരണം ഗതാഗത കുരുക്കിൽ യാത്രാ ബുദ്ധിമുട്ട് നേരിടുന്ന ചെങ്ങന്നൂർ നിവാസികൾക്ക് ആശ്വാസകരമാകുന്ന രീതിയിൽ ഗതാഗത നിയമവും നിയന്ത്രണവും ശക്തമായി നടപ്പാക്കുന്നതിന് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി മുൻഗണന നൽകി തുടർ നടപടികൾ സ്വീകരിക്കുമോ;

(ബി) ചെങ്ങന്നൂർ ടൗണിൽ ട്രാഫിക് സിഗ്നൽ സംവിധാനം നടപ്പാക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള വകുപ്പുതല നടപടികൾ വിവരിക്കാമോ?

ഉത്തരം

(എ) ആലപ്പുഴ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി കെൽട്രോണിനെ ആലപ്പുഴ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ആറ്റിങ്ങലിലേക്ക് സ്വകാര്യ ബസ്സ് സർവ്വീസുകൾ

386(1858) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കല്ലമ്പലം-തോട്ടയ്ക്കാട്- നെടുമ്പറമ്പ്-ചാത്തമ്പാറ വഴി ആറ്റിങ്ങലിലേക്ക് സ്വകാര്യ ബസ്സ് സർവ്വീസ്സുകൾ നടത്താനുള്ള അംഗീകൃത പെർമിറ്റുകൾ നിലവിലുണ്ടോ; എത്ര പെർമിറ്റുകളാണ് നിലവിൽ ഉള്ളതെന്നും ഈ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോയെന്നും അറിയിക്കുമോ;

(ബി) ബസ്സ് സർവ്വീസ് മുടങ്ങുന്നതായി വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; പരാതിയിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) 4 പെർമിറ്റുകൾ ഉള്ളതായി കാണുന്നു. ഇതിൽ 2 ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തുന്നു.

(ബി) പരാതി ലഭിച്ചിട്ടില്ല.

## സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ

387(1859) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സബ്റീജിയണൽ ട്രാൻസ്പോർട്ട് ആഫീസുകൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി ദക്ഷിണ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള ചാത്തന്നൂരിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കൊണ്ടോട്ടി, ഫറോക്ക്, പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം, കോന്നി, വർക്കല എന്നീ സ്ഥലങ്ങളിൽ പുതിയ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ചാത്തന്നൂരിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ആർ.ടി. ഓഫീസുകളുടെ നവീകരണം

388(1860) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ആർ.ടി.ഒ./സബ് ആർ.ടി. ഓഫീസുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) കൊണ്ടോട്ടിയിൽ പുതിയ സബ് ആർ.ടി. ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ, ഒരു താലൂക്ക് കേന്ദ്രമായിട്ടും കൊണ്ടോട്ടിയിൽ പ്രസ്തുത ഓഫീസ് ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കൊണ്ടോട്ടി, ഫറോക്ക്, പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം, കോന്നി, വർക്കല എന്നീ സ്ഥലങ്ങളിൽ പുതിയ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ആർ.ടി.ഒ./സബ് ആർ.ടി. ഓഫീസുകളുടെ കാലഹരണപ്പെട്ടതും/ നന്നാക്കാൻ പറ്റാത്തതുമായ ഉപകരണങ്ങൾ മാറ്റി വാങ്ങുന്നതിന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിവിധ ആർ.ടി/സബ് ആർ.ടി. ഓഫീസുകൾ സ്ഥലലഭ്യത അനുസരിച്ച് നവീകരിച്ച് വരുന്നു.

(സി&ഡി) കൊണ്ടോട്ടിയിൽ പുതിയ സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## മലപ്പുറം ആർ.ടി. ഓഫീസിന്റെ ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കും വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും

389(1861) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള ട്രാക്കും വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള ഭൂമി വ്യവസായ വകുപ്പ് ദീർഘകാല പാട്ട വ്യവസ്ഥയിൽ നൽകാമെന്ന് സമ്മതമറിയിച്ചിട്ടും സർക്കാരിൽ നിന്ന് അനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിൽ മോട്ടോർ വാഹന വകുപ്പിന് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കും വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും നിർമ്മിക്കുന്നതിന് വേണ്ടി വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഇൻകെൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും 5 ഏക്കർ സ്ഥലം ലഭ്യമാക്കുന്ന വിഷയം വ്യവസായ വകുപ്പുമായി കൂടിയാലോചിച്ച് സർക്കാർ പരിശോധിച്ചു വരുന്നു.

## വൈപ്പിൻ മുനമ്പം റോഡിലെ വാഹനാപകടങ്ങൾ

390(T*1862) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മുനമ്പം റോഡിൽ 2017-നെ അപേക്ഷിച്ച് 2018-ൽ വാഹനാപകടവും മരണനിരക്കും കൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വാഹനാപകടനിരക്ക് കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയെ അപകട വിമുക്തപാതയാക്കി മാറ്റുന്നതിന് വിഭാവനം ചെയ്യുന്ന എറണാകുളം ജില്ലാ കളക്ടർ സമർപ്പിച്ച ഇ-യാത്ര പദ്ധതിയുടെ റിപ്പോർട്ട് പ്രകാരം 2017- നെ അപേക്ഷിച്ച് 2018-ൽ അപകടങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും മരണപ്പെട്ടവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) 19-1-2019-ന് ജില്ലാ കളക്ടർ സമർപ്പിച്ച 'ഇ-യാത്ര' പദ്ധതി നിർദ്ദേശം പരിശോധിച്ചുവരുന്നു.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് വാഹനങ്ങളിലെ ബോർഡ്

391(1863) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ വാഹന നിയമത്തിൽ ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (SCTCE)-ന് മാത്രം അതിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ ചുവപ്പ് നിറത്തിലുള്ള ബോർഡിൽ വെള്ള നിറത്തിലുള്ള ലിപികളിൽ സ്ഥാപനത്തിന്റെ പേരിന് പുറമേ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് എന്നും രേഖപ്പെടുത്തുന്നതിന് ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ മറ്റ് ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ ഇളവനുവദിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇളവ് ഇല്ലെങ്കിൽ, അനുമതി ഇല്ലാതെ നിറവും വകുപ്പിന്റെ പേരും ദുരുപയോഗം ചെയ്ത് നിയമ ലംഘനം നടത്തുന്ന സ്ഥാപനത്തിനെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള മോട്ടോർ വാഹന ചട്ടപ്രകാരം ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (SCTCE)-ന് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് എന്ന പേര് വാഹനത്തിൽ പ്രദർശിപ്പിക്കാൻ അനുമതി നൽകിയിട്ടില്ല.

(ബി) ഇത്തരത്തിലുള്ള അപേക്ഷകളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

(സി) അനുമതി ഇല്ലാതെ ഇത്തരം ബോർഡുകൾ പ്രദർശിപ്പിക്കുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കരിങ്ങാച്ചിറയിലെ വാഹന ഫിറ്റ്നസ് പരിശോധന

392(1864) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ തിരുവാങ്കുളം കരിങ്ങാച്ചിറയിൽ വാഹന ഫിറ്റ്നസ് പരിശോധന നടത്തുന്നതുമൂലം സ്ഥലത്തുണ്ടാകുന്ന ഗതാഗതക്കുരുക്കും അനുബന്ധ പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) കൂടുതൽ സ്ഥലസൗകര്യമുള്ള പ്രദേശത്തേയ്ക്ക് വാഹന ഫിറ്റ്നസ് പരിശോധന മാറ്റി പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാഹന പരിശോധന നടത്തുന്നതുകൊണ്ട് ഗതാഗതക്കുരുക്ക് ഉണ്ടായതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പ്രസ്തുത സ്ഥലത്ത് വാഹന പരിശോധന നടത്തുന്നതിന് എതിർപ്പ് ഉന്നയിച്ചുകൊണ്ട് സമീപവാസികളും റസിഡൻസ് അസോസിയേഷനുകളും നിവേദനം നൽകിയിരുന്നു. തുടർന്ന് എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശ് വില്ലേജിൽ 40.47 ആർ പുറമ്പോക്ക് ഭൂമി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഡ്രൈവിംഗ് ടെസ്റ്റ് യാർഡ് നിർമ്മിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിന് വകുപ്പുതല ശിപാർശയോടെ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം മോട്ടോർ വാഹന വകുപ്പിന് ലഭ്യമായി പ്രവർത്തന സജ്ജമായാൽ വാഹന പരിശോധന പ്രസ്തുത സ്ഥലത്തേയ്ക്ക് മാറ്റാൻ കഴിയുന്നതാണ്.

## സീ-അഷ്ടമുടി ബോട്ട് സർവ്വീസ്

393(1865) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സീ അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും സർവ്വീസ് എപ്പോൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

സീ-അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള ബോട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇപ്രകാരം നിർമ്മാണം പുരോഗമിച്ചാൽ ഈ വർഷം തന്നെ സർവ്വീസ് ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM

## II അടിയന്തരപ്രമേയം

### കരിമണൽ ഖനനം

മി. സ്പീക്കർ: കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ നടക്കുന്ന കരിമണൽ ഖനനംമൂലം തദ്ദേശവാസികളുടെ നിലനിൽപ്പ് അപകടത്തിലാകുന്ന സ്ഥിതിവിശേഷത്തിനെതിരെ നടത്തിവരുന്ന സമരത്തിനാധാരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടലുണ്ടാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരളത്തിൽ മിനറൽ സാന്റ് അഥവാ കരിമണൽ എന്നറിയപ്പെടുന്ന ധാതു നീണ്ടകര മുതൽ കായംകുളംവരെയുള്ള 22.5 കിലോമീറ്റർ നീളത്തിൽ സമുദ്രത്തീരത്തോടു ചേർന്നാണ് കൂടുതലായും കാണപ്പെടുന്നത്. ലോകത്തിൽ തന്നെ മിനറൽ സാന്റ് നിക്ഷേപങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് നീണ്ടകര കായംകുളം മേഖലയിലെ മിനറൽ സാന്റ് നിക്ഷേപം. കാരണം ഇവിടത്തെ മണലിലെ ധാതുക്കളുടെ അളവ് ലോകത്തിലെതന്നെ മറ്റു നിക്ഷേപങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. 22.5 കിലോമീറ്റർ നീളത്തിലുള്ള ഈ നിക്ഷേപ പ്രദേശത്തെ 8 ബ്ലോക്കുകളായി തിരിച്ച് ഒന്നിടവിട്ട ബ്ലോക്കുകൾ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ.)-നും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (ഐ.ആർ.ഇ.എൽ.)-നും നൽകിയിരിക്കുന്നു. 1, 3, 5, 7 ബ്ലോക്കുകൾ കെ.എം.എം.എൽ.-നും 2, 4, 6, 8 ബ്ലോക്കുകൾ ഐ.ആർ.ഇ.എൽ.-നുമാണ് നൽകിയിട്ടുള്ളത്. ബ്ലോക്ക് നമ്പർ 4 മുതൽ 8 വരെയുള്ള പ്രദേശങ്ങളാണ് ആലപ്പാട് പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. ആലപ്പാട് പഞ്ചായത്തിൽ ഏകദേശം 16.5 കിലോമീറ്റർ നീളത്തിലാണ് കരിമണൽ നിക്ഷേപമുള്ളത്. നിലവിൽ ആലപ്പാട് പഞ്ചായത്തിന്റെ തെക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന വെള്ളനാംതുരുത്ത് എന്ന സ്ഥലത്താണ് ഐ.ആർ.ഇ.എൽ. ഖനനം നടത്തുന്നത്. ആലപ്പാട് പഞ്ചായത്തിൽ കടലിനോട് ചേർന്നു കിടക്കുന്ന 16.5 കിലോമീറ്റർ ദൂരത്തിൽ 16 കിലോമീറ്റർ നീളത്തിൽ ശക്തമായിട്ടുള്ള കടൽഭിത്തി കെട്ടിയിട്ടുണ്ട്. ബാക്കി ഏതാണ്ട് 500 മീറ്റർ സ്ഥലം മാത്രമാണ് ഖനനത്തിന് വിധേയമായിട്ടുള്ളത്. ആലപ്പാട് പഞ്ചായത്തിന്റെ തെക്കേയറ്റത്തുള്ള ഏതാണ്ട് 500 മീറ്റർ മാത്രമാണ് കടൽഭിത്തിയില്ലാതെ തുറന്നിട്ടുള്ളതും അവിടെ മാത്രമാണ് സീ

വാഷിംഗ് അഥവാ ബീച്ച് വാഷിംഗ് ഖനനം നടന്നുവരുന്നതും. ഇക്കാര്യങ്ങൾ ഐ.ആർ.ഇ.എൽ. റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി മുമ്പാകെ ആലപ്പാട് പ്രദേശം നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിച്ച ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സമിതി 2017 ജൂലൈ 13-ന് കൊല്ലം കളക്ടറേറ്റിൽവച്ചും 2017 സെപ്തംബർ 19-ന് തിരുവനന്തപുരത്തുവച്ചും വിവിധ വകുപ്പു സെക്രട്ടറിമാരിൽനിന്നും തെളിവെടുപ്പ് നടത്തുകയും പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്ന ഒരു റിപ്പോർട്ട് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ (2016-19) അദ്ധ്യക്ഷനായ ബഹുമാന്യനായ എം.എൽ.എ. ശ്രീ. മുല്ലക്കര രത്നാകരൻ 6-2-2018-ൽ കേരള നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ 11 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കരിമണൽ ഖനനം തീർത്തും ഒഴിവാക്കേണ്ടതാണെന്ന അഭിപ്രായം സമിതിക്കില്ലെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കരിമണൽ ഖനനം നടത്തുന്നതിന് പൊതുസമൂഹം എതിരല്ലാത്തതിനാൽ ജനങ്ങളുടെ ജീവനും സ്വത്തിനും തൊഴിലവസരങ്ങൾക്കും ഹാനിവരാത്ത തരത്തിലുള്ള ഖനനം മാത്രമേ നടത്താൻ പാടുള്ളൂവെന്നും സമിതി ശിപാർശ ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയുടെ തീരത്ത് കാണപ്പെടുന്ന മിനറൽ സാന്റ് നിക്ഷേപം ഖനനം ചെയ്യാൻ തുടങ്ങിയിട്ട് 50 വർഷത്തിലേറെയായി. ധാതുനിക്ഷേപത്തിൽ കേരളത്തിന് ലഭിച്ചിട്ടുള്ള പ്രകൃതി സമ്പത്താണിത്. അറബ് രാജ്യങ്ങളിലൊക്കെ ക്രൂഡ് ഓയിൽ പെട്രോൾ ലഭിക്കുന്നതുപോലെ കേരളത്തിന് പ്രകൃതി നൽകുന്ന വലിയൊരു സമ്പത്താണിത്. ഈ നിക്ഷേപത്തെ പരിസ്ഥിതിക്കും പ്രദേശവാസികളുടെ ജീവനും സ്വത്തിനും പ്രശ്നമുണ്ടാകാത്ത തരത്തിൽ പരമാവധി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കായി ഉപയോഗിക്കണമെന്നാണ് സർക്കാരിന്റെ നയം. ഒരു രാജ്യത്തിന്റെ സാമ്പത്തിക അടിത്തറയെ ശക്തിപ്പെടുത്തുന്നതാണ് അവിടെയുള്ള ധാതുസമ്പത്തുക്കളെന്ന് പല സാങ്കേതിക ശാസ്ത്രജ്ഞന്മാരും നിരീക്ഷിച്ചിട്ടുണ്ട്. മനുഷ്യർ ഉപയോഗിക്കുന്ന വസ്തുക്കൾ ഒന്നുകിൽ മൃഗങ്ങളിൽനിന്നോ സസ്യങ്ങളിൽനിന്നോ അതല്ലെങ്കിൽ ഖനനം ചെയ്തെടുക്കുന്ന ധാതുക്കളിൽനിന്നോ ലഭിച്ചതായിരിക്കും. മനുഷ്യരാശിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് എന്നിരുന്നാലും ധാതുക്കൾ ഖനനം ചെയ്യുന്നത് പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും കോട്ടം തട്ടാത്ത രീതിയിലും മനുഷ്യന്റെ ജീവനും സ്വത്തിനും നാശം സംഭവിക്കാത്ത തരത്തിലും സുസ്ഥിരമായ വികസന പ്രക്രിയയിലൂടെയും ആകണമെന്നാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഈ മേഖലയിലെ മിനറൽ സാന്റിൽനിന്ന് പ്രധാനമായും ലഭിക്കുന്ന ഇൽമനൈറ്റ് വേർതിരിച്ചാണ് ടൈറ്റാനിയം ഡൈ ഓക്സൈഡ് എന്ന പിഗ്മെന്റ് ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിൽ ടൈറ്റാനിയം ഡൈ ഓക്സൈഡ് ഉൽപ്പാദിപ്പിക്കുന്ന പ്രമുഖ കമ്പനികളിലൊന്ന് കെ.എം.എം.എൽ. ആണ്. തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന ട്രാവൻകൂർ

ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് (റ്റി.റ്റി.പി.എൽ.)-ഉം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ.-ഉം പ്രധാനമായും മിനറൽ സാന്റിൽ അടങ്ങിയിട്ടുള്ള ഇൽമനൈറ്റ്, സിൽമനൈറ്റ്, മോണോസൈറ്റ്, സിൽക്കോൺ തുടങ്ങിയ ധാതുക്കൾ വേർതിരിച്ചെടുക്കുകയാണ് ചെയ്യുന്നത്. കൊല്ലം ജില്ലയിലെ കരിമണൽ നിക്ഷേപത്തെ ആശ്രയിച്ചാണ് പൊതുമേഖലയിലെ മൂന്ന് വ്യവസായ സ്ഥാപനങ്ങളും ഒരു സ്വകാര്യ വ്യവസായ സ്ഥാപനവും പ്രവർത്തിച്ചുവരുന്നത്. ഈ നാല് വ്യവസായ സ്ഥാപനങ്ങളിലുമായി ഏതാണ്ട് അയ്യായിരത്തിലധികം പേർ പ്രത്യക്ഷമായിത്തന്നെ തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണ്. കരിമണലിനെ ആശ്രയിച്ച് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളാണ് അവരുടെ ഉപജീവന മാർഗ്ഗം. ഇത് നിലനിർത്തേണ്ടതിന്റെ ആവശ്യകതയും സർക്കാരിന്റെ മുമ്പിലുള്ള ഒരു പ്രധാന വിഷയമാണ്.

തീരത്തുള്ള കരിമണൽ നിക്ഷേപത്തെ ശാസ്ത്രീയമായി എങ്ങനെ ഖനനം ചെയ്യണമെന്നത് സംബന്ധിച്ചും ഖനനംമൂലമുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും പല ഘട്ടങ്ങളിലായി വ്യത്യസ്ത കമ്മിറ്റികളെ നിയോഗിച്ച് പഠനം നടത്തിയിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2003-ൽ നിയോഗിച്ച പ്രൊഫ. ത്രിവിക്രമൻജി ചെയർമാനായ കമ്മിറ്റി, 2004-ൽ ടി. എം. മഹാദേവൻ ചെയർമാനായി രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി, 2005-ൽ ജസ്റ്റിസ് കെ. ജോൺ മാത്യു ചെയർമാനായി രൂപീകരിച്ച കമ്മിറ്റി എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ടത്. കരിമണൽ ഖനനംമൂലം മത്സ്യസമ്പത്ത് കുറയുന്നുവെന്ന ആശങ്ക അടിസ്ഥാന രഹിതമാണെന്നാണ് ടി. എം. മഹാദേവൻ ചെയർമാനായി 2004-ൽ രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി സർക്കാരിലേയ്ക്ക് നൽകിയിട്ടുള്ള റിപ്പോർട്ടിൽ പറയുന്നത്. കരിമണൽ ഖനനം ചാകരയെ പ്രതികൂലമായി ബാധിക്കുന്നുവെന്നത് തികച്ചും അടിസ്ഥാനരഹിതവും ശാസ്ത്രീയമായ അടിത്തറയില്ലാത്തതുമാണെന്നാണ് പ്രസ്തുത കമ്മിറ്റി കണ്ടെത്തിയിട്ടുള്ളത്. ആലപ്പാട് വില്ലേജിന്റെ ആകെ വിസ്തീർണ്ണം 691.93.03 ഹെക്ടറാണ്. മുൻ സർവ്വേ വിസ്തീർണ്ണം സംബന്ധിച്ച് യാതൊരു റിക്കോർഡുകളും നിലവിൽ വില്ലേജ് ഓഫീസിൽ ലഭ്യമല്ല. 8.49.08 ഹെക്ടർ സ്ഥലം പൂർണ്ണമായും റീസർവ്വേ ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലാ കളക്ടർ 29-1-2019-ലെ MI CC 75365/2018 കത്തുപ്രകാരം ഇക്കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും സുനാമി പോലുള്ള മറ്റ് പ്രകൃതി ദുരന്തങ്ങൾ കാരണവും ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്ത് തീരശോഷണം (ocean erosion) സംഭവിക്കുന്നുവെന്നത് ശാസ്ത്രീയമായി തെളിയിച്ചിട്ടുള്ള വസ്തുതയാണ്. കേരളത്തിലെ 44 നദികളിൽ 41 നദികളും പടിഞ്ഞാറോട്ടാണ് ഒഴുകുന്നത്. അതിൽ പലതിലും ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കടലിലേയ്ക്കൊഴുകിയെത്തുന്ന മണലിന്റെ അളവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. തീരശോഷണത്തിന്റെ കാരണങ്ങളിലൊന്ന് ഇതാണെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. സീ വാഷിംഗ് ഉൾപ്പെടെയുള്ള കരിമണൽ ഖനനംമൂലം മാത്രമാണ് കരഭൂമി നഷ്ടപ്പെടുന്നതെന്നത് വസ്തുതാപരമല്ല.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.-യും സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ.-ഉം സീ വാഷിംഗ് നടത്തുന്നത് National Centre for Earth Science and Studies (NCESS) എന്ന ഗവേഷണ സ്ഥാപനം പഠനം നടത്തിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത റിപ്പോർട്ടുകളിൽ ഓരോ മാസവും ശേഖരിക്കാൻ കഴിയുന്ന കരിമണലിന്റെ അളവ് വ്യക്തമാക്കിയിട്ടുണ്ട്. മഴക്കാലങ്ങളിൽ സീ വാഷിംഗ് ഒഴിവാക്കണമെന്നാണ് അവർ നിർദ്ദേശിച്ചിട്ടുള്ളത്. അതിൻപ്രകാരം മഴക്കാലങ്ങളിൽ സീ വാഷിംഗ് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കരിമണൽ വേർതിരിച്ചെടുത്തതിനുശേഷം അവശേഷിക്കുന്ന വെള്ളമണൽ ഖനനംമൂലം രൂപപ്പെടുന്ന കുഴികൾ നികത്തുന്നതിനായി അവർക്കുതന്നെ തിരിച്ചുനൽകുകയാണ് പതിവ്.

16-1-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആലപ്പാട് വിഷയം ഗൗരവമായി ചർച്ച ചെയ്യുകയും ബന്ധപ്പെട്ടവർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സീ വാഷിംഗ് നിർത്തലാക്കണമെന്നതാണ് അന്ന് സമരം നടത്തുന്നവർ ഉന്നയിച്ച പ്രധാന പ്രശ്നം. ആ യോഗ തീരുമാനത്തിന്റെ ഭാഗമായി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലമുണ്ടായിട്ടുള്ള തീരശോഷണവും ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താമെന്നതു സംബന്ധിച്ചും പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ NCESS-നെ ചുമതലപ്പെടുത്തി. അതുപോലെ സീ വാഷിംഗ് ഒരു മാസത്തേയ്ക്ക് നിർത്തിവയ്ക്കാനും തീരുമാനിച്ചു. ഒരു മാസത്തിനകം ശാസ്ത്രീയമായി പഠനം നടത്തിയിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായാൽ അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം. മാത്രമല്ല, കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ ഐ.ആർ.ഇ.-യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. കരിമണൽ ഖനനം നടത്തുന്നത്, കടലിൽ നിന്നു വരുമ്പോൾതന്നെ വാരിയെടുക്കുന്നതാണ്. അതുകൊണ്ട് ആ സമയത്തുതന്നെ 75-80 ശതമാനം വെള്ളമണൽ വേർതിരിച്ച് അവിടെയുണ്ടാകുന്നകുഴി നികത്താൻ സാധിക്കും. ഈ പൊതുമേഖലാ സ്ഥാപനങ്ങൾ ഭൂവുടമകളിൽനിന്ന് അനുവാദം വാങ്ങി പണം കൊടുത്ത് ഭൂമി ലീസിനെടുത്താണ് ഖനനം നടത്തുന്നത്. അങ്ങനെ ഖനനം ചെയ്തശേഷം ആ ഭൂമി ഫിൽ ചെയ്ത് അവർക്കുതന്നെ തിരിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. അയ്യായിരത്തോളം കുടുംബങ്ങളുടെയും തൊഴിലാളികളുടെയും ജീവനോപാധിയാണിത്.

സീ വാഷിംഗ് ഖനനം നിർത്തിവയ്ക്കണമെന്ന് പറയുന്നവരുടെ ആത്യന്തിക ലക്ഷ്യം ഈ സ്ഥാപനങ്ങളെ ഇല്ലായ്മ ചെയ്യുക എന്നതായിരിക്കും. അതുകൊണ്ടാണ് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ആലപ്പാട് പ്രദേശത്തിലെ ജനങ്ങൾക്കുണ്ടെങ്കിൽ ആ ബുദ്ധിമുട്ടുകൾ എന്താണെന്ന് പരിശോധിച്ച് അവയ്ക്ക് പരിഹാരം കാണാമെന്ന

നിലപാട് ഗവൺമെന്റ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷ തയിൽ ചേർന്ന യോഗതീരുമാനം അനുസരിച്ച് ഞാൻ ജനുവരി മാസം 17-ാം തീയതി സമരം നടത്തുന്നവരുടെ യോഗം വിളിച്ചുചേർത്തു. ആ യോഗത്തിലെ അവരുടെ പ്രധാന ആവശ്യം സീ വാഷിംഗ് നിർത്തലാക്കണമെന്നതായിരുന്നു. അവരോടുതന്നെ ഇക്കാര്യങ്ങളെല്ലാം വിശദീകരിച്ചു. ചർച്ചയിൽ പങ്കെടുത്തിട്ടുള്ളവർ 17-1-2019-ലെ യോഗത്തിൽവച്ചാണ് ഈ സമരത്തിന്റെ ആവശ്യമെന്താണെന്ന് ഗവൺമെന്റിനെ അറിയിക്കുന്നത്. ഈ ഖനനം സംബന്ധിച്ച് ഇന്നുവരെ ഒരു പരാതിയും ഗവൺമെന്റിന്റെ മുമ്പിൽ വന്നിട്ടില്ല. ഇന്നുവരെ ഒരാൾപോലും എന്റെ ഭൂമി അനധികൃതമായി ഖനനം ചെയ്യുന്നുവെന്ന പരാതി ഗവൺമെന്റ് മുമ്പാകെ ഉന്നയിച്ചിട്ടില്ല. അവിടത്തെ കുടുംബങ്ങൾ പൊതുവെ ഈ ഖനനം അംഗീകരിച്ചിട്ടുണ്ട്. ഒരാളുടെയും വീടോ സ്വത്തുക്കളോ നഷ്ടപ്പെടാൻ ഗവൺമെന്റ് സമ്മതിക്കില്ല. ഈ വിലപിടിപ്പുള്ള സ്വത്ത്, കരിമണൽ എന്ന കേരളത്തിന്റെ പ്രകൃതിദത്തമായ സമ്പത്ത് പൂർണ്ണമായും നമുക്ക് സംഭരിക്കാൻ സാധിക്കണം. ഇപ്പോൾ ഐ.ആർ.ഇ.-യും കെ.എം.എം.എൽ.-ഉം ശേഖരിക്കുന്നത് ഏതാണ്ട് 40 ശതമാനം മാത്രമാണ്. 60 ശതമാനംകൂടി ശേഖരിക്കാൻ സാധിച്ചാൽ കെ.എം.എം.എൽ-നെക്കാൾ ഉയർന്ന നിലയിലുള്ള ഒരു വ്യവസായ ശൃംഖല വളർത്തിയെടുക്കാൻ സാധിക്കും. ഇന്ന് ലഭിക്കുന്നതിനെക്കാളും എത്രയോ കോടി രൂപ കേരളത്തിന്റെ സമ്പത്തിൽ ലഭിക്കും. ഒരാൾക്കും ബുദ്ധിമുട്ടില്ലാതെ പ്രകൃതി തരുന്ന സമ്പത്ത് ഉപയോഗപ്പെടുത്തി നമ്മുടെ നാടിന്റെ സാമ്പത്തികശേഷി വർദ്ധിപ്പിക്കാൻ സാധിക്കും. ആയിരക്കണക്കിന് തൊഴിൽ രഹിതർക്ക് അവിടെ ജോലി ലഭ്യമാകും. ഇത്തരത്തിലുള്ള ഒരു വലിയ സംരംഭത്തെ എന്തടിസ്ഥാനത്തിലാണ്; ഏത് പരാതിയുടെ അടിസ്ഥാനത്തിലാണ് എതിർക്കുന്നത്? യോഗം ചേർന്ന ദിവസമാണ് അവർ ഗവൺമെന്റിന് ഒരു പരാതി തന്നത്. നിങ്ങൾ സമരം ചെയ്യുന്നതിനുമുമ്പ് നിങ്ങളുടെ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയോ; നിങ്ങൾ ഏത് സംഘടനയാണ്; എന്താണ് നിങ്ങളുടെ അടിസ്ഥാന പ്രശ്നം എന്ന് ഞാൻ അവരോടു ചോദിച്ചു? അന്നുവരെ അവർ ഗവൺമെന്റിനെ എന്താണ് പ്രശ്നമെന്ന് അറിയിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിലാണ് അവരെ വിളിച്ച് ചർച്ച ചെയ്തത്. ഞാനും ശ്രീ. വിജയൻപിള്ള എം.എൽ.എ.യും ശ്രീ. ആർ. രാമചന്ദ്രൻ എം.എൽ.എ.-യും ആ യോഗത്തിൽ ഉണ്ടായിരുന്നു. അവിടെ ഞങ്ങൾ കാര്യങ്ങളെല്ലാം വിശദീകരിച്ചു. സമരം നടത്തുന്നവരുടെ നേതാവായിട്ടുള്ള രണ്ടുപേർക്ക് കാര്യങ്ങളെല്ലാം ബോധ്യപ്പെട്ടു. "നിങ്ങൾ സമരം അവസാനിപ്പിക്കണം. ഇനിയും എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ഞങ്ങൾ അവിടെ വരാം; പരിശോധിക്കാം; നിങ്ങളുമായി കാര്യങ്ങൾ പങ്കിടാം; എന്താണ് പ്രശ്നമെന്ന് നിങ്ങൾ ചൂണ്ടിക്കാണിക്കൂ; പരിഹരിച്ച് നമുക്ക് മുന്നോട്ടുപോകാം. കേരളത്തിന്റെ സമ്പത്തിനെ സംഭരിക്കാനുള്ള ശ്രമങ്ങളെ ദുരുപയോഗപ്പെടുത്തരുത്, ദുർബലപ്പെടുത്തരുത്" എന്നവരോട് അഭ്യർത്ഥിച്ചു. അതിന്റെ

അടിസ്ഥാനത്തിൽ യോഗതീരുമാനം ഏതാണ്ട് അവർ അംഗീകരിച്ചിട്ടാണ് അവിടെ നിന്നും പോയത്. അവർ യോഗതീരുമാനം അംഗീകരിക്കുന്നില്ലെന്ന് പറഞ്ഞിട്ടില്ല. പിന്നീട് വേറെ ഏതോ ബാഹ്യശക്തികൾ ഇടപെട്ട് ഈ ശ്രമത്തെ അട്ടിമറിക്കുകയാണ് ചെയ്തത്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, കേരളത്തിന്റെ പ്രകൃതി ദത്തമായ സമ്പത്ത്, ഈ നാടിന്റെ ഏറ്റവും വലിയ സ്രോതസ്സ് ശേഖരിച്ച് കേരളത്തിന്റെ സമഗ്ര വികസനത്തിനും തൊഴിലില്ലായ്മ ലഘൂകരിക്കാനും ആലപ്പാട്ടുള്ള ജനങ്ങളുടെതന്നെ ഐശ്വര്യത്തിനും വിനിയോഗിക്കണം. ഈ സ്ഥാപനങ്ങൾ അവരുടെ പൊതുനന്മാ ഫണ്ടിൽനിന്നും ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് ഇതിന്റെ 30 ശതമാനം ലാഭവിഹിതം കൊടുക്കുകയാണ്. അതിനുപുറമെ കുടിവെള്ളം കൊടുക്കുന്നു; റോഡുകളുണ്ട്; ജനങ്ങൾക്കുള്ള ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങൾ അവിടെ ഈ പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിക്കൊ ണ്ടിരിക്കുകയാണ്. അത്രയും ഫലപ്രദമായ സംവിധാനമാണ് ആലപ്പാട് ഐ.ആർ.ഇ.-യും കെ.എം.എം.എൽ.-ഉം ചെയ്തുകൊണ്ടിരിക്കുന്നത്. അത്തരമൊരു പ്രശ്നത്തെ എന്തടി സ്ഥാനത്തിലാണ് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടത്? ഈ വിഷയം തന്നെ കഴിഞ്ഞദിവസം ബഹുമാന്യനായ ഒരു എം.എൽ.എ. ശ്രദ്ധക്ഷണിക്കലിലൂടെ ഇവിടെ ഉന്നയിച്ചപ്പോൾ വളരെ വിശദമായിത്തന്നെ മറുപടി നൽകിയിട്ടുള്ളതാണ്. ഒരുപക്ഷെ വിഷയദാരിദ്ര്യം കൊണ്ടായിരിക്കാം വീണ്ടും ഇറങ്ങിപുറപ്പെട്ടത്. തീർച്ചയായും ഇക്കാര്യങ്ങൾ മനസ്സിലാക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഏറ്റവും ഗുരുതരവും സംസ്ഥാന ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമായ കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിലെ കരിമണൽ ഖനനത്തിനെതിരെ കഴിഞ്ഞ 97 ദിവസമായി അവിടെയുള്ള ജനങ്ങൾ നടത്തുന്ന നിരാഹാര സമരം ഒത്തുതീർപ്പിലാക്കാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുന്ന പ്രമേയമാണിത്. കേരളത്തിൽ 97 ദിവസമായി ഒരു സമരം നടന്നിട്ടും അതിനോട് പുറംതിരിഞ്ഞ് നിൽക്കുന്ന നിലപാട് ശരിയാ ണോയെന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അവരുമായി ചർച്ച നടത്തിയെന്നും അവർ യാതൊരു നോട്ടീസും തന്നിട്ടില്ല എന്നുമാണ്. 2018 ഒക്ടോബർ 26-ന് വില്ലേജ് ഓഫീസിലും തഹസീൽദാർക്കും കളക്ടർക്കും കത്ത് കൊടുത്തിട്ടാണ് 2018 നവംബർ 1-ന് കെ. ചന്ദ്രദാസിന്റെയും കാർത്തിക്കിന്റെയും ഗിരീഷിന്റെയും നേതൃത്വത്തിൽ 16 പഞ്ചായത്ത് മെമ്പർമാരുള്ള ആലപ്പാട് പഞ്ചായത്തിലെ 8 മെമ്പർമാരുടെ സഹകരണത്തോടെ ഈ സമരം ആരംഭിക്കുന്നത്. ഇന്നും ആ സമരം തുടരുകയാണ്. ജില്ലാ പഞ്ചായത്തംഗമായ കുമാരി ഹരിതാ ബാബു ഇന്നവിടെ നിരാഹാരം അനുഷ്ഠിക്കുകയാണ്. ഏകദേശം 3600-ഓളം കുടുംബങ്ങളുടെ 180 ഹെക്ടർ സ്ഥലം കേരള ഗവർണർക്കുവേണ്ടിയെന്ന് പറഞ്ഞ് ഉടമസ്ഥരോട് യാതൊരു അനുമതിയും ചോദിക്കാതെ ഗവൺമെന്റ്

ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഗവർണറുടെ പേരിൽ ഡീഡ് എഗ്രിമെന്റ് ഉണ്ടാക്കിയെടുത്തിരിക്കുകയാണ്. കേരള ചരിത്രത്തിൽ എവിടെയെങ്കിലും കേട്ടു കേൾവിയുള്ള കാര്യമാണോ ഇത്; 3600 ആളുകളുടെ 180 ഹെക്ടർ സ്ഥലം കേരളാ ഗവർണ്ണറുടെ പേരിൽ ഡീഡ് എഗ്രിമെന്റുണ്ടാക്കി ഏറ്റെടുത്തിരിക്കുകയാണ്. ഇത് പാവപ്പെട്ട ഒരു മനുഷ്യനും അറിഞ്ഞിട്ടില്ല. ഈ നടപടി ശരിയാണോ; അതിനെ ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ? കരിമണൽ ഖനനം പൊതുമേഖലയെ രക്ഷിക്കാനാണെന്ന് കൂടെക്കൂടെ പറയുന്ന അങ്ങയോട് ഞാൻ ചോദിക്കുന്നു, ഐ.ആർ.ഇ.എൽ. എന്ന പൊതുമേഖലാ സ്ഥാപനം ഖനനം നടത്തി എടുക്കുന്ന ധാതുമണൽ ആർക്കാണ് കൊടുക്കുന്നത്; കൊച്ചിയിലെ സി.എം.ആർ.എൽ. (കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽ ലിമിറ്റഡ്)-നും ഉത്തുക്കുടിയിലെ വൈകുണ്ഠനാഥന്റെ വി.വി. മിനറൽസിനുമല്ലേ കൊടുക്കുന്നത്; എന്തേ തൊട്ടടുത്തുള്ള പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ.-ന് ഒരു കിലോ ധാതുമണൽ കൊടുക്കാത്തത്; മന്ത്രിക്ക് അതിന് മറുപടിയുണ്ടോ? നിങ്ങൾ പൊതുമേഖലയുടെ പേര് പറഞ്ഞാണല്ലോ സത്യം ചെയ്യുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയണം. എന്നിട്ട് വി.വി. മിനറൽസും വൈകുണ്ഠനാഥനും സി.എം. ആർ.എൽ.-ലെ കർത്തായുമെല്ലാം കറങ്ങി കെ.എം.എം.എൽ.-ൽ വരികയാണ്. പൊതുമേഖലാ സ്ഥാപനത്തെ സഹായിക്കാനാണെന്ന വാദമുണ്ടെങ്കിൽ ഐ.ആർ.ഇ.എൽ. എന്തുകൊണ്ട് കെ.എം.എം.എൽ.-ന് ധാതുമണൽ കൊടുക്കുന്നില്ല. സ്വകാര്യ സ്ഥാപനങ്ങൾക്കാണ് കൊടുക്കുന്നത്.

ആലപ്പാട് പഞ്ചായത്തിലെ വെള്ളനാംതുരുത്തിൽ ഖനനം നടത്തുന്നതും ട്രാൻസ്പോർട്ടേഷൻ നടത്തുന്നതും ഐ.ആർ.ഇ.എൽ. അല്ല, കരീം എന്ന സ്വകാര്യ വ്യക്തിയാണ്. അവിടെ നിന്നും എടുത്തുകൊണ്ടുപോകുന്ന ഒരു തുള്ളി മണൽപോലും അവിടെ തിരിച്ച് ഇട്ടിട്ടില്ല. ഞാൻ കഴിഞ്ഞ ദിവസം ഈ സ്ഥലത്തുപോയി. അവിടെയുള്ള കോടീശ്വര ക്ഷേത്രത്തിന് മുന്നിൽ 30 അടിയിലേറെ താഴ്ചയിൽ മണ്ണെടുത്തിരിക്കുകയാണ്. ആറടിയേ താഴ്ചവെന്ന് അങ്ങ് പറയുന്നു.

കേരളത്തിന്റെ ഏറ്റവും വലിയൊരു പൈതൃകമല്ലേ ടി.എസ്. കനാൽ? ടി.എസ്. കനാലിനുള്ളിൽ ജെ.സി.ബി. ഇറങ്ങിനിന്ന് ചെളി വാരി നിറയ്ക്കുന്ന കാഴ്ച ഞാൻ നേരിൽ കണ്ടതാണ്. അവിടെ കടലും ടി.എസ്. കനാലും ഒന്നിക്കാൻ 10-20 മീറ്റർ മാത്രമേ അകലമുള്ളൂ. രണ്ടര കി.മീറ്റർ മുതൽ മൂന്നര കി.മീറ്റർ വരെ വീതിയുണ്ടായിരുന്നു. ആലപ്പാട് പഞ്ചായത്തിന്റെ യാതൊരു കണക്കുമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞല്ലോ. 2004-ലെ ആലപ്പാട് പഞ്ചായത്തിന്റെ മാപ്പ് ഞാൻ പ്രൊഡ്യൂസ് ചെയ്യാം. അത് അങ്ങേയ്ക്ക് വിശ്വാസമില്ലെങ്കിൽ 1962-ൽ യശഃശരീരനായ വിക്രം സാരാഭായിയും ജെ.എച്ച്. ഭാഭയും തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിന് പകരമായി ആലപ്പാട് ഏറ്റെടുക്കാൻ പറ്റുമോയെന്ന്

നോക്കി; അന്നവിടെ ഒരു പത്രസമ്മേളനം നടത്തിയിട്ടുണ്ട്. ആ പത്രസമ്മേളനത്തിൽ വിക്രം സാരാഭായ് ആലപ്പാട് പഞ്ചായത്തിന്റെ വിസ്തൃതി സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അങ്ങ് പരിശോധിക്കുമോ; ഇപ്പോൾ ഒരു രേഖയുമില്ലന്നല്ലേ പറയുന്നത്. കേന്ദ്ര മന്ത്രിയായിരുന്ന ശ്രീ. ജയറാം രമേശിന്റെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാഗ്രാഫിക് മാനേജ്മെന്റ് അണ്ണാ സർവ്വകലാശാലയുമായി ചേർന്ന് ഒരു പഠനം നടത്തിയതിന്റെ മാപ്പുമുണ്ട്. അതെല്ലാം പരിശോധിച്ചാൽ ആലപ്പാട് പഞ്ചായത്ത് ഒഴുകിപ്പോയതിന്റെ കണക്കും ചരിത്രവും നിങ്ങൾക്ക് കാണാൻ കഴിയും. 5000 കുടുംബങ്ങൾ ഒഴിഞ്ഞുപോയി. ഇന്ന് 26000 പേർ അവശേഷിക്കുന്ന, 5000 കുടുംബങ്ങൾ മാത്രമുള്ള ആലപ്പാട് പഞ്ചായത്ത് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം കാലാവസ്ഥാ വ്യതിയാനം ഗുരുതരമായ പ്രശ്നമാണെന്നുള്ള ഒരു പ്രസ്താവന ഇറക്കി. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കോട്ടയത്ത് ചില ദേശാടന പക്ഷികൾപോലും ചേക്കേറുന്നുവെന്ന് ചൂണ്ടി കാണിച്ച് അദ്ദേഹം ഒരു പ്രസ്താവന ഇറക്കി. നല്ല കാര്യമാണ്. പ്രസ്താവനയിലും വാക്കിലും മാത്രം പോരാ, ഈ കടലിനെയും കരയെയും ജനങ്ങളെയും പ്രകൃതിയേയും അങ്ങ് സ്നേഹിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് ആത്മാർത്ഥമായ ആ പ്രസ്താവനയെന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിൽ അങ്ങ് അതുവഴി പോകുമ്പോൾ ആലപ്പാട് പഞ്ചായത്തിൽ കയറണം. ഖനന മേഖലയിലുള്ള പന്മന ദുർഗ്ഗാദേവി ക്ഷേത്രം മൂന്ന് പ്രാവശ്യം മാറ്റി പണിതു. കുന്നത്ത് എൽ.പി., യു.പി. സ്കൂളുകൾ ഇല്ലാതായി; അഴീക്കൽ-വെള്ളനാംതുരുത്ത് പി.ഡബ്ല്യു.ഡി. റോഡ് മൂന്നുപ്രാവശ്യം മാറ്റിപ്പണിതു. കോടീശ്വര ക്ഷേത്രം ഇന്നോ നാളെയോ കടലിലാകും. ഇതെല്ലാം സത്യമല്ലേ; ഇത് പി. ടി. തോമസ് ഉണ്ടാക്കുന്നതാണോ; യു.ഡി.എഫ്. ഉണ്ടാക്കുന്നതാണോ; പ്രതിപക്ഷം ഉണ്ടാക്കുന്നതാണോ; പൊതുമേഖലയെ തകർക്കാനാണോ? മലപ്പുറത്തുകാരാണ് ഉത്തരവാദിയെന്ന് അങ്ങ് പറഞ്ഞു. എന്തിനാണ് മലപ്പുറത്തുകാരെ കുറ്റം പറയുന്നത് ? ബഹുമാനപ്പെട്ട മന്ത്രി അങ്ങയുടെ മനസ് ശുദ്ധമാണെന്ന് എനിക്കറിയാം. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നു, അങ്ങ് ദുർവാശി കളഞ്ഞ് ആ സ്ഥലത്ത് പോകണം; ജനങ്ങളോട് സംസാരിച്ച് അവരുടെ ഭീതി അകറ്റണം. അവരുടെ ഭൂമിക്ക് അനധികൃതമായി ഡീഡ് എഗ്രിമെന്റ് ഉണ്ടാക്കിയത് റദ്ദാക്കണം. പാരിസ്ഥിതികാനുമതി ഇല്ലാതെയാണ് ഖനനം നടക്കുന്നത്. ടി.എസ്. കനാൽ ഉദ്ധരിക്കുമെന്ന് ബജറ്റിൽ പറയുന്നുണ്ടല്ലോ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അത് ഉദ്ധരിക്കാൻ പറ്റില്ല, ടി. എസ്. കനാൽ കടൽ കയറാൻ പോകുകയാണ്, 10 മീറ്റർ കൂടി മതി. കരിമണൽ ഖനനത്തിന്റെ മറവിൽ നടക്കുന്ന കൊള്ള അവസാനിപ്പിക്കണം. ശ്രീ. ആർ. രാമചന്ദ്രന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി അവിടെ കരിമണൽ കടത്തിക്കൊണ്ടുപോകുന്ന ലോബിയുണ്ടെന്ന് അങ്ങ് പറഞ്ഞു. അങ്ങനെ കടത്തിക്കൊണ്ടുപോയ ഒരു ലോബിയെ തോട്ടപ്പള്ളിയിൽ വച്ച് പിടിച്ചു.

അത് ഐ.ആർ.ഇ.എൽ.-ന്റെ ബോട്ട് തന്നെയാണ്, മറ്റാരുടേതുമല്ല. ബഹുമാനപ്പെട്ട മന്ത്രിയോടും മുഖ്യമന്ത്രിയോടും ഞാൻ ചോദിക്കുന്നു, ഈ കരിമണൽ ഖനനത്തെ സംബന്ധിച്ച് സമഗ്രമായൊരു അന്വേഷണം നടത്തുമോ? ബഹുമാന്യനായ, വന്ദ്യവയോധികനായ വി. എസ്. അച്യുതാനന്ദന്റെ ആവശ്യം നിങ്ങളുടെ പാർട്ടി നേതൃത്വം തള്ളിയെന്ന് പറഞ്ഞു. അദ്ദേഹത്തെയും അദ്ദേഹം പറയുന്നതിനെയും നിങ്ങൾ തള്ളിയിരിക്കുകയാണല്ലോ. പക്ഷെ അദ്ദേഹം പറയുന്നതിൽ വസ്തുതയുണ്ടെന്ന് നിങ്ങൾ ഓർക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം ആലപ്പാടിനെക്കുറിച്ച് ഇവിടെ പറയുന്ന വസ്തുത നിയമസഭ ഒന്നടങ്കം, ബഹുമാനപ്പെട്ട സ്പീക്കർ അടക്കം പരിശോധിക്കേണ്ടതാണ്. അമ്പലങ്ങളും പള്ളിക്കൂടങ്ങളും പി.ഡബ്ല്യു.ഡി. റോഡുകളും ഇല്ലാതാകുന്നു; ഒരു ഗ്രാമം ഇല്ലാതാകുന്നു. ഈ അവസരത്തിൽ റെഡ് ഇൻഡ്യൻ മൂപ്പൻ സിയാറ്റിൻ അമേരിക്കൻ രാഷ്ട്രത്തലവന്റെ നേരെ നോക്കി നടത്തിയ പ്രസംഗത്തിലെ രണ്ടുവരി ഞാൻ വായിക്കുന്നു -"തിട്ടപ്പെടുത്താനാകാത്ത നൂറ്റാണ്ടുകളിലൂടെ എന്റെ പരമ്പരകൾക്കുമേൽ അഗാധമായ കാരുണ്യത്തിന്റെ കണ്ണീരിറ്റിച്ച അനീതികളെക്കുറിച്ച് ഞാൻ പറയുന്നില്ല. കാറ്റിൽ ഉലയുന്ന കടലലകളിൽ കടൽച്ചിപ്പികൾ ചിന്നി അതിന്റെ അടിത്തട്ടിനെ പുതപ്പിക്കുമ്പോലെ എന്റെ ജനത ഈ മണ്ണിനെ പുതപ്പിച്ചിരുന്നു". ആലപ്പാട്ടെ ജനങ്ങൾ ആ മണ്ണിനെ സ്നേഹിച്ചിരുന്നു, പുതപ്പിച്ചിരുന്നു. ഇന്നത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ പ്രിയപ്പെട്ട എം.പി. ശ്രീ. കെ. സി. വേണുഗോപാൽ ഇന്ത്യൻ പാർലമെന്റിൽ ഈ വിഷയം ഉന്നയിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്, ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. മുന്നോട്ട് വന്നിട്ടുണ്ട്. എം.എൽ.എ.-യുടെ പരിമിതി ഞങ്ങൾക്കറിയാം. പക്ഷെ എം.എൽ.എ.-യോടും കൂട്ടരോടും ഞാൻ പറയുന്നു സുരേന്ദ്രനാഥ് ആശാന്റെ പാരിസ്ഥിതികമായ പാരമ്പര്യമുള്ള ഒരു പാർട്ടിയാണ് സി.പി.ഐ. എന്നത് നിങ്ങൾ മറക്കരുത്. കരിമണൽ ഖനനംമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ആലപ്പാട് പഞ്ചായത്തിലെ പാവപ്പെട്ട ജനങ്ങളെ രക്ഷിക്കാൻ, അവിടെ 97 ദിവസമായി നീണ്ടുനിൽക്കുന്ന സമരം ഒത്തുതീർപ്പാക്കി ജനങ്ങളുടെ പ്രശ്നം പരിഹരിക്കാൻ, പിടിവാശിയും തെറ്റായ സമീപനവും ഉപേക്ഷിച്ച് പൊതുമേഖലയുടെ മറവിൽ നടക്കുന്ന കൊള്ള അവസാനിപ്പിക്കാൻ ഗവൺമെന്റ് മുന്നോട്ട് വരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. പി. ടി. തോമസ് കാര്യങ്ങളൊന്നും വ്യക്തമായി മനസ്സിലാക്കാതെയാണ് ഇത്തരത്തിലൊരു പ്രസ്താവന ഇവിടെ നടത്തിയിട്ടുള്ളത്. കെ.എം.എം.എൽ.-ഉം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡും പ്രവർത്തിക്കുന്നത് ഐ.ആർ.ഇ.എൽ. കൊടുക്കുന്ന അസംസ്കൃത വസ്തു ഉപയോഗിച്ചാണ്. അതാണ് അവരുടെ പ്രധാന പ്രോഡക്ട്. അവർ ഉത്പാദിപ്പിക്കുന്ന സാധനം ഇന്ന ആൾക്കേ വിൽക്കാവൂ എന്ന് ഒരു കമ്പനിക്കും നിർദ്ദേശിക്കാൻ കഴിയില്ല. ഒരു സ്ഥാപനം

ശരിയായ നിലയിൽ പ്രവർത്തിച്ചാൽ അതിന്റെ മാർക്കറ്റിംഗ് രംഗത്ത് കുറേ സ്വകാര്യ കമ്പനികളുണ്ടാകും; ആ സ്വകാര്യ കമ്പനികൾക്ക് വിൽപ്പന നടത്തേണ്ടി വരും. അല്ലാതെ ഐ.ആർ.ഇ.എൽ. ഉൽപ്പാദിപ്പിക്കുന്ന ഇൽമനൈറ്റ് വേർതിരിച്ചെടുത്ത് അവർക്ക് സൂക്ഷിക്കാൻ കഴിയില്ല. അവർക്ക് ഇൽമനൈറ്റ് വേർതിരിക്കാനേ കഴിയൂ. അത് ടൈറ്റാനിയം ഡൈ ഓക്സൈഡ് പിഗ്മെന്റായി, വാല്യൂ ആഡഡ് പ്രോഡക്ടായി മാറ്റുന്നത് കെ.എം.എം.എൽ.-ഉം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡും ആണ്. കൂടാതെ സ്വകാര്യ കമ്പനികളുമുണ്ട്. ഇവർക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. സ്വകാര്യ കമ്പനികൾക്ക് കൊടുക്കുന്നത് തെറ്റല്ല. ആ കമ്പനിയിലും കുറേ ആളുകൾ പണിയെടുക്കുന്നുണ്ട്. അങ്ങനെ കൊടുക്കുന്നത് സ്ഥാപനത്തിന്റെ എന്തെങ്കിലും താത്പര്യത്തിന് എതിരാണോ എന്നാണ് പരിശോധിക്കേണ്ടത്. ആ പരിശോധനയിൽ എന്തെങ്കിലും പിശകുണ്ടോ; നിങ്ങൾ ചൂണ്ടിക്കാണിച്ചിട്ടില്ല. കെ.എം.എം.എൽ.-നും ടൈറ്റാനിയത്തിനും ഐ.ആർ.ഇ.എൽ. തന്നെയാണ് അതിന്റെ പ്രോഡക്ട് കൊടുക്കുന്നത്. അത് വാങ്ങിക്കൊണ്ടാണ് അവിടെ ഇൽമനൈറ്റ്, സിൽക്കോൺ എന്നീ ധാതുക്കൾ വേർതിരിച്ചെടുത്ത് പ്രോസസ്സ് ചെയ്തുകൊണ്ടിരിക്കുന്നത്.

മറ്റൊരു കാര്യം അദ്ദേഹം ഇവിടെ പറഞ്ഞത്, ആലപ്പാടിന്റെ തീരപ്രദേശങ്ങളിൽ ചിലർ ക്ഷേത്രങ്ങളുണ്ടാക്കുന്നുണ്ട്. എന്തിനെന്നറിയാമോ? കരിമണൽ ഖനനം നടത്താതിരിക്കാൻ. അതിനുവേണ്ടിയുള്ള പല ശക്തികളും അവിടെ പ്രവർത്തിക്കുന്നുണ്ട്. നിങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച കോടീശ്വര ക്ഷേത്രത്തിന്റെ ഭാരവാഹികൾ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സമീപിച്ചു. അവരുടെ പ്രധാന പ്രശ്നം ഫിൽ ചെയ്യുന്ന സ്ഥലം അവർക്ക് നൽകണമെന്നാണ്. അത്തരമൊരു നിവേദനവുമായി അവർ നാളെ എന്നെ കാണാൻ വരുന്നുണ്ട്. അവർക്ക് വേറെ ഒരു പരാതിയുമില്ല.

വിശദീകരണക്കുറിപ്പിൽ ശ്രീ. പി. ടി. തോമസ് പറഞ്ഞിരിക്കുന്ന കാര്യം, ഇവിടെ സ്കൂളുകളും ബിസിനസ്സ് സ്ഥാപനങ്ങളും ഉടമകൾ അറിയാതെ കേരളാ ഗവർണറുടെ പേരിൽ എടുത്തിരിക്കുന്നുവെന്നാണ്. ഉടമയറിയാതെ ഇത്തരത്തിലുള്ള സ്ഥാപനം നടത്താൻ സാധിക്കുമോ? ഏത് ലോകത്താണ് നിങ്ങൾ ജീവിക്കുന്നത്? 3600 കുടുംബങ്ങളുടെ സ്വത്ത് മുഴുവൻ അവരറിയാതെ ഗവർണറുടെ പേരിൽ വരുമോ? നിങ്ങൾ എന്ത് തെറ്റായ ധാരണകളാണ് വച്ച് പുലർത്തുന്നത്. ഒരു നല്ല കാര്യത്തെ എതിർക്കാൻ ഇങ്ങനെ വഴിവിട്ട് കാര്യങ്ങൾ തേടി പോകണോ? ശരിയായ നിലപാട് സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയണം. ഇവിടെ സഖാവ് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പേര് ഉദ്ധരിച്ചു. എന്താണ് ശ്രീമാൻ എ. കെ. ആന്റണി പറഞ്ഞതെന്ന് അറിയാമോ? നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഇവിടെ എന്തായിരുന്നു; ഖനനം ഉണ്ടായിട്ടില്ലേ? അന്ന് ഇതുപോലെ ഈ പ്രദേശത്തല്ലേ ഖനനം നടത്തിയത്? ഐ.ആർ.ഇ.എൽ.-ന്റെ ഒരു ബ്ലോക്കിൽ മാത്രമേ 50 വർഷമായി ഖനന പ്രോസസ്സ്

നടക്കുന്നുള്ളൂ. നിങ്ങളുടെ ഭരണകാലത്തും അവിടെയല്ലേ നടന്നത്; നിങ്ങൾ അന്ന് എവിടെ പോയിരുന്നു? മൂന്ന് കമ്മീഷനുകളും നിങ്ങൾ നിശ്ചയിച്ച കമ്മീഷനുകളാണ്. ഇത് ഖനനം ചെയ്യേണ്ടതാണെന്ന് 2004-ൽ നിങ്ങൾ നിശ്ചയിച്ച കമ്മീഷനാണ് പറഞ്ഞത്. ഇപ്പോൾ നിങ്ങൾ എതിർക്കുന്നതിന്റെ അടിസ്ഥാനമെന്താണ്; നിങ്ങളുടെ കൂട്ടത്തിലുള്ള എല്ലാവരും നിങ്ങളോടൊപ്പം ഉണ്ടോ? യു.ഡി.എഫ്.-ലെ എല്ലാ കക്ഷികളും നിങ്ങളോടൊപ്പം ഉണ്ടോ? ഐ.എൻ.ടി.യു.സി. നിങ്ങളോടൊപ്പം ഉണ്ടോ? നിങ്ങൾ ആർക്കുവേണ്ടിയാണ് ഈ വാദങ്ങളുന്നയിക്കുന്നതെന്ന് സ്വമേധയാ പരിശോധിക്കുന്നത് നല്ലതാണ്.

കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കോൺഗ്രസിന്റെ അഖിലേന്ത്യാ നേതാവ് ശ്രീ. എ. കെ. ആന്റണി, ഖനനം നടത്തണമെന്ന് അദ്ദേഹംതന്നെ പ്രതികരിച്ചിട്ടുണ്ട്. പത്രങ്ങൾക്കും അഭിമുഖം നൽകിയിട്ടുണ്ട്, പ്രസ്താവന ഇറക്കിയിട്ടുമുണ്ട്. അദ്ദേഹം മാത്രമല്ല കേരളം ഭരിച്ചിട്ടുള്ള എല്ലാ ഭരണാധികാരികളും മുഖ്യമന്ത്രിമാരും പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഖനനം നടക്കുന്നതിനെ എതിർക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്? ഈ സമരം പരിഹരിക്കാൻ പ്രത്യേകിച്ചൊന്നും ചെയ്തില്ലെന്ന് നിങ്ങൾ ഇവിടെ പറഞ്ഞു. 16-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ഈ കാര്യങ്ങളിൽ ആലപ്പാട് പഞ്ചായത്തിലെ ജനങ്ങൾക്കുള്ള ഉത്കണ്ഠ മാറ്റാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞു. അവിടെ സമരം ചെയ്യുന്നവരെ വിളിച്ച് ഞാൻ ചർച്ച ചെയ്തു. നിങ്ങൾ പറയുന്നിടത്ത് അവർ നിൽക്കുമോ? ഈ സമരം തുടങ്ങുന്നത് അവിടെ നിന്നാണെന്ന് നിങ്ങൾ ധരിക്കരുത്. ഇത് തീർച്ചയായും നമ്മുടെ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യങ്ങൾക്ക് എതിരായിട്ടുള്ള സമരമാണ്. ഇവിടെനിന്ന് കരിമണൽ ശേഖരിച്ച് കടത്തിക്കൊണ്ടുപോകുന്നുണ്ടെങ്കിൽ ശക്തമായി പ്രതിരോധിക്കേണ്ടതുണ്ട്. ആ പ്രദേശങ്ങളിലുള്ള ചിലരെ ഉപയോഗിച്ചുകൊണ്ട് കരിമണൽ സംഭരിച്ചുവച്ച് രാത്രി ലോറിയിലും ബോട്ടിലുമായി കടത്തുകയാണ്. പൂർണ്ണമായും നാട്ടുകാരുടെയും പോലീസിന്റെയും സഹായത്തോടുകൂടി കരിമണൽ കടത്തിക്കൊണ്ടുപോകുന്നത് തടഞ്ഞാൽ മാത്രമേ ഈ സമരം തീരുകയുള്ളൂ. ശക്തമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. കേരളത്തിന്റെ സമ്പത്ത് കേരളത്തിനുതന്നെ അനുഭവിക്കാൻ കഴിയണം. ഏറ്റവും വിലപിടിപ്പുള്ളതും ഏറ്റവും ആവശ്യമുള്ളതുമായ വസ്തുവാണ് കരിമണൽ. ഇത് എല്ലാക്കാലവും ഇവിടെനിന്ന് ലഭിക്കുമെന്ന് കരുതണ്ട. ഇപ്പോൾ കടൽ തരുന്നുവെന്നേയുള്ളൂ. എല്ലാ കാലഘട്ടങ്ങളിലും സഞ്ചാരഗതികളും ധ്രുവീകരണവും ഭൗമചലനങ്ങളും ഇതുപോലെ ആകണമെന്നില്ല. വഴിവിട്ടുപോയാൽ വേറെ സ്ഥലത്തേയ്ക്ക് പോകും. ഈ കാര്യങ്ങളെല്ലാം ശരിയായി നിരീക്ഷണം നടത്തി കാര്യങ്ങൾ കൈകാര്യം ചെയ്തുപോകാൻ സാധിക്കണം. നിരവധി ഏജൻസികൾ സ്ഥലത്തെക്കുറിച്ച് പറഞ്ഞു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അവിടെ 90 ദിവസത്തിലേറെയായി സമരം നടക്കുകയാണ്. പ്രാദേശികതലത്തിലുള്ള ജനങ്ങളാണ് സമരത്തിന് മുമ്പിലുള്ളത്. ഇതിലൊരു രാഷ്ട്രീയവുമില്ല. ഡി.വൈ.എഫ്.ഐ., യൂത്ത് കോൺഗ്രസ്, എ.ഐ.വൈ.എഫ്. എന്നിങ്ങനെ എല്ലാ രാഷ്ട്രീയക്കാരുമുണ്ട്. പക്ഷെ മലപ്പുറത്തുകാരാണ് അവിടെ സമരം ചെയ്യുന്നതെന്ന് പറഞ്ഞത് എന്തടിസ്ഥാനത്തിലാണ്; സമരക്കാരെ ഇത്രയും ആക്ഷേപിക്കാൻ എന്തുകാര്യമാണ് അവിടെ ഉണ്ടായത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മലപ്പുറം എന്നുകേൾക്കുന്നത് നിങ്ങളുടെ സ്വകാര്യ സ്വത്താണെന്ന് ധരിക്കരുത്. മലപ്പുറം എല്ലാവരുടേതുമാണ്. ഞാനെന്തുകൊണ്ടാണ് മലപ്പുറം എന്നുപറഞ്ഞത്; മലപ്പുറത്തുള്ള പത്രം ഓഫീസിൽ ഇവിടെയുള്ള ഒരാൾ ചെന്നിരുന്ന് മാധ്യമങ്ങളുമായി ചർച്ച നടത്തേണ്ട കാര്യമില്ലല്ലോ; ഇങ്ങനെ കുറെ ആളുകളെകൊണ്ടിരുത്തി എന്തിനുവേണ്ടി ചർച്ച നടത്തി? നിങ്ങളതിന്റെ പശ്ചാത്തലംകൂടി പഠിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുകൂടി പഠിക്കണം. നിങ്ങൾ കേരള സംസ്ഥാനത്തിന്റെ താൽപ്പര്യമാണ് രക്ഷിക്കുന്നതെങ്കിൽ വിശദമായി കാര്യങ്ങൾ പരിശോധിച്ച് ഒരു നിലപാട് സ്വീകരിക്കണം. ഇപ്പോൾ പ്രകടിപ്പിക്കുന്ന നിലപാട് തന്നെ ശരിയായ നിലയിലുള്ളതല്ലെന്നാണ് എന്റെ അഭിപ്രായം. 3600 കുടുംബങ്ങൾക്ക് വീടും വസ്തുവും നഷ്ടപ്പെട്ടുവെന്ന് ശ്രീ. പി. ടി. തോമസ് പറഞ്ഞു. ഏതെങ്കിലും ഒരു കുടുംബം പരാതി പറയണ്ടേ? നിങ്ങളുടെ അടുത്തുവന്ന് ആരെങ്കിലും പരാതി പറഞ്ഞിട്ടുണ്ടോ; പ്രതിപക്ഷനേതാവിനോട് പറഞ്ഞിട്ടുണ്ടോ; എവിടെനിന്നാണ് നിങ്ങൾക്ക് ഈ കണക്ക് കിട്ടിയത്? ആക്ഷേപിക്കാൻ വേണ്ടി എന്തെങ്കിലും കണ്ടെത്തുക എന്നുള്ളത് ഗുണകരമായ സമീപനമല്ല. ഈ നിലപാട് നിങ്ങൾ തിരുത്തണം. അവിടെ ലീസിന് അനുമതി കൊടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള അറ്റോമിക് മിനറൽ ഡയറക്ടറേറ്റാണ്. പരിസ്ഥിതി പ്രശ്നങ്ങളെല്ലാം സസൂക്ഷ്മം പഠിച്ചും ഇതു സംബന്ധിച്ച് നിരീക്ഷണം നടത്തിയിട്ടുമാണ് അനുവാദം നൽകുന്നത്. അനുവാദം വാങ്ങിയിട്ടാണ് ഐ.ആർ.ഇ.എൽ. പ്രവർത്തിക്കുന്നതെന്ന് അവരെ വിളിച്ചുചേർത്തിട്ടുള്ള യോഗത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കളക്ടർ നൽകിയ റിപ്പോർട്ടിൽ അവിടെ റിക്കോർഡില്ല എന്ന് പറഞ്ഞിട്ടുണ്ട്. പല ഏജൻസികളും പല തരത്തിൽ പഠനം നടത്തിയിട്ടുണ്ടാകും. ആലപ്പാട് ഭൂമി നഷ്ടപ്പെട്ടുപോയത് സുനാമി കാലഘട്ടത്തിലാണ്. സുനാമി തിരയടിച്ചാണ് ആലപ്പാട് വലിയൊരു ഭാഗം തകർന്നുപോയത്. അതിന്റെ പുനരധിവാസത്തിനാണ് നമ്മളെല്ലാം ചിന്തിച്ച് പ്രവർത്തിച്ചിട്ടുള്ളത്. ആ കാര്യമൊന്നും അങ്ങ് മറന്നുപോകരുത്. സുനാമി തിരയടിച്ചതും കേരള ഗവൺമെന്റിന്റെ പുറത്തിരിക്കട്ടെയെന്ന് പ്രിയപ്പെട്ട പി. ടി. തോമസ് ചിന്തിക്കരുത്. നല്ലതിനെ നല്ലതായി കാണാനും ശരിയെ ശരിയായി അംഗീകരിക്കാനും സാധിക്കണം. ഇവിടെ കരിമണൽ കടത്തിക്കൊണ്ടുപോകുന്നതിന് എതിരായ ശക്തമായ നിലപാട് സ്വീകരിക്കണം. അതുമുഴുവൻ നമുക്ക് സംഭരിക്കാൻ

സാധിക്കണം. ആ സമ്പത്ത് മുഴുവൻ കേരളത്തിന് ലഭിച്ചാൽ അത് ഇടതുപക്ഷത്തിന്റേതല്ല, കേരളത്തിന്റെ സമ്പത്തായി തീരും. തെറ്റായ പ്രസ്താവനകളാണ് അദ്ദേഹം നടത്തിയിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട കാര്യമില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, എന്തുകൊണ്ടാണ് ഞങ്ങൾ ഈ അടിയന്തരപ്രമേയം അവതരിപ്പിച്ചതെന്നാണ് മന്ത്രി ചോദിച്ചത്. 50 വർഷമായി ഖനനം നടക്കുന്നില്ലേയെന്നും ചോദിച്ചു? ഉണ്ട്. കഴിഞ്ഞകാല ഗവൺമെന്റുകളുടെ കാലത്തും ഇതുണ്ടായിട്ടില്ലേ? ഉണ്ട്. എന്തുകൊണ്ടാണ് പ്രതിപക്ഷം ഇത്തരത്തിലുള്ള ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചതെന്നായിരുന്നു അദ്ദേഹത്തിന്റെ സംശയം. ഈ സഭയിലെ ഒരംഗവും പരിസ്ഥിതി കമ്മിറ്റിയുടെ ചെയർമാനുമായ ശ്രീ. മുല്ലക്കര രത്നാകരൻ ഈ നിയമസഭയിലാണ് 2018 ഫെബ്രുവരി 6-ാം തീയതി നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചത്. ആലപ്പാട്ടെ ജനങ്ങളുടെ ആശങ്കകളെ ന്യായീകരിക്കുന്ന ഒരു വലിയ റിപ്പോർട്ടാണ് അദ്ദേഹമിവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ആശങ്കകൾ കൂടി ഉയർന്നുവന്ന സാഹചര്യത്തിൽ ഉത്തരവാദിത്വപ്പെട്ട ഒരു പ്രതിപക്ഷമെന്നുള്ള നിലയിൽ ഞങ്ങൾ കൊണ്ടുവന്ന ഒരു അടിയന്തര പ്രമേയത്തെ അദ്ദേഹം നിസ്സാരവൽക്കരിച്ചതിൽ ശക്തമായ പ്രതിഷേധം ഞാൻ ആദ്യമായി രേഖപ്പെടുത്തുകയാണ്. 50 വർഷമായി ഖനനം നടക്കുമ്പോൾ എന്തുകൊണ്ട് ഇത് വന്നില്ല എന്ന് ചോദിച്ചതിനുള്ള ഉത്തരമാണ് ശ്രീ. മുല്ലക്കര രത്നാകരൻ നിയമസഭയുടെ മുമ്പിൽ വച്ച റിപ്പോർട്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ആ റിപ്പോർട്ട് അവതരിപ്പിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. അത് അങ്ങേയ്ക്കറിയാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആ നാട്ടിലെ ജനങ്ങളുടെ ആശങ്കകളും അവരുടെ പ്രതിഷേധങ്ങളും ഉയർന്നുവന്ന 90-ാം ദിവസത്തെ സമരമാണ് അവിടെ നടക്കുന്നത്. ഞാൻ അവിടെ പോയ ഒരാളാണ്. ഞങ്ങളാരും അവിടെ ഐ.ആർ.ഇ.എൽ.-ന്റെ പ്രവർത്തനം നിർത്തിവയ്ക്കണമെന്ന് പറയുന്നവരല്ല. ഞങ്ങളാരും കെ.എം.എം.എൽ.-ന്റെ പ്രവർത്തനം നിർത്തിവയ്ക്കണമെന്നല്ല പറഞ്ഞിട്ടുള്ളത്. കരിമണൽ ഖനനം പാടെ ഒഴിവാക്കേണ്ടതാണെന്ന അഭിപ്രായം

സമിതിക്കില്ലെന്ന് പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ടിൽത്തന്നെ പറയുന്നു. അങ്ങ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കരുത്. അവിടത്തെ ഖനനം നിർത്തിവച്ച് ഐ.ആർ.ഇ. എൽ.-ഉം കെ.എം.എം.എൽ.-ഉം പൂട്ടണം, ആയിരക്കണക്കിന് തൊഴിലാളികളുടെ ജീവിതം അപകടത്തിലാക്കണമെന്നല്ല ഞങ്ങൾ പറഞ്ഞത്. വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ് ഇന്ന് അവിടെയുണ്ടായിരിക്കുന്നത്. ജനിച്ച മണ്ണിൽ മരിക്കണമെന്ന് ആഗ്രഹിക്കുന്ന ആലപ്പാട്ടുകാരുടെ ആഗ്രഹം എല്ലാത്തിനും വലുതായിട്ടുള്ള ഒന്നാണ്. ആലപ്പാട്ടുകാരുടെ പ്രശ്നമെന്താണെന്നാണ് പഠിക്കേണ്ടത്. ആലപ്പാട് നടക്കുന്ന സമരം ഒരു രാഷ്ട്രീയ കക്ഷികളുടെയും സമരമല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് മലപ്പുറത്തുകാർ വന്നു നടത്തുന്ന സമരമല്ല, അവിടത്തെ പാവപ്പെട്ട ജനങ്ങൾ നടത്തുന്ന സമരമാണ്. അതിനകത്ത് രാഷ്ട്രീയമില്ല. ഞാൻ ചെന്ന ദിവസമാണ് ഡിവൈ.എഫ്.ഐ.-യുടെ അഞ്ച് പ്രവർത്തകർ അവിടെ സമരം ചെയ്തത്. യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. സി. ആർ. മഹേഷിന്റെ സമരം അവസാനിപ്പിച്ചതിനു ശേഷം, ഡി.വൈ.എഫ്.ഐ.-കാരാണ് സമരം നടത്തിയത്. അതുകഴിഞ്ഞ് എ.ഐ.വൈ.എഫ്.-കാർ സമരം നടത്തി. നമ്മൾ ഇവിടെ കാണേണ്ട ഒരു കാര്യമുണ്ട്. ഖനനത്തിന് ആരും എതിരല്ല; പൊതുമേഖലാ സ്ഥാപനങ്ങളെ ഇല്ലാതാക്കാൻ നടത്തുന്ന കാര്യവുമല്ല. പരിസ്ഥിതി കമ്മിറ്റി റിപ്പോർട്ട് ഈ ഗവൺമെന്റ് പരിശോധിക്കണ്ടേ? നിരവധി കമ്മീഷൻ റിപ്പോർട്ടുകൾ നമ്മുടെ മുമ്പിലുണ്ട്. ആലപ്പാട് എന്നു പറയുന്നത് എന്റെ നിയോജകമണ്ഡലവുമായി ചേർന്നു കിടക്കുന്ന പ്രദേശമാണ്. എന്റെ നിയോജകമണ്ഡലത്തിലെ വലിയഴീക്കൽ കഴിഞ്ഞാൽ അഴീക്കൽ, അതുകഴിഞ്ഞ് ആലപ്പാടാണ്. ഇവിടെ കരിമണൽ ഖനനംമൂലം അതീവ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നു. അവിടെയുണ്ടായിരുന്ന കണ്ടൽക്കാടുകൾ മുഴുവൻ നശിച്ചു. അവിടെ വലിയ വലിയ കുഴികളുണ്ടാകുന്നു, ഞാൻ അവിടെ പോയിക്കണ്ടതാണ്. ഇവിടെ പ്രശ്നമെന്താണ്? ഐ.ആർ.ഇ.എൽ.-ഉം കെ.എം.എം.എൽ.-ഉം ആവശ്യമായ കരിമണൽ എടുത്തശേഷം ഈ മണൽ എവിടെ കൊണ്ടുപോകുന്നു? മന്ത്രി ശ്രദ്ധിക്കണം. ഈ മണൽ മുഴുവനും അവർ കൊണ്ടുപോയി വിൽക്കുകയാണ്. ആ മണൽ എന്താണ് ചെയ്യേണ്ടത്? ഈ കരിമണൽ എടുത്ത കുഴികളിൽ മണൽ റീഫിൽ ചെയ്ത്, അവിടെ ചെടികൾ വച്ചുപിടിപ്പിച്ച്, കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ച് ഹരിതാഭമാക്കി മാറ്റണമെന്നാണ് എല്ലാ റിപ്പോർട്ടുകളും പറയുന്നത്. അങ്ങ് ആ പ്രദേശം സന്ദർശിച്ചാൽ കാണാൻ കഴിയും, ആ സ്ഥലങ്ങൾ മുഴുവൻ വലിയ ഗർത്തങ്ങളായി കിടക്കുകയാണ്.

മി. സ്പീക്കർ: അദ്ദേഹം പോകുന്നുണ്ടെന്ന് പറഞ്ഞല്ലോ?

ശ്രീ. രമേശ് ചെന്നിത്തല: അദ്ദേഹം പോയാൽ മനസ്സിലാകും. അദ്ദേഹം ഞങ്ങളെ കുറ്റപ്പെടുത്തേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് പരിസ്ഥിതിയെ സ്നേഹിക്കുന്ന ഒരാളാണ്, അങ്ങേയ്ക്കും വേണമെങ്കിൽ സന്ദർശിക്കാം. അവിടെ കാണുന്ന പ്രശ്നമെന്താണ്? ഈ മണൽ എടുത്തുകൊണ്ടുപോകുന്ന സ്ഥലങ്ങളിൽ വലിയ

കുഴികളാണ്. അവിടെ ഐ.ആർ.ഇ.എൽ. എന്തുചെയ്യുന്നു? ഈ മണൽ തിരിച്ചു കൊണ്ടിടുന്നില്ല. കണ്ടൽക്കാടുകൾ പൂർണ്ണമായും നശിക്കുന്നു. അവിടെയുണ്ടായിരുന്ന കാറ്റാടിമരങ്ങൾ പൂർണ്ണമായും നശിച്ചു. പരിസ്ഥിതിക്ക് വലിയ തോതിൽ ആഘാത മുണ്ടാക്കുന്നുവെന്നുള്ളതാണ് അവിടത്തെ ആളുകളുടെ ഒന്നാമത്തെ പ്രശ്നം. രണ്ടാമത്തെ പ്രശ്നം, സി.എസ്.ആർ. ഫണ്ടുപയോഗിച്ച് ആലപ്പാട് എന്തുചെയ്തു?

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, അദ്ദേഹം പറഞ്ഞപ്പോൾ ഒരു കാര്യം വ്യക്തമാക്കേണ്ടതാണ്. അവിടെ സമരം നടത്തുന്നവർ ഉന്നയിക്കുന്ന പ്രധാനപ്പെട്ട മുദ്രാവാക്യം, ഖനനം പൂർണ്ണമായും അവസാനിപ്പിക്കണമെന്നാണ്. അതൊഴിച്ചുള്ള എല്ലാ വിഷയങ്ങളും ആ സമരസമിതിയുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തതാണ്. ആ ചർച്ചയിൽ ഖനനം പൂർണ്ണമായും അവസാനിപ്പിക്കണമെന്ന ആവശ്യം അവിടെയും അവർ ഉന്നയിച്ചുവെന്നുള്ളത് വസ്തുതയാണ്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ആ യോഗം അവസാനിക്കുന്നത് ഏതാണ്ട് തൃപ്തികരമായ ഒരന്തരീക്ഷത്തിലാണ്.

ശ്രീ. പി. ടി. തോമസ് അടിയന്തരപ്രമേയത്തിൽ അവതരിപ്പിച്ചത് ഞാൻ അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിന്റെ അതേ വിഷയം തന്നെയാണ്. ഖനനം പൂർണ്ണമായി അവസാനിപ്പിക്കുക എന്ന സമരസമിതിയുടെ ആവശ്യത്തിനോട് നിങ്ങളുടെ അഭിപ്രായമെന്താണ് എന്നുള്ളത് വ്യക്തമാക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ ചർച്ചയില്ല, ചർച്ച ചെയ്യാനാണെങ്കിൽ, ഈ വിഷയത്തിൽ ചർച്ചയാകാം.

<u>മി. സ്പീക്കർ</u>: ശ്രീ. ആർ. രാമചന്ദ്രൻ, അങ്ങ് ചോദ്യം ചോദിച്ചല്ലോ, ഇരിക്കു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം.എൽ.എ.-ക്ക് ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ അങ്ങയുടെ ആ ശ്രദ്ധ ക്ഷണിക്കലിൽ ആ സമരത്തെപ്പറ്റി ഒരു വാക്കെങ്കിലും അങ്ങ് പറയേണ്ടതായിരുന്നു. 90 ദിവസമായി അങ്ങയുടെ മണ്ഡലത്തിൽ നടക്കുന്ന ഒരു സമരത്തെപ്പറ്റി ഒരു വാക്ക് പറയാൻ അങ്ങ് തയ്യാറായില്ല. എന്തുകൊണ്ട് തയ്യാറായില്ല? ഞാൻ പറഞ്ഞു വന്നത്, കണ്ടൽക്കാടുകൾ തകർന്നു, ജലസ്രോതസ്സുകൾ തകരുന്നു, തൊഴിൽ മേഖലയിൽ അപകടകരമായ കുറവുണ്ടാകുന്നു. ഖനനത്തിന് അനുമതി കൊടുത്തത് എങ്ങനെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ; കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പരിസ്ഥിതി സംരക്ഷണ വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് ഖനനാനുമതി കൊടുത്തിട്ടുള്ളത്. ആ അനുമതി പാലിക്കുന്നുണ്ടോ? അവിടത്തെ ആളുകൾ ചോദിക്കുന്നതാണ്. അനുമതി നൽകിയപ്പോൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പരിസ്ഥിതി സംരക്ഷണ വ്യവസ്ഥ പാലിക്കണമെന്നുണ്ട്. അത് പാലിക്കുന്നില്ല. അതാണ് അങ്ങ് പരിശോധിക്കേണ്ടത്. അതുപോലെ, ജനങ്ങളുടെ പരാതിയിൽ കഴമ്പുണ്ട്. അതിനകത്തുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്താണ്?

ഖനനത്തിനുശേഷം പ്രത്യേക ഭാഗങ്ങളായി തിരിച്ച് ഹരിത മേഖലയാക്കണം. വട്ടക്കായലിന് സമീപമുള്ള പ്രദേശങ്ങൾ ചെടിവച്ച് ഹരിതാഭമാക്കണം. കണ്ടൽക്കാടുകളും കാറ്റാടിമരങ്ങളും അവിടെ വച്ചുപിടിപ്പിക്കണം. ഐ.ആർ.ഇ.എൽ.-ഉം കെ.എം.എം.എൽ.-ഉം എന്തുകൊണ്ട് ഇത്തരം കാര്യങ്ങൾ ചെയ്യുന്നില്ല. അതോടൊപ്പം സി.എസ്.ആർ. ഫണ്ടു പയോഗിച്ച് അവിടെ എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയോ; ക്ഷേമ പ്രവർത്തനങ്ങൾ നടന്നോ; അവിടത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് എന്തെങ്കിലും സഹായം ചെയ്തു കൊടുത്തോ; അവിടെയുള്ള ഗ്രന്ഥശാലയുടെ നവീകരണത്തിന് എന്തെങ്കിലും ചെയ്തു കൊടുത്തോ; സ്കൂളിന് എന്തെങ്കിലും സഹായം ചെയ്തുകൊടുത്തോ? ഇത്തരം പരാതികൾ അവിടെ വ്യാപകമാണ്. ആ മേഖല മുഴുവൻ കടൽ കയറി നശിക്കുന്നു. അതാണ് ശ്രീ. പി. ടി. തോമസ് ഇവിടെ പറഞ്ഞത്. കടലാക്രമണ ഭീഷണിയുണ്ടാകുന്ന പ്രദേശമാണ്. അവിടെ പുലിമുട്ടും കടൽഭിത്തിയും നിർമ്മിക്കാൻ എന്തുകൊണ്ട് മുന്നോട്ടുവരുന്നില്ല? ചെന്നൈ ആസ്ഥാനമായുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ മാനേജ്മെന്റ് സ്റ്റഡി വളരെ പ്രസക്തമാണ്. ഈ സ്ഥലങ്ങളിൽ സമഗ്രമായ തോതിലുള്ള പ്രവർത്തനങ്ങൾ നടത്തി അവിടത്തെ ജനങ്ങളെ സംരക്ഷിക്കാനുള്ള നടപടിയാണുണ്ടാകേണ്ടത്. അത് ചെയ്യുന്നില്ല. അതുപോലെ അവരുടെ ആവശ്യമെന്താണ്? ജനപ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥന്മാരും വിദഗ്ദ്ധന്മാരുമടങ്ങുന്ന ഒരു സമിതിയെ വച്ച് പരിശോധിപ്പിക്കണം. കാര്യങ്ങളെപ്പറ്റി പഠിച്ചിട്ടുവേണം ഇത്തരം കാര്യങ്ങൾ ചെയ്യേണ്ടത്. അതുചെയ്യാതെ അവിടെ സമരം ചെയ്യുന്നവരെ കുറ്റപ്പെടുത്തിയ മന്ത്രിയുടെ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

കള്ളക്കടത്ത് നടക്കുന്നുവെന്ന് പറയുകയുണ്ടായി. ആരാണത് തടയേണ്ടത്; കരിമണൽ കള്ളക്കടത്ത് നടത്തുന്നുണ്ടെങ്കിൽ അത് തടയുന്നതിന് മുൻകയ്യെടുക്കേണ്ടത് സർക്കാരാണ്. സർക്കാർ എന്തുകൊണ്ട് മുൻകയ്യെടുക്കുന്നില്ല? ആ മേഖലയിൽ മാത്രമല്ല, അമ്പലപ്പുഴ വരെയുള്ള സ്ഥലങ്ങളിൽ ഇതുപോലെ രാത്രികാലങ്ങളിൽ കരിമണൽ കടത്തിക്കൊണ്ട് പോകുന്നുണ്ട്. തമിഴ്നാട്ടിലുള്ള മുതലാളിമാരാണ് ഇങ്ങനെ കരിമണൽ കടത്തിക്കൊണ്ട് പോകുന്നതെന്ന വ്യാപകമായ പരാതിയുണ്ട്. അത് തടയാൻ എന്ത് നടപടി സ്വീകരിച്ചു? ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ജനങ്ങളെ വിശ്വാസത്തിലെടുക്കണം എന്നതാണ്. സമരം ചെയ്യുന്നവരെ ആക്ഷേപി ക്കുകയല്ല വേണ്ടത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഒരു കാര്യം മനസ്സിലാക്കണം. ഈ നാട്ടിൽ സമരം ചെയ്യുന്നവരെല്ലാം ശുദ്ധമായ ലക്ഷ്യത്തോടുകൂടിയാണ് സമരം ചെയ്യുന്നതെന്ന് അങ്ങ് പറയുന്നത് തെറ്റാണ്. ആലപ്പാട് സമരത്തിന്റെ പിന്നിൽ സർക്കാർ ഉദ്യോഗസ്ഥനാണെന്ന പ്രസ്താവന കൂടി അങ്ങ് കൊടുത്തു. അത് ശരിയാണോ? ആലപ്പാട് തീരദേശത്തെ കരിമണൽ ഖനനം നിർത്തി വയ്ക്കാനാവില്ലെന്ന് ആവർത്തിച്ചു പറഞ്ഞ വ്യവസായ വകുപ്പുമന്ത്രി സമരം തുടരുന്നതിന്റെ പിന്നിൽ സെക്രട്ടേറിയറ്റിലെ

ഒരുദ്യോഗസ്ഥന് പങ്കുണ്ടെന്ന് ആരോപിച്ചു. ആരാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടെന്നും പറഞ്ഞു. ആ ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കട്ടെ; അത് ആരാണെന്ന് പറയട്ടെ. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിലുണ്ടാകുന്ന തീരാദുഃഖം, പ്രയാസം, അവരുടെ ആകാംക്ഷകൾ, പ്രതീക്ഷകൾ, അത് മുഴുവൻ കരിഞ്ഞുണങ്ങുന്നവെന്ന് കണ്ടപ്പോൾ അവിടെ സമരത്തിനിറങ്ങിയ ആളുകളെ ആക്ഷേപിക്കുകയല്ല വേണ്ടത്; അങ്ങ് ഇനിയും അവരുമായി ചർച്ച നടത്തണം. അവിടെ ഖനനം നിർത്തിവയ്ക്കണമെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. ഐ.ആർ.ഇ.എൽ.-ഉം കെ.എം.എം.എൽ.-ഉം പൂട്ടണമെന്ന് പറഞ്ഞിട്ടില്ല. പക്ഷേ അവിടത്തെ സമരക്കാരെ ആക്ഷേപിച്ചതും അവരുടെ സമരത്തോട് നിഷേധാത്മക സമീപനം സ്വീകരിച്ചതും ഈ ഗവൺമെന്റാണ്. അങ്ങ് അവിടം സന്ദർശിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങേയ്ക്ക് ഉദ്യോഗസ്ഥന്മാർ എഴുതിത്തന്നതെല്ലാം ശരിയാണോ എന്ന് പരിശോധിക്കണം.

ശ്രീ. ഇ. പി. ജയരാജൻ: സർ, ആക്ഷേപിച്ചതിന് എതിരായിട്ടാണോ അവിടെ സമരം ചെയ്യുന്നത്? ഖനനം ചെയ്യുന്നതിന് എതിരായിട്ടാണ് സമരം ചെയ്യുന്നത്. ഖനനം നിർത്തിയാൽ ആ കമ്പനി പൂട്ടും. കമ്പനി പൂട്ടിയാൽ വലിയ നഷ്ടമാണ്. അതാണ് അതിന്റെ തുടക്കം. നിങ്ങൾ യാഥാർത്ഥ്യങ്ങളിൽനിന്ന് തെറ്റായ നിലപാട് സ്വീകരിച്ചവരെ ന്യായീകരിക്കാൻ പുറപ്പെടരുത്. നിങ്ങളുടെ ഐ.എൻ.റ്റി.യു.സി. അതിന്റെ പിന്നിലില്ല. നിങ്ങളുടെ എല്ലാ ആളുകളും അതിന്റെ പിന്നിലില്ല. ഈ രണ്ട് കമ്പനികളിലെ തൊഴിലാളികൾ ഇതിനെതിരായി രംഗത്ത് വരികയാണ്. ഇതെല്ലാം നിങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തണം. അവിടെ ഖനനവും സീ വാഷിംഗും നടത്താൻ പാടില്ലെന്നുള്ളതാണ് അവരുടെ ഡിമാന്റ്. അതുസംബന്ധിച്ചാണ് അവിടെ ഇപ്പോഴും തർക്കം നിലനിൽക്കുന്നത്. അല്ലാതെ സമരത്തെ തള്ളിപ്പറഞ്ഞതു കൊണ്ടല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുകൊണ്ടാണ് ഇക്കാര്യത്തിൽ രാഷ്ട്രീയമില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞത്. ആലപ്പാട്ടുകാരുടെ അതിജീവനത്തിന്റെ പ്രശ്നമാണിത്. അതിൽ രാഷ്ട്രീയമില്ല. അങ്ങയുടെ പാർട്ടിക്കാരും അവിടെ സമരം ചെയ്യുന്നുണ്ട്. ഡിവൈ.എഫ്.ഐ., എ.ഐ.വൈ.എഫ്. തുടങ്ങിയ സംഘടനകളും സമരം ചെയ്യുന്നുണ്ട്. ഇതിൽ എന്ത് രാഷ്ട്രീയമാണുള്ളത്? ഐ.എൻ.റ്റി.യു.സി. തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കും.

മി. സ്പീക്കർ: ഖനനത്തിന് പ്രതിപക്ഷത്തിന് യോജിപ്പില്ലെന്ന് അങ്ങിവിടെ പറയുകയുണ്ടായി. ഖനനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രസ്തുത സ്ഥലം സന്ദർശിച്ച് പരിഹരിക്കാൻ ശ്രമിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇന്നലെയും ഇന്നും പറഞ്ഞത്. ഈ സാഹചര്യത്തിൽ ഒരു യോജിപ്പിന്റെ തലത്തിൽ നിന്നുകൂടെ?

ശ്രീ. രമേശ് ചെന്നിത്തല: സർ, യോജിപ്പിന്റെ പ്രശ്നമല്ല. മന്ത്രിയുടെ സമീപനമാണ് പ്രശ്നം. ഈ സമരം അവസാനിപ്പിക്കാതിരിക്കുന്നത് സെക്രട്ടേറിയറ്റിലെ ഒരു ഉദ്യോഗസ്ഥനാണെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം ആദ്യംമുതൽ സ്വീകരിച്ച സമീപനം തെറ്റാണ്.

മി. സ്പീക്കർ: സഭയിൽ പറഞ്ഞത് മുഖവിലയ്ക്കെടുക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അൻപത് വർഷമായി അവിടെ ഖനനം നടക്കുന്നുണ്ട്. എല്ലാ ഗവൺമെന്റുകളുടെയും കാലത്ത് ഖനനം നടക്കുന്നുണ്ട്. ഖനനവുമായി ബന്ധപ്പെട്ട് നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ അതൊരു ജനാധിപത്യ ഗവൺമെന്റിന് കാണാനും കേൾക്കാനും ഉത്തരവാദിത്വമില്ലേ; അവർ ഉന്നയിക്കുന്ന ഒരാവശ്യം അതായതുകൊണ്ട് അവരുമായി ചർച്ച ചെയ്യില്ലെന്ന് പറയുന്നത് ശരിയാണോ; സർക്കാർ ഇക്കാര്യത്തിൽ അങ്ങേയറ്റത്തെ തെറ്റായ സമീപനമാണ് സ്വീകരിക്കുന്നത്. ആലപ്പാട്ടുകാരുടെ സമരത്തെ ആക്ഷേപിക്കുകയാണ്. ഇക്കാര്യം സഭനിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള ആവശ്യം അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഇവിടെ ഏത് സമരങ്ങൾ വന്നാലും ആ സമരങ്ങളൊക്കെ ഗൂഢാലോചനയുടെ ഫലമായി ഉണ്ടാകുന്നതാണെന്ന സമീപനം സർക്കാർ ഒഴിവാക്കണം. പണ്ട് കീഴാറ്റൂരിൽ വയൽക്കിളികളുടെ പ്രശ്നം വന്നപ്പോൾ.... (ബഹളം)...

മി. സ്പീക്കർ: അദ്ദേഹം വാക്കൗട്ട് സ്പീച്ച് നടത്തി പോകട്ടെ....പ്ലീസ്... ശ്രീ. എ. എൻ. ഷംസീർ.....

ഡോ. എം. കെ. മുനീർ: സർ, ഏത് സമരം വന്നുകഴിഞ്ഞാലും അതിലൊരു ഗൂഢാലോചനയുണ്ടെന്ന് പറയുന്നത് സർക്കാരിന് ചേർന്ന നിലപാടല്ല.....(ബഹളം)...

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, ശ്രീ. രാജേഷ് ഇരിക്കൂ.... പ്രതിപക്ഷാംഗങ്ങൾക്ക് പ്രസംഗിക്കാനുള്ള ഊർജ്ജം പകരുകയല്ല നിങ്ങളുടെ ജോലി. ദയവായി നിങ്ങൾ സീറ്റിൽ ഇരിക്കണം.

ഡോ. എം. കെ. മുനീർ: സർ, എനിക്കൊരു മറുപടി നൽകണം. ഇവിടെ സംസാരിക്കാൻ പോലും കഴിയില്ലേ; എഴുന്നേറ്റ് നിന്ന് ഞങ്ങൾക്കൊരു വാക്ക് പറയാൻ പറ്റില്ലേ; അതും രേഖയിൽ നിന്ന് നീക്കം ചെയ്യുകയാണോ; എന്റെ പ്രസംഗം മുഴുവനായും രേഖയിൽ നിന്ന് നീക്കം ചെയ്യുകയാണെങ്കിൽ, എന്റെ പ്രസംഗമൊന്നും രേഖയിലുണ്ടാകില്ലെന്ന് അങ്ങ് മുൻകൂട്ടി പറയണം.

മി. സ്പീക്കർ: അതിന് എന്താണിവിടെ പ്രസക്തിയെന്ന് മനസ്സിലായില്ല. രേഖയിൽ നിന്ന് നീക്കം ചെയ്യുന്നത് ഷംസീറല്ലല്ലോ.

ഡോ. എം. കെ. മുനീർ: സർ, അങ്ങ് മലപ്പുറത്തുനിന്ന് വരുന്ന ആളാണ്. ഒരു സമരം നടക്കുമ്പോൾ പല ആളുകളും വന്ന് സമരത്തോട് ആഭിമുഖ്യം കാണിക്കില്ലേ? ഇടുക്കിയിൽ നടന്ന സമരത്തിന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പോകുന്നത് എന്തിനാണ്? ശ്രീ. വി. എസ്. അച്ചുതാനന്ദൻ എല്ലാ സമരത്തിലും പങ്കെടുക്കുന്നില്ലേ; അദ്ദേഹം വേറൊരു സ്ഥലത്തുനിന്ന് വരുന്നതാണെന്ന് പറഞ്ഞിട്ട് അതിനെതിരെ ആരെങ്കിലും ആക്ഷേപിക്കാറുണ്ടോ? അതുകൊണ്ട് മലപ്പുറം എന്ന് പറഞ്ഞിട്ട്, മലപ്പുറത്ത് എല്ലാം പ്രശ്നക്കാരാണെന്ന രീതിയിൽ അങ്ങ് സംസാരിക്കരുത്. ഏത് വിഷയം ഇവിടെ അവതരിപ്പിക്കുമ്പോഴും മലപ്പുറത്തുകാർ കോപ്പി അടിക്കുന്നവർ, മലപ്പുറത്തുകാർ വിമാനത്താവളത്തിനുവേണ്ടി സംസാരിച്ചാൽ മലപ്പുറം വികാരമാണ്. ആ രീതിയിൽ അങ്ങ് ദയവ് ചെയ്ത് പറയരുത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, നിങ്ങൾ അങ്ങനെ പറയണമെങ്കിൽ പറഞ്ഞോ; അത് ഞങ്ങളുടെ അക്കൗണ്ടിൽ എഴുതേണ്ട.

ഡോ. എം. കെ. മുനീർ: സർ, അങ്ങ് പറഞ്ഞത് ഞാനൊരു പ്രയോഗമായി പറഞ്ഞതാണെന്നാണ്. മലപ്പുറം എന്ന് ഇങ്ങനെ പ്രയോഗമായി ഉപയോഗിക്കേണ്ടതുണ്ടോ?

മി. സ്പീക്കർ: മലപ്പുറം ഏറ്റവും മനോഹരമായ സ്ഥലമാണെന്ന് നമുക്കെല്ലാവർക്കും അറിയാം.

ഡോ. എം. കെ. മുനീർ: സർ, അങ്ങ് ദയവ് ചെയ്ത് പറഞ്ഞുകൊടുക്കണം. സീ വാഷിംഗ് ആറ് മാസം ഇടവിട്ടേ പാടുള്ളൂവെന്ന് ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച റിപ്പോർട്ടിൽ പറയുന്നുണ്ട്. ഞങ്ങൾ കമ്പനികളെക്കുറിച്ച് പറയുമ്പോൾ തൊഴിലാളികൾക്ക് എതിരാണെന്ന് പറയരുത്. കമ്പനി തൊഴിലാളികളെ ഉൾക്കൊള്ളുന്നതാണെങ്കിലും ചില നിയമങ്ങൾ പാലിക്കേണ്ടതുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിശോധിക്കേണ്ടതുണ്ട്. കമ്പനികൾ പൊതുമേഖലയിൽ ആയതുകൊണ്ട് എല്ലാം കാറ്റിൽ പറത്തിക്കൊണ്ട് ചെയ്യാനുള്ള അവകാശമൊന്നുമില്ല. ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച റിപ്പോർട്ടിൽ ലാഭവിഹിതം കൊടുക്കുന്നുണ്ടെന്നാണ് പറയുന്നത്. ആ ലാഭവിഹിതം അവർക്ക് ലഭിക്കുന്നുണ്ടോ; അവരുടെ പുനരധിവാസത്തിനുള്ള പാക്കേജോ, മാസ്റ്റർപ്ലാനോ ഉണ്ടായിട്ടുണ്ടോ; ഇവിടെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്ന സമയത്ത്, പാക്കേജിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് അങ്ങ് ഇടയ്ക്ക് കയറി ചോദിച്ചപ്പോൾ, അക്കാര്യമെങ്കിലും അദ്ദേഹം പറയണ്ടേ? കുഴികൾ കുഴിച്ച് കഴിഞ്ഞാൽ അവ വീണ്ടും നികത്തി താമസയോഗ്യമാക്കുന്നതിന് വേണ്ടിയുള്ള സൗകര്യങ്ങൾ ചെയ്യണ്ടേ?

ഇത്തരത്തിലുള്ള കാര്യങ്ങൾ പറയുന്ന സമയത്ത് നമ്മൾ ഖനനത്തിന് എതിരാണ്, സമരം ഗൂഢാലോചനയുടെ ഭാഗമാണെന്ന് പറഞ്ഞ് ഈ വിഷയത്തെ നിസാരവത്കരിക്കരുത്. ശ്രീ. ആർ. രാമചന്ദ്രൻ തന്നെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്ന സമയത്ത്, 5000 കുടുംബങ്ങൾ അവിടെ നിന്ന് പോയെന്ന് പറഞ്ഞിട്ടുണ്ട്. അത് രേഖയിലുണ്ട്. 5000 കുടുംബങ്ങളെ അവിടെ നിന്ന് കുടിയൊഴിപ്പിക്കുക..... ഖനനം ഉണ്ടാകണമെന്നുള്ളത് ശരിയാണ്. അതിന്റെ പേരിൽ ആ നാട് ഉണ്ടാകരുത് എന്നുപറയുന്ന ഒരവസ്ഥയാണ് നിലനിൽക്കുന്നത്. കനാലിന്റെയും കടലിന്റെയും ഇടയിലുള്ള വിസ്തൃതി 100 മീറ്ററേയുള്ളൂവെന്ന് ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ച ശ്രീ. ആർ. രാമചന്ദ്രൻ പറഞ്ഞിട്ടുണ്ട്. ഈ സമരം അവസാനിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചെയ്യാൻ കഴിയുന്ന വിട്ടുവീഴ്ചകൾക്ക് ഇപ്പോഴും തയ്യാറാകാതെ, കർക്കശമായ നിലപാടുകൾ സ്വീകരിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഗൗരവമായി കാണാത്തതിലും ചർച്ചയ്ക്കെടുക്കാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

11.00 AM

<u>ശ്രീ. കെ. എം. മാണി</u>: സർ, ഖനനം മുഖേന ആലപ്പാട് പ്രദേശത്തിന്റെ 80 ശതമാനവും ഇല്ലാതായിരിക്കുകയാണെന്നുള്ളത് വസ്തുതയാണ്. ഈ സാഹചര്യത്തിലാണ് നാട്ടുകാർ സമരത്തിനിറങ്ങിയത്. ഈ സമരത്തിൽ യാതൊരു രാഷ്ട്രീയവുമില്ല. കക്ഷി ഭേദമെന്യേ എല്ലാ രാഷ്ട്രീയ കക്ഷികളും സമരത്തിലാണ്. ഇപ്പോൾ സമരം ഏതാണ്ട് നൂറ് ദിവസത്തിലെത്തി നിൽക്കുകയാണ്. ഈ സാഹചര്യത്തിൽ സമരം ഒത്തുതീർപ്പ് ഘട്ടമാക്കണം. അതിനുവേണ്ടി ഗവൺമെന്റ് നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഇന്നത്തെ ഏറ്റവും വലിയ ആവശ്യം. പക്ഷേ ഗവൺമെന്റ് ഇത് കണ്ടില്ല, കേട്ടില്ല എന്ന മട്ടിലിരിക്കുന്നു. ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഭരണപക്ഷത്തുള്ളവർ പറഞ്ഞാൽ പ്രതിപക്ഷം എതിർക്കുക, പ്രതിപക്ഷത്തുള്ളവർ പറഞ്ഞാൽ ഭരണപക്ഷം എതിർക്കുക എന്ന നിലയിലാണ് ഇപ്പോൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇത് രാജ്യത്തെ ബാധിക്കുന്ന വലിയൊരു പ്രശ്നമായതുകൊണ്ട് തേർഡ് പാർട്ടി എന്ന നിലയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സജഷൻ പറയുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്ത് ശ്രീ. മുല്ലക്കര രത്നാകരൻ ചെയർമാനായ കമ്മിറ്റിയിലെ അംഗങ്ങളും ഇതുമായി ബന്ധപ്പെട്ട മറ്റ് അംഗങ്ങളും ചേർന്ന് അവിടെപ്പോയി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാൻ ശ്രമിച്ചാൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ശ്രമിക്കാം.

(സഭവിട്ട് പുറത്തുപോയ യു.ഡി.എഫ്. അംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കടൽഭിത്തി നിർമ്മാണം

ശ്രീ. റ്റി. വി. രാജേഷ്: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. കടലാക്രമണം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ കടൽത്തീരങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. സാധാരണനിലയിൽ കടൽഭിത്തിയുടെ പരമാവധി ലൈഫ് പത്ത് വർഷമാണ്. ശക്തമായി തിര വന്നടിക്കുന്നതുകൊണ്ട് കടൽഭിത്തി താണുപോകുകയാണ്. ഇടയ്ക്കിടെ ഇത് റീപ്ലെയ്സ് ചെയ്യുകയും മെയിന്റനൻസ് വർക്ക് നടത്തുകയും ചെയ്യണം. എന്നാൽ കഴിഞ്ഞ പത്ത് വർഷമായി കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാനോ കടൽഭിത്തി നിർമ്മാണം ആരംഭിക്കാനോ നടപടികളുണ്ടാകുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിരവധി യോഗങ്ങൾ വിളിച്ചുചേർക്കുകയുണ്ടായി. അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും അന്ന് പഠനം നടത്തുമെന്നും റൂർക്കി ഐ.ഐ.ടി.-യെയും ചെന്നൈ ഐ.ഐ.ടി.-യെയും സി.ഡബ്ല്യു.പി.ആർ.എസ്.-നെയും ആയതിന് ചുമതലപ്പെടുത്തിയെന്നും പറഞ്ഞു. പക്ഷേ കേവലം യോഗം വിളിച്ച് ചില വാഗ്ദാനങ്ങൾ നൽകുകയല്ലാതെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാര്യമായൊന്നും നടന്നില്ല. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം ഇക്കാര്യത്തിൽ പുരോഗതിയുണ്ടായി ട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. സാധാരണ നിലയിൽ ഐ.ഐ.ടി. പോലെയുള്ള ഏജൻസികളെയോ സി.ഡബ്ല്യു.പി.ആർ.എസ്.-പോലെയുള്ള കേന്ദ്ര ഏജൻസികളെയോ ആണ് പഠനം നടത്താൻ ചുമതലപ്പെടുത്തുന്നതെങ്കിൽ മാസങ്ങൾകൊണ്ട് നടക്കേണ്ടുന്ന പഠനം വർഷങ്ങളോളം നീണ്ടുപോകുമെന്ന സ്ഥിതിയാണുള്ളത്. ഇതുമൂലം ഫലത്തിൽ പ്രഖ്യാപനമുണ്ടായാലും പദ്ധതി നടപ്പാക്കാതിരിക്കുന്ന സ്ഥിതിയുണ്ടാവുകയാണ്. ഇപ്പോൾ കേരളത്തിൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ഇക്കാര്യത്തിൽ സ്വയംപര്യാപ്തത നേടിയിട്ടുണ്ട്. നെതർലന്റിലെ ഒരു കമ്പനിയുടെ 'my twenty one'

എന്ന ഒരു പുതിയ സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ കേരളത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പഠനം നടത്തിക്കഴിഞ്ഞു. മഞ്ചേശ്വരം, ചേറ്റുവ, കായംകുളം, തോട്ടപ്പള്ളി, മുതലക്കുഴി തുടങ്ങിയ സ്ഥലങ്ങളിൽ അവർ പഠനം നടത്തിയിട്ടുണ്ട്.

കേരളത്തിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ളത് ആലപ്പുഴ, കണ്ണൂർ എന്നീ രണ്ട് ജില്ലകളിലാണ്. കണ്ണൂരിലും ആലപ്പുഴയിലും 82 കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരമാണുള്ളത്. സംസ്ഥാനത്തെ പത്ത് ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾ ഈ കടലോര മേഖലയിൽ താമസിക്കുന്നവരാണ്. അതിൽത്തന്നെ കടൽത്തീരത്തു നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 24,854 കുടുംബങ്ങളുണ്ട്. ഇവരുടെ ജീവിതവും ജീവനും ഇന്ന് കടുത്ത ഭീഷണിയിലാണ്. ഏത് നിമിഷവും കടൽ കയറാവുന്ന സ്ഥിതിയാണ് അവിടെയുള്ളത്. എന്റെ ജില്ലയെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യസമരത്തിന്റെ ഏറ്റവും ഉജ്ജ്വലമായ സമരം നടന്ന മേഖലയാണ് തലശ്ശേരിയിലെ ജവഹർഘട്ട്. ആ പ്രദേശം ഇപ്പോൾ കടലാക്രമണത്തിന്റെ ഭീഷണിയിലാണ്. 200 വർഷം പഴക്കമുള്ള തലശ്ശേരി ജനറൽ ആശുപത്രി കടലാക്രമണത്തിന്റെ ഭീഷണിയിലാണ്.

ലോകത്തിലെ ആറാമത്തെ biggest drive-in beach ആയ ധർമ്മടം മണ്ഡലത്തിലെ മുഴപ്പിലങ്ങാട് കടലാക്രമണത്തിന്റെ ഭീഷണിയിലാണ്. എന്റെ മണ്ഡലത്തിലെ തീരദേശ മേഖലയിലെ മാടായി-മാട്ടൂൽ പഞ്ചായത്തുകളിൽ അമ്പതും അറുപതും മീറ്റർ കടൽ കയറിയിരിക്കുകയാണ്. അവിടത്തെ പല കിണറുകളും കടൽവെള്ളം കയറി ഉപയോഗശൂന്യമായിരിക്കുന്നു. അവിടത്തെ ജനങ്ങളാകെ കടുത്ത അരക്ഷിതാവസ്ഥയിലാണ്. ഈ കടലോര മക്കളുടെ വികാരങ്ങൾ മാനിച്ച് ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുന്നില്ലെന്ന വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണം. ഇപ്പോൾ അനുവദിക്കുന്ന നാമമാത്ര തുക റീഫോർമേഷനുവേണ്ടിയും പാച്ച് വർക്ക് നടത്താനുമാണ് ഉപയോഗിക്കുന്നത്. ഇവ രണ്ടും ചെയ്തതുകൊണ്ട് പത്തും പതിനഞ്ചും വർഷം പഴക്കമുള്ള കടൽഭിത്തികൾ സംരക്ഷിക്കാൻ കഴിയില്ല. അതുകൊണ്ട് അടിയന്തരമായും സമയബന്ധിതമായും പഠനം നടത്തി നിശ്ചിത കാലയളവിനുള്ളിൽ കടൽഭിത്തി നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിരവധി ടെക്നോളജികൾ ഇന്ന് ലഭ്യമാണ്. ഇപ്പോൾ ഗ്രയോൺസ് ഇടുന്ന സ്ഥിതിയുണ്ട്. ഒരു കിലോമീറ്ററിൽ അറുപതും നൂറും മീറ്റർ വരെ വെർട്ടിക്കലായി ചെറിയ പുലിമുട്ട് ഉണ്ടാക്കിയാൽ അവിടെ മണൽ വന്നടിയുകയും തീരത്തിന്റെ വിസ്തൃതി വർദ്ധിക്കുകയും ചെയ്യും. അത് അഭികാമ്യമായ രീതിയാണെന്നാണ്

എനിക്ക് തോന്നുന്നത്. അതുപോലെ gabion method ഉപയോഗിക്കാനും കഴിയും. കഴിഞ്ഞ പത്ത് വർഷമായി ഇതൊന്നും ചെയ്യുന്നില്ല. ജനപ്രതിനിധികൾക്ക് കടൽ തീരത്ത് പോകാൻ കഴിയുന്നില്ല. പലപ്പോഴും അവിടത്തെ ജനങ്ങളുടെ ശകാരത്തിന് ഞങ്ങൾ ഇരയാവുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിനുവേണ്ടി കിഫ്ബിയിൽ ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. അതോടൊപ്പം കണ്ണൂർ ജില്ലയ്ക്കുവേണ്ടി ഞാൻ മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി, കണ്ണൂർ, അഴീക്കോട്, തലശ്ശേരി മണ്ഡലങ്ങൾക്കുവേണ്ടി ഇപ്പോൾ കലാമിറ്റി ഫണ്ടിൽനിന്നും 19 കോടി രൂപ അനുവദിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അടിയന്തരമായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ പറഞ്ഞിട്ടുണ്ട്. അതിന് അടിയന്തരമായി അനുമതി നൽകണം. കേരളത്തിലെ കടൽഭിത്തിയുടെ പ്രശ്നത്തിൽ തീരുമാനമുണ്ടാകണം. ഇപ്പോൾ പാറയാണ് ക്ഷാമമെങ്കിൽ ഇറക്കുമതി ചെയ്തിട്ടാണെങ്കിലും പാറ കൊണ്ടുവന്ന് കടലോര സംരക്ഷണം ഉറപ്പുവരുത്താനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതോടൊപ്പം ഓരോ ജില്ലയിലും ഈ പദ്ധതി ടൈം ബൗണ്ടായി പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്താൻ കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികളടങ്ങിയ ഒരു കമ്മിറ്റിയുണ്ടാകണം. ഇനി ഒരു എം.എൽ.എ.-യ്ക്കും സഭയിൽ ഇത്തരത്തിലുള്ള വിഷയം ഉന്നയിക്കാൻ അവസരം നൽകാത്ത വിധത്തിൽ ഇത് പരിഹരിക്കാനാവശ്യമായ പ്രവർത്തനം നടത്താൻ സർക്കാർ തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം റ്റി. വി. രാജേഷ് ഇവിടെ ഉന്നയിച്ചത് വളരെ ഗുരുതരമായ പ്രശ്നമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയുമോ അതെല്ലാം ചെയ്യുമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

കേരളത്തിലെ മുഴുവൻ തീരപ്രദേശങ്ങളിലേയും കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കുള്ള 333.75 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. നിലവിൽ കണ്ണൂർ ജില്ലയിൽ നടന്നുകൊണ്ടിരിക്കുന്ന കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ ഇപ്രകാരമാണ്. സമയബന്ധിതമായി എസ്റ്റിമേറ്റുണ്ടാക്കി അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും ടെക്നിക്കൽ സാംഗ്ഷനും കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| 1 | മാടായി പഞ്ചായത്തിലെ നീരൊഴുക്കിൽ 64 മീറ്റർ ചെയിനേജ് 100/200 മുതൽ 100/264 വരെ | 25 ലക്ഷം രൂപ | കോൺട്രാക്ടർക്ക് സൈറ്റ് കൈമാറിയിട്ടുണ്ട്. അതിന്റെ വർക്ക് ഉടൻ ആരംഭിക്കും. |
| 2 | ൨ മാടായി പഞ്ചായത്തിലെ നീരൊഴുക്കുചാൽ ചെയിനേജ് 100/265-നും 100/325-നും ഇടയ്ക്ക് | 15 ലക്ഷം രൂപ | ഇ-ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട് |
| 3 | 3നീരൊഴുക്കുചാൽ - CP സ്റ്റോൺ 2395-ന വടക്ക് | 43 ലക്ഷം രൂപ | സൈറ്റിൽ നിർമ്മാണ സാമഗ്രികളെത്തിക്കുന്നു. |
| 4 | ൪അഴീക്കോട് പഞ്ചായത്ത് - ചെയിനേജ് 108/100 | 15 ലക്ഷം രൂപ | ഇ-ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട് |
| 5 | ൫തലശ്ശേരി മുനിസിപ്പാലിറ്റിയിലെ പല്ലിശ്ശേരി - 2182 CP സ്റ്റോണിനടുത്ത് | 15 ലക്ഷം രൂപ | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | ൬കാട്ടുവള്ളി മനക്ക ദ്വീപ് | 12.75 ലക്ഷം രൂപ | ഇ-ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട് |
| 7 | ൭കണ്ണൂർ കോർപ്പറേഷനിൽ<br>• കടൽഭിത്തി സംരക്ഷണം<br>• സീനിയർ സെക്കണ്ടറി സ്കൂളിന്റെ സംരക്ഷണഭിത്തി നിർമ്മാണം | 33 ലക്ഷം രൂപ | ഇ-ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട് |
| 8 | ൮തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ പിൻഭാഗം സംരക്ഷണം | 25.6 ലക്ഷം രൂപ | പ്രവൃത്തി ആരംഭിച്ചു |

ഇതുകൂടാതെ തീരദേശ സംരക്ഷണത്തിനുള്ള ലോകബാങ്ക് സഹായത്തിനായി 373.30 കോടി രൂപയുടെ പ്രവൃത്തികൾ സമർപ്പിച്ചിട്ടുണ്ട്. കടൽഭിത്തിയുടെ പുനരുദ്ധാരണ/നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 2018-19 സാമ്പത്തിക വർഷം 46 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നതിന് പുലിമുട്ട് നിർമ്മാണത്തിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ സി.ഡബ്ല്യു.പി.ആർ.എസ്. പൂനെയിൽനിന്നും പുലിമുട്ട് നിർമ്മാണത്തിനുവേണ്ട രൂപകല്പന ലഭ്യമാക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കാം.

മി. സ്പീക്കർ: ജനസാന്ദ്രത കൂടിയ സ്ഥലങ്ങൾക്ക് പ്രയോറിറ്റി കൊടുക്കാൻ കഴിഞ്ഞാൽ നന്നായിരുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് തീരദേശ എം.എൽ.എ.-മാരുടെ അടിയന്തര യോഗം വിളിച്ചുകൂട്ടാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് അടിയന്തര യോഗം വിളിക്കാനുള്ള നടപടി സ്വീകരിക്കാം.

## (2) ഓഖി ദുരന്തബാധിതർക്ക് ആനുകൂല്യങ്ങൾ

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഓഖി ദുരന്തത്തോടനുബന്ധിച്ച് ഇനിയും നടപ്പിലാക്കാനുള്ള കാര്യങ്ങളാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ അവതരിപ്പിക്കുന്നത്. 2017 നവംബർ 29-നാണ് ഓഖി ചുഴലിക്കാറ്റ് ആഞ്ഞടിച്ച് നൂറുകണക്കിനാളുകളുടെ ജീവനും ജീവനോപാധികളും നഷ്ടപ്പെട്ടത്. ആ സംഭവം ഉണ്ടായിട്ട് ഇപ്പോൾ ഒരു വർഷവും രണ്ടുമാസവും കഴിഞ്ഞു. പ്രധാനമന്ത്രിയടക്കം നമ്മുടെ സംസ്ഥാനം സന്ദർശിക്കുകയും അതിനുവേണ്ടുന്ന വാഗ്ദാനങ്ങളുമൊക്കെ നൽകിയെങ്കിലും 2017 ഡിസംബർ 6-ലെ സർക്കാർ ഉത്തരവുപ്രകാരം 18 ആശ്വാസ നടപടികൾ പ്രഖ്യാപിച്ചു. കുറച്ചധികം കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ചെയ്തുവെങ്കിലും അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങൾ ഇനിയും ചെയ്യേണ്ടതുണ്ട്. മരിച്ചവർക്കും കാണാതായവർക്കും സർക്കാർ 20 ലക്ഷം രൂപയിൽ 10 ലക്ഷം രൂപയാണ് അനുവദിച്ചത്. 5 ലക്ഷം രൂപ ക്ഷേമനിധി ബോർഡിൽ നിന്നും 5 ലക്ഷം രൂപ

ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ നിന്നുമാണ് അവർക്ക് ലഭ്യമായത്. അവർക്ക് 20 ലക്ഷം രൂപ കിട്ടിയെങ്കിലും കാണാതായവർക്ക് കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭ്യമാകേണ്ടുന്ന 2 ലക്ഷം രൂപ കിട്ടിയിട്ടില്ല. സംസ്ഥാന ഗവൺമെന്റ് അതവർക്ക് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

മറ്റൊന്ന്, ഗുരുതരമായി പരിക്കേറ്റ, ഇനി മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപവീതം നഷ്ടപരിഹാരം നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. അതിൽ 162-ഓളം ആളുകളുണ്ട്. 12 പേർ വളരെയധികം കഷ്ടതയനുഭവിക്കുന്നവരാണ്. പൂർണ്ണ അംഗവൈകല്യം സംഭവിച്ച നാലുപേരുണ്ട്. അവർക്കാർക്കും ഒരു രൂപപോലും ഇതുവരെ കിട്ടിയിട്ടില്ല. അവർക്ക് 5 ലക്ഷം രൂപ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ പരിക്കുപറ്റി രക്ഷപ്പെട്ടുവന്നവർ 350-ഓളം പേരുണ്ട്. എന്റെ നിയോജക മണ്ഡലമായ പൂന്തുറയിൽ നിന്നുമാത്രം 50-ഓളം ആളുകളുണ്ട്. അവർ എനിക്ക് പരാതി നൽകിയിട്ടുണ്ട്. അവരുടെ പേരുവിവരങ്ങൾ വേണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകുന്നതാണ്. 2 ലക്ഷം രൂപ കൊടുക്കുമെന്ന് പറഞ്ഞിട്ട് ആർക്കും കൊടുത്തിട്ടില്ല.

ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ കടബാദ്ധ്യതകൾ തീർക്കുന്നതിലേയ്ക്കായി ഇപ്പോൾ 20 ലക്ഷം രൂപ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ്. കടബാദ്ധ്യതകൾ തീർക്കാൻ സാധിക്കാത്തതുകൊണ്ട് പലർക്കും ജപ്തിനോട്ടീസ് വന്നിട്ടുണ്ട്. അഞ്ച് കോടി രൂപ കൂടി അനുവദിച്ചാൽ ഈ കടബാദ്ധ്യതകൾ ഒഴിവാക്കാൻ കഴിയും. മരിച്ചവരുടെയും കാണാതായവരുടെയും കുടുംബത്തിന് ജോലി വാഗ്ദാനം ചെയ്തിരുന്നു. 141 ആളുകളുള്ളതിൽ 42 പേർക്ക് മാത്രമാണ് ഇതുവരെ ജോലി കൊടുത്തത്. സംസ്ഥാന സർക്കാർ വകുപ്പിൽ സ്ഥിരനിയമനം നൽകുമെന്നാണ് പറഞ്ഞിരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്ഥാപിച്ച പൂന്തുറയിലെ നെറ്റ് ഫാക്ടറിയിലാണ് ഈ 42 ആളുകൾക്കും ദിവസവേതനാടിസ്ഥാനത്തിൽ ജോലി കൊടുത്തത്. സ്ഥിര ജോലി കൊടുക്കാത്തതു കൊണ്ട് നിലവിൽ 34 പേർ മാത്രമേ ജോലി ചെയ്യുന്നുള്ളൂ; ബാക്കിയുള്ളവർ ജോലി കളഞ്ഞിട്ടുപോയി. അവർക്ക് അതിനേക്കാളും മത്സ്യബന്ധന തൊഴിൽ നടത്തിയാൽ ജീവിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. 42 പേർക്ക് ജോലി കൊടുത്തു; 101 കുടുംബങ്ങൾക്ക് ഇനി ജോലി നൽകാനുണ്ട്.

മരണപ്പെട്ടവരുടെ ഭാര്യമാർക്ക് 40 വയസ്സിനുമുകളിൽ പ്രായമായതുകൊണ്ട് അവർക്ക് ജോലി കൊടുക്കുന്നില്ലെന്നുള്ളതാണ് ഒരു പരാതി. പക്ഷെ, അവരുടെ മക്കൾക്ക് ജോലി നൽകണം. ബിരുദധാരികളായിട്ടുള്ള 124 കുട്ടികളുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽത്തന്നെ അത് വ്യക്തമാക്കിയിട്ടുണ്ട്. 124 കുട്ടികൾക്കും ആശ്രിതർക്കും സർക്കാർ സർവ്വീസിൽ സ്ഥിരനിയമനം നൽകുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ഓഖിയിൽ വീട് നഷ്ടപ്പെട്ട 72 ആളുകളുണ്ട്. അവരിൽ നേരത്തെ ഗുണഭോക്താക്കളായിരുന്ന നാലുപേർക്ക് മുട്ടത്തറയിൽ വീട് നൽകി. അതനുസരിച്ച് ബാക്കിയുള്ള ഒരാളിനുപോലും വീട് നൽകിയിട്ടില്ല. സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും വേണ്ടി ഒരാൾക്ക് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷെ, 10 ലക്ഷം രൂപയ്ക്ക് നഗരപ്രദേശത്ത് സ്ഥലംവാങ്ങി വീട് വയ്ക്കുന്നത് എങ്ങനെയാണ്? അതുകൊണ്ട് നഗരപരിധിയിൽ 10 ലക്ഷം രൂപയെന്നുള്ളത് 20 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വായ്പയെടുത്ത് പഠനം പൂർത്തീകരിച്ച കുട്ടികളുണ്ട്. അവരുടെ കുടുംബനാഥന്മാർ മരണപ്പെട്ടുപോകുകയും കാണാതാകുകയും ചെയ്തിട്ടുണ്ട്. അവരുടെ കടബാദ്ധ്യത നിർബന്ധമായും സംസ്ഥാന സർക്കാർ ഏറ്റെടുക്കണം. അവർക്ക് വായ്പ അടയ്ക്കാൻ കഴിയുന്ന ഒരു സാഹചര്യമില്ല; കുടുംബത്തിന് വരുമാനമില്ല. അത്തരത്തിലുള്ള സാഹചര്യം കണക്കിലെടുത്തുകൊണ്ട് അവരുടെ കടബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കണം. ബോട്ടുകളും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് കാലപ്പഴക്കം അനുസരിച്ചാണ് ബോട്ടിനുള്ള നഷ്ടപരിഹാരം കൊടുക്കുന്നത്. കാലപ്പഴക്കം അനുസരിച്ചുള്ള നഷ്ടപരിഹാരം കൊടുക്കുമെന്ന് പറഞ്ഞാൽ പുതിയ ബോട്ട് വാങ്ങാൻ കഴിയില്ല. പല ആളുകളും ഇന്ന് മറ്റ് ബോട്ടുകളിൽ കൂലിപ്പണിക്ക് പോകുകയാണ്. അത് ഗവൺമെന്റ് പുനഃപരിശോധിക്കണം. അവർക്ക് പുതിയ ബോട്ട് വാങ്ങുന്നതിന് കഴിയുന്നതരത്തിലുള്ള നടപടികൾ സ്വീകരിക്കണം.

മി. സ്പീക്കർ: .........പ്ലീസ്..... പ്ലീസ്........

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഒരു കാര്യം കൂടിയുണ്ട്. ഓഖി ദുരന്തത്തിനുശേഷം നൂറിലധികം ദിവസം തൊഴിൽ നഷ്ടപ്പെടുന്നതിനെപ്പറ്റി സംസ്ഥാന ഗവൺമെന്റ് കൂടെക്കൂടെ മുന്നറിയിപ്പ് നൽകുന്നു. നൂറിലധികം ദിവസം തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ടാൽ മത്സ്യത്തൊഴിലാളികൾ എങ്ങനെ ജീവിക്കും? അതുകൊണ്ട് തൊഴിൽ നഷ്ടപ്പെടുന്ന ദിവസത്തിൽ അവർക്ക് മിനിമം വേതനം നൽകുന്നതിനുള്ള നടപടികളുണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെ കുറച്ച് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ജോലി, വീട്, അവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇതൊക്കെ വളരെ പ്രാധാന്യത്തോടുകൂടി ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് അടിയന്തരമായി നടപ്പിലാക്കണം. ഓരോ ദിവസവും വളരെ ബുദ്ധിമുട്ടിയാണ് മത്സ്യത്തൊഴിലാളികൾ അവരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നത്. മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയ ഗവൺമെന്റാണിത്. ഇൻഡ്യയിൽ കേരളത്തിലല്ലാതെ വേറെ എവിടെയെങ്കിലും ഇത്തരമൊരു ദുരന്തമുണ്ടായ സമയത്ത് ഇത്ര സമഗ്രമായൊരു പാക്കേജ് നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനമുണ്ടോയെന്ന് പരിശോധിച്ചുനോക്കണം. അങ്ങേയ്ക്ക് ഒരു ഗവേഷണം തന്നെ നടത്താവുന്ന സബ്ജക്ടാണ്. സുനാമി കൈകാര്യം ചെയ്തതുപോലെയാണോ ഓഖി ദുരന്തം കൈകാര്യം ചെയ്തത്? എത്ര ഫലപ്രദമായിട്ടാണ് അവരുടെ പ്രശ്നങ്ങൾ, നഷ്ടപരിഹാരം, ആരോഗ്യ പ്രശ്നം, മാത്രമല്ല കുട്ടികളുടെ ജീവിതം 20 വർഷത്തേയ്ക്കുള്ള വിദ്യാഭ്യാസമടക്കമുള്ള ഒരു പാക്കേജ് പ്രഖ്യാപിക്കൽ. . .

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്ത് ചെയ്തുവെന്നാണ് പറയുന്നത്? (.... മൈക്ക് ഓഫ്............).

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇത്തരത്തിൽ ഇടപെടരുത്. നിങ്ങൾ കണ്ണടച്ചു പിടിച്ചിട്ടാണ് ഇരുട്ടാണെന്ന് പറയുന്നത്. നിങ്ങൾ കണ്ണ് തുറന്നുനോക്കൂ. കാഴ്ചകൾ കാണൂ. എന്നിട്ട് മറുപടി പറയുക. ഏത് കാര്യത്തിനും ഇല്ലാത്തൊരു കാര്യം പറയുക; അതിന്റെ പേരിൽ വിവാദമുന്നയിക്കുക; നിങ്ങൾ ഉള്ളത് പറയുക. ഗവൺമെന്റിന് 108 കോടി രൂപ കിട്ടിയപ്പോൾ 110.56 കോടി രൂപയുടെ ആശ്വാസമാണ് ഓഖിയുടെ കാര്യത്തിൽ ഗവൺമെന്റ് ചെയ്തത്. ഇങ്ങനെയൊരു കാലമുണ്ടായിട്ടുണ്ടോ?

നിങ്ങൾ സുനാമി ഫണ്ട് വിനിയോഗിച്ചത് എങ്ങനെയാണ്? (....ബഹളം.....) അങ്ങ് പറഞ്ഞപ്പോൾ ഞാൻ കേട്ടു കൊണ്ടിരിക്കുകയായിരുന്നല്ലോ; അങ്ങ് ഞാൻ പറയുന്നതുകൂടി കേൾക്കണം. ഒരുതരത്തിലും ഓഫർ ചെയ്ത കാര്യങ്ങൾ ചെയ്യാതിരുന്നിട്ടില്ല. 149 കുടുംബത്തിൽ 41 പേർക്കു മാത്രമേ തൊഴിൽ കൊടുത്തിട്ടുള്ളൂവെന്ന് ഇപ്പോൾ അങ്ങ് പറഞ്ഞു. സ്വന്തം വരുമാനം കൊണ്ട് കുടുംബത്തെ പോറ്റേണ്ട 41 പേരെയുള്ളൂ. ബാക്കിയുള്ളവർ വേറെ തലത്തിലുള്ളവരാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, .......മൈക്ക് ഓഫ്......

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ പറയട്ടെ, ആ തലത്തിലുള്ള ആളുകൾക്ക് ഞങ്ങളുണ്ടാക്കിയതാണ് മത്സ്യ ഫാക്ടറി. ഇത് ഗവൺമെന്റിന്റെ തുടർച്ചയല്ലേ; പിന്നെ എന്തിനാണ് മുൻമന്ത്രിയായിരുന്ന അങ്ങ് അത്തരമൊരു വാദമുന്നയിക്കുന്നത്? ഞാൻ ഇപ്പോൾ ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്യുന്നു. ഫിഷറീസ് വകുപ്പിന്റെ ഓരോ സ്ഥാപനവും എന്റെ കുടുംബസ്വത്താണോ? മറ്റൊരു ഗവൺമെന്റ് വരുമ്പോൾ അവർ അതിന്റെ ചുമതല വഹിക്കും. അത് ഞാനുണ്ടാക്കിയതാണെന്ന്

പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? അതുകൊണ്ട് അബദ്ധജടിലമായ വാദങ്ങളൊന്നും ഇത്തരം കാര്യങ്ങളിൽ ഉന്നയിക്കരുത്; ഞാനുണ്ടാക്കിയ സ്ഥാപനം എന്നൊന്നും പറയരുത്. ഗവൺമെന്റ് സ്ഥാപനങ്ങളിലാണ് തൊഴിൽ കൊടുത്തത്. അവർക്ക് കൃത്യമായി തൊഴിൽ നൽകി. ലോൺ എടുത്ത് പഠിച്ച കുട്ടികളുടെ വായ്പയെല്ലാം എഴുതിത്തള്ളണമെന്നാണ് ഇപ്പോൾ പറയുന്നത്. ഏത് കാലത്താണ് ഇങ്ങനെ യൊക്കെയുള്ള കാര്യങ്ങൾ ചെയ്യുന്നത്? അങ്ങനെയൊരു പദ്ധതി ഏതെങ്കിലും കാലത്ത് നടപ്പിലാക്കാൻ സാധിക്കുമോ?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഓഖിയുമായി ബന്ധപ്പെട്ട് മനുഷ്യ സാധ്യമായതെല്ലാം ചെയ്ത ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അതിനെ ഇരുട്ടാക്കിയിട്ട് അർത്ഥശൂന്യമായ വാദങ്ങൾ ഉന്നയിച്ച് വെറുതെ hump up നടത്തുകയാണ്. ഇത്ര കോടി, ഇത്ര കോടി എന്ന് ആവർത്തിച്ച് പറയേണ്ടതില്ലെന്നുള്ളതുകൊണ്ടാണ് ഇവിടെ ഞാൻ എഴുതിവച്ച കാര്യം പറയാൻ ഉദ്ദേശിക്കാത്തത്. ഓഖിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയിൽ തർക്കമുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുമില്ല. അതുകൊണ്ട് ആവർത്തന വിരസത ഒഴിവാക്കാൻ ആ കണക്കുകളൊന്നും ഞാൻ നിരത്തുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും എത്രയോ പ്രാവശ്യം ഇതുമായി ബന്ധപ്പെട്ട കണക്കുകൾ ഇവിടെ പറഞ്ഞു. ഇതെല്ലാം വസ്തുതയായിരിക്കെ നിങ്ങൾ ഇങ്ങനെ കണ്ണടച്ച് ആവശ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് വാർത്തയുണ്ടാക്കരുത്; നിർഭാഗ്യകരമാണ്; അങ്ങനെ പറയരുത്. നിങ്ങൾക്ക് ഒരു മോഡൽ ഇല്ല. ഓഖിയുടേതുപോലെ ദുരിതാശ്വാസം നടപ്പിലാക്കിയ ഒരു മോഡൽ കേരള സംസ്ഥാനത്തോ ഇന്ത്യാ രാജ്യത്തോ ഇല്ല. അത്തരമൊരു പാക്കേജാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയത്. ആ മോഡലിനെ ഇല്ലായ്മ ചെയ്യാൻ എത്ര ശ്രമിച്ചാലും അത് ജനങ്ങളുടെ മുമ്പിൽ നിന്ന് ഇല്ലാതാ കില്ലെന്നാണ് എനിക്ക് വിനയപൂർവ്വം പറയാനുള്ളത്. 40 വയസ്സിന് മുകളിലുള്ളവർക്ക് (പ്രായമുള്ള വനിതകൾക്ക്) വേറെ തൊഴിൽ നൽകാൻ സാധിക്കുകയില്ല.

വിഴിഞ്ഞത്ത് ഫുഡ് പ്രോസസ്സുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് ആരംഭിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് 'റെഡി ടു കുക്ക് ' പോലുള്ള പ്രോസസ്സിംഗ് സംവിധാനത്തിൽ ആ അമ്മമാർക്ക് തൊഴിൽ നൽകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് സാധ്യമായതെല്ലാം ചെയ്യും. അങ്ങ് ഉള്ള കാര്യത്തെ ഇല്ലായ്മ ചെയ്യാനുള്ള വാദം ദയവായി ഇനിയും ആവർത്തിക്കരുത്. പല പ്രാവശ്യം പറഞ്ഞ കാര്യമാണ്. വീണ്ടും വീണ്ടും പറയിപ്പിക്കുന്നത് നിർഭാഗ്യകരമാണെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ പറഞ്ഞ ഒരു കാര്യത്തിനും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. ഇന്നയിന്ന കാര്യങ്ങൾ നടപ്പിലാക്കി യിട്ടില്ലെന്ന് ഞാൻ അക്കമിട്ടാണ് ഇവിടെ പറഞ്ഞത്. 100-ൽപ്പരം ആളുകൾക്ക് ജോലി നൽകാനുണ്ട്. ഗ്രാജുവേറ്റ് കഴിഞ്ഞ 124 കുട്ടികൾ അവിടെയുണ്ട്. ആശ്രിതരായവർക്ക്

ജോലി നൽകണം. 5 ലക്ഷം രൂപ വച്ചോ 2 ലക്ഷം രൂപ വച്ചോ ആർക്കും നൽകിയിട്ടില്ല. വീടും നൽകിയിട്ടില്ല. ഇതിന് വ്യക്തമായ മറുപടി പറയണ്ടേ? എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് ദിവസത്തിനുമുമ്പ് 112 ആളുകളുടെ ഒരു യോഗം ഞാൻ വിളിച്ചു ചേർത്തു. അവർക്ക് ജോലിക്ക് പോകാൻ സാധിക്കുന്നില്ല.

കേന്ദ്ര ഗവൺമെന്റ് നൽകിയ 143.53 കോടി രൂപ ലാപ്സായി എന്നത് 18-12-2018-ൽ മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണ്. ഇവിടെ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാത്ത സാഹചര്യമാണ്. മാതൃഭൂമി പത്രം എന്റെ കയ്യിലുണ്ട്. ഇത് വളരെ ഗുരുതരമായ കൃത്യവിലോപമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് സൂചിപ്പിക്കാനുള്ളത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മാതൃഭൂമി പത്രത്തിൽ മാത്രമല്ല മറ്റ് പല പത്രങ്ങളിലും വന്ന വാർത്ത അടിസ്ഥാനരഹിതമാണ്. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പണമെന്നു പറയുന്നത് പത്ത് തൊട്ടുള്ള തുടർച്ചയാണ്. അതിന് കൃത്യമായ മാനദണ്ഡങ്ങളുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് ഡിസാസ്റ്റർ മാനേജ്മെന്റിന് നൽകിയ പണത്തിന്റെ ബാക്കി വന്ന കാര്യമാണ് അത്. അല്ലാതെ അത് ഓഖിയിൽ വന്ന പണമല്ല. അത് തെറ്റായ വാർത്തയായിരുന്നു. മിക്കവാറും പത്രങ്ങളിൽ ആ വാർത്ത വന്നു. അത് വസ്തുതാവിരുദ്ധമെന്ന് റവന്യൂ വകുപ്പ് കൃത്യമായി മറുപടി പറഞ്ഞതാണ്. അതിന് യാതൊരു അടിസ്ഥാനവുമില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഡിസാസ്റ്റാർ മാനേജ്മെന്റിന്റെ ഫണ്ട് എങ്ങനെയാണ് ലാപ്സാകുന്നത്? അത് ലാപ്സാകുകയില്ല.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: 108-ഉം 110-ഉം കോടി രൂപ ചെലവഴിച്ചതു കൂടാതെ ഓഖിയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിലായി ഡിസാസ്റ്റർ മാനേജ്മെന്റ് 150 കോടിയോളം രൂപ ചെലവഴിച്ചു. ഓഖിയുടെ ഹെഡ്ഡിൽ ദുരിതാശ്വാസ നിധിയിലേക്ക് 111 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതിൽ കൂടുതൽ തുക ചെലവഴിച്ചു. ദുരന്ത നിവാരണ സമിതിയിൽ ബാക്കി വരുന്ന തുക ഓഖിയുമായി കണക്ക് ചെയ്യേണ്ട കാര്യമില്ല, അത് ലാപ്സാകുന്ന പ്രശ്നവുമില്ല.

## IV സബ്മിഷൻ

### (1) കുടിവെള്ള പദ്ധതി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പ്രശ്നമാണ് ഞാൻ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം നേരിടുന്ന

ഒരു മണ്ഡലമാണ് ഹരിപ്പാട്. ഒൻപത് പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയുമാണ് എന്റെ നിയോജക മണ്ഡലത്തിലുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഹരിപ്പാട് 300 കോടി രൂപയുടെ ഒരു സമഗ്ര കുടിവെള്ള പദ്ധതി ആരംഭിച്ചത്. അന്ന് അതിനാവശ്യമായ സ്ഥലം കണ്ടെത്തുകയും അന്നത്തെ ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ജെ. ജോസഫ് അതിന് തറക്കല്ലിടുകയും ചെയ്തു. അവിടെ അതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ടി പദ്ധതിക്ക് കേന്ദ്രഫണ്ടിൽ നിന്നായിരുന്നു തുക അനുവദിച്ചിരുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ആ ഫണ്ട് നിർത്തലാക്കിയതോടുകൂടി ചില പ്രതിസന്ധികളുണ്ടായി എന്നത് സത്യമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ അദ്ദേഹം ഈ പദ്ധതി വളരെ കാര്യമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഒരു ഭാഗത്ത് കടലാണ്; കടലിൽ നിന്നുള്ള ഉപ്പുവെള്ളമാണ് ആ പ്രദേശത്തെ ജനങ്ങൾക്ക് കുടിക്കാൻ ലഭിക്കുന്നത്. അതോടൊപ്പം തന്നെ തോടുകളിലും കിണറുകളിലും ഉപ്പുവെള്ളത്തിന്റെ അംശം വളരെ കൂടുതലുമാണ്. അതുകൊണ്ടാണ് കുടിവെള്ള പദ്ധതിയുടെ ആവശ്യം വർദ്ധിച്ചിരിക്കുന്നത്. മാത്രമല്ല അവിടെ നിർമ്മിച്ചിട്ടുള്ള പല കുഴൽ കിണറുകളും പരാജയപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. അതിൽ നിന്നും ലഭിക്കുന്ന വെള്ളത്തെ സംബന്ധിച്ചുള്ള ആശങ്കയും ജനങ്ങൾക്കുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഒരു സമഗ്ര കുടിവെള്ളപദ്ധതി ഹരിപ്പാട് നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ചത്. ആ പദ്ധതി വേഗത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി സ്ഥലമേറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷെ ഇതിനാവശ്യമായ മറ്റു കാര്യങ്ങൾ വേഗതയിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പമ്പാ നദിയിൽ നിന്നും വെള്ളമെടുത്ത് ശുദ്ധീകരിച്ച് ഹരിപ്പാട് ഒൻപത് പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും വെള്ളം എത്തിക്കുന്ന സമഗ്ര പദ്ധതിയാണിത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് എത്രയും പെട്ടെന്ന് ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഒരു ജനതയുടെ കുറെക്കാലത്തെ ആഗ്രഹമാണ്. അത് എത്രയുംപെട്ടെന്ന് കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനും അങ്ങ് മുൻകയ്യെടുക്കണമെന്നാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി കെ. കൃഷ്ണൻകുട്ടിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഹരിപ്പാട് മുനിസിപ്പാലിറ്റിക്കും പള്ളിപ്പാട്, ചേപ്പാട്, ചെറുതന, കരുവാറ്റ, കാർത്തികപ്പള്ളി, കുമാരപുരം, ചിങ്ങോലി, മുതുകുളം, തൃക്കുന്നപ്പുഴ, ആറാട്ടുപുഴ എന്നീ പത്ത് പഞ്ചായത്തുകൾക്കുമായി ഒരു സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. രണ്ടു ലക്ഷത്തി ഇരുപത്തയ്യായിരത്തി അഞ്ഞൂറ്റി അൻപത്തിമൂന്ന് (2,25,553) പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഇത് മൂന്ന് ഘട്ടമായിട്ടാണ് നിർവ്വഹിക്കുന്നത്.

പദ്ധതിയുടെ ഒന്നാംഘട്ടമായി 50 MLD ശുദ്ധീകരണശാലയും കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ (NRDWP) നിന്നും 35 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ ശുദ്ധീകരണ ശാലയുടെ പ്രവൃത്തി 90 ശതമാനം പൂർത്തിയായി. കിണർ സ്ഥാപിക്കുന്നതിന് ആറ്റുവക്കിലെ 15 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അക്കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ചിട്ടുണ്ട്.

രണ്ടാംഘട്ടമായി കിണറിൽ നിന്നും ശുദ്ധീകരണ ശാലയിലേയ്ക്കുള്ള 9 കി.മീ. പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിണറിന്റെ സ്ഥലം ലഭ്യമായാൽ മാത്രമേ കിണറിന്റെയും പമ്പിംഗ് മെയിനിന്റെയും ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അതിന് ബഹുമാനപ്പെട്ട അങ്ങും കൂടി സഹായിക്കണം. എന്നാൽ മാത്രമേ സ്ഥലം ലഭ്യമാകുകയുള്ളൂ.

മൂന്നാംഘട്ടം ഹരിപ്പാട് മുനിസിപ്പാലിറ്റിക്കും പത്ത് പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ജലസംഭരണികളും വിതരണ ശൃംഖലകളും സ്ഥാപിക്കലാണ്. ഇതിന്റെ സർവ്വെ ജോലികൾ 3 മാസത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. മൂന്നാംഘട്ടം നടപ്പിലാക്കുന്നതിന് ഏകദേശം 250 കോടി രൂപ ആവശ്യമായി വരും.

## (2) സിമന്റ് വില വർദ്ധനവ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സിമന്റിന്റെ വില വർദ്ധനവുമൂലം സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം ഈ സഭയുടെയും മന്ത്രിയുടെയും ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പ്രളയം തകർത്ത കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളെയാണ് സിമന്റിന്റെ വിലവർദ്ധനവ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. യാതൊരു നികുതി വർദ്ധനവോ മറ്റ് അനുബന്ധ ചെലവുകളോ ഇല്ലാതെയാണ് സിമന്റ് കമ്പനികൾ ചാക്കൊന്നിന് 50 രൂപ വീതം വർദ്ധിപ്പിച്ചിരിക്കുന്നത്. ഇപ്പോൾ ഒരു ചാക്ക് സിമന്റിന്റെ വില 410 രൂപയാണ്. കേരളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന സിമന്റിന്റെ വൻ ആവശ്യകത മുന്നിൽ കണ്ടുകൊണ്ടാണ് ഈ വിലവർദ്ധനവ് വരുത്തിയിരിക്കുന്നത്. കൂടുതൽ സിമന്റ് വേണമെന്നുള്ളതുകൊണ്ടാണ് കേരളത്തിൽ മാത്രം 50 രൂപയുടെ വർദ്ധനവുണ്ടായിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കി സംസാരിക്കൂ..

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിൽ സിമന്റിന്റെ ഉപഭോഗം പ്രതിമാസം എട്ട് മുതൽ പത്ത് ലക്ഷം ടൺ വരെയാണ്. മറ്റൊരു സംസ്ഥാനത്തും ഇത്രയേറെ സിമന്റ് ആവശ്യമില്ല. ഏറ്റവും കൂടുതൽ സിമന്റിന്റെ ഉപഭോഗം നടക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മിനിറ്റ് മാത്രമേ അനുവദിച്ചിട്ടുള്ളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഇത് ഇരുട്ടടിയാണ് നൽകുന്നത്. സിമന്റ് കമ്പനികൾ വലിയ ക്രൂരതയാണ് ചെയ്യുന്നത്. ഇത് പരിഹരിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്നതാണ് എന്റെ ആവശ്യം. സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന സിമന്റിന്റെ 30 ശതമാനം സർക്കാരിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഈ വിലവർദ്ധനവ് കാരണം കരാറുകാർ പ്രശ്നമുണ്ടാക്കും. പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങളെ ഇത് പിറകോട്ടടിക്കാൻ കാരണമാകും. അതിനാൽ സർക്കാർ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണം. കേരളത്തിൽ സിമന്റ് ഉല്പാദിപ്പിക്കുന്ന മലബാർ സിമന്റ് പോലെയുള്ള കമ്പനികളിലും ഇതേ പ്രശ്നങ്ങളുണ്ട്. സിമന്റിന്റെ വില നിയന്ത്രണാധികാരം സർക്കാർ ഏറ്റെടുക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. തമിഴ്നാട്ടിലും കർണ്ണാടകത്തിലും സിമന്റിന്റെ വില നിയന്ത്രണാധികാരം ഗവൺമെന്റിനാണ്. അതുപോലെ ഗവൺമെന്റ് ഇത് ഏറ്റെടുക്കണം. വർദ്ധിച്ച വിലയോടൊപ്പം പ്രളയ സെസ്സും ഉൾപ്പെടുത്തിയാൽ സിമന്റിന്റെ വില വർദ്ധിച്ച് അറുപതോ എഴുപതോ ശതമാനമാകാനുള്ള സാധ്യതയുണ്ട്. ഈ മാസം 10-ാം തീയതി ഇനിയും വില വർദ്ധിപ്പിക്കുമെന്നാണ് സിമന്റ് കമ്പനികളുടെ ഭീഷണി. വിൽപ്പന നിർത്തിവയ്ക്കുമെന്നാണ് കേരളത്തിലെ ഡീലർമാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഏറ്റവും കൂടുതൽ നിർമ്മാണ പ്രവർത്തനം നടക്കുന്നത് ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലാണ്. ഒരു വലിയ പ്രതിസന്ധിയാണ് നമ്മളെ തുറിച്ചു നോക്കുന്നത്. ഗവൺമെന്റ് അടിയന്തരമായി, ഗൗരവ സ്വഭാവത്തോടുകൂടി ഈ വിഷയത്തിൽ ഇടപെടണമെന്നുള്ളതാണ് എന്റെ ആവശ്യം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. ഏറ്റവും കൂടുതൽ നിർമ്മാണ പ്രവർത്തനം നടക്കുന്ന സംസ്ഥാനമാണ് കേരളം. ഇവിടെ കൂടുതൽ സിമന്റാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. സിമന്റിന് ചാക്കൊന്നിന് 50 രൂപ വർദ്ധിപ്പിച്ചു. ഒരാഴ്ചമുമ്പ് മലബാർ സിമന്റിന്റെ വില 400 രൂപയായിരുന്നു. ഇപ്പോൾ എം.ആർ.പി. 420 രൂപയായി വർദ്ധിച്ചു. മറ്റ് സിമന്റ് കമ്പനികളും അവരുടെ ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിരിക്കുകയാണ്. കേരളത്തിൽ മലബാർ സിമന്റ്സിന്റെ ഉപഭോഗം ആറ് മുതൽ എട്ട് ശതമാനമാണ്. സിമന്റിന്റെ വില വർദ്ധനവ് മലബാർ സിമന്റ്സിനെ മാത്രം ആശ്രയിച്ച് നിൽക്കുന്നതല്ല. മൂന്ന് മാസത്തോളം മലബാർ സിമന്റ്സിന്റെ ഉല്പാദനം നിലച്ചുപോയിരുന്നു. അതിന്റെ വിപണന രംഗത്ത് ഗുരുതരമായ ക്രമക്കേടുകളുണ്ടായിട്ടുണ്ട്. അത് ഗൗരവമുള്ള വിഷയമായാണ് ഗവൺമെന്റ് കാണുന്നത്. അത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ ഗവൺമെന്റ് നടപടി

സ്വീകരിച്ചുവരികയാണ്. മലബാർ സിമന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിക്കണം. പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ ട്രാൻസ്പോർട്ടിംഗ് ചാർജ് കൂടി വർദ്ധിക്കും. അതുകൊണ്ട് മലബാർ സിമന്റ്സിന്റെ ഉല്പാദനം വടക്കൻ ജില്ലകളിൽ കൂടി ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട വിഷയം, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മാത്രമേ സർക്കാരിന് വിലനിയന്ത്രണം കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ഇവിടെ ഉപയോഗിക്കുന്ന മറ്റ് സിമന്റുകളെല്ലാം കേരളത്തിന് പുറത്തുനിന്നും ഉല്പാദിപ്പിച്ച് ഇവിടെ കൊണ്ടുവന്ന് വിപണനം നടത്തുന്നതാണ്. അതിന്മേൽ കേരള ഗവൺമെന്റിന് നിയമപരമായി ഇടപെടാൻ സാധിക്കുന്നതല്ല. എന്നാൽ സിമന്റ് കമ്പനിയുടെ ഡീലേഴ്സിനെയും സ്റ്റോക്കിസ്റ്റിനെയും വിളിച്ചുചേർത്ത് വിലവർദ്ധനവ് സംബന്ധിച്ച് അവരുമായി ചർച്ച ചെയ്യാനും കഴിയുന്നത്ര വില കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് സന്നദ്ധമാണ്. കേരളത്തിൽ വിൽക്കപ്പെടുന്ന സിമന്റിന്റെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്നവയാണ് എന്ന കാര്യവും ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കണക്കുകളെല്ലാം ശരിയാണ്. മലബാർ സിമന്റ്സിനെ മെച്ചപ്പെടുത്താനും ഉല്പാദനം വർദ്ധിപ്പിക്കാനും വിപണനം ശക്തിപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കുകയാണ്. അതിന്റെ മാർക്കറ്റ് തന്നെ തകർത്തു കളഞ്ഞിരിക്കുകയായിരുന്നു. മറ്റ് സ്വകാര്യ കമ്പനികൾക്ക് കടന്നു കയറാനും മലബാർ സിമന്റ്സിന്റെ മാർക്കറ്റ് പിടിക്കാനും അത്തരം കമ്പനികൾക്ക് സാധിച്ചു. ഇത് ഗുരുതരമായ പ്രശ്നമായാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അത് സംബന്ധിച്ച ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

തമിഴ്നാട്ടിലെ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. 'അമ്മ' എന്ന പേരിൽ ഒരു ചാക്കിന് 200 രൂപയ്ക്ക് സിമന്റ് വിൽക്കാൻ അവർക്ക് സാധിക്കുന്നു. പക്ഷേ നമ്മുടെ സാധ്യതകളെല്ലാം ഉപയോഗിച്ച് ഉല്പാദനം നടത്തുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും വിപണനം ശക്തിപ്പെടുത്തുകയും ചെയ്താൽ വില വർദ്ധിക്കാതെ കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്നു. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ രംഗത്ത് സർക്കാർ ശക്തമായ ഇടപെടലാണ് നടത്തുന്നത്. മലബാർ സിമന്റിന്റെ വില നിശ്ചയിക്കാൻ മാത്രമേ ഗവൺമെന്റിന് സാധിക്കുകയുള്ളൂ. വില നിശ്ചയിക്കുമ്പോൾ മറ്റ് സിമന്റുകളുടെ വില നിലവാരം കുറയ്ക്കാൻ കഴിയത്തക്കവിധത്തിലുള്ള ഒരു സമീപനം മലബാർ സിമന്റ്സ് സ്വീകരിക്കുകയും കേരളത്തിലെ നിർമ്മാണ മേഖലയിൽ മലബാർ സിമന്റ്സ് ഉപയോഗിക്കുകയും ചെയ്യുന്ന സാഹചര്യം വന്നാൽ ഇത് കൂടുതൽ ഫലമുണ്ടാക്കും. അപ്പോൾ സ്വകാര്യ കമ്പനികൾ അവരുടെ വില കുറയ്ക്കാൻ നിർബന്ധിക്കപ്പെടും. 30 ശതമാനത്തോളം സർക്കാർ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഈ സിമന്റ് ഉപയോഗിക്കുന്നത്.

മലബാർ സിമന്റ്സ് തന്നെ നമ്മുടെ ഗവൺമെന്റ് കെട്ടിടങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചാൽ ഗുണകരമായിരിക്കുമെന്നാണ് കാണുന്നത്. അതിനനുസരിച്ചുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

(3) ചാത്തന്നൂർ താലൂക്ക് രൂപീകരണം

ശ്രീ. ജി. എസ്. ജയലാൽ: സർ, കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമാക്കി ഒരു താലൂക്ക് രൂപീകരിക്കണമെന്ന ദശാബ്ദങ്ങൾ പഴക്കമുള്ള ഒരാവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മുപ്പത് വില്ലേജുകൾ ഉൾക്കൊള്ളുന്നതാണ് കൊല്ലം താലൂക്ക്. ഏതാണ്ട് നാല് നിയോജക മണ്ഡലങ്ങളും ചവറയുടെ കുറച്ചുഭാഗം ഉൾപ്പെടുന്ന മുപ്പത് വില്ലേജുകളുമാണ് കൊല്ലം താലൂക്കിലുള്ളത്. കൊല്ലം ജില്ലയിൽത്തന്നെ പത്തിൽതാഴെ വില്ലേജുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് താലൂക്ക് രൂപീകരിച്ച ചരിത്രവുമുണ്ട്. മുപ്പത് വില്ലേജുകൾ ഉൾക്കൊള്ളുന്ന ഈ പ്രദേശത്തെ ജനങ്ങൾ ഇതുമായി ബന്ധപ്പെട്ട് വലിയ ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. നിരവധി അനുകൂല റിപ്പോർട്ടുകൾ ഇതുമായി ബന്ധപ്പെട്ട് നിലവിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനുള്ള എല്ലാ അടിസ്ഥാന സൗകര്യവും ചാത്തന്നൂർ കേന്ദ്രീകരിച്ച് ലഭ്യമാണെന്നുള്ളതും ഒരു വസ്തുതയാണ്. അത്തരത്തിലുള്ള വിവിധ റിപ്പോർട്ടുകൾ നിലവിലുള്ള സാഹചര്യത്തിൽ ഈ പ്രദേശത്തെ പിന്നോക്കാവസ്ഥയും ഭൂവിസ്തൃതിയും ജനസംഖ്യയും താലൂക്കിന്റെ എണ്ണവും പരിശോധിച്ച് വളരെ അനിവാര്യമായ ഈ ആവശ്യം പരിഹരിക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് 9-3-2016-ന് ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന്റെ 23-8-2016-ലെ കത്ത് പ്രകാരം താലൂക്ക് രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ലെന്ന് അറിയിച്ചിട്ടുണ്ട്. 25-11-2017-ന് വീണ്ടും ജില്ലാ കളക്ടർ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കൊല്ലം താലൂക്കിന്റെ തെക്കൻ മേഖലകളിലുള്ള പാരിപ്പള്ളി, കല്ലുവാതുക്കൽ, പൂതക്കുളം, പരവൂർ, ചിറക്കര, മീനാട്, ആദിച്ചനെല്ലൂർ, പള്ളിമൺ, നെടുമ്പന എന്നീ വില്ലേജുകളും കൊട്ടാരക്കര താലൂക്കിലെ പൂയപ്പള്ളി വില്ലേജും ഉൾപ്പെടുത്തി പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. 2007-ലെ സംയുക്ത പഠന റിപ്പോർട്ടിൽ ചാത്തന്നൂർ ആസ്ഥാനമാക്കി 10 വില്ലേജുകൾ ഉൾപ്പെടുത്തി താലൂക്ക് രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആകെ

31 വില്ലേജുകൾ മാത്രമുള്ള കൊല്ലം താലൂക്കിൽ നിന്നും 10 വില്ലേജുകൾ കൂട്ടിച്ചേർത്ത് പുതിയൊരു താലൂക്ക് രൂപീകരിക്കുന്നത് നിലവിലെ സാഹചര്യത്തിൽ ഉചിതമല്ലെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ പുതിയ താലൂക്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കൂടാതെ താലൂക്ക് പുനഃസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം ഒന്നുകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (4) തടയണ നിർമ്മാണം

ശ്രീ. ബി. സത്യൻ: സർ, മഹാപ്രളയത്തിനുശേഷം കേരളം ഒരു കൊടിയ വരൾച്ചയിലേയ്ക്ക് നീങ്ങുന്ന സാഹചര്യമാണുള്ളത്. എന്റെയും ശ്രീ. വി. ജോയിയുടെയും മണ്ഡലത്തിൽ ഉൾപ്പെടുന്ന കിളിമാനൂർ കുടിവെള്ള പദ്ധതി 32 കോടിയോളം രൂപ ചെലവഴിച്ച് കമ്മീഷൻ ചെയ്തു. നിരന്തരമായ പരിശ്രമത്തിന്റെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യം അത് കമ്മീഷൻ ചെയ്തു. കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തുവെങ്കിലും അത് പൂർണ്ണമായി പ്രവർത്തിക്കാറായിട്ടില്ല. കുടിവെള്ളത്തിന്റെ സ്രോതസ് വാമനപുരം നദിയാണ്. വാമനപുരം നദിയിലെ സ്രോതസ്സ് ആവശ്യമായ തരത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന നിലയിൽ കാരേറ്റിൽ ഒരു തടയണ വേണമെന്ന് നേരത്തേ ആവശ്യപ്പെട്ടിരുന്നു. പദ്ധതി പൂർത്തീകരിച്ച് രണ്ടുവർഷം കഴിഞ്ഞുവെങ്കിൽപ്പോലും ഇപ്പോഴും കുടിവെള്ളം കൊടുക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുകയാണ്. കാരേറ്റ് ഭാഗത്ത് ഒരു തടയണ നിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റി മേജർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് ഒരു പദ്ധതി തയ്യാറാക്കിയെന്നും അതിന് ഡി.പി.ആർ. സമർപ്പിച്ചുകഴിഞ്ഞുവെന്നും അനുമതി ലഭിച്ചിട്ടില്ല എന്നുമുള്ള വിവരമാണ് തുടർച്ചയായി നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ അടിയന്തര പ്രാധാന്യത്തോടുകൂടി തടയണ നിർമ്മിക്കാനും തടയണ പൂർണ്ണമാകുന്നതുവരെ താൽക്കാലിക തടയണയെങ്കിലും നിർമ്മിച്ച് വെള്ളം കുറച്ചെങ്കിലും ലഭ്യമാക്കിയില്ലെങ്കിൽ മൂന്ന്-നാല് പഞ്ചായത്തുകൾ വലിയ പ്രയാസത്തിലാകും. കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ബൃഹത്തായ ഒരു പദ്ധതിയാണിത്. അത് പൂർണ്ണമായും നിശ്ചലമാകുന്ന സ്ഥിതിയാണുള്ളത്. അടിയന്തര പ്രാധാന്യത്തോടുകൂടി ഈ തടയണ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വാമനപുരം നദിയിൽ 'കാരേറ്റ് തടയണ' നിർമ്മാണത്തിനുവേണ്ടി നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥലം തടയണ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

എന്നാൽ വാമനപുരം നദിയിലെ കുടിവെള്ള പദ്ധതികൾക്ക് ജലലഭ്യത ഉറപ്പാക്കു ന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി അയിലംകടവിലും വാമനപുരം പാലത്തിനു സമീപം കുട്ടപ്പാറക്കടവിലും റഗുലേറ്റർ പണിയുന്നതിന് സ്ഥാനം നിർണ്ണയിക്കലും ഡിസൈനും KIIDC (Kerala Irrigation Infrastructure Development Corporation)-യെ ഏൽപ്പിച്ചിട്ടുണ്ട്. അയിലംകടവിൽ റഗുലേറ്റർ പണിതാൽ കുട്ടപ്പാറക്കടവിലെ റഗുലേറ്ററിന്റെ ഉദ്ദേശ്യവും നിറവേറുമെന്ന് KIIDC അറിയിച്ചു. എന്നാൽ അയിലംകടവിലെ റഗുലേറ്ററിന്റെ സ്ഥാനം നദിയിലെ 90 ഡിഗ്രി വളവിൽ ആണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പുതിയ സ്ഥാനം നിർണ്ണയിക്കുന്നതിന് സൈറ്റ് ഓഫീസർമാർ IDRB ഓഫീസർ മാരുമായി 28-11-2018-ൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി സർവ്വേ വിവരങ്ങൾ 15-12-2018-ന് ചീഫ് എഞ്ചിനീയർക്ക് നൽകിയത് പരിശോധിച്ചുവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും കൂടി സൗകര്യം നോക്കി ഒരു യോഗം വിളിച്ച് അടിയന്തര നടപടി സ്വീകരിക്കും.

(5) കുടിവെള്ളക്ഷാമം

ശ്രീ. മുരളി പെരുനെല്ലി: സർ, മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 2016-ൽ 13.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ ഗ്രാവിറ്റി മെയിൻ നിർമ്മാണത്തിനായുള്ള 5.61 കോടി രൂപയുടെ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരികയാണ്. രണ്ട് പഞ്ചായത്തുകളിലും ഓരോ ജലസംഭരണികൾ സ്ഥാപിക്കുന്നതിനും അതിന്റെ തുടർ നടപടികൾക്കും ഈ പദ്ധതിയിൽ തുക ആയിട്ടില്ല. ഈ വിഷയത്തിൽ ഇപ്പോൾ നടന്നുവരുന്ന പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വേഗത കൂട്ടുകയും ബാക്കി പ്രവൃത്തികൾ നടപ്പാക്കുന്നതിനും പദ്ധതി എത്രയും വേഗത്തിൽ പൂർത്തീകരിക്കു ന്നതിനും നടപടികൾ ആവശ്യമാണ്. രണ്ടും മൂന്നും പാക്കേജുകൾക്ക് കേന്ദ്ര സഹായത്തിൽ വലിയ കുറവ് വന്നതിനാൽ അനുയോജ്യമായ ഫണ്ട് കണ്ടെത്തി നടപ്പിലാക്കാൻ ശ്രമിക്കുമെന്ന് കഴിഞ്ഞ ഫെബ്രുവരി 5-ന് അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് സബ്മിഷന് മറുപടി നൽകുകയുണ്ടായി. ഇന്ന് ഫെബ്രുവരി 5 ആണ്. രൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്ന പശ്ചാ ത്തലത്തിൽ ഈ പദ്ധതി പ്രാവർത്തികമാക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കുകൂടി പ്രയോജനം ലഭിക്കുന്ന വിധത്തിൽ 1360 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് 1-3-2016-ൽ NRDWP (National Rural Drinking Water Programme) സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയെങ്കിലും ഫണ്ട് ലഭ്യമ ല്ലാത്തതിനാൽ ഉന്നതതല സംഭരണികളുടെ നിർമ്മാണ പ്രവൃത്തിക്കുള്ള ആദ്യ

ദർഘാസ് റദ്ദ് ചെയ്യേണ്ടിവന്നു. തുടർന്ന് ജി.ഒ.(ആർ.റ്റി) നമ്പർ 615/2018/WRD പ്രകാരം പാവറട്ടി പഞ്ചായത്തിൽ 6.7 ലക്ഷം ലിറ്റർ ശേഷിയും മുല്ലശ്ശേരി പഞ്ചായത്തിൽ 5.5 ലക്ഷം ലിറ്റർ ശേഷിയുമുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണത്തിന് 350 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 54.8 കോടി രൂപയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് അനുയോജ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തിവരുന്നു.

### (6) കിഫ്ബി വഴി നിർമ്മിക്കുന്ന പാലങ്ങൾ

ശ്രീ. ഹൈബി ഈഡൻ: സർ, 2016-17 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപന വേളയിൽ കിഫ്ബി പദ്ധതിവഴി എറണാകുളം നിയോജക മണ്ഡലത്തിലെ നാല് പ്രധാനപ്പെട്ട പാലങ്ങൾക്ക് ഫണ്ട് അനുവദിച്ചിരുന്നു. അതിൽ വടുതല മേൽപ്പാലം, അറ്റ്ലാന്റിസ് മേൽപ്പാലം, വാത്തുരുത്തി മേൽപ്പാലം എന്നിവയ്ക്ക് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിലാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഇത് വളരെ ഡിലേയ്ഡ് പ്രോസസ്സാണ്. പല പദ്ധതികളും അതിന്റെ ഡി.പി.ആർ. സമർപ്പിക്കുന്നത് മുതൽ പല ആസ്പെക്ട്സിലും വളരെ വൈകിയാണ് പദ്ധതി നിർവ്വഹണം നടക്കുന്നത്. അതുകൊണ്ട് ഒന്നിന്റെയും നിർമ്മാണം നാളിതുവരെ തുടങ്ങാൻ സാധിച്ചിട്ടില്ല. അറ്റ്ലാന്റിസ് മേൽപ്പാലത്തിന് JNNURM പദ്ധതിയുടെ ഭാഗമായി 50 ശതമാനത്തിൽ കൂടുതൽ സ്ഥലം ഏറ്റെടുത്ത് അതിനുള്ള പണവും നൽകിയതാണ്. ബാക്കിയുള്ള പദ്ധതിയുടെ ഡി.പി.ആർ. സബ്മിഷൻ വൈകിയതുകൊണ്ട് വടുതല-അറ്റ്ലാന്റിസ് മേൽപ്പാലത്തിന്റെ പദ്ധതി നിർവ്വഹണം ഇഴഞ്ഞുനീങ്ങുകയാണ്. വാത്തുരുത്തി മേൽപ്പാലം-ഹാർബർ ടെർമിനസ് റെയിൽവേ സ്റ്റേഷനിൽക്കൂടി ചരക്ക് നീക്കം നടക്കുന്നതുകൊണ്ട് പശ്ചിമകൊച്ചിയിലും നഗരത്തിലും വലിയ ഗതാഗതക്കുരുക്ക് ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. നേവിയുടെയും പോർട്ടിന്റെയും ക്ലിയറൻസ് വേണ്ട പദ്ധതിയാണിത്. പല ഘട്ടങ്ങളിലും എം.പി. അടക്കമുള്ളവരുടെ നേതൃത്വത്തിൽ ചർച്ച നടന്നെങ്കിലും അതിന്റെ ഡിസൈൻ സംബന്ധിച്ച് ഒരു വ്യക്തതയുണ്ടായിട്ടില്ല. വാത്തുരുത്തി മേൽപ്പാലം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ടിടപെട്ട് ഒരു ചർച്ച നടത്തി അതിന്റെ ഡിസൈൻ പ്രിപ്പറേഷൻ അടക്കമുള്ള കാര്യത്തിൽ അന്തിമ തീരുമാനമെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൊറങ്കോട്ട മേൽപ്പാലം നഗരത്തിന്റെ ഒരു ഭാഗമാണെങ്കിൽപ്പോലും കൊറങ്കോട്ട എന്നുപറയുന്നത് ചേരാനെല്ലൂർ പഞ്ചായത്തിന്റെ കീഴിൽ 90 ശതമാനം എസ്.സി. വിഭാഗത്തിൽപ്പെട്ട ആളുകൾ അധിവസിക്കുന്ന ഒരു ദ്വീപാണ്. ആ ദ്വീപിലേയ്ക്കുള്ള പാലവും കിഫ്ബിയിൽ അനുവദിച്ചിരുന്നു. പി.ഡബ്ല്യു.ഡി.-ക്കാണ് അതിന്റെ നിർമ്മാണച്ചുമതല. അതിന്റെയെല്ലാം പ്രവർത്തനങ്ങൾ ഇഴഞ്ഞു നീങ്ങുകയാണ്.

ഈ നാല് പാലങ്ങളും നഗര വികസനത്തിൽ നിർണ്ണായകമായ പാലങ്ങളാണ്. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ വേണ്ടിയുള്ള നടപടികൾ എത്രയുംവേഗം ആരംഭിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മൂന്ന് സബ്മിഷനുകളാണ് ഒരുമിച്ച് ഉന്നയിച്ചിരിക്കുന്നത്. വടുതല മേൽപ്പാലം, അറ്റ്ലാന്റിസ് മേൽപ്പാലം, വാത്തുരുത്തി ആർ.ഒ.ബി. നാലഞ്ച് പേജുള്ള മറുപടി ഞാനിവിടെ വായിക്കുന്നില്ല. ഞാനത് വളരെ ചുരുക്കിപ്പറയാം.

വടുതല മേൽപ്പാലത്തിന് കിഫ്ബിയിൽ നിന്നും 27-7-2016-ലെ ഉത്തരവു പ്രകാരം 51.81 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ആർ.ബി.ഡി.സി.കെ.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. ശരിയായ നിലയിൽ തന്നെയാണ് പ്രവർത്തിച്ചിട്ടുള്ളത്. 2017 ആഗസ്റ്റ് 23-ന് കളക്ടർക്ക് സ്ഥലമെടുക്കാനുള്ള റിക്വിസിഷൻ സമർപ്പിച്ചിരുന്നു. അതിന്റെ കണ്ടിജൻസി ചാർജ്ജായ 15 ലക്ഷം രൂപ 20-7-2018-ന് നൽകിയിട്ടുണ്ട്. സാമൂഹ്യ ആഘാത പഠനം കഴിഞ്ഞു. സ്ഥലം ഏറ്റെടുത്ത് കൈമാറിയിട്ടില്ലാത്തതിനാലാണ് പ്രവർത്തനം താമസിച്ചത്. അല്ലാതെ പി.ഡബ്ല്യു.ഡി.-യുടെ ഭാഗത്ത് യാതൊരു കാലതാമസവുമില്ല. എല്ലാവരും അങ്ങനെയാണ് പറഞ്ഞുവരുന്നത്. കിഫ്ബിയുടെ പരിപാടിക്കെല്ലാം അതിന്റേതായ സാങ്കേതിക പ്രശ്നങ്ങളുണ്ടെന്ന് എല്ലാവർക്കുമറിയാം. അതിനുപുറമേ സ്ഥലം ഏറ്റെടുത്ത് കൊടുക്കണം. സ്ഥലം ഏറ്റെടുത്ത് കൊടുക്കേണ്ടത് അവിടത്തെ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷനും ആ നാട്ടിലെ പഞ്ചായത്തും കോർപ്പറേഷനും ചേർന്നാണ്. സ്ഥലമെടുത്തുകൊടുത്താൽ ബാക്കി കാര്യങ്ങളെല്ലാം ശരിയാക്കാം

അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല 2016 ഒക്ടോബർ 27-ാം തീയതി ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിക്കുകയും ഡി.പി.ആർ. കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. 9-11-2018-ൽ പദ്ധതിക്കായി ഏകദേശം 90 കോടി രൂപ കിഫ്ബി അംഗീകരിച്ചു. ഇതിന്റെ നിർമ്മാണച്ചുമതല കൊച്ചിൻ കോർപ്പറേഷനായിരുന്നു. അത് കോംപ്ലിക്കേഷന് ഇടവരുത്തിയിട്ടുണ്ട്. പദ്ധതിക്കുള്ള സ്ഥലമേറ്റെടുക്കൽ അവരുടെ നിയന്ത്രണത്തിലായിരുന്നു. പല താലൂക്കുകളിലായി വിവിധ സർവ്വേ നമ്പരുകളിലാണ് സ്ഥലം എടുക്കേണ്ടിയിരുന്നത്. എല്ലാം കോർപ്പറേഷന്റെ കൺട്രോളിൽ വരുന്ന സ്ഥലമല്ല. ഏതായാലും ഇപ്പോൾ ഭൂമിയേറ്റെടുക്കേണ്ട പ്രവൃത്തിയുടെ വിശദാംശങ്ങൾ 2019 ജനുവരി 29-ാം തീയതി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-ക്ക് കൈമാറുന്നതിന് കോർപ്പറേഷൻ ഇതുവരെ റെസല്യൂഷൻ കൊടുത്തിട്ടില്ല. അവരുടെ കയ്യിലുണ്ടായിരുന്ന വർക്കും സ്ഥലങ്ങളും കൈമാറുന്ന മുറയ്ക്ക് ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

കോർപ്പറേഷനോട് എപ്പോൾ ചോദിച്ചാലും റെസല്യൂഷൻ കൊടുത്തുവെന്ന് പറയും. റെസല്യൂഷൻ പാസ്സാക്കിക്കൊടുക്കണം. അതുകൊണ്ട് എം.എൽ.എ. സെക്രട്ടറിയെ വിളിച്ച് പരിശോധിച്ച് അക്കാര്യം ചെയ്യണം.

വാത്തുരുത്തി ആർ.ഒ.ബി. 2017-18 ബഡ്ജറ്റിൽ വന്നതാണ്. കിഫബിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ വകയിരുത്തി. 2017 ജൂലൈ 10-ന് കിഫ്ബിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാത്തുരുത്തി റെയിൽവേ ഗേറ്റിന് പകരമാണ് ഈ മേൽപ്പാലം. ഭൂമിയുടെ ഭൂരിഭാഗവും കൊച്ചി തുറമുഖ ട്രസ്റ്റിന്റെ ഉടമസ്ഥതയിലാണ്. അലൈൻമെന്റ് നാവിക വിമാനത്താവളത്തിന് അടുത്തായതിനാൽ അവരുടെ അനുമതിയും ആവശ്യമാണ്. അവർ relectunt ആണ്. അനുമതി നൽകുന്നതിന് അവർക്ക് താൽപ്പര്യമില്ല. നേവിയും തുറമുഖ ട്രസ്റ്റും എല്ലാവരും ചേർന്ന് ഇതുവരെ യോജിപ്പിൽ എത്താത്തതാണ് അവിടത്തെ പ്രശ്നം. 2018 ഒക്ടോബർ 29-ന് സംസ്ഥാന ചീഫ് സെക്രട്ടറി ഒരു യോഗം വിളിച്ചുചേർത്തിരുന്നു. പദ്ധതി പ്രദേശത്തുകൂടി നിലവിൽ ഒരു കനാൽ കടന്നുപോകുന്നതിനാൽ അടിപ്പാത പ്രായോഗികമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

റീഹാബിലിറ്റേഷന് വലിയ എതിർപ്പുണ്ടാകുന്നു. അവിടെ രൂപരേഖ പ്രായോഗികമല്ലെന്നാണ് ആ യോഗത്തിൽ വന്ന മറ്റൊരു ധാരണ. റെയിൽവേ സ്റ്റേഷന് സമീപത്തുകൂടി ആരംഭിക്കുന്ന ഓപ്ഷൻ വിഭാവനം ചെയ്തിട്ടുണ്ട്. ഷിപ്പ്‌യാർഡിന്റെ സ്ഥലം ആവശ്യമാണ്. സ്ഥലം തരുന്നതിന് അവർക്ക് സമ്മതമല്ലെന്നാണ് പറയുന്നത്. ഈ കാര്യങ്ങളൊക്കെ നമ്മുടെ മാത്രം നിയന്ത്രണത്തിലുള്ളതല്ല. റെയിൽവേയും നേവിയുമൊക്കെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ തുറമുഖ ട്രസ്റ്റും സെൻട്രൽ ഗവൺമെന്റുമായി ബന്ധപ്പെട്ടതായിരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

മറ്റ് രണ്ട് പ്രവൃത്തികളിലും ഭൂമിയുടെ പ്രശ്നമേയുള്ളൂ. മറ്റ് പ്രശ്നങ്ങളൊന്നുമില്ല. കൊറങ്കോട്ടപ്പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിവരികയാണ്. ഈ പദ്ധതി ദേശീയ ജലപാതയിൽ ഉൾപ്പെട്ടതിനാൽ വെർട്ടിക്കൽ ക്ലിയറൻസ് ആവശ്യമാണ്. മുമ്പ് പാലത്തിന് 5 മീറ്റർ ഉയരമായിരുന്നു. ഇപ്പോൾ 7 മീറ്റർ ഉയരമാണ് വേണ്ടത്. അത് അവർ തരും. അതിനായി ഇൻലാൻഡ് നാവിഗേഷൻ ചീഫ് എഞ്ചിനീയർക്ക് കത്ത് കൊടുത്തിട്ടുണ്ട്. അതിന്റെ മറുപടി ലഭിച്ചാലുടൻ ഡിസൈൻ പൂർത്തിയാക്കാൻ സാധിക്കും. മൂന്നാമത്തെ വിഷയത്തിലാണ് എങ്ങുമെത്താതെ കിടക്കുന്നത്. ബാക്കിയുള്ളതെല്ലാം കരുക്കൂട്ടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഒരു മീറ്റിംഗ് വിളിച്ചുചേർത്താൽ തീരാവുന്ന പ്രശ്നമേയുള്ളൂ.

ശ്രീ. ജി. സുധാകരൻ: സർ, മീറ്റിംഗുകൊണ്ട് കാര്യമില്ല. നേവിയും റെയിൽവേയുമൊക്കെ സമ്മതിക്കണം. സ്ഥലം എം.പി.-യോട് ഡൽഹിയിൽ പോയി ഇത് ശരിയാക്കാൻ പറയൂ. ഇവിടെയുള്ളത് നമുക്ക് രണ്ടുപേർക്കുംകൂടി ശരിയാക്കാം. എം.പി.-മാരും ജോലിയൊക്കെ ചെയ്യണ്ടേ; ഏത് എം.പി. ആയാലും ജോലിയൊക്കെ ചെയ്യണം. അവിടിരുന്ന് പ്രസ്താവന ഇറക്കിയാൽ പോരാ. ഒരു എം.പി.-യെക്കുറിച്ചല്ല പറയുന്നത്. ചില എം.പി.-മാരെക്കുറിച്ച് എന്റെ മനസ്സിലുണ്ട്. അവർ പ്രസ്താവന ഇറക്കുന്നത് ജീവിച്ചിരിക്കുന്നതായി നാട്ടുകാർ അറിയുന്നതിനുവേണ്ടിയാണ്. യഥാർത്ഥ വസ്തുത ഡൽഹിയിൽ ചെയ്യാൻ കഴിവുള്ളവർ അവിടെപോയി ചെയ്യണം. യോഗം ഇനിയും വേണമെങ്കിൽ വിളിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എം.പി.-മാരെ പൊതുവെ അങ്ങനെ പറയുന്നത് ശരിയാണോ?

ശ്രീ. ജി. സുധാകരൻ: സർ, എം.പി.-മാരെ പൊതുവെയല്ല പറയുന്നത്. ഇതുപോലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുമ്പോൾ ഡൽഹിയിൽ ചെയ്യേണ്ടത് ആരാണ്; അവർ വിചാരിച്ചാൽ മാത്രം നടക്കുമെന്ന് ഞാൻ പറയുന്നില്ല. എങ്കിലും അതിനൊരു രീതിയുണ്ട്; ചെയ്തില്ലെന്നല്ല ഞാൻ പറയുന്നത്; ആരെയും ആക്ഷേപിച്ചതുമല്ല. ഇതാണ് അത് സംബന്ധിച്ച് പറയാനുള്ളത്.

## (7) നഷ്ടപരിഹാരം

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, വള്ളിക്കുന്ന് നിയമസഭാ മണ്ഡലത്തിലെ മൂന്നിയൂർ-അരിയല്ലൂർ വില്ലേജുകളെ ബന്ധിപ്പിക്കുന്ന കാര്യാട്ടുകടവ് പാലവും വള്ളിക്കുന്ന് വില്ലേജിലെ കടലുണ്ടിക്കടവ് പാലവും വർഷങ്ങൾക്കുമുമ്പ് ഉദ്ഘാടനം ചെയ്യപ്പെട്ടവയാണ്. ഈ പാലങ്ങൾക്കും അപ്രോച്ച് റോഡിനുമായി സ്ഥലം വിട്ടുനിൽകിയവർക്ക് ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ല. നാടിന്റെ വികസനം മാത്രം ലക്ഷ്യമാക്കി സ്ഥലം വിട്ടുനൽകിയ പാവപ്പെട്ടവരായ മത്സ്യത്തൊഴിലാളികളടക്കമുള്ളവർ ഇക്കാരണത്താൽ വളരെയധികം പ്രയാസത്തിലാണ്. ഇത് സംബന്ധിച്ച് നിരവധി തവണ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ആയതുകൊണ്ട് സ്ഥലം വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കാര്യാട്ടുകടവ് പാലത്തിന്റെ ഭരണാനുമതി 2005 നവംബർ 23-നാണ് ലഭ്യമായത്. സ്ഥലം ഏറ്റെടുക്കാതെയാണ് പാലം പണി തുടങ്ങുന്നത്. അതുതന്നെയാണ് പ്രശ്നം. അതുതന്നെയാണ് ഇപ്പോഴും അങ്ങ് പറയുന്നത്. ഇപ്പോൾ അങ്ങനെ ചെയ്യുന്നില്ല; സ്ഥലം ഇല്ലാതെ ഒന്നും ചെയ്യില്ല. ഡി.പി.ആർ. പോലും ഇല്ലാതെ തറക്കല്ലിടുന്ന

പരിപാടി ഉണ്ടായിരുന്നു. നമ്മളാരും ഇനി അതിന് കൂട്ടുനിൽക്കരുത്. അതിന്റെ ആവശ്യമില്ല. ആ തകരാറിൽനിന്നാണ് ഈ കോംപ്ലിക്കേഷനിലേയ്ക്ക് വരുന്നത്. ഇപ്പോൾ അതെല്ലാം കഴിഞ്ഞു. കരാറുകാരന്റെ അഭ്യർത്ഥന മാനിച്ച് 27-9-2010-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രവൃത്തി അവസാനിപ്പിച്ചു. തുടർന്ന് പ്രദേശത്തെ പൊതുപ്രവർത്തകരുടെ അഭ്യർത്ഥന പ്രകാരവും മറ്റും 2009-ൽ വീണ്ടും ഭരണാനുമതി കൊടുത്തു. സ്ഥലമേറ്റെടുക്കുന്നതിനുള്ള 35 ലക്ഷം രൂപകൂടി ചേർത്ത് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചു. 4-6-2012-ൽ സാങ്കേതികാനുമതി കൊടുത്തു. സ്ഥലം ഏറ്റെടുക്കാനുള്ള സ്കെച്ചും മറ്റുകാര്യങ്ങളും സമർപ്പിച്ചു. കാലതാമസം നേരിട്ടെങ്കിലും സ്ഥലം ഏറ്റെടുക്കുന്നതിനുമുമ്പ് ജനപ്രതിനിധികളെല്ലാംകൂടി പറഞ്ഞതുകൊണ്ട് പാലം നിർമ്മാണം വേഗത്തിൽ ആരംഭിച്ചു. നഷ്ടപരിഹാരം പിന്നീട് കൊടുക്കാമെന്ന് പറഞ്ഞതുകൊണ്ട് അവർ സ്ഥലമെല്ലാം വിട്ടുകൊടുക്കുകയും ചെയ്തു. പാലം പണി 2016 ഫെബ്രുവരി 28-ന് പൂർത്തീകരിച്ചു. എന്നാൽ സ്ഥലത്തിന്റെ വില നൽകേണ്ടതുണ്ട്. പഴയ നിയമപ്രകാരമാണ് സ്ഥലം എടുത്തത്. ഇപ്പോൾ പുതിയ നിയമം വന്നിട്ടുണ്ട്. പുതിയ നിയമപ്രകാരം നടപടികൾ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. അവ്യക്തത നിലനിന്നിരുന്നു. പുതുക്കിയ സ്ഥലം ഏറ്റെടുക്കൽ നിയമപ്രകാരം ഭൂമിക്ക് നെഗോഷ്യേറ്റഡ് പർച്ചേസ് അവിടെ നടന്നില്ല. ഡയറക്ട് പർച്ചേസായി സ്ഥലം ഏറ്റെടുക്കാൻ ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് കൊടുത്തിരിക്കുകയാണ്. ആ റിപ്പോർട്ട് ഇപ്പോൾ കളക്ടറുടെയും റവന്യൂ വകുപ്പിന്റെയും പരിശോധനയിലാണ്. ഇനി പൈസ കൊടുക്കേണ്ട ഘട്ടത്തിലേയ്ക്കാണ് നീങ്ങുന്നത്. അതിന് അനുകൂലമായ റിപ്പോർട്ടുണ്ടായാൽ മതിയാകും.

കടലുണ്ടിക്കടവ് പാലത്തിന് 2017 മേയ് 11-നാണ് എ.എസ്. വന്നത്. അതിന്റെ അടിസ്ഥാനപരമായ സ്ഥലം ഏറ്റെടുക്കുന്നതിന് 18,48,010 രൂപയുടെ ചെക്ക് നൽകിയിരുന്നു. പക്ഷേ, ആ ചെക്ക് തഹസിൽദാർ തിരികെ എഞ്ചിനീയറെ ഏൽപ്പിച്ചു. ചെക്ക് കാലഹരണപ്പെട്ടു. നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ പ്രസ്തുത തുക നിക്ഷേപിച്ചിരിക്കുകയാണ്. പുതിയ സ്ഥലമേറ്റെടുക്കൽ നടപടികൾ പ്രകാരം നേരിട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം തയ്യാറാക്കാനായി ഭൂമിയുടെ വിശദാംശങ്ങൾ തഹസിൽദാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തഹസിൽദാർ അത് കൊടുക്കുന്ന മുറയ്ക്ക് മറ്റ് നടപടികളിലേയ്ക്ക് നീങ്ങുന്നതാണ്.

12.00 Noon

## (8) മുണ്ടത്തിക്കോട് - തൃശ്ശൂർ മെഡിക്കൽ കോളേജ് റോഡ്

ശ്രീ. അനിൽ അക്കര: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പാലക്കാടുനിന്നും മലപ്പുറത്തുനിന്നുമൊക്കെ പാവപ്പെട്ട രോഗികൾ വരുന്ന ഒരു പ്രധാനപ്പെട്ട റോഡാണ് മുണ്ടത്തിക്കോട് - അത്താണി - മെഡിക്കൽ കോളേജ് റോഡ്. വളരെ

നേരത്തെതന്നെ അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതാണ്. കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കൂടുതൽ തുകയ്ക്കാണ് ക്വാട്ട് ചെയ്തത്. ടെണ്ടർ തുകയെക്കാൾ കൂടുതൽ തുക അംഗീകരിച്ചുകിട്ടുന്നതിന് കരാറുകാരൻ കോടതിയിൽ പോകുകയും ആ കേസിൽ ഞാൻ കക്ഷിചേരുകയും എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റവും അടുത്ത തീയതിക്കകത്ത് ടാറിംഗ് നടത്താൻ കോടതി ഉത്തരവ് നൽകിയതുമാണ്. പക്ഷേ, കോടതി ഉത്തരവ് വന്ന് ഏകദേശം ആറ് മാസത്തിനുശേഷവും എഗ്രിമെന്റിലേയ്ക്ക് പോയില്ല. അതിനുശേഷം ഞാൻ അദ്ദേഹത്തിന് ഒരു നോട്ടീസ് അയച്ചു. കഴിഞ്ഞ മാസം എഗ്രിമെന്റ് വച്ചു. എഗ്രിമെന്റ് വച്ചപ്പോൾ പ്രവൃത്തി ഉടൻതന്നെ തുടങ്ങുമെന്നാണ് ഞങ്ങളൊക്കെ ധരിച്ചത്. പക്ഷേ, അതിന്റെ ലെവൽസെടുത്ത് റിപ്പോർട്ട് ചെയ്തിട്ടില്ല. ഇപ്പോൾ പുതുതായി ഓരോ കാരണങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിന്റെ വിഡ്ത്ത് കൂട്ടണമെന്നും മറ്റുമുള്ള ഓരോ അനാവശ്യ കാരണങ്ങൾ പറയുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് വളരെ ക്ലിയറാണ്. എസ്റ്റിമേറ്റ് നിരക്കിൽ ഏർളിയസ്റ്റ് ഡേറ്റിൽ പണി പൂർത്തിയാക്കാനാണ് അദ്ദേഹത്തോട് കോടതി പറഞ്ഞത്. ഒരു വർഷം കഴിഞ്ഞിട്ടും അദ്ദേഹത്തിന് ആ ഉത്തരവ് പാലിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഏറ്റവും അടുത്ത തീയതിക്കുള്ളിൽ ആ വർക്ക് ആരംഭിക്കാനും ഹൈക്കോടതി ഉത്തരവ് പാലിക്കാനും അദ്ദേഹത്തിന് കർശന നിർദ്ദേശം നൽകണം. വെറുതെ ഇങ്ങനെയൊരു ഹൈക്കോടതി ഉത്തരവ് വാങ്ങി എനിക്കും സർക്കാരിനും ഒരുപാട് സാമ്പത്തിക നഷ്ടം ഉണ്ടായതാണ്. വീണ്ടും ഇത്തരത്തിൽ ഓരോ വിഷയങ്ങൾ പറഞ്ഞ് ഇങ്ങനെ പോകുന്നതിനെതിരെ കരാറുകാർക്ക് പൊതുവിൽ ഒരു നിർദ്ദേശം കൊടുക്കണം. ഈ റോഡ് അടിയന്തരമായി കോടതി ഉത്തരവനുസരിച്ച് ചെയ്തുതീർക്കാനുള്ള നിർദ്ദേശം കൊടുക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇതൊരു ചെറിയ വർക്കാണ്. 1.5 കോടി രൂപയുടെ ഭരണാനുമതിയാണ് 2017 ഡിസംബർ 2-ാം തീയതി കൊടുത്തിട്ടുള്ളത്. ഈ പ്രവൃത്തിക്കായി ആദ്യം ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. രണ്ടാമത് ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച ടെണ്ടറുകളിൽ എല്ലാംതന്നെ എസ്റ്റിമേറ്റ് റേറ്റിനുമുകളിൽ ക്വാട്ട് ചെയ്തിരുന്നു. LMR റേറ്റ് പ്രകാരം കൊടുക്കാനാണ് തീരുമാനിച്ചത്. കോൺട്രാക്ടർ കേസിന് പോയി. ഹൈക്കോടതി കണ്ണുമടച്ച് കോൺട്രാക്ടർ പറഞ്ഞ തുക കൊടുക്കാൻ പറയുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റേറ്റിൽ ടെണ്ടറിന് അംഗീകാരം കൊടുത്തു. പല തവണ പറഞ്ഞിട്ടും എഗ്രിമെന്റ് വച്ചില്ല. 25,000 രൂപ ഫൈൻ ഈടാക്കുകയുണ്ടായി. Ojasvi Construction Solution, Prasanthi Buildings, Shornur എന്നതാണ് കരാറുകാരന്റെ മേൽവിലാസം. ഇയാൾ ഒരു തരികിട കരാറുകാരനാണെന്നാണ് റിക്കാർഡ് നോക്കിയപ്പോൾ എനിക്ക് മനസ്സിലാകുന്നത്. 2019 ജനുവരി 28-ാം തീയതി കരാർ വച്ചു. അങ്ങ് പറയുന്നത് ഒരാഴ്ചയായിട്ടും ചെയ്തില്ല

എന്നാണ്. അയാളെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി ലൈസൻസ് കാൻസൽ ചെയ്യുക എന്നതല്ലാതെ ഫയൽ നോക്കിയിട്ട് വേറൊന്നും കാണുന്നില്ല. അത് ചെയ്യാത്ത എഞ്ചിനീയർമാരെയും വെറുതെ വിടാൻ പോകുന്നില്ല. എഞ്ചിനീയർമാർ നിസ്സഹായാവസ്ഥ കാണിക്കേണ്ട കാര്യമെന്താണ്; അവിടെ പി.ഡബ്ല്യു.ഡി. മാന്വൽ ഇരിപ്പില്ലേ; കർശന നടപടിക്ക് വിധേയമായി ഇയാളുടെ ലൈസൻസ് കാൻസൽ ചെയ്യേണ്ടതാണ്. ഹൈക്കോടതിയിൽ പോയി അനാവശ്യ വിധി വാങ്ങിയതാണ്. ഗവൺമെന്റ് അഡ്വക്കേറ്റ് മിണ്ടിക്കാണില്ല എന്നുള്ളത് ഉറപ്പായ കാര്യമാണ്. മിണ്ടിയിരുന്നെങ്കിൽ ഈ വിധി കിട്ടുകയില്ല. അത് എന്തെങ്കിലും ആകട്ടെ. ഹൈക്കോടതി അയാൾ ആവശ്യപ്പെട്ട റേറ്റിൽ കൊടുത്തെങ്കിലും പണിയില്ലെന്ന് പറഞ്ഞുകൊണ്ടാണ് തരികിട കോൺട്രാക്ടറാണെന്ന് പറഞ്ഞത്. അയാൾ കോൺട്രാക്ടർ ആയിരിക്കാൻ യോഗ്യനല്ല. ഇത് ഞാനല്ല പറയേണ്ടിയിരുന്നത്. അവിടത്തെ എ.ഇ. ആണ് പറയേണ്ടത്. അദ്ദേഹം എന്തുകൊണ്ട് പറഞ്ഞില്ലായെന്നുള്ളത് പരിശോധിക്കാം. എന്തായാലും കർശന പരിശോധന നടത്താം. ഒന്നുകിൽ പണിയണം അല്ലെങ്കിൽ അദ്ദേഹം കോൺട്രാക്ടർ അല്ലാതാകണം. വേറൊരു ആളിനെവച്ച് നമ്മളത് പണിയും. ഇതാണ് എനിക്ക് പറയാനുള്ളത്.

## (9) മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

ശ്രീ. കെ. ദാസൻ: സർ, കേരളത്തിൽ തീരദേശ മേഖലകളിലെ നിരവധി മത്സ്യത്തൊഴിലാളികൾ വലിയ ബോട്ടുകളിലും ചെറുവള്ളങ്ങളിലും മത്സ്യബന്ധനത്തിലൂടെ ഉപജീവനം നടത്തിവരുന്നു. ചെറിയ ഫൈബർ വള്ളങ്ങളുടെ ഉടമകളിൽ പലരും മത്സ്യത്തൊഴിലാളികളാണ്. വലിയ ബോട്ടുകൾ മാത്രമാണ് മുതലാളിമാരുടെയും വലിയ സംഘങ്ങളുടെയും കൈവശമുള്ളത്. ഈ വർഷംതന്നെ ജൂൺ മുതൽ നവംബർ വരെയുള്ള കാലയളവിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ രണ്ടിൽക്കൂടുതൽ അപകടങ്ങൾ എന്റെ നിയോജകമണ്ഡല പരിധിയിൽ ഉണ്ടായി. മത്സ്യത്തൊഴി ലാളികളുടെ ജീവൻ തിരികെ കിട്ടിയിട്ടുണ്ട്. ഫൈബർ നിർമ്മിത ചെറുവള്ളങ്ങളിൽ മീൻ പിടിക്കവെ ശക്തമായ തിരയിലും കാറ്റിലുംപെട്ടാണ് മിക്ക അപകടങ്ങളുമുണ്ടായത്. അപ്രതീക്ഷിതമായി ഉണ്ടായ കാലാവസ്ഥാ വ്യതിയാനങ്ങളാണ് അപകടങ്ങൾ സൃഷ്ടിച്ചത്. പരിക്കേറ്റ് വിവിധ ആശുപത്രികളിൽ കഴിയേണ്ടിവരുന്ന മത്സ്യത്തൊഴിലാളികളുടെ ചികിത്സയുടെ ബില്ലുകൾ സമർപ്പിച്ചാൽ ചെറിയ ആനുകൂല്യങ്ങൾ ഫിഷറീസ് വകുപ്പിൽനിന്നും ലഭിക്കുന്നുണ്ട്. ഇവരുടെ ഏക ഉപജീവന ആശ്രയമായ വള്ളവും വലകളും മോട്ടോർ എഞ്ചിനുകളും ഇത്തരത്തിലുണ്ടാകുന്ന മിക്ക അപകടങ്ങളിലും പൂർണ്ണമായും തകർന്നുപോകുന്ന അവസ്ഥയാണുള്ളത്. അതോടുകൂടി അറിയാവുന്ന ഏക ഉപജീവനമാർഗ്ഗം തുടർന്നുകൊണ്ടുപോകുന്നത് ഒരു ചോദ്യചിഹ്നമായി പലപ്പോഴും മാറുന്നു. നിലവിൽ ഇത്തരത്തിൽ നഷ്ടപ്പെട്ട തൊഴിലുപകരണങ്ങൾക്ക്

പകരം പുതിയത് വാങ്ങിക്കാൻ നഷ്ടപരിഹാരമായി ഫിഷറീസ് വകുപ്പിൽനിന്നും പദ്ധതികളൊന്നും തന്നെയില്ല. മുമ്പുണ്ടായിരുന്ന മത്സ്യസുരക്ഷ പോലുള്ള ഇൻഷ്വറൻസ് പദ്ധതികൾ നിലവിലില്ല പലപ്പോഴും പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ മത്സ്യ മേഖലയിൽത്തന്നെ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങൾ, പ്രാദേശിക സഹകരണ സംഘങ്ങൾ, ദേശസാൽകൃത ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം വായ്പയെടുത്താണ് ഉപജീവന മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നത്. അപ്രതീക്ഷിത അപകടങ്ങളിൽ ഇവ പൂർണ്ണമായും നഷ്ടപ്പെടുന്നതോടെ ഉപജീവനമാർഗ്ഗം നിലച്ചു പോകുക മാത്രമല്ല വലിയൊരു കടക്കെണിയിലേയ്ക്കുകൂടി മത്സ്യത്തൊഴിലാളി കുടുംബം ഫലത്തിൽ വന്നെത്തുകയാണ്. വലിയ ദുരന്തങ്ങൾ വിതയ്ക്കുന്ന ഓഖി, സുനാമി മറ്റ് ചുഴലിക്കാറ്റുകൾ എന്നിവ പോലുള്ള പ്രകൃതിക്ഷോഭങ്ങളിൽ ഒഴികെ സാധാരണ കാലവർഷങ്ങളിൽ ഉണ്ടാകുന്ന ഇത്തരം അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴി ലാളികൾക്ക് നഷ്ടപ്പെട്ട വള്ളം, വല, മോട്ടോർ എഞ്ചിനുകൾ എന്നിവയ്ക്ക് ഫലപ്രദമായ നഷ്ടപരിഹാരം ലഭ്യമല്ല. ഫിഷറീസ് വകുപ്പിൽ സഹായത്തിന് അപേക്ഷിച്ചാൽ ആയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായ നിധിയിൽനിന്നും സഹായം ലഭ്യമാക്കുന്നതിന് കൈമാറുകയാണ് ചെയ്യുന്നത്. അപേക്ഷകരുടെ ബാഹുല്യം കാരണം മുഖ്യമന്ത്രിയുടെ സഹായ നിധിയിൽനിന്നും പരിമിതമായ സഹായം മാത്രമാണ് ലഭിക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിൽനിന്നും സത്വര ശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. നേരത്തെയുണ്ടായിരുന്ന മത്സ്യ സുരക്ഷ പോലുള്ള ഇൻഷ്വറൻസ് പദ്ധതികളിലെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് മത്സ്യബന്ധന അപകടങ്ങളിൽ നഷ്ടപ്പെടുകയോ നശിച്ച് പോകുകയോ ചെയ്യുന്ന മത്സ്യബന്ധനോപകരണങ്ങൾ തിരികെ ലഭിക്കാനായി സർക്കാരിന്റെ സഹായത്തോടെ ഫലപ്രദമായ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിൽവരുത്തുകയും ഇത്തരത്തിലുള്ള തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി നേരത്തെ മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾ എഴുതിത്തള്ളുന്നതടക്കമുള്ള പരമാവധി ഇളവുകൾ നൽകുകയും പുതിയവ വാങ്ങുന്നതിനായി പലിശരഹിതമോ കുറഞ്ഞതോ ആയ വായ്പകൾ ലഭ്യമാക്കുകയും ചെയ്യുന്ന സമഗ്രമായ ഒരു പദ്ധതി ഈ മേഖലയിൽ നടപ്പിൽ വരുത്തണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയോട് ഞാൻ സാദരം അപേക്ഷിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : സർ, പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. മത്സ്യബന്ധനത്തിനിടെ കടൽക്ഷോഭത്തിലും കാറ്റിലും ഒഴുക്കിലും മറ്റ് കാലാവസ്ഥാ വ്യതിയനങ്ങളിലുംപെട്ട് ഓരോ വർഷവും ശരാശരി നാൽപ്പതോളം മത്സ്യത്തൊഴിലാളികൾക്ക് ജീവഹാനി സംഭവിക്കുകയും

ഏകദേശം ഇരട്ടിയോളം പേർക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അവരുടെ ജീവനോപാധികളായ വള്ളം, വല, എഞ്ചിൻ തുടങ്ങിയവ പൂർണ്ണമായോ ഭാഗീകമായോ കേടാവുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നുണ്ട്. ആയതുമൂലം മത്സ്യ ത്തൊഴിലാളികൾക്ക് വൻ സാമ്പത്തിക നഷ്ടം പലപ്പോഴും നേരിടേണ്ടി വരുന്നുണ്ട്. കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് വഴി നടപ്പിലാക്കുന്ന മത്സ്യ ത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടമരണം, മുങ്ങി മരണം, സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് പത്ത് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. അപകടംമൂലം ഇരുപത്തിനാല് മണിക്കൂറിലധികം സമയം ആശുപത്രിയിൽ കിടത്തി ചികത്സിക്കേണ്ടി വരുന്നവർക്ക് ഇരുപത്തയ്യായിരം രൂപ പരമാവധി ധനസഹായം നൽകുന്നു. കേന്ദ്ര പദ്ധതിയായ 'ആം ആദ്മി ബീമാ യോജന' പ്രകാരം അപകടംമൂലം ഉണ്ടാകുന്ന മരണത്തിന് നാല് ലക്ഷം രൂപയും അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് രണ്ട് ലക്ഷം രൂപയും അപകടംമൂലം സ്ഥിരവും ഭാഗീകവുമായ അവശതയ്ക്ക് ഒരു ലക്ഷം രൂപയും സാധാരണ മരണത്തിന് രണ്ട് ലക്ഷം രൂപയും ധനസഹായം നൽകുന്നു. വള്ളം, വല, എഞ്ചിൻ തുടങ്ങിയ മത്സ്യബന്ധനോപാധികളുടെ കാര്യത്തിൽ നിലവിൽ എസ്.ഡി.ആർ.എഫ്.-ൽ നിന്നും കളക്ടർമാർ മുഖാന്തരം അനുവദിക്കുന്ന തുക വളരെ തുച്ഛമാണെന്നത് വസ്തുതയാണ്. എന്നാൽ മത്സ്യബന്ധനോപാധികൾക്ക് സംഭവിക്കുന്ന നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് ഫിഷറീസ് വകുപ്പിൽ ഇതുവരെ പദ്ധതികളൊന്നുമില്ല. ഓഖി ദുരന്തത്തിൽ മാത്രമാണ് അതിന് വ്യത്യസ്തമായൊരു പദ്ധതി ആവിഷ്കരിച്ചത്. ഓഖി ദുരന്തത്തിൽ 369 യാനങ്ങൾക്കായി 6.76 കോടി രൂപ നഷ്ടപരിഹാരമായി നൽകുകയുണ്ടായി. പൊന്നാനിയിൽ ഈയടുത്ത കാലത്ത് അപ്രതീക്ഷിതമായി ഉണ്ടായ നാശനഷ്ടത്തിൽപ്പെട്ടവർക്കും പ്രത്യേകമായി ദുരിതാശ്വാസ നിധിയിൽനിന്നും 2,30,74,555 (രണ്ട് കോടി മുപ്പത് ലക്ഷത്തി എഴുപത്തിനാലായിരത്തി അഞ്ഞൂറ്റിയ മ്പത്തിയഞ്ച്) രൂപ നൽകുകയുണ്ടായി. എന്നാൽ എല്ലായ്പ്പോഴും ഈ വിധത്തിൽ സഹായം ലഭിക്കുന്നില്ല. അതുകൊണ്ട് നടപ്പ് സാമ്പത്തിക വർഷം മുതൽ മത്സ്യ ബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് നടപ്പ് സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിനായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ അനുസരിച്ച് എല്ലാ മറൈൻ ജില്ലകളിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചാൽ ഉടൻതന്നെ പ്രീമിയം തുക അടച്ച് ഇൻഷ്വറൻസ് നടപ്പു സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കുന്നതാണ്. ആദ്യ വർഷമെന്ന നിലയിൽ പതിനഞ്ച് മീറ്റർ വരെ നീളമുള്ള പരമ്പരാഗത യാനങ്ങൾക്കാണ് മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നത്. പൂർണ്ണമായ നഷ്ടം കവർ ചെയ്യുന്നതിനും പൂർണ്ണവും

ഭാഗീകവുമായ നഷ്ടം കവർ ചെയ്യുന്നതിനും വെവ്വേറെ നിരക്കുകളാണ് അംഗീകരിച്ചിട്ടുള്ളത്. പൂർണ്ണമായ നഷ്ടം കവർ ചെയ്യുന്നതിന് നിശ്ചിത തുകയുടെ ഒരു ശതമാനം ടാക്സും ചേർന്ന തുകയാണ് പ്രീമിയം അടയ്ക്കേണ്ടത്. പൂർണ്ണവും ഭാഗീകവുമായ നഷ്ടം കവർ ചെയ്യുന്നതിന് നിശ്ചിത തുകയുടെ 1.5 ശതമാനവും ടാക്സും ചേർന്ന തുകയാണ് പ്രീമിയമായി നിശ്ചയിച്ചിട്ടുള്ളത്. യാനങ്ങൾക്കുണ്ടാകുന്ന പൂർണ്ണ നഷ്ടവും ഭാഗീക നഷ്ടവും കവർ ചെയ്യാൻ ഉദ്ദേശിക്കുന്നു. പ്രീമിയം തുകയുടെ പത്ത് ശതമാനം മാത്രമാണ് ഗുണഭോക്തൃ വിഹിതമായി ഈടാക്കുവാൻ ഉദ്ദേശിക്കുന്നത്, ബാക്കി തൊണ്ണൂറ് ശതമാനവും സർക്കാർ വഹിക്കും. തുടക്കത്തിൽ അങ്ങനെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. വരും വർഷങ്ങളിൽ ഇൻഷ്വറൻസ് പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

## (10) ചേലക്കരയിൽ ആർട്സ് & സയൻസ് കോളേജ്

ശ്രീ. യു ആർ. പ്രദീപ് : സർ, ഞാൻ എന്റെ മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികജാതി സംവരണ മണ്ഡലമാണ് ചേലക്കര. ചേലക്കരയിൽ 407 പട്ടികജാതി കോളനികളും അഞ്ച് പട്ടികവർഗ്ഗ കോളനികളും ഉൾപ്പെടുന്നുണ്ട്. ഏതാണ്ട് അറുപത് ശതമാനം പിന്നാക്ക ജനവിഭാഗങ്ങളും പട്ടികജാതി ഉൾപ്പെടെയുള്ള മറ്റ് പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളും താമസിക്കുന്നതുമായ ഒരു പ്രദേശമാണ് ചേലക്കര. അവിടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഉന്നത പഠനം നടത്തുന്നതിന് മതിയായ സൗകര്യമില്ല. ആധുനിക കാലഘട്ടത്തിൽ ആവശ്യമായ ശാസ്ത്രീയ വിഷയങ്ങളിൽ ഉന്നത പഠനം നടത്തുന്നതിന് നിയോജകമണ്ഡലത്തിൽ മതിയായ സൗകര്യമില്ലെന്ന് മാത്രമല്ല ഫിസിക്സ്, കെമിസ്ട്രി അടക്കമുള്ള ശാസ്ത്ര വിഷയങ്ങളിൽ ഉന്നത വിജയം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ കുറവ് നല്ല തോതിൽ സംസ്ഥാനത്തു തന്നെയുണ്ട്. എന്റെ മണ്ഡലമായ ചേലക്കരയിലെ മുല്ലൂർക്കര വില്ലേജിൽ റവന്യൂ പുറമ്പോക്കായുള്ള ഏതാണ്ട് ആറേക്കർ സ്ഥലം ഏറ്റെടുത്ത് ഉന്നത പഠനം നടത്തുന്ന കുട്ടികൾക്കാവശ്യമായ സൗകര്യം ഏർപ്പെടുത്തി കൊടുക്കാൻ കഴിയുമോയെന്നതാണ് എന്റെ സബ്മിഷൻ.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ചേലക്കര മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ശാസ്ത്ര വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്നതിന് ഒരു കോളേജ് അനുവദിക്കണമെന്നുള്ള അഭ്യർത്ഥനയാണ് അദ്ദേഹം മുന്നോട്ട് വച്ചിട്ടുള്ളത്. ഈ അപേക്ഷ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെയും അതുപോലെതന്നെ റവന്യൂ വകുപ്പിന്റെയും അഭിപ്രായം അറിയുന്നതിലേയ്ക്കായി അയച്ചിട്ടുണ്ട്. ആ റിപ്പോർട്ട് കിട്ടിയാലുടൻ ആവശ്യമായ ഫണ്ട് ധനകാര്യ വകുപ്പ് അനുവദിക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള ഒരു സ്ഥാപനം ആരംഭിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

## (11) വാഴക്കുളം സെക്ഷൻ ഓഫീസ് വിഭജനം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ വാഴക്കുളം സെക്ഷൻ ഓഫീസിന് കീഴിൽ ഇരുപത്തയ്യായിരത്തിന് മുകളിൽ ഉപഭോക്താക്കളാണുള്ളത്. എ.വി.റ്റി. പോലുള്ള വലിയ ഫാക്ടറികളും ഒട്ടനവധി പ്ലൈവുഡ് കമ്പനികളുമെല്ലാം ഈ സെക്ഷന്റെ കീഴിലാണ് വരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരുപത്തയ്യായിരത്തിന് മുകളിൽ ഉപഭോക്താക്കളുള്ള പുത്തൻകുരിശ്, കിഴക്കമ്പലം എന്നീ സെക്ഷനുകളെ വിഭജിച്ചിരുന്നു. വാഴക്കുളം സെക്ഷൻ ഓഫീസ് വിഭജിക്കുവാൻ അന്നും ആവശ്യപ്പെട്ടിരുന്നു. വാഴക്കുളം പഞ്ചായത്തിലെ ചെമ്പറക്കിയിൽ വാടക ഇല്ലാതെ സൗജന്യമായി കെ.എസ്.ഇ.ബി.-ക്ക് ഓഫീസും തയ്യാറാക്കിയതാണ്. എന്നാൽ ഒരേ പഞ്ചായത്തിൽ ഒന്നിലധികം സെക്ഷൻ ഓഫീസുകൾ അനുവദിക്കില്ലെന്ന തീരുമാനമാണ് ബോർഡ് എടുത്തത്. വാഴക്കുളം പഞ്ചായത്തിന് ചുറ്റുമുള്ള പെരുമ്പാവൂർ മുനിസിപ്പാലിറ്റി, വെങ്ങോല, കിഴക്കമ്പലം, എടത്തല എന്നിവിടങ്ങളിൽ നിലവിലുള്ളതും പുതിയതുമായ സെക്ഷൻ ഓഫീസുകൾ വന്നുകഴിഞ്ഞു. ആലുവയിലെ കീഴ്മാട് പഞ്ചായത്തിലാണ് സെക്ഷൻ ഓഫീസ് ഇല്ലാത്തത്. ഇനി കീഴ്മാട് പഞ്ചായത്തിൽ പുതിയതായി സെക്ഷൻ ഓഫീസ് അനുവദിച്ചാലും വാഴക്കുളത്തെ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. കാരണം ഇവിടെയുള്ള ഉപഭോക്താക്കളെ അങ്ങോട്ട് മാറ്റാൻ കഴിയില്ല. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥർ നാമമാത്രമായ ഉപഭോക്താക്കളെ മറ്റുചില സെക്ഷനുകളിലേയ്ക്ക് മാറ്റി ഇരുപത്തയ്യായിരത്തിന് താഴെയാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ശാശ്വതമായി അവിടെയുള്ള പ്രശ്നം പരിഹരിക്കണമെങ്കിൽ തീർച്ചയായും വാഴക്കുളം പഞ്ചായത്തിൽത്തന്നെ പുതിയ സെക്ഷൻ ഓഫീസ് വരണം. പഞ്ചായത്ത് എന്നത് ഒരു മാനദണ്ഡം ആക്കേണ്ട കാര്യമില്ല; ഉപഭോക്താക്കളെയല്ലേ മാനദണ്ഡമാക്കേണ്ടത്; അപ്പോൾ അതേ പഞ്ചായത്തിൽത്തന്നെ ചെമ്പറക്കിയിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിച്ചെങ്കിൽ മാത്രമേ ഇതിന് പരിഹാരമുണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് വാഴക്കുളത്തെ ചെമ്പറക്കിയിൽ പുതിയൊരു സെക്ഷൻ ഓഫീസ് വേണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, എറണാകുളം ജില്ലയിലെ വാഴക്കുളം സെക്ഷനിൽ നിലവിൽ 25,320 ഉപഭോക്താക്കളാണുള്ളത്. ഈ സെക്ഷൻ വിഭജിച്ച് ചെമ്പറക്കി ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള അപേക്ഷ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. അധിക മാനവ വിഭവശേഷി ആവശ്യമാണ് എന്നതും കമ്പ്യൂട്ടർവൽക്കരണം അടക്കമുള്ള ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ പുതിയ സെക്ഷനുകൾ ആരംഭിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്.

വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനും ഓൺലൈൻ സംവിധാനമടക്കം നിരവധി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി തകരാറുകൾ സംബന്ധിച്ച പരാതികളും മറ്റും സമർപ്പിക്കാൻ കേന്ദ്രീകൃത കോൾസെന്റർ ഏർപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ പേമെന്റ് വ്യാപിപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം അനുസരിച്ച് 2,000 രൂപയ്ക്ക് മുകളിലുള്ള ഗാർഹികേതര ബില്ലുകൾ ഓൺലൈനായി അടയ്ക്കണമെന്ന നിബന്ധന ഇതിനോടകം നടപ്പാക്കി ക്കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖലയുടെ നവീകരണം ലക്ഷ്യമിട്ട് നടപ്പാ ക്കിവരുന്ന 'ദ്യുതി 2021' പദ്ധതി പ്രകാരം വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും അറ്റകുറ്റപ്പണികൾ കാര്യക്ഷമമാക്കുന്നതിനും സാധിക്കും. ഈ നടപടികളുടെയൊക്കെ ഭാഗമായി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ച് വാഴക്കുളം സെക്ഷൻ വിഭജിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

ഇത്തരം നിരവധി ആവശ്യങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ട്. ഇരുപത്തയ്യായിരവും മുപ്പതിനായിരവുമൊക്കെ ഉപഭോക്താക്കളുള്ള സെക്ഷൻ ഓഫീസുകൾ വിഭജിക്കണ മെന്നുള്ള നിരവധി ആവശ്യങ്ങൾ വന്നിട്ടുണ്ട്. പക്ഷേ സാങ്കേതികതയും മറ്റ് പല കാരണങ്ങളും ഉള്ളതിനാൽ ഇത്തരം കാര്യങ്ങൾ പരിഗണിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

## V ധനകാര്യം

## 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച...)

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളം വലിയ പ്രളയത്തെ അതിജീവിച്ചതിനുശേഷമുള്ള ഒരു ബഡ്ജറ്റാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. സ്വാഭാവികമായും പ്രളയത്തെ അതിജീവിക്കാനുതകുന്ന ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ്. അതിജീവന ബഡ്ജറ്റാണിത്. കേന്ദ്രം നമ്മൾ ആവശ്യപ്പെട്ട സഹായം തരാതിരിക്കുകയും മറ്റ് രാജ്യങ്ങളിൽനിന്ന് സഹായം സ്വീകരിക്കുന്നതിനെ വിലക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കേണ്ടിവന്നത്.

നമ്മുടെ പരിമിത വൃത്തത്തിനുള്ളിൽനിന്നും ധനസമാഹരണം നടത്തുന്നതിനുള്ള വലിയ ശ്രമമാണ് ഡോ. ടി. എം. തോമസ് ഐസക് ജി.എസ്.ടി.-യിൽഒരു ശതമാനം സെസ്സ് ഏർപ്പെടുത്തി നടപ്പിലാക്കിയത്. ഈ സെസ്സ് വിലക്കയറ്റമുണ്ടാ ക്കുമെന്ന ആശങ്ക അസ്ഥാനത്താണ്. അഞ്ച് ശതമാനവും അതിൽ താഴെയുമുള്ള

ചരക്കുകൾക്ക് ഇത് ബാധകമല്ല. 12 ശതമാനം, 18 ശതമാനം, 28 ശതമാനം ജി.എസ്.ടി.-യുള്ള സാധനങ്ങൾക്ക് മാത്രമേ ഇത് ചുമത്തുന്നുള്ളൂ. അതുകൊണ്ടുതന്നെ സാധാരണക്കാരനെ ബാധിക്കുന്ന ഒരു നികുതിയല്ല ഇതെന്നുള്ളത് വ്യക്തമാണ്. അത് അനിയന്ത്രിതമായ ഒരു വിലക്കയറ്റവും കേരളത്തിൽ ഉണ്ടാക്കാൻ പോകുന്നില്ല.

ഈ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 25 പദ്ധതികളും പരസ്പര ബന്ധിതമാണ്. അത് കേരളത്തെ മുന്നോട്ട് കൊണ്ടുപോകാൻ ഉദ്ദേശിച്ചുള്ളവയാണ്. ഇവയിൽ ഏറ്റവും ആകർഷണീയമായത് ആരോഗ്യ മേഖലയ്ക്ക് നീക്കിവച്ച തുകയാണ്. നമ്മുടെ മൊത്തം ചെലവിന്റെ അഞ്ച് ശതമാനം ആരോഗ്യ മേഖലയ്ക്കാണ് നീക്കിവച്ചിരിക്കുന്നത്. ഇത് ഇന്ത്യയിലെതന്നെ മറ്റ് 26 സംസ്ഥാനങ്ങളേക്കാൾ കൂടുതലാണ്. 42 ശതമാനം കുടുംബങ്ങൾ ഈ ആരോഗ്യ പരിരക്ഷയുടെ പരിധിയിൽ വരും. ഇതര വ്യക്തികളും കുടുംബങ്ങളും നിലവിലുള്ള മറ്റുപല ഇൻഷ്വറൻസ് സ്കീമുകളിലുമുണ്ട്. അങ്ങനെ ഏതാണ്ട് കേരളത്തിലെ മുഴുവൻ കുടുംബങ്ങളെയും ആരോഗ്യ പരിരക്ഷയുടെ പരിധിയിൽ വരുത്തുന്ന വലിയൊരു കാര്യമാണ് ഈ ബഡ്ജറ്റ് വിഭാവന ചെയ്തിരിക്കുന്നത്. ഇത് ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്.

കേരളം മറ്റുപല കാര്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃക കാണിച്ചതുപോലെ, കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ കൊടുത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന വലിയ നിർദ്ദേശമാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവച്ചിട്ടുള്ളത്.

വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നീ മൂന്ന് കാര്യങ്ങളിൽ ശ്രദ്ധയൂന്നിയ രാജ്യങ്ങളാണ് ലോകത്തിൽ സാമ്പത്തിക കുതിപ്പ് നടത്തിയിട്ടുള്ള വലിയ സമ്പന്ന രാജ്യങ്ങളായി ഇന്ന് അറിയപ്പെടുന്നത്. ചൈനയും ഇപ്പോൾ പിന്തുടരുന്നത് ആ പാതയാണ്. അങ്ങനെയാണ് അവർ വലിയ സാമ്പത്തിക കുതിപ്പിന് അടിത്തറയിട്ടത്.

പരിമിതമായ വരുമാനത്തിൽ നിന്നുകൊണ്ട് നമ്മുടെ അടിസ്ഥാന സൗകര്യങ്ങൾ എങ്ങനെ വികസിപ്പിക്കും എന്നോർത്ത് വിഷമിച്ചുനിൽക്കുന്ന സന്ദർഭത്തിലാണ്, ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ കിഫ്ബിയെ ശക്തിപ്പെടുത്തിക്കൊണ്ട് ഈ സർക്കാർ പദ്ധതികൾ നടപ്പാക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പല ആവർത്തി ചൂണ്ടിക്കാണിച്ചതുപോലെ, കിഫ്ബി നിലവിൽ ഉണ്ടായിരുന്ന ഒരു സംവിധാനമാണ്. അങ്ങനെ വെറുതെ വച്ചിരുന്ന കിഫ്ബിയെയാണ് ഇപ്പോൾ ശക്തിപ്പെടുത്തി നമ്മുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഉപയോഗിക്കാൻ തീരുമാനിച്ചത്. ഇതിനെയാണ് doubting പി.ടി. തോമസുമാർ സംശയിക്കുന്നത്. അവരോട് എനിക്ക് പറയാനുള്ളത്, ഹാ

കഷ്ടം! എന്നുമാത്രമാണ്. അതിനെക്കുറിച്ച് സംശയങ്ങളുടെ ആവശ്യമില്ല. കേരളത്തിന്റെ ഇന്നത്തെ പരിമിത സാഹചര്യത്തിൽ നിലവിലുള്ള ഒരേയൊരു മാർഗ്ഗം ഉപയോഗിച്ചു കൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി നമ്മൾ വലിയ പരിശ്രമം നടത്തുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, വേഗത്തിലുള്ള റെയിൽപ്പാതയുടെ നിർമ്മാണമാണ്. നമ്മുടെ നാട്ടിലെ പല സംസ്ഥാനങ്ങളും, പ്രത്യേകിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ പലതും റെയിൽവേ ഡെവലപ്മെന്റ് കോർപ്പറേഷനുകൾ രൂപീകരിച്ച് അവരുടെ റെയിൽപ്പാത വികസിപ്പിക്കുകയും മറ്റും ചെയ്തു. ഈ നിർദ്ദേശം എത്രയോ കാലം മുമ്പ് വന്നതാണ്. അതെല്ലാം നമ്മൾ അവഗണിച്ചു. ഇപ്പോൾ കേരളത്തിൽ സ്ഥലം ഏറ്റെടുക്കാതെ തന്നെ ഒരു അതിവേഗ പാത ഉണ്ടാക്കുന്നതിനുള്ള ശ്രമത്തിലാണ് നമ്മൾ. ആ ശ്രമം വിജയിക്കുക എന്നുള്ളത് കേരളത്തിന്റെ സുപ്രധാനമായ ആവശ്യമാണ്. നമ്മൾ ഇപ്പോൾ പദ്ധതിയിട്ടിരിക്കുന്ന റോഡുകൾ, റെയിൽപ്പാത, ഡബ്ലിംഗ് പൂർത്തിയാകുന്നത്, അതുപോലെത്തന്നെ ബഡ്ജറ്റിൽ വിഭാവന ചെയ്തിരിക്കുന്ന ജലപാത-അങ്ങനെ റോഡ്, റെയിൽ, ജലപാത എന്നീ മൂന്ന് കാര്യങ്ങൾ വികസിക്കുന്നതോടുകൂടി കേരളം വലിയ വികസന കുതിപ്പാണ് നടത്താൻ പോകുന്നത്. വികസന കാര്യങ്ങളിൽ വലിയ മാറ്റമാണ് കേരളത്തിൽ വരാൻ പോകുന്നത് എന്നുള്ളത് നിസ്സംശയമാണ്.

ഇടതുപക്ഷ രാഷ്ട്രീയം ഇന്ത്യയുടെ രാഷ്ട്രീയ മേഖലയിൽ ഉയർത്തിപ്പിടിക്കുന്ന നിലപാടുകളുടെ നേർപ്രതിഫലനമാണ് ഈ ബഡ്ജറ്റ്. ഉദാരവൽക്കരണ സാമ്പത്തിക സമീപനം അരങ്ങുതകർക്കുന്ന സന്ദർഭത്തിലാണ് നമ്മൾ ഇക്കാര്യങ്ങൾ ചെയ്യുന്നത്. ഉദാരവൽക്കരണം സൗജന്യ വിദ്യാഭ്യാസത്തിന് എതിരാണ്. നമ്മൾ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിനുവേണ്ടി തുക മാറ്റിവയ്ക്കുന്നു. അതിനുവേണ്ടിയുള്ള വലിയ പ്രവർത്തനങ്ങളിലാണ് നമ്മൾ. ഉദാരവൽക്കരണം സൗജന്യ വൈദ്യസഹായത്തിന് എതിരാണ്. നമ്മൾ സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തുകയാണ്.

പ്രളയത്തിനുശേഷം എല്ലാവരും ഉറ്റുനോക്കിയിരുന്നത്, ആശങ്കപ്പെട്ടിരുന്നത് നമ്മുടെ നാട്ടിൽ വലിയ പകർച്ചവ്യാധികൾ വരുമെന്നാണ്. പക്ഷേ പകർച്ചവ്യാധികളൊന്നും വരാതെ തടഞ്ഞ് നിർത്തിയത് നമ്മുടെ ആരോഗ്യ മേഖലയുടെ വലിയ ശക്തിയാണ്. നമ്മൾ ആദ്യമേ നടത്തിയ ഫലപ്രദമായ ഇടപെടലുകളുടെ ഫലമായാണ് പ്രളയ കാലത്തിനുശേഷം കേരളം പകർച്ചവ്യാധിയുടെ കാഠിന്യത്തിൽ അകപ്പെടാതിരുന്നത്. ഈ ഗവൺമെന്റ് നടത്തിയ സമയോചിതമായ ഇടപെടലുകളും ജനങ്ങളെയാകെ മൊബിലൈസ് ചെയ്തുകൊണ്ട് വെള്ളപ്പൊക്കത്തിനുശേഷം നടത്തിയ ശുചിത്വ പ്രവർത്തനങ്ങളും നമ്മുടെ നാടിനെ പകർച്ചവ്യാധിയിൽനിന്ന് ഒഴിവാക്കി നിർത്തി എന്നുള്ള അഭിമാനകരമായ കാര്യം നമ്മൾ ഓർക്കേണ്ടതാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി. സത്യൻ)

ഉദാരവൽക്കരണം എല്ലാവിധ ക്ഷേമ പെൻഷനുകൾക്കും എതിരാണ്. നമ്മൾ ക്ഷേമപെൻഷനുകളുടെ തുക വർദ്ധിപ്പിക്കുകയും കുടിശ്ശിക തീർത്ത് എല്ലാ വർഷവും വിതരണം ചെയ്യുന്നതിനുള്ള സംവിധാനവുമുണ്ടാക്കി. ഒരു വശത്ത് ജനക്ഷേമ പദ്ധതികളും സാധാരണക്കാർക്ക് സുരക്ഷയും മറുവശത്ത് അടിസ്ഥാന സൗകര്യങ്ങളുടെ വികസനവുമാണ് ഈ ബഡ്ജറ്റ് വിഭാവന ചെയ്യുന്നത്. അത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള കാര്യങ്ങളാണ് ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുപോലെതന്നെ മുടങ്ങിക്കിടന്നിരുന്ന എത്ര പദ്ധതികൾ കേരളം പൂർത്തിയാക്കി; കൂടംകുളം ലൈൻ വലിക്കുമ്പോൾ അവിടെയും ഇവിടെയും കുറച്ച് റബ്ബർ പോകുമെന്നും മറ്റും പറഞ്ഞ് നിരന്തരം സൃഷ്ടിച്ചിരുന്ന തടസ്സത്തെ അതിജീവിച്ച് ആ ലൈൻ ഇന്ന് ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ പൂർത്തിയാകാൻ പോകുകയാണ്.

അതുപോലെ തന്നെ ഗെയിൽ പൈപ്പ്ലൈൻ, ഇവിടെ പല തവണ പറഞ്ഞിട്ടുള്ളതാണ്, ഞാൻ ആവർത്തിക്കുന്നില്ല. എന്തെല്ലാം കാര്യങ്ങൾ പറഞ്ഞാണ് അതിനെല്ലാം തടസ്സം നിന്നിരുന്നത്. അതിനെ അതിജീവിച്ചാണ് ഈ ഗവൺമെന്റ് അത് നടപ്പിലാക്കിയത്. അതുവഴി ഈ ഗവൺമെന്റിന്റെ രാഷ്ട്രീയ ഇച്ഛാശക്തി ഇന്ത്യയ്ക്കാകെ കാണിച്ചുകൊടുത്തു. വിദ്യാഭ്യാസ മേഖല, ആരോഗ്യമേഖല, അടിസ്ഥാന സൗകര്യ വികസനങ്ങൾ, നമ്മുടെ സ്വാഭാവികമായ പാരമ്പര്യം, നമ്മുടെ മതനിരപേക്ഷ, പരിസരം ഇതെല്ലാം സംരക്ഷിച്ചുകൊണ്ടാണ് വലിയ പദ്ധതികൾ നടപ്പിലാക്കുന്നത്. ക്രമസമാധാന പാലനത്തിലും മതനിരപേക്ഷത സംരക്ഷിക്കുന്ന കാര്യത്തിലും കേരളം മാതൃകയാണ്. ഇതിനോടെല്ലാം പ്രതിപക്ഷത്തിന്റെ നിലപാടെന്താണെന്നുള്ളത് പ്രതിപക്ഷം ആത്മപരിശോധന നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. മതനിരപേക്ഷതയെ എതിർത്തുകൊണ്ടും അതിനെ തുരങ്കംവച്ചുകൊണ്ടും അല്ലെങ്കിൽ ഒരു മതരാഷ്ട്രീയ പാർട്ടിയെന്നുള്ള ചെറിയ പ്രതിച്ഛായയെങ്കിലും ഉണ്ടാക്കിക്കൊണ്ട് ഈ കാര്യങ്ങൾ ചെയ്യാമെന്ന് കോൺഗ്രസ്സ് ധരിക്കരുത്. കോൺഗ്രസ്സ് എന്നെല്ലാം അതിന്റെ മതനിരപേക്ഷതാ പാരമ്പര്യം കൈവിട്ടിട്ടുണ്ടോ, അന്നെല്ലാം ഈ നാട്ടിലെ ജനങ്ങൾ കോൺഗ്രസ്സിനെ കൈവിട്ടു എന്നത് ഓർക്കണം.

ബാബ്റി മസ്ജിദ് പൊളിക്കുന്നതിന് പി. വി. നരസിംഹറാവു മൗനസമ്മതം നൽകിയതുമുതലാണ് ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ കോൺഗ്രസ്സിനെ കൈവെടിഞ്ഞത്. ഇപ്പോൾ ശബരിമലയുടെ കാര്യത്തിൽ ഈ നാട്ടിലെ തീവ്രവർഗ്ഗീയ ശക്തികളെ ടുക്കുന്ന നിലപാടിന് കോൺഗ്രസ്സ് മൗനസമ്മതം നൽകേണ്ട കാര്യമുണ്ടായിരുന്നോ; കോൺഗ്രസ്സ് അതിനോടൊപ്പം നിൽക്കേണ്ട കാര്യമുണ്ടായിരുന്നോ? അതിനോടൊപ്പം പോകാൻ അണികളെ അനുവദിക്കുകയും സ്വതന്ത്രമായി മറ്റൊരു സമരം

അതിനെതിരായി നടത്തുകയുമൊക്കെ ചെയ്തുകൊണ്ട് കോൺഗ്രസ്സ് അതിന്റെ മതനിരപേക്ഷ പാരമ്പര്യം കളഞ്ഞുകുളിക്കുന്നിടത്തേയ്ക്കെത്തി എന്നുള്ളതാണ് ഏറ്റവും ഖേദകരമായ കാര്യം. ആർ.എസ്.എസ്.ന്റെ വർഗ്ഗീയതയെ അതേ നാണയത്തിൽ, അതേപോലെ അല്ലെങ്കിൽ അതിലും കുറഞ്ഞൊരു ഹിന്ദുത്വ സമീപനമെടുത്ത് നേരിടാമെന്ന് കോൺഗ്രസ്സ് ധരിക്കുന്നുണ്ടെങ്കിൽ അത് തെറ്റിപ്പോയി. ഇന്ത്യാരാജ്യത്തെ അന്ധകാരവൃതമായ രാഷ്ട്രീയ അന്തരീക്ഷത്തിൽ ഇന്ത്യയിലെ ഇടതുപക്ഷങ്ങളും കേരളത്തിലെ ഗവൺമെന്റും എടുക്കുന്ന രാഷ്ട്രീയ നിലപാടുകൾ ഏറ്റവും ശരിയും ശാസ്ത്രീയവുമാണെന്ന് ഈ തെരഞ്ഞെടുപ്പ് തെളിയിക്കാൻ പോകുകയാണ്. നിങ്ങളോർക്കണം, കോൺഗ്രസ്സുള്ള സംസ്ഥാനങ്ങളിൽ മാത്രമാണ് കോൺഗ്രസ്സ് ജയിച്ചുവന്നത്, ബി.ജെ.പി.ക്കെതിരായി ഇതര ശക്തികൾക്ക് വോട്ടുചെയ്യാൻ ജനങ്ങൾക്ക് അവസരമുള്ള സ്ഥലങ്ങളിലെല്ലാം ആ ശക്തികളാണ് ജയിച്ചത്. അതുതന്നെയാണ് ഈ ലോകസഭാ തെരഞ്ഞെടുപ്പിലും കേരളത്തിൽ സംഭവിക്കാൻ പോകുന്നതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ പിൻതാങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു. നന്ദി. നമസ്കാരം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഇപ്രാവശ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കുമാരനാശാന്റെ കവിതകളെ നിരവധി പ്രാവശ്യം ചൂണ്ടിക്കാട്ടുകയുണ്ടായി. കുമാരനാശാന്റെ തന്നെ മറ്റൊരു ഖണ്ഡകാവ്യമായ ദുരവസ്ഥയുടെ കാവ്യശീർഷകത്തെതന്നെ അന്വർത്ഥമാക്കുന്നതാണ് ഇന്ന് കേരളത്തിന്റെ അവസ്ഥ. ആ കാവ്യശീർഷകത്തെ അന്വർത്ഥമാക്കുന്നതാണ് ഈ ബഡ്ജറ്റെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്, ഇതിവൃത്തം മറ്റൊന്നാണെങ്കിലും ഒരു ദുരവസ്ഥയാണ് ഇന്ന് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദുരന്തങ്ങളുടെ ഘോഷയാത്രയാണ്-ഓഖി ദുരന്തം, പ്രളയം, ശബരിമല വിഷയങ്ങൾ, അതുപോലെതന്നെ കേരളീയരുടെ ആയിരം ദിവസത്തെ ദുരവസ്ഥയാണ് ഇപ്പോൾ ആഘോഷിക്കപ്പെടുന്നത്. അതുകഴിഞ്ഞ് ഈ ബഡ്ജറ്റ് നാലാമത്തെ ദുരന്തമാണ് കേരളത്തിന് സംഭാവന ചെയ്തിരിക്കുന്നത്. പ്രളയം തകർത്തെറിഞ്ഞ കേരളത്തെ പുനർ നിർമ്മിക്കുന്നതിന് പ്രളയത്താൽ വലഞ്ഞ ജനങ്ങൾക്കുമേൽ ബഡ്ജറ്റിലൂടെ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്നു. ഇപ്പോൾ ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് വില കുറയ്ക്കുന്ന ഒരു സാഹചര്യമുണ്ടായെങ്കിലും വില കൂട്ടിവിൽക്കുന്ന സാധനസാമഗ്രികളുടെ വില കുറയ്ക്കില്ല. ഉദാഹരണത്തിന്, ഒരു ചായയ്ക്ക് ഒരു രൂപയാണെങ്കിൽ, ജി.എസ്.ടി.-യിൽ അത് താഴോട്ട് വന്നിട്ടുണ്ടെങ്കിൽ അതിന് വില കുറയ്ക്കാൻ കച്ചവടക്കാർ തയ്യാറാകുകയില്ല. അപ്പോൾ സാധാരണക്കാരായിട്ടുള്ള ആളുകൾക്ക് വില വർദ്ധനവ് അനുഭവപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഉപ്പ് മുതൽ കർപ്പൂരം വരെയും മരുന്ന് മുതൽ വാഹനം വരെയുമുള്ള എല്ലാ സാധനങ്ങൾക്കും വില കൂടുന്നു.

അതുകൊണ്ട് ഈ വെള്ളപ്പൊക്കത്തോടൊപ്പം വിലക്കയറ്റമുണ്ടാക്കാനേ ഈ ബഡ്ജറ്റ് ഉപകരിക്കുകയുള്ളൂ. ഒരു ശതമാനം സെസ്സ് നൽകണമെന്ന് പറയുന്നത് സാധാരണക്കാരന്റെ കീശയിൽ കൈ ഇടുന്നതിന് തുല്യമാണ്. ഐക്യരാഷ്ട്ര സഭ, എ.ഡി.ബി., വേൾഡ് ബാങ്ക് എന്നിവരുടെ പഠന റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് പ്രളയം ഉണ്ടാക്കിയ ആകെ നാശനഷ്ടത്തിൽ 38 ശതമാനവും അടിസ്ഥാന സൗകര്യ മേഖലയിലാണെന്നാണ്.

സിമെന്റിന്റെ വില വർദ്ധനവ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്; സിമെന്റ് കമ്പനികളുമായി സംസാരിച്ച് വില കുറച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വേൾഡ് ബാങ്കിന്റെ റിപ്പോർട്ടിൽ കേരളത്തിലെ 1.75 ലക്ഷം കെട്ടിടങ്ങളെ പ്രളയം തകർക്കുകയും അസംഘടിത മേഖലയിലെ 74.5 ലക്ഷം തൊഴിലാളികളെയും 22.8 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികളെയും 35000 തോട്ടം തൊഴിലാളികളെയും പ്രളയം കാര്യമായി ബാധിച്ചുവെന്നാണ് പറയുന്നത്. പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന 97.65 ലക്ഷം തൊഴിലാളികൾക്ക് ഒരു ശതമാനം പ്രളയസെസ്സ് ഏറ്റവും ദുരിതമായി മാറുകയാണ്. അതുകൊണ്ട് പ്രളയമേഖലകളിലെ ആളുകളെയെങ്കിലും സെസ്സിൽനിന്നും ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഗൾഫ് നാടുകളിൽനിന്നും ആളുകൾ തിരിച്ചു വന്നുകൊണ്ടിരിക്കുന്നു; റബ്ബറിനും മറ്റു നാണ്യവിളകൾക്കും വിലത്തകർച്ച; പ്രളയത്തിനുശേഷമുള്ള സാമ്പത്തികാഘാതം; ഇതിനു പുറമെയാണ് സെസ്സ് പിരിക്കുന്നത്. പ്രളയ ബാധിതർക്ക് സാമ്പത്തിക ഉത്തേജനം നൽകേണ്ട സ്ഥാനത്താണ് സെസ്സ് അടിച്ചേൽപ്പിക്കുന്നത്. സൗജന്യ റേഷൻ നൽകേണ്ടിടത്ത് അരിവില കൂട്ടി നൽകുന്നതുപോലെയാണ് ഇത് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. ഒരു ശതമാനം സെസ്സ് വഴി പ്രതിവർഷം 600 കോടി രൂപയാണ് കിട്ടുന്നത്. ഈ 600 കോടി രൂപ ലഭ്യമാക്കാൻ സെസ്സ് ഒഴിവാക്കി ഒരു പുതിയ ലോട്ടറി തുടങ്ങണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. കാരുണ്യ ലോട്ടറി കേരളത്തിൽ വിജയപ്രദമായതുപോലെ നമ്മുടെ സഹോദരൻമാർ പ്രളയത്തിൽ അകപ്പെട്ട സാഹചര്യമുള്ളപ്പോൾ പുതിയ ലോട്ടറി തുടങ്ങി അതിന് വിഭവ സമാഹരണം നടത്താൻ തയ്യാറാകണം.

പ്രളയാനന്തര കേരളത്തിൽ സമഗ്രമായ പദ്ധതികൾ കാത്തിരിക്കവേ, പഴയതും പുതിയതുമായ 25 പദ്ധതികൾ പ്രഖ്യാപിച്ച്, അത് നവകേരളത്തിനാണെന്ന് അവകാശപ്പെടുകയാണ്. പുനർനിർമ്മാണത്തിന് 31000 കോടി രൂപ വേണം, അത് എവിടെ നിന്നാണെന്ന് ബഡ്ജറ്റിൽ ഒരു വ്യക്തതയും ഇല്ല. എല്ലാം കിഫ്ബിയെ ആശ്രയിച്ചാണിരിക്കുന്നത്. കിഫ്ബിയെ ആര് സഹായിക്കും? 40,000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപനം നടത്തിയിട്ട് 6,000 കോടി രൂപ കൈവശമുള്ള

കിഫ്ബി സഹായിക്കുമെന്ന് പറയുന്നത് അതിശയോക്തിയാണ്. നവോത്ഥാനത്തിനും നവകേരള സൃഷ്ടിക്കും ഉതകുന്ന ബഡ്ജറ്റ് ആയിരിക്കുമെന്ന് വിചാരിച്ചു, പക്ഷെ ഊതിവീർപ്പിച്ച ബലൂണാണ് ഈ ബഡ്ജറ്റെന്ന് എല്ലാവർക്കും ഇപ്പോൾ മനസ്സിലായിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് ഒരു യാഥാർത്ഥ്യ ബോധമില്ലാത്തതാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം പറയാനുള്ളത്, സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന കാലഘട്ടത്തിൽപ്പോലും ബഡ്ജറ്റിൽ ഫണ്ട് അലോട്ട് ചെയ്യുക മാത്രമല്ല, അതെങ്ങനെ ഫലപ്രദമായി ചെലവഴിക്കണമെന്നതിനെക്കുറിച്ചുപോലും ഗവൺമെന്റ് ആലോചിക്കുന്നില്ല. യഥാർത്ഥത്തിൽ ഒരു മാസം മാത്രമേയുള്ളൂ, തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്ന സാഹചര്യം വന്നാൽ കേരളത്തിൽ തുക ചെലവഴിക്കാൻ കഴിയുകയില്ല. 49 ശതമാനമാണ് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഇതുവരെ ചെലവഴിച്ചത്. പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്നു മാത്രമാണ് ചില പ്രധാന വകുപ്പുകൾ ചെലവഴിച്ചത്. ഇനി എത്രകാലമുണ്ട്? 'ഓരോ മാസവും ചെലവഴിക്കും; അതിനെക്കുറിച്ച് റിവ്യൂ നടത്തും; മാർച്ച് മാസത്തിൽ മാത്രം ചെലവഴിക്കുന്നത് ഞങ്ങൾ ഒഴിവാക്കും' എന്നൊക്കെ പറഞ്ഞുകൊണ്ടുള്ള വലിയ വാർത്ത ജനുവരി 25-ാം തീയതിയിലെ മാതൃഭൂമി പത്രത്തിൽ വന്നിരിക്കുകയാണ്. അതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവത്തോടുകൂടി ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

തലസ്ഥാന നഗര വികസനം-ഞാൻ ഈ പ്രദേശത്തെ എം.എൽ.എ.യാണ്, തലസ്ഥാന നഗരത്തെ പൂർണ്ണമായും ഈ ഗവൺമെന്റ് അവഗണിച്ചിരിക്കുകയാണ്. സുപ്രധാന പദ്ധതികൾക്കൊന്നും തുക അനുവദിച്ചിട്ടില്ല. സ്മാർട്ട് സിറ്റി - സംസ്ഥാന വിഹിതമില്ല; ലൈറ്റ് മെട്രോ - ഒന്നും പറയുന്നില്ല; മാലിന്യ സംസ്കരണം - തിരുവനന്തപുരത്ത് മനുഷ്യന് റോഡിൽ ഇറങ്ങി നടക്കാൻ കഴിയാത്ത സാഹചര്യമാണ്. നഗരഹൃദയത്തിലൂടെ ഒരു കനാൽ പോകുന്നുണ്ട്; ആമയിഴഞ്ചാൻ തോട്. അവിടെ ധനകാര്യ വകുപ്പുമന്ത്രി പോയി നോക്കണം; നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും അവിടെ നിറച്ചിരിക്കുകയാണ്. കുട്ടികൾക്ക് പനി, ചൊറി തുടങ്ങിയ രോഗങ്ങൾ വരുന്നു; അവർ മുഴുവൻ സമരത്തിലേയ്ക്കിറങ്ങുന്ന സാഹചര്യം വന്നിരിക്കുകയാണ്. അതുപോലെ ആറ്റുകാൽ ടൗൺഷിപ്പിനും വലിയതുറ-പൂന്തുറ ഫിഷിംഗ് ഹാർബറിനും തുക അനുവദിച്ചിട്ടില്ല. തിരുവനന്തപുരത്ത് കടൽഭിത്തി നിർമ്മാണത്തിന് ഒരു പൈസപോലും അനുവദിച്ചിട്ടില്ല. തീരദേശത്തെ സ്വീവേജ് സംവിധാനത്തിന് ഒന്നും ചെയ്തിട്ടില്ല.

കുടിവെള്ള ക്ഷാമം സംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് ഞാൻ ഇന്നലെ പറഞ്ഞു. തിരുവനന്തപുരം നഗരത്തിൽ വെള്ളം കിട്ടുന്നില്ല; തലസ്ഥാന നഗരമാണ്; എല്ലാ ആളുകളും വന്ന് താമസിക്കുന്ന സ്ഥലമാണ്. രണ്ടു ദിവസം മുമ്പ്

വാട്ടർ അതോറിറ്റി ഓഫീസിൽ ഞാൻ സമരത്തിനു പോയതാണ്. റിംഗ്റോഡ് പദ്ധതി കഴിഞ്ഞ പ്രാവശ്യം പ്രഖ്യാപിച്ചു; അത് ഒരിഞ്ചുപോലും മുന്നോട്ടുപോയിട്ടില്ല. ലൈഫ് മിഷൻ പദ്ധതി - എന്റെ നിയോജകമണ്ഡലത്തിൽ രണ്ടേക്കർ സ്ഥലം ഏറ്റെടുത്ത് ഗവൺമെന്റിന് കൊടുത്തിട്ട് മൂന്ന് വർഷമായി; ഒരു വീടുപോലും അവിടെ നിർമ്മിച്ചു നൽകിയിട്ടില്ല; നഗരത്തിലെ പ്രധാന പ്രദേശമായ വഴുതയ്ക്കാട്- ജഗതി ഫ്ലൈഓവറിന് തുകയില്ല; കിഫ്ബിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞ വർഷം നൽകിയ അട്ടക്കുളങ്ങര ഫ്ലൈ ഓവർ, ശംഖുമുഖം-വേളി തീരദേശ റോഡ് എന്നിവയ്ക്ക് ഡി.പി.ആർ. പോലും തയ്യാറാക്കിയിട്ടില്ല; ആദ്യത്തെ പ്രാവശ്യം കൊടുത്തതാണ്. എന്നാണ് ഇനി പണി തുടങ്ങാൻ പോകുന്നത്, കിഫ്ബിയെന്നു പറഞ്ഞിട്ട് ഈ കാര്യങ്ങളിൻമേൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

കഴിഞ്ഞ പ്രാവശ്യം ബഡ്ജറ്റിൽ 50 പദ്ധതികൾ പറഞ്ഞു. 50 പദ്ധതികൾക്കും ടോക്കൺ പ്രൊവിഷൻ 100 രൂപ വച്ചിട്ടുണ്ട്. ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. ഈ പ്രാവശ്യം 20 എണ്ണം കൊടുക്കാൻ പറഞ്ഞു. കഴിഞ്ഞ പ്രാവശ്യം തുടർച്ചയായി ഓരോ നിയോജക മണ്ഡലത്തെക്കുറിച്ച് എഴുതി, ഈ പ്രാവശ്യം 20 എണ്ണം പല സ്ഥലങ്ങളിലായി എഴുതി, ഇതു വല്ലതും നടക്കുമോ? ഈ ബഡ്ജറ്റ് ഒരു ടോക്കൺ പ്രൊവിഷൻ ബഡ്ജറ്റാണോ എന്ന് ഞാൻ ചോദിക്കുകയാണ്. 100 രൂപ വച്ച് ഓരോ വർഷവും ഇങ്ങനെ പോയ്ക്കൊണ്ടിരുന്നാൽ ഇവിടെ എന്തെങ്കിലും കാര്യങ്ങൾ നടപ്പിലാക്കണ്ടേ? തലസ്ഥാന നഗരിയെ ഇത്രയധികം അവഗണിച്ച ഒരു കാലഘട്ടം ഉണ്ടായിട്ടില്ല.

ഓഖി ദുരന്തത്തെക്കുറിച്ച് ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2000 കോടി രൂപയുടെ പ്രോജക്ടാണ് ഇവിടെ പ്രഖ്യാപിച്ചിരുന്നത്. 2000 കോടി രൂപയുടെ ഓഖി പാക്കേജ് പ്രളയത്തിൽ ഒലിച്ചുപോയി. അവയുടെ ഡി.പി.ആർ. പോലും തയ്യാറാക്കിയിട്ടില്ല. ഒരു ചോദ്യത്തിന്റെ മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അതിന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടില്ല എന്നാണ്. മത്സ്യത്തൊഴി ലാളികളുടെ കാര്യം നമുക്കെല്ലാം അറിയാം; ഒരു ദിവസംപോലും ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത ആളുകളാണ്. അവിടെ മുൻ ചീഫ് സെക്രട്ടറി ശ്രീ. വിജയാനന്ദിനെ ചെയർമാനായി വച്ച കമ്മിറ്റി ടേംസ് ഓഫ് റഫറൻസ് പോലും തീരുമാനിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. 2000 കോടി രൂപയുടെ പദ്ധതിയുടെ കൂടെ ഇപ്പോൾ 1000 കോടി രൂപ കൂടി പ്രഖ്യാപിച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളി കൾക്കായി പ്രഖ്യാപിച്ച ഒരു പ്രോജക്ടെങ്കിലും നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഈ കാര്യം നേരത്തേ ശ്രദ്ധ ക്ഷണിക്കലിൽ സൂചിപ്പിച്ചതിനാൽ കൂടുതലായി പറയുന്നില്ല.

ഇവിടെ ആരോഗ്യ മേഖലയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ആരോഗ്യ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് നമ്മുടേത്. പക്ഷേ പുതിയ വെല്ലുവിളികൾ നാം നേരിടുകയാണ്. മാലിന്യ സംസ്കരണത്തിന് സംവിധാനമില്ലാത്തതുകൊണ്ട് പകർച്ചവ്യാധികൾ വരുന്നു; ജീവിതശൈലീ രോഗങ്ങൾ കൂടുന്നു. മറ്റ് വകുപ്പുകൾക്ക് പണം കുറയ്ക്കുന്നതുപോലെ ആരോഗ്യ മേഖലയ്ക്ക് ബഡ്ജറ്റിൽ തുക കുറയ്ക്കരുതെന്നും തുക കൂട്ടണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 2018-2019 വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യമേഖലയ്ക്ക് 1685 കോടി രൂപയാണ് വകയിരുത്തിയതെങ്കിൽ 2019-2020-ൽ 1406 കോടി രൂപയായി കുറഞ്ഞു. ബഡ്ജറ്റ് വിഹിതം 17 ശതമാനം കുറവാണ്. എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും ഫണ്ട് കുറയ്ക്കുന്നു എന്നുള്ളത് ശരിയാണെങ്കിലും ആരോഗ്യ വകുപ്പിന് തുക കൂട്ടി നൽകണമെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്.

അതുപോലെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ കാര്യം സൂചിപ്പിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കാരുണ്യ ലോട്ടറി തുടങ്ങുകയും 1,39,831 (ഒരു ലക്ഷത്തി മുപ്പത്തൊമ്പതിനായിരിത്തി എണ്ണൂറ്റി മുപ്പത്തിയൊന്ന് ) പേർക്ക് 1,158.64 കോടി രൂപയുടെ ധനസഹായം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് കൊടുക്കുകയും ചെയ്തു. കാരുണ്യയും, ആർ.എസ്.ബി.വൈ.-ഉം ആർ.എസ്.ബി.വൈ. പ്ലസ്-ഉം മെർജ് ചെയ്തുകൊണ്ടുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ അത് ഉപേക്ഷിക്കരുത്. പാവപ്പെട്ട ആളുകളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്താൽ അവർക്ക് കിട്ടേണ്ട തുക കിട്ടുമായിരുന്നു, അതുകൊണ്ട് ആ പദ്ധതി ഉപേക്ഷിക്കരുത് എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ശബരിമല വികസനത്തിനായി 739 കോടി രൂപ അനുവദിച്ചുവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ വായിച്ചു. ബജറ്റിൽ പറയുന്നത് ആ വർഷം നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചല്ലേ? 2016-2017-ൽ 89 കോടി രൂപ, 2017-2018-ൽ 140 കോടി രൂപ, 2018-2019 -ൽ 200 കോടി രൂപ ഇവയെല്ലാം ചേർത്തുകൊണ്ട് ഇത്ര കോടി രൂപ അനുവദിച്ചുവെന്ന് പറയുന്നത് ജനങ്ങളെ പറ്റിക്കുന്ന സമീപനമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശബരിമലയിൽ ആറ് ക്യൂ കോംപ്ലക്സുകൾ, പതിനഞ്ച് നടപ്പന്തലുകൾ, രണ്ട് ആശുപത്രികൾ, കുടിവെള്ളം, എസ്.ടി.പി.(സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്) തുടങ്ങി നിരവധി കാര്യങ്ങൾ നടപ്പിലാക്കിയിരുന്നു. അങ്ങനെ ഏതെങ്കിലും ഒരു പദ്ധതി ശബരിമലയിൽ നടപ്പിലാക്കി എന്ന് ഈ ഗവൺമെന്റിന് പറയാൻ കഴിയുമോ? ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല, പ്രഖ്യാപനങ്ങൾ മാത്രമാണ് ഉണ്ടായിട്ടുള്ളത്. അവിടെയുള്ള ഹൈപവർ കമ്മിറ്റിക്ക് പ്രാധാന്യം കൊടുക്കുന്നില്ല.

<u>മി. ചെയർമാൻ</u>: താങ്കളുടെ സമയം കഴിഞ്ഞു.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, വിശ്വാസികളുടെ കൂടെയാണെന്ന് പറഞ്ഞുകൊണ്ടാണ് ഇവർ കാര്യങ്ങൾ ചെയ്യുന്നത്. കേരളത്തിൽ ഒരു കാലഘട്ടത്തിലും ഉണ്ടാകാത്ത രീതിയിലുള്ള പ്രശ്നങ്ങൾ ശബരിമലയുമായി ബന്ധപ്പെട്ടുണ്ട്. എന്നാൽ ഗവൺമെന്റും മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പറഞ്ഞത് അവർ വിശ്വാസികളോടൊപ്പമാണെന്നാണ്. വിശ്വാസികളുടെ വികാരങ്ങൾക്കൊപ്പം നിന്നത് കേരളത്തിലെ യു.ഡി.എഫ്.-ഉം, കോൺഗ്രസുമാണ്. ഞാൻ മന്ത്രിയായിരുന്ന സമയത്ത്, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ കൊടുത്ത അഫിഡവിറ്റ് അങ്ങനെയായിരുന്നു. അത് നിങ്ങൾ മാറ്റിക്കൊടുത്ത്, ഈ വിധി ചോദിച്ച് വാങ്ങിയതിന്റെ ഭാഗമായാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായത്. നാളെ കേസ് വീണ്ടും കോടതിയിൽ വരികയാണ്. കേരളത്തിലുണ്ടായിരിക്കുന്ന അതിരൂക്ഷമായതും ഗൗരവതരവുമായ ഈ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട്, ഒരു ജനാധിപത്യ സർക്കാർ എന്ന രീതിയിൽ ജനങ്ങളുടെയും വിശ്വാസികളുടെയും വികാരം ഉൾക്കൊണ്ടുകൊണ്ട്, നാളെ സുപ്രീം കോടതിയിൽ ഇതിന്റെ റിവ്യൂ ഹർജി വരുമ്പോൾ, ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കപ്പെടുന്നതിന് വേണ്ടിയുള്ള നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ദേവസ്വം ബോർഡിന് നേരായ ദിശയിലും വിശ്വാസികൾക്കുവേണ്ടിയും പ്രവർത്തിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ സി.പി.ഐ.(എം)-കോൺഗ്രസ് വിരോധം അവസാനിപ്പിക്കണം. കോൺഗ്രസ് വിരോധം കൊണ്ട് നിങ്ങൾക്ക് എന്തു നേടാൻ കഴിഞ്ഞു? കോൺഗ്രസ് വിരോധം വച്ചുകൊണ്ട് ബംഗാളും ത്രിപുരയും പോയി; ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിയുന്നതോടുകൂടി കേരളത്തിലെ ജനങ്ങൾ നിങ്ങൾക്കെതിരായി അതിശക്തമായി വിധിയെഴുതുമെന്ന കാര്യത്തിൽ സംശയമില്ല. അതാണ് കേരളത്തിൽ നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യം. നിങ്ങൾക്ക് എങ്ങനെയെങ്കിലും കോൺഗ്രസ് പരാജയപ്പെടണം എന്നാണുള്ളത്. ഇന്നലെ ബംഗാളിൽ സ്വീകരിച്ച നിലപാട് എന്താണ്? ശ്രീമതി മമത ബാനർജി അവിടെ സമരം ചെയ്യുമ്പോൾ, എല്ലാ പാർട്ടികളും പ്രസ്ഥാനങ്ങളും അവർക്ക് പിന്തുണയുമായി പോയപ്പോൾ, ബി.ജ.പി. -യെ പിന്തുണയ്ക്കുന്ന പരോക്ഷമായ നിലപാടാണ് അവിടെ സി.പി.ഐ.(എം) സ്വീകരിച്ചത്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം രണ്ട് മിനിറ്റിലധികം എടുത്തു, ചുരുക്കണം...പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഈ നിലപാട് അപഹാസ്യമാണ് . കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിലും അവിടെ പാർട്ടി സ്വീകരിച്ച സമീപനം ഇതാണ്. നിങ്ങൾ 1978-ലും 1989-ലും എടുത്ത അതേ നിലപാടുതന്നെയാണ് ഈ

പാർലമെന്റ് തെരഞ്ഞെടുപ്പിലും കേരളത്തിലെ സി.പി.ഐ.(എം) സ്വീകരിച്ചിരിക്കുന്നത്. ബി.ജെ.പി. ജയിച്ചാലും കുഴപ്പമില്ല; കോൺഗ്രസ് പരാജയപ്പെടണം എന്നതാണ് ആ നയം. കോൺഗ്രസ് നിന്ന കാലഘട്ടത്തെ നിങ്ങൾ എതിർക്കുന്നു; ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ എതിർക്കുന്നു. ഈ രാജ്യത്ത് ബി.ജെ.പി.-ക്ക് എതിരായി അതിശക്തമായ പോരാട്ടം നടത്തുവാൻ കോൺഗ്രസ് പാർട്ടി തന്നെ വേണം. അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അവിടെയൊക്കെ ബി.ജെ.പി.-ക്ക് എതിരായി മത്സരിക്കുവാനും വിജയിക്കുവാനുമുണ്ടായത് കോൺഗ്രസാണ്. അതുകൊണ്ട് കാലാകാലങ്ങളായുള്ള അവസരവാദപരമായ, ബി.ജെ.പി.-യെ പിന്തുണയ്ക്കുന്ന സമീപനമെടുത്തുകൊണ്ട് മുന്നോട്ടുപോകുന്ന നിങ്ങൾ, ആ നിലപാട് അവസാനിപ്പിച്ചു കൊണ്ട് ഒരു മതനിരപേക്ഷ ഗവൺമെന്റ് ഇന്ത്യയിൽ ഉണ്ടാകുന്നതിനായുള്ള നടപടികളുമായി മുന്നോട്ടുപോകണം. പാർലമെന്റ് തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന ഈ സാഹചര്യത്തിൽ നിങ്ങളുടെ ഈ നിലപാട് തിരുത്തിക്കൊണ്ട് മുന്നോട്ട് പോകണം. കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ പിന്തുണയൊന്നും ആവശ്യമില്ല. ....(ബഹളം).....

മി. ചെയർമാൻ: ദയവായി..... അവസാനിപ്പിക്കു.. മൂന്ന് മിനിട്ട് കഴിഞ്ഞു.

ശ്രീ. വി. എസ്. ശിവകുമാർ : സർ, രാജ്യം അതിശക്തമായ ചില ഉടമ്പടികളുമായി മുന്നോട്ടുപോകുകയാണ്. ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ശ്രീമാൻ രാഹുൽ ഗാന്ധി, ഇന്ത്യയുടെ പ്രധാനമന്ത്രിയായി ചെങ്കോട്ടയിൽ മൂവർണ്ണക്കൊടി പാറിക്കുന്നതിനായി ഡൽഹിയിൽ ഉണ്ടാകും. അതിനുള്ള അവസരമാണ് നമ്മുടെ മുമ്പിൽ വരാൻ പോകുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട്, ഈ ബഡ്ജറ്റിനെ എതിർത്തു കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. നന്ദി, നമസ്കാരം.

മി. ചെയർമാൻ: ഒരു അറിയിപ്പുണ്ട്, ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കുമായി ഡൈനിംഗ് ഹാളിൽ ഉച്ചഭക്ഷണം ഒരുക്കിയിട്ടുണ്ട്. സൗകര്യപ്രദമായി അംഗങ്ങൾക്ക് പോയി ഉച്ചഭക്ഷണം കഴിക്കാവുന്നതാണ്.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. വി. എസ്. ശിവകുമാർ പറഞ്ഞത് സംബന്ധിച്ച് രണ്ട് വാക്ക് പറയുകയാണ്. ശ്രീ. വി. എസ്. ശിവകുമാർ, ഒരു കാര്യം ഓർക്കണം, എങ്ങനെയാണ് അടിയന്തരാവസ്ഥയിലേയ്ക്ക് വരാനിടയായതെന്ന് ഞാൻ പറയുന്നില്ല. ബി.ജെ.പി.-യ്ക്ക് ബി.ജെ.പി.-യുടെ വഴി, സംഘടനാ കോൺഗ്രസിന് അതിന്റെ വഴി എന്നിങ്ങനെയായിരുന്നു. നേതാക്കളെയൊക്കെ ജയിലിലിട്ടശേഷം ഇവിടെയൊരു പ്രകടന പത്രികയുണ്ടാക്കി. ആ പ്രകടന പത്രികയ്ക്ക് നേതൃത്വം കൊടുത്തത്

ജയപ്രകാശ് നാരായണനായിരുന്നു. ആർ.എസ്.എസ്.-ന്റെ കാര്യാലയത്തിൽ പോയി അവരുമായി സംസാരിച്ച് ആർ.എസ്.എസ്.-നെ അടക്കം ഗാന്ധിയൻ സമീപനങ്ങൾ സ്വീകരിക്കുവാനുള്ള തീരുമാനത്തിന്റെ ഭാഗമാക്കി. അങ്ങനെയാണ് ജനതാ പാർട്ടി ഇന്ത്യയിൽ പാർലമെന്റ് തെരഞ്ഞെടുപ്പിനെ നേരിട്ടത്, ഇന്ത്യ ഭരിച്ചത്. ആരാണ് അവരെ തകർത്തത്? അവരെ തകർത്തത് നിങ്ങളാണ്. മലയാളത്തിലാണ് ഞാൻ പറഞ്ഞത്, ആർ.എസ്.എസ്. അടക്കം ഗാന്ധിയൻ സമീപനങ്ങൾ സ്വീകരിച്ചു. മൊറാർജി ദേശായി ഭരിച്ച അവസരത്തിൽ (.....ബഹളം...) ബഹളമുണ്ടാക്കി എന്നെ തടസ്സപ്പെടുത്തിയാൽ എനിക്ക് സമയം തരേണ്ടി വരും. ഞാൻ പറയും...

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്... പ്രസംഗം തടസ്സപ്പെടുത്തരുത് ...സീറ്റിലിരിക്കു.

ശ്രീ. സി. കെ. നാണു: സർ, ആ ഭരണകാലത്ത് ഇന്ത്യയിൽ ഒരു വർഗ്ഗീയ കലാപമെങ്കിലുമുണ്ടായതായി ഉദാഹരണം പറയാൻ ഇവിടെയുള്ള ഏതെങ്കിലും രാഷ്ട്രീയ നേതാവിന് സാധിക്കുമോ? ആവശ്യമില്ലാതെ വെറുതെ പറയരുത്. രാഷ്ട്രീയം എന്നുപറയുന്നത് കുറേ മനസ്സിലാക്കാനുള്ളതാണ്. ഗാന്ധിയൻ സമീപനങ്ങൾ വിട്ടു കൊണ്ട് ബി.ജെ.പി. ഇന്ന് സ്വീകരിക്കുന്ന ലൈനിലേയ്ക്ക് അവരെ വീണ്ടും മാറ്റിയത് നിങ്ങളാണ്. കാരണം മൊറാർജി ദേശായി ഗവൺമെന്റിനെ നിങ്ങൾ തകർത്തു. നിങ്ങളിൽ ഒരു കൂട്ടർ അവരുമായി ചേർന്നുകൊണ്ട്, ഏതെങ്കിലും തരത്തിൽ ഒരു ജനാധിപത്യ ഗവൺമെന്റ് ഉണ്ടാകുമോ, അതിനെ തള്ളിയിടുക എന്നതാണ് നിങ്ങളുടെ നയം.

വി. പി. സിംഗിന്റെ ഗവൺമെന്റിനെ നിങ്ങൾ ഓർക്കണം. ആ ഗവൺമെന്റ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കി. ആരാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയ വി. പി. സിംഗ് ഗവൺമെന്റിനെ തകർത്തത്; കോൺഗ്രസ് (ഐ) യുടെ വിദ്യാർത്ഥി സംഘടനയായ എ.ബി.വി.പി-യും ഒരുമിച്ച് ചേർന്ന് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് കത്തിച്ചില്ലേ; നിങ്ങൾ ഏത് പാർട്ടി; നിങ്ങൾക്ക് എന്ത് തത്വശാസ്ത്രം? നിങ്ങളാണ് വി. പി. സിംഗിന്റെ ഗവൺമെന്റിനെ തകർത്ത് ഇന്ത്യയ്ക്ക് മാതൃകയായിരുന്ന ചന്ദ്രശേഖറിനെ ഒപ്പം കൂട്ടി മന്ത്രിസഭയുണ്ടാക്കിയത്.

ഇന്ത്യയിൽ ആരെയാണ് നിങ്ങൾ സംഘടിത ശക്തിയെന്ന് പറയുന്നത്; ഇന്ദിരാഗാന്ധിയുടെ മരണശേഷം അവരുടെ മകൻ പ്രധാനമന്ത്രിയായില്ലേ? ഇന്ത്യയിലെ ഏറ്റവും വലിയ ഭൂരിപക്ഷം, 5 കൊല്ലം അദ്ദേഹത്തെ ജനകീയ പങ്കാളിത്തത്തോടെ ഭരിക്കാൻ നിങ്ങൾ സമ്മതിച്ചോ; അദ്ദേഹത്തിന്റെ ഗവൺമെന്റ് പോയില്ലേ; നിങ്ങൾ ഈ രാജ്യത്തെ ജനങ്ങളോട് എന്തിന് വോട്ട് ചോദിക്കുന്നു; കഴിഞ്ഞ കുറെ വർഷത്തെ നിങ്ങളുടെ ചരിത്രമെന്താണ്;? നിങ്ങൾ ഗാന്ധിയൻ സമീപനത്തിന് എതിരായിരുന്നു. നിങ്ങൾ സ്വീകരിച്ച തത്വം, നാളത്തെ തെരഞ്ഞെടുപ്പിൽ

ബി.ജെ.പി.-യിൽ നിന്ന് ഇന്ത്യയെ രക്ഷിക്കാൻ ആർക്കൊക്കെ എന്തെല്ലാം സ്വീകരിക്കാൻ സാധിക്കുമോ അത് വേറെ. പക്ഷെ നിങ്ങൾ സ്വീകരിച്ച സമീപനം ഞാൻ ഇന്നും ഓർക്കുന്നു.

അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ഇന്ദിരാഗാന്ധിയെ പ്രധാനമന്ത്രിയാക്കാൻ ഓടി നടന്ന പാവം കാമരാജ് അദ്ദേഹത്തിന്റെ പ്രസ്താവന 'എല്ലാം പോച്ച് നാൻ താൻ കാരണം' എന്നാണ്. ഇന്ത്യയുടെ ചരിത്രമാണിത്. ഞാൻ നിങ്ങളെപ്പോലെ ചെറുപ്പകാലത്ത് സിന്ദാബാദ് വിളിക്കാൻ ഓടിനടന്നതുകൊണ്ട് വേദനയോടെ പറയുകയാണ്. അപ്പോൾ തത്വശാസ്ത്രമൊന്നും പറയേണ്ട. ഇപ്പോഴത്തെ പുതിയ സാഹചര്യത്തിൽ ഇന്ത്യയിൽ ബി.ജെ.പി.-ക്കെതിരെ പുതിയ മന്ത്രിസഭ ഉണ്ടാക്കാൻ കഴിയുമായിരിക്കും. പക്ഷെ നമ്മൾ ഇവിടെ എങ്ങനെ കൈകാര്യം ചെയ്യണമെന്നൊക്കെ പഠിക്കണം.

സി.പി.എം.-നെ ആക്ഷേപിക്കേണ്ട, ഞാനിത് പറയുന്നത്, നിങ്ങൾക്ക് സാധിക്കില്ല. നിങ്ങളുടെ പ്രധാനമന്ത്രിയും വരില്ല, ആ ഒരു ധാരണവേണ്ട. നിങ്ങളുടെ പ്രധാനമന്ത്രി അങ്ങനെയൊന്നുമല്ല. ഞാൻ ചോദിക്കുന്നത് ഇത് കുട്ടിക്കളിയാണോ; ഒരാൾ രംഗത്ത് വരുമ്പോൾ അവരുടെ ബന്ധുക്കളെ കൊണ്ടുവരിക, അവരുടെ മക്കളെ കൊണ്ടുവരിക, ഇത് എന്ത് പൊളിറ്റിക്സ്? ......(ബഹളം....) ഒന്നുകൂടി ഞാൻ പറയുന്നു, അടിയന്തരാവസ്ഥ വന്നപ്പോൾ ശ്രീ. എ. കെ. ആന്റണിയും ശ്രീ. വയലാർ രവിയുമെല്ലാം ഒരു ഭാഗത്തായിരുന്നു. .....(ബഹളം)... കുറച്ച് കഴിഞ്ഞ് ശ്രീ. എ. കെ. ആന്റണിയും, വയലാർ രവിയുമെല്ലാം മാറി, ഇന്ദിരാഗാന്ധിക്കെതിരായി ഒരു നിലപാട് സ്വീകരിച്ചു. അധികാരം നഷ്ടപ്പെട്ടപ്പോൾ ഇവരാരും പിടിച്ചുനിന്നില്ല. ഇന്നത്തെ ശ്രീ. എ. കെ. ആന്റണി തന്റേതായ രാഷ്ട്രീയ നിലപാട് സ്വികരിച്ചപ്പോൾ അതിന്റെ കൂടെ നിൽക്കാതെ, വയലാർ രവിയായാലും, ആന്റണിയായാലും നന്നായി കാര്യങ്ങൾ പരിഹരിക്കുന്ന എന്റെ സുഹൃത്ത് ബഹുമാന്യനായ പി. ടി. തോമസ് അടക്കം ഒരുകാലഘട്ടത്തിൽ ആവേശകരമായ നിലപാട് സ്വീകരിച്ചു. അത് തുടർന്നുപോകുവാൻ കഴിഞ്ഞില്ല. കാരണം അവർക്കും പിടിച്ചു നിൽക്കാനായില്ല. ഞങ്ങളിവിടെ വരണം, പാർലമെന്റിൽ പോകണം അല്ലാതെ ഞങ്ങളുടെ ശബ്ദം കേൾക്കാനാളില്ല. അപ്പോൾ ഇവിടെ വരാൻ അതിനുവേണ്ടിയുള്ള വഴികൾ സ്വീകരിച്ചുവന്ന നമ്മളൊക്കെ ദുർബലരാണ്. അതിന് വേണ്ടി പലതും നമ്മൾ പ്രസംഗിക്കും, തത്വശാസ്ത്രങ്ങൾ പറയും. ഒരു ജനാധിപത്യ പ്രസ്ഥാനമായി നിൽക്കാൻ സാധിക്കുമോ; ഒരു ഗാന്ധിയൻ സമീപനത്തിന്റെ വക്താക്കളായി നിൽക്കാൻ സാധിക്കുമോ; മഹാത്മാഗാന്ധിയുടെ മക്കൾ പറഞ്ഞതെന്താണ്; ഞങ്ങളുടെ പിതാവ് ഗാന്ധിജിയെ ലോകം മുഴുവനും ആരാധിക്കുന്നു, അദ്ദേഹത്തിന്റെ മക്കളായ ഞങ്ങളും ആരാധിക്കുന്നു. പക്ഷേ അദ്ദേഹത്തിന്റെ മക്കളായ ഞങ്ങൾക്ക് അദ്ദേഹം ഒന്നുമുണ്ടാക്കിയില്ല; അതാണ് മഹാത്മാ ഗാന്ധിജി. വെറുതെ ഗാന്ധിയൻ സമീപനങ്ങൾ പറഞ്ഞിട്ട് കാര്യമില്ല.

ബഡ്ജറ്റിനെ സംബന്ധിച്ച് രണ്ട് വാക്ക് പറയാം. നല്ല ബജറ്റാണ്. എന്റെ നിയോജക മണ്ഡലത്തിന് നല്ല ഗുണം ലഭിച്ചു. ബഡ്ജറ്റിനെ സംബന്ധിച്ച് ഞാൻ ഒന്നേ പറയുന്നുള്ളൂ. താലൂക്ക് ആശുപത്രികൾ ജില്ലാ ആശുപത്രികളായി; അവിടെ കൂടുതൽ സൗകര്യങ്ങൾ വേണം. അതുപോലെ ക്യാൻസർ രോഗം വല്ലാതെ വർദ്ധിക്കുന്നു. ഇതിനെ നേരിടാൻ വിപുലമായ സംവിധാനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഒന്നും ഞാൻ വിശദീകരിക്കുന്നില്ല. ആയുർവേദത്തിൽ കേരളം ലോകത്തിൽ ഒന്നാമതാണ്. ആയുർവേദ ചികിത്സാരംഗത്ത് നമ്മുടെ ഗ്രാമത്തിലെ നാടൻ വൈദ്യരടക്കമുള്ളവരെ ഒരുമിപ്പിച്ചുകൊണ്ടുവന്ന് ക്യാൻസർ രോഗത്തെ നേരിടാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്ന് പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ എല്ലാതരത്തിലും അംഗീകരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നതിന് മുമ്പ് കഴിഞ്ഞ 30-ാം തീയതി ബഹുമാന്യനായ താനൂർ എം.എൽ.എ -യുടെ സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ പരപ്പനങ്ങാടി ഹാർബർ സംബന്ധിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ വസ്തുതകൾക്ക് നിരക്കാത്തതും ഒരു തരത്തിലും ന്യായികരിക്കാൻ കഴിയാത്തതുമായ കാര്യങ്ങളാണ്. അവർ ആദ്യമായി പറഞ്ഞത്, 50 വർഷങ്ങൾക്ക് മുമ്പ് അവുക്കാദർ കുട്ടി നഹ തറക്കല്ലിട്ടു എന്നാണ്. എന്റെ പിതാവ് അവുക്കാദർ കുട്ടി നഹ 1957 മുതൽ 1987-വരെ തിരൂരങ്ങാടി നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചുകൊണ്ട് 30 വർഷക്കാലം ഈ സഭയിൽ ഉണ്ടായിരുന്നയാളാണ്. ആ 30 വർഷക്കാലത്തിനിടയിൽ ഒരുപാട് വർഷക്കാലം മന്ത്രിയായും പിന്നീട് ഉപമുഖ്യമന്ത്രിയായുമൊക്കെ പ്രവർത്തിച്ചിട്ടുണ്ട്. മാത്രമല്ല, ദീർഘകാലം ഫിഷറീസ് വകുപ്പിന്റെ ചുമതലയും അദ്ദേഹത്തിനുണ്ടായിരുന്നു. ആ കാലഘട്ടങ്ങളിൽ പരപ്പന ങ്ങാടിയിൽ ഹാർബറെന്ന ആശയമോ, ആവശ്യമോ ഉയർന്ന് വന്നിരുന്നില്ല. അതുകൊണ്ട് തന്നെ അവിടെ ഹാർബർ നിർമ്മാണത്തിന്റെ ഒരു കാര്യവും ഉണ്ടായിരുന്നില്ല; പരപ്പനങ്ങാടിയിൽ അങ്ങനെയൊരു തറക്കല്ലിടൽ നടന്നിട്ടുമില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ 2004-ലാണ് പരപ്പനങ്ങാടി ഹാർബറിന് ആദ്യമായി എ.എസ്. നൽകിയത്. അതുപോലെതന്നെ 2015-ൽ അതിന്റെ ഇൻവെസ്റ്റിഗേഷനു വേണ്ടി 36 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ സ്ഥാനം അവിടത്തെ രണ്ട് വിഭാഗം മത്സ്യത്തൊഴിലാളികൾ തമ്മിലുള്ള പ്രശ്നങ്ങൾ കാരണം നീണ്ടുപോയി. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതുകഴിഞ്ഞ് 2011 മുതൽ 2016 വരെയുള്ള കാലഘട്ടങ്ങളിൽ അവിടത്തെ എം. എൽ. എ.-യും, മന്ത്രിയും എന്ന നിലയിൽ ഈ ഹാർബറിനുവേണ്ടി പരമാവധി പരിശ്രമിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് നമ്പർ 45, 65 കോടി രൂപ, 2014-15 വർഷത്തിൽ 1 കോടി രൂപ (പേജ്

നമ്പർ 26), 2016-17 വർഷത്തിൽ 20 കോടി രൂപ (പേജ് നമ്പർ 29)എന്നിങ്ങനെ പണം മാറ്റിവയ്ക്കുകയും അതോടൊപ്പം തന്നെ യു. ഡി. എഫ് സർക്കാരിന്റെ അവസാന ബജറ്റുമായി ബന്ധപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനത്തെ ദിവസം മറുപടി പ്രസംഗത്തിൽ നൂറ് കോടിരൂപ അതിനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തു. ഈ ഹാർബറിന്റെ സ്ഥാനം പുനർനിർണ്ണയിക്കണമെന്നുള്ള ആവശ്യമനുസരിച്ച് 2012 ജി.ഒ. (ആർ.ടി.) നമ്പർ 693/2012 എഫ്.എൻ.ടി. നമ്പർ ഉത്തരവുപ്രകാരം ഹാർബറിന്റെ സ്ഥാനം നിർണ്ണയിച്ചുകൊണ്ട് ഉത്തരവായി. ആ സ്ഥാനവുമായി ബന്ധപ്പെട്ട് തർക്കങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ വീണ്ടും അതിന്റെ സ്ഥാനം നിർണ്ണയിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും അവിടെ രണ്ട് മേഖലയും കൂടി ഉൾപ്പെടുന്ന രീതിയിലുള്ള ഒരു അലൈൻമെന്റ് ഉണ്ടാക്കുകയും ചെയ്തു. 10-2-2016-ൽ അതിനനുസരിച്ചുള്ള അലൈൻമെന്റ് ഉണ്ടാക്കി; അതിന്റെ ഉത്തരവും ഇറങ്ങി. ആ തത്വത്തിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അവിടെ തറക്കല്ലിട്ടത്. തറക്കല്ലിട്ട് ഒരുമാസം കഴിഞ്ഞപ്പോൾത്തന്നെ ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നു; തെരഞ്ഞെടുപ്പ് വന്നു; ഗവൺമെന്റ് മാറി. ഗവൺമെന്റ് മാറിവന്നപ്പോൾ ഹാർബറിന്റെ പ്രശ്നം വീണ്ടും വന്നു. ബഹുമാന്യനായ മന്ത്രി ഇപ്പോൾ പറഞ്ഞതുപോലെ അതിനായി 3 അംഗ കമ്മിറ്റിയെ വച്ച് ചെറിയ മാറ്റങ്ങൾ മാത്രം വരുത്തിക്കൊണ്ട് നേരത്തെയുള്ള പ്ലാനിന് തന്നെ ആ കമ്മിറ്റി അംഗീകാരം നല്കി. അതിനനുസരിച്ച് കിഫ്ബി-യിൽ പണം മാറ്റിവയ്ക്കുകയും 20-ാം തീയതി തറക്കല്ലിടാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് പറഞ്ഞു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നിങ്ങൾ ഹാർബറിനായി വകയിരുത്തിയ പണം എവിടെ പോയി; ബഡ്ജറ്റിൽ പറച്ചിലുകൾ അല്ലാതെ പണമില്ല. ഏതെങ്കിലും ഒരു ബഡ്ജറ്റ് അക്കൗണ്ട് എടുത്തു കാണിച്ചിട്ട് S.D.G. -യിൽ 100 കോടി രൂപ പ്രഖ്യാപിച്ചു, 65 കോടി രൂപ പ്രഖ്യാപിച്ചു എന്നൊക്കെ പറയുന്നു. ഒരു കോടി രൂപ മാറ്റി വച്ചതായി കാണിച്ചുതരാൻ സാധിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അതിന്റെ സാങ്കേതികത എനിക്ക് അറിയില്ല. ബഡ്ജറ്റ് പ്രസംഗത്തിലുണ്ടെന്നാണ് സാധാരണ ഗതിയിൽ പറയാറുള്ളത്. ഞാൻ അതുപോലെതന്നെ പറഞ്ഞു എന്ന് മാത്രമേയുള്ളൂ. അത് ഉണ്ടോ ഇല്ലയോ എന്നുള്ളത് നമുക്ക് നോക്കാം. രണ്ട് വിഭാഗക്കാർ തമ്മിലുള്ള തർക്കത്തിന്റെ ഭാഗമായാണ് ആ പണം പരമാവധി ഉപയോഗിച്ച് കാര്യങ്ങൾ ചെയ്യാൻ സാധിക്കാതെ പോയത്. ആ തർക്കം കഴിഞ്ഞു. ഇപ്പോൾ അതിന്റെ ഫൈനൽ അലൈൻമെന്റ് ആയി. ആ ഒരു കാര്യം മാത്രമാണ് 2017-ലെ കമ്മിറ്റി ചെയ്തത്. അതിന് പണം വച്ചതും ബാക്കി എല്ലാ കാര്യങ്ങളും ചെയ്തതും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്.

നിങ്ങൾ ഒന്നും ചെയ്തില്ല; താനൂർ എം.എൽ.എ. ചെയ്തു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. താനൂർ എം.എൽ.എ. അവിടെ എന്താണ് ചെയ്തതെന്ന് ഞങ്ങളാരും കണ്ടിട്ടില്ല. നാട്ടിൽ രാഷ്ട്രീയം പ്രസംഗിക്കുന്നതുപോലെ ബഹുമാനപ്പെട്ട മന്ത്രി വളരെ വിലകുറഞ്ഞ രീതിയിലുള്ള പ്രസംഗങ്ങൾ ഇവിടെ നടത്തിയത് ശരിയായില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ അന്നത്തെ മുഖ്യമന്ത്രി തറക്കല്ലിട്ടുവെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ മന്ത്രി പറഞ്ഞത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഇരുപതാം തീയതി രണ്ടാമതും തറക്കല്ലിടാൻ പോകുന്നു എന്നാണ്. ഒരു പ്രാവശ്യം തറക്കല്ലിട്ട അതേ സംരംഭത്തിന് വീണ്ടും തറക്കല്ലിടുന്നത് സാധാരണഗതിയിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്. ഏത് ഗവൺമെന്റിന്റെ കാലത്തും അവസാന കാലഘട്ടങ്ങളിൽ, പ്രവൃത്തികൾ നേരത്തെ ആരംഭിച്ച് അവസാനിക്കുന്നവയും മറ്റ് ഗവൺമെന്റ് വരുമ്പോൾ തുടങ്ങുന്നതുമുണ്ടാകും. അതോടൊപ്പംതന്നെ തറക്കല്ലിടലും സാധാരണ എല്ലായിടത്തും ചെയ്യാറുള്ളതാണ്. ഏത് ഗവൺമെന്റ് വരുമ്പോഴും ഇത് നടക്കുന്നതാണ്. ഒരിക്കൽ തറക്കല്ലിട്ട കാര്യം വീണ്ടും തറക്കല്ലിടുന്നതിനുപകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും എല്ലാവരും വന്ന് ആ പ്രവൃത്തിയുടെ ഉദ്ഘാടനം നടത്തണം എന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്.

ബജറ്റിന്റെ കാര്യങ്ങൾ പറയുമ്പോൾ ഞാൻ നേരത്തേ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിരുന്നു; എന്റെ നിയോജകമണ്ഡലത്തിലെ എൽ. ബി. എസ്.-ൽ ഐ.ഐ.എസ്.ടി. മൂന്ന് കൊല്ലം മുമ്പ് അനുവദിച്ചതാണ്. വാടക കെട്ടിടത്തിലാണ് അതിന്റെ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നത്. അതിന് സ്വന്തം കെട്ടിടത്തിനായി നെഗോഷ്യേറ്റഡ് പർച്ചേസ് നടത്തുന്നതിന് സ്ഥലം ഉടമകളുടെ സമ്മതപത്രമെല്ലാം കിട്ടി. അതിനായി ഇരുപത് കോടി രൂപ വേണമെന്ന് കഴിഞ്ഞ കൊല്ലവും സബ്ജക്ട് കമ്മിറ്റിയിൽ ആവശ്യപ്പെട്ടതായിരുന്നു. പക്ഷേ, അത് അനുവദിച്ചില്ല. ഇപ്പോഴും ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് എഴുതിക്കൊടുത്തിട്ടുണ്ട്. ഇരുപത് കോടി രൂപ സ്ഥലത്തിനും അഞ്ച് കോടി രൂപ ബിൽഡിംഗിനും അനുവദിച്ചുകഴിഞ്ഞാൽ നമുക്ക് permanent premises-ലേയ്ക്ക് ആ സ്ഥാപനം മാറ്റാൻ കഴിയും.

മി. ചെയർമാൻ: സമയം കഴിഞ്ഞു.....

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെയും പാലോളി കമ്മിറ്റി റിപ്പോർട്ടിന്റെയും ശിപാർശയുടെ അടിസ്ഥാനത്തിലാണ് എൽ. ബി. എസ്.-ൽ ഐ. ഐ. എസ്. ടി സ്ഥാപിച്ചത്. എഞ്ചിനീയറിംഗ്, പോളിടെക്നിക്, അപ്ലൈഡ് സയൻസ്, മൾട്ടിമീഡിയ ഇവയെല്ലാം കൂടിയുള്ള ഒരു വിദ്യാഭ്യാസ സമുച്ചയം കേരളത്തിൽ ഇതുമാത്രമേ ഉള്ളൂ. അതുകൊണ്ട് അതിനാവശ്യമായ തുകകൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഒരിക്കൽ കൂടി ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. 2011-12, 2012-13, 2014-15 എന്നീ വർഷങ്ങളിൽ ബഹുമാനപ്പെട്ട കെ. എം. മാണി സാർ അവതരിപ്പിച്ചതും 2016-17-ൽ ശ്രീ. ഉമ്മൻ ചാണ്ടി സാർ അവതരിപ്പിച്ചതുമായ ബഡ്ജറ്റുകൾ എന്റെ കയ്യിലുണ്ട്. ഇതിനെയെല്ലാം ബഡായി ബഡ്ജറ്റ് എന്ന് നമുക്ക് വിശേഷിപ്പിക്കാം. ഇപ്പോഴത്തെ ബഡ്ജറ്റിനെ ഒന്നുമില്ലാത്ത ബഡ്ജറ്റാണെന്ന് പ്രതിപക്ഷാംഗങ്ങൾ പറയുന്നത് ഇന്നലെ മുതൽ കേട്ടുകൊണ്ടിരിക്കുന്നു. എങ്ങനെയാണ് ഇവർക്ക് ഇത് പറയാൻ കഴിയുന്നത്? കണ്ണ് കാണാത്തവർക്കും കാത് കേൾക്കാത്തവർക്ക് പോലും പറഞ്ഞുകൊടുത്താൽ മനസ്സിലാകും. പ്രതിപക്ഷം എങ്ങനെയാണ് ഹൃദയമില്ലാത്തവരായി മാറുന്നത്? ധനമന്ത്രിക്ക് 'ചിറകൊടിഞ്ഞ സ്വപ്നങ്ങൾ' എന്ന പുസ്തകം എഴുതാമെന്ന് ഇന്നലെ ഒരംഗം പറയുന്നത് കേട്ടു. എനിക്ക് ബഹുമാനപ്പെട്ട അംഗത്തോടുമാത്രമല്ല, പ്രതിപക്ഷത്തോട് മുഴുവൻ പറയാനുള്ളത്, 'ചിറകൊടിഞ്ഞ സ്വപ്നങ്ങൾ' എന്ന ബുക്കല്ല നിങ്ങൾ എഴുതേണ്ടത് എന്നാണ്. 'ചിറക് വിരിച്ചുയർന്ന ഞങ്ങളുടെ സ്വപ്നങ്ങൾ' എന്ന പുസ്തകം പേജ് കണക്കിന് എഴുതാനും പ്രിന്റ് ചെയ്യാനും കഴിയുന്നത്രയും പദ്ധതിയാണ് ഈ ഗവൺമെന്റ് ആയിരം ദിവസങ്ങൾകൊണ്ട് നിങ്ങൾക്ക് തന്നിരിക്കുന്നത്. ഞാനത് നിങ്ങളോട് വെല്ലുവിളിച്ചുകൊണ്ടുതന്നെ പറയുകയാണ്. അത് തെളിയിക്കാനുള്ള രേഖകൾ ഞങ്ങളുടെ കയ്യിലുണ്ട്.

ഒരു രാജ്യം കണ്ട വലിയ ഒരു പ്രളയ ദുരന്തത്തെ കേരള ഗവൺമെന്റ് അഭിമുഖീകരിച്ചു. അതിനെ ഒറ്റക്കെട്ടായി നേരിടാൻ കരുത്ത് തന്നത് നമ്മുടെ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി, മന്ത്രിമാർ, കര-നാവിക-വ്യോമസേനകൾ, ആദരണീയരായിട്ടുള്ള മത്സ്യത്തൊഴിലാളികൾ എന്നിവരൊക്കെയാണ്. മിച്ച വരുമാനത്തിൽ നിന്ന് മാറ്റിവച്ച ചെറിയ വരുമാനംപോലും പ്രളയത്തിന്റെ മുന്നിൽ ഒഴുകിപ്പോയപ്പോൾ മനുഷ്യരുടെ ഒഴുകിപ്പോയ സ്വപ്നങ്ങൾക്ക് ചിറക് നൽകുന്ന ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്ന 2019-2020-ലെ ബജറ്റ്. ഇത് നവകേരള നിർമ്മാണത്തിന് ഊന്നൽ നൽകുന്ന നാലാമത്തെ ബജറ്റാണ് എന്ന് അക്ഷരാർത്ഥത്തിൽ ഉറപ്പിച്ച് പറയാം. ഈ ഗവൺമെന്റ് വന്നിട്ട് ആയിരം ദിവസമല്ലേ ആയിട്ടുള്ളൂ. പാവപ്പെട്ട മനുഷ്യർക്ക് കൊടുക്കുന്ന പെൻഷൻ തുക 600 രൂപയായിരുന്നത് 1200 രൂപയാക്കി വർദ്ധിപ്പിക്കാൻ ഞങ്ങൾക്ക് ആയിരം ദിവസം കൊണ്ട് കഴിഞ്ഞിരിക്കുന്നു. മുപ്പത്തിയൊന്ന് ലക്ഷം ഗുണഭോക്താക്കൾക്ക് കൊടുത്തിരുന്ന പെൻഷൻ ഇപ്പോൾ നാൽപ്പത്തി രണ്ട് ലക്ഷം പേർക്ക് കൊടുക്കാൻ കഴിഞ്ഞിരിക്കുന്നു. ബജറ്റിൽ ഈ വർഷത്തേയ്ക്ക് 7500 കോടി രൂപ അതിനുവേണ്ടി മാറ്റി വച്ചിരിക്കുന്നു. ഇടതുപക്ഷ ഗവൺമെന്റിന്റെ ബഡ്ജറ്റായതുകൊണ്ട് ഈ 7500 കോടി രൂപയും ആ പാവപ്പെട്ട മനുഷ്യരുടെ കയ്യിൽ എത്തുമെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

കുട്ടനാട്-വയനാട് തീരദേശ പാക്കേജുകൾ പ്രഖ്യാപിച്ചിരിക്കുന്നു. അതെല്ലാം പ്രാവർത്തികമാകാൻ പോകുന്നു. പ്രളയദുരിതം മറികടക്കാനായി പ്രത്യേക ജീവനോപാധി പദ്ധതികൾ; അതുപോലെതന്നെ, 4700 കോടി രൂപയുടെ പ്രത്യേക പാക്കേജ് വച്ചിരിക്കുന്നു. കുട്ടനാട്ടിൽ ജനിച്ചുവളർന്ന ആളെന്ന നിലയിൽ നന്ദി പറയാൻ വാക്കുകളില്ല. കുട്ടനാടിനുവേണ്ടി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് സമുദ്രനിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന ആ നാടിനെ രക്ഷിക്കാൻ വേണ്ട ഇടപെടൽ നടത്തിയ ഈ ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കാൻ കൂടി ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

ആദിവാസി യുവാവായ മധു മരിച്ചപ്പോൾ മുതലക്കണ്ണീരൊലിപ്പിച്ചവരാണ് അവിടെയിരിക്കുന്നത് എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഞങ്ങളുടെ ഗവൺമെന്റ് ആദിവാസി കുടുംബങ്ങളിലെ ഒരാൾക്ക് വീതം ജോലി കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. തീരുമാനിച്ചത് ഇടതുപക്ഷമാണ്. അത് നടപ്പിലാക്കാൻ പോകുകയാണ്. പ്രളയാനന്തരം എന്ത് ചെയ്തുവെന്ന് ഇവർ കണ്ണും മൂടിക്കെട്ടി ചോദിക്കുന്നതു കേട്ടു. ഇവർക്ക് കാത് കേൾക്കില്ലേ, ഇവർക്ക് രേഖകൾ വായിച്ചാൽ മനസ്സിലാകില്ലേ എന്ന് ഞാൻ ചിന്തിക്കുകയാണ്. നിങ്ങൾ പരിശോധിച്ചുനോക്കൂ; ഈ ഗവൺമെന്റ് വീട് നഷ്ടപ്പെട്ടവർക്കും ഭാഗികമായി തകർന്നവർക്കും പുനർനിർമ്മാണ പ്രവർത്തനത്തിനായി 430 കോടി രൂപ അനുവദിച്ച് കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. 1.3 ലക്ഷം കുടുംബത്തിനാണ് സഹായം അനുവദിച്ചിരിക്കുന്നത്. അതുപോലെ, പൂർണ്ണമായി തകർന്ന 13,362 വീടുകളിൽ 9341 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നു. ഇതിനുമാത്രം 94 കോടി രൂപ കൊടുത്തുകഴിഞ്ഞിരിക്കുന്നു. ഞങ്ങളുടെ കുട്ടനാട്ടിലേയ്ക്ക് നിങ്ങളെയൊക്കെ ഞങ്ങൾ ക്ഷണിക്കുകയാണ്. നിങ്ങൾ വരണം. അപ്പുറത്തിരിക്കുന്നവരിൽ അധികവും മലബാറിലുള്ള എം.എൽ.എ.-മാരാണ്. അവരെല്ലാംതന്നെ ട്രെയിനിലാണ് പോകുന്നത്. നിങ്ങൾ ഇടയ്ക്കൊന്ന് നിങ്ങളുടെ വാഹനമൊക്കെ എടുത്ത് കുട്ടനാട്ടിലേയ്ക്ക് വരൂ. പ്രളയത്തിനുശേഷം കുട്ടനാട്ടിൽ ഉണ്ടായിട്ടുള്ള മാറ്റം ഞങ്ങൾ കാണിച്ചുതരാം. നിങ്ങൾ കണ്ണ് തുറന്ന് കാണണം. കൃഷിനാശം നേരിട്ടവർക്ക് 200 കോടി രൂപയാണ് നൽകിയിരിക്കുന്നത്. 2.38 ലക്ഷം കർഷകർക്കായി 178 കോടി രൂപ നൽകിയിരിക്കുന്നു. വിള ഇൻഷ്വറൻസായി 21.57 കോടി രൂപ കൊടുത്തിരിക്കുന്നു. അസ്വസ്ഥതയൊന്നും ഉണ്ടാകേണ്ട കാര്യമില്ല. സത്യങ്ങൾ കേൾക്കാൻ നിങ്ങൾക്കിഷ്ടമല്ല. കന്നുകാലി നഷ്ടപ്പെട്ടവർക്കുവേണ്ടി 21.7 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്.

14000 ഹെക്ടർ സ്ഥലത്ത് പ്രളയത്തിനുശേഷം പുതുതായി കൃഷി ആരംഭിക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല, 3200 ടൺ വിത്ത് വിതരണം ചെയ്യുന്നതിനും വിതയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. പുതുതായി കൃഷി ഇറക്കിയതിലൂടെ 70,000 ടൺ നെല്ല്

അധികമായി കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ പോകുകയാണെന്ന കാര്യം അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്. ഇതിനാവശ്യമായ വിത്തും നമ്മൾ പൂർണ്ണമായും സബ്സിഡി ചെയ്ത് സൗജന്യമായി കൊടുത്തിരിക്കുകയാണ്. പറയുന്നത് ചെയ്യുന്ന ഒരു പാരമ്പര്യമാണ് ഞങ്ങൾക്കുള്ളത്. നമ്മുടെ നാട്ടിൽ വികസനങ്ങൾ നടന്നില്ല എന്ന് ഇവിടെ പലരും പറയുന്നത് കേട്ടു. ഒന്നുരണ്ട് പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഞാൻ അടുത്ത കാലത്ത് മലബാർ ഭാഗത്ത് പോയപ്പോൾ കണ്ണഞ്ചിപ്പിക്കുന്ന, വിസ്മയകരമായിട്ടുള്ള വികസനങ്ങളാണ് കണ്ടത്. ഒരു നാടിന്റെ ഗതാഗത സംവിധാനമല്ലേ ആ നാടിന്റെ മുഖം? ഈ നാടിന്റെ മുഖം ഇന്ന് മാറിയിരിക്കുന്നു. യു.ഡി.എഫ്. ഭരിക്കുമ്പോൾ നമ്മുടെ റോഡുകളുടെ അവസ്ഥ വികൃതമായിരുന്നു; നമ്മുടെ നാടിന്റെ മുഖം വികൃതമായിരുന്നു. രാമനാട്ടുകര ഫ്ലൈ ഓവർ ഞാൻ കണ്ടതാണ്. ശ്രീ. കെ. എം. മാണിസാറിന്റെ കാലഘട്ടത്തിൽ പ്രഖ്യാപിച്ചതാണ്. പക്ഷേ, പ്രതിപക്ഷത്തിരിക്കുമ്പോൾ നിങ്ങൾ ഭാഗ്യമുള്ളവരാണ്. ഞങ്ങൾ ഭരിക്കുമ്പോൾ പ്രതിപക്ഷം ഭാഗ്യമുള്ളവരാണ്. കാരണം രാമനാട്ടുകര, തൊണ്ടയാട് ഫ്ലൈ ഓവറുകൾ 200 കോടി രൂപയ്ക്ക് പുതിയ കാലത്തെ പുതിയ നിർമ്മാണപ്രകാരം മനോഹരമായി പൂർത്തീകരിച്ചിരിക്കുന്നു. നേരിട്ട് കണ്ടതുകൊണ്ടാണ് ഞാനിത് പറയുന്നത്. അതിന് സ്റ്റേറ്റ് ഫണ്ട് മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. അതുപോലെ പാലാരിവട്ടം ഫ്ലൈ ഓവർ, ഇടപ്പള്ളി തുടങ്ങിയവയുമുണ്ട്. കഴിഞ്ഞ ദിവസം കൊല്ലം ബൈപ്പാസ് വഴി വന്നു. എത്ര എളുപ്പമാണ് അത്. നിങ്ങൾ ഭരിച്ച സമയത്ത് നിങ്ങൾക്ക് ഉദ്ഘാടനം ചെയ്യാൻ പാടില്ലായിരുന്നോ? നാടിന് സമർപ്പിക്കാൻ പാടില്ലായിരുന്നോ? കൊല്ലം ബൈപ്പാസ് 328 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. 176 കോടി രൂപ സ്റ്റേറ്റ് ഷെയറാണ്. 176 കോടി രൂപ സെൻട്രൽ ഷെയർ തന്നിട്ടുണ്ട്. ആ ഷെയർ തന്നതിന്റെ പേരിൽ മാത്രമാണ് ഇന്ത്യയുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി അത് ഉദ്ഘാടനം ചെയ്യാനായി വന്നത്. കേരളമാണ് അതിന്റെ കഷ്ടപ്പാട് എടുത്തിരിക്കുന്നത്.

ആലപ്പുഴ ബൈപ്പാസിനെപ്പറ്റി ഞാൻ ജനിക്കുന്നതിനുമുമ്പ് കേട്ടു തുടങ്ങിയതാണ്. 382 കോടി രൂപ ചെലവഴിച്ച് ആലപ്പുഴ ബൈപ്പാസ് കേരളത്തിലെ ഏറ്റവും മനോഹരമായ ബൈപ്പാസായി ഇപ്പോൾ ഓപ്പൺ ചെയ്യാൻ പോകുകയാണ്. നീലേശ്വരം ROB-യുടെ നിർമ്മാണം തുടങ്ങിയിരിക്കുന്നു.

(ചർച്ച തുടരും)

മി. ചെയർമാൻ: ഓർഡർ.....ഓർഡർ..... ധനവിനിയോഗ ബിൽ പരിഗണിച്ചതിനുശേഷം ഇനി സംസാരിക്കാം. ഇത് കഴിഞ്ഞ് ചർച്ച തുടരുമ്പോൾ അതിനുള്ള സമയം തരാം. ചട്ടപ്രകാരം ധനവിനിയോഗ ബിൽ ഒരു മണിക്കും രണ്ട് മണിക്കും ഇടയ്ക്ക് സഭ പരിഗണിക്കേണ്ടതുള്ളതിനാൽ ബഡ്ജറ്റ് പൊതുചർച്ച ഇപ്പോൾ നിർത്തിവച്ച്

ധനവിനിയോഗ ബിൽ സഭ പരിഗണിക്കുന്നതാണ്. അതിനുശേഷം ബജറ്റ് പൊതുചർച്ച തുടരുന്നു. സഭയുടെ അനുമതിയോടുകൂടി ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കുന്നു.

1.00. PM

## VI നിയമനിർമ്മാണകാര്യം

### 2019-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, 2019-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. അനിവാര്യമായ മേഖലകളിലാണ് സർക്കാർ അധിക തുക ആവശ്യപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ 408,50,00,000 രൂപ, ആസ്തി വർദ്ധനവ് കൂടി കണക്കിലെടുത്തുകൊണ്ട് 125 കോടി രൂപ മൂലധനചെലവിനുള്ളത് ഉൾപ്പെടെയാണത്. വികസന വിസ്മയങ്ങൾ സൃഷ്ടിച്ചിട്ടുള്ള വിദ്യാഭ്യാസ മേഖലയിൽ അനിവാര്യമായ സാഹചര്യത്തിലാണ് ഈ തുക ആവശ്യപ്പെടുന്നത്. അതുപോലെതന്നെ മറ്റൊരു മേഖല ആരോഗ്യമേഖലയാണ്. 827 കോടി രൂപയാണ് ആരോഗ്യമേഖലയിൽ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഏറ്റവും കൂടുതൽ അംഗീകാരം നേടിയ ഒരു മേഖലയാണ് കേരളത്തിന്റെ ആരോഗ്യ മേഖലയെന്ന് നമുക്ക് അറിയാവുന്നതാണ്. വിസ്മയകരമായ വികസന നേട്ടങ്ങളുമായി മുന്നേറുന്ന ഈ മേഖലയ്ക്ക് വരും നാളുകളിൽ ഇനിയും കൂടുതൽ മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള ഗുണകരമായ വളർച്ച കൈവരിക്കാനാവശ്യമായ സഹായം ഇതിൽനിന്നും ലഭ്യമാക്കാൻ കഴിയും. ലേബർ വെൽഫെയർ മേഖലയ്ക്കായി 327 കോടി രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നമുക്കറിയാം യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കുടിശ്ശിക സർക്കാരായിരുന്നു. 6302 കോടി രൂപയുടെ അടിയന്തര ബാധ്യതയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമേൽക്കുമ്പോഴുള്ള സാഹചര്യം. അത് ഉടനടി കൊടുത്തുതീർക്കാനുള്ള പണമായിരുന്നു. അതിനെക്കുറിച്ച്

വിശദമായിത്തന്നെ കഴിഞ്ഞ നാളുകളിൽ സംസ്ഥാന ഗവൺമെന്റിന്റെ ധവളപത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിച്ച പിൻബലമില്ലാത്ത വാഗ്ദാനങ്ങളുടെ ഒരു നിരയായിരുന്നു മുൻപ് കണ്ടത്. ഒരു സാമ്പത്തിക അച്ചടക്കവുമില്ലാതെ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട ബജറ്റുകളിൽ യഥാർത്ഥ ചെലവുകളുടെ കാര്യത്തിലും വിഭവ സമാഹരണത്തിന്റെ കാര്യത്തിലും യാഥാർത്ഥ്യബോധം പ്രകടിപ്പിക്കുന്നതായിരുന്നില്ല യു.ഡി.എഫ്.-ന്റെ നിലപാട്. അങ്ങനെ ഭാരിച്ച സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിച്ചുകൊണ്ടാണ് യു.ഡി.എഫ്. സർക്കാർ കളമൊഴിഞ്ഞത്. അങ്ങനെയുള്ള സാമ്പത്തിക അസ്ഥിരതയുടെ നാളുകളിൽ കൃത്യമായ ഒരു വീക്ഷണം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായിരുന്നു. ജീവിതത്തിൽ വലിയ പ്രതിസന്ധികളുണ്ടാകും. അപ്പോൾ നമുക്ക് രണ്ട് തരത്തിൽ പ്രതികരിക്കാം. പരാതി പറഞ്ഞും പഴിച്ചും കഴിയാം; അല്ലെങ്കിൽ ആ പ്രതിസന്ധിയെ ക്രിയാത്മകമായി മാറ്റിയെടുക്കുകയുമാകാം. ഇതിൽ രണ്ടാമത് പറഞ്ഞ വഴിയാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചത്. ഇത് മഹാനായ മാർട്ടിൻ ലൂഥർ കിംഗിന്റെ വാക്കുകളാണ്. "കഷ്ടപ്പാടുകളും ദുരന്തങ്ങളുണ്ടാകുമ്പോൾ മുന്നിൽ നിന്ന് പ്രവർത്തിക്കുന്ന ആളാണ് യഥാർത്ഥ നേതാവ്". കേരളത്തിലെ പൊതുഭരണവുമായി ബന്ധപ്പെട്ടും രാഷ്ട്രീയ-സാമൂഹ്യ സാഹചര്യങ്ങളുമായി ബന്ധപ്പെട്ടും പല പ്രതിസന്ധികളും ഉയർന്നുവന്നപ്പോൾ അവയെ മറികടക്കാൻ കഴിയുന്ന രാഷ്ട്രീയ ഇച്ഛാശക്തിയുള്ള ഒരു മുഖ്യമന്ത്രിയാണ് ഇന്ന് കേരളം ഭരിക്കുന്നത്. അതുകൊണ്ടുതന്നെ പൊരുതാൻ ഉറച്ചവർക്ക് പ്രതിബന്ധങ്ങൾ വഴിമാറിക്കൊണ്ടിരിക്കും. ഈ സർക്കാർ എല്ലാ ഘട്ടത്തിലും പ്രതിബന്ധങ്ങളെയെല്ലാം തട്ടിമാറ്റിക്കൊണ്ടാണ് മുന്നോട്ട് പോകുന്നത്. എന്നാൽ പല ഘട്ടങ്ങളിലും പ്രതിപക്ഷ നിരയിൽപ്പെട്ട ആളുകൾ അലറിയാർത്തു ചിരിക്കുന്നത് നമ്മൾ കാണാറുണ്ട്. "അലറിയാർത്തു ചിരിക്കുന്നത് ആരായാലും ശരി അവരുടെ ഉള്ളുപൊള്ളുകയാണ്". ഇത് Oliver Goldsmith-ന്റെ ഏറ്റവും ശ്രദ്ധേയമായ വാചകങ്ങളാണ്. അവർ ഈ കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള സമരാഭാസ ങ്ങൾക്കെല്ലാംതന്നെ നാം സാക്ഷ്യം വഹിച്ചവരാണ്. ഈ വെല്ലുവിളികളെയും പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ചുകൊണ്ടാണ് കേരളം ഇന്ന് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും മെച്ചപ്പെട്ട സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നത്. മികച്ച ക്രമസമാധാന പരിപാലനത്തിന് ഇന്ത്യ ടുഡേ അവാർഡ്, മികച്ച ഭരണമെന്ന് Public Affairs Index രേഖപ്പെടുത്തി. അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന് Centre for Media Studies ചൂണ്ടിക്കാട്ടി. വർഗ്ഗീയകലാപം ഇല്ലാത്ത സംസ്ഥാനമെന്നാണ് NCRB(National Crime Records Bureau)-ടെ അഭിപ്രായം. വിദ്യാഭ്യാസ വികസ നത്തിൽ ഒന്നാമതെന്ന് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയവും മികച്ച ആരോഗ്യ പരിപാലനമെന്ന് നീതി ആയോഗും മികച്ച വയോജന സംരക്ഷണം ലഭ്യമാകുന്ന സംസ്ഥാനമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയവും ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെ

വിവിധ മേഖലകളിൽ ശിശു മരണനിരക്കും മാതൃ-ശിശു മരണ നിരക്കും ഏറ്റവും കുറവ്, ആയുർദൈർഘ്യം, സാക്ഷരത, സ്ത്രീ വിദ്യാഭ്യാസം, ആശുപത്രികളിലെ സൗകര്യങ്ങൾ, ശരാശരി പ്രതിശീർഷ വരുമാനം എന്നിവയിൽ ഒന്നാമത്, അങ്ങനെ എല്ലാ രംഗത്തും കേരളം ഇന്ന് മുൻപന്തിയിൽ നിൽക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പരിമിതമായ ഈ കാലയളവിൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ചില ഇടപെടലുകളാണ് കേരളത്തിലെ സാമൂഹ്യ അന്തരീക്ഷത്തിൽ ഉണ്ടായത്. ട്രാൻസ്ജെൻഡേഴ്സിന് ജോലി സംവരണം ഉറപ്പുവരുത്താനുള്ള തീരുമാനം ഈ സർക്കാർ കൈക്കൊണ്ടു. ദളിതർക്കെതിരായ അക്രമം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ മാറ്റി. ഇതര സംസ്ഥാന തൊഴിലാളി ക്ഷേമത്തെ മുൻനിർത്തി ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി.

ഇന്റർനെറ്റ് പൗരന്റെ അവകാശമാക്കിയ ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. വനിതാക്ഷേമത്തിന് പ്രത്യേക വകുപ്പുതന്നെ രൂപീകരിച്ചുകൊണ്ട് കേരളം മാതൃക കാണിച്ചു. അങ്ങനെ വിവിധ മേഖലകളിൽ മുന്നേറ്റം ഉറപ്പുവരുത്തുന്നതോടൊപ്പം ഓരോ ബഡ്ജറ്റുകളിലും ജനക്ഷേമത്തെയും വികസന കാര്യങ്ങളെയും മുൻനിർത്തിയുള്ള സമഗ്രമായ ഇടപെടലാണ് കേരളാഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

ഈ അടുത്തകാലത്താണ് രണ്ട് ബഡ്ജറ്റുകൾ അവതരിപ്പിക്കപ്പെട്ടത്. ജനക്ഷേമപരമായ കാര്യങ്ങൾ വിലയിരുത്തിക്കൊണ്ടുള്ള ഏറ്റവും ശ്രദ്ധേയമായ കേരളത്തിന്റെ സംസ്ഥാന ബജറ്റും ഒപ്പം കേന്ദ്രഗവൺമെന്റിന്റെ കെട്ടി ഏൽപ്പിക്കപ്പെട്ട ബജറ്റും അവതരിപ്പിക്കപ്പെടുകയുണ്ടായി. സ്റ്റാറ്റിസ്റ്റിക്സ് എക്സർസൈസല്ല ഒരു ബജറ്റ്. മറിച്ച് ജനങ്ങൾക്കുവേണ്ടി ജനപ്രതിനിധികൾക്കു മുമ്പിൽ അവതരിപ്പിക്കുന്നതാണ് ബഡ്ജറ്റ്. ജനാധിപത്യത്തെ അവഹേളിച്ചുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് ഇന്ത്യൻ പാർലമെന്റിനകത്ത് ബഡ്ജറ്റ് അവതരിപ്പിച്ചത്. വളരെ സ്പഷ്ടമായി ഇന്ത്യയിലെ എല്ലാ കാര്യങ്ങളും വിശദമാക്കുന്ന സാമ്പത്തിക സർവ്വേ പാർലമെന്റിനകത്ത് അവതരിപ്പിക്കാൻ ഇത്തവണ കൂട്ടാക്കിയില്ല. അങ്ങനെ അവതരിപ്പിക്കാൻ കൂട്ടാക്കാതിരുന്നിട്ടും ഇടക്കാലത്ത് തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ട് ഒരു വാർത്ത പുറത്തുവന്നു. ഇന്ത്യയുടെ തൊഴിലില്ലായ്മ നിരക്ക് കഴിഞ്ഞ 45 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിലേയ്ക്ക് കുതിച്ചെന്നതാണ് ആ വാർത്ത ; അത് പുറത്തുവന്ന റിപ്പോർട്ടിലെ ഒരു കാര്യം മാത്രമാണ്. ഇന്ത്യാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അപകടകരമായ പ്രതികൂലകരമായ കാര്യങ്ങൾ പുറത്തുവരുന്നു എന്ന ഒരൊറ്റ കാരണത്താൽ സമഗ്രമായ സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ ഇന്ത്യാ ഗവൺമെന്റ് തയ്യാറായില്ല. സാമ്പത്തിക പ്രതിസന്ധിയുടെ കേന്ദ്ര ബിന്ദുവായ തൊഴിലില്ലായ്മ ഇന്ത്യയിൽ വർദ്ധിക്കുമ്പോഴാണ് ആ തൊഴിലില്ലായ്മ പരിഹരിക്കാൻ യാതൊരു പദ്ധതികളുമില്ലാതെ തൊഴിൽരഹിത യുവജന സമൂഹത്തിന്റെ മുഖത്ത് കാർക്കിച്ച്

തുപ്പുന്ന നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. അവിടെയാണ് കേരള ഗവൺമെന്റിന്റെ മാഹാത്മ്യം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏറ്റവും ശ്രദ്ധേയമായ രീതിയിൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവജന സമൂഹത്തെ അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തിന് നൽകുന്ന ശ്രദ്ധ തൊഴിൽമേഖലയിൽ വൻകുതിച്ചുചാട്ടത്തിന് വഴി യൊരുക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് തൊഴിൽ സാഹചര്യം ഉറപ്പുവരുത്തിനും തൊഴിലില്ലായ്മ പരിഹരി ക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കുമായി 563 കോടി രൂപയാണ് ഈ സർക്കാർ വകയിരുത്തിയിരിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിലെ ഓരോ കാര്യങ്ങളും പരിശോധിക്കാം. കേരളത്തിൽ സമഗ്രമായ കാർഷിക വികസന പദ്ധതികൾ ആവിഷ്കരിച്ച ഒരു സർക്കാരാണിത്. എന്നാൽ ഇന്ത്യാ ഗവൺമെന്റ് ഗുജറാത്ത് മാതൃകയാണ് സ്വീകരി ച്ചിരിക്കുന്നത്. ഗുജറാത്തിലെ കാർഷിക മേഖലയിൽ നാല് ബഹുരാഷ്ട്ര കോർപ്പറേ ഷനുകളാണ് കൃഷി നടത്തുന്നത്. അവിടെ കാഷ്ടക്കാർ കളിക്കളത്തിലില്ല; അവരുടെ കർമ്മപദത്തിലില്ല; അവരെല്ലാം തന്നെ ഗ്യാലറികളിലിരുന്ന് കൃഷി നോക്കി കാണുകയാണ്. അങ്ങനെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറ്റവും അപകടകരമായ സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം കാര്യങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ടുതന്നെ കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി ഇന്ത്യയിലെ ജനങ്ങൾ ബി.ജെ.പി.-യെ വെറുത്തുകൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. പശുവിനും തൃശ്ശൂലത്തിനുമാവില്ല വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലെ വൻ തകർച്ച യിൽനിന്ന് ബി.ജെ.പി.-യെ രക്ഷിക്കാനെന്ന് വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. വടക്ക് രാമനെയും തെക്ക് അയ്യപ്പനെയും വച്ച് കളിക്കാൻ ശ്രമിച്ചിട്ട് രക്ഷയില്ലെന്ന് രാജസ്ഥാനിലെ തെരഞ്ഞെടുപ്പ് ഫലം തെളിയിച്ചിരിക്കുകയാണ്. സെമി ഫൈനൽ മത്സരമായിരുന്ന കഴിഞ്ഞ നിയമസഭകളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പുകൾ. ബി.ജെ.പി.-ക്ക് ഏറ്റവും ശക്തമായ സ്വാധീനമുണ്ടായിരുന്ന മധ്യപ്രദേശിൽ 2013-ലെ തെരഞ്ഞെടുപ്പിൽ 165 സീറ്റ് കിട്ടിയെങ്കിൽ ഇത്തവണ വെറും 109 സീറ്റാണ് കിട്ടിയത്. അതുപോലെ രാജസ്ഥാനിൽ 2013-ലെ തെരഞ്ഞെടുപ്പിൽ 163 സീറ്റായിരുന്നു കിട്ടിയതെങ്കിൽ ഇപ്പോൾ വെറും 73 സീറ്റായി ചുരുങ്ങിയിരിക്കുകയാണ്. ഛത്തിസ്ഗഢിൽ 49 സീറ്റുണ്ടായിരുന്നത് ഇത്തവണ 16 സീറ്റായി മാറിയിരിക്കുകയാണ്. അങ്ങനെ ഈ സംസ്ഥാനങ്ങളിലെല്ലാം ബി.ജെ.പി.-ക്ക് എതിരായ അതിശക്തമായ വികാരം വളർന്നുവരികയാണ്.

രാജസ്ഥാൻ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കേവലം കോൺഗ്രസ്സിനോടുള്ള അഭിവാഞ്ജ കാരണമല്ല അവിടത്തെ ജനങ്ങൾ ബി.ജെ.പി.-ക്ക് എതിരായി വോട്ട് ചെയ്തത്. മറിച്ച് രാജസ്ഥാനിലും സമീപ സംസ്ഥാനങ്ങളിലുമെല്ലാം അടുത്ത കാലത്ത് നടത്തിയിട്ടുള്ള ഉജ്ജ്വലമായ കർഷകസമര മുന്നേറ്റങ്ങളുണ്ട്. 200 കിലോമീറ്ററോളം

ലോംഗ് മാർച്ച് നടത്തിയിട്ടുള്ള അനുഭവം ഇന്ത്യൻ രാഷ്ട്രീയത്തിലുണ്ട്. ആ ലോംഗ് മാർച്ചിൽ അക്കുഭായ് എന്ന ഒരമ്മയുമുണ്ടായിരുന്നു. ആ അമ്മയുടെ കാലിന്റെ മടമ്പെല്ല് പൊട്ടിയൊലിച്ച ഒരു ചിത്രമാണ് നമ്മുടെയെല്ലാം മനസ്സിലുള്ളത്. അങ്ങനെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായിട്ടുള്ള എത്രയോ സാധാരണ സ്ത്രീകൾ, കർഷകർ, തൊഴിലാളികൾ ഇവരെല്ലാം ചേർന്ന് കിലോമീറ്ററുകൾ താണ്ടി മാർച്ചിൽ പങ്കെടുത്തു. ആ മാർച്ചിനെ വരവേൽക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി ആളുകൾ അണിനിരന്നു. അവരുടെയെല്ലാം പ്രതികരണം പിന്നീടുള്ള തെരഞ്ഞെടുപ്പുകളിൽ നമ്മൾ രാജസ്ഥാനിൽ കണ്ടു. ഇത്തരം സംസ്ഥാനങ്ങളെല്ലാം കേന്ദ്രവിരുദ്ധ സമീപനങ്ങളോടും നയങ്ങളോടും വളരെ ശക്തമായ നിലപാടുകളുമായിട്ടാണ് മുന്നോട്ട് പോകുന്നത്.

എന്നാൽ കോൺഗ്രസിന്റെ സമീപനമെന്താണ്; ബി.ജെ.പി.-യുടെ രാഷ്ട്രീയ നിലപാട് ഇന്ത്യൻ രാഷ്ട്രീയത്തിൽ വർഗ്ഗീയ പ്രീണന നയമായിരുന്നു. ആ വർഗ്ഗീയ ഫാസിസം നടപ്പിലാക്കുന്നതിനാണ് ഇന്ന് ബി.ജെ.പി.-യുള്ളത്. വർഗ്ഗീയ പ്രീണനനയം സ്വീകരിച്ച പാർട്ടിയാണ് കോൺഗ്രസ്. ആ കോൺഗ്രസ് കേരളത്തിലും ഇന്ത്യയിലും soft corner-ലൂടെ, മൃദു-ഹിന്ദുത്വ സമീപനത്തിലൂടെ തീവ്ര-ഹിന്ദുത്വ നിലപാട് സ്വീകരിക്കുന്ന ബി.ജെ.പി.-ക്ക് എല്ലാ പിൻബലവും പിന്തുണയുമേകി രാഷ്ട്രീയ രംഗത്ത് നിൽക്കുന്ന കാഴ്ചയാണ് നമ്മുടെ മുന്നിലുള്ളത്.

ഇവിടെ ശബരിമല വിഷയം ഉയർന്നുവന്നപ്പോൾ ആർ.എസ്.എസ്.-ഉം സംഘപരിവാറും എടുത്തിട്ടുള്ള നിലപാട് സമീപ ഭാവിയിൽ അവർക്ക് തിരുത്തേണ്ടി വരുമെന്നുള്ള കാര്യം ഉറപ്പാണ്. കാരണമെന്തെന്നുവച്ചാൽ ആർ.എസ്.എസ്.-ന് ഏറ്റവും പ്രധാനപ്പെട്ട പ്രത്യയ ശാസ്ത്ര വിശാരദനായ ശ്രീ. ആർ. ഹരി 'മാറ്റുവിൻ ചട്ടങ്ങളെ' എന്ന പുസ്തകം എഴുതി. കുരുക്ഷേത്ര പ്രകാശൻ പബ്ലിഷ് ചെയ്തിട്ടുള്ള പുസ്തകത്തിന്റെ കോപ്പിയാണിത്. (പുസ്തകം ഉയർത്തിക്കാട്ടി) അതിൽ വളരെ കൃത്യമായി പറഞ്ഞു "കാലോചിതമായ പരിവർത്തനം ഏതൊരു മതത്തിന്റെയും സക്രിയമായ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഹൈന്ദവ ആചാരാനുഷ്ഠാനങ്ങൾ സാമൂഹ്യ പരിഷ്കർത്താക്കളായ ആത്മീയാചാര്യൻമാരുടെ പ്രവർത്തന മഹിമയാൽ മാറ്റത്തിന് വിധേയമായിട്ടുണ്ട്". തുല്യനീതി ഉറപ്പാക്കുന്ന മതസാമുദായികക്രമം നടപ്പിൽ വരുത്തേണ്ടത് ഏറ്റവും ആവശ്യമാണെന്ന് സമർത്ഥിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പുസ്തകമാണിത്. ഈ പുസ്തകത്തിന്റെ ഒൻപതാമത്തെ പേജിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. ആർ.എസ്.എസ്.-ന്റെയും സംഘപരിവാറിന്റെയും അഖിലേന്ത്യാ നേതൃത്വത്തിൽ സംഘടനാ പ്രവർത്തനത്തിന്റെ പടവുകൾ ഒന്നൊന്നായി കടന്ന് കേരള പ്രാന്തപ്രചാരക് അഖിലഭാരതീയ ബൗദ്ധിക് പ്രമുഖ് എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചിട്ടുള്ള ആളാണ് ഈ ഗ്രന്ഥകാരൻ. അദ്ദേഹം വളരെ വിശദമായി പറഞ്ഞു "രാജ്യം മുഴുവൻ എടുത്താൽ അപവാദ രൂപേണ ചില ക്ഷേത്രങ്ങളിൽ

മാത്രമേ സ്ത്രീകൾക്ക് വിലക്കുള്ളൂ. അനേകായിരം അമ്പലങ്ങളുണ്ട്, അതിൽ വളരെ ചുരുക്കം ക്ഷേത്രങ്ങളിലേ ഈ പ്രശ്നമുള്ളൂ. അപവാദമായിപ്പോലും ഇതുണ്ടാകാൻ പാടില്ലായെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. എവിടെ പുരുഷന് പ്രവേശനമുണ്ടോ അവിടെ സ്ത്രീക്കും പ്രവേശനം കൊടുക്കണം. എവിടെവരെ പുരുഷൻമാർക്ക് പ്രവേശനമുണ്ടോ അവിടെവരെ സ്ത്രീകൾക്കും പ്രവേശനം വേണം. ഇതാണ് സംഘത്തിന്റെ പൊതുവായ നിലപാട്" .

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എം. രാജഗോപാലൻ: സർ, ഇത്തരത്തിൽ നിലപാടുള്ള സംഘത്തിനെക്കാൾ യു.ഡി.എഫ്.-ന്റെ നിലപാട് എടുക്കുന്ന ഒരു സമീപനമാണ് കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മൾ കണ്ടത്. അഖിലേന്ത്യാ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിന് ഇന്ന് ഒരു നയം പറഞ്ഞുകൊണ്ട് അല്ലെങ്കിൽ നയത്തിന്റെ പേരിൽ ജനങ്ങളെ അഭിമുഖീകരിക്കാൻ കഴിയുന്നില്ല. മുത്തശ്ശിയുടെ സ്വത്തും നരയുമെല്ലാം പ്രകീർത്തിച്ചുകൊണ്ട് ഇപ്പോൾ ശ്രീമതി പ്രിയങ്കാഗാന്ധിയെ ഇറക്കിയിരിക്കുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം; സമയം കഴിഞ്ഞു.

ശ്രീ. എം. രാജഗോപാലൻ: സർ, ശ്രീമതി പ്രിയങ്കാഗാന്ധിയുടെ പിന്നിൽ വധേരയുണ്ടെന്നുള്ള തിരിച്ചറിവ് നിങ്ങൾക്കുണ്ടാകണം. തിരുത്താൻ കഴിയാത്ത വിധമുള്ള കാര്യങ്ങളിലേയ്ക്കാണ് നിങ്ങളുടെ പോക്ക്. ഇന്ത്യൻ രാഷ്ട്രീയത്തിൽ വിവിധ സംസ്ഥാനങ്ങളിൽ അനുദിനം ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്ന കോൺഗ്രസ്സിനും ബി.ജെ.-പിയ്ക്കുമെതിരായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വലിയൊരു നിര വന്നുകൊണ്ടിരിക്കുകയാണ്. എല്ലാ അർത്ഥത്തിലും ബി.ജെ.പി.-ക്കെതിരായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ശക്തികളെയെല്ലാം ഒന്നിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ഇന്ത്യൻ രാഷ്ട്രീയത്തിന് കഴിയേണ്ടതുണ്ട്. തീവ്ര-ഹിന്ദുത്വ നിലപാടും മൃദു-ഹിന്ദുത്വ നിലപാടും തുറന്നുകാട്ടിക്കൊണ്ടുമാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയൂവെന്ന് പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽ കൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, കേരളത്തിൽ ബി.ജെ.പി. അല്ല ഭരിക്കുന്നത്; ഭരിച്ചിട്ടുമില്ല, അടുത്തൊന്നും വരാനുള്ള സാധ്യതയും കാണുന്നില്ല. എന്നിട്ടും ഏറ്റവും കൂടുതൽ തൊഴിലില്ലാത്തവർ ഉള്ളത് കേരളത്തിലാണ്. ദാരിദ്ര്യം അതുപോലെ അനുഭവിക്കുന്നു. ഏറ്റവും കൂടുതൽ ആളുകൾ ജോലി അന്വേഷിച്ച് മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോകേണ്ടിവരുന്നതും കേരളത്തിൽ നിന്നാണ്; ഇതൊരു വസ്തുതയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ശബരിമലയിലേയ്ക്ക് ആകെ രണ്ട് യുവതികളേ പോയിട്ടുള്ളൂവെന്ന് ഇന്നലെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി പറഞ്ഞു.

എന്നാൽ 53 പേർ പോയെന്ന് പറഞ്ഞ് അഡ്രസ്സും ഫോൺ നമ്പറും കൊടുത്തെങ്കിലും അതൊക്കെ തെറ്റാണെന്ന് തെളിഞ്ഞു. ആകെ രണ്ട് പേർ മാത്രമേ പോയിട്ടുള്ളൂ. അവിശ്വാസികളായിട്ടുള്ള ആ രണ്ട് പേരെ പോലീസ് യൂണിഫോം അണിയിച്ച കൊണ്ട് പത്ത് അറുപത് പോലീസുകാരുടെ അകമ്പടിയോട്ടുകൂടിയാണ് കൊണ്ടു പോയത്. അങ്ങനെയാണ് ശബരിമലയിൽ അന്ന് പ്രശ്നമുണ്ടായത്. അല്ലെങ്കിൽ ഇങ്ങനെയൊരു പ്രശ്നം തന്നെ ഉണ്ടാകുമായിരുന്നില്ല. കുറച്ച് ആഴ്ച കൂടി കാത്തിരു ന്നെങ്കിൽ, സുപ്രീം കോടതി റിവ്യൂ ചെയ്യുന്ന അവസരത്തിൽ ഇതിന് പരിഹാരമു ണ്ടാകുമായിരുന്നു. അതിന് അനാവശ്യമായ പ്രശ്നമുണ്ടാക്കി. അതൊന്നും ഈ നാട്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സഹായിച്ചിട്ടില്ല. ഇതൊരു വസ്തുതയാണ്. ശബരിമലയ്ക്ക് വേണ്ടി 739 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നുണ്ട്. ശബരിമല തീർത്ഥാടകർക്കായി നിലയ്ക്കലും പമ്പയിലും ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിന് കിഫ്ബിയിൽ 147 കോടി രൂപ ഉൾപ്പെടുത്തി. ശബരിമലയുടെ മൊത്തം വികസനത്തിനായി 739 കോടി രൂപ ചെലവഴിക്കു ന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു. എന്നാൽ 2016-2017 വർഷത്തെ 89 കോടി രൂപയും 2017-2018 വർഷത്തെ 140 കോടി രൂപയും 2018-2019 വർഷത്തെ 200 കോടി രൂപയും 2019-2020 വർഷത്തെ 200 കോടി രൂപയും അതിൽ ഉൾപ്പെടുന്നു. അപ്പോൾ യഥാർത്ഥത്തിൽ വെറും 200 കോടി രൂപ മാത്രമാണ് ചെലവഴിക്കുന്നത്. പക്ഷെ അവകാശ വാദം 739 കോടി രൂപയെന്നാണ്.

മി. ചെയർമാൻ: സമയം കഴിഞ്ഞു ,അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെ ശബരിമലയെപ്പറ്റി പറയുന്ന മറ്റൊരുകാര്യം, അവിടെ ഒരു എയർപോർട്ട് ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്നതാണ്. ശബരിമല ഒരു തീർത്ഥാടന കേന്ദ്രമാണ്, ടൂറിസ്റ്റ് കേന്ദ്രമല്ല. ചില ആളുകൾ വിമാനത്താവളമെല്ലാം കൊണ്ടുവന്ന് അതിനെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ ശ്രമിക്കുകയാണ്.

മി. ചെയർമാൻ: സമയം കഴിഞ്ഞു അങ്ങ് ചുരുക്കണം.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള വിവരണങ്ങളാണ് ശബരിമലയെപ്പറ്റി ബഡ്ജറ്റിൽപ്പോലും ഉൾപ്പെടുത്തിയിട്ടുള്ളത്. തിരുപ്പതി മാതൃകയിൽ വികസിപ്പിക്കുമെന്ന് പറയുന്നുണ്ട്. തീർത്ഥാടകർക്ക് ഭക്ഷണം കഴിക്കാനും വിശ്രമിക്കാനും മറ്റുമുള്ള സൗകര്യങ്ങൾ ഒരുക്കാനാണ് ശ്രമിക്കേണ്ടത്. അതിനുവേണ്ട വ്യവസ്ഥകളൊന്നും കാണുന്നില്ല. ഏതായാലും ശബരിമലയെപ്പറ്റി ഇത്രയും കൊട്ടിഘോഷിക്കുകയും പ്രശ്നങ്ങളുമുണ്ടാക്കുകയും ചെയ്തശേഷം ഇന്നും പമ്പയിൽ പോയാൽ ഉണ്ടായിരുന്ന സൗകര്യങ്ങളൊക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമുണ്ടായിരിക്കുകയാണ്. ഇതിന് മാറ്റം വരുത്തേണ്ടത് ആവശ്യമാണ്.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, 2019-ലെ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ ശ്രീ. ഒ. രാജഗോപാൽ സംസാരിച്ചപ്പോൾ ഏറ്റവും ഒടുവിൽ ശബരിമലയുമായി ബന്ധപ്പെട്ടാണ് പരാമർശിച്ചത്. എന്റെ സ്വന്തം പ്രദേശമായ കീഴില്ലം ഇടത്താവളത്തിന് ഈ ബഡ്ജറ്റിൽ 19,39,000,00 രൂപ വകയിരുത്തിയ കേരള സർക്കാരിനെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ശ്രീമതി യു. പ്രതിഭ ബഡ്ജറ്റിന്മേലുള്ള പ്രസംഗത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ വിവിധ കാലയളവുകളിൽ അവതരിപ്പിച്ച ബഡ്ജറ്റുകളുടെ പ്രാധാന്യത്തെക്കുറിച്ചും അപ്രധാന്യത്തെക്കുറിച്ചുമെല്ലാം ഇവിടെ പ്രതിപാദിച്ചു.

കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം 2016 ജൂലൈ 8-ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റും 2017 മാർച്ച് 3, 2018 ഫെബ്രുവരി 2 എന്നീ തീയതികളിൽ അവതരിപ്പിച്ച ബഡ്ജറ്റുമെല്ലാം വളരെ ശ്രദ്ധേയമായിരുന്നു. ആ മൂന്ന് ബഡ്ജറ്റുകളിലൂടെ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുമെന്ന് ഉറപ്പുനൽകുകയും ബഡ്ജറ്റിൽ പറഞ്ഞ ഓരോ കാര്യങ്ങളും വാഗ്ദാനങ്ങളായി നിലനിൽക്കുകയല്ല; മറിച്ച് അവ ഓരോന്നും നടപ്പാക്കി ശക്തമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്.

2018 കടന്നു പോകുമ്പോൾ മലയാളികൾക്ക് 2018 ആഗസ്റ്റ് മാസം 15 മുതൽ 18 വരെയുള്ള നാലുദിനങ്ങൾ വിസ്മരിക്കാനാവുകയില്ല. പ്രളയം ദർശിച്ചവരുടെ ഓർമ്മ അവശേഷിക്കുന്ന കാലം, ജീവിതത്തിന്റെ അന്ത്യകാലത്തിന്റെ അങ്ങേ തലയ്ക്കൽ ഓർമ്മയുടെ ചെറുതരി അംശമെങ്കിലും ഉണ്ടെങ്കിൽ ഈ കേരളവും നൂറ്റാണ്ടും കണ്ട 1924-ന് ശേഷമുള്ള ഈ പ്രളയത്തിന്റെ കെടുതികൾ, ആശങ്കകൾ മനുഷ്യർ മരണത്തിന്റെ മുഖാമുഖങ്ങളിലേയ്ക്ക് കടന്നുചെന്ന ദിവസങ്ങൾ മറക്കുകയില്ലെന്നത് ഉറപ്പാണ്.

കേരളത്തിന്റെ ഇത:പര്യന്തമുള്ള ചരിത്രത്തിൽ റോഡ്, റെയിൽ, ജല, വ്യോമ ഗതാഗതങ്ങൾ ഒരേ സമയം നിശ്ചലമായതിന്റെ നേർക്കാഴ്ചയായിരുന്നു ഞാൻ ആദ്യം സൂചിപ്പിച്ച ആഗസ്റ്റ് മാസം 15 മുതൽ 18 വരെയുള്ള നാല് ദിവസങ്ങൾ. നമ്മുടെ ഓർമ്മയിൽ ആഗസ്റ്റ് മാസം 15-ന് രാത്രി വൈകിയാണ് ഏറ്റവും അധികം ഫോൺ കോളുകൾ കേരളത്തിൽ പ്രവഹിച്ചത്. ഉറ്റവരെ രക്ഷപ്പെടുത്തുക, മക്കളെ രക്ഷപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് ലക്ഷക്കണക്കിന് ഫോൺ വിളികളാണ് ഉയർന്നുകേട്ടത്. അതിനെത്തുടർന്ന് ഭക്ഷ്യക്ഷാമം സംസ്ഥാനത്ത് രൂപപ്പെടുന്ന സ്ഥിതി വിശേഷമുണ്ടായി; കേരളത്തിലാകമാനം വലിയ പ്രതിസന്ധി യുണ്ടായി. എന്നാൽ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ജാതിയുടെയോ മതത്തിന്റെയോ അതിർവരമ്പുകൾ ഒന്നുമില്ലാതെ എല്ലാ മനുഷ്യരെയും ഒരുമിപ്പിച്ചു നിർത്തുകയും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ഏറ്റവും മികച്ച വഴിയൊരുക്കുകയും ചെയ്ത ഒരു സന്ദർഭമായിരുന്നു കേരളത്തിന്റെ പ്രളയകാലം.

2019 ജനവരിമാസം 31-ാം തീയതി കേരളത്തിന്റെ ഏറ്റവും ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി നാലാമത് ബജറ്റ് കേരള സമക്ഷം സമർപ്പിച്ചപ്പോൾ സാമ്പത്തിക വിദഗ്ദ്ധർ പലരും ആശ്ചര്യപ്പെട്ടു. ഒരു ബഡ്ജറ്റ് അവതരിപ്പിക്കുക അസാദ്ധ്യവും പ്രയാസകരവുമാണ്. എങ്ങനെ ഇത് കൈകാര്യം ചെയ്യും; എങ്ങനെ ജനസമക്ഷം ഒരു ബജറ്റ് അവതരിപ്പിക്കുമെന്ന ചോദ്യമുയർന്നു. പക്ഷേ വളരെ ശ്രദ്ധാപൂർവ്വം കേരളത്തിന്റെ ധനസ്ഥിതി കണ്ടറിഞ്ഞുകൊണ്ടുള്ള ഒരു ബജറ്റാണ് ഡോ. തോമസ് ഐസക് ജനസമക്ഷം ഈ സഭയുടെ അങ്കണത്തിൽ അവതരിപ്പിച്ചതെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രളയം തകർത്ത ഈ കേരളത്തിന് ഒരു ശാപമോക്ഷമാണ് ഡോ. തോമസ് ഐസക്കിലൂടെ ഉണ്ടായിട്ടുള്ളത്.

ഗൗതമ മഹർഷിയുടെ ഭാര്യയായിരുന്ന ലോകസുന്ദരിയായ അഹല്യ. അഹല്യയ്ക്ക് ദേവേന്ദ്രനോട് അനുരാഗം തോന്നി. ഒരു സന്ദർഭത്തിൽ ഗൗതമ മഹർഷി അഹല്യയെ ശപിക്കുകയുണ്ടായി. അഹല്യയെ ശപിച്ചപ്പോൾ അഹല്യ ശിലയായി തീർന്നുവെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുകയാണ്. അങ്ങനെ ശിലയായിത്തീർന്ന അഹല്യയ്ക്ക് വീണ്ടും പുനർജന്മം നൽകി അവരെ സ്ത്രീയായി തിരിച്ചുകൊണ്ടുവന്നത് ശ്രീരാമനാണ്. ശ്രീരാമൻ സീതാ സ്വയംവരത്തിനായി വനത്തിലൂടെ പോകുമ്പോൾ അദ്ദേഹത്തിന്റെ പാദസ്പർശനമേറ്റാണ് വാസ്തവത്തിൽ അഹല്യയ്ക്ക് ശാപമോക്ഷത്തിലൂടെ പുനർജ്ജന്മം ലഭിക്കുന്നത്. ഇവിടെ ഡോ. തോമസ് ഐസക് ശ്രീരാമന്റെ വേഷമാണ് അണിഞ്ഞത്. ഡോ. തോമസ് ഐസക് കേരളത്തിന് ശാപമോക്ഷം നൽകി ഈ ബഡ്ജറ്റിലൂടെ ഒരു തിരിച്ചുവരവ് നടത്തുന്നു. അവിസ്മരണീയമായ ഒട്ടനവധി നിർദ്ദേശങ്ങൾ, വിസ്മരിക്കാനാവാത്തവിധം തകർന്നുപോയ കേരളത്തെ പിടിച്ചുയർത്തുവാനുള്ള ഏറ്റവും ശ്രദ്ധേയമായ ശ്രമമാണ് ഡോ. തോമസ് ഐസക് ഈ ബഡ്ജറ്റിലൂടെ നടത്തിയിട്ടുള്ളത്.

ബജറ്റുമായി ബന്ധപ്പെട്ട ഒന്ന് രണ്ട് കാര്യങ്ങൾ ചേർത്തുവയ്ക്കുവാനാണ് ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുന്നത്. ഒന്ന്, ബജറ്റിലെ പേജ് നമ്പർ 63-ൽ ജനറലാശുപത്രിയെന്ന ഒരു നാമധേയം ഉൾപ്പെടുത്തിയിട്ടില്ല. മെഡിക്കൽ കോളേജുകൾ മുതൽ താഴോട്ട് പി.എച്ച്.സി.-വരുമ്പോൾ ജനറലാശുപത്രികൾക്ക് എന്താണ് പരിഗണനയെന്ന് ബഡ്ജറ്റിന്റെ 63-ാം പേജിൽ പ്രതിപാദിച്ചിട്ടില്ല. പേജ് 122-ൽ 246-ാമത്തെ പാരഗ്രാഫിൽ കേരളത്തിന്റെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ധന അവലോകനത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. കേരളം ഒരു വികസന മുരടിപ്പിന്റെ ഭീഷണി നേരിടുന്നുവെന്നാണ് അതിൽ പറഞ്ഞിട്ടുള്ളത്. അതിൽ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ അങ്ങ് ചൂണ്ടിക്കാണിക്കുന്നുണ്ട്; കേരളത്തിന്റെ റബ്ബർ ഉൾപ്പെടെയുള്ള കാർഷികോല്പന്നങ്ങൾക്ക് വിലയില്ലെന്നും വിദേശത്തേയ്ക്ക്, അറബ് രാജ്യങ്ങളിലേയ്ക്ക് പോകുന്നവരെക്കാൾ കൂടുതൽ മടങ്ങി വരുന്നുവെന്നും അങ്ങ് പരാമർശിച്ചിട്ടുണ്ട്.

കേരളത്തിന്റെ സമ്പദ്ഘടനയുടെ അടിത്തറയെന്നു പറയുന്നത് കാർഷിക മേഖലയും വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ വരുമാനത്തിന്റെ ഒരംശം നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്നതുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് എന്റെ അഭിപ്രായം കെമിക്കൽ ഇൻഡസ്ട്രീസിനെ അധികം എൻകറേജ് ചെയ്യാതിരിക്കുകയും കാർഷിക മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട ഇൻഡസ്ട്രീസിന് നാം പ്രോത്സാഹനം കൊടുക്കുകയും ചെയ്താൽ തീർച്ചയായും കേരളത്തിന്റെ ആരോഗ്യ മേഖലയ്ക്കും നമ്മുടെ ആരോഗ്യ സമ്പത്തിനും കൂടുതൽ ശക്തിപകരുന്നതിന് കഴിയും. കേരളത്തിന്റെ സംസ്കാരമെന്നു പറയുന്നത് ജലമാണ്. ജലം മലിനപ്പെടാതിരിക്കുന്നതിന് കെമിക്കൽ ഇൻഡസ്ട്രീസ് വേണ്ടെന്നല്ല പകരം കേരളത്തിന്റെ സമ്പദ്ഘടനയുടെ അടിസ്ഥാനം കൃഷിയായതുകൊണ്ട് കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി അഗ്രിക്കൾച്ചറൽ ഇൻഡസ്ട്രീസിനെ പ്രോത്സസാഹിപ്പിക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയുവാനുള്ളത്.

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യാണ് ഞാൻ. എറണാകുളം ജില്ല എന്നു പറയുമ്പോൾ മലയാളികളായ നമുക്കറിയാം കൊച്ചി കേന്ദ്രീകരിച്ചാണ് കൂടുതൽ വികസന പ്രവർത്തനങ്ങളും നടക്കുന്നത്. നഗരം ഒരുപാട് വളർന്നുകൊണ്ടിരിക്കുകയാണ്. മിക്കവാറും ബഡ്ജറ്റ് പ്രഖ്യാപനങ്ങളും കൊച്ചി കേന്ദ്രീകൃതമാകുന്നു. അത് ആരോഗ്യമാണെങ്കിലും റോഡാണെങ്കിലും മറ്റ് എന്ത് സൗകര്യങ്ങൾ വന്നാലും കൊച്ചി കേന്ദ്രീകൃതമായി മാറുകയാണ്. അതുകൊണ്ടു തന്നെ എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലകളായ മൂവാറ്റുപുഴയും കോതമംഗലവും പിറവവും കുന്നത്തുനാടും പെരുമ്പാവൂരും ഉൾപ്പെടുന്ന പ്രദേശങ്ങൾ പല സന്ദർഭങ്ങളിലും വികസന കാര്യങ്ങളിൽ അല്പം പുറകോട്ട് പോകുന്നു. മൂവാറ്റുപുഴ കേന്ദ്രീകരിച്ച് ഒരു ജില്ല രൂപീകരിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു സാധ്യതാ പഠനം ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഒരു നിർദ്ദേശം വയ്ക്കുകയാണ്.

365 ദിവസവും ഉല്പാദിപ്പിക്കപ്പെടുന്ന കേരളത്തിലെ ഒരേയൊരു പഴവർഗ്ഗമാണ് പൈനാപ്പിൾ. ചക്കപ്പഴം നമ്മുടെ സംസ്ഥാനത്തിന്റെ ഫലമായി കൃഷി വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. എന്നാൽ നമ്മുടെ സംസ്ഥാനത്തിന് വരുമാനം ഏറെയുണ്ടാക്കുന്ന പൈനാപ്പിളിന് പല സമയങ്ങളിലും വില കുറയുകയാണ്. നിങ്ങൾ പൈനാപ്പിൾ കൃഷി ചെയ്യൂ, ജാതി കൃഷി ചെയ്യൂ, റബ്ബർ കൃഷി ചെയ്യൂ എന്നുപറയുമ്പോൾ പാവപ്പെട്ട കർഷകർ ഉല്പാദനം കൂട്ടും. ഉല്പാദനം കൂട്ടുമ്പോൾ നമ്മുടെ പഴവർഗ്ഗങ്ങൾ കേരളത്തിനകത്ത് വിറ്റഴിക്കാൻ സാധിക്കുന്നില്ല. പൈനാപ്പിൾ പ്രധാനപ്പെട്ട ഒരു കാർഷിക പഴവർഗ്ഗ വിളയെന്ന നിലയിൽ ഈ മേഖലയിൽ ഒരു സംസ്കരണ പ്ലാന്റ് ഉണ്ടാകണം. പൈനാപ്പിൾ സെക്ടറുമായി ബന്ധപ്പെട്ടുനിൽക്കുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാൻ പൈനാപ്പിൾ പാർക്ക് കൊണ്ടുവരണം. കേരളത്തിലെ ഈ സർക്കാർ 1957-ലെ

ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ വികസനത്തിന്റെയും ദീർഘ വീക്ഷണത്തിന്റെയും തുടർച്ചയാണ്. അതിന്റെ ഫ്ലാറ്റ്ഫോമിൽ ഇരുന്നുകൊണ്ടാണ് പൊതുവിദ്യാഭ്യാസ മേഖലയും ആരോഗ്യ മേഖലയുമൊക്കെ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വിപ്ലവകരമായിട്ടുള്ള ഒട്ടനവധി നേട്ടങ്ങളാണ് 1957-ലെ ഗവൺമെന്റ് തുടങ്ങി വച്ചതെങ്കിൽ അതിന്റെ തുടർച്ചയെന്ന നിലയിലാണ് ഈ ഗവൺമെന്റും മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. സ്വാമി വിവേകാനന്ദൻ ഒരു സന്ദർഭത്തിൽ കേരളം ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചു. ഒട്ടനവധി നവോത്ഥാന നായകർ ശ്രീ നാരായണഗുരുവും അയ്യങ്കാളിയും ഉൾപ്പെടെയുള്ള പ്രമുഖരായ നവോത്ഥാന നായകരുടെ നേതൃത്വത്തിൽ കേരളത്തെ തിരിച്ചുകൊണ്ടുവന്നു.

മി. ചെയർമാൻ: ദയവായി ചുരുക്കു..

ശ്രീ. എൽദോ എബ്രഹാം: സർ, അങ്ങനെ നവോത്ഥാന നായകർ ഉഴുതുമറിച്ച മണ്ണിലാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ഭാവി കേരളം കെട്ടിപ്പടുക്കുവാൻ വേണ്ടിയുള്ള ധീരോദാത്തമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ശ്രദ്ധാപൂർവ്വം ജനങ്ങളുടെ സ്പന്ദനമറിഞ്ഞുകൊണ്ട്, നാടിന്റെ ശബ്ദമറിഞ്ഞുകൊണ്ട്, മനുഷ്യരിലെ സാധാരണക്കാരെ, പാവപ്പെട്ടവരെ, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തള്ളപ്പെട്ട ഒരു ജനതയെ ഉയർത്തിക്കൊണ്ടു വരാനുള്ള ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഡോ. തോമസ് ഐസക് കൊണ്ടുവന്ന ധന വിനിയോഗ ബില്ലിനെ ശക്തമായി പിൻതുണച്ചുകൊണ്ട് വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽ ഒന്ന് രണ്ട് കാര്യങ്ങൾ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ആറായിരത്തി എഴുന്നൂറ് ഏക്കർ സ്ഥലമേറ്റെടു ക്കുന്നതിനായി കിഫ്ബിയിൽ മാത്രം പതിനയ്യായിരത്തി അറുന്നൂറ് കോടി രൂപ അനുവദിച്ചതായി ബജറ്റിൽ പറയുന്നുണ്ട്. സ്ഥലമേറ്റെടുക്കലിന്റെ കാര്യത്തിൽ അനന്തമായ കാലതാമസം നേരിടുകയാണ്. അനുവദിച്ചിരിക്കുന്ന പല പദ്ധതികളും നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയിൽ നിൽക്കുകയാണ്. ഇപ്പോൾ സോഷ്യൽ ഇംപാക്റ്റ് സ്റ്റഡിയും വന്നിരിക്കുകയാണ്. പത്തും പതിനഞ്ചും വർഷങ്ങളായി ഒന്നും നടക്കാത്ത അവസ്ഥയാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാകണം. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരു കൃത്യത വരുത്തണം. നമ്മുടെ ഡിപ്പാർട്ടുമെന്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുകയാണെങ്കിൽ എല്ലാ പ്രവർത്തനങ്ങളും സജീവമാകും. ഇപ്പോൾ എ.എസ്. കൊടുക്കുന്ന കാര്യത്തിലും എ.എസ്. കൊടുത്തശേഷം റ്റി.എസ്. കൊടുക്കുന്ന കാര്യത്തിലും കാലതാമസം വരികയാണ്. ഇത് പരിഹരിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉറപ്പുവരുത്തണം. അതുപോലെതന്നെ കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാൻ ആത്മാർത്ഥത കാണിക്കണം.

ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിയുടെ കാലഘട്ടത്തിൽ ആരംഭിച്ച കാരുണ്യ പദ്ധതി അങ്ങ് പുനഃക്രമീകരിക്കുന്നതായി പറഞ്ഞുകേട്ടു. കാരുണ്യ പദ്ധതിയെ ഞെക്കി കൊല്ലുകയാണോ എന്ന ആശങ്ക ഉയർന്നിട്ടുണ്ട്. ലക്ഷക്കണക്കിന് മനുഷ്യർക്ക് ഉപകാരപ്പെട്ട ഒരു പദ്ധതിയാണത്. മാണിസാറിന്റെ ബഡ്ജറ്റുകളെക്കുറിച്ച് ശ്രീമതി യു. പ്രതിഭയെ പോലെയുള്ള ആളുകൾ യാതൊരു പ്രതിഭയുമില്ലാതെ സംസാരിക്കുന്നത് കേട്ടപ്പോൾ സങ്കടം തോന്നി. എന്തൊരു നിർഭാഗ്യകരമായ അവസ്ഥയാണ്. മാണിസാറിന്റെ ബജറ്റുകളെക്കുറിച്ച് പഠിക്കാൻ കൊച്ചി സർവ്വകലാശാലയിൽ ഒരു ചെയർ തന്നെ ആരംഭിക്കുകയുണ്ടായി. കാരണം അത്രയേറെ കാര്യങ്ങളാണ് കേരളത്തിൽ നടന്നിരിക്കുന്നത്. ഭരണകക്ഷിയിൽപ്പെട്ട ആർക്കെങ്കിലും പറയുവാൻ സാധിക്കുമോ കാരുണ്യ പദ്ധതി ആർക്കും ഉപകാരപ്പെടാത്ത പദ്ധതിയായിരുന്നു എന്ന്. ഇതുപോലെ ഉപകാരം കിട്ടിയ ഒരു പദ്ധതി ഇവിടെയുണ്ടോ.

റബ്ബറിന്റെ വിലയിടിഞ്ഞപ്പോൾ ആകെ ഒരു ആശ്വാസം റബ്ബർ വില സ്ഥിരതാ ഫണ്ടായിരുന്നു. കർഷക പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം മാണിസാറിന്റെ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളായിരുന്നില്ലേ.

കഴിഞ്ഞ അഞ്ച് വർഷം അഞ്ച് കോടി രൂപ വീതം 140 എം.എൽ.എ.-മാർക്കും ബഹുമാന്യനായ ശ്രീ. കെ. എം. മാണി അനുവദിക്കാൻ തയ്യാറായതുകൊണ്ടല്ലേ ഇന്ന് നമ്മുടെ സ്കൂളുകളും റോഡുകളും നന്നാക്കുന്നതടക്കമുള്ള കാര്യങ്ങളിൽ 140 എം.എൽ.എ.-മാരും ഫണ്ട് വിനിയോഗിച്ച് കൊണ്ടിരിക്കുന്നത്? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കണം, അങ്ങേയ്ക്കും കൂടി വേണ്ടിയാണ്. സ്കൂളുകളും റോഡുകളും നന്നാക്കുന്നതിനും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുമായി ശ്രീ. കെ. എം. മാണി കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അഞ്ച് കോടി രൂപ തന്നതു പോലെ അങ്ങ് അഞ്ച് കോടി രൂപവീതം എല്ലാ എം.എൽ.എ.-മാർക്കും കൊടുത്ത് ഈ പ്രവർത്തനങ്ങളെ സജീവമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗത്തിന് അനുവദിച്ച സമയം കഴിഞ്ഞു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ചുരുക്കുകയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ, മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കണം. പാഞ്ചാലിയുടെ ചേല പോലെയാണ് നമ്മുടെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതി. എത്ര അഴിച്ചാലും തീരില്ല. എങ്ങും എത്തിക്കാനും കഴിയാത്ത ഒരവസ്ഥയാണ്. മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കാൻ അങ്ങ് തയ്യാറാകണം എന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

ശ്രീ. മോൻസ് ജോസഫ്: സർ, ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള ഫണ്ട് ഏറ്റുവാങ്ങുവാനായി ഞങ്ങളുടെ മണ്ഡലങ്ങളിൽ വന്നപ്പോൾ ഞങ്ങൾ രാഷ്ട്രീയത്തിനതീതമായി സഹകരിച്ച് കോടി കണക്കിന് രൂപ നൽകിയിട്ടുണ്ട്. ഗ്രാമീണ റോഡുകൾ നന്നാക്കാൻ വേണ്ടി ഒരു തുകയും ഒരു വകുപ്പിലും കിട്ടുന്നില്ല; ഇക്കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് ചെയ്തതുപോലെ വൺ ടൈം ടാറിംഗിനുള്ള ക്രമീകരണം അങ്ങ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ സ്വപ്നമായി മാറാതെ യഥാർത്ഥ്യമായി മാറാനുള്ള സാഹചര്യമുണ്ടാകട്ടെ. ഈ ധനവിനിയോഗ പ്രവർത്തനങ്ങൾ ഫലപ്രദമാകാത്തതിലുള്ള പ്രയാസംകൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഇതിനോട് വിയോജിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. യാഥാർത്ഥ്യ ബോധമില്ലാത്ത സ്വപ്ന പദ്ധതികൾ വിഭവ സമാഹരണത്തിന്റെ അഭാവത്തിൽ ബഡ്ജറ്റിൽ ഇടംപിടിച്ചതു കാരണമാണ് നടപ്പു ബജറ്റിൽ അൻപത് ശതമാനം പദ്ധതികൾപോലും നടപ്പാക്കാൻ കഴിയാത്ത സാഹചര്യം വന്നുചേർന്നത്. അതുകൊണ്ടാണ് സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ ഇത്രയും വലിയ തുകയ്ക്കുള്ള സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിക്കേണ്ടി വന്നത്.

ധനക്കമ്മിയും റവന്യൂക്കമ്മിയും നമ്മുടെ സമ്പദ്ഘടനയെ വരിഞ്ഞുമുറുക്കുകയാണ്. പ്രളയബാധിതർക്ക് സഹായമെത്തിക്കാൻ അവരിൽ നിന്ന് അധികനികുതി പിരിക്കുകയാണ്. സാമ്പത്തിക സ്ഥിതിയൊട്ടും അഭികാമ്യമല്ലെന്ന അഭിപ്രായമുള്ളത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് തന്നെയാണ്. എന്നാൽ ഇന്നിവിടെ ചർച്ച ചെയ്യുന്ന ധനവിനിയോഗ ബില്ലിലേയ്ക്ക് കണ്ണോടിച്ചാൽ അതൊന്നും അവിടെ കാണുന്നില്ല. ധൂർത്തും ദുർവ്യയവും അവിടെ അരങ്ങ് തകർക്കുകയാണ്. ഉദാഹരണത്തിന് ധനാഭ്യർത്ഥന V-ൽ ആവശ്യപ്പെട്ടിരിക്കുന്നത് സർക്കാരിന് വേണ്ടി കേസ് വാദിക്കാൻ ഹാജരായ വക്കീലിന് ഫീസിനത്തിൽ നൽകിയ ഇരുപത്തിയഞ്ചര ലക്ഷം രൂപയുടെ അധിക ചെലവിന് അംഗീകാരം നൽകണമെന്നാണ്. ഒട്ടേറെ ഗവൺമെന്റ് പ്ലീഡർമാർ, എ.ജി., അഡീഷണൽ എ.ജി., ഡി.ജി.പി., എ.ഡി.ജി.പി. തുടങ്ങിയവർ ഉൾക്കൊള്ളുന്ന നിയമവിദഗ്ദ്ധരുടെ ഒരു നിരയെത്തന്നെ ഉയർന്ന ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകി സർക്കാർ നിലനിർത്തുമ്പോഴാണ് പുറത്ത് നിന്നും ഭാരിച്ച തുക ഫീസ് നൽകി വക്കീലന്മാരെ കേസ് വാദിക്കുവാനായി കൊണ്ടുവരുന്നത്.

മുല്ലപ്പെരിയാർ കേസ് നടത്തിപ്പിനായി അഞ്ച് കോടിയിലധികം രൂപ ഇതിനോടകം ചെലവാക്കിക്കഴിഞ്ഞതായാണ് എന്റെ നിയമസഭാ ചോദ്യത്തിന് ഇന്നലെ കിട്ടിയ ഉത്തരം. എന്ത് ന്യായീകരണമാണ് സർക്കാരിന് ഇക്കാര്യത്തിൽ പറയാനുള്ളത്? ധനാഭ്യർത്ഥന III-ൽ ന്യായാധിപൻമാർക്കായി മുപ്പത്തിയൊന്ന്

ഇന്നോവ ക്രിസ്റ്റ ഡീസൽ കാറുകളും ഫയൽ സർക്കുലേഷനുവേണ്ടി ഒരു വാഹനവും വാങ്ങുന്നതിനായി 6.28 കോടി രൂപ ചെലവഴിച്ചത് അംഗീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഫയൽ സർക്കുലേഷനുവേണ്ടി ഒരു വാഹനം എന്നു മാത്രമാണ് ഉത്തരവുകളിൽ പറയുന്നത്. ഇത് ഏത് വാഹനമാണ്; എത്ര രൂപയുടെ വാഹനമാണ് എന്നൊന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ഈ നടപടിയെ സംശയത്തിന്റെ നിഴലിലേ കാണാനാകൂ. ഈ ഉത്തരവിന്റെ വൈരുദ്ധ്യം ഇവിടെയും അവസാനിക്കുന്നില്ല.

ധനാഭ്യർത്ഥന XIV-ൽ 5.77 ലക്ഷം രൂപയുടെ ചെലവിന് ആധാരമായി കാണിച്ചിട്ടുള്ളത് ന്യായാധിപൻമാർക്ക് കാറുകൾ വാങ്ങിയ ഇതേ ഉത്തരവുകൾ തന്നെയാണ്. ഇത് പിശക് സംഭവിച്ചതാണോ അല്ലെങ്കിൽ അറുപത്തിരണ്ട് കാറുകൾ വാങ്ങുകയുണ്ടായോ അതോ ഈ 5.77 ലക്ഷം രൂപയുടെ ചെലവ് മറച്ചു പിടിക്കുന്നതിനുവേണ്ടിയാണോ? ഇക്കാര്യത്തിൽ സർക്കാർ വിശദീകരണം നൽകേണ്ടതാണ്.

ഇതുപോലെ ധനാഭ്യർത്ഥന-II ൽ സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷണർമാർക്ക് പുതിയ നാല് വാഹനങ്ങൾ വാങ്ങുന്നതിന് ആയിരം രൂപ വകയിരുത്തിയിരിക്കുന്നു എന്നുപറയുന്നുണ്ട്. വകുപ്പുകളുടെ കയ്യിൽ ചെലവാകാതെ ബാക്കിയായ തുക ഉപയോഗിച്ച് ആഡംബര വാഹനങ്ങൾ വാങ്ങുന്നതിനുള്ള കുറുക്കു വഴിയല്ലേ ഇത്. പ്രളയദുരന്തത്തിന്റെ ആഘാതം വിട്ടുമാറിയിട്ടില്ലാത്ത സാഹചര്യത്തിൽ ഇത് തീർത്തും അനുചിതമല്ലേ?

ധനാഭ്യർത്ഥന IX-ൽ 57.47 ലക്ഷം രൂപ പുതുതായി തെരഞ്ഞെടുത്ത മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്ക് പരിശീലനം നൽകുന്നതിനായി ചെലവഴിച്ചതായി കാണുകയാണ്. ഇതിന് അംഗീകാരം നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്രയും ഭീമമായ തുക പരിശീലനത്തിനും മറ്റുമായി ചെലവഴിക്കുമ്പോഴും റോഡപകടങ്ങളും അതിനെ തുടർന്നുണ്ടാകുന്ന മരണങ്ങളും അനുദിനം വർദ്ധിച്ചു വരുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. സർക്കാർ ഇതുകൂടി പരിശോധിക്കേണ്ടതാണ്.

ധനാഭ്യർത്ഥന XXVI-ൽ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 3849.89 കോടി രൂപയുടെ അധിക ചെലവുണ്ടായതായാണ് പറയുന്നത്. പ്രളയ ദുരിതാശ്വാസ സഹായമൊന്നും ദുരന്ത ബാധിതർക്ക് ലഭിച്ചില്ലെന്ന പരാതി ഇപ്പോഴും നിലനിൽക്കുന്നു. ഇതിനിടയിലാണ് കുനിൻമേൽ കുരു എന്നപോലെ നിർമ്മാണ സാമഗ്രികൾക്ക് പുതിയ ബഡ്ജറ്റിൽ ഏർപ്പെടുത്തിയ സെസ്സ്. ബജറ്റ് പാസ്സാകുന്നതിന് മുൻപ് തന്നെ മാർക്കറ്റിൽ സിമന്റ് പാക്കറ്റൊന്നിന് അൻപത് രൂപയിലധികം വില വർദ്ധനവ് വന്നു കഴിഞ്ഞു. സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങളെ മൊത്തത്തിലും പ്രളയ പുനർ നിർമ്മാണ പ്രവർത്തനങ്ങളെ പ്രത്യേകിച്ചും ഇത് പ്രതികൂലമായി

ബാധിക്കുമെന്നതിൽ സംശയമില്ല. ഡിസംബർ 31 വരെ കണ്ടെത്തിയ ജി.എസ്.ടി. നികുതി വെട്ടിപ്പ് മാത്രം 4,855 കോടി രൂപയാണ്. പാട്ടക്കുടിശ്ശികയിനത്തിൽ ഓരോ വർഷവും ലഭിക്കാനുള്ള കുടിശ്ശിക 90 കോടിയിൽപ്പരം രൂപയാണെന്നാണ് റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത്. വാഹന നികുതി കുടിശ്ശികയാകട്ടെ 2000 കോടി കവിഞ്ഞ് നിൽക്കുന്നതായും റിപ്പോർട്ടുകൾ പറയുന്നു. ഇന്നലെ എനിക്ക് കിട്ടിയ ഉത്തരത്തിൽ പാട്ടക്കുടിശ്ശിക ഇനത്തിൽ കിട്ടാനുള്ളത് 1100 കോടിയോളം രൂപയാണെന്നാണ് പറഞ്ഞിരിക്കുന്നത്. മറ്റ് വകുപ്പുകളുടെ കുടിശ്ശികകളെക്കുറിച്ച് പരാമർശിക്കുന്നില്ല. ഇതൊന്നും തിരിച്ചു പിടിക്കാതെ, പാഴ്ച്ചെലവുകൾ നിയന്ത്രിക്കാതെ, ചെലവ് ചുരുക്കലിനെക്കുറിച്ച് ആലോചിക്കാതെ പ്രളയ ബാധിതരുടെ മേൽ വീണ്ടും സെസ്സ് ഏർപ്പെടുത്തുന്ന നടപടി ക്രൂരമാണ്.

വർഷം ഒന്ന് കഴിഞ്ഞിട്ടും ഓഖിക്കുവേണ്ടി ലഭിച്ച കേന്ദ്ര സഹായം യഥാസമയം ചെലവഴിക്കാതെ, ദുരിതാശ്വാസത്തിനായി പ്രഖ്യാപിച്ച തുകയിൽ നിന്ന് 144 കോടി രൂപ തിരിച്ചു പിടിച്ച സാഹചര്യം പോലുമുണ്ടായി.

ധനാഭ്യർത്ഥന-XXVII-ൽ കേരള ബാങ്ക് രൂപീകരണത്തിന് വഴിയൊരുക്കാൻ സംസ്ഥാന സർക്കാർ അനുവദിച്ച 306.47 കോടി രൂപയെക്കുറിച്ചാണ് പറയുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളായ റബ്കോ, റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് എന്നിവ ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നുമെടുത്ത വായ്പ തിരിച്ചടയ്ക്കാനാണ് ഈ തുക സർക്കാർ അനുവദിച്ചിരിക്കുന്നത്.

നമ്മുടെ പ്രളയാനന്തര പുനർനിർമ്മാണ പ്രക്രിയ മുടന്തിയാണ് നീങ്ങുന്നത്. പദ്ധതിക്ക് വേഗം പോരെന്ന് പറഞ്ഞത് സംസ്ഥാന ഗവർണറും ഹൈക്കോടതിയുമാണ്. കൂടാതെ ദുരിതാശ്വാസ നിധി ദുർവിനിയോഗം ചെയ്തുവെന്ന ആരോപണത്തിൽ മുഖ്യമന്ത്രിക്കും പതിനേഴ് മന്ത്രിമാർക്കും ലോകായുക്ത നോട്ടീസയച്ച സാഹചര്യംപോലുമുണ്ടായി. സർക്കാർ ഇതിനെയൊക്കെ വളരെ ലാഘവമായി കാണുന്നുവെന്നത് ലജ്ജാകരമാണ്. ഇതിനിടയിൽ നഷ്ടത്തിലുള്ള സഹകരണ സ്ഥാപനങ്ങളുടെ കടബാധ്യത തീർക്കാൻ ഖജനാവിൽ നിന്ന് കോടികളനുവദിക്കുന്ന സർക്കാർ നടപടിക്ക് അംഗീകാരം നൽകുന്നതിനോട് യോജിക്കാനാകില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ്.. പ്ലീസ്.. സമയം കഴിഞ്ഞു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയത് വെറും 49 കോടി രൂപയാണ്. ഇതിന്റെ ആറിരട്ടി തുകയാണ് ബാങ്കുകളുടെ കിട്ടാക്കടം തീർക്കാൻ സർക്കാർ നൽകുന്നത്. അതുപോലെ തന്നെ സമ്പദ്ഘടനയുടെ നട്ടെല്ലായ പ്രവാസികളുടെ

ക്ഷേമത്തിന് പുതിയ ബഡ്ജറ്റിൽ നീക്കി വച്ച തുക ഈ തുകയുടെ നാലിലൊന്നായ 81 കോടി രൂപ മാത്രമാണ്. പ്രവാസികളേയും ന്യൂനപക്ഷങ്ങളേയുമൊക്കെ വാക്കുകൾ കൊണ്ട് സുഖിപ്പിച്ച് കേരള ബാങ്ക് എന്ന പാർട്ടി അജണ്ട നടപ്പാക്കാൻ സർക്കാർ ഖജനാവ് ധൂർത്തടിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി സഭയിലവതരിപ്പിച്ച 2019-20 വർഷത്തെ ബഡ്ജറ്റ് വിവിധ സ്വപ്ന പദ്ധതികൾകൊണ്ട് സമ്പന്നമാണെങ്കിലും വിഭവ സമാഹരണത്തിൽ പരമ ദരിദ്രമാണ്. ഇത് നന്നായി അറിയുന്നയാൾ ധനമന്ത്രി തന്നെയാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്, സമയം കഴിഞ്ഞു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സമയദൈർഘ്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ പേരിൽ കുറിക്കപ്പെട്ടുമായിരുന്ന ബഡ്ജറ്റ് പ്രസംഗ റിക്കോർഡ് പോലും അദ്ദേഹം വേണ്ടെന്നു വച്ചു. കരിപ്പൂർ വിമാനത്താവളത്തിൽ ഇരുപത്തിയെട്ട് ശതമാനം ഇന്ധന നികുതി ഏർപ്പെടുത്തിയപ്പോൾ കണ്ണൂർ വിമാനത്താവളത്തിന് ഒരു ശതമാനമായി പത്ത് വർഷത്തേയ്ക്ക് സർക്കാർ നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് കാരണം മൂന്ന് വിമാനക്കമ്പനികൾ അവിടെ നിന്ന് സർവ്വീസ് റദ്ദാക്കുന്ന ഒരവസ്ഥയുണ്ടായി. ഈ നടപടി പൊതുമേഖലയിലുള്ള കരിപ്പൂർ വിമാനത്താവളത്തിനെ തകർക്കാൻ വേണ്ടിയുള്ളതാണ് എന്നുകൂടി സൂചിപ്പിച്ചു കൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ഒരിക്കൽകൂടി എതിർക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. കാരണം, പദ്ധതി നിർവ്വഹണത്തിലും ധനവിനിയോഗത്തിലും ഏറെ പിന്നോക്കം നിൽക്കുന്ന ഈ സർക്കാരിന് എന്തിനാണ് വേറെയൊരു ധനവിനിയോഗ ബിൽ. ഇന്ന് രാവിലെ നിയമസഭയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരം, 'കോർപ്പറേഷനുകൾ 43 ശതമാനം മുനിസിപ്പാലിറ്റി 53 ശതമാനം ജില്ലാ പഞ്ചായത്ത് 54 ശതമാനം' എന്നാണ്. അങ്ങനെ പദ്ധതി നിർവ്വഹണത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു സർക്കാരിന് എന്തിനാണ് ഒരു ധനവിനിയോഗ ബിൽ? മാത്രമല്ല, പ്രളയാനന്തരമുണ്ടായ ഒരു ബജറ്റാണിത്. ഈ നൂറ്റാണ്ടിലുണ്ടായ പ്രളയത്തെ അതിജീവിക്കുവാനുള്ള പദ്ധതികൾ ബജറ്റിലുണ്ടാകുമെന്ന് ഞങ്ങളെല്ലാവരും പ്രതീക്ഷിച്ചു. പക്ഷേ, ആ പ്രതീക്ഷകൾ അസ്ഥാനത്തായെന്ന് മാത്രമല്ല, പ്രളയത്തിലകപ്പെട്ട ആളുകളുടെ മേൽ വലിയ നികുതിഭാരമടിച്ചേൽപ്പിക്കുന്ന മറ്റൊരു ദുരന്തമാണ് ഈ ബഡ്ജറ്റ്. ഈ സർക്കാർ പ്രളയവുമായി ബന്ധപ്പെട്ട് ചെയ്തുകൊണ്ടിരിക്കുന്നത് ധനസമാഹരണം മാത്രമാണ്, വിനിയോഗം ഒട്ടുമില്ല. സി.എം.ഡി.ആർ.എഫ്.-ൽ ഏകദേശം 3,300 കോടി രൂപ സമാഹരിച്ചു, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 3000-ത്തിലധികം കോടി രൂപ, ഡിസാസ്റ്റർ റിലീഫ് ഫണ്ടിൽനിന്നും 900 കോടി രൂപ

അങ്ങനെ 7,200 കോടി രൂപ ഈ പ്രളയവുമായി ബന്ധപ്പെട്ട് സമാഹരിച്ചിട്ടുണ്ടെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 1,700 കോടി രൂപ മാത്രമാണ്. അതായത് 25 ശതമാനത്തിൽ താഴെ മാത്രമാണ് വിനിയോഗം. പിന്നെ എന്ത് ധനവിനിയോഗ ബില്ലാണ് സർക്കാർ ഇവിടെ അവതരിപ്പിക്കുന്നത്. ഇത്തരത്തിൽ ഭീമമായ തുക സമാഹരിക്കുകയല്ലാതെ ആളുകൾക്ക് കൊടുത്ത് തീർക്കുന്നതിൽ ഈ സർക്കാരിന് യാതൊരു താൽപ്പര്യവുമില്ല. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായ കർഷകർക്ക് കിട്ടിയത് വെറും 2,000 രൂപ അല്ലെങ്കിൽ 3,000 രൂപ മാത്രമാണ്. ഭാഗികമായി വീട് തകർന്നുപോയ ആളുകൾക്ക് കിട്ടിയിരിക്കുന്നത് തുച്ഛമായിട്ടുള്ള തുകയാണ്. അതായത് സർക്കാരിന് ലഭിച്ചിരിക്കുന്ന തുകയുടെ ചുരുങ്ങിയ ശതമാനം പോലും വിനിയോഗിക്കുവാൻ സർക്കാർ താൽപ്പര്യം കാണിക്കുന്നില്ലെന്നുള്ള കാഴ്ചയാണിവിടെ കാണുന്നത്.

ബജറ്റിൽ പ്രളയത്തെ അതിജീവിക്കാനായി ഇരുപത്തിയഞ്ചിന പദ്ധതികൾ പ്രഖ്യാപിച്ചു എന്നാണ് പറയുന്നത്. ഈ പദ്ധതികളിലൂടെ കണ്ണോടിച്ചാൽ മുൻ വർഷങ്ങളിലെ അതേ പദ്ധതികൾ 25 തലകെട്ടുകളിലാക്കി പുനരവതരിപ്പിച്ചു എന്ന് മനസ്സിലാകും. അല്ലാതെ ഈ സർക്കാരിന് പുതിയതായി ഒന്നും തന്നെ ഈ ബഡ്ജറ്റിൽ മുന്നോട്ട് വയ്ക്കാനായിട്ടില്ല. പ്രളയ ബാധിതരായവർക്ക് അതിനെ അതിജീവിക്കാൻ അവരുടെ പർച്ചേസിംഗ് പവറും ഇക്കണോമിക് ആക്ടിവിറ്റിയും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. പക്ഷേ, ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നതെന്താണ്; പർച്ചേസിംഗ് പവറും ഇക്കണോമിക് ആക്ടിവിറ്റിയും വർദ്ധിപ്പിക്കുന്നതിന് പകരം അതില്ലാതാക്കുന്ന നടപടിയാണ് ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തുകവഴി ചെയ്തി രിക്കുന്നത്.

സഹകരണ ബാങ്കുകളിൽപ്പോലും ആളുകൾക്ക് ഡിവിഡന്റ് ലഭിക്കുമായിരുന്നു. ഒരാൾക്ക് ശരാശരി 4,000 രൂപ 5,000 രൂപ വരെ ഒരു വർഷം കിട്ടുമായിരുന്നു. പ്രളയത്തിന്റെ പേരുപറഞ്ഞ് അതും സർക്കാരിലേയ്ക്ക് വകയിരുത്തി. അങ്ങനെ ജനങ്ങൾക്ക് ലഭിക്കാമായിരുന്ന എല്ലാ ആനുകൂല്യങ്ങളും സർക്കാർ പിടിച്ചുപറിച്ച തിനുശേഷം ആളുകൾക്കിപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത് 2,000 രൂപ, 3,000 രൂപ മാത്രമാണ്. എന്നിട്ട് പറഞ്ഞുകൊണ്ടിരിക്കുന്നത് ഞങ്ങൾ പ്രളയ ബാധിതർക്കുവേണ്ടി എന്തെല്ലാമോ ചെയ്തുവെന്നാണ്.

ചെറുകിട വ്യാപ്യാരികൾക്കുണ്ടായ നഷ്ടം നികത്താനായി ഒരു രൂപയുടെ സഹായംപോലും ഈ സർക്കാർ നൽകിയിട്ടില്ല. ഇൻഷ്വറൻസ് കമ്പനികൾപോലും ചെറുകിട വ്യാപാരികളെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഷ്വറൻസ് സർവ്വേയർമാർ ചെയ്യുന്നതെന്താണ്? നഷ്ടപരിഹാരം കൊടുക്കാതിരിക്കാൻ എന്ത് മാർഗ്ഗമെന്നാണ് അവർ നോക്കുന്നത്. ചെറുകിട വ്യാപാരികൾക്ക് നഷ്ടപരിഹാരം കൊടുക്കാതിരുന്നാൽ ഇൻഷ്വറൻസ് സർവ്വേയർമാർക്ക് കമ്പനികൾ പ്രത്യേകമായ ആനുകൂല്യങ്ങൾ നൽകും.

ഇൻഷ്വറൻസ് സർവ്വേയർമാരുടെ ആ സമീപനമാണ് ഇന്ന് സർക്കാർ പ്രളയബാധിതരോട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെയുള്ളവയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന തരത്തിലുള്ള ഒരു ബഡ്ജറ്റാണ് പ്രളയാനന്തരം ഈ സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. എല്ലാ സർക്കാരുകളും എല്ലാ കാലഘട്ടങ്ങളിലും ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനുവേണ്ടി തുക അനുവദിക്കാറുണ്ട്. പക്ഷേ, ഒരു പ്രളയമുണ്ടായിട്ടുപോലും ഈ സർക്കാർ ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനുവേണ്ടി ഒരു രൂപപോലും അനുവദിച്ചിട്ടില്ല. പിന്നെ എങ്ങനെയാണ് പ്രളയത്തെ അതിജീവിക്കുന്നത്; അല്ലെങ്കിൽ ഗ്രാമീണ മേഖലയിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. ബഡ്ജറ്റിനെക്കുറിച്ച് അൽപ്പം മുമ്പ് സംസാരിച്ച ശ്രീമതി യു. പ്രതിഭ പറഞ്ഞത് ഇത് ചിറകുവിരിച്ചുയരുന്ന സ്വപ്നമെന്നാണ്. ഞങ്ങളും അതുതന്നെയാണ് പറയുന്നത്, ഇത് സ്വപ്നം മാത്രമാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഒരു സ്വപ്നവ്യാപാരിയായി മാറിയിരിക്കുന്നുവെന്നാണ് പറയുന്നത്. അങ്ങനെ പറയാൻ കാരണമുണ്ട്. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ പറയുന്നത് 'സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷം; ട്രഷറിക്കുമേൽ കടുത്ത നിയന്ത്രണം; ഒരു ലക്ഷത്തിനുമേലുള്ള ബില്ലുകൾ പാസ്സാക്കില്ല; ആയിരം കോടി കടമെടുക്കാൻ സർക്കാർ' എന്നാണ്. (മലയാള മനോരമ പത്രം ഉയർത്തിക്കാണിച്ചു). ഒരു ലക്ഷം രൂപയുടെ ബില്ലുപോലും കൊടുക്കാൻ സാധിക്കാത്ത സർക്കാരാണിത്.

കഴിഞ്ഞ ദിവസം മറ്റൊരു വാർത്ത വന്നിരുന്നു 'സ്റ്റാമ്പിനുപോലും പണമില്ലാതെ സർക്കാർ, സെക്രട്ടേറിയറ്റിൽ തപാൽ മുടങ്ങിയിട്ട് മാസങ്ങൾ'. ധനമന്ത്രാലയം പണം നൽകാൻ തയ്യാറാകാത്തതിനാൽ സെക്രട്ടേറിയറ്റിലെ തപാൽ വിതരണം മുടങ്ങിയിട്ട് മാസങ്ങളായി. പാവപ്പെട്ട ജനങ്ങളുടെ ധനസഹായത്തെക്കുറിച്ചും ചികിത്സാ പദ്ധതികളെക്കുറിച്ചുമുള്ള അറിയിപ്പുകൾ ഉൾപ്പെടെ ആയിരക്കണക്കിന് അറിയിപ്പുകളാണ് മാസങ്ങളായി കെട്ടിക്കിടക്കുന്നത്. സ്റ്റാമ്പ് വാങ്ങാനോ ലക്ഷത്തിന്റെ ബില്ല് കൊടുക്കാനോ ഈ സർക്കാരിന് കഴിയില്ലെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 55,000 കോടി രൂപയുടെ തെക്ക് വടക്ക് റെയിൽവേ കോറിഡോർ പ്രഖ്യാപിക്കും. അതുകൊണ്ടാണ് ഇദ്ദേഹമൊരു സ്വപ്ന വ്യാപാരിയാണെന്ന് ഞങ്ങൾ പറയുന്നത്. ഇത് അദ്ദേഹത്തിന്റെ സ്വപ്നം മാത്രമാണെന്ന് ഞങ്ങൾക്കും സർക്കാരിനും ഈ നാട്ടിലെ ജനങ്ങൾക്കുമറിയാം. ഇത് അഞ്ച് വർഷം കൊണ്ട് നടക്കാൻ പോകുന്നില്ല; അദ്ദേഹം അവതരിപ്പിച്ച നാല് ബഡ്ജറ്റുകളും കൂടി കൂട്ടിവച്ച് അടുത്ത തെരഞ്ഞെടുപ്പാകുമ്പോൾ സി.പി.ഐ(എം)-ന്റെ ഇലക്ഷൻ മാനിഫെസ്റ്റോ ആക്കി പുറത്തിറക്കാൻ സാധിക്കും. കാരണം വീണ്ടും വാഗ്ദാനങ്ങളുടെ പെരുമഴ മാത്രമായിരിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

പ്രളയത്തിന്റെ പേരിൽ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പോലും വേണ്ടെന്നുവച്ചു. താലൂക്ക് ആശുപത്രികൾക്കായി 50 കോടി രൂപയുടെ പദ്ധതി പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അങ്കമാലി താലൂക്ക് ആശുപത്രിക്കുൾപ്പെടെ 5 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി ഗവൺമെന്റിലെത്തിച്ചു. അത് പാസ്സാക്കാൻ എ.എസ്. കമ്മിറ്റിയിലേയ്ക്ക് പോകേണ്ട സമയമായപ്പോൾ പ്രളയം വന്നു. പ്രളയത്തിനുശേഷം 50 കോടി രൂപയടക്കം എല്ലാ പദ്ധതികളും മരവിപ്പിച്ച് പുതിയ പദ്ധതികളിലേയ്ക്ക് കടക്കുകയാണ്. അങ്കമാലി താലൂക്കാശുപത്രിയുൾപ്പെടെ, ഡി.പി.ആർ. ഗവൺമെന്റിൽ സമർപ്പിച്ചിരിക്കുന്ന പദ്ധതികളുൾപ്പെടെ പരിഗണിച്ച് അത്തരം മേഖലകൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണം. പ്രളയബാധിത മേഖലകളിലുള്ള ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ മുന്തിയ പരിഗണന കൊടുക്കണമെന്നാണ് പറയാനുള്ളത്.

ഞാൻ രാഷ്ട്രീയം പറയേണ്ട എന്ന് കരുതിയതാണ്. പക്ഷേ, ബി.ജെ.പി.-യെ പ്രതിരോധിക്കാനായി സി.പി.ഐ(എം)-ന് വോട്ട് ചെയ്യണമെന്ന് ഇവിടെ ചിലയാളുകൾ സംസാരിക്കുന്നത് കേട്ടു. എന്റെ അപ്പൻ നല്ലൊരു കർഷകനാണ്. മണ്ടയില്ലാത്ത തെങ്ങിന് വളമിടരുതെന്ന് അപ്പൻ ചെറുപ്പം മുതൽ പറയാറുണ്ട്. ഇവിടെ സി.പി.ഐ.(എം)-ന് വോട്ട് ചെയ്യുന്നത് മണ്ടയില്ലാത്ത തെങ്ങിന് വളമിടുന്നതുപോലെയാണെന്ന് കേരളത്തിൽ എല്ലാപേർക്കും അറിയാം. ഇവിടെ പലയാളുകളും അങ്ങോട്ടുമിങ്ങോട്ടുമൊക്കെ രാഷ്ട്രീയ പാർട്ടി മാറിയിട്ടുണ്ടാകും. അത് ഈ രാജ്യത്തിന്റെ ചരിത്രമെടുത്താൽ എല്ലായിടത്തും കാണാം. സി.പി.ഐ.(എം)-ൽ നിന്ന് കോൺഗ്രസ്സിലേയ്ക്കും കോൺഗ്രസ്സിൽ നിന്ന് സി.പി.ഐ.(എം)-ലേയ്ക്കും പോയിട്ടുണ്ട്. സി.പി.ഐ.(എം)ൽ നിന്ന് ബി.ജെ.പി.-ലേയ്ക്കും പോയിട്ടുണ്ടാകും. അങ്ങോട്ടുമിങ്ങോട്ടും ഓരോ ആളുകൾ ഓരോ കാലഘട്ടത്തിലും മാറിയിട്ടുണ്ടാകും. അതിന്റെ പേരിലല്ല ഇവിടെയൊരു പാർട്ടിയുടെ രാഷ്ട്രീയനയം രൂപീകരിക്കുന്നത്. ഇവിടെ സി.പി.ഐ.(എം) നൽകിയ ഏറ്റവും വലിയ സംഭാവന ബി.ജെ.പി.-ക്ക് ഒരു കേന്ദ്രമന്ത്രിയെ നൽകിയതാണ്, ശ്രീ. അൽഫോൺസ് കണ്ണന്താനം. നമ്മളിവിടെ ചർച്ച ചെയ്യുന്നതെന്താണ്; ദേശീയ തലത്തിൽ ബി.ജെ.പി.-യുമായി രാഷ്ട്രീയ സഖ്യം ഉണ്ടാക്കിയിട്ടുള്ള പാർട്ടി ഏതാണ് ? ഞങ്ങൾക്ക് നെഞ്ച് വിരിച്ച് പറയാൻ സാധിക്കും കോൺഗ്രസ് ഒരു കാലഘട്ടത്തിലും ബി.ജെ.പി.യുമായി ഒരു രാഷ്ട്രീയ സഖ്യവും ഉണ്ടാക്കിയിട്ടില്ലെന്ന്. ബി.ജെ.പി.-യുമായും ജനസംഘുമായും സഖ്യമുണ്ടാക്കിയ പാർട്ടിയാണ് സി.പി.ഐ(എം)-ഇന്ദിരാ ഗാന്ധിയെ താഴെയിറക്കാൻ വേണ്ടി ജനസംഘുമായി സഖ്യമുണ്ടാക്കി. രാജീവ് ഗാന്ധിയെ താഴെയിറക്കാൻ വേണ്ടി ബി.ജെ.പി.-യുമായി സഖ്യമുണ്ടാക്കി. ഇപ്പോൾ അതേ സി.പി.ഐ.(എം) ശ്രീ. രാഹുൽ ഗാന്ധിയെ താഴെയിറക്കാൻ വേണ്ടി ബി.ജെ.പി.-യുമായി സഖ്യമുണ്ടാക്കാൻ ശ്രമിക്കുകയാണ്. നിങ്ങളുടെ ഈ മോഹം വിലപ്പോകില്ലെന്ന് മാത്രമാണ് ഞങ്ങൾക്ക് പറയാനുള്ളത്.

ദേശീയ തലത്തിൽ ബി.ജെ.പി.-യെ പ്രതിരോധിക്കാൻ നിങ്ങളുടെ നേതൃത്വം ആരാണ്? നേരത്തെ ജയലളിതയായിരുന്നു ഇവരുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി. ഇപ്പോൾ ആരാണ് പ്രധാനമന്ത്രി സ്ഥാനാർത്ഥി; ബഹുമാനപ്പെട്ട സഖാവ് പിണറായി വിജയനാണോ; അതോ ഡൽഹിയിൽ സ്വന്തം ബൂത്തിൽ ഇന്നുവരെ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിക്കുവേണ്ടി വോട്ടു ചെയ്യാൻ സാധിക്കാത്ത ശ്രീ. പ്രകാശ് കാരാട്ടാണോ? മുഖ്യമന്ത്രിയുടെ തൊട്ടിപ്പുറത്തിരിക്കുന്ന ശ്രീ. ഇ. പി. ജയരാജിന്റെ അടുത്തിരിക്കുന്ന സി.പി.ഐ.യുടെ മന്ത്രിയുണ്ടിവിടെ. സി.പി.ഐ. ദേശീയ തലത്തിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ വലതുവശത്ത് നിൽക്കുകയാണ്. അതിന്റെ തൊട്ടിപ്പുറത്തിരിക്കുന്ന ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെയും ശ്രീ. സി. കെ. നാണുവിന്റെയും പാർട്ടി, ജനതാദൾ രാഹുൽ ഗാന്ധിയുടെ ഇടതുവശത്താണ്. അതിന്റെ തൊട്ടിപ്പുറത്തിരിക്കുന്ന ശ്രീ. എ. കെ. ശശീന്ദ്രന്റെ എൻ.സി.പി. പാർട്ടിയിലുള്ള ശരദ് പവാർ രാഹുൽ ഗാന്ധിയോടൊപ്പം നിൽക്കുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം സമയം കഴിഞ്ഞു. കൺക്ലൂഡ് ചെയ്യുക.

ശ്രീ. റോജി എം. ജോൺ: സർ, കേരളത്തിൽ എൽ.ഡി.എഫ്.-ന്റെ കൂടെ നിൽക്കുന്ന ഒരു പാർട്ടിയും ദേശീയതലത്തിൽ ഇവരുടെ സഖ്യത്തിലില്ല. ഇവിടെ യിരിക്കുന്ന ശ്രീ. കോവൂർ കുഞ്ഞുമോന്റെ പാർട്ടി മാത്രമാണ് ദേശീയ സഖ്യത്തിൽ ബി.ജെ.പി.-ക്കെതിരെ ഇവരോടൊപ്പമുള്ളത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. അഞ്ച് സംസ്ഥാനങ്ങളിൽ സി.പി.ഐ. കോൺഗ്രസ്സി നോടൊപ്പമാണ്. പാർലമെന്റിൽ പോയി നോക്കണം, പാർലമെന്റിലെ ബി.ജെ.പി. പാർലമെന്ററി പാർട്ടി ഓഫീസിനുമുമ്പിലിരിക്കുന്ന പ്രതിമ ആരുടേതാണ്? സാക്ഷാൽ എ. കെ. ജി.- യുടെ പ്രതിമയാണ്. യാദൃശ്ചികമായിട്ടായിരിക്കാം, പക്ഷേ ഒരു സംശയവും വേണ്ട ഐശ്വര്യം നോക്കി തന്നെയാണ് അവരവിടെ ഓഫീസെടുത്തിട്ടുള്ളത്. എന്താ കാര്യം; ഇന്ദിരാ ഗാന്ധിയെ താഴെയിറക്കാൻ കൂടെ നിന്നു. രാജീവ് ഗാന്ധിയെ താഴെയിറക്കാൻ കൂടെ നിന്നു, ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധി അധികാരത്തിൽ വരുന്നത് തടയാനായി.... (.....ബഹളം....). അതുകൊണ്ട് ദേശീയ തലത്തിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ബി.ജെ.പി.-ക്കെതിരെ ശക്തമായ മുന്നൊരുക്കം നടത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ടെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ബില്ലിനെ എതിർത്തു കൊണ്ട് നിർത്തുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ആത്മവിശ്വാസവും പ്രതീക്ഷയും പകർന്നു നൽകുന്ന ഒരു ബജറ്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്.

ഇവിടെ ശ്രീ. റോജി എം. ജോൺ വാചാലമായി സംസാരിക്കുന്നത് കേട്ടു. ശ്രീ. റോജിക്ക് ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം എന്താണെന്നറിയാമോ എന്ന് എനിക്ക് സംശയമുണ്ട്. 2004-ൽ യു.പി.എ. ഗവൺമെന്റിന് പിന്തുണ നൽകാൻ ഇടതുപക്ഷ രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികൾ ഇല്ലാതിരുന്നുവെങ്കിൽ ഈ രാജ്യത്ത് ഭരണം നടത്താൻ കഴിയുമായിരുന്നോ? (...ബഹളം...)

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട അംഗം ഇങ്ങോട്ട് നോക്കി സംസാരിക്കു. തടസ്സപ്പെടുത്താതിരിക്കു. അദ്ദേഹം സംസാരിക്കട്ടെ.

<u>ശ്രീ. സി. കെ ഹരീന്ദ്രൻ:</u> സർ, യു.പി.എ.-യ്ക്ക് പിന്തുണ നൽകിയത് വെറുതെയല്ല. സാധാരണക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുതകുന്ന താൽക്കാലികമായ മതേതര ഗവൺമെന്റ് നമ്മുടെ രാജ്യത്തുണ്ടാകണം. ആത്യന്തികമായി ഒരു നയത്തിനുവേണ്ടി നിലകൊള്ളുന്ന പാർട്ടി എന്ന് നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ശ്രീ. റോജി എം. ജോണിന് ബോദ്ധ്യപ്പെട്ടുകാണില്ല. പക്ഷേ കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വത്തിന് ബോദ്ധ്യമായിട്ടുണ്ട്. നയവ്യതിയാനം വന്നപ്പോൾ ഞങ്ങളുടെ നിലപാട് സ്വീകരിച്ച് പുറത്തുവന്നതും നിങ്ങൾക്കറിയാം. അമേരിക്കൻ സാമ്രാജ്യത്തിനു മുന്നിൽ കീഴടങ്ങിക്കൊണ്ട് നെഹ്റു അടക്കമുള്ളവർ സ്വീകരിച്ച വിദേശനയത്തിന് വ്യതിയാനം വന്നപ്പോൾ ഇടതുപക്ഷമുന്നണിയുടെ പിന്തുണ പിൻവലിച്ച് പുറത്തു വന്നതും ദേശീയ നേതൃത്വത്തിനറിയാം. അതുകൊണ്ട് ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രംകൂടെ കോൺഗ്രസ്സിന്റെ യുവതലമുറയിൽപ്പെട്ട എം.എൽ.എ.-മാർ പഠിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഇന്ന് പ്രകടമായി കാണുന്ന രാഷ്ട്രീയമല്ല, ഇന്ത്യയുടെ ആഴമേറിയ രാഷ്ട്രീയ ചരിത്രത്തെക്കൂടി പഠിക്കാനും മനസ്സിലാക്കാനും പുതിയ തലമുറയിൽപ്പെട്ട കോൺഗ്രസ് എം.എൽ.എ.-മാർ തയ്യാറാകുന്നത് നന്നായിരിക്കും.

മഹാപ്രളയക്കെടുതിയിൽ തകർന്നടിഞ്ഞ കേരളത്തിന് പുതിയ പ്രതീക്ഷയും ആത്മവിശ്വാസവും പകർന്ന് നൽകുന്ന ബഡ്ജറ്റാണ് സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത്. ഓഖിയും പ്രളയവും നൽകിയ ദുരന്തങ്ങളിൽ നിന്നും കരകയറാനുള്ള സർക്കാരിന്റെ എല്ലാ ശ്രമങ്ങൾക്കും വിലങ്ങുതടിയായി നിലകൊള്ളുന്നത് കേന്ദ്രഭരണകൂടമാണ്. പ്രളയ കാലത്ത് നാം കണ്ട ഒരുമയുടെയും സാമൂഹ്യ ഐക്യദാർഢ്യത്തിന്റെയും കടയ്ക്കൽ കത്തിവച്ച പ്രതിപക്ഷ നിലപാടുകളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുന്നോട്ടു നയിക്കാനുള്ള നിശ്ചയദാർഢ്യമാണ് ബഡ്ജറ്റിലൂടെ നാം കാണുന്നത്. പ്രളയക്കെടുതിമൂലം സമൂഹത്തിൽ ജീവിതമാർഗ്ഗം അണഞ്ഞുപോയ താഴെത്തലത്തിലുള്ള ജനവിഭാഗങ്ങളുടെ ജീവനോപാധികൾക്ക് ഉറപ്പുനൽകുകയും നാശത്തിലേയ്ക്ക് നീങ്ങിയ കേരളത്തെ ഭാവനാപരമായി പുനർനിർമ്മിക്കുന്നതിനും പൊതു ജീവിതനിലവാരവും സാമ്പത്തിക വളർച്ചയും ഭദ്രമാക്കി മുന്നേറുന്നതിനുമുള്ള സാമ്പത്തിക കാഴ്ചപ്പാടാണ് ബഡ്ജറ്റ്

മുന്നോട്ടു വയ്ക്കുന്നത്. പ്രളയക്കെടുതിയിൽ നിന്നും കരകയറാൻ കേരളത്തിന് 30,000 കോടി രൂപയിലധികം വേണ്ടി വരുമെന്ന് ഐക്യരാഷ്ട്രസഭ, ലോകബാങ്ക്, എ.ഡി.എഫ്. (ഏഷ്യൻ ഡെവലപ്മെന്റ് ഫണ്ട്) എന്നീ ആധികാരിക സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ട് വന്നിട്ടും കേന്ദ്രഗവൺമെന്റ് അർഹമായ സഹായവും വായ്പയെടുക്കാനുള്ള അവസരവും സംസ്ഥാനത്തിന് നിഷേധിച്ചു. സാമ്പത്തിക അച്ചടക്കവും പദ്ധതി നിർവ്വഹണവും കർശന നിലപാടും വെല്ലുവിളിയോടെയും വിജയകരമായും മറികടക്കാനാകുമെന്നുള്ള പ്രത്യാശയാണ് ബഡ്ജറ്റ് നമുക്ക് നൽകുന്നത്. തികച്ചും പ്രതികൂലമായ സാമ്പത്തിക സാഹചര്യങ്ങളിൽപ്പോലും ക്ഷേമ പെൻഷനടക്കമുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ എൽ.ഡി.എഫ്. സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്. ക്ഷേമപെൻഷൻ തുക ഉയർത്താനും അഞ്ച് വർഷംകൊണ്ട് 1500 രൂപയാക്കാനും കഴിയുമെന്ന വാഗ്ദാനം ജീവിതസായാഹ്നത്തിലെത്തിയ മുതിർന്നവർക്ക് ആശ്വാസം പകരുന്നതാണ്. തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിന്റെ ഭാരം ചുമക്കേണ്ടി വരുന്നവർക്ക് നിർമ്മാണ സാമഗ്രികൾ വാങ്ങാൻ സഹായമെത്തിക്കാനുള്ള ഉചിതമായ നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നവകേരളത്തിന് അടിത്തറപാകുന്ന 25 ഇന പദ്ധതിയാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നത്. റീബിൽഡ്, ആന്വൽ പ്ലാൻ, കിഫ്ബി എന്നിവ സംയോജിപ്പിച്ച് 1200 സ്കീമുകൾക്കായി 39,807 കോടി രൂപയുടെ അടങ്കലാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. വ്യവസായ പാർക്കുകളും കോർപ്പറേറ്റ് നിക്ഷേപങ്ങളും കേരളത്തിന്റെ വ്യവസായവത്കരണത്തിലും തൊഴിലവസര സൃഷ്ടിയിലും സുപ്രധാന പങ്ക് വഹിക്കും. പ്രളയത്തിൽ കനത്ത നഷ്ടം ഏറ്റുവാങ്ങേണ്ടി വന്ന വയനാട്, കുട്ടനാട്, ഇടുക്കി ഉൾപ്പെടെയുള്ള മലയോരമേഖലയ്ക്ക് പ്രതീക്ഷ നൽകുന്ന പരിസ്ഥിതി സൗഹൃദ പുനർനിർമ്മാണ പദ്ധതിയാണ് ബജറ്റിലൂടെ ആവിഷ്കരിച്ചിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് രണ്ടര വർഷ കാലാവധി പിന്നിടുമ്പോഴേയ്ക്കും മുൻ ഗവൺമെന്റ് കുളംതോണ്ടിയ പൊതുമേഖലാ വ്യവസായങ്ങളെ ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞുവെന്നതും ഈ സർക്കാരിന്റെ നേട്ടമാണ്. ഈ മുന്നേറ്റം തടസ്സം കൂടാതെ തുടരാൻ ആവശ്യമായ നിക്ഷേപവും വികസന അജണ്ടയും ബഡ്ജറ്റിലൂടെ വിഭാവനം ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ 500 കോടി രൂപയും ആരോഗ്യ രംഗത്ത് 900 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കാർഷികമേഖലയിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി നടത്തിയ പരിശ്രമംകൊണ്ടാണ് രണ്ടേകാൽ ലക്ഷം ഹെക്ടറിൽ നിന്നും മൂന്ന് ലക്ഷം ഹെക്ടറായി മാറിയത്. ഇവയെല്ലാം മാറ്റത്തിന്റെ ലക്ഷണങ്ങളാണ്. ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ചുകൊണ്ട് ഉത്പന്നങ്ങൾ നീതിപൂർവ്വം വിതരണം ചെയ്യുകയെന്ന സമീപനം കേരളത്തിൽ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇത് രൂപകല്പന ചെയ്ത റോഡുകൾ, പാലങ്ങൾ, ജലപാതകൾ എന്നിവ അവിഭാജ്യ ഘടകങ്ങളായി കേരളത്തിൽ മാറി. കാസർഗോഡ്-തിരുവനന്തപുരം അതിവേഗ

റെയിൽപ്പാത, പ്രൈമറി സഹകരണ സംഘങ്ങളുടെ നിക്ഷേപങ്ങൾക്ക് സംരക്ഷണ വലയം സൃഷ്ടിക്കുന്ന കേരള ബാങ്ക് എന്നിവ കേരളത്തിന്റെ വളർച്ചയ്ക്ക് പുതിയൊരു അദ്ധ്യായം കുറിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ)

കേരളത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിചെയ്യുന്ന 30 ലക്ഷത്തോളം കുടുംബങ്ങൾക്ക് ക്ഷേമനിധി നടപ്പിലാക്കാൻ തീരുമാനിച്ചത് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരാണ്. നഗര-ഗ്രാമ വ്യത്യാസമില്ലാത്ത കേരളത്തിൽ പട്ടിണി മാറ്റാൻ അയ്യങ്കാളി നഗരപദ്ധതി വഴി തൊഴിൽ കൊടുക്കുന്നതിന് 75 കോടി രൂപയാണ് ഗവൺമെന്റ് മാറ്റി വച്ചത്. 2019-20 വർഷത്തേയ്ക്കുള്ള ബജറ്റ് ശ്രീ. നരേന്ദ്ര മോദി സർക്കാരിനുവേണ്ടി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത് ശ്രദ്ധിക്കുകയും വായിക്കുകയും ചെയ്തിട്ടുണ്ടാകും. ഇത് കേരള ബജറ്റിന്റെ ഉള്ളടക്കമാണെങ്കിൽ കേന്ദ്രഗവൺമെന്റ് അവതരിപ്പിച്ച ബജറ്റും പ്രതിപക്ഷം പ്രത്യേകം പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. ശ്രീ. നരേന്ദ്ര മോദി സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2019-20 വർഷത്തെ ബഡ്ജറ്റിനെ അപഗ്രഥിച്ചുവന്ന ഒരു ലേഖനം ഈ അടുത്ത കാലത്ത് വായിക്കാനിടയായി. 'എവിടെ മാലാഖമാർ കരുതലോടുകൂടിമാത്രം പ്രവേശിക്കാൻ ശ്രമിക്കുമോ അവിടേയ്ക്ക് വിഡ്ഢികൾ തള്ളിക്കയറും' എന്ന് അർത്ഥം വരുന്ന ആംഗലേയ ഭാഷാശൈലി പ്രയോഗത്തോടെ മാത്രമേ ഈ ബജറ്റിനെ ഉപമിക്കാനാകൂ എന്നാണ് പറഞ്ഞിട്ടുള്ളത്. 18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആംഗലേയ കവി അലക്സാണ്ടർ പോപ്പിന്റെ 'An essay on Criticism' എന്ന കവിതയിൽ നിന്നാണ് ഈ ശൈലീ പ്രയോഗം നടത്തിയിട്ടുള്ളത്. സ്വന്തം ജനതയെയും രാജ്യത്തെയുംപ്പറ്റി കരുതലുള്ള ഒരു ഭരണകൂടവും ചെയ്യാൻ തയ്യാറാകാത്ത വിനാശകരമായ സാഹസത്തിനാണ് ശ്രീ. നരേന്ദ്ര മോദി തുനിഞ്ഞത്. രാജ്യത്തെ കൊടും സാമ്പത്തിക ദുരന്തങ്ങളിലേയ്ക്ക് നയിച്ച നോട്ട് അസാധുവാക്കൽ, ചരക്കു സേവന നികുതി, ബാങ്ക് തട്ടിപ്പ് പരമ്പരകൾ, അഴിമതി നിറഞ്ഞ പ്രതിരോധ ഇടപാടുകൾ .....അങ്ങനെ അവ തുടരുന്നു.

പൊള്ളയായ വാഗ്ദാനങ്ങൾ കുത്തിനിറച്ചതാണ് നരേന്ദ്ര മോദി സർക്കാരിന്റെ കേന്ദ്ര ബഡ്ജറ്റ്. അതിൽ ആർക്കും വിമർശനമില്ല. പ്രളയക്കെടുതിയുടെ കാലത്തും സംസ്ഥാനത്തെ രക്ഷിക്കാൻ നടത്തിയിട്ടുള്ള യജ്ഞങ്ങളെക്കുറിച്ചും പരിശ്രമങ്ങളെക്കുറിച്ചും ആർക്കും അഭിപ്രായമില്ല. പക്ഷേ കേന്ദ്ര ഗവൺമെന്റ് ഈ രാജ്യത്തെ ബുദ്ധിപൂർവ്വം മുടിക്കുന്ന ദുരന്തങ്ങൾ വാരിവിതറുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് പ്രതിപക്ഷത്തുള്ള ആർക്കും ഒരു അഭിപ്രായവുമില്ലല്ലോ? 2014-ലെ പൊതു തെരഞ്ഞെടുപ്പിൽ ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി.-യും നൽകിയ വാഗ്ദാനങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ അതെല്ലാം തെരഞ്ഞെടുപ്പ് തട്ടിപ്പ് മാത്രമാണെന്നാണ് ശ്രീ. അമിത് ഷാ പറഞ്ഞത്.

ലോക്സഭാ തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കാൻ ഇനി ആഴ്ചകൾ മാത്രമേയുള്ളൂ. ഈ തെരഞ്ഞെടുപ്പ് ഏറെ നിർണ്ണായകമാണ്. നാലര പതിറ്റാണ്ടിനിടയിൽ ഇന്ത്യ കണ്ട ശ്രദ്ധേയവും നിർണ്ണായകവുമായ തെരഞ്ഞെടുപ്പ്, അടിയന്തരാവസ്ഥയ്ക്ക് തൊട്ടു പിന്നാലെ നടന്നതാണ്. ആഴ്ചകളുടെ മാത്രം അകലത്തിൽ നിൽക്കുന്ന പുതിയ ലോക്സഭാ തെരഞ്ഞെടുപ്പും വലിയൊരു വഴിത്തിരിവായിരിക്കും. രാജ്യം ഏത് ദിശയിൽ മുന്നോട്ട് പോകണമെന്ന് നിർണ്ണയിക്കുന്ന തെരഞ്ഞെടുപ്പാണിത്. അതിന് കാരണങ്ങൾ പലതാണ്. ജനാധിപത്യ മതനിരപേക്ഷ ചിന്താധാരയിൽ അധിഷ്ഠിതമായ ഭരണഘടനാ മൂല്യങ്ങൾ അട്ടിമറിച്ച വർഗ്ഗീയതയുടെയും ഫാസിസത്തിന്റെയും കോർപ്പറേറ്റ് താല്പര്യങ്ങളുടെയും സ്വഭാവം കൈവരിച്ചിരിക്കുന്ന ഭരണകൂടത്തെക്കുറിച്ചുള്ള കടുത്ത ഉൽകണ്ഠകളാണ് അതിൽ പ്രധാനം. നാലരവർഷത്തിനിടയിൽ കുറേയേറെ ഉൾഭയങ്ങൾ സൃഷ്ടിച്ചതല്ലാതെ ജനതയ്ക്ക് സാന്ത്വന സ്പർശമേകാൻ ശ്രീ. നരേന്ദ്ര മോദിക്ക് കഴിഞ്ഞില്ല. അതിനെതിരെയുള്ള ഉജ്ജ്വല പോരാട്ടമാണ് രാജ്യത്ത് നടക്കേണ്ടത്. ഇക്കാര്യത്തിൽ കോൺഗ്രസ്സിന്റെ നിലപാടാണ് വ്യക്തമാക്കേണ്ടത്. ഇടതുപക്ഷം കേരളത്തിൽ നിന്നും ജയിച്ചുപോയാൽ അവിടെ ആരെ പിന്തുണയ്ക്കുമെന്നാണ് നിങ്ങൾ ചോദിക്കുന്നത്. ഈ രാജ്യത്തെ മതേതര വീക്ഷണമുള്ള, മതേതരത്വം ഉയർത്തിപ്പിടിക്കുന്ന ഈ രാജ്യത്ത് അചഞ്ചലമായി മതേതരത്വം കാത്തുസൂക്ഷിക്കാൻ നിലകൊള്ളുന്ന പ്രസ്ഥാനം ഇടതുപക്ഷ പ്രസ്ഥാനമാണ്. ഇടതുപക്ഷത്തിന് മാത്രമേ അതിന് കഴിയൂ എന്ന് ചരിത്രം സാക്ഷ്യപ്പെടുത്താൻ പോവുകയാണ്. ഇവിടെ നിന്ന് കോൺഗ്രസ്സിന്റെ ഏതാനും എം.പി.-മാർ ജയിച്ചുപോയാൽ അചഞ്ചലമായി മതേതര പ്രസ്ഥാനത്തിന്റെ പിന്തുണ നൽകാൻ അവർക്കാകുമോയെന്ന് നിങ്ങൾ സ്വയം വിമർശനം നടത്തണമെന്നഭ്യർത്ഥിക്കുകയാണ്. ഇന്ത്യയുടെ ഈ നാൾവരെയുള്ള രാഷ്ട്രീയ ചരിത്രത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നത് അതാണ്.

എത്രയെത്ര കോൺഗ്രസ്സിന്റെ ദേശീയ നേതാക്കന്മാരാണ് ബി.ജെ.പി.-യിലേയ്ക്ക് ചേക്കേറിയത്. ത്രിപുരയിലെയും ബംഗാളിലെയും കാര്യങ്ങൾ പറയാറുണ്ട്. ബംഗാളിലെയും ത്രിപുരയിലെയും കോൺഗ്രസ്സിന്റെ ഒരുപിടി നേതാക്കന്മാർ ബി.ജെ.പി.-യിലേയ്ക്കും മറ്റ് പാർട്ടിയിലേയ്ക്കും പോയില്ലേ; അവർ പലരും സ്ഥാനാർത്ഥികളായി രംഗത്ത് വന്നില്ലേ? ഇവിടെ നിന്നും കോൺഗ്രസ്സിന്റെ ഏതാനും ആളുകൾ ജയിച്ചുപോയാൽ, ശ്രീ. രാഹുൽ ഗാന്ധിക്ക് പ്രധാനമന്ത്രി ആകാനുള്ള അവസരം ലഭിച്ചാൽ, അദ്ദേഹത്തിന് പിന്തുണ കൊടുക്കാൻ തയ്യാറാകുമോയെന്ന പരിശോധനയാണ് നിങ്ങൾ നടത്തേണ്ടത്. മറിച്ച്, കേരളത്തിൽ നിന്ന് 20 പാർലമെന്റ് സീറ്റിലും ഇടതുപക്ഷം ജയിച്ചുവന്നാൽ ഈ രാജ്യത്ത് ബി.ജെ.പി.-ക്കെതിരായി ഒരു ഗവൺമെന്റ് രൂപീകരിക്കുന്ന ഘട്ടത്തിൽ 20 പേരും അചഞ്ചലമായി ആ മതേതര ഗവൺമെന്റ് രൂപപ്പെടുത്താൻ നിലകൊള്ളുമെന്ന കാര്യത്തിൽ തർക്കമില്ല. ആ നിലയിലുള്ള രാഷ്ട്രീയ സംവിധാനമാണ് ഈ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യം മനസ്സിലാക്കിക്കൊണ്ട് രാഷ്ട്രീയ നിലപാടുകളെടുക്കാൻ പ്രതിപക്ഷം തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

2.00 PM

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വളരെ കാര്യമാത്ര പ്രസക്തമായി ഇവിടെ ഉന്നയിക്കപ്പെട്ട ചില പ്രശ്നങ്ങളോട് പ്രതികരിക്കാൻ മാത്രമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ശ്രീ. ഒ. രാജഗോപാൽ ഇവിടെ ഉന്നയിച്ച പ്രശ്നം, "എന്തിനാണ് ശബരിമലയിൽ കഴിഞ്ഞ മൂന്ന് വർഷം ചെലവഴിച്ചതിന്റെ കണക്ക് പറയാൻ പോയത്; സാധാരണ അങ്ങനെ അല്ലല്ലോ ബജറ്റ് പ്രസംഗത്തിൽ പറയുന്നത്; അടുത്ത വർഷം ചെലവഴിക്കാൻ പോകുന്ന തുകയല്ലേ പറയേണ്ടത്" എന്നാണ്. കാരണം ഇവിടെയിരിക്കുന്ന എല്ലാവർക്കും അറിയാവുന്നതാണ്. ബി.ജെ.പി. കേരളത്തിൽ നടത്തിക്കൊണ്ടിരുന്ന പ്രചാരണത്തിന് ശ്രീ. ഒ. രാജഗോപാലിന്റെ മൗനസമ്മതവുമുണ്ടായിരുന്നു. ദേവസ്വം ബോർഡിന്റെ പണമെല്ലാം സർക്കാരിലേയ്ക്ക് എടുത്തുകൊണ്ടിരിക്കുകയാണെന്നാണ് പറഞ്ഞത്. അത്തരത്തിൽ പണം എടുക്കുന്നില്ലെന്ന് മാത്രമല്ല, ദേവസ്വം ബോർഡിന്റെ പണം ട്രഷറിയിൽ സൂക്ഷിക്കണമെന്നുപോലും നിബന്ധനയില്ല. ബാങ്കിലാണ് ആ പണം സൂക്ഷിക്കുന്നത്. Ways and means-നു പോലും ആ പണം ഉപയോഗപ്പെടുത്തുന്നില്ലെന്നുള്ളതാണ് വാസ്തവം. എൽ.ഡി.എഫ്.-ന്റെ കാലത്തുമാത്രമല്ല, യു.ഡി.എഫ്.-ന്റെ കാലത്തായാലും സർക്കാർ ശബരിമലയ്ക്കുവേണ്ടി ചെലവഴിച്ചിട്ടുള്ള പണത്തിന്റെ കണക്ക് പറയുന്നതിൽ പ്രസക്തിയുണ്ട്. അത് ചെറുതല്ലാത്ത തുകയാണ്. അതുകൊണ്ടാണ് മനഃപൂർവ്വം കണക്കെടുത്ത് പറഞ്ഞതെന്ന് അദ്ദേഹം ഇവിടെ ഇല്ലെങ്കിലും ഞാൻ മറുപടി പറയാൻ ആഗ്രഹിക്കുകയാണ്.

കാരുണ്യ പദ്ധതി നിർത്തലാക്കുന്നതിനെക്കുറിച്ച് ശ്രീ. മോൻസ് ജോസഫ് വേവലാതിപ്പെട്ടു. വേറെയും ചിലർ അക്കാര്യം സൂചിപ്പിക്കുകയുണ്ടായി. കാരുണ്യ പദ്ധതി നല്ലതാണെന്നുള്ളതുകൊണ്ടല്ലേ ഞങ്ങൾ അത് നിർത്തലാക്കാതെ മുന്നോട്ട് കൊണ്ടുപോയത്. കാരുണ്യ പദ്ധതിക്കുവേണ്ടി നിങ്ങൾ ചെലവഴിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കുന്നുമുണ്ട്. എന്താണ് കാരുണ്യ പദ്ധതി? നേരത്തെ നിർണ്ണയിച്ചിട്ടുള്ള ചില രോഗങ്ങൾക്ക് കിടത്തി ചികിത്സയ്ക്കുവേണ്ടി അപേക്ഷിക്കുന്നവർക്ക് പണം അനുവദിക്കുന്നു; വലിയ നൂലാമാലകളൊന്നും ഇല്ലാത്തതുകൊണ്ട് പെട്ടെന്ന് പണം നൽകാൻ സാധിക്കുന്നു; ഇതാണ് അതിന്റെ ആകർഷകത്വം. ഏതാണ്ട് 350 കോടി രൂപ ശരാശരി ഈ രീതിയിൽ ചെലവഴിക്കുന്നു. നമ്മൾ മനസ്സിലാക്കേണ്ട കാര്യം, കേരളത്തിൽ സമഗ്രമായ ഒരു ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കേണ്ടതുണ്ട്. ആ പദ്ധതിയുടെ സ്വഭാവമെന്താണ്? ഇപ്പോൾ വിളിച്ചിരിക്കുന്ന ടെണ്ടറിലെ റെസ്പോൺസിന്റെ അടിസ്ഥാനത്തിൽ പ്രീമിയം തുക എത്ര വരുമെന്ന് നോക്കിയാണ് തീരുമാനിക്കുന്നത്. ഇന്ന് ആർ.എസ്.ബി.വൈ.-യിൽ നിന്ന് 30,000 രൂപ ലഭിക്കുന്നതുപോലെ എല്ലാ രോഗങ്ങൾക്കും ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്ക് ഒന്നോ രണ്ടോ ലക്ഷം രൂപ വരെ ഓട്ടോമാറ്റിക്കായി ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് നേരിട്ട് ലഭിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇൻഷ്വറൻസ് പദ്ധതിയെ എതിർക്കുന്നതല്ല. ഒരു അസുഖം വന്നാൽ കാരുണ്യയിൽ അപേക്ഷ കൊടുക്കുകയും അർജൻസി കാണിച്ച് ഡോക്ടർ എഴുതിക്കൊടുക്കുകയും ചെയ്താൽ വളരെ പെട്ടെന്നുതന്നെ രണ്ട് ലക്ഷം രൂപ വരെ കിട്ടും. അങ്ങ് പറയുന്നതിൽ ഇൻഷ്വറൻസ് നേരത്തെ എടുക്കണം. രോഗം വരുമോയെന്ന് കരുതി ഇൻഷ്വറൻസ് എടുക്കാൻ കഴിയില്ല. രോഗം വന്നതിനുശേഷം ചികിത്സയ്ക്ക് മറ്റൊരു മാർഗ്ഗവുമില്ലാതെ വരുമ്പോൾ സാക്ഷാൽ കാരുണ്യത്തിനുവേണ്ടി കാത്തിരിക്കുന്ന ആളുകൾക്കാണ് കാരുണ്യ പദ്ധതിയിൽ നിന്നും പണം ലഭിക്കുന്നത്. ഇൻഷ്വറൻസ് നേരെ തിരിച്ചാണ്. അവിടെയാണ് അഭിപ്രായ വ്യത്യാസം വരുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പറയുന്നത് മുഴുവൻ കേൾക്കാതെ സംശയവുമായി എഴുന്നേറ്റുകൊണ്ടാണ് ഈ പ്രശ്നമുണ്ടായത്. ഇതു കഴിഞ്ഞാൽ 5 ലക്ഷം രൂപ വരെയുള്ളത് എങ്ങനെയാണ്? അതും ഇൻഷ്വറൻസ് കമ്പനി വഴി നേരിട്ട് കൊടുക്കാൻ തീരുമാനിച്ചാൽ 8,000 രൂപ മുതൽ 10,000 രൂപ വരെ ഇൻഷ്വറൻസ് പ്രീമിയം വരും. അതുകൊണ്ട് ഇന്ത്യയിൽ ഒരു സംസ്ഥാനത്തും അങ്ങനെ കൊടുക്കുന്നില്ല. എല്ലാ സംസ്ഥാനങ്ങളിലും ആർ.എസ്.ബി.വൈ. പോലെ ഒരു മിനിമം തുക നൽകും. ബാക്കിയുള്ള തുക കാരുണ്യയിലും ചിസ്പ്ലസ്സിലും ചെയ്യുന്നതുപോലെ നിർണ്ണയിക്കപ്പെട്ട രോഗങ്ങൾക്ക് ഇന്നയിന്ന കാര്യങ്ങൾക്കുവേണ്ടി ഇത്ര രൂപ സർക്കാർ നേരിട്ട് ആശുപത്രിക്ക് നൽകുന്നു. ഇത് കാരുണ്യയിൽ ചെയ്യുന്നതുപോലെ തന്നെ. അത്തരത്തിൽ ഇൻഷ്വറൻസ് പ്ലസ് അഷ്വറൻസ് മോഡലിലുള്ള ആരോഗ്യ സുരക്ഷാ പരിപാടിയാണ് കേരളത്തിൽ നടപ്പാക്കാൻ പോകുന്നത്. കാരുണ്യ പദ്ധതിയെ ഇൻഷ്വറൻസ് പദ്ധതിയിലേയ്ക്ക് ലയിപ്പിക്കുക എന്നുള്ളതല്ലാതെ, സമാന്തരമായി ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പണം വിതരണം ചെയ്യാനുള്ള സംവിധാനത്തിന്റെ ആവശ്യമുണ്ടോ? അതുകൊണ്ടാണ് ബഡ്ജറ്റ് പ്രസംഗത്തിൽ, വളരെ കൃത്യമായി ആർ.എസ്.ബി.വൈ.-യും കാരുണ്യയും ചിസ്പ്ലസും സംയോജിപ്പിച്ചിട്ടുള്ള ഒരു പുതിയ സംവിധാനത്തിലേയ്ക്കാണ് കേരളം പോകുന്നതെന്ന് പറഞ്ഞത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. വി. എസ്. ശിവകുമാർ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ കാരുണ്യയുടെ നടപടിക്രമങ്ങൾ വളരെ ലളിതമാണ്. ഒരസുഖം വന്ന് ഒരാളെ പെട്ടെന്ന് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്താൽ അപ്പോൾത്തന്നെ നടപടിക്രമങ്ങൾ ആരംഭിക്കുകയും രണ്ട് ദിവസത്തിനകം പണം ലഭിക്കുകയും ചെയ്യും. ഇൻഷ്വറൻസ് സ്കീമുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങളാണ് പറയാനുള്ളത്. ഒന്ന് ഇൻഷ്വറൻസ് സ്കീമിൽ പരിധിയുണ്ട്. 'സുകൃതം' പദ്ധതി നമ്മൾ നടപ്പിലാക്കി. രോഗികളുടെ ചികിത്സയ്ക്കായി 25 ലക്ഷം

രൂപവരെ കൊടുത്തിട്ടുണ്ട്. 'ആരോഗ്യ കിരണം' പദ്ധതിയിൽ 18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലതെ സൗജന്യ ചികിത്സ കൊടുത്തുകൊണ്ടിരുന്നു. അതിൽ നിന്ന് 10 മുതൽ 25 ലക്ഷം രൂപവരെ ലഭിച്ച ധാരാളം ആളുകളുണ്ട്. ഇൻഷ്വറൻസ് പദ്ധതിയിൽ 5-6 ലക്ഷമെന്ന പരിധി വരികയാണ്. പാവപ്പെട്ട ആളുകൾക്ക് കാൻസർ പോലുള്ള രോഗങ്ങൾ വന്നാൽ ചികിത്സ സഹായം കൊടുക്കാൻ കഴിയുന്നില്ല. കാരുണ്യ പദ്ധതി നിലനിർത്തുമോ; ഇൻഷ്വറൻസ് പദ്ധതിയുമായി മെർജ് ചെയ്യുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കാരുണ്യ പദ്ധതിയിൽ പരിധിയില്ലേ; 2 ലക്ഷം രൂപയായിരുന്നത് ഇപ്പോഴല്ലേ 3 ലക്ഷം രൂപയാക്കിയത്? കാരുണ്യ പദ്ധതിയിലാണെങ്കിൽ എന്താണ് ചെയ്യുന്നത്; സർക്കാർ ആശുപത്രികളിൽ ചെന്നാൽ നിർണ്ണയിക്കപ്പെട്ട രോഗങ്ങൾക്ക് ചികിത്സ നൽകുകയും സർക്കാർ പിന്നീട് പണം കൈമാറുകയും ചെയ്യും. അഡ്വാൻസായി ഇപ്പോൾ പണം നൽകിയിട്ടുമുണ്ട്. സ്വകാര്യ ആശുപത്രികൾ അക്രെഡിറ്റഡ് ആശുപത്രികളാണെങ്കിൽ ഇവിടെനിന്ന് ഓട്ടോമാറ്റിക് അംഗീകാരം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ചികിത്സ നടക്കുന്നു. ഇതുതന്നെയാണ് ഇവിടെയും വരാൻ പോകുന്നത്. അഷ്വറൻസ് മോഡലിൽ ഇൻഷ്വറൻസ് കമ്പനിയല്ല. ഇൻഷ്വറൻസ് കഴിഞ്ഞാൽ ബാക്കി സർക്കാരാണ് ചെയ്യുന്നത്. ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം കൊടുത്തിട്ടല്ല. രോഗത്തിന്റെ സ്വാഭാവത്തിലും കൊടുക്കുന്ന ആനുകൂല്യങ്ങളിലും പ്രൊസീഡ്യൂവറിലും തുക എത്രയെന്നുള്ളതിലും വ്യത്യാസമുണ്ടാകും. ഇതാണ് നടക്കുന്നത്. 'സുകൃതം പദ്ധതി' വേറെയാണ്. ആ പദ്ധതി വേണോ വേണ്ടയോ എന്ന് പിന്നീട് തീരുമാനിക്കാം. പ്രധാനപ്പെട്ട ആരോഗ്യ പരിപാടികളായ കാരുണ്യ, ചിസ് പ്ലസ്, ആർ.എസ്.ബി.വൈ. എന്നിവ സംയോജിപ്പിക്കുന്നു. അപ്പോൾ ഇൻഷ്വറൻസ് എടുക്കണ്ടേ എന്നാണ് ചോദിക്കുന്നത്. ചിസ് പ്ലസ് പദ്ധതിയിൽ അർഹതയുള്ള 42 ലക്ഷം പേർക്ക് ഇതിന്റെ ഗുണം ലഭിക്കും. ബാക്കിയുള്ളവർക്ക് പ്രീമിയം അടച്ച് ചേരാവുന്നതാണ്. സർക്കാർ ഉദ്യോഗസ്ഥർ, വിരമിച്ചവർ, ഇ.എസ്.ഐ. ആനുകൂല്യമുള്ളവർ എന്നിവരെ ഈ പദ്ധതിയിൽനിന്ന് മാറ്റിനിർത്താം. 1,000 രൂപയുടെ പ്രീമിയം അടച്ചാൽ 5 ലക്ഷം രൂപയുടെ ആനുകൂല്യം ലഭിക്കുന്നതിൽനിന്ന് ആരെങ്കിലും കേരളത്തിൽ മാറിനിൽക്കുമോ? ശ്രീ. അനിൽ അക്കര പറയുന്നത് എനിക്ക് മനസ്സിലാകുന്നുണ്ട്. അദ്ദേഹം പറയുന്നത് തുക ഫിക്സ് ചെയ്യേണ്ട ആവശ്യമില്ല, അക്രെഡിറ്റേഷൻ വേണ്ട, സ്വകാര്യ ആശുപത്രികളെ മുഴുവൻ ഉൾക്കൊള്ളിച്ച് ചെയ്യിക്കണമെന്നാണ്. ഞങ്ങളിപ്പോൾ അത് ഉദ്ദേശിക്കുന്നില്ല. കാരണം, കേരളത്തിലെ പൊതു ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഇതിനെ എങ്ങനെ ഉപയോഗപ്പെടുത്താം എന്നുള്ളത് ഞങ്ങളുടെ ഒരു കമ്മിറ്റ്മെന്റാണ്.

ശ്രീ. അനിൽ അക്കര: സർ, 'ആയുഷ്മാൻ ഭാരത്' പദ്ധതി ഏത് സ്റ്റേറ്റിലാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇത് നാല് പൊതുമേഖലാ കമ്പനികളുടെ കൺസോർഷ്യമാണ്. 'ഹിറ്റ്' എന്ന തേർഡ് പാർട്ടിയാണ് പണം നൽകുന്നത്. ഇതുവരെ സമ്മതിച്ചിട്ടില്ല. എല്ലാ സ്റ്റേറ്റിലും ആർ.എസ്.ബി.വൈ.-യുടെ കാർഡാണ് ഉപയോഗിക്കുന്നത്. ഇൻഡ്യയിൽ ഒരു സ്ഥലത്തും നടപ്പിലായിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: ആർ.എസ്.ബി.വൈ. പദ്ധതിയിൽ 60 ശതമാനം ഗുണഭോക്താക്കൾ കേരളത്തിൽനിന്നാണ്. കേരളത്തിനുപുറത്തൊക്കെ പ്രഹസനമായിരിക്കണം. ആശുപത്രികളില്ലാതെ എങ്ങനെയാണ് ആശുപത്രികളിൽ ചികിത്സ നൽകുന്നത്? അതുകൊണ്ട് ഇത് നഗരകേന്ദ്രീകൃതമായി കുറച്ചുപേർക്ക് നൽകുകയും...

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 'ആയുഷ്മാൻ ഭാരത്' പദ്ധതി നടപ്പാക്കുന്നതിൽ നമുക്ക് വലിയ താൽപ്പര്യമില്ല. നമ്മൾ അവസാനമാണല്ലോ ഈ പദ്ധതിയിൽ ഒപ്പുവച്ചത്. ഇപ്പോൾ കേരളത്തിൽ 42 ശതമാനത്തോളം ആളുകൾക്ക് വിവിധ ആരോഗ്യ സഹായ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. അവർ പറയുന്നതുതന്നെ 18 ശതമാനം ആളുകൾക്കേ ആയുഷ്മാൻ ഭാരത് പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുകയുള്ളൂവെന്നാണ്. അത്രയേ വരികയുള്ളൂ. പക്ഷെ ഈ വർഷം ഏപ്രിൽ മാസത്തോടുകൂടി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ സൈൻ ചെയ്തില്ലെങ്കിൽ ആർ.എസ്.ബി.വൈ. പദ്ധതിയുടെ പണം നിഷേധിക്കും. പ്രതിവർഷം 102 കോടി രൂപയിലേറെ തുക നഷ്ടപ്പെടുത്താൻ ഈ ചെറിയ സംസ്ഥാനത്തിന് പറ്റില്ലല്ലോ. അതുകൊണ്ട് നമ്മുടെ കൺസേൺസ് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയോട് നേരിട്ട് ബോധിപ്പിച്ചു. ഞങ്ങൾക്കുള്ള കുറേ പദ്ധതികളൊന്നും നഷ്ടപ്പെടുത്താൻ സാധിക്കില്ലെന്ന നിബന്ധനയോടുകൂടിയാണ് ഇപ്പോൾ ഒപ്പുവച്ചിട്ടുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ആശയം മനസ്സിലായല്ലോ, പിന്നീട് കൂടുതൽ വ്യക്തത വരുത്താം. രണ്ടുകാര്യങ്ങൾ കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഒന്ന്, ശ്രീ. പി. കെ. അബ്ദു റബ്ബ് പറഞ്ഞ പരപ്പനങ്ങാടി ഹാർബറിന്റെ റിക്കാർഡ് എന്താണെന്നുള്ളത് പരിശോധിച്ചു. 2011-12-ൽ ടോക്കൺ പ്രൊവിഷനുണ്ടായിരുന്നു. ആ വർഷം കഴിഞ്ഞതോടുകൂടി ടോക്കൺ പ്രൊവിഷൻ പോയി. പിന്നീട് അങ്ങ് പറഞ്ഞതുപോലെ ബഡ്ജറ്റിൽ 100 കോടി രൂപ പ്രഖ്യാപനം, എല്ലാ ബഡ്ജറ്റിലും പല കോടികളുടെ പ്രഖ്യാപനം, അവസാനത്തെ ബഡ്ജറ്റിൽ 65 കോടി രൂപയുടെ പ്രഖ്യാപനം. ഇന്നിപ്പോൾ നിങ്ങൾ പാസ്സാക്കുന്ന എസ്.ഡി.ജി. ഇല്ലേ, മന്ത്രി പ്രസംഗിച്ചതുകൊണ്ടുമാത്രം തുക അക്കൗണ്ടിൽ വരില്ല. എസ്.ഡി.ജി.-യിൽ സഭ

പാസ്സാക്കണം. ഒരു പൈസ പാസ്സാക്കിയിട്ടുണ്ടോ; രാവിലെ ഉറപ്പിച്ച് പറയാതിരുന്നത് അന്വേഷിച്ച് പറയാം എന്നുകരുതിയിട്ടാണ്. ഇതാണ് റിക്കാർഡ്. ഇങ്ങനെ ഒരു പൈസ പോലും നീക്കിവയ്ക്കാത്ത ഒരു കാര്യത്തിനാണ് തറക്കല്ലിട്ടത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പറഞ്ഞത് ഓരോ വർഷത്തിന്റെയും ബഡ്ജറ്റ് പ്രസംഗത്തിൽ മന്ത്രി പറഞ്ഞുവെന്നാണ്. അതു ശരിയാണല്ലോ, അത് നിഷേധിക്കാൻ പറ്റുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് നിഷേധിക്കുന്നില്ല. പക്ഷെ അങ്ങ് എത്ര നാളത്തെ സഭാ പരിചയമുള്ള ഒരാളാണ്. ഞാനിവിടെ പ്രസംഗിച്ചാലും ബഡ്ജറ്റിന്റെ ഭാഗമാകണമെങ്കിൽ ഈ സഭ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റിൽ ഞാൻ പറഞ്ഞത് അംഗീകരിക്കണം. ഒരു തവണ അംഗീകരിച്ചിട്ടില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, തുക വരാതിരുന്നത് ലൊക്കേഷൻ തീരുമാനം ഫൈനൽ ആകാത്തതുകൊണ്ടും അവിടെ തർക്കം നടന്നതുകൊണ്ടുമാണ്. അത് ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയും ഞാനും പറഞ്ഞു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാനിവിടെ ഉന്നയിക്കാൻ കാരണം, ഹാർബറിന് 115 കോടി രൂപ വേണം. 115 കോടി രൂപ ബഡ്ജറ്റിൽനിന്ന് നൽകാൻ കഴിയാത്തതുകൊണ്ട് കിഫ്ബിയുടെ വിൻഡോ ക്ലോസ് ചെയ്തിട്ടുപോലും ഈ രണ്ട് ഫിഷിംഗ് ഹാർബർ ഉൾപ്പെടുത്തി പണം കൊടുക്കുകയാണ്. അതിന് തറക്കല്ലിടുന്നതിന് മുഖ്യമന്ത്രി പോകുന്നത് പരിഹസിക്കാൻ പോയാൽ മറുപടി പറയാതിരിക്കാൻ സാധിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഒരിക്കൽ തറക്കല്ലിട്ടതായതുകൊണ്ട് ഇനി പ്രവൃത്തി ഉദ്ഘാടനം ചെയ്യുന്നതാണ് അതിന്റെ മാന്യത എന്നുമാത്രമേ പറഞ്ഞുള്ളൂ. ഞാൻ ആരെയും പരിഹസിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറഞ്ഞത് പിൻവലിക്കണം. ഞാൻ പരിഹസിക്കുന്ന തരത്തിൽ ഒരു വാക്കുപോലും പറഞ്ഞിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, സി.എം.ഡി.ആർ.എഫ്.-ൽ നിന്ന് പണം ചെലവഴിക്കുന്നതിനെക്കുറിച്ചാണ് ശ്രീ. റോജി എം. ജോൺ ഉൾപ്പെടെയുള്ളവർ പറഞ്ഞത്. കിട്ടിയ പണം ചെലവഴിക്കാൻ സാധിക്കാത്ത് എന്താണെന്നാണ് ചോദിക്കുന്നത്. കിട്ടിയത് 3,229 കോടി രൂപയാണ്. ചെലവഴിച്ചതിന്റെ കണക്ക് മുഖ്യമന്ത്രിതന്നെ സഭയിൽ പറയുകയുണ്ടായി. എസ്.ഡി.ആർ.എഫ്.-ൽ നിന്ന് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം മാത്രമേ പണം ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. അല്ലാതെ കൊടുക്കാൻ സാധിക്കില്ല. ബാക്കി വരുന്നത് എന്ത് ചെയ്യും; നമ്മളിവിടെ ചെയ്ത

കൊണ്ടിരിക്കുന്നത് കുറച്ച് അനധികൃതമായ രീതിയിലാണെങ്കിലും ഫ്ലഡ്, റോഡ് തുടങ്ങിയവയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതാണെന്ന് എല്ലാവർക്കും അറിയാവുന്ന താണല്ലോ. അതെടുത്ത് വെറെ ചെലവഴിക്കാൻ പറ്റില്ല. പക്ഷെ ഇവിടെ ചെയ്തത് നിങ്ങൾ പറഞ്ഞതുപോലെ അല്ല. എസ്.ഡി.ആർ.എഫ്.-ലെ നോംസിനേക്കാൾ നാലുമടങ്ങ് ആനുകൂല്യം സി.എം.ഡി.ആർ.എഫ്.-ൽ ചേർത്തുകൊടുത്തു. അങ്ങനെ 1732 കോടി രൂപ ചെലവായി. ബാക്കിയുള്ള പണം ചെലവഴിക്കാൻ കമ്മിറ്റഡാണ്. വീടിന്റെ ആദ്യ ഗഡുവല്ലേ കൊടുത്തിട്ടുള്ളൂ, അടുത്ത ഗഡു കൊടുക്കണ്ടേ? കമ്മിറ്റഡ് പണമല്ലേ; നൽകണ്ടേ? രണ്ട്, 1000 കോടി രൂപ വായ്പയെടുക്കുമെന്നാണ് കുടുംബശ്രീ പറയുന്നത്; അതിന് 9 ശതമാനം വച്ച് സർക്കാർ പലിശ കൊടുക്കണ്ടേ? മാർച്ച് 31 വരെ സംരംഭകർ, കൃഷിക്കാർ തുടങ്ങിയവർ പ്രളയമേഖലയിലെടുക്കുന്ന വായ്പയുടെ പലിശ സർക്കാർ നൽകുമെന്നല്ലേ ഉത്തരവിറങ്ങിയിട്ടുള്ളത്. ഇത് വച്ചിരിക്കുന്നത് പൂഴ്ത്തിവയ്ക്കാനല്ല, കമ്മിറ്റഡ് എക്സ്പെൻഡിച്ചറാണ്. പക്ഷെ നിങ്ങൾ പറയുന്നതുപോലെ വിതരണം ചെയ്യാൻ സാധിക്കുന്നതല്ല. അതുകൊണ്ട് ദയവുചെയ്ത് പുറത്ത് പ്രസംഗിച്ചോളൂ, സഭയിലിരുന്ന് ഇങ്ങനെ പ്രസംഗിക്കരുത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞങ്ങൾ പറഞ്ഞത് അങ്ങനെയല്ല. കമ്മിറ്റഡായ കേസ്സുകളുണ്ടല്ലോ. കർഷകർക്ക് നാമമാത്രമായ നഷ്ടപരിഹാരമാണെങ്കിലും അത് മുഴുവൻ കൊടുക്കണ്ടേ? പ്രളയവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക നൽകാൻ കൃഷി വകുപ്പ് കമ്മിറ്റഡാണ്. അവരുടെ ലിസ്റ്റ് കയ്യിലിരിക്കുകയാണ്. അത് മുഴുവൻ നിങ്ങൾ കൊടുത്തോ; കൊടുത്തില്ല. നിങ്ങൾ മത്സ്യത്തൊഴിലാളികളുടെ തുക കൊടുത്തില്ല, മത്സ്യത്തൊഴിലാളികളുടെ നഷ്ടപരിഹാരത്തുക കൊടുക്കാൻ എല്ലാ ഡി.ഡി. ഓഫീസുകളിൽനിന്നും ലിസ്റ്റ് ഇവിടെ വന്നിരിക്കുകയാണ്. നിങ്ങൾ കൊടുക്കാത്തതുകൊണ്ട് ഞങ്ങൾ കൊടുക്കണമെന്ന് സഭയിൽ പറഞ്ഞു. ഗ്രാമീണ റോഡുകൾ നന്നാക്കണ്ടേ, അതും നന്നാക്കണമെന്നു പറഞ്ഞു. പൈസ കയ്യിൽ വച്ചുകൊണ്ട് അത് ചെയ്യാതിരുന്ന സമയത്താണ് ഞങ്ങളത് ചെയ്യണമെന്നുപറഞ്ഞത്. അതിലെന്താണ് തെറ്റ്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കൃഷിയായാലും മൃഗസംരക്ഷണ മായാലും മത്സ്യ മേഖലയിലായാലും മാനദണ്ഡപ്രകാരം കൊടുക്കേണ്ട മുഴുവൻ പണവും കൊടുക്കും, കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ധനവിനിയോഗ ബിൽ പാസ്സാക്കുന്നത് ഇതുംകൂടി അടങ്ങിയിട്ടുള്ള പണമാണ്. ധനവിനിയോഗ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u> : 2019-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെ ടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതികൾ ഇല്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതികൾ ഇല്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതി ഇല്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതി ഇല്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, 2019-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u> : 2019-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...............

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ

8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. എ. സി. മൊയ്തീൻ

32. ശ്രീ. മുഹമ്മദ് മുഹസിൻ പി.

33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി

35. ശ്രീ. സി. കെ. നാണു

36. ശ്രീ. എം. നൗഷാദ്

37. ശ്രീ. യു. ആർ. പ്രദീപ്

38. ശ്രീ. എ. പ്രദീപ്കുമാർ

39. ശ്രീ. കെ. ഡി. പ്രസേനൻ

40. ശ്രീമതി യു. പ്രതിഭ

41. ശ്രീ. പുരുഷൻ കടലുണ്ടി

42. ശ്രീ. പി. ടി. എ. റഹീം

43. ശ്രീ. എം. രാജഗോപാലൻ

44. ശ്രീ. കെ. രാജൻ

45. ശ്രീ. എസ്. രാജേന്ദ്രൻ

46. ശ്രീ. ആർ. രാജേഷ്

47. ശ്രീ. റ്റി. വി. രാജേഷ്

48. ശ്രീ. കെ. രാജു

49. ശ്രീ. രാജു എബ്രഹാം

50. ശ്രീ. ആർ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

53. ശ്രീ. മുല്ലക്കര രത്നാകരൻ

54. പ്രൊഫ. സി. രവീന്ദ്രനാഥ്

55. ശ്രീ. സജി ചെറിയാൻ

56. ശ്രീ. എ. കെ. ശശീന്ദ്രൻ

57. ശ്രീ. സി. കെ. ശശീന്ദ്രൻ

58. ശ്രീ. പി. കെ. ശശി

59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. ബി. സത്യൻ

61. ശ്രീ. എ. എൻ. ഷംസീർ

62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

63. ശ്രീ. ജി. സുധാകരൻ

64. ശ്രീ. വി. എസ്. സുനിൽ കുമാർ

65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

66. ശ്രീ. എം. സ്വരാജ്

67. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

68. ഡോ. ടി. എം. തോമസ് ഐസക്

69. ശ്രീ. പി. ഉണ്ണി

70. ശ്രീ. കെ. വി. വിജയദാസ്

71. ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. പിണറായി വിജയൻ

73. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ഹൈബി ഈഡൻ
16. ശ്രീ. ടി. വി. ഇബ്രാഹിം
17. ഡോ. എൻ. ജയരാജ്
18. ശ്രീ. കെ. എൻ. എ. ഖാദർ
19. ശ്രീ. സി. മമ്മൂട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. കെ. എസ്. ശബരീനാഥൻ
28. ശ്രീ. വി. പി. സജീന്ദ്രൻ
29. ശ്രീ. എൻ. ഷംസുദ്ദീൻ

30. ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. വി. എസ്. ശിവകുമാർ

32. ശ്രീ. സി. എഫ്. തോമസ്

33. ശ്രീ. പി. ടി. തോമസ്

34. ശ്രീ. പി. ഉബൈദുള്ള

35. ശ്രീ. എം. ഉമ്മർ

36. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. ഒ. രാജഗോപാൽ

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2019 -2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച തുടരുകയാണ്. അതിനുമുമ്പ് ശ്രീ എം. ഉമ്മർ, അങ്ങേയ്ക്ക് ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്.

## VII ക്രമപ്രശ്നം

### ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിന്റെ ലംഘനം

ശ്രീ. എം. ഉമ്മർ: സർ, 2003-ലെ കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ ഉദ്ദേശ്യമെന്നുപറയുന്നത്, റവന്യൂ കമ്മി ക്രമാനുസൃതമായി ഇല്ലാതാക്കിക്കൊണ്ട് സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുയോജ്യമാംവിധം കടത്തിന്റെ സ്ഥായിയായ മാനേജ്മെന്റുകളെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലൂടെ വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തിക നയം നടപ്പിലാക്കി ദീർഘവീക്ഷണത്തോടുകൂടിയ ധനമാനേജ്മെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്ത നിറവേറ്റുകയെന്നുള്ളതാണ്. എന്നാൽ 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ ആക്ടിലെ മൂന്നാം വകുപ്പുപ്രകാരം സർക്കാർ ഓരോ സാമ്പത്തിക വർഷവും വാർഷിക ബജറ്റിനോടൊപ്പം ധനസംബന്ധമായ മിതകാല സ്റ്റേറ്റ്മെന്റും ഒരു നയസ്ട്രാറ്റജി സ്റ്റേറ്റ്മെന്റും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണെന്ന് അനുശാസിക്കുന്നുണ്ട്. മാത്രമല്ല, 2005- ലെ കേരള

ധനസംബന്ധമായ ഉത്തരവാദിത്വ ചട്ടങ്ങളിലെ 9 (1) ചട്ടപ്രകാരം പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റി സംസ്ഥാനത്തിന്റെ മുൻവർഷത്തെ ചെലവിൻമേലുള്ള പുനഃപരിശോധന സംബന്ധിച്ച ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിച്ചിരിക്കുന്നത് 2016-17 സാമ്പത്തിക വർഷംവരെയുള്ള റിപ്പോർട്ടാണ്. ആയതിനാൽ 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ മൂന്നാം വകുപ്പിലെ വ്യവസ്ഥകളും 2005-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ചട്ടങ്ങളിലെ 9 (1)-ലെ വ്യവസ്ഥകളും ലംഘിക്കപ്പെട്ടിരിക്കുകയാണ്. 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ ചട്ടം 3, Fiscal Policy Statement to be laid before Legislative Assembly- " (1) The Government shall lay in every Financial Year before Legislative Assembly along with the annual budget, a medium term fiscal policy statement and a fiscal policy strategy statement." എന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്.അതോടൊപ്പംതന്നെ അതുമായി ബന്ധപ്പെട്ട റൂളിലും അത് വ്യക്തമായി പറയുന്നുണ്ട്. റൂൾ 9 (1) " The review report referred to in Section 7 shall be submitted by the Committee to the Government during the month of December every year, following constitution of the Committee." അത് ഇവിടെ കൃത്യമായി പറഞ്ഞിരിക്കുകയാണ്. ആക്ടിലും റൂളിലും കൃത്യമായി പറഞ്ഞിട്ടും ഇവിടെ സബ്മിറ്റ് ചെയ്തിട്ടുള്ളത് 2016-2017-ലെ റിപ്പോർട്ട് മാത്രമാണ്. നിലവിലുള്ള നിയമവും ചട്ടവും പ്രകാരം ഇപ്പോൾ സഭയിൽ സമർപ്പി ക്കേണ്ടത് കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2018-2019-ലെ റിപ്പോർട്ടാണ്. ഇവിടെ 2018-19-ലെ ബഡ്ജറ്റിനെക്കുറിച്ച് ചർച്ച നടത്തുമ്പോൾ നമ്മുടെ മുന്നിലുള്ളത് 2016-2017-ലെ റിപ്പോർട്ടാണ്. അതായത്, 2018 ഡിസംബർ മാസം കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ അത് ബഡ്ജറ്റ് രേഖയോടൊപ്പം സഭയിൽ ഹാജരാക്കേണ്ടതുമാണ്. ഇവിടെ സമർപ്പിച്ചിരിക്കുന്നത് 2016-2017-ലെ റിപ്പോർട്ടാണ്. 2017-2018-ലെ റിപ്പോർട്ട് പോലും വന്നിട്ടില്ല. ആക്ടിലെ വ്യവസ്ഥകളും ഉദ്ദേശ്യങ്ങളും പറയുന്നത്, ഈ റിപ്പോർട്ട് ഒരു ആന്റിസിപ്പേറ്ററി ഡോക്യുമെന്റാണെന്നാണ്. ഈ ഡോക്യുമെന്റിനെ സംബന്ധിച്ച് സഭാംഗങ്ങൾക്ക് പഠിക്കാനും മനസ്സിലാക്കാനും അതനുസരിച്ച് ഡിബേറ്റ് നടത്താനും സംസാരിക്കാനുമുള്ള റിപ്പോർട്ടാണ് വേണ്ടത്. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്കൂടി പരിഗണിച്ചാണ് സംസ്ഥാന ബഡ്ജറ്റിൽ മാറ്റങ്ങൾ വരുത്തേണ്ടത്. 2016-17 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് ഇപ്പോഴത്തെ ബജറ്റിൽ കാണിച്ചതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്. ഇവിടെ 2017-18- ലെ റിപ്പോർട്ടുപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. വിദഗ്ദ്ധരായ അഞ്ചുപേരെ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലതാമസമുണ്ടായി എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആക്ട് പ്രകാരം മാറ്റം വരുത്തുകയും അതിൽ ഉണ്ടായിരുന്ന അംഗങ്ങളെ

യുദ്ധകാലാടിസ്ഥാനത്തിൽ പിരിച്ചുവിടുകയുമാണ് ചെയ്തത്. എന്നിട്ട് പുതിയ അംഗങ്ങളെ നിയമിക്കാൻ കഴിഞ്ഞില്ല. പുതിയ അംഗങ്ങളെ കണ്ടെത്തിയിട്ടല്ലേ പഴയ അംഗങ്ങളെ പിരിച്ചുവിടേണ്ടത്?

മി. സ്പീക്കർ : ക്രമത്തിൽ വരുന്നൊരു ഭാഗമാണ് അങ്ങ് പറയേണ്ടത്. അതിവിടെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എം. ഉമ്മർ : സർ, അങ്ങനെയൊരു ചെറിയ ഭാഗമല്ലിത്. ഇവിടെ ഒരു കാലതാമസ പത്രിക സമർപ്പിച്ചിട്ടുണ്ട്. അതിൽ പറയുന്നത്, അഞ്ചിൽ കൂടാത്ത വിദഗ്ധരെ കണ്ടെത്തി കമ്മിറ്റി രൂപീകരിക്കുന്നതിലും തന്മൂലം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിലുമുണ്ടായ കാലതാമസംമൂലമാണ് പ്രസ്തുത റിപ്പോർട്ട് നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിന് കാലവിളംബം നേരിട്ടത് എന്നാണ്. ഇക്കാര്യത്തിൽ മനഃപൂർവ്വമായ ഉപേക്ഷയോ ഉദാസീനതയോ ഉണ്ടായിട്ടില്ല. അതിനാൽ 2016-2017 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസത്തിന് മാപ്പപേക്ഷിക്കുന്നു. 2016-17-ലെ റിപ്പോർട്ട് വയ്ക്കുന്നതിനുണ്ടായിട്ടുള്ള വീഴ്ച മാപ്പാക്കണമെന്ന് ഒരു അണ്ടർ സെക്രട്ടറി മാപ്പപേക്ഷ കൊടുത്താൽ, 2017-2018-ലെ റിപ്പോർട്ട് എവിടെ? ഇത് വളരെ നിർഭാഗ്യകരമാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മഹാകവി കുമാരനാശന്റെ കവിതയിലെ മാറ്റുവിൻ ചട്ടങ്ങളെ എന്നു പറഞ്ഞപ്പോൾ ഈ വക ചട്ടങ്ങളും റൂളും മാറ്റുമെന്ന് കരുതിയില്ല. മാറ്റുവിൻ ചട്ടങ്ങളെ എന്നു പറഞ്ഞാൽ റൂളും ഭരണഘടനയും മാറ്റുകയെന്നതാണോ?

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡറിൽ അതൊന്നും പറയാൻ പാടില്ല. ഇത് ക്രമപ്രശ്നമാണ്.

ശ്രീ. എം. ഉമ്മർ: ഇത് വളരെ നിർഭാഗ്യകരമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇത് ഗൗരവമായിട്ടെടുക്കണം. ഇത് സഭയോടുള്ള അവഗണനയാണ്. ബജറ്റിനെ മോക്കറി ആക്കലാണ്. അംഗങ്ങൾക്ക് പഠിക്കാനുള്ള അവകാശം ഇല്ലാതാക്കി രിക്കുകയാണ്........ (മൈക്ക് ഓഫ്)...........

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവമായിട്ടുള്ള ക്രമപ്രശ്നങ്ങൾ പഠിച്ച് ഉന്നയിക്കുന്ന ആളാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ക്രമപ്രശ്നങ്ങൾ വളരെ ഗൗരവത്തിൽ തന്നെയാണ് ഞങ്ങൾ സ്വീകരിക്കുന്നത്. 2016-17-ന് ശേഷമുള്ള ഒരു വർഷത്തെ അടിസ്ഥാനമാക്കി എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കാൻ കഴിയില്ല. കാരണം 2017-18-ലെ ആക്ച്വൽ എക്സ്പെൻഡിച്ചർ/അക്കൗണ്ട്സ് അത് സഭയിൽപ്പോലും സമർപ്പിച്ചിട്ടില്ല. സഭയിൽ സമർപ്പിക്കുന്നതിനായി ഗവർണറുടെ അസെന്റ് കിട്ടിയിട്ടേയുള്ളൂ. അപ്പോൾ എങ്ങനെയാണ് അതിനെ അടിസ്ഥാനമാക്കി 2017-18-ലെ റിപ്പോർട്ട്

വയ്ക്കാൻ കഴിയുന്നത്? അതുകൊണ്ടാണ് 2016-17-ൽ നിൽക്കേണ്ടിവരുന്നത്. ഇപ്പോൾ മാത്രമല്ല, തുടങ്ങിയ കാലം മുതൽ ഇങ്ങനെ തന്നെയാണ്. അക്കൗണ്ട്സിനെ അടിസ്ഥാന മാക്കിയാണ് കണക്ക് കൂട്ടുന്നത്. അപ്പോൾ തൊട്ട് മുന്നിലത്തെ വർഷത്തെ ബജറ്റ് സമയത്ത് റിപ്പോർട്ട് തയ്യാറാകില്ല. അതുകൊണ്ടാണ് നമ്മുടെ ചട്ടത്തിൽ ഡിസംബർ മാസം എന്നുപറഞ്ഞിരിക്കുന്നത്. ബജറ്റ് സമയത്ത് ഈ അക്കൗണ്ട്സ് ഒരിക്കലും ശരിയാകില്ല. അതിലൊരു വീഴ്ച വന്നിട്ടുണ്ട്. അതുകൊണ്ടാണ് കാലതാമസ റിപ്പോർട്ട് വച്ചിരിക്കുന്നത്. എന്നുവച്ചാൽ ഡിസംബറിന് പകരം ഈ സമയത്ത് 2016-17-ലേത് വയ്ക്കേണ്ടിവന്നു. 2017-18-ന്റെ അടിസ്ഥാനത്തിൽ കണക്ക് വരാത്തതുകൊണ്ടാണ് ഇത് ചെയ്യാൻ പറ്റാത്തത്. അത് സഭയോടുള്ള അനാദരവല്ല. അത് അംഗീകരി ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇത് ആക്ടിലെ മാൻഡേറ്ററി പ്രൊവിഷനാണ്. അതാണ് അദ്ദേഹം ഉന്നയിച്ചത്. ഇത് വയ്ക്കാൻ ഗവൺമെന്റിന് അസൗകര്യമുണ്ടെങ്കിൽ ആക്ട് അമെന്റ് ചെയ്യേണ്ടതല്ലേ; ഏത് ഗവൺമെന്റ് വന്നാലും ഇത് ചെയ്യേണ്ടതല്ലേ? പ്രായോഗികമായി അസൗകര്യമുണ്ടെങ്കിൽ ആക്ട് അമെന്റ് ചെയ്യണം. ആക്ടിൽ പറയുന്നത് ഈ ബഡ്ജറ്റ് വയ്ക്കുന്ന സമയത്ത് മീഡിയം ടേം ഫിസ്കൽ പോളിസിയും പബ്ലിക് റിവ്യൂ സ്റ്റേറ്റ്മെന്റും വയ്ക്കണമെന്നാണ്. മാൻഡേറ്ററി പ്രൊവിഷനാണത്. നമുക്ക് അതൊരു എക്സ്ക്യൂസുകൊണ്ട് മാറ്റാൻ പറ്റില്ല. അതുകൊണ്ട് ആക്ട് അമെന്റ് ചെയ്യാനുള്ള നടപടി സർക്കാരിന് സ്വീകരിക്കാൻ പാടില്ലേ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, ...(മൈക്ക് ഓഫ്)... അംഗങ്ങളെ കണ്ടെത്താത്തതുകൊണ്ട് റിപ്പോർട്ട് കൊടുത്തില്ലെന്നാണ് പറയുന്നത്.

<u>മി. സ്പീക്കർ</u>: ചട്ടം 303 പ്രകാരം ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ചത് പ്രധാനപ്പെട്ട കാര്യം തന്നെയാണ്. ധനകാര്യ വകുപ്പുമന്ത്രി ഇത് സംബന്ധിച്ച് വിശദീകരണം നൽകിയെങ്കിലും ഇക്കാര്യത്തിൽ ചില അവ്യക്തതകളും തെറ്റിദ്ധാരണകളും ഉണ്ടായിട്ടുള്ളതായി തന്നെയാണ് ചെയറിനും തോന്നുന്നത്. അതുകൊണ്ട് ചട്ട വ്യവസ്ഥകളും ബന്ധപ്പെട്ട നടപടിക്രമങ്ങളും വിശദമായി പരിശോധിച്ചതിനുശേഷം ഇതുസംബന്ധിച്ച് റൂളിംഗ് നൽകുന്നതാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അമെന്റ് ചെയ്തിരുന്നു. മെയിൻ ആക്ടിൽ ബജറ്റിനോടൊപ്പം ലേ ചെയ്യേണ്ട പേപ്പറായും വച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: അതെല്ലാം പരിശോധിച്ച് ഫൈനൽ കൺക്ലൂഷനിലെത്താം. ചർച്ച ആരംഭിക്കുകയാണ്. ശ്രീമതി യു. പ്രതിഭയ്ക്ക് മൂന്ന് മിനിട്ടുകൂടി സംസാരിക്കാവുന്നതാണ്.

## ധനകാര്യം ...(തുടർച്ച)

ശ്രീമതി യു. പ്രതിഭ: സർ, രണ്ട് മിനിട്ടുകൂടി എനിക്ക് അധികമായി അനുവദിക്കണം. എന്റെ പ്രസംഗം മുറിഞ്ഞുപോയതാണ്. പ്രളയാനന്തര കാലഘട്ടത്തിലെ ഏറ്റവും നല്ല ബജറ്റിനെക്കുറിച്ചാണ് പറഞ്ഞുവന്നത്. സ്ത്രീകൾക്കുള്ള സ്കീമിന്റെ അടങ്കൽ തുക വർദ്ധിപ്പിച്ചത് സംബന്ധിച്ചാണ് എനിക്ക് എടുത്തുപറയാനുള്ളത്. സ്ത്രീകൾക്ക് 1,420 കോടി രൂപയാണ് ഈ ഗവൺമെന്റ് നൽകിയിരിക്കുന്നത്. പൊതുവികസന സ്കീമുകളിൽ നിന്ന് 16.85% തുക എന്നുപറഞ്ഞാൽ അത് സ്ത്രീ സമൂഹത്തിന് ലഭിച്ച വലിയൊരു അംഗീകാരമാണ്. പലപ്പോഴും സ്ത്രീകളെ ആക്ഷേപിച്ചുകൊണ്ടുള്ള പല സ്റ്റേറ്റ്മെന്റുകളും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളിൽ നിന്നുണ്ടായിട്ടുണ്ട്. ആക്ഷേപിച്ചവരിൽ പലരും ഇന്നിവിടെയില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സുപ്രധാനമായ വിധിയുടെ അടിസ്ഥാനത്തിൽ ശബരിമലയിലേയ്ക്ക് പോയ സ്ത്രീകൾ ജൗളിക്കടയിലേയ്ക്ക് പോകാൻ ഇഷ്ടമില്ലാത്തവരാണെന്ന തരത്തിലുള്ള ഏറ്റവും മ്ലേച്ഛമായ ആക്ഷേപം അവരുടെ ഭാഗത്തുനിന്നും വന്നു. അതുപോലെതന്നെ വനിതാ മതിൽ ചതിക്കുഴിയാണെന്ന് ഏറ്റവും സീനിയറായിട്ടുള്ള അംഗം പറയുന്നുണ്ടായിരുന്നു. വനിതാ മതിൽ വിജയമായിരുന്നുവെന്ന് ഞങ്ങൾക്കറിയാം. കാരണം ബൂത്ത് പ്രസിഡന്റുമാരിൽ ഒരു വനിത നിർബന്ധമായും വേണമെന്ന് ശ്രീ. രാഹുൽ ഗാന്ധി അടുത്ത കാലത്ത് തീരുമാനമെടുത്തത് വനിതാ മതിലിന്റെ വിജയംകൊണ്ട് തന്നെയാണ്. നിങ്ങളെപ്പോലെ ഇലക്ഷൻ അടുക്കുമ്പോൾ വനിതാ സംവരണ ബിൽ അവതരിപ്പിക്കുമെന്ന് പറഞ്ഞ് സ്ത്രീ സമൂഹത്തെയാകെ പറ്റിക്കുന്ന സമീപനം ഇടതുപക്ഷത്തിന് ഇല്ലെന്നുള്ളതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഈ ബജറ്റ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഞാൻ നേരത്തേ പറഞ്ഞുനിർത്തിയ കാര്യങ്ങളിലേക്ക് വരികയാണ്.

പൊതുമരാമത്ത് ഒരു നാടിന്റെ മുഖമായി മാറുന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞപ്പോൾ പ്രതിപക്ഷാംഗങ്ങൾ പലരും അസ്വസ്ഥരാകുന്നത് കണ്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹത്തിന് ഒരുപക്ഷേ ഖണ്ഡിക്കാൻ കഴിയില്ലെന്ന് ഞാൻ വിശ്വസിക്കുകയാണ്. അദ്ദേഹത്തിന്റെ നാട്ടിൽ വലിയ വികസനം നടക്കുകയാണ്. 176 കോടി രൂപ ചെലവുവരുന്ന ആറാട്ടുപുഴ-ആലപ്പാട് പാലം; അത് ബേസ്മെന്റില്ലാതെ കല്ലിട്ടതാണ്. ആകാശത്ത് കെട്ടിപ്പൊക്കുന്ന വികസന പ്രവർത്തനങ്ങളായിരുന്നു യു.ഡി.എഫ്.-ന്റേത്. ആറാട്ടുപുഴ-ആലപ്പാട് പാലത്തിന്റെ പണി പൂർത്തീകരിക്കാറായി. ഈ ഗവൺമെന്റ് വന്നതിനുശേഷം 176 കോടി രൂപയാണ് അനുവദിച്ചത്. യു.ഡി.എഫ്. അത് പ്രഖ്യാപിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. ഇടതുപക്ഷമാണ് അത് തുടങ്ങി പൂർത്തീകരിക്കാൻ പോകുന്നത്. മലയോര- തീരദേശ ഹൈവേകളുടെ പണികളും തുടങ്ങിവച്ചിരിക്കുന്നു. അതുപോലെ തന്നെ കായംകുളം-അടൂർ റോഡിന്

12 കോടി രൂപയാണ്. ഒരു ചെറിയ ഉദാഹരണം, ശ്രീ. കെ. എം. മാണിസാറിന്റെ ആദ്യ ബജറ്റിൽ തകർന്നുകിടന്ന അമ്പലപ്പുഴ-തിരുവല്ല റോഡ് നന്നാക്കുമെന്ന് പറഞ്ഞതാണ്. അഞ്ചുവർഷമുണ്ടായിരുന്നിട്ടും ഒരു കല്ലിടാൻ അവർക്ക് കഴിഞ്ഞില്ല. ഒരുപക്ഷെ കിഫ്ബിയിലെ ആദ്യത്തെ വർക്കായി അമ്പലപ്പുഴ-തിരുവല്ല റോഡ് ഏറ്റെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇവിടെ പറയുന്ന കാര്യങ്ങളാണ് ചെയ്യുന്നത്. എന്ത് കാര്യം പറഞ്ഞിട്ടുണ്ടോ അതെല്ലാംതന്നെ കൃത്യമായി പൂർത്തീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പക്ഷെ വളരെ നിർഭാഗ്യകരമായിട്ടുള്ള ചില പരാമർശങ്ങൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് വരുമ്പോൾ ബഹുമാന്യനായ പ്രതിപക്ഷ നേതാവെങ്കിലും അവരെ തിരുത്താൻ തയ്യാറാകണം. എന്താണ് പ്രളയ ദുരന്തത്തെക്കാൾ ദുരന്തമായി പ്രതിപക്ഷം മാറുന്നത്? പ്രളയ ദുരന്തത്തിന് പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് അതിനെ മറികടക്കാൻ കഴിയും. പക്ഷെ പ്രതിപക്ഷത്തിന്റെ സംഘപരിവാറിനോട് കൂട്ടുകൂടിയുള്ള ഈ പ്രവർത്തനങ്ങൾ എങ്ങനെയാണ് ഒരു പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് മാറ്റാൻ കഴിയുന്നത്? അവർ വനിതാ മതിലിനെയും കിഫ്ബിയെയും ആക്ഷേപിച്ചു. ഞങ്ങൾക്കിപ്പോൾ മനസ്സിലായി, അവർ ആക്ഷേപിക്കുന്നതിനെയെല്ലാം അവർ ഭയക്കുകയാണ്. കിഫ്ബിയുടെ വികസന പ്രവർത്തനങ്ങൾക്ക് മുന്നിൽ കണ്ണഞ്ചി നിൽക്കുകയാണ് ഇവിടത്തെ പ്രതിപക്ഷം. കിഫ്ബിയെ ആക്ഷേപിച്ചു; നിങ്ങൾ കിഫ്ബിയെ ഭയന്നു. വനിതാ മതിലിനെ ആക്ഷേപിച്ചു; നിങ്ങൾ സ്ത്രീ സമൂഹത്തെ ഭയന്നു. നിങ്ങൾ നവോത്ഥാനത്തിന്റെ ഓർമ്മപ്പെടുത്തലിനെപ്പോലും ഭയക്കുന്നു. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട പഞ്ചമി എന്ന ബാലികയുടെ ചിത്രമാണ് ധനകാര്യ വകുപ്പുമന്ത്രിയായ ഡോ. തോമസ് ഐസക് സർ ബഡ്ജറ്റിന്റെ കവർ ചിത്രമായി നൽകിയത്. അവർ അതിനെപ്പോലും ഭയക്കുകയാണ്. ഒളിഞ്ഞും തെളിഞ്ഞും സംഘപരിവാറിനൊപ്പംകൂടി..... ശബരിമല വിധിക്കെതിരെ കയ്യടിച്ച് നാമംജപിച്ച സ്ത്രീകളോടൊപ്പം ഒളിഞ്ഞും തെളിഞ്ഞും നിന്ന് കയ്യടിച്ചവരായി യു.ഡി.എഫ്.-കാർ മാറുന്നു. ആർത്തവം അശുദ്ധമാണെന്ന് കെ.പി.സി.സി.-യുടെ നേതാവായിരുന്ന ശ്രീ. എം. എം. ഹസൻ പറയുന്നു. എങ്ങനെയാണ് ഇവർക്കിത് പറയാൻ കഴിയുന്നത്? 'പെണ്ണുങ്ങളെപ്പോലെ' എന്നുപറഞ്ഞ് കോൺഗ്രസിന്റെ കണ്ണൂരിൽ നിന്നുള്ള നേതാവായ ശ്രീ. കെ. സുധാകരൻ ആക്ഷേപിക്കുന്നു. എങ്ങനെയാണ് ഇവർക്ക് സ്ത്രീ സമൂഹത്തെ ഇങ്ങനെ ആക്ഷേപിക്കാൻ കഴിയുന്നത്? യു.ഡി.എഫ്. സംഘപരിവാറിനൊപ്പം കൂടുന്നത് വലിയ ആപത്താണെന്ന് പറഞ്ഞ് ബോധ്യപ്പെടുത്താനെങ്കിലും കഴിയണ്ടേ? ഇന്നലെ ശ്രീ. വി. ഡി. സതീശന്റെ സ്റ്റേറ്റ്മെന്റ് കേട്ടിട്ട് അദ്ദേഹത്തിന്റെ അഭിപ്രായമെന്താണെന്ന് ഞാൻ അദ്ദേഹത്തോട് നേരിട്ടും ചോദിച്ചു. അവരുടെ ഇടയിൽ തന്നെ വ്യത്യസ്ത അഭിപ്രായങ്ങളില്ലേ. സുപ്രീംകോടതി വിധി അനുസരിക്കാൻ ബാധ്യസ്ഥമായ ഈ ഗവൺമെന്റിനെ പൊതുസമൂഹത്തിൽ എത്രമാത്രം ആക്ഷേപിച്ചു. കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ച മഞ്ചു അടക്കമുള്ളവരാണ് ശബരിമലയിൽ പോകാൻ തയ്യാറായത്. ഞങ്ങളിലെ സ്ത്രീകളാരും

ശബരിമലയിൽ പോകാൻ തയ്യാറായിട്ടില്ല. അത് ഞങ്ങൾ ഇവരെയാരെയും ഭയക്കുന്നതുകൊണ്ടല്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ അനാവശ്യ വിഷയങ്ങളിൽ വിവാദം സൃഷ്ടിക്കാൻ ഞങ്ങളാരും തയ്യാറല്ല. പക്ഷെ നവോത്ഥാനത്തിന് എതിര് നിൽക്കുന്ന നിങ്ങൾ വലിയ വില കൊടുക്കേണ്ടി വരും. ശ്രീ. രാഹുൽ ഗാന്ധിയെ ഞങ്ങൾക്കാർക്കും എതിർക്കേണ്ടതില്ല. ശ്രീ. രാഹുൽ ഗാന്ധിക്ക് എതിരാണെന്ന് നേരത്തേ ആരോ പ്രസംഗിക്കുന്നത് കേട്ടു. ആരാണ് ശ്രീ. രാഹുൽ ഗാന്ധിയെ കാര്യങ്ങൾ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചത്; ഇവിടെ സ്കൂളില്ലെന്നും ആശുപത്രിയില്ലെന്നും പറഞ്ഞത് ശ്രീ. രാഹുൽ ഗാന്ധിയല്ലേ? പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാണിക്കുന്ന ശ്രീ. രാഹുൽ ഗാന്ധിയോടെങ്കിലും ശരിയായ കാര്യങ്ങൾ പറഞ്ഞുകൊടുക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇടയ്ക്കിടയ്ക്ക് എഴുത്തച്ഛനെ ഓർക്കുന്നത് നന്നായിരിക്കും, നാമജപ സംഘമായി പോകുന്നവരോട് പ്രതിപക്ഷാംഗങ്ങൾ പറയേണ്ടതായിട്ടുണ്ട്. എഴുത്തച്ഛൻ പറഞ്ഞിട്ടുണ്ട് -

'ഋതുവായ പെണ്ണിനുമിരപ്പനും ദാഹകനും
പതിതന്നുമഗ്നിയജനം ചെയ്ത ഭൂസുരനും
ഹരിനാമകീർത്തനമിതൊരുനാളുമാർക്കുമുട-
നരുതാത്തതല്ല........'

ഇത് പ്രതിപക്ഷത്തിനൊരു ഓർമ്മപ്പെടുത്തലായി വച്ചുകൊണ്ട് പ്രളയാനന്തരം സമസ്ത മേഖലകൾക്കും പരിഗണന നൽകിക്കൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ, ശ്രീ. രാഹുൽ ഗാന്ധി അദ്ദേഹത്തിന്റെ കൊച്ചി പ്രസംഗത്തിൽ 'കേരളത്തിൽ ആശുപത്രിയും വിദ്യാഭ്യാസ സ്ഥാപനങ്ങളുമില്ലെന്ന രീതിയിൽ സംസാരിച്ചു' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം ഈ സഭയിൽ പല തവണ പറഞ്ഞു. അദ്ദേഹം അങ്ങനെയല്ല സംസാരിച്ചത്. അദ്ദേഹം യോഗ വേദിയിലേയ്ക്ക് വരുന്നതിന് മുമ്പ്, ഇരുകൈകളുമില്ലാത്ത അസീം എന്ന ബാലൻ തനിക്ക് മേൽ ക്ലാസുകളിലേയ്ക്ക് പഠിക്കണം, ഇവിടെ ഹയർ ക്ലാസ്സുകളില്ല, സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ പറ്റുന്നില്ല, പലരേയും കണ്ട് സംസാരിച്ചു, ആരും അത് ചെയ്തുതരുന്നില്ല എന്നു പരാതി പറഞ്ഞു. അദ്ദേഹം ആ കുട്ടിയെ എടുത്ത് സംസാരിച്ചു. ആ പ്രയാസത്തിലാണ് ഹയർ എഡ്യൂക്കേഷനുള്ള കൂടുതൽ അവസരമുണ്ടാകണമെന്നും അത് ക്വാളിറ്റേറ്റീവായിരിക്കണമെന്നും അദ്ദേഹം പറഞ്ഞത്. ഈ സഭയിലില്ലാത്ത ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞതിനെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഓർഡറിലല്ല. അത് രേഖകളിൽ നിന്നും മാറ്റണം.

മി. സ്പീക്കർ: അത് പരിശോധിക്കാം.*

ശ്രീ. കെ. എം. മാണി: സർ, രണ്ട് ദുരന്തങ്ങളെ അതിജീവിച്ച വർഷമാണ് കടന്നുപോയതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രസ്താവിച്ചിരുന്നു. ഒന്ന് പ്രളയ ദുരന്തം, രണ്ട്, ശബരിമലയിൽ നടന്ന സ്ത്രീ പ്രവേശം. ഇവ രണ്ടും ഉണ്ടായത് വാസ്തവത്തിൽ സർക്കാരിന്റെ കെടുകാര്യസ്ഥതമൂലമാണ്. പ്രളയ ദുരന്തം മനുഷ്യ നിർമ്മിതമാണെന്നും ഡാം മിസ്മാനേജ്മെന്റുകൊണ്ട് ഉണ്ടായതാണെന്നും പ്രതിപക്ഷം ആരോപിക്കുകയും അന്വേഷണം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നതാണ്. പക്ഷെ ഗവൺമെന്റ് അത് നിരാകരിച്ചു. ഷട്ടറുകൾ തുറന്നുവിട്ടതിലുണ്ടായ കെടുകാര്യസ്ഥത കൊണ്ടാണ് മഹാപ്രളയമുണ്ടായതെന്ന് കേന്ദ്ര വാട്ടർ കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. അപ്പോൾ ഞങ്ങൾ പറഞ്ഞത് ശരിയായിരുന്നു. ഈ സന്ദർഭത്തിലാണ് ശബരിമലയിൽ സ്ത്രീ പ്രവേശം അനുവദിച്ചുകൊണ്ടുള്ള സുപ്രീംകോടതി ഉത്തരവ് വന്നത്. തുടർന്ന് നിലവിലുള്ള ആചാരാനുഷ്ഠാനങ്ങൾ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്ത്രീ സമൂഹം തന്നെ സമര രംഗത്ത് വരികയുണ്ടായി.

സുനാമിക്കുശേഷം കേന്ദ്രം 2005-ൽ കൊണ്ടുവന്ന ദുരന്ത നിവാരണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിരുന്നുവെങ്കിൽ ഓഖി, നിപ, മഹാപ്രളയം എന്നിവയെ ഫലപ്രദമായി നേരിടുവാൻ ഗവൺമെന്റിന് കഴിയുമായിരുന്നു. പക്ഷെ അത് ഫലപ്രദമായി ചെയ്തില്ലെന്നുള്ളതിൽ വളരെ വ്യസനമുണ്ട്. അവയുടെ ദുരന്ത കാഠിന്യം നമുക്ക് ഒഴിവാക്കാനും പുനരധിവാസം വേഗത്തിൽ നടപ്പിലാക്കാനും കഴിയുമായിരുന്നു. അതൊന്നും ഉണ്ടായില്ല. പ്രസ്തുത നിയമം നിലവിൽ വരുന്നതിന് മുമ്പാണ് സുനാമി ഉണ്ടായത്. സുനാമി ഉണ്ടായപ്പോൾ യു.ഡി.എഫ്. സർക്കാർ ഒരു വർഷത്തിനകം നഷ്ടമായ വീടുകൾക്ക് പകരം നാലായിരം വീടുകൾ നിർമ്മിച്ചുകൊടുത്തു. വീടുകളുടെ നിർമ്മാണച്ചെലവ് വഹിച്ചത് സന്നദ്ധ സംഘടനകളാണ്. 1,449 കോടി രൂപ സുനാമി പുനരധിവാസത്തിന് കേന്ദ്രം അനുവദിക്കുകയുണ്ടായി. ആ തുക വാങ്ങിയതും ചെലവഴിച്ചതുമൊക്കെ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്താണ്. സുനാമിയിൽ മരിച്ചവരുടെ ആശ്രിതർക്ക് സർക്കാർ നാല് ലക്ഷം രൂപ വരെ അനുവദിച്ചിരുന്നു. സുനാമി ദുരിത ബാധിതർക്ക് ഈ ധനസഹായം നൽകി. സുനാമി ഫണ്ട് സർക്കാർ ചെലവഴിച്ചതിന്റെ സി.ആന്റ്എ.ജി. റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുമുണ്ട്. കേന്ദ്ര ദുരന്ത നിവാരണ നിയമം പ്രാബല്യത്തിലുണ്ടായിട്ടും ഇതുസംബന്ധിച്ചുള്ള പല കാര്യങ്ങളും നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ സർക്കാരിന്റെ ഒന്നാം വാർഷികം കഴിഞ്ഞപ്പോൾ ഓഖിയും നിപയും വന്നു. ഓഖി ദുരന്തത്തിൽ കിട്ടിയ കേന്ദ്ര സഹായം വേണ്ടപോലെ ചെലവഴിക്കാൻപോലും ഈ ഗവൺമെന്റിന് കഴിഞ്ഞില്ലെന്നുള്ളത് ദുഃഖകരമാണ്. നിപയുടെ മൂലകാരണവും അതിന്റെ പ്രതിരോധ മരുന്നും ഇതുവരെ കണ്ടുപിടിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പ്രളയം

*ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ. നമ്പർ 743/ഇ.ബി./2019, തീയതി 6-2-2019) രേഖയിൽ നിലനിർത്തി.

വന്നപ്പോൾ ദുരന്ത നിവാരണ നിയമപ്രകാരമുള്ള രക്ഷാസൈന്യത്തെ ഫലപ്രദമായി വിനിയോഗിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞില്ല.

ഭരണഘടനയുടെ 202-ാം അനുച്ഛേദത്തിൽ പറയുന്നതുപോലെ സഞ്ചിത നിധിയിൽ നിന്നുള്ള വരവ് ചെലവുകളുടെ സ്റ്റേറ്റ്മെന്റാണ് ബജറ്റ്. എന്നാൽ കഴിഞ്ഞ മൂന്നുവർഷമായി സഞ്ചിത നിധിക്ക് പുറത്ത് കിഫ്ബി വഴി ചെലവഴിച്ച തുക കൂടി ബഡ്ജറ്റിൽ കാണിച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ നവകേരള സൃഷ്ടിക്കുള്ള പദ്ധതികളെല്ലാം വാർഷിക പദ്ധതിയുടെയും കിഫ്ബി പദ്ധതിയുടെയും സംയോജിത പദ്ധതിയായാണ് അവതരിപ്പിച്ചിരിക്കുന്നത്. ബജറ്റ് പ്രസംഗത്തിന്റെ പാരഗ്രാഫ് (18)-ൽ അത് പറഞ്ഞിട്ടുണ്ട്. സഞ്ചിത നിധിയിൽ നിന്നുള്ള പദ്ധതികളെല്ലാം ഓഡിറ്റ് ചെയ്യുന്നത് സി. ആന്റ് എ.ജി.-യാണ്. അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം സി. ആന്റ് എ.ജി.-യുടെ ഓഡിറ്റിംഗിന് വിധേയമാണ്. എന്നാൽ കിഫ്ബിയുടെ ഓഡിറ്റ് പട്ടത്തുള്ള ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. അത് വളരെ അത്ഭുതകരമായ കാര്യമാണ്. സി. ആന്റ് എ.ജി.-യെക്കൊണ്ട് ഇത് ആഡിറ്റ് ചെയ്യിപ്പിക്കേണ്ടതാണ്. ധനകാര്യ വകുപ്പുമന്ത്രി എന്തിന് സി.ആന്റ് എ.ജി.യെ പേടിക്കുന്നുവെന്ന് എനിക്കറിയില്ല. സർക്കാർ ഗവർണറെക്കൊണ്ട് സി.ആന്റ് എ.ജി.യോട് ആവശ്യപ്പെട്ടാൽ കിഫ്ബി ഫണ്ട് അവർ ഓഡിറ്റ് ചെയ്യും. ഇപ്പോൾ കിഫ്ബി സർക്കാർ നൽകുന്ന ഫണ്ടുകൾ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ച് അതിൽ നിന്നും മത്സരിച്ച് പലിശ വാങ്ങുകയാണ്. കഴിഞ്ഞ ദിവസം പത്രങ്ങളിൽ കിഫ്ബിയുടെ സി.ഇ.ഒ.-യെ മുത്തൂറ്റ് ഫൈനാൻസിന്റെ ഡയറക്ടറായി നിയമിച്ചുവെന്ന വാർത്ത കണ്ടു. കിഫ്ബിയുടെ പണം മുത്തൂറ്റിൽ നിക്ഷേപിച്ചതുകൊണ്ടാണോ, മുത്തൂറ്റ് ഫൈനാൻസിന്റെ ഓഹരിയിലോ നിക്ഷേപത്തിലോ കിഫ്ബിയെ പങ്കാളിയാക്കിയതുകൊണ്ടാണോ എന്ന് എനിക്കറിഞ്ഞുകൂടാ. കിഫ്ബിയുടെ സി.ഇ.ഒ.-യെ മുത്തൂറ്റ് ഫൈനാൻസിന്റെ ഡയറക്ടറായി നിയമിച്ചതിനെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു വിശദീകരണം നൽകണമെന്ന് വിനയപൂർവ്വം ഞാൻ ആവശ്യപ്പെടുകയാണ്. കാരുണ്യ പദ്ധതി നിർത്തലാക്കിയത് സങ്കടകരമാണ്. കുഞ്ഞിനെ കൊന്ന് അമ്മയുടെ മുന്നിലിടുമ്പോൾ അമ്മയ്ക്കുണ്ടാകുന്ന ദുഃഖം പോലെയാണത്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന പദ്ധതിയാണ്. കാരുണ്യ പദ്ധതി ഇൻഷ്വറൻസ് പദ്ധതിയിൽ ലയിപ്പിച്ചിരിക്കുകയാണ്. വല്ല കാര്യവുമുണ്ടോ? ഒരു ശിപാർശയുമില്ലാതെ ഏതൊരാൾക്കും രണ്ട് ലക്ഷം രൂപ വരെ മാരക രോഗങ്ങൾക്ക് കിട്ടുന്ന സഹായമായിരുന്നു കാരുണ്യ പദ്ധതി. ഇൻഷ്വറൻസ് പദ്ധതിയിൽ ലയിപ്പിച്ചുകഴിഞ്ഞാൽ ഒരുപാട് നടപടിക്രമങ്ങളുണ്ട്, രൂപ വാങ്ങിയെടുക്കൽ അത്രയും സങ്കീർണ്ണമാണ്. ഒരു ആവശ്യവുമില്ലാതെ ഇൻഷ്വറൻസ് പദ്ധതിയിൽ ലയിപ്പിച്ചിരിക്കുകയാണ്. കാരുണ്യ പദ്ധതി നിലനിർത്തിക്കൊണ്ട് തന്നെ ഇൻഷ്വറൻസിന്റെ ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് വേറെ കൊടുക്കാം. അതുകൊണ്ട് എം.എൽ.എ.-മാരുടെ

അഭിപ്രായമെങ്കിലും ഗവൺമെന്റ് ഇക്കാര്യത്തിൽ ആരായണം. 140 എം.എൽ.എ.-മാരുടെയും അഭിപ്രായം കേട്ടിട്ട് അതുപോലെ ചെയ്യണം. അനുകൂലമാണെങ്കിലും പ്രതികൂലമാണെങ്കിലും അങ്ങനെ നടപ്പിലാക്കണം. കാരുണ്യ പദ്ധതി നിർത്തലാക്കി ഇൻഷ്വറൻസ് പദ്ധതിയിൽ ലയിപ്പിക്കണമെന്ന് ആരെങ്കിലും പറയുമെന്ന് എനിക്ക് തോന്നുന്നില്ല. ഇതൊക്കെ വളരെ തെറ്റായ നടപടികളാണ്. അതുകൊണ്ട് കാരുണ്യ പദ്ധതി നിലനിർത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയും സംസ്ഥാന ഭവന പദ്ധതിയും സംയോജിപ്പിച്ച് ലൈഫ് മിഷൻ പദ്ധതി പുതുതായി അവതരിപ്പിച്ചു. അതോടെ ഭവന വകുപ്പും ഭവന നിർമ്മാണ ബോർഡും പിരിച്ചുവിടുന്ന അവസ്ഥയിലെത്തി. എന്നാൽ ലൈഫ് മിഷൻ ഉദ്ദേശിക്കുന്ന നിലയിൽ പ്രവർത്തിക്കുന്നില്ല. ഫലത്തിൽ പ്രളയത്തിൽ ഭവനം നഷ്ടപ്പെട്ടവർക്ക് ഭവനം ലഭിക്കുവാൻ ഇനിയും കാത്തിരിക്കേണ്ടിവരും. ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറയുന്ന കാര്യങ്ങൾക്ക് വിരുദ്ധമാണ് ബഡ്ജറ്റിലെ പ്രസ്താവനകൾ.

നയപ്രഖ്യാപന പ്രസംഗം പാരഗ്രാഫ് (9)-ൽ നവകേരള നിർമ്മിതിക്ക് ലോകബാങ്കിൽ നിന്നും എ.ഡി.ബി.-യിൽ നിന്നും കടമെടുക്കുമെന്ന് പറയുന്നു. എന്നാൽ ബഡ്ജറ്റിൽ ഒരു കടവുമെടുക്കാതെ നവകേരളം പൂർത്തിയാക്കാൻ വേണ്ട പദ്ധതികളാണ് പ്രഖ്യാപിച്ചിരിക്കുന്നതെന്ന് ഡോ. തോമസ് ഐസക് പറയുന്നു. ബജറ്റിൽ ജി.ഡി.പി.-യുടെ മൂന്ന് ശതമാനം മാത്രമേ കടമെടുക്കാവൂ എന്ന പരിധി വ്യവസ്ഥ ഉയർത്തിയാലല്ലാതെ സംസ്ഥാനങ്ങൾക്ക് കടമെടുക്കാൻ സാധിക്കുകയില്ല. കേന്ദ്രം അത് സാധിക്കില്ലെന്ന് സംസ്ഥാനത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് 2500 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. ഇത് മൊത്തം ബഡ്ജറ്റിന്റെ 1.76 ശതമാനം മാത്രമാണ്. 2500 കോടി രൂപ എന്ന് കേട്ടാൽ വലിയ തുകയാണെന്ന് തോന്നും. പക്ഷെ ബഡ്ജറ്റിന്റെ 1.76 ശതമാനം മാത്രമാണത്. ജനസംഖ്യയുടെ 50% കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന സംസ്ഥാനത്ത് കർഷകർക്ക് ഇത്ര തുക മാത്രം നീക്കിവച്ചാൽ മതിയോ? വാസ്തവത്തിൽ ഇത് തെറ്റായ കാര്യമാണ്. കാർഷിക മേഖലയ്ക്ക് കൂടുതൽ തുക നീക്കിവയ്ക്കേണ്ടതാണ്. 1.76 ശതമാനം മാത്രം മതിയാകില്ല. സാമ്പത്തിക വളർച്ച 10 ശതമാനമേ ലക്ഷ്യമാക്കിയിട്ടുള്ളൂ. 14 ശതമാനം നേടണമെന്നതാണ് കേന്ദ്രത്തിന്റെ നിർദ്ദേശം. 14 ശതമാനം അച്ചീവ് ചെയ്താൽ കോമ്പൻസേഷൻ കിട്ടുകയില്ലായിരിക്കും. മറ്റ് പല സംസ്ഥാനങ്ങളും യഥാർത്ഥ വളർച്ചാനിരക്ക് നിലനിർത്തിക്കൊണ്ട് കോമ്പൻസേഷൻ വാങ്ങിയെടുക്കുന്നുണ്ട്. അത് ശരിയാണ്.

ബഡ്ജറ്റിലെ പാരഗ്രാഫ് (250)-ൽ ഗ്രോത്ത് മൂന്നിരട്ടിയായി, 30 ശതമാനമായി ഉയർത്തുമെന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞിരിക്കുകയാണ്. ഇതൊരു സ്വപ്ന ബഡ്ജറ്റാണ് എന്നുള്ളതിന് ഇതിൽ കൂടുതൽ വല്ല തെളിവും ആവശ്യമുണ്ടോ?

30 ശതമാനം വളർച്ച സമ്പദ്‌വ്യവസ്ഥയ്ക്കുണ്ടാകും; മൂന്നിരട്ടിയുണ്ടാകുമെന്ന് പറഞ്ഞാൽ, അര ഇരട്ടിയെന്നൊക്കെ പറഞ്ഞാൽ മനസ്സിലാക്കാം. മൂന്നിരട്ടി, 30 ശതമാനമുണ്ടാകുമെന്ന് അടിച്ചുവിടുകയാണ്. അങ്ങനെ ഈ രീതിയിൽ സ്വപ്ന ബഡ്ജറ്റാക്കി ഇതിനെ രൂപാന്തരപ്പെടുത്തിയതിൽ വലിയ വിസ്മയമുണ്ട്. കോട്ടയത്ത് റബ്ബർ ഫാക്ടറി സ്ഥാപിക്കുമെന്ന് പറഞ്ഞു. അത് ഒരു നല്ല കാര്യമാണ്. അതൊക്കെ ദീർഘകാല പരിപാടിയാണ്. ആ ദീർഘകാല പദ്ധതി മാത്രം മതിയോ? റബ്ബറിന് വിലയില്ലാത്തതിനാൽ ഇന്ന് കൃഷിക്കാർ വിഷമിക്കുകയാണ്. ഒരു കിലോഗ്രാം റബ്ബറിന്റെ ഉല്പാദനച്ചെലവ് 171 രൂപയെന്ന് റബ്ബർ ബോർഡ് പറയുന്നു. പക്ഷെ റബ്ബറിന്റെ മാർക്കറ്റ് വില 105 രൂപയാണ്. അപ്പോൾ ഉല്പാദനച്ചെലവിനെക്കാൾ കമ്പോളവില എത്രയോ താഴ്ന്നുകിടക്കുന്നു. ഇത് വലിയ കഷ്ടമാണ്. റബ്ബറിനെ സംബന്ധിച്ചിടത്തോളം, റബ്ബർ കൃഷിക്കാരെ സഹായിക്കാൻ അടിയന്തരവും സത്വരവുമായ നടപടികൾ ഉണ്ടാകണം. വിലത്തകർച്ചയിലും ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകർക്ക് സത്വര സഹായം നൽകുവാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോഴത്തെ ബഡ്ജറ്റിലില്ലാതെ പോയത് നിരാശാജനകമാണ്. റബ്ബർ കർഷകരുടെ അവസ്ഥ ദയനീയമാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ സമ്പദ്‌വ്യവസ്ഥ തകരുമെന്ന് ഞാൻ മുന്നറിയിപ്പ് നൽകുകയാണ്. റബ്ബറിന്റെ താങ്ങുവിലയിനത്തിൽ 500 കോടി രൂപ മാത്രമാണ് ഇപ്പോഴുമുള്ളത്. ഞാൻ അവതരിപ്പിച്ച ബജറ്റിലൊക്കെ 500 കോടി രൂപ നീക്കിവച്ചിരുന്നു. ആ തുക തന്നെയാണ് ഇപ്പോഴും വച്ചിരിക്കുന്നത്. എത്രയോ വർഷങ്ങൾ കഴിഞ്ഞു, പ്രശ്നം എത്രയോ ഗുരുതരമായി. ഇപ്പോൾ ഈ 500 കോടി രൂപ മതിയോ? പോരാ. റബ്ബറിന്റെ താങ്ങുവില നിലവിലെ 150 രൂപയിൽ നിന്ന് 250 രൂപയായെങ്കിലും വർദ്ധിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പ്രവാസി ചിട്ടി ആരംഭിച്ചപ്പോൾ പ്രസ്തുത ചിട്ടിയിൽ ചേരുന്നവർക്ക് പെൻഷൻ നൽകുമെന്ന് കെ.എസ്.എഫ്.ഇ. പ്രഖ്യാപിച്ചിരുന്നു. ഇപ്പോൾ കിഫ്ബിയിൽ വൻതുക നിക്ഷേപിക്കുന്നവർക്ക് മറ്റൊരു പെൻഷൻ കൂടി പ്രഖ്യാപിച്ചിരിക്കുകയാണ്. പക്ഷെ ഇതൊക്കെ വെറും പ്രസ്താവനയാണ്. കേന്ദ്ര ചിട്ടി നിയമമനുസരിച്ചോ റിസർവ് ബാങ്ക് നിയമമനുസരിച്ചോ കെ.എസ്.എഫ്.ഇ.-ക്കോ കിഫ്ബിക്കോ പ്രവാസികളിൽ നിന്നും സ്ഥിരനിക്ഷേപം സ്വീകരിക്കാൻ അധികാരമില്ല. അങ്ങനെ സ്വീകരിച്ചാൽ അത് കുറ്റകരമാണ്. അങ്ങനെയിരിക്കെ റിസർവ് ബാങ്ക് നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായുള്ള ബഡ്ജറ്റിലെ പ്രസ്താവനകൾ, വാസ്തവത്തിൽ അത്ഭുതം തോന്നിപ്പോകുകയാണ്. പ്രവാസി ചിട്ടി ആരംഭിക്കുന്നതിനുമുമ്പ് തന്നെ അതിന്റെ നിയമവശങ്ങൾ സഭയിൽ ചർച്ച ചെയ്യാമെന്ന് ധനകാര്യ വകുപ്പുമന്ത്രി വാഗ്ദാനം ചെയ്തിരുന്നതാണ്. എന്നാൽ അത് പാലിച്ചിട്ടില്ല. പ്രവാസി ചിട്ടിയിലെ വ്യവസ്ഥകൾ പലതും ആർ.ബി.ഐ.-യുടെയും സെബിയുടെയും പ്രഖ്യാപിത നയങ്ങൾക്ക് വിരുദ്ധവും കുറ്റകരവുമാണ്.

3.00 PM

ജി.എസ്.ടി.-ൽ ഏർപ്പെടുത്തിയ ഒരു ശതമാനം പ്രളയസെസ് പിൻവലിക്കണം. അത് വിലക്കയറ്റം സൃഷ്ടിക്കുന്നതാണ്. ഒരു ശതമാനം സെസ് പ്രാബല്യത്തിൽ വരുന്നതോടുകൂടി വീണ്ടും വിലവർദ്ധനയ്ക്ക് അത് കാരണമാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. 2019-ലെ ബജറ്റിൽ നീക്കിവച്ചിട്ടുള്ള വകയിരുത്തലുകൾ അയഥാർത്ഥമാണ്.

2018-19-ലെ നടപ്പുവർഷത്തിൽ റിവൈസ്ഡ് ബഡ്ജറ്റിൽ ജീവനക്കാരുടെ ശമ്പളം 32,218 കോടി രൂപ, പെൻഷൻ 18,189 കോടി രൂപ, പലിശ 15,626 കോടി രൂപ. വളരെ കുറഞ്ഞ തുകയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്. ഇതിനേക്കാൾ കൂടുതലാണ് യഥാർത്ഥ ചെലവ്. അപ്പോൾ തികയാത്ത തുകകളാണ് ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്നത്. യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാത്ത രീതിയിലാണ് ബഡ്ജറ്റിലെ തുകകളുടെ വകയിരുത്തലുകൾ. അതുകൊണ്ട് ബജറ്റ് ഒന്നുകൂടി ശാസ്ത്രീയമാക്കണം. ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ബഡ്ജറ്റ് പുനഃക്രമീകരിക്കണം എന്നുമാത്രമേ എനിക്ക് പറയുവാനുള്ളൂ. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കട്ടെ. ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ല. അദ്ദേഹം ഇക്കാര്യങ്ങൾ പ്രത്യേകം പരിശോധിക്കണം. ഇങ്ങനെയുള്ള വിമർശനങ്ങൾ പരിശോധിച്ച് പരിഹരിക്കേണ്ടതാണെങ്കിൽ പരിഹരിക്കണം. അങ്ങനെ ചെയ്യാൻ ഗവൺമെന്റ് മടിക്കരുത്. ദുരഭിമാനം ഗവൺമെന്റിനുണ്ടാകാൻ പാടില്ല. നമുക്ക് നല്ല ബഡ്ജറ്റ് വേണം. ഞങ്ങൾ എല്ലാവരും അതിനെ സപ്പോർട്ട് ചെയ്യാൻ തയ്യാറാണ്. എല്ലാവർക്കും നന്ദി.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പ്രളയത്തിൽ തകർന്ന കേരളത്തെ കൈപിടിച്ചുയർത്തി, പുനരധിവാസ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തി, പുതിയ കേരളം സൃഷ്ടിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ആത്മാർത്ഥമായി അനുകൂലിക്കുകയാണ്.

ഈ ബജറ്റിൽ തൃശ്ശൂർ ജില്ലയെ പൊതുവെയും എന്റെ മണ്ഡലത്തെ പ്രത്യേകിച്ചും പരിഗണിച്ചതിന് അദ്ദേഹത്തോടുള്ള നന്ദി രേഖപ്പെടുത്തുകയാണ്. തൃശ്ശൂർ ജില്ലയുമായി ബന്ധപ്പെട്ട് ഒന്നുരണ്ടു കാര്യങ്ങൾ ഈ ബഡ്ജറ്റ് ചർച്ചയുടെ ഭാഗമായി ശ്രദ്ധയിൽ പെടുത്താനുണ്ട്. ഒന്ന്, റിവർ ബേസിൻ അതോറിറ്റിയുടെ രൂപീകരണത്തിന്റെ ഭാഗമായി പുഴകളുടെ നദീതട പ്രവർത്തനങ്ങളിൽ ചാലക്കുടിപ്പുഴയെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്. ആറുമണ്ഡലങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളവും ജലസേചനവും ലഭ്യമാക്കുന്ന ഒരു പുഴയാണ് ചാലക്കുടിപ്പുഴ. ഷോളയാർ, പെരിങ്ങൽക്കുത്ത് എന്നീ

രണ്ട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ, അതിരപ്പിള്ളി അനുബന്ധ ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയെല്ലാം സ്ഥിതിചെയ്യുന്നത് ഇതിലാണ്. അതുപോലെ നിരവധി തൊഴിൽ സ്ഥാപനങ്ങൾ, ആയിരക്കണക്കിനാളുകളുടെ ഉപജീവനമാർഗ്ഗങ്ങളെല്ലാം ചാലക്കുടി പുഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. പ്രളയം ഈ പുഴയെയും തീരത്തെയും തകർത്തിരിക്കുകയാണ്. അതുകൊണ്ട് റിവർ ബേസിൻ അതോറിറ്റി രൂപീകരണത്തിന്റെ ഭാഗമായി നദീതട പദ്ധതിയിൽ ചാലക്കുടിപ്പുഴയെ കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം, സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്ത പട്ടയവുമായി ബന്ധപ്പെട്ടാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്ത് പൊതുവെയും തൃശ്ശൂർ ജില്ലയിൽ പ്രത്യേകിച്ചും ആയിരക്കണക്കിനാളുകൾക്ക് പട്ടയം നൽകിയിട്ടുണ്ട്. ഈയിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ഞങ്ങളുടെ ജില്ലയിലെ മന്ത്രിമാരെല്ലാം പങ്കെടുത്ത് എണ്ണായിരത്തിലധികം പേർക്ക് പട്ടയം നൽകുകയുണ്ടായി, അതിൽ കുറച്ച് വനഭൂമി ഉൾപ്പെടെയുണ്ട്. എന്നാൽ എണ്ണായിരത്തോളം വരുന്ന, വളരെക്കാലമായി താമസിക്കുന്ന മലയോര കർഷകർക്ക് പട്ടയം ലഭിക്കാത്ത ഒരു സ്ഥിതിയുണ്ട്. അതുകൂടി പരിഹരിക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണം. മലയോര കർഷകർ, വിവിധ പുറമ്പോക്കുകൾ, മേച്ചിൽപ്പുറം, വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സ്ഥലം എന്നിവിടങ്ങളിൽ കാലങ്ങളായി താമസിക്കുന്നവർക്കുള്ള പട്ടയമുൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടികൾ ത്വരിതപ്പെടുത്തി അവർക്ക് കൂടി പട്ടയം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രളയവുമായി ബന്ധപ്പെട്ട് ഞങ്ങളുടെ ജില്ലയിൽ നടന്ന പ്രവർത്തനങ്ങൾ വളരെ അഭിനന്ദനാർഹവും മാതൃകാപരവുമാണ്. സർക്കാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെ ഞങ്ങളുടെ ജില്ലയിലുള്ള മൂന്ന് മന്ത്രിമാരും നല്ലതുപോലെ ഞങ്ങളുടെ ജില്ലയെ സഹായിച്ചിട്ടുണ്ട്. ഇവിടെ പ്രളയവുമായി ബന്ധപ്പെട്ട കാര്യം സംസാരിച്ചപ്പോൾ മനുഷ്യനിർമ്മിതമാണെന്ന് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അതെല്ലാം ഈ സഭ പലവട്ടം ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങളാണ്. ഈ നൂറ്റാണ്ടു കാണാത്ത അതിതീവ്രമായ മഴയും അതിനെത്തുടർന്നുണ്ടായ പ്രളയവുമാണ് ഇവിടെ കെടുതി വിതച്ചതെന്ന് സഭ ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് പ്രവേശിക്കുന്നില്ല.

എനിക്ക് സുനാമിയെപ്പറ്റി ബഹുമാന്യനായ മാണി സാർ പറഞ്ഞപ്പോൾ ഓർമ്മ വന്നത്, ഞാൻ 2006-ൽ സഭയിൽ വരുമ്പോൾ സുനാമിയെ സംബന്ധിച്ച് നടത്തിയ ചർച്ചകളാണ്. സുനാമി നടന്നത് കടൽപ്രദേശത്താണ്. പക്ഷെ, ആ ഫണ്ട് വകമാറി പാല, പുതുപ്പള്ളി മണ്ഡലങ്ങളിൽ ചെലവ് ചെയ്ത കാര്യവും വീട് നിർമ്മിച്ച് കൊടുത്തത് എങ്ങും എത്താത്തതും സർക്കാരിന്റെ പിടിപ്പുകേടുമെല്ലാം

ഈ സഭയിൽ ചർച്ച ചെയ്ത കാര്യം ഞാൻ ഓർക്കുകയാണ്. അതുപോലെ സുനാമിയുമായി ബന്ധപ്പെട്ട അനുഭവങ്ങളുള്ളതുകൊണ്ടാകാം പ്രളയത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ജീവൻരക്ഷാ പ്രവർത്തനങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും കണ്ട് എന്റെ മണ്ഡലത്തിലെ ജനങ്ങൾ പറയുന്നത്, പ്രളയം ഉണ്ടായപ്പോൾ എൽ.ഡി.എഫ്. സർക്കാരും സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയും അല്ലായിരുന്നുവെങ്കിൽ കേരളത്തിന്റെ അവസ്ഥ എന്തായിരിക്കുമായിരുന്നു എന്നാണ്.

'നിപ'യുമായി ബന്ധപ്പെട്ട് നമ്മൾ നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. മരണനിരക്ക് കുറച്ചു കൊണ്ടുവരാൻ നമുക്കു കഴിഞ്ഞു. ലോകത്ത് പല സ്ഥലത്തും നിപയുണ്ടായ രാജ്യങ്ങളിൽ നൂറു കണക്കിനാളുകൾ മരിച്ചപ്പോൾ ഗവൺമെന്റിന്റെ ജാഗ്രതയോടുകൂടിയ കൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഇവിടെ മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്. അമേരിക്കയിലെ ഒരു ഇൻസ്റ്റിറ്റ്യൂട്ട് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ആരോഗ്യ വകുപ്പുമന്ത്രിയെയും ക്ഷണിച്ച് ആദരിച്ച കാര്യവും ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്.

പ്രളയവുമായി ബന്ധപ്പെട്ട് ഒന്നും ചെയ്തില്ലെന്ന് ആക്ഷേപിക്കുന്നുണ്ട്. പ്രളയക്കെടുതിയിൽ തൃശ്ശൂർ ജില്ലയിൽ 3454 വീടുകൾക്കാണ് പൂർണ്ണമായും നാശനഷ്ടം സംഭവിച്ചത്. അതിൽ 2420 പേർക്ക് ആദ്യ ഗഡുവായി 23,01,42,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. അവകാശ തർക്കം അല്ലെങ്കിൽ രേഖകളുടെ പ്രശ്നങ്ങൾമൂലം പരിഹരിക്കാൻ കഴിയാതെ കിടക്കുന്ന 304 കേസ്സുകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 1,25,932 പേർക്ക് 10,000 രൂപ വീതം 125,93,20,000 രൂപ അടിയന്തര ധനസഹായം നൽകി. ഭാഗികമായി നാശനഷ്ടം സംഭവിച്ച 16,075 വീടുകൾക്ക് ധനസഹായം നൽകി. തൃശ്ശൂർ ജില്ലയിൽ മാത്രം പ്രളയക്കെടുതിയിൽ വീടുകൾക്ക് പൂർണ്ണമായും ഭാഗികമായും നാശനഷ്ടം സംഭവിച്ചതിനുള്ള ധനസഹായമായി മൊത്തം 175,11,37,800 രൂപ വിതരണം ചെയ്തുകഴിഞ്ഞു. അപ്പീലുകൾ പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലയിൽ കുടുംബശ്രീകൾ വഴി 18,884 കുടുംബങ്ങൾക്ക് 166,00,00,000 രൂപ വായ്പ ലഭ്യമായിട്ടുണ്ട്. കന്നുകാലി നഷ്ടപ്പെട്ട 3500 ഗുണഭോക്താക്കൾക്ക് മൃഗാശുപത്രി വഴി 4,00,00,000 രൂപ അനുവദിച്ചു. യു.ഡി.എഫ്. സർക്കാർ ഭരിക്കുന്ന സമയത്ത് കുളമ്പുരോഗം ബാധിച്ച് നൂറുകണക്കിന് പശുക്കൾ ചത്തൊടുങ്ങിയപ്പോൾ 40,000 രൂപ കൊടുക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും നാമമാത്രമായ ആളുകൾക്കാണ് കൊടുത്തതെന്നുള്ള കാര്യം ഓർക്കേണ്ടതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 14,369 ഗുണഭോക്താക്കൾക്ക് 7,18,45,000 രൂപ നൽകിയിട്ടുണ്ട്. കൃഷിനാശം സംഭവിച്ച 27,961 കർഷകർക്ക് കൃഷി വകുപ്പുവഴി 14,45,00,000 രൂപ നൽകി. പ്രളയത്തിൽ വീട് പൂർണ്ണമായും നശിച്ചവരും പുറമ്പോക്കിൽ താമസിച്ച് വരുന്നവരുമായ 276 പേരെ പുനരധിവസിപ്പിക്കുന്നതിന് ഭൂമി കണ്ടെത്തി സ്പോൺസർമാരെ കൂടി സഹകരിപ്പിച്ച് പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ചരിത്രത്തിൽ ഒരിക്കലും നേരിടാത്ത പ്രശ്നങ്ങളാണ് പിണറായി സർക്കാർ നേരിട്ടത്. ഓഖിദുരന്തം, നിപവൈറസ്, പ്രളയം തുടങ്ങിയവയും നോട്ട് നിരോധനം, ജി.എസ്.ടി. തുടങ്ങിയവ നടപ്പിലാക്കിയതുമൂലവും കേന്ദ്ര അവഗണനയും കാരണം ഉണ്ടായ സാമ്പത്തിക പ്രതിസന്ധി, വർഗ്ഗീയ ശക്തികൾ കേരളത്തെ കലാപ ഭൂമിയാക്കാനുള്ള നീക്കങ്ങൾ തുടങ്ങിയ പ്രതിസന്ധികൾക്കിടയിലാണ് ഈ സർക്കാർ ആയിരം ദിനങ്ങൾ വിജയകരമായി പൂർത്തീകരിക്കുന്നത്.

ഈ വർഷത്തെ സാമ്പത്തിക സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. കാർഷിക മേഖലയടക്കം മിക്കവാറും എല്ലാ മേഖലകളിലും വലിയ നേട്ടമാണ് ഉണ്ടാക്കിയത്. ദേശീയ തലത്തിൽ തുടർച്ചയായി കാർഷിക വ്യവസായ മേഖലകളിൽ തളർച്ചയാണുണ്ടായത്. പ്രതിസന്ധികൾക്കിടയിലും ഈ മേഖലകളിൽ നേട്ടമുണ്ടായി എന്നുള്ളത് ആയിരം ദിനങ്ങളിലെ സർക്കാരിന്റെ പ്രവർത്തന മികവാണ് തെളിയിക്കുന്നത്. ദേശീയതലത്തിൽ കർഷകരുടെ സമരം ഉയർന്നുവരുന്നത് ഇത്തരുണത്തിൽ നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്.

നിപ വൈറസ് പരത്തിയ ഭീതി എടുത്തുപറയേണ്ട കാര്യമാണ്. പക്ഷെ, അതെല്ലാം അസ്ഥാനത്താക്കിക്കൊണ്ടാണ് ആരോഗ്യ വകുപ്പും മന്ത്രിയും പ്രവർത്തിച്ചതെന്ന് ലോകം മുഴുവൻ അംഗീകരിച്ച കാര്യമാണ്. ആർദ്രം പദ്ധതിയുടെ ശക്തി ഇതോടെ വ്യക്തമാകുന്നു. പ്രളയത്തെ നേരിട്ട രീതിയെ സംബന്ധിച്ച് എല്ലാവരും വിശദീകരിച്ചതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല.

എല്ലാവർക്കും വീട് എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാൻ പറ്റുന്ന സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. ലൈഫ് മിഷൻ കേരളം അംഗീകരിച്ചു. വിവിധ മേഖലകളുടെ ഉദ്ഗ്രഥനത്തിലൂടെ ഏത് ലക്ഷ്യവും നേടിയെടുക്കാമെന്ന സാമ്പത്തിക സങ്കൽപ്പം ഇവിടെ യാഥാർത്ഥ്യമാകുന്നു. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറാൻ പോകുന്നു. ആയിരം ദിവസത്തിനുള്ളിലാണ് ഈ യാഥാർത്ഥ്യം ശരിയായത് എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ടതാണ്. 141 അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ ജൂൺ 1-ന് മുമ്പ് യാഥാർത്ഥ്യമാകുവാൻ പോകുന്നു. മിക്കവാറും സർക്കാർ സ്കൂളുകൾക്ക് പണം അനുവദിച്ചുകഴിഞ്ഞു. അവിശ്വസനീയമായ മാറ്റങ്ങളാണ് കേരളത്തിൽ നടക്കുന്നത്. ഈ മാറ്റങ്ങളുടെയെല്ലാം പശ്ചാത്തലം കേരളത്തിന്റെ സമ്പദ്വ്യവസ്ഥയാണ്. ജി.എസ്.ടി. നമ്മളെ സഹായിച്ചില്ലെങ്കിൽ പോലും കിഫ്ബിയും ബഡ്ജറ്റും ചേർന്ന് ഒരു പുതിയ സാമ്പത്തിക മുഖം തുറന്നിരിക്കുന്നു. കിഫ്ബിയും ബഡ്ജറ്റും എന്ന പുതിയ ആശയം കേരളം ഇന്ത്യക്ക് നൽകിയിരിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ ഏറ്റവും കൂടുതൽ പോസ്റ്റുകൾ അനുവദിച്ചത് നമുക്ക് കാണാൻ കഴിയും. പൊതുമരാമത്ത് മേഖലയുടെ അഭൂതപൂർവ്വമായ വളർച്ചയുടെ കാരണം കിഫ്ബി- ബഡ്ജറ്റ് ആശയമാണ്. ഈ

ബന്ധം റോഡുകളുടെയും പാലങ്ങളുടെയും ജലസേചനത്തിന്റെയും കുടിവെള്ളത്തിന്റെയും സാധ്യത അനന്തമാക്കിയിരിക്കുന്നു. വികസനം എന്ന ആശയത്തിന്റെ പൂർണ്ണതയിലേയ്ക്ക് കേരളം നീങ്ങുന്നുവെന്ന പ്രതീതിയാണ് ആയിരം ദിനങ്ങൾ കൊണ്ട് പിണറായി സർക്കാർ ഉണ്ടാക്കിയിരിക്കുന്നത്.

കാരുണ്യ പോലുള്ള പദ്ധതികൾ ഈ സർക്കാർ ഉപേക്ഷിക്കുന്നുവെന്ന് പറയുകയുണ്ടായി. ഉപേക്ഷിച്ചിട്ടില്ല. രണ്ട് ലക്ഷം രൂപ എന്ന പരിധി ഉയർത്തി മൂന്ന് ലക്ഷം രൂപയാക്കി പ്രസ്തുത പദ്ധതിയെ കൂടുതൽ ശക്തിപ്പെടുത്താനാണ് നടപടി സ്വീകരിച്ചത്. എന്നാൽ മുൻകാലങ്ങളിൽ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്നിട്ടുള്ള ജനോപകാരപ്രദമായ പല പദ്ധതികളും പിന്നീട് യു.ഡി.എഫ്. സർക്കാർ ഉപേക്ഷിച്ചതായി നമുക്ക് കാണാൻ കഴിയും. ഭൂപരിഷ്കരണത്തെ തുരങ്കം വയ്ക്കുകയും സമ്പൂർണ്ണ സാക്ഷരത യജ്ഞത്തിന്റെ ബഹുജനസത്ത ചോർത്തിക്കളയുകയും ജനകീയാസൂത്രണ പ്രസ്ഥാനത്തെ തകർക്കുകയും ചെയ്യുന്ന സമീപനമാണ് യു.ഡി.എഫ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുടെ പേരുതന്നെ മാറ്റിക്കളഞ്ഞു. അഞ്ചുലക്ഷം പേർക്ക് വീട് കൊടുത്ത ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി ഉപേക്ഷിക്കുന്ന അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ ഈ സർക്കാർ ഒരു പദ്ധതിയും ഉപേക്ഷിച്ചിട്ടില്ലെന്ന് മാത്രമല്ല കൂടുതൽ ശക്തിയായി നടപ്പിലാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ഈ ഗവൺമെന്റ് വനിതാപക്ഷ നിലപാടുകളാണ് സ്വീകരിക്കുന്നത്. എൽ.ഡി.എഫ്. ആണ് കുടുംബശ്രീ പ്രസ്ഥാനത്തെ കേരളത്തിലേയ്ക്ക് കൊണ്ടുവന്നത്. അമ്പത് ശതമാനം സ്ത്രീകൾക്ക് റിസർവേഷൻ ഏർപ്പെടുത്തിയതും ജെൻഡൻ ബജറ്റ് കൊണ്ടുവന്നതും സ്ത്രീകൾക്ക് ഫയർഫോഴ്സ് യൂണിറ്റിൽ കൂടുതൽ റിസർവേഷൻ ഏർപ്പെടുത്തിയതും സ്ത്രീകൾക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതും ഈ സർക്കാരാണ്. സ്ത്രീ മുന്നേറ്റത്തിനും സ്ത്രീ ശാക്തീകരണത്തിനും മുന്തിയ പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്.

കോൺഗ്രസ് ഭരിച്ചിരുന്നപ്പോൾ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളൊന്നും നിറവേറ്റിയിട്ടില്ല. കോൺഗ്രസിന് ജനങ്ങളെ അഭിമുഖീകരിക്കാൻ കഴിയണമെങ്കിൽ നയം മാറ്റണം. കോൺഗ്രസിലെ നയമാണ് ബി.ജെ.പി. നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക നയങ്ങളുടെ കാര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും തമ്മിലുള്ള വ്യത്യാസമാണ് ജനങ്ങൾ വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. അഴിമതിയുടെ കാര്യത്തിൽ എന്താണ് വ്യത്യാസം. അതുകൊണ്ട് തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ജനങ്ങളെ സമീപിക്കാൻ കഴിയണമെങ്കിൽ തങ്ങൾക്ക് പറ്റിയ പിശകുകൾ, നയങ്ങൾ തെറ്റായിരുന്നുവെന്ന് ജനങ്ങളോട് തുറന്നുപറയണം. ജനങ്ങളെ ദ്രോഹിക്കുന്ന, തൊഴിലാളികളെ ദ്രോഹിക്കുന്ന സാമ്പത്തിക നയങ്ങളാണ് കോൺഗ്രസ്സും ബി.ജെ.പി.യും

നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതിനൊക്കെ ബദലായി കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് മതനിരപേക്ഷതയുടെ കാവലാളാണ്. അതാണ് അഭിമാന ത്തോടുകൂടി നമ്മൾ കാണുന്നത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വർഗ്ഗീയ ലഹളകൾ നടക്കുമ്പോൾ ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഒരു വർഗ്ഗീയലഹളപോലും നടക്കുന്നി ല്ലെന്നുള്ളത് നമുക്ക് ആശ്വസിക്കാവുന്ന, അഭിമാനിക്കാവുന്ന കാര്യമാണ്. ഇവിടെയാണ് ന്യൂനപക്ഷങ്ങൾക്കും ദളിതർക്കും രക്ഷാബോധമുള്ളത്. ഇന്ത്യയുടെ പല സംസ്ഥാന ങ്ങളിലും ന്യൂനപക്ഷങ്ങളും ദളിതരും വേട്ടയാടപ്പെടുമ്പോൾ കേരളത്തിൽ അത് നടക്കാത്തതിന്റെ ഗ്യാരന്റി ഇടതുപക്ഷ ഗവൺമെന്റാണ്, ഈ സർക്കാരാണ്. അതുകൊണ്ട് ഈ സർക്കാരിനെ ശക്തിപ്പെടുത്താൻ, ഈ ഗവൺമെന്റ് ജനങ്ങൾക്ക് കൂടുതൽ വികസനങ്ങളും ക്ഷേമങ്ങളും നടത്താൻ വേണ്ടി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് വളരെ ആഹ്ലാദത്തോടെയും അമിതാവേശത്തോടെയുമാണ് ആദ്യത്തെ ബജറ്റ് അവതരിപ്പിച്ചത്. രണ്ടാമത്തെ ബഡ്ജറ്റ് അവതരി പ്പിച്ചപ്പോൾ സന്തോഷവാനായിട്ടാണ് കാണപ്പെട്ടത്. മൂന്നാമത്തെ ബഡ്ജറ്റ് മ്ലാനതയോടെയാണ് അവതരിപ്പിച്ചത്. വളരെ ശോകമൂകമായ അന്തരീക്ഷമാണെന്ന് അവതരിപ്പിക്കുമ്പോൾ തന്നെ അദ്ദേഹം പറഞ്ഞു. അത് അന്വർത്ഥമാക്കിക്കൊണ്ട് ബഡ്ജറ്റ് അവസാനിപ്പിക്കുമ്പോൾ അദ്ദേഹം കുമാരനാശാന്റെ

"കാലം മാറിപ്പോയി, കേവലമാചാര-

നൂലുകളെല്ലാം പഴകിപ്പോയി"

എന്ന അർത്ഥവത്തായ വരികൾ പറഞ്ഞുകൊണ്ടാണ് അവസാനിപ്പിച്ചത്. ഡോ. ടി. എം. തോമസ് ഐസകിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ ആത്മഗതവും നിസ്സഹായതയും അതിൽ പ്രകടമാണ്.

ഒന്നാമത്തെ ബജറ്റിൽ അദ്ദേഹത്തിന് ആഹ്ലാദമുണ്ടാകാൻ കാരണമുണ്ട്. കാരണം അതിൽ കിഫ്ബി എന്ന പുതിയൊരു ആശയം കൊണ്ടുവന്നു. അത് നല്ല ആശയമാണ്. നാട്ടിൽ ഒരു മാറ്റമുണ്ടാക്കാൻ വെമ്പൽ കൊള്ളുന്ന അദ്ദേഹത്തിന്റെ ആഹ്ലാദവും ആവേശവും സ്വാഭാവികമാണ്.

രണ്ടാമത്തെ ബജറ്റ് അവതരിപ്പിച്ചപ്പോൾ അത്ര ആഹ്ലാദമുണ്ടായില്ലെങ്കിലും ജി.എസ്.ടി.-യിലൂടെ വരുമാനമൊക്കെ വർദ്ധിക്കും, അപ്പോൾ നന്നായി പ്രവർത്തിക്കാൻ കഴിയുമെന്ന് വിചാരിച്ച് അദ്ദേഹം മനസ്സാ വാചാ കർമ്മണാ അതിനെ സപ്പോർട്ട് ചെയ്തു.

മൂന്നാമത്തെ ബഡ്ജറ്റാകുമ്പോഴേയ്ക്കും ദുരന്തത്തിന്റെയും ദുരിതത്തിന്റെയും വേട്ടയാടപ്പെട്ട ഒരു സംസ്ഥാനത്തിന്റെ യഥാർത്ഥ ചിത്രം മനസ്സിൽ വച്ചുകൊണ്ടാണ് അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചത്. അതുകൊണ്ട് അദ്ദേഹം മ്ലാനവദനനായി കാണപ്പെട്ടു. വലിയ സന്തോഷമൊന്നും കണ്ടില്ല. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ആ ഭാവം പ്രകടമായിരുന്നു. എന്താണ് സംഭവമെന്ന് ചോദിച്ചാൽ, കേരളത്തിന് റവന്യൂ വരുമാനം ഉണ്ടാകുമെന്ന് പറഞ്ഞു. ഇപ്പോൾ അതെല്ലാം കേന്ദ്ര ഗവൺമെന്റ് അടിച്ചുകൊണ്ടുപോയി. ജി.എസ്.ടി. കിട്ടിയാൽ സംസ്ഥാനത്തിന് വലിയ വരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിച്ചതാണ്. നേരത്തെ 18 ശതമാനം വർദ്ധനവുണ്ടായിരുന്നെങ്കിൽ ഇപ്പോൾ അത് 10 ശതമാനമായി ചുരുങ്ങി. മാത്രമല്ല എന്ത് കിട്ടും; എങ്ങനെ കിട്ടും; എന്നുള്ള യാതൊരു ഐഡിയയുമില്ല. പുതിയ വരുമാനമാർഗ്ഗമൊന്നും കണ്ടെത്താൻ കഴിയില്ല. സമ്മതം കിട്ടിയ വകയിൽ ആകെ ഒരു ശതമാനം വർദ്ധിപ്പിച്ചു. അതാണെങ്കിൽ ഇടിത്തീ പോലെ സാധാരണക്കാരായ ജനങ്ങളെ മുഴുവൻ ബാധിച്ചു. വിയർപ്പിന്റെ ഗന്ധമുള്ള നാണയത്തുട്ടുകൾ സ്വരൂപിച്ച് പ്രളയത്തെ മറന്ന് സഹായിച്ച ആ വിഭാഗത്തിനുതന്നെ ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തിക്കൊണ്ട് ക്രൂരമായൊരു തിരിച്ചടിയാണ് നൽകിയതെന്ന് പറയാതിരിക്കാൻ വയ്യ. അതുകൊണ്ട് ഒരു ശതമാനം സെസ് ഏർപ്പെടുത്തിയത് അങ്ങ് പിൻവലിക്കണം. ഈ സമൂഹം പ്രതിബദ്ധതയോടെയും ഐക്യത്തോടെയും പെരുമാറിയതിനുള്ള നന്ദിസൂചകമായി അത് കാണണമെന്നാണ് ഞാൻ പറയുന്നത്.

സാധാരണ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ, മുമ്പ് നൽകിയ പദ്ധതികൾ നടപ്പിലായോ ഇല്ലയോ എന്ന് നോക്കാതെ, പ്രതിവർഷം പത്ത് ലക്ഷം പേർക്ക് തൊഴിൽ എന്നിങ്ങനെയുള്ള വിവിധ പദ്ധതികളെക്കുറിച്ച് പറയും. അങ്ങനെയുള്ള ഒരു പദ്ധതിയും ഇതിൽ കണ്ടില്ല. കിഫ്ബി സ്വാഭാവികമായും നല്ല ആശയം തരുന്ന ഒന്നാണ്. ഇപ്പോൾ 2019 ആയി. ഈ സർക്കാരിന് ഇനി രണ്ട് വർഷം കൂടിയേ ബാക്കിയുള്ളൂ. പെട്രോൾ ഇനത്തിലും റോഡ് ടാക്സ് ഇനത്തിലും ഇതുവരെ വന്ന വരുമാനം 5258 കോടി രൂപയാണ്. മുമ്പ് അങ്ങ് പ്രതീക്ഷിച്ചതുപോലെ, 40,000 കോടി രൂപ പലിശരഹിത വായ്പ ഇനത്തിൽ ബാങ്കിലൂടെ കിട്ടുമെന്ന് പ്രതീക്ഷിച്ചത് ഇല്ലാതായിപ്പോയി. അത് പോകട്ടെ. പ്രവാസി ചിട്ടിയിലൂടെ അങ്ങ് പ്രതീക്ഷിച്ചത് 5000 കോടി രൂപയാണ്. ആകെ കിട്ടിയത് 77 ലക്ഷം രൂപയാണ്. ഇപ്പോഴത്തെ ഗൾഫിന്റെ അവസ്ഥ നമുക്കറിയാവുന്നതാണ്. ഇനി എങ്ങനെ മുന്നോട്ട് പോകുമെന്നുള്ളത് വളരെ ഗൗരവമായി ചിന്തിക്കേണ്ടതാണ്.

സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രശ്നം എന്താണ്? കഴിഞ്ഞ ആഴ്ച ഇന്ത്യയുടെ റേറ്റിംഗിന്റെ റിപ്പോർട്ട് വന്നു. തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ എണ്ണത്തിൽ പന്ത്രണ്ടര ശതമാനം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. തൊഴിലില്ലായ്മ പ്രശ്നം

പരിഹരിക്കാൻ ബഡ്ജറ്റിൽ എന്തെങ്കിലും പദ്ധതിയുണ്ടോ? ഒരു പദ്ധതിയുമില്ല. യുവാക്കൾ കൂടുതലുള്ള ഡി.വൈ.എഫ്.ഐ.-യിലെ ശ്രീ. എം. സ്വരാജിനെപ്പോലെയുള്ള നേതാക്കന്മാരൊക്കെ ഇവിടെയുണ്ടല്ലോ. ഇവിടത്തെ ചെറുപ്പക്കാരോട് മറുപടി പറയേണ്ടിവരും. അതിന് പ്രത്യേക പദ്ധതി കാണണ്ടേ? 25 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നാണ് നിങ്ങളുടെ പ്രകടന പത്രികയിൽ പറഞ്ഞത്. അതിന്റെ നിശ്ചിത ശതമാനമെങ്കിലും കൊടുക്കാൻ ഈ ബജറ്റിൽ ഏതെങ്കിലും പദ്ധതിയുണ്ടോ; കുടിവെള്ള പദ്ധതി ഏതെങ്കിലുമുണ്ടോ? 2017-ന്റെ തുടക്കത്തിൽ കിഫ്ബി പദ്ധതിയുടെ പ്രൊപ്പോസൽ കൊടുക്കാൻ പറഞ്ഞപ്പോൾ ഞങ്ങൾ ഒരു ഫ്ലൈ ഓവറിനുവേണ്ടി കൊടുത്തു. 2017-ലെ ആദ്യത്തെ ബഡ്ജറ്റിൽ ഫ്ലൈ ഓവറിന് 50 കോടി രൂപ തന്നു. അത് ഫോളോ അപ് ചെയ്തപ്പോൾ ആർ.ബി.ഡി.സി. ആണ് വർക്ക് ചെയ്യേണ്ടതെന്ന് പറഞ്ഞു. അവരോട് ചോദിച്ചപ്പോൾ അവരല്ല, അത് റോഡ് ഫണ്ട് ബോർഡ് ആണ് ചെയ്യേണ്ടതെന്ന് പറഞ്ഞു. അവർ പറയുന്നത് 'ഞങ്ങൾ ഓവർ ബ്രിഡ്ജിന്റെ വർക്ക് മാത്രമേ ചെയ്യുകയുള്ളൂ' എന്നും 'അത് ആർ.ബി.ഡി.സി.-യാണ് ചെയ്യുന്നത്' എന്നും പറഞ്ഞു. ഇതുമായി അങ്ങോട്ടുമിങ്ങോട്ടും പോയി എല്ലാ മന്ത്രിമാരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും വിളിച്ചുപറയുകയും അവസാനം ധനകാര്യ വകുപ്പുമന്ത്രിയെ വന്ന് കണ്ടതിനുശേഷം കഴിഞ്ഞ ആഴ്ചയാണ് പറഞ്ഞത് ആ വർക്ക് ആർ.ബി.ഡി.സി. തന്നെയാണ് ചെയ്യുന്നതെന്ന്. ഇനി ആ വർക്ക് തുടങ്ങി പൂർത്തിയാക്കാൻ ഈ സർക്കാരിന്റെ ഭരണകാലത്തിനിടയിൽ നടക്കുമോ? ഈ പദ്ധതിയെല്ലാം നടപ്പാക്കാമെന്നാണ് അങ്ങ് ഉദ്ദേശിക്കുന്നത്. ആയിരം കോടി രൂപയോ പതിനായിരം കോടി രൂപയോ ആയാലും പ്രശ്നമില്ല. കാരണം പ്രോജക്ടെല്ലാം തയ്യാറാക്കിക്കഴിയുമ്പോൾ സമയമെടുക്കും. അതുകഴിയുമ്പോൾ സ്വാഭാവികമായും ഇതൊരു ഏജൻസിയെ ഏല്പിച്ച് പണി തുടങ്ങണം. പണി തുടങ്ങിക്കഴിയുമ്പോഴേയ്ക്കും ഈ സർക്കാരിന്റെ കാലാവധി കഴിയും. സ്വാഭാവികമായും അടുത്ത ഗവൺമെന്റിനാണ് ഇതിന്റെ ബാദ്ധ്യതയെല്ലാം വരിക. അപ്പോൾ പണമൊന്നും പിരിച്ചില്ലെങ്കിലും ഈ പ്രോജക്ട് വച്ചുകൊണ്ട് മുന്നോട്ട് പോകാൻ കഴിയും. ഈ ഒരു സൂത്രപ്പണിയാണ് അങ്ങ് ചെയ്യുന്നത്. അതിൽ യാതൊരു സംശയവുമില്ല. കിഫ്ബി എന്ന ആശയം നടപ്പാക്കുമ്പോൾ നല്ലൊരു ഹോം വർക്ക് വേണ്ടേ; വർക്ക് ഇംപ്ലിമെന്റ് ചെയ്യേണ്ട നമ്മുടെ ഏജൻസി ആരാണ്? സർക്കാരിന്റെ ചില സ്കൂൾ പദ്ധതികൾ നടപ്പിലാക്കുന്നതിന് പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗമുണ്ട്. അവയെ അപ്ഡേറ്റ് ചെയ്താൽ ഇത്തരം വർക്കുകൾ ചെയ്യുന്നതിന് അവരെത്തന്നെ ഉപയോഗപ്പെടുത്താൻ കഴിയും. ഇപ്പോൾ അവരെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. പുതിയൊരു ഏജൻസിയെ സമീപിച്ചാൽ അവരുടെ സമയത്തിനും താല്പര്യത്തിനും അനുസരിച്ച് കാര്യങ്ങൾ നീക്കുന്നതിനാൽ കൃത്യമായി വർക്ക് തീരുന്നില്ല. പല ഡിസൈനുകളും കിട്ടാൻ താമസിക്കുന്നതിനെക്കുറിച്ച് നമുക്കറിയാം.

അപ്പോൾ സ്വാഭാവികമായും അത് ലാഗ് ചെയ്തുപോകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ രീതിയിൽ കാര്യങ്ങൾ പോകുന്നതുകൊണ്ട് സർക്കാരിന് വേണ്ടത്ര രീതിയിൽ മുന്നോട്ട് പോകാനോ വേണ്ടത് ചെയ്യാനോ കഴിയുന്നില്ല. ഓരോ കാലഘട്ടത്തിലുമുള്ള പദ്ധതികൾ വന്നുകഴിഞ്ഞാൽ അത് ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുന്നില്ല.

കഴിഞ്ഞ ഗവൺമെന്റ് കുടിവെള്ളത്തിനുവേണ്ടി കടലോര മേഖലയിലെ വെട്ടം പഞ്ചായത്തിലും തലക്കാട് പഞ്ചായത്തിലുമായി (ഒന്ന് ഇടതുപക്ഷം ഭരിക്കുന്ന പഞ്ചായത്തും മറ്റേത് യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുമാണ്) 36 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് ടെണ്ടർ ചെയ്തു. ടെണ്ടർ ചെയ്ത പദ്ധതി ഈ ഗവൺമെന്റ് വന്നപ്പോൾ ക്യാൻസൽ ചെയ്തു. പകരം കുടിവെള്ള പദ്ധതി കൊണ്ടു വരികയോ പുതിയ പദ്ധതി ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ല. തിരൂരിലെ സമാന്തര റെയിൽവേ ഓവർ ബ്രിഡ്ജ് അപകടകരമായ അവസ്ഥയിലാണെന്ന് കഴിഞ്ഞ ആഴ്ച റിപ്പോർട്ട് ചെയ്തതാണ്. അതിന് മൂന്ന് കോടി രൂപ ആവശ്യപ്പെട്ടിട്ട് അതുപോലും ഈ ബഡ്ജറ്റിൽ തന്നില്ല. ഇത് സംബന്ധിച്ച് ശ്രീ. ടി. വി. ഇബ്രാഹിം കഴിഞ്ഞ ദിവസം പറഞ്ഞതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല.

മലപ്പുറം ജില്ലയെ അങ്ങ് പാടെ തഴഞ്ഞിട്ടുണ്ടെന്ന് ഞാൻ പറയുന്നില്ല, ഇടതുപക്ഷ എം.എൽ.എ. മാരുടെ മണ്ഡലങ്ങളൊഴിച്ച്, കിഫ്ബി പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളെടുത്ത് പരിശോധിച്ചാലും ഈ ഒരു സമീപനമാണുള്ളത്. ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം അത്തരമൊരു സമീപനം ഒരിക്കലും ശരിയല്ല. അതുകൊണ്ട് വർഷങ്ങളായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്ന തിനാവശ്യമായ ഫണ്ട് കൊടുക്കണം. ജനോപകാരപ്രദമായ കാര്യങ്ങളിൽ വിശാലത കാണിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ച് ടെണ്ടർ ചെയ്ത കുടിവെള്ള പദ്ധതികളിൽ നിശ്ചലമായതും ഇല്ലാതായിപ്പോയതും ഈ ഗവൺമെന്റ് വന്ന് ക്യാൻസൽ ചെയ്തതുമായ പദ്ധതികൾക്ക് പകരം ഫണ്ട് നൽകേണ്ടത് സർക്കാരിന്റെ ധാർമ്മികമായ ഉത്തരവാദിത്തമാണ്.

വെട്ടം പഞ്ചായത്തിലെ തലക്കാട് പഞ്ചായത്തുൾപ്പെടെയുള്ള തീരദേശ കുടിവെള്ള പദ്ധതിക്ക് 36 കോടി രൂപയുടെ പദ്ധതി വീണ്ടും പുനഃസ്ഥാപിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഏറ്റവും അത്യാവശ്യമായിട്ടുള്ളതും യു.ഡി.എഫ്.-ന്റെ കാലത്ത് പൂർത്തീകരിച്ചതുമായ സമാന്തര റെയിൽവേ ഓവർബ്രിഡ്ജിന്റെ രണ്ട് അപ്രോച്ച് റോഡുകൾ തിരൂർ ടൗണിലുള്ളതാണ്. അതിനുള്ള ഫണ്ട് കൊടുത്തില്ലെങ്കിൽ അവിടെ ഗതാഗതം തടസ്സപ്പെടും. ഇപ്പോഴുള്ള പഴയ റോഡ് കഴിഞ്ഞയാഴ്ച തകർന്നു. അത്യാവശ്യ നടപടി സ്വീകരിച്ച് പുന:സ്ഥാപിച്ചതാണ്. ആ പ്രവൃത്തിക്ക് 3 കോടി രൂപ ആവശ്യമുണ്ട്. ഞങ്ങൾ

അതിനെ ഒന്നാമത്തെ പ്രയോറിറ്റിയായി കൊടുത്തെങ്കിലും അത് ബഡ്ജറ്റിൽ വന്നിട്ടില്ല. ഏതായാലും ന്യായമായ കാര്യങ്ങൾ ചെയ്യാൻ കഴിയുമെങ്കിൽ ചെയ്യണ മെന്നാണ് പറയാൻ ആഗ്രഹിക്കുന്നത്.

അതുപോലെ മുത്തൂരിലെ പുതിയ റെയിൽവെ ആർ.ഒ.ബി.-യുടെ പണിയെല്ലാം കഴിഞ്ഞു. അപ്രോച്ച് റോഡിനുള്ള ഫണ്ടിന്റെ പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. അതും പ്രത്യേകം പരിഗണിക്കണമെന്ന് അപേക്ഷിക്കുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ പോരാട്ടമാണ്. ജനാധിപത്യ മതേതര ഇൻഡ്യയുടെ പോരാട്ടത്തിൽ നമ്മളെല്ലാം ഒറ്റക്കെട്ടായി നിൽക്കുന്ന ഒരു കാലഘട്ടമാണിത്. പരസ്പരം അങ്ങോട്ടുമിങ്ങോട്ടും പഴിചാരി മുന്നോട്ടുപോയാൽ സംഭവിക്കുന്നത് നാം ഉദാത്തമായി ഉയർത്തിപ്പിടിച്ച നാനാത്വത്തിൽ ഏകത്വം എന്ന ആശയാടിസ്ഥാനശിലയിൽ പടുത്തുയർത്തപ്പെട്ട രാഷ്ട്രത്തിന്റെ തകർച്ചയായിരിക്കും. എല്ലാം മറന്നുകൊണ്ട് ഒറ്റക്കെട്ടായി ഈ രാജ്യത്ത് ഫാസിസവും വർഗ്ഗീയതയും തുത്തെറിയുന്നതിനുവേണ്ടി മുന്നോട്ടുപോകുന്ന ഘട്ടത്തിലും പരസ്പരം പഴിചാരുന്ന അവസ്ഥയിലേയ്ക്ക് മുന്നോട്ടുപോകാൻ പാടില്ല. ഈ ഒരു സന്ദേശം ഉൾക്കൊണ്ടുതന്നെ രാജ്യത്തിന്റെ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിലുള്ള കാര്യങ്ങളുമായി മുന്നോട്ടുപോകുമ്പോൾ, ഈ നാട്ടിലെ എല്ലാവരെയും ഒരുപോലെ കാണുന്ന സമീപനം കൂടി അങ്ങ് സ്വീകരിക്കണം. ഇപ്പോഴുള്ള സമീപനം അങ്ങേയ്ക്കുതന്നെ വലിയ ദുഃഖമാണ്.

'വെളിച്ചം ദു:ഖമാണുണ്ണീ

തമസ്സല്ലോ സുഖപ്രദം'

എന്നുപറഞ്ഞതുപോലെ, അങ്ങ് ഈ മുൾക്കിരീടമൊന്നു നീങ്ങിയാൽ മതിയാ യിരുന്നുവെന്ന് ഹൃദയത്തിലെങ്കിലും ആലോചിക്കുന്നുണ്ടാകാം. ഇതെല്ലാം സ്വാഭാവി കമാണ്. ഇതിനെ അതിജീവിക്കാനുള്ള മുന്നൊരുക്കങ്ങൾ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, ഇതിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഈ ബജറ്റിനെ ഞാൻ അഭിമാനത്തോടും സന്തോഷത്തോടുംകൂടി പിന്തുണയ്ക്കുകയാണ്. കേരളത്തിൽ അൻപതോ നൂറോ വർഷത്തിലൊരിക്കൽ മാത്രം സംഭവിക്കുന്ന ഒരു ദുരന്തമായിരുന്നു നമ്മൾ നേരിട്ടത്. കേരളത്തിലെ മൂന്നരക്കോടി ജനങ്ങൾ ദുരന്ത പ്രവർത്തനങ്ങളിൽ ഇടംപിടിക്കുന്ന ഒരു പ്രളയമായിരുന്നു നമുക്ക് അഭിമുഖീകരിക്കേണ്ടിവന്നത്. തോരാത്ത ശക്തമായ മഴ, ഉരുൾപൊട്ടലുകൾ, ജീവൻ നഷ്ടപ്പെടുന്ന കുടുംബങ്ങൾ, അതിഭീകരമായ പ്രതിസന്ധി നേരിട്ട ഘട്ടത്തിൽ രക്ഷാപ്രവർത്തനത്തിനുവേണ്ടി ജാതിമത ഭേദമന്യേ, രാഷ്ട്രീയ ത്തിനപ്പുറത്തു നിന്ന് പ്രവർത്തിച്ച കേരളത്തിലെ മുഴുവൻ ജനങ്ങളും, മത്സ്യത്തൊഴിലാളി രക്ഷാപ്രവർത്തകരും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരും ഉദ്യോഗസ്ഥന്മാരും താങ്ങും തണലും ആത്മവിശ്വാസവും പകർന്നുകൊണ്ട് തന്റെ രോഗത്തിന്റെ യാഥാർത്ഥ്യവും

തീവ്രതയും മറന്നുകൊണ്ട്, തന്റെ ചികിത്സപോലും മാറ്റിവച്ചുകൊണ്ട് കേരളത്തിനെ ഈ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാൻ ജനാധിപത്യവിശ്വാസത്തെ കളങ്കപ്പെടുത്താതെ, രക്ഷാപ്രവർത്തനത്തിനുവേണ്ടി തന്റെ ഭരണസിരാകേന്ദ്രത്തെ ഉപയോഗിച്ച് പ്രളയത്തെ നിശ്ചയദാർഢ്യത്തോടും ചങ്കുറ്റത്തോടുംകൂടി നേരിട്ട കേരളമുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയൻ.

ആറാട്ടുപുഴ ബണ്ടും ഏറ്റുമന ബണ്ടും തകർന്ന് അഞ്ച് പഞ്ചായത്തുകൾ വെള്ളത്തിനടിയിലായപ്പോൾ ജില്ലാഭരണകൂടത്തെയും ഉദ്യോഗസ്ഥരെയും വിദ്യാർത്ഥികളെയും രംഗത്തിറക്കി ബണ്ടുകൾ രണ്ടുദിവസം കൊണ്ട് കെട്ടിയ സംഭവവും ഞാൻ ഓർക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക് സാർ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് എന്തുകൊണ്ടും നവകേരള സൃഷ്ടിക്ക് ഉദാത്തമാകുന്ന ബഡ്ജറ്റാണ്. പ്രതിപക്ഷത്തുള്ളവർക്ക് എപ്പോഴും കുറവുകൾ ചൂണ്ടിക്കാണിക്കുന്ന ഒരു പ്രവണതയുണ്ട്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. നല്ല ഭരണത്തെ പ്രതിപക്ഷം മാന്യമായ രീതിയിൽ കാണണം.

നമ്മുടെ നാടിന്റെ നട്ടെല്ലെന്ന് പറയുന്നത് കർഷകരാണ്. കാർഷികമേഖലയുടെ വീണ്ടെടുപ്പാണ് ഈ നാടിനെ മുന്നോട്ട് നയിക്കുക എന്ന യാഥാർത്ഥ്യം മനസ്സിലാക്കി കൊണ്ടുതന്നെയാണ് ധനമന്ത്രി ഈ ബഡ്ജറ്റ് വിഭാവനം ചെയ്തത്. നെൽകൃഷി മേഖലയിലും വലിയ വിപ്ലവം കടന്നുവരാൻ പോകുകയാണ്. പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ അന്തർദ്ദേശീയ നിലവാരമുള്ള പാർക്കുകൾ നിർമ്മിക്കുകയാണ്. ഇതിന് 20 കോടി രൂപ വകയിരുത്തി. നെല്ലും അരിയും ഉല്പന്നങ്ങളും സൂക്ഷിക്കുന്നതിന് വിപുലമായ സൗകര്യങ്ങൾ ചെയ്യുകയാണ്. കുട്ടനാടിന്റെ രണ്ടാംഘട്ട പ്രവൃത്തിക്ക് ആയിരം കോടി രൂപയാണ് ഈ ബജറ്റിൽ വിഭാവനം ചെയ്തത്; അത് ഏറ്റുപിടിക്കാനും പ്രവർത്തിപ്പിക്കാനും ഊർജ്ജസ്വലനായിട്ടുള്ള ഒരു വകുപ്പും കൃഷി വകുപ്പുമന്ത്രിയും നമുക്കില്ലേ? പ്രളയത്തിൽ ഏറ്റവും കൂടുതൽ ആഘാതം സൃഷ്ടിച്ച നാട്ടികയ്ക്ക് കൃഷി വകുപ്പുമായി ബന്ധപ്പെടുത്തി ഒട്ടനവധി കാര്യങ്ങളാണ് വിഭാവനം ചെയ്തത്. മാത്തുതോട് ഇറിഗേഷൻ പദ്ധതിക്ക് 5 കോടി രൂപ, പുള്ള് ഇക്കോടൂറിസത്തിന് 3 കോടി രൂപ, എല്ലാ കുളങ്ങളും സംരക്ഷിച്ച് ജലസംവിധാനം ഉറപ്പുവരുത്തുന്നതിന് ഏകദേശം നാലരക്കോടി രൂപ.

കേരളത്തിലെ പ്രളയം ചില മണ്ഡലങ്ങളിൽ ഗുരുതരമായിട്ടുള്ള വിഷയങ്ങളുണ്ടാക്കി. ഗതാഗതത്തിനുപോലും തടസ്സം സൃഷ്ടിക്കുന്ന തരത്തിൽ റോഡുകൾ ഒലിച്ചുപോയി. പൊതുമരാമത്ത് വകുപ്പിന്റെ നേരിട്ടുള്ള പരിശോധനയും സന്ദർശനവും ഞാൻ ഓർക്കുകയാണ്. ഏകദേശം 11 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി റോഡ്

റബ്ബറൈസ്ഡ് (ബി.എം.ബി.സി.) ചെയ്താണ് നാട്ടികയിൽ മാറ്റങ്ങൾ വരുത്തിയത്. 73 കോടി രൂപയാണ് ഈ വർഷം ബജറ്റിൽ റോഡുകൾക്ക് മാത്രമായി വകയിരുത്തിയത്. ഏകദേശം 11 കോടി രൂപയുടെ ബി.എം.ബി.സി. റോഡ് ഈ മാസം 18-ാം തീയതി സമർപ്പിക്കുകയാണ്. ഇത് വലിയൊരു മാറ്റമാണ്. കഴിഞ്ഞ ബഡ്ജറ്റ് ഫണ്ടും ഈ പ്രളയത്തിൽ ലഭിച്ച ഫണ്ടുംകൂടി ഏകദേശം 4 കോടി രൂപയുടെ റോഡുകൾ റിപ്പയർ ചെയ്ത് ഗതാഗത സൗകര്യമൊരുക്കുന്ന ഒരു നവകേരള പ്രഖ്യാപനത്തിന്റെ സൃഷ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെയിരുന്നല്ല, നാട്ടിലിറങ്ങി പ്രവർത്തിച്ചാണ് തെളിയിച്ചത്.

ഇന്ന് റോഡ് പണിതാൽ നാളെ ഒലിച്ചുപോകുന്ന സാഹചര്യമല്ല ഇപ്പോഴുള്ളത്. അത് സ്ഥായിയായി നിർത്തുകയാണ്. പത്തുവർഷത്തേയ്ക്ക് ബി.എം.ബി.സി. റോഡ് പണിയേണ്ട; റിപ്പെയറും ചെയ്യേണ്ട. അതാണ് ഗതാഗതവും പൊതുമരാമത്തുമായി ബന്ധപ്പെടുത്തിയിട്ടുള്ള റിപ്പോർട്ട്. അത് നിങ്ങൾ പഠിക്കണം.

കഴിഞ്ഞ 5 വർഷക്കാലത്തെ പൊതുമരാമത്തിന്റെ റോഡുകൾ പരിശോധിക്കുക. ഈ കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ നമ്മുടെ മണ്ഡലങ്ങളിലുണ്ടായ മാറ്റങ്ങളും പരിശോധിക്കുക. ഈ രണ്ടു കാര്യങ്ങളിലുമുള്ള വസ്തുതാപരമായ നല്ലകാര്യങ്ങൾ നല്ലതെന്ന് പറയണം. ഇതൊക്കെ ജനം വീക്ഷിക്കുകയാണ്. പ്രളയത്തിനുശേഷം ഒന്നും ചെയ്തില്ലെന്ന് പറയുന്ന പ്രതിപക്ഷ സമീപനത്തെ ജനങ്ങൾ മനസ്സിലാക്കുകയാണ്. ഈ കാലങ്ങളിൽ എന്തെല്ലാം വികസന പദ്ധതികളാണ് നാട്ടികയിൽ ചെയ്യാൻ സാധിച്ചത്. ഈ സർക്കാർ വന്നതിനുശേഷം ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെ വകുപ്പിൽ നിന്ന് വലപ്പാട് തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ഏകദേശം നാലരക്കോടി രൂപയുടെ ഒരു ആയുർവേദ ആശുപത്രി, സാഹിത്യ-സാംസ്കാരിക മേഖലയെ എന്നും അംഗീകരിക്കുന്ന ഒരു സമീപനം; കഴിഞ്ഞ സർക്കാരിനോട് അഭ്യർത്ഥിച്ചു, നടന്നില്ല. എന്നും സമരങ്ങളും സ്ഥല സംബന്ധമായ തർക്കങ്ങളും പറഞ്ഞ് 25 വർഷം പോരാടിയ കുഞ്ഞുണ്ണിമാഷ് സ്മാരകം ബഹുമാന്യനായ മന്ത്രി എ. കെ. ബാലൻ അധികാരത്തിൽ വന്നതിനുശേഷമാണ് ചെയ്യേണ്ടി വന്നത്. ആ ചരിത്രം നാട്ടികയ്ക്കുണ്ട്; വലപ്പാടിനുണ്ട്. ആ ഒരു ചരിത്രം മറച്ചുവയ്ക്കാൻ കഴിയില്ല.

ഐ.ടി. ഇൻസ്റ്റിറ്റ്യൂട്ട്; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു തൊഴിൽ വകുപ്പുമന്ത്രിയുണ്ടായിരുന്നല്ലോ, ശ്രീ. ഷിബു ബേബി ജോൺ. അദ്ദേഹത്തെ നേരിട്ട് കണ്ട് പെരിങ്ങോട്ടുകര സ്കൂളിൽ ഐ.ടി. ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി ഒരു പുതിയ കെട്ടിടം പണിതുതരണമെന്ന് ആവശ്യപ്പെട്ടു; മൈൻഡ് ചെയ്തില്ല. ബഹുമാന്യനായ റ്റി. പി. രാമകൃഷ്ണൻ, നാലുകോടി രൂപയുടെ ഐ.ടി. ഇൻസ്റ്റിറ്റ്യൂട്ട് പണിതു തന്നു. അങ്ങേയ്ക്ക് ജൂൺ മാസത്തിൽ ആ ഐ.ടി. ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്യാം. ഈ സർക്കാരിന്റെ നേട്ടങ്ങൾ മാത്രമേ ഈ സഖാവ് ഗീതാ ഗോപി എം.എൽ.എ.-യ്ക്ക് പറയാനുള്ളൂ.

കഴിഞ്ഞ 5 വർഷം എവിടെയായിരുന്നു നിങ്ങൾ? അങ്ങേയ്ക്ക് കിഫ്ബി ആഘോഷിക്കാം. തൃപ്രയാർ ഒരു പുതിയ പാലത്തിന് 28.64 കോടി രൂപ അങ്ങ് അനുവദിച്ചു; സൈറ്റ് ഇൻസ്പെക്ഷൻ നടത്തി; ഡിസൈൻ അപ്രൂവലായി. 6 കോടി രൂപ പൊതുമരാമത്ത് വകുപ്പുമന്ത്രിയും തന്നു. സ്റ്റോൺ ഫിക്സ് ചെയ്തു; ഭൂമി അക്വിസിഷൻ വേണ്ട. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ തന്നെ നിർദ്ദിഷ്ട സ്ഥലത്ത് തൃപ്രയാർ പാലം ഞാൻ പണിയും. തീർന്നില്ല, മുനിയറ റെഗുലേറ്റർ താൽക്കാലിക തടയണയ്ക്ക് പകരം സ്ഥിരം തടയണ വേണമെന്ന് പറഞ്ഞ് എം.എൽ.എ. രണ്ടുദിവസം പട്ടിണി കിടന്ന് സമരം ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഇതിനുവേണ്ടി 24 കോടി രൂപ അനുവദിച്ചു. കഴിഞ്ഞ ആഴ്ചയാണ് ഡിസൈൻ അപ്രൂവലായി വന്നത്. ചെയ്ത കാര്യങ്ങൾ ചെയ്തതായി പറയാനും അത് ജനങ്ങളുടെ മുന്നിൽ സമർത്ഥിക്കാനും ഈ സർക്കാർ കൂടെയുള്ളപ്പോൾ ഒരു ഭയവുമില്ല. അത് നേരായ വഴി തന്നെ ചെയ്യും. കിഫ്ബി മുഖാന്തരം 5 കോടി രൂപ ചേർപ്പ് ഗവൺമെന്റ് സ്കൂൾ, 3 കോടി രൂപ നാട്ടിക ഗവൺമെന്റ് ഫിഷറീസ് സ്കൂൾ, 4 കോടി രൂപ പെരിങ്ങോട്ടുകര സ്കൂൾ, മൂന്നരക്കോടി രൂപ വലപ്പാട് ഗവൺമെന്റ് സ്കൂൾ ഇവയെല്ലാം പണിതുകൊണ്ടിരിക്കുകയാണ്. കിഫ്ബിയിൽ അംഗീകരിച്ചുവന്ന പദ്ധതികളാണ്. ഇതെല്ലാം ഓൺലൈനാണ്, അങ്ങേയ്ക്ക് നാലുവർഷം എടുക്കേണ്ട ആവശ്യമില്ല. അഞ്ചാമത്തെ വർഷം ഈ സർക്കാർ അധികാരത്തിലിരിക്കുമ്പോൾ നാട്ടികയിൽ വികസനത്തിന്റെ ഉദ്ഘാടന പെരുമഴയായിരിക്കും.

ജനാധിപത്യ വിശ്വാസത്തിന്റെ ഭാഗമായിട്ടാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എങ്ങനെയാണ് ഈ സീറ്റിലിരുന്ന് പ്രളയത്തെ നിയന്ത്രിച്ചത്? അദ്ദേഹത്തിന്റെ മനസ്സിൽ ഒരു കാഴ്ചപ്പാടുണ്ട്; ജനാധിപത്യ വിശ്വാസം. ആ വിശ്വാസം, ഒട്ടനവധി ചരിത്രസമരങ്ങളുടെ അദ്ധ്വാനിക്കുന്ന തൊഴിലാളി പ്രസ്ഥാനത്തിന്റെ ഒരു പ്രവർത്തകനും ഒരു സഖാവും എന്ന നിലയിൽ അദ്ദേഹം ഈ മന്ത്രി സ്ഥാനത്തിരിക്കുന്നിടത്തോളം കേരളത്തിലെ വികസനങ്ങൾ കേന്ദ്രത്തിലിരുന്ന് ആസൂത്രണം ചെയ്ത് തകർക്കാൻ മോദിയും കോൺഗ്രസ്സും ശ്രമിച്ചാൽ അത് കേരളത്തിൽ നടക്കില്ലായെന്ന് തെളിയിച്ചില്ലേ?

ശബരിമല വിഷയവുമായി ബന്ധപ്പെട്ട് കേരളത്തിൽ എന്താണ് നടന്നത്? പ്രതിപക്ഷത്തിന് സ്ത്രീ സമൂഹപക്ഷമെന്ന് പറയാൻ ഇപ്പോൾ അവകാശമില്ല. ഇടതുപക്ഷം പ്രതിപക്ഷത്തിരുന്നപ്പോൾ ഞങ്ങൾക്ക് വനിതാ എം.എൽ.എ.-മാർ ഉണ്ടായിരുന്നു. ഇപ്പോൾ ഞങ്ങൾ ഭരണപക്ഷത്താണ്. ഞങ്ങൾ (വനിതകൾ) 8 പേരുണ്ട്. പ്രതിപക്ഷത്ത് എത്ര വനിതകളുണ്ടെന്ന് ഒന്ന് എണ്ണി നോക്കൂ. അവിടെ എത്രപേരുണ്ട്? അതാണ് സ്ത്രീ ജനകീയ മുന്നേറ്റം. ഈ സർക്കാരിന്റെ പ്രമുഖ അജണ്ടയാണ് സാമൂഹ്യ മുന്നേറ്റം. അത് നടപ്പിലാക്കാൻ പിണറായി വിജയൻ ഗവൺമെന്റിന്

സാധിക്കും. അതാണ് ജനകീയ വനിതാ മതിൽ. അതിനെ നിങ്ങൾ പുച്ഛിച്ച് തള്ളി. കേരളത്തിന്റെ ഐതിഹാസിക നവോത്ഥാന സമരങ്ങൾക്ക്, (സ്ത്രീകൾക്ക് മാറ് മറയ്ക്കാനും മുട്ടിന് താഴെ മുണ്ട് ഇറക്കി ഉടുക്കാനും മൂക്കുത്തി സമരവും നട്ടു നിവർന്നു നിൽക്കുന്ന സമരവും) ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ത്യാഗോജ്ജ്വലമായ സമര നേട്ടത്തിന് നിങ്ങൾക്കല്ല അവകാശം. മനസ്സിലായോ? അതിന് നിങ്ങൾക്ക് ഒരിക്കലും കഴിയില്ല. അത്തരമൊരു ചരിത്രം കേരളത്തിനുണ്ടെങ്കിൽ തീർച്ചയായും രണ്ടര വർഷം കഴിയുമ്പോൾ ഇടതുപക്ഷ സർക്കാരിന് വീണ്ടുമൊരു ഭരണമുന്നേറ്റം ഉണ്ടാകും. അങ്ങനെയൊരു ഭരണ മുന്നേറ്റമുണ്ടാകണമെങ്കിൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ നേരായ വഴിയിലൂടെ പോകണം. വികസന പ്രവർത്തനങ്ങളെ നേരായ വഴിയിലൂടെ കൊണ്ടുപോകാൻ സാധിക്കുന്ന ഈ ബജറ്റ് എന്തുകൊണ്ടും അനുഭാവ പൂർണ്ണമായിട്ടുള്ള ഒന്നാണ്. എത്ര പറഞ്ഞാലും തീരാത്ത വികസന നേട്ടങ്ങൾ ഇക്കഴിഞ്ഞ രണ്ടര വർഷം കൊണ്ട് നേടി. ആയിരം ദിനം പിന്നിട്ട ഇടതുപക്ഷ സർക്കാരിന്റെ പദ്ധതികളുടെ പ്രഖ്യാപനം മാത്രമല്ല പൂർത്തീകരിച്ച പദ്ധതികൾ ഈ മാസം മുതൽ ജനങ്ങൾക്ക് സമർപ്പിക്കാൻ പോകുകയാണ്. നിങ്ങളത് പരിശോധിച്ചോളൂ. എന്റെ മണ്ഡലമായ നാട്ടികയിൽ 68 കോടി രൂപയുടെ കിഫ്ബി കുടിവെള്ള പദ്ധതിയുടെയും 34 കോടി രൂപയുടെ താന്ന്യം-അന്തിക്കാട്-ചാഴൂർ കുടിവെള്ള പദ്ധതിയുടെയും ബി.എം.ബി.സി. ചെയ്ത 11 കോടി രൂപയുടെ റോഡുകളുടെയും ഉദ്ഘാടനം ഈ മാസം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാർ നിർവ്വഹിക്കാൻ പോകുകയാണ്. അതുകൂടാതെ പുതിയ സബ്-രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനവും നടക്കുകയാണ്.

ടൂറിസം, വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സാമൂഹ്യപരമായ ചരിത്രനേട്ടങ്ങൾക്ക് അടിസ്ഥാനം നൽകിക്കൊണ്ടാണ് ഈ ഗവൺമെന്റ് ജനകീയ വികസനത്തെ നേർവഴിയിലൂടെ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നത്. അവിടെ ഈ ഗവൺമെന്റ് നമ്മുടെ വിദ്യാർത്ഥികളുടെ മാത്രമല്ല ജനങ്ങളുടെ സാമൂഹ്യ ജീവിത പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് മുന്നോട്ടുപോകുകയാണ്. ജനങ്ങളുടെ ജീവിത പ്രശ്നം കണക്കിലെടുക്കുന്നതുകൊണ്ടാണ് ജനാധിപത്യത്തെ ഒരിക്കലും കളങ്കപ്പെടുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകാത്തത്.

ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചങ്കൂറ്റത്തെ പ്രകീർത്തിക്കുകയാണ്. നിലപാടുകളിൽ ഉറച്ച് നിൽക്കുന്ന, അടിപതറാതെ ദീർഘവീക്ഷണത്തോടുകൂടിയ ഭരണം, അന്തസ്സുറ്റ ഭരണം കേരളത്തിന് മാതൃകയായി വരുന്ന രണ്ടര വർഷത്തിനുള്ളിൽ ചരിത്രം സൃഷ്ടിക്കും. അതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുന്ന നയത്തെ മുന്നോട്ട് കൊണ്ടുപോകാൻ, അതിനെ ഏറ്റുപിടിക്കാൻ ശക്തരായ ഇടതുപക്ഷ എം.എൽ.എ. മാരുണ്ട്. ഒരു ശക്തിക്കും ഒരു പ്രതിബന്ധത്തിനും അതിനെ തകർക്കാൻ കഴിയില്ല.

ശബരിമല വിഷയത്തിൽ ആർ.എസ്.എസ്-ന്റെയും ബി.ജെ.പി-യുടെയും കോൺഗ്രസ്സിന്റെയും നയം എന്താണെന്ന് ജനം അറിഞ്ഞില്ലേ? ഏതെങ്കിലും തരത്തിൽ സ്ത്രീയെ സഹായിക്കാനോ സ്ത്രീപക്ഷപാതം പറയാനോ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾക്ക് കഴിഞ്ഞോ? ആരുണ്ടായിരുന്നു? സുപ്രീംകോടതി വിധി നടപ്പിലാക്കാൻ സർക്കാർ ബാദ്ധ്യസ്ഥരാണ്. സ്ത്രീകളെ ശബരിമലയിലേയ്ക്ക് കൊണ്ടുപോകാൻ ഞങ്ങളാരും ക്വട്ടേഷൻ എടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെടുത്തി സ്ത്രീകളെ കരിവാരി തേയ്ക്കുന്ന സമീപനം ഏത് രാഷ്ട്രീയ പാർട്ടികളാണ് സ്വീകരിക്കുന്നതെന്ന് നമുക്ക് കാണാം.

ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിലെ സ്ത്രീപുരുഷ പക്ഷം നോക്കുമ്പോൾ ഏറ്റവും കൂടുതൽ വോട്ടിംഗ് ശതമാനം ആർക്കാണെന്ന് പരിശോധിക്കാം. ആ പരിശോധനയിൽ സ്ത്രീകൾക്കുവേണ്ടി, കേരളത്തിന്റെ ചരിത്രമുറങ്ങുന്ന ഐതിഹാസിക സമരങ്ങൾ മുന്നിൽ നിർത്തി സ്ത്രീകളെയും ജനങ്ങളെയും ബോധ്യപ്പെടുത്താൻ ഞങ്ങൾ എട്ട് എം.എൽ.എ.-മാർ ഉണ്ട്. സഖാവ് പിണറായി വിജയന് ഒരു ഭയപ്പാടുമില്ല. സ്ത്രീകളോടൊപ്പം വനിതാ മതിൽ കെട്ടിപ്പടുക്കുന്നതിന് ശക്തമായ പ്രചോദനം നൽകിയ സഖാവ് പിണറായി വിജയന്റെ ഈ ഗവൺമെന്റിന് വരും വർഷങ്ങളിൽ ഭരണത്തുടർച്ചയുണ്ടാകും.

ഈ ബജറ്റിലൂടെ നമുക്ക് വിഭാവനം ചെയ്യാൻ ഇനിയും ധാരാളം കാര്യങ്ങളുണ്ട്. കാലവും സാഹചര്യവും നമ്മളെ നടത്തും. അവസാനം ഒരു വരി പാടാൻ ഞാൻ ആഗ്രഹിക്കുകയാണ്. "മലയപ്പുലയനാ മാടത്തിൻമുറ്റത്തു മഴ വന്ന നാളൊരു വാഴ നട്ടു" പുലയൻ വീട്ടുമുറ്റത്ത് വാഴ നട്ടുനനച്ച് വളർത്തി. വാഴക്കുല പഴുക്കുന്ന മൂപ്പെത്തിയപ്പോൾ ജന്മി/തമ്പ്രാൻ വന്നു കുല വെട്ടിക്കൊണ്ടുപോയി. വാഴക്കുല വെട്ടിക്കൊണ്ടുപോയപ്പോൾ തന്റെ മക്കൾക്ക് ഇഷ്ടത്തോടുകൂടി വാഴപ്പഴം കഴിക്കാനില്ല. താൻ അദ്ധ്വാനിച്ച് നട്ടുവളർത്തിയ വാഴയുടെ കുലവെട്ടിക്കൊണ്ടുപോയി. അന്ന് നിലനിന്നിരുന്ന ജന്മി കുടിയാൻ സമ്പ്രദായം ഇന്ന് കേരളത്തിൽ നടക്കുമോ? ഇന്ന് സവർണ്ണന്റെ ഏകാധിപത്യ ഭരണം കേരളത്തിൽ ഉണ്ടാകുമോ? കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയായി ഉള്ളിടത്തോളം കാലം ജാതിയുടെയും ഹിന്ദുത്വത്തിന്റെയും മതത്തിന്റെയും സ്ത്രീകളുടെ വിശ്വാസ്യതയുടെയും അശുദ്ധിയുടെയും പേരും പറഞ്ഞ് മത തീവ്രവാദം വളർത്താൻ കേന്ദ്രം ഭരിക്കുന്ന ശ്രീ. നരേന്ദ്ര മോദിയും ആർ.എസ്.എസ്.ഉം കോൺഗ്രസ്സും തീരുമാനിച്ചാൽ അതിവിടെ നടക്കില്ലെന്ന് ഞങ്ങൾ തെളിയിക്കും. അതുകൊണ്ട് ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നതുപോലെ വരുന്ന രണ്ടര വർഷം ഒരു ദിവസത്തിൽ ഒരു സെക്കന്റ് പോലും കളയാതെ ജനങ്ങളുടെ ജീവിതത്തിന്റെ അടിത്തട്ടറിഞ്ഞ് ഒരു തൊഴിലാളി പ്രസ്ഥാനത്തിന്റെ, ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ എം.എൽ.എ. എന്ന നിലയിൽ ഞാൻ ഈ ഗവൺമെന്റിനുവേണ്ടി അഹോരാത്രം പണിയെടുക്കും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ് പ്ലീസ്, പ്ലീസ് കൺക്ലൂഡ്

ശ്രീമതി ഗീതാ ഗോപി: സർ, രണ്ട് കാര്യങ്ങൾകൂടി പറയാനുണ്ട്. എന്റെ മണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണം. അന്തിക്കാട് പോലുള്ള സ്ഥലത്ത് ക്രമസമാധാനവും സാമൂഹികാന്തരീക്ഷവും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ നിലവിലുള്ള പോലീസ് സ്റ്റേഷന്റെ പരിമിതമായ സൗകര്യം അങ്ങയെ ബോദ്ധ്യപ്പെടുത്തുന്നതോടൊപ്പം തൃപ്രയാറിനെ ഒരു താലൂക്ക് ആക്കാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു, അഭിവാദ്യങ്ങൾ.

ശ്രീ. അനിൽ അക്കര: സർ, എനിക്ക് 5 മിനിറ്റ് കൂടുതൽ നൽകണം. ഞാൻ ഈ ബജറ്റ് പ്രസംഗം പൂർണ്ണമായും വായിച്ചപ്പോൾ നവോത്ഥാന മൂല്യങ്ങളുമായി ബന്ധപ്പെട്ടുള്ള മ്യൂസിയവും ഏറ്റവും നല്ല നവോത്ഥാന പ്രവർത്തകനുള്ള അവാർഡുമൊക്കെ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് മനസ്സിലായി. എ.സി.പി.-യായ ചൈത്ര തെരേസ ജോണിനെതിരെ പരാതി നൽകിയ ശ്രീ. ആനാവൂർ നാഗപ്പന് നവോത്ഥാന പ്രവർത്തകനുള്ള അവാർഡ് നൽകുമെന്നാണ് ഞാൻ ധരിച്ചത്. പക്ഷേ, ശ്രീമതി ഗീതാ ഗോപിയുടെ പ്രസംഗം കേട്ടപ്പോൾ ആ അവാർഡ് ശ്രീമതി ഗീതാ ഗോപിക്ക് നൽകേണ്ടിവരുമെന്ന് തോന്നുന്നു.

പണ്ട് ബജറ്റ് ചോർന്നുവെന്ന പരാതി നാം ഉന്നയിച്ചിരുന്നു. എന്നാൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗം കേട്ടപ്പോൾ അദ്ദേഹം പോലും ബജറ്റ് പ്രസംഗത്തിന്റെ നോട്ട് വായിച്ചിട്ടില്ലെന്നാണ് എനിക്ക് മനസ്സിലായത്. കാരണം, ഞങ്ങൾക്ക് പ്രിന്റ് ചെയ്തു നൽകിയ ബജറ്റ് പ്രസംഗത്തിൽ 43-ാം പേജിൽ (പതിനാല്) തെക്ക്-വടക്ക് സമാന്തര റെയിൽപ്പാത, 44-ാമത്തെ പേജിൽ (പതിനഞ്ച്) കേരള ബോട്ട് ലീഗ്, 46-ാമത്തെ പേജിൽ (പതിനേഴ്) തടിക്കു പകരം കയറിന്റെ ബോർഡുകൾ. പതിനഞ്ച് കഴിഞ്ഞ് പതിനാറ് ഇതിനകത്ത് കാണുന്നില്ല. ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി കണക്ക് തെറ്റിക്കുന്ന ആളല്ല. അതുകൊണ്ട് അദ്ദേഹം പോലും ഈ ബഡ്ജറ്റിനെ കാര്യമായി എടുത്തിട്ടില്ലെന്നാണ് എനിക്ക് തോന്നിയത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, എന്റെ പ്രസംഗത്തിൽ 16-ാം നമ്പർ പറഞ്ഞിട്ടുണ്ട്. തലവാചകം വായിക്കുകയും ചെയ്തിട്ടുണ്ട്. അത് അച്ചടിച്ചപ്പോൾ വിട്ടുപോയതാണ്.

ശ്രീ. അനിൽ അക്കര: സർ, അദ്ദേഹം ബഡ്ജറ്റ് പുസ്തകം നേരത്തെ വായിച്ചു നോക്കിയിട്ടില്ലെന്നാണ് ഞാൻ സൂചിപ്പിച്ചത്. ഞാൻ അത് മോശമാക്കി പറഞ്ഞതല്ല. ഇതിനകത്തുണ്ടായിരുന്ന ഒരു കാര്യം ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. പ്രളയവുമായി

ബന്ധപ്പെട്ട കാര്യങ്ങളാണ് ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ ഏറ്റവും പ്രധാനമായി വന്നിരിക്കുന്നത്. പ്രളയവുമായി ബന്ധപ്പെട്ട് ഗംഭീര പ്രളയം, അതിഗംഭീര പ്രളയ മെന്നൊക്കെ പലയാളുകളും സൂചിപ്പിച്ചിരുന്നു. പ്രളയത്തെ ഒരു സുവർണ്ണാവസരം എന്ന രീതിയിൽ എടുത്തതുകൊണ്ടാകാം അപ്പുറത്തെ ബെഞ്ചിലിരുന്ന ആളുകൾ അതിഗംഭീര പ്രളയമെന്നൊക്കെ സൂചിപ്പിച്ചത്. പ്രളയത്തിനുശേഷം നടത്തിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഈ ബഡ്ജറ്റിൽ വന്നിരിക്കുന്നത്. പ്രളയസമയത്ത് എല്ലാവരും ഒരുമിച്ച് നിന്നുവെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. ഏറ്റവും പ്രധാനമായി പ്രളയത്തിൽ കൈമറന്ന് സഹായിച്ചത് കേരളത്തിലെ പഞ്ചായത്തുകളാണ്. ആ പഞ്ചായത്തുകളുടെ പ്രവർത്തനം കൊണ്ടാണ് നമുക്ക് വളരെ വേഗം അതിജീവനത്തിന്റെ പാതയിലേയ്ക്ക് പോകാൻ കഴിഞ്ഞത്. പ്രളയത്തിനുശേഷം അതിജീവനത്തിലേയ്ക്ക് കടക്കുമ്പോൾ, പ്രളയത്തിനുശേഷമുള്ള കാലഘട്ടത്തിലെ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതായിട്ടുണ്ട്. റീബിൽഡ് കേരളയാണ് അതിജീ വനത്തിൽ പ്രധാനമായി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്കും എം.എൽ.എ.മാർക്കും പഞ്ചായത്ത് ഭരണസമിതികൾക്കും എന്താണ് പങ്ക്? കേരളത്തിൽ പ്രകൃതി നൽകിയ ഈ കനത്ത താക്കീതിൽ ഏറ്റവും കൂടുതൽ ആളുകളുടെ ജീവൻ നഷ്ടപ്പെട്ടത് എന്റെ കൂടി മണ്ഡലമായ വടക്കാഞ്ചേരിയിലെ കുറാഞ്ചേരി എന്ന സ്ഥലത്താണ്. അവിടെ നാല് വീടുകൾ പൂർണ്ണമായും തകർന്ന് 19 മനുഷ്യജീ വനുകൾ നഷ്ടപ്പെട്ടു. ഞാനും ശ്രീ. പി. കെ. ബിജു, എം.പി.യും കൂടി നാല് ദിവസം പൂർണ്ണമായി നിന്നാണ് 19 പേരുടെയും മൃതദേഹങ്ങൾ കണ്ടെത്തിയത്. നാല് കുടുംബങ്ങൾ പൂർണ്ണമായി തകർന്നു. അതിൽ ഒരു കുടുംബത്തിൽ ആരുമില്ല. അവർക്ക് വീട് വച്ചുകൊടുക്കേണ്ടതായിട്ടില്ല. ബാക്കി മൂന്ന് കുടുംബങ്ങൾക്കാണ് വീട് വച്ചുകൊടു ക്കേണ്ടത്. അവരുടെ സ്ഥിതിയെന്താണ്? ശ്രീ. ബി. ഡി. ദേവസ്സിയും ശ്രീമതി ഗീതാ ഗോപിയും തൃശ്ശൂർ ജില്ലയുടെ വികസനവുമായി ബന്ധപ്പെട്ട് പറഞ്ഞു. ഈ വർഷത്തെ ബഡ്ജറ്റിൽ തൃശ്ശൂരിൽ പുതിയ ഒരു ട്രഷറി കൂടി ആരംഭിക്കേണ്ടിവരും. അത്രയധികം പദ്ധതികളാണ് രണ്ടുപേരും കൂടി പ്രഖ്യാപിച്ചത്. മൂന്ന് കുടുംബങ്ങളിലെ ആളുകളാണ് അവിടെ ജീവിച്ചിരിക്കുന്നത്. വീട് നഷ്ടപ്പെട്ടവരുടെ ലിസ്റ്റിൽ ആ മൂന്ന് കുടുംബങ്ങളിലെയും ആളുകളുടെ പേരില്ല എന്നുപറഞ്ഞ് അവർ പരാതി കൊടുത്തിരിക്കുകയാണ്. അവർക്ക് വീട് വയ്ക്കാൻ ഒരു രൂപപോലും കൊടുത്തിട്ടില്ല. അവരുടെ ഭൂമി മണ്ണിടിച്ചിലിൽ തകർന്നുപോയതാണ്. സ്വാഭാവികമായും ഭൂമി വാങ്ങാനുള്ള തുക ബജറ്റിൽ വയ്ക്കണം. ലിസ്റ്റിൽ അവരുടെ പേരില്ല. ഇതു സംബന്ധിച്ച് ചോദ്യമായി കൊടുത്തപ്പോൾ എനിക്ക് കിട്ടിയ മറുപടി വടക്കാഞ്ചേരി നഗരസഭാ ലിസ്റ്റിലാണ് അവരുടെ പേരുള്ളതെന്നാണ്. അവരുടെ പേര് കാണാതിരുന്നത് എന്തുകൊണ്ടാണ്? ബഹുമാന്യനായ എ. സി. മൊയ്തീന്റെ പഞ്ചായത്തായ തെക്കും കരയിലാണ് അവർ താമസിക്കുന്നത്. തെക്കുംകര പഞ്ചായത്തിലെ ലിസ്റ്റിൽ അവരുടെ

പേര് കാണാനില്ല. ഞാൻ വടക്കാഞ്ചേരി മണ്ഡലത്തിലെ ലിസ്റ്റ് നോക്കിയപ്പോൾ അവരുടെ പേര് വടക്കാഞ്ചേരി നഗരസഭയിലാണ്. എന്താണ് ഇതിന്റെ പ്രശ്നം? പ്രളയത്തിനുശേഷമുള്ള റീബിൽഡാണെങ്കിലും മറ്റ് പ്രവൃത്തികളിലേയ്ക്ക് പോകുമ്പോഴും ഇത് മുഴുവൻ കൈകാര്യം ചെയ്യുന്നത്.....(ബഹളം) ........ ഇതിൽ രാഷ്ട്രീയം പറയുന്നതല്ല, നമ്മുടെ ഗവൺമെന്റാണ്, എന്റെ കൂടി ഗവൺമെന്റാണ്, ജനകീയാസൂത്രണവും ജനകീയ പങ്കാളിത്തവും ഉറപ്പാക്കി പോകുന്ന ഒരു സ്റ്റേറ്റാണിത്. പ്രളയാനന്തര പ്രവർത്തനങ്ങളിൽ പഞ്ചായത്ത് മെമ്പർമാർക്കും എം.എൽ.എ.മാർക്കും ജനപ്രതി നിധികൾക്കും എന്ത് റോളാണുള്ളത്? എന്നെ സംബന്ധിച്ചിടത്തോളം ഇത് പറയാനായി കളക്ടർക്ക് അവർ നൽകിയ അപ്പീലിൽ ഞാൻ ഇടപെടണം. അതാത് എം.എൽ.എ. മാരുടെ മണ്ഡലങ്ങളിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ എം.എൽ.എ.മാരെ ചുമതലപ്പെടുത്തിയോ പങ്കെടുപ്പിച്ചുകൊണ്ടോ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നെങ്കിൽ പത്തൊൻപത് പേരുടെ ജീവൻ നഷ്ടപ്പെട്ടുപോയ സ്ഥലത്ത്, അച്ഛനും അമ്മയും മൂത്തമകനും നഷ്ടപ്പെട്ടുപോയ സജിക്കും സിജോവിനും അപ്പീലുമായി ജില്ലാ കളക്ടറുടെ മുന്നിലേയ്ക്ക് പോകേണ്ട അവസ്ഥ വരുമായിരുന്നില്ല. ഇതിനെ ചെറുതായി കാണാൻ കഴിയില്ല. റീബിൽഡ് കേരളയാണെങ്കിലും ഇനിയുള്ള പ്രവർത്തനങ്ങളാണെങ്കിലും എം.എൽ.എ.-മാർക്കോ പഞ്ചായത്ത് കമ്മിറ്റികൾക്കോ മെമ്പർമാർക്കോ അഭിപ്രായം പറയാൻ കഴിയുന്ന രീതിയിലേയ്ക്കുള്ള ഒരു സംവിധാന ത്തിലേയ്ക്ക് പോയില്ലെങ്കിൽ ഇത് നടപ്പിലാക്കുന്നത് വില്ലേജ് ഓഫീസർമാരും ജില്ലാ കളക്ടർമാരുമാണെന്ന വലിയ പ്രശ്നം നമ്മുടെ മുന്നിലുണ്ട് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്ന് പഞ്ചായത്തുകൾ ചെലവഴിച്ച ഫണ്ട് എത്രയാണ്? മൂന്ന് ലക്ഷം രൂപ അവരുടെ ഓൺ ഫണ്ടിൽ നിന്നും ചെലവഴിച്ച. എന്നുവച്ചാൽ മുന്നൂറ് കോടിയിൽ കൂടുതൽ സംഖ്യ ആ സമയത്ത് പഞ്ചായത്തുകൾ ചെലവഴിച്ചതാണ്. ഇപ്പോൾ എത്രയാണ് കൊടുക്കാൻ ഉദ്ദേശിക്കുന്നത്? 250 കോടി രൂപയാണ് പഞ്ചായത്തുകൾക്ക് കൊടുക്കാൻ പോകുന്നത്. അത് പ്രാപ്തമായ തുകയാണോ? പഞ്ചായത്തുകളുടെ പ്രധാന വരുമാനം അവരുടെ ഓൺ ഫണ്ടാണ്. കെട്ടിട നികുതിയും പ്രൊഫഷണൽ ടാക്സും വഴിയാണ് പഞ്ചായത്തുകൾ/നഗരസഭകൾക്ക് ഓൺ ഫണ്ട് കിട്ടിയിരുന്നത്. നമ്മൾ കാണേണ്ട ഗുരുതരമായ പ്രശ്നമാണിത്.

നമ്മുടെ പഞ്ചായത്തുകളുടെ പ്രധാനപ്പെട്ട വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. ഇന്ന് പല പഞ്ചായത്തുകളിലെയും പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ ഒരു ലക്ഷത്തിനും രണ്ട് ലക്ഷത്തിനുമിടയിൽ ശമ്പളം വാങ്ങുന്ന നിരവധി ജീവനക്കാരുണ്ട്. അൻപതിനായിരവും ഒരു ലക്ഷവും രണ്ട് ലക്ഷവും രൂപ ശമ്പളം ലഭിക്കുന്നവർ ഇന്ന് പഞ്ചായത്തിൽ തൊഴിൽ നികുതിയിനത്തിൽ അടയ്ക്കുന്നത് മൂവായിരം രൂപയാണ്. അത് ഏത് നിയമമനുസരിച്ചാണെങ്കിലും മാറ്റിയെഴുതാനുള്ള നടപടി സ്വീകരിക്കണം.

പിന്നെ കിട്ടുന്ന പ്രധാനപ്പെട്ട വരുമാനം വിനോദ നികുതിയാണ്. തിരുവനന്തപുരം കോർപ്പറേഷന് ഉൾപ്പെടെ കിട്ടുന്ന വിനോദ നികുതി സിനിമാ തീയേറ്ററിൽ നിന്നുമാണ്. വിനോദ നികുതി ജി.എസ്.ടി.യിലേയ്ക്ക് പോകുമ്പോഴുണ്ടാകുന്ന വിടവ് എങ്ങനെ നികത്തുമെന്നത് ഞാൻ നിരവധി തവണ ചോദിച്ച പ്രധാനപ്പെട്ട ചോദ്യമായിരുന്നു. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, ഓരോ വർഷവും അവസാനം കിട്ടിയ വിനോദ നികുതി ബേസ് നികുതിയായി കണക്കാക്കി ഓരോ വർഷവും 15 ശതമാനം വർദ്ധിപ്പിച്ച് നൽകുമെന്ന്. അത് പൂർണ്ണമായി കൊടുത്തില്ല. ഈ വർഷം വലിയ പ്രതീക്ഷയിൽ അദ്ദേഹം പ്രഖ്യാപിച്ചു, വിനോദ നികുതിയുടെ 10 ശതമാനം പഞ്ചായത്തുകൾക്ക് കൊടുക്കാമെന്ന്. തിയേറ്ററുകളിൽ നിന്നും പിരിക്കുന്ന വിനോദനികുതി എത്ര രൂപയാണ്? സർക്കാർ നേരിട്ട് പിരിക്കുന്നത് 15 അല്ലെങ്കിൽ 18 ശതമാനമാണ്. അതിൽ 10 ശതമാനം നമ്മൾ പിരിക്കാൻ തീരുമാനിക്കുമ്പോൾ 5 ശതമാനത്തിന്റെ കുറവ് വരും. 15 ശതമാനം വർദ്ധിപ്പിക്കുമെന്ന് പറഞ്ഞത് പോകട്ടെ, പഞ്ചായത്തുകൾക്ക് കിട്ടിയിരുന്ന 15 ശതമാനത്തിൽ നിന്നും 10 ശതമാനത്തിലേയ്ക്ക് കുറയുമ്പോൾ ഉണ്ടാകുന്ന 5 ശതമാനം സർക്കാർ നികത്തുമോ എന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് ചോദിക്കാനുള്ളത്. അത് നികത്തുമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ശ്രീ. കെ. എം. മാണി പറഞ്ഞതുപോലെ പഞ്ചായത്തുകളെ കൊല്ലുമെന്ന് ഞാൻ കരുതുന്നില്ല. അത് അനുവദിക്കുമെന്ന് തന്നെയാണ് ഞാൻ ഉദ്ദേശിക്കുന്നത്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് ആയുഷ്മാൻ ഭാരത് പദ്ധതി. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഈ പദ്ധതി നടപ്പിലാക്കാൻ മോദി ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ആശുപത്രിയിലേയ്ക്ക് ഈ കാർഡുമായി പോയാൽ ആയുഷ്മാൻ ഭവഃ എന്നുപറയേണ്ടിവരും. അല്ലാതെ ഇതുമായി ബന്ധപ്പെട്ട് ചികിത്സ കിട്ടില്ല. ഇന്ത്യയിലെ നാല് പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻഷ്വറൻസ് കമ്പനികൾ ചേർത്തുണ്ടാക്കിയ ഒരു കൺസോർഷ്യമാണിത്. ഹിറ്റ എന്ന ടി.പി. ഏജൻസിയെ വച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കുന്നത്. പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയുടെ കൺസോർഷ്യം അത് ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ആയുഷ്മാൻ ഭാരത് പദ്ധതി നടത്തിയിട്ടുമില്ല, വിജയിച്ചിട്ടുമില്ല. അതുകൊണ്ട് ആ പദ്ധതിയെ ഒരു കാരണവശാലും ആശ്രയിക്കാൻ സാധിക്കില്ല. ഞാൻ ഇത് നേരത്തെ സൂചിപ്പിച്ചപ്പോൾ എനിക്ക് കിട്ടിയ മറുപടി, ഇത് സ്വകാര്യ ആശുപത്രികളെക്കൂടി സഹായിക്കുന്നുവെന്നതാണ്. ഇന്ന് സംസ്ഥാനത്തുള്ള പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ നടപ്പിലാക്കുന്ന കാഷ്‌ലെസ് കാർഡ് ഉപയോഗിച്ച് മെഡിക്കൽ കോളേജുകളിൽ പോകാൻ സാധിക്കുമോ? ഞാൻ ഇൻഷ്വറൻസ് വാങ്ങുന്ന, റീ-ഇംബേഴ്സ്മെന്റ് ചെയ്യാത്ത മെമ്പറാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോയാൽ എന്റെ കയ്യിലുള്ള കാർഡ് ഉപയോഗിച്ച് ഒരു സൗകര്യവും എനിക്ക് ലഭിക്കുന്നില്ല.

മറിച്ച്, ആ സൗകര്യങ്ങൾ എനിക്ക് മറ്റ് സ്വകാര്യ ആശുപത്രിയിൽ കിട്ടുന്ന സാഹചര്യമുണ്ട്. ആശുപത്രികൾക്ക് വിശ്വാസ്യതയുണ്ടാകണം. മുഖ്യമന്ത്രിയും ഞാനും ഉൾപ്പെടെയുള്ളവർക്ക് സ്വകാര്യ ആശുപത്രികളിൽ കിട്ടുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ നിന്നും കിട്ടണം. ആ സൗകര്യമില്ല എന്നാണ് ഞാൻ സൂചിപ്പിച്ചത്. അല്ലാതെ സ്വകാര്യ ആശുപത്രികളെ സഹായിക്കുന്നു എന്നല്ല. ഇന്ന് ഇന്ത്യയിലെ മുഴുവൻ സ്വകാര്യ ആശുപത്രികളിലും കാഷ്ലെസ് കാർഡുണ്ട്. പക്ഷേ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും ആ സൗകര്യമില്ല. ആ സംവിധാനത്തിലേയ്ക്ക് പോകാൻ സാധിക്കുന്നവിധത്തിലുള്ള ഒരു പദ്ധതി തയ്യാറാക്കണമെന്നാണ് ഞാൻ പറഞ്ഞത്. ആയുഷ്മാൻ ഭാരത് പദ്ധതിയെ ആശ്രയിച്ചു കൊണ്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസിലേയ്ക്ക് പോയാൽ കഴിഞ്ഞ തവണ പ്രഖ്യാപിച്ച പദ്ധതിയെക്കുറിച്ച് ഇത്തവണ ഒരു വാക്യമേ പറയാൻ സാധിക്കൂ 'മല എലിയെ പ്രസവിച്ചതുപോലെ' എന്ന്. ഇനി അടുത്ത തവണ പ്രസംഗിക്കാൻ പോകുന്നതിനെക്കുറിച്ച് 'എലി ഇല്ലം ചുട്ടതുപോലെ 'എന്നുപറയേണ്ടിവരും. ഈ പദ്ധതിയെ ആശ്രയിച്ച് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരളത്തിന്റേതായ ശൈലിയിൽ ആയുഷ്മാൻ ഭവഃ എന്നുപറയാതെ ആളുകൾക്ക് ആശുപത്രിയിൽ ചികിത്സ കിട്ടുന്ന പദ്ധതിയിലേയ്ക്ക് പോകണം. ഈ ബഡ്ജറ്റിൽ തൃശ്ശൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഒരു പദ്ധതിയും പ്രഖ്യാപിച്ചിട്ടില്ല. മെഡിക്കൽ കോളേജിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കൊടുത്തിരുന്നു. അതുപോലും ബജറ്റിൽ കാണാനില്ല. എന്നെക്കാൾ ബുദ്ധിമുട്ട് തൃശ്ശൂർ ജില്ലയിലെ മൂന്ന് മന്ത്രിമാർക്കാണ്. അവർക്ക് അവരുടെ മണ്ഡലങ്ങളിലൂടെ ഇറങ്ങി നടക്കാനുള്ള സൗകര്യം കൂടി ഉണ്ടാക്കണം. അത്തരത്തിലുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്.

4.00 PM

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെയും അതിലെ നിർദ്ദേശങ്ങളെയും അനുകൂലിക്കുകയാണ്. സാഹിത്യത്തിൽ ചെറിയൊരു സ്പാനിഷ് കഥയുണ്ട്. ഒരു വീട്ടിൽ താമസിക്കുന്ന സ്ത്രീ എല്ലാ ദിവസവും സന്ധ്യയാകുന്നതിന് മുമ്പ് അയൽവക്കത്തെ വീട്ടിലെ സ്ത്രീ വസ്ത്രം അലക്കി വിരിച്ചിരിക്കുന്നത് നോക്കിയിട്ട് 'ആ സ്ത്രീ എന്തൊരു സ്ത്രീയാണ്, എത്ര അലക്കിയിട്ടും അതിൽ എന്തൊരു അഴുക്കാണ്' എന്നുപറയും. ഇങ്ങനെ പറഞ്ഞ് പറഞ്ഞ് ഒരു ദിവസം ഇത് പറയുന്ന സ്ത്രീയുടെ ഭർത്താവ് അവർ നോക്കുന്ന സൈഡിലുള്ള കണ്ണാടിയിൽ പറ്റിയിരുന്ന അഴുക്ക് മാറ്റിയിട്ട് സ്വന്തം ഭാര്യയോട് ഇനി നോക്കാൻ പറഞ്ഞു. അന്ന് നോക്കിയപ്പോൾ

ആ വസ്തുങ്ങൾക്കെല്ലാം നല്ല തിളക്കം. യു.ഡി.എഫ്.-നോട് ഞാൻ പറയുന്നത്, നിങ്ങളുടെ കണ്ണിനു മുമ്പിൽ ഒരു അഴുക്കുണ്ട്. ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം വർഗ്ഗീയത കൊണ്ടാണ് ആ അഴുക്ക് പിടിപ്പിച്ചിരിക്കുന്നത്. അതൊന്ന് മായ്ച്ചു കളഞ്ഞിട്ട് നോക്കിയാൽ നിങ്ങൾക്ക് വികസനവും കേരളത്തിന്റെ വിഷമവും അതിൽ എൽ.ഡി.എഫ്. പ്രകടിപ്പിച്ചിരിക്കുന്ന ജനാധിപത്യ മതേതരത്വ സാദ്ധ്യതകളും അത് ഭാവിയിലേയ്ക്ക് എത്രത്തോളം ദീർഘവീക്ഷണത്തോടെ പ്രകടിപ്പിച്ചിരിക്കുന്നുവെന്ന സത്യവും കാണാം. അങ്ങനെ നോക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാഴ്ചപ്പാടൊന്ന് മാറ്റി, കാഴ്ചയ്ക്ക് മുമ്പിലെ അഴുക്ക് തിരുത്തി വെളിച്ചത്തിലൂടെ നിങ്ങൾ എൽ.ഡി.എഫ്.-നെയും കേരളത്തെയും ഈ ബഡ്ജറ്റിലുള്ള നിർദ്ദേശങ്ങളെയും നോക്കി കാണാൻ ശ്രമിക്കുക എന്നാണ് എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. ഇന്ത്യയിൽ ആ അഴുക്ക് പിടിപ്പിച്ചിരിക്കുന്നത് കോൺഗ്രസ് അല്ലെങ്കിലും കോൺഗ്രസ്സിന് അതിൽ പങ്കുണ്ട്. അത് ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം കൂടിയാണ്. നിങ്ങളുടെ കരുത്ത് മുഴുവൻ ആ അഴുക്ക് മായ്ക്കുന്നതിന് പ്രകടിപ്പിക്കാതെ എൽ.ഡി.എഫ്.-നെതിരായി പ്രകടിപ്പിച്ചാൽ നിങ്ങൾ തന്നെ പ്രശ്നത്തിൽപ്പെട്ടുപോകും എന്ന സത്യം കൂടി നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കുകയാണ്.

ഈ ബജറ്റിൽ കിഫ്ബിയുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട ഒരു കാര്യം, കിഫ്ബിയിൽ മുടക്കുന്ന പൈസയെല്ലാം ഭാവിയിൽ തിരിച്ചുകിട്ടുമോ എന്ന ആശങ്കയാണ്. തിരിച്ചുകിട്ടും എന്നു ഞാൻ ഉറപ്പായി പറയുന്നു. തിരിച്ചുകിട്ടും എന്നു പറയുന്നത് വെറുതെയല്ല. കിഫ്ബിയിൽ വലിയൊരു പങ്ക് പണം ചെലവഴിച്ചിരിക്കുന്നത് വിദ്യാഭ്യാസത്തിനാണ്. ഡോ. പ്രണബ് കുമാർ മുഖർജി കേരളത്തിൽ വന്ന് പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യം 'ആധുനിക ലോകത്തെ ഏറ്റവും വലിയ ധനം അറിവാണ്, അറിവുള്ളവർ പട്ടിണി കിടക്കേണ്ടി വരികയില്ല. ലോകത്ത് എവിടെ പോയും അവർ ജീവിക്കും' എന്നാണ്. ഒരുകാലത്ത് ഇന്ത്യയിൽ അറിവ് ഏറ്റവും കൂടുതൽ കൊടുത്തതുകൊണ്ടാണ് ഇന്നത്തെ കേരളം സൃഷ്ടിക്കപ്പെട്ടത്. 1957-ലെ ഗവൺമെന്റ് ചെയ്ത ഏറ്റവും വലിയ കാര്യം ഭൂ പരിഷ്കരണമല്ല, അറിവ് കൊടുത്തുവെന്നതാണ്. അറിവിന്റെ അന്തരീക്ഷത്തെ തടഞ്ഞു നിർത്തിയിരിക്കുന്ന ഘടകങ്ങളെ മുഴുവൻ കെട്ടഴിച്ചുവിട്ട് വിദ്യാഭ്യാസത്തെയും അക്ഷരത്തെയും സുതാര്യമാക്കി. അതുകൊണ്ടാണ് യു.പി., ബീഹാർ, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കുപോലും കഴിയാതെ കേരളത്തിൽ എല്ലായിടത്തും വീടുകൾ വലുതായതും നമ്മൾ മറ്റ് രാജ്യങ്ങളിലേയ്ക്ക് പോയതും. ലോകത്ത് എവിടെ പോയും അമ്മയെയും സഹോദരിയെയും അച്ഛനെയും സംരക്ഷിക്കാൻ അദ്ധ്വാനിക്കണമെന്ന് തോന്നിയത്; അതുകൊണ്ടാണ് മലയാളി ലോകത്തെല്ലാം നിറഞ്ഞത്. നവോത്ഥാനം അതിലൊരു കാരണമാണ്. ആ നവോത്ഥാനമുണ്ടാക്കിയ ഒരു കാരണമാണ് വളരാനുള്ള മോഹം. അതിന് അറിവാണ്

ഏറ്റവും പ്രധാനമെന്ന് മലയാളി പഠിച്ചു. കേരളത്തിലുള്ളവർ ചെയ്ത ഏറ്റവും വലിയ സമരത്തിന്റെ ഫലമായാണ് കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം കൊണ്ടു വരാനായത്. ആ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം ഉണ്ടായപ്പോഴാണ് നമ്മുടെ വീട്ടിൽ ആഹാരത്തിന്റെ ചെലവ് കുറഞ്ഞത്. ആഹാരത്തിന്റെ ചെലവ് കുറഞ്ഞപ്പോഴാണ് ബാക്കി വന്ന പണത്തിന് പുസ്തകം വാങ്ങിയത്. ഒപ്പം വീട്ടിൽ വേവിച്ച ഒരു പൊതിച്ചോറ് പഠിക്കാൻ പോകുന്ന കുട്ടിക്ക് കൊടുത്തത്. കുട്ടിക്ക് ഒരു പാത്രം ചോറ് കൊടുക്കാനുള്ള പൈസ അതിലൂടെ സംഭരിച്ചപ്പോൾ ഇന്ത്യയുടകത്ത് മാത്രമല്ല ഫ്രാൻസിലും അമേരിക്കയിലുമുള്ളതിനെക്കാൾ കൂടുതൽ ഡിഗ്രിക്കാർ കേരളത്തിലുണ്ടായി. ഞാൻ ഒരു കാര്യം ഉറപ്പിച്ചുപറയുന്നു, ഇപ്പോൾ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിലെ ഗവൺമെന്റ് കടം വാങ്ങി കിഫ്ബിയിലൂടെ മുടക്കുന്ന ഈ പണം ഭാവിയിൽ ഉറപ്പായും തിരിച്ചുവരും. ഒരുപക്ഷേ ഉറപ്പായി ഏറ്റവും അധികമായി തിരിച്ചുവരുന്നത് അത് മാത്രമായിരിക്കും.

ലോകത്തോട് മത്സരിക്കാൻ കഴിയുന്ന ഒരു യൗവ്വനം നമുക്കുണ്ടാകണം. നമ്മുടെ വിദ്യാഭ്യാസത്തിന് മുന്നോട്ടു പോകാൻ പറ്റാതെ നിന്ന ഒരിടത്തു നിന്നാണ് നമ്മൾ ഒരു പുനഃസംഘടനയ്ക്ക്, ലോക നിലവാരത്തിലേയ്ക്ക് ഇപ്പോൾ മാറാൻ തീരുമാനിച്ചത്. അതിനുവേണ്ടിയാണ് ധാരാളം പൈസ കിഫ്ബിയിലൂടെ കടം വാങ്ങി മുടക്കുന്നത്. ഇന്നലെ ഞാനിവിടെ ഒരു പ്രസംഗം കേട്ടു. രണ്ടരലക്ഷം വിദ്യാർത്ഥികൾ അൺ എയ്ഡഡിൽ നിന്നും എയ്ഡഡിലേക്ക് വന്നുവെന്നും പണമില്ലാത്തതുകൊണ്ടാണ് ഗൾഫിൽ നിന്ന് ആളുകൾ തിരികെ വന്നതെന്നുമാണ് അതിൽ പറഞ്ഞത്. അതുകൊണ്ടൊന്നുമല്ല; അങ്ങനെയൊരു അന്തരീക്ഷം ഉണ്ടായത് എന്താണെന്നുവച്ചാൽ നമ്മുടെ എയ്ഡഡ് മേഖലയിൽ, ഗവൺമെന്റ് മേഖലയിൽ വിദ്യാഭ്യാസം മെച്ചപ്പെടുന്നു; അങ്ങനെ മെച്ചപ്പെടുന്നതിനനുസരിച്ച് രണ്ടര ലക്ഷം കുട്ടികൾ വരുമ്പോൾ അതിനൊരു ദർശനമുണ്ട്. രണ്ടരലക്ഷം പേർ അൺ-എയ്ഡഡിലാണ് പോകുന്നതെങ്കിൽ ഒരു കുട്ടിക്ക് പതിനായിരം രൂപ വച്ചായാലും ഒരു വർഷം 250 കോടി രൂപ മുടക്കുന്നു. ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടു കൊണ്ട് ആ 250 കോടി രൂപ പൊതുമേഖലയിലേയ്ക്ക് വരികയാണ്. ഈ പൈസ അവർക്ക് ബാക്കിയാവുകയാണ്. ഈ പൈസ എവിടെ മുടക്കും; എന്റെ കയ്യിലുള്ള 10 രൂപ ഞാൻ മുടക്കുമ്പോൾ എനിക്കത് അധികം വന്നാൽ സ്വാഭാവികമായി ഒരു സാമൂഹ്യ സംവിധാനത്തിൽ എന്റെ അന്തസ്സിനുവേണ്ടി ഞാനത് ഉപയോഗിക്കും. ആ പൈസ അന്തസ്സിനുവേണ്ടി ഉപയോഗിക്കുമ്പോൾ അത് സമൂഹത്തിൽ കറങ്ങുന്ന വേറൊരുതരം പൈസയാകും. രണ്ട്, അത്തരം കുട്ടികൾ ഒരു പ്രത്യേക വിദ്യാഭ്യാസ വിഭാഗത്തിൽ നിന്ന് പൊതുവിഭാഗത്തിലേയ്ക്ക് വരുമ്പോൾ ഒരു പൊതു സാമൂഹ്യ സംവിധാനത്തിന്റെ സൗന്ദര്യത്തിൽ അവർ ഉൾപ്പെടും. അതുണ്ടാക്കുന്ന ഒരു മാനവികതയുടെ ദാർശനികത ഒരുപക്ഷേ ഇപ്പോൾ നമുക്ക് മനസ്സിലാകുകയില്ല.

ഇന്ത്യയിൽ എവിടെയും വർഗ്ഗീയതയും തെറ്റായ ചിന്തകളും വരുമ്പോൾ കേരളത്തിൽ നവോത്ഥാനത്തിന്റെ നന്മയാർന്ന വെളിച്ചം നിലനിൽക്കാനുള്ള അടിസ്ഥാനകാരണമായി മാറുന്നത് ഈ വിദ്യാഭ്യാസത്തിന്റെ മാറ്റമാണ്. കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റ് ഏത് വെളിച്ചമാണ് നൽകുന്നത്; സംസ്ഥാന ബഡ്ജറ്റിന് തീർച്ചയായും കേന്ദ്രത്തിന്റെ ഒരു ചങ്ങലയുണ്ട്. കാരണം ജി.എസ്.ടി. വന്നതിനുശേഷം നമുക്ക് ധാരാളം പണം സമാഹരിക്കാൻ സാധിക്കുന്നില്ല. ഇത്തരം സാഹചര്യത്തിലും പണത്തെക്കുറിച്ചുള്ള മഹത് വചനമായി ഇപ്പോൾ നിൽക്കുന്നത് 'ശരിയായി പണമുണ്ടാക്കുക പ്രയാസമാണ്. അതിനെക്കാൾ പ്രയാസമാണ് ആ പണം സൂക്ഷിക്കുക എന്നത്. ഏറ്റവും പ്രയാസം ആ പണം ശരിയായി ചെലവഴിക്കുക എന്നതാണ്.' ഈ മൂന്ന് കാര്യങ്ങളുമായി കേന്ദ്രം പണത്തിന്റെ കാര്യത്തിൽ കയ്യിൽ വിലങ്ങിട്ട് കേരളത്തെ മാത്രമല്ല എല്ലാ സംസ്ഥാനങ്ങളെയും നിലനിർത്തിയിരിക്കുന്ന ഈ കാലത്ത് പണമുണ്ടാക്കാനും സൂക്ഷിക്കാനും ഭാവിക്കുവേണ്ടി ചെലവഴിക്കാനുമുള്ള ഒന്നാണ് പരിമിതിക്കിടയിൽ നിന്നുള്ള ഈ ബജറ്റ്. അതിന്റെ കുറ്റങ്ങളും കുറവുകളും പറയണം. ആർക്കും സെസ് ഏർപ്പെടുത്തുന്നത് ഇഷ്ടമുള്ള കാര്യമല്ല. പക്ഷേ നമുക്ക് എവിടെ നിന്നെങ്കിലും പണം കണ്ടെത്തിയേ തീരൂ. കാരണം നമ്മൾ ഒരുപാട് വിഷമതകളിൽപ്പെട്ട് നിൽക്കുകയാണ്. പണം കണ്ടെത്തേണ്ടത് എവിടെ നിന്നാണെന്ന് പ്രതിപക്ഷം പറയണം. ഇങ്ങനെയല്ല എങ്കിൽ നമുക്ക് ആവശ്യമുള്ള പണം എവിടെ നിന്ന് കണ്ടെത്താം; എങ്ങനെ കണ്ടെത്താം; ഏത് വഴിയിൽ നമുക്ക് കൂടുതൽ ഉപകാരപ്രദമായി ചെലവഴിക്കാം; തീർച്ചയായും പറയേണ്ട ബാദ്ധ്യതയുണ്ട്. നമ്മൾ ഒരു പൊതുസമൂഹമാണ്. പ്രതിപക്ഷവും ഭരണപക്ഷവും കൂടിച്ചേർന്നാണ് കേരളത്തിൽ പ്രളയത്തെ നേരിട്ടത്. നമ്മൾ ഒരുമിച്ചാണ് നിന്നത്. അതിനിടയിലാണ് ശബരിമല വിഷയം വന്നത്. കേരളത്തിലുള്ള ഐക്യത്തെ തകർക്കാൻ ശബരിമലക്കാലത്ത് ശ്രമിച്ചു. അവിടെയാണ് രാഷ്ട്രീയവും വിശ്വാസവും രണ്ടായി കാണേണ്ടത്. അത് രണ്ടും രണ്ടായി ഇന്ത്യയിൽ കണ്ട മനുഷ്യൻ, പണ്ട് കേന്ദ്രത്തിൽ ഭരണമൊന്നും ഇല്ലാതിരുന്നതുകൊണ്ട് ഒരു കമ്മ്യൂണിസ്റ്റുകാരന്റെ പേരല്ല പറയാനുള്ളത്. അത് ജവഹർലാൽ നെഹ്റുവാണ്. അദ്ദേഹം ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ ഞാൻ ഉറപ്പായി പറയുന്നു, ശ്രീ. ഉമ്മൻ ചാണ്ടിയെയും ശ്രീ. രമേശ് ചെന്നിത്തലയെയും കോൺഗ്രസ്സിൽ നിന്നും പുറത്താക്കുമായിരുന്നു. കാരണം, വിശ്വാസം എന്താണെന്നും രാഷ്ട്രീയം എന്താണെന്നും അദ്ദേഹം കൃത്യമായി വിശദീകരിച്ച് ഇന്ത്യയിൽ നടപ്പാക്കി. ശ്രീ. വി. ഡി. സതീശനും ശ്രീ. വി. ടി. ബൽറാമിനും ശ്രീ. അനിൽ അക്കരയ്ക്കും അത് ചെറുതായി മനസ്സിലാകുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങളിൽ തന്നെ എല്ലാവരുടെയും കാഴ്ചപ്പാട് ഒരു പോലെയാണെന്ന് ഞാൻ കരുതുന്നില്ല. നെഹ്റു എന്താണ് പറഞ്ഞത്; നെഹ്റുവിന്റെ ഏറ്റവും വലിയ പ്രത്യേകത അദ്ദേഹം ഏറ്റവും കൂടുതൽ ബഹുമാനിച്ചിരുന്ന മഹാത്മാഗാന്ധിയോട് പോലും ചില കാര്യങ്ങളിൽ

വിയോജിപ്പുണ്ടായിരുന്നു എന്നതാണ്. മഹാത്മാഗാന്ധി ഒരുപാട് അമ്പലത്തിലൊന്നും പോയിട്ടില്ലെങ്കിലും അദ്ദേഹമൊരു വിശ്വാസിയായിരുന്നു. ജവഹർലാൽ നെഹ്റു അവിശ്വാസിയായിരുന്നു. അന്ന് കോൺഗ്രസ് നെഹ്റുവിനോടൊപ്പം ആയിരുന്നില്ല. വിശ്വാസിയായ പട്ടേലിനൊപ്പമായിരുന്നു. പക്ഷേ, വിശ്വാസിയായ പട്ടേലിനോടൊപ്പമല്ല വിശ്വാസിയായ ഗാന്ധിജി നിന്നത്. വിശ്വാസിയല്ലാത്ത നെഹ്റുവിനെയാണ് അദ്ദേഹം സ്വന്തം ജൈവ സന്താനങ്ങളെക്കാൾ കൂടുതൽ ഇന്ത്യയെ ഏൽപ്പിക്കാൻ മോഹിച്ചത്. ആ നെഹ്റുവാണ് വിശ്വാസവും രാഷ്ട്രീയവും എന്താണ്; എങ്ങനെയാണ്; എത്ര അകലം വേണ്ടതെന്ന് നിശ്ചയിച്ചത്. അതുകൊണ്ടാണ് അദ്ദേഹം പള്ളിയിലും അമ്പലത്തിലും ഉദ്ഘാടനത്തിനും പോകാതിരുന്നത്. അദ്ദേഹം ഒരു മതനിരപേക്ഷ സമൂഹത്തിന്റെ പ്രായോഗിക ഭരണവഴി എങ്ങനെയാണെന്ന് കൃത്യമായി സഞ്ചരിച്ച് കാണിച്ചുതന്ന മനുഷ്യനാണ്. ശബരിമല വിഷയത്തിൽ കേരളത്തിൽ കോൺഗ്രസ് നിന്നത് ആ വഴിയിലാണോ; ശ്രീ. രമേശ് ചെന്നിത്തല എപ്പോഴും ഉപയോഗിച്ച വാക്കുകളാണ് 'ഞങ്ങൾ വിശ്വാസികളുടെ കൂടെയാണ് എന്നുള്ളത്. ജവഹർലാൽ നെഹ്റു എപ്പോഴെങ്കിലും വിശ്വാസികളുടെ കൂടെയാണെന്ന് പറഞ്ഞിട്ടുണ്ടോ; അദ്ദേഹം വിശ്വാസിയും അവിശ്വാസിയും ഹിന്ദുവും മുസൽമാനും യുക്തിവാദിയുമൊക്കെയായ ഇന്ത്യയുടെ കൂടെയായിരുന്നു. നിങ്ങൾ കേരളത്തിന്റെ കൂടെയായിരുന്നില്ല. ബി.ജെ.പി.-ക്ക് അത് പറയാം. ബി.ജെ.പി.-ക്ക് വിശ്വാസിയുടെ കൂടെയാണെന്ന് പറയാം. പക്ഷേ, കോൺഗ്രസ് പറയാൻ പാടില്ല. കോൺഗ്രസ് കേരളത്തിന്റെ കൂടെ നിൽക്കണം. കേരളത്തിലെ മാനവികതയുടെ കൂടെ നിൽക്കണം. കേരളത്തിലെ മനുഷ്യരുടെ കൂടെ നിൽക്കണം. അങ്ങനെയല്ല നിങ്ങൾ നിന്നത്. നെഹ്റുവും ശ്രീ. രമേശ് ചെന്നിത്തലയും തമ്മിലുള്ള ദൂരമൊക്കെ നമുക്ക് മനസ്സിലാക്കാൻ കഴിയും. പക്ഷേ, നിങ്ങൾ നെഹ്റുവിനെ ഓർക്കണം. ജവഹർലാൽ നെഹ്റു എന്ന മനുഷ്യൻ നിങ്ങളുടെ മനസ്സിൽ വാനോളം ഉണ്ടായിരുന്നെങ്കിൽ, ഇപ്പോൾ വളർന്ന് വളർന്ന് എവിടെ എത്തി? ബി.ജെ.പി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വെറുക്കുന്ന മനുഷ്യൻ ജവഹർലാൽ നെഹ്റുവാണ്. അവർ ഗാന്ധിജിയെപ്പോലും വേണമെങ്കിൽ ഉൾക്കൊള്ളും. അവർ ഗുജറാത്തിൽ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പ്രതിമ പട്ടേലിന്റെ പേരിൽ നിർമ്മിച്ചപ്പോൾ നിങ്ങൾക്ക് എന്തുകൊണ്ട് വേദനിച്ചില്ല. പട്ടേലിനെ അവർ തട്ടിയെടുക്കുകയാണ്. ഏറ്റവും വലിയ പ്രതിമ പട്ടേലിന്റെ പേരിൽ ഉണ്ടാക്കുന്നതിനൊന്നും ഞാൻ എതിരല്ല. പക്ഷെ പട്ടേലിന് പട്ടേലിന്റെ പൊക്കമേയുള്ളൂ. പട്ടേലിനേക്കാൾ പൊക്കമുണ്ട് ജവഹർലാൽ നെഹ്റുവിന്. അതിന്റെ മൂന്നിരട്ടി പൊക്കമുണ്ട് മഹാത്മാഗാന്ധിക്ക്. അതായത്, ലോകത്തിൽ ഏറ്റവും കൂടുതൽ പൊക്കമുള്ളത് പട്ടേലിനാണെന്ന് അവർ പറയുമ്പോൾ അതിന് വേറൊരു രാഷ്ട്രീയ അർത്ഥമുണ്ട്, മഹാത്മാഗാന്ധിക്കും ജവഹർലാൽ നെഹ്റുവിനും പൊക്കം കുറവെന്നാണ് അത് അർത്ഥമാക്കുന്നത്. ഏറ്റവും പൊക്കം കൂടുതൽ പട്ടേലിനെന്ന്

പറയുമ്പോൾ ആ അപകടം കോൺഗ്രസ് മനസ്സിലാക്കണം, ഇന്ത്യൻ മതേതരത്വ സമൂഹം മനസ്സിലാക്കണം. ഇന്ത്യയെന്നല്ല, ആധുനിക ലോകത്തിലെ ഏറ്റവും പൊക്കമുള്ള മനുഷ്യരിൽ, മഹാന്മാരായ രാഷ്ട്രീയക്കാരിൽ, മനുഷ്യസ്നേഹിയിൽ ഒരാളാണ് മഹാത്മാഗാന്ധി. ആ മഹാത്മാഗാന്ധിയെയാണ് ജനുവരി 30-ന്, അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന് 70 വയസ്സ് പൂർത്തിയാകുന്ന ദിവസം, പണ്ടും ബി.ജെ.പി.-ക്കാർക്ക് മഹാത്മാഗാന്ധിയെ വെടിവയ്ക്കാൻ ആഗ്രഹം ഉണ്ടായിരിക്കാം; പക്ഷെ അവർക്ക് ഭയമുണ്ടായിരുന്നു; ഇന്ന് അവർക്ക് ഭയം മാറി; അവിടെ ഗാന്ധിജിയുടെ രൂപം ഉണ്ടാക്കിവച്ച് പരസ്യമായി വെടിവയ്ക്കുകയാണ്. ഇത് ഫേസ്ബുക്കിലും വാട്സാപ്പിലും സർവ്വയിടത്തും വരുമ്പോൾ പ്രതിഷേധം മാത്രമല്ല ഞാൻ പറയുന്നത്, അതിന്റെ അപകടത്തെക്കുറിച്ചും കൂടിയാണ്.

നമ്മളെല്ലാം ആഗ്രഹിക്കുന്നത്, മഹാത്മാഗാന്ധിയെപ്പോലൊരാൾ ഇന്ത്യൻ മതേതരത്വത്തിന്, ഇന്ത്യയിൽ വീണ്ടും ജനിക്കണേ എന്നാണ്. പക്ഷെ, അവർ വെടിവച്ച് ഗോഡ്സേയ്ക്ക് മുദ്രാവാക്യം വിളിക്കുമ്പോൾ അവർ പരസ്യമായി പറഞ്ഞത്, ഗാന്ധിജി വീണ്ടും ജനിക്കാൻ പാടില്ല, ഗോഡ്സേ ജനിക്കണമെന്നാണ്. അതൊരു വല്ലാത്ത രാഷ്ട്രീയ ദുര്യോഗമാണ്, അതൊരു ദുരന്തമാണ്. ആ ദുരന്തം ഉണ്ടാകാൻ പറ്റിയ സാഹചര്യം ഉണ്ടാക്കുന്നതിൽ എല്ലാ അമ്പലത്തിലും ഞാൻ ശിവഭക്തനാണെന്ന് പറഞ്ഞ് കറങ്ങിനടക്കുന്ന ശ്രീ. രാഹുൽ ഗാന്ധിക്കുകൂടി പരോക്ഷമായെങ്കിലും പങ്കുണ്ടോയെന്ന് നിങ്ങൾ അന്വേഷിക്കണം. ശ്രീ. രാഹുൽ ഗാന്ധി, നെഹ്റു കുടുംബത്തിലെ ആളാണ്. പക്ഷെ, നമ്മുടെ മുമ്പിൽ വരുന്ന ദൂരവ്യാപകമായ ചില രാഷ്ട്രീയ പ്രത്യാഘാതങ്ങളുണ്ട്. ആ പ്രത്യാഘാതങ്ങളുടെ മുമ്പിലാണ് ഈ ബജറ്റ്. അതിന്റെ പരിമിതികൾക്കകത്തുനിന്ന് ഒരു മതേതരത്വ ജനാധിപത്യ നവോത്ഥാന കേരളത്തിന്റെ വെളിച്ചത്തിന് ഞങ്ങളാൽ കഴിയുന്ന ഇന്ധനം, ഇന്ത്യ ഞങ്ങളിൽ വിലങ്ങ് വയ്ക്കുമ്പോഴും കൊടുക്കുന്നുവെന്ന് പറയുന്നത്-അതിനെയാണ് നിങ്ങൾ അംഗീകരിക്കേണ്ടത്. അതിനെ നിങ്ങൾ അംഗീകരിച്ച് മുന്നോട്ടുപോകാൻ ശ്രദ്ധിക്കുന്നതിനുപകരം; രാഷ്ട്രീയം മനസ്സിലാകാത്ത, ഇടതുപക്ഷവും വലതുപക്ഷവും തമ്മിൽ മത്സരിച്ച് തോൽക്കുന്നതിലും ജയിക്കുന്നതിലും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു ജനാധിപത്യ മതേതരത്വ സമൂഹത്തിൽ വലിയ കാര്യമില്ല. പക്ഷെ, ഇന്ന് ഇന്ത്യൻ മതേതരത്വവും ഇന്ത്യൻ ജനാധിപത്യവും അത് മുൻവയ്ക്കുന്ന സാമ്പത്തിക രീതികളും; ഒരു സാമ്പത്തികരീതി, ഒരു സാമൂഹ്യ സംവിധാനം, ഒരു സാമൂഹ്യ രാഷ്ട്രീയം, ആ രാഷ്ട്രീയം ഉത്പാദിപ്പിക്കുന്ന മാനവികത എന്നിവയെക്കൂടി നമുക്ക് സംഭാവന ചെയ്യും. ഇന്ത്യ കണ്ട ഏറ്റവും വലിയ ബൗദ്ധിക സിംഹങ്ങളിൽ ഒരാളാണ് സ്വാമി വിവേകാനന്ദൻ. ആ സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗത്തിന്റെ 125-ാം വാർഷികം ആഘോഷിച്ച നാളുകളാണിത്. ഞാൻ പറയുന്നത്, സ്വാമി വിവേകാനന്ദൻ എപ്പോഴും പറഞ്ഞുനടന്ന ഒരു കഥയുണ്ട്; ഒരു കള്ളൻ രാത്രി നടന്നുപോകുമ്പോൾ വഴിയിൽ ഒരു മരക്കുറ്റി നിന്നിരുന്നു.

രാത്രിയായതുകൊണ്ട് അത് കണ്ടപ്പോൾ അയാൾക്കുതോന്നി അതൊരു പോലീസു കാരനാണെന്ന്. അയാൾ ഭയപ്പെട്ടുമാറി. വേറൊരാൾ അയാളുടെ കാമുകിയെത്തേടി വന്നു. ഇരുട്ടിൽ അപ്പോഴും ആ മരക്കുറ്റി കണ്ടു. അയാൾക്കുതോന്നി അത് അയാളുടെ കാമുകിയാണെന്ന്. അയാൾ അവിടെപ്പോയി പ്രാർത്ഥിച്ചിരുന്നു. മൂന്നാമതായി പ്രേതങ്ങളുടെ കഥയൊക്കെ അറിയാവുന്ന ഒരു കുട്ടി വന്നു. ആ കുട്ടിക്കുതോന്നി അതൊരു പ്രേതമാണെന്ന്. ആ കുട്ടി നിലവിളിച്ച് ഓടിപ്പോയി ബോധംകെട്ടുവീണു. സ്വാമി വിവേകാനന്ദൻ പറയുന്നത് ഇത്രയേയുള്ളൂ, അവരെ മൂന്നുപേരെയും തെറ്റിദ്ധരിപ്പിച്ചത് വെളിച്ചമില്ലായ്മയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി നമ്മുടെ മുന്നിൽ വയ്ക്കുന്നത് നവോത്ഥാനത്തിന്റെയും മതേതരത്വത്തിന്റെയും വെളിച്ചമാണ്. വെളിച്ചമുണ്ടെങ്കിൽ അത് മരക്കുറ്റി മാത്രമാണ്. നിങ്ങൾക്ക് അത് മരക്കുറ്റിയാണെന്ന് തോന്നാവുന്ന തരത്തിൽ വെളിച്ചം നൽകാൻ പ്രളയകാലത്തും അതിനുമുമ്പും ഇടതുപക്ഷ ജനാധിപത്യ മുന്നണി ശ്രമിച്ചു. നിങ്ങൾ ശബരിമല വിഷയംകൊണ്ട് ആ വെളിച്ചത്തെ കെടുത്താൻ ബി.ജെ.പി.-യോടൊപ്പം ശ്രമിച്ചു. ആ തെറ്റ് മനസ്സിലാക്കണം. കോൺഗ്രസ്സിൽ ശ്രീ. എ. കെ. ആന്റണിയെപ്പോലുള്ള അവിശ്വാ സികളില്ലേ; എല്ലാ പാർട്ടിയിലും മഹാഭൂരിപക്ഷവും വിശ്വാസികളാണ്. അവർക്ക് ശബരിമലയിൽ പോകാം പോകാതിരിക്കാം. അതൊക്കെ വിശ്വാസം. വിശ്വാസത്തിന്റെ പേരിൽ ശബരിമലയിൽ ചെന്ന് നാമജപമെന്ന് പറയുന്നത് മുദ്രാവാക്യം വിളിക്കുന്ന തുപോലെയാണ്. മുദ്രാവാക്യം വേറൊന്നാണ്; അത് ഭൗതികമാണ്. പ്രാർത്ഥന വേറൊന്നാണ്; അത് ആത്മീയമാണ്. പ്രാർത്ഥനയെന്ന് പറയുന്നത് ഒരാളുടെ ഹൃദയത്തിന്റെ തുടിപ്പാണ്. മുദ്രാവാക്യമെന്ന് പറയുന്നത് ഒരാളിന്റെ കരുത്തിന്റെ പ്രഖ്യാപനമാണ്. നാമജപമെന്ന് പറഞ്ഞ് അവിടെ കേട്ടത് മുദ്രാവാക്യമാണ്, പ്രാർത്ഥനയല്ല. ശബരിമലയിൽ കേൾക്കേണ്ടത് പ്രാർത്ഥനയാണ്. ശരണം വിളി തന്നെയാണ് പ്രാർത്ഥന. അതൊന്നും ഞാൻ പറഞ്ഞുപോകുന്നില്ല. ചരിത്രത്തിൽ സംവാദമാകാം. സത്യത്തിൽ ഈ കാലത്ത് ഒരു സംവാദമായിരുന്നെങ്കിൽ എത്രയോ ഗുണം കേരളത്തിനുണ്ടായേനെ. പകരം ഉണ്ടായത് എന്താണ്; പകരം ഉണ്ടായത് കേരളത്തെ പുറകോട്ട് നയിക്കാൻ, നമ്മുടെ പൂർവ്വകാലത്ത്, നമ്മളെപ്പോലെ വിവരവും ഇത്രയും വലിയ അറിവുമൊന്നും ലോകത്ത് ശേഖരിക്കാൻ പറ്റാതിരുന്ന കാലത്ത്, അവരുടെ മുമ്പിൽ വെളിച്ചം കാട്ടിക്കൊടുത്ത കുറച്ച് വലിയ മനുഷ്യരുടെ മുമ്പിൽ നിറഞ്ഞുനിന്ന കേരള സമൂഹം ഉണ്ടാക്കിയെടുത്ത ചില ശീലങ്ങളുണ്ട്. അനാചാരവും ദുരാചാരവും സദാചാരവും തുടങ്ങി ഒരുപാട് ആചാരങ്ങളുണ്ട്. ആചാരം പെട്ടെന്ന് ദുരാചാരമാകും. ആചാരവും വിശ്വാസവും തമ്മിൽ ഒരുപാട് അകലമുണ്ട്. വിശ്വാസം ലോകം മുഴുവൻ നിറയുന്നതാണ്. ആചാരം ഒരു പ്രത്യേക സമൂഹത്തിൽ, പ്രത്യേക കാലത്ത് സ്വാർത്ഥതയോടെ രൂപപ്പെടുന്ന ഒന്നാണ്. ആചാരങ്ങളെല്ലാം അറിയാതെതന്നെ മാറും. ചിലത് അറിഞ്ഞുകൊണ്ട് മാറ്റും. വിശ്വാസം അങ്ങനെയല്ല.

ആചാരത്തിൽ എല്ലായ്പ്പോഴും എവിടെയും അനാചാരം വരും; ദുരാചാരം വരും. ഇതിനിടയിലാണ് നല്ല മനുഷ്യർ ലോകത്തിലെ എല്ലാവർക്കുംവേണ്ടി സദാചാരം ഉണ്ടാക്കിയത്.

മഹാത്മാഗാന്ധി ഇതിനെയൊന്നുമല്ല അംഗീകരിച്ചത്. മഹാത്മാഗാന്ധി പറഞ്ഞത്, എല്ലാ ആചാരത്തിനും അപ്പുറമാണ് ധാർമ്മികാചാരം എന്നാണ്. ആ ധാർമ്മികാചാരം രാഷ്ട്രീയത്തിലും ജീവിതത്തിലും കൊണ്ടുവരാൻ ശ്രമിച്ച ആളാണ് മഹാത്മാഗാന്ധി. ആ ധാർമ്മികാചാരമാണ് സത്യത്തിൽ ഈ ശബരിമലക്കാലത്ത് തകർന്നു തരിപ്പണമായത്. മഹാത്മാഗാന്ധിയെ കുറിച്ച് നിങ്ങൾ കുറച്ചുകൂടി അറിയണം; പഠിക്കണം. മഹാത്മാഗാന്ധി ആരാണെന്ന് അറിയണം. മാർക്സും ഗാന്ധിയുമായി ഒരുപാട് അടുപ്പമുണ്ട്. ഇന്ന് മാർക്സും ഗാന്ധിയും വീണ്ടും ജനിച്ച്, പരസ്പരം കണ്ടുമുട്ടിയാൽ രണ്ടുപേരും സഖാക്കളായിരിക്കും. അവർ രണ്ടുപേരും മനുഷ്യർക്കുവേണ്ടിയാണ് നിന്നത്. നിങ്ങൾ മാർക്സിനെയും ഗാന്ധിയെയുമൊന്നും വ്യത്യസ്തമാക്കേണ്ട. വ്യത്യസ്തരായി നിൽക്കുന്നതെല്ലാം വ്യത്യസ്തരാണെന്നും വ്യത്യസ്തരല്ലാത്തവരെല്ലാം വ്യത്യസ്തതയി ല്ലാത്തവരാണെന്നും ചിന്തിക്കരുത്. മുസ്ലീംലീഗും കോൺഗ്രസും ഒന്നുമല്ല ഞാൻ പറയുന്നത്. ഞാൻ പറയുന്നത്, ഇന്നത്തെ കേരളത്തിൽ നാളത്തെ ഇന്ത്യയ്ക്കുവേണ്ടി കേന്ദ്ര സർക്കാർ ഇങ്ങനെയൊരു രീതി അവലംബിക്കുമ്പോൾ നമ്മുടെ സാമ്പത്തിക സ്വാതന്ത്ര്യവും സാമൂഹ്യ സ്വാതന്ത്ര്യവുമൊക്കെ പരിമിതപ്പെടുത്തി നിർത്താൻ പ്രധാനമന്ത്രി ശ്രമിക്കുകയാണ്. പ്രധാനമന്ത്രി എന്തിനാണ് തൃശ്ശൂരിൽ വന്നത്; ശ്രീ. അമിത് ഷാ എന്തിനാണ് വന്നത്; കേരളത്തെ ചീത്ത പറയാൻ ഇവിടെ വരണോ; അതിനിടയിൽ ഇവർ രണ്ടുപേരും വന്ന കൂട്ടത്തിൽ ശ്രീ. രാഹുൽ ഗാന്ധികൂടി എറണാകുളത്തുവന്ന് അങ്ങനെ പറയേണ്ടതുണ്ടോ; അദ്ദേഹം വന്ന് സത്യത്തിൽ ഇവർ പറഞ്ഞത് തെറ്റാണെന്ന് പറഞ്ഞിട്ടുപോയാൽ കോൺഗ്രസിന്റെ വോട്ടൊന്നും കുറയില്ല; അദ്ദേഹത്തിന്റെ മാന്യത കൂടിയേനേ; അദ്ദേഹത്തിന്റെ രാഷ്ട്രീയ മെച്യൂരിറ്റി കേരളം കാണുമായിരുന്നു. അതുകൊണ്ട് അത്തരമൊരു സാഹചര്യത്തിൽ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിലെ എല്ലാ നിർദ്ദേശങ്ങളും തീർച്ചയായും അംഗീകരിക്കണം. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയാണ്, ഭരണ കക്ഷിയുടെ മാത്രമല്ല, നമ്മുടെയെല്ലാം ധനകാര്യ വകുപ്പുമന്ത്രിയാണ്. കേരളത്തെ നാളത്തെ നമ്മയ്ക്കുവേണ്ടി കഴിഞ്ഞ രണ്ട് വർഷം ധനകാര്യ വകുപ്പുമന്ത്രി കേരളത്തെ മുന്നോട്ടുകൊണ്ടുപോയത് ശരിയായ വഴിയേയാണ്; പുരോഗതിയിലേയ്ക്കാണ്; ജനാധിപത്യത്തിലേയ്ക്കാണ്; മതേതരത്വത്തിലേയ്ക്കാണെന്ന് കേരളം തിരിച്ചറിഞ്ഞിട്ടുണ്ട്. ആ തിരിച്ചറിവോടെ ഇതിനേയും അംഗീകരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u> : സർ, ഞാൻ ചുരുങ്ങിയ സമയത്തിനുള്ളിൽ ഗാന്ധിജിയും പട്ടേലും സ്റ്റാച്യൂവും അതുപോലുള്ള മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഇവിടെ ചർച്ച ചെയ്യുന്നത് ബഡ്ജറ്റിലെ നല്ല വശങ്ങളെക്കുറിച്ചും

ചീത്ത വശങ്ങളെക്കുറിച്ചും, അത് എങ്ങനെ സ്വീകാര്യമാകും, എന്തൊക്കെ മാറ്റം വരുത്തേണ്ടതുണ്ട് എന്നതു സംബന്ധിച്ചാണ്. കേരളം ബുദ്ധിമാന്മാരും പാരമ്പര്യങ്ങളുമുള്ള മഹാത്മാക്കൾക്ക് ജന്മം നൽകിയിട്ടുള്ള നാടായിട്ടും ദൈവം അനുഗ്രഹിച്ച് നൽകിയിട്ടുള്ള ആനുകൂല്യങ്ങളും സാഹചര്യങ്ങളുമെല്ലാം ഉണ്ടായിട്ടും എന്തുകൊണ്ട് വികസനത്തിന്റെ മുഴുവൻ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുന്നില്ലെന്ന് ചിന്തിക്കുന്ന അവസരത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് നമ്മുടെ ശ്രദ്ധ അതിലൊന്നുമല്ല എന്നുള്ളതാണ്. ഏത് കാര്യത്തിലായാലും ശരി വിവാദമുണ്ടാക്കാൻ സാധിക്കുക എന്നതിൽ മാത്രം അഭിരമിക്കുന്ന ഒരു ചിന്താഗതിയാണ് നമുക്കുള്ളത്. ഈ ബഡ്ജറ്റിനെപ്പറ്റി എന്റെ ചിന്തയിലേക്ക് വന്ന ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഒന്ന്, തിരുവനന്തപുരം-കാസർഗോഡ് അതിവേഗ ട്രെയിനിനെപ്പറ്റി പറഞ്ഞിരിക്കുന്നത് നല്ല കാര്യമാണ്. നിലമ്പൂർ-നഞ്ചൻകോട് റെയിൽവെയെപ്പറ്റി യാതൊരു പരാമർശവും ഇല്ലാതെ പോയത് വളരെ തെറ്റായിപ്പോയി. അതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ട ബാധ്യതയുണ്ട്. കർണ്ണാടക ഗവൺമെന്റ് അതിന് പകുതി അനുകൂലവുമാണ്. നമ്മൾ മുൻകയ്യെടുക്കുകയാണെങ്കിൽ അത് നടപ്പിലാകാൻ സാധ്യതയുണ്ട്. അതിനുവേണ്ടി ശ്രമിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. തലശ്ശേരിയിൽനിന്നുള്ള റെയിൽവെ ലൈനിന് മുൻതൂക്കം കൊടുക്കുകയാണെങ്കിൽ മലകളിൽക്കൂടിയും തുരങ്കങ്ങളിലൂടെയും ഏറെ സഞ്ചരിക്കേണ്ടിവരുന്നതിനാൽ അതിന് ഏറെ കാലതാമസം വരാനിടയുണ്ട്. അതുകൊണ്ട് നിലമ്പൂർ-നഞ്ചൻകോട് റെയിൽവെ ലൈനിനാണ് കൂടുതൽ സാധ്യത.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ)

ഈ ബഡ്ജറ്റിൽ നമ്മുടെ തലസ്ഥാന നഗരമായ തിരുവനന്തപുരത്തിനെ അവഗണിച്ചതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. തിരുവനന്തപുരം ജില്ലയിൽ വികസനവുമായി ബന്ധപ്പെട്ട സ്കീമുകളൊന്നും തയ്യാറാക്കിയിട്ടില്ല. അവിടെയുള്ള മൂന്ന് എം.എൽ.എ.-മാർക്കും ഒരുപോലെ അസംതൃപ്തിയുണ്ടായിട്ടുള്ള ഒരു സാഹചര്യമാണുള്ളത്. തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം ആറ്റുകാൽ പദ്ധതിയുടെ വികസനത്തിന് സാധ്യതയുണ്ടായിരുന്നു. അതിനുവേണ്ടി ഒരു സഹായവും ചെയ്യാൻ ആരും തയ്യാറായിട്ടുമില്ല, ഒരു പരാമർശവുമില്ല. പിന്നെ സ്മാർട്ട് സിറ്റിയാക്കാൻ ആഗ്രഹിക്കുന്നുവെന്നുള്ളതായ ഒരു നിലപാടുണ്ട്, അതിനുവേണ്ടിയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തലസ്ഥാന നഗരിയെ ഇത്തരത്തിൽ അവഗണിച്ചതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ റൈസ് പാർക്ക് തുടങ്ങുന്നതിനുള്ള സ്കീം കണ്ടു, അതൊരു നല്ല കാര്യമാണ്. തിരുവനന്തപുരം സിറ്റിയിൽ വരുംകാലങ്ങളിൽ ഇലക്ട്രോണിക് വാഹനങ്ങളെ അനുവദിക്കു എന്നുള്ള നിലപാട് ശരിയായ കാഴ്ചപ്പാടാണ്. ഏറെ പുകയും മാലിന്യങ്ങളും തിങ്ങി

നിൽക്കുന്ന സാഹചര്യത്തിൽ അതിനൊരു മാറ്റംവരുത്തുവാൻ ഇത് സഹായകരമായിരിക്കും. തീരദേശ ജലപാതയും തെക്ക്-വടക്ക് എലിവേറ്റഡ് റെയിൽവെ ലൈനും ആരംഭിക്കുമെന്നത് കേരളത്തിന്റെ വികസനത്തിന് വളരെ സഹായകരമായ രണ്ട് പദ്ധതികളാണ്. അഞ്ചു മണിക്കൂർകൊണ്ട് തിരുവനന്തപുരത്തുനിന്നും കാസർഗോഡ് ജില്ലയിലേയ്ക്ക് എത്താൻ കഴിയുന്ന പദ്ധതിക്ക് മുൻഗണന കൊടുത്തുകൊണ്ട് ജനങ്ങളുടെ പങ്കാളിത്തത്തോടെ ആ പരിപാടിയുമായി മുന്നോട്ട് പോയാൽ കേരളത്തിന്റെ ഭാവിക്ക് വളരെ സഹായകരമായിരിക്കും.

കായൽ ടൂറിസത്തിന്റെ പ്രധാന്യത്തെപ്പറ്റി ബഡ്ജറ്റിൽ പറയുന്നുണ്ട്. ഈ പൊട്ടൻഷ്യൽ വാസ്തവത്തിൽ വിദേശത്തുനിന്നും ഇവിടേയ്ക്ക് വരുന്ന ആളുകൾക്ക് വളരെ ആകർഷകമായിട്ടുള്ള കാഴ്ചപ്പാടായിരിക്കും. അത് കേരളത്തിന്റെ ടൂറിസം മേഖലയെ ശക്തിപ്പെടുത്താൻ സഹായിക്കും. കേരളം നാളീകേരത്തിന്റെ നാടാണ്, ഇപ്പോൾ ചകിരിക്കുവേണ്ടി നമ്മൾ തമിഴ്നാടിനെയും കർണ്ണാടകത്തെയും ആശ്രയിക്കേണ്ടിവരുന്ന ഒരു ഗതികേടിലാണ്. നമുക്കാവശ്യമുള്ള ചകിരി ഇവിടെത്തന്നെ സംഭരിക്കാനും അതിലൂടെ തൊഴിൽ നൽകാനും കഴിയുന്ന രീതിയിൽ യന്ത്രവൽകൃതമായ മാർഗ്ഗത്തിലൂടെ എന്തുകൊണ്ട് അതിന് ശ്രമിക്കുന്നില്ലെന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്. വിദേശത്ത് ജീവിക്കുന്ന കേരളീയർ അവിടെ വച്ച് മരണപ്പെടുകയാണെങ്കിൽ അവരുടെ ശവശരീരം നാട്ടിലെത്തിക്കാൻ സഹായിക്കുമെന്നുള്ളത് വളരെ നല്ല നിലപാടാണ്.

കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത്, പൊതുമേഖലയിൽ ഇപ്പോൾ കൂടുതൽ താൽപ്പര്യം വരുന്നുണ്ടെന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. കാരണം, എല്ലാ യോഗ്യതകളുമുള്ള അദ്ധ്യാപകരുടെ സേവനം ലഭ്യമാകുന്നതിനാൽ ആ മേഖലയിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ സാധിക്കുന്നുവെന്നത് വളരെ സന്തോഷകരമായ കാര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഒട്ടേറെ പദ്ധതികളുണ്ട്. ആ പദ്ധതികളുടെ ഗുണം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പട്ടികജാതി വിഭാഗങ്ങൾക്ക് സഹായകരമായ ഒട്ടേറെ കേന്ദ്ര പദ്ധതികളുണ്ട്, ആ പദ്ധതികൾക്കനുസരിച്ചുള്ള പ്രൊപ്പോസൽ കൊടുക്കുകയാണെങ്കിൽ അവ അനുവദിക്കുകയും അത് കേരളത്തിന്റെ പുരോഗതിക്ക് സഹായകരവുമായിരിക്കും. ആ മാർഗ്ഗത്തെപ്പറ്റിയും ചിന്തിക്കണം. അതല്ലാതെ രാപകൽ കേന്ദ്ര ഗവൺമെന്റിനെ കുറ്റം പറഞ്ഞുകൊണ്ടിരിക്കുന്നതുകൊണ്ട് കേരളത്തിനുണ്ടാകുന്ന നേട്ടമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഏതായാലും ശരി ഇരുപത്തിയൊന്ന് സംസ്ഥാനങ്ങൾ ഭരിക്കുന്ന പാർട്ടി, ഒന്നിനും കൊള്ളില്ലെന്ന് പറയുന്ന നിലപാട് സ്വീകരിക്കുന്നതിന് അവർക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്, അവർക്കത് ചെയ്യാം. സ്കിൽ ഡെവലപ്മെന്റിന്റെ കാര്യത്തിൽ

കുറെക്കൂടി ശ്രദ്ധ കൊടുക്കേണ്ടതായിട്ടുണ്ട്. കേരളത്തിൽ ബി.എ., എം.എ. തുടങ്ങിയ ബിരുദങ്ങളെടുത്ത് വെറുതെ ഇരിക്കുന്നതിനുപകരം അവർ ഏതെങ്കിലും തൊഴിൽ നൈപുണ്യ കോഴ്സുകൾ പരിശീലിച്ചാൽ കൂടുതൽ തൊഴിൽ കിട്ടാൻ സാധ്യതയുണ്ട്. ആ കാര്യത്തിലും ഊന്നൽ കൊടുക്കേണ്ടതായിട്ടുണ്ട്.

ശബരിമലയിൽ ഒരു എയർപോർട്ട് സ്ഥാപിക്കുന്നതിനെപ്പറ്റി ഒരു പരാമർശമുണ്ട്, ഇത് ശരിയായ ഒരു നീക്കമാണെന്ന് തോന്നുന്നില്ല. കാരണം എയർപോർട്ട് വരുന്നതുകൊണ്ടുള്ള വിരോധം കൊണ്ടല്ല, ശബരിമല ഒരു തീർത്ഥാടന കേന്ദ്രമാണ്. അവിടെ വരുന്ന തീർത്ഥാടകർക്ക് മല കയറി ഇരുമുടികെട്ടുകളും കൊണ്ട് സന്ദർശനം നടത്താനാണ് താൽപ്പര്യം. അവിടെക്കൊണ്ടുപോയി ഒരു എയർപോർട്ട് സ്ഥാപിച്ച് ടൂറിസം കേന്ദ്രമാക്കി മാറ്റാനുള്ള നീക്കം ചില കേന്ദ്രങ്ങളിൽനിന്നും പല കാരണങ്ങളാലുണ്ട്. അത് കേരളത്തിന് ഗുണകരമല്ല, ശബരിമല തീർത്ഥാടന കേന്ദ്രമായിത്തന്നെ നിലനിൽക്കണം, അതിനുവേണ്ടി പ്രവർത്തിക്കണം.

പ്രളയ സെസ്സ് ആവശ്യമാണെന്ന് മനസ്സിലാക്കാം; പക്ഷെ രണ്ട് ശതമാനമെന്നത് ഒരു ശതമാനമാക്കി കുറയ്ക്കാനുള്ള ശ്രമം നടത്തേണ്ടതായിട്ടുണ്ട്. നമ്മുടെ വരുമാനം 13.8 ശതമാനമായും ചെലവ് 53 ശതമാനമായും വർദ്ധിച്ചതായി കാണുന്നു. എന്നുവച്ചാൽ വരുമാനത്തേക്കാൾ കൂടുതൽ ചെലവഴിക്കുന്ന ഒരു പ്രക്രിയയുണ്ട്. ഇവിടെ ആർഭാടങ്ങളും സമ്മേളനങ്ങളും പരിപാടികളും നടത്തുന്ന ഒരു പ്രവണതയാണ് കൂടുതലായുള്ളത്. അതിനൊരു ബാലൻസുണ്ടായാൽ കേരളത്തിന്റെ പുരോഗതിക്ക് സഹായകരമായിരിക്കും എന്നൊരു എളിയ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് നിർത്തുന്നു. നന്ദി.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. സമയബന്ധിതമായി എന്റെ ചർച്ച അവസാനിപ്പിക്കുമെന്ന ഉറപ്പും നൽകുകയാണ്. നമ്മുടെ മുമ്പിൽ ഇപ്പോൾ രണ്ട് ബഡ്ജറ്റുകളാണ് ചർച്ചയ്ക്ക് വിഷയീഭവിച്ചിട്ടുള്ളത്. ഒന്ന് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബജറ്റ്, മറ്റൊന്ന് കേരള ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റ്. രണ്ട് സമീപനങ്ങൾ ഈ ബജറ്റിലൂടെ നമുക്ക് കാണാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് അവരുടെ അവസാന നാളുകളിൽ എത്തിനിൽക്കുകയാണ്. രണ്ടോ മൂന്നോ മാസം മാത്രമാണ് ബാക്കിയുള്ളത്. വോട്ട് ഓൺ അക്കൗണ്ടിന് പകരം എല്ലാ പത്രങ്ങളും വിശേഷിപ്പിച്ചതുപോലെ വോട്ട് പിടിക്കാനുള്ള ഒരു ബഡ്ജറ്റാണ് അവർ അവതരിപ്പിച്ചതെന്ന് എല്ലാവർക്കും അറിയാം. ഇവിടെയും വലിയ തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. പക്ഷെ ഒരു കാര്യം ആലോചിക്കണം, കഴിഞ്ഞ നാലേമുക്കാൽ വർഷത്തെ ഭരണത്തിന്റെ ഭാഗമായി കേന്ദ്രത്തിൽ ഇന്ത്യയുടെ സമ്പത്തിന്റെ ബഹുഭൂരിപക്ഷവും കേന്ദ്രീകരിച്ചിരിക്കുന്നത് അതിസമ്പന്നരുടെ

കൈകളിലാണെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇപ്പോൾ ആരെയാണ് ഈ ഭരണം സഹായിച്ചത്? സ്വാഭാവികമായി നമുക്ക് പറയാൻ സാധിക്കും കോർപ്പറേറ്റുകളെയും അതിസമ്പന്നരെയുമാണെന്ന്. അതിൽനിന്നും വ്യത്യസ്തമായൊരു സമീപനം ഉയർത്തി പിടിക്കുന്നുവെന്നുള്ളതാണ് കേരള ബജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകതയായി ഞാൻ കാണുന്നത്. ഇതൊരു ജനപക്ഷ ബജറ്റാണെന്ന് ഉറപ്പായും പറയാൻ കഴിയും. മറ്റൊന്നും കൊണ്ടല്ല, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ക്ഷേമ പെൻഷനുകൾ ആയിരം രൂപയായി വർദ്ധിപ്പിച്ചത്. അത് എല്ലാവർക്കും കൊടുത്തു. അടുത്ത ബഡ്ജറ്റിൽ അത് ആയിരത്തി ഒരുനൂറ് രൂപയാക്കി ഉയർത്തി. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും നൂറ് രൂപകൂടി വർദ്ധിപ്പിച്ച് നാൽപ്പത്തിരണ്ട് ലക്ഷത്തോളം വരുന്ന ആളുകൾക്ക് ക്ഷേമ പെൻഷൻ വിതരണം ചെയ്യാനുള്ള പ്രതിജ്ഞാബദ്ധമായ നിലപാട് ഈ ബജറ്റിലൂടെ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. അതുകൊണ്ടാണ് പറയേണ്ടി വരുന്നത് ഈ ഗവൺമെന്റ് സാധാരണക്കാരുടെ പക്ഷത്താണ്, ജനങ്ങളുടെ പക്ഷത്താണ്, ഇതൊരു ബദലാണ് എന്ന്.

ആഗോളീകരണത്തിന്റെ ഭാഗമായി ലോകത്തെമ്പാടും ക്ഷേമ പ്രവർത്തനങ്ങളുടെ ചെലവ് വെട്ടിച്ചുരുക്കുകയാണ്. ക്ഷേമരംഗത്തുനിന്ന് പൊതുമൂലധനം പിൻവലിക്കുകയാണ്. എന്നാൽ എത്ര പ്രതിസന്ധിയുണ്ടെങ്കിലും കേരളത്തിൽ ഞങ്ങളുടെ മുൻഗണനയിലുള്ളത് അശരണരും അവശത അനുഭവിക്കുന്നവരും നിരാലംബരുമാണെന്ന് ഈ ബജറ്റിലൂടെ പ്രഖ്യാപിക്കുകയാണ്.

ഇവിടെ ആരോഗ്യ ഇൻഷ്വറൻസിനെ സംബന്ധിച്ച് പറയുകയുണ്ടായി. കാരുണ്യ പദ്ധതി പിൻവലിക്കാൻ പോവുകയാണെന്ന ആക്ഷേപത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ വ്യക്തമായി മറുപടി പറഞ്ഞു. കാരുണ്യ പദ്ധതി പരിമിതപ്പെടുത്തുകയല്ല, അതിനെ വിപുലീകരിക്കുകയാണ് ചെയ്യുന്നത്. 42 ലക്ഷം കുടുംബങ്ങൾക്ക് അതിന്റെ ഭാഗമായി സഹായമെത്തുകയാണ്. ആധുനിക കാലത്ത് ചികിത്സാ ചെലവിന്റെ ബാഹുല്യം എത്രയാണെന്ന് എല്ലാവർക്കും അറിയാം. ഒരുപാട് സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള നാടാണിത്. വലിയ രോഗം വന്നാൽ സാധാരണക്കാർക്ക് ചികിത്സയ്ക്ക് നിവൃത്തിയില്ലാത്ത അവസ്ഥയുണ്ട്. അവിടെ സമഗ്രമായൊരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുന്നു എന്നത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വലിയ കാര്യമാണ്. അതാണ് ഈ ബജറ്റിന്റെ പ്രത്യേകത.

ജീവനോപാധി വികസനത്തിനായി 47,000 കോടി രൂപയാണ് ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. അതിൽ പ്രധാനമായും എടുത്ത് പറയേണ്ട ഒരു കാര്യം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 10 കോടി തൊഴിൽ ദിനങ്ങൾ 2018-19

വർഷത്തിൽ സൃഷ്ടിക്കും എന്നുള്ളതാണ് പ്രതീക്ഷ. അത് ഏകദേശം നിറവേറ്റുകയാണ്. അടുത്ത സാമ്പത്തിക വർഷത്തിലും 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയാണ്. അതിനുവേണ്ടി 230 കോടി രൂപ സംസ്ഥാന ഗവൺമെന്റ് വകയിരുത്തുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള നാട്ടിലെ സാധാരണക്കാരെ സഹായിക്കാനുള്ള ബാധ്യത തീർച്ചയായും ഗവൺമെന്റിനാണ്. കേന്ദ്രത്തിൽ കോൺഗ്രസ് തുടങ്ങിവച്ച ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി സമ്പന്നരെ വളർത്തുമ്പോൾ നമ്മുടെ നാട്ടിലെ പാർശ്വവൽക്കരിക്കപ്പെടുന്നവരെയും പാവപ്പെട്ടവരെയും സാധാരണക്കാരെയും ഒരു കൈത്താങ്ങ് കൊടുത്ത് സഹായിക്കുന്ന സമീപനമാണ് ഈ ബജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത. അതാണ് നാം കാണേണ്ടത്. ഇവിടെ പറയുന്നതുപോലെ എല്ലാ ബജറ്റിലും വരവും ചെലവുമൊക്കെ ക്രമീകരിക്കുന്നത് തന്നെയാണ്. പക്ഷേ അതിൽ ആർക്കാണ് പ്രയോറിറ്റി നൽകേണ്ടതെന്ന് നിശ്ചയിക്കുന്നതിലാണ് ഒരു ഗവൺമെന്റിന്റെ സമീപനവും പ്രതിജ്ഞാബദ്ധതയുമൊക്കെ പ്രകടമാകുന്നത്. അക്കാര്യത്തിൽ ഈ ഗവണ്മെന്റ് ജനങ്ങളോടൊപ്പമാണ്, പാവപ്പെട്ടവരോടൊപ്പമാണ് എന്ന് തെളിയിക്കുന്ന ബജറ്റ് കൂടിയാണ് ഇതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് മാത്രമല്ല, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കും തുക വർദ്ധിപ്പിച്ചിരിക്കുകയാണ്. നികുതി വരുമാനം 10 ശതമാനം വർദ്ധിക്കുമ്പോൾ ചെലവ് 16, 17 ശതമാനമാണെന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്. കുടിശ്ശിക കർശനമായി പിരിച്ചുകൊണ്ടും നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടുമൊക്കെ വരുമാനം കണ്ടെത്തുമെന്ന് നിശ്ചയദാർഢ്യത്തോടും ശുഭാപ്തി വിശ്വാസത്തോടുംകൂടി ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപനം നടത്തുകയാണ്.

കിഫ്ബി ഒരു സ്വപ്ന പദ്ധതിയാണ്, അത് നടപ്പിലാകാൻ പോകുന്നില്ല എന്നൊക്കെയുള്ള ആശങ്കകൾ തുടക്കത്തിൽ ഉണ്ടായിരുന്നു. ഭാവിയിലെ വരുമാനംകൂടി കണ്ടുകൊണ്ട് സെക്യൂരിറ്റൈസ് ചെയ്യുകയാണെന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്. അതിപ്പോൾ പ്രാവർത്തികമാവുകയല്ലേ; ഞങ്ങളുടെയൊക്കെ നാട്ടിൽ റോഡുകളുടെയും മറ്റും വികസനം കിഫ്ബി ഫണ്ടിലൂടെ യാഥാർത്ഥ്യമാവുകയാണ്. കോടിക്കണക്കിന് രൂപയുടെ സ്വപ്നം കാണാൻ കഴിയാത്ത വികസനം നടക്കുന്നത് കണ്ടില്ലെന്ന് നടിക്കാൻ എങ്ങനെയാണ് പ്രതിപക്ഷത്തിനാകുന്നത്; യാഥാർത്ഥ്യ ബോധമില്ലാതെ ഈ വിഷയങ്ങളെ സമീപിക്കുന്നതിൽ നിന്നാണ് പ്രതിപക്ഷം പിൻവാങ്ങേണ്ടത്.

തലസ്ഥാന ജില്ലയെ സംബന്ധിച്ചിടത്തോളം തീർച്ചയായും ആഹ്ളാദകരവും അഭിമാനകരവുമാണ്. വലിയ വികസന പദ്ധതികളാണ് ഈ ജില്ലയ്ക്ക് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുള്ളത്. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട ശ്രീ. വി. എസ്. ശിവകുമാറിനും ശ്രീ. ഒ. രാജഗോപാലിനും ഇതൊന്നും കാണാനാകാത്തത് കണ്ണടച്ച് ഇരുട്ടാക്കുന്നതു കൊണ്ടാണ്. വിഴിഞ്ഞം തുറമുഖ വികസനത്തിനുള്ള ഔട്ട്ഡോർ, റിംഗ് റോഡ്സ്,

അതുമായി ബന്ധപ്പെട്ട അനുബന്ധ കോറിഡോർ എന്നിവ വലിയ വികസന സാധ്യതയാണ് തിരുവനന്തപുരം ജില്ലയ്ക്കും വിഴിഞ്ഞം തുറമുഖത്തിനും വരുത്താൻ പോകുന്നത്. ഈ വികസന പ്രവർത്തനങ്ങൾ വരുമ്പോൾ തീർച്ചയായും നമ്മുടെ മനുഷ്യവാസവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ, അതിനുവേണ്ടിയുള്ള പ്ലാനിംഗ് എന്നിവയൊക്കെ തയ്യാറാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്.

ഇതൊരു കർഷക സൗഹൃദ ബഡ്ജറ്റാണ്. കാർഷിക രംഗത്ത് നല്ല മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യോൽപ്പാദന രംഗത്തും പച്ചക്കറി ഉൽപ്പാദനരംഗത്തും ക്ഷീരോൽപ്പാദന രംഗത്തും വലിയ വർദ്ധനവുണ്ടാകുന്നു. എന്നാൽ അതിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനങ്ങളാണ് ഈ ബജറ്റിൽ വന്നിരിക്കുന്നത്. കേരംതിങ്ങും കേരളനാട് പദ്ധതി-യന്ത്രവൽക്കരണത്തിലൂടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലൂടെയും കേരളത്തെ കേരംതിങ്ങും നാടായി വീണ്ടെടുക്കുവാനുള്ള പരിശ്രമമാണ് ബജറ്റിലുള്ളത്. സംയോജിത റൈസ് പാർക്ക്, റബ്ബർ പാർക്ക് എന്നിവയൊക്കെത്തന്നെ കാർഷിക രംഗത്ത് വലിയ സാധ്യതകളാണ് ഉണ്ടാക്കാൻ പോകുന്നത്. കൃഷിക്കാർക്ക് ആശ്വാസമേകുന്ന ബഡ്ജറ്റാണിത്. അതുകൊണ്ടാണ് കാർഷിക സൗഹൃദ ബഡ്ജറ്റ് എന്ന് പറയേണ്ടി വരുന്നത്.

പ്രകൃതി സൗഹൃദംകൂടിയാണ് ഈ ബജറ്റ്. നദീ പുനരുദ്ധാരണത്തെ സംബന്ധിച്ച് - വരട്ടാറിന്റെയും മറ്റ് ആറുകളുടെയുമൊക്കെ കാര്യങ്ങൾ ഈ ബജറ്റിൽ പരാമർശിച്ചിട്ടുണ്ട്. അതിൽ സാഭിമാനം എടുത്തുപറയാവുന്നതാണ് തിരുവനന്തപുരത്തെ കിള്ളിയാർ നവീകരിക്കുന്നതിനുവേണ്ടി നടത്തിയ പ്രവർത്തനം. വലിയ ജനപങ്കാളിത്തത്തോടുകൂടിയാണ് അതിന്റെ ആദ്യഘട്ട പ്രവർത്തനം നടത്തിയത്. അതിന്റെ രണ്ടാംഘട്ട പ്രവർത്തനത്തിലേയ്ക്ക് കോർപ്പറേഷൻ ചുവടുവയ്ക്കുകയാണ്. വലിയ മാറ്റമാണ് വരാൻ പോകുന്നത്. കിള്ളിയാറിലൂടെ അതിന്റെ ആദ്യത്തെ റീച്ചിൽ ഇപ്പോൾ ശുദ്ധജലം ഒഴുകുകയാണ്. അതിന്റെ തുടർ പദ്ധതികൾക്കുവേണ്ടി ഗവൺമെന്റ് സഹായം വാഗ്ദാനം ചെയ്യുകയാണ്. നമ്മുടെ നദികൾ വീണ്ടെടുക്കുവാൻ വളരെ പ്രതിജ്ഞാബദ്ധതയോടുകൂടി, 25 കോടി രൂപ മാറ്റിവയ്ക്കാൻ തയ്യാറായ ഒരു ബഡ്ജറ്റാണിത്. അതുകൊണ്ടാണ് അതിനെ പ്രകൃതി സൗഹൃദ ബഡ്ജറ്റ് എന്ന് വിശേഷിപ്പിക്കാനാകുന്നത്.

കേന്ദ്രത്തിൽ ലാഭകരമായ പൊതുമേഖലകൾപോലും വിറ്റഴിക്കുകയും ഓഹരിക്കച്ചവടം നടത്തുകയുമാണ്. തിരുവനന്തപുരം വിമാനത്താവളം വിൽക്കാൻ പോകുന്നു. ഞങ്ങൾ വാങ്ങിക്കോളാമെന്ന് ഈ ഗവൺമെന്റ് ധൈര്യപൂർവ്വം പറയുകയാണ്. ആ നയത്തിന് ബദലാണ് കേരളാ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റ്. കേന്ദ്രം പൊതുമേഖലയെ വിറ്റുതുലയ്ക്കുന്ന സന്ദർഭത്തിലാണ് ഇവിടെ എല്ലാ പൊതുമേഖലാ

സ്ഥാപനങ്ങൾക്കും ധനസഹായം പ്രഖ്യാപിച്ചുകൊണ്ട് അതിനെ ഉത്തേജിപ്പിക്കുന്ന തിനുള്ള പരിശ്രമം നടത്തുന്നത്. ഒട്ടേറെ പൊതുമേഖലാ സ്ഥാപനങ്ങൾ തിരുവന ന്തപുരത്തുണ്ട്. എല്ലാ പൊതുമേഖലയ്ക്കും ഈ ബഡ്ജറ്റിലൂടെ പണം വകയിരുത്തു കയാണ്. പൊതുമേഖലയെ സംരക്ഷിക്കുന്ന വ്യത്യസ്തമായ സമീപനമാണ് ഈ ഗവണ്മെന്റ് സ്വീകരിക്കുന്നത്. കൃഷിയെയും പൊതുമേഖലയെയും സംരക്ഷിക്കുന്നു. പാവപ്പെട്ട ആളുകൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നു.

റോഡുകളുടെ കാര്യമെടുക്കാം. ഒരുപക്ഷേ ഇന്ന് കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് ഇന്ത്യക്കുതന്നെ മാതൃകയായി ഉയർന്നുനിൽക്കുകയല്ലേ. എത്ര ആധുനികമായ റോഡുകളാണ് ഇപ്പോൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നത്. ബി.എം.&ബി.സി. നിലവാരത്തിൽ നല്ല ഡിസൈനിംഗിൽ, നല്ല നിലയിലാണ് ഈ റോഡുകളുടെ പുരോഗതി കാണാൻ കഴിയുന്നത്. ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ റോഡുകളും നവീകരിക്കപ്പെടുകയാണ്. ഇതാണ് നാട്ടിലെ പുരോഗതി. ഇതെല്ലാം കണ്ടില്ലെന്ന് നടിക്കാൻ കോൺഗ്രസ്സിന് കഴിയുന്നത് എങ്ങനെയാണ്? കേരള ബാങ്ക്, അങ്ങനെ ഓരോന്നുമെടുത്താൽ നവ കേരള സൃഷ്ടിക്ക് എന്തുകൊണ്ടും പ്രയോജനപ്പെടുന്ന, നല്ല കാഴ്ചപ്പാടുള്ള, ദീർഘ വീക്ഷണമുള്ള, ജനപക്ഷത്ത് നിൽക്കുന്ന ഒരു ബജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചിരിക്കുന്നതെന്ന് നിസ്സംശയം പറയാൻ കഴിയും. രാഷ്ട്രീയ അന്ധത ബാധിച്ചിട്ടില്ലാത്ത എല്ലാവരും അത് അംഗീകരിക്കും.

തിരുവനന്തപുരം ജില്ലയെ ബഡ്ജറ്റിൽ നല്ല രീതിയിൽ പരിഗണിച്ച കാര്യം ഞാൻ പറഞ്ഞു. ഇവിടെ നവോത്ഥാന പഠന മ്യൂസിയം കൊണ്ടുവരികയാണ്. വിഴിഞ്ഞം തുറമുഖ വികസനം, അതുപോലെ പൊഴിയൂരിൽ പുതിയ തുറമുഖത്തിന് ഈ ബജറ്റിൽ തുക വകയിരുത്തുകയാണ്. ആ നിലയിൽ എന്തുകൊണ്ടും ജില്ലയെ പരിഗണിച്ച ബജറ്റാണ് എന്നുതന്നെ പറയാൻ സാധിക്കും.

എന്റെ നിയോജക മണ്ഡലത്തിൽ എം.സി. റോഡിൽ വെഞ്ഞാറമൂട് ഒരു പ്രധാനപ്പെട്ട ജംഗ്ഷനാണ്. ബഹുമാനപ്പെട്ട അദ്ധ്യക്ഷനും അതിലൂടെ സഞ്ചരിക്കുന്ന ആളാണ്. വലിയ ഗതാഗതക്കുരുക്കാണ് അവിടെ അനുഭവപ്പെടുന്നത്. രണ്ടാമത്തെ ബഡ്ജറ്റിൽ ഒരു ബൈപ്പാസിനുവേണ്ടി 25 കോടി രൂപ അനുവദിക്കപ്പെട്ടു. പരിശോധനയിൽ യഥാർത്ഥത്തിൽ അത് ഫീസിബിളല്ലെന്ന് മനസ്സിലായി. ഏകദേശം 75 കോടിയോളം രൂപയിലേയ്ക്ക് അത് പോകും. അതുകൊണ്ട് കുറേക്കൂടി പ്രയാസരഹിതമായി നടത്താൻ കഴിയുന്ന ഒരു പ്രൊപ്പോസലിലേയ്ക്ക് ഞങ്ങൾ പോയി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ചേംബറിൽത്തന്നെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടിയപ്പോൾ അവിടെ ഏകദേശം 450-600 മീറ്റർ മാത്രം വരുന്ന ഒരു ഫ്ലൈ ഓവർ നിർമ്മിക്കുന്നത് നന്നായിരിക്കുമെന്ന തീരുമാനത്തിലെത്തി.

അതിന്റെ ഡി.പി.ആർ. ഉൾപ്പെടെ തയ്യാറാക്കി നടപടിക്രമങ്ങളുമായി മുന്നോട്ട് പോവുകയാണ്. അത് ഈ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ വന്നാൽ നിശ്ചയമായും നടപടികൾ പൂർത്തിയാക്കാൻ വളരെ എളുപ്പമായിരിക്കും. ഞാൻ ഒന്നുരണ്ട് റോഡുകളുടെ കാര്യംകൂടി പറഞ്ഞിട്ടുണ്ട്. 20 ശതമാനം വകകൊള്ളിച്ച് അവകൂടി ഉൾപ്പെടുത്തി തന്നാൽ നന്നായിരിക്കും.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ഡി. കെ. മുരളി: സർ, ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇടതുപക്ഷത്തിന്റെ പ്രസക്തിയെ സംബന്ധിച്ച് ഇപ്പോഴും കോൺഗ്രസ് സംശയിക്കുകയാണ്. ഇവിടെ കഴിഞ്ഞ പ്രസംഗങ്ങളിലൊക്കെ അതിന്റെ ചില സൂചനകളുണ്ടായി. കേരളത്തിൽ ഇടതുപക്ഷ മുന്നണിയുടെ അവസാനം കാണാൻ പോവുകയാണ്; ബംഗാളിലും ത്രിപുരയിലും നഷ്ടപ്പെട്ടു എന്ന് ബഹുമാന്യനായ ഒരംഗം പറയുന്നത് കേട്ടു. ബംഗാളിൽ ആരാണ് പകരം വന്നത്; ഇപ്പോൾ അവിടെ ആരൊക്കെ തമ്മിലാണ് യുദ്ധം; ഇടതുപക്ഷത്തിന് ക്ഷീണം സംഭവിച്ചു എന്നുള്ളത് ശരിയാണ്. പക്ഷേ ഞങ്ങൾ വീണ്ടെടുക്കുകയാണ്. വളരെ ഗുരുതരമായ പ്രതിസന്ധികളെയും അക്രമങ്ങളെയും നേരിട്ടുകൊണ്ടാണെങ്കിലും ഇടതുപക്ഷം തിരിച്ചുവരാനുള്ള നല്ല പരിശ്രമത്തിലാണ്. ത്രിപുരയിൽ പകരം വന്നതാര്, ബി.ജെ.പി., രാജസ്ഥാനിൽ കോൺഗ്രസ് ജയിച്ചു. അതിനുവേണ്ടിയുള്ള രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലം ഒരുക്കിയതാര്; അവിടത്തെ കർഷക പ്രക്ഷോഭങ്ങളിൽ പങ്കെടുത്തത് ഇടതുപക്ഷം. മഹാരാഷ്ട്രയിൽ നടന്ന ലോംഗ് മാർച്ചിൽ സാധാരണ ജനങ്ങൾ പിടിച്ച കൊടിയേത്; ചെങ്കൊടി. ആ നിലയിൽ ഇന്ത്യയിൽ, ഒരുപക്ഷേ പാർലമെന്ററി രംഗത്ത് എണ്ണം കുറവാണെങ്കിലും സമൂഹത്തിൽ ഇടപെട്ടുകൊണ്ട് ഒരു ബദൽ രാഷ്ട്രീയം, ബദൽ നയം, ഉറച്ച നിലപാട് എടുത്തുകൊണ്ട് ഇടതുപക്ഷം മുന്നോട്ട് പോവുകയാണ്. ഇടതുപക്ഷം നശിച്ചുപോയാൽ അത് ഗുണപ്പെടുന്നത് ബി.ജെ.പി.ക്കാണെന്ന കാര്യം മറന്നുപോകരുത്. കോൺഗ്രസ്സിന് ഈ പറയുന്നതുപോലെ നേതാവാര് എന്നൊക്കെ പറഞ്ഞ് നടക്കാമെന്നല്ലാതെ, മുഖശ്രീയുള്ള ശ്രീമതി പ്രിയങ്കാഗാന്ധിയെ ഇറക്കി എന്നുള്ളതുകൊണ്ടൊന്നും നയങ്ങളിൽ മാറ്റം വരുത്താതെ രക്ഷപ്പെടാൻ പോകുന്നില്ല. മതനിരപേക്ഷ പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയ്ക്ക് മാത്രമേ ഇനി ഇന്ത്യ ഭരിക്കാൻ കഴിയൂ എന്ന അവസ്ഥയാണുള്ളത്. ബി.ജെ.പി.-യെ തകർക്കണമെന്നാണ് മോഹമെങ്കിൽ അതാണ് ചെയ്യേണ്ടത്. ബി.ജെ.പി.-യെ തകർക്കണമെന്ന് ഇവർക്ക് മോഹമൊന്നുമില്ല. അതിന് അഖിലേന്ത്യാ തലത്തിലേയ്ക്കൊന്നും പോകേണ്ട. ഇന്നലെ തിരുവനന്തപുരം ജില്ലയിൽ മലയിൻകീഴ് പഞ്ചായത്ത് പ്രസിഡന്റിനെതിരെയുള്ള അവിശ്വാസ പ്രമേയം പാസ്സായി. രണ്ട് വോട്ടുകൾ കോൺഗ്രസ്സിന് നൽകിയത് ബി.ജെ.പി.യാണ്. കഴിഞ്ഞ ഒരു വർഷക്കാലത്തിന് മുൻപ് ഒരു പ്രമേയം കൊണ്ടുവന്നപ്പോൾ നടന്നില്ല. ഇപ്പോൾ

തെരഞ്ഞെടുപ്പ് വന്നപ്പോൾ ശബരിമലയിലെ ബാന്ധവത്തിന്റെ ഓർമ്മ പുതുക്കിക്കൊണ്ട് അവർ കൂട്ടായിരിക്കുന്നു. അതാണ് കോൺഗ്രസ്സിന്റെ രാഷ്ട്രീയം. റിസോർട്ട് കണ്ടാൽ, പണം കണ്ടാൽ അവർ ഒഴുകിപ്പോകും. ഇടതുപക്ഷം വിജയിച്ചുവന്നാൽ അതുണ്ടാകില്ല. അതുകൊണ്ട് ബി.ജെ.പി.-യെ അധികാരത്തിൽനിന്ന് മാറ്റണമെങ്കിൽ കേരളത്തിൽ നിന്ന് ജയിച്ചുവരേണ്ടത് ഇടതുപക്ഷമാണ് എന്നുള്ള തിരിച്ചറിവ് കോൺഗ്രസ്സുകാർക്കുകൂടി ഉണ്ടാകണമെന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ആന്റണി ജോൺ: സർ, ഈ ജനകീയ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. രാഷ്ട്രീയ അന്ധത ബാധിച്ച യു.ഡി.എഫ് -ന് അല്ലാതെ ഈ ബഡ്ജറ്റിനെ എതിർക്കാൻ കേരളത്തിൽ നിഷ്പക്ഷമായി ചിന്തിക്കുന്ന മറ്റാർക്കും കഴിയില്ല. കേരളപ്പിറവിക്കുശേഷം നിരവധി ഗവൺമെന്റുകൾ കേരളത്തിൽ വന്നു പോയിട്ടുണ്ട്. കേരളപ്പിറവിക്കുശേഷം ഉണ്ടായിട്ടുള്ള ഗവണ്മെന്റുകളുമായി താരതമ്യം ചെയ്യുമ്പോൾ, അസാധാരണമായ സാഹചര്യത്തെയാണ് 2018 ആഗസ്റ്റ് മാസത്തിൽ ഗവൺമെന്റ് നേരിട്ടത്. അപ്രതീക്ഷിതമായുണ്ടായ മഹാപ്രളയത്തിൽ ഒരു ആയുസ്സിന്റെ മുഴുവൻ സമ്പാദ്യവും നഷ്ടപ്പെട്ട ആയിരക്കണക്കിന് ആളുകൾ നമ്മുടെ കേരളത്തിലുണ്ട്. വലിയ നഷ്ടങ്ങൾത്തന്നെ കേരളത്തിനുണ്ടായി. മഹാപ്രളയത്തിനുശേഷം കേരളത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഘട്ടത്തിൽ ഇത്ര ജനകീയമായ ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനല്ലാതെ മറ്റാർക്കും കഴിയുകയില്ല എന്ന് ഞാൻ പ്രത്യേകം ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ആ ഒരു ജനകീയ ബഡ്ജറ്റിനെയാണ് രാഷ്ട്രീയ അന്ധതവച്ചുകൊണ്ട് ചില ആളുകൾ ഇപ്പോൾ എതിർക്കുന്നത്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് പരിശോധിക്കുകയാണെങ്കിൽ സർവ്വതല സ്പർശിയായ, സമഗ്രമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. സർക്കാരിന്റെ രണ്ടര വർഷക്കാലത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പല അംഗങ്ങളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ 140 നിയോജകമണ്ഡലങ്ങളിലും ഒരുപോലെ വികസനം കൊണ്ടുവരിക എന്ന വിശാലമായ കാഴ്ചപ്പാടോടുകൂടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രവർത്തിക്കുന്നത്. മുൻകാലങ്ങളിൽ പല ഗവൺമെന്റുകളും ഭരിക്കുമ്പോൾ ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രം വികസനം കേന്ദ്രീകരിച്ച് നിൽക്കുന്ന അവസ്ഥ ഉണ്ടായിരുന്നു. ആ അവസ്ഥയ്ക്കാണ് ശ്രീ. പിണറായി വിജയൻ സർക്കാർ മാറ്റം വരുത്തിയിട്ടുള്ളത്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഒരേപോലെ വികസന പ്രവർത്തനങ്ങൾ കൊണ്ടുവന്ന ഒരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. അതിന്റെ ഒരു തുടർച്ചയെന്ന നിലയിലാണ് ഈ ബഡ്ജറ്റിനെ കാണേണ്ടത്. ഇതൊരു ജനപ്രീയ ബജറ്റാണെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ ബജറ്റിനകത്ത്

പറഞ്ഞിട്ടുള്ള കാര്യങ്ങൾ മാത്രമല്ല, കഴിഞ്ഞ രണ്ടരവർഷക്കാലത്തെ പ്രവർത്തനങ്ങളും പരിശോധിക്കണം. വിവിധ മിഷനുകൾ അതിന്റെ പ്രവർത്തനങ്ങൾ ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. ഹരിതകേരളം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെയെല്ലാം ഗുണഫലം ഏറ്റവും കൂടുതൽ ലഭിക്കുന്നത് സമൂഹത്തിലെ സാധാരണക്കാരായിട്ടുള്ള ആളുകൾക്കാണ്. മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരനെ ഉൾക്കൊള്ളുന്ന ഒരു വികസന സമീപനമാണ് ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. വികസന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല, അനന്തമായി നീണ്ടുപോകുന്നു തുടങ്ങിയ ആക്ഷേപങ്ങൾ കേരളത്തെ സംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഏറ്റെടുത്ത വികസന പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി വളരെ ഇച്ഛാശക്തിയോടുകൂടിയ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ദേശീയപാത വികസനവും അന്തർ സംസ്ഥാന വൈദ്യുതി ലൈനും കൊച്ചി മെട്രോയും കണ്ണൂർ വിമാനത്താവളവും വിഴിഞ്ഞം തുറമുഖവും കൊല്ലം ബൈപ്പാസും ക്ഷേമ പെൻഷനുകളും ഉൾപ്പെടെ ഏറ്റെടുത്ത എല്ലാ പ്രവർത്തനങ്ങളും സാമ്പത്തിക പരിമിതിക്കകത്തു നിന്നുകൊണ്ട് ഈ ഗവൺമെന്റ് സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. അതിന്റെയൊരു തുടർച്ച എന്നുള്ള നിലയിലായിരിക്കണം ഈ ബജറ്റിനേയും കാണേണ്ടത്.

ഒരു ശതമാനം പ്രളയസെസ്സ് ഏർപ്പെടുത്തിയതിനെ വിമർശിക്കുന്ന പല ആളുകളും ഈ രണ്ടര വർഷക്കാലത്തിനുമുൻപും കേരളത്തിൽ അഞ്ചു വർഷക്കാലമുണ്ടായിരുന്നുവെന്നത് മറന്നുകൊണ്ടാണ് സംസാരിക്കുന്നത്. പ്രളയമില്ലാതിരുന്ന കാലത്തും വാറ്റ് നികുതിയുമായി ബന്ധപ്പെട്ട് 12 ശതമാനത്തിൽ നിന്നും രണ്ടര ശതമാനം വർദ്ധിപ്പിച്ചുകൊണ്ടാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നിലപാട് സ്വീകരിച്ചിട്ടുള്ളത്. വലിയ തോതിലുള്ള നഷ്ടം കേരളത്തിന്റെ എല്ലാ മേഖലയിലും നേരിട്ടതിനുശേഷം ഈ ബജറ്റ് അവതരിപ്പിക്കുമ്പോൾ ഒരു ശതമാനം പ്രളയസെസ്സ് ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് വലിയതോതിൽ ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കാനാണ് ഇവർ ശ്രമിക്കുന്നത്. വിലക്കയറ്റം ഉണ്ടാകുന്നതിനുവേണ്ടി ഒത്താശ ചെയ്തുകൊടുക്കുന്ന സമീപനമാണ് കേരളത്തിൽ യു.ഡി.എഫ്. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബജറ്റുമായി ബന്ധപ്പെട്ട് മാത്രമല്ല, വൻകിട പദ്ധതികളെല്ലാം സമയ ബന്ധിതമായി പൂർത്തീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് നന്നായി ശ്രദ്ധിക്കുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി കിഫ്ബിയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പദ്ധതികളെ സംബന്ധിച്ച് യു.ഡി.എഫും പ്രതിപക്ഷ മാധ്യമങ്ങളും വലിയ തോതിലുള്ള വിമർശനങ്ങളുമായി മുന്നോട്ടുവന്നിട്ടുണ്ട്. ഇന്ന് രണ്ടരവർഷക്കാലം പിന്നിടുമ്പോൾ, കിഫ്ബിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച 74 ശതമാനം പദ്ധതികളും നിർമ്മാണഘട്ടത്തിലാണ്. ഏതാണ്ട് പൂർത്തിയാകുന്ന ഘട്ടത്തിലുള്ള

പദ്ധതികളുമുണ്ട്. കിഫ്ബിയെന്ന സംവിധാനം രൂപവൽക്കരിച്ചുകൊണ്ട് വലിയ തോതിലുള്ള വികസന പ്രവർത്തനങ്ങൾ നമ്മുടെ നാടിന്റെ എല്ലാ മേഖലകളിലും നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ രണ്ടര വർഷക്കാലംകൊണ്ട് രണ്ടരലക്ഷം കുട്ടികളാണ് പൊതു വിദ്യാലയങ്ങളിലേയ്ക്ക് കൂടുതലായി കടന്ന് വന്നിട്ടുള്ളത്. കേരളത്തിൽ കുറച്ചു വർഷങ്ങൾക്കുമുൻപ് ലാഭകരമല്ല, അൺ ഇക്കണോമിക് എന്നു പറഞ്ഞ് വിദ്യാലയങ്ങൾ അടച്ചുപൂട്ടിയിരുന്ന ചരിത്രമാണുണ്ടായിരുന്നതെങ്കിൽ ഇന്ന് ആ വിദ്യാലയങ്ങളെ കൈപിടിച്ചുയർത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ഇന്ന് ലോകത്തെവിടെയുമുള്ള സമാന പ്രായക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിൽ ലഭിക്കുന്ന സൗകര്യം കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും ലഭ്യമാക്കിക്കൊടുക്കുകയാണ്. വലിയതോതിലുള്ള മാറ്റം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരികയാണ്. ആരോഗ്യമേഖലയിൽ ഈ ഗവണ്മെന്റ് വലിയ തോതിൽ തസ്തികകൾ സൃഷ്ടിക്കുന്നു. കേരളത്തിൽ മുമ്പ് ആരോഗ്യമേഖലയിൽ വലിയ തോതിലുള്ള പ്രശ്നങ്ങളുണ്ടായിരുന്നു. ആവശ്യത്തിന് ഡോക്ടർമാരും മറ്റ് സ്റ്റാഫുകളും ഉണ്ടായിരുന്നില്ല. ആ പോരായ്മ പരിഹരിക്കാൻ ആയിരക്കണക്കിന് തസ്തികകൾ സൃഷ്ടിച്ച് ആരോഗ്യ മേഖലയെ മുന്നോട്ട് കൊണ്ടുവരികയാണ്. വിദ്യാഭ്യാസ മേഖലയേയും ആരോഗ്യമേഖലയും വളരെ കരുതലോടുകൂടി ഭാവി വികസനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ കാര്യമാണെന്ന് കണ്ടുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കുന്ന ഒരു രൂപപോലും നഷ്ടമാകില്ലെന്ന ഉറച്ച കാഴ്ചപ്പാടോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. നമ്മുടെ കുട്ടികൾക്ക് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്നുള്ളതാണ്. ആ മെച്ചപ്പെട്ട വിദ്യാഭ്യാസ സമ്പ്രദായം കേരളത്തിനകത്ത് ഒരുക്കികൊടുക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ഇത്തരം സമീപനങ്ങൾ സ്വീകരിക്കുന്നത്.

കേരളത്തിൽ യു.ഡി.എഫ് ഭരിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് സാമ്പത്തികമായി പഠിക്കാൻ സാഹചര്യമില്ലാത്തതുകൊണ്ട് വിദ്യാഭ്യാസം നിഷേധിക്കേണ്ടിവന്നു. അപ്പോൾ ഫാസിലയും അമ്പാടിയും രജനിയും വേളാങ്കണ്ണിയുമുൾപ്പെടെയുള്ള ഒട്ടനവധി വിദ്യാർത്ഥികൾ ആത്മഹത്യചെയ്ത കാലമായിരുന്നു ഉണ്ടായിരുന്നത്. ഇന്ന് കേരളത്തിൽ ആ സ്ഥിതിക്ക് മാറ്റം വന്നിരിക്കുകയാണ്. എല്ലാ മേഖലയിലും സമഗ്രമായ മാറ്റം വരുത്തിക്കൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പ്രളയത്തിനു ശേഷവും ബജറ്റിൽ എല്ലാ മേഖലകളിലും ജനങ്ങൾക്ക് പരിഗണനയും സഹായവും കൊടുത്തിരിക്കുകയാണ്. ഈ ഗവൺമെന്റ് വരുമ്പോൾ 600 രൂപയായിരുന്ന ക്ഷേമ പെൻഷൻ 1,200 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. അത്

പടിപടിയായി 5 വർഷക്കാലംകൊണ്ട് 1,500 രൂപയിലെത്തിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത്. മഹാഭൂരിപക്ഷം വരുന്ന ആളുകളേയും ഉൾക്കൊള്ളുന്ന തരത്തിലുള്ള ഒരു വികസന സമീപനം, ഒരു ബദൽ വികസന കാഴ്ചപ്പാട് കേരളത്തിലെ ഗവൺമെന്റ് മുന്നോട്ട് വയ്ക്കുകയാണ്. കേരളത്തിൽ 42 ലക്ഷം കുടുംബങ്ങളെ ഉൾക്കൊള്ളുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

സമീപകാലത്ത് ശബരിമലയുമായി ബന്ധപ്പെട്ട് ആർ.എസ്.എസ്., യു.ഡി.എഫിന്റെ പിന്തുണയോടുകൂടി കേരളത്തിനകത്ത് ഏറ്റവും വലിയ വർഗ്ഗീയ ധ്രുവീകരണ ശ്രമമാണ് നടത്തിയിട്ടുള്ളത്. മുൻകാലങ്ങളിൽ വിശ്വാസികളെന്ന് പറഞ്ഞ ആളുകൾ ഭരിച്ചിരുന്ന കാലഘട്ടങ്ങളിലൊന്നും നീക്കിവയ്ക്കാത്ത വിഹിതമായ 739 കോടി രൂപയാണ് ഈ ഗവൺമെന്റ് ശബരിമലയ്ക്ക് വേണ്ടി നീക്കിവച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ വലിയ തുക നീക്കിവയ്ക്കുന്നു. സ്ത്രീ ശാക്തീകരണ രംഗത്ത് വലിയ തോതിൽ ഇടപെടാൻ ഗവൺമെന്റ് തീരുമാനിക്കുന്നു. പ്രളയത്തിനുശേഷവും എല്ലാ മേഖലകളും ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ട്. ഈ ബജറ്റിനെ പിന്തുണയ്ക്കാൻ പ്രതിപക്ഷ സുഹൃത്തുക്കൾ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രാജ്യം ഒരു പൊതുതെരഞ്ഞെടുപ്പിന് തയ്യാറാകുമ്പോൾ സുരക്ഷിതമായ ഒരു ഭാവിക്കുവേണ്ടി ആർ.എസ്.എസ്. എന്ന മഹാവിപത്തിനെ എതിർക്കാൻ യു.ഡി.എഫ്. തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പലപ്പോഴും ഈ നിയമസഭയിൽ ആർ.എസ്.എസ്./ബി.ജെ.പി. ക്കെതിരെ വർത്തമാനം പറയുമ്പോൾ വേണ്ടത്ര ആർജ്ജവം കാണിക്കാൻ യു.ഡി.എഫ്. തയ്യാറാകുന്നില്ല. ശബരിമല വിഷയത്തിലൂൾപ്പെടെ രാഷ്ട്രീയ ലാഭം നേടുന്നതിനുവേണ്ടിയുള്ള ഒരു സമീപനമാണ് യു.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്. അത് കേരള ജനസമൂഹം തിരിച്ചറിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ഇപ്പോൾ ചില ഫെയ്ക്ക് സർവ്വേകളുമായിട്ടാണ് ആളുകൾ മുന്നോട്ട് വന്നിട്ടുള്ളത്. ആ സർവ്വേകളൊക്കെ ജനങ്ങൾ തള്ളിക്കളയും. കേരളത്തിലെ ജനങ്ങളുടെ മനസ്സറിയാവുന്നവരാണ് ഇടതുപക്ഷത്തിന്റെ ഓരോ പ്രവർത്തകരും. ആ ജനത ഇനി വരാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഇടതുപക്ഷത്തെ മുഴുവൻ സീറ്റുകളിലും വിജയിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ലെന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

ശ്രീ. കെ. എം. ഷാജിക്കുവേണ്ടി (ശ്രീ. കെ. എൻ. എ. ഖാദർ): സർ, ഞാൻ ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിനെക്കുറിച്ച് ഇവിടെ ധാരാളമായി പറഞ്ഞുകഴിഞ്ഞതാണ്. കേരളത്തിൽ പ്രളയശേഷം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക്

പരിഹാരം കാണുന്നതിന് വേണ്ടി പ്രധാനപ്പെട്ട ഇരുപത്തിയഞ്ചിന പരിപാടികളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ആ ഇരുപത്തിയഞ്ചും പുതിയ പദ്ധതികളാണെന്ന് എനിക്ക് തോന്നുന്നില്ല. അതുപോലെ തന്നെ ബഡ്ജറ്റിന്റെ ആദ്യത്തെ അഞ്ചെട്ട് പാരഗ്രാഫുകളിൽ കുമാരനാശാനും ശ്രീനാരായണ ഗുരുവുമൊക്കെയാണ് വന്നിട്ടുള്ളത്. അതുകഴിഞ്ഞ്, പ്രളയശേഷമുണ്ടായിട്ടുള്ള സാഹചര്യങ്ങളെ നേരിടാനും നവകേരള നിർമ്മിതിക്കു വേണ്ടിയും ബജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ആലോചിക്കുമ്പോൾ 'പുതിയ കേരളം' എന്ന സങ്കൽപ്പം അവ്യക്തമാണ്. പുതിയ കേരളം എന്ന് പറയുമ്പോൾ, മലനാടും, ഇടനാടും, തീരപ്രദേശവും ചേർന്നുള്ള കേരളത്തിൽ, മലനാട്ടിലെ ഉരുൾപൊട്ടലും ഇടനാട്ടിലെ വെള്ളപ്പൊക്കവും തീരദേശത്തെ കടലാക്രമണവും തടയത്തക്ക രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; അത്തരം പദ്ധതികളാണോ ആവിഷ്കരിക്കുന്നത്?

പാരിസ്ഥിതിക ദുരന്തങ്ങളിൽ നിന്നും കേരളത്തെ രക്ഷപ്പെടുത്താനും ഇതുപോലുള്ള പ്രളയങ്ങളും ഭൂകമ്പങ്ങളും ഉരുൾപൊട്ടലും വന്നാൽ അതിന് പ്രത്യാഘാതങ്ങളുണ്ടാക്കാത്ത നിർമ്മാണ പ്രക്രിയകളെക്കുറിച്ചും ഒരു പഠനം നടത്തിയശേഷം മാത്രമേ അത്തരം പദ്ധതികൾ ആവിഷ്കരിക്കാവൂ. പ്രതിപക്ഷത്തിനും അതിന്റേതായ ആശയങ്ങളുണ്ട്. ഗവൺമെന്റ് മാത്രം നവകേരള നിർമ്മാണത്തെക്കുറിച്ച് പറയുന്നതിന് പകരം പ്രതിപക്ഷവുമായും ബന്ധപ്പെട്ട വിദഗ്ദ്ധന്മാരുമായും കൂടിയാലോചിച്ചാൽ വളരെ നല്ല ആശയങ്ങൾ കിട്ടുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് എല്ലാ വിഭാഗ ങ്ങളിലെയും ആളുകളുമായി വേണ്ടത്ര ചർച്ച ചെയ്തതിനുശേഷം മാത്രമേ നവകേരള നിർമ്മിതി പോലുള്ള കാര്യങ്ങൾ ചെയ്യാൻ പാടുള്ളൂ.

ലോകത്ത് ഇന്നുവരെ ഒരു ഗവൺമെന്റും ഒരു വികസന പദ്ധതിയുടെയും ഭാഗമായി ഒരു പുതിയ പുഴ നിർമ്മിച്ചിട്ടില്ല. ലോകത്ത് ഒരു ഗവൺമെന്റും ഒരു പുതിയ മല അല്ലെങ്കിൽ പർവ്വതം നിർമ്മിച്ചതായി ഇതുവരെ ചരിത്രമില്ല. എല്ലാം നശിപ്പിക്കുകയല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല. അത്തരം വിഷയങ്ങൾകൂടി മനസ്സിലാക്കി മാത്രമേ ഇത്തരം കാര്യങ്ങൾ ചെയ്യാൻ പാടുള്ളൂ. നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചൊക്കെ പറഞ്ഞിട്ടുള്ള വേദങ്ങളാണ് നമ്മുടെ രാജ്യത്തുണ്ടായിരുന്നത്. ആയുർവേദം, ധനുർവേദം, ഗാന്ധർവ്വവേദം, സ്ഥപത്യവേദം എന്നിവയെല്ലാം ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായുള്ള വേദങ്ങളുടെ ഉപവേദങ്ങളാണ്. ഇതിലെ സ്ഥപത്യവേദത്തിൽ, സിറ്റിയും വില്ലേജുകളും എങ്ങനെ പ്ലാൻ ചെയ്യാമെന്നും, കൺസ്ട്രക്ഷൻ എങ്ങനെ നടത്താമെന്നും വേദ കാലഘട്ടത്തിൽപ്പോലും ഭാരതത്തിൽ പറഞ്ഞിട്ടുണ്ട്. അതെല്ലാം വിസ്മരിച്ചുകൊണ്ടാണ് നമ്മൾ കാര്യങ്ങളുമായി മുന്നോട്ടു പോകുന്നത്. ഈ രീതിയിൽത്തന്നെ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോയാൽ സംസ്ഥാനം ഇനിയും പാപ്പരാകുകയേയുള്ളൂ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സംസ്ഥാനം

പാപ്പരാണെന്നും സാമ്പത്തികമായി പ്രതിസന്ധിയുണ്ടെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തുറന്ന് പറയണം. ആ സത്യം, ആ വസ്തുനിഷ്ഠ യാഥാർത്ഥ്യം ഉൾക്കൊണ്ടു വേണം ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. ഇവിടെ ഒന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ മൂടിവയ്ക്കുന്നത് ഗുണം ചെയ്യുമെന്ന് ഞാൻ കരുതുന്നില്ല.

കേന്ദ്ര ഗവൺമെന്റ് എല്ലാ ഭരണഘടനാ സ്ഥാപനങ്ങളെയും സ്വന്തം കൈപ്പിടിയിൽ ഒതുക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. പ്ലാനിംഗ് ബോർഡിനെ നീതി ആയോഗ് ആക്കി മാറ്റി, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനെ അവരുടെ ചൊൽപ്പടിക്ക് നിൽക്കുന്ന സ്ഥാപനമാക്കി മാറ്റി, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (UGC), ആർ. ബി. ഐ. എന്നിവ അവരുടെ നിയന്ത്രണത്തിൽ വരുന്ന സ്ഥാപനങ്ങളാക്കി മാറ്റി. ജുഡീഷ്യറിയെ കീഴ്പ്പെടുത്താനായുള്ള പരിശ്രമങ്ങൾ നടക്കുന്നു. സി.ബി.ഐ.-യെ പൂർണ്ണമായും അവരുടെ നിയന്ത്രണത്തിലാക്കിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ ഓരോ സംഭവങ്ങളും പരിശോധിച്ചാൽ കേന്ദ്ര ഗവൺമെന്റ് എങ്ങോട്ടാണ് പോകുന്നതെന്ന് വളരെ വ്യക്തമാണ്. ആ കേന്ദ്ര ഗവൺമെന്റിന്റെ ഭരണം അവസാനിപ്പിക്കുക എന്നുള്ളത് ഈ വരുന്ന തെരഞ്ഞെടുപ്പിലെ ഏറ്റവും സുപ്രധാന സംഗതിയാണ്. അതിൽ ഓരോ പാർട്ടികളും ഓരോ മുന്നണികളും അവരുടേതായ രീതിയിൽ കേന്ദ്ര ഗവൺമെന്റിനെയും ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റിനെയും എതിർക്കുമ്പോൾ അതൊന്നും ശരിയായില്ല എന്ന മട്ടിൽ ഇവിടെ അധികമാളുകളും സംസാരിച്ചത് സങ്കടകരമാണ്.

ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും മാർക്സിസ്റ്റ് പാർട്ടിക്കും കോൺഗ്രസിനെയോ ബി.ജ.പി.-യെയോ എതിർക്കുന്നതിന് അവരുടേതായ രീതികൾ ഉണ്ടാകും. അതിൽ യാതൊരു കുഴപ്പവുമില്ല. അതേസമയം മറ്റൊരാൾ എന്തെങ്കിലും ചെയ്യുമ്പോൾ അതിനെ എതിർത്ത്, ആക്ഷേപിച്ച് പറയുന്നത് ബി.ജെ.പി.-യെ സഹായിക്കുന്ന ഒരു നിലപാടായിട്ടാണ് എനിക്ക് തോന്നുന്നത്. കോൺഗ്രസിന് സംഭവിക്കുന്ന എല്ലാ വീഴ്ചകളെയും പൂർണ്ണമായും ആക്ഷേപിക്കുകയും ആ വീഴ്ചകളെ എടുത്തുപറയുകയും അത് ആഘോഷിക്കുകയും ചെയ്യുക, കോൺഗ്രസിനുണ്ടാകുന്ന നേട്ടങ്ങളെ മുഴുവൻ പരിഹസിക്കുക, ഇങ്ങനെയുള്ള നിലപാട് സ്വീകരിക്കുന്നത് ശരിയാണോ? ഇന്ത്യാ രാജ്യം എന്ന് പറയുന്നത് കേരളം മാത്രമല്ല. നമ്മുടെ 20 പാർലമെന്റ് മെമ്പർമാർക്ക് ഇന്ത്യയുടെ ഭരണം മാറ്റാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇന്ത്യ വളരെ വിശാലമായ രാജ്യമാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുള്ള മനുഷ്യർ മോശക്കാരാണെന്ന ധാരണ എനിക്കില്ല. അടിയന്തരാവസ്ഥ കഴിഞ്ഞപ്പോൾ ഇന്ദിരാഗാന്ധിയെ വരെ തോൽപ്പിച്ചവരാണ് ഉത്തരേന്ത്യയിലുള്ളവർ എന്ന് പലരും മുമ്പ് അവകാശപ്പെടാറുണ്ടായിരുന്നു. നമ്മളേക്കാൾ രാഷ്ട്രീയ നിലവാരം പുലർത്തുന്ന ഒരുപാട് ആളുകളെ ഉത്തരേന്ത്യയിൽ കാണാൻ സാധിക്കും. അവരെ നമുക്ക് ആക്ഷേപിക്കാൻ പറ്റുമോ?

ഇപ്പോൾ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ 5 സംസ്ഥാനങ്ങളിൽ ഭാരതീയ ജനതാ പാർട്ടി തോറ്റു. കോൺഗ്രസ് ജയിച്ചിട്ടുള്ളത് മൂന്ന് സ്റ്റേറ്റിൽ മാത്രമായിരിക്കാം, എങ്കിലും മറ്റ് രണ്ട് സംസ്ഥാനങ്ങൾ എടുത്തു നോക്കിയാൽ, മൊത്തത്തിൽ 5 സ്റ്റേറ്റിലും ഭാരതീയ ജനതാ പാർട്ടി തോറ്റില്ലേ; കോൺഗ്രസ് പരാജയപ്പെട്ട രാജസ്ഥാനിലെ 25 സീറ്റുകളിൽ മാർക്സിസ്റ്റ് പാർട്ടി സ്ഥാനാർത്ഥികളെ നിർത്തി മത്സരിപ്പിച്ചില്ലേ? അവരുടെ പാർട്ടി സെക്രട്ടറിയും അദ്ദേഹത്തിന്റെ അനുജനും അവിടെ മത്സരിച്ചിരുന്നു; അവർക്ക് എന്നും കിട്ടിയിരുന്ന ആ രണ്ടു സീറ്റിലും തോൽക്കുകയാണുണ്ടായത്. എന്ത് നിർഭാഗ്യകരമായ സാഹചര്യമാണത്!

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും മഹാത്മാ ഗാന്ധിയുടെയും ഗുണഗണങ്ങളെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു, അത് നല്ല കാര്യമാണ്. ജീവിച്ചിരിക്കുന്നവരെക്കുറിച്ച് അഭിപ്രായം തീരെയില്ല. മരിച്ചു പോയാൽ പിന്നെ അവരൊക്കെ നല്ല മനുഷ്യന്മാരായി, എന്തൊരു അത്ഭുതമാണ്!

സി. പി. ഐ. (എം)-ന്റെ ഒരു നേതാവ് ഒരു സ്ഥലത്ത് പ്രസംഗിച്ചത് ഞാൻ പത്രത്തിൽ വായിച്ചിരുന്നു. അത് കുറേ മുമ്പുള്ള വാർത്തയാണ്, മലയാള മനോരമയിൽ അച്ചടിച്ച് വന്നിരുന്നു. കൃത്യമായ ഡേറ്റ് ചോദിച്ചാൽ പറയാൻ കഴിയില്ല. അതിൽ 'യേശു ക്രിസ്തു ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം പി. ബി. അംഗം ആകുമായിരുന്നു.' എന്നാണ് പ്രസംഗിച്ചത്.

പ്രസംഗിച്ചത് ചില്ലറക്കാരനല്ല, ഇപ്പോൾ പൊളിറ്റ് ബ്യൂറോയിലുള്ള ആളാണ്. അത് മനോരമ പത്രത്തിൽ അച്ചടിച്ചുവന്നത് ഞാൻ കണ്ടിരുന്നു, എങ്കിലും ഞാനത് വീണ്ടും വെരിഫൈ ചെയ്തു. യേശു ക്രിസ്തു ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം പൊളിറ്റ് ബ്യൂറോ മെമ്പർ ആകുമായിരുന്നു, അത്രകണ്ട് ഇടതുപക്ഷ ചിന്താഗതിക്കാരനായിരുന്നു. എന്നാലും ഞാൻ അദ്ദേഹത്തിന്റെ ലുബ്ധ് നോക്കുകയാണ്! യേശു ക്രിസ്തുവിനെ ജനറൽ സെക്രട്ടറിയൊന്നും ആക്കാൻ തയ്യാറല്ല, പൊളിറ്റ് ബ്യൂറോയിൽ വേണമെങ്കിൽ എടുക്കാമെന്നുള്ള ഒരു ദയാവായ്പ് മാത്രമേ കാണിച്ചിട്ടുള്ളൂ. മഹാത്മാ ഗാന്ധിയെക്കുറിച്ചും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ചും പറഞ്ഞ ഗുണങ്ങൾ നല്ലകാര്യം തന്നെയാണ്.

1947 -ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ച സമീപനം എന്തായിരുന്നു? കമ്മ്യൂണിസ്റ്റ് പാർട്ടി മഹാത്മാ ഗാന്ധിയോടുള്ള ബഹുമാനം കൊണ്ട് 1930-ലെ നിസ്സഹകരണ പ്രസ്ഥാനത്തെ എതിർത്തു; 1942 -ലെ ക്വിറ്റ് ഇന്ത്യാ സമരത്തെ എതിർത്തു. 1947-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി വന്നപ്പോൾ 1948 -ൽ സായുധ വിപ്ലവത്തിന് ആഹ്വാനം ചെയ്യുകയും ചെയ്ത പാർട്ടിയാണ്. ജവഹർലാൽ നെഹ്റുവിനെതിരായി, അദ്ദേഹത്തിന്റെ ഭരണത്തെക്കുറിച്ച് പറഞ്ഞത് 'ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ

രഥചക്രത്തോട് കൂട്ടിക്കെട്ടിയ ഭരണം' എന്നാണ്. വെളുത്ത ബ്രിട്ടീഷുകാരൻ പോയെങ്കിൽ കറുത്ത ബ്രിട്ടീഷുകാരൻ ഇവിടെ ഭരിക്കുന്നുവെന്നാണ് നെഹ്റുവിനെ വിളിച്ചത്. 1948 മുതൽ 1951 വരെ പാർട്ടി എടുത്ത നിലപാട് സായുധ വിപ്ലവത്തിന്റേതായിരുന്നു. ആ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മഹാനായിരുന്നുവെന്നാണ് ഇപ്പോൾ പറയുന്നത്. സായുധ വിപ്ലവം നടത്തി അദ്ദേഹത്തെ പുറത്താക്കാൻ ശ്രമിച്ച്, അവനവന്റെ കയ്യിലുണ്ടായിരുന്ന പാർട്ടികൂടി നഷ്ടപ്പെടുന്ന സാഹചര്യമാണ് അന്നുണ്ടായതെന്ന് എല്ലാവർക്കും അറിയാം. സി. പി. ഐ. (എം) എന്ന പാർട്ടിക്ക് നല്ല നയം ഉണ്ടായിരിക്കും; അത് അവരാണ് തീരുമാനിക്കേണ്ടത്. അവരുടേത് നല്ല നയമായിരിക്കും; ജനങ്ങൾക്ക് അതായിരിക്കും ഏറ്റവും സ്വീകാര്യം; കൃഷിക്കാരെ മുഴുവൻ ജാഥ നടത്തിച്ച് അവരുടെ കാലിന്റെ പാദങ്ങൾ പൊട്ടുന്നുണ്ടാകും; ഇതൊക്കെ നല്ല കാര്യം തന്നെ, കുഴപ്പമില്ല. നല്ലൊരു എഞ്ചിനാണത്, പക്ഷേ ബോഗി ഇല്ല എന്നതാണ് കുഴപ്പം. ട്രെയിനിന്റെ നല്ലൊരു എഞ്ചിൻ ഇങ്ങനെ ഷട്ടിൽ സർവ്വീസ് നടത്തിയിട്ട് ഒരു കാര്യവുമില്ല. അതിൽ ആളുകളെ കയറ്റുന്ന ബോഗി ഉണ്ടാകണം; ബോഗിയിൽ ആളുമുണ്ടാകണം. അപ്പോൾ മാത്രമേ രാജ്യത്ത് ഭരണം കിട്ടുകയുള്ളൂ. ഇന്ത്യൻ നാഷണൽ കോൺഗ്രസ് മാത്രമല്ല, തൃണമൂൽ കോൺഗ്രസ്, മുലായം സിംഗ് യാദവിന്റെ പാർട്ടി, അഖിലേഷ് യാദവിന്റെ പാർട്ടി തുടങ്ങിയ പാർട്ടികൾക്കൊക്കെ അതിന്റേതായ റോൾ ഉണ്ട്. അതിന്റേതായ റോൾ വഹിക്കുന്ന സംഗതിയിൽ ഭാരതീയ ജനതാ പാർട്ടിക്കെതിരായി, അവരെ താഴേയ്ക്കിറക്കുന്നതിനുവേണ്ടി, മതേതരത്വം ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി, ആ പാർട്ടികൾക്കൊക്കെയുള്ള പങ്കിനെ വിസ്മരിച്ചുകൊണ്ട് എല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കോ, ഈ മാർക്സിസ്റ്റ് പാർട്ടിക്കോ മാത്രം സാധിക്കുമെന്ന് പറഞ്ഞാൽ എന്ത് അർത്ഥമാണുള്ളത്? കോൺഗ്രസിൽ ആളുകൾക്ക് പലപല അഭിപ്രായമാണെന്നാണ് കോൺഗ്രസ് പാർട്ടിയെപ്പറ്റി പറഞ്ഞത്. ഏത് പാർട്ടയിലാണ് പലപല അഭിപ്രായങ്ങൾ ഇല്ലാത്തത്; ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ പാർട്ടികൾക്കെല്ലാം ഒരേ അഭിപ്രായമാണോ; ഒരേ പാർട്ടിയിൽ തന്നെയുള്ള ആളുകൾക്കെല്ലാം ഒരേ അഭിപ്രായമാണോ; ഉത്തരേന്ത്യയിലൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ യഥാർത്ഥ സ്ഥിതി എന്താണ്?

ആരോ ഇവിടെ പറഞ്ഞു, പശ്ചിമ ബംഗാളിൽ മാർക്സിസ്റ്റ് പാർട്ടി തോറ്റുപോയതിൽ സങ്കടമുണ്ടെന്ന്. എന്നാൽ പിന്നീട് വന്നത് ആരാണ് എന്ന് ചോദിച്ചു. ശ്രീമതി മമതാ ബാനർജി വന്നതിലും ദുഃഖമുണ്ട്. ഡൽഹിയിൽ കോൺഗ്രസ് തോറ്റു, പിന്നെ വന്നത് ആരാണ്? അത് ഭാരതീയ ജനതാ പാർട്ടിയാണ്. ലീഗും മാർക്സിസ്റ്റ് പാർട്ടിയും തമ്മിലൊന്നും വലിയ വ്യത്യാസമില്ല; എന്താണെന്നുവച്ചാൽ രണ്ട് കൂട്ടർക്കും ഒരേ ശക്തി തന്നെയാണുള്ളത്. നമ്മൾ രണ്ട് കൂട്ടർക്കും അല്ലാഹു ഡൽഹി വിധിച്ചിട്ടില്ല, അത് നിങ്ങൾ മനസ്സിലാക്കിയാൽ മതി. നമ്മൾ രണ്ട് കൂട്ടർക്കും ആരുടെയെങ്കിലും കൂടെക്കൂടാതെ ഒന്നും നടക്കില്ല, അത് സത്യസന്ധമായിട്ടുള്ള കാര്യമാണ്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്വീകരിക്കുന്ന സമീപനം, ആ പാർട്ടി ഉൾപ്പെടെ ഇന്ത്യയിലെ എല്ലാ പാർട്ടികൾക്കും ഈ സാമ്രാജ്യത്വത്തിനെതിരായ, ഫാസിസത്തിനെതിരായ, വർഗ്ഗീയതയ്ക്കെതിരായ സമരത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ടെന്നതാണ്. എന്താണ് പാർട്ടി അത് മനസ്സിലാക്കാത്തത്; അത് മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. നിങ്ങൾ എന്ത് വിചാരിച്ചാലും ഇവിടെ ഒന്നും സംഭവിക്കാൻ പോകുന്നില്ല. നിങ്ങൾ മാത്രമായി ഒരു മാറ്റം വരുത്താൻ പോകുന്നില്ല. നിങ്ങൾക്ക് തന്നെ ഇവിടെ മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ ഭാരതീയ ജനതാ പാർട്ടി അധികാരത്തിൽ നിന്ന് പോകണം. അതെന്താ മനസ്സിലാകാത്തത്; എല്ലാപേരും ഒരേ രീതിയിൽ സമരം നടത്തുകയാണെങ്കിൽ, എല്ലാപേരും ഒരേതരത്തിൽ ചിന്തിക്കുകയാണെങ്കിൽ, വ്യത്യസ്ത പാർട്ടികൾ എന്തിനാണ്; ഘടകകക്ഷികൾക്കെല്ലാം ഓരോ നയങ്ങളുണ്ടാകില്ലേ; എന്നാൽ പൊതുവായ ശത്രു ആരാണെന്ന് തീരുമാനിച്ച് പരമാവധി ബന്ധുക്കളെ സമാഹാരിച്ച് ഒരുമിച്ച് നിന്ന് പോരാടുക എന്നുള്ളതല്ലേ യഥാർത്ഥത്തിൽ ഇപ്പോൾ സ്വീകരിക്കേണ്ട നയം.

അടുത്ത കാലത്ത് ഉത്തരേന്ത്യയിൽ നടന്ന ഒരു കാര്യം സംബന്ധിച്ച് കുറച്ച് ദിവസം മുമ്പാണ് അറിഞ്ഞത്. ബീഹാറിൽ ഒരു പാർലമെന്റ് സീറ്റ് കിട്ടാൻ വേണ്ടി ജയിലിലെ ആശുപത്രിയിൽ കിടക്കുന്ന ശ്രീ. ലാലുപ്രസാദ് യാദവിനെ (കുംഭകോണം കേസിൽ) പോയി കണ്ടു. ശനിയാഴ്ച ദിവസങ്ങളിൽ മാത്രമെ സന്ദർശകരെ അനുവദിക്കുകയുള്ളൂ. അവിടെ മാർസിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി പോയിരിക്കുകയാണ്, എന്തിനാണെന്നറിയോ; ഒരു സീറ്റ് കിട്ടുമോയെന്ന് നോക്കാൻ. പിറ്റേന്നുള്ള ശനിയാഴ്ച ശ്രീ. ഡി. രാജ സി.പി.ഐ. നേതാവ് അയാൾക്കും ഒരു സീറ്റാണ് വേണ്ടത്. അദ്ദേഹം നല്ലവണ്ണം പാൻ മസാല മുറുക്കിയിട്ട് ഫിർ മിലേഗാ...പിന്നെ കാണാം. എന്നു പറഞ്ഞ് പിരിച്ചുവിട്ടു, ആ ഒരു സീറ്റിനുവേണ്ടി അവിടെ നടക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ അവനവനെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മനസ്സിലാക്കേണ്ടത് ആവശ്യമാണ്. നമ്മൾ എത്രയുണ്ട്; നമുക്ക് എന്ത് ചെയ്യാൻ സാധിക്കും; ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഉൾപ്പടെയുള്ള ഇന്ത്യയിലെ മതേതര പാർട്ടികൾ വ്യത്യസ്ത സഖ്യങ്ങളായാലും ആ സഖ്യത്തിന് മാത്രമേ ജനതാപാർട്ടിയെ പരാജയപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള ശ്രമങ്ങളിൽ നല്ലൊരു തിരിച്ചടിയാണ് ഒരേനാണയത്തിൽ ശ്രീമതി മമതാബാനർജി ഇപ്പോൾ നൽകിയത്.

1963-ൽ ഒരു വിജ്ഞാപനം വഴി ഉണ്ടായതാണ് സി.ബി.ഐ. സി.ബി.ഐ. ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ വന്നതല്ല, അങ്ങനെ ഒരു വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വന്ന സി.ബി.ഐ-ക്ക് നിലനിൽക്കാൻ അവകാശമില്ലെന്ന്, വലിയ സ്വാതന്ത്ര്യങ്ങളില്ലെന്ന് തീരുമാനമെടുത്തത് ഗുവാഹത്തി കോടതിയാണ്. ഗുവാഹത്തി ഹൈക്കോടതിയുടെ വിധിയെ സുപ്രിംകോടതി സ്റ്റേ ചെയ്തു. ആ

സ്റ്റേയുടെ ബലത്തിൽ മാത്രമാണ് സി.ബി.ഐ. ഇവിടെ നിൽക്കുന്നത്. ആ സി.ബി.ഐ. ഇപ്പോൾ കണ്ടില്ലേ; സുപ്രിംകോടതി പറഞ്ഞതല്ലേ അറസ്റ്റ് ചെയ്യാൻ പാടില്ലെന്ന്. ശ്രീമതി മമതബാനർജി ഇന്നലെ ആരായിരുന്നു; നാളെ എന്താകും എന്നതല്ല പ്രശ്നം. ഇന്ന് എന്താണെന്നുള്ളതാണ്. ഇന്ന് മമതബാനർജി എന്ത് നിലപാട് സ്വീകരിക്കുന്നു, ഇന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി എന്ത് നിലപാട് സ്വീകരിക്കുന്നു; ഇന്ന് ഓരോ പാർട്ടികളും എന്ത് നിലപാട് സ്വീകരിക്കുന്നു. (ബഹളം....) അത് മനസ്സിലാക്കി ഒരുമിച്ച് നിന്നുള്ള പോരാട്ടത്തിന് നേതൃത്വം കൊടുക്കാതെ കോൺഗ്രസ്സിനേയും രാജ്യത്തുള്ള സകല പാർട്ടികളേയും മോശക്കാരായി ചിത്രീകരിക്കുകയാണ്. ഇങ്ങനെ ചിത്രീകരിച്ച് ചിത്രീകരിച്ച് ലോകത്തു നിന്നുതന്നെ, ഈ രാജ്യത്തു നിന്നുതന്നെ പാർട്ടി ഇല്ലാതായി പോയില്ലേ; എല്ലാ സംസ്ഥാനങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടി വലിയൊരു ശക്തിയായിരുന്നു. ഇപ്പോൾ എവിടെ; ആ കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യയിൽ എന്തുകൊണ്ടാണ് ക്ഷീണിച്ചത്; തമിഴ്നാട്ടിൽ എന്താ പാർട്ടി ഇല്ലാതായിപ്പോയത്; കർണ്ണാടകത്തിലും ബീഹാറിലും എന്താ ഇല്ലാതായിപ്പോയത്; കേരളത്തിൽ അടുത്ത ലോകസഭാ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ എന്തായിരിക്കും സ്ഥിതി എന്നുകൂടി നിങ്ങൾ ആലോചിക്കണം. കുമാരനാശന്റെ വീണപൂവിലെ അവസാനത്തെ വരി

"കണ്ണേ, മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു

മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ ...."

അതുപോലെ ഈ ബഡ്ജറ്റ് വിസ്മൃതമാകും എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. ദാസൻ: സർ, 2019-20 സാമ്പത്തികവർഷത്തെ ബജറ്റിനെ ഞാൻ പിന്താങ്ങുകയാണ്. ഉൽപ്പത്തി പുസ്തകത്തിലെ ചില കഥകളിൽ ഏറ്റവും സുപ്രസിദ്ധമായ ഒരു കഥയാണ് നോഹയുടെ പെട്ടകത്തെക്കുറിച്ചുള്ള കഥ. നോഹ തന്റെ പരിദേവനം ദൈവത്തിന്റെ മുന്നിൽ അവതരിപ്പിക്കുകയും എന്തിനാണ് എന്നെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്, ദൈവം പ്രത്യക്ഷപ്പെട്ട് എന്തെങ്കിലും വരം എനിക്ക് നൽകണമെന്ന് പറഞ്ഞപ്പോൾ, ദൈവം പ്രത്യക്ഷപ്പെട്ട് ഒരു പെട്ടകം നിർമ്മിക്കാൻ നിർദ്ദേശിച്ചു. എന്തിനാണ് ഇതെന്ന് നോഹയോട് ദൈവം വെളിപ്പെടുത്തി: ഞാൻ ഇവിടെ ഒരു പ്രളയം സൃഷ്ടിക്കും; അതിൽ നിന്നോട് ദ്രോഹം ചെയ്തവരോട് പ്രതികാരം ചെയ്യും. അപ്പോൾ നീയും കുടുംബവും നിന്റെ പക്ഷിമൃഗാദികൾ ഓരോന്നും പെണ്ണും ആണും ഈ പെട്ടകത്തിൽ കയറണം; വിത്തുകളും ധാന്യങ്ങളും നീ കരുതിയിരിക്കണം. പെട്ടകം വെള്ളത്തിൽ പൊങ്ങിനിൽക്കും; വെള്ളമിറങ്ങുമ്പോൾ മറ്റുള്ളതെല്ലാം നശിക്കും; പിന്നെ നീ മാത്രമായിരിക്കുമുള്ളത്. പിന്നീട് നീ ഒരു ജീവിതം നയിച്ചോളൂ; ഒരു

നവലോകം ഉണ്ടാക്കാനുള്ള എല്ലാ ശേഷിയും നിനക്കുണ്ടാകും. ഈ ഉല്പത്തി പുസ്തകത്തിൽ പരമാർശിച്ച പ്രളയത്തിന്റെ സമാനതകളെല്ലാം ഇന്ന് കേരളം അഭിമുഖീകരിച്ചിരിക്കുകയാണ്. നാടിനെയാകെ നക്കിയെടുത്ത പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട് ജീവനുവേണ്ടി യാചിച്ചുനിൽക്കുന്ന മനുഷ്യരുടെ ദയനീയ ചിത്രം നമ്മുടെ മുന്നിൽ തെളിഞ്ഞ് വന്നതാണ്. ആടും പശുവും കോഴിയുമെല്ലാം ഇതിന്റെ ഭാഗമായി വെള്ളത്തിൽ ഒലിച്ചുപോയി; സർവ്വ ജീവജാലങ്ങളും ഈ ദുരന്തമുഖത്ത് തകർന്നുപോയി. നൂറ്റാണ്ടിലെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തെ നാം മുന്നിൽ കാണുകയും വെള്ളമെല്ലാം ഒലിച്ചിറങ്ങി താഴോട്ടുവന്നപ്പോൾ, ജീവൻതിരിച്ചുകിട്ടിയ സന്തോഷത്തോടുകൂടി അത് പങ്കുവയ്ക്കാൻ, ക്യാമ്പുകളിലേക്ക് വന്നിട്ടുള്ള വെള്ളപ്പൊക്ക ദുരിതരുടെ എണ്ണം വലിയൊരു തോതിലാണ് നമ്മുടെ മുന്നിൽ വന്നത്. ഈ ഉൽപ്പത്തി പുസ്തകത്തിലെ രക്ഷകനായ ദൈവത്തിന്റെ സ്ഥാനത്തിലൂടെ ഈ ചെറിയ സംസ്ഥാനത്ത്, ഈ കൊച്ചുകേരളത്തിൽ രക്ഷകനായി എത്തിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ഇടതുപക്ഷ ജനാധിപത്യമുന്നണിയുമാണ് എന്നുള്ള സത്യം നമ്മുടെ മുന്നിൽ ഉയർന്നുവരുകയാണ്. ഈ ദൈവം മരണത്തിലേയ്ക്ക് തള്ളിവിട്ട ദൈവചിത്രത്തിന് വിഭിന്നമായി നിൽക്കുന്ന എല്ലാ മനുഷ്യരേയും ഏകസഹോദരങ്ങളെപോലെ രാഷ്ട്രീയ-ജാതി-മത ഭേദം കൂടാതെ സൗഹാർദ്ദത്തോടുകൂടി കഴിയാൻ ക്യാമ്പുകളാരംഭിച്ചതാണ് നമ്മുടെ നാട്ടിലെ ഏറ്റവും വലിയ മാതൃക. ലോകത്തിലെ ആകെ മാതൃകയാകുന്ന രക്ഷാ പ്രവർത്തനങ്ങൾക്ക് നിർണ്ണായക നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യു. എൻ. ഉൾപ്പടെയുള്ള ഏജൻസികളിൽ നിന്ന് അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുകയുണ്ടായി.

"മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ

മാറ്റുമതുകളീ നിങ്ങളെത്താൻ. . ." എന്ന നവോത്ഥാന മൂല്യസങ്കല്പത്തെ മുറുകെപ്പിടിച്ച കവിവാക്കുകളെ അന്വർത്ഥമാക്കുകയാണ് കേരളത്തിലെ സർക്കാർ. നമ്മുടെ ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടി എത്തിയിട്ടുള്ള പതിനായിരക്കണക്കിന് ആളുകൾ, ആ ക്യാമ്പുകളിലെ ആളുകളെ സന്ദർശിക്കാൻ വന്ന യു.എൻ. സംഘത്തിന് ഇത്രയും ചിട്ടയോടുകൂടി പ്രവർത്തിക്കുന്ന ക്യാമ്പുകൾ, മതനിരപേക്ഷമായി സംഘടിപ്പിക്കുന്ന ക്യാമ്പുകൾ... ഇങ്ങനെയൊരു ക്യാമ്പ് ഇതിനുമുമ്പ് ഞങ്ങൾ കണ്ടിട്ടില്ല എന്ന റിപ്പോർട്ടാണ് പിന്നീട് അവർ പരസ്യപ്പെടുത്തിയിട്ടുള്ളത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിന്നും പുനർനിർമ്മാണ പ്രവർത്തനങ്ങളിലേക്ക് നമ്മൾ കടന്നിരിക്കുന്നു. നോഹയോട് ദൈവം നിർദ്ദേശിച്ചതുപോലെ നമുക്കും ഒരു പുതിയ ലോകം, ഒരു നവകേരളം എല്ലാ അർത്ഥത്തിലും പുതുമയുള്ളതായിരിക്കുമെന്ന് പ്രഖ്യാപിച്ചത് പ്രളയത്തിന്റെ പശ്ചാത്തലമല്ല, അഴിമതിമുക്ത മതനിരപേക്ഷ വികസന കേരളമെന്ന എൽ.ഡി.എഫ്-ന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനമാണ്. വാർത്തകൾക്കിടയിലും ആ വാഗ്ദാനം പാലിക്കുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

പതിനാലാം കേരള നിയമസഭയിൽ പ്രത്യേകിച്ച് കഴിഞ്ഞ രണ്ട് വർഷത്തെയും പോലെ ഈ വർഷവും സഖാവ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് സർവ്വതോന്മുഖമായ വികസനമാണ് കേരളത്തിൽ ലക്ഷ്യമിടുന്നത്. എല്ലാ മേഖലയിലും നമുക്ക് അതിന്റെ പ്രതിഫലനം കാണാൻ സാധിക്കും. പാർശ്വവൽക്കരിക്കപ്പെട്ടവരോട് ഈ സർക്കാരിന് പ്രത്യേക കരുതലുണ്ടെന്ന് പലവട്ടം തെളിയിക്കപ്പെട്ടിരിക്കുകയാണ്. തീരദേശ മേഖലയിലെ വികസന പ്രവർത്തനങ്ങൾ എല്ലാ അർത്ഥത്തിലും അത് പ്രതിഫലിപ്പിക്കുന്നു.

മത്സ്യമേഖലയിൽ നാളിതുവരെ കാണാത്ത രീതിയിലുള്ള നേട്ടങ്ങൾ ആർജ്ജിക്കാൻ ഇതിനകംതന്നെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജീവനും സ്വത്തിനും സുരക്ഷയില്ലാത്ത രീതിയിൽ കഴിയേണ്ടിവന്ന മത്സ്യഗ്രാമങ്ങൾ പ്രത്യാശയുടെ പുതിയ കിരണങ്ങളുമായി മുന്നോട്ടുയരുകയാണ്.

കേരളത്തിൽ ഫ്ലാറ്റ് സമുച്ചയം ഒരുക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നത് അഭിനന്ദനമർഹിക്കുന്നതാണ്. തിരുവനന്തപുരത്തെ മുട്ടത്തറയിലെ പുതിയ വീട്ടിലേയ്ക്ക് താമസം മാറാൻ എത്തിയവർ കണ്ണീരണിഞ്ഞു കൊണ്ട്, 'ഞങ്ങൾക്ക് വേണ്ടിയാണ് ഇതെല്ലാം പണിഞ്ഞത്' എന്ന് പറഞ്ഞത് വിശ്വസിക്കാനാകുന്നില്ല.

എന്നാൽ കേന്ദ്ര സർക്കാർ പട്ടേൽ പ്രതിമക്കായി 2985 കോടിരൂപ ചെലവഴിച്ച് നമ്മുടെ നാടിന്റെ വികസന സ്വപ്നങ്ങളെ പ്രതിമവൽക്കരിക്കാനാണ് ശ്രമിച്ചത്. ഈ പ്രതിമയുടെ ഉത്ഘാടനം നിർവ്വഹിച്ച അതെ ദിവസമാണ് കേരളത്തിൽ 10 കോടി രൂപ മുടക്കി പാവപ്പെട്ടവർക്ക് അന്തിയുറങ്ങാനുള്ള ഫ്ലാറ്റ് സമുച്ചയം ഒരുക്കിയത് എന്നുള്ളത് നാം അഭിമാനത്തോടുകൂടി ഓർക്കേണ്ട കാര്യമാണ്. വറുതിയുടെ നാളുകളിൽ അൽപ്പം ആശ്വാസത്തിനായി കേരള മക്കൾ കൈ നീട്ടിയപ്പോൾ യാചകരോടു കാണിക്കുന്ന പരിഗണനപോലും കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനോട് കാണിച്ചില്ലെന്നത് പ്രതിഷേധാർഹമാണ്. അതിൽ ഒളിഞ്ഞിരിക്കുന്നത് രാഷ്ട്രീയ വൈര്യമാണ്. വികസന സ്വപ്നങ്ങളെ നിശ്ചലമാക്കി, പ്രതിമകളാക്കി കീഴ്ക്കാൻളുക്കായി നിർത്താനല്ല, ജീവസ്സുറ്റ ഭവനങ്ങളാക്കി കേരളത്തെ ഉയർത്താനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്. പ്രളയ ദുരിതാശ്വാസത്തിന് 102 കോടി രൂപയുടെ ബില്ലയച്ച ഗവൺമെന്റാണ് കേന്ദ്ര ഗവൺമെന്റ്. നമ്മുടെ രക്ഷാപ്രവർത്തനത്തിനു വേണ്ടി അയച്ചുതന്ന ഹെലികോപ്റ്ററിന്റെ വാടക തിട്ടപ്പെടുത്തി അത് ബില്ലാക്കി സംസ്ഥാനത്തേയ്ക്കയച്ച ഒരു ഗവൺമെന്റാണ് കേന്ദ്ര ഗവൺമെന്റ്. അവർ ഈ സർക്കാരിനെ ദ്രോഹിക്കാനും രാഷ്ട്രീയ വൈര്യം പരസ്യമായി പ്രകടിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. ഇവിടെ മനുഷ്യർക്ക് സസന്തോഷം പെരുമാറാനുള്ള ഇടങ്ങളാക്കി മാറ്റുകയാണ് നമ്മുടെ സർക്കാർ ചെയ്യുന്നത്. ഈ മാറ്റം നമ്മളെല്ലാവരും ഒത്തൊരുമിച്ച് കാണേണ്ടതായിട്ടുണ്ട്. കടലമ്മയുമായി മല്ലടിച്ച് കഴിയുന്നതിനിടയിൽ അപകടത്തിൽ

പെട്ടവർക്ക് സുരക്ഷയൊരുക്കാനും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനും നഷ്ടപ്പെട്ട മത്സ്യബന്ധനോപകരണങ്ങൾക്കു പകരം സഹായമെത്തിക്കാനും വൈവിധ്യമാർന്ന പരിപാടികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. അത്തരം ആസൂത്രണങ്ങൾ യാഥാർത്ഥ്യമാക്കാൻ പര്യാപ്തമായ നിർദ്ദേശങ്ങളാണ് ഡോ. ടി. എം. തോമസ് ഐസക് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

കഴിഞ്ഞ വർഷത്തെ രണ്ടായിരം കോടി രൂപയും ഈ വർഷത്തെ ആയിരം കോടി രൂപ കൂടി ചേർത്ത് മൂവായിരം കോടി രൂപയാണ് തീരദേശ വികസന പ്രവർത്തനങ്ങൾക്കായി തീരദേശമേഖലയിൽ ചെലവഴിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സമുദ്രത്തിൽ നിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ CRZ നിലനിൽക്കുന്ന സ്ഥലങ്ങളിൽ 18000 വീടുകൾ ഉണ്ടെന്നാണ് സർവ്വേയിൽ കണ്ടത്. അതിൽ 10000 വീടുകൾ, ഈ വർഷം തന്നെ അവർക്ക് പുതിയ വീടുകൾ നൽകാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതിന്റെ ഭാഗമായി റി-ബിൽഡ് കേരളയെ അതിന്റെ ഒരു പ്രധാന അജണ്ടയാക്കി മാറ്റാൻ സർക്കാർ നിർദ്ദേശിച്ചതായാണ് അറിയുന്നത്.

കടലാക്രമണം തടയാൻ കടൽഭിത്തി, പുലിമുട്ട് എന്നിവയോടൊപ്പം കടൽത്തട്ടിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനുള്ള പരീക്ഷണംകൂടി ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങൾക്ക് സുരക്ഷിതമായി കിട്ടാവുന്ന ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിന് ഈ സർക്കാർ ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകിയത് വളരെ സന്തോഷം നൽകുന്ന കാര്യമാണ്. എന്റെ നിയോജക മണ്ഡലത്തിൽ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ വികസനത്തിന് ബജറ്റിൽ എഴുപത് ലക്ഷം രൂപ അനുവദിച്ചതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. പുതുതായി നഗരസഭയായി ഉയർന്നുവന്ന, പയ്യോളി നഗരസഭയിൽ ഏതാണ്ട് ഏഴര കിലോമീറ്റർ ദൈർഘ്യമുള്ള ഒരു തീരദേശമുണ്ട്. അവിടെ മത്സ്യതൊഴിലാളികൾക്ക് വഞ്ചിയടുപ്പിക്കാനും തോണിയടുപ്പിക്കാനുമുള്ള സൗകര്യങ്ങൾ കുറവായതിനാൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ വേണമെന്നത് അവരുടെ ദീർഘകാലത്തെ ആവശ്യമാണ്. മത്സ്യത്തൊഴിലാളികളുടെ ഈ ആവശ്യം അനുവദിക്കാൻ ധനകാര്യ വകുപ്പുമന്ത്രി നടപടി കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൊയിലാണ്ടിയെയും എലത്തൂരിനെയും വേർതിരിക്കുന്ന കോരപ്പുഴ മത്സ്യസമ്പത്ത് കൊണ്ട് ശ്രദ്ധേയമാണ്. ഇവിടെ 87 കുറ്റിമലക്കാർ, ഞങ്ങൾ മലബാറിൽ പറയുന്ന കുറ്റിമല, പുഴയിൽത്തന്നെ തീർത്തുകൊണ്ടാണ് മത്സ്യബന്ധനം നടത്തുന്നത്. ആ മത്സ്യബന്ധന കേന്ദ്രത്തിന് ചെറിയ തോണികൾ ഇടാനുള്ള ഒരു ലാന്റിംഗ് സെന്ററും മത്സ്യവിപണനത്തിനുള്ള ഒരു കേന്ദ്രവും സ്ഥാപിക്കണം.

തീരദേശമേഖല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം കുടിവെള്ളത്തിന്റേതാണ്. അത് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് പയ്യോളി നഗരസഭയുടെ തീരപ്രദേശങ്ങളിലാണ്. അതിനായി മുപ്പത് കോടി രൂപയുടെ ഒരു പദ്ധതി സർക്കാരിന് മുമ്പിലുണ്ട്. ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തി നടപടികൾ ആരംഭിക്കാനുള്ള സഹായം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പാർശ്വവത്കരിക്കപ്പെട്ട ഈ വിഭാഗങ്ങളിൽ പ്രമുഖ സ്ഥാനമലങ്കരിക്കുന്ന രണ്ട് വിഭാഗങ്ങളാണ് പട്ടികജാതിക്കാരും ആദിവാസികൾ ഉൾപ്പെടുന്ന പട്ടിക വർഗ്ഗക്കാരും. സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് ബഡ്ജറ്റിൽ ശ്രദ്ധിച്ചിട്ടുണ്ട്.

പാർപ്പിടം, കൃഷി, വിദ്യാഭ്യാസം, പെൺകുട്ടികളുടെ വിവാഹ ധനസഹായം, ട്രൈബൽ സെറ്റിൽമെന്റ് സമഗ്ര വികസനം, ആരോഗ്യ പരിരക്ഷ എന്നീ മേഖലകളിൽ ഊന്നൽ നൽകിയാണ് സർക്കാർ ഈ വിഭാഗങ്ങളെ പരിഗണിച്ചിട്ടുള്ളത്. പൊതു വിദ്യാഭ്യാസ രംഗത്ത് സമാനതകളില്ലാത്ത മുന്നേറ്റങ്ങൾക്ക് സാക്ഷിയായ രണ്ട് വർഷമാണ് കടന്നുപോയത്. കാൽ നൂറ്റാണ്ട് കാലത്തെ ചരിത്രം തിരുത്തിക്കുറിച്ചു കൊണ്ട് പൊതുവിദ്യാലയങ്ങളുടെ പ്രവേശന ഗ്രാഫ് നിവർന്നുനിന്ന അക്കാദമിക് വർഷമായിരുന്നു 2018-19 അധ്യയന വർഷം. പൊതുവിദ്യാഭ്യാസ മേഖലയുടെ വികസനത്തിനുവേണ്ടി സർക്കാർ വൈവിധ്യമാർന്ന വികസന പരിപാടികളാണ് തയ്യാറാക്കിയിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: കൺക്ലൂഡ് ചെയ്യൂ.....

<u>ശ്രീ. കെ. ദാസൻ</u>: സർ, ഇതിനുമുമ്പ്, ക്ലസ്റ്റർ യോഗങ്ങൾ സംഘടിപ്പിച്ചപ്പോൾ അവിടെ പരിശീലനത്തിനെത്തിയ അധ്യാപകനെ ചവിട്ടിക്കൊന്നവരാണ് പ്രതിപക്ഷ പാർട്ടിയിലെ ചില ആളുകൾ എന്നുള്ളത് നമ്മൾ കാണേണ്ടതാണ്.

<u>മി. സ്പീക്കർ</u>: അങ്ങയുടെ സമയം കഴിഞ്ഞു. അവസാനിപ്പിക്കു.

<u>ശ്രീ. കെ. ദാസൻ</u>: സർ, പാഠ്യപദ്ധതി അട്ടിമറിക്കുകയും വാർഷിക പരീക്ഷയുടെ തലേന്ന് പോലും മൂന്ന് വർഷത്തെ അവരുടെ ആനുകൂല്യങ്ങളും ആവശ്യമായ പഠനോപകരണങ്ങളും നൽകാത്ത ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് എന്നതും നാം മനസ്സിലാക്കണം. അതിൽ നിന്ന് വ്യത്യസ്തമായ ഒരു നയം സ്വീകരിച്ചുകൊണ്ട്, കേരളത്തെ ജനപക്ഷത്ത് നിർത്തിക്കൊണ്ട്, ജനകീയ മുന്നേറ്റത്തിന് വേഗത കൂട്ടുന്ന ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിനെ ഞാൻ അംഗീകരിക്കുന്നു.

5.00 PM

ശ്രീ. പി. കെ. ശശി: സർ, ഞാൻ ഈ ബജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ബഹുമാന്യനായ ശ്രീ. കെ. എൻ. എ. ഖാദർ സാഹിബിന്റെ പ്രസംഗം ഞാൻ കേട്ടു. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ നന്നായി ആസ്വദിക്കാറുണ്ട്. പക്ഷേ, ഇന്ന് എനിക്ക് ഒരു സംശയമുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഏറിയ സമയവും, ചുരുങ്ങിയത് പത്ത് തവണയെങ്കിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ പരാമർശിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അദ്ദേഹം മുസ്ലീം ലീഗിൽ നിന്ന് മാറിയോ എന്നറിയാൻ താൽപ്പര്യമുണ്ട്. അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിയെപ്പറ്റി ഒരു വാക്കും പറഞ്ഞില്ല.

പ്രതിസന്ധികളുടെയും പ്രതിരോധത്തിന്റെയും നാൾവഴികളാണ് ഈ വർഷത്തെ കേരളം അടയാളപ്പെടുത്തുന്നത്. കടുത്ത പ്രളയക്കെടുതിയുണ്ടായപ്പോൾ കേരളീയർക്ക് ആത്മവിശ്വാസം പകർന്ന്, ഒരു പതർച്ചയുമില്ലാതെ, മൂന്ന് കോടി ജനങ്ങളെ അണി നിരത്തിക്കൊണ്ട് ഈ പ്രതിസന്ധിയെ അതിജീവിക്കുക തന്നെ ചെയ്യുമെന്ന ആത്മവിശ്വാസം പകർന്ന്, പ്രതിസന്ധിഘട്ടത്തിൽ കപ്പിത്താനായി മാറിയ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രിയുടെ ചിത്രം കേരള ജനതയുടെ മനസ്സിൽ ആലേഖനം ചെയ്ത വർഷം കൂടിയാണിത്. കേരളത്തിലെ നവോത്ഥാന നായകർ അവരുടെ ആത്മബലംകൊണ്ടും തൊഴിലാളികളും കൃഷിക്കാരും യുവാക്കളും അവരുടെ സംഘബലംകൊണ്ടും കരുപ്പിടിപ്പിച്ച കേരളത്തെ തട്ടിക്കൊണ്ടുപോകാനും ഇരുണ്ട വഴിയിലേയ്ക്ക് തിരിച്ചു നടത്താനും വർഗ്ഗീയ ശക്തികൾ ശ്രമിച്ചപ്പോൾ ഇത് പുതിയ കേരളമാണ്, ഈ കേരളം ഒരിക്കലും നിങ്ങൾക്ക് വഴങ്ങില്ലെന്ന് സധൈര്യം പ്രഖ്യാപിച്ച ധീരതയെ കേരള ജനത നെഞ്ചേറ്റിയ വർഷം കൂടിയാണിത്. ഏറെ പ്രതിസന്ധി നിറഞ്ഞ ഒരു സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷ ഉൾപ്പെടെ സമഗ്ര മേഖലയിലും പ്രതീക്ഷാ നിർഭരമായ ചുവടുവയ്പുകൾ ഈ ബജറ്റിലൂടെ ഇടതുഗവൺമെന്റ് മുമ്പോട്ടുവയ്ക്കുകയാണ്. തെരഞ്ഞെടുപ്പ് കാലത്തെ വാഗ്ദാനങ്ങൾ വോട്ടുപിടിക്കാനുള്ള വാഗ്ദാനങ്ങൾ മാത്രമല്ല, അത് നടപ്പാക്കാനുള്ളതാണെന്ന് ഈ ഗവൺമെന്റ് തെളിയിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിലൂടെ പുതുജീവൻ നേടിയ സർവ്വ മേഖലകളിലും ആ പ്രസരിപ്പും വെളിച്ചവും നമുക്ക് കാണാൻ സാധിക്കും. വിവിധ മേഖലകളെക്കുറിച്ച് വിശദീകരിക്കാൻ ഇവിടെ മറ്റ് പലരും തയ്യാറായതുകൊണ്ട് അതിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ നഷ്ടത്തിലായിരുന്ന വ്യവസായ ശാലകൾ ലാഭത്തിലേയ്ക്ക് കുതിക്കുകയാണ്. ട്രാവൻകൂർ ടൈറ്റാനിയം, കെ.എം.എം.എൽ., ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കെൽട്രോൺ, മീറ്റർ കമ്പനി ഉൾപ്പെടെയുള്ള വ്യവസായ മേഖലകൾ എല്ലാം ലാഭത്തിലാണ്.

നമ്മുടെ പരമ്പരാഗത വ്യവസായ മേഖല വലിയ തകർച്ച നേരിടുകയാണെന്ന് എല്ലാവർക്കുമറിയാം. അവിടെ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് തൊഴിലാളികളെ മുന്നിൽ കണ്ടുകൊണ്ട് പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്കുവേണ്ടി ഈ ഗവൺമെന്റ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ മാതൃകാപരമാണ്. നമ്മുടെ ദേശീയ പ്രസ്ഥാനത്തിന് ഊടും പാവും നെയ്തെടുത്ത കൈത്തറി/ഖാദി മേഖലയിൽ, Mechanisation കുറേക്കൂടി ഗൗരവത്തോടുകൂടി ഏറ്റെടുത്ത് നടപ്പാക്കണമെന്ന് ഇതിന്റെ ഭാഗമായി ഞാൻ ആവശ്യപ്പെടുകയാണ്.

അതുപോലെ കേരളത്തിന്റെ പരമ്പരാഗത വ്യവസായമാണ് കള്ളുചെത്ത് വ്യവസായം. അതിപ്പോൾ തകർന്നുകൊണ്ടിരിക്കുകയാണ്. അതിനെ രക്ഷിക്കാൻവേണ്ടി രൂപീകരിച്ച Toddy Board കുറേക്കൂടി ഫലപ്രദമാക്കണം. പ്രളയക്കെടുതിയിൽ സ്വന്തം ജീവൻ പണയംവച്ച് ആയിരങ്ങളെ രക്ഷിച്ച കേരളത്തിന്റെ മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ ഈ ഗവൺമെന്റ് കാണിച്ച സമീപനത്തെ ഹൃദയപൂർവ്വം ഞാൻ അഭിവാദ്യം ചെയ്യുകയാണ്.

കിഫ്ബി എന്ന ആശയത്തെ എതിർഭാഗത്തുള്ള ആളുകൾ സ്ഥിരമായി പരിഹസിക്കുകയാണ്. വിമർശിക്കുന്ന യു.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലെല്ലാം അവരുടെ ചിരിക്കുന്ന ബഹുവർണ്ണ ചിത്രങ്ങൾ വ്യാപകമായി കാണാം. എന്റെ സ്നേഹിതൻ ശ്രീ. എൻ. ഷംസുദ്ദീന്റെ മണ്ഡലത്തിൽ ധാരാളം ഫ്ലക്സ് ബോർഡുകളുണ്ട്. നിങ്ങളുടെ പരിഹാസ ചിരിപോലും അർഹതയുള്ള ചിരിയാക്കി മാറ്റാൻ കഴിഞ്ഞ ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. എന്റെ മണ്ഡലത്തിൽ 35 കോടി രൂപ ചെലവഴിച്ചുകൊണ്ട്, 25 കൊല്ലക്കാലമായി നടപ്പാക്കാത്ത കുടിവെള്ള പദ്ധതി, ട്രീറ്റ്മെന്റ് പ്ലാന്റും ചെക്ക് ഡാമുമുൾപ്പെടെ ഈ വരുന്ന ഫെബ്രുവരി 23-ാം തീയതി കേരളത്തിന്റെ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. രണ്ട് പ്രധാനപ്പെട്ട കിഫ്ബി പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. പൊതുമരാമത്ത് വകുപ്പിൽ അത്ഭുതകരമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വകുപ്പ് അട്ടപ്പാടിയിലും വയനാട്ടിലുമുള്ള ആദിവാസികൾക്ക് ജീവിതത്തിൽ ഒരു പച്ചപ്പുണ്ടാക്കിയ കാലമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഈ കാലം.

അടിസ്ഥാനപരമായി ഞാൻ ഒരു റബ്ബർ കൃഷിക്കാരനാണ്. കൃഷിക്കാരന്റെ വേദന നിങ്ങൾക്ക് മനസ്സിലാകില്ല. നിങ്ങൾക്ക് പ്രസംഗിക്കാൻ മാത്രമേ അറിയൂ. ഇപ്പോൾ 500 കോടി രൂപ റബ്ബറിന്റെ വില സ്ഥിരതാ ഫണ്ടായി മാറ്റിവച്ചു. വലിയ തോതിലുള്ള സഹായമാണ് റബ്ബർ കർഷകർക്ക് നൽകുന്നത്. നെൽകൃഷിയും നാളികേര കൃഷിയും വ്യാപിപ്പിക്കാനുള്ള ഗവൺമെന്റിന്റെ പരിശ്രമം വിജയകരമായിട്ടാണ് മുന്നോട്ടുപോകുന്നത്.

എത്ര പറഞ്ഞിട്ടും കാര്യമില്ല, കോൺഗ്രസ് നന്നാവാൻ പോകുന്നില്ല. അത് എനിക്ക് ഇന്നലെ ശ്രീ. പി. ടി. തോമസിന്റെ പ്രസംഗം കേട്ടപ്പോൾ ഉറപ്പായി; ആര് വിചാരിച്ചാലും ശരി, ദേവേന്ദ്രൻ വിചാരിച്ചാലും നിങ്ങൾ നന്നാവില്ല. രൂപയുടെ മൂല്യം കുറഞ്ഞു വരുന്നതുപോലെ കോൺഗ്രസിന്റെ മൂല്യവും നിലവാരവും കുറഞ്ഞു വരികയാണെന്നതിൽ ഒരു സംശയവും വേണ്ട. ഞാൻ ചോദിക്കട്ടെ, ഇ.എം.എസ്.-നെയും ആർ.എസ്.എസ്.-നെയും താരതമ്യപ്പെടുത്തുകയല്ലേ നിങ്ങൾ ചെയ്തത്? നിങ്ങളുടെ നിലവാരം എങ്ങോട്ടാണ് പോയത്? രാഷ്ട്രീയ രംഗത്തുള്ള പാരമ്പര്യം, സീനിയോറിറ്റി എന്നൊക്കെ പറയുന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണെന്നും അതിനാവശ്യമായ പാകതയും പക്വതയും പ്രകടിപ്പിക്കണമെന്നും പറഞ്ഞുതരാൻ കോൺഗ്രസിൽ ആളില്ലാത്തതിന്റെ കുഴപ്പമാണോ എന്ന് സ്വാഭാവികമായും സംശയിച്ചു പോകുകയാണ്. ആർ.എസ്.എസ്.-നെ വെള്ളപൂശുന്ന സമീപനമാണ് ഇവിടെ സ്വീകരിക്കുന്നത്. ശ്രീ. ശശി തരൂരിന്റെ പ്രസംഗം ഇന്നലെ കണ്ടു. വരാൻ പോകുന്ന തെരഞ്ഞെടുപ്പ് ഭരണഘടന സംരക്ഷിക്കാൻവേണ്ടിയുള്ള പോരാട്ടമാണെന്നാണ് അദ്ദേഹം പറയുന്നത്. ശബരിമല പ്രശ്നത്തിൽ ഭരണഘടനയെ അട്ടിമറിക്കാൻവേണ്ടി ആർ.എസ്.എസ്.-ഉം സംഘപരിവാറും പരിശ്രമിക്കുമ്പോൾ ആ പരിശ്രമങ്ങൾക്ക് എല്ലാ പിന്തുണയും കൊടുക്കുകയല്ലേ നിങ്ങൾ ചെയ്തത്. ആർ.എസ്.എസ്.-ന് കരുത്തുപകരുന്ന സമീപനം നിങ്ങൾ സ്വീകരിക്കുകയല്ലേ?

ശ്രീ. നരേന്ദ്ര മോദിയെപ്പറ്റി നിങ്ങൾ പറയുന്നുണ്ടല്ലോ. ആരാണ് ശ്രീ. നരേന്ദ്ര മോദിയെ നേതാവാക്കിയത്? ഗുജറാത്തിലെ കൂട്ടക്കൊലയ്ക്ക് നേതൃത്വം കൊടുത്ത ശ്രീ. നരേന്ദ്ര മോദിക്ക് എതിരായി 2004-ൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ശരിയായ ഒരന്വേഷണം നടത്തിയോ? മോദിയെ പിടിച്ചോ? ശ്രീമതി സോണിയാ ഗാന്ധിയുടെ പൊളിറ്റിക്കൽ അഡ്വൈസറാണ് ശ്രീ. അഹമ്മദ് പട്ടേൽ. നമ്മുടെ മുരളിയേട്ടന്റെ ഭാഷയിൽപ്പറഞ്ഞാൽ അലുമിനിയം പട്ടേൽ. അദ്ദേഹവും ശ്രീ. നരേന്ദ്ര മോദിയും തമ്മിലുള്ള അവിശുദ്ധമായ ചില ബന്ധം സംബന്ധിച്ച് അന്ന് വ്യാപകമായി വാർത്ത വന്നതാണ്. എങ്ങനെയാണ് നിങ്ങൾക്ക് ബി.ജെ.പി.-ക്ക് ബദലാകാൻ സാധിക്കുക? ബി.ജെ.പി. നിങ്ങളിലാണ് fixed deposit കാണുന്നത്. കോൺഗ്രസ് എന്ന രാഷ്ട്രീയ പാർട്ടി ബി.ജെ.പി.-ക്ക് ബദലാകാതിരിക്കുന്നതിന്റെ കാരണം അതുതന്നെയാണ്. ശ്രീ. മുഹമ്മദ് മുഹസിന്റെ മണ്ഡലത്തിൽ ഒരു നേതാവ് വന്നു; ശ്രീമതി ആശാ പട്ടേൽ. അതിന്റെ പോസ്റ്ററിന്റെ കോപ്പിയാണിത്. (കോപ്പി ഉയർത്തിക്കാണിക്കുന്നു) അതിന്റെ ഒരു ഭാഗത്ത് ശ്രീ. രാഹുൽ ഗാന്ധിയുടെ ഫോട്ടോയാണ്. വേറൊരു ഭാഗത്ത് ശ്രീമതി ആശാ പട്ടേൽ. അതിൽ ശ്രീ. സി. പി. മുഹമ്മദും ശ്രീ. വി. ടി. ബൽറാമും ശ്രീ. ഷാഫി പറമ്പിലും മുതൽ തങ്ങൾ വരെയുണ്ട്; തങ്ങൾ എന്നുപറഞ്ഞാൽ കോൺഗ്രസിന്റെ തങ്ങൾ. ശ്രീ. ജി. രാമൻ നായർ മാത്രമല്ല പോയത്, ഞാൻ പറയട്ടെ മിനിഞ്ഞാന്ന് ശ്രീമതി ആശാ പട്ടേലും

പോയി. ഇനി എത്രയാളുകൾ പോകാനിരിക്കുന്നു. ഇവരെല്ലാം ബി.ജെ.പി.-യിലേയ്ക്ക് പോയി; ആർ.എസ്.എസ്.-ലേയ്ക്ക് പോയി. ഈ നയമാണ് കോൺഗ്രസിനെ ഉപ്പുവച്ചകലം പോലെയാക്കി മാറ്റുന്നത്.

1984-ൽ പാർലമെന്റിൽ കോൺഗ്രസിന്റെ അംഗസംഖ്യ 404 ആയിരുന്നു. ഇപ്പോഴത് 44 ആണ്. . . . .(ബഹളം). . . .ഞങ്ങളുടെ അംഗസംഖ്യ പറയാം. ഞങ്ങൾ ചെറിയ പാർട്ടിയാണ്. ഞങ്ങൾ വലിയ പാർട്ടിയാണെന്ന് ഇന്നേവരെ പറഞ്ഞിട്ടില്ല. ഞങ്ങൾ ചെറിയ പാർട്ടി തന്നെയാണ്. പക്ഷേ ഇന്ത്യാരാജ്യം അടക്കിവാഴുന്ന ഭാരതീയ ജനതാ പാർട്ടി എന്നുപറയുന്ന ഒരു പാർട്ടിയുണ്ടല്ലോ, ഇന്ത്യയിലെ സംഘപരിവാറിന്റെ നേതാവുണ്ടല്ലോ, ശ്രീ. നരേന്ദ്ര മോദി, അദ്ദേഹത്തിന് ഇന്ത്യാരാജ്യത്ത് ഒരു ചെറിയ പാർട്ടിയെ പേടിയാണ്; ആ പാർട്ടിയുടെ പേരാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്). ഞങ്ങൾക്ക് എണ്ണം കുറവായിരിക്കും. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എന്നുപറഞ്ഞാൽ ശ്രീ. നരേന്ദ്ര മോദിക്ക് മനസ്സിലാകില്ല. അങ്ങനെയല്ല കമ്മ്യൂണിസ്റ്റ് പാർട്ടി എന്നുപറഞ്ഞാൽ..... നിങ്ങൾ എന്താണെന്ന് മനസ്സിലായിട്ടില്ല. നിങ്ങളെ പറഞ്ഞാൽ അറിയില്ല.

<u>മി. സ്പീക്കർ</u>: അങ്ങയുടെ സമയം കഴിഞ്ഞു. 2 മിനിട്ടായി.

<u>ശ്രീ. പി. കെ. ശശി</u>: ബഹുമാനപ്പെട്ട അംഗം 6 മിനിട്ടാണ് കൂടുതൽ എടുത്തത്.

<u>മി. സ്പീക്കർ</u>: അദ്ദേഹം ശരിയല്ലാത്തത് ചെയ്തു. നിങ്ങൾ അതാവർത്തിക്കണ്ട

<u>ശ്രീ. പി. കെ. ശശി</u>: സർ, അതുപോലെതന്നെ ഇവിടെ പണ്ട് തലശ്ശേരിയിൽ വർഗ്ഗീയകലാപമുണ്ടായി. ഇവിടെ ന്യൂനപക്ഷ പ്രേമം പറഞ്ഞല്ലോ, ആരാണ് ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നത്? കോൺഗ്രസിന് കോൺഗ്രസിനകത്തെ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ സാധിക്കുമോ? ഗുജറാത്തിലെ കലാപത്തിൽ ഇസാൻ ജാഫ്രി എന്നുപറയുന്ന കോൺഗ്രസിന്റെ മുൻ എം.പി.-യെ സംഘപരിവാർ ആക്രമിച്ചു. അദ്ദേഹം പി.സി.സി. ഓഫീസിലേക്ക് ഫോൺ ചെയ്ത് എന്നെ രക്ഷിക്കണമെന്നു പറഞ്ഞ് ജീവനുവേണ്ടി അപേക്ഷിച്ചു. ഒരാളുപോലും തിരിഞ്ഞുനോക്കിയില്ല. ചുട്ടുകൊന്നു, കുടുംബത്തോടുകൂടി ചുട്ടുകൊന്നു. സ്വന്തം പാർട്ടിക്കകത്തെ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ സാധിക്കാത്ത ആളുകളാണ് നിങ്ങൾ. ലീഗിന് അത് പറഞ്ഞാൽ മനസ്സിലാകില്ല. ഞങ്ങൾ അങ്ങനെയല്ല; തെരുവീഥികളിൽ അവകാശ സംരക്ഷണത്തിന്റെ മുദ്രാവാക്യം വിളിച്ച് പ്രകടനം നടത്താനും തെരഞ്ഞെടുപ്പിൽ മത്സരിക്കാനും മത്സരിച്ച് ജയിച്ചാൽ എം.എൽ.എ. ആകാനും തൊപ്പിവച്ചും തൊപ്പിവയ്ക്കാതെയും മന്ത്രിക്കസേരകളിലിരിക്കാൻ ഒരു മുസൽമാനുകൂടി അവകാശമുള്ള മതേതരനാടിന്റെ പിറവിക്കുവേണ്ടി സ്വന്തം ജീവരക്തം കൊടുത്ത പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഞങ്ങൾ ആ നിലയ്ക്കാണ് സംസാരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെക്കുറിച്ച് നിങ്ങൾ പറഞ്ഞല്ലോ; ഞങ്ങൾക്ക് അഭിമാനമുണ്ട്

ഇവിടെ നിങ്ങളിലാരോ പറഞ്ഞല്ലോ പേരാമ്പ്രയിൽ ഞങ്ങൾ പള്ളിക്കുനേരെ കല്ലേറിഞ്ഞെന്ന്. ഞങ്ങൾ 18 പള്ളികൾ നാദാപുരത്ത് പൊളിച്ചുവെന്നല്ലേ നിങ്ങൾ പണ്ട് നുണ പറഞ്ഞത്. നിങ്ങൾ ഒരു നബീസുവിന്റെ കഥ പറഞ്ഞു. പേരാമ്പ്രയിൽ പള്ളി പൊളിച്ചത് ഞങ്ങളല്ല. പള്ളിപൊളിക്കുന്ന പണിയൊന്നും ഞങ്ങൾക്കില്ല. ഞങ്ങൾ ചരിത്രത്തിൽ ഒരു പള്ളി പൊളിച്ചിട്ടുണ്ട്. പരമ സത്യം. 1980-ൽ ശ്രീ. പി. ടി. തോമസ് 'എ' ഗ്രൂപ്പാണ്. ശ്രീ. എ. കെ. ആന്റണിയും സംഘവും ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന കാലത്ത്, 1980-ൽ സഖാവ് ഇ. കെ. നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായി. അന്ന് എം.എൽ.എ. ആകാതെ ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായി. നിലമ്പൂരിലെ എം.എൽ.എ. ആയിരുന്ന ശ്രീ. സി. ഹരിദാസിനെക്കൊണ്ട് രാജിവയ്പ്പിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ് മത്സരിച്ചു. അന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് (എ) ഗ്രൂപ്പുകാരനാണ്. ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി മത്സരിച്ച ഒരാളുണ്ട്, കോൺഗ്രസ്സിന്റെ ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ ഗ്രൂപ്പിൽപ്പെട്ട നേതാവ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ. ആ തെരഞ്ഞെടുപ്പിൽ മുല്ലപ്പള്ളി എന്നുപറയുന്ന പള്ളി പൊളിച്ചതല്ലാതെ ഞങ്ങളൊരു പള്ളിയും പൊളിച്ചിട്ടില്ല, അതെല്ലാം നിങ്ങൾക്കുള്ള ജോലിയാണ്. അതിലൊന്നും ഞങ്ങളെ പറഞ്ഞിട്ട് കാര്യമില്ല.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്തോളൂ, അഞ്ച് മിനിട്ടായി. ഇനി പറയേണ്ട.

ശ്രീ. പി. കെ. ശശി: സർ, ആറ് മിനിട്ടാണ് നേരത്തെ കൊടുത്തത്, പിന്നെയെന്താണ് എനിക്ക് മാത്രം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഭരണഘടന സംരക്ഷണത്തിന്റെ മുദ്രാവാക്യം വിളിക്കുന്ന കാലമാണിത്. ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും മൂല്യം സംരക്ഷിക്കാനുള്ള വലിയ പോരാട്ടത്തിന് ഇന്ത്യയിലെ ഇടതുപക്ഷം നേതൃത്വം കൊടുക്കുകയാണ്. ആ ഇടതുപക്ഷമാണ് മനോഹരമായ നാടിനെപ്പറ്റിയുള്ള സ്വപ്നം നെയ്തുകൂട്ടുന്നത് എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ടി. ബൽറാം അങ്ങ് സമയക്രമം പാലിക്കുന്ന യാളാണ്. ആരെങ്കിലും കാണിച്ചതിന്റെ പിറകെ പോകുന്നയാളല്ല. 'മുമ്പേ ഗമിക്കുന്ന ഗോവ് തന്റെ പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം 'ആകരുത്.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് 31-ാം തീയതി ബഡ്ജറ്റ് പ്രസംഗം നടത്തിയപ്പോൾ ഞാൻ അദ്ദേഹത്തിന്റെ അനുഭാവികളും അനുയായികളും സ്തുതിപാഠകരുമടക്കമുള്ള ആളുകളുടെ ഫേസ്ബുക്ക് പോസ്റ്റുകളൊക്കെ ഒന്ന് ശ്രദ്ധിച്ചു. ഒരാളുപോലും ബജറ്റിന്റെ കണ്ടന്റിനെക്കുറിച്ച് നല്ലോരഭിപ്രായം പറയാൻ ഉണ്ടായിരുന്നില്ല. അവരൊക്കെ പറഞ്ഞത് ഈ കവറിനെക്കുറിച്ചാണ്; കാരണം

അകത്തെക്കുറിച്ച് ഒന്നും പറയാനില്ലാത്തപ്പോൾ പുറത്തെ കവറിനെക്കുറിച്ച് പുകഴ്ത്തി, അതിന്റെ സിംബോളിസത്തെ വാഴ്ത്തി അവർ അവരുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയി എന്നാണ് ഞാൻ അതിനെ നോക്കിക്കാണുന്നത്. മഹാനായ അയ്യങ്കാളിയുടെ ഒരു നല്ല ചിത്രമാണ്, എറണാകുളത്ത് നടന്ന 'ആർപ്പോ ആർത്തവം' എന്ന പരിപാടിയുടെ പ്രചരണത്തിന്റെ ഭാഗമായി ഉപയോഗിച്ച ഒരു പോസ്റ്ററിൽ നിന്നാണ് അദ്ദേഹം കടംകൊണ്ടത്. ആ പരിപാടിക്ക് ഇതിനേക്കാൾ സിംബോളി ക്കായിട്ടാണ് അതിന്റെ പ്രവേശന കവാടമൊരുക്കിയത്. ആ പ്രവേശന കവാടത്തോടുള്ള വിയോജിപ്പ് കാരണമാണോ അതോ അതിലൂടെ കടന്നുപോകുന്ന ഫോട്ടോ പിറ്റേ ദിവസം പത്രത്തിൽ വരുന്നതിനോടുള്ള വിയോജിപ്പിന്റെ കാരണം കൊണ്ടാണോ എന്നറിയില്ല, കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആ പരിപാടിയിൽ പങ്കെടുക്കാൻപോലും തയ്യാറായില്ല. ഈ കവറിനെക്കുറിച്ച് പറയാൻ സാധിക്കില്ലെങ്കിൽ ഇതിനകത്തെ 'മീര' ഫോണ്ടിനെക്കുറിച്ച് ഒരുപക്ഷെ അങ്ങയുടെ അനുയായികൾ പുകഴ്ത്തി പാടുമായിരിക്കും. ഇതിനകത്തെ കാര്യങ്ങളെ കുറിച്ചാണ് നമുക്ക് സംസാരിക്കാനുള്ളത്. എന്താണ് ഈ ബഡ്ജറ്റിന്റെ അടിത്തറ? ഇത് അതിരുകടന്ന ഒരു കാല്പനികതയാണ്. സ്വപ്ന ബഡ്ജറ്റ് എന്നൊക്കെ പലരും പറഞ്ഞു. അക്ഷരാർത്ഥത്തിൽ പ്രായോഗികമായിട്ടുള്ള യാതൊരു അടിത്തറയുമില്ലാത്ത, നിലത്തുനിൽക്കാൻ സാധിക്കാത്ത ഒരു ബഡ്ജറ്റാണ് അങ്ങ് അവതരിപ്പിച്ചത്. അങ്ങയുടെ ബഡ്ജറ്റിന്റെ അടിസ്ഥാന അനുമാനം നമ്മുടെ സ്റ്റേറ്റ് ജി.എസ്.റ്റി. 30 ശതമാനത്തോളം വർദ്ധിക്കുമെന്നുള്ളതാണ്. അങ്ങ് വളരെ സത്യസന്ധമായി ബജറ്റ് പ്രസംഗത്തിൽ ഒരു കാര്യം പറഞ്ഞു. ആ കാര്യത്തിൽ അങ്ങയെ ഞാൻ അപ്രീഷ്യേറ്റ് ചെയ്യുകയാണ്. കാരണം, ധവളപത്രത്തിനുശേഷം അങ്ങ് ഓരോ വർഷവും 25 ശതമാനം വരുമാന വർദ്ധനവ് പ്രതീക്ഷിച്ചിരുന്നു. പക്ഷെ 10 ശതമാനത്തോളം മാത്രമാണ് വരുമാന വർദ്ധനവുണ്ടാകുന്നത്. അതിനാൽ ആ സാഹചര്യത്തെ മാറ്റി ഏതാണ്ട് 27 മുതൽ 30 ശതമാനം വരുമാന വർദ്ധനവ് ഇത്തവണ ഉണ്ടാകുമെന്നതാണ് അങ്ങയുടെ അമിതമായ ശുഭപ്രതീക്ഷ. കഴിഞ്ഞ മൂന്നുനാലു വർഷമായി, പ്രത്യേകിച്ചും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റും എസ്റ്റിമേറ്റും അതിന്റെ പിന്നീട് വരുന്ന പ്രായോഗികമായ യഥാർത്ഥ കണക്കുകളും തമ്മിൽ ഒരു ബന്ധവുമില്ലാതാവുന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്, ബഡ്ജറ്റിനെക്കുറിച്ചുള്ള വിശ്വാസനീയത തന്നെ നഷ്ടപ്പെടുകയാണ്. 2016-2017-ൽ അങ്ങ് ആദ്യ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ബജറ്റ് എസ്റ്റിമേറ്റായി ചെലവ് പ്രതീക്ഷിച്ചത് 1,07,00,997 രൂപയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് വന്നപ്പോൾ അത് ഒരു കോടി നാല് ലക്ഷം രൂപയായി ചുരുക്കി. അതായത് 3.4 ശതമാനം കുറവ്. അതിന്റെ ആക്ച്വൽസ് വന്നപ്പോൾ ഒരു കോടി രണ്ട് ലക്ഷമായി അത് കുറഞ്ഞു. അഞ്ചര ശതമാനം കുറവാണ് അവിടെ

ഉണ്ടായിട്ടുള്ളത്. 2017-2018-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഒരു ലക്ഷത്തി പത്തൊൻ പതിനായിരം കോടി രൂപയായിരുന്നത് റിവൈസ്ഡ് എസ്റ്റിമേറ്റ് വന്നപ്പോൾ ഒരു ലക്ഷത്തി പതിനൊന്നായിരം കോടിയായി; ആക്ച്വൽസ് വന്നപ്പോൾ ഒരു ലക്ഷത്തി പതിനായിരമായി. 8 ശതമാനത്തോളം കുറവാണ് അന്നുണ്ടായത്. 2018-2019-ൽ ഒരു ലക്ഷത്തി ഇരുപത്തിയേഴായിരം കോടി രൂപ ആദ്യം പ്രതീക്ഷിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ അത് ഒരു ലക്ഷത്തി ഇരുപത്തിനാലായിരമായി ചുരുക്കിയിരിക്കുകയാണ്. അതായത് 2 ശതമാനം കുറവാണ്. ഇതിന്റെ ആക്ച്വൽസ് അടുത്ത വർഷം പുറത്തു വരുമ്പോൾ വീണ്ടും കുറയുമെന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കാരണം എല്ലാ വകുപ്പുകളോടും 20 ശതമാനം പദ്ധതികൾ വെട്ടിക്കുറയ്ക്കാൻ അങ്ങ് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്ലാൻ എക്സ്പെൻഡിച്ചർ 2018-2019-ലും വലിയ രീതിയിലുള്ള ഒരു വെട്ടിക്കുറവിനാണ് വിധേയമായത്. ബജറ്റ് എസ്റ്റിമേറ്റ് ഇരുപത്തിയെട്ടായിരത്തിൽപ്പരം കോടി രൂപയാണെങ്കിൽ അത് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇരുപത്തിനാലായിരം കോടി രൂപയായി. അതായത് അങ്ങേയ്ക്ക് 13 ശതമാനം വെട്ടിക്കുറവ് വരുത്തേണ്ടി വന്നു. ആ സാഹചര്യത്തിലാണ് അങ്ങ് ഇത്തവണ 24 ശതമാനം പദ്ധതി കയറ്റി വച്ചിരിക്കുന്നത്. ഈ കണക്കുകൾ എത്രത്തോളം യാഥാർത്ഥ്യങ്ങളെ റിഫ്ലക്ട് ചെയ്യുന്നുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. സ്റ്റേറ്റിന്റെ കമ്മിറ്റഡ് ലയബിലിറ്റി വർദ്ധിക്കുകയാണ്. അറുപത്തി ഒൻപതിനായിരം കോടി രൂപ ഇപ്പോൾ കമ്മിറ്റഡ് ലയബിലിറ്റീസായി വരികയാണ്. ബജറ്റിന്റെ 55 ശതമാനത്തോളം ഈ നിലയിൽ ശമ്പളവും പെൻഷനുമായി മാറുകയാണ്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇങ്ങനെ ഇല്ലെന്നാണ് എനിക്ക് തോന്നുന്നത്. നാഷണൽ ആവറേജ് തന്നെ 39-40 ശതമാനമാണ്. നമുക്കിവിടെ 55 ശതമാനമാണ്. അഞ്ച് വർഷം കൂടുമ്പോൾ ശമ്പള പരിഷ്കരണം നടപ്പാക്കുന്ന ഏക സംസ്ഥാനം കേരളമാണെന്ന് തോന്നുകയാണ്. ഇതിനൊരു ലോംഗ് ടേം പെർസ്പെക്ടീവ് എന്താണെന്നതിനെക്കുറിച്ച് അങ്ങ് ഇപ്പോഴും ഒരു ക്ലാരിറ്റി നൽകുന്നില്ല, എങ്ങനെയാണ് അങ്ങ് പറഞ്ഞ കാര്യം ഭാവിയിൽ അഡ്രസ്സ് ചെയ്യാൻ പോകുന്നത്.

നമ്മുടെ debt ജി.എസ്.ടി.പി റേഷ്യോ 30 ശതമാനത്തിൽ നിൽക്കുകയാണ്. എഫ്.ആർ.ബി.എം. റിക്വയർമെന്റ് 20 ശതമാനമായി കുറയ്ക്കുക എന്ന ടാർജറ്റ് മീറ്റ് ചെയ്യാൻ അടുത്ത പത്ത് വർഷത്തിനകത്തെങ്കിലും സാധിക്കുമോ എന്നതിനെക്കുറിച്ച് യാതൊരു സൂചനയും കാണുന്നില്ല. നാഷണൽ സാമ്പിൾ സർവേയുടെ റിപ്പോർട്ട് പുറത്തുവന്നപ്പോൾ ദേശീയ തലത്തിൽത്തന്നെ 45 വർഷത്തെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്കിലാണ് രാജ്യം നിൽക്കുന്നത്. വർഷം രണ്ട് കോടി തൊഴിലവസരങ്ങളാണ് ശ്രീ. നരേന്ദ്ര മോദി വാഗ്ദാനം ചെയ്തിരുന്നത്. അഞ്ച് വർഷം കൊണ്ട് പത്ത് കോടി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടിയിരുന്ന

സ്ഥാനത്ത് ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് കഴിഞ്ഞ വർഷം മാത്രം ഒന്നരക്കോടിയോളം തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. പക്ഷെ കേരളത്തിന്റെ സിറ്റ്വേഷൻ അതിനെക്കാൾ അപകടകരമാണ്. കേരളത്തിൽ 12.5 ശതമാനം തൊഴിലില്ലായ്മ നിരക്കാണ് കാണാൻ സാധിക്കുന്നത്. ഗ്രാമ പ്രദേശങ്ങളിൽ 22 ശതമാനം ചെറുപ്പക്കാരാണ് തൊഴിലില്ലാത്തവരായിട്ടുള്ളത്. നഗരപ്രദേശങ്ങളിൽ അത് 18 ശതമാനമാണ്. കേരളത്തിന്റെ ഡെമോഗ്രാഫിക് ട്രെന്റ് നമുക്കറിയാമല്ലോ. കേരളത്തിലെ ജനങ്ങൾക്ക് വയസ്സ് കൂടുകയാണ്. വർക്കിംഗ് ഏജ് പോപ്പുലേഷൻ യഥാർത്ഥത്തിൽ കുറയുകയാണ്. നമ്മുടെ ആയുർദൈർഘ്യം കാരണം വയോജനങ്ങളാണ് വർദ്ധിക്കുന്നത്. തൊഴിലെടുക്കുന്ന ചെറുപ്പക്കാർക്ക് തൊഴിലില്ലാതാകുന്ന സാഹചര്യം ഭാവിയിൽ നമ്മുടെ സംസ്ഥാനത്തെ എവിടെ എത്തിക്കുമെന്നതിനെക്കുറിച്ച് അങ്ങയുടെ ബഡ്ജറ്റിൽ യാതൊരു തരത്തിലുള്ള ചിന്തയും പ്രതിഫലിക്കുന്നില്ല.

പ്രവാസികൾ തിരിച്ചുവരികയാണ്. അങ്ങനെയും ഒരു സിറ്റ്വേഷൻ അഗ്രവേറ്റ് ചെയ്യാൻ പോകുകയാണ്. ജോബ് ക്രിയേഷനുവേണ്ടി യാതൊരു തരത്തിലുള്ള ഊന്നലും ഉണ്ടാകുന്നില്ല.

പഴയ ബഡ്ജറ്റുകളുടെ റീ പാക്കേജിംഗ് മാത്രമാണ്, അതായത് 'ഓൾഡ് വൈൻ ഇൻ ന്യൂ ബോട്ടിൽ' എന്ന ആശയമാണ് അങ്ങയുടെ ഈ ബജറ്റ് എന്ന് ഒരുപാട് പേർ പറഞ്ഞതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഓരോ പദ്ധതിയെടുത്തു നോക്കിയാലും കഴിഞ്ഞ വർഷത്തെയോ അതിനുമുമ്പത്തെ വർഷത്തേയൊ അതേ പദ്ധതികൾ ഏതാണ്ട് അതേ വാചകങ്ങളിൽ തന്നെ ആവർത്തിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. തീരദേശ വികസനത്തെക്കുറിച്ച് അങ്ങ് പറഞ്ഞു: രണ്ടായിരം കോടി രൂപയുടെ പാക്കേജ് കഴിഞ്ഞ തവണ പ്രഖ്യാപിച്ചു. ഇത്തവണ അത് വിപുലീകരിച്ച് ആയിരം കോടി രൂപയാക്കി വീണ്ടും നടപ്പാക്കുകയാണ്. രണ്ടായിരം വിപുലീകരിച്ച് ആയിരമാക്കുന്ന മാന്ത്രിക സിദ്ധിയാണ് അങ്ങയെപ്പോലെയുള്ള ആളുകൾ ബജറ്റിലൂടെ കാണിക്കുന്നത്.

അങ്ങ് ഒരു ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ എന്നാണ് എനിക്ക് ഇക്കാര്യത്തിൽ ചോദിക്കാനുള്ളത്? കഴിഞ്ഞ തവണ അങ്ങ് പ്രഖ്യാപിച്ച തീരദേശ പാക്കേജായ 2000 കോടി രൂപ എങ്ങനെ ചെലവഴിച്ചു എന്നുള്ളതിനെക്കുറിച്ച് ഒരു കൃത്യത വരുത്താൻ തയ്യാറാകുമോ? കിഫ്ബി വഴി 300 കോടി രൂപയോ മറ്റോ കടൽ ഭിത്തിക്കുവേണ്ടി ഇപ്പോൾ കൊടുത്തിട്ടുണ്ടെന്നാണ് ഇന്നലെ ഇവിടെ ചർച്ച നടന്നപ്പോൾ അങ്ങ് പറഞ്ഞത്. കഴിഞ്ഞ തവണ രണ്ടായിരം കോടി രൂപ കൊടുത്തത് കിഫ്ബി വഴിയായിരുന്നില്ല. ഞാൻ ബഡ്ജറ്റ് ഡോക്യുമെന്റ്സ് വീണ്ടും നോക്കി, അങ്ങ് ബഡ്ജറ്റിലൂടെ ഒരു പ്രത്യേക പാക്കേജായാണ് പ്രഖ്യാപിച്ചത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, വസ്തുത ഒന്നുകൂടി പറയാം, 900 കോടി രൂപ കിഫ്ബിയിൽ നിന്ന് എന്ന് അതിൽ കൃത്യമായി പറയുന്നുണ്ട്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, 900 കോടി രൂപ മാത്രമല്ല 2000 കോടി രൂപയെക്കുറിച്ചും കൃത്യത വരുത്താൻ അങ്ങ് തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം. നമുക്ക് ധനസമാഹരണം വേണം. പക്ഷെ ചില മേഖലകളെ തകർക്കുന്ന തരത്തിലുള്ള ധനസമാഹരണത്തിലേയ്ക്ക് അങ്ങ് പോകരുതെന്നാണ് എനിക്ക് പറയാനുള്ളത്.

കഴിഞ്ഞ ബജറ്റിൽ അങ്ങ് പ്രഖ്യാപിച്ചതാണ് അടയ്ക്കാ വ്യാപാരികൾക്കു വേണ്ടിയുള്ള ആംനെസ്റ്റി സ്കീം. രണ്ട് ശതമാനം സി.എസ്.ടി. അടച്ച് വ്യാപാരം നടത്തിക്കൊണ്ടിരുന്ന ആളുകളോട് മൂന്ന് ശതമാനം കൂടി അധികമായി അടയ്ക്കാൻ ആവശ്യപ്പെടുകയാണ്. അവരുടെ സി-ഫോമുമായി ബന്ധപ്പെട്ട തർക്കത്തോടനുബന്ധിച്ച് അത് വിശ്വാസയോഗ്യമാണെന്നുള്ളതിന്റെ നിരവധി സർട്ടിഫിക്കറ്റടക്കം അവർ തന്നിട്ടും അങ്ങ് അത് പരിശോധിക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ഗവൺമെന്റ് സ്ഥാപനമായ CAMPCO (Central Arecanut and Cocoa Marketing and Processing Co-operative Limited) ആണ്. ആകെയുള്ള 80 കോടി രൂപയിൽ ഏതാണ്ട് പകുതിയോളം കാംപ്കോയാണ് അടച്ചുതീർക്കേണ്ടത്. ബാക്കി പകുതിയോളമാണ് വ്യാപാരികൾക്കുള്ളത്. അപ്പോൾ ആ മേഖലയെ സഹായിക്കുന്നതിനുവേണ്ടി ആംനെസ്റ്റി സ്കീം പ്രായോഗികമാക്കാൻ 3 ശതമാനം നികുതി ഒഴിവാക്കി നൽകാൻ സാധിക്കുമെങ്കിൽ അത് ആ മേഖലയ്ക്ക് വലിയൊരു പ്രയോജനമായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

കിഫ്ബി പദ്ധതി എത്ര ശതമാനം നടപ്പായി എന്നതിനെക്കുറിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. പ്രഖ്യാപിക്കപ്പെട്ടതിൽ 20 ശതമാനത്തിൽ താഴെ പദ്ധതികൾ മാത്രമാണ് ഇതുവരെ നടപ്പാക്കിയിട്ടുള്ളത്.

കിഫ്ബിയെക്കുറിച്ച് ഞങ്ങൾ വിമർശനം ഉന്നയിക്കുമ്പോൾ, ഞങ്ങളുടെ മണ്ഡലങ്ങളിൽ കിഫ്ബി പദ്ധതി വരുന്നത് നിങ്ങളുടെ ഔദാര്യമല്ല, അത് സർക്കാരിന്റെ ഫിനാൻസിംഗ് മോഡാണ്. ഏത് രീതിയിലാണ് വികസന പദ്ധതികൾക്ക് ഫണ്ട് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് തീരുമാനിക്കുന്നത് നിങ്ങളാണ്. അത് ആരുടെയും വീട്ടിൽ നിന്ന് കൊണ്ടുവരുന്ന കാശല്ല. കിഫ്ബിയിലൂടെ ഇത്ര പദ്ധതികൾ നടപ്പാക്കുമ്പോൾ അതിന്റെ ഒരു റീസണബിൾ ഷെയർ ഞങ്ങളുടെയൊക്കെ മണ്ഡലങ്ങളിലും കിട്ടണം. അങ്ങനെതന്നെയല്ലേ മുന്നോട്ട് പോകേണ്ടത്; താത്വികമായി പറയുകയാണ്, നിങ്ങൾ ഈ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയ്ക്ക് മുഴുവൻ എതിരല്ലേ; പക്ഷേ ഇന്ത്യ പോലുള്ള ഒരു രാജ്യത്ത് പ്രവർത്തിക്കുമ്പോൾ ഈ പറഞ്ഞ രീതിയിലൊക്കെയല്ലേ നിങ്ങൾക്ക് മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ.

താത്വികമായി പറയുമ്പോൾ സി.പി.ഐ.(എം) ജി.എസ്.ടി.-ക്ക് എതിരല്ലേ; ജി.എസ്.ടി.-ക്ക് വേണ്ടി ഏറ്റവും കൂടുതൽ വക്കാലത്ത് നടത്തിയ വ്യക്തി ഡോ. ടി. എം. തോമസ് ഐസക്കല്ലേ; അപ്പോൾ അങ്ങയുടെതന്നെ മാതൃക അനുയായികൾക്കുകൂടി പറഞ്ഞുകൊടുക്കണം. ഇതൊന്നും ഔദാര്യത്തിന്റെ പേരിൽ പറയുന്നതല്ല. ഇത് ഞങ്ങളുടെ അവകാശമാണ്. അതുകൊണ്ട് എങ്ങനെയാണോ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്, അത് നിങ്ങളുടെ തീരുമാനമാണ്. പക്ഷേ കിട്ടേണ്ടതിന്റെ റീസണബിൾ ഷെയർ ഞങ്ങൾ ഓരോരുത്തർക്കും കിട്ടണമെന്നാണ് അവശ്യപ്പെടുന്നത്. ഇതു സംബന്ധിച്ച് എനിക്കൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനുണ്ട്. ഇതിന്റെ സോഷ്യൽ ആംഗിൾ കൂടി പരിശോധിക്കണം. റോഡിന്റെയും പാലത്തിന്റെയും കൃത്യമായിട്ടുള്ള സോഷ്യൽ ആംഗിൾ നമുക്ക് പരിശോധിക്കാൻ സാധിക്കില്ലെങ്കിൽപ്പോലും നമ്മുടെ വികസനത്തിന്റെ ഒരു നിശ്ചിത ശതമാനം ഇവിടത്തെ ദുർബ്ബലരായിട്ടുള്ള, പാർശ്വവത്കൃതരായിട്ടുള്ളവർക്ക് ലഭിക്കണം എന്നുള്ളതാണല്ലോ നമ്മുടെ അടിസ്ഥാന സങ്കല്പം. അതുകൊണ്ടാണ് പത്തുപന്ത്രണ്ട് ശതമാനം എസ്.സി.പി. ഫണ്ടും ടി.എസ്.പി. ഫണ്ടുമായി നമ്മൾ മാറ്റി വയ്ക്കുന്നത്. അങ്ങനെയുള്ള ഒരു റീസണബിൾ ഷെയർ കിഫ്ബി വികസന പദ്ധതികളിൽ നിന്ന് ഇവിടത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടോ എന്നുള്ള ഒരു കണക്കെടുക്കണം. കാരണം ഖജനാവിലേയ്ക്ക് നേരിട്ട് വരേണ്ട മോട്ടോർ വെഹിക്കിൾ ടാക്സ് അടക്കമുള്ള തുകയാണ് അവിടേയ്ക്ക് മാറ്റുന്നത്. കിഫ്ബി വഴി 55,000 കോടി രൂപയുടെ പദ്ധതി നടപ്പാക്കുകയാണെങ്കിൽ ഒരു 5000-6000 കോടി രൂപ പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി നീക്കിവയ്ക്കേണ്ടതാണ്. ദൗർഭാഗ്യവശാൽ അത്തരത്തിൽ ഒന്നുംതന്നെ കാണുന്നില്ല. പത്തോ ഇരുനൂറോ കോടി രൂപ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും മറ്റുമായി ബന്ധപ്പെട്ട് മാത്രമേ അനുവദിച്ചതായി കാണുന്നുള്ളൂ. ഈ ഒരു disproportionate അലോക്കേഷൻ മാറ്റി ആ മേഖലയ്ക്ക് അർഹതപ്പെട്ട പദ്ധതികൾ നീക്കിവയ്ക്കണമെന്നാണ് എനിക്കാവശ്യപ്പെടാനുള്ളത്.

ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, അങ്ങ് നടത്തുന്നത് ബഡ്ജറ്റ് പ്രസംഗമാണ്. ഒരാഴ്ച മുമ്പ് ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തിക്കഴിഞ്ഞു. അങ്ങയുടെ ഈ പ്രസംഗം പലപ്പോഴും നയപ്രഖ്യാപന പ്രസംഗം പോലെയാണ് തോന്നിയത്. ഉദാഹരണത്തിന് തെക്ക് വടക്ക് സമാന്തര റെയിൽവേപ്പാത ഒരു നയപ്രഖ്യാപനമാണ്. 55,000 കോടി രൂപയുടെ ചെലവ് നല്ല കാര്യമാണ്; 515 കി.മീ നീളം നല്ല കാര്യമാണ്; 2020-ൽ തുടങ്ങുമെന്നതും ഏഴ് വർഷം കൊണ്ട് പൂർത്തീകരിക്കുമെന്നതും നല്ല കാര്യമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് നടപ്പാക്കുന്നത്; അതും നയപരമായിട്ടുള്ള നല്ല കാര്യമാണ്. നമുക്കാവശ്യമുള്ളത് ഇതിന്റെ ക്ലാരിറ്റിയാണ്. ഗവർണർ നയ പ്രഖ്യാപന പ്രസംഗത്തിലാണ് ഇത് പറഞ്ഞിരുന്നതെങ്കിൽ അത് ശരിയാണ്.

ബജറ്റിലേയ്ക്ക് വരുമ്പോൾ നമ്മൾ എന്താണ് കേൾക്കുന്നത്; ഇതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ വിഹിതം ഇത്രയായിരിക്കും; അതിലേയ്ക്കുവേണ്ടി ഈ വർഷം ഇത്രകോടി രൂപ നീക്കിവയ്ക്കും. അതാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ഉണ്ടാകേണ്ട കണ്ടന്റ്. അത് ഇതിൽ കാണുന്നില്ല. ഇത്, നയപ്രഖ്യാപന പ്രസംഗം വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. 55,000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ട് നൂറ് രൂപപോലും അങ്ങ് നീക്കിവയ്ക്കുന്നില്ലായെന്ന് പറയുമ്പോൾ ഈ ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ പ്രസക്തി എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): നിങ്ങളുടെ കാലം മുതൽ ഒറ്റ ബഡ്ജറ്റ് ഹെഡ്ഡേയുള്ളൂ. വൻകിട പദ്ധതികൾക്കുവേണ്ടി രണ്ടായിരം കോടി രൂപയോ മറ്റോ ഒറ്റ തുകയായിട്ട് വയ്ക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള പ്രോജക്ടുകൾക്ക് ആവശ്യമുള്ള തുക ഇതിൽ നിന്നും പിൻവലിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. എം.എൽ.എ.-മാരുടെ നിർദ്ദേശപ്രകാരം സമർപ്പിച്ച പദ്ധതികളിൽ നിന്ന് അങ്ങ് 2500 കോടി രൂപയുടെ പദ്ധതികൾക്ക് 20% പ്രൊവിഷൻ വച്ചിട്ടുണ്ട്. ഒരു നിയോജക മണ്ഡലത്തിൽ പതിനേഴ് കോടി രൂപയുടെ പദ്ധതികൾ ഈ വർഷം നടപ്പാക്കാൻ കഴിയുന്ന തരത്തിൽ 20% പ്രൊവിഷൻ വയ്ക്കേണ്ടതാണ്. ഞങ്ങളുടെയൊക്കെ നിയോജക മണ്ഡലങ്ങളിൽ അഞ്ച് കോടി രൂപയുടെയോ ആറ് കോടി രൂപയുടെയോ പദ്ധതികളേയുള്ളൂ. അപ്പോൾ ഇക്കാര്യത്തിൽ വലിയൊരു ഭരണ പ്രതിപക്ഷ അസന്തുലിതാവസ്ഥയുണ്ട്. അത് മനസ്സിലാകാതിരിക്കാൻ വേണ്ടി, നമ്മളൊക്കെ നൽകിയിട്ടുള്ള നിർദ്ദേശം ഏതൊരു തരത്തിലും കണ്ടുപിടിക്കാതിരിക്കാൻ വേണ്ടി ഇടകലർത്തിയിട്ടിരിക്കുകയാണ്. നമ്മൾ കൊടുത്ത നിർദ്ദേശം അതിൽ നിന്ന് കണ്ടുപിടിക്കാൻ രണ്ടു മൂന്ന് മണിക്കൂറെടുക്കും. അതിനാൽ ഇക്കാര്യത്തിലുള്ള ഒരു അസന്തുലിതാവസ്ഥ പരിഹരിക്കാൻ അങ്ങ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാനാഗ്രഹിക്കുന്നില്ല. ഇവിടെ ശ്രീ. അഹമ്മദ് പട്ടേലടക്കമുള്ള ആളുകളുടെ കാര്യം പറഞ്ഞു. ശ്രീ. അഹമ്മദ് പട്ടേലിനെ രാജ്യസഭയിൽ എത്തിക്കാതിരിക്കാൻവേണ്ടി ശ്രീ. അമിത് ഷായും ശ്രീ. നരേന്ദ്ര മോദിയും കളിച്ച കളി ഈ രാജ്യം കണ്ടതല്ലേ; പാതിരാത്രിക്ക് സുപ്രീംകോടതിയിൽ കേസ് നടത്തി, സുപ്രീംകോടതി ജഡ്ജിമാരെ അവിടെ വിളിച്ചുവരുത്തി, ആ കേസ്സിനനുകൂലമായിട്ടുള്ള വിധി ഉണ്ടാക്കിക്കൊണ്ടാണ് ശ്രീ. അമിത് ഷായ്ക്ക് അർഹതപ്പെട്ട ജനാധിപത്യ വിജയത്തെ ഇന്ത്യൻ മതേതരത്വത്തിന് അഭിമാന വിജയം കോൺഗ്രസ് അവിടെ ഉറപ്പുവരുത്തിയത്. ആ വിജയം നേടുന്ന ശ്രീ. അഹമ്മദ് പട്ടേലിനെപോലും നിങ്ങൾ സംഘി ആക്കാൻ ശ്രമിക്കുകയാണ്. നിങ്ങൾ കൈരളി ചാനലിൽ ആറ്

മാസം മുമ്പ് ഇതാ ബി.ജെ.പി.യിലേയ്ക്ക് പോകുന്നു, കേന്ദ്ര മന്ത്രിസഭയിൽ അംഗമാകാൻ പോകുന്നുവെന്ന് പറഞ്ഞ ശ്രീ. കമൽനാഥ് ഇന്ന് മദ്ധ്യപ്രദേശിന്റെ മുഖ്യമന്ത്രിയായിട്ട് ശ്രീ. നരേന്ദ്ര മോദിയുടെ മുമ്പിൽ കാലിൻമേൽ കാല് കയറ്റിവച്ചിരിക്കുന്ന ചിത്രമാണ് നമുക്ക് അഭിമാനം നൽകുന്നത്.

മി. സ്പീക്കർ: അഞ്ചരമിനിട്ടായി കൺക്ലൂഡ് ചെയ്യൂ...കൺക്ലൂഡ് ചെയ്യൂ......

ശ്രീ. വി. ടി. ബൽറാം: സർ, അത്തരം അഭിമാനകരമായിട്ടുള്ള പ്രവർത്തനമാണ് കോൺഗ്രസ് നടത്തുന്നത്. നിങ്ങൾ ചരിത്രം മറന്നുപോകരുത്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയല്ലേ; അങ്ങേയ്ക്ക് മുമ്പ് ഇതുപോലെ ബഡ്ജറ്റ് അവതരിപ്പിച്ചിരുന്ന അങ്ങയുടെ പാർട്ടിയുടെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ആളായിരുന്നു ശ്രീ. വിശ്വനാഥ മേനോൻ. ആ വിശ്വനാഥ മേനോൻ ബി.ജെ.പി.-യുടെ സ്ഥാനാർത്ഥിയായി മത്സരിക്കുകയായിരുന്നില്ലേ?

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ...കൺക്ലൂഡ് ചെയ്യൂ......

ശ്രീ. വി. ടി. ബൽറാം: സർ, ശ്രീ. അൽഫോൺസ് കണ്ണന്താനം നിങ്ങളുടെ എം.എൽ.എ.-ആയിരുന്നില്ലേ; നിങ്ങൾ പറഞ്ഞ ന്യായീകരണം അദ്ദേഹം സി.പി.ഐ.(എം) അല്ലെന്നാണ്. ശ്രീ. കെ. ടി. ജലീൽ സി.പി.ഐ.(എം)ആണോ? ശ്രീമതി വീണാ ജോർജ്ജ് സി.പി.ഐ.(എം)ആണോ? ശ്രീ. എം. മുകേഷ് സി.പി.ഐ.(എം) ആണോ? നിങ്ങൾ എം.എൽ.എ.-ആയി സഭയ്ക്കകത്ത് കൊണ്ടുവന്ന ആളുകൾ ഇന്ന് ബി.ജെ. പി.-യിലാണ്.

മി. സ്പീക്കർ: അടുത്ത അംഗത്തെ വിളിക്കും. പ്ലീസ് പ്ലീസ്......

ശ്രീ. വി. ടി. ബൽറാം: സർ, എന്റെ ചോദ്യം നേരത്തെ ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞതുപോലെ ശ്രീ. നരേന്ദ്ര മോദി ഇന്ത്യയിലെ ജനാധിപത്യ സ്ഥാപനങ്ങളെ മുഴുവൻ തകർക്കുകയല്ലേ; എല്ലാ ഇൻസ്റ്റിറ്റ്യൂഷൻസിനെയും തകർക്കുകയല്ലേ; സി.ബി.ഐ.-യെ ഒരു കരുവാക്കി മാറ്റുകയല്ലേ?

മി. സ്പീക്കർ: പ്ലീസ് പ്ലീസ്......കൺക്ലൂഡ്......ആറര മിനിട്ട് കഴിഞ്ഞു. കൺക്ലൂഡ് ചെയ്യൂ.. ..... പ്ലീസ് പ്ലീസ്......കൺക്ലൂഡ്.....(ബഹളം) അങ്ങേയ്ക്ക് ആകെ എട്ട് മിനിട്ടാണ്. ഏഴ് മിനിട്ട് അധികമെടുത്തു. ഇനി നടക്കില്ല

ശ്രീ. വി. ടി. ബൽറാം: സർ, എന്റെ ചോദ്യം, സി.ബി.ഐ.-യെ ഉപയോഗിച്ചു കൊണ്ട് ശ്രീമതി മമതാ ബാനർജിക്കെതിരെ എന്തെല്ലാം നടപടികളാണ് (.....ബഹളം........)ശ്രീ. നരേന്ദ്ര മോദി സ്വീകരിക്കുന്നത്. സി.ബി.ഐ.-യെ കരുവാക്കിക്കൊണ്ട് ശാരദ ചിട്ടി ഫണ്ട് കേസ്....... (ബഹളം)...(മൈക്ക് ഓഫ്)....

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ആട് എന്ത് അങ്ങാടി അറിയുന്നു എന്ന് ഒരു ചോദ്യമുണ്ട്. ഇവിടെ അങ്ങാടിയിൽ പോയ ആടിനെപ്പോലെ പ്രതിപക്ഷത്തെ ചിലർ ബഹളമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ബജറ്റിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ ബജറ്റിനകത്ത് കയറി എന്താണുള്ളതെന്ന് അറിയാൻ പ്രതിപക്ഷം താല്പര്യപ്പെടുന്നില്ല. ഈ ബഡ്ജറ്റ് ഭാവി കേരളത്തെക്കുറിച്ചുള്ള പുതിയ ചുവടുവയ്പ്പാണ്. ഭാവി കേരളമെന്നുപറഞ്ഞാൽ ഒന്നോ രണ്ടോ വർഷം കണ്ടുകൊണ്ടുള്ള കേരളമല്ല. ഏതാനും വർഷക്കാലം, ഒരു ദശാബ്ദക്കാലത്തിനുമപ്പുറമുള്ള കേരളം എങ്ങനെയായിരിക്കണമെന്നതിനെ സംബന്ധിച്ചുള്ള ഒരു കാഴ്ചപ്പാട് ഈ ബജറ്റിനകത്തുണ്ട്. അത് മനസ്സിലാക്കാൻ പ്രതിപക്ഷത്തിന് കഴിയില്ല. കഴിയില്ലാത്തതിന് കാരണം വേറെയൊന്നുമല്ല, നമ്മുടെ നാട്ടിൽ കോഴിമുട്ട നല്ലതാണോ മോശമാണോയെന്നറിയാൻ ഒന്ന് മുട്ടിനോക്കിയാൽ മതി. അതല്ലെങ്കിൽ ഒരു മീൻ എടുത്തിട്ട് നല്ലതാണോ മോശമാണോയെന്നറിയാൻ അതിന്റെ ചെകിള പൊളിച്ചുനോക്കിയാൽ മതി. നമ്മുടെ നാട്ടിൽ ചില രാഷ്ട്രീയ പാർട്ടികൾ നേതാക്കളെ തെരഞ്ഞെടുക്കുന്നത് ട്രഷർ ഹണ്ട് നടത്തിയും പിന്നെ വേറെ ഏതാണ്ട് കൊസ്രാക്കൊള്ളി കുന്ത്രാണ്ടങ്ങൾ കൊണ്ട് ചില ടെസ്റ്റൊക്കെ നടത്തിയുമാണ്. നേതാക്കളായി കൊണ്ടുവന്നിട്ട് അവരെ ടെസ്റ്റ്യൂബ് ശിശുക്കളെപ്പോലെ തെരഞ്ഞെടുപ്പിൽ നിർത്തി, മത്സരിപ്പിച്ച് ചിലർ ജയിച്ച് വരികയും ചെയ്യും. അങ്ങനെ ജയിച്ച വന്ന ടെസ്റ്റ്യൂബ് ശിശുക്കളായ നേതാക്കൾക്ക് ഇന്ത്യൻ രാഷ്ട്രീയമെന്താണെന്നറിയില്ല, കോൺഗ്രസ് രാഷ്ട്രീയമെന്താണെന്നറിയില്ല, കേരളമെന്താണെന്നറിയില്ല. അതുകൊണ്ട് അവർ ഈ ബഡ്ജറ്റിനെക്കുറിച്ച് പലതും പറയും. പക്ഷേ, ഇത് യഥാർത്ഥ്യബോധമുള്ള ബഡ്ജറ്റാണ്. ഭാവി കേരളത്തെക്കുറിച്ച് സ്വപ്നങ്ങൾ കാണുന്നൊരു ബഡ്ജറ്റാണ്. സ്വപ്നം കാണണം. കാരണം നമ്മുടെ നാട്ടിലൊരു സിനിമാ ഗാനമുണ്ട്...... . .(ബഹളം). . . .

ശ്രീ. റോജി എം. ജോൺ: സർ, . . . .

ശ്രീ. ജോൺ ഫെർണാണ്ടസ്: ശ്രീ. റോജി എം. ജോൺ എങ്ങനെയാണ് അവിടെ സ്ഥാനാർത്ഥിയായതെന്ന് നാട്ടുകാർക്കെല്ലാവർക്കുമറിയാം. അതൊന്നും പറയേണ്ട.....(ബഹളം) .... ഉള്ളത് പറയുമ്പോൾ കള്ളിക്ക് തുള്ളും. ശ്രീ. പി. ടി. തോമസ് വിഷമിക്കേണ്ട. അതുകൊണ്ടൊന്നും ഞാൻ എന്റെ പ്രസംഗം നിർത്താൻ പോകുന്നില്ല. 'കയ്യെത്താ ദൂരത്ത് കണ്ണെത്തണം, കണ്ണെത്താ ദൂരത്ത് ചെന്നെത്തണം'. ഇതൊരു സിനിമാ ഗാനമാണ്. ആ സിനിമാ ഗാനത്തിലെല്ലാം അടങ്ങിയിട്ടുണ്ട്. നമുക്കൊരു സ്വപ്നമുണ്ടാകണം. ആ സ്വപ്നം യാഥാർത്ഥ്യമാക്കണം. ആ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ കേരളം കെട്ടിപ്പടുക്കണം. ആ പുതിയ കേരളം കെട്ടിപ്പടുക്കാൻ വേണ്ടിയുള്ളൊരു ബജറ്റാണ് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ഈ ബജറ്റ് ആരെയാണ് പ്രതിനിധീകരിക്കുന്നത്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, പോയിന്റ് ഓഫ് ഓർഡർ.... ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിക്കുന്ന വേളയിൽ ഈ സഭയിലെ ഒരു തെരഞ്ഞെടുക്കപ്പെട്ട അംഗത്തെ, ജനങ്ങൾ വോട്ട് ചെയ്ത് വിജയിപ്പിച്ച് ഈ സഭയിലെത്തിയ, എല്ലാ അർത്ഥത്തിലും ആധികാരികമായി വിജയം നേടി, എൽ.ഡി.എഫ്.-ന്റെ സിറ്റിംഗ് സീറ്റിൽ അട്ടിമറി വിജയം നേടി ഇവിടെ കടന്നുവന്ന ഒരംഗത്തെ അവഹേളിക്കുന്ന തരത്തിൽ സംസാരിച്ചു. ഇത് തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ അംഗങ്ങളേയും അവഹേളിക്കലാണ്. ബഹുമാനപ്പെട്ട അംഗം നോമിനേഷനിലൂടെ കടന്നുവന്നൊരാളാണ് എന്നുള്ളതുകൊണ്ട് ഒരു പക്ഷേ അദ്ദേഹത്തിന്റെ രീതിയിലാണ് ബാക്കിയെല്ലാവരും വന്നതെന്ന് തെറ്റിദ്ധരിക്കുന്നുണ്ടാകും. ആ പരാമർശം രേഖയിൽ നിന്ന് നീക്കം ചെയ്യണം.

<u>മി. സ്പീക്കർ</u>: ദുസ്സൂചനയുണ്ടെങ്കിൽ പരിശോധിക്കാം*.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ഇതായിരുന്നോ കാര്യം. ഇത് വളരെ നിസ്സാരമല്ലേ; എങ്ങനെയാണ് നേതാക്കളെ തെരഞ്ഞെടുക്കുന്നത്? രാഷ്ട്രീയ അനുഭവങ്ങളുടെ വെളിച്ചത്തിലായിരിക്കണം, അവരുടെ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ വെളിച്ചത്തിലായിരിക്കണം നേതാക്കളെ തെരഞ്ഞെടുക്കുന്നത്. അല്ലാതെ പരീക്ഷ നടത്തി അത് ജയിച്ചോ ഇല്ലയോ എന്ന് നോക്കി രാഷ്ട്രീയ നേതാക്കളാക്കി കൊണ്ടുവന്നാൽ അത് നൂലിൽക്കെട്ടി എഴുന്നള്ളിക്കലാണ്. അതവിടെ വേണ്ട. അങ്ങനെ വന്നവർക്ക് ഈ ബഡ്ജറ്റ് എന്താണെന്ന് മനസ്സിലാകില്ല. രാഷ്ട്രീയമെന്താണെന്ന് മനസ്സിലാകില്ല. ഞാൻ അതേ പറഞ്ഞിട്ടുള്ളൂ. ഇത് കേരളത്തിലെ ദുർബ്ബല ജനതയെ കൈപിടിച്ചുയർത്തുന്നൊരു ബഡ്ജറ്റാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിരവധി പദ്ധതികളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ദാക്ഷായണി വേലായുധന്റെ പേരിലുള്ള അവാർഡ്. ആരാണ് ദാക്ഷായണി വേലായുധനെന്ന് കോൺഗ്രസ്സിനറിയാമോ? എറണാകുളത്ത് മുളവുകാട് താമസക്കാരിയായിരുന്ന ദാക്ഷായണി വേലായുധനാണ് ഇന്ത്യയുടെ നിയമനിർമ്മാണ സഭയിൽ അംഗമായ ആദ്യത്തെ ദളിത് സ്ത്രീ. കേരളത്തിൽ ആദ്യമായി ബിരുദം നേടിയ പട്ടികജാതി സ്ത്രീയായിരുന്നു ദാക്ഷായണി വേലായുധൻ. അവരുടെ പേരിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2 കോടി രൂപ നിക്ഷേപിച്ച് ഒരു അവാർഡ് കൊടുക്കാനായി തീരുമാനിച്ചത്. അതുമാത്രമല്ല, കേരളത്തിൽ ദളിത് പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച്, അവരുടെ സ്ത്രീകളെ സംബന്ധിച്ച്, അവരുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് പഠനം നടത്താൻ കഴിയുന്നൊരു സ്ത്രീ പഠനകേന്ദ്രവും കൂടി അവരുടെ പേരിൽ ആരംഭിക്കുവാൻ അങ്ങ് തയ്യാറാകണമെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 753/ഇ.ബി./2019/ നി.സെ. തീയതി 6-2-2019) നിലനിർത്താൻ തീരുമാനിച്ചു.

ഈ ബഡ്ജറ്റിൽ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് വലിയ സഹായമുണ്ട്. കേരളത്തിലെ ജനസംഖ്യയിൽ പതിമൂന്ന് ശതമാനം വരുന്നത് അറുപത് വയസ്സിന് മുകളിലുള്ളവരാണ്. അത് വലിയ പ്രശ്നമാണ്. അറുപത് വയസ്സിന് മുകളിലുള്ള പതിമൂന്ന് ശതമാനം വരുന്ന കേരളീയർ, അവർക്ക് ശാരീരികവും മാനസികവുമായ പ്രശ്നങ്ങളുണ്ട്. ശാരീരികമായ പ്രശ്നങ്ങൾക്ക് ആശുപത്രികളിൽ നമുക്ക് ചികിത്സ തേടാൻ കഴിയും. എന്നാൽ അവരുടെ ഒറ്റപ്പെടൽ, അവരുടെ മാനസികവേദന, അതെവിടെ പരിഹരിക്കും.

ആറേഴ് മാസങ്ങൾക്ക് മുൻപ് പാലിയേറ്റീവ് പ്രവർത്തനത്തിന്റെ ഭാഗമായി ഒരു വീട്ടിൽ പോകുവാനിടയായി. ഉച്ചകഴിഞ്ഞ സമയത്താണ് ആ വീട്ടിൽ എത്തിയത്. ആ വീട്ടിലേയ്ക്ക് കടന്നുചെല്ലുമ്പോൾ എനിക്ക് കാണുവാൻ കഴിഞ്ഞത് അവിടെ ജനലിനോട് ചേർന്നുള്ള കട്ടിലിൽ ഒരു വൃദ്ധയായ സ്ത്രീയിരിക്കുന്നു. ആ വൃദ്ധയുടെ കൈകൾ തുണികൊണ്ട് ജനാലയിൽ കെട്ടിയിട്ടിരിക്കുകയാണ്. ഞങ്ങൾക്ക് നടുക്കമുണ്ടായി. അൽപ്പസമയം കഴിഞ്ഞപ്പോൾ ആ സ്ത്രീയുടെ മകൾ വന്നു. മകളോട് ഞങ്ങൾ ചോദിച്ചു. നിങ്ങളെന്താണീ കാണിക്കുന്നത്, നിങ്ങളുടെ അമ്മയെ ജനാലയിൽ കെട്ടിയിട്ടിരിക്കുകയാണോ? അവർ പറഞ്ഞു, എനിക്ക് വേറെ ആരുമില്ല. ഞാൻ രാവിലെ എട്ട് മണിക്ക് ചില വീടുകളിൽ വീട്ടുപണിക്കായി പോകുകയാണ്, വൈകുന്നേരമാണ് തിരിച്ചു വരുന്നത്. ആ സമയം അമ്മയെ നോക്കാനാരെങ്കിലും വേണ്ടേ, അമ്മയെ നോക്കാൻ വേറെയാരുമില്ല. കെട്ടഴിച്ച് സ്വതന്ത്രമായി നടന്നാൽ അമ്മ ഗേറ്റ് തുറന്ന് പുറത്തുപോകും. അങ്ങനെ ഒന്നുരണ്ടു തവണ പുറത്തുപോയി അപകടമുണ്ടായിട്ടുണ്ട്. അങ്ങനെ അപകടമുണ്ടായി അമ്മയെ നഷ്ടമാകുന്നതിനെക്കാൾ നല്ലതല്ലേ അമ്മയെ കെട്ടിയിടുന്നത്. അമ്മ ചിലപ്പോൾ ആ സ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തും. അതൊക്കെ ഞാൻ തിരികെ വന്നതിനുശേഷം കഴുകിവൃത്തിയാക്കും. എങ്കിലും എനിക്കെന്റെ അമ്മയെ നഷ്ടമാകില്ലല്ലോ. ഇതാണ് നമ്മുടെ നാട്ടിലെ പതിമൂന്ന് ശതമാനം വരുന്ന പ്രായാധിക്യമുള്ള ആളുകളുമനുഭവിക്കുന്ന ഒറ്റപ്പെടലിന്റെ വേദന. അതിന് പരിഹാരം കാണുന്നതിന് വേണ്ടിയാണ് ബഡ്ജറ്റിൽ പകൽവീടിനെ കുറിച്ച് പറയുന്നത്. പഞ്ചായത്തുകളിലെ രണ്ടോമൂന്നോ വാർഡുകൾ ചേർന്ന് പകൽവീടുകൾ രൂപീകരിക്കാനും ആ പകൽ വീടുകളിൽ അവർക്ക് സൗഹാർദ്ദമുണ്ടാക്കാനും വൈദ്യ സഹായം ലഭിക്കുവാനും ഉച്ചഭക്ഷണം കിട്ടാനുമുള്ള പദ്ധതി അങ്ങ് കൊണ്ടുവന്നത് ഈ കേരളം ഒരു കാലത്തും മറക്കാത്ത സാമൂഹ്യസേവനപരമായ, മനുഷ്യസ്നേഹ പരമായ ഒരു പദ്ധതിയാണ് എന്ന നിലയ്ക്ക് അത് അംഗീകരിക്കുകയാണ്.

ഈ ബഡ്ജറ്റിൽ ഭിന്നശേഷിക്കാർക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള ചില പദ്ധതികളുണ്ട്. കേരളത്തിലെ വലിയൊരുവിഭാഗം ആളുകളാണവർ. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് ഭിന്നശേഷിക്കാരായ ആളുകൾക്ക് തൊഴിലിൽ നാല്

ശതമാനം സംവരണം ഉറപ്പ് വരുത്തുവാൻ തീരുമാനമെടുത്തത്. കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ഈ ദുർബ്ബലർ ഈ ഗവൺമെന്റിനോട് കൃതജ്ഞതയുള്ള വരായിരിക്കും.

ഇവിടെ ചിലർ ചോദിക്കുന്നത് കേട്ടു; പുതിയ തലമുറയ്ക്ക് വേണ്ടി എന്താണ് ഈ ബജറ്റിൽ കാണുവാൻ കഴിയുന്നത്? വിവര സാങ്കേതിക വിദ്യയുടെ നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന് 139 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പോരായ്മയുണ്ട്, പക്ഷേ അഭ്യസ്തവിദ്യരായ പുതിയ തലമുറയ്ക്ക് പുതിയ കേരളം കെട്ടിപ്പടുക്കാനുള്ള സഹായമെന്ന നിലയ്ക്ക് അത്തരമൊരു പദ്ധതി ഭാവിയെ രൂപപ്പെടുത്താൻ സഹായകരമാകും. അതുപോലെ ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, ഐ.ടി പശ്ചാത്തല സൗകര്യങ്ങൾ ഇതിനെല്ലാം ബജറ്റിൽ പണം നീക്കി വച്ചിട്ടുണ്ട്.

ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയെത്തുടർന്ന് എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരം ഒത്തുതീർപ്പിലെത്തിക്കാൻ കഴിഞ്ഞു. ഈ ബജറ്റിൽ കാണുന്ന മറ്റൊരു പ്രത്യേകത എൻഡോസൾഫാൻ ദുരിതബാധിതരെ ഈ ബജറ്റിൽ മറന്നിട്ടില്ല എന്നതാണ്. അവർക്ക് നാളിതുവരെ കൊടുത്തുകൊണ്ടിരുന്ന ആനുകൂല്യങ്ങൾക്കൊപ്പം പുതിയ ആനുകൂല്യങ്ങൾ കൊടുക്കാനും ഒത്തുതീർപ്പിന്റെ ഭാഗമായി അത് സംബന്ധിച്ചുള്ള ചർച്ചകൾ ഇനിയും നടത്താനും ക്യാമ്പുകൾ നടത്തി അർഹരായവരെ കണ്ടെത്തുവാനും തീരുമാനമെടുത്തിട്ടുണ്ട്. ഇതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഈ ബഡ്ജറ്റിന്റെ പൊതു സ്വഭാവമെന്ന് പറയുന്നത് ദുർബ്ബല വിഭാഗ ത്തിൽപ്പെട്ടവരെ കൈപിടിച്ചുയർത്തുക എന്നുള്ളതാണെന്ന്. വേദനിക്കുന്നവരുടേയും അശരണരുടേയും പക്ഷം ചേർന്ന് നിന്നുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇവിടെ ചിലർ ചോദിക്കുന്നത് കേട്ടു, സി.പി.ഐ.(എം) എവിടെയാണ്, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയമെന്താണെന്നൊക്കെ. ഇന്നലെ കൽക്കട്ടയിൽ മമതാ ബാനർജിയും ബി.ജെ.പി.-യും കൂടി നടത്തിയ പൊറാട്ട് നാടകത്തെ സി.പി.ഐ.(എം) പിന്തുണയ്ക്കാതിരുന്നത് ബി.ജെ.പി.-യെ സഹായിക്കാൻ വേണ്ടിയല്ലേ എന്നാണ്. ശാരദ ചിട്ടി കുംഭകോണം സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനമായ സി.പി.ഐ. (എം) കഴിഞ്ഞ എത്രയോ വർഷക്കാലമായി വലിയ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. സമരം മാത്രമല്ല, കോൺഗ്രസ്സിനോടൊപ്പം ചേർന്ന് ഇതുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം) കോടതിയിൽ റിട്ട് ഫയൽ ചെയ്ത് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടിട്ടുമുണ്ട്. അന്വേഷണം നടത്താൻ വേണ്ടി കഴിഞ്ഞ അഞ്ചു കൊല്ലം തയ്യാറാകാതിരുന്ന മോദി സർക്കാർ ഇപ്പോൾ തെരഞ്ഞെ ടുപ്പടുത്തപ്പോൾ മമതാ ബാനർജിയുടെ പിന്തുണ കിട്ടുന്നെങ്കിൽ കിട്ടട്ടെയെന്ന

ധാരണയിൽ അവർക്കെതിരെ അന്വേഷണം പ്രഖ്യാപിച്ച്, അവരെ ഭയപ്പെടുത്തി തങ്ങളുടെ പക്ഷത്ത് ചേർക്കാൻവേണ്ടി ശ്രമിക്കുകയാണ്. അതിനെ ചെറുക്കുന്നുവെന്ന പേരിൽ ശ്രീമതി മമതാ ബാനർജി നടത്തുന്ന പൊറാട്ട് നാടകത്തിന് കൂട്ട് നിൽക്കാൻ ഞങ്ങളില്ല. ലക്ഷക്കണക്കിന് വരുന്ന ആളുകളെ വഞ്ചിച്ച കുറ്റവാളികൾ ആരായാലും അവരെ ശിക്ഷിക്കണം, നിയമത്തിന് മുന്നിൽ കൊണ്ടുവരണം. പക്ഷേ, കോൺഗ്രസ് എന്താണ് ചെയ്യുന്നത്; ഏതെങ്കിലും കാരണവശാൽ മമതയുടെ പിന്തുണ വേണ്ടി വന്നാലോ എന്ന് ധരിച്ച് മമതയ്ക്ക് പിന്തുണ കൊടുക്കാൻ പോവുകയാണ്. ഇതാണ് കോൺഗ്രസ്സിന് യാതൊരു വിധത്തിലുമുള്ള രാഷ്ട്രീയ നിലപാടുകളുമില്ലായെന്ന് ഞാൻ പറയുന്നത്. ഞാൻ കൂടുതലൊന്നും പറയുന്നില്ല.

മഹാത്മാഗാന്ധിയുടെ ജീവചരിത്രമെഴുതിയ ടെണ്ടുൽക്കർ, അദ്ദേഹം മഹാത്മാഗാന്ധിയുടെ ജീവിതത്തെ 'മഹാത്മ' എന്ന പേരുള്ള ജീവചരിത്രത്തിന്റെ 8-ാം വാല്യത്തിന്റെ 342-ാം പേജിൽ ഇങ്ങനെയാണ് എഴുതിയിട്ടുള്ളത്. മഹാത്മാഗാന്ധി രക്തസാക്ഷിയാകുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പാണ് അദ്ദേഹം കോൺഗ്രസ്സിന് ഒരു പുതിയ ഭരണഘടന എഴുതിയത്. ആ ഭരണഘടനയിൽ പറയുന്നത് ഇങ്ങനെയാണ്, " കോൺഗ്രസ് അതിന്റെ ഇന്നത്തെ ആകൃതിയിലും രൂപത്തിലും ഒരു പ്രചരണോപാധിയും ഒരു പാർലമെന്ററി യന്ത്രവുമെന്ന നിലയിൽ കാലഹരണപ്പെട്ട് കഴിഞ്ഞിരിക്കുന്നു. ഇന്ത്യ അതിന്റെ നഗരങ്ങളിൽ നിന്നും പട്ടണങ്ങളിൽ നിന്നും വ്യതിരിക്തമായി 7 ലക്ഷം ഗ്രാമങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹികവും ധാർമ്മികവും സാമ്പത്തികവുമായ സ്വാതന്ത്ര്യം ഇനിയും നേടേണ്ടതായിട്ടുണ്ട്. ജനാധിപത്യ ലക്ഷ്യത്തിലേയ്ക്കുള്ള ഇന്ത്യയുടെ മുന്നേറ്റത്തിൽ സൈനികശക്തിയുടെ മേൽ സിവിൽ അധികാരാധിപത്യം സ്ഥാപിക്കുന്നതിനു വേണ്ടിയിട്ടുള്ള സമരം നടക്കാതെ തരമില്ല. രാഷ്ട്രീയ പാർട്ടികളും സാമുദായിക സംഘടനകളും തമ്മിലുള്ള അനാരോഗ്യകരമായ മത്സരത്തിൽനിന്നും ഇന്ത്യയെ ഒഴിച്ചു നിർത്തണം. ഇതും ഇതുപോലുള്ള മറ്റു കാരണങ്ങളാലും നിലവിലുള്ള കോൺഗ്രസ് സംഘടന പിരിച്ചുവിടണമെന്നും താഴെപ്പറയുന്ന നിയമങ്ങൾക്ക് വിധേയമായ സാഹചര്യം ആവശ്യപ്പെടുന്ന പക്ഷം മാറ്റം വരുത്തുവാനുള്ള അധികാരത്തോടുകൂടി അതിനെയൊരു ലോകസേവക് സംഘത്തിന്റെ രൂപത്തിലേയ്ക്ക് വികസിപ്പിക്കണമെന്നും അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി തീരുമാനിക്കുന്നു. ഇത് ഞാൻ പറഞ്ഞതല്ല, ഇത് മഹാത്മാഗാന്ധി പറഞ്ഞതാണ്. അധികാരത്തിലെത്തിയ കോൺഗ്രസ്സിന്റെ അന്നത്തെ അവസ്ഥകണ്ട് മഹാത്മാഗാന്ധി പറഞ്ഞതാണ് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ ജീവചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുള്ളത്. ഇന്ന് കോൺഗ്രസ് എവിടെ എത്തിയിരിക്കുന്നു? കോൺഗ്രസ് തകരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ, കോൺഗ്രസ് ഇന്ന് വർഗ്ഗീയതയോടടുക്കുന്ന സമീപനം, ആ സമീപനം യഥാർത്ഥത്തിൽ പതിയെപ്പതിയെ ബി.ജെ.പി.-യുടെ അല്ലെങ്കിൽ സംഘപരിവാറിന്റെ പാതയിലേയ്ക്ക് കോൺഗ്രസ് ചെന്ന് കയറുന്ന ഒരവസ്ഥ. ആ അവസ്ഥയെക്കുറിച്ചാണ് കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയിൽ തന്നെ പറയുന്നത്,

'ഒരുവേള പഴക്കമേറിയാ-

ലിരുളും മെല്ലെ വെളിച്ചമായ് വരാം

ശരിയായ് മധുരിച്ചിടാം സ്വയം

പരിശീലിപ്പൊരു കയ്പ്പതാനമേ'

അപ്പോൾ പതിയെപ്പതിയെ ഇരുളിൽ തന്നെ ജീവിക്കുന്ന നിങ്ങൾ വെളിച്ചമാണെന്ന് കണക്കാക്കിക്കൊള്ളുമെന്നും അതുപോലെ കയ്പ് സ്ഥിരമായി സേവിക്കുമ്പോൾ അത് മധുരമായി നിങ്ങൾക്ക് തോന്നുമെന്നുമാണ് ആ വരികളുടെ അർത്ഥം. നിങ്ങൾ ഈ മൃദു ഹിന്ദുത്വ താൽപ്പര്യങ്ങൾ വച്ചുപുലർത്തി അത് വർഗ്ഗീയശക്തിയായ സംഘപരിവാറുകാരെ, ബി.ജെ.പി.-യെ സഹായിക്കുന്നിടത്തേയ്ക്കും അവർ തെറ്റുകാരല്ലായെന്ന നിലയിലേയ്ക്കും എത്തിക്കുമെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് തന്നെയാണ് 1991-ൽ ലോക്സഭയിലേയ്ക്കും നിയമസഭയിലേയ്ക്കും നടന്ന തെരഞ്ഞെടുപ്പിൽ വടകര ലോക്സഭാ മണ്ഡലത്തിലും ബേപ്പൂർ അസംബ്ലി മണ്ഡലത്തിലും ബി.ജെ.പി.-യുടെ സംഘപരിവാറിന്റെ സ്ഥാനാർത്ഥികളെ പിന്തുണയ്ക്കുന്നതിലേയ്ക്ക് അന്നത്തെ കോൺഗ്രസ്സും മുസ്ലീം ലീഗും ചെന്നെത്തിയ, കോൺഗ്രസ്-ബി.ജെ.പി.-മുസ്ലീം ലീഗ് കൂട്ടുകെട്ട് അത് കേരളം മറന്നിട്ടില്ലായെന്നും അതിനെതിരെ അന്നത്തെ കേരളം ശക്തമായ നിലപാട് സ്വീകരിച്ച യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിയണമെന്നും മാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

## VIII അറിയിപ്പ്

### ചലച്ചിത്ര പ്രദർശനം

മി. സ്പീക്കർ: ട്രാഫിക് നിയമങ്ങളുടെ ബോധവത്കരണം പ്രമേയമാക്കി നിർമ്മിച്ചിട്ടുള്ളതും ശ്രീ. ഇന്ദ്രൻസ് മുഖ്യ കഥാപാത്രവുമായിട്ടുള്ള 'വൺ സെക്കന്റ്' എന്ന ചലച്ചിത്രത്തിന്റെ പ്രത്യേക പ്രദർശനം ഇന്ന് വൈകുന്നേരം 6.30-ന് ലോഞ്ചിൽ ഒരുക്കിയിട്ടുണ്ട്. ചലച്ചിത്ര പ്രദർശനത്തിനുശേഷം ഗസലോടുകൂടിയ അത്താഴവിരുന്നുള്ളതിനാൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ഫെബ്രുവരി 6-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.53-ന് പിരിഞ്ഞു.)

## അനുബന്ധം

## (*121)-ാം നമ്പർ ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

(എ) 6. വിദ്യാർത്ഥികൾക്കും നയരൂപീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനായുള്ള ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ നടപ്പിലാക്കിവരുന്നു.

7. കൗൺസിലിന്റെ ശിപാർശ പ്രകാരം 2009-10 അക്കാദമിക് വർഷം മുതൽ ബിരുദ തലത്തിൽ നടപ്പിലാക്കി വരുന്ന Choice Based Credit Semester System (CBCSS)-ന് തുടർച്ചയായി ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ കരിക്കുലം പുന:സംഘടിപ്പിക്കുന്നതിനായുള്ള സമിതിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

8. പ്രവാസികളായ പണ്ഡിതരെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന എറുഡൈറ്റ് പദ്ധതിയിൽ എത്തിക്കാനായി ബ്രെയിൻ ഗെയിൻ സമീപനം നടപ്പിലാക്കി വരുന്നു.

9. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ദേശിയ തലത്തിലുള്ള അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷന് തയ്യാറാക്കുന്നതിനായി സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

10. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കുവാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്ന ഔട്ട് കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട്സിനും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

11. കൗൺസിലിനുകീഴിൽ നടപ്പിലാക്കുന്ന ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററിന്റെ പ്രാരംഭമായി 2019-ൽ 1000 അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

12. ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവത്കരണത്തിനും സാമൂഹ്യവത്കരണത്തിനുമായി 'പ്രബുദ്ധത' എന്ന പദ്ധതി കൗൺസിൽ നടപ്പിലാക്കി വരുന്നു. പരിമിതാർത്ഥത്തിലെങ്കിലും ഉന്നത വിജ്ഞാന കേന്ദ്രങ്ങളെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതാണ് ഈ പദ്ധതി.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, പാളയം സർക്കാർ സംസ്കൃത കോളേജ് കാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ മുഖാന്തരം ഒറൈസ് പ്ലാറ്റ്ഫോമിലൂടെ ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള സർവ്വകലാശാലകളിൽ നിന്നും ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും കോളേജുകളിൽ നിന്നും പ്രഗത്ഭരായ പണ്ഡിതരെ വിസിറ്റിംഗ് ഫാക്കൽറ്റിയായി ക്ഷണിച്ച് സർക്കാർ കോളേജുകളിൽ എഡ്യുസാറ്റ് ടെലി ട്രെയിനിംഗ് പദ്ധതി നടത്തി വരുന്നു.

വിവിധ മേഖലകളിൽ മികവ് തെളിയിച്ച ഈ പ്രഗത്ഭരുടെ പ്രഭാഷണങ്ങളും ക്ലാസ്സുകളും ഒറൈസിലൂടെ സംപ്രേക്ഷണം ചെയ്യുകയും ഭാവി തലമുറകളുടെ ഉപയോഗത്തിനായി റെക്കോർഡ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യുന്നു. Beyond Sillabii, Malayalam Sahithya Yathra, English-Winglish മുതലായ അക്കാഡമിക് പ്രോഗ്രാമുകളിലൂടെയാണ് ടി ക്ലാസ്സുകൾ സംപ്രേക്ഷണം ചെയ്യുന്നത്. ആയത് NIC-യുടെ സഹായത്താൽ "PROMELAVYA" വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്ത് വരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി തുടർന്നുവരുന്നു.

(സി) സംസ്ഥാന ഉന്നത വിദ്യാഭ്യാസ നയരൂപീകരണം, റൂസ പദ്ധതികളുടെ അവലോകനം, പ്രസ്തുത പദ്ധതികളിലേക്കുള്ള സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് എന്നിവയിലാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പങ്ക് വഹിക്കുന്നത്. എയിഡഡ് കോളേജുകൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ മാനേജ്മെന്റ് വിഹിതം സർക്കാർ വഹിക്കുന്നുണ്ട്.

(ഡി) ഇല്ല. എയിഡഡ് കോളേജുകളുടെ അദ്ധ്യാപക തസ്തിക നികത്തുന്നതിന് ഒഴിവ് വിവരവും, ജോലി ഭാരവും പരിശോധിച്ച് സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കാൻ പ്രതിനിധിയെ സർക്കാർ നിയോഗിക്കുന്നുണ്ട്. സർക്കാർ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിലാണ് ഇന്റർവ്യൂ നടത്തി അദ്ധ്യാപക നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. നിയമത്തിന്റെ സുതാര്യത ഉറപ്പുവരുത്തുവാനാണ് സർക്കാർ പ്രസ്തുത നടപടി സ്വീകരിക്കുന്നത്.

(ഇ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നിയോഗിച്ചിരുന്ന കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.